# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### 2017 മേയ് 2, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 2, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

194/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 63

**II അടിയന്തരപ്രമേയം**

സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി.
സെൻകുമാറിനെ പുനഃസ്ഥാപിക്കൽ
(അവതരണാനുമതി നിഷേധിച്ചു) .. 356

**III ശ്രദ്ധ ക്ഷണിക്കൽ**

1. ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ പ്രവർത്തനം—

ശ്രീ. സി. ദിവാകരൻ .. 376

2. കറൻസി നോട്ടുകളുടെ ക്ഷാമം—

ശ്രീ. പാറക്കൽ അബ്ദുല്ല .. 378

**IV സബ്മിഷൻ**

1. കാരാട്ടുപുഴ കയ്യേറ്റം—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

ശ്രീ. സി. കെ. നാണു .. 382

2. കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കൽ—

ശ്രീ. എ. എൻ. ഷംസീർ .. 386

3. കുടിവെള്ള ക്ഷാമം—

ശ്രീ. വി. എസ്. ശിവകുമാർ .. 387

4. കെ.എസ്.ആർ.ടി.സി. ടെർമിനൽ നിർമ്മാണം—

ശ്രീമതി വീണാ ജോർജ്ജ് .. 391

5. പദ്ധതികളുടെ കാലതാമസം—

ശ്രീ. എൻ. ഷംസുദ്ദീൻ .. 392

*പേജ്*

6. കർഷക പെൻഷൻ—

ശ്രീ. മോൻസ് ജോസഫ് .. 395

7. ട്രൈബൽ കോളനി റോഡ് നിർമ്മാണം—

ശ്രീ. ബി. ഡി. ദേവസ്സി .. 398

8. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം—

ശ്രീ. പി. സി. ജോർജ് .. 399

9. ടൂറിസം വികസനം—

ശ്രീ. ഡി. കെ. മുരളി .. 402

10. വിദ്യാഭ്യാസ ജില്ലാ രൂപീകരണം—

ശ്രീ. ചിറ്റയം ഗോപകുമാർ .. 403

**V ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് .. 404

**VI ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും .. 405

**VII അനുബന്ധം**

28-4-2017-ലെ ചോദ്യോത്തരങ്ങൾ .. 488

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 2, ചൊവ്വ*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2017 മേയ് മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി, ശ്രീ. എം. എം. മണി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ അല്പസമയം ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയുണ്ടായി.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം (*121)

### കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി

1 (*121) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. പി. വി. അൻവർ :

ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതുതായി ചേർത്തിട്ടുള്ള വകുപ്പ് 215 എ, 215 ബി, 215 സി എന്നിവ മോട്ടോർ വാഹന നിയമം നടപ്പിലാക്കേണ്ട കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബാധ്യതയ്ക്ക് എന്ത് മാറ്റമുണ്ടാക്കുമെന്ന് അറിയിക്കുമോ;

(സി) ലോക് സഭ പാസ്സാക്കിയ ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം യാത്രാചരക്ക് വാഹനങ്ങൾക്ക് പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തൊഴിലാളി സംഘടനകളുടെ എതിർപ്പിനെ അവഗണിച്ച് അശാസ്ത്രീയവും ദ്രോഹകരവുമായ നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഭേദഗതികളോട് മുൻ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിരുന്നോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ,

(എ) ഉണ്ട്. ലോക് സഭ പാസ്സാക്കിയ 2016-ലെ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) ബില്ലിൽ പ്രധാനമായും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഇനി പറയും പ്രകാരമാണ്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായി ഒരു വ്യക്തി അപേക്ഷിക്കേണ്ടത് അയാളുടെ താമസസ്ഥലത്തെ ഓഫീസിലോ അല്ലെങ്കിൽ ഡ്രൈവിംഗ് പരിശീലനം നേടുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന ഓഫീസ് പരിധിയിലോ ആയിരിക്കേണ്ടതാണ്. ഇതൊഴിവാക്കി ഒരു വ്യക്തിക്ക് ഏത് ഓഫീസിലും അപേക്ഷ നൽകാവുന്നതാണ്. ബാഡ്ജ് ലഭിക്കണമെങ്കിൽ നിലവിൽ 8-ാം ക്ലാസ് ജയിച്ചിരിക്കേണ്ടതാണ്. ഈ വിദ്യാഭ്യാസ യോഗ്യത ഒഴിവാക്കി ഡ്രൈവിംഗ് ടെസ്റ്റിൽ മൂന്ന് പ്രാവശ്യം പരാജയപ്പെട്ട വ്യക്തി അടുത്ത ടെസ്റ്റിന് മുൻപായി റെമഡിയൽ ട്രെയിനിംഗ് നേടിയിരിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ കാലാവധി കഴിഞ്ഞ ലൈസൻസ് പുതുക്കുന്നതിന് അഞ്ച് വർഷം വരെ എന്നുള്ളത് ഒരു വർഷമായി ചുരുക്കി.(.....ബഹളം.......) താമസ/ജോലി സ്ഥലത്തിനു പുറത്ത് ഏത് ഓഫീസിലും വാഹന രജിസ്ട്രേഷന് അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പർ ഇല്ലാതെ വാഹനം കൈമാറാനാകില്ല. പുതിയ വാഹന രജിസ്ട്രേഷൻ ആവശ്യത്തിനായി ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹന നിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണ കുറവുകൾ പരിഹരിക്കാൻ ബാധ്യസ്ഥനാണ്. 1-10-2018 മുതൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന. (.....ബഹളം.......)

വിവിധ യാത്രാമാർഗ്ഗങ്ങളെ ഏകോപിപ്പിക്കാനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പോളിസി സ്വകാര്യമേഖലയിൽ അല്ലെങ്കിൽ പബ്ലിക്-പ്രൈവറ്റ് സഹകരണത്തോടെ സംസ്ഥാന സർക്കാരുകൾക്ക് ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ഗ്രാമീണ യാത്രകൾ, റോഡ് സേഫ്റ്റി, മലിനീകരണം, ട്രാഫിക് ബ്ലോക്കുകൾ ഒഴിവാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പെർമിറ്റ് കണ്ടീഷനുകളിൽ ഇളവ് നൽകാനാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ട്രാൻസ്പോർട്ടേഷൻ സ്കീം നടപ്പാക്കാവുന്നതാണ്. ഓൺലൈൻ ടാക്സി സർവ്വീസുകളെ നിയമപരിധിയിൽ കൊണ്ടുവരും.(.....ബഹളം.......)

നാലുവയസ്സിന് മുകളിലുള്ള ഇരുചക്രയാത്രികർ ഹെൽമെറ്റ് ധരിച്ചിരിക്കണം. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെയും അമിത വേഗതയിൽ വാഹനമോടിക്കുന്നവരുടെയും തുടർ കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപകടങ്ങളിൽ രക്ഷകരാവുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കും.(.....ബഹളം.......)

വാഹനാപകട മരണത്തിൽ ഇൻഷ്വറൻസ് കമ്പനി അഞ്ച് ലക്ഷം രൂപയും ഗുരുതര പരിക്കിന് 2.5 ലക്ഷം രൂപയും നൽകും. ഹിറ്റ് ആന്റ് റൺ കേസ്സുകളിലും ഗോൾഡൻ അവറിലെ സൗജന്യ ചികിത്സ എന്നിവയ്ക്കും കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരുന്നതാണ്. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചാൽ മാതാപിതാക്കളും നിയമനടപടികൾക്ക് വിധേയരാകും, നിയമലംഘനങ്ങളുടെ പിഴ വർദ്ധിപ്പിച്ചിട്ടുണ്ട് ഇവയാണ് പ്രധാനമായി മോട്ടോർ വാഹന നിയമ ഭേദഗതികളിൽ ഉൾപ്പെട്ടിരിക്കുന്നത്. (.....ബഹളം.......)

(ബി) പുതിയതായി ഉൾപ്പെടുത്തിയ വകുപ്പ് 215 (എ) നിയമപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് അവയുടെ അധികാരം വ്യക്തികൾക്കോ വ്യക്തികളുടെ കൂട്ടങ്ങൾക്കോ ആയി ഡെലിഗേറ്റ് ചെയ്യാവുന്നതും അവർക്ക് അത്തരം അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്. 215 (ബി) നിയമപ്രകാരം ഈ വിഷയത്തിൽ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്.

അപേക്ഷകൾ നൽകാനും അപേക്ഷകളുടെ ഫീസിനും ഇലക്ട്രോണിക് രീതികൾ ഉപയോഗിക്കാവുന്നതാണെന്നും 215(ബി) (2)(എ) നിയമം അനുശാസിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ചാണ് 215 (ബി) (2) (ബി) വിശദീകരിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാരുകൾക്ക് നിയമങ്ങൾ നിർമ്മിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്.(.....ബഹളം.......)

ഇക്കാര്യത്തിൽ ലോക്സഭ പാസ്സാക്കിയ ബിൽ മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. ഈ ബിൽ ഇനി രാജ്യസഭ കൂടി പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞേ ഭേദഗതി ചെയ്ത ആക്ട് നിലവിൽ വരികയുള്ളൂ. കേന്ദ്ര സർക്കാരും തുടർന്ന് സംസ്ഥാന സർക്കാരും ചട്ടങ്ങൾ നിർമ്മിച്ചുകഴിഞ്ഞാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകില്ല. എന്നാൽ മൂലനിയമത്തിലെ വകുപ്പ് 66-ന്റെ ഭേദഗതിയായി വാഹനങ്ങൾക്ക് പെർമിറ്റിന് പുറമെ ലൈസൻസ് എന്നൊരു സംവിധാനം കൂടി ഭേദഗതി ബില്ലിൽ വിവരിക്കുന്നുണ്ട്. വകുപ്പ് 67-ന്റെ ഭേദഗതിയിലെ വ്യവസ്ഥകൾ

പ്രകാരം ലാസ്റ്റ് മൈൽ ഗതാഗത സംവിധാനം, ഗ്രാമീണ യാത്ര, ട്രാഫിക് കുരുക്ക് ഒഴിവാക്കൽ, നഗരയാത്രാ സംവിധാനം, റോഡ് സുരക്ഷ, ഗതാഗത സൗകര്യങ്ങളുടെ കൃത്യമായ ഉപയോഗം, സാമ്പത്തിക സൗകര്യങ്ങളുടെ വികസനം, യാത്രാ സൗകര്യ വർദ്ധനവുകൾ, പ്രകൃതി സംരക്ഷണം, ഇന്ധന ഉപയോഗം, ജീവിത നിലവാരമുയർത്തൽ, വിവിധ യാത്രാസൗകര്യങ്ങളുടെ ഒരുമിപ്പിക്കൽ എന്നിവയ്ക്കായി സംസ്ഥാനങ്ങൾക്ക് ചട്ടങ്ങൾ നിർമ്മിക്കാനാകും. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റോ ലൈസൻസോ ആവശ്യമാണെന്ന് തന്നെയാണ് കാണുന്നത്. ഭേദഗതി വരുത്തിയ മോട്ടോർ വാഹന നിയമം പ്രാബല്യത്തിൽ വന്ന് ചട്ടങ്ങൾ കൂടി രൂപീകൃതമായതിനുശേഷം മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തതയുണ്ടാവുകയുള്ളൂ.(.....ബഹളം.......)

(ഡി) കേന്ദ്ര സർക്കാർ തയ്യാറാക്കിയ 2014-ലെ റോഡ് സേഫ്റ്റി ബില്ലിൽ സംസ്ഥാന സർക്കാരിനെ ദോഷകരമായി ബാധിച്ചേക്കാവുന്ന വ്യവസ്ഥകൾ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾക്കെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് റോഡ് സേഫ്റ്റി ബിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചില്ല. ഇപ്പോഴത്തെ നിയമത്തിലെ ദോഷകരമായ വ്യവസ്ഥകൾ ഈ സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. (.....ബഹളം.......)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള ഹൈക്കോടതി അതീവ ഗൗരവതരമായ പരാമർശമാണ് നടത്തിയിരിക്കുന്നത്. പാർട്ടിക്ക് അനഭിമതനായ ഒരു വ്യക്തി എങ്ങനെ സർക്കാരിനും ജനങ്ങൾക്കും അഭിമതനാകും? സ്ത്രീത്വത്തെ അപമാനിച്ച മന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഈ സഭയിൽ അദ്ദേഹത്തെ ബഹിഷ്കരിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. സഭയ്ക്ക് പുറത്ത് യു.ഡി.എഫ്. ശക്തമായ പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോകും. ഈ കേസ്സിൽ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. പി. ടി. തോമസ് ഒരു പ്രത്യേക ഹർജി ഹൈക്കോടതിയിൽ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിരവധി ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കേണ്ടതുള്ളതുകൊണ്ട് സഭാനടപടികൾ സ്തംഭിപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഭേദഗതി വരുത്തിയ മോട്ടോർ വാഹന നിയമം പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിലും കേന്ദ്ര സർക്കാർ ഏത് വിധേനയും ഇത് നിയമമാക്കാനുള്ള ശ്രമത്തിലാണ്. കേന്ദ്ര മന്ത്രി ട്രാൻസ്പോർട്ട് മേഖലയെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കാനുള്ള ലക്ഷ്യത്തോടുകൂടി മുന്നോട്ടു പോകുകയാണ്. ആഗോള കുത്തകകൾക്കും സ്വകാര്യ മേഖലകൾക്കും ട്രാൻസ്പോർട്ട് മേഖലയെ അടിയറ വയ്ക്കുകയാണ്. വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് കോട്ടയത്ത് ഒരു സംഭവമുണ്ടായി. പഴയ

മോഡൽ വാഹനം പുതിയതാണെന്ന് കാണിച്ച് ഒരാൾക്ക് കൊടുത്തതിലൂടെ ആ ഡീലറുടെ ട്രേഡ് സർട്ടിഫിക്കറ്റ് തന്നെ റദ്ദാക്കി. ഈ നിയമം നിലവിൽ വന്നാൽ ഡീലർമാർ രജിസ്ട്രേഷൻ നടത്തുമ്പോൾ വലിയ രീതിയിലുള്ള കബളിപ്പിക്കലുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ ആശങ്ക ഏതു രീതിയിൽ പരിഹരിക്കാനാണ് സംസ്ഥാനം ആഗ്രഹിക്കുന്നത്?

ശ്രീ. തോമസ് ചാണ്ടി: സർ, കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന എല്ലാ നിയമങ്ങളും കുത്തകകളെ ലക്ഷ്യം വച്ചുകൊണ്ടും അവർക്ക് അനുകൂലമായിട്ടുള്ളതുമാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ആ നിയമം ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവച്ച് ചട്ടങ്ങളുണ്ടാക്കി വന്നാൽ മാത്രമേ നമ്മുടെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സാധിക്കുകയുള്ളു.

ശ്രീമതി വീണാ ജോർജ്ജ്: സർ, പെർമിറ്റ് വേണമെന്ന് പറയുന്നുണ്ടെങ്കിലും അതുസംബന്ധിച്ച് വ്യക്തതയില്ല. ഒരു സിംഗിൾ പെർമിറ്റ് എടുക്കുകയാണെങ്കിൽ കേരളത്തിൽ എവിടെ വേണമെങ്കിലും ഏത് സമയത്തും ബസ് ഓടിക്കാവുന്ന സാഹചര്യമുണ്ട്. ഇത് നിയമമാകുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകും. ഇതിനെ നമുക്ക് ശക്തമായി നേരിടേണ്ടതുണ്ട്. ഇതുസംബന്ധിച്ചുള്ള ആലോചനകൾ സർക്കാർ നടത്തുന്നുണ്ടോ?

ശ്രീ. തോമസ് ചാണ്ടി: സർ, നേരത്തെ പെർമിറ്റ് മതിയായിരുന്നു. ഇപ്പോൾ പെർമിറ്റിനോടൊപ്പം ലൈസൻസും ഇംപ്ലിമെന്റ് ചെയ്തിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തീർച്ചയായും വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്; ഒരേസമയത്ത് ഒരു ലൈസൻസിൽ രണ്ടു വണ്ടികൾ ഓടുന്ന അവസ്ഥയുമുണ്ടാകും. അതിലുള്ള പ്രതിഷേധം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചുകഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ നിയമത്തിന്റെ ഉള്ളടക്കത്തിൽ സംസ്ഥാനങ്ങളുടെ അധികാരം കവരുന്ന കടുത്ത തൊഴിലാളി വിരുദ്ധ നടപടികളുണ്ട്. ഉദാഹരണത്തിന്, ഫിറ്റ്നസ് സർട്ടിഫിക്കറ്റോ മറ്റ് സർട്ടിഫിക്കറ്റുകളോ എടുക്കാൻ കാലതാമസം വന്നാൽ ഒരു ദിവസം 50 രൂപ ഫൈൻ ഈടാക്കുകയാണ്. ഇത്തരം സംവിധാനം പാവപ്പെട്ട മോട്ടോർ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. അതുപോലെ ഇൻഷ്വറൻസ് പ്രീമിയം തുക വൻതോതിൽ വർദ്ധിപ്പിക്കുന്നതുപോലുള്ള തൊഴിലാളി വിരുദ്ധ നടപടികൾ കേന്ദ്ര സർക്കാർ നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് പരിമിതിയുണ്ടെങ്കിലും തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് എന്തെങ്കിലും ചെയ്യാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഈ നിയമത്തിന്റെ അന്തിമരൂപം തയ്യാറായിട്ടില്ല. ഇതിനകത്ത് ചില നല്ല കാര്യങ്ങളുമുണ്ട്. വാഹന രജിസ്ട്രേഷനുവേണ്ടി ജോലി സ്ഥലത്തിന് പുറത്ത് ഏത് ഓഫീസിലും അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പരില്ലാതെ വാഹനം കൈമാറാനാകുകയുമില്ല, പുതിയ വാഹനം രജിസ്ട്രേഷൻ സമയത്ത് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമില്ല. വാഹന നിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണക്കുറവുകൾ പരിഹരിക്കാൻ ബാധ്യസ്ഥനാണ്. 1-10-2018-മുതൽ കംപ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന. ചില നല്ല കാര്യങ്ങളുണ്ടെങ്കിലും തൊഴിലാളി വിരുദ്ധ കാര്യങ്ങളും കുത്തകകളെ ലക്ഷ്യംവച്ചുമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നതെന്നും ഒറ്റ നോട്ടത്തിലുണ്ടെങ്കിലും, ഇത് രാജ്യസഭ പാസ്സാക്കി, ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ നമുക്ക് യാതൊന്നും പറയാൻ നിവൃത്തിയില്ല. നിയമം പൂർണ്ണരൂപത്തിലായിക്കഴിഞ്ഞാൽ കേരളത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുന്നതായിരിക്കും.

ശ്രീ. പി. വി. അൻവർ: സർ, നിരവധി പ്രവാസികൾ ജോലിയിൽനിന്ന് നിർബന്ധിത സാഹചര്യത്തിൽ പിരിച്ചുവിടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നുണ്ട്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു ജില്ലയാണ് മലപ്പുറം. അവർ നാട്ടിൽ വന്നതിനുശേഷം സ്വയംതൊഴിൽ എന്ന നിലയ്ക്ക് സ്വന്തമായി ഓട്ടോറിക്ഷ വാങ്ങി ഓടിക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ നിലമ്പൂരിൽ ഒരു ആർ.ടി. ഓഫീസും പെർമിറ്റ് കൊടുക്കാറില്ല. ഇതറിയാതെ കടം വാങ്ങി വാഹനം വാങ്ങിയ സാധാരണക്കാർക്ക് അത് ഓടിക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ധാരാളം കള്ള ടാക്സികളും ഓടാറുണ്ട്. ഈ സാഹചര്യത്തിൽ പ്രവാസികൾ വാങ്ങിയ ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, സംസ്ഥാനത്തിന്റെ അവകാശം ഹനിക്കുന്ന വിധത്തിലാണ് കേന്ദ്രം നിയമം കൊണ്ടുവന്നതെന്ന് തോന്നുന്നില്ല. ലൈസൻസെടുത്ത് അഞ്ച് വർഷത്തിനകം പുതുക്കണമെന്നായിരുന്നു നേരത്തെയുള്ള നിയമം. എന്നാൽ പുതിയ നിയമത്തിൽ അത് ഒരു വർഷമായി കേന്ദ്ര സർക്കാർ കുറച്ചിരിക്കുകയാണ്. അതേറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് പ്രവാസികളെയാണ്. ലൈസൻസ് തീരുന്ന മുറയ്ക്ക് പുതുക്കാൻ അവർക്ക് സാധിക്കില്ല. അത്തരമൊരു പ്രശ്നം ഇതിലുണ്ട്. തീർച്ചയായും ഇക്കാര്യം പരിഹരിക്കാൻ ശ്രമിക്കാം.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് പല ജില്ലകളിലും സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഈ സ്വകാര്യ വാഹനങ്ങളിൽ പലതും ടിക്കറ്റ് നൽകാറില്ല. കൊടുക്കുന്ന ടിക്കറ്റുകളാണെങ്കിൽ അഞ്ച് ഇഞ്ചും ആറിഞ്ചും വലിപ്പത്തിലുള്ളതാണ്. അതുകാരണം സാധാരണക്കാർക്ക് സ്റ്റേജ് മാറ്റത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ കർശനമായ ഒരിടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഇത് തീർച്ചയായും നല്ലൊരു നിർദ്ദേശമാണ്. ഇക്കാര്യം അടിയന്തരമായി ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, അപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നു. ട്രൈബ്യൂണലുകളിൽ കേസുകൾ കെട്ടിക്കിടക്കുന്നു; കേസുകളിൽ തീർപ്പുണ്ടായാൽത്തന്നെ വിധി നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നു. ഇത് പരിഹരിക്കാൻ മനുഷ്യത്വപരമായ സമീപനം വേണം. അപകടത്തിൽ ഗുരുതരമായി പരിക്ക് പറ്റുന്നവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, വാഹനാപകടത്തിൽ മരണപ്പെട്ടാൽ അഞ്ചുലക്ഷം രൂപയും ഗുരുതര പരിക്കിന് രണ്ടരലക്ഷം രൂപയുമായി ഉയർത്തിയിട്ടുണ്ടെന്ന് കേന്ദ്ര ഭേദഗതി നിയമത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം പരിഗണിക്കാം. കാലതാമസം വരുന്നതിനുള്ള കാരണമെന്താണെന്ന് ഞാനിതുവരെ പഠിച്ചിട്ടില്ല. പഠിച്ചശേഷം രേഖാമൂലം മറുപടി നൽകുന്നതാണ്. എം.എ.സി.ടി. കോടതിയിലെ നടപടിക്രമങ്ങളായിരിക്കാം കാലതാമസത്തിനുള്ള കാരണം. അതെങ്ങനെ മറികടക്കാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേന്ദ്ര സർക്കാർ ഇപ്പോൾ ലോക്സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയ ഈ നിയമം നടപ്പിലാകുമ്പോൾ, വാഹനം നിർമ്മിക്കുന്ന കമ്പനികൾക്ക് മാത്രമേ ഡ്രൈവിംഗ് സ്കൂളുകൾ നടത്താൻ പാടുള്ളൂ എന്ന നിയമം വരാൻ പോകുകയാണ്. ഇത് കേരളത്തിൽ നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുകളെ ബാധിക്കുകയും അവ പൂട്ടുകയും അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ വരും. അതുകൊണ്ടുതന്നെ ഇതിനെതിരായൊരു നീക്കമുണ്ടാകുകയും പ്രസ്തുത വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കാനും സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, വാഹനങ്ങൾ നിർമ്മിക്കുന്ന കമ്പനികൾക്കാണ് ഇത്തരം അധികാരം നൽകുന്നതെന്ന് തോന്നുന്നില്ല. ഞാൻ മനസ്സിലാക്കിയത്, കേന്ദ്ര സർക്കാർ അംഗീകാരം നൽകുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ പഠിച്ച് പാസ്സായവർക്ക് ലൈസൻസ് കൊടുക്കണമെന്ന് ശിപാർശ കൊടുത്താൽ ആർ.ടി.ഒ. അത് കൊടുക്കണമെന്ന ഒരു ഭേദഗതി ഈ നിയമത്തിലുണ്ട്. വാഹനം നിർമ്മിക്കുന്നവർക്ക് കൊടുക്കാമെന്നത് കണ്ടിട്ടില്ല. തീർച്ചയായും അക്കാര്യം പരിശോധിച്ചശേഷം അങ്ങേയ്ക്ക് രേഖാമൂലം മറുപടി നൽകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിലെ പ്രധാന പ്രശ്നം, ഈ നിയമത്തെക്കുറിച്ച് പഠിച്ച് അത് കേരളത്തിനുണ്ടാകുന്ന ദോഷം മനസ്സിലാക്കി നടപടിയെടുക്കണമെന്നുള്ളതാണ്. മന്ത്രിസഭകളും മന്ത്രിമാരും മാറിയെങ്കിലും കേരളത്തിന്റെ സ്റ്റാൻഡ് ഒന്നുതന്നെയാണെന്നാണ് അങ്ങയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ടാക്സ് കളക്റ്റ് ചെയ്യുന്നത് കേന്ദ്ര സർക്കാരിനാണ് കൊടുക്കേണ്ടി വരുന്നത്. സംസ്ഥാനത്തിന്റെ വിഹിതം ആളോഹരി രൂപത്തിൽ വരികയേയുള്ളൂ. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ കേരളത്തിലെ മുഴുവൻ ഡ്രൈവിംഗ് സ്കൂളുകളും നിർത്തേണ്ടിവരുമെന്നാണ് ഇപ്പോൾ പറയുന്നത്. അതോടൊപ്പം ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന സിസ്റ്റം തന്നെ മാറുകയാണ്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട നിതിൻ ഗഡ്കരി വിളിച്ചു ചേർത്ത എട്ട് ചർച്ചയിൽ പങ്കെടുത്തയാളാണ് ഞാൻ. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾപോലും കേന്ദ്ര സർക്കാരിന്റെ ഈ നിയമത്തോട് യോജിക്കുന്നില്ല. ഇപ്പോൾ പാർലമെന്റിൽ പാസ്സാക്കിയിട്ടുള്ള ഈ ബിൽ രാജ്യസഭയിൽ റെസിസ്റ്റ് ചെയ്യുന്നതിനുള്ള പരിശ്രമത്തിൽ കേരളം ലീഡർഷിപ്പെടുക്കുമോ; കേരളത്തിന്റെ ഇപ്പോഴത്തെ സന്ദിഗ്ദ്ധാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ആവശ്യമില്ലാത്ത ഭേദഗതികൾ രാജ്യസഭയിൽ പാസ്സാകാതിരിക്കാൻ കൂട്ടായ യത്നം വേണം. അതിന് മുൻകയ്യെടുക്കേണ്ടത് ഞങ്ങളല്ല, കോൺഗ്രസാണ്. തീർച്ചയായും എന്റെ പാർട്ടിയുടെ നേതൃത്വത്തെക്കൂടി അറിയിച്ച് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാമെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേന്ദ്ര സർക്കാർ പാസ്സാക്കിയ ഈ നിയമം സംസ്ഥാനത്തിന് വളരെയേറെ ദോഷം ചെയ്യുന്നതാണ്. ഇതിൽ തൊഴിൽ ദ്രോഹപരമായിട്ടുള്ള ഒട്ടേറെ കാര്യങ്ങളുണ്ട്. യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ അധികാരത്തെത്തന്നെ ചോദ്യം ചെയ്യുന്നതാണിത്. സംസ്ഥാനത്തിന്റെ വരുമാനം കേന്ദ്രത്തിലേയ്ക്ക് പോകുകയാണ്. വണ്ടികൾക്ക് ഫിറ്റ്നസ് കൊടുക്കുന്നതിന് അതാത് കമ്പനികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ചെറുകിട മോട്ടോർ തൊഴിലാളികളെയും വർക്ക്ഷോപ്പുകളെയും ബാധിക്കുന്ന ഈ നിയമം നിരവധിയാളുകളുടെ തൊഴിൽ പ്രശ്നമാണ്. കേരളത്തിന് ദോഷം വരുന്ന ഇത്തരം കാര്യങ്ങളെ അനുകൂലിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഈ നിയമം രാജ്യസഭയിൽ പാസ്സാകാതിരിക്കാൻ അല്ലെങ്കിൽ ആവശ്യമില്ലാത്ത കാര്യങ്ങളിൽ മാറ്റം വരുത്താൻ കൂട്ടായി യത്നിക്കാൻ മുൻകയ്യെടുക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് ആദ്യം സൂചിപ്പിച്ചത് ഈ നിയമം രാജ്യസഭയിൽ വന്നതിനുശേഷം പ്രതിഷേധം അറിയിക്കാമെന്നാണ്. എന്നാൽ ഇപ്പോൾ രാജ്യസഭയിൽ എത്തുന്നതിനുമുമ്പ് അറിയിക്കാമെന്ന് പറഞ്ഞു. ഇത് രാജ്യസഭ പാസ്സാക്കി നിയമമായാൽ ഒരു വിധത്തിലുള്ള പ്രതിഷേധത്തിനും പ്രസക്തിയുണ്ടാകില്ല. അതിനാൽ രാജ്യസഭയിലേയ്ക്കെത്തുന്നതിന് മുമ്പ് സർവ്വകക്ഷി സംഘത്തെ അയച്ച് ചട്ടങ്ങളിലെ ഭേദഗതികളിൽ മാറ്റം അനിവാര്യമാണെന്ന് കേന്ദ്രസർക്കാരിനെയും കേന്ദ്രമന്ത്രിയെയും ബോധ്യപ്പെടുത്താൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും വളരെ നല്ലൊരു നിർദ്ദേശമാണിത്. പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണമുണ്ടെങ്കിൽ ഒരു ഡെലിഗേറ്റ്സ് ടീം പോയി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോധ്യപ്പെടുത്താം.

മി. സ്പീക്കർ: കേന്ദ്ര നിയമത്തിന്റെ അന്തിമരൂപം വരാത്തതിനാൽ ദീർഘമായ ചർച്ചയ്ക്ക് പ്രസക്തിയില്ല.

**കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയിലുണ്ടാകുന്ന ആഘാതം**

2 (* 122) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ ഉണ്ടാക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിളനാശം കൊണ്ടുണ്ടാകുന്ന നഷ്ടപരിഹാരത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച പുതുക്കിയ വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) വിള നാശത്തിനുള്ള ഇൻഷ്വറൻസ് പദ്ധതി കൂടാതെ കർഷകർക്കായി സമഗ്ര ആരോഗ്യ സംരക്ഷണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടായ കടുത്ത വരൾച്ചയും ജലദൗർലഭ്യവുംമൂലം വ്യാപകമായ കൃഷിനാശമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് വരൾച്ചമൂലം 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടാണ് പ്രഥമവിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷിയാണ് നശിച്ചത്. പച്ചക്കറി, നെല്ല്, വാഴ, തെങ്ങ്, കുരുമുളക്

തുടങ്ങിയ വിളകൾക്കാണ് വ്യാപകനാശം സംഭവിച്ചിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ ബാധിച്ചിരിക്കുന്നു. ഇതുമൂലം കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറയുന്നതിനാൽ രൂക്ഷമായ വിലക്കയറ്റം പൊതുജനങ്ങളെ ദുരിതത്തി ലാഴ്ത്തിയിട്ടുണ്ട്. മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശം കൂടിയത് നെൽകൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നത്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതി ക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.

കൂടാതെ കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കർഷകർ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുണ്ടാവുകയുള്ളൂ. വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹത യുണ്ടാവുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം. പ്രകൃതിക്ഷോഭം മൂലമോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ വിളനഷ്ടം സംഭവിച്ചാൽ സർക്കാർ ഉത്തരവുപ്രകാരം നിശ്ചയിച്ച നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നൽകുന്നതാണ്. നഷ്ടപരിഹാര തുക പ്രീമിയം എന്നിവ സംബന്ധിച്ച വിശദമായ ഉത്തരവ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി : സർ, കാലാവസ്ഥാ വ്യതിയാനംമൂലം അന്തരീക്ഷ ഊഷ്മാവ് ഒരു ശതമാനം കൂടുമ്പോൾ നെല്ലുൽപ്പാദനം ഏകദേശം പത്ത് ശതമാനം കുറയുമെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. സാധാരണ ഓരോ മാസവും ശരാശരി ഒരോലയോ ഒരു പൂക്കുലയോ തെങ്ങിലുണ്ടാകും. ഓരോ മാസവും പൂക്കുല ഉണ്ടാകുന്നതിനാൽ വർഷം മുഴുവൻ വിവിധ വളർച്ചയിലുള്ള കുലകൾ തെങ്ങിലുണ്ടാകുന്ന അവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. പക്ഷേ ഉൽപാദനം കുറഞ്ഞത് മാത്രമല്ല, തെങ്ങുകൾ തന്നെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. കാലാവസ്ഥാ വ്യതിയാനംമൂലം വലിയ നഷ്ടം സംഭവിക്കുന്ന കേരളത്തിന്റെ സമ്പദ്ഘടനയിലെ പ്രധാന മേഖലയായ കാർഷികമേഖലയെ സംരക്ഷിക്കാൻ എസ്.എ.പി.സി.സി. (സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയിഞ്ച്)-യുടെ ഭാഗമായി എന്തെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; അത് നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഏറ്റവുമധികം വരൾച്ച നേരത്തെ പറഞ്ഞ വിളകളേക്കാൾ തെങ്ങുപോലുള്ള ദീർഘകാല വിളകളെ കൂടുതലായി ബാധിച്ചിരിക്കുകയാണ്. അതിന്റെ നഷ്ടം ഈ സീസണിലല്ല അടുത്ത വർഷത്തെ യീൽഡിനെയാണ് ബാധിക്കുന്നത്. ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഗുരുതരമായിട്ടുള്ള നഷ്ടം ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയേയും കാർഷിക മേഖലയേയും ബാധിക്കുന്നതായിട്ടാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച ഒരു ആക്ഷൻ പ്ലാൻ സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന നിരന്തരമായ ഈ മാറ്റം കാർഷിക വിളകളെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. വെള്ളത്തിന്റെ ഉപയോഗം കുറച്ച് കൃഷി എങ്ങനെ നടത്തണമെന്നൊക്കെയുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി കാർഷിക മേഖലയെ പുനഃസംഘടിപ്പിക്കാൻ ആവശ്യമായ പദ്ധതി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്ത് കാർഷിക മേഖലയുടെ വളർച്ച കുറഞ്ഞുവരികയാണ്. 2012-13-ൽ 13.76 ശതമാനം വളർച്ചയുണ്ടായിരുന്നത് 2013-14-ൽ 12.9 ശതമാനമായും 2014-15-ൽ 11.6 ശതമാനമായും കുറഞ്ഞു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിന്റെ പ്രധാന കാരണം കാലാവസ്ഥാ വ്യതിയാനമാണ്. സംസ്ഥാനത്ത് എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയ സർക്കാർ നടപടി തീർച്ചയായും അഭിനന്ദനാർഹമാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് രണ്ട് വിളകൾക്ക് മാത്രമായി ചുരുക്കിയിരിക്കുന്നതായാണ് മനസ്സിലാക്കുന്നത്. മുഴുവൻ വിളകൾക്കും ഈ ആനുകൂല്യം ലഭിക്കത്തക്ക നിലയിലുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ :സർ, ഇവിടെ മൂന്നും നാലും തരത്തിലുള്ള ഇൻഷ്വറൻസ് ലഭ്യമാണ്. 25 തരം വിളകൾക്ക് പൂർണ്ണമായും നഷ്ടപരിഹാരം കിട്ടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ്. പ്രീമിയം തുക ഈടാക്കുന്നതും നഷ്ടപരിഹാരത്തുക കൊടുക്കുന്നതും വളരെ ലളിതമായ രീതിയിലാണ്. നെല്ലിന്റെ പ്രീമിയം തുക 100 രൂപയാണ്. നൂറ് രൂപ കൊടുത്താൽ 35000 രൂപ വരെ ഒരു ഹെക്ടറിന് നഷ്ടപരിഹാരം ലഭിക്കുന്നതാണ് സംസ്ഥാന വിള ഇൻഷ്വറൻസിന്റെ പ്രത്യേകത. പ്രധാനമന്ത്രിയുടെ പി.എം.കെ.എസ്.വൈ. എന്ന പദ്ധതി വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മാത്രമാണുള്ളത്. ഇത് നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്ക് മാത്രമാണ്. രണ്ടാമത്, കാലാവസ്ഥാധിഷ്ഠിതമായ ഇൻഷ്വറൻസാണ്. അത് ഓരോ ജില്ലയ്ക്കും വ്യത്യസ്ത ക്രോപ്പുകളാണ് സർക്കാർ നോട്ടിഫൈ ചെയ്തിരിക്കുന്നത്. അതുപ്രകാരമുള്ള നഷ്ട പരിഹാരമാണ് അവർക്ക് ലഭിക്കുന്നത്. കേരളത്തിൽ കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. ആദ്യം പറഞ്ഞ yield based ആയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നത് ബാങ്ക് ലോൺ എടുത്തവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ലോണി ഫാർമേഴ്സിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഈ ഇൻഷ്വറൻസ് സ്കീം കഴിഞ്ഞ നാഷണൽ കോൺഫറൻസിൽ വച്ച് സംസ്ഥാന സർക്കാർ എല്ലാ നോൺ ലോണി ഫാർമേഴ്സിനും കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. മറ്റെല്ലാ യീൽഡുകൾക്കും ലോണി ആന്റ് നോൺ ലോണി ആയിട്ടുള്ളവർക്കുകൂടി അത് ലഭ്യമാകുന്നതാണ്. ഈ ഇൻഷ്വറൻസിൽ ചേരുന്നതിന് മൊത്തം ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുകയുടെ 1.5 ശതമാനം വരെയാണ് കർഷകൻ അടയ്ക്കേണ്ടത്. ബാക്കി വരുന്ന തുക കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് അടയ്ക്കേണ്ടത്. ഇതിൽ പല മാനദണ്ഡങ്ങളുള്ളതുകൊണ്ട്, യീൽഡ് ബേസ് ആണെങ്കിലും കാലാവസ്ഥാധിഷ്ഠിതമായിട്ടുള്ള ലോണുകളാണെങ്കിലും കർഷകർക്ക് തുക കിട്ടുന്നതിന് വരുന്ന കാലതാമസംമൂലം പല കൃഷിക്കാരും ഇതിൽ ചേരാൻ മടിക്കുകയാണ്. ഈ വർഷം കേന്ദ്രസംഘം ഇവിടെ വന്ന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും കേന്ദ്ര സർക്കാരിന്റെ മറ്റ് രണ്ട് ഇൻഷ്വറൻസ് പദ്ധതിയിലും കർഷകരെ ചേർക്കുന്നതിനുവേണ്ടിയുള്ള വിപുലമായൊരു ക്യാമ്പയിൻ ആരംഭിക്കാനും കൃഷിക്കാരെ പൂർണ്ണമായും ഏതെങ്കിലുമൊരു ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനാവശ്യമായ നടപടി സംസ്ഥാന സർക്കാരും സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജനുവേണ്ടി ശ്രീ. ജോർജ് എം. തോമസ്: സർ, നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ കൃഷി വകുപ്പുമന്ത്രി സ്വീകരിച്ച നടപടിയെ നാടാകെ അനുമോദിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ ഇന്നലെയുണ്ടായ കാറ്റിൽ ആയിര ക്കണക്കിന് വാഴയും തെങ്ങും ചില വീടുകളും പൂർണ്ണമായും നശിച്ചു. അതിനുള്ള നഷ്ടപരിഹാരം അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. 2014-ൽ

വമ്പിച്ച നാശനഷ്ടമുണ്ടായപ്പോൾ നാല് മന്ത്രിമാർ കോടഞ്ചേരി പഞ്ചായത്തിൽ വന്നിരുന്നു. അന്ന് എല്ലാ കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കാമെന്ന് പറഞ്ഞ് നാല് മന്ത്രിമാരും പര്യടനം നടത്തി ഫോട്ടോ എടുത്ത് പത്രത്തിലും കൊടുത്ത് തിരിച്ച് പോയി. നയാപൈസ ഇതുവരെ കിട്ടിയിട്ടില്ല. അന്നും ഇന്നലെയുമുണ്ടായ നാശ നഷ്ടങ്ങൾക്ക് അടിയന്തര സഹായം നൽകാൻ തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇപ്പോഴുണ്ടായിരിക്കുന്ന നാശനഷ്ടം സംബന്ധിച്ച് ജില്ലാ കൃഷി ആഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തൊക്കെ നാശനഷ്ടങ്ങളാണ് സംഭവിച്ചതെന്നതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. ഇൻഷ്വർ ചെയ്തിട്ടുള്ളവരാണെങ്കിൽ, ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകും. വൻ കുടിശ്ശിക ഉണ്ടായിരുന്നെങ്കിലും കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിലെ കുടിശ്ശിക ഇനത്തിൽ കഴിഞ്ഞ വർഷം 52 കോടി രൂപ മുൻ സർക്കാർ അനുവദിക്കുകയുണ്ടായി. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ ഏകദേശം 85% കുടിശ്ശിക കൊടുത്തിട്ടുണ്ട്. ഏറ്റവുമധികം കുടിശ്ശികയുണ്ടായിരുന്നത് വയനാട് ജില്ലയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ 27 കോടി രൂപയുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തു. ഏകദേശം 69 കോടി രൂപയുടെ കുടിശ്ശികയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. അതിൽ 52 കോടി രൂപയുടെ കുടിശ്ശിക ഈ സർക്കാർ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശിക കൂടി കൊടുക്കുന്നതായിരിക്കും.

<u>ശ്രീ. പി. ഉണ്ണി</u> : സർ, പാലക്കാട് ജില്ലയിൽ ആദ്യ വിള എടുക്കുന്നതിനോ രണ്ടാം വിള ഇറക്കുന്നതിനോ കഴിഞ്ഞിട്ടില്ല. കുടിവെള്ളക്ഷാമംമൂലം രണ്ടാം വിള ഇറക്കേണ്ടതില്ലെന്നാണ് കൃഷിക്കാരുടെ തീരുമാനം കാലാവസ്ഥാ വ്യതിയാനംമൂലം പ്രതിസന്ധിയിലായ കൃഷിക്കാരെ സഹായിക്കുന്നതിന് ഏതെങ്കിലും സഹായ പാക്കേജുകൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; കേന്ദ്രസംഘം വരൾച്ചമൂലമുണ്ടായ പ്രയാസങ്ങൾ മനസ്സിലാക്കാൻ കേരളത്തിൽ വരികയും മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്ത സാഹചര്യത്തിൽ എന്തെങ്കിലും സഹായം കേരളത്തിന് ലഭിക്കുമെന്ന പ്രതീക്ഷയുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ആദ്യമായിട്ടാണ് വരൾച്ചബാധിത പ്രദേശങ്ങൾ സന്ദർശിക്കാനായി കേന്ദ്രസംഘം ഇവിടെ നേരത്തെ വരുന്നത്. സാധാരണ വേനൽക്കാലത്തുണ്ടാകുന്ന നഷ്ടം കണക്കാക്കുന്നതിനായി വർഷകാലത്താണ് കേന്ദ്രസംഘം എത്തിച്ചേരാറുള്ളത്. നേരത്തെ സംസ്ഥാനത്തെ മൂന്ന് മന്ത്രിമാർ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാരെ കണ്ടതിനെത്തുടർന്നാണ് പത്തംഗസംഘം ഇവിടെ വന്നത്. ആ സംഘം അവർ നിശ്ചയിച്ച എല്ലാ സ്ഥലങ്ങളിലും പോയി എവിടെയൊക്കെ നാശനഷ്ടം സംഭവിച്ചുവെന്ന കണക്കെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള

മന്ത്രിസംഘവുമായി പരസ്പരം ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായ റിപ്പോർട്ട് കൊടുത്തു എന്നാണ് പ്രതീക്ഷിക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തുക അനുവദിക്കുമെന്നോ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നോ ഉള്ള വിവരങ്ങളൊന്നും സർക്കാരിന് ലഭ്യമായിട്ടില്ല. എങ്കിലും ശുഭാപ്തി വിശ്വാസത്തിലാണ്. കഴിഞ്ഞ വർഷത്തിൽനിന്നും വ്യത്യസ്തമായി കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ സഹായം സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്. സഹായം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിച്ച് കർഷകർക്ക് എത്രയും പെട്ടെന്ന് സഹായം എത്തിക്കുന്നതായിരിക്കും. മറ്റൊന്ന്, പാലക്കാട് പോലുള്ള ജില്ലകളിൽ രണ്ടാമത് കൃഷിയിറക്കേണ്ടതില്ലെന്ന തീരുമാനമെടുക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. കൃഷിയിറക്കാനാവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ കൊടുക്കുകയാണ്. അവർക്കാവശ്യമായ വിത്ത് പൂർണ്ണമായും കേരള സീഡ് അതോറിറ്റിയുമായി ചേർന്ന് സംഭരിച്ചിട്ടുണ്ട്. കുറവുവരുന്ന വിത്തിനെ സംബന്ധിച്ച് നാഷണൽ സീഡ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഒരു എം.ഒ.യു. ഒപ്പുവച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എല്ലാ വിത്തുകളും ഇന്ന് സ്റ്റോക്കുണ്ട്. ആ വിത്ത് പൂർണ്ണമായും സൗജന്യമായി കൃഷിക്കാർക്ക് കൊടുക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ദയവായി ഈ വർഷം കൃഷിയിറക്കേണ്ടെന്ന തീരുമാനം കൃഷിക്കാർ എടുക്കേണ്ടതില്ല. സർക്കാരിന്റെ പൂർണ്ണ പിന്തുണ കൃഷിക്കാർക്ക് ലഭിക്കുന്നതായിരിക്കും.

ശ്രീ. ഡി. കെ. മുരളി: സർ, മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശം കൂടുന്നുവെന്നത് അങ്ങയുടെ മറുപടിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് കൃഷിക്കാരെ വലിയ തോതിൽ ബാധിക്കുന്നതാണ്. അത് പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മഴ കുറയുന്നതുമൂലം മണ്ണിന്റെ അമ്ലാംശം കൂടിവരുന്നത് പ്രധാനപ്പെട്ട വിഷയമാണ്. അതിനായി സോയിൽ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് എന്ന പദ്ധതി സർക്കാർ നടപ്പാക്കുകയാണ്. ഇതിനുവേണ്ടി കുമ്മായം (നീറ്റുകക്ക) ഹെക്ടറിന് 5,400 രൂപ വരെ 75 ശതമാനം പൂർണ്ണമായി സബ്സിഡി നൽകിക്കൊണ്ട് കൃഷിക്കാർക്ക് നൽകുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഭരണാനുമതി നൽകി കഴിഞ്ഞു. കൃഷി ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ കുമ്മായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാധാരണനിലയിൽ കുമ്മായത്തിന്റെ തുക ലഭിക്കുന്നത് അവസാന ഘട്ടത്തിലാണ്. എന്നാൽ ഇപ്പോൾ ഗ്രീൻ ബുക്കിന്റെ അടിസ്ഥാനത്തിൽ ആദ്യമായി വേണ്ടിവരുന്ന എല്ലാ പദ്ധതികൾക്കും പണം അനുവദിച്ചതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിക്കും തുക അനുവദിച്ചു. സോയിൽ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് എന്ന പദ്ധതി സർക്കാർ നടപ്പാക്കുന്നത് അമ്ലാംശം കുറയ്ക്കുന്നതിനുള്ള ശാസ്ത്രീയമായ ഇടപെടലിന്റെ ഭാഗമായാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കാർഷികവൃത്തിയേയും കാർഷിക മേഖലയേയും സംരക്ഷിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധാലുവാണെന്നതിൽ സന്തോഷമുണ്ട്. ശ്രീ. ജോർജ്ജ് എം. തോമസ്, എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലും പ്രത്യേകിച്ച്, മലപ്പുറം-കൊണ്ടോട്ടി ഏരിയയിലും ശക്തമായ കാറ്റുമൂലം ഒരാൾ മരണപ്പെടുകയും മറ്റൊരാൾക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് ചീക്കോട് പഞ്ചായത്തിൽമാത്രം ഇരുപത്തയ്യായിരത്തോളം വാഴകളാണ് നശിച്ചത്. ഇൻഷ്വറൻസ് സ്കീമടക്കമുള്ള കാര്യങ്ങളെക്കുറിച്ച് അറിയാത്ത ധാരാളം നിരക്ഷരരായ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അവരുടെ എല്ലാ മോഹങ്ങളും നശിച്ചു. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് ഏത് രീതിയിലുള്ള സഹായമാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ വാഴകൃഷിക്കുവേണ്ടി കൊടുക്കുന്നത് വെറും 5 രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ 100 രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. അത് വെട്ടിക്കുറച്ച് 5 രൂപയാക്കിയതിനെത്തുടർന്ന് ആ തുക നിലനിർത്തിക്കൊണ്ടുള്ള ഒരുത്തരവ് കഴിഞ്ഞ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള നഷ്ടപരിഹാരത്തുക നാശനഷ്ടം സംഭവിച്ച സ്ഥലങ്ങളിൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കും. ഇപ്പോൾ സർക്കാർ ആരംഭിച്ചിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകൾക്ക് അതുപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇപ്പോൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ വലിയ മാറ്റമാണുണ്ടായിരിക്കുന്നത്. പണ്ടൊക്കെ ഒരു കൃഷിക്കാരന് വാഴ നഷ്ടപ്പെട്ടാൽ, അതായത് കുലയ്ക്കാത്ത ഏത്തവാഴയാണെങ്കിൽ 20 രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. ഈ സർക്കാർ അത് 150 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. കുലച്ച വാഴയാണ് നഷ്ടപ്പെട്ടതെങ്കിൽ 50 രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. ഈ സർക്കാർ അത് 300 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഈ വർഷമുണ്ടായ നഷ്ടത്തിന് കൃഷിക്കാർക്ക് വിള ഇൻഷ്വറൻസ് കിട്ടാൻ സാധ്യതയില്ലെങ്കിലും നിലവിലുള്ള നഷ്ടപരിഹാരത്തുക അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. അടുത്ത വർഷം മുതൽ വ്യാപകമായി എല്ലാ കൃഷിഭവനുകളിലും പ്രത്യേകം ആളുകളെ നിയോഗിച്ചുകൊണ്ട്, എല്ലാ കൃഷിക്കാരെയും വിള ഇൻഷ്വറൻസ് സ്കീമുകളിൽ എൻറോൾ ചെയ്യിപ്പിക്കാനാവശ്യമായ ക്യാമ്പയിൻ നടത്തുന്നതോടുകൂടി, ഇത്തരത്തിലുള്ള നഷ്ടങ്ങൾക്ക് പര്യാപ്തമായ നഷ്ടപരിഹാരത്തുക വിള ഇൻഷ്വറൻസ് വഴി ലഭ്യമാക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. രാജൻ</u>: സർ, ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് അങ്ങിവിടെ ചൂണ്ടിക്കാണിച്ചത്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ സർക്കാർ പരിഗണിച്ചുവെന്നുള്ളത് ആശ്വാസകരമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയോടൊപ്പം കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതികൂടി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്രസർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ട്. പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതുപ്രകാരം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ചില പാരാമീറ്റേഴ്സ് നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതാണ് ഇതിലെ പ്രധാന പ്രശ്നം അതനുസരിച്ചാണ് വിളകൾക്കുള്ള ഇൻഷ്വറൻസും സ്കീമും നിശ്ചയിക്കുന്നത്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തുനിന്നാണ് പ്രധാനപ്പെട്ട കണക്കുകൾ ഇൻഷ്വറൻസ് കമ്പനി ശേഖരിക്കുന്നത്. അത് കളക്ട് ചെയ്യാനാവശ്യമായ സംവിധാനമില്ലാത്ത സ്ഥലത്ത് അതൊരുക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. മഴ, ചൂടിലുണ്ടാകുന്ന വ്യത്യാസം, കാറ്റ് തുടങ്ങിയവ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. ഇവ കണക്കാക്കുന്നതിനാണ് പാരാമീറ്റേഴ്സ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ടേംസ് ഷീറ്റ് അനുസരിച്ചാണ് ഇവയെല്ലാം നിശ്ചയിക്കുന്നത്. ഓരോ മാസവും ഇത്ര ഡിഗ്രി ചൂട് വർദ്ധിച്ചാൽ ഇത്ര രൂപ, മഴയിൽ ഇത്ര മില്ലീമീറ്റർ കുറവുണ്ടായാൽ ഇത്ര രൂപ എന്നുള്ള രീതിയിലാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. അതനുസരിച്ചാണ് ഇൻഷ്വറൻസ് കമ്പനി തുക നിശ്ചയിക്കുന്നത്. ആറ് മുതൽ 20 വർഷം വരെ കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റത്തിന്റെ ആവറേജെടുത്താണ് ഇത് കണക്കാക്കുന്നത്. അതുകൊണ്ടാണ് പലപ്പോഴും കൃഷിക്കാർക്ക് പൂർണ്ണമായും തുക കിട്ടാൻ കാലതാമസ മുണ്ടാകുന്നത്. ഇപ്പോൾ ഒരു ഹെക്ടറിന് 73,000 രൂപ നെൽകൃഷിക്കാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും അത്രയും തുക കിട്ടുന്ന കൃഷിക്കാർ വളരെ കുറവായിരിക്കും. കാരണം, ഇൻഷ്വറൻസ് കമ്പനികൾ കർഷകർക്ക് നൽകേണ്ട തുകയിൽ പല രീതിയിലും വെട്ടിക്കുറവുകൾ വരുത്തി പരമാവധി തുക കുറയ്ക്കുക എന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് സിംപിൾ ഇൻഷ്വറൻസ് എന്നുള്ള നിലയിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ തുക വർദ്ധിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയടക്കമുള്ള പദ്ധതികൾ എല്ലാ കൃഷിക്കാരിലും വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കാലാവസ്ഥാ വ്യതിയാനംമൂലം കൃഷി നശിക്കുന്നത് സർക്കാരിന്റെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം കൃഷി നശിക്കുന്നുണ്ട്. ഇതുമൂലം രൂക്ഷമായ പ്രതിസന്ധി യുണ്ടാവുകയാണ്. കനാലുകളിൽ യഥാസമയം വെള്ളം തുറന്നുവിടാത്തതുകൊണ്ട് വ്യാപകമായ കൃഷിനാശം ഇന്ന് കേരളത്തിലുണ്ടായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ എം.വി.ഐ.പി.-യെ ആശ്രയിച്ചാണ് കൃഷിയിറക്കുന്നത്. കനാലുകളിലെ വെള്ളം യഥാസമയം തുറന്നുവിടാത്ത സന്ദർഭത്തിൽ ഉദ്യോഗസ്ഥരോട് കാര്യം

അന്വേഷിച്ചപ്പോൾ അവർക്ക് യാതൊന്നുമറിയാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൃഷി നശിച്ചു കഴിഞ്ഞപ്പോൾ കനാൽ വഴി വെള്ളം വരികയാണുണ്ടായത്. പിറവം ഉൾപ്പെടെ എറണാകുളം ജില്ലയിൽ കനാലിലൂടെ വെള്ളം തുറന്നുവിടാതെയും അല്ലാതെയും കൃഷി നശിച്ചിട്ടുള്ളത് സംബന്ധിച്ച കണക്കുകളെടുത്തിട്ടുണ്ടോ; അവർക്ക് നഷ്ടപരിഹാരം എപ്പോൾ കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിച്ച നാൽപത്തിയൊന്നായിരത്തിലധികം ഹെക്ടർ പ്രദേശത്തെ സംബന്ധിച്ച എല്ലാ കണക്കുകളും ലഭിച്ചിട്ടുണ്ട്. അതിന്റെ എല്ലാ അസെസ്സ്മെന്റ് റിപ്പോർട്ടുകളും കളക്ടറേറ്റുകളിൽ കൊടുത്തിട്ടുണ്ട്. പാഡിയാണ് നഷ്ടപ്പെട്ടിട്ടുള്ളതെങ്കിൽ കളക്ടർമാർക്ക് അതിനാവശ്യമായ പണം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാകളക്ടർമാരും പണം നൽകാനാവശ്യമായ നടപടി സ്വീകരിച്ചുവെന്നുള്ളതാണ് ഞങ്ങൾക്ക് കിട്ടിയ റിപ്പോർട്ട്. എവിടെയെങ്കിലും അത്തരത്തിൽ ലഭ്യമാകാതെയുണ്ടെങ്കിൽ, അക്കാര്യം ചൂണ്ടിക്കാണിച്ചാൽ, കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള തുകയായ ഒരു ഹെക്ടറിന് 13,500 രൂപ ഉടൻ നൽകുന്നതായിരിക്കും. പാലക്കാട്, മലപ്പുറം ജില്ലകളിൽ ഏകദേശം തുകയും കൊടുത്തുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിൽ നഷ്ടം സംഭവിച്ച സ്ഥലത്ത് പൂർണ്ണമായും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇറിഗേഷൻ, കൃഷി തുടങ്ങിയ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വളരെ പ്രധാനപ്പെട്ടതാണ്. അതിലുണ്ടായിട്ടുള്ള കുറവുകൾ സർക്കാർ പരിഹരിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ വെള്ളം തുറന്നുവിടുന്നതും ഷട്ടർ അടയ്ക്കുന്നതും പുലിമുട്ടുകൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് ചില ഷെഡ്യൂളുകളുണ്ട്. പക്ഷെ പലപ്പോഴും ആ ഷെഡ്യൂൾ പാലിക്കാറില്ല. ഒക്ടോബർ മാസം 31-നുമുമ്പ് പുലിമുട്ടുകൾ കെട്ടിയിരിക്കണമെന്നാണ് നിയമം. പലപ്പോഴും ഒക്ടോബർ മാസം 31-നുമുമ്പ് പുലിമുട്ടുകൾ കെട്ടാൻ ആരും സന്നദ്ധമാകാറില്ല. ഇതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇറിഗേഷൻ വകുപ്പുംകൂടി ചെയ്യേണ്ട കാര്യങ്ങളാണ്. ഇതുസംബന്ധിച്ച് മാനേജ്മെന്റ് കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിക്കാനും ഇറിഗേഷൻ, കൃഷി വകുപ്പുകൾ സംയുക്തമായി ചേർന്ന് ഇക്കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കാനും ഒരു ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ വെള്ളം തുറന്നു വിടുന്നതും പുലിമുട്ടുകൾ കെട്ടുന്നതും വ്യക്തമായ മാർഗ്ഗനിർദ്ദേശത്തിന്റെയും ടൈം ഷെഡ്യൂളിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്നുമുള്ള തീരുമാനം മന്ത്രിതലയോഗത്തിലും ഉദ്യോഗസ്ഥതലത്തിലും എടുത്ത് മുന്നോട്ടുപോകാൻ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ടാം വിളയ്ക്ക് നെൽകൃഷി ചെയ്യരുതെന്ന് ജില്ലാഭരണകൂടം ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കർഷകർ നൂറുകണക്കിന് ഏക്കർ ഭൂമിയിൽ നെൽകൃഷി ചെയ്യാതിരിക്കുകയാണ്. ഇപ്പോൾ ഉണക്ക് ബാധിച്ച വിളകൾക്ക് നഷ്ടപരിഹാരം നൽകുമെന്നും കർഷകർക്ക് നെൽവിത്തുകൾ വിതരണം ചെയ്യുമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ജില്ലാഭരണകൂടത്തിന്റെ വാക്ക് വിശ്വസിച്ച് വിളയിറക്കാത്ത കർഷകർക്കുകൂടി ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

<u>മി. സ്പീക്കർ</u>: കൊയ്യാൻ പാകമായ നെല്ല് നശിച്ചാൽ മാത്രമല്ലേ നഷ്ട പരിഹാരം കൊടുക്കുകയുള്ളൂ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, 50 ശതമാനത്തിലധികം നഷ്ടം വന്ന നെൽകൃഷിക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകാനാണ് കണക്കാക്കുന്നത്. അങ്ങനെ വരുമ്പോൾ നെല്ലിനെ സംബന്ധിച്ച് പ്രശ്നം വരുന്നില്ല.

<u>മി. സ്പീക്കർ</u>: കൊയ്യാൻ പാകമായ നെല്ല് നശിച്ചാൽ മാത്രമേ നഷ്ടപരിഹാരം കണക്കാക്കാൻ പറ്റുകയുള്ളൂവെന്ന് പല സ്ഥലത്തും പറയുന്നുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അത് തെറ്റായ വിവരമാണ്. അതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർ സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി അസെസ്സ്മെന്റ് നടത്തുന്നുണ്ടെങ്കിൽ അക്കാര്യം ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുന്നതായിരിക്കും.

പാലക്കാട് ജില്ലയിലെ റിസർവോയറിലുള്ള ജലത്തിന്റെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം ഇറിഗേഷൻ നടത്താൻ കഴിയുമെന്ന് അസസ്സ് ചെയ്ത്, ഇന്ന സ്ഥലത്ത് കൃഷി ചെയ്താൽ വെള്ളം കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് അവിടെ കൃഷി ചെയ്യേണ്ട എന്നുള്ള നിർദ്ദേശം ജില്ലാഭരണകൂടം നൽകിയത്. അവർക്ക് പുതുതായി കൃഷിയിറക്കാനാവശ്യമായ വിത്തും മറ്റ് സൗകര്യങ്ങളുമെല്ലാം കൊടുക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കൃഷിയിറക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ച് ആവശ്യമായ പരിഹാരമുണ്ടാക്കും.

<u>ഡോ. എൻ. ജയരാജ്</u> : സർ, Per Drop More Crop എന്ന ആശയവുമായി പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാന തലത്തിൽ നടപ്പാക്കുമ്പോൾ അതിന്റെ ജില്ലാതല ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ലെവൽ ഇറിഗേഷൻ പ്ലാനും കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു. സംസ്ഥാന സർക്കാർ അത്തരത്തിലൊരു ഇറിഗേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

മറ്റൊന്ന്, ഇവിടെ വെതർസ്റ്റേഷന്റെ കാര്യം സൂചിപ്പിച്ചു. പല വെതർസ്റ്റേഷനുകളും കൃത്യമായി പ്രവർത്തിക്കുന്നില്ല. അത്തരം പ്രദേശങ്ങളിൽ വിള ഇൻഷ്വറൻസ് കിട്ടാനുള്ള സാഹചര്യം നിലവിലില്ല. കർഷകർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഇപ്പോൾ സർക്കാർ അപ്പീൽ കൊടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ കർഷകരുടെ കുഴപ്പംകൊണ്ടല്ലാതെ സംഭവിച്ച ഇത്തരം പ്രശ്നത്തിൽ സർക്കാർ അപ്പീൽ പോയ നടപടി ശരിയല്ല. സർക്കാരിന്റെ ഈ തീരുമാനം പിൻവലിച്ച് കൃഷിക്കാർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സർക്കാർ അപ്പീൽ പോയ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം പരിശോധിച്ചശേഷം രേഖാമൂലം മറുപടി നൽകാം. ഇൻഷ്വറൻസ് കമ്പനികൾ വെതർസ്റ്റേഷനുമായി ബന്ധപ്പെട്ട കണക്കുകളെടുക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ മാത്രം വെതർസ്റ്റേഷനല്ല; സംസ്ഥാന സർക്കാരിന്റെ പല വകുപ്പുകളുമായി ബന്ധപ്പെട്ട കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും പരിപൂർണ്ണമായും സ്റ്റേറ്റിൽ അപ്‌ലോഡ് ചെയ്യാനാവശ്യമായ നടപടി ഇപ്പോൾ ഏകദേശം പൂർത്തീകരിച്ചിരിക്കുകയാണ്. രണ്ട് വർക്ക്ഷോപ്പുകൾ ഇതിനുവേണ്ടി നടത്തുകയുണ്ടായി. ജില്ലാ ഇറിഗേഷൻ പ്ലാൻ 2015 ജൂലായ്-ആഗസ്റ്റ് മാസത്തിൽ കൊടുക്കേണ്ടതായിരുന്നു, പക്ഷേ കൊടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കാൻ വേണ്ട വിശദമായ കണക്കുകളും അതിനാവശ്യമായ പഠനങ്ങളും നടത്തുകയുണ്ടായി. ജലസേചന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും മന്ത്രിമാർ സംയുക്തമായി ഇതിനായി പല ഘട്ടങ്ങളിൽ യോഗം വിളിച്ചുചേർത്തു. ജില്ലാ കളക്ടർമാരുമായി രണ്ട് തവണ വീഡിയോ കോൺഫറൻസ് നടത്തിയതിനുശേഷം കഴിഞ്ഞ മാസം 16, 17 തീയതികളിലായി തൃശ്ശൂരിൽവച്ച് ഒരു വർക്ക്ഷോപ്പ് നടത്തുകയും സംസ്ഥാന ഇറിഗേഷൻ പ്ലാനിന്റെ പൂർണ്ണരൂപം തയ്യാറാക്കി കേന്ദ്ര സർക്കാരിന് കൊടുക്കാനാവശ്യമായ നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, കാലാവസ്ഥാ വ്യതിയാനത്തിനായി അനുവദിച്ചിട്ടുള്ള ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (G.C.F) ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനെ സംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. പക്ഷേ അത് സമർപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇത്തവണ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ കൊയ്ത നെല്ല് ഉണക്കിയെടുക്കാനുള്ള സന്ദർഭമുണ്ടായിരുന്നു. പക്ഷേ ഈർപ്പമുണ്ടെന്ന കാരണത്താൽ പല സ്ഥലങ്ങളിലും നെല്ല് എടുത്തില്ല. അതുകാരണം അമ്പലപ്പുഴ, ഹരിപ്പാട്, കുട്ടനാട് മേഖലകളിലെ കർഷകർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നെല്ല് എടുക്കുന്നതിലുണ്ടായ കാലതാമസം കർഷകർക്ക് വലിയ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. മാത്രമല്ല, എടുത്ത നെല്ലിന് ഇതുവരെ പണം കൊടുത്തിട്ടുമില്ല. ഭാവിയിലാണെങ്കിലും ഉടനടി നെല്ല് എടുത്തില്ലെങ്കിൽ നെല്ലും നഷ്ടമാകും, കർഷകർക്ക് ഭീമമായ സാമ്പത്തിക നഷ്ടവുമുണ്ടാകും. പ്രത്യേകിച്ച് അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിൽ ഇതൊരു തുടർക്കഥയായി മാറിക്കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കാരണം, പലപ്പോഴും നെല്ല് എടുക്കുന്ന മില്ലുകാർ നെല്ലിന് ഈർപ്പം കൂടുതലാണെന്ന കാരണം പറഞ്ഞ് തുകയിൽ കുറവുവരുത്തുന്ന സ്ഥിതിയുണ്ടാകുന്നുണ്ട്. മാത്രമല്ല, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന നെല്ലിന്റെ ക്വാളിറ്റിയിലെ വ്യത്യാസം, കരിനിലങ്ങളിലുണ്ടാകുന്ന നെല്ലിന്റെ ഗുണനിലവാരം എന്നീ കാരണങ്ങളാൽ വിലയിൽ വൻതോതിൽ വെട്ടിക്കുറവ് വരുത്തുന്ന പ്രവണത മിൽ ഉടമകളുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഇക്കാര്യം അങ്ങുൾപ്പെടെയുള്ള പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഞാനും ഈ പ്രശ്നത്തിൽ ഇടപെടുകയും ആലപ്പുഴ ജില്ലയെ സംബന്ധിച്ച് പഠിക്കുന്നതിനായി കൃഷി വകുപ്പിൽ ജില്ലാ കൃഷി ഓഫീസറും ജില്ലാ കളക്ടറും പാഡി ഓഫീസറും അടക്കമുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയിൽ നെല്ലിന്റെ യഥാർത്ഥ നഷ്ടം എത്രയാണെന്ന് കണക്കാക്കി, അതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കാൻ അവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. മാത്രമല്ല, കാലാവസ്ഥാ വ്യതിയാനംമൂലമാണ് നെല്ലിന്റെ ഗുണനിലവാരം കുറഞ്ഞിട്ടുള്ളതെങ്കിൽ മില്ലുകാർക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ഈ കമ്മിറ്റി അസസ്സ് ചെയ്തശേഷം വ്യത്യാസം വരുന്ന തുക കൃഷി വകുപ്പിൽനിന്ന് നഷ്ടപരിഹാരമായി കർഷകർക്ക് കൊടുക്കാനുള്ള മാർഗ്ഗ നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും കൃഷിക്കാർക്ക് നഷ്ടമുണ്ടാകുകയില്ല. ആ നഷ്ടം കൃഷി വകുപ്പുതന്നെ വഹിക്കുമെന്നുള്ളതാണ് ഇതിനൊരു പരിഹാരം. നെല്ലിന്റെ തുക എത്ര കൊടുക്കാനുണ്ടെന്നുള്ളത് സംബന്ധിച്ച കണക്കുകൾ ഇപ്പോൾ പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച കണക്കുകൾ കൈവശമുണ്ടെങ്കിൽ പറയാവുന്നതാണ്. എങ്കിലും

മാർച്ച് 30 വരെയുള്ള കണക്കുകൾപ്രകാരം തുക കൊടുത്തുതീർത്തതായിട്ടാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. മാത്രമല്ല, നെല്ലിന്റെ വില കൊടുക്കുന്നതുമായി ബന്ധപ്പെട്ട പരാതി അവർക്ക് യഥാസമയം തുക ലഭിക്കുന്നില്ല എന്നുള്ളതാണ്. അടുത്ത സീസൺ മുതൽ നെല്ലെടുത്താൽ ലഭിക്കുന്ന പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) കൃഷിക്കാരൻ തന്റെ ബാങ്ക് അക്കൗണ്ടിൽ കൊടുത്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ തുക കൊടുക്കാനുള്ള തീരുമാനം സർക്കാർ എടുത്തിരിക്കുകയാണ്. അതോടുകൂടി പാടത്ത് പണി വരമ്പത്ത് കൂലി എന്നു പറയുന്നതുപോലെ അടുത്ത വർഷം മുതൽ നെല്ലിന്റെ വില അപ്പോൾത്തന്നെ കിട്ടുന്ന സംവിധാനം ഈ മേഖലയിലുണ്ടാകും.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : സർ, വിള ഇറക്കി നഷ്ടം വന്ന കർഷകരുടേയും വിള ഇറക്കാത്ത കർഷകരുടേയും ധനസഹായത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. വിസ്മരിച്ചുപോകുന്ന ഒരു പ്രധാനപ്പെട്ട വിഭാഗമാണ് കർഷകത്തൊഴിലാളികൾ. അവർക്ക് കാലാവസ്ഥാവ്യതിയാനംമൂലം ജോലി നഷ്ടപ്പെടുകയും അവരുടെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്യുന്നു. അതിനാൽ അവർക്ക് പ്രത്യേക സഹായം ഈ പദ്ധതിയിലുൾപ്പെടുത്തി നൽകാൻ കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണെങ്കിലും കർഷകത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തിന്റെ കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. സർക്കാർ പൊതുവായി ആലോചിക്കേണ്ട കാര്യമാണിത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ കാർഷികമേഖല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഏതാനും മാസങ്ങൾക്ക് മുൻപ് വയനാട് ജില്ലയിൽ കൊടുക്കേണ്ട കുടിശ്ശികകൾ കൊടുത്തു. എന്നാൽ നഷ്ടം വീണ്ടും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടകയുടെ അതിർത്തി പ്രദേശമായ മുള്ളൻകൊല്ലി, പുൽപ്പള്ളി, കുതാടി, നൂൽപ്പുഴ, നെൻമേനി പഞ്ചായത്തുകളിൽ വരൾച്ചയുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പദ്ധതി തയ്യാറാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സഭയിൽ സൂചിപ്പിച്ചിരുന്നു. ആ നടപടി എതുവരെയായി എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിലാണ് വരൾച്ച ഏറ്റവും കൂടുതൽ ബാധിച്ചത്. അത് ഈ വർഷം മാത്രമല്ല; കഴിഞ്ഞ വർഷവും അതിനുമുമ്പത്തെ വർഷവും നിരന്തരമായി അവിടെ കാലാവസ്ഥാ വ്യതിയാനം വരുന്ന പ്രതിഭാസം നടക്കുകയാണ്. അതിനെതുടർന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ആ പ്രദേശം രണ്ട് തവണ സന്ദർശിച്ചു. തുടർന്ന് മുള്ളൻകൊല്ലി, പുൽപ്പള്ളി പ്രദേശത്തെ ജലത്തിന്റെ ലഭ്യതക്കുറവും വരൾച്ചയും പരിഹരിക്കുന്നതിന് വളരെ വിപുലമായൊരു പ്രോജക്ട്

മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ആ പ്രോജക്ട് കഴിഞ്ഞ ദിവസം പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാനും പ്ലാനിംഗ് കമ്മീഷണറും ധനകാര്യ/കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ മുൻപാകെ പ്രദർശിപ്പിക്കുയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 89 കോടി രൂപയുടെ പ്രോജക്ടാണ് സർക്കാർ അംഗീകരിച്ചിരിക്കുന്നത്. ഈ വർഷം തന്നെ ആ പ്രോജക്ട് പ്രവർത്തനമാരംഭിക്കും. അതിവിപുലമായ തോതിൽ താഴെത്തട്ടിലുള്ള വാർഡ് മെമ്പർമാരും കൃഷിക്കാരും ബഹുമാനപ്പെട്ട എം.എൽ.എ.-യും കൂടിച്ചേർന്നാണ് അതിന് നേതൃത്വം കൊടുത്തത്. മൂന്ന് വർഷംകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിയാൽ ഈ പ്രദേശത്തെ രൂക്ഷമായ വരൾച്ചയ്ക്ക് കേരളത്തിനുതന്നെ മാതൃകയാകുന്ന നീർത്തടാധിഷ്ഠിതമായ ഒരു പദ്ധതിയായി മാറും. അതിന്റെ നടപടി ആരംഭിച്ചുകഴിഞ്ഞു.

**നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

3 (* 123) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നാളികേര ഉൽപ്പാദനം തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിൻെറ ഉല്പാദനത്തിന്റെ പകുതി മാത്രമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാനും നിലവാരം ഉയർത്താനും സ്വീകരിക്കാവുന്ന പ്രായോഗിക മാർഗ്ഗങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) കേന്ദ്രസർക്കാരിന്റെ കണക്കുകൾ പ്രകാരം 2013-14-ൽ കേരളത്തിലെ നാളികേര ഉൽപ്പാദനം 4107370 മെട്രിക് ടണ്ണും തമിഴ്നാടിന്റേത് 4760670 മെട്രിക് ടണ്ണുമാണ്. 2014-15-ൽ കേരളത്തിന്റേത് 3370000 മെട്രിക് ടണ്ണും തമിഴ്നാടിന്റേത് 4760670 മെട്രിക് ടണ്ണുമാണ്.

(ബി) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ്കൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും കൃഷി ചെയ്തിരുന്നതായി സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരമായിരുന്ന ഉൽപ്പാദനം 2013-14 വർഷം 5921 മില്യൺ ആയും 2014-15 വർഷം 5947 മില്യൺ ആയും ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

എന്നാൽ 2015-16 വർഷം വിസ്തൃതി 790223 ഹെക്ടറായി കുറഞ്ഞപ്പോൾ ഉൽപ്പാദനത്തിൽ 1.25% കുറവുണ്ടായതായി കാണുന്നു. നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയാൻ ഇടയായി. കൂടാതെ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%-22% വരെ കാറ്റുവീഴ്ച പോലുള്ള രോഗങ്ങളും കീടബാധകളുംമൂലം ഉൽപ്പാദനക്ഷമത കുറയാൻ കാരണമായെന്ന് കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ക്രമമായ വിളവെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നതുമൂലമാണ് കൃഷിക്കാർ തെങ്ങുകൃഷിയിൽ നിന്നും പിന്മാറുന്നത്.

(സി) ഉണ്ട്. സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേര ഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങളെല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തിവരുന്നു. ആയതിനായി 567.50 ലക്ഷം രൂപ വാർഷികപദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള സംരക്ഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യാൻ 300 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, സംസ്ഥാനത്ത് കാലപ്പഴക്കം ചെന്നതും രോഗം വന്നതുമായ തെങ്ങുകൾ വ്യാപകമായി മുറിച്ചുമാറ്റപ്പെടുന്നുണ്ട്. എന്നാൽ അതിന് പകരമായി അത്രത്തോളം തെങ്ങുകൾ വച്ച് പിടിപ്പിക്കപ്പെടുന്നില്ല. അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ ലഭ്യമല്ലെന്നാണ് കർഷകർ പറയുന്ന പ്രധാന കാരണം. ഇറിഗേഷൻ അടക്കമുള്ള സൗകര്യങ്ങളും കുറവാണ്. ആധുനിക കൃഷിരീതികൾ അവലംബിക്കുന്നതുകൊണ്ടാണ് തമിഴ്നാട്ടിൽ ഉല്പാദനം വർദ്ധിക്കുന്നത്. ഉല്പാദന ശേഷിയുള്ള വിത്തുകൾ ലഭ്യമാക്കാനും ആധുനിക രീതിയിലുള്ള കൃഷി രീതികൾ കർഷകരെ പഠിപ്പിക്കാനും എന്തെല്ലാം പരിപാടികളാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തെങ്ങിനുണ്ടാകുന്ന വ്യാപകമായ രോഗംമൂലം തെങ്ങുകൾ വെട്ടിക്കളയുകയാണ് ചെയ്യുന്നത്. പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കിട്ടാനില്ലെന്നത് ന്യായമായ കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കാനാവശ്യമായ വിപുലമായ പരിപാടികളാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. അത്തരം തൈകൾ വ്യാപകമായി വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അതിനുപുറമേയാണ് 250 ഹെക്ടർ എന്നത് ഒരു യൂണിറ്റായി എടുത്ത് 44 കേരഗ്രാമങ്ങൾ ഈ വർഷം ആരംഭിക്കുന്നത്. ആ കേരഗ്രാമങ്ങളിൽ ഏറ്റവും ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൊടുക്കുക മാത്രമല്ല, തെങ്ങുകളെ പരിപാലിക്കാൻ വേണ്ട ശാസ്ത്രീയമുറകളായ വളം, ചികിത്സാ സംവിധാനങ്ങൾ തുടങ്ങി എല്ലാ രീതിയിലുമുള്ള വിളപരിപാലന രീതികളുപയോഗിച്ച് ക്ലസ്റ്ററുകൾ മാതൃകാപരമായി നടപ്പിലാക്കി ഉല്പാദനം വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ 44 ക്ലസ്റ്ററുകളാണ് ആരംഭിക്കുന്നതെങ്കിലും അവ വ്യാപകമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലൂടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളയായ നാളികേരത്തിന്റെ ഉല്പാദനക്കുറവിന് പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എം. ഷാജി: സർ, ഇപ്പോൾ കൃഷി ലാഭകരമല്ലെന്നുള്ളതാണ് പ്രധാന പ്രശ്നം തെങ്ങിന്റെ കാര്യത്തിലും അങ്ങനെ തന്നെയാണ്. വെളിച്ചെണ്ണയിൽ മായം കലർത്തി വിൽക്കുന്നത് ഭയന്ന് വെളിച്ചെണ്ണയുടെ ഉപയോഗം കുറഞ്ഞിരിക്കുകയാണ്. വെളിച്ചെണ്ണ യിലടക്കം മായം കലർത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മായം കലർത്തുന്നത് തടയുന്നതിന് പ്രധാനമായും നടപടി സ്വീകരിക്കേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലാണ്. നാളികേരത്തിന്റെ ഗുണമേന്മ സംബന്ധിച്ച് പ്രചരണം നടത്താനും ശാസ്ത്രീയമായി ജനങ്ങളിലേയ്ക്കെത്തിക്കാനുംവേണ്ടി പ്രത്യേക ഫണ്ട് ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. ശുദ്ധമായ വെളിച്ചെണ്ണ ശരീരത്തിന് ദോഷമുണ്ടാക്കുന്നതല്ല. വെളിച്ചെണ്ണ, കൊളസ്ട്രോൾ വർദ്ധിപ്പിക്കുമെന്ന വ്യാജപ്രചരണം നടത്തി മറ്റ് ചില എഡിബിൾ ഓയിൽ ലോബികൾ കേരളത്തിലും ഇന്ത്യയിലും നടത്തിയിട്ടുള്ള പ്രവർത്തനത്തെ മറികടക്കാൻ വേണ്ട ശക്തമായ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ന് ഉപയോഗിക്കുന്ന വെളിച്ചെണ്ണയിൽ വ്യാപകമായി പാരഫീൻ പോലെ കൃത്രിമമായതും മനുഷ്യന്റെ ആരോഗ്യത്തിന് ദോഷകരമായിട്ടുള്ളതുമായ പല പദാർത്ഥങ്ങളും ചേർക്കുന്നുണ്ട്. അതിനുപുറമെ സൺ ഫ്ലവർ ഓയിലെന്ന് പറഞ്ഞ് വിലകുറച്ച് കൊടുക്കുന്ന പല എണ്ണകളിലും മായമുണ്ടെന്ന പ്രചരണം ശക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ കീഴിലുള്ള കേരഫെഡ് വെളിച്ചെണ്ണയുടെ ഉല്പാദനം 50 ശതമാനം

വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിനായി കൂടുതൽ ഫാക്ടറികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. 29 നാളികേര ഉല്പാദന കമ്പനികളാണ് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ കമ്പനികൾക്ക് പൂർണ്ണമായും ശുദ്ധമായ വെളിച്ചെണ്ണ ഉല്പാദിപ്പിക്കാൻ സാധിച്ചാൽ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. കൂടാതെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പാദന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നാളികേരത്തിൽനിന്നും അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി, അതിനനുസൃതമായ ഒരു വ്യവസായം കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, രാജ്യത്ത് തെങ്ങുകൃഷിയുടെ വിസ്തൃതിയിൽ കേരളം ഒന്നാം സ്ഥാനത്തും ഉല്പാദനത്തിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്തുമാണ്. ഇത് തെളിയിക്കുന്നത് ഉല്പാദനക്ഷമതയില്ലായ്മയാണ്. തെങ്ങുകൾക്ക് പുതിയ രോഗങ്ങൾ വരുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കുകയാണ് ചെയ്യുന്നത്. പുതിയ തൈ വച്ചുപിടിപ്പിച്ച് ഉല്പാദനം നടത്തണമെങ്കിൽ പത്ത് വർഷമെങ്കിലും കാത്തിരിക്കണം. അതിലൂടെ പത്ത് വർഷം കർഷകർക്കും സാമ്പത്തിക മേഖലയ്ക്കും നഷ്ടമുണ്ടാവുകയാണ്. തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനുപകരം എന്തെല്ലാം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും ഗവേഷണം നടത്താനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; രൂക്ഷമായ വരൾച്ച നേരിടുന്ന ഈ സാഹചര്യത്തിൽ തെങ്ങുകൾക്ക് രോഗം ബാധിച്ചതുവഴി നാളികേര ഉല്പാദനത്തിൽ എത്രമാത്രം കുറവ് വന്നിട്ടുണ്ടെന്നത് സംബന്ധിച്ച കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞതുപോലെ തെങ്ങിന് കാറ്റുവീഴ്ച രോഗം ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. രോഗത്തിന് കാരണം കണ്ടെത്തിയിട്ടുണ്ടെങ്കിലും അതിന് പരിഹാരം കണ്ടെത്താൻ സർവ്വകലാശാലകൾക്ക് കഴിഞ്ഞിട്ടില്ല. തെങ്ങിനെ ബാധിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ രോഗങ്ങൾക്ക് ശാസ്ത്രീയമായ രീതിയിൽ കാർഷിക സർവ്വകലാശാല പല രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാളികേര ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവാണ് കാർഷികോൽപ്പാദന രംഗത്തെ തകർച്ചയ്ക്ക് കാരണം. മുഖ്യവിളയായ നാളികേരത്തിനുണ്ടായ തകർച്ച നേരിടാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവേഷണം നടത്തി വിശദവിവരം നൽകാൻ സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ചമൂലം തെങ്ങിനുണ്ടായ നഷ്ടം ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ല. അടുത്ത വർഷത്തോടുകൂടി മാത്രമേ യീൽഡിലുണ്ടായ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പുതിയ തെങ്ങുകൾ വയ്ക്കുമ്പോൾ 10 വർഷം നഷ്ടപ്പെടുന്നത്

ഒഴിവാക്കാൻ ഇടവിള കൃഷി ചെയ്യണം; ഇടവിള കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. റബ്ബർ കൃഷി ചെയ്യുമ്പോൾ മൂന്ന് വർഷം വിള കിട്ടാതിരുന്നാൽ കൃഷി വകുപ്പ് പ്രത്യേകം പദ്ധതി രൂപീകരിച്ചതുപോലെ, രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ വച്ചുപിടിപ്പിക്കുമ്പോൾ ഇടവിള കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതി സർക്കാർ തയ്യാറാക്കുന്നതായിരിക്കും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരം തിങ്ങുന്ന നാടാണെന്ന് പറയുമെങ്കിലും ഏറ്റവും കൂടുതൽ അവഗണന നേരിടുന്ന ഒന്നാണ് കേര കൃഷി. അങ്ങ് 44 കേരഗ്രാമം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരഗ്രാമം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; രോഗം ബാധിച്ച തെങ്ങുകൾ ഉള്ളതോ യീൽഡ് കുറഞ്ഞതോ ആയ സ്ഥലങ്ങളെയാണോ ഇതിനായി തെരഞ്ഞെടുക്കുന്നത്; ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണോ ഇത്; ഒരു തെങ്ങിന് 2,000 രൂപയാണ് വിള ഇൻഷ്വറൻസായി ലഭിക്കുന്നത്. അത് 5,000 രൂപയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മുമ്പുണ്ടായിരുന്ന വിള ഇൻഷ്വറൻസ് തുക ഇരട്ടിയാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. തെങ്ങ് കൃഷി വ്യാപകമായ പഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചില പഞ്ചായത്തുകളിൽ 500 ഹെക്ടർ സ്ഥലം എടുക്കാൻ കഴിയാത്തതുകൊണ്ടും ഒരു പഞ്ചായത്തിൽ തന്നെ യൂണിറ്റായി നിൽക്കുന്നതിനുവേണ്ടിയുമാണ് 250 ഹെക്ടറായി കുറച്ചത്. ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ളതും തെങ്ങ് കൃഷിയുടെ സാധ്യതകൾ കൂടുതലുള്ള സ്ഥലങ്ങളുമാണ് ക്ലസ്റ്ററിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അടുത്ത വർഷം പുതിയ ക്ലസ്റ്ററുകൾ വ്യാപിപ്പിക്കുന്നതാണ്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ വന്നാൽ മാത്രമെ നമ്മൾ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ. പത്തോ ഇരുപതോ സെന്റിൽ കൃഷി ചെയ്യുന്ന കർഷകരാണ് കൂടുതലുമുള്ളത്. തെങ്ങിന് വേണ്ടത്ര പരിചരണം കിട്ടാതെ വരുമ്പോഴാണ് വിളവ് കുറയുന്നത്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആകുമ്പോൾ സ്വാഭാവികമായും കേന്ദ്രീകൃതമായ സംവിധാനം വരികയും യീൽഡ് വർദ്ധിക്കുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, കേരകർഷകരെ സംബന്ധിച്ചിടത്തോളം അങ്ങ് സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങളാണ് അവരെ കൃഷിയിൽ നിന്നും പിന്നോട്ടടിക്കുന്നത്. കർഷകർക്ക് നല്ല വിളവുണ്ടാകുന്നതും പെട്ടെന്ന് വിളവെടുക്കാൻ സാധിക്കുന്നതുമായ നല്ല ഇനം തൈകൾ ലഭ്യമാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം മൂന്നടി ഉയരവും മൂന്ന് വർഷം കൊണ്ട് വിളവെടുക്കാൻ കഴിയുന്നതുമായ കുള്ളൻ തെങ്ങുകൾ ആകർഷകമാണ്. എന്നാൽ അത്തരം തൈകൾ കിട്ടാനില്ല. അത്തരം തൈകൾ ലഭ്യമാക്കി കൃഷി ചെയ്ത് നീര പോലെയുള്ള മൂല്യവർദ്ധിത വസ്തുക്കളുണ്ടാക്കുന്നതിന് സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ സംസ്ഥാനം പിന്നോക്കമാണ്. സബ്സിഡി കൊടുക്കാനും കുള്ളൻ തെങ്ങുകൾ ലഭ്യമാക്കാനും തീവ്രയത്ന പരിപാടിയെന്ന നിലയിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പൊക്കം കുറഞ്ഞതും ഗുണമേന്മയുള്ള നാളികേരം ഉല്പാദിപ്പിക്കാൻ കഴിയുന്നതുമായ നല്ല ഇനം തെങ്ങുകൾ കാർഷിക സർവ്വകലാശാല പീലിക്കോട് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആ തെങ്ങുകൾ ബുക്ക് ചെയ്താൽ അവ ലഭിക്കാൻ 2 മുതൽ 6 മാസം വരെ സമയമെടുക്കുമെന്നുള്ളതാണ് പ്രശ്നം. അതൊഴിവാക്കാൻ അത്തരം തൈകളുടെ ഉല്പാദനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കണമെന്ന് സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സർവ്വകലാശാലയോടും കേന്ദ്ര തെങ്ങ് വിള ഗവേഷണ കേന്ദ്രത്തോടും ഗുണമേന്മയുള്ള കൂടുതൽ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം മുതൽ ഗുണമേന്മയുള്ള കൂടുതൽ തെങ്ങിൻ തൈകൾ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിയും.

മി. സ്പീക്കർ : ഓർഡർ...............ഓർഡർ........................

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സമാന്തര സർവ്വീസ് വാഹനങ്ങൾ

4 (*124) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര സർവ്വീസ് വാഹനങ്ങളും പെർമിറ്റുള്ള സ്റ്റേജ് കാരിയേജ് വാഹനങ്ങളും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് തൊട്ടുമുൻപായി സർവ്വീസ് നടത്തി നിരവധി ഷെഡ്യൂളുകൾ നഷ്ടത്തിലാക്കുന്നതു തടയാൻ ഗതാഗത വകുപ്പ് കർശന നടപടിയെടുക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം പരിമിതവും സേവനം തൃപ്തികരവുമല്ലാത്തതിനാൽ അയൽ സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിലേക്ക് ലക്ഷ്വറി ബസ്സുകൾ അനധികൃത സമാന്തര സർവ്വീസ് നടത്തി യാത്രക്കാരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാനായി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തി കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന പെർമിറ്റുകൾ വർദ്ധിപ്പിക്കാൻ ശ്രമം നടത്തുമോ;

(സി) കരാർ വാഹനങ്ങൾ (കോൺട്രാക്ട് കാരിയേജ്) എന്ന പേരിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ മോട്ടോർ വാഹന നിയമാനുസൃതം തന്നെയാണോ സർവ്വീസ് നടത്തുന്നത്; കരാർ വാഹന സർവ്വീസിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.-മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. പെർമിറ്റുള്ള സ്റ്റേജ് കാര്യേജുകളുടെ സമയം സംബന്ധിച്ചുള്ള കെ.എസ്.ആർ.ടി.സി.-യുടെ പരാതിയിന്മേൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ അനുകൂലമായ നടപടികൾ സ്വീകരിക്കാറുണ്ട്. സമയക്രമം തെറ്റിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് മുന്നിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

(ബി) അന്തർസംസ്ഥാന സർവ്വീസുകളിൽ യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും സ്വകാര്യ കോൺട്രാക്ട് കാര്യേജ് സർവ്വീസുകളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാനം കർണ്ണാടക സംസ്ഥാനവുമായി പുതിയ ഗതാഗത അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരമുള്ള പെർമിറ്റുകൾ കെ.എസ്.ആർ.ടി.സി. എടുത്തു തുടങ്ങിയിട്ടുണ്ട്. ആ കരാർ പ്രകാരം പുതിയ 84 ബസ്സുകൾ കർണ്ണാടക സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലേക്ക് സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് അനുവാദമുണ്ട്. എന്നാൽ തമിഴ്നാടുമായുള്ള അന്തർസംസ്ഥാന കരാർ തമിഴ്നാട് സർക്കാരിന്റെ പരിഗണനയിലാണ്. കരാറിന് അംഗീകാരം ലഭിച്ചാൽ തമിഴ്നാട്ടിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയും.

(സി) കരാർ വാഹനങ്ങൾക്ക് (കോൺട്രാക്ട് കാര്യേജ്) പെർമിറ്റുകൾ നൽകുമ്പോൾ കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ സെക്ഷൻ 74 (1), 74 (2) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കണമെന്നുള്ള നിർദ്ദേശം നൽകാറുണ്ട്. വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യങ്ങളിൽ ടി വാഹനങ്ങൾക്കെതിരെ മോട്ടോർവാഹന വകുപ്പ് നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ വാഹനങ്ങൾ കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധിക്കാറുമുണ്ട്.

## ഓൺലൈൻ വഴി കുടുംബശ്രീ ഉല്പന്നങ്ങൾ

5 (*125) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻവഴി ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉല്പന്നങ്ങൾ ഓൺലൈൻവഴി വിപണിയിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആമസോൺ, ഫ്ളിപ്പ്കാർട്ട് തുടങ്ങിയ മുൻനിര ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ വഴി കുടുംബശ്രീ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നൂതനമായ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമായി ഓൺലൈൻ വഴി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

(ബി&സി) ഓൺലൈൻ വിപണി സംബന്ധിച്ച് വിശദമായ പഠനം നടത്തിയ ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

## കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം

6 (*126) ശ്രീ. എം. മുകേഷ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമത്തിനെതിരെ തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായി നടത്തിയ സമരത്തിനാധാരമായി ഉയർത്തിയ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) യാത്രാ, ചരക്കു വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്ന കാര്യത്തിലും യൂബർ, ഓലെ തുടങ്ങിയ യാത്രാവാഹന സംഘാത കമ്പനികൾക്ക് നിർബന്ധമായും അനുമതി നൽകണമെന്ന വ്യവസ്ഥകൾ തുടങ്ങിയവയും സംസ്ഥാന സർക്കാരിന്റെ നിയമപരമായ അധികാരത്തിൻമേലുള്ള കടന്നുകയറ്റമായതിനാൽ ഭേദഗതി പിൻവലിക്കാൻ ആവശ്യപ്പെടുമോ;

(സി) 'കാൽനടയാത്രക്കാർക്കും യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങൾക്കും പൊതു സ്ഥലങ്ങളിൽ നിയന്ത്രണമേർപ്പെടുത്താൻ സംസ്ഥാന സർക്കാരുകൾക്ക് നടപടിയെടുക്കാവുന്നതാണ് ' മുതലായ ദ്രോഹ വ്യവസ്ഥകൾ നിയമഭേദഗതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) യൂബർ, ഓലെ മുതലായ കമ്പനികൾ വാടകയ്ക്കുള്ള വാഹനങ്ങളെ സാങ്കേതിക വിദ്യാധിഷ്ഠിതമായ തട്ടിൽ ഒന്നിച്ചുകൊണ്ടുവന്ന് ആവശ്യക്കാർക്കെത്തിച്ചു കൊടുക്കുന്ന സംവിധാനം കുറച്ചു നാളായി കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും നടത്തിവരുന്നുണ്ട്. പുതിയ മോട്ടോർ വാഹന (ഭേദഗതി) നിയമത്തിലെ പരിഷ്കരിച്ച സെക്ഷൻ 94 പ്രകാരം ഇത്തരത്തിൽ പ്രവർത്തിക്കുന്ന കമ്പനികളെ 'ഏജന്റ്/കാൻവാസ്സർ/അഗ്രിഗേറ്റർ' എന്ന ഗണത്തിൽപ്പെടുത്തി ലൈസൻസിന് വിധേയമായി പ്രവർത്തിപ്പിക്കേണ്ടതായി നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാന സർക്കാരുകൾ ഇത്തരത്തിൽ ലൈസൻസ് നൽകുമ്പോൾ കണക്കിലെടുക്കേണ്ട വസ്തുതകളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും നിയമത്തിൽ പറയുന്നുണ്ട്. അതിന്റെ വരും വരായ്കകൾ അത്തരത്തിലുള്ള നിർദ്ദേശമോ ചട്ടങ്ങളോ പുറത്തു വന്നാലേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(സി) മോട്ടോർവാഹന ആക്ടിൽ പുതിയതായി ചേർക്കപ്പെട്ട സെക്ഷൻ 138 (1)(എ) പ്രകാരം റോഡ് സുരക്ഷയ്ക്കായി കാൽനട യാത്രക്കാരുടെയും യന്ത്രവത്കൃതമല്ലാത്ത വാഹനങ്ങളുടെയും പൊതുസ്ഥലങ്ങളിലുള്ള സ്വാതന്ത്ര്യം നിയന്ത്രിക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണ് നൽകിയിരിക്കുന്നത്. ഇതുസംബന്ധിച്ച ചട്ടങ്ങളിൽ കാൽനടയാത്രക്കാർക്കും യന്ത്രവത്കൃതമല്ലാത്ത വാഹനങ്ങൾക്കും ദോഷകരമാകാത്ത രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രദ്ധിക്കുന്നതാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

7 (*127) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) പദ്ധതിയുടെ ഏതൊക്കെ ജോലികളാണ് ഇനി പൂർത്തിയാക്കാനുള്ളത്; വിശദീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):</u>

(എ) പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനാവശ്യമായ താൽക്കാലിക റോഡിന്റെ നിർമ്മാണവും ബ്രേക്ക് വാട്ടറിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നീളമുള്ള ഭാഗത്തിന്റെ കോർ നിർമ്മാണവും ഡ്രഡ്ജിംഗ് & റിക്ലമേഷൻ ജോലികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ ചുറ്റുമതിൽ നിർമ്മാണം 800 മീറ്ററോളം പൂർത്തീകരിച്ചിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന 211 റിസോർട്ട് തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച 2-ാം ഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 143 മത്സ്യത്തൊഴിലാളികൾക്കും നഷ്ടപരിഹാരം വിതരണം ചെയ്തുവരുന്നു. ശേഷിക്കുന്നവരുടെ നഷ്ടപരിഹാര വിതരണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി 200 കോടിയോളം രൂപ അദാനി വിഴിഞ്ഞം പ്രോജക്ട് കമ്പനിക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബാഹ്യാടിസ്ഥാന സൗകര്യവികസനത്തിനായി ദേശീയ പാത 66-ഉം ആയി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാലുവരി പാതയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ. നീളമുള്ള റെയിൽ പാതയുടെ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പുവച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരമായി പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. ഡ്രഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു.

(സി) ശേഷിക്കുന്ന ഡ്രഡ്ജിംഗ് & റിക്ലമേഷൻ ജോലികൾ, ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം, ബെർത്ത് നിർമ്മാണം, യാർഡ് നിർമ്മാണം, ക്രെയിനുകളുടെ ഉറപ്പിക്കൽ എന്നിവയാണ് തുറമുഖ പദ്ധതിയുടെ ശേഷിക്കുന്ന പ്രധാന ജോലികൾ.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

8 (*128) ശ്രീ. പി. കെ. ശശി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ചെയ്യുന്ന ജോലിക്കുള്ള വേതനം രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യണമെന്ന നിബന്ധന സംസ്ഥാനത്ത് പാലിക്കാൻ സാധ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ; എത്ര തുക കുടിശ്ശികയുണ്ട്;

(ബി) സംസ്ഥാനത്തെ വേതന തോതനുസരിച്ച് താരതമ്യേന വളരെ കുറഞ്ഞ വേതനം നൽകുന്നതും അതുതന്നെ മാസങ്ങൾ കഴിഞ്ഞു നൽകുന്നതും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) വേതനം നൽകാനായി തൊഴിൽ എന്നതിനു പകരം, കൃഷി, ക്ഷീരോല്പാദനം, പരമ്പരാഗത വ്യവസായ മേഖലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി ഉല്പാദനപരമായ മേഖലകളിൽ തൊഴിൽ ശക്തിയെ വിന്യസിച്ച് തൊഴിലിനൊപ്പം വികസനവും യാഥാർത്ഥ്യമാക്കാൻ നടപടിയെടുക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേന്ദ്ര സർക്കാരിൽനിന്നും അവിദഗ്ദ്ധ കൂലിയിനത്തിൽ അർഹതപ്പെട്ട തുക യഥാസമയം ലഭിക്കാത്തതുകൊണ്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യുന്ന ജോലിക്കുള്ള വേതനം രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യണമെന്ന നിബന്ധന സംസ്ഥാനത്ത് പാലിക്കാൻ സാധിക്കാതെ പോയത്. 2016-17 സാമ്പത്തിക വർഷം അവിദഗ്ദ്ധ വേതനയിനത്തിൽ 75943.17 ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന അവിദഗ്ദ്ധ കായിക കൂലി നിരക്ക് കേന്ദ്രസർക്കാരാണ് ഓരോ വർഷവും നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നത്. ഇത് കേരളത്തിലെ കായിക തൊഴിൽ ചെയ്യുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന കമ്പോള നിരക്കിനെ അപേക്ഷിച്ച് വളരെ

കുറവാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യാൻ സന്നദ്ധരായി മുമ്പോട്ടു വരുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും പരമ്പരാഗത തൊഴിൽ രംഗത്ത് ഏർപ്പെടാത്തവരും കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകളുമായതിനാൽ തൊഴിലിനുള്ള ആവശ്യകതയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. എന്നാൽ 2016-17-ലെ കൂലി കുടിശ്ശികയുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം പൊതുവേ പദ്ധതിയിൽ പണിക്ക് വരുന്നതിന് തൊഴിലാളികൾക്ക് താല്പര്യക്കുറവ് ഉള്ളതായി കണ്ടു വരുന്നുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നേരിട്ടുള്ള കാർഷിക പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ കാർഷിക ഇടപെടലുകളും ക്ഷീരോല്പാദന മേഖലയിൽ പശുതൊഴുത്ത്, ആട്ടിൻകൂട് എന്നിവയുടെ നിർമ്മാണവും കൂടാതെ അങ്കണവാടി കെട്ടിടം, വ്യക്തിഗത ഗാർഹിക ശൗചാലയം, ഗ്രാമപഞ്ചായത്ത് കെട്ടിടം, കളിസ്ഥലം, പൊതുചന്ത, ശ്മശാനം, കമ്പോസ്റ്റ് കുഴി തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കുന്നതിന് ഇപ്പോൾ അനുമതിയുള്ളതിനാൽ തൊഴിലിനൊപ്പം വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

9 (*129) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുമ്പ് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽനിന്നും വിരമിച്ച പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ നേതാക്കളുമായി 1-4-2017-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് ചർച്ച നടത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ പദ്ധതി**

10 (*130) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്നും കരകയറ്റി ലാഭത്തിലെത്തിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) കടബാദ്ധ്യത കുറയ്ക്കുന്നതിനും ധനകാര്യ പുനസംഘടന ഉറപ്പാക്കുന്നതിനുമുള്ള എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിലുള്ളതെന്ന് വിശദീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ശാക്തീകരണത്തിനും ബസ്സുകളിൽ പ്രകൃതി സൗഹൃദവാതകം ഇന്ധനമായി ഉപയോഗിക്കുന്നതിനുമുള്ള പരിഷ്കാരങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിവരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ&ബി) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷംകൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം

സംഭവിച്ച വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസ്സുകൾ (സ്ത്രീകൾക്കു മാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ പുനഃസംഘടന ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിന് നടപ്പു വർഷം 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി രണ്ട് സി.എൻ.ജി. ബസ്സുകൾക്ക് പർച്ചേസ് ഉത്തരവ് നൽകിയതിൽ ഒരു ബസ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. സി.എൻ.ജി. ഇന്ധനം വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ സേവനങ്ങൾക്ക് ഫീസ് നിരക്കുകൾ നിശ്ചയിച്ചതിലെ അപാകത**

11 (*131) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ നിശ്ചയിച്ചതിൽ അപാകത കടന്നു കൂടിയെന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചുവോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഓൺലൈൻ സേവനങ്ങൾക്കുള്ള സോഫ്റ്റ് വെയർ നിർമ്മിച്ചത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സോഫ്റ്റ് വെയറിലെ പിശകുകൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവോ; വിശദാംശങ്ങൾ നല്കുമോ;

(ഡി) നികുതി, സർവീസ് ചാർജ്ജ് ഇനങ്ങളിൽ ഈടാക്കപ്പെട്ട അധിക തുക കണ്ടെത്തി തിരികെ നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്രകാരം ഈടാക്കിയ അധിക തുക തിരികെ നല്കുന്നതിന് പ്രത്യേകം അപേക്ഷ നല്കണമെന്ന വ്യവസ്ഥ ഒഴിവാക്കി, തുക ബന്ധപ്പെട്ടവർക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കേന്ദ്ര സർക്കാർ 29-12-2016 തീയതിയിലെ GSR 1183 (E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസ്തുത തീയതി മുതൽ നിലവിൽ വരത്തക്കവിധം മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കുകയുണ്ടായി. 6-1-2017-ലാണ് മേൽ ഉത്തരവ് സംസ്ഥാനത്ത് ലഭ്യമായത്. അതിൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ഓൺലൈൻ സേവനങ്ങൾക്കുള്ള ഫീസിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തിയപ്പോൾ കേന്ദ്ര സർക്കാരിന്റെ പുതിയ നിരക്കുകളും സംസ്ഥാനത്ത് നിലനിന്നിരുന്ന നിരക്കുകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും അവയിൽ ചിലതിന്റെ ഇരട്ട സ്വഭാവത്തെക്കുറിച്ചും മറ്റുമുള്ള അവ്യക്തത കാരണം ചില അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെടുകയും അവ പരിശോധിച്ച് തിരുത്തുകയുമുണ്ടായി.

(ബി) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (NIC) ആണ് ഓൺലൈൻ സേവനങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയത്.

(സി) സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് കാർഡ് രൂപത്തിൽ നൽകുന്ന ഡ്രൈവിംഗ് ലൈസൻസുകൾക്ക് അധികമായി 200 രൂപ ഫീസ് ഈടാക്കണമെന്ന് പുതിയ ഉത്തരവിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. പുതിയതായി നൽകുന്ന ഡ്രൈവിംഗ് ലൈസൻസുകൾക്കാണ് ഈ 200 രൂപ ഈടാക്കുന്നത്. നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുവാൻ അപേക്ഷിക്കുമ്പോൾ ഇഷ്യു ഓഫ് ഡ്രൈവിംഗ് ലൈസൻസിന് 200 രൂപ അധികമായി വാങ്ങിയിരുന്ന പിശക് പരിഹരിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുവാൻ അപേക്ഷിക്കുമ്പോൾ പുതുക്കുന്നതിനുള്ള ഫീസും കാർഡ് രൂപത്തിലുള്ള ഫീസും സർവ്വീസ് ചാർജ്ജും മാത്രമേ ഇപ്പോൾ ഈടാക്കുന്നുള്ളൂ. 29-12-2016-ന് മുൻപ് കാലാവധി തീർന്ന ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നതിന് പുതിയ ഫീസ് നിരക്ക് അനുസരിച്ച് പ്രതിവർഷം 1000 രൂപ പിഴയായി ഈടാക്കിയിരുന്നു. ആ പിശക് പരിഹരിച്ച് 29-12-2016-ന് മുൻപുള്ള കാലയളവിലേക്ക് പ്രതിവർഷം 50 രൂപ നിരക്കിലും അതിനുശേഷമുള്ള കാലയളവിൽ പ്രതിവർഷം 1,000 രൂപ നിരക്കിലുമാണ് ഇപ്പോൾ ഈടാക്കുന്നത്.

29-12-2016-ന് മുൻപ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തീർന്ന വാഹനങ്ങൾ ഫിറ്റ്നസിനായി അപേക്ഷിക്കുമ്പോൾ ഫിറ്റ്നസ് തീർന്ന ദിവസം മുതൽ ഓരോ ദിവസത്തിനും 50 രൂപ പിഴയായി ഈടാക്കിയിരുന്നു. ഈ പിശക് പരിഹരിച്ച് 29-12-2016 തീയതി മുതലുള്ള കാലയളവിലേക്ക് മാത്രമേ ഇപ്പോൾ ഈ നിരക്കിൽ പിഴ ഈടാക്കുന്നുള്ളൂ. 29-12-2016-ന് മുൻപുള്ള കാലയളവിലേക്ക് പഴയ നിരക്കിൽ അതായത് പ്രതിമാസം 100 രൂപ മുതൽ 200 രൂപ വരെയുള്ള തുകയാണ് ഇപ്പോൾ പിഴയായി ഈടാക്കുന്നത്. പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്ന സർവ്വീസുകൾക്കും സ്മാർട്ട് കാർഡ് ടൈപ്പ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾക്കും 29-12-2016-ലെ കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം 200 രൂപ ഈടാക്കിയിരുന്നു. സംസ്ഥാനം നൽകുന്നത് സ്മാർട്ട് കാർഡ് ടൈപ്പ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അല്ലാത്തതിനാൽ ഇപ്പോൾ ഈ 200 രൂപ ഈടാക്കുന്നില്ല. പഴയ സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഇനത്തിൽ ഉണ്ടായിരുന്ന പിശകുകളും പരിഹരിച്ചിട്ടുണ്ട്.

(ഡി) നികുതി, സർവ്വീസ് ചാർജ്ജ് ഇനങ്ങളിൽ സോഫ്റ്റ്‌വെയറിൽ പിശകുകൾ ഉണ്ടായിട്ടില്ല.

(ഇ) ഫീസിനത്തിൽ അധികമായി അടച്ച തുക ഉപഭോക്താക്കൾ അടുത്ത തവണ ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ മുതലായ സേവനങ്ങൾക്ക് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെയോ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെയോ സമീപിക്കുമ്പോൾ പ്രത്യേക അപേക്ഷ നൽകാതെ തന്നെ അതിന്റെ ഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ നിന്ന് കുറവുവരുത്തി നൽകുന്നതിന് ഗതാഗത കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## റബ്ബർ കർഷകരെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി

12 (*132) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കമ്പോളത്തിൽ വിലയിടിവ് എന്ന കാരണത്താൽ രാജ്യത്തെ റബർ വില ഇടിക്കുന്ന ടയർ വ്യവസായലോബികൾ രാജ്യാന്തര കമ്പോളത്തിൽ വില താരതമ്യേന ഉയർന്നു നില്ക്കുന്ന സമയത്തും അതിലും വളരെ കുറഞ്ഞ നിലയിലേക്ക് വിപണി വില താഴ്ത്തി സംസ്ഥാനത്തെ കർഷകരെ ചൂഷണം ചെയ്യുന്നത് കേന്ദ്ര സർക്കാർ ഇടപെട്ട് പരിഹരിക്കണമെന്ന് ആവശ്യപ്പെടുമോ;

(ബി) ഇറക്കുമതിയും ഊഹക്കച്ചവടവും നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കർഷകർക്ക് റബ്ബറിന് കിലോക്ക് 150 രൂപയെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി സംസ്ഥാനം സ്വീകരിച്ച നടപടികളും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടും വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. അതോടൊപ്പം റബ്ബറധിഷ്ഠിത വ്യവസായങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയും, കമ്പോളത്തിൽ പ്രസ്തുത ഉൽപ്പന്നത്തിന്റെ ലഭ്യതയും വിലയിൽ വ്യതിയാനം വരുത്തുന്നു. സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം കൂട്ടുവാനും നിയന്ത്രണങ്ങൾ ഒഴിവാക്കി കയറ്റുമതി വർദ്ധിപ്പിക്കുവാനും അതുവഴി വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി' നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം കിലോയ്ക്ക് 150 രൂപ താങ്ങുവിലയായി നിജപ്പെടുത്തുകയും മാർക്കറ്റ് വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർക്ക് അക്കൗണ്ട് വഴി നേരിട്ട് കൈമാറുകയും ചെയ്തു വരുന്നു.

## വരൾച്ചമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം

13 (*133) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച കേരളത്തിലെ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയിൽ ഉണ്ടായതായി കണക്കാക്കിയിട്ടുള്ളത്;

(സി) കർഷകർക്ക് ആശ്വാസം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്; എത്ര തുക കേന്ദ്ര സർക്കാരിൽനിന്ന് ഈയിനത്തിൽ ധനസഹായമായി ലഭിച്ചുവെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) തെക്കു പടിഞ്ഞാറൻ ഇടവപ്പാതിയിലും, വടക്കു കിഴക്കൻ തുലാവർഷത്തിലും, വേനൽ മഴയിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച തോതിലുള്ള കുറവു കാരണം കാർഷിക വിളകളുടെ ഉൽപ്പാദനം കുറയുകയും, വരൾച്ച ബാധിച്ച് കൃഷി നശിച്ചുപോവുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനം കുറയുന്നതിനാൽ കർഷകരെയും അതുമൂലമുണ്ടാകുന്ന രൂക്ഷമായ വിലക്കയറ്റം പൊതുജനങ്ങളെയും ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്. മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശം കൂടി നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ കള കൂടുതൽ വളരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. ഹ്രസ്വകാല വിളകൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെയും ദീർഘകാല വിളകൾക്ക് 20 ശതമാനത്തോളവും വിളവ് കുറയുമെന്നു കണക്കാക്കുന്നു.

(ബി) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62,897 കർഷകരുടെ 41,592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(സി) വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽ കർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്തനിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കിവരുന്നു.

(ഡി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർ കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച സംബന്ധിച്ച് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. നാശനഷ്ടത്തിനാനുപാതികമായി കേന്ദ്രസഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കെ.യു.ആർ.ടി.സി. ബസുകളുടെ സുരക്ഷ**

14 (*134) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി. ബസുകളുടെ സുരക്ഷയെ സംബന്ധിച്ച ആശങ്കകളുയർത്തുന്ന റിപ്പോർട്ടുകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-യുടെ കീഴിൽ എത്ര ലോ ഫ്ലോർ, എ.സി., നോൺ എ.സി. ബസുകളുണ്ടെന്നും അവയിൽ സർവ്വീസ് നടത്താൻ യോഗ്യമായവ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസുകൾക്ക് നിർമ്മാണ വൈകല്യങ്ങളുണ്ടോ എന്നതുൾപ്പെടെയുള്ള സുരക്ഷാ പരിശോധന നടത്താൻ നിർദ്ദേശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ഉണ്ട്. കെ.യു.ആർ.ടി.സി.-യുടെ സെമി ലോ ഫ്ളോർ നോൺ എ.സി. ബസ് തൊടുപുഴയ്ക്ക് സമീപം തീ പിടിച്ച് കത്തിനശിക്കുകയുണ്ടായി. ഇത് എപ്രകാരം സംഭവിച്ചുവെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടന്നുവരുന്നു.

(ബി) കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 667 ബസ്സുകളുണ്ട്. (ലോ ഫ്ളോർ എ.സി.-190, നോൺ എ.സി. -477) ഇതിൽ 24-4-2017-ലെ കണക്കുപ്രകാരം 512 എണ്ണം സർവ്വീസ് നടത്താൻ യോഗ്യമായവയും 155 എണ്ണം വിവിധ അറ്റകുറ്റപ്പണികൾ വേണ്ടതിനാൽ സർവ്വീസ് നടത്താൻ സാധിക്കാത്തവയുമാണ്.

(സി) കെ.യു.ആർ.ടി.സി.-യുടെ ബസ്സുകൾ കേന്ദ്ര നഗര വികസന മന്ത്രാലയം അംഗീകരിച്ച അർബൻ ബസ്സ് സ്പെസിഫിക്കേഷൻ II (UBS II), AIS 052, CMVR അനുശാസിക്കുന്ന എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് വാഹന നിർമ്മാതാക്കൾ പൂർണ്ണമായി നിർമ്മിച്ചു നൽകിയ ബസ്സുകളാണ്. സുരക്ഷാ മാനദണ്ഡങ്ങളായ Emergency door, Fire extinguishers, Automatic pneumatic passenger door തുടങ്ങിയ സംവിധാനങ്ങൾ ഈ ബസ്സുകൾക്കുണ്ട്. ഈ ബസ്സുകളുടെ നിർമ്മാണ വൈകല്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിളനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം**

15 (*135) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ച മൂലമുണ്ടായ വിളനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) വിളനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(സി) അതിരൂക്ഷമായ വരൾച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, പ്രസ്തുത പ്രതിസന്ധി നേരിടുന്നതിന് ധനസഹായം ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62,897 കർഷകരുടെ 41,592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(ബി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി 15.466 കോടി രൂപ റവന്യൂ വകുപ്പ് അനുവദിച്ചിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്നതിനാനുപാതികമായി നഷ്ടപരിഹാര തുക ലഭിച്ചുവരുന്നു.

(സി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പുമന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും, ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കേരള മാരിടൈം ബോർഡ്

16 (*136) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ചെറുകിട തുറമുഖങ്ങളുടെ ഭരണനിയന്ത്രണത്തിൽ ഗുണപരമായ എന്ത് മാറ്റമാണ് മാരിടൈം ബോർഡ് രൂപവല്ക്കരണത്തിലൂടെ സാധ്യമാകുന്നതെന്ന് വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കേരള മാരിടൈം ബോർഡ് പ്രവർത്തനമാരംഭിച്ചിട്ടില്ല. 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ നിയമസഭ പാസ്സാക്കിയത് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത ബിൽ ചില മാറ്റങ്ങളോടുകൂടി വീണ്ടും നിയമസഭ പരിഗണിക്കണമെന്ന നിർദ്ദേശത്തോടെ തിരിച്ചയച്ചിരിക്കുകയാണ്.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, അതിന്റെ പരിപാലനവും, പരിരക്ഷയും കൂടാതെ 1908-ലെ ഇന്ത്യൻ പോർട്ട്സ് ആക്ട് (1908-ലെ 15-ാം കേന്ദ്ര ആക്ട്) പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയമപരമായ ചുമതലകൾ, തുറമുഖങ്ങളുടെ വാണിജ്യപരവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) മാരിടൈം മേഖലയിലെ വിവിധ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും ഫലപ്രദമായ തീരദേശ സംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിനും മാരിടൈം ബോർഡിന്റെ രൂപീകരണം അത്യാവശ്യമാണ്. സംസ്ഥാന തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കുവാൻ മാരിടൈം ബോർഡ് രൂപീകരണത്തോടെ സാധിക്കുമെന്നതിനാൽ ടി മേഖലയിലെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നതാണ്.

## ക്ലസ്റ്റർ സംവിധാനത്തിൽ പച്ചക്കറി കൃഷി

17 (*137) ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് തുടർന്നു വരുന്ന ക്ലസ്റ്റർ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പച്ചക്കറിയുടെ സംസ്കരണത്തിനും വിപണനത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ 800 ക്ലസ്റ്ററുകളിലായി പച്ചക്കറി കൃഷി നടത്തുന്നുണ്ട്. 2017-18-ൽ അധികമായി 200 ക്ലസ്റ്ററുകളിൽ കൂടി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനുള്ള നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സ്വാശ്രയ സംഘങ്ങളിലൂടെയാണ് പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട വിത്ത് മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ വി.എഫ്.പി.സി.കെ. നടത്തുന്നത്.

(ബി) ക്ലസ്റ്ററുകളുടെ പ്രവർത്തന മികവ്, സാമ്പത്തിക പ്രവർത്തനങ്ങളിലെ മികവ്, സാങ്കേതികമായ പ്രവർത്തന മികവ്, നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം വിലയിരുത്തുകയും ലഭിക്കുന്ന പോയിന്റുകളുടെ അടിസ്ഥാനത്തിൽ A, B, C എന്നീ ഗ്രേഡുകൾ നൽകുകയും ചെയ്തുവരുന്നു. ക്ലസ്റ്ററിന്റെ പ്രവർത്തന മികവിന് 30 പോയിന്റും സാമ്പത്തിക മികവിന് 30 പോയിന്റും സാങ്കേതിക മികവിന് 24 പോയിന്റും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന് 16 പോയിന്റും നൽകുന്നു. അങ്ങനെ 60 പോയിന്റിനും അതിന് മുകളിലും ഉള്ളവയ്ക്ക് A ഗ്രേഡും 50 മുതൽ 60 വരെയുള്ള പോയിന്റ് നേടുന്നവയ്ക്ക് B ഗ്രേഡും 50 പോയിന്റിന് താഴെ ലഭിക്കുന്നവയ്ക്ക് C ഗ്രേഡും നൽകുന്നു. വി.എഫ്.പി.സി.കെ.-യിൽ ഓരോ മാസവും കൂടുന്ന ജില്ലാ മാനേജർമാരുടെ യോഗത്തിൽ സ്വാശ്രയ സംഘങ്ങളുടെ ശാക്തീകരണം സംബന്ധിച്ച് ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നു.

(സി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാസംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. കർഷകരിൽ നിന്നുമുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്ന 277 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

(ഡി) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദന കമ്പനികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പച്ചക്കറികൾ വിപണനം നടത്തുന്നതിന് ഉൽപ്പാദനം കൂടുതലുള്ള മേഖലയിലാണ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

**പാതയോരങ്ങളിലെ അനധികൃത പരസ്യ ബോർഡുകൾ**

18 (T*138) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച മറയ്ക്കുന്നതും ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിക്കുന്നതുമായ അനധികൃത പരസ്യബോർഡുകളും ദിശാബോർഡുകളും പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലും മറ്റും ഇപ്രകാരം ബോർഡുകൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്രകാരം പാതയോരങ്ങളിൽ അനധികൃതമായി പരസ്യബോർഡുകൾ, ദിശാബോർഡുകൾ എന്നിവ സ്ഥാപിച്ചവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അനധികൃതമായി സ്ഥാപിച്ചവ നീക്കം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം (1994-ലെ 20) 565-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം 1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതുതെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 601/99 പ്രകാരവും കൂടാതെ, 1999-ലെ പഞ്ചായത്ത് രാജ് ആക്ട് 209 എ, 256 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഗതാഗത വകുപ്പിന്റെ 2-2-2016-ലെ സ.ഉ.(കൈ)നമ്പർ6/2016/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം പൊതുനിരത്തുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതും ബോർഡുകൾ, ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 271, 272, 273, 274, 275, 369 എന്നീ വകുപ്പുകളും, 1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതുതെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കമാനങ്ങളോ പരസ്യബോർഡുകളോ സ്ഥാപിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് അപകടമോ, അസൗകര്യമോ, ഗതാഗത തടസ്സമോ ഉണ്ടാകാൻ ഇടവരാത്ത വിധത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകിവരുന്നത്. (നിബന്ധനകൾ അനുബന്ധമായി* ചേർക്കുന്നു).

(സി) 1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതുതെരുവുകളിലും പൊതുസ്ഥങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ, പ്രസ്തുത ചട്ടം 5 പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ സ്ഥാപിക്കപ്പെടുന്ന കമാനങ്ങളോ പരസ്യ ബോർഡുകളോ മുനിസിപ്പൽ സെക്രട്ടറി നീക്കം ചെയ്യേണ്ടതും ആയതിന് വരുന്ന ചെലവ് അവ സ്ഥാപിച്ചവരിൽ നിന്നോ, അതിന് കാരണക്കാരായവരിൽ നിന്നോ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. മേൽ ചട്ടപ്രകാരം അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ, ദിശാബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നു.

**ജനകീയാസൂത്രണ രണ്ടാം ഘട്ടം പദ്ധതി**

19 (*139) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരളത്തിനായി ഈ സർക്കാർ ജനകീയാസൂത്രണ രണ്ടാം ഘട്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടികൾ ലളിതമാക്കാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്; വിവരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണം പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്നതാണ്. പൊതുജനാരോഗ്യ പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ നൈപുണ്യ വികസനം, കേവല ദാരിദ്ര്യ നിർമ്മാർജ്ജനം, കൃഷി-പരിസ്ഥിതി-മണ്ണ്-ജലം എന്നിവയുടെ സംരക്ഷണം തുടങ്ങിയവയ്ക്കും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികൾ വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ 2017 ജനുവരി-ഫെബ്രുവരി മാസങ്ങളിലും വാർഡ് സഭാ യോഗങ്ങൾ/വികസന സെമിനാർ എന്നിവ 2017 മാർച്ച്-ഏപ്രിൽ മാസങ്ങളിലും പൂർത്തിയാക്കി പദ്ധതി രേഖയുടെ അംഗീകാരം 2017 മേയ് മാസത്തിൽത്തന്നെ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത്. നടപടികൾ ലളിതമാക്കുന്നതിന്റെ ഭാഗമായി പദ്ധതിരേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചശേഷം പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതികാനുമതിയും സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശവും മാർഗ്ഗ രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഉൽപ്പാദനമേഖലയ്ക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. കൃഷി, ജലവിതരണം നടത്തുന്നതിനുള്ള ജലസേചന പ്രവൃത്തികൾ, മണ്ണ് സംരക്ഷണം, ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യ ബന്ധനം, പരമ്പരാഗത ചന്തകൾ, വ്യവസായം, ഊർജ്ജോത്പാദനം, ജൈവവള നിർമ്മാണം എന്നിവ ഉൽപ്പാദന മേഖലാ പ്രോജക്ടുകളാണ്. കൃഷി ഭവൻ, മത്സ്യഭവൻ, മൃഗാശുപത്രി, ക്ഷീര വികസന ഓഫീസ് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും അവയിൽ ഏർപ്പെടുത്തുന്ന വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായ പശ്ചാത്തല സൗകര്യ വികസനവും ഉൽപ്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ ഭക്ഷ്യ വിളകൾ, പച്ചക്കറികൾ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക, ഓരോ വർഷവും ഭക്ഷ്യയോഗ്യമായ എത്ര കൂടുതൽ നെല്ലും പച്ചക്കറികളും മറ്റു വിഭവങ്ങളും ഉൽപ്പാദിപ്പിക്കാം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നുണ്ട്.

**വരൾച്ചമൂലമുള്ള കൃഷിനാശം നേരിടുന്നതിന് നടപടി**

20 (*140) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്ത് ഉണ്ടായ കൃഷിനാശം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തവണ വരൾച്ച തുടങ്ങിയത് മുതൽ 2017 ഏപ്രിൽ മാസം വരെ എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കൃഷിനാശം നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(സി) വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽ കർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റിവഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി**

21 (*141) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമം സമഗ്രമായി ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം കേന്ദ്ര സർക്കാർ ലോക് സഭയിൽ പാസ്സാക്കിയത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത നിയമഭേദഗതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമഭേദഗതിയിലെ ഏതൊക്കെ വ്യവസ്ഥകളോടാണ് സംസ്ഥാന സർക്കാരിന് അഭിപ്രായഭിന്നതയുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര നിയമം പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് അപ്രസക്തമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ഉണ്ട്. പുതിയ മോട്ടോർ വാഹന നിയമത്തിലെ ഭേദഗതി ചെയ്ത ഭാഗങ്ങളിൽ പ്രധാനമായും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഇനി പറയുംപ്രകാരമാണ്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായി ഒരു വ്യക്തി അപേക്ഷിക്കേണ്ടത് അയാളുടെ താമസസ്ഥലത്തെ ഓഫീസിലോ അല്ലെങ്കിൽ ഡ്രൈവിംഗ് പരിശീലനം നേടുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന ഓഫീസ് പരിധിയിലോ ആയിരിക്കേണ്ടതാണ്. ഇത് ഒഴിവാക്കി ഒരു വ്യക്തിക്ക് ഏത് ഓഫീസിലും അപേക്ഷ നൽകാവുന്നതാണ്. ബാഡ്ജ് ലഭിക്കണമെങ്കിൽ നിലവിൽ 8-ാം ക്ലാസ് ജയിച്ചിരിക്കേണ്ടതാണ്. ഈ വിദ്യാഭ്യാസ യോഗ്യത ഒഴിവാക്കി ഡ്രൈവിംഗ് ടെസ്റ്റിൽ മൂന്ന് പ്രാവശ്യം പരാജയപ്പെട്ട വ്യക്തി അടുത്ത ടെസ്റ്റിനുമുമ്പായി റെമഡിയൽ ട്രെയിനിംഗ് നേടിയിരിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ കാലാവധി കഴിഞ്ഞ ലൈസൻസ് അഞ്ചു വർഷം വരെ പുതുക്കാമായിരുന്നത് ഒരു വർഷമായി ചുരുക്കി. വാഹന രജിസ്ട്രേഷനായി താമസ/ജോലിസ്ഥലത്തിനു പുറത്ത് ഏത് ഓഫീസിലും അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പർ ഇല്ലാതെ വാഹനം കൈമാറാനാവില്ല. പുതിയ വാഹനം രജിസ്ട്രേഷൻ ആവശ്യത്തിനായി ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹന നിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണ കുറവുകൾ പരിഹരിക്കാൻ ബാധ്യസ്ഥനാണ്. 1-10-2018 മുതൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന.

വിവിധ യാത്രാ മാർഗ്ഗങ്ങളെ ഏകോപിപ്പിക്കാനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പോളിസി, സ്വകാര്യ മേഖലയിൽ അല്ലെങ്കിൽ പബ്ലിക്-പ്രൈവറ്റ് സഹകരണത്തോടെ സംസ്ഥാന സർക്കാരുകൾക്ക് ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ഗ്രാമീണ യാത്രകൾ, റോഡ് സേഫ്റ്റി, മലിനീകരണം, ട്രാഫിക് ബ്ലോക്കുകൾ ഒഴിവാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പെർമിറ്റ് വ്യവസ്ഥകളിൽ ഇളവ് നൽകാനാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ട്രാൻസ്പോർട്ടേഷൻ സ്കീം നടപ്പാക്കാവുന്നതാണ്. ഓൺലൈൻ ടാക്സി സർവ്വീസുകളെ നിയമ പരിധിയിൽ കൊണ്ടുവരും. നാലു വയസിനു മുകളിലുള്ള ഇരുചക്ര യാത്രികർ ഹെൽമെറ്റ് ധരിച്ചിരിക്കണം. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെയും, അമിത വേഗതയിൽ വാഹനമോടിക്കുന്നവരുടെയും തുടർ കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപകടങ്ങളിൽ രക്ഷകരാവുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കും. വാഹനാപകട മരണത്തിൽ ഇൻഷ്വറൻസ് കമ്പനി അഞ്ചു ലക്ഷം രൂപയും ഗുരുതര പരിക്കിന് 2.5 ലക്ഷം രൂപയും നൽകും. ഹിറ്റ് ആന്റ് റൺ കേസ്സുകൾ ഗോൾഡൻ അവറിലെ

സൗജന്യ ചികിത്സ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരുന്നതാണ്. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചാൽ മാതാപിതാക്കളും നിയമ നടപടികൾക്ക് വിധേയരാവുക, നിയമ ലംഘനങ്ങളുടെ പിഴ വർദ്ധന എന്നിവയാണ് പ്രധാനമായി മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിൽ ഉൾപ്പെട്ടിരിക്കുന്നത്.

(ബി) നാലു വയസ്സിനു മുകളിലുള്ള ഇരുചക്ര വാഹന യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധം, പ്രായപൂർത്തിയാവാത്ത വ്യക്തികൾ വാഹനം ഓടിച്ചാൽ മാതാപിതാക്കൾക്കും ശിക്ഷ, അപകടങ്ങളിൽ ഉൾപ്പെടുന്നവരെ രക്ഷിക്കാൻ ശ്രമിക്കുന്നവരെ നിയമക്കുരുക്കിൽ നിന്നും ഒഴിവാക്കാനുള്ള നിയമവും, ആദ്യ മണിക്കൂറിൽ സൗജന്യ ചികിത്സാ സഹായത്തിനുള്ള നിയമങ്ങളും കേന്ദ്ര സർക്കാർ നിർമ്മിക്കുന്നതാണ്. മദ്യപിച്ചും അപകടകരമായും വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ എന്നിവയും പൊതുവായ കുറ്റകൃത്യങ്ങൾക്കുള്ള പിഴ ശിക്ഷാനിരക്കുകൾ വർദ്ധിപ്പിച്ചതും, നിയമലംഘനങ്ങൾക്ക് ഒരു താക്കീതാവുമെന്ന് കരുതുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പുതിയ നിയമങ്ങൾക്കുള്ള ചട്ടങ്ങൾ കൂടി രൂപീകൃതമായിക്കഴിഞ്ഞാൽ മാത്രമേ ഈ വിഷയങ്ങളിൽ കൂടുതൽ കൃത്യതയുണ്ടാകുകയുള്ളൂ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധികാരം ഏതെങ്കിലും വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ കൈമാറാമെന്നത് സർക്കാരുകളുടെ അധികാരം കുറയുന്നതിന് കാരണമായേക്കാം.

## വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ

22 (*142) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഇ-മാലിന്യം എത്തിക്കുന്ന കമ്പനികളെ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തുള്ള ഇ-മാലിന്യം സംസ്കരിക്കാൻ കുറ്റമറ്റ സംവിധാനം നിലവിലില്ലാത്ത സാഹചര്യത്തിൽ വിദേശ ഇ-മാലിന്യങ്ങൾ എത്താനുള്ള സാദ്ധ്യത ഇല്ലാതാക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി&സി) വിദേശ രാജ്യങ്ങളിൽ നിന്നും ഇ-മാലിന്യങ്ങളിൽ എത്തുന്നത് തടയുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമാണ്. വിദേശ രാജ്യങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് എത്തുന്നുവെന്ന് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്നതാണ്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

23 (*143) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി നടത്തിപ്പ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നല്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ നല്ലൊരു ഭാഗം കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും, 2030-ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതം വഴിനടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഇതിലൂടെ റോഡ് ഗതാഗത മേഖലയിലെ തിരക്ക് കുറയ്ക്കുക, ചരക്ക് നീക്കത്തിന്റെ ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും സാധിക്കുന്നതാണ്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു മെട്രിക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചു വരുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകരമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണിച്ചു വരുന്നു.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡെലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 9-11-2013-ന് കൊല്ലം തുറമുഖത്ത് നടത്തി. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നയങ്ങൾ**

24 (*144) <u>ശ്രീ. കെ. ദാസൻ</u> :

<u>ശ്രീ. റ്റി. വി. രാജേഷ്</u> :

<u>ശ്രീ. കെ. ആൻസലൻ</u> :

<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനങ്ങളും കാർഷിക മേഖലയിൽ എന്തെല്ലാം ആഘാതങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉല്പന്നങ്ങളുടെയും ഉല്പാദനോപാധികളുടെയും വിലയിലുള്ള ചാഞ്ചാട്ടങ്ങൾ കാർഷിക മേഖലയെ എങ്ങനെയെല്ലാമാണ് ബാധിച്ചിരിക്കുന്നത്;

(സി) നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധി, മേഖലയെ എത്രമാത്രം ദോഷകരമായാണ് ബാധിച്ചിട്ടുള്ളത്;

(ഡി) ഇത്തരം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള എന്തെല്ലാം നയങ്ങളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) തെക്ക പടിഞ്ഞാറൻ ഇടവപ്പാതിയിലും വടക്ക കിഴക്കൻ തുലാവർഷത്തിലും വേനൽ മഴയിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച തോതിലുള്ള കുറവു കാരണം കാർഷിക വിളകളുടെ ഉൽപ്പാദനം കുറയുകയും, വരൾച്ച ബാധിച്ച് കൃഷി നശിച്ചു പോവുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62,897 കർഷകരുടെ 41,592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(ബി) സംസ്ഥാനത്ത് നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ചമൂലം ഉണ്ടായിട്ടുള്ള വർദ്ധിച്ചതോതിലുള്ള കൃഷിനാശം കാർഷിക മേഖലയെയും കർഷകരെയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അടിസ്ഥാന മേഖല എന്ന നിലയ്ക്ക് കാർഷിക മേഖലയിലുണ്ടായിട്ടുള്ള തളർച്ചയുടെ പ്രതിഫലനങ്ങൾ മറ്റു മേഖലയിലും സാരമായി പ്രതിഫലിക്കാനിടയുണ്ട്. വിളവ് നഷ്ടംമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി അടുത്ത കൃഷിയിറക്ക് കാലയളവിലേക്കുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള കർഷകന്റെ ക്രയവിക്രയ ശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ കാർഷിക മേഖലയിലെ ബഹുഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരായതിനാലും സഹകരണ മേഖല ശക്തവും വ്യാപകവും ആയതിനാലും കർഷകർ പണമിടപാടിനായി പ്രധാനമായും പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ആശ്രയിച്ചിരുന്നത്. നോട്ടു നിരോധനംമൂലം ഈ മേഖലയിലുണ്ടായ സ്തംഭനാവസ്ഥ ഉൽപ്പാദനോപാധികളുടെ ക്രയവിക്രയങ്ങളെയും ഉൽപ്പന്നങ്ങളുടെ വിപണനത്തെയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. സഹകരണ മേഖലയിലുണ്ടായ സ്തംഭനാവസ്ഥ കാർഷിക വായ്പ മുഖേന കാലാകാലങ്ങളായി നടത്തിവരുന്ന ഹ്രസ്വകാല വിളകളുടെ ഉൽപ്പാദനത്തെയും സാരമായി ബാധിച്ചു.

(ഡി) സർക്കാർ സഹായങ്ങൾ മുഴുവൻ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി കർഷകന് നേരിട്ട് ലഭ്യമാക്കുന്നതരത്തിൽ പദ്ധതികൾ പുനരാവിഷ്കരിക്കുകയും കർഷകന്റെ ഉൽപ്പന്നങ്ങൾ ശക്തമായ വിപണി ഇടപെടലിലൂടെ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ മുഖേന മെച്ചപ്പെട്ട വില നൽകി നേരിട്ട് ശേഖരിക്കുന്നതിനും പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ലഭ്യമാക്കുന്നതിനുള്ള വിപണന ശൃംഖല ശക്തിപ്പെടുത്തുകയുണ്ടായി. ശരിയായ കൃഷിമുറകൾ പാലിച്ചും തനത് കൃഷിരീതികൾ ശക്തിപ്പെടുത്തിയും പ്രദേശത്തിന്റെ ജൈവ വൈവിധ്യതയും ഉൽപ്പന്ന സവിശേഷതയും കൂട്ടിയിണക്കി അത്തരം കാർഷികോൽപ്പന്നങ്ങൾ "കേരളാ ഓർഗാനിക്" എന്ന ബ്രാന്റിൽ കൂടുതൽ വിപണിയിൽ എത്തിക്കുന്നതിനും അത്തരത്തിൽ മെച്ചപ്പെട്ട വില കർഷകന് ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

## ബോട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ പരിശോധന

25 (*145) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഉണ്ടായ ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തെത്തുടർന്ന് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ ബോട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഇൻലാന്റ് വെസൽ നിയമപ്രകാരം യാത്രാ ബോട്ടുകൾക്ക് ലൈസൻസ് നൽകുമ്പോൾ നടത്തുന്ന പരിശോധനയല്ലാതെ, ഇത്തരം യാനങ്ങൾ ജലയാത്രയ്ക്ക് സുരക്ഷിതമാണോയെന്നും ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്നും കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ടോ;

(സി) നിലവിൽ യാനങ്ങളുടെ പരിശോധനയ്ക്കായി എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് അറിയിക്കാമോ; ഇത് പര്യാപ്തമാണോ; പര്യാപ്തമല്ലെങ്കിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പാക്കാനായി ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് പരിശോധന ശക്തിപ്പെടുത്തുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) 2015-ൽ ഉണ്ടായ ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തെ തുടർന്ന് അഡീഷണൽ ഡയറക്ടർ ജനറൽ, ദക്ഷിണ മേഖല, തിരുവനന്തപുരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബോട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നൽകിയ നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പരിശോധന നടത്താറുണ്ട്.

(സി) നിലവിൽ ജലവാഹനങ്ങളുടെ പരിശോധനയ്ക്കായി മൂന്ന് ഉദ്യോഗസ്ഥരാണുള്ളത്. നിലവിലുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തുറമുഖങ്ങളിൽ നിന്നുള്ള മണൽ ശേഖരണം

26 (*146) ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളിൽ നിന്നുള്ള മണൽ ശേഖരണ ചുമതല തദ്ദേശ സ്ഥാപനങ്ങൾക്കാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മണൽ ഖനന-വിപണന പ്രവർത്തനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ;

(സി) ഈ പ്രക്രിയയെ തീരദേശസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ഏതു വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തുറമുഖ വകുപ്പിന് കീഴിൽ, സഹകരണ സംഘങ്ങൾ മുഖേന 2010 മുതൽ നടത്തി വന്നിരുന്ന മണൽ ഖനനം 9-2-2017-ലെ സ.ഉ. നമ്പർ (എം.എസ്.) 2/2017 മ.തു.വ. പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന മാന്വൽ ഡ്രഡ്ജിംഗ് ആയി നടത്തുന്നതിനുള്ള കരട് നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മാന്വൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻകാലങ്ങളിൽ ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരുമായ പരമ്പരാഗത തൊഴിലാളികൾക്കും മുൻഗണന നൽകി അവരെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാരാവുന്ന മണലിന്റെ അളവ്, വില എന്നിവ സർക്കാർ നിശ്ചയിക്കുന്നതും മണൽ കടവുകൾ ഓപ്പൺ ടെണ്ടർ മുഖേന ലേലം ചെയ്ത് നൽകേണ്ടതും കളക്ടർ ഇ-മണൽ സംവിധാനം വഴി വിൽപ്പന നടത്തുന്നതുമാണ്. സ്വന്തമായി കടവുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് സ്വകാര്യ കടവുകൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മാന്വൽ ഡ്രഡ്ജിംഗ് പ്രക്രിയ തീരദേശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നത് സംബന്ധിച്ച പഠനങ്ങൾ വകുപ്പ് തലത്തിൽ നടത്തിയിട്ടില്ല. നിലവിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രക്രിയ തീരദേശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 2011-ലെ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതികൾ

27 (*147) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) ആസൂത്രണ സമിതികളുടെ ഘടനയും ചുമതലകളും വ്യക്തമാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിനും നിർമ്മാണത്തിനും സമിതികളെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണനിർവ്വഹണ ചുമതലകളിൽ സഹായ സംവിധാനം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം.

(സി) ആസൂത്രണ സമിതിയുടെ ഘടന

അദ്ധ്യക്ഷൻ:

തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്.

<u>ഉപാദ്ധ്യക്ഷൻ</u>:

ആസൂത്രണ പ്രക്രിയയിൽ തദ്ദേശ ഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധൻ.

<u>അംഗങ്ങൾ</u>:

സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, സന്നദ്ധ സേവകരായ വിദഗ്ദ്ധർ

<u>കൺവീനർ</u>:

സെക്രട്ടറി

<u>ആസൂത്രണ സമിതികളുടെ ചുമതലകൾ</u>:

1. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണ സമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക.

3. തദ്ദേശഭരണ സ്ഥാപനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും (2017-2022) വാർഷിക പദ്ധതിയും (2017-18) തയ്യാറാക്കുന്നതിന് സഹായം നൽകുക.

4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക.

5. അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.

6. ആസൂത്രണ സമയവിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പു വരുത്തുക.

7. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക.

8. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനം സംഘടിപ്പിക്കുന്ന ആലോചനാ യോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കുക.

9. പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക.

10. സ്റ്റോക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക.

11. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാഡമിക് സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക.

(ഡി) ഉണ്ട്. പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് ആസൂത്രണ സമിതിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് സഹായം നൽകുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക തുടങ്ങിയവയിൽ ആസൂത്രണ സമിതിയെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണം

28 (*148) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷത്തെ അനുഭവ പാഠത്തിന്റെ അടിസ്ഥാനത്തിൽ, 13-ാം സംസ്ഥാന പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണം സമയബന്ധിതമായി നടത്തുന്നതിനു കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) കൃഷി, മണ്ണ് സംരക്ഷണം, ജല സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലകളിൽ ഏറ്റെടുത്തു നടത്താൻ മുൻഗണന നൽകേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ മിഷനുകൾ നടപ്പിലാക്കുന്നതിന് അനിവാര്യം വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായുള്ള സംയോജനം, സംയോജിത നീർത്തടപരിപാലനം, ജൈവകൃഷി പ്രോത്സാഹനം, നെല്ലുത്പാദനം വർദ്ധിപ്പിക്കൽ, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, പഴം-പച്ചക്കറി എന്നിവയുടെ ഉൽപ്പാദന-വിപണന സൗകര്യങ്ങൾ ഊർജ്ജിതമാക്കൽ, തരിശുഭൂമികളിലെ കൃഷി വികസനം, മഴവെള്ള സംഭരണം, മഴക്കുഴി നിർമ്മാണം, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, ഗ്രൂപ്പ് മുഖേന സംഘകൃഷിയുടെ പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(സി) ഉണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക വികസനം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവയുള്ള 'ഹരിത കേരളം', സമ്പൂർണ്ണ ഭവന പദ്ധതിയായ 'ലൈഫ് മിഷൻ', പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', ആരോഗ്യ സംരക്ഷണ പരിപാടികൾക്കായുള്ള 'ആർദ്രം മിഷൻ', എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര പരിപാടികളായി നടത്തണമെന്ന നിലയിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസനരേഖയിൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സർവ്വീസ്**

29 (*149) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിവരിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരഗ്രാമാസൂത്രണം എന്നീ വകുപ്പുകളിലെ ജീവനക്കാരെ സംയോജിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഘടനാപരമായ മാറ്റം വരുത്താനാണ് ഏകോപനംകൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഉയർന്ന സേവന ഗുണമേന്മ പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശസ്വയം ഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്. ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

(സി) ഉണ്ട്. വിവിധ സർവ്വീസ് സംഘടനകളുമായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചർച്ച ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതോടെ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) നാൽപ്പതോളം സർവ്വീസ് സംഘടനകളുമായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷൻ പരിശോധിച്ചുവരികയാണ്. മുനിസിപ്പൽ ചേംബർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഗ്രാമ, ജില്ലാ പഞ്ചായത്ത് അസോസി യേഷനുകളുമായും കോർപ്പറേഷൻ മേയേഴ്സ് കൗൺസിലുമായും ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം

30 (*150) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാതെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തുക മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2016-17-ൽ പദ്ധതി തുക വിനിയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെത്തുടർന്ന് പദ്ധതി ആസൂത്രണത്തിൽ കാലതാമസം നേരിട്ടതിനാൽ പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ മിക്കവാറും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നത് 2016 മേയ് മാസത്തെ നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷമാണ്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും അഭാവം പദ്ധതി പ്രവർത്തനത്തെ ബാധിച്ചിരുന്നു. കൂടാതെ നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധിയും ഇതിന് കാരണമായിട്ടുണ്ട്.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി തുകയുടെ ചെലവ് മോണിറ്റർ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ചുമതലയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ നിർവ്വഹണവും പദ്ധതിതുക വിനിയോഗവും മോണിറ്റർ ചെയ്യാറുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പെർഫോമെൻസ് ഓഡിറ്റ് യൂണിറ്റുകൾ വഴിയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മോണിറ്റർ ചെയ്യാറുണ്ട്. കൂടാതെ എല്ലാ ജില്ലകളുടെയും വിവരം ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യാറുണ്ട്. സംസ്ഥാനത്തെ നഗരസഭകളുടെ ഫണ്ട് വിനിയോഗം ദിവസവും മോണിറ്റർ ചെയ്തിരുന്നു. മേഖലാതല അവലോകന യോഗങ്ങളിലും സംസ്ഥാനതല അവലോകന യോഗങ്ങളിലും നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലകൾതോറും പ്ലാൻ പുരോഗതി മോണിറ്റർ ചെയ്യുന്നതിന് ചാർജ്ജ് ഓഫീസർമാർക്ക് ചുമതല നൽകിയും പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് പ്രതിമാസ, ത്രൈമാസ ലക്ഷ്യം നിശ്ചയിച്ചും വീഡിയോ കോൺഫറൻസ് നടത്തിയും വകുപ്പ് തലത്തിൽ പ്ലാൻ റിവ്യൂ ചെയ്തിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണം സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് കാലതാമസമെടുക്കുന്നതാണ്. പദ്ധതികൾ രൂപീകരിക്കുന്നതിന് കൂടുതൽ സമയം എടുക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിന് ചുരുങ്ങിയ സമയം മാത്രമാണ് ലഭിക്കുന്നത്. ഇത് പദ്ധതി ചെലവ് കുറയുന്നതിന് കാരണമാകുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിന് 13-ാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പച്ചക്കറികൾ വിഷരഹിതമെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനം

1 (1108) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വർഷത്തെ വിഷു, ഈസ്റ്റർ ഉത്സവ നാളുകളിൽ വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിഷരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള

ഉൽപ്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ വിപണനം നടത്തിവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500 രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ ചെലവഴിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകി.

(ബി) ഈ വർഷത്തെ വിഷു-ഈസ്റ്റർ ഉത്സവ നാളുകളിൽ ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പച്ചക്കറികൾ വിൽപ്പന നടത്തേണ്ടതിലേയ്ക്ക് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മുൻകൂട്ടി കൃഷി നടപ്പാക്കി. സംസ്ഥാനത്തെ എല്ലാ വിഷുക്കണി സ്റ്റാളുകൾ വഴിയും ജൈവ പച്ചക്കറി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിൽപ്പന നടത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിലേയ്ക്ക് രൂപീകരിച്ച ക്ലസ്റ്ററുകൾ കൃഷി ഉദ്യോഗസ്ഥർ സന്ദർശിക്കുകയും നല്ല കൃഷിമുറകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുമുണ്ട്. കർഷകർ ഫാം ഡയറി എഴുതി സൂക്ഷിക്കുകയും ഉദ്യോഗസ്ഥർ ആയത് പരിശോധിച്ച് വിലയിരുത്തുകയും ചെയ്യും. ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കറ്റ് നൽകുന്നത്.

**കൃഷി ഓഫീസ് മുഖേന മൊബൈൽ സന്ദേശങ്ങൾ**

2 (1109) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ കർഷകരിലേക്കെത്തിക്കുന്നതിനായി കൃഷി ഓഫീസ് മുഖേന മൊബൈൽ സന്ദേശങ്ങൾ നൽകുന്ന പ്രവർത്തനം നിലവിലുണ്ടോ;

(ബി) എല്ലാ കൃഷിഭവനുകളിലും പ്രസ്തുത സൗകര്യം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ മുഴുവൻ കൃഷിഭവനുകളിലും ഇത്തരം മൊബൈൽ സന്ദേശങ്ങൾ നൽകുന്ന പ്രവർത്തനം നടത്തുന്നതിനാശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ http://mkisan.gov.in എന്ന പോർട്ടൽ വഴി മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ എസ്.എം.എസ്.-ഉം ശബ്ദസന്ദേശങ്ങളും (voice message) കർഷകർക്ക് ലഭ്യമാകുന്നുണ്ട്.

(ബി&സി) ഇല്ല. കൃഷിഭവൻ തലത്തിലുള്ള മൊബൈൽ സന്ദേശങ്ങൾ ഡയറക്ടറേറ്റ്, ജില്ല, ബ്ലോക്ക് തലത്തിൽ നിന്ന് സൗജന്യമായി കേന്ദ്രസർക്കാരിന്റെ mKisan പോർട്ടൽ മുഖാന്തിരം അയയ്ക്കുവാൻ സാധിക്കുന്നു. കൃഷി ഡയറക്ടറേറ്റ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസ്, ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിൽ നിന്നാണ് mKisan പോർട്ടൽ വഴി മൊബൈൽ സന്ദേശങ്ങൾ അയയ്ക്കുന്നത്. കൃഷി ഭവനിലെ സന്ദേശങ്ങൾ ബ്ലോക്ക്തലത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലോഗ്ഇൻ ചെയ്താണ് നിലവിൽ അയച്ചുകൊണ്ടിരിക്കുന്നത്.

**നാഷണൽ അഗ്രിക്കൾച്ചറൽ സയൻസ് ഫണ്ട് പ്രയോജനപ്പെടുത്തി കാർഷിക ഗവേഷണം**

3 (1110) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അഗ്രിക്കൾച്ചറൽ സയൻസ് ഫണ്ട് പ്രയോജനപ്പെടുത്തി എന്തെങ്കിലും ഗവേഷണങ്ങളോ പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടോ; ഈ ഫണ്ട് ഉപയോഗിച്ച് കാർഷികമേഖലയിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാൻ സാധിക്കും; വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഈ ഫണ്ടിന് അപേക്ഷിക്കാൻ അർഹതയുണ്ടോ ;

(ബി) കാർഷിക ഗവേഷണരംഗം ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതു; ഈ ആവശ്യത്തിലേക്ക് ഏതെല്ലാം സ്വദേശി വിദേശി ധനാഗമ മാർഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ലോകത്തെ വിവിധ കാർഷിക സർവകലാശാലകളിൽനിന്ന് മികവുനേടി ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്ന കാർഷിക ശാസ്ത്രജ്ഞരുടെ ഹ്രസ്വകാല ദീർഘകാല ഗവേഷണ പദ്ധതികൾ കേരളത്തിന് ഗുണകരമാക്കാൻ കേരളാ സർവ്വകലാശാലയിലോ മറ്റു സർവ്വകലാശാലകളിലോ ചെയ്യുവാൻ സൗകര്യമൊരുക്കുമോ; ഇത്തരം ലോകോത്തര മലയാളി കാർഷിക ഗവേഷകരുടെ സേവനം സംസ്ഥാനത്തിനു ഗുണകരമാക്കാൻ മറ്റെന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) കൃഷി വകുപ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി യു.എസ്.ഡി.എ മാതൃകയിൽ കൃഷിയിടത്തിലൂന്നിയ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുവാനും അതിനു ബിരുദാനന്തര ബിരുദ, ഡോക്ടറൽ ബിരുദധാരികളായ കാർഷിക ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താനുമുദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല. കേരളത്തിൽ കാർഷികരംഗം ഇന്ന് നേരിടുന്ന ഹ്രസ്വ-ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾക്കുള്ള ധനസഹായം ഈ ഫണ്ടിംഗ് ഏജൻസിയിൽനിന്നും ലഭിക്കുന്നതാണ്. പല ഗവേഷണ സ്ഥാപനങ്ങൾ ഒരുമിച്ച് കൂട്ടായി നടത്തുന്ന ഗവേഷണ പദ്ധതികൾക്കാണ് (Multi-institutional) ധനസഹായം ലഭിക്കുക. കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിന് അപേക്ഷിക്കുവാൻ അർഹതയുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പല കേന്ദ്രാവിഷ്കൃത പദ്ധതികളും കേരളം വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിച്ച് മുഴുവൻ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കാർഷിക ഗവേഷണ രംഗം ശാക്തീകരിക്കുവാൻ കേരള കാർഷിക സർവ്വകലാശാല നടപ്പാക്കിയതും ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ, ഭാരതീയ വന ഗവേഷണ കൗൺസിൽ, ബയോ ടെക്നോളജി ഡിപ്പാർട്ട്മെന്റ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, കേന്ദ്ര സർക്കാരിന്റെ കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതിയ ഗവേഷണ പദ്ധതികൾക്ക് ഇത്തരം ഏജൻസികളിൽനിന്ന് കൂടുതൽ ധനസമ്പാദനത്തിനുള്ള പരിശ്രമങ്ങൾ സർവ്വകലാശാല തലത്തിൽ നടത്തുന്നുണ്ട്. ഇതുകൂടാതെ ചില സ്വകാര്യ ഏജൻസികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ ഗവേഷണ പദ്ധതികൾ നടപ്പിലാക്കാനും ഫണ്ട് ലഭിക്കുന്നുണ്ട്. വിദേശ ഏജൻസികളിൽനിന്നും ഫണ്ട് സ്വീകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും പ്രത്യേക അനുമതി തേടിയതിനുശേഷമാണ്. വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടെ ഗവേഷണ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നതാണ്. എഫ്.എ.ഒ. (FAO), വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയും കാർഷിക ഗവേഷണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. തേനീച്ചയിലെ ഗവഷണത്തിനും, പരാഗണം സംബന്ധിച്ച ഗവേഷണത്തിനുമായി ആസ്ട്രേലിയൻ സർക്കാരുമായി ബന്ധപ്പെട്ട് "ഇൻഡോ-ആസ്ട്രേലിയൻ ഹോർട്ട് ഇന്നൊവേഷൻ" പദ്ധതി ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ലോകത്തെ വിവിധ കാർഷിക സർവ്വകലാശാലകളിൽനിന്ന് മികവുനേടി, ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്ന കാർഷിക ശാസ്ത്രജ്ഞരുടെ ഹ്രസ്വകാല ദീർഘകാല ഗവേഷണ പദ്ധതികളിൽ സംസ്ഥാനത്ത് അനുയോജ്യമായവ കാർഷിക സർവ്വകലാശാലയുടെ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരോട് ആർ.കെ.വി.വൈ. പദ്ധതിയിലെ അഴിമതിയും കൃഷി വകുപ്പിന്റെ അന്വേഷണവും

4 (1111) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വെൺകുളം, ആർ.കെ.വി.വൈ പദ്ധതി പ്രകാരം നടത്തിയ നവീകരണ പ്രവർത്തനങ്ങളിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പിന്റെ വിജിലൻസ് അന്വേഷണം പൂർത്തിയാ യിട്ടുണ്ടോ ;

(ബി) വെൺകുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി കർഷകർക്ക് ആവശ്യമായ ജലം എത്തിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് (2016-17) ഉപയോഗിക്കുന്നതിനു എന്തെങ്കിലും തടസം ഉണ്ടോ;

(സി) വെൺകുളത്തിന്റെ പൂർണ്ണതോതിലുള്ള നവീകരണ പ്രവർത്തനം നടത്തുന്നതിനു ആർ.കെ.വി.വൈ. ഫണ്ടിലെ ബാലൻസ് തുക വിനിയോഗിക്കാൻ കഴിയുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) ആർ.കെ.വി.വൈ. പദ്ധതിയുടെ നിയമാവലി പ്രകാരം ആർ.കെ.വി.വൈ. ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുവാൻ അനുമതി ലഭിച്ച പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരിന്റെ മറ്റ് ഫണ്ടുകളൊന്നും ഉപയോഗിക്കാൻ പാടില്ല.

(സി) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വെൺകുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ കൃഷി വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടർക്ക് ശേഷിക്കുന്ന തുക ടി പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്നതാണ്.

## കാർഷിക വികസന സമിതികൾ സംഘടിപ്പിക്കുന്നതിന് നടപടി

5 (1112) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി ഓഫീസുകൾ കേന്ദ്രീകരിച്ച് കാർഷിക പുനവികസനസമിതികൾ സംഘടിപ്പിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

7-11-2016-ലെ സ.ഉ. (എം.എസ്.) നമ്പർ150/16/കൃഷി നമ്പർ ഉത്തരവ് പ്രകാരം കാർഷിക വികസന സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം കൃഷി ഭവൻതല കാർഷിക വികസന സമിതികളും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി, ജില്ലാ, സംസ്ഥാനതല കാർഷിക വികസന സമിതികളും പുനഃസംഘടിപ്പിച്ച് വികസന സമിതികൾ കൂടുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സങ്കരയിനം തെങ്ങിൻ തൈകളുടെ ഉല്പാദനം**

6 (1113) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്ന സങ്കരയിനം തെങ്ങിൻതൈകൾക്ക് ആവശ്യക്കാർ ഏറെയുണ്ടായിട്ടും വർഷങ്ങളായി ഉല്പാദനം വർദ്ധിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് ഇവ സുലഭമായി ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽനിന്നും 5 വിഭാഗത്തിൽപ്പെട്ട സങ്കരയിനം തെങ്ങിൻതൈകളാണ് വിതരണം ചെയ്തുവരുന്നത്. ഈ ഫാമിലെ മാതൃവൃക്ഷങ്ങളുടെ ലഭ്യതയും സാമ്പത്തിക വിഹിതവും ഉപയോഗിച്ച് ഏകദേശം 10,000 തൈകളാണ് ഉത്പാദിപ്പിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ 6 വർഷങ്ങളായി ആർ.കെ.വി.വൈ. പദ്ധതി സഹായത്താൽ നാളികേര മിഷന്റെ മേൽനോട്ടത്തിൽ സങ്കരയിനം തൈകളുടെ ഉത്പാദനം 60,000 തൈകൾ വരെയായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉത്പാദനം വർദ്ധിക്കുന്നതോടെ ഇവ കർഷകർക്ക് സുലഭമായി ലഭ്യമാകുന്നതാണ്. ഇതിൽ ഇനിയും വർദ്ധനവ് വരുത്തുവാനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ തരിശ്ശിടുന്ന നെൽവയലുകൾ**

7(1114) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതമൂലം എത്ര ഹെക്ടർ നെൽവയൽ തരിശ്ശിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഓരോ കൃഷിഭവന്റെയും കീഴിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ക്രോസ് ബാറുകൾ പുതുക്കിപണിതാൽ തരിശ്ശിടുന്ന നെൽവയലുകൾ കൃഷി യോഗ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതമൂലം തരിശ്ശിടുന്ന നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച് കൃഷിഭവൻതല വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെരിങ്ങോം - വയക്കര | 12 ഹെക്ടർ |
| എരമം - കുറ്റൂർ | 20 ഹെക്ടർ |
| പയ്യന്നൂർ | 21 ഹെക്ടർ |
| കാങ്കോൽ - ആലപ്പടമ്പ | 23 ഹെക്ടർ |
| കരിവള്ളൂർ - പെരളം | 35 ഹെക്ടർ |
| രാമന്തളി | 20 ഹെക്ടർ (കൈപ്പാട്) |
| കുഞ്ഞിമംഗലം | 11 ഹെക്ടർ |
| ആകെ | 142 ഹെക്ടർ |

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ് :

| | |
|---|---|
| പെരിങ്ങോം - വയക്കര | തവിടിശ്ശേരി പാടശേഖരത്തിലെ പുതുവക്കൽ താഴെ, അമ്പേത്തടി, നമ്പിച്ചാൻകണ്ട്, കരുവാഞ്ചാൽ, പറളവയൽ എന്നീ വി.സി.ബി.-കൾ റിപ്പയർ ചെയ്യുകയും പെരിന്തട്ട പാടശേഖരത്തിൽപ്പെട്ട വങ്ങാട്ടിൻ താഴെ തൗവ്വറ എന്നീ വി.സി.ബി.-കൾ പുതുക്കിപണിയുകയും പുണ്ണിക്കാൻ ചിറയിൽ പുതിയ വി.സി.ബി. നിർമ്മിക്കുകയും ചെയ്താൽ തരിശ്ശിടുന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കുവാൻ കഴിയും. |
| എരമം - കുറ്റൂർ | പുതുക്കി പണിയേണ്ട ക്രോസ് ബാറുകൾ - പാടച്ചിറ, കടേക്കര, കൊവ്വക്കണ്ടി പേരൂൽ, കുറുമുണ്ട, പാറക്കടവ്, വരുചിറ, കുങ്കറ, നെല്ലിയാട്, മണ്ണുമ്മതാഴെ, കരിമ്പിൻതാഴെ. |
| പയ്യന്നൂർ | കട്ടുംബൈ പാടശേഖരത്തിൽ വടക്കെ പാലത്ത് അണക്കെട്ട്, കാനായി വയലിൽ തടയണ, രാമൻകുളം പാടശേഖരത്തിൽ ആണിത്തോടിനു തടയണ, മുതിയലം പാടശേഖ രത്തിൽ പെരുമ്പ പുഴയിൽ കാപ്പാട് ചെക്ക് ഡാം. |

| | |
|---|---|
| കാങ്കോൽ - ആലപ്പടമ്പ | പുതുക്കി പണിയേണ്ട ക്രോസ് ബാറുകൾ - കരിങ്കുഴി, കിളിയഞ്ചാൽ, അട്ടോളി ഇല്ലം, ചേരിക്കൽ തോരണം, കാഞ്ഞിരം കുഴി. അറ്റ കുറ്റപ്പണികൾ നടത്തേണ്ട ക്രോസ് ബാറുകൾ- കാളീശ്വരം, മാക്കോട്, ആലക്കാട്, പായം, എടക്കാട് ഇല്ലെ, കുളവയൽ, വടശ്ശേരി, മോളയാപ്പ്, കല്ലംചിറ, കാങ്കോൽ സീഡ് ഫാം, എടയിലതോട്, മൂലവയൽ, ക്കുർമ വളപ്പ്, കണ്ണങ്ങാട്, കണ്ണങ്ങാട് തിടിൽ, ആളയങ്കോട്, നാഗത്തിൽമൂല, വാണിയംതോട്, ക്കുണ്ടത്തിടിൽ. |
| കരിവള്ളൂർ - പെരളം | ചാലിയപ്പള്ളി ക്രോസ് ബാർ, വിരിപ്പ കന്നിവയൽ വി.സി.ബി., പാറച്ചിറ വി.സി.ബി., ചിറക്കപ്പുറം വി.സി.ബി., കല്ലൻചിറ വി.സി.ബി., അയിത്തല തോട് വി.സി.ബി., കോട്ടൂർ അമ്പലം താഴെ വി.സി.ബി., കുനഞ്ചിറ വി.സി.ബി., നമ്പിക്കുന്ന് വി.സി.ബി., ഒയോളം വി.സി.ബി., മുണ്ട്യ വി.സി.ബി., ക്കുണിയൽ പടിഞ്ഞാറേ തോട് വി.സി.ബി., ഇരീരവ ആന്റ് വി.സി.ബി., കൊറ്റിയൻ വീട് താഴെ വി.സി.ബി., പള്ളിക്കുളം വി.സി.ബി., പുത്തുര് അമ്പലം വി.സി.ബി., പട്ടയിൽ വി.സി.ബി., മരത്തക്കാട് വി.സി.ബി., പൂവഞ്ചിറ വി.സി.ബി. എന്നീ ക്രോസ് ബാറുകളെ പുതുക്കിപണിതാൽ നെൽവയലുകൾ കൃഷി യോഗ്യമാക്കാൻ സാധിക്കും. |
| കുഞ്ഞിമംഗലം | കോയക്കോട്ടു വയൽ ക്രോസ്ബാർ, പള്ളി വയൽ പാടശേഖരം - പള്ളിവയൽ ആനപ്പടി തോട് വി.സി.ബി. നിർമ്മാണം, കോരവയൽ പാടശേഖരം - കോരവയൽ കുന്നടതോട് തടയണ നിർമ്മാണം. |
| രാമന്തളി | കരമുട്ടം വി.സി.ബി. |

## പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംവിധാനം

8 (1115) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികളും പഴവർഗ്ഗങ്ങളും സംസ്ഥാനത്ത് വ്യാപകമായി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ക്ലസ്റ്ററുകളിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക് " എന്ന ലോഗോയിൽ വിപണനം നടത്തിവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500 രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് ആവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ ചെലവഴിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകി.

(ബി) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്.

**നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകിയ തുക**

9 (1116) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ വരൾച്ചമൂലം ഈ വർഷം എത്ര ഹെക്ടർ നെൽകൃഷി നശിക്കുകയുണ്ടായി;

(ബി) കൃഷി നാശത്തിന് നെൽകർഷകർക്ക് ആകെ എത്ര തുക നഷ്ട പരിഹാരം നൽകി എന്ന് അറിയിക്കാമോ;

(സി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട നെൽ കർഷകർക്കുള്ള ധനസഹായം വിതരണം ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലയങ്ങളിൽ വരൾച്ചമൂലം ഈ വർഷം 1384.55 ഹെക്ടർ നെൽകൃഷി നശിക്കുകയുണ്ടായി.

(ബി) വരൾച്ചമൂലമുള്ള കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരമായി 170,50,817 രൂപ (ഒരു കോടി എഴുപതു ലക്ഷത്തി അമ്പതി നായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ മാത്രം) കർഷക ദുരിതാശ്വാസ ധനസഹായമായി വിതരണം ചെയ്തു.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ വിള ഇൻഷുറൻസ് പദ്ധതിയിൽപ്പെട്ട മൊത്തം 351 കർഷകർക്ക് വിളനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാര തുകയായി 7,87,355 രൂപ (ഏഴ് ലക്ഷത്തി എൺപത്തിയേഴായിരത്തി മുന്നൂറ്റി അൻപത്തഞ്ച് രൂപ) നൽകിയിട്ടുണ്ട്.

**കാർഷികാവശ്യത്തിന് ജലവിതരണം ഉറപ്പുവരുത്താതിരുന്ന സാഹചര്യം**

10 (1117) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം എത്ര ഹെക്ടർ നെൽകൃഷി നശിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ നെൽകൃഷി നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ ആക്ഷേപം ഉന്നയിക്കാൻ ഇടയായ സാഹചര്യമെന്താണ്;

(സി) കാർഷികാവശ്യത്തിന് ആവശ്യമായ ജലവിതരണം ഉറപ്പുവരുത്തുന്നതിന് കഴിയാതിരുന്നതാണ് ഈ സ്ഥിതിവിശേഷമുണ്ടാക്കിയതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള ജലവിതരണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ജലവിഭവ വകുപ്പിൽനിന്നും കൃഷി വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ കർഷകരെ ഈ സാഹചര്യം മുൻകൂട്ടി അറിയിക്കുന്നതിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് കടുത്ത വരൾച്ചമൂലം 36891.22 ഹെക്ടർ നെൽകൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) കടുത്ത വരൾച്ചമൂലം ജലസ്രോതസ്സുകളിലും ജലസംഭരണികളിലും ജലനിരപ്പ് ഗണ്യമായി കുറഞ്ഞതിനാൽ കൃഷിക്ക് വേണ്ടിയുള്ള ജലവിതരണത്തെ ബാധിച്ചിട്ടുണ്ട്. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് പുറത്തിറക്കിയ സർക്കുലർ പ്രകാരം ജല ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി കുടിവെള്ളം - ഗാർഹിക ഉപയോഗം-വളർത്തുമൃഗങ്ങൾക്ക്-വന്യജീവികൾക്ക്-കൃഷിക്ക്-വ്യവസായത്തിന് എന്ന മുൻഗണനാക്രമം 2017 മേയ് മാസം വരെ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജലദൗർലഭ്യം വളരയധികം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള ജലവിതരണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ചുള്ള തീരുമാനം ജലവിഭവ വകുപ്പിൽനിന്നും ലഭിച്ചിരുന്നു. ലഭ്യമായ ജലം പരിമിതപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു.

**തരിശായിക്കിടക്കുന്ന നെൽകൃഷി ഭൂമി**

11 (1118) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ഇടങ്ങൾ തരിശാക്കി ഇടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതിനെതിരെ നിയമമുണ്ടോ; ഇല്ലെങ്കിൽ നിയമ നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നിയമ നിർമ്മാണം നടത്തി ഇത്തരം ഭൂമികൾ സർക്കാർ പാട്ടം നിശ്ചയിച്ച് കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് നല്കുന്നതിന് ആലോചിക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽകൃഷി ഭൂമി തരിശായിക്കിടക്കുന്നുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽവയലുകൾ തരിശിടുന്നത് ഒഴിവാക്കുന്നതിനും അത്തരം നിലങ്ങളിൽ കൃഷി ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ 1967, കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) 2016 ഡിസംബർ മാസത്തെ കൃഷി വകുപ്പ് കണക്ക് പ്രകാരം തരിശുനിലങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചേർക്കുന്നു :

| ജില്ല | ഹെക്ടർ |
|---|---|
| തിരുവനന്തപുരം | 742.39 |
| കൊല്ലം | 1408.4 |
| പത്തനംതിട്ട | 1783.05 |
| ആലപ്പുഴ | 4362.55 |
| കോട്ടയം | 3113.14 |
| ഇടുക്കി | 180 |
| എറണാകുളം | 1340 |
| തൃശ്ശൂർ | 4274.814 |
| പാലക്കാട് | 4681.122 |
| മലപ്പുറം | 2139.9 |
| കോഴിക്കോട് | 942.62 |
| വയനാട് | 771.7 |
| കണ്ണൂർ | 1924.2 |
| കാസർഗോഡ് | 786.5 |
| ആകെ | 28450.386 ഹെ. |

**പി.എം.കെ.എസ്.വൈ. പദ്ധതി**

12 (1119) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം നൽകുമോ;

(ബി) പദ്ധതി നടത്തിപ്പിനായി കേന്ദ്രഗവൺമെന്റ് എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഏല്പിച്ചിരിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത് :

- സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല ഇറിഗേഷൻ പ്ലാനുകൾക്ക് അന്തിമ രൂപം നൽകുകയും സംസ്ഥാനതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.
- ആത്മയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും സമേതിയുടെ ആഭിമുഖ്യത്തിലും കർഷകർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും പി.എം.കെ.എസ്.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകി.

2016-17 സാമ്പത്തിക വർഷം ഗ്രാമവികസന വകുപ്പിന്റെ പി.എം. കെ.എസ്.വൈ. നീർത്തട ഘടകം മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഇനം | 2016-17 വർഷത്തെ നേട്ടങ്ങൾ (എണ്ണം) |
|---|---|
| (1) | (2) |
| ചെക്ക് ഡാം നിർമ്മാണം | 94 |
| കുളം നിർമ്മാണം | 34 |
| മറ്റ് ജലസംഭരണ സംവിധാനങ്ങൾ (മഴവെള്ള സംഭരണി, കിണർ റീചാർജ്ജ് മുതലായവ) | 1614 |
| പഴയ ജലസംഭരണ സംവിധാനങ്ങളുടെ പുനരുദ്ധാരണം | 859 |
| ജലസേചനം ലഭ്യമാക്കാവുന്ന പ്രദേശം | 5449 (ha) |
| പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണം | 24299 |
| സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 205297 |
| അധികമായി കൃഷി ചെയ്ത പ്രദേശം (ഫലവൃക്ഷം, വനവൽക്കരണം ഉൾപ്പെടെ) | 4397 (ha) |

| (1) | (2) |
|---|---|
| രൂപീകരിക്കപ്പെട്ട സ്വയം സഹായ സംഘങ്ങളുടെ എണ്ണം | 1876 |
| ജീവനോപാധി സഹായം ലഭ്യമാക്കിയത് | 2999 |
| റീചാർജ്ജ് ചെയ്ത കിണറുകളുടെ എണ്ണം | 5696 |
| മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത പ്രദേശം | 4029.48 (ha) |
| തോടുകളുടെ പരിപാലനം | 32391.2 (cum) |
| ഉല്പാദന വർദ്ധനവിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ | 952.137 (ha) |

(ബി) പദ്ധതി നടത്തിപ്പിനായി 2016-2017 വർഷം കൃഷി വകുപ്പിന് കേന്ദ്ര ഫണ്ട് ലഭ്യമായിട്ടില്ല. ഗ്രാമവികസന വകുപ്പിന് 16.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേനയാണ് പി.എം.കെ.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നത്.

**ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം**

13 (1120) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകളും, പരിശീലനവും കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നൽകുമോ;

(ബി) ഇതിനുവേണ്ട ഫണ്ട് വകുപ്പുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും മികച്ച കർഷകർക്ക് പ്രോത്സാഹനമായി 1,2,3 എന്നിങ്ങനെ തരംതിരിച്ച് അവാർഡുകളും സാമ്പത്തിക സഹായവും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും സ്കൂൾ വളപ്പിലും കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യുവാനായി പച്ചക്കറി വിത്ത് പാക്കറ്റുകളും സ്കൂൾ വളപ്പിൽ കൃഷി ചെയ്യുവാൻ വിത്തുൾപ്പെടെ 4,000 രൂപയുടെ സഹായവും പ്രവർത്തനച്ചെലവിനായി 1,000 രൂപയുടെ സഹായവും നൽകുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് കൃഷി കാര്യങ്ങളിൽ പ്രാവീണ്യം ലഭിക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സുകളും കൃഷി സംബന്ധമായ അറിവുകൾക്കായി കൈപ്പുസ്തകങ്ങളും നൽകുന്നുണ്ട്.

(ബി) ഇതിനുവേണ്ട ഫണ്ട് കൃഷി വകുപ്പ് നൽകുന്നുണ്ട്.

(സി) മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. പഞ്ചായത്തുകളിൽനിന്ന് ലഭിക്കുന്ന നോമിനേഷനുകളിൽനിന്നും ആദ്യ മൂന്ന് സംസ്ഥാനങ്ങളിൽ എത്തുന്ന കർഷകർക്ക് ₹ 15,000, ₹ 7,500, ₹ 5,000 എന്നീ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി പുനഃക്രമീകരണം**

14 (1121) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും എത്ര തുകയാണ് പരമാവധി ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ്;

(ഡി) ചെറുകിട കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്ക വിധത്തിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പുനഃക്രമീകരിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ 25 പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം, അംഗങ്ങളായ കർഷകരിൽനിന്നും ലഭിക്കുന്ന പ്രീമിയം, ഫണ്ടിൽ നിക്ഷേപിച്ച തുകയിൽനിന്നും ലഭിക്കുന്ന പലിശ എന്നിവയിലൂടെയാണ് ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ആനുകൂല്യം ലഭിക്കുന്ന വിധത്തിലാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

15 (1122) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് നിലവിൽ കൃഷി വകുപ്പ് മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിക്കാർക്ക് സഹായകരമായ രീതിയിൽ വിള-ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാനത്ത് എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്; പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന രീതി എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക വിജ്ഞാന വ്യാപനം ലക്ഷ്യമാക്കി ആരംഭിച്ച വിള - ആരോഗ്യ-കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൃഷിയിടങ്ങളിലെ പ്രശ്നങ്ങളുമായി കൃഷി ഭവനിൽ എത്തുന്ന കർഷകർക്ക് അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷയ്ക്കായി വിള ആരോഗ്യ പരിപാലനം നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത കൃഷി ഭവനുകൾ, വിള ആരോഗ്യ ക്ലിനിക്കുകൾ എന്നിവ മുഖേന കീടരോഗ നിരീക്ഷണം നടത്തുകയും കീടനിരീക്ഷണ പത്രിക തുടങ്ങിയവ മുഖേന കീടരോഗബാധ സംബന്ധിച്ചും നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ചും കർഷകർക്ക് മുന്നറിയിപ്പും ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. സംയോജിത കീടനിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി ഓഫീസർമാർക്ക് വിള ആരോഗ്യ പരിപാലനത്തിൽ ദ്വിവൽസര ഡിപ്ലോമ കോഴ്സ് NIPHM മുഖേന നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ഒന്നെന്ന രീതിയിൽ 152 വിള ആരോഗ്യ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയത്തിനുള്ള മൈക്രോ സ്കോപ്പുകൾ, മാഗ്നിഫയറുകൾ, പി.എച്ച്. മീറ്റർ, ശത്രു-മിത്ര കീടങ്ങളെ തിരിച്ചറിയുന്നതിനുള്ള സ്പെസിമെനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ, ലഘുലേഖകൾ മാഗസിനുകൾ, സിഡികൾ എന്നിവയടങ്ങിയ ചെറു ലൈബ്രറികളും ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

## പഴം, പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

16 (1123) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; ഇത്തരം സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പലിശ രഹിത വായ്പാ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി പരിഗണനയിലുണ്ടോ;

(സി) വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ജില്ലാ ക്ലസ്റ്റർ വികസനം, ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം, പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും, പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം, പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം, 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ, കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം, മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ. വഴി 6 കോടി രൂപയുടെ താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു :

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം
- ഗുണമേന്മയുള്ള പച്ചക്കറിതൈകൾ വിതരണം ചെയ്യുക.
- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2 ശതമാനം പലിശ സബ്സിഡി അനുവദിക്കുക.

- പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക.

- വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് ' പദ്ധതിയും, നഗരപ്രദേശങ്ങളിലെ വീടുകളിൽ 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം പഴം, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ മേഖലകളിൽ നല്ല കൃഷി മുറകൾ (ജി.എ.പി.) അവലംബിച്ചു കൊണ്ടുള്ള ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കൂടാതെ ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിച്ച് ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തുകയും ചെയ്തുവരുന്നു. വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിലുള്ള 277 സ്വാശ്രയ കർഷക സമിതികൾ വഴി കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് പച്ചക്കറി വില്പന നടത്തുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

(ബി) നിലവിൽ നെൽക്കൃഷിക്ക് മാത്രം നൽകിവരുന്ന പലിശരഹിത വായ്പ പച്ചക്കറി കൃഷിക്കുകൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വി.എഫ്.പി.സി.കെ. കൗൺസിൽ അംഗങ്ങളായ കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുന്നുണ്ട്. കൃത്യമായ വായ്പ പുതുക്കുന്ന കർഷകർക്ക് 2 ശതമാനം പലിശ സബ്സിഡി നൽകുന്നുണ്ട്.

(സി) വി.എഫ്.പി.സി.കെ.-യുടെ ലക്ഷ്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രവർത്തനം വിപുലീകരിക്കുന്നതിനും സേവനം വിപുലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നടപടി**

17 (1124) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :

<u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്, വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പഴം, പച്ചക്കറി എന്നിവയുടെ വർദ്ധിച്ച ഉല്പാദനത്തിലും വിപണനത്തിലും ഏതെല്ലാം ഏജൻസികളാണ് ഇടപെടുന്നത് ; വിശദാംശം ലഭ്യമാക്കുകമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി വി.എഫ്.പി.സി.കെ. വഴി 6 കോടിയുടെ വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻ വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, വാണിജ്യ കൃഷിക്ക് സഹായം, അവർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവയും, പച്ചക്കറി തൈ ഉല്പാദനത്തിന് ബ്ലോക്ക്തല നഴ്സറികളുടെ വികസനം, മഴ മറകൾ വഴിയുള്ള കൃഷിക്ക് സഹായം, സങ്കര വിത്തനങ്ങളുടെ പ്രദർശനത്തോട്ടം, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും ചെയ്യുന്നതിന് സഹായം, തരിശ് നിലം കൃഷി ചെയ്യുന്നതിന് സഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിലും മട്ടുപ്പാവിലും കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവയും, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം പ്രചരണം തുടങ്ങിയവ, പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം, പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം, 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ, കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം, മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കി വരുന്നു. പ്രത്യേക കാർഷിക മേഖലകളുടെ വികസനം ലക്ഷ്യമാക്കി ഇടുക്കി, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക കാർഷിക മേഖലകളിൽ ബൃഹത്തായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. വഴി 6 കോടിയുടെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു :

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം
- ഗുണമേന്മയുള്ള പച്ചക്കറിതൈകൾ വിതരണം ചെയ്യുക.
- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക.
- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2 ശതമാനം പലിശ സബ്സിഡി അനുവദിക്കുക.
- പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക.

- വീട്ടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് ' പദ്ധതിയും, നഗരപ്രദേശങ്ങളിലെ വീട്ടുകളിൽ 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

  സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം പഴം, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ മേഖലകളിൽ നല്ല കൃഷി മുറകൾ (ജി.എ.പി.) അവലംബിച്ചുകൊണ്ടുള്ള ശീതകാല പച്ചക്കറികളുടെ കൃഷി വ്യപന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(സി) പഴം പച്ചക്കറി ഉല്പാദനത്തിലും വിപണത്തിലും കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ ഇടപെടുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കൂടാതെ ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിച്ച് ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തുകയും ചെയ്തുവരുന്നു. വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിലുള്ള 277 സ്വാശ്രയ കർഷക സമിതികൾ വഴി കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് പച്ചക്കറി വില്പന നടത്തുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

## കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ അവാർഡുകൾ

18 (1125) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ അവാർഡിന്റെയും മേഖല, അവാർഡ് തുക, തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ;

(സി) ഈ സർക്കാരിന് കർഷകർക്കായുള്ള ഏതെങ്കിലും അവാർഡുകൾ കൊടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ഡി) കാർഷിക മേഖലയിൽ പുതിയ അവാർഡുകൾ ഏതെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുതിയ അവാർഡുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 മാർച്ച് മുതൽ ഏർപ്പെടുത്തിയ പുതിയ അവാർഡുകളായ പച്ചക്കറി വികസന പദ്ധതിയിൽപ്പെട്ട മികച്ച റസിഡന്റ്സ് അസോസിയേഷൻ, മികച്ച മട്ടുപ്പാവ് കൃഷി, മികച്ച ട്രൈബൽ ക്ലസ്റ്റർ എന്നീ അവാർഡുകൾ, ചുരുങ്ങിയ സമയംകൊണ്ട് ഈ മേഖലകളിലെ നോമിനേഷൻ വാങ്ങി, മൂല്യനിർണ്ണയം നടത്തി അവാർഡ് നൽകാൻ കഴിയില്ല എന്നുള്ളത് കൊണ്ടും മിക്ക ജില്ലകളിലും കൃഷി സമയം അവസാനിക്കുകയും വരൾച്ച ബാധിക്കുകയും ചെയ്തതുകൊണ്ടും 2016-17 സാമ്പത്തിക വർഷത്തിൽ, ഈ അവാർഡുകൾക്ക് നോമിനേഷൻ ക്ഷണിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൃഷി ഉന്നതി യോജന പദ്ധതി**

19 (1126) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം നെൽകൃഷി വികസനത്തിനും നാളികേര വികസനത്തിനും ജൈവകൃഷി വികസനത്തിനും വിള പരിപാലനത്തിനും കാർഷിക വിജ്ഞാന വ്യാപനത്തിനും ഹൈടെക് കൃഷിക്കും വിള ഇൻഷുറൻസിനും വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ; മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുന്ന പദ്ധതിക്ക് വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൃഷി ഉന്നതി യോജന എന്ന പദ്ധതിയുടെ കീഴിൽ ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഓരോ പദ്ധതികളിലും വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം, കേന്ദ്രവിഹിതം ഇവ എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നും പ്രത്യേകം പ്രത്യേകമായി ക്രോഡീകരിച്ച് നൽകാമോ;

(സി) സർക്കാർ ഈ വർഷം ധനകാര്യവകുപ്പിന്റെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയാണ്; ഇല്ലെങ്കിൽ അതിനു കാരണം എന്താണ്; മേയ് മാസം മുതൽ പദ്ധതികൾ നടപ്പാക്കിത്തുടങ്ങേണ്ടതിനാൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

| പദ്ധതി | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| നെൽക്കൃഷി വികസനം | 4368.07 | 4331.61 |
| നാളികേര വികസനം | 3931.82 | 3803.91 |
| ജൈവകൃഷി വികസനം | 1015.98 | 1008.90 |
| വിള പരിപാലനം | 1417.00 | 1201.19 |
| കാർഷിക വിജ്ഞാന വ്യാപനം | 3748.78 | 3225.86 |
| ഹൈടെക് കൃഷി | 290.00 | 110.53 |
| വിള ഇൻഷ്വറൻസ് പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി-സംസ്ഥാന വിഹിതം) | 1012.09 | 1012.09 |
| വിള ഇൻഷ്വറൻസ് പദ്ധതി (റീസ്ട്രക്ചേർഡ്) | 1250.00 | 1250.00 |
| മണ്ണിന്റെ ആരോഗ്യ പരിപാലനം | 2276.00 | 2215.15 |

(ബി) അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (കേന്ദ്രാവിഷ്കൃത പദ്ധതി)യിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു :

1. അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (60 ശതമാനം CSS) - ആത്മ പദ്ധതി

2. അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (60 ശതമാനം CSS) നാഷണൽ ഇ-ഗവേണൻസ് പദ്ധതി

ഹോർട്ടിക്കൾച്ചർ വിളകളുടെ സമഗ്ര വികസനം - മിഷൻ മാതൃകയിൽ

പരമ്പരാഗത കൃഷി വികാസ് ജോയന

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി

രാഷ്ട്രീയ കൃഷി വികാസ് യോജന

ദേശീയ വിള ഇൻഷുറൻസ് പദ്ധതി

കാർഷിക യന്ത്രവത്ക്കരണം

സോയിൽ ഹെൽത്ത് കാർഡ്

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

കൃഷി ഉന്നതി യോജന (അമ്പ്രല്ല സ്കീമിൽ) ആത്മ പദ്ധതി ഉൾപ്പെടെ വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| കേന്ദ്ര വിഹിതം | 24897.395 | 15743.94255 |
| സംസ്ഥാന വിഹിതം | 15707.195 | 11939.15652 |

(സി) സർക്കാർ 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ കാർഷിക വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. നെൽകൃഷി വികസന പദ്ധതി

2. പച്ചക്കറി കൃഷി വികസന പദ്ധതി

3. പയർവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗ വിളകളുടെയും വികസനം

4. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം

മേൽ സൂചിപ്പിച്ച നാല് പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ ഘടകങ്ങൾക്ക് അനുവദിച്ച തുക (ലക്ഷം രൂപ) | സ.ഉ. നമ്പരും തീയതിയും |
|---|---|---|---|
| 1 | നെൽക്കൃഷി വികസനം | 5500.00 | സ.ഉ. (അച്ചടിച്ചത്) നമ്പർ 205/2017/ കൃഷി തീയതി 25-2-2017 |
| 2 | പച്ചക്കറി വികസനം | 5793.00 | |
| 3 | പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം | 200.00 | |
| 4 | മണ്ണിന്റെയും വേരിന്റേയും ആരോഗ്യ പരിപാലനം | 2210.00 | |
| | ആകെ | 13703.00 | |

ഗ്രീൻബുക്കിൽ ഉൾപ്പെട്ട പദ്ധതികൾ ഏപ്രിൽ മാസം മുതൽതന്നെ നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു.

**കർഷക പെൻഷനിലെ കാലതാമസം**

20 (1127) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ എത്ര രൂപ കർഷക പെൻഷൻ നൽകാൻ ബാക്കിയുണ്ട്; ജില്ല തിരിച്ച് ലിസ്റ്റ് നൽകാമോ;

(ബി) കർഷക പെൻഷൻ നടപ്പാക്കുന്നതിന് 2016 മുതൽ 2017 മാർച്ച് വരെ സർക്കാർ നൽകിയ ഉത്തരവുകളുടേയും മാർഗ്ഗനിർദ്ദേശങ്ങളുടെയും കോപ്പി നൽകാമോ; ഏറ്റവും പുതിയ ഉത്തരവ് എന്നാണ് നൽകിയത്; അതിന് മുൻകാല പ്രാബല്യമുണ്ടോ;

(സി) ഏറ്റവും പുതിയ പെൻഷൻ ഉത്തരവിലെ കർഷക, ജനവിരുദ്ധ അനുബന്ധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗവൺമെന്റിന് ദോഷമാകുന്ന ഇത്തരം ഉത്തരവ് മാറ്റാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016 മേയ് വരെയുള്ളതും 2017 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെയും പെൻഷൻ കുടിശ്ശിക തീർക്കാൻ 103.791 കോടി രൂപ ഈ സാമ്പത്തിക വർഷം (2017-18) നൽകിയിട്ടുണ്ട്. 2016 ജൂൺ മാസത്തെ തുക വർദ്ധിപ്പിച്ച നിരക്കിൽ ഇതിനകം കർഷകർക്ക് നൽകിയിട്ടുണ്ട്. 2016 ജൂലൈ മുതൽ 2017 ഏപ്രിൽ (2017 ജനുവരി, ഫെബ്രുവരി, മാർച്ച് ഒഴികെ) വരെയുള്ള കർഷക പെൻഷൻ നൽകാൻ 301.53 കോടി രൂപ ആവശ്യമുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 11.29 കോടി |
| കൊല്ലം | 22.81 കോടി |
| ആലപ്പുഴ | 21.53 കോടി |
| പത്തനംതിട്ട | 16.956 കോടി |
| എറണാകുളം | 22.291 കോടി |
| ഇടുക്കി | 12.11 കോടി |
| കോട്ടയം | 28.006 കോടി |
| തൃശ്ശൂർ | 29.241 കോടി |
| പാലക്കാട് | 23.272 കോടി |
| മലപ്പുറം | 24.169 കോടി |
| കോഴിക്കോട് | 38.24 കോടി |
| കണ്ണൂർ | 27.869 കോടി |
| വയനാട് | 13.095 കോടി |
| കാസർഗോഡ് | 10.651 കോടി |
| ആകെ | 301.53 കോടി |

(ബി) 26-9-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 133/16/കൃഷി പ്രകാരം പ്രതിമാസ പെൻഷൻ തുക 600 രൂപയിൽനിന്നും 1-6-2016 പ്രാബല്യത്തിൽ 1,000 രൂപയായി വർദ്ധിപ്പിച്ചും 3-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 28/17/കൃഷി പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഇവയുടെ പകർപ്പ് ലഭ്യമാക്കുന്നു.)* 3-3-2017-ലാണ് അവസാനം ഉത്തരവ് പുറത്തിറക്കിയിട്ടുള്ളത്. ആയതിന് മുൻകാല പ്രാബല്യം ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ധനകാര്യ വകുപ്പിന്റെ ആദ്യ ഉത്തരവ് പ്രകാരം ഒരു പെൻഷൻ വാങ്ങുന്നവർക്ക് മറ്റ് പെൻഷനുകൾക്ക് അർഹതയില്ല എന്നായിരുന്നു. എന്നാൽ പിന്നീട് ധനകാര്യ വകുപ്പ് ഉത്തരവിൽ മാറ്റം വരുത്തിയതനുസരിച്ച് കൃഷി വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളിലും മാറ്റം വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

**നിറവ് പദ്ധതി**

21 (1128) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കൃഷി വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിരുന്ന 'നിറവ്' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18-ലെ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതി രേഖയിൽ 'നിറവ്' പദ്ധതി ഉൾപ്പെട്ടിട്ടില്ല.

**സമഗ്ര കാർഷിക നയം**

22 (1129) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്നത്തേക്ക് നയം പ്രഖ്യാപിക്കാനാകും എന്നാണ് കരുതുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ-സി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് നിയമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച ജൈവകാർഷിക നയം തന്നെയാണ് ഈ സർക്കാരും പിൻതുടരുന്നത്. കാർഷിക മേഖലയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അനന്യ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ജൈവ കാർഷിക രംഗത്ത് ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സമഗ്ര കാർഷിക വിപണി**

23 (1130) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക വിപണി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സമഗ്ര കാർഷിക വിപണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വിശദമാക്കാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കികൊണ്ട്, കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം മെച്ചപ്പെടുത്തി അവർക്ക് പരമാവധി ആദായം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കൃഷി വകുപ്പിനുകീഴിലുള്ള ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്ത കർഷകരുടെ ഉല്പന്നങ്ങൾ നിശ്ചിത ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇക്കോ ഷോപ്പുകൾ വഴിയും ബ്ലോക്ക് തല ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ വഴിയും കർഷകർക്ക് ഇടനിലക്കാരില്ലാതെ തങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ കർഷക വിപണി വഴിയും

കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽപ്പനയ്ക്ക് സാധിക്കുന്നു. കൂടാതെ കേരളത്തിലെ പച്ചക്കറി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി ഉല്പാദനം ക്രമപ്പെടുത്തി വർഷം മുഴുവനും പച്ചക്കറി ലഭ്യമാക്കുന്നതിനായി ക്രോപ്പ് കലണ്ടർ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ ഏതെല്ലാം മാസങ്ങളിൽ എത്ര വിസ്തീർണ്ണത്തിൽ കൃഷി ചെയ്യണമെന്ന മാർഗ്ഗരേഖയാണ് ക്രോപ്പ് കലണ്ടർ.

## പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ

24 (1131) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൃഷി വകുപ്പ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാട്ട വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കർഷകർക്ക് മോട്ടോറും മറ്റ് കാർഷികവൃത്തിയ്ക്കാവശ്യമായ ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് കഴിയുമോ; സ്വന്തം പേരിൽ വസ്തു ഇല്ലാത്ത കർഷകർക്ക് ഇവ നൽകാൻ കഴിയുമെങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കാനും സബ്സിഡി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ അവർക്ക് നേരിട്ട് ലഭിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപനത്തിനും ഉത്പാദന വർദ്ധനവിനുമുതകുന്ന ഘടകങ്ങളുൾപ്പെടുന്ന ബൃഹത് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ സുഗന്ധവ്യഞ്ജന വിളകൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകൾ (ഉദാ. എള്ള്, കരിമ്പ്) പുഷ്പകൃഷി, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കും പ്രത്യേക പദ്ധതികളുണ്ട്. ജൈവകൃഷി പ്രോത്സാഹനം, ഹൈടെക് കൃഷിരീതികളുടെ വ്യാപനം, വിള ഇൻഷുറൻസ്, കീടരോഗബാധ നിയന്ത്രണത്തിന് കാർഷിക ക്ലിനിക്കുകൾ, കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള

പദ്ധതികൾ, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്നിവയുമായി പ്രത്യേകം പദ്ധതികൾ നിലവിലുണ്ട്. നെല്ല് പോലുള്ള പ്രധാന വിളകൾ കൂടുതൽ കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകുന്ന കാർഷിക മേഖലകളുടെ രൂപീകരണവും 2017-18 വർഷത്തിലെ മുഖ്യ പദ്ധതികളിലൊന്നാണ്. അഗ്രോ-സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ പ്രവർത്തനം തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനും കാർഷിക യന്ത്രങ്ങളുപയോഗിച്ച് കൃഷിപ്പണികൾ ഫലവത്തായി ചെയ്യുന്നതിനും സഹായിക്കുന്നു. ഇത്തരത്തിൽ കൃഷി ചെയ്യുന്ന വേളയിൽ വിത്ത് മുതലായ ഉത്പാദനോപാധികളും സാമ്പത്തിക സഹായവും മറ്റ് സാങ്കേതിക ഉപദേശങ്ങളും വിളവെടുപ്പിനു ശേഷം സംഭരണം, വിപണനം മൂല്യവർദ്ധനവ് എന്നിങ്ങനെ കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് വേണ്ട സൗകര്യം കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ കർഷക രജിസ്ട്രേഷൻ സമ്പ്രദായം കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഓരോ കർഷകരുടേയും കൃഷി ചെയ്യുന്ന വിളകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഇത്തരത്തിൽ കൃഷി ഭവനുകളിൽ സമാഹരിക്കുന്നു. കൂടാതെ കൃഷി ഭവൻ മുഖേന ആനുകൂല്യത്തിനായി നൽകുന്ന അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, കൃഷി ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ പാട്ടകൃഷിക്കാരനെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ പകർപ്പും യഥാർത്ഥ കർഷകന് ആനുകൂല്യം ലഭ്യമാകുന്നു എന്നുറപ്പാക്കാനായി വാങ്ങാറുണ്ട്. സാമ്പത്തിക സഹായം നൽകുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതും ഈ ഉദ്ദേശ്യത്തോടുകൂടിയാണ്.

(ബി&സി) പാട്ടവ്യവസ്ഥ സംസ്ഥാനത്ത് നിലവിലില്ലെങ്കിലും സ്ഥലം ഉടമകൾ കൃഷി ചെയ്യുന്നതിനായി കൃഷി സ്ഥലം ഹ്രസ്വകാലത്തേയ്ക്ക് പരസ്പര ധാരണകളും വ്യവസ്ഥകളും അനുസരിച്ച് നൽകിവരുന്നുണ്ട്. ഇത്തരം വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യവും സബ്സിഡി നിരക്കിൽ ഉല്പാദനോപാധികളും പോർട്ടബിൾ പമ്പ്സെറ്റ്, സ്പ്രേയർ, തെങ്ങ്കയറ്റയന്ത്രം തുടങ്ങിയ ഉപകരണങ്ങൾക്കുള്ള ആനുകൂല്യവും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും നൽകിവരുന്നു. എന്നാൽ സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷകാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പാട്ടകൃഷിക്കാർ അർഹരല്ല. സാമ്പത്തിക ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകിവരുന്നു.

## തരിശ്ശു കിടക്കുന്ന ഭൂമിയിൽ കൃഷി

25(1132) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ തരിശ്ശു കിടന്ന കൃഷി ഭൂമിയിൽ കൃഷി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തരിശ്ശു കിടന്ന എത്ര ഏക്കർ ഭൂമിയിൽ പുതിയതായി കൃഷി ചെയ്തു എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ കരനെൽ കൃഷി ഉൾപ്പെടെ 5115 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ സാധിക്കുകയുണ്ടായി. 2017-18 വർഷം തരിശ്ശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30,000 രൂപാ നിരക്കിൽ, 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കും) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശ്ശു കൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ) ഹെക്ടറിന് 7000 (5800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനും പുറമെ തരിശ്ശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തല അവാർഡ് (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ട്അടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി) നൽകുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18 വർഷം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ഡാറ്റാബാങ്ക് വാലിഡേഷൻ പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷം 696.611 ഹെക്ടർ തരിശ്ശു ഭൂമിയിൽ പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനായി കർഷകർക്ക് ഒരു ഹെക്ടറിന് 30,000 രൂപ (25,000 രൂപ കർഷകനും 5,000 രൂപ ഭൂഉടമയ്ക്കും) നിരക്കിൽ ധനസഹായം അനുവദിച്ചു.

(ബി) 2016-17 വർഷം കരനെൽ കൃഷി ഉൾപ്പെടെ തരിശ്ശുകിടക്കുന്ന 5115 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ സാധിക്കുകയുണ്ടായി. തരിശ്ശു കിടന്ന 1741.5275 ഏക്കർ തരിശ്ശുഭൂമിയിൽ പച്ചക്കറി കൃഷി നടത്തി.

**നെൽകൃഷിക്ക് ഉത്പാദന ബോണസ് വർദ്ധിപ്പിക്കുന്നതിന് നടപടി**

26 (1133) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന ബോണസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ 1000 രൂപ എന്നത് 3,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) നിലവിൽ ഒരു സീസണിൽ ഹെക്ടർ ഒന്നിന് 1000 രൂപ നിരക്കിലാണ് നെൽകൃഷിക്ക് ഉൽപ്പാദന ബോണസ് നൽകിവരുന്നത്. ഉൽപ്പാദന ബോണസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ചെറിയ അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

27 (1134) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അരിയുടെ മില്ലിങ് വളരെ പ്രയാസമുള്ളതിനാൽ സ്വന്തമായി ഉല്പാദിപ്പിക്കുന്ന നെല്ല് വിൽപ്പന നടത്തി പുറമേ നിന്നുള്ള അരി വാങ്ങാൻ അവർ നിർബന്ധിതരാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബശ്രീ പോലുള്ള സംഘങ്ങൾക്ക് സർക്കാർ സഹായം നൽകി ചെറിയ അരിമില്ലുകൾ സ്ഥാപിച്ച് നെൽകൃഷിക്കാരെ സഹായിക്കാൻ സാധിക്കുമോ;

(സി) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി ചെറിയ സംരംഭങ്ങൾ സഹകരണാടിസ്ഥനത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചെറുകിട അരിമില്ലുകൾ സ്ഥാപിക്കുന്നതാണ്.

**കാർഷിക വായ്പകൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ**

28 (1135) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വായ്പകൾ എഴുതിത്തള്ളണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) കാർഷിക വായ്പകൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപേക്ഷകൾ ലഭിച്ചു ; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(സി) കൃഷി ഉപജീവനമാർഗ്ഗമായിട്ടുള്ളവരെ കാർഷിക രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) കാർഷിക വായ്പകൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് സർക്കാരിൽ 3 അപേക്ഷകൾ ലഭിച്ചിരുന്നു. അപേക്ഷകളുടെ പകർപ്പുകൾ റിപ്പോർട്ടിനായി വായ്പ അനുവദിച്ച ബാങ്കുകൾക്കും എസ്.എൽ.ബി.സി.-ക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി) കൃഷി ഉപജീവനമാർഗ്ഗമായിട്ടുള്ളവരെ കാർഷിക രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നൂതന പദ്ധതികളും തുടർ പദ്ധതികളും നടപ്പിലാക്കിവരുന്നു :

1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും
2. നെല്ല് വികസനം
3. പച്ചക്കറി വികസനം
4. പയറുവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും വികസനം
5. പ്രാദേശിക വിളകളുടെ വികസനം
6. പഴവർഗ്ഗങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും പൂക്കളുടെയും വികസനം
7. നാളികേര വികസനം
8. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ
9. മാനവ വിഭവ സഹായം
10. കാർഷിക വിജ്ഞാന വ്യാപനവും വാർത്താവിനിമയവും
11. വിള ഇൻഷ്വറൻസ്
12. പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി

13. ലബോറട്ടറികളുടെ ആധുനീകരണം
14. സുഗന്ധവ്യഞ്ജന വികസനം
15. ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉത്പാദനം
16. കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും
17. മണ്ണ് ആരോഗ്യ പരിപാനവും ഉത്പാദനക്ഷമത ഉയർത്തലും
18. ഹൈടെക് അഗ്രിക്കൾച്ചർ
19. വിള ആരോഗ്യ പരിപാലനം
20. വിപണനം, സംഭരണം, സൂക്ഷിക്കലും, വിതരണവും
21. ആർ.ഐ.ഡി.എഫ്. പദ്ധതികൾ
22. മൂല്യവർദ്ധനവ്
23. കാർഷിക ക്ഷേമനിധി ബോർഡ്
24. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഓഹരി മൂലധനം
25. വയനാട് പാക്കേജ്
26. പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും
27. സംയോജിത കാർഷിക കേന്ദ്രം.

**അഗ്രോ ബസാറുകളുടെ പ്രവർത്തനം**

29 (1136) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അഗ്രോബസാറുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഗുണമേന്മയുള്ള നടീൽവസ്തുക്കളും വിത്തുകളും വിവിധ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും അഗ്രോ ബസാറുകൾ വഴി ന്യായമായ വിലയ്ക്ക് വിറ്റഴിയ്ക്കാൻ അവസരമുണ്ടോ;

(ഡി) അഗ്രോബസാറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, ആലപ്പുഴ, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കർഷകർക്ക് ആവശ്യമുള്ള വിത്ത് മുതൽ കാർഷിക ഉത്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വരെ 'ഒരു കുടക്കീഴിൽ' ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അഗ്രോ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കർഷകർക്കും കൃഷിയെ ആശ്രയിക്കുന്നവർക്കും ഉൾപ്പെടെയുള്ളവർക്ക് ആവശ്യമുള്ള കാർഷിക യന്ത്രങ്ങൾ, വളം, നടീൽ വസ്തുക്കൾ, ഇറിഗേഷൻ ഉപകരണങ്ങൾ എന്നിവയും അഗ്രോ ബസാറുകളിൽ ലഭ്യമാണ്.

(സി) കേരള സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഗുണമേന്മയുള്ള വിത്തുകളും ന്യായമായ വിലയിൽ അഗ്രോ ബസാറുകളിൽ കൂടി വിൽക്കപ്പെടുന്നു.

(ഡി) അഗ്രോ ബസാറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി തൃശ്ശൂരിൽ കൃഷി വകുപ്പിന്റെ കെട്ടിടത്തിൽ ഒരു അഗ്രോ സൂപ്പർ ബസാർ നിർമ്മാണ ഘട്ടത്തിലാണ്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ മെട്രോസിറ്റികളിലും കൂടി അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

**ജൈവകൃഷി**

30 (1137) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷി മുറകൾ

പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തു. ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകി. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തിവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായം നൽകി.

ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. വിഷരഹിത പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്ത് വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി നല്ല കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽനിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും, മുനിസിപ്പാലിറ്റികളിലുമുള്ള റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. മേൽ രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി. ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി. ഈ സാമ്പത്തിക വർഷത്തിലും ടി പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നു. കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് പദ്ധതി പ്രകാരം ജൈവകൃഷി വ്യാപനം ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സംസ്ഥാനതല അവർഡുകൾ നൽകിവരുന്നു. ഏറ്റവും മികച്ച നിലയിൽ ജൈവകൃഷി നടത്തുന്ന അസംബ്ലി നിയോജകമണ്ഡലങ്ങൾക്ക് അവാർഡ് നൽകുന്നുണ്ട്. ഒന്നാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 15 ലക്ഷം രൂപയും, രണ്ടാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 10 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന മണ്ഡലത്തിന് 5 ലക്ഷം രൂപയുമാണ് അവാർഡ് തുക.

**കുറച്ചുസ്ഥലത്ത് ആദായകരമായി ചെയ്യാവുന്ന കൃഷി രീതികൾ**

31 (1138) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറച്ചു കൃഷി സ്ഥലത്ത് കൂടുതൽ ആദായകരമായി ചെയ്യാവുന്ന കൃഷി രീതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം കൃഷിരീതികളുടെ പ്രചാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇത്തരം കൃഷിരീതികളെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തി സ്വയംതൊഴിൽ പദ്ധതികളായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 'ഹൈടെക് കൃഷി രീതികൾ' എന്നറിയപ്പെടുന്ന ഇത്തരം കൃഷി രീതികളിൽ ആധുനിക ശാസ്ത്രീയ കൃഷിമുറകളുപയോഗിച്ച് കുറഞ്ഞ സ്ഥലത്തുനിന്നും വമ്പിച്ച ഉൽപ്പാദനമാണ് സാധിക്കുന്നത്. പോളിഹൗസ് കൃഷി, ഗ്രീൻഹൗസ് കൃഷി, പ്രിസിഷൻ ഫാമിംഗ്, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിംഗ്, ഹൈ-ഡെൻസിറ്റി പ്ലാനിംഗ് തുടങ്ങിയ കൃഷി രീതികൾ ഇതിലുൾപ്പെടുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയാണ് ഇത്തരം കൃഷിരീതികളിൽ വിജയം കൊയ്യുന്നത്. പച്ചക്കറി കൃഷി, പൂ കൃഷി, വാഴ കൃഷി, മറ്റ് പഴവർഗ്ഗ വിളകളുടെ കൃഷി എന്നിവയാണ് ഈ രീതിയിൽ ചെയ്യുന്നത്.

(ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 'ഹൈടെക് അഗ്രിക്കൾച്ചർ' പദ്ധതി നടപ്പിലാക്കി പോളിഹൗസ് നിർമ്മാണത്തിന് ധനസഹായം നൽകി വരുന്നു. പ്രിസിഷൻ ഫാമിംഗ്, ഹൈ-ഡെൻസിറ്റി പ്ലാനിംഗ് തുടങ്ങിയ കൃഷി രീതികൾക്കും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ധനസഹായം നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറികൃഷി വികസന പദ്ധതിയിലും ഒരു ഘടകമായി നഗരപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മിനിപോളി ഹൗസുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതിനായി 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുണ്ട്.

(സി) 'ഹൈടെക് അഗ്രിക്കൾച്ചർ', പച്ചക്കറി കൃഷി വികസന പദ്ധതി എന്നീ പദ്ധതികളിലൂടെ നൽകുന്ന ധനസഹായം പ്രയോജനപ്പെടുത്തി കർഷകർക്കും കൃഷിയിൽ താൽപ്പര്യമുള്ള ചെറുപ്പക്കാർക്കും ഇത്തരം യൂണിറ്റുകൾ പ്രാവർത്തികമാക്കുവാനും ഇതൊരു സ്വയംതൊഴിൽ സംരംഭമായി വികസിപ്പിക്കുവാനുമുള്ള അവസരമുണ്ട്. സാമ്പത്തിക സഹായത്തോടൊപ്പം സാങ്കേതിക ഉപദേശവും/സഹായവും ഇതിനായി ലഭിക്കുന്നുണ്ട്.

## കേരഫെഡ് സംസ്ഥാനത്തെ കർഷകരിൽനിന്നും തേങ്ങയും കൊപ്രയും സംഭരിക്കുവാൻ നിർദ്ദേശം

32 (1139) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന് സംസ്ഥാനത്ത് എവിടെയെല്ലാം ഫാക്ടറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്നും പ്രതിദിനം എത്ര ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നുണ്ട്;

(സി) പ്രസ്തുത ഫാക്ടറികളിലേക്ക് ആവശ്യമായ തേങ്ങയും കൊപ്രയും കേരളത്തിൽ നിന്ന് മാത്രമാണോ സംഭരിക്കുന്നത്; അല്ലെങ്കിൽ എവിടെനിന്നെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) വെളിച്ചെണ്ണ ഉത്പാദനം വർദ്ധിപ്പിക്കുവാനും അന്യ സംസ്ഥാനത്തു നിന്നുള്ള കൊപ്ര സംഭരണം കുറച്ച് സംസ്ഥാനത്തെ കേരകർഷകരിൽനിന്നും കൂടുതൽ തേങ്ങയും കൊപ്രയും സംഭരിക്കുവാനും സർക്കാർ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരഫെഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലും കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലുമായി രണ്ട് ഫാക്ടറികളുണ്ട്.

(ബി) കരുനാഗപ്പള്ളി ഫാക്ടറിയിൽനിന്നും പ്രതിദിനം 38 ടൺ വെളിച്ചെണ്ണയും നടുവണ്ണൂർ ഫാക്ടറിയിൽനിന്നും പ്രതിദിനം 12 ടൺ വെളിച്ചെണ്ണയും ഉൽപ്പാദിപ്പിക്കുന്നു.

(സി) കേരളത്തിൽനിന്ന് മാത്രമാണ് സംഭരിക്കുന്നത്.

(ഡി) വെളിച്ചെണ്ണ ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ കൊപ്രയും നാളികേരവും കേരളത്തിൽനിന്ന് മാത്രമാണ് സംഭരിക്കപ്പെടുന്നത്.

## കയ്പാട് കൃഷി

33 (1140) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം നല്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 1023.51 ലക്ഷം രൂപയുടെ പ്രവൃത്തികൾ ടെൻഡർ നടത്തുകയും ഇതിൽ ഏഴോം, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളിൽ എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തികൾ നടത്തുന്നതിനുള്ള ആരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടുവം, ചെറുകുന്ന് എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളിൽ നിയമ സാധുതയുള്ള ദർഘാസുകൾ ലഭിക്കാതിരുന്നതിനാൽ റീ-ടെൻഡർ ചെയ്ത്, ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## കരിമ്പ് കൃഷി സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്താൻ നടപടി

34 (1141) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമ്പ് കൃഷിക്കാരെയും കരിമ്പ് കൃഷിയും സംബന്ധിച്ചുമുള്ള വിവരങ്ങൾ കൃഷി വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കരിമ്പ് കൃഷിയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുമെന്ന ഉറപ്പ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കരിമ്പ് കൃഷിയെ സംബന്ധിച്ചുള്ള വിവരം കൃഷി വകുപ്പിന്റെ വെബ് സൈറ്റിൽ എന്ന് ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.kerala. agriculture.gov.in എന്ന ഹോം പേജിൽനിന്നും കരിമ്പുകൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലിങ്ക് നൽകിയിട്ടുണ്ട്.

## തരിശായി കിടന്ന സ്ഥലങ്ങളിൽ നെൽകൃഷി

35 (1142) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) തരിശായി കിടന്ന എത്ര ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിനായി മലയാളവർഷം 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ നെല്ലിന്റെ വർഷമായി പ്രഖ്യാപിച്ച് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>: ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>: നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>: പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല ആന്റ് ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>: പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008</u>: നെൽവയലുകൾ സംരക്ഷിക്കുന്നതിന് ഡാറ്റാ ബാങ്ക് വാലിഡേഷൻ - കെ.എസ്. ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. <u>കരനെൽകൃഷി വികസനം</u>: സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഈ വർഷം ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7,000 രൂപ (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. <u>തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്</u>:

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ട്ടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. <u>ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം</u>:

ഹെക്ടറിന് 10000 രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. <u>നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ട്ടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം</u>:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. <u>നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം</u>:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം:

ഇതിലേയ്ക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി:

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പുതുതായി ആരംഭിച്ച കരനെൽകൃഷി അടക്കം തരിശായി കിടന്ന 14062 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**കർഷകരിൽനിന്നും സംഭരിച്ച കാർഷിക ഉത്പന്നങ്ങളുടെ വില**

36 (1143) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ ഏതെല്ലാം കാർഷിക ഉത്പന്നങ്ങളാണ് സർക്കാർ കർഷകരിൽ നിന്നും സംഭരിച്ചത്; ഇതിനായി ചെലവാക്കിയ തുക എത്ര ; ഇനി കർഷകർക്ക് നല്കാനുള്ള തുക എത്രയാണ്;

(ബി) സംഭരിച്ച എല്ലാ കാർഷിക ഉത്പന്നങ്ങളുടെയും (നെല്ല്, പച്ചക്കറി, തേങ്ങ, മറ്റുൽപ്പന്നങ്ങൾ) തൂക്കം, നല്കിയതുക, നൽകുവാനുള്ള തുക എന്നിവ ജില്ല തിരിച്ച് ഇന്നുവരെയുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തിൽ നെല്ല്, നാളികേരം, പഴം, പച്ചക്കറി എന്നീ കാർഷിക ഉൽപ്പന്നങ്ങൾ കർഷകരിൽനിന്നും സംഭരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വിളനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം**

37 (1144) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവിളകളുടെ നാശം സംബന്ധിച്ച് നഷ്ടപരിഹാരത്തുക ഉയർത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന് ഏതു തീയ്യതിമുതൽ പ്രാബല്യം നൽകുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 22-3-2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

## വെറ്റില കർഷകർക്ക് ആനുകൂല്യങ്ങൾ

38 (1145) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്റില കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) വെറ്റില കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വെറ്റിലകൃഷിക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് എന്തെല്ലാം പ്രതിവിധികളുണ്ട് എന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; വിശദീകരിക്കുമോ; വെറ്റില കൃഷിക്ക് ഇൻഷുറൻസ് പരിരക്ഷയുണ്ടെങ്കിൽ അതിൽ ഈ കൃഷിക്കുണ്ടാകുന്ന രോഗങ്ങൾകൂടി ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വെറ്റില കൃഷിക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

(ബി) ഉണ്ട്. നേരത്തേ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയം അടയ്ക്കുന്ന കർഷകർക്ക് സെന്റൊന്നിന് 250 രൂപയാണ് നൽകി വന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ഇത് നാലിരട്ടിയായി വർദ്ധിപ്പിച്ച് 'പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി' പ്രകാരം വിളവെടുപ്പാരംഭിച്ച വെറ്റില കൃഷിയടക്കം സെന്റ് ഒന്നിന് 7.50 രൂപ എന്ന തോതിൽ പ്രീമിയം ഒടുക്കി ഇൻഷ്വർ ചെയ്യുന്നപക്ഷം വിളനാശമുണ്ടായാൽ സെന്റൊന്നിന് 1,000 രൂപ (ആയിരം രൂപ) ക്രമത്തിൽ നഷ്ടപരിഹാരമായി കർഷകന് ലഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വെറ്റില കൃഷിക്ക് കേരളത്തിൽ കണ്ടുവരുന്ന പ്രധാന രോഗം 'സാന്തോമോണാസ്' എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഇലപ്പുള്ളി രോഗമാണ്. രോഗം രൂക്ഷമാകുന്ന അവസ്ഥയിൽ ഇലകൊഴിച്ചിലും, തണ്ടിൽ മുറിപ്പാടുകളും തുടർന്ന് ചെടി (വള്ളി) ആകമാനം ഉണങ്ങി നശിക്കുകയും ചെയ്യുന്നു. രോഗ നിയന്ത്രണത്തിനായി 1 ശതമാനം വീര്യമുള്ള 'ബോർഡോമിശ്രിതം' എന്ന കുമിൾ നാശിനി പ്രയോഗമാണ് ശിപാർശ ചെയ്തിട്ടുള്ളത്. വെറ്റില കൃഷിയുടെ രോഗബാധകൾ മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന വിളനാശത്തിന് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

**വിഷരഹിത പച്ചക്കറി ലഭ്യത ഉറപ്പാക്കാൻ മുൻകരുതലുകൾ**

39 (1146) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ പച്ചക്കറികളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനായി എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വിഷമയമായ പച്ചക്കറികൾ മാർക്കറ്റുകളിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പച്ചക്കറികൾ വിൽക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി ചെയ്തുവരുന്നു. ക്ലസ്റ്ററിൽ നിന്നുള്ള വിഷരഹിതമായ പച്ചക്കറികൾ ഇക്കോഷോപ്പ് വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിഷരഹിതമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കൃഷി വകുപ്പ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. ക്ലസ്റ്ററിൽനിന്നുള്ള പച്ചക്കറികൾ നേരിട്ട് വിപണനം നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കൂടാതെ ഇക്കോഷോപ്പുകൾ മുഖേന വിപണനം നടത്തുന്നതിന് ഒരു കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് ഇൻസെന്റീവ് നൽകി വരുന്നു. പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പത്ര-ദൃശ്യമാധ്യമങ്ങളിൽ പരിശോധനാ ഫലം പ്രസിദ്ധീകരിക്കുന്നതിനാൽ ഈ വിഷയത്തിൽ ജനങ്ങൾക്ക് അവബോധം ഉണ്ടാകുന്നുണ്ട്.

(ബി) വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ് ആക്ട് പ്രകാരം ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ നടപടി

40 (1147) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; ഇതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ നിയോജക മണ്ഡലത്തിലും വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ പ്രോത്സാഹനം നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തുമോ;

(സി) 2011 ജൂൺ മുതൽ 2017 മാർച്ച് മാസം വരെ വിഷരഹിത പച്ചക്കറി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക്" എന്ന ലേബലിൽ വിപണനം നടത്തിവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500 രൂപ വീതവും ധനസഹായം നൽകി. ജൈവ പച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷൻ മുഖേന ഉപഭോക്താക്കൾക്ക് വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജ

കമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ വിനിയോഗിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകിവരുന്നു.

(ബി) വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് രൂപീകരിക്കപ്പെട്ട ക്ലസ്റ്ററുകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് ഉൽപ്പാദനം നടത്തിവരുന്നു. ഇതിനായി നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഫണ്ട് വകയിരുത്തുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് എം.എൽ.എ.-മാർക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്. ഏറ്റവും നല്ല രീതിയിൽ ജൈവകൃഷി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ എം.എൽ.എ.-മാർക്കും മണ്ഡലങ്ങൾക്കും സംസ്ഥാനതല അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. (ഒന്നാം സ്ഥാനം 15 ലക്ഷം, രണ്ടാം സ്ഥാനം 10 ലക്ഷം, മൂന്നാം സ്ഥാനം 5 ലക്ഷം രൂപ).

(സി) വിശദവിവരം ചുവടെ ചേർക്കുന്നു :

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 22.475 | 22.475 |
| 2012-13 | 164.07 | 163.29276 |
| 2013-14 | 940.00 | 925.51705 |
| 2014-15 | 256.9116 | 256.50373 |
| 2015-16 | 529.44064 | 524.25 |
| 2016-17 | 1138.04000 | 1008.89465 |

### കേരഫെഡ് വെളിച്ചെണ്ണ വില്പന വർദ്ധിപ്പിക്കാൻ നടപടി

41 (1148) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് സംസ്ഥാനത്ത് ഒരു വർഷം എത്ര കിലോ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നുണ്ട്;

(ബി) ഇതിനായി എത്ര ഏജൻസികളും, ഡിസ്ട്രിബ്യൂട്ടർമാരും പ്രവർത്തിക്കുന്നുണ്ട്; അവരുടെ പ്രവർത്തന മേഖല വ്യക്തമാക്കാമോ;

(സി) റീട്ടെയിൽ വ്യാപാരികൾക്കും ഹോൾ സെയിൽ വ്യാപാരികൾക്കും കിലോയ്ക്ക് എത്ര രൂപ കമ്മീഷൻ നൽകുന്നുണ്ട്;

(ഡി) കേരഫെഡിന്റെ ഡിസ്ട്രിബ്യൂട്ടർ ഏജൻസി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ :

(ഇ) നിലവിൽ സംസ്ഥാന മാർക്കറ്റിൽ കേരഫെഡിന്റെ വെളിച്ചെണ്ണയ്ക്ക് വിൽപന വിഹിതം എത്ര ശതമാനമാണ് ;

(എഫ്) കേരഫെഡിന്റെ വിൽപന വിഹിതം വർദ്ധിപ്പിയ്ക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 1,37,12,000 കിലോഗ്രാം വെളിച്ചെണ്ണ വില്പന നടത്തിയിട്ടുണ്ട്.

(ബി) ഉത്തരമേഖലയിൽ 6 ജില്ലകളിലായി കേരഫെഡിന് നിലവിൽ രണ്ട് സൂപ്പർ സ്റ്റോക്കിസ്റ്റുമാരും അവരുടെ കീഴിലായി 29 വിതരണക്കാരും ഉണ്ട്. ബാക്കി ജില്ലകളിലും, മുംബൈ, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലായി 87 വിതരണക്കാരടക്കം ആകെ 116 വിതരണക്കാരുണ്ട്. കൂടാതെ വിവിധ സർക്കാർ ഏജൻസികൾ മുഖേനയും വിൽപ്പന നടത്തുന്നു. വിതരണക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 20 |
| ആലപ്പുഴ | 8 |
| കോട്ടയം | 10 |
| പത്തനംതിട്ട | 6 |
| എറണാകുളം | 8 |
| തൃശ്ശൂർ | 7 |
| പാലക്കാട് | 5 |
| മലപ്പുറം | 9 |
| കോഴിക്കോട് | 6 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 2 |
| വയനാട് | 2 |
| മുംബൈ | 1 |
| ബാംഗ്ലൂർ | 1 |
| ചെന്നൈ | 1 |

(സി) റീട്ടെയിൽ വ്യാപാരികൾക്ക് ലിറ്ററിന് 9.5 ശതമാനവും ഹോൾസെയിൽ വ്യാപാരികൾക്ക് ലിറ്ററിന് 5.73 ശതമാനവും കമ്മീഷൻ നൽകുന്നുണ്ട്.

(ഡി) Fast Moving Commodity Goods (FMCG) ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്തുള്ള പരിചയവും ഗോഡൗൺ സൗകര്യവും, വേണ്ടത്ര സെയിൽസ് സ്റ്റാഫും, വാഹനവും ഉള്ളവർക്കാണ് വിതരണാവകാശം നൽകുന്നത്. ഇതോടൊപ്പം 10,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും അടയ്ക്കണം.

(ഇ) കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കനുസരിച്ച് നിലവിൽ സംസ്ഥാന മാർക്കറ്റിൽ കേരഫെഡിന്റെ വെളിച്ചെണ്ണയുടെ വിൽപ്പന വിഹിതം 15 ശതമാനമാണ്.

(എഫ്) സർക്കാർ ഏജൻസികൾ വഴിയുള്ള വിപണനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ മുൻകൈ എടുത്ത് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും സർക്കാർ ഏജൻസികൾ കേര വെളിച്ചെണ്ണ കൂടുതൽ അളവിൽ വിൽപ്പനയ്ക്ക് എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ വഴിയുള്ള വിൽപ്പന വിഹിതം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിതരണക്കാർ വഴിയുള്ള വിൽപ്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മേഖല തലത്തിൽ യോഗങ്ങൾ നടത്തി വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഗൾഫ് മേഖലകളിലെയും, മലയാളികൾ താമസിക്കുന്ന മറ്റ് വിദേശ രാജ്യങ്ങളിലെയും സൂപ്പർമാർക്കറ്റ് സംരംഭകരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശുദ്ധമായ വെളിച്ചെണ്ണ വിദേശ രാജ്യങ്ങളിലേക്ക് അയ്ക്കുവാനും ഉദ്ദേശിക്കുന്നു.

**നാളികേര കർഷകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

42 (1149) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ പ്രഖ്യാപിച്ച നാളികേര പാർക്കുകൾ (സംഭരണ കേന്ദ്രം) ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെകാലത്ത് നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നാശം സംഭവിച്ച തെങ്ങ് മുറിച്ചുമാറ്റുമ്പോൾ കർഷകന് കിട്ടുന്ന ധനസഹായം നിലവിൽ തെങ്ങൊന്നിന് എത്ര രൂപയാണ്;

(ഡി) സർക്കാർ നാളികേര കർഷകർക്കായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലാണ് നാളികേര പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തെരഞ്ഞെടുത്ത് 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 3803.7726 ലക്ഷം രൂപ പദ്ധതിക്കായി ചെലവിടുകയുണ്ടായി. നാളികേര കർഷകരെ സഹായിക്കുന്നതിനായി നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകുകയും താങ്ങുവില നൽകി സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി കൃഷി ഭവനുകൾക്ക് പുറമെ സഹകരണ സംഘങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നീ ഏജൻസികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ നാളികേരത്തിൽനിന്നും അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി മാർക്കറ്റിൽ എത്തിക്കുന്ന സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 500 രൂപ.

(ഡി) സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് 2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ കൂടി രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പുതിയ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. അതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസന പദ്ധതികൾക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

43 (1150) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ദേവികുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. നെൽകൃഷി വികസനത്തിന് 6.7812 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
2. കൃഷി വിജ്ഞാന വ്യാപന ശാക്തീകരണത്തിന് 21.24166 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
3. കൃഷി വിപണി വികസനത്തിന് 1.1 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
4. സുഗന്ധവിള വികസനത്തിന് 44.895 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
5. മണ്ണിന്റെ ആരോഗ്യ പരിരക്ഷയ്ക്ക് 6.25 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
6. പച്ചക്കറി വികസനത്തിന് 56.97174 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
7. അഗ്രോ സർവ്വീസ് സെന്റർ മുഖേന സർവ്വീസ് നടത്തുന്നതിന് 1.863 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
8. വിള ആരോഗ്യ മാനേജ്മെന്റിന് 13.94546 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
9. ജൈവ കൃഷിക്ക് 36.385 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

10. അഗ്രോ സർവ്വീസ് സെന്റർ നടപ്പിലാക്കുന്നതിന് 15.75 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

11. ഓണ സമൃദ്ധി പദ്ധതി നടപ്പിലാക്കിയതിന് 5.805 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

12. പ്രകൃതിക്ഷോഭത്തിന് നഷ്ടപരിഹാരമായി 15.37993 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

13. കർഷക പെൻഷൻ ഇനത്തിൽ 48.584 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

14. ശീതകാല പച്ചക്കറി കൃഷിക്ക് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 300 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

15. കർഷകർക്ക് പ്രത്യേക ആനുകൂല്യം എന്ന നിലയിൽ ഇൻസെന്റീവ് നൽകി.

16. ഹരിത കാർഡ് വിതരണം ചെയ്തു.

17. കേരള ഗ്രാമീൺ ബാങ്കിന്റെ ശാഖ തുറന്നു. കർഷകർക്ക് തുച്ഛമായ നിരക്കിൽ ലോൺ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

(ബി) 2017-18 സാമ്പത്തിക വർഷം ശീതകാല പച്ചക്കറി കൃഷി വികസനത്തിനുള്ള " സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ പദ്ധതി" ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

## കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വില നിർണ്ണയ ഏജൻസി

44 (1151) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങൾക്ക് ന്യയമായ വില ലഭിക്കുന്നതിനായി ദീർഘകാല, ഹ്രസ്വകാല വിളകൾക്ക് വില നിർണയത്തിനായി ഏജൻസി രൂപീകരിക്കാൻ തയ്യാറാകുമോ;

(ബി) പരമ്പരാഗത തൊഴിൽ മേഖലയിലേതിന് സമാനമായ രീതിയിൽ ഇൻകം സപ്പോർട്ട് സ്കീമോ മറ്റേതെങ്കിലും പദ്ധതിയോ കർഷകർക്കായി ആവിഷ്കരിക്കുമോ;

(സി) സംയോജിത കൃഷി പ്രോത്സാഹനത്തിനും വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ ന്യായമായ തോതിലുള്ള നഷ്ടപരിഹാരം നൽകാനും പദ്ധതികൾ നിലവിൽ ഉണ്ടോ;

(ഡി) മിതമായ നിരക്കിലുള്ള വായ്പാ ലഭ്യത ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല എന്നാൽ കാർഷികോൽപ്പന്നങ്ങളുടെ വില സംബന്ധിച്ച് പഠിക്കുന്നതിനും സർക്കാരിനെ ഉപദേശിക്കുന്നതിനുമായി സംസ്ഥാന വില നിർണ്ണയ ബോർഡ് (State Prices Board) നിലവിലുണ്ട്.

(സി) സംയോജിത കൃഷി പദ്ധതി മാതൃകകൾ രൂപപ്പെടുത്തുന്നതിന് ആത്മ പ്ലസ് പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ സംയോജിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. പുനരാവിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി പ്രകാരം അംഗങ്ങളാകുന്ന കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി കാർഷിക വിളനാശത്തിന് പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.

(ഡി) നബാർഡിന്റെ സഹായത്തോടെ പൊതുമേഖല/സഹകരണമേഖലാ ധനകാര്യ സ്ഥാപനങ്ങൾ വഴി കൃഷി ആവശ്യത്തിനായി 7 ശതമാനം പലിശ നിരക്കിൽ വായ്പ നൽകിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3 ശതമാനം പലിശ ഇളവും നൽകിവരുന്നു.

## കാർഷിക വിളകളുടെ വിലയിടിവ്

45 (1152) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് വിലയില്ലാത്തതുമൂലം കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ കർഷകർ ജീവിയ്ക്കാൻ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്നതും കടക്കെണിയിൽ ആയിരിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉൽപ്പാദക ചെലവിനേക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷി ഭവനുകൾ മുഖേന

കർഷകരിൽനിന്നും കിലോയ്ക്ക് 25 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. സഹകരണ സംഘങ്ങളേയും കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികളേയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപ്പന നടത്തിവരുന്നു. കർഷകരിൽ നിന്നുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ വി.എഫ്.പി.സി.കെ. മുഖേന സംസ്ഥാനത്തുട നീളമുള്ള 277 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം നടത്താൻ സഹായിക്കുന്നു. ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും 30 ശതമാനം അധിക വില നൽകി സംഭരിച്ച പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വട്ടവടയിലെ കർഷകരുടെ ചിരകാല ആവശ്യമായിരുന്ന ബാങ്ക് യാഥാർത്ഥ്യമാക്കി. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വട്ടവട കാന്തല്ലൂർ മാതൃക മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിച്ച് മാതൃകാ കാർഷിക മേഖലകൾ (Model Agricultural Zones) രൂപീകരിക്കുന്നതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൽ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. വട്ടവടയും കാന്തല്ലൂരും സംസ്ഥാനത്തെ പച്ചക്കറി ഹബ്ബ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്തെ കൃഷിക്കാർ ഉത്പാദിപ്പിച്ച പച്ചക്കറികൾ മുഴുവൻ കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

**കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികൾ**

46 (1153) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികളിൽ ഇനിയും ആനുകൂല്യം ലഭിക്കാനുള്ളവർ എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) അതിനുശേഷം നാളിതുവരെ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ അപേക്ഷകൾ എത്ര; അവ സമയബന്ധിതമായി തീർപ്പാക്കാൻ എന്തു സഹായം ലഭ്യമാക്കി; മുൻ സർക്കാർ നല്കാനുള്ള സഹായം എത്ര പേർക്കു നല്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) 2017 മാർച്ച് 31 വരെ കമ്മീഷന്റെ ഓഫീസിൽ ലഭ്യമായ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്ര; അവ സമയബന്ധിതമായി തീർപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകുവാനുള്ള അവസാന തീയതി 2015 ഒക്ടോബർ 31 ആയി പുനർനിർണ്ണയിച്ചിരുന്നു. അന്നുവരെ ലഭിച്ച അപേക്ഷകളിൽ 47,105 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. 2015 ഒക്ടോബർ 31-ന് ശേഷം അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ 3414 കർഷകർക്ക് 9,78,93,074 രൂപയുടെ കടാശ്വാസ ശിപാർശ കമ്മീഷൻ നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ കടാശ്വാസത്തിന് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 20 കോടി രൂപയും കമ്മീഷൻ ഉത്തരവ് പ്രകാരം കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുണ്ട്. എല്ലാ മാസവും വിവിധ ജില്ലകളിൽ കമ്മീഷൻ സിറ്റിംഗുകൾ നടത്തി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം

47 (1154) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നൽകി വരുന്ന ആനുകൂല്യങ്ങളെ കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-നു മുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി 50,000 രൂപ വരെയുള്ള കടങ്ങൾക്ക് 75 ശതമാനം വരെയും 50,000-ന് മുകളിൽ തുകയുടെ 50 ശതമാനം വരെയും (പരമാവധി 1 ലക്ഷം രൂപ വരെ) കടാശ്വാസം നൽകി വരുന്നു. കാർഷിക

പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിലെ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. കർഷകന്റെ വിഹിതം അടച്ചുകഴിഞ്ഞാൽ പണയാധാരം ഉടൻ തന്നെ കർഷകന് തിരികെ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിവരുന്നു. 4 ഹെക്ടറിൽ കവിയാത്ത ഭൂമി കൈവശമുള്ളവർക്കും 2 ലക്ഷം രൂപയിൽ കവിയാത്ത വർഷിക വരുമാനം ഉള്ളവർക്കുമാണ് കടാശ്വാസത്തിന് അർഹതയുള്ളത്.

## കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

48 (1155) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മണ്ണ് സമ്പത്തിലെ പോഷക മൂലകങ്ങളുടെ കുറവ് പരിഗണിച്ച്, കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച വെറ്റില കർഷകർക്ക് ആനുകൂല്യങ്ങൾ നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിലെ മണ്ണ് സമ്പത്തിലെ പോഷക കുറവ് പരിഹരിക്കുവാനും തദ്വാരാ കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 'മണ്ണിന്റെയും, വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും' എന്ന പേരിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ മണ്ണിൽ പൊതുവേ കാണപ്പെടുന്ന ഉയർന്ന അമ്ലത്വം (acidity) കുറയ്ക്കുന്നതിനായി കുമ്മായ വസ്തുക്കൾ ചേർക്കുന്നതിനായി ഒരു ഹെക്ടറിന് 5,400 രൂപ നിരക്കിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ ധനസഹായം നൽകുന്നു. (വയനാട് ജില്ലയിൽ വയനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി ഇതേ ആനുകൂല്യം നൽകുന്നുണ്ട്.) മണ്ണിന്റെ ആരോഗ്യ പരിപാലനം, മണ്ണ് പരിശോധന എന്നിവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് കർഷകരെ ബോധവത്കരിക്കുവാനായി ബോധവത്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. ദ്വിതീയ, സൂക്ഷ്മ പോഷക മൂലകങ്ങളുടെ അഭാവമുള്ള മണ്ണിൽ ആയത് ആവശ്യാനുസരണം ചേർക്കുന്നതിനും പദ്ധതി മുഖേന ധനസഹായം നൽകുന്നു. കൂടാതെ വി.എഫ്. പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം)-യുടെ കീഴിൽ മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കൽ, IIITMK മുഖാന്തരം മണ്ണിന്റെ

ഫലഭ്രൂയിഷ്ഠിത സംബന്ധിച്ച പോർട്ടൽ പരിപാലിക്കുന്നതിനും പ്രത്യേക തുക മേൽ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ചെടികളുടെ വേരുകളുടെ ആരോഗ്യ പരിപാലനം (Root Health Management) അടുത്ത കാലത്തായി പ്രാധാന്യം നൽകിവരുന്ന മേഖലയാണ്. ജീവാണുവള പ്രയോഗത്തിലൂടെ മണ്ണിൽനിന്നും ജലവും, പോഷകങ്ങളും വലിച്ചെടുക്കുന്നതിനുള്ള വേരുകളുടെ ശേഷി വർദ്ധിപ്പിക്കുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. 'മണ്ണിന്റേയും, വേരിന്റേയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമതാ വർദ്ധനവും' എന്ന പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 2700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി

49 (1156) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനോ മൊറട്ടോറിയാം പ്രഖ്യാപിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

(ബി) വർദ്ധിപ്പിച്ച വിള ഇൻഷുറൻസ് തുക പരമാവധി വേഗത്തിൽ കർഷകർക്ക് എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

(ബി) കൃഷി ഭവൻ വഴി കൃഷിക്കാരിൽനിന്നും അപേക്ഷ സ്വീകരിച്ച് സ്ഥലപരിശോധന നടത്തി നാശനഷ്ടത്തിന്റെ വിവരവും തുകയും തിട്ടപ്പെടുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ഡയറക്ടർക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസിന്റെ നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച കാര്യം വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി കർഷകരിൽ എത്തിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 1250 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന വിള ഇൻഷ്വറൻസിനായി വകയിരുത്തുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**വിഷുവിന് പച്ചക്കറി വില പിടിച്ചുനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ**

50 (1157) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വിഷുവിന് പച്ചക്കറി വില പിടിച്ചുനിർത്തുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) വിപണിയിൽ ഇടപെട്ടുമൂലം പച്ചക്കറി വില പിടിച്ചു നിർത്താൻ കഴിഞ്ഞുവോ;

(സി) എങ്കിൽ ഇതിനായി എത്ര തുക ചെലവായിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ 2017 ഏപ്രിൽ മാസത്തിൽ "വിഷുക്കണി" എന്നപേരിൽ സംസ്ഥാനത്തുടനീളം 1090 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. ഈ പദ്ധതി മുഖേന കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം/പച്ചക്കറി ഉൽപ്പന്നങ്ങൾ ന്യായവില നൽകി നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് ഗുണമേന്മയും, സുരക്ഷിതവുമായ കാർഷികോൽപ്പന്നങ്ങൾ മിതമായ നിരക്കിൽ എത്തിക്കുന്നതിനും സാധിച്ചു. ഓരോ ജില്ലയിലും അധികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയിനങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിലെ വിഷു വിപണികളിൽ ലഭ്യമാക്കുകയും ഇതിനുപുറമേ സംസ്ഥാനത്ത് ആവശ്യത്തിന് ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് വിഷു വിപണികളിൽ ലഭ്യമാക്കി വിതരണം നടത്തുകയും ചെയ്തു.

(ബി) വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ലഭ്യമായ കണക്കുകൾ പ്രകാരം 70.34432 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതി**

51 (1158) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ സമഗ്രകാർഷിക വികസന പദ്ധതിയായ കതിർ-ന് അംഗീകാരം നൽകി തുക വകയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസം വന്നുചേർന്നിട്ടുണ്ടോ; കതിർ പദ്ധതിക്ക് ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയും; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 'കതിര്' എന്ന പേരില് ഒരു പദ്ധതി നിര്ദ്ദേശം കൃഷി വകുപ്പില് ലഭിച്ചിട്ടുണ്ട്. എന്നാല് പ്രസ്തുത പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജനയില് ഉള്പ്പെടുത്തി പുതിയ പദ്ധതി നിര്ദ്ദേശം തയ്യാറാക്കുവാന് നിര്ദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തില് തുടര്നടപടികള് സ്വീകരിച്ചുവരികയാണ്. പദ്ധതി നടപ്പിലാക്കാന് കാലതാമസമുണ്ടെങ്കില് മന്ത്രി തലത്തില് യോഗം വിളിച്ച് ചേര്ക്കുന്നതാണ്.

**നബാര്ഡ് സഹായത്തോടെയുള്ള വാട്ടര്ഷെഡ് പദ്ധതികള്**

52 (1159) ശ്രീ. ജോര്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങള്ക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വര്ഷം നബാര്ഡ് സഹായത്തോടെ കോഴിക്കോട് ജില്ലയില് അംഗീകാരം ലഭിച്ച വാട്ടര്ഷെഡ് പദ്ധതികളേതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ മഞ്ഞുവയല് വാട്ടര്ഷെഡ് പദ്ധതിക്ക് നിര്ദ്ദേശം ലഭിച്ചിരുന്നോ;

(സി) പദ്ധതിക്ക് അനുമതി ലഭിക്കുന്നതിന് നടപടികള് സ്വീകരിക്കുമോ?

ഉത്തരം

(എ) നബാര്ഡ് സഹായത്തോടെ 2016-17 സാമ്പത്തിക വര്ഷം കോഴിക്കോട് ജില്ലയിലെ ഓടേരിപൊയ്യില് നീര്ത്തട പദ്ധതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി പ്രവര്ത്തനങ്ങള് പുരോഗമിച്ചുവരുന്നു.

(ബി) കോടഞ്ചേരി ഗ്രാമപഞ്ചായത്തില് ഉള്പ്പെടുന്ന മഞ്ഞുവയല് നീര്ത്തട പദ്ധതിക്ക് സെക്ടറല് അലോക്കേഷന് പരിമിതിമൂലം അനുമതി ലഭിച്ചില്ല.

(സി) നബാര്ഡ് മുഖേന നടപ്പിലാക്കുന്ന ആര്.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തില് ടി പദ്ധതി ഉള്പ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

**കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം**

53 (1160) ശ്രീ. എ. എന്. ഷംസീര് : താഴെ കാണുന്ന ചോദ്യങ്ങള്ക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഈ സര്ക്കാര് അധികാരത്തില് വന്നതിനുശേഷം കൃഷിനാശം സംഭവിച്ച എത്ര കര്ഷകര്ക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ച 120933 കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | നഷ്ടപരിഹാരം നൽകിയ കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10392 |
| 2 | കൊല്ലം | 5158 |
| 3 | പത്തനംതിട്ട | 202 |
| 4 | ആലപ്പുഴ | 24170 |
| 5 | കോട്ടയം | 1202 |
| 6 | ഇടുക്കി | 8582 |
| 7 | എറണാകുളം | 7870 |
| 8 | തൃശ്ശൂർ | 9728 |
| 9 | പാലക്കാട് | 7031 |
| 10 | മലപ്പുറം | 5604 |
| 11 | കോഴിക്കോട് | 21081 |
| 12 | വയനാട് | 15367 |
| 13 | കണ്ണൂർ | 3729 |
| 14 | കാസർഗോഡ് | 817 |
| | ആകെ | 120933 |

### കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാര തുക

54 (1161) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഈ സർക്കാർ വരുന്നതിനുമുമ്പ് എത്രയായിരുന്നുവെന്ന് വിശദമാക്കാമോ; ഈ തുക എന്ന് നിശ്ചയിച്ചതായിരുന്നു;

(ബി) ഈ തുക ഈ സർക്കാർ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വിളകൾക്കും നൽകുന്ന നഷ്ടപരിഹാര തുക എത്ര വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് 25-3-1995-ൽ നിശ്ചയിച്ച വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുകയാണ് നാളിതുവരെ നൽകിവന്നിരുന്നത്. ടി നഷ്ടപരിഹാര തുക 22-3-2017 മുതൽ കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നെൽകൃഷി വികസനത്തിന് ആവിഷ്കരിച്ച പദ്ധതി**

55 (1162) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഹെക്ടർ സ്ഥലത്താണ് പുതുതായി നെൽകൃഷി ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) എത്ര ടൺ നെല്ലാണ് ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഉല്പാദിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സുസ്ഥിര നെൽകൃഷി വികസനം: ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്: നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം: പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല ആന്റ് ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി: പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008: ഡാറ്റാ ബാങ്ക് വാലി ഡേഷൻ-കെ.എസ്.ആർ.ഇ.സി.-യുടെ സഹക രണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. കരനെൽകൃഷി വികസനം: സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക്: ഈ വർഷം ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7,000 രൂപ (5800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതല അവാർഡ്: ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം: ഹെക്ടറിന് 10,000 രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം: ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം: ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം: ഇതിലേയ്ക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി: ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 5746.092 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയുണ്ടായി. കരനെൽകൃഷി 2752.092 ഹെക്ടർ, തരിശുനില കൃഷി 2900 ഹെക്ടർ, ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി ആക്കിയത് 94 ഹെക്ടർ.

(സി) 2016-17-ലെ ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

**ജൈവ പദ്ധതി എന്ന പേരിൽ വിൽക്കുന്ന പച്ചക്കറികൾ**

56 (1163) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറി എന്ന പേരിൽ വിൽക്കുന്ന പച്ചക്കറികൾ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം വിൽക്കപ്പെടുന്ന പച്ചക്കറി സ്റ്റാളുകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നല്ല കൃഷി മുറകൾ പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളാണ് സുരക്ഷിത പച്ചക്കറികൾ എന്ന പേരിൽ ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തി വരുന്നത്. ക്ലസ്റ്ററിലെ കാർഷിക പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. മാത്രമല്ല സാമ്പിളുകൾ പരിശോധനയ്ക്കായി വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ അയച്ച് ഫലം പരസ്യപ്പെടുത്തുന്നുണ്ട്.

(ബി) വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലെ ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പച്ചക്കറി സ്റ്റാളുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇതുവഴി കമ്പോളത്തിലെ പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് അവബോധം ലഭിക്കുന്നുണ്ട്.

**ഇന്റേണൽ ഓഡിറ്റ് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കുവാൻ നടപടി**

57 (1164) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ വകുപ്പുതല ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ടെങ്കിൽ അത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ;

(സി) ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പുതല ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ട്.

(ബി) ജില്ലാ ഓഫീസുകളുടെ കീഴിൽ രണ്ട് ക്ലാർക്കും ഒരു സൂപ്രണ്ടും വീതമുള്ള രണ്ട് ഓഡിറ്റ് ടീമും ആസ്ഥാന കാര്യാലയത്തിൽ 3 സൂപ്രണ്ടും 8 ക്ലാർക്കും അടങ്ങുന്ന ഓഡിറ്റ് ടീമും പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ ആഡിറ്റ് ടീം അതതു ജില്ലയിലെ കൃഷി ഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, സ്റ്റേറ്റ് ഫാം ആസ്ഥാന കാര്യാലയത്തിലെ ഓഡിറ്റ് ടീം 14 ജില്ലകളിലെ 50-ഓളം ഓഫീസുകളിലുമാണ് ഇന്റേണൽ ഓഡിറ്റ് നടത്തുന്നത്.

(സി) ജില്ലാ തലത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറേറ്റിലെ O &M വിഭാഗം, ആഡിറ്റ് വിഭാഗം എന്നിവ ജില്ലാ ഓഫീസുകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ**

58 (1165) ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്; ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്;

(ബി) കേരളത്തിന് നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് ഹരിതകേരളം പദ്ധതി ഏതെല്ലാം തരത്തിൽ സഹായകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയിലെ ഘടകമായ കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. ഇതിലുൾപ്പെടുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. മാലിന്യ സംസ്കരണം
2. നെൽകൃഷി വികസനം
3. പച്ചക്കറി വികസനം
4. തെങ്ങുകൃഷി വികസനം
5. മൂല്യവർദ്ധനവ്

ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ് :

(എ) <u>മാലിന്യ സംസ്കരണം:</u>

- മണ്ണിര കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് വീട്ടുവളപ്പിലെയും പൊതു സ്ഥലങ്ങളിലെയും ജൈവമാലിന്യങ്ങളും വിള അവശിഷ്ടങ്ങളും സംസ്കരിച്ച് വളമാക്കിയും ഇന്ധനമാക്കിയും മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നമാക്കിയും മാറ്റി കൃഷിക്കായി ഉപയോഗിക്കുന്നു.

- നഗരങ്ങളിലെ ഗാർഹിക അവശിഷ്ടങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്ന ജൈവ വളങ്ങളും അടുക്കളയിൽ നിന്നുള്ള മലിനജലവും ഉപയോഗിച്ച് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് മിനി പോളിഹൗസുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

(ബി) <u>നെൽകൃഷി വികസനം:</u>

- നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി ഉയർത്തുക, ഇതിനായി നിലവിലുള്ള നെൽപാടങ്ങളിൽ കൃഷിയിറക്കുന്നതിനോടൊപ്പം തരിശുനിലങ്ങൾ, കരനിലങ്ങൾ എന്നിവയിൽ പരമാവധി കൃഷിയിറക്കുക.

- പ്രത്യേക നെല്ലിനങ്ങളുടെയും പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക.

- കുട്ടനാട്, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ പ്രദേശങ്ങളിൽ നെല്ലിനായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ച് പരമാവധി ഉൽപ്പാദനവും മെച്ചപ്പെട്ട വിപണന സൗകര്യവും ഉറപ്പുവരുത്തുക.

- നെൽവർഷത്തിന്റെ ഭാഗമായി കുട്ടികളെ നെൽകൃഷിയുമായി പരിചയപ്പെടുത്തി വരുംതലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക.

(സി) <u>പച്ചക്കറി വികസനം:</u>

- വീട്ടുവളപ്പിലെ കൃഷി, സ്കൂൾ, പച്ചക്കറി കൃഷി, വിവിധ സ്ഥാപനങ്ങളിലെ കൃഷി, തരിശുനില കൃഷി എന്നിവ നടപ്പിലാക്കി പച്ചക്കറി കൃഷിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക.

- പച്ചക്കറികൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളെ കണ്ടെത്തി അവിടെ പ്രത്യേക കാർഷിക മേഖലകളായി തരംതിരിച്ച് വായ്പാ സൗകര്യം, മേൽത്തരം വിത്ത്, മറ്റ് ഉൽപ്പാദ നോപാധികൾ, യന്ത്രവൽക്കരണം എന്നിവ ലഭ്യമാക്കി നല്ല കാർഷികമുറകൾ അവലംബിച്ച് കർഷക കൂട്ടായ്മ യിലൂടെ സുരക്ഷിത പച്ചക്കറികളുടെ പരമാവധി ഉൽപ്പാദനം കൈവരിക്കുക.

- ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തമാക്കി പുതുമ നഷ്ടപ്പെടാതെ അവ കൃഷിയിടങ്ങളിൽനിന്നും വിപണിയിലേയ്ക്ക് എത്തിച്ച് കർഷകന് മികച്ച വരുമാനം ഉറപ്പുവരുത്തുക.

(ഡി) <u>തെങ്ങ് കൃഷി വികസനം:</u>

- ഉത്പാദനക്ഷമതയുള്ള തെങ്ങിൻതോട്ടങ്ങളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുക.

- ഒരു പ്രദേശത്തെ പ്രായാധിക്യം വന്നതും രോഗബാധിതവും ഉൽപ്പാദന ക്ഷമതയില്ലാത്തതുമായ തെങ്ങുകൾ മുറിച്ചു മാറ്റി അവിടെ ശാസ്ത്രീയമായ രീതിയിൽ ഉൽപ്പാദന ക്ഷമതയുള്ള കുറിയ/സങ്കരയിനം തെങ്ങിൻതൈകൾ നട്ടുപിടിപ്പിച്ച് ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്ന തിനോടൊപ്പം വിളവെടുപ്പ് അനായാസകരമാക്കുക.

- മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ നീര, ശുദ്ധമായ തെങ്ങിൻ കള്ള് എന്നിവയ്ക്ക് മികച്ച വിപണി ഉറപ്പുവരുത്തി കൃഷിക്കാരന്റെ വരുമാനം മെച്ചപ്പെടുത്തുക.

- തെങ്ങിന് രൂക്ഷമായ നാശനഷ്ടം വരുത്തുന്ന കൊമ്പൻചെല്ലി എന്ന കീടങ്ങളെയും ഓലചീയൽ, മണ്ടചീയൽ തുടങ്ങിയ രോഗങ്ങളെയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ സംഘടിപ്പിക്കുക.

(ഇ) <u>മൂല്യ വർദ്ധനവ്:</u>

കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം, ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ഡിമാന്റ്, സീറോ വേസ്റ്റേജ്, കാർഷിക

മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ, കൂടുതൽ ആൾക്കാരെ പ്രത്യേകിച്ച് ചെറുപ്പക്കാരെ ഈ മേഖല യിലേയ്ക്ക് ആകർഷിക്കൽ, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത വസ്തുക്കൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉണ്ടാക്കുന്നതിനുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുക എന്നിവ ലക്ഷ്യമിടുന്നു.

(ബി) കാർഷികാധിഷ്ഠിതമായ ഒരു സംസ്കാരമാണ് കേരളത്തിൽ നിലനിന്നിരുന്നത്. വ്യാവസായിക വളർച്ച, കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം, വർദ്ധിച്ച കൂലിച്ചെലവ്, ഉത്പാദനോപാധികളുടെ വില വർദ്ധനവ് എന്നിവ മൂലമുണ്ടാകുന്ന കൃഷിച്ചെലവിലെ ആകെ വർദ്ധനവ്, ആനുപാതികമായി ഉയരാത്ത ഉത്പന്നവില, ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിലുണ്ടായ അലംഭാവം എന്നിവ കാർഷിക മേഖലയെ അനാകർഷകമാക്കി. ഹരിത കേരളം പദ്ധതിയിൽ അടിസ്ഥാന വിളകളുടെ വികസനം, കൃഷി/തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് ജൈവ രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കാർഷികോത്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും പ്രത്യേകം ഊന്നൽ നൽകുന്നു. ഇപ്രകാരം കൃഷി ഒരേ സമയം ലാഭകരവും അന്തസുള്ളതുമായ ഒരു തൊഴിൽ മേഖലയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ പ്രേരിപ്പിക്കാനും ഹരിത കേരളം പദ്ധതി സഹായകരമാകും.

**കുട്ടനാട് പാക്കേജ്**

59 (1166) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട് പാടശേഖരങ്ങളുടെ സംരക്ഷണത്തിനും മറ്റുമായി 75% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ കുട്ടനാട് പാക്കേജ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക എത്രയാണ് ; വിശദമാക്കുമോ;

(ബി) കുട്ടനാട് പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്; അവയിൽ ഏതെല്ലാം നടപ്പിലാക്കി; ഓരോന്നിനും അനുവദിച്ച തുകയും ചെലവായ തുകയും എത്രയാണ്; വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആരായിരുന്നു; പാക്കേജ് നടപ്പിലാക്കിയതിനുശേഷം കുട്ടനാട്ടിൽ നെൽകൃഷി എത്രശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാടശേഖരങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും മറ്റുമായി നടപ്പിലാക്കിയ കുട്ടനാട് പാക്കേജ്, കൃഷി അനുബന്ധ മേഖലകൾ, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇതിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾക്കായി കേന്ദ്ര പദ്ധതികളിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| കേന്ദ്ര പദ്ധതികൾ | അനുവദിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|
| ആർ.കെ.വി.വൈ. സീഡ് വില്ലേജ് പദ്ധതി, ആത്മ, നാളികേര വികസന ബോർഡ് പദ്ധതി, ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി | 8564.12 |

| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | അനുവദിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|
| ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി, ആർ.ഐ.ഡി.എഫ്. പദ്ധതികൾ | 360.79 |

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പാക്കേജിൽ ഉൾപ്പെട്ട മേൽ പരാമർശിച്ച പദ്ധതികളുടെ നിർവ്വഹണ ഏജൻസി കൃഷി വകുപ്പായിരുന്നു. കുട്ടനാട് പാക്കേജ് പ്രകാരം ഓണാട്ടുകര മേഖലയായ ഹരിപ്പാട്, ചാരുമൂട്, മാവേലിക്കര, കായംകുളം എന്നീ പ്രദേശങ്ങളിൽ 1143 ഹെക്ടർ സ്ഥലത്ത് തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി. റാണി ചിത്തിര കായലുകളിലെ 500 ഹെക്ടർ കൃഷിയോഗ്യമാക്കി. കുട്ടനാട് പാക്കേജ് ആരംഭിച്ച 2009-10 വർഷത്തിൽ 35523 ഹെക്ടറിലായിരുന്ന പുഞ്ചകൃഷി 36630 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. ഇപ്രകാരം കൃഷി ചെയ്യുന്ന വിസ്തൃതിയിൽ 10 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത

60 (1167) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാരിന് പച്ചക്കറി കൃഷി എത്ര വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു; മുൻവർഷങ്ങളുമായി ഒരു താരതമ്യ പഠനം നടത്തി വിശദാംശം ലഭ്യമാക്കാമോ;

(സി) ജൈവ പച്ചക്കറി സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കൃഷിഭവൻ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
4. ജില്ലാ ക്ലസ്റ്ററുകളുടെ വികസനം
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
6. പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ
7. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
8. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
9. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം
10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
11. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.

വി.എഫ്.പി.സി.കെ. വഴി 6 കോടി രൂപയുടെ താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു :

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം
- ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്യുക
- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക
- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2 ശതമാനം പലിശ സബ്സിഡി അനുവദിക്കുക
- പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക
- വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതിയും, നഗരപ്രദേശങ്ങളിലെ വീടുകളിൽ 'ഹരിതനഗരി' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി)

| വർഷം | ഉല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2014-15 | 5.98 |
| 2015-16 | 6.28 |
| 2016-17 | 7.25 |

(മൂന്നാം വിളയുടെ വിളവെടുപ്പ് പൂർത്തിയായിട്ടില്ല)

വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി മുൻ വർഷത്തേക്കാൾ 10 ശതമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ 1800-ഓളം ഗുണഭോക്താക്കൾ മുൻ വർഷത്തേക്കാൾ വർദ്ധിക്കുകയും ഏകദേശം 300 ടണ്ണോളം ഉല്പാദനം കൂടുകയും ചെയ്തു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഇടുക്കി ജില്ലയിൽ 2000 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു.

(സി) നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇത്തരത്തിൽ സുരക്ഷിതമായ പഴം-പച്ചക്കറികൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക് എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തിവരുന്നു. ഇതിനായി ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകി. കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. വിഷരഹിത പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചു കൃഷി ചെയ്തു വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി നല്ല കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽനിന്നും കാർഷികോത്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും, മുനിസിപ്പാലിറ്റികളിലുമുള്ള റസിഡന്റ്സ് അസോസിയേഷൻ മുഖേന ഉപഭോക്താക്കൾക്ക് വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകിവരുന്നു.

**പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി പദ്ധതി**

61 (1168) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പരമ്പരാഗത നെൽകൃഷിയുടെ വിസ്തൃതി എത്രത്തോളം വർദ്ധിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനും ആയതിന്റെ വിസ്തീർണ്ണം പരമാവധി വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2017-18 വർഷം പരമ്പരാഗത നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല ആന്റ് ഗന്ധകശാല, രക്തശാലി മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ വയനാട് പാക്കേജ് പദ്ധതിയിൽ പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണത്തിനായി വയനാട് ജില്ലയ്ക്ക് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്ത് ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ബി) പരമ്പരാഗത നെൽകൃഷി സംരക്ഷിക്കുന്നതിനായി പരമ്പരാഗത നെല്ലിനങ്ങളുടെ വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് G.O.(Rt.) No.163/2017/Agri. Dated 17-2-2017 പ്രകാരം 2016-17-ൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സവിശേഷ ഇനങ്ങൾ ഉൾപ്പെടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം 2017-18 എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് 888.57 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി എന്നിവയുടെ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.

**പാലക്കാട് ജില്ലയിൽ അഗ്രോ ബസാറുകൾ**

62 (1169) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം തുടങ്ങുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപുറത്തും ശ്രീകൃഷ്ണപുരത്തും അമ്പലപ്പാറയിലും അഗ്രോബസാറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ ഒരു അഗ്രോ സൂപ്പർ ബസാർ തുടങ്ങുന്നതിന് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് പ്രൊപ്പോസൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കർഷകർക്ക് പ്രോവിഡന്റ് ഫണ്ട്**

63 (1170) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യം എങ്ങനെയാണ് നൽകുന്നത്; ആരാണ് ഈ ഫണ്ടിന്റെ കസ്റ്റോഡിയൻ; ഫണ്ട് എവിടെയാണ് നിക്ഷേപിക്കുന്നത്; മൊത്തം ഈ ഫണ്ടിൽ എത്ര രൂപയുണ്ട്; എത്ര തൊഴിലാളികൾ അംഗങ്ങളായുണ്ട്; എത്ര രൂപ പലിശ നൽകുന്നു; എത്ര തുക വരെ ലോൺ കിട്ടും; എന്തൊക്കെയാണ് മാറ്റാനുകൂല്യങ്ങൾ; തൊഴിലാളികൾക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണമെന്താണ് ;

(ബി) ഇതേ മാതൃകയിൽ കർഷകർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പാക്കുമോ; ഇതിനായി എന്തൊക്കെ ചെയ്യേണ്ടതുണ്ട്; കേന്ദ്ര സർക്കാറിന്റെ അനുവാദം വാങ്ങേണ്ടതുണ്ടോ; ഇതിനെപ്പറ്റി പഠിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇത് സർക്കാരിന് വരുമാനം ആകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 1-9-1987-ലെ സ.ഉ.(എംഎസ്.)നമ്പർ202/1987/എ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്കായി ഒരു പ്രോവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറാണ് ഈ പ്രോവിഡന്റ് ഫണ്ടിന്റെ കസ്റ്റോഡിയൻ. സർക്കാർ ഖജനാവിലേക്കാണ് ഫണ്ട് അടയ്ക്കുന്നത്. (ശീർഷകം 8009-01-101-89) കാലാകാലങ്ങളിൽ തുക പിൻവലിക്കലും വരിസംഖ്യ ഒടുക്കലും, തിരിച്ചടവും നടക്കുന്നതിനാൽ ഫണ്ടിലെ ആകെ തുക കൃത്യമായി എത്രയാണെന്ന് പറയാനാകില്ല. 1800-ഓളം സ്ഥിരം തൊഴിലാളികൾ ഫണ്ടിൽ അംഗങ്ങളായുണ്ട്. 8.7 ശതമാനം പലിശയാണ് ലേബർ പ്രോവിഡന്റ് ഫണ്ടിന് ഇപ്പോൾ നൽകി വരുന്നത്. നീക്കിയിരിപ്പുതുകയുടെ 3/4 ശതമാനം ലോണായി എടുക്കാവുന്നതാണ്.

ലേബർ പ്രോവിഡന്റ് ഫണ്ടിൽ നിന്നും മറ്റ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. "The Agriculture and Farm Workers Pension Rule" പ്രകാരം പെൻഷൻ ലഭിച്ചിരുന്ന കൃഷി വകുപ്പിലെ സ്ഥിരം ഫാം തൊഴിലാളികൾക്ക് 1-4-2013-ന് ശേഷം തുടർന്നും ടി ചട്ടങ്ങൾ തന്നെയാണ് ബാധകമാവുക. എന്നാൽ 1-4-2013-ന് ശേഷം പ്രൊമോഷൻ മുഖേന സ്ഥിരം തൊഴിലാളികളുടെ ഒഴിവിലേക്ക് നിയമിതരായവർക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകമാവുക.

(ബി) നിലവിൽ പരിഗണനയിലില്ല. എന്നാൽ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**നെൽകൃഷി വികസനത്തിനായി പദ്ധതി**

64 (1171) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നുണ്ട്;

(ബി) നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2015-16 വർഷം 1.96870 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയുണ്ടായി. എന്നാൽ 2016-17 വർഷത്തെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) നെൽകൃഷി വികസനത്തിനായി മലയാള വർഷം 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ നെല്ലിന്റെ വർഷമായി പ്രഖ്യാപിച്ച് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെൽകൃഷി വികസനത്തിനായി 2017-18 വർഷം ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. നെൽവയലുകൾ സംരക്ഷിക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ഡാറ്റാബാങ്ക് വാലിഡേഷൻ

6. കരനെൽകൃഷി വികസനമ്പർ
7. തരിശ്ശുനിലങ്ങളിൽ നെൽകൃഷി
8. തരിശ്ശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതല അവാർഡ്.
9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായുള്ള ധനസഹായം
10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടി സ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം
11. നെൽവർഷത്തോടനുബന്ധിച്ച് നെൽ കൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം
12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം
13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.

**വാമനപുരം മണ്ഡലത്തിലുള്ള കൃഷി വകുപ്പിന്റെ ഓഫീസുകൾ**

65 (1172) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനാപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ കൃഷിവകുപ്പിനു കീഴിലുള്ള ഓഫീസുകളുടെ വിവരം നൽകാമോ ;

(ബി) നിലവിലുള്ള തസ്തികകളിൽ ഏതെല്ലാം ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 1. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, വാമനപുരം.

2. കൃഷി ഭവൻ, കല്ലറ.
3. കൃഷി ഭവൻ, നന്ദിയോട്.
4. കൃഷി ഭവൻ, നെല്ലനാട്.
5. കൃഷി ഭവൻ, പാങ്ങോട്.
6. കൃഷി ഭവൻ, പെരിങ്ങമല.
7. കൃഷി ഭവൻ, പുല്ലമ്പാറ.

8. കൃഷി ഭവൻ, വാമനപുരം.
9. ബനാന നഴ്സറി, പെരിങ്ങമല.
10. കൃഷി ഭവൻ, പനവൂർ.
11. കൃഷി ഭവൻ, ആനാട്.
12. ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല.

(ബി) 1. കൃഷി ഭവൻ, പുല്ലമ്പാറ – പാർട്ട് ടൈം സ്വീപ്പർ - 1

2. ബനാന നഴ്സറി, പെരിങ്ങമല – വാച്ച്മാൻ- 1

ഓഫീസ് അറ്റൻഡന്റ് - 1

3. ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല – വാച്ച്മാൻ - 1

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി**

66 (1173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിലവിലുള്ള പദ്ധതികളിൻമേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം;

(ബി) ഈ സർക്കാരിന്റെ കാലത്ത് കൂടുതലായി എത്ര ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്തി ; ഇതിന്റെ ഫലമായി ഉൽപ്പാദനം എത്ര വർദ്ധിച്ചു ; വിശദവിവരം നൽകുമോ;

(സി) അരിയുടെ കാര്യത്തിൽ സ്വയംപര്യപ്തത കൈവരിക്കുന്നതിനായി വ്യക്തമായ പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർത്തുകൊള്ളുന്നു:

1. 2017-18 വർഷം പരമ്പരാഗത നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി നിലവിലുള്ള പദ്ധതി പ്രകാരം ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ വയനാട് പാക്കേജ്

പദ്ധതിയിൽ പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണത്തിനായി വയനാട് ജില്ലയ്ക്ക് പ്രത്യേക പദ്ധതിയും ആസൂത്രണം ചെയ്യുന്നുണ്ട്. മാത്രവുമല്ല സവിശേഷ ഇനങ്ങൾ ഉൾപ്പെടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്. കൂടാതെ ബ്ലോക്ക് തലത്തിൽ പാടശേഖരങ്ങളെ സംയോജിപ്പിച്ചു കൊണ്ട് നെൽകൃഷി വികസനത്തിനായി 1200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

2. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഈ വർഷം ഒരു ഹെക്ടറിന് 30,000 രൂപാ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7,000 രൂപ (5,800 രൂപ കർഷകനും 1,200 രൂപ ഭൂഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുംപുറമെ തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ് (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി) നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് തരിശായി കിടന്ന 14130 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി നടപ്പിലാക്കി. 2016-17-ലെ ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) അരിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് ആവശ്യമായ അത്രയും അരി പൂർണ്ണമായും ഉല്പാദിപ്പിച്ച് സ്വയംപര്യാപ്തതയിലെത്തുക വളരെ പ്രയാസമായിരിക്കും. എന്നാൽ നെൽകൃഷി വ്യാപിപ്പിച്ചുകൊണ്ടും, തരിശുകിടക്കുന്ന നെൽ വയലുകൾ പൂർണ്ണമായും കൃഷിയോഗ്യമാക്കിയും ഒരുപ്പൂകൃഷി ഇരുപ്പൂ ആക്കിയും, നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും ഇന്നത്തെ ഉല്പാദനം ഇരട്ടിയെങ്കിലും ആക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം:

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാട ശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008:

ഡാറ്റാ വാലിഡേഷൻ കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണ ത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

7. <u>തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്</u>:

ഈ വർഷം ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000 (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1,090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. <u>തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതല അവാർഡ്</u>:

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ട് അടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. <u>ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം</u>:

ഹെക്ടറിന് 10,000 രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. <u>നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം</u>:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. <u>നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം</u>:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. <u>പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം</u>:

ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. <u>രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി</u>:

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കേരളത്തിലെ നെല്ല് ഉത്പാദനം

67 (1174) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ നെല്ല് ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ കർഷകർക്ക് നൽകി വരുന്നുണ്ടോ; എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2016-17-ലെ നെല്ലിന്റെ ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ തരിശുകിടന്ന 5746.092 ഹെക്ടർ സ്ഥലത്ത് പുതിയതായി ഈ സർക്കാർ വന്നതിന് ശേഷം കൃഷി ഇറക്കിയിട്ടുണ്ട്.

(ബി&സി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ മുഖാന്തിരം കർഷകർക്ക് ധനസഹായം നൽകി വരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം:

   ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

   നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല& ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>:

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. <u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008</u>:

ഡാറ്റാ ബാങ്ക് വാലിഡേഷൻ കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. <u>കരനെൽകൃഷി വികസനം</u>:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. <u>തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്</u>:

ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കും) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില

നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000 (5,800 രൂപ കർഷകനും 1200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1,090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത്തല അവാർഡ്:

ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായുള്ള ധനസഹായം:

ഹെക്ടറിന് 10,000 രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം:

ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി:

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പട്ടുനൂൽ കൃഷിയുടെ വ്യാപനത്തിനായി നടപടി

68 (1175) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുനൂൽ കൃഷിയുടെ വ്യാപനത്തിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ ഭാഗങ്ങളിലാണ് പട്ടുനൂൽ കൃഷി ചെയ്തു വരുന്നതെന്നും, ഈ കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടുനൂൽ കൃഷിയുടെ വ്യാപനത്തിനുള്ള നടപടികൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 'സെറിഫെഡ്' (കേരള സംസ്ഥാന സെറികൾച്ചർ കോ- ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ്) മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ കൃഷിത്തോട്ടങ്ങൾ

69 (1176) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിന് കീഴിൽ എത്ര കൃഷിത്തോട്ടങ്ങൾ നിലവിലുണ്ട്;

(ബി) ഈ തോട്ടങ്ങളിൽ കൃഷി വൈവിധ്യവത്കരണത്തിന്റെ ഭാഗമായി വിള പരിവർത്തനം നടത്തിയിട്ടുണ്ടോ;

(സി) ഈ തോട്ടങ്ങളിലൂടെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രം കാസർഗോഡ്, സംസ്ഥാന വിത്തുല്പാദന കേന്ദ്രം പുല്ലൂർ, കാഷ്യൂ പ്രൊജനി ഓർച്ചാഡ് ആദൂർ - ഗ്വാളിമുഖ എന്നിങ്ങനെ മൂന്ന് കൃഷിത്തോട്ടങ്ങൾ നിലവിലുണ്ട്.

(ബി) ഉണ്ട്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിൽ നെൽവിത്തിനുപുറമേ, പച്ചക്കറി വിത്തുകൾ, ഫല വർഗ്ഗ ഗ്രാഫ്റ്റുകൾ, കുരുമുളക് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മേൽ തോട്ടങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും എസ്. എച്ച്.എം. പദ്ധതികളിലും, അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കശുമാവ് തുടങ്ങിയ ഫല വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ എന്നിവ വിതരണം ചെയ്തു വരുന്നു. ടി നടീൽ വസ്തുക്കൾ, കൃഷി ഭവനുകളിലൂടെയും, ഫാമുകളിൽനിന്ന് നേരിട്ടും, സർക്കാർ ഏജൻസികളിലൂടെയുമാണ് നൽകിവരുന്നത്. ഈ ഫാമുകളിൽ നിന്നുമുള്ള നടീൽ വസ്തുക്കളും മറ്റു ഉൽപ്പന്നങ്ങളും ത്രിതല പഞ്ചായത്തുകളുടെ കാർഷിക പ്രോജക്ടുകൾക്ക് വേണ്ടിയും നൽകിവരുന്നുണ്ട്.

**കർഷകസേവന കേന്ദ്രങ്ങൾ**

70 (1177) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2016-17-ൽ അനുവദിച്ച 20 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം കേന്ദ്രങ്ങൾ വഴി യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക, കർഷകർക്ക് കാർഷിക യന്ത്രങ്ങളുടേയും, കർഷക തൊഴിലാളികളുടേയും ലഭ്യതയും സേവനവും ഉറപ്പുവരുത്തി തരിശ് ഭൂമി കൃഷി യോഗ്യമാക്കുക, കർഷകർക്ക് ആവശ്യമായ മറ്റ് കാർഷിക സേവനങ്ങൾ, ജൈവ ഉൽപാദനോപാധികൾ (തൈകൾ, ജൈവവളം/കീടനാശിനി മുതലായവ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

(ബി) കൃഷി ഡയറക്ടറേറ്റിലെ മോണിറ്ററിംഗ് & ഇവാലുവേഷൻ വിഭാഗം, 2013-14-ൽ ആരംഭിച്ച 35 അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളുടെ ലക്ഷ്യം, ഘടന, പ്രവർത്തനം, നൽകുന്ന സേവനങ്ങൾ, യന്ത്രവൽക്കരണം, നടപ്പിലാക്കിയ തുടർ കാർഷിക പ്രവർത്തനങ്ങൾ, പ്രശ്നങ്ങൾ, സാധ്യതകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2014-15, 2015-16 എന്നീ വർഷങ്ങളിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സെന്റർ ഫോർ മാനേജ്മെന്റ് ഡെലപ്മെന്റ് (CMD)-നെക്കൊണ്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും, പ്രവർത്തനം കൂടുതൽ കർഷകർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി സേവനകേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ആശ (ASHA-Automation System for Agro Services and Hiring Centre Activities ) എന്ന പേരിൽ വെബ് അധിഷ്ഠിത ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി ഈ സേവന കേന്ദ്രങ്ങളിലെ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം വീട്ടിലിരുന്ന് ഓൺലൈൻ വഴി ലഭ്യമാകുന്നതാണ്. ഇവ കൂടാതെ 2017-18 വർഷം ഒരു അപ്പെക്സ് ബോഡി രൂപീകരിച്ച് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്.

**വിഷരഹിതമായ പച്ചക്കറികൾ**

71 (1178) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽനിന്നും വിലകുറച്ച് വിഷരഹിതമായ പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഹോർട്ടികോർപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ;

(ബി) 1-4-2017-ലെ കണക്ക് പ്രകാരം ഓരോ ഇനം പച്ചക്കറികളുടെയും പൊതുവിപണിയിലെയും ഹോർട്ടികോർപ്പിലെയും വിലനിലവാരം പ്രസിദ്ധീകരിക്കാമോ;

(സി) വില കുറച്ച് വിഷരഹിതമായി പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഹോർട്ടികോർപ്പിന് എന്തെല്ലാം രീതിയിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും വിഷരഹിത പച്ചക്കറികൾ ന്യായ വില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഹരിത വില്പന യൂണിറ്റുകളിലൂടെയും മൊബൈൽ യൂണിറ്റുകളിലൂടെയും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിപണികളിൽ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്നു നിൽക്കുന്ന അവസരങ്ങളിൽ കർഷകർക്ക് ന്യായ വില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിനും കമ്പോളവിലയേക്കാൾ 10% വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മൂന്നാറിൽ കാർഷിക മാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടി**

72 (1179) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ കാർഷിക മാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് കാർഷിക മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണം പുരോഗമിക്കുന്നു.

**വരൾച്ചയും കൃഷിനാശവും**

73 (1180) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമാകെ കൊടും വേനലും ജലദൗർലഭ്യവും മൂലമുണ്ടായ വരൾച്ചയും കൃഷിനാശവുംമൂലം 2016-17 വർഷം എത്ര തുകയുടെ കൃഷി നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, അടയ്ക്ക, വാഴ, കുരുമുളക്, പച്ചക്കറി, കാപ്പി, റബ്ബർ, ഇഞ്ചി തുടങ്ങി സുഗന്ധ ദ്രവ്യങ്ങൾ ഉൾപ്പെടെ ഓരോ മേഖലയിലേയും കർഷകരെ വേനലും, മഴക്കുറവും, ജലദൗർലഭ്യവും ഏത് വിധത്തിൽ ബാധിച്ചു എന്നും ഓരോ മേഖലയിലും സംഭവിച്ച കൃഷിനാശം എത്ര എന്നും വ്യക്തമാക്കുമോ;

(സി) വരൾച്ച നേരിടാനും കർഷകരെ സഹായിക്കാനുമായി കേന്ദ്ര സർക്കാരിനോട് എത്ര തുക ആവശ്യപ്പെട്ടുവെന്നും എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, ഏലം, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(സി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ സന്ദർശിച്ച് വരൾച്ചാ മെമ്മോറാണ്ടം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

74 (1181) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ഏപ്രിൽ മുതൽ നാളിതുവരെ എത്ര ടൺ പച്ചത്തേങ്ങ കയറ്റുമതി ചെയ്തു; ഏറ്റവും കൂടുതൽ പച്ചത്തേങ്ങ കയറ്റുമതി ചെയ്യുന്നത് ഏത് രാജ്യത്തേക്കാണ്; മറ്റ് ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു;

(ബി) സംസ്ഥാനത്ത് നാളികേര ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഇറക്കുമതി ചെയ്യുന്നത്; എത്ര തുകയ്ക്ക് ഇറക്കുമതി ചെയ്തു; മുൻ വർഷം ഇതേ കാലയളവിലെ കണക്കുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016 ഏപ്രിൽ മുതൽ നവംബർ വരെ 68978.37 മെട്രിക് ടൺ പച്ചത്തേങ്ങ ഇന്ത്യയിൽനിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്തത് 30422.49 മെട്രിക് ടൺ ആണ്. പച്ചത്തേങ്ങ പ്രധാനമായി കയറ്റുമതി ചെയ്യുന്നത് ചൈന, യു.എ.ഇ., ഇറാൻ, യു.കെ., ഡൊമിനിക്കൻ റിപ്പബ്ലിക്, ഒമാൻ, ബഹറിൻ, കുവൈറ്റ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്കാണ്. പഴം (വാഴപ്പഴം) പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയാണ് കയറ്റുമതി ചെയ്യുന്ന മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ.

(ബി) ഉണ്ട്. 2016 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ 291.15 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ രാജ്യത്ത് ഇറക്കുമതി ചെയ്തിട്ടുണ്ട്. 2015-ൽ ഇതേ കാലയളവിൽ 261.38 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് ഇറക്കുമതി ചെയ്തിരുന്നത്. കൊപ്ര എക്സ്പെല്ലർ കേക്ക് ( തേങ്ങാ പിണ്ണാക്ക്) കോക്കനട്ട് ഫാറ്റി ആസിഡ് എന്നീ ഉല്പന്നങ്ങളാണ് പ്രധാനമായും (ഏകദേശം 90%-ത്തോളം) ഇറക്കുമതി ചെയ്യുന്നത്.

(സി) സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് 2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർവീതം കേരകൃഷി വിസ്തൃതിയുള്ള പുതിയ 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പുതിയ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. അതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേരവികസന പദ്ധതികൾക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാംപയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**ചെട്ടിപ്പാടം പാടശേഖരത്തിൽ പൊക്കാളി കൃഷി ചെയ്യുന്നതിന് നടപടി**

75 (1182) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി നിലം വികസന ഏജൻസി എറണാകുളം ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് യോഗം വിളിച്ചു ചേർത്തിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇടകൊച്ചി വില്ലേജിൽ വർഷങ്ങളോളം പൊക്കാളി കൃഷിചെയ്തിരുന്ന 3 ഏക്കറോളം വരുന്ന ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കർഷകർക്ക് നൽകുന്ന സബ്സിഡി എത്രയാണ്;

(എഫ്) കർഷക തൊഴിലാളിക്ക് നൽകുന്ന ബോണസ് എത്രയാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) തരിശുനെൽകൃഷി വ്യാപനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 3-4-2017-ന് യോഗം ചേരുകയുണ്ടായി. യോഗതീരുമാനങ്ങൾ താഴെ ചേർക്കുന്നു :

1. പരമാവധി സ്ഥലത്ത് പൊക്കാളികൃഷി വർദ്ധിപ്പിക്കുക.
2. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
3. പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുക.
4. തോടുകളുടെ ആഴം കൂട്ടുക.
5. ജലനിർഗ്ഗമന സൗകര്യങ്ങൾ ഒരുക്കുക.
6. മെതിയന്ത്രങ്ങൾ ലഭ്യമാക്കൽ, നിലവിലുള്ള മെതിയന്ത്രങ്ങൾ നന്നാക്കുക.
7. പുതിയ ഇുമ്പുകളുടെ നിർമ്മാണം, നിലവിലുള്ള ഇുമ്പുകളുടെ അറ്റകുറ്റപ്പണികൾ.
8. കെ.എസ്.എസ്.ഡി.എ., ആർ.ആർ.എസ്. വൈറ്റില എന്നീ ഏജൻസികളുടെ കൈവശം ലഭ്യമായ പൊക്കാളി നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുക.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകുന്നുണ്ട്.

(എഫ്) ബോണസ് നൽകുന്നില്ല.

**പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽനിന്നുള്ള കശുവണ്ടി**

76 (1183) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവ് തോട്ടങ്ങളിൽനിന്ന് ഈ വർഷം എത്ര മെട്രിക് ടൺ കശുവണ്ടി ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കശുവണ്ടി, കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് കരാറുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ഫാമിൽനിന്ന് തോട്ടണ്ടി കടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) വർഷങ്ങളായി ദർഘാസ് ലേലം മുഖേനയാണ് പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ എസ്റ്റേറ്റുകളിലെ കശുവണ്ടി വിൽപ്പന നടത്തിവരുന്നത്. തൻ വർഷം താഴെപ്പറയുന്ന എസ്റ്റേറ്റുകളിലെ കശുവണ്ടി, കശുവണ്ടി വികസന കോർപ്പറേഷനും, കാപെക്സിനും നൽകുകയും, ബാക്കി എസ്റ്റേറ്റുകളിലുള്ള 1385.26 ഹെക്ടർ സ്ഥലത്തെ 38 ബ്ലോക്കുകളിലെ കശുവണ്ടി ദർഘാസ് ലേലം മുഖേനയും നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കശുവണ്ടി വികസന കോർപ്പറേഷന് നൽകിയതിന്റെ വിവരണം

| എസ്റ്റേറ്റ് | ഏരിയ (ഹെക്ടർ) | ബ്ലോക്കുകൾ |
|---|---|---|
| കാസർഗോഡ് | 1277.89 | 25 |
| രാജപുരം | 1522.68 | 26 |
| ചീമേനി & നാട്ടുകാണി | 783.00 | 14 |
| ആകെ | 3583.57 | 65 |

(ബി) കരാറുണ്ട്. 30-1-2017-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 7/2017/വ്യ.വ. പ്രകാരമുള്ള ഉത്തരവിന്റെയും, ടി ഉത്തരവിൽ രൂപീകൃതമായ വിലനിർണ്ണയ കമ്മിറ്റിയുടെ തീരുമാന പ്രകാരവും മുകളിൽ വിവരിച്ചിട്ടുള്ളതു പ്രകാരം കാസർഗോഡ്, രാജപുരം, ചീമേനി, നാട്ടുകാണി എന്നീ എസ്റ്റേറ്റുകളിലെ കശുവണ്ടി, കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാകുന്നു.

(സി) ഇല്ല.

## വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനായുള്ള നടപടികൾ

77 (1184) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ കൊടിയ വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിള ഇൻഷുറൻസ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; ഇത് മൊത്തം കർഷകരുടെ എത്ര ശതമാനമാണ് ; ഇതിലെ അംഗങ്ങൾക്ക് നടപ്പുവർഷം എന്ത് സഹായം നൽകി എന്ന് വ്യക്തമാക്കുമോ;

(സി) വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള ദുരന്തനിവാരണ അതോറിറ്റി വഴി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഇതുവഴി എത്ര തുകയുടെ സഹായം എത്ര കർഷകർക്ക് നാളിതുവരെ നൽകി എന്നും വ്യക്തമാക്കുമോ;

(ഡി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന ടെക്നോളജിയായ Pink Pigmented Facultative Methylotrophic Bactiria (P.P.F.M.) Vesicular Arbuscular Mycorrtiga (V.A.M.)എന്നിവ വിളകളിൽ പ്രയോഗിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെവിടെയെല്ലാം പരീക്ഷിച്ചു ; എത്ര തുക ഇതിനായി ചെലവാക്കി ; ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ്

ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കി വരികയുമാണ്.

(ബി) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ 89452 കർഷകർ അംഗങ്ങളായിട്ടുണ്ട്. ഇത് മൊത്തം കർഷകരുടെ 1.4 ശതമാനമാണ്. നടപ്പുവർഷം സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ 53,56,475 രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ദുരന്തനിവാരണ അതോറിറ്റി വഴി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇതു വഴി നൽകിവരുന്ന നഷ്ടപരിഹാര തുകയുടെ തോത് കേന്ദ്ര സർക്കാർ പുനർനിശ്ചയിച്ചപ്പോൾ കുറവ് സംഭവിക്കുകയും ആയത് ഉയർന്ന നിരക്കിൽ സംസ്ഥാന സർക്കാർ പുനഃസ്ഥാപിച്ച് നൽകുകയുമുണ്ടായി. ഇതിനായി അധികമായി വേണ്ടി വരുന്ന തുക കൃഷി വകുപ്പ് മുഖേനയാണ് നൽകി വരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ദുരന്തനിവാരണ അതോറിറ്റി വഴി 8,64,97,099 രൂപ 31,603 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ രണ്ടാം വിള നെൽകൃഷിക്ക് പ്രയോഗിക്കുകയുണ്ടായി. ഇതിനായി 8,68,100 രൂപ ചെലവഴിച്ചു. VAM വിളകളിൽ പ്രയോഗിക്കുന്നതിന് 18,000 രൂപയും ചെലവായിട്ടുണ്ട്. PPFM പ്രയോഗിക്കുന്നതുവഴി വരൾച്ചയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചു. VAM വിളകളിൽ പരീക്ഷിച്ചതുവഴി ചെടിയുടെ വേരുവളർച്ച ത്വരിതപ്പെടുത്തി ആവശ്യമായ വേഗത്തിൽ ആഗിരണം ചെയ്ത് വിളവ് കൂട്ടാൻ സാധിച്ചു.

**നെൽകൃഷിയുടെ വികസനത്തിന് പദ്ധതികൾ**

78 (1185) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കി നെൽകൃഷി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) തെരഞ്ഞെടുത്ത സഹകരണസംഘങ്ങളിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നെൽകൃഷി വികസനം സംബന്ധിച്ച് പാടശേഖര സമിതികൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2016-17 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി :

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. തരിശുനിലങ്ങളിൽ നെൽകൃഷി.
7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായുള്ള ധനസഹായം.
8. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)
9. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി.

(ബി) 2017-18 വർഷം തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30,000 രൂപാ നിരക്കിൽ, 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കും) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7,000 രൂപ (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുംപുറമെ തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്തല അവാർഡ് (ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി) നൽകുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ഡാറ്റാബാങ്ക് വാലിഡേഷൻ പദ്ധതി പ്രകാരം

കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) പരിശോധിക്കുന്നതാണ്.

**നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

79 (1186) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സുസ്ഥിര നെൽകൃഷി വികസനം:

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പതിനൊന്ന് നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008:</u>

ഡാറ്റാബാങ്ക് വാലിഡേഷൻ കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. <u>കരനെൽകൃഷി വികസനം:</u>

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. <u>തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്:</u>

ഈ വർഷം ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000 (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1,090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. <u>തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതല അവാർഡ്:</u>

ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. <u>ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം:</u>

ഹെക്ടറിന് 10,000 രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം:

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം:

ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി:

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 5746.092 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയുണ്ടായി.

**കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തുവാൻ നാനോ ടെക്നോളജി**

80 (1187) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യരിൽ മരുന്നിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നാനോ മെഡിസിൻ വന്നതുപോലെ കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിൽ നാനോ ടെക്നോളജിയുടെ പ്രസക്തി എന്തെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് കൃഷിവകുപ്പ് നടത്തിയ പഠനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയിലെ ഏറ്റവും വലിയ ഭീഷണിയായ വിഷ കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തുവാനുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഇപ്രകാരം ഒരു സംവിധാനം നിലവിലില്ല. എന്നാൽ കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷിക്കാർക്ക് വേണ്ട അവബോധം നൽകി വരുന്നു. നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ വിപണനവും വ്യാപനവും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. നിരോധിച്ച കീടനാശിനിയുടെ വിപണനം നടത്തുന്നുണ്ടോ എന്ന് കൃഷി വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) നാനോ ടെക്നോളജി വഴി നിർമ്മിച്ചെടുക്കുന്ന രാസവളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, കീടനാശിനികൾ തുടങ്ങിയവയുടെ പുതിയ ചേരുവകകൾക്ക് വരും കാലങ്ങളിൽ കാർഷിക മേഖലയിൽ വളരെ പ്രാധാന്യമുണ്ട്. ഈ മേഖലയിൽ കാർഷിക സർവ്വകലാശാലയുടെ മേൽ നോട്ടത്തിൽ പഠനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അമിത കീടനാശിനിപ്രയോഗത്തിന്റെ ദൂഷ്യവും വിഷരഹിത ഭക്ഷ്യ ഉല്പാദനത്തിന്റെ മേന്മയും സംബന്ധിച്ച് കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും ഉപയോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/ കളനാശിനികളുടെ സംഭരണം, വിതരണം, ഉപയോഗം എന്നിവ നിരോധിക്കുകയും ഏഴ് ഇനങ്ങളുടെ ഉപയോഗം അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽമാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയന്ത്രണം കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുകയും റീജിയണൽ സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്യുന്നുണ്ട്. രാസവസ്തുക്കൾ പരമാവധി കുറച്ചും കാര്യക്ഷമമായും ഉപയോഗിച്ചു കൊണ്ടുള്ള നല്ല കൃഷിമുറകൾ, സംയോജിത കീടരോഗ നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് കൃഷിവകുപ്പ് ഊന്നൽ നൽകുന്നത്.

## ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം

81 (1188) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന പല ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം സംബന്ധിച്ച് പരാതികളുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) വ്യാജ വളങ്ങളും കീടനാശിനികളും വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജൈവകൃഷി വർദ്ധിച്ച സാഹചര്യത്തിൽ ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ആവശ്യകതയും ഉപയോഗവും വൻതോതിൽ ഉയർന്നിട്ടുണ്ട്. ഇതുമൂലം നിരവധി ജൈവ ഉൽപ്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്റ്റിസൈഡ്സ് ആക്ട് 1968 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാര നിർണ്ണയത്തിന് മാത്രമാണ് നിലവിൽ സംവിധാനമുള്ളത്. ഇത്തരത്തിൽ വിറ്റഴിക്കപ്പെടുന്ന അംഗീകൃത ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണമേന്മയിൽ കാര്യമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജൈവവളം, ജൈവ കീടനാശിനി എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നതിനാൽ ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്താനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) രാസവളങ്ങളുടെയും, കീടനാശിനികളുടെയും ഗുണനിലവാര നിയന്ത്രണത്തിന് കൃഷി വകുപ്പിന് കീഴിൽ ഗുണനിലവാര പരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിൽ പട്ടാമ്പിയിലും ഓരോ രാസവള ഗുണപരിശോധനശാലകളും, തിരുവനന്തപുരം പാറോട്ടുകോണത്ത് ഒരു കീടനാശിനി പരിശോധനശാലയുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ജൈവ വളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം സംസ്ഥാനത്ത് നിലവിലില്ലാതിരുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ സംസ്ഥാന കൃഷി വകുപ്പ് ആശ്രയിച്ചു വന്നിരുന്നത്. ഇക്കാരണത്താൽ ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും പരിമിതമായ സാമ്പിളുകൾ മാത്രമാണ് പ്രതിവർഷം ഗുണനിലവാര പരിശോധന നടത്തുന്നതിന് സാധ്യമായിരുന്നത്. മാത്രമല്ല, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 ഇൻസെക്റ്റിസൈഡ്സ് ആക്ട് 1968 എന്നിവ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും പരിശോധന മാത്രമാണ് ഇപ്പോൾ സാധ്യമായിട്ടുള്ളത്. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ന്റെയും, ഇൻസെക്റ്റിസൈഡ്സ് ആക്ട് 1968-ന്റെയും അംഗീകാരം നേടിയിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് കാര്യമായി വിതരണം ചെയ്യപ്പെടുന്നതുമായ ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണനിലവാര നിയന്ത്രണത്തിന് കൃഷി വകുപ്പ് ഇപ്പോൾ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്റ്റിസൈഡ്സ് ആക്ട് 1968 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വളങ്ങളുടെയും കീടനാശിനികളുടെയും അനധികൃത വിൽപ്പന/വിതരണം, മായം ചേർക്കൽ, ഗുണനിലവാരമില്ലായ്മ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് അവയുടെ ഉല്പാദകർക്കെതിരെ ചട്ടപ്രകാരമുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിരോധിച്ച കീടനാശിനികൾ വിൽപ്പന തടയുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നുണ്ട്. കീടനാശിനികളുടെ അനധികൃത വിപണനം തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി വരുന്നു.

**കൃഷിയോഗ്യമാക്കിയ തരിശുനിലവും റൈസ് ബയോപാർക്കും**

82 (1189) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ആകെ നടന്ന കൃഷിയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ; എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടക്കുന്നു; പുതിയതായി എത്ര ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കി;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ ജില്ലയിലെ റൈസ് ബയോ പാർക്ക് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ആകെ നടന്ന നെൽ കൃഷിയുടെ വിശദമായ കണക്ക് ചുവടെ ചേർത്തുകൊള്ളുന്നു. 2016-17 വർഷം 202524 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചുവെങ്കിലും 190906 ഹെക്ടർ ഭൗതികലക്ഷ്യം കൈവരിച്ചതായി കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർത്തുകൊള്ളുന്നു :

1. സുസ്ഥിര നെൽകൃഷി വികസനം:

   ഈ പദ്ധതി പ്രകാരം 169535.8 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.

2. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

   888.57 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുകയുണ്ടായി.

3. കരനെൽകൃഷി വികസനം:

   കരനെൽകൃഷി 2743.2237 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി.

4. തരിശുനിലങ്ങളിൽ നെൽകൃഷി:

   ഈ പദ്ധതി പ്രകാരം 2372.2457 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി ചെയ്യുകയുണ്ടായി.

5. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായി 88.45 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിനുംപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം ഏകദേശം 15278

ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2017-18 വർഷം 220000 ഹെക്ടർ നെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് തരിശായി കിടന്ന കരനെൽകൃഷിയടക്കം 14130 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി നടപ്പിലാക്കി.

(ബി) 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അത് പ്രകാരം പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. അഗ്രോപാർക്കിനുള്ള സ്ഥലം തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

**ഹോർട്ടികൾച്ചർ മേഖലയുടെ വികസനം**

83 (1190) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മേഖലയുടെ വികസനം ലക്ഷ്യമാക്കി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ വിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ, ഹൈടെക് ഫാമിംഗ്, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) 2016-17-ൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 1500 ലക്ഷം രൂപയും ദേശീയ ഔഷധ സസ്യ മിഷൻ പദ്ധതി പ്രകാരം 101.25 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ. ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ എന്നീ പദ്ധതികൾക്കുള്ള വാർഷിക കർമ്മ പദ്ധതികൾ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.

## ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണകേന്ദ്രം

84 (1191) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ പച്ചക്കറി സംഭരിക്കുന്നത് ഇപ്പോൾ എവിടെനിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മുമ്പ് ഇവിടെ പച്ചക്കറി വിതരണം ചെയ്ത ഇടനിലക്കാർ തന്നെയാണ് ഇപ്പോഴും പച്ചക്കറി നൽകുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആനയറ ജില്ലാ സംഭരണ കേന്ദ്രത്തിൽ പച്ചക്കറി സംഭരിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം ജില്ലയിലെ വി.എഫ്.സി.കെ.-യുടെ പാറശ്ശാല, ചെങ്കൽ, കാട്ടാക്കട, പെരുമ്പഴുതൂർ, കൊല്ലയിൽ തുടങ്ങിയ കർഷക വിപണികൾ.
2. കൃഷി വകുപ്പിന് കീഴിലുള്ള നല്ലൂർവട്ടം, തിരുപുറം, വാമനപുരം തുടങ്ങിയ സ്ഥലങ്ങളിലെ ഫെഡറേറ്റഡ് മാർക്കറ്റുകൾ.
3. ആനയറ, നെടുമങ്ങാട് തുടങ്ങിയ കാർഷിക മൊത്തവ്യാപാര വിപണികൾ.
4. ആലപ്പുഴ ജില്ലയിലെ വെൺമണി കൃഷി ഭവനിലെ കാർഷിക വിപണി.
5. തൃശ്ശൂർ ജില്ലയിലെ ആളൂർ, മറ്റത്തൂർ, കുഴൂർ വിപണികൾ.
6. വയനാട് ജില്ലയിലെ നീർവാരം, കണിയാംപറ്റ, പനമരം തുടങ്ങിയ കർഷക വിപണികൾ.
7. കോഴിക്കോട് ജില്ലയിലെ വിവിധ വി.എഫ്.സി.കെ. വിപണികൾ.
8. റേയ്തമിത്ര ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, മൈസൂർ.
9. കുറിഞ്ഞി അഗ്രോ സൊസൈറ്റി, ചെങ്കളകുറിച്ചി, തിരുനെൽവേലി.

ഇതിനുപുറമെ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രത്തിൽ നേരിട്ട് എത്തിക്കുന്ന കർഷകരിൽനിന്നും കർഷക സംഘങ്ങളിൽ നിന്നും പച്ചക്കറി സംഭരിക്കുന്നു.

(ബി) ഇടനിലക്കാരെ ഒഴിവാക്കിയാണ് ഇപ്പോൾ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിക്കുന്നത്. കേരളത്തിലെ കർഷകർ ഉദ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടാണ് ഹോർട്ടികോർപ്പ് സംഭരിക്കേണ്ടതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ ആവശ്യത്തിന് ഉദ്പാദിപ്പിക്കാത്തതും തീരെ ഉദ്പാദനം ഇല്ലാത്തതുമായ പച്ചക്കറികൾ മറ്റ് സ്റ്റേറ്റുകളിൽനിന്നും സംഭരിക്കുന്നതിന് സംസ്ഥാനത്തെ നാലു മേഖലകളായി തിരിച്ച് ആവശ്യകതക്കനുസരിച്ച് സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടും ഉദ്യോഗസ്ഥതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളാണ് ആവശ്യാനുസൃതം സംഭരണം ഇപ്പോൾ നടത്തുന്നത്. ഇടനിലക്കാർ മുഖേന പച്ചക്കറി സംഭരിക്കുന്നതിന് ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത കർശനനടപടി സ്വീകരിക്കുന്നതാണ്.

**കാർഷികവിളകൾക്കുണ്ടായിട്ടുള്ള നാശനഷ്ടം**

85 (1192) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചയുമായി ബന്ധപ്പെട്ട് കാർഷികവിളകൾക്കുണ്ടായിട്ടുള്ള നാശ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ സംസ്ഥാനത്തിനു പ്രത്യേക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്.

(ബി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ചാ മെമ്മോറാണ്ടം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

**വരൾച്ചമൂലം കടക്കെണിയിലായ കർഷകർക്കുള്ള ആശ്വാസ നടപടികൾ**

86 (1193) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിലായ കർഷകരുടെ സാമ്പത്തിക ബാദ്ധ്യതകൾ എഴുതിത്തള്ളാനോ മറ്റ് ആശ്വാസ നടപടികൾ പ്രഖ്യാപിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ; വരൾച്ചയെ തുടർന്ന് ദുരിതത്തിലായ മറ്റ് സംസ്ഥാനങ്ങളിലെ കർഷകർക്കായി കേന്ദ്ര സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വരൾച്ച പ്രതിരോധത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയത്; കൃഷിയിറക്കാൻ സാമ്പത്തി കമില്ലാതായ കർഷകർക്ക് അടുത്ത കൃഷിയിറക്കാൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിള നാശം നേരിട്ട കർഷകർക്കുള്ള ധനസഹായം 48500 രൂപ (നാൽപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപ) ആയി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മോറട്ടോറിയം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പുമന്ത്രിമാർ കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച് മെമ്മോറാണ്ടം സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുമുണ്ട്. നാശനഷ്ടത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം പഞ്ചായത്തടിസ്ഥാനത്തിൽ നൽകി വരുന്നു. തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. മൂപ്പു കൂടിയ വിത്തുകൾക്ക് പകരമായി മൂപ്പു കുറഞ്ഞ വിത്തുകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകി വരുന്നു. ദീർഘകാല വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായംപൂശൽ എന്നിവ അവലംബിക്കുവാൻ നിർദ്ദേശം നൽകി. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദ്ദേശം നൽകി. വരൾച്ചമൂലം വിള നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനാവശ്യമായ വിത്ത് സൗജന്യമായി പ്രത്യേക പദ്ധതി പ്രകാരം നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാര തുക ഹെക്ടറിന് 12500 രൂപയിൽ നിന്നും 35,000 രൂപയാക്കിയിട്ടുണ്ട്. ഇതിനു പുറമെ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച നെൽകർഷകർക്ക് SDRF മാനദണ്ഡപ്രകാരം ഹെക്ടറിന് 13,500 രൂപ നഷ്ട പരിഹാരമായി ലഭിക്കുന്നതാണ്. എന്നാൽ വർദ്ധിപ്പിച്ച രീതിയിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017 മുതലാണ് നിലവിൽ വരിക. ഓരോ വിളകൾക്കും വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചതിന്റെ ഉത്തരവ് അനുബന്ധമായി *ചേർക്കുന്നു. വിള ഇൻഷ്വറൻസിൽ കർഷകരെ ചേർക്കുന്നതിന് ഊർജ്ജിത പ്രചാരണ പരിപാടികൾ വകുപ്പ് നടപ്പിലാക്കുന്നതാണ്.

## വൈഗ 2016-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

87 (1194) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'വൈഗ- 2016'-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംഘടിപ്പിക്കാൻ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഏതെല്ലാം ഇനങ്ങൾക്കാണ് ചെലവഴിച്ചത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശരാഷ്ട്രങ്ങളിൽ നിന്നും ഇതിൽ പങ്കെടുത്ത ശാസ്ത്രജ്ഞൻമാരും സാങ്കേതിക വിദഗ്ധരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) വൈഗ- 2016 മൂലമുണ്ടായ ഗുണങ്ങളും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ഫലങ്ങളും എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 1. സംരംഭകർക്ക് മൂല്യവർദ്ധന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തുവാനും ഇവരിൽനിന്നും ലഭിക്കുന്ന സാങ്കേതിക വിദ്യകൾ, സേവനങ്ങൾ എന്നിവയെ കുറിച്ച് മനസിലാക്കുവാനും, സംസ്ഥാന കേന്ദ്ര സർക്കാരുകൾ മാർക്കറ്റിംഗ് മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാനും ഒരു വേദി ഒരുക്കുക എന്നതാണ് വൈഗ 2016 കൊണ്ട് ഉദ്ദേശിച്ചത്.

2. കാർഷികോൽപ്പാദനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, അഗ്രിബിസിനസ് സെന്റർ, സർക്കാരേതര സംഘടനകൾ എന്നിവയുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനം നിർദ്ദേശിക്കുക.

3. കാർഷിക മേഖലയിൽ നവസംരംഭകരെ സൃഷ്ടിക്കുക.

4. കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക വഴി കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക.

5. കാർഷിക മേഖലയിൽ ധനാഗമനം വർദ്ധിപ്പിക്കുക.

6. തൊഴിൽരഹിതരായ യുവജനങ്ങൾ, ഗൾഫ് രാജ്യങ്ങളിൽനിന്ന് മടങ്ങിയെത്തിയവർ, എക്സ്സർവീസുകാർ, ഐ.റ്റി. പ്രൊഫഷണലുകൾ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിച്ച് നിലനിർത്തുക.

(ബി) വൈഗ 2016 സംഘടിപ്പിക്കുവാൻ 95,49,334 (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി മുപ്പത്തിനാല്) രൂപയാണ് ചെലവഴിച്ചത്.

| | | |
|---|---|---|
| (സി) അടിസ്ഥാനസൗകര്യം ഒരുക്കൽ | - | ₹ 40,29,863 |
| മീഡിയ, പ്രചാരണം, ഡോക്കുമെന്റേഷൻ | - | ₹ 20,68,057 |
| പ്രദർശനം | - | 8,39,672 |

| | | |
|---|---|---|
| സാങ്കേതിക കമ്മിറ്റി, വർക്കഷോപ്പ് | - | 3,88,469 |
| കലാപരിപാടികൾ | - | 2,27,560 |
| ഭക്ഷണം | - | 11,46,629 |
| അക്കോമഡേഷൻ | - | 5,78,245 |
| രജിസ്ട്രേഷൻ, റിസപ്ഷൻ | - | 1,50,654 |
| ഗതാഗതം | - | 1,20,185 |
| ആകെ രൂപ | | 95,49,334 |

(ഡി) അന്താരാഷ്ട്രതലം:

1. ശ്രീ. യൂറോൺ എൻ സല്ലം- എക്സിക്യൂട്ടീവ് ഡയറക്ടർ, ഏഷ്യാ ആൻഡ്സഫിക് കോക്കനട്ട് കമ്മിറ്റി.
2. ഡോ. ശശി കുമാർ, ഹെഡ് മേരികോ ലിമിറ്റഡ്.
3. ശ്രീ. അന്നാസ് അഹമ്മദ്, വിർഗോസ്, ഇൻഡോനേഷ്യ.
4. ശ്രീമതി പെയ്യാന്നുട്ട് നാകാ, കോക്കനട്ട് പ്രോസസിംഗ് സ്പെഷ്യലിസ്റ്റ്, തായ്‌ലാന്റ്.
5. ശ്രീ. കെന്നത്ത് സോറൻസൺ, ആല്ഫാ ലാവൽ, ഇറ്റലി.
6. ശ്രീ. ആനന്ദ് കുമാർ, ടെട്രാപാർക്ക്, സിംഗപ്പൂർ.
7. ശ്രീ. ഹേമന്ത് ധൊളാക്കിയ, ടെട്രാപാർക്ക്, സിംഗപ്പൂർ.

ദേശീയതലം:

1. ശ്രീ. നിധിൻ ഗോയൽ, മാനേജിംഗ് ഡയറക്ടർ, റബിയ, കോക്കനട്ട് പ്രോഡക്ട്സ്, ഡൽഹി.
2. ശ്രീ. സുരേഷ് കുമാർ, ജനറൽ മാനേജർ, റ്റി ആൻഡ് ഐ, ഗ്ലോബൽഇൻഡ്യ ലിമിറ്റഡ്.
3. ഡോ. ബാലചന്ദ്ര ഹെബ്ബാർ, ഹെഡ്, പ്ലാന്റ് ഫിസിയോളജി, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാസർഗോഡ്.
4. ഡോ. കൃഷ്ണ കുമാർ, ഹെഡ്, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കായംകുളം.

5. ശ്രീ. വിനോദ് കുമാർ, സി.ഇ.ഒ., പാലക്കാട്, ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് - വൈസ് ചെയർമാൻ, കൺസോർഷ്യം ഓഫ് എഫ്.പി.സി.എസ്. കേരള.

6. ശ്രീ. രാജരത്നം, എം.ഡി.എസ്.ആർ. എഞ്ചിനീയെഴ്സ് ലിമിറ്റഡ്, കോയമ്പത്തൂർ.

7. ശ്രീ. ആർ. രവീന്ദ്ര, ഡെപ്യൂട്ടി ജനറൽ മാനേജർ, അപ്പേഡ, ബാംഗ്ലൂർ.

8. ശ്രീ. കോലപ്പൻ, അസിസ്റ്റന്റ് ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, ചെന്നൈ.

9. ഡോ. സിനിജ. വി. ആർ., ഹെഡ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രോപ്പ് പ്രോസസിംഗ് ടെക്നോളജി, തഞ്ചാവൂർ, തമിഴ്നാട്.

10. ഡോ. ജഗൻ മോഹൻ, പ്രൊഫസർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രോപ്പ് പ്രോസസിംഗ് ടെക്നോളജി, തഞ്ചാവൂർ, തമിഴ്നാട്.

11. ഡോ. വിശ്വനാഥൻ, പ്രൊഫസർ, അൻപിൽ ധർമ്മലിംഗം കാർഷിക കോളേജ്, തിരുച്ചി തമിഴ്നാട്.

12. ഡോ. പളനിമുത്തു, യൂണിവേഴ്സിറ്റി ഹെഡ്, യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറൽ സയൻസ്, ബാംഗ്ലൂർ.

13. ഡോ. കെ. എൻ. ശിവ, പ്രൊഫസർ, നാഷണൽ ബനാന റിസർച്ച് സെന്റർ, തിരുച്ചി, തമിഴ്നാട്.

(ഇ) കാർഷികമേഖലയിൽ മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള സാധ്യതകൾ, സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഘടകങ്ങൾ, മാർക്കറ്റിംഗ് എന്നിവ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് സാധിച്ചു. മൂല്യവർദ്ധിത സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ടെക്നോളജി സപ്പോർട്ട്, മാർക്കറ്റിംഗ്, ക്രെഡിറ്റ് സപ്പോർട്ട്, പാക്കിംഗ്, ഗുണനിലവാരം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യപ്പെടുകയും നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർ, സാങ്കേതികവിദ്യ നൽകുന്ന ഏജൻസികൾ എന്നിവയുമായി കർഷകർക്ക് നേരിട്ട് സംവദിക്കുന്നതിന് സാധിച്ചു. ഭാവിയിൽ സർക്കാർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംരംഭങ്ങൾ തുടങ്ങുവാൻ വൈഗ 2016-ൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു.

## കായംകുളത്തെ സോയിൽ കൺസർവേഷൻ പദ്ധതികൾ

88 (1195) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോയിൽ സർവ്വേ &സോയിൽ കൺസർവേഷൻ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ 2011 മുതൽ നാളിതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ 2011 മുതൽ നാളിതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ

89 (1196) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രദേശത്തെ കൃഷിയിടങ്ങളിലെ മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും, മണ്ണിന്റെ ഫലപുഷ്ടത നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കി മാറ്റുമ്പോൾ മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നും നിലവിലില്ല.

(ബി) നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും വിശദമായ മണ്ണ് പര്യവേക്ഷണം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ കാലയളവിൽ ഓരോ പ്രദേശത്തും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച്, ഈ പരിശോധനാഫലം അവലോകനം നടത്തി ഭൂപടം സഹിതം മണ്ണ് പര്യവേക്ഷണ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തരിശു നിലങ്ങളിൽ കൃഷിക്കു മുമ്പ് മണ്ണ് സാമ്പിളുകളെടുത്ത് മണ്ണ പരിശോധന നടത്തി, മണ്ണിലടങ്ങിയിരിക്കുന്ന പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അളവ്, പി.എച്ച്. മുതലായവ നിർണ്ണയിച്ച് ആവശ്യമായ ജൈവ രാസവള ശിപാർശയോടെ മണ്ണ പരിപോഷണ കാർഡ് (സോയിൽ ഹെൽത്ത് കാർഡ്) നൽകി വരുന്നു. ഓരോ പഞ്ചായത്തിലെയും കൃഷിഭവനുകളിലൂടെ കർഷകരുടെ കൃഷിയിടങ്ങളിൽനിന്ന് ശേഖരിക്കുന്ന മണ്ണ സാമ്പിളുകൾ അതത് ജില്ലാ/മണ്ണ പരിശോധനലാബുകളിലാണ് പരിശോധിക്കുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സോയിൽ ഹെൽത്ത് കാർഡ്' പദ്ധതി വഴി കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും മണ്ണ സാമ്പിളുകൾ ശേഖരിച്ച് പരിശോധനാഫലം 'സോയിൽ ഹെൽത്ത് കാർഡ്' എന്ന കേന്ദ്ര സർക്കാർ നിയന്ത്രിത പോർട്ടലിൽ അപ് ലോഡ് ചെയ്ത് 'സോയിൽ ഹെൽത്ത് കാർഡ്' ജനറേറ്റ് ചെയ്തുവരുന്നു.

**കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ബാധ്യത**

90 (1197) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ബാധ്യത എത്രയാണ്; ഇതുപരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക സർവ്വകാലശാലയുടെ ഫാമുകൾ ഹൈടെക് ആക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കാർഷികസർവ്വകലാശാലയുടെ കേന്ദ്രങ്ങളിൽ ഫാംടൂറിസത്തിന് അനന്ത സാദ്ധ്യതകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ കേരളത്തിനു മാതൃകയാക്കാൻ സാധിക്കുന്ന തരത്തിലുള്ള റെയിൻ വാട്ടർ ഹാർവസ്റ്റിംഗ് റിസർവോയർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാല 31-3-2017 തീയതി പ്രാബല്യത്തിൽ കണക്കാക്കിയിരിക്കുന്ന ബാദ്ധ്യത 145.18 കോടി രൂപയാണ്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിൽ സാഹചര്യങ്ങൾക്കിണങ്ങുന്ന നൂതന മാർഗ്ഗങ്ങൾ അവലംബിച്ചാണ് പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. പച്ചക്കറി വിത്തുല്പാദനം, നഴ്സറി പരിപാലനം, ടിഷ്യൂകൾച്ചർ വാഴത്തൈകളുടെ ഉത്പ്പാദനം, പച്ചക്കറി തൈകളുടെ ഉത്പ്പാദനം മുതലായവയ്ക്ക് ഹൈടെക് രീതികൾ ഉപയോഗിച്ചു വരുന്നു. നെൽകൃഷി, വിത്തു സംസ്കരണം എന്നിവയിൽ യന്ത്രവൽകൃത രീതികൾ ഉപയോഗപ്പെടുത്തുന്നു. പോളിഹൗസ് രീതികൾ സാധ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുത്ത് അനുയോജ്യമായ രീതികൾ പരമാവധി വ്യാപിപ്പിക്കുന്നുണ്ട്.

(സി) കുമരകം, ആനക്കയം, അമ്പലവയൽ തുടങ്ങിയ കേന്ദ്രങ്ങളിൽ ഫാം ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ ഗവേഷണ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു കണ്ടക്റ്റഡ് ടൂർ പദ്ധതിക്കുള്ള പ്രൊപ്പോസൽ കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ മഴവെള്ള സംഭരണത്തിനായി 10 ലക്ഷം ലിറ്റർ ശേഷിയുള്ള സംവിധാനം പട്ടാമ്പി മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിൽ സജ്ജമാക്കിയിട്ടുണ്ട്. രണ്ടു ബ്ലോക്കുകളിലായി തടയണകൾ ഉണ്ടാക്കി ജല ലഭ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. മഴവെള്ളം ശേഖരിച്ച് ജല സേചനത്തിനുപയോഗിക്കാൻ സാധ്യമാകുന്ന ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു.

**തീരദേശത്തെ സി.ആർ.ഇസഡ്. മേഖലയിലെ വീടുകൾ**

91 (1198) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കടലോര, കായലോര നിവാസികൾക്ക് നിലവിൽ വീട് നിർമ്മിക്കുന്നതിനും ഉള്ളവ പൊളിച്ചു പണിയുന്നതിനും സി. ആർ. ഇസഡ് നിയമപ്രകാരം നിയന്ത്രണമുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ അനുവാദം കോർപ്പറേഷൻ അധികാരികളിൽനിന്ന് യഥാവിധി ലഭിക്കാത്തതിനാൽ, വെള്ളം, വെളിച്ചം എന്നിവ ലഭിക്കാതെ തീരദേശവാസികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് തീരദേശമേഖലയിലെ സി. ആർ. ഇസഡ് നിയന്ത്രണമേഖലയിലെ നിലവിൽ പുതുക്കി പണിതതും പുതിയതായി പണിതതുമായ വീടുകൾക്കും താൽക്കാലിക വീട്ടുനമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് U.A. നമ്പർ നൽകി താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 16-11-2016-ലെ സ.ഉ.(എം.എസ്.) നമ്പർ170/16/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം നൽകുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

**കെ. മധുസൂദനന്റെ പി.എഫ്. അക്കൗണ്ടിൽ അടച്ച തുക**

92 (1199) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ ജീവനക്കാരനായ ശ്രീ. കെ. മധുസൂദനന്റെ പി.എഫ്-78217 നമ്പർ അക്കൗണ്ടിൽ 2006-07 മുതൽ 2009-10 വരെ അനുവദിച്ചിട്ടുള്ള ഡി.എ. കുടിശ്ശികയും ശമ്പള പരിഷ്കരണ കുടിശ്ശികയും വരവുവച്ചിട്ടുണ്ടോ. എങ്കിൽ ആയതിന്റെ വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) ശ്രീ. മധുസൂദനൻ, പി.എഫ്. അക്കൗണ്ടിൽനിന്നും എടുത്തിട്ടുള്ള വായ്പകളുടെയും തിരിച്ചടവിന്റെയും വിശദവിവരം നൽകാമോ; ഇനി എത്ര രൂപയാണ് കുടിശ്ശികയുള്ളത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | തുക |
|---|---|---|
| (1) | (2) | (3) |
| 1 | 541/05/Fin.dt.17-12-2005, 61%, 64% | 1053 |
| 2 | 145/06/Fin.dt.25-3-2006, PRA | 5972 |
| 3 | 120/07/Fin.dt.20-3-2007, 8% | 2004 |
| 4 | 120/07/Fin.dt.20-3-2007, 12% | 4195 |
| 5 | 120/07/Fin.dt.20-3-2007, 20% | 5410 |

| (1) | (2) | (3) |
|---|---|---|
| 6 | 547/07/Fin.dt.14-11-2007, 26% | 4564 |
| 7 | 91/08/Fin.dt.16-2-2008, 32% | 2310 |
| 8 | 220/08/Fin.dt.22-5-2008, 38% | 1655 |
| 9 | 38/09/Fin.dt.17-1-2009, 45% | 2772 |
| 10 | 211/09/Fin.dt.2-6-2009, 55% | 3390 |
| 11 | 512/09/Fin.dt.18-11-2009, 64% | 2084 |
| 12 | 120/07/Fin.dt.20-3-2007, 67% | 800 |
| 13 | 120/07/Fin.dt.20-3-2007, 74% | 976 |
| 14 | 120/07/Fin.dt.20-3-2007 | 182 |
| 15 | 01/07/09 to 31/01/11 (PRA) | 40423 |
| | ആകെ തുക | 77790 രൂപ |

(ബി) ലോൺ സംബന്ധിച്ച വിവരം

| ലോൺ തുക | വൗച്ചർ നമ്പർ | പ്രതിമാസം വസൂലാക്കേണ്ട തുക | തവണ |
|---|---|---|---|
| 30,744 | 771, 6-10-2012 | 854 | 36 |
| 49,998 | 21401667, 20-6-2014 | 1887 | 36 |
| 49,983 | 21602718, 19-8-2016 | 1965 | 36 |

<u>തിരിച്ചടവ് സംബന്ധിച്ച വിവരം:</u>

19-8-2016-ൽ അനുവദിച്ച വായ്പ 49,983 രൂപയും, മുൻ വായ്പാ തിരിച്ചടവിൽ ശേഷിക്കുന്ന 20,757 രൂപയും ഉൾപ്പെടെ 70,740 രൂപയിൽ 10/2006 മുതൽ 03/2017 വരെ പ്രതിമാസം 1965 രൂപ വീതം തിരിച്ച് പിടിച്ചിട്ടുള്ള തുക കിഴിച്ച് 58,950 രൂപ തിരികെ വായ്പാ തിരിച്ചടവ് ഒടുക്കുവാനുണ്ട്.

## ഫയൽ തീർപ്പാക്കൽ അദാലത്ത്

93 (1200) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ ഏതൊക്കെ വ്യക്തികളുടെ ഫയലുകളാണ് തദ്ദേശസ്വയം ഭരണവകുപ്പു മന്ത്രി കൊച്ചി കോർപ്പറേഷനിൽ വച്ച് നടത്തിയ ഫയൽ തീർപ്പാക്കൽ അദാലത്തിൽ പരിഗണനയ്ക്ക് വന്നത്; വിശദമാക്കുമോ;

(ബി) ഇവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഏതൊക്കെ കാര്യങ്ങളിൽ തീർപ്പുകല്പിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.)

94 (1201) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലോകസഭാ ഉപതെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടംമൂലം മാർച്ച് മാസത്തിൽ ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) ചേരാൻ സാധിക്കാത്തതും പദ്ധതി നടത്തിപ്പിന് തടസ്സം നേരിട്ടതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമായി പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും ഇളവിനുള്ള തീരുമാനങ്ങൾ കൈകൊണ്ടിട്ടുള്ളതായി അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണ പദ്ധതി പൂർത്തീകരണത്തിന് വേണ്ടി 2016-17-ൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 30-4-2017-ന് മുൻപ് ഡി.പി.സി. അംഗീകാരം നേടിയതും "പ്രോജക്ടിന്റെ പോർട്ടലിൽ " upload ചെയ്തിട്ടുള്ളതുമായ പ്രൊജക്ടുകളെ Spill over പ്രോജക്ടുകളാക്കുന്നതിന് 25-4-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3631/17/Fin പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം

95 (1202) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിഭാഗത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലുള്ള ഉദ്യോഗസ്ഥരുടെ പ്രതിഷേധം വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻ തുകകളുടെ പദ്ധതി അനുവദിക്കേണ്ടിവരുമ്പോൾ രണ്ട് അധികാര കേന്ദ്രങ്ങൾ എന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം നീക്കത്തിലൂടെ എന്ത് നേട്ടമാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഉദ്ദേശിച്ച നേട്ടമുണ്ടാകുന്നില്ലെങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഒഴിവാക്കുക എന്നതു കൂടി ലക്ഷ്യം വച്ചാണ് എഞ്ചിനീയറിംഗ് വിഭാഗത്തെ പ്രാദേശിക സർക്കാരുകളുമായി ബന്ധിപ്പിക്കുന്നതിനായി തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലും പ്രാദേശിക സർക്കാരുകളുടെ ഇതര പ്രവർത്തനങ്ങളിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനാണ് പ്രധാനമായും സംയോജനത്തിലൂടെ സർക്കാർ വിഭാവന ചെയ്യുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ശ്രീകാര്യം ജംഗ്ഷൻ - പാട്ടത്തിൽ ലൈൻ കരുമ്പുക്കോണം റോഡിന് അനുവദിച്ച ഫ്ലഡ് വർക്ക്

96 (1203) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയുടെ ഇടവക്കോട് വാർഡിൽ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ കരുമ്പുക്കോണം റോഡിന് അനുവദിച്ച ഫ്ലഡ് വർക്ക് നടപ്പിലാക്കാത്തതിൻെറ കാരണം വ്യക്തമാക്കാമോ;

(ബി) നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസ് ഫയൽ നമ്പർ UE/ 3702/2016 -മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഈ വർക്ക് എന്നത്തേക്ക് ഏറ്റെടുത്തു പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ; ഈ വർക്കിന് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; നോമിനിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലുണ്ടായിട്ടുള്ള കൃത്യവിലോപം വ്യക്തമാക്കാമോ;

(സി) ഈ വർക്കിന് ടി.എസ്. നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; എന്നത്തേക്ക് ടി.എസ്. നൽകും എന്നറിയിക്കാമോ; ഇതിൽ നഗരസഭയുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; ഈ വർക്ക് അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും സാങ്കേതികാനുമതിക്കായി പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നതായും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ടെണ്ടർ നടപടി പൂർത്തിയാക്കി സെലക്ഷൻ നോട്ടീസ് നൽകുന്നതാണ്.

(സി) ടി പ്രവൃത്തിക്ക് Technical Sanction ലഭ്യമായിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട് വീഴ്ച വരാതെ വർക്ക് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മട്ടന്നൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

97 (1204) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിനോട് ഏറ്റെടുക്കുവാൻ നിർദ്ദേശി ക്കുകയുണ്ടായി; പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുകയെത്ര; വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളുടെ എസ്റ്റിമേറ്റ് ഇതിനോടകം എൽ.എസ്.ജി.ഡി. വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതി മേയ് 31 നകം ഉത്തരവാകുന്നതിന് സഹായകരമായ വിധം എസ്റ്റിമേറ്റുകൾ സമർപ്പിക്കണമെന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം ഇനിയും സമർപ്പിക്കുവാനുള്ള എസ്റ്റിമേറ്റുകൾ 2017 ഏപ്രിൽ 30-നകം ചീഫ് എഞ്ചിനീയർക്കും സമർപ്പിച്ച് റിപ്പോർട്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**ജലാശയങ്ങളുടെ മലിനീകരണം**

98 (1205) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളങ്ങൾ, ചെറുതോടുകൾ, നദികൾ എന്നിവയിലും അവയുടെ സമീപത്തും വാഹനങ്ങൾ കഴുകുന്നതും, കന്നുകാലികളെയും മറ്റ് വളർത്തു മൃഗങ്ങളെയും കുളിപ്പിക്കുന്നതുംമൂലം അവ മലിനമാക്കപ്പെടുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജലാശയങ്ങൾ മലിനമാക്കപ്പെടാതിരിക്കുവാൻ നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മാലിന്യനിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും, കോർപ്പറേഷനുകളുടേയും അനിവാര്യ ചുമതലയാണ്. ബന്ധപ്പെട്ട നിയമങ്ങളിലെ നിരോധന വ്യവസ്ഥകൾ പ്രകാരം, ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം പ്രത്യേക നടപടിയായി കണക്കാക്കി കായലിൽ കുളിക്കുന്നതും, വസ്ത്രം അലക്കുന്നതും, വാഹനം കഴുകുന്നതും, മൃഗങ്ങളെ കളിപ്പിക്കുന്നതും, ഹോട്ടലുകൾ, വ്യവസായശാലകൾ, വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ ഏതെങ്കിലും സ്ഥാപനത്തിൽനിന്നും ഓടകളിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ കായലിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതും, തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ മണൽ, കളിമണ്ണ്, മണ്ണ് എന്നിവയുടെ ഖനനം മുതലായ പ്രവൃത്തികൾ നിരോധിച്ചുകൊണ്ടും 9-6-2010-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974-ലെ വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഓടകളുടെയും ജലാശയങ്ങളുടേയും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതുപ്രകാരം മലിനജലം ഒഴുക്കി വിടുന്നതിന് ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണെന്നും ഒരു വിധത്തിലുള്ള ഖരമാലിന്യവും മലിനജലവും നീർച്ചാലുകളിലൂടെ ഒഴുകിവരുന്നില്ലായെന്ന് പ്രാദേശിക ഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നും അങ്ങനെ പുറത്തുവരുന്നുണ്ടെങ്കിൽ മലിനജലം പുറത്തേക്കുവരുന്ന മാർഗ്ഗങ്ങൾ അടയ്ക്കേണ്ടാതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജലം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പ്രത്യേക പ്രൊപ്പോസലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയും തയ്യാറാക്കേണ്ടതും ഘട്ടംഘട്ടമായി ആയത് നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിതസേന കെട്ടിട നിർമ്മാണം**

99 (1206) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിതസേന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്പിൽ ഓവർ തുക അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പിന്റെ പരിഗണനയിലുള്ള 1112214/17/ എൽ.എസ്.ജി.ഡി/ ഒ.എസ്. നമ്പർ ഫയലിൻമേൽ സ്വീകരിച്ച നടപടി വിവരം അറിയിക്കാമോ?

<u>ഉത്തരം</u>

1112214/17 തപാൽ നമ്പരായി ലഭിച്ച കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്ലാസ്റ്റിക് സംസ്കരണശാലകൾ

100 (1207) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും പ്ലാസ്റ്റിക്ക് സംസ്കരണശാലകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇങ്ങനെ സംസ്കരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും 23-3-2017-ന് ചേർന്ന സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന രീതിയിൽ ഷ്രെഡ്ഡിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 23-3-2017-ലെ സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവർത്തികളിൽ 10% റോഡ് നിർമ്മാണ പ്രവർത്തികളിൽ 8% ബിറ്റുമിനു പകരമായി പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ഷ്രെഡ്ഡ് ചെയ്താണ് റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന ടാറിൽ ചേർക്കുന്നത്. ഇവയുടെ വിപണനത്തിന് തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് നൽകുന്ന ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കുകൾ കിലോയ്ക്ക് 15 രൂപ വിലനൽകിയാണ് ക്ലീൻ കേരള കമ്പനി വാങ്ങുന്നത്. ഇപ്രകാരം ലഭിക്കുന്ന ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കുകൾ സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റോഡ്

നിർമ്മാണത്തിനായി ലഭ്യമാക്കുന്നു. ഈ ഇനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക അതാതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് പ്രോസ്സസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. 3.75 മീറ്റർ വീതിയിൽ ഒരു കിലോ മീറ്റർ റോഡ് നിർമ്മിക്കുവാൻ 1.3 ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ആവശ്യമാണ്. ഇതേ അളവിൽ ആവശ്യമായ താരതമ്യേന വിലകൂടിയ ബിറ്റുമിന് പകരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ, സാമ്പത്തിക ലാഭം കൈവരിക്കാനാകും എന്നതിന് പുറമേ പരിസ്ഥിതിക്ക് അതീവവിപൽകരമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്ന മഹത്തായ ലക്ഷ്യം കൂടി കൈവരിക്കുവാൻ സാധിക്കുന്നതാണ്.

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താൻ നടപടി**

101 (1208) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാസങ്ങളായി ഒഴിഞ്ഞു കിടന്നിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര തസ്തികകളാണ് നികത്തിയത്;

(ബി) നിലവിൽ എത്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഒഴിവുകൾ നികത്തപ്പെടാനുണ്ട്;

(സി) 2017-18-ലെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനായി ഒഴിഞ്ഞു കിടക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയ തസ്തികകൾ കഴിവതും വേഗത്തിൽ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 276 (ഇരുന്നൂറ്റി എഴുപത്തി ആറ്).

(ബി) 2 (രണ്ട്).

(സി&ഡി) രണ്ട് ഗ്രാമപഞ്ചായത്തുകളൊഴികെയുള്ള മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ഇ-വേസ്റ്റ് സംസ്കരണം

102 (1209) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതനുസരിച്ച് ഇ-വേസ്റ്റ് വർദ്ധിക്കുന്നത് വലിയ തോതിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നു വരുന്നതിന് കാരണമായിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ് വീടുകളിൽ പോയി ശേഖരിക്കുന്നതിനും അവ സുരക്ഷിതമായി സംഭരിക്കുന്നതിനും ശാസ്ത്രീയ സംസ്കരണശാലകളിൽ എത്തിക്കുന്നതിനുമായി ഒരു ടാസ്ക് ഫോഴ്സിനു രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി, സർക്കാർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഇലക്ട്രോണിക്/ഇലക്ട്രിക്കൽ മാലിന്യങ്ങൾ കിലോക്ക് 10 രൂപ എന്ന നിരക്കിൽ ശേഖരിച്ച് പുനഃചംക്രമണം നടത്തി വരുന്നുണ്ട്. ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ് മുഖേന 320 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുകയുണ്ടായി. മാലിന്യങ്ങൾ വീടുകളിൽ പോയി ശേഖരിക്കുവാനുള്ള ടാസ്ക് ഫോഴ്സിന് രൂപം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പി.എം.ജി. എസ്. വൈ. പദ്ധതി

103 (1210) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിൽ എത്ര കിലോമീറ്റർ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. II പദ്ധതിയിൽ ബാച്ച് രണ്ടിൽ പുതിയ റോഡുകൾ ഏറ്റെടുക്കുന്നുണ്ട്. ഇതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ ചുവടെ ചേർക്കുന്ന 4 (നാല്) റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പുരവയൽ - അങ്ങാടിശ്ശേരിതട്ട് അറബിക്കുളം റോഡ്.
2. കള്ളിക്കണ്ടി - ഏട്ടുപരപ്പ റോഡും പാലവും.
3. കോയിപ്ര തളിച്ചൽ തെന്നം റോഡും പാലവും.
4. ബങ്കളാ കുന്ന് മുടക്കോഴി പെരങ്ങാനം റോഡ്.

**എം.എൻ. ലക്ഷംവീട് പദ്ധതി**

104(1211) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷംവീട് കോളനി പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര വീടുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര ഒറ്റ വീടുകളെ ഇരട്ട വീടുകൾ ആക്കുവാനുദ്ദേശിയ്ക്കുന്നുണ്ട്; ഈ പദ്ധതി നടപ്പിലാക്കുമ്പോൾ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ഗുണഭോക്താക്കൾ നേരിടുമോ ; വിശദമാക്കുമോ;

(സി) മുൻകാലങ്ങളിൽ അനുവദിച്ചതുപോലെ എം.എൻ. ലക്ഷംവീട് പദ്ധതി പ്രകാരം ഒറ്റ വീട് അനുവദിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ജനന/മരണ സർട്ടിഫിക്കറ്റ് തിരുത്തൽ**

105 (1212) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ജനന/മരണ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത്;

(ബി) ചെറിയ തിരുത്തലുകൾ നടത്തുന്നതിനു പോലും വില്ലേജ് ആഫീസ്/ബന്ധപ്പെട്ട ആശുപത്രി/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം/അപേക്ഷകന്റെ ഐ.ഡി./ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/റേഷൻ കാർഡ് മുതലായ രേഖകൾ,100 രൂപയുടെ മുദ്രപ്പത്രം സഹിതം അപേക്ഷിക്കേണ്ടിവരുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇത്രയും രേഖകൾ ഹാജരാക്കുവാൻ കഴിയാതെ അപേക്ഷകർ ബുദ്ധിമുട്ടുന്നതിന് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒന്നോ രണ്ടോ രേഖകളുടെ അടിസ്ഥാനത്തിൽ ജനന/മരണ സർട്ടിഫിക്കറ്റുകളിലെ ചെറിയ തിരുത്തലുകൾ നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) (1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയോടൊപ്പം ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിലില്ല എങ്കിലോ വീട്ടിൽ വച്ച് നടന്നതെങ്കിലോ ആയത് റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ല എങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്)

(2) വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം, എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം)

(3) തിരുത്തൽ വരുത്തേണ്ട വിവരം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(4) സ്കൂൾ രേഖ/ലൈസൻസ്/പാസ്പോർട്ട്/തിരിച്ചറിയൽ കാർഡ്/ റേഷൻ കാർഡ് എന്നിവയിലേതിന്റെയെങ്കിലും പകർപ്പ്.

(5) 2 വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾക്ക്) എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. 1-4-1970-ന ശേഷമുള്ള രജിസ്ട്രേഷനിൽ വന്നിട്ടുള്ള തിരുത്തലുകൾക്ക് 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലേയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ച് തിരുത്തൽ വരുത്താവുന്നതാണ്. ഇക്കാര്യത്തിൽ സേവനാവകാശ നിയമം 2012-ൽ പറയുന്ന സമയപരിധി പാലിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനു പുറമെ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുവാൻ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ഇതുസംബന്ധിച്ച വിശദമായ സർക്കുലർ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

(ഡി) ചട്ടങ്ങൾക്ക് വിരുദ്ധമായി രജിസ്ട്രേഷൻ തിരുത്തൽ/റദ്ദാക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയില്ല.

**ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം**

106 (1213) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണം എന്താണ്; ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നുണ്ടാകുന്ന ബയോ മെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016-ലെ വ്യവസ്ഥകൾ പാലിക്കാതെ പൊതുസ്ഥലത്തും പാതയോരങ്ങളിലും മാലിന്യങ്ങൾ പുറന്തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് 2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്ന പരാതി പരിശോധിക്കുമോ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള വിവിധ നിയമങ്ങൾ പാലിക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ 'IMAGE' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇവിടെ എത്തിക്കുകയും ഇവിടെയുള്ള ബയോ മെഡിക്കൽ മാലിന്യ സംസ്കരണ

സംവിധാനങ്ങൾ ഉപയോഗിച്ച് അവ സംസ്കരിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത സംവിധാനത്തിൽ സ്ഥാപിച്ചിട്ടുള്ള 5 ഇൻസിനറേറ്ററുകളുടെ മൊത്ത ശേഷി 1500 kg/hr, ഓട്ടോക്ലേവുകളുടെ മൊത്ത ശേഷി 900 litre/cycle, ഷ്രെഡ്ഡറുകളുടെ (Shredder) മൊത്തശേഷി 900 kg/hr എന്നിങ്ങനെയാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിലാണ് ടി സംവിധാനം പ്രവർത്തിച്ചു വരുന്നത്. ബോർഡ്, ടി പ്ലാന്റിന്റെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നു. നിലവിൽ 24 മണിക്കൂറും ടി സംവിധാനം നിരീക്ഷിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഒരു സർവൈലൻസ് വാൻ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഒരു സംഭവം ഇടുക്കി ജില്ലയിൽ 2016-ൽ ശ്രദ്ധയിൽപ്പെടുകയും അതിന്മേൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാജാക്കാടുള്ള രാജക്കാട് മെഡിക്കൽ സെന്റർ എന്ന സ്ഥാപനമാണ് വീഴ്ച വരുത്തിയതെന്ന് കാണുകയും പ്രസ്തുത സ്ഥപാനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രമോ ശാസ്ത്രീയമായ ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനമോ ഇല്ലാ എന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് നോട്ടീസ് നൽകുകയും തുടർന്ന് അടച്ചു പൂട്ടാൻ ഉത്തരവ് നൽകുകയും ചെയ്തു. അതിനെ തുടർന്ന് ടി സ്ഥാപനം ബയോ മെഡിക്കൽ മാലിന്യം സംസ്കരണത്തിനായി ഇമേജിന് നൽകുവാൻ നടപടികൾ സ്വീകരിക്കുകയും ബോർഡിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ആശുപത്രി നേരിട്ട് പരിശോധിച്ച് മാലിന്യങ്ങൾ തൃപ്തികരമായി കൈകാര്യം ചെയ്യുന്നുവെന്ന് ബോധ്യപ്പെട്ട ശേഷമാണ് ബോർഡിന്റെ അനുമതി നൽകിയിട്ടുള്ളത്.

(സി) ആശുപത്രികൾ 2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്.

(ഡി) സ്വകാര്യ ആശുപത്രികൾ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള വിവിധ നിയമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരായി കർശനമായി നടപടികൾ സ്വീകരിക്കുന്നതാണ്.

**ലൈഫ് മിഷൻ**

107 (1214) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലേയും ഒരു നഗരസഭയിലേയും ഭവന രഹിതരുടെ കണക്കെടുക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഭൂരഹിതരായ ഭവന രഹിതരുണ്ടോ; ഇത്തരത്തിൽ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ ഭവന രഹിതർക്ക് എങ്ങനെ വീടുകൾ നിർമ്മിച്ചു നല്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നു വരുന്നു. ആയത് പൂർത്തിയായാൽ മാത്രമേ വ്യക്തമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(സി) സർക്കാർ ഭൂമി കണ്ടെത്തി ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് അതിൽ ഫ്ളാറ്റ് നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

**ലൈഫ് പദ്ധതി**

108 (T*1215) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; ഇതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നും ഇതിനുള്ള സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിതഭവനരഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സമുച്ചയങ്ങൾ നിർമ്മിച്ച നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാന മന്ത്രി ആവാസ് യോജന (നഗരം), പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം താഴെപറയുന്നു :

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ.
2. അഗതികൾ.
3. അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ)
4. ഭിന്നലിംഗക്കാർ.
5. ഗുരുതര/മാരകരോഗമുള്ളവർ.
6. അവിവാഹിതരായ അമ്മമാർ.
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ.
8. വിധവകൾ.

കൂടാതെ ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കും (റേഷൻ കാർഡ് അടിസ്ഥാനത്തിൽ) Kerala State AIDS Control Society- യിൽ നിന്ന് ലഭ്യമായ ലിസ്റ്റ് പ്രകാരം HIV +ve അംഗങ്ങളുള്ള ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ആദ്യഘട്ടത്തിൽ മുൻഗണന നൽകാൻ തീരുമാനമായിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ സർവ്വേയർമാർക്കുള്ള മാർഗ്ഗനിർദ്ദേശം സ.ഉ. (സാധാ) നമ്പർ 391/ 2017/ത.സ്വ.ഭ.വ. തീയതി 9-2-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ അംഗീകരിച്ചുകൊണ്ട് സ.ഉ. (സാധാ) നമ്പർ 328/ 2017/ത.സ്വ.ഭ.വ. തീയതി 6-2-2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മന്ത്രിതല സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് സ.ഉ. (സാധാ) നമ്പർ 3569/2016/ ത.സ്വ.ഭ.വ. തീയതി 31-12-2016 പ്രകാരം ഉത്തരവ് ആയിട്ടുണ്ട്.

**ലൈഫ് മിഷൻ**

109 (1216) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള മിഷനിലെ ഒരു പദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായുള്ള ഭവനരഹിതരായ ആളുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചോ;

(ബി) എങ്കിൽ എത്ര ഭവന രഹിതരുണ്ടെന്ന കണക്ക് നഗര/ഗ്രാമങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) സർവ്വേ പൂർത്തീകരിച്ചില്ലെങ്കിൽ എന്ന് സർവ്വേ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) കുടുംബശ്രീ മുഖേനയുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നതേയുള്ളൂ. ആയത് പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളുടെ വ്യക്തമായ കണക്ക് ലഭ്യമാകുകയുള്ളൂ.

**ലൈഫ് മിഷൻ**

110 (1217) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫിന്റെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വേയുടെ മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(ഡി) വിവിധ വകുപ്പുകൾ തയ്യാറാക്കിയ ഭവന രഹിതരുടെ നിലവിലെ പട്ടികയിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യ മാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും

സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനതലത്തിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മിഷൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ നവകേരള മിഷനുകീഴിലുള്ള 4 വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ല അസൂത്രണ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ജില്ലാമിഷൻ രൂപീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ 4 മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് മുനിസിപ്പൽ ചെയർപേഴ്സൺ/മേയറുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക്തല മിഷനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത്തല മിഷനും രൂപീകരിക്കുന്നതാണ്. ലൈഫ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികിഷോറിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്.

(സി&ഡി) 9-2-2016-ലെ സ.ഉ. (സാധാ) നമ്പർ 391/17/ത.സ്വ.ഭ.വ. പ്രകാരം സർവ്വേക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. 5-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് ഒരു റേഷൻകാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു ഭവനം എന്ന രീതിയിൽ ആനുകൂല്യം നൽകുന്നതിനുള്ള അടിസ്ഥാന യൂണിറ്റായി റേഷൻകാർഡ് തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തിമപട്ടികയിൽ ഒരു കാരണവശാലും അനർഹർ ഇടം പിടിക്കാൻ പാടില്ലെന്നും ആയത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പുവരുത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധപ്പെടുത്തുമ്പോൾ പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അപ്പീൽ നൽകുന്നതിന് അവസരം നൽകുന്നുണ്ട്.

**ലൈഫ് മിഷൻ**

111 (1218) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത ഭവന രഹിതരായ ആളുകൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം എത്ര വീടുകൾ എത്ര പേർക്ക് കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ ഇത് ഉറപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ബി.പി.എൽ-ൽ ഉൾപ്പെടുന്നവർ, പിന്നാക്ക വിഭാഗക്കാർ,പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നാക്ക വിഭാഗക്കാർ, അംഗപരിമിതർ തുടങ്ങിയവർക്ക് പ്രത്യേക ശതമാനം തുക ഓരോ വർഷവും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവനഹിതരാണെന്ന് കണക്കാക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നു വരികയാണ്. വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിവരുന്നു. സ്ഥലം ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, അവരുടെ സഹകരണത്തോടെ ഭവനസമുച്ചയം നിർമ്മിക്കുന്നതാണ്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷക്കാലയളവിൽ ഒരു ലക്ഷം പേർക്ക് ഭവനം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾക്ക് ലൈഫ് മിഷന്റെ വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) ഭവനമില്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെയാണ് ദൗത്യം രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ ബി.പി.എൽ., പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗം എന്നിവരിലെ എല്ലാവർക്കും ഭവനം നൽകാൻ കഴിയുന്നതാണ്. ഇത്തരം വിഭാഗക്കാർക്ക് ഓരോ വർഷവും പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ തുക ബന്ധപ്പെട്ട വിഭാഗത്തിന് തന്നെ നൽകുന്നതാണ്. 9 ക്ലേശഘടകങ്ങളെ ആസ്പദമാക്കിയാണ് മുൻഗണന നിശ്ചയിക്കുന്നത്.

## ആസ്തി വികസന ഫണ്ട് മുഖേന ചീമേനി സ്റ്റേജ് നിർമ്മാണം

112 (1219) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന ചീമേനി സ്റ്റേജ് നിർമ്മാണത്തിന് 3-3-2016-ന് എൽ.എസ്.ജി.ഡി. വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഉത്തരവിന്റെ കോപ്പി ബന്ധപ്പെട്ട ഇ.ഇ., പി.ഡബ്ല്യു.ഡി., സി.ഇ.(എൽ.എസ്.ജി.ഡി.) എന്നിവർക്ക് അയച്ചുനൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ ഉത്തരവിന്റെ പി.ഡബ്ല്യു.ഡി., ഇ.ഇ.-ക്കുള്ള കോപ്പി എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ചീമേനി സ്റ്റേജ് നിർമ്മാണത്തിന് 3-3-2016-ലെ സ.ഉ. (സാധാ) നമ്പർ 1088/16/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് Chief Engineer, Local Self Government Department, Public Work Department Buildings എന്നിവർക്ക് നൽകിയിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി

113 (1220) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നിർവ്വഹിക്കേണ്ട എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എല്ലാ പ്രവൃത്തികളുടെയും ഡി.പി.ആർ. സർക്കാരിന് ലഭിച്ചിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 12 പ്രൊപ്പോസലുകൾ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. 2 ഡി.പി.ആർ. ലഭ്യമാക്കിയിട്ടുണ്ട്.

**ക്ഷേമ പെൻഷൻ**

114 (T *1221) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന ക്ഷേമ പെൻഷൻ ലഭിച്ചു കൊണ്ടിരുന്ന ഏതെങ്കിലും ഗുണഭോക്താവിന് ആയത് റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ പെൻഷനാണ് റദ്ദ് ചെയ്തത്; കാരണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി ക്ഷേമ പെൻഷൻ ലഭിച്ചുതുടങ്ങിയവർ എത്ര പേരാണ്?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അർഹത സംബന്ധിച്ച സത്യപ്രസ്താവന നൽകാത്തതിനാലോ നൽകിയ സത്യപ്രസ്താവനയിൽ സർവ്വീസ് പെൻഷണർ, ആദായ നികുതിദായകർ, രണ്ടു ഏക്കറിലധികം ഭൂമിയുള്ളവർ, വിധവാ പെൻഷൻ കൈപ്പറ്റുന്നവർ, പുനർവിവാഹിതർ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതിനാലോ, 355519 ഗുണഭോക്താക്കളുടെ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 590426 പേർക്ക് പുതിയതായി പെൻഷൻ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

**ക്ഷേമ പെൻഷൻ കുടിശ്ശിക**

115 (T* 1222) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പെൻഷനുകളിലെ കുടിശ്ശികയായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും, ഇതിന്റെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പെൻഷനുകളിലെ കുടിശ്ശികയായി വിതരണം ചെയ്ത തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1507206 | 8233045265 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 260574 | 1002095195 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1119557 | 4640986970 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 66454 | 272152825 |
| കർഷക തൊഴിലാളി പെൻഷൻ | 307851 | 1100149250 |
| ആകെ | 3261642 | 15248429505 |

**തദ്ദേശ മിത്ര പദ്ധതി**

116 (1223) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന 'തദ്ദേശ മിത്ര' പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 'തദ്ദേശ മിത്ര' പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചതെന്നും ഏതുവരെയായിരുന്നു കാലാവധിയെന്നും അറിയിക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി മുൻവർഷങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2011 മുതൽ 2013 വരെയുള്ള പ്രവർത്തനങ്ങൾ 2014 ജനുവരി 18 മുതൽ ഫെബ്രുവരി 5 വരെ ലോകബാങ്ക്, പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്.

(ബി) 'തദ്ദേശ മിത്രം' പദ്ധതി 2011 ജൂലൈ 1 മുതൽ 2015 ഡിസംബർ 31 വരെ ആയിരുന്നു. വീണ്ടും 2016 ജനുവരി മുതൽ 2017 ജൂൺ 30 വരെ പദ്ധതി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി *ചേർക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

117 (1224) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 52 ശതമാനം മാത്രം യഥാസമയം വിനിയോഗിക്കാൻ സാധ്യമായതിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ ഏതു രൂപത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പദ്ധതി നിർവ്വഹണത്തിന് വേണ്ടത്ര ഉദ്യോഗസ്ഥരും ജീവനക്കാരുമില്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) പദ്ധതി നിർവ്വഹണപ്രക്രിയയിൽ ജനകീയ പങ്കാളിത്തം സാധ്യമാണോ, എങ്കിൽ ഏതുവിധത്തിൽ?

<u>ഉത്തരം</u>

(എ) 2016-17 വാർഷിക പദ്ധതി ചെലവ് 69.35 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം കൂടുതൽ ഫലപ്രദമാക്കുന്നതിന് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതികൾക്ക് അംഗീകാരം വാങ്ങി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്ന തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. മാത്രമല്ല 2017-18 വാർഷിക പദ്ധതിയിൽ ഓരോ പാദത്തിലും കുറഞ്ഞത് 25%

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുക വീതം ചെലവഴിച്ചിരിക്കണമെന്നും മാർച്ചുമാസം പദ്ധതി വിഹിതത്തിന്റെ 15%-ൽ കൂടുതൽ ചെലവഴിക്കാൻ ഉണ്ടാകരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് 2017-18 വാർഷിക പദ്ധതിയിലെ മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങളുണ്ട്. ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഇന്റർനെറ്റ്, വിവരസാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ലോകബാങ്ക് ധന സഹായം**

118 (1225) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലോക ബാങ്ക് ധനസഹായത്തോടെ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇവയിലേതെങ്കിലും പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കാലാവധി എന്നത്തേക്കു തീരും എന്നും എത്ര ശതമാനം ഫണ്ട് ഇതുവരെ വിനിയോഗിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) 2011 മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന "തദ്ദേശ മിത്രം" പദ്ധതിയ്ക്കായുള്ള തുക എത്രയെന്നും എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചുവെന്നും ഇനി ചെലവഴിക്കാനുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* 2016 ഏപ്രിൽ മുതൽ 10390 എണ്ണം പ്രവൃത്തികൾ നടന്നു വരുന്നു.

(ബി) പദ്ധതി കാലാവധി 2017 ജൂൺ 30-ന് അവസാനിക്കുന്നു. 96.13% ഫണ്ട് ഇതുവരെ വിനിയോഗിച്ചു.

(സി) പദ്ധതി തുക 1196 കോടി രൂപ. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. 2015 വരെ നൽകിയിട്ടുള്ള ഗ്രാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിച്ചു കഴിഞ്ഞു. 2016-17- ൽ വിതരണം ചെയ്ത ഗ്രാന്റ് ചെലവാക്കിക്കൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ തൊഴിലുറപ്പ് പദ്ധതി

119 (1226) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്;

(ബി) ജില്ലയിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക്, വേതന കുടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളുടെ വേതന കുടിശ്ശിക, കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ 24-4-2017 വരെ 308871 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ 10535 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൊല്ലം ജില്ലയിൽ വേതന കുടിശ്ശികയിനത്തിൽ 24-4-2017 വരെ 63.52 കോടി രൂപ കുടിശ്ശികയുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ വേതന കുടിശ്ശികയില്ല.

(സി) കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതന കുടിശ്ശിക നൽകുന്നതാണ്.

## തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടികൾ

120 (1227) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെരുവുനായ്ക്കളുടെ ആക്രമണത്തിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്; ഇവ യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(സി) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് ഈ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതി നിടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 8 പേർ.

(ബി) തെരുവുനായയുടെ ആക്രമണത്തിനിരയായവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച ജസ്റ്റീസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ട പരിഹാരം നൽകുവാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ മുഖാന്തരം ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം തദ്ദേശസ്ഥാപനങ്ങളിൽ കൃത്യവും സമയബന്ധിതവുമായും നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി യഥാസമയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ തെരുവു നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി തെരുവോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികളും കുറ്റക്കാർക്കെതിരെ ശിക്ഷണനടപടികളും സ്വീകരിച്ചു വരുന്നു.

**സിറ്റി സാനിട്ടേഷൻ പദ്ധതി**

121 (1228) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നഗര ശുചീകരണ പരിപാടിയുടെ ഭാഗമായി സിറ്റി സാനിട്ടേഷൻ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഇതിനായി എത്ര ഫണ്ട് നൽകപ്പെട്ടിട്ടുണ്ട്; ആയതിൻപ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്; അവ വിജയകരമായി തുടർന്നുവരുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 20 നഗരസഭകളിൽ സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടി 2010-ൽ സ്വീകരിച്ചു. ഇതു കൂടാതെ 7 നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടി 2015-ൽ സ്വീകരിച്ചു.

(ബി) തൃശ്ശൂർ കോർപ്പറേഷൻ, ആലുവ, കണ്ണൂർ, തലശ്ശേരി, തിരൂർ, കാഞ്ഞങ്ങാട്, ആറ്റിങ്ങൽ, പത്തനംതിട്ട. തൊടുപുഴ, ചാലക്കുടി പെരിന്തൽമണ്ണ, വർക്കല, കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ, ഗുരുവായൂർ, പൊന്നാനി, കൽപ്പറ്റ, കൊയിലാണ്ടി, തളിപ്പറമ്പ്, കോട്ടയം, കരുനാഗപ്പള്ളി, പാല, മാവേലിക്കര, മരട്, ചിറ്റൂർ-തത്തമംഗലം, വടകര, കാസർഗോഡ് മുൻസിപ്പാലിറ്റികൾ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി ഫണ്ട് നൽകിയിട്ടില്ല. സിറ്റി സാനിട്ടേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു, വിവര ശേഖരണവും വിശകലനവും നടത്തി ശുചിത്വ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി അത് മറികടക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

**തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ**

122 (1229) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന എഞ്ചിനീയർമാരെ പഞ്ചായത്ത് ജീവനക്കാരായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എഞ്ചിനീയർമാരുടെ ശമ്പള ബാധ്യത കൂടി ഗ്രാമപഞ്ചായത്തുകൾക്ക് വരുമ്പോൾ അതിനെ മറികടക്കാൻ പഞ്ചായത്തുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നതാണെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ബി&സി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് എഞ്ചിനീയർമാരുടെ ശമ്പള ബാധ്യത അതാത് പ്രാദേശിക സർക്കാരുകൾക്ക് റീ-ഇംമ്പേഴ്സ് ചെയ്തു നൽകുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

123 (1230) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എത്ര രൂപ നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ് ;

(സി) കേന്ദ്ര സർക്കാർ മുഴുവൻ തുകയും നൽകിയിട്ടും ഈ പദ്ധതി നടപ്പിലാക്കുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് ഈ പദ്ധതി പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പദ്ധതി ആരംഭിച്ചതിനുശേഷം കേന്ദ്രവിഹിതമായി നാളിതുവരെ 9863.80 കോടി രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സാധന സാമഗ്രികളുടെ ആകെ ചെലവിന്റെ 25 ശതമാനമാണ് സംസ്ഥാനം വഹിക്കേണ്ടത്.

(സി&ഡി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട ഫണ്ട് കേന്ദ്രം മുഴുവനായും നൽകിയിരുന്നില്ല. 2016-17 സാമ്പത്തിക വർഷം 2438.62 കോടി രൂപയാണ് കേന്ദ്രവിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ 1582.48 കോടി രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ലഭിച്ചത്. ബാക്കി വിഹിതം ലഭിക്കുന്നതിനായി കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാരിലേയ്ക്ക് 18-1-2017-ന് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. തുടർന്ന്, 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യവാരത്തിൽ കുടിശ്ശികയും നടപ്പ് വർഷത്തെ ചെലവിന് ആവശ്യമായ തുകയും ഒന്നിച്ച് ആവശ്യപ്പെട്ടെങ്കിലും ആകെ ലഭ്യമായത് 167.30 കോടി രൂപ മാത്രമാണ്. 2016-17 സാമ്പത്തിക വർഷത്തിലെ വേതന കുടിശ്ശികയിനത്തിൽ മാത്രം 759.43 കോടി രൂപ കേന്ദ്രവിഹിതം ലഭിക്കേണ്ടതാണ്. അർഹതപ്പെട്ട ഫണ്ട് പൂർണ്ണമായി ലഭിച്ചില്ലായെങ്കിലും 2016-17-ലെ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചത് 603.11 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ്. എന്നാൽ 31-3-2017 വരെ സംസ്ഥാനം 684.62 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചതിലൂടെ ലേബർ ബഡ്ജറ്റിന്റെ 113.51 ശതമാനം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ ഒഴിവുകൾ

124 (1231) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടേതടക്കമുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷത്തിലധികമായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലടക്കം നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിലെ 2 ഗ്രാമപഞ്ചായത്തുകളൊഴികെയുള്ള മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പത്മനാഭസ്വാമി ക്ഷേത്രത്തിനുചുറ്റുമുള്ള അനധികൃത നിർമ്മാണങ്ങൾ

125 (1232) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ കോട്ടയോടു ചേർന്നും പത്മനാഭ സ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശത്തും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിയമ ലംഘനത്തിന് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്;

(സി) പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ എത്രയെണ്ണത്തിന് ഇനിയും നോട്ടീസ് നൽകാനുണ്ട്;

(ഡി) ക്രമക്കേടുകൾ തുടർന്നുണ്ടാകാതിരിക്കാൻ പീരിയോഡിക്കൽ പരിശോധന നടത്താറുണ്ടോ; അത്തരത്തിൽ ഏറ്റവും ഒടുവിൽ സംയുക്ത പരിശോധന നടന്നതെന്നാണ്; ഏതൊക്കെ ഉദ്യോഗസ്ഥർ പങ്കെടുത്തു?

ഉത്തരം

(എ) അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കെട്ടിട ഉടമകളെ ഹിയറിംഗ് നടത്തിവരുന്നു.

(ബി) നിയമ ലംഘനത്തിന് താഴെപ്പറയുന്ന രണ്ട് സർക്കാർ കെട്ടിടങ്ങൾക്കും, മൂന്ന് വ്യക്തികൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ് :

1. Treasury Building
2. Technical Directorate Building
3. Karimpanel Arcade Building
4. Maha Chips Building
5. Atlas Jewellary Building.

(സി) പരിശോധന നടത്തിയ എല്ലാ കെട്ടിടങ്ങൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്.

(ഡി) 16-12-2014-ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും അസിസ്റ്റന്റ് എഞ്ചിനീയർ, റവന്യൂ ഇൻസ്പെക്ടർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളുമായുള്ള സ്ക്വാഡാണ് പരിശോധന നടത്തുന്നത്. തുടർന്നും പരിശോധന നടത്തുന്നതാണ്.

**കൊച്ചി നഗരസഭയുടെ പദ്ധതി വിനിയോഗത്തിലെ അപാകത**

126 (1234) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയ്ക്ക് 2016 -17 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി വിഹിതം എത്രയാണ്;

(ബി) ഈ തുകയിൽ ചെലവഴിച്ച തുക എത്രയെന്നും പാഴായ തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി വിഹിതം വേണ്ട രീതിയിൽ വിനിയോഗിക്കാതെയും, വാർഡ് സഭകളിൽ ലഭിച്ച പദ്ധതികൾ നടപ്പിലാക്കാതെയും, സാമ്പത്തിക വർഷം പൂർത്തിയായപ്പോൾ പദ്ധതി വിഹിതം കേന്ദ്ര സംസ്ഥാന പദ്ധതികളിൽ നിക്ഷേപിക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) ജനറൽ | - | 39,94,76,140 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | - | 46,04,75,823 |
| പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) | - | 7,22,23,641 |
| ആകെ പദ്ധതി തുക | - | 93,21,75,604 |
| (ബി) ജനറൽ | - | 28,75,10,921 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | - | 24,99,07,316 |
| പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) | - | 4,48,59,916 |
| ആകെ ചെലവഴിച്ച തുക | - | 52,22,78,153 |

കൊച്ചി നഗരസഭയുടെ പദ്ധതി തുക പാഴായിട്ടില്ല.

(സി) ചെലവഴിച്ച പദ്ധതിയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കൊച്ചി നഗരസഭയ്ക്ക് 2017 മാർച്ച് മാസത്തിൽ അധിക പദ്ധതി വിഹിതമായി ജനറൽ വിഭാഗത്തിൽ 7,77,99,567 തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആയി 10,55,95,823 രൂപയും അടക്കം ആകെ 18,33,95,390 രൂപ ലഭിച്ചിരുന്നു. ടി തുക ഡി.പി.സി. അംഗീകരിച്ച വിവിധ പദ്ധതികൾ റിവൈസ് ചെയ്ത് നഗരസഭാ വിഹിതമായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാർഡ്സഭ അംഗീകരിക്കാത്തതും ഡി.പി.സി. അംഗീകരിക്കാത്തതുമായ ഒരു പദ്ധതിയും പുതിയതായി ആരംഭിച്ച് തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ നഗരസഭാ വിഹിതം പദ്ധതി തുകയിൽ നിന്നും ചെലവ് ചെയ്യുന്നതിന് സർക്കാർ അനുമതിയുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മീഷൻ

127(1235) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച കമ്മീഷൻ ഇത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കരട് പ്രൊപ്പോസലിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ജീവനക്കാരുടെ പ്രൊമോഷനെയും പൊതു സ്ഥലംമാറ്റത്തെയും സംബന്ധിച്ച നിർദ്ദേശങ്ങൾ കരട് പ്രൊപ്പോസലിൽ ഉൾപ്പെടുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുടെ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സർക്കാർ കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ അധികാര വികേന്ദ്രീകരണം സ്ഥായിയാക്കുന്നതിന് ഒരു ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുകളുടെ സംയോജനത്തിന്റെ ചുമതല ഇപ്രകാരം രൂപീകരിച്ച കമ്മീഷനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി വരുന്നു.

(ബി) കരട് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഡി) സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകളുടെ നിർദ്ദേശങ്ങൾ കമ്മീഷൻ പരിശോധിച്ചുവരുന്നു.

## ഗ്രീൻ പ്രോട്ടോക്കോൾ

128 (1236) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോക്കോൾ എന്നതുകൊണ്ട് എന്താണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സുരക്ഷിത അജൈവ മാലിന്യ പരിപാലനം സാധ്യമാകുന്നത് വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം നടത്തുക (Reduce, Re-use, Recycle) എന്ന തത്വം പാലിക്കുമ്പോഴാണ്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ സ്ഥാപനങ്ങൾ, മേളകൾ, പൊതു സ്വകാര്യ ചടങ്ങുകൾ എന്നിവയുടെ ഭാഗമായി മാലിന്യങ്ങൾ അനിയന്ത്രിതമായി കുമിഞ്ഞു കൂടുന്നത് ഒഴിവാക്കുന്നതും മാലിന്യ സംസ്കരണത്തിനായി പണവും വിഭവങ്ങളും ചെലവാക്കുന്നതൊഴിവാക്കുകയെന്നതും അതുപോലെ പൗരൻമാരിൽ ശാസ്ത്രീയ മാലിന്യപരിപാലന മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തുകയും ചെയ്യുക, കൂടാതെ അജൈവമാലിന്യങ്ങളിൽ പുനഃചംക്രമണ സാധ്യമല്ലാത്തവ കർശനമായി നിരോധിച്ച് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തി പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ പ്രോട്ടോകോൾ എന്നതുകൊണ്ട് വിഭാവന ചെയ്യുന്നത്.

(ബി) സംസ്ഥാനത്ത് നടത്തപ്പെട്ട ദേശീയ ഗെയിംസ് 2015, ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ യുവജനോത്സവം, നിലവിലെ സംസ്ഥാന മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങ് തുടങ്ങി ചെറുതും വലുതുമായ പരിപാടികൾ ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കിക്കൊണ്ടും കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിച്ചുകൊണ്ടും നടത്തി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ സർക്കാർ സ്കൂളുകൾ, ആരാധനാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ എല്ലാത്തരം പരിപാടികളിലും ഡിസ്പോസബിൾ മുക്തമാക്കി നടത്തിവരുന്നത് വ്യാപകമാകുന്നുണ്ട്.

(സി) ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ് ഷോപ്പുകൾ വഴി വിഭവങ്ങളുടെ ഉപയോഗ ക്ഷമത പരമാവധി പ്രയോജനപ്പെടുത്തി പുനഃചംക്രമണ വിധേയമായ വസ്തുക്കളുടെ പുനഃചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക, ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലുള്ള നടപടികളും, ആയതിലേക്കുള്ള ശീലം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവ

പാഴ്വസ്തുക്കൾ, കുടുംബശ്രീ സന്നദ്ധ സംഘടനകൾ മറ്റ് സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ശേഖരിക്കുന്നതിലേക്കും, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശേഖരിക്കപ്പെട്ട അജൈവമാലിന്യം രണ്ടാം തരംതിരിവ് നടത്തി സൂക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനം, പുനചംക്രമണ യോഗ്യമല്ലാത്തവയുടെയും, സംസ്കരണ സാധ്യമല്ലാത്തവയുടെയും ഉൽപ്പാദനവും, വിപണനവും, ഉപയോഗവും നിയന്ത്രിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, അതുപോലെ പൗരൻമാരിൽ അനുകൂല മനോഭാവ രൂപീകരണത്തിനും സുരക്ഷിത മാലിന്യ പരിപാലന ശീലനങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ബോധവത്കരണ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഏറ്റെടുക്കുക എന്നീ നടപടികൾ ശുചിത്വമിഷൻ മുഖേനയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ജനപ്രതിനിധികളുടെ സഹകരണത്തോടെ അവരവരുടെ ഭരണമണ്ഡലത്തിൽ നടത്തപ്പെടുന്ന എല്ലാ പരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടത്തുന്നതിനാവശ്യമായ പിന്തുണ നൽകി പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആലോചിച്ചുവരുന്നു.

**ചെറുതോണി ബസ് ടെർമിനൽ കം അഗ്രോ മാർക്കറ്റ് നിർമ്മാണം**

129 (1237) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മെഡിക്കൽ കോളേജിനു സമീപം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ചെറുതോണി ബസ് ടെർമിനൽ കം അഗ്രോ മാർക്കറ്റ് പദ്ധതിക്ക് എന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നല്കി ഉത്തരവിറക്കിയത്; പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കിയശേഷം നാളിതുവരെ പദ്ധതി പ്രാവർത്തികമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണം എന്താണ്;

(ഇ) പ്രസ്തുത പദ്ധതി വീണ്ടും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് 19-11-2016-ൽ ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പ് സെക്രട്ടറി കത്തു നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കൈപ്പറ്റിയതിനു ശേഷം പ്രസ്തുത പ്രോജക്റ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വച്ചിരുന്നോ; വ്യക്തമാക്കുമോ;

(ജി) ഇടുക്കി ജില്ലാ ആസ്ഥാനത്ത് ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണം നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 25-2-2014-ലെ സ.ഉ. (സാധാ)നമ്പർ547/14/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനാണ് നടപടികളുണ്ടായിട്ടുള്ളത്.

(സി) ടി പദ്ധതിക്കായി 5-8-2015-ൽ ജില്ലാ പഞ്ചായത്തും കിറ്റ്കോയും തമ്മിൽ എഗ്രിമെന്റിലേർപ്പെടുകയും പദ്ധതിയുടെ പ്ലാൻ കിറ്റ്കോ തയ്യാറാക്കുകയും ചെയ്തു. എഗ്രിമെന്റിൻ പ്രകാരമുള്ള ആദ്യ ഗഡുവായ 68,38,290 രൂപ കിറ്റ്കോ ആവശ്യപ്പെടുകയും സർക്കാർ ഉത്തരവ് നമ്പർ 603/16/തസ്വഭവ തീയതി 12-2-2016 പ്രകാരം പ്ലാൻ ശീർഷകത്തിൽനിന്നും തുക മാറി നൽകുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ തുക നല്കുവാൻ സാധിച്ചിട്ടില്ല.

(ഡി) 2010-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരമാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നിലവിലെ റേറ്റ് അനുസരിച്ച് അടങ്കലിൽ വലിയ വ്യത്യാസം ഉണ്ടാകും. തുകയിലുള്ള വർദ്ധനവ് ലഭ്യമാക്കുന്നതിന് ബാങ്ക് ലോൺ ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകൾ കണ്ടെത്തുവാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്.

(ഇ) നൽകിയിരുന്നു.

(എഫ്&ജി) സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനായി അടങ്കലിലെ വ്യത്യാസംമൂലം ഉണ്ടാകുന്ന അധിക തുക കണ്ടെത്തുന്നതിനായി ബാങ്ക് ലോൺ ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകൾ പരിശോധിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ 22-3-2017-ലെ 11/ഡി.ബി.2/2016/തസ്വഭവ നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായംകുളം നഗരസഭയിൽ മാലിന്യ സംസ്കരണത്തിനുവേണ്ടി ആധുനിക സൗകര്യങ്ങൾ

130 (1238) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ മാലിന്യ സംസ്കരണത്തിനുവേണ്ടി യാതൊരുവിധ ആധുനിക സൗകര്യങ്ങളും ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കായംകുളത്ത് ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 334ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം, ഉറവിട മാലിന്യ സംസ്കരണ പദ്ധതി കായംകുളം നഗരസഭയിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കായംകുളം നഗരസഭയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് 'ഹരിതകേരളം' പദ്ധതി പ്രകാരവും ശുചിത്വ മിഷൻ മുഖേനയും നടപടി ആരംഭിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം നഗരസഭയുടേതാണ്.

## കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

131 (1239) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ കുടിവെള്ള ദൗർലഭ്യം പരിഹരിയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി സ്വീകരിച്ച മുൻകരുതലുകൾ ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ജലസമൃദ്ധി കേരളത്തിന്റെ തനതായ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ഭാവിയിലേക്കായി തദ്ദേശസ്ഥാപനങ്ങളിലൂടെ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതിരൂക്ഷമായ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി നിലവിലുള്ള പൊതുകിണറുകൾ, കുളങ്ങൾ എന്നിവ അറ്റകുറ്റപണികൾ നടത്തുകയും തോടുകളുടെയും കുളങ്ങളുടെയും ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്തുവരുന്നു. തൊഴിലുറപ്പ് പദ്ധതി മുഖേന വേനൽകാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തടയണകളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും, വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചമൂലം കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കിണറുകളും കുളങ്ങളും നവീകരിച്ചതിനാൽ ഒരു പരിധിവരെ ജലലഭ്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ നവീകരണത്തിനും ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കിണർ റീചാർജിംഗ് മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ ഭവനരഹിതർ**

132 (1240) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി ഭവനരഹിതരായ എത്ര പേരുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച വ്യക്തമാക്കാമോ;

(ബി) 2012-2016 കാലയളവിൽ ഐ.എ.വൈ. പദ്ധതി പ്രകാരം പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളിൽ എത്ര പേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്നും, ഇവർക്കുള്ള തുക മുഴുവനായും കൊടുത്തു തീർത്തിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-ൽ നടന്ന സാമൂഹ്യ സാമ്പത്തിക സെൻസസ് അനുസരിച്ച് പാറശ്ശാല മണ്ഡലത്തിൽ വരുന്ന ഭവനരഹിതരായവരുടെ എണ്ണം അപ്പലേറ്റ് കമ്മിറ്റി അംഗീകരിച്ചതിൻ പ്രകാരം പഞ്ചായത്ത് തിരിച്ച് ചുവടെ കൊടുക്കുന്നു :

| | | | |
|---|---|---|---|
| 1 | പാറശ്ശാല | - | 329 |
| 2 | അമ്പൂരി | - | 69 |
| 3 | ആര്യങ്കാവ് | - | 99 |
| 4 | കള്ളിക്കാട് | - | 49 |
| 5 | കൊല്ലയിൽ | - | 118 |
| 6 | കുന്നത്തുകാൽ | - | 156 |
| 7 | ഒറ്റശേഖരമംഗലം | - | 146 |
| 8 | പെരുങ്കടവിള | - | 38 |
| 9 | വെള്ളറട | - | 270 |
| | ആകെ | | 1274 |

ലൈഫ് മിഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ഭവനരഹിതരുടെ വിവരം ശേഖരിക്കുന്നതിനുള്ള സർവ്വെ അന്തിമ ഘട്ടത്തിലാണ്.

(ബി) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| 1 | ചെങ്കൽ | 12 | 90 | 55 | 72 |
| 2 | കാരോട് | 57 | 71 | 70 | 61 |
| 3 | കുളത്തൂർ | 75 | 56 | 65 | 75 |
| 4 | പാറശ്ശാല | 88 | 107 | 114 | 109 |
| 5 | പൂവ്വാർ | 35 | 39 | 38 | 64 |
| 6 | തിരുപുറം | 27 | 25 | 32 | 32 |
| | ആകെ | 294 | 388 | 374 | 413 |

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 10 ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകാനുണ്ട്.

2. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| 1 | അമ്പൂരി | 40 | 37 | 63 | 51 |
| 2 | ആര്യങ്കാവ് | 68 | 53 | 81 | 61 |
| 3 | കള്ളിക്കാട് | 49 | 40 | 61 | 59 |
| 4 | കൊല്ലയിൽ | 71 | 67 | 81 | 59 |
| 5 | കുന്നത്തുകാൽ | 114 | 82 | 104 | 86 |
| 6 | ഒറ്റശേഖരമംഗലം | 56 | 59 | 70 | 51 |
| 7 | പെരുങ്കടവിള | 65 | 50 | 60 | 73 |
| 8 | വെള്ളറട | 63 | 63 | 104 | 82 |
| | ആകെ | 526 | 451 | 624 | 522 |

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത 124 ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകാനുണ്ട്.

## ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

133 (1241) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരളമിഷനിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഫർമേഷൻ കേരളമിഷനിലെ സോഫ്റ്റ് വെയർ വിഭാഗത്തിലെ സാങ്കേതിക വൈദഗ്ദ്യം ലഭിച്ചവർക്ക് മറ്റ് മേഖലകളിൽ സമാന തസ്തികളിലുള്ളവർക്ക് കിട്ടുന്ന വേതനത്തിന് തുല്യമായ വേതനം നൽകുന്നതിന് നടപടി കൈക്കൊള്ളാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

## ദേവികുളം മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികയിലെ ഒഴിവ്

134 (1242) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നുണ്ടോ ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിനു എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഒന്നാംഗ്രേഡ് ഓവർസിയർമാരെ പി.എസ്.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടാംതരം ഓവർസിയർ എന്നീ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാലിന്യം സൃഷ്ടിക്കുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ

135 (1243) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അറവുശാലകൾ, സദ്യാലയങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവയിൽനിന്നും പുറന്തള്ളപ്പെടുന്ന മാലിന്യം സൃഷ്ടിക്കുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആയതിനുവേണ്ടി ശുചിത്വ കാമ്പയിൻ നടത്തുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തിഗത അറവുശാലകൾ, പൗൾട്രി ഫാമുകൾ, സദ്യാലയങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവിടങ്ങളിൽനിന്നും ജൈവ അജൈവ മാലിന്യം പൊതുസ്ഥലങ്ങൾ, ഓടകൾ, പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കുന്നത് വലിയ തരത്തിലുള്ള സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ഇത്തരം മാലിന്യ നിക്ഷേപങ്ങളിൽനിന്നും മലിനജലം (ലീച്ചേറ്റ്) ഒലിച്ചിറങ്ങി ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതായും ആയതിലടങ്ങിയ ഖനലോഹങ്ങളും വിഷവസ്തുക്കളും ഇവ ആഗീരണം ചെയ്യപ്പെട്ട സസ്യ ജന്തുക്കളിലൂടെ മനുഷ്യശരീരത്തിലെത്തി പലവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള പഠനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുമ്പോൾ വമിക്കുന്ന പുകയിലടങ്ങിയ വിഷവാതകങ്ങൾ ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നതായും റിപ്പോർട്ടുകളുണ്ട്.

(ബി) ഇല്ല. 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ തന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമായിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളും അധികാര സ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഏതൊരാളും മാലിന്യം തെരുവിലോ, പൊതുസ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും ശാസ്ത്രീയ ജൈവ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങൾ എല്ലാതലങ്ങളിലും ആവശ്യാനുസരണം സൃഷ്ടിച്ചു കൊണ്ടും ശാസ്ത്രീയ മാലിന്യ പരിപാലനത്തിലൂടെ തങ്ങളുടെ ചുറ്റുപാട് വൃത്തിയും വെടുപ്പുമുള്ളതാക്കി സൂക്ഷിച്ച് പാരിസ്ഥിതികാഘാതവും ആരോഗ്യ പ്രശ്നങ്ങളും ഒഴിവാക്കുന്നതിനുമുള്ള പൗരബോധവും സംസ്കാരവും ജനങ്ങളിൽ വളർത്തിക്കൊണ്ട് വരേണ്ടതുമുണ്ട്. എന്നിരുന്നാൽ മാത്രമേ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും, തെരുവിലും, ജലാശയങ്ങളിലും എത്തിച്ചേരുന്നത് ഫലപ്രദമായി തടയാൻ കഴിയൂ. ഇക്കാര്യങ്ങൾ കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ബൃഹത്തായ "ഹരിത കേരളം" പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. വിവിധ വിഭാഗം പൗരന്മാരിലേയ്ക്ക് ശാസ്ത്രീയ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അറിവുകളും, വിവരങ്ങളും എത്തിച്ച് അനുകൂല മനോഭാവവും ശീലവത്ക്കരണവും ഉറപ്പാക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവരവിജ്ഞാപന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നുണ്ട്.

## ഗാർഹിക/കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ

136 (1244) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയിൽനിന്നും ഗാർഹിക/കോമേഴ്സ്യൽ കെട്ടിടങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് അപേക്ഷയോടൊപ്പം പ്ലാൻ കൊടുക്കുമ്പോൾ പ്രസ്തുത പ്ലാൻ അമോണിയം പ്രിന്റിൽ തന്നെ വേണമെന്ന വ്യവസ്ഥ ഏതെങ്കിലും ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പുതിയ സാങ്കേതികവിദ്യയുടെ വരവോടുകൂടി അമോണിയം പ്രിന്റ് ലഭ്യമാക്കാൻ വളരെ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ നിലവിൽ പിൻതുടരുന്ന ഡിജിറ്റൽ പ്രിന്റിൽ പ്ലാനിന്റെ കോപ്പി സ്വീകരിക്കുവാൻ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ച് അപേക്ഷകരെ സഹായിക്കുമോ;

(സി) അമോണിയം പ്രിന്റ് ലഭ്യമാക്കാൻ അപേക്ഷകർ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്ലാനുകൾ/ ഡ്രോയിംഗുകൾ തയ്യാറാക്കേണ്ട വിധം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6, 7(9) എന്നിവയിലും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6, 7(11) എന്നിവയിലും പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്രസ്തുത പ്ലാനുകൾ അമോണിയം പ്രിന്റിൽ തന്നെ വേണമെന്ന് ടി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ ഡിജിറ്റൽ പ്രിന്റ് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല.

(സി) ഇല്ല.

## നീതി ആയോഗ്

137 (1245) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് നിർദ്ദേശിച്ച ത്രിവത്സര പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കും ; വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ത്രിവത്സര ആസൂത്രണം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; കേന്ദ്ര ഫണ്ട് കിട്ടാൻ നീതി ആയോഗ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതില്ലേ;

(സി) നീതി ആയോഗിൽ പദ്ധതികൾ സമർപ്പിക്കാൻ പ്രതേക ടീം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ വിഷയത്തിൽ ആസൂത്രണ ബോർഡ് ശിപാർശ എന്താണ്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തെരുവുനായ ശല്യം**

138 (1246) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു തെരുവുനായ ശല്യം ഇല്ലാതാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

(ബി) മൃഗ ജനനനിയന്ത്രണ പരിപാടി ഫലപ്രദമായിട്ടുണ്ടോ;

(സി) ഓരോ ജില്ലയിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ പിടികൂടി ഇതിനായി പ്രത്യേകം തയ്യാറാക്കുന്ന ആവാസകേന്ദ്രത്തിൽ എത്തിച്ച് മൃഗസ്നേഹികളുടെ പങ്കാളിത്തത്തോടെ സുരക്ഷിതമായി വളർത്താനുള്ള പദ്ധതി പ്രായോഗികമായിട്ടുണ്ടോ; ഇക്കാര്യത്തിൽ മൃഗസ്നേഹികളുടെ പങ്കാളിത്തം എത്രമാത്രം ലഭിച്ചുവെന്ന് അറിയിക്കാമോ;

(ഡി) തെരുവുനായ പ്രശ്നത്തിന്റെ അടിസ്ഥാന കാരണമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ മുഖാന്തരം ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം തദ്ദേശ സ്ഥാപനങ്ങൾ മുഖേന കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി തെരുവോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികളും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) എ.ബി.സി. പ്രോഗ്രാം ആരംഭഘട്ടത്തിലാണെങ്കിലും ഫലപ്രദമാണെന്നാണ് പ്രാഥമിക റിപ്പോർട്ട്.

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടില്ല. മുഴവൻ ജില്ലകളിലും ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ മൃഗസ്നേഹികളുടെ പങ്കാളിത്തം ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയുടെ നിശ്ചിത ശതമാനം മാലിന്യ നിർമ്മാർജ്ജനത്തിനായി മാറ്റിവച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബോധവൽക്കരണം, ഉറവിട മാലിന്യ സംസ്കരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ വിതരണം, കിച്ചൺ ബിൻ വിതരണം, മാലിന്യം നീക്കം ചെയ്യുന്നതിന് സന്നദ്ധ സംഘടനകൾ വഴിയുള്ള പ്രവർത്തനങ്ങൾ, റിങ് കമ്പോസ്റ്റ് വിതരണം, ഹരിത കേരളം പദ്ധതി, ശുചിത്വമിഷൻ, കുടുംബശ്രീ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജന വാഹനത്തിൽ മാലിന്യങ്ങൾ ശേഖരിച്ച് ഇൻസിനറേറ്ററിൽ എത്തിക്കാനുള്ള നടപടികൾ, പൈപ്പ് കമ്പോസ്റ്റ് വിതരണം, പോർട്ടബിൾ & ബയോഗ്യാസ് പ്ലാന്റ് വിതരണം, മണ്ണിര കമ്പോസ്റ്റ് വിതരണം, അനധികൃത അറവുശാലകൾ അടച്ചുപൂട്ടൽ, പ്രധാന മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുക എന്നീ നടപടികൾ നടത്തിവരുന്നു.

**ചാലക്കുടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗം**

139 (1247) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ 2016-17 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമാണെന്നും, ഏതെല്ലാംപ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത് എന്നും അറിയിക്കാമോ;

(ബി) ബാക്കിയുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ലഭ്യമാക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽ 2016-17 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ, അവയുടെ ഭരണാനുമതി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നടപടി സ്വീകരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തെരുവുനായ നിയന്ത്രണത്തിന് വന്ധ്യംകരണം**

140 (1248) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി നായകളെ വന്ധ്യംകരണം നടത്തുവാനുള്ള ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി നടപ്പിലാക്കുവാനായി ഈ വർഷം നൽകിയ തുകയെത്രയെന്നും അതിൽ 31-3-2017 വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ ഇനത്തിൽ വകയിരുത്തിയിരുന്ന 12,57,33,289 രൂപയിൽ 31-3-2017 വരെ 2,98,91,228 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ശ്രീമതി വിജയലക്ഷ്മിക്ക് നിയമനം**

141 (1249) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2001 മുതൽ ബദിയടുക്ക ഗ്രാമപഞ്ചായത്ത് ശിശുമന്ദിരത്തിൽ ജോലി ചെയ്തു വരുന്ന പട്ടികവിഭാഗത്തിൽപ്പെട്ട ശ്രീമതി വിജയലക്ഷ്മിക്ക് ശിശുമന്ദിരം നിർത്തിയതുമൂലം നഷ്ടപ്പെട്ട തസ്തികയ്ക്ക് പകരം പൗണ്ട് കീപ്പർ/ലൈബ്രേറിയൻ തസ്തികയിൽ പരിഗണിക്കാൻ ശിപാർശ നൽകിയിട്ടും ഉത്തരവ് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

22-2-2001 മുതൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ നഴ്സറി സ്കൂളിൽ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി വിജയലക്ഷ്മിയെ സ്കൂൾ നിർത്തലാക്കിയ ശേഷവും പഞ്ചായത്തിലെ ഓഫീസ് ജോലികൾക്കായി നിയോഗിക്കുകയും ഓണറേറിയം നൽകിവരികയുമാണ്. ടിയാളെ പൌണ്ട് കീപ്പർ/ലൈബ്രേറിയൻ തസ്തികയിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം ഇപിഎ 2/205/16/തസ്വഭവ നമ്പരായി പരിശോധിക്കുകയും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. പതിനൊന്നിന പരിപാടിയിൽ 31-12-2000-ന് മുമ്പ് നിയമിതരായവരും ടി തസ്തികയിൽ ഓണറേറിയം വ്യവസ്ഥയിൽ തുടർന്നിരുന്നവരുമായ നഴ്സറി സ്കൂൾ ടീച്ചർമാരെ മാത്രമാണ് നിലവിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

## മുളിയൂർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥത

142 (1250) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്ത് വക മുളിയൂർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കളിസ്ഥലം പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ നിലവിലെ സ്ഥിതിയിൽ സാദ്ധ്യമാണോ?

ഉത്തരം

(എ) ഇല്ല.

(ബി) അല്ല. മുളിയൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് ചില വ്യക്തികളുടെയും/ സംഘടനകളുടെയും എതിർപ്പ് നിലനിൽക്കുന്നുണ്ട്.

## നഗരസഭകളിലെ പുതിയ തസ്തിക നിർണ്ണയം

143 (1251) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ആയിരത്തിൽപരം അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതിൽ നിന്നും ഏതൊക്കെ നഗരസഭകളിലേക്ക് അധിക തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് പുതുതായി രൂപീകരിച്ച 28 നഗരസഭകളും കോർപ്പറേഷനുകളും ഒഴികെയുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും സീനിയർ ക്ലാർക്കുമാരുടെ പ്രൊമോഷൻ തസ്തികയായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) പഞ്ചായത്തു വകുപ്പിലുള്ളതുപോലെ നഗരസഭകളിൽ സെക്രട്ടറി തസ്തിക പ്രൊമോഷൻ വഴി നികത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നഗരകാര്യ വകുപ്പിൽ ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടില്ല.

(ബി) നഗരകാര്യ ഡയറക്ടറിൽനിന്നും ശിപാർശ ലഭ്യമാക്കി ടി വിഷയം പരിശോധിക്കുന്നതാണ്.

(സി) നഗരസഭാ സെക്രട്ടറി തസ്തികയിലെ നിയമനം നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരമാണ് നടത്തിവരുന്നത്. അതിൽ മാറ്റം വരുത്തുന്നത് പരിഗണനയിലില്ല.

**പഞ്ചായത്ത് രാജ് നിയമം**

144 (1252) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്‌രാജ് നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതും, ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിൽ ഉൾപ്പെടുന്നതുമായ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിശദാംശം വ്യക്തമാക്കാമോ;

(ബി) കോതമംഗലം ബ്ലോക്കിലെ പട്ടിക ജാതി വികസന ഓഫീസിലെ മുഴുവൻ തസ്തികകളും ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അനുബന്ധ ജീവനക്കാർ (ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്), ഡയറി എക്സ്റ്റൻഷൻ ഓഫീസർ (ഡയറി എക്സ്റ്റെൻഷൻ ഓഫീസ്), വെറ്ററിനറി പോളിക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജൻ (വെറ്ററിനറി പോളിക്ലിനിക്ക്), കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം), ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയം), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ ഓഫീസ്), ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ (SCDO) (എസ്.സി. ഡവലപ്മെന്റ് ഓഫീസറുടെ കാര്യാലയം), മെഡിക്കൽ ഓഫീസർ (CHC) (സാമൂഹ്യ ആരോഗ്യ കേന്ദ്രം) എന്നീ ജീവനക്കാരും, അനുബന്ധ സ്ഥാപനങ്ങളും ആണ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളും ജീവനക്കാരും.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

**ഓപ്പറേഷൻ അനന്ത**

145 (1253) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോട്ടിൽ അടിഞ്ഞു കൂടിയ ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിലെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം അതിലെ മലിന ജലത്തിന്റെ ഒഴുക്ക് സുഗമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്ക് മാലിന്യവും, പ്ലാസ്റ്റിക് വസ്തുക്കളും ഒഴുകി എത്താതിരിക്കാൻ എന്തൊക്കെ മുൻകരുതലെടുത്തിട്ടുണ്ട്; ഒഴുകിയെത്തുന്ന മാലിന്യം നീക്കം ചെയ്ത് വഞ്ചിയൂർ ഭാഗത്ത് ബോക്സ് ടണലിലും അതിനു മുകളിലുള്ള ഭാഗത്തും ഒഴുക്ക് തടസ്സപ്പെട്ട് മലിനജല പ്രളയം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോട്ടിൽ അടിഞ്ഞുകൂടിയ ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിച്ച ശേഷം മലിനജലത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. എന്നാൽ തോടിന്റെ തുറസ്സായ ഭാഗങ്ങളിൽ സമീപ പ്രദേശത്തുള്ളവരും വഴിയാത്രക്കാരും നിരന്തരം മാലിന്യങ്ങൾ നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ബി) ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വഞ്ചിയൂർ ഭാഗത്ത് ബോക്സ് ടണൽ നിർമ്മിച്ച് ഇതിലേയ്ക്ക് മാലിന്യവും മറ്റും എത്താതിരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്.

**കുടുംബശ്രീ മുഖേന ബാലസഭകളെ ഊർജ്ജിതമാക്കാൻ പദ്ധതി**

146 (1254) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന ബാലസഭകളെ ഊർജ്ജിതമാക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം നേട്ടം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബാലപഞ്ചായത്ത് ഭാരവാഹികൾക്കും റിസോഴ്സ് പേഴ്സൺമാർക്കും പ്രത്യേക നേതൃത്വ പരിശീലനം, എല്ലാ ജില്ലകളിലും ഒരു സി.ഡി.എസ്-ൽ നിന്ന് 3 കുട്ടികളെ വീതം തെരഞ്ഞെടുത്ത് പരിശീലനം നൽകി പിയർ ഗ്രൂപ്പ് രൂപീകരിക്കൽ, പത്താംക്ലാസ് കഴിഞ്ഞ കുട്ടികൾക്കായി ജീവിതനൈപുണ്യ പരിശീലനം, വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ബാലസഭകളിൽ കുട്ടികൾക്കായി വിവിധ പഠന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) കുട്ടികളെ നേതൃത്വനിരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും അവർ നേരിടുന്ന പ്രശ്നങ്ങൾ പിയർ ഗ്രൂപ്പുമായി പങ്കുവയ്ക്കാനും അതിനെ പ്രതിരോധിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനുമാവും. കൂടാതെ വിവിധ വിഷയങ്ങളിൽ പഠനം നടത്തി പൊതുവേദിയിലേയ്ക്ക് കടന്നുവരുന്നതിനും അവരുടെ അവകാശങ്ങളെ ധ്വംസിക്കുന്ന ഘടകങ്ങൾ കണ്ടെത്തി പ്രതികരിക്കാനും അവർക്കാവും.

(സി) ജില്ലകളിൽ ഒരു തദ്ദേശസ്വയംഭരണ പ്രദേശത്ത് കുറഞ്ഞത് 10 കുട്ടികളുടെ വീതം ടീം രൂപീകരിച്ച് അവർക്ക് വിവിധ പരിശീലനങ്ങൾ നൽകിയും, ബാലസഭ പ്രവർത്തനങ്ങൾക്കായി കൂടുതൽ റിസോഴ്സ് പേഴ്സൺമാരെ കൃത്യമായ പരിശീലനം നൽകി നിയമിച്ചും, കൗമാരക്കാരായ ആൺകുട്ടികൾക്കായി വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചും, ഓരോ ജില്ലയിലും 250-300 കുട്ടികൾക്ക് തുടർച്ചയായ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിച്ചും, ബ്ലോക്ക് തലത്തിൽ കുട്ടികൾക്ക് കൗൺസിലിംഗും മറ്റു പിന്തുണയും നൽകുന്നതരത്തിൽ സംവിധാനം കൊണ്ടുവന്നും, വാർഡ്തലത്തിൽ കൃത്യമായും ബാലസഭാംഗങ്ങൾ ഒന്നിച്ചു ചേരുന്നതിനുള്ള വേദികൾ സൃഷ്ടിച്ചും പദ്ധതി വിപുലപ്പെടുത്തുന്നതാണ്.

### ബിൽഡിംഗ് റൂൾ തെറ്റിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

147 (1255) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ ബിൽഡിംഗ് റൂൾ തെറ്റിച്ച് കോമേഴ്സ്യൽ കെട്ടിടങ്ങൾ നിർമ്മിച്ച് പഞ്ചായത്തിൽനിന്നും കെട്ടിട നമ്പർ കിട്ടാതെ നിരവധിപേർ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പ്രത്യേക ഫീസ് അടപ്പിച്ച് ക്രമവൽക്കരിച്ച് കൊടുക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രത്യേക ഫീസ് താരിഫ് ഉണ്ടാക്കി ക്രമവൽക്കരിച്ച് കൊടുത്താൽ സർക്കാരിന് നല്ലൊരു വരുമാനം ലഭിയ്ക്കുമെന്നകാര്യം കണക്കിലെടുത്തും കെട്ടിട ഉടമകൾക്ക് ഉപയോഗപ്രദമാകുമെന്നത് കണക്കാക്കിയും ഇക്കാര്യം വിശദമായി പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇത്തരത്തിൽ നിയമ ലംഘനങ്ങൾ നടത്തിയിട്ടുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിയ്ക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**വിജിലൻസ് നടത്തിയ പഠനം**

148(1256) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് വിജിലൻസ് നടത്തിയ പഠനപ്രകാരം ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിലാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) താരതമ്യേന മറ്റ് വകുപ്പുകളിൽനിന്നും വ്യത്യസ്തരായി ജോലി മാറ്റം, സമ്മർദ്ദം, സ്ഥലംമാറ്റം എന്നിവ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ, പ്രത്യേകിച്ച് പഞ്ചായത്ത് വകുപ്പിലെ, ജീവനക്കാരുടെ കഴിവിനെയും ആത്മാർത്ഥതയെയും ചോദ്യം ചെയ്യുന്ന പ്രസ്തുത റിപ്പോർട്ടിന്മേൽ വകുപ്പിന്റെ ഭാഗത്ത് നിന്നും പ്രതികരണം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം**

149(1257) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പ് ജിവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജനപ്രതിനിധികളുടെയും ജനങ്ങളുടെയും നേരിട്ടുള്ള ഇടപെടൽ കാരണം ഇതര സർക്കാർ വകുപ്പുകളിൽനിന്നും വ്യത്യസ്തമായി പഞ്ചായത്തുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അവർക്ക് യോജിച്ചതിൽ ഏറ്റവും സമീപ ജില്ലകളിലെങ്കിലും ജോലി ചെയ്യാൻ പറ്റുന്ന സാഹചര്യം സൃഷ്ടിക്കുമോ;

(സി) പഞ്ചായത്ത് വകുപ്പിൽ പുതുക്കിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം നടത്തി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ 9-ാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ആയതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറായിരുന്ന ശ്രീ. കെ. ആർ. മുരളീധരൻ, ഐ.എ.എസ്., ശ്രീ. എസ്. ദിവാകരൻപിള്ള (സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ) എന്നിവരടങ്ങിയ സമിതിയെ നിയോഗിക്കുകയും പഠന റിപ്പോർട്ട് 27-2-2012-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ടിലെ ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ പഞ്ചായത്ത് വകുപ്പിലെ ഭൂരിഭാഗം ഉദ്യോഗസ്ഥർക്കും സ്വന്തം ജില്ലയിലും സൗകര്യപ്രദമായ ഓഫീസുകളിലും നിയമനം നൽകുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പഞ്ചായത്തു വകുപ്പിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം**

150(1258) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ക്ലാർക്കുമാരുടെ എണ്ണം ആറോ അതിൽ കൂടുതലോ ഉള്ള പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തികയെ ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | ജോയിന്റ് ഡയറക്ടർ | - | 1 |
| | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | 14 |
| | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | - | 11 |
| | സെക്രട്ടറി | - | 2 |
| | ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി | - | 65 |
| | ഹെഡ് ക്ലാർക്ക് | - | 52 |
| | അക്കൗണ്ടന്റ് | - | 4 |
| | സീനിയർ ക്ലാർക്ക് | - | 4 |

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) പഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റിയതു കാരണം പഞ്ചായത്തു വകുപ്പിൽ അധികമായി വന്ന തസ്തികകൾ പഞ്ചായത്തിൽ തന്നെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുള്ള മാനദണ്ഡം രൂപീകരിക്കുന്ന അവസരത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**കുടുംബശ്രീ പദ്ധതികൾ**

151(1259) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) നൂതനവും വ്യത്യസ്തവും ജനശ്രദ്ധ പിടിച്ചു പറ്റുന്നതുമായ പദ്ധതികൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ പരാജയപ്പെട്ടു എന്ന അഭിപ്രായം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പുത്തൻ ആശയങ്ങൾ ഉൾക്കൊണ്ട് നവീനവും ഉപയോഗ പ്രദവുമായ പദ്ധതികൾ അവിഷ്കരിക്കുന്നതിന് നിലവിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനോടൊപ്പം അനുഭവ സമ്പത്ത് ഉള്ളവരുടെ സഹായങ്ങളും പ്രയോജനപ്പെടുത്തുവാൻ കുടുംബശ്രീ തയ്യാറാകുമോ?

ഉത്തരം

(എ) വിവിധ പദ്ധതികളെക്കുറിച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളെ കുറിച്ചും അയൽക്കൂട്ടങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ സ്കൂൾ, മൂന്നു ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളും അയൽക്കൂട്ട യോഗങ്ങളുടെ വിവരങ്ങളും മോണിറ്ററിംഗ് നടത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ട ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം, വായ്പാ റിക്കവറി നേരിടുന്ന സംരംഭങ്ങളുടെ പുനരുദ്ധാരണ പാക്കേജ്, കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനായി 14 ജില്ലകളിലും കുടുംബശ്രീ ബസാറുകൾ, കുടുംബശ്രീ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തിക്കുന്നതിനായി സ്വകാര്യ സംരംഭകരുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, കുടുംബശ്രീ സംരംഭങ്ങൾക്ക് മൂലധന സബ്സിഡിക്കുപകരമായി പലിശ സബ്സിഡി, എല്ലാ ജില്ലയിലും കുടുംബശ്രീ ഹോം ഷോപ്പ് വിപണന ശൃംഖല, റെയിൽവേയും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി സഹകരിച്ച് വാഹന പാർക്കിംഗ്, വാഹനങ്ങളുടെ ക്ലീനിംഗ്, ശീതീകരിച്ച വിശ്രമമുറികളുടെ പരിപാലനം, ഭക്ഷണശാലകൾ, ഉത്പന്ന കിയോസ്കുകൾ, ടിക്കറ്റ് റിസർവ്വേഷൻ കൗണ്ടറുകൾ, കയർഫെഡുമായി സഹകരിച്ച് 30 ചകിരി നിർമ്മാണ യൂണിറ്റുകൾ, കൊല്ലം, പുനലൂർ, പിറവം, കൽപ്പറ്റ നഗരസഭകളിൽ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, മാതാപിതാക്കൾ നഷ്ടപ്പെട്ട നോക്കാൻ ആളില്ലാത്ത, മാനസികവൈകല്യം ബാധിച്ചവരുടെ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ, കാർഷിക പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 3500 വനിതാ മാസ്റ്റർ ഫാർമേഴ്സിനെയും 600 ജെ.എൽ.ജി. ഇവാല്യൂവേഷൻ ഏജന്റിനെയും ഫീൽഡ് തലത്തിൽ രൂപീകരിക്കുക, ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും മൈഗ്രേഷൻ സപ്പോർട്ട് സെന്റർ എന്നിവ കുടുംബശ്രീ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലെ ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനോടൊപ്പം കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി റിട്ടയേർഡ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു വോളന്ററി റിസോഴ്സ് ഗ്രൂപ്പിനെ സി.ഡി.എസ് തലത്തിൽ സജ്ജമാക്കുന്നു.

**കുടുംബശ്രീ ശാക്തീകരണം**

152 (1260) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ ശാക്തീകരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കുടുംബശ്രീയ്ക്ക് കീഴിലുള്ള വനിതകളെ പുതിയ തൊഴിൽ/സംരംഭ മേഖലകളിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സാമൂഹ്യനീതി, ആരോഗ്യം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമായുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിവിധ പദ്ധതികളെക്കുറിച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളെ കുറിച്ചും അയൽക്കൂട്ടങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ സ്കൂൾ, മൂന്നു ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളും അയൽക്കൂട്ട യോഗങ്ങളുടെ വിവരങ്ങളും മോണിറ്ററിംഗ് നടത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ട ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം, വായ്പാ റിക്കവറി നേരിടുന്ന സംരംഭങ്ങളുടെ പുനഃരുദ്ധാരണ പാക്കേജ്, കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനായി 14 ജില്ലകളിലും കുടുംബശ്രീ ബസാറുകൾ, കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തിക്കുന്നതിനായി സ്വകാര്യ സംരംഭകരുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, കുടുംബശ്രീ സംരംഭങ്ങൾക്ക് മൂലധന സബ്സിഡിക്കു പകരമായി പലിശ സബ്സിഡി, എല്ലാ ജില്ലയിലും കുടുംബശ്രീ ഹോം ഷോപ്പ് വിപണന ശൃംഖല, റെയിൽവേയും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി സഹകരിച്ച് വാഹന പാർക്കിംഗ്, വാഹനങ്ങളുടെ ക്ലീനിംഗ്, ശീതീകരിച്ച വിശ്രമമുറികളുടെ പരിപാലനം, ഭക്ഷണശാലകൾ, ഉത്പന്ന കിയോസ്കുകൾ, ടിക്കറ്റ് റിസർവ്വേഷൻ കൗണ്ടറുകൾ, കയർഫെഡുമായി സഹകരിച്ച് 30 ചകിരി നിർമ്മാണ യൂണിറ്റുകൾ, കൊല്ലം, പുനലൂർ, പിറവം, കൽപ്പറ്റ നഗരസഭകളിൽ അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം, മാതാപിതാക്കൾ നഷ്ടപ്പെട്ട് നോക്കാൻ ആളില്ലാത്ത മാസികവൈകല്യം ബാധിച്ചവരുടെ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ, കാർഷിക പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 3500 വനിതാ മാസ്റ്റർ ഫാർമേഴ്സിനെയും 600 ജെ.എൽ.ജി. ഇവാല്യുവേഷൻ ഏജന്റിനെയും ഫീൽഡ് തലത്തിൽ രൂപീകരിക്കുക, ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും മൈഗ്രേഷൻ സപ്പോർട്ട് സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തൊട്ടാകെ ജീവനം 2017 എന്ന ഉപജീവന ക്യാമ്പയിൻ സംഘടിപ്പിക്കുകയും അതിലൂടെ കൂടുതൽ വനിതകളെ സംരംഭത്തിലേയ്ക്ക് കൊണ്ടു വരുന്നതിനും ലക്ഷ്യമിടുന്നു. തദ്ദേശഭരണ പ്രദേശങ്ങൾക്കനുയോജ്യവും ആവശ്യവുമായ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും സേവന മേഖലയ്ക്ക് ഊന്നൽ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. വൈദഗ്ദ്ധ്യ പരിശീലനത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാനായി

ജില്ലാതലത്തിൽ വൈദഗ്ധ്യ പരിശീലന ഏജൻസികളെ അക്രെഡിറ്റ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങൾക്ക് അനുയോജ്യമായ ഹൗസ് കീപ്പിംഗ്, ലോൺട്രി മാനേജ്മെന്റ്, വെൽനെസ് സെന്ററുകൾ തുടങ്ങി നൂതനമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) ദിശ ക്യാമ്പയിന്റെ ഭാഗമായി ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമുള്ള അയൽക്കൂട്ട രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ക്യാമ്പെയിന്റെ ഭാഗമായി 2017 മാർച്ച് 31 വരെ 1774 വയോജന അയൽക്കൂട്ടങ്ങളും 573 ഭിന്നശേഷിയുള്ളവരുടെ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുമായി സഹകരിച്ചുകൊണ്ട് ജൂൺ, ജൂലൈ മാസങ്ങളിൽ ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ മൊബിലൈസേഷൻ നടത്തുന്നതിന് വാർഷിക പദ്ധതി വഴി ഉദ്ദേശിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്തുകളിലെ തസ്തികകൾ

153 (1261) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്തുകളിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ,ഗ്രാമ പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും എപ്പോൾ നികത്തപ്പെടുമെന്നും വ്യക്തമാക്കാമോ;

(സി) സെക്രട്ടറി, എ.ഇ. തുടങ്ങിയ ഉദ്യോഗസ്ഥന്മാർ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ ചാർജ്ജ് വഹിക്കുന്നുണ്ടോ; എങ്കിൽ കാസർകോട് ജില്ലയിൽ അത്തരത്തിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും അസിസ്റ്റന്റ് എഞ്ചിനീയർമാരും അധിക ചുമതല വഹിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി:

(1) മീഞ്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്നു.

(2) പടന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി വലിയപറമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ:

(1) വെസ്റ്റ്/ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നു.

(2) തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നു.

(3) മടിക്കൈ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നു.

(4) അജാനൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നു.

(5) മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എൻമകജെ/മഞ്ചേശ്വരം പഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നു.

(6) കാസർഗോഡ് ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല വഹിക്കുന്നു.

**കുടുംബശ്രീ യൂണിറ്റുകൾ**

154 (1262) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുടുംബശ്രീ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നതെന്നും ഏതൊക്കെ മേഖലയിലാണെന്നും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ക്യാന്റീൻ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര കുടുംബശ്രീ യൂണീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ബസ് സ്റ്റേഷനുകളിലാണ് കുടുംബശ്രീ കാന്റീനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ 31,262 കുടുംബശ്രീ സൂക്ഷ്മസംരംഭ യൂണിറ്റുകൾ ഉത്പാദന-മൃഗസംരക്ഷണ-സർവ്വീസ് മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 33 കുടുംബശ്രീ യൂണിറ്റുകൾ.

(സി) ജില്ലയിലെ ബസ് സ്റ്റേഷനുകളിൽ കുടുംബശ്രീ കാന്റീനുകൾ പ്രവർത്തിക്കുന്നില്ല.

**നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം**

155 (1263) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 10-ാം ശമ്പള കമ്മീഷൻ ശിപാർശയ്ക്ക് ആനുപാതികമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഭരണപരവും സാങ്കേതികവുമായ പോരായ്മയുണ്ടായിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ബി) നഗരസഭകളിലെ അടിസ്ഥാന വർഗ്ഗത്തിന്റെ വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**മാവേലിക്കര മുനിസിപ്പൽ സ്റ്റേഡിയത്തിന് സ്ഥലം**

156 (1264) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പൽ സ്റ്റേഡിയത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണത്തിനുമായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശം നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് നഗരകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോടാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നത്. മുനിസിപ്പൽ സ്റ്റേഡിയത്തിന് സ്ഥലമേറ്റെടുപ്പ് എന്ന പ്രവൃത്തി മരാമത്ത് പണി അല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ക്രമീകരിക്കുന്നതിന് നിർവ്വാഹമില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ**

157 (1265) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ രംഗത്ത് ലഘു സമ്പാദ്യ വായ്പ പദ്ധതി (മൈക്രോ ഫിനാൻസ്) വഴിയുണ്ടായ ഇടപെടലിന്റെ വ്യാപ്തി വ്യക്തമാക്കാമോ;

(സി) ചെറു സംരംഭ രംഗത്തെ കൂട്ടായ്മകൾ സാമ്പത്തിക ശാക്തീകരണത്തിന് എത്രമാത്രം ഉതകിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) കൃഷി, മൃഗസംരക്ഷണ രംഗത്ത് പ്രൊഡ്യൂസർ കമ്പനികളുടെ ഇടപെടൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഘുസമ്പാദ്യവായ്പ ബാങ്ക് ലിങ്കേജ് വഴി ലഭ്യമാക്കി വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള തുക ലഭ്യമാക്കുകയും ടി വായ്പയിൽ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് 4% പലിശ കഴിഞ്ഞുള്ള പലിശ തുക സബ്സിഡിയായി നൽകുകയും ചെയ്യുന്നു. കൂടാതെ അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിൽ കൂട്ടിച്ചേർക്കാൻ വേണ്ടി റിവോൾവിംഗ് ഫണ്ടും വരുമാനദായക പ്രവൃത്തികൾ നിറവേറ്റുന്നതിനായി കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടും നൽകിവരുന്നതോടൊപ്പം സാമ്പത്തിക ശാക്തീകരണത്തിനായി സാമ്പത്തിക സാക്ഷരതാ പരിപാടിയും നടത്തിവരുന്നു.

(ബി) അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യത്തിന്റെ നാലിരട്ടിയിലധികം തുകയുള്ള വായ്പാ ഇടപാടുകൾ അവർക്കിടയിൽ നടക്കുന്നു. അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യം 3,458 കോടി രൂപ ആയിരിക്കെ നാളിതുവരെ 14,152 കോടി രൂപയുടെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കൃഷി, മൃഗസംരക്ഷണ രംഗത്ത് ഉൽപ്പാദന കമ്പനികൾ കുടുംബശ്രീ രൂപീകരിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണ്. മലപ്പുറത്ത് തെന്നല പഞ്ചായത്തിൽ ജെ.എൽ.ജി.കളുടെ നേതൃത്വത്തിൽ രൂപീകരിച്ച തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി വഴി നെല്ല് സംഭരിച്ച് തെന്നല റൈസ് എന്ന പേരിൽ അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ രൂപീകരിച്ച ഉത്പാദന കമ്പനികളായ ഇമശ്രീ മിൽക് പ്രൊഡ്യൂസർ കമ്പനി, കണ്ണൂർ ഗോട്ട് ഫാർമേഴ്സ് കമ്പനി എന്നിവ വഴി ഉത്പാദകന് വിപണി കണ്ടെത്തുന്നതിനും, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും, ഉത്പാദന ചെലവ് കുറയ്ക്കുന്ന രീതിയിൽ അസംസ്കൃത വസ്തുക്കൾ ഒരുമിച്ച് വാങ്ങി കുറഞ്ഞ വിലയിൽ ഉത്പാദകന് വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളെ പൊതുബ്രാൻഡിന് കീഴിൽ കൊണ്ടുവരുന്നതിനും ഉത്പാദന കമ്പനികളുടെ നേതൃതത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി**

158 (1266) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മൂവാറ്റുപുഴ നിയമസഭാമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവന രഹിതർക്കും വാസയോഗ്യമായ പാർപ്പിട സംവിധാനം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. വെരിഫിക്കേഷൻ നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചു വരുന്നു.

(ബി) ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിൽനിന്നും ലഭ്യമായ അപേക്ഷ റിപ്പോർട്ടിനായി 31-8-2016-ലെ 166/ ഡി.ബി.1/16/തസ്വഭവ. നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

## സർക്കാർ ഭൂമി കയ്യേറ്റം

159 (1267) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ സർക്കാർഭൂമി കൈയ്യേറി പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത കെട്ടിടനിർമ്മാണങ്ങൾ നടത്തിയിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ അനധികൃതകെട്ടിടനിർമ്മാണം നടത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെ അനധികൃത നിർമ്മാണം നടത്തിയവരുടെ പേരുവിവരങ്ങളും കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും ഏതെന്ന് വിശദമായി വ്യക്തമാക്കുമോ?

### ഉത്തരം

(എ) മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറി പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരം നിരവധി കേസുകളിൽ കെ.ഡി.എച്ച്. നിയമം, കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാൻ അവശേഷിക്കുന്ന കേസുകളുമുണ്ട്. അനധികൃത കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട നിരവധി കേസുകളിൽ കൈയേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുത്തിട്ടുള്ളതും എന്നാൽ ചില കൈയേറ്റക്കാർ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചതിനാൽ ഒഴിപ്പിക്കൽ സാധിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ മൂന്നാർ മേഖലയിൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യുപി(സി) 1801/10, ഡബ്ല്യുപി(സി)34095/10 എന്നീ കേസുകളിലെ 21-1-2010-ലെ വിധി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം എൻ.ഒ.സി. കരസ്ഥമാക്കാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധന ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. നിരോധന ഉത്തരവ് നൽകിയിട്ടും ആയതിനെ അവഗണിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിട ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മൂന്നാർ, ദേവികുളം, ചിന്നക്കനാൽ, പള്ളിവാസൽ എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും മേൽ പ്രസ്താവിച്ച രീതിയിലുള്ള നിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. ഇപ്രകാരമുള്ള നിർമ്മാണങ്ങൾ നടത്തിയവരുടെ പൂർണ്ണമായ പേരു വിവരങ്ങൾ ശേഖരിക്കുന്നതിന് വിശദമായ പരിശോധന ആവശ്യമായിട്ടുള്ളതും അതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

## തൊഴിലുറപ്പ് വേതനം

160 (1268) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽനിന്ന് കേരളത്തിന് ലഭിക്കേണ്ട തുക എത്രയായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; കുടിശ്ശിക ഇനത്തിൽ എത്ര നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് 214614.07 ലക്ഷം രൂപയാണ് ലഭിക്കേണ്ടിയിരുന്നത്.

(ബി) തൊഴിലാളികളുടെ വേതനയിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 138670.92 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളത്. കുടിശ്ശികയിനത്തിൽ ശേഷിക്കുന്ന 75943.15 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

## പൊതുശ്മശാനം ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ

161 (1269) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുശ്മശാനം ഇല്ലാത്ത എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 535 ഗ്രാമപഞ്ചായത്തുകളിലും 41 നഗരസഭകളിലും പൊതുശ്മശാനം നിലവിലില്ല.

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥലലഭ്യത, പരിസരവാസികളുടെ എതിർപ്പ് എന്നിവ പദ്ധതി നടപ്പാക്കുന്നതിന് പ്രധാന തടസ്സങ്ങളാണ്. സ്ഥലം ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ക്രമരഹിതമായ പെൻഷൻ

162 (T*1270) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹിക സുരക്ഷാ പെൻഷനുകൾ പ്രതിമാസം ഗുണഭോക്താവിന് ലഭിക്കുന്ന വിധത്തിൽ വിതരണം നടത്തിയിട്ടുണ്ടോ;

(ബി) ക്രമരഹിതമായ പെൻഷൻ വിതരണം കാരണം വരുമാന സഹായ പദ്ധതി എന്ന രീതിയിൽ ഇത് ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്നില്ലെന്ന സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(സി) ക്രമരഹിതമായ പെൻഷൻ വിതരണം ഒഴിവാക്കണമെന്നും സാമൂഹിക സുരക്ഷാ പെൻഷനുകൾ വരുമാന സഹായപദ്ധതി എന്ന രീതിയിൽ ഗുണ ഭോക്താക്കൾക്ക് പ്രയോജനപ്പെടണമെന്നുമുള്ള എ.ജി.യുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിനുശേഷം സാമൂഹിക സുരക്ഷാ പെൻഷൻ പ്രതിമാസം ഗുണഭോക്താവിന് ക്രമമായി ലഭിക്കുന്ന വിധത്തിൽ നൽകാൻ കഴിയാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹിക സുരക്ഷാ പെൻഷനുകൾ 2018 ജൂൺ, 2016 സെപ്റ്റംബർ, 2016 ഒക്ടോബർ, 2017 ഏപ്രിൽ എന്നീ മാസങ്ങളിലാണ് വിതരണം നടത്തിയിട്ടുള്ളത്. (പെൻഷൻ വിതരണ രീതി തിരഞ്ഞെടുക്കുന്നതിനും പെൻഷൻ വിതരണത്തിലെ തെറ്റുകൾ തിരുത്തുന്നതിനും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയം അനുവദിക്കുന്നതിന്റെ ഭാഗമായി 3 മാസത്തിലൊരിക്കൽ പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്).

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാണെങ്കിൽ പെൻഷൻ ലഭിക്കുന്നതിന് തടസ്സമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ (2016-ലെ 6ാം നമ്പർ റിപ്പോർട്ട്) ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പെൻഷൻ വിതരണ രീതി തെരഞ്ഞെടുക്കുന്നതിനും പെൻഷൻ വിതരണത്തിലെ തെറ്റുകൾ തിരുത്തുന്നതിനും മറ്റുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയം അനുവദിക്കുന്നതിന്റെ ഭാഗമായി 3 മാസത്തിലൊരിക്കലാണ് പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്.

**സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി**

163 (1271) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ്ഉദ്ദേശിക്കുന്നത്;

(ബി) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്?

ഉത്തരം

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായിട്ടാണ് സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം താഴെ പറയുന്നു :

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ)

4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരക രോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ.

കൂടാതെ ഒന്നോ അതിലധികമോ ക്ലേശഘടകങ്ങളുള്ള കുടുംബങ്ങൾക്കും (റേഷൻ കാർഡ് അടിസ്ഥാനത്തിൽ), Kerala State AIDS Control Society-യിൽ നിന്ന് ലഭ്യമായ ലിസ്റ്റ് പ്രകാരം HIV+ve ആയ അംഗങ്ങൾ ഉള്ള ഭൂരഹിത-ഭവന രഹിത കുടുംബങ്ങൾക്കും ആദ്യഘട്ടത്തിൽ മുൻഗണന നൽകാൻ തീരുമാനമായി ഗുണഭോക്തൃ പരിശോധനയ്ക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ച് കൊണ്ട് 9-2-2017-ലെ സ.ഉ.(സാധാ) നമ്പർ391/17/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

## പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ

164 (1272) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉപയോഗം മനുഷ്യർക്കും, മൃഗങ്ങൾക്കുമുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും അപകടകരമായി മാറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016 മാർച്ച് 18-ന് കേന്ദ്ര വനം പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറത്തിറക്കിയ 'പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 '-ലൂടെ കേന്ദ്ര സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നല്കിയ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; റൂൾസിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എതുതരം പ്ലാസ്റ്റിക്കുകൾ നിരോധിക്കും എന്നും, അനുമതിയോടെ ഉപയോഗിക്കാവുന്നവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലാസ്റ്റിക് ഉപയോഗം മനുഷ്യർക്കും മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാസ്റ്റിക് പാത്രങ്ങൾ, കുപ്പികൾ തുടങ്ങിയവയിൽ ചൂടുള്ള ആഹാരപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും, അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്, മൃഗങ്ങളുടെ ആമാശയത്തിലെത്തി അപകടം സൃഷ്ടിക്കുന്നതായും പുഴകൾ, കടൽ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിക്കുന്നത് ആവാസവ്യവസ്ഥയെ അസന്തുലിതമാക്കുന്നതായും ആയത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതായും വിവിധ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ്, 2016-ൽ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുൻകയ്യെടുക്കേണ്ടതാണ്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കൽ, സംഭരിക്കൽ, വേർതിരിക്കൽ, ട്രാൻസ്പോർട്ടേഷൻ, സംസ്കരിക്കൽ, നീക്കം ചെയ്യൽ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.
- മേൽ പ്രവർത്തനത്തിലൂടെ പരിസ്ഥിതിക്ക് യാതൊരു കോട്ടവും തട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.
- പുനരുപയോഗ സാദ്ധ്യതയുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ലേഴ്സിന് കൈമാറുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തേണ്ടതാണ്.
- തത്പരകക്ഷികളെ അവരവരുടെ ഉത്തരവാദിത്തത്തെപ്പറ്റി ബോധവത്ക്കരണം നടത്തേണ്ടതാണ്.
- പൊതുസമൂഹത്തെയോ, വേസ്റ്റ് പിക്കേഴ്സിനെയോ ഏർപ്പെടുത്തിക്കൊണ്ട് പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച ഗൈഡ്ലൈൻസ് അനുസരിച്ച് പുനചംക്രമണ സാദ്ധ്യതയില്ലാത്ത പ്ലാസ്റ്റിക് മാലിന്യത്തിന്റെ സംസ്കരണവും നീക്കം ചെയ്യലും ഉറപ്പാക്കേണ്ടതാണ്. (റൂൾസിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.)

(സി) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന മാർഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട് :

1. വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

3. ഒരു മാസം കുറഞ്ഞത് 4000 (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000 (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം 2 ആയി* ചേർക്കുന്നു.)

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമസഭകളുടെ പ്രവർത്തനം

165 (1273) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ പ്രക്രിയയിൽ ജനങ്ങൾക്ക് തീരുമാനങ്ങളിൽ പങ്കാളികളാകാനുള്ള വേദികളായ ഗ്രാമസഭകൾക്ക് എന്ത് സ്ഥാനവും പ്രസക്തിയും അധികാരങ്ങളുമാണ് പഞ്ചായത്തീരാജ് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; ആയത് നിറവേറുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഗ്രാമസഭകൾ എത്ര കാലയളവിനുള്ളിൽ ചേരണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; ഇതിൽ വീഴ്ചവരുത്തുന്നതിന് എന്ത് ശിക്ഷാനടപടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഗ്രാമസഭകളുടെ ഫലപ്രദമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

### ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3, 3 എ, 3 ബി-യിൽ ഗ്രാമസഭ, ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഉത്തരവാദിത്തങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് വഹിക്കേണ്ട ചുമതലകൾ പൂർണ്ണമായി നടപ്പാക്കുന്നതിന് വേണ്ട സഹായം ഗ്രാമസഭ നൽകേണ്ടതാണ്. ആയത് ഉറപ്പുവരുത്തുന്നതിന് 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18 തയ്യാറാക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ കൂടുതൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3 പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 35-ാം വകുപ്പ് (പി) പ്രകാരം താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ച് കൂട്ടുന്നതിൽ തുടർച്ചയായി (3 തവണ) വീഴ്ച വരുത്തുന്നപക്ഷം അംഗം അയോഗ്യനാകുന്നതാണ്.

(സി) കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3 പ്രകാരവും 2017-18-ലെ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

166 (1274) ശ്രീ. ബി. സത്യൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക യഥാസമയം ഫലപ്രദമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിന് പുതിയതായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിഷയമേഖല അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ഈ സമിതിയിലെ സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. വാർഡ് സഭകളും ഗ്രാമസഭകളും കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇവ പൂർണ്ണമായും പാലിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തുവാൻ കഴിയും.

(ബി) നടപ്പുസാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക യഥാസമയം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി പദ്ധതികളുടെ രൂപീകരണ നടപടികൾ 2017 മേയ് മാസത്തിൽ പൂർത്തീകരിച്ച് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രധാനമന്ത്രി ആവാസ് യോജന

167 (1275) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിലേക്കായി എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത് എന്ന് അറിയിക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം നഗരസഭകളിൽ പദ്ധതികൾക്ക് അനുമതി ലഭിച്ചു എന്ന് അറിയിക്കുമോ;

(ഡി) തൃപ്പൂണിത്തുറ, കൊച്ചി നഗരസഭകളിൽ ഇതിന്റെ ഭാഗമായി എത്ര വീടുകൾക്കാണ് യഥാക്രമം അനുമതി ലഭിച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 76 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

(ബി) 25654 വീടുകൾക്ക് 769.62 കോടി രൂപയുടെ അനുമതി ലഭിച്ചു.

(സി) 74 നഗരസഭകൾക്ക് പദ്ധതി അനുമതി ലഭിച്ചു. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) തൃപ്പൂണ്ണിത്തുറ നഗരസഭയ്ക്ക് 240 വീടും കൊച്ചി നഗരസഭയ്ക്ക് 1528 വീടും അനുവദിച്ചിട്ടുണ്ട്.

**തിരുവനന്തപുരം നഗരസഭയിൽ അദാലത്ത്**

168 (1276) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ തിരുവനന്തപുരം നഗരസഭയിൽ തീർപ്പാക്കാതെ കിടന്ന 320 അപേക്ഷകളിൽ 30-1-2017-ൽ നടത്തിയ അദാലത്തിൽ തീരുമാനം കൈക്കൊണ്ട 282 അപേക്ഷകളിന്മേലും തുടർനടപടി സ്വീകരിച്ചു കഴിഞ്ഞോ;

(ബി) ഈ 282 അപേക്ഷകർക്കും അവരുടെ ദീർഘകാലത്തെ ആവശ്യം ഇതോടെ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവലാതി പരിഹരിച്ചു കിട്ടിയവരുടെ പേരു വിവരം, ഫയൽ നമ്പർ എന്നിവ വെളിപ്പെടുത്തുമോ;

(സി) 2012 മുതലുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം വന്നു പോയതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ബി.റ്റി.ആർ./റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ, വിവിധ കോടതികളിൽ കേസ് നിലവിലുള്ള അപേക്ഷകൾ, നിർമ്മാണാനുമതിക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ, നിർമ്മാണങ്ങൾക്കെതിരെയുള്ള പരാതികൾ തുടങ്ങിയ അപേക്ഷകൾക്കാണ് കാലതാമസം ഉണ്ടാകുന്നത്.

## മാലിന്യത്തിൽനിന്ന് വൈദ്യുതി

169 (1277) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആയതിനുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഇവിടെ പ്രതിദിനം എത്ര ടൺ മാലിന്യം വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നു; എത്ര മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു; ഇത് സംസ്ഥാനത്തിന്റെ പ്രതിദിന ഉപയോഗത്തിന്റെ എത്ര ശതമാനം വരും; വിശദവിവരം ലഭ്യമാക്കുമോ;

(സി) കൂടുതൽ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ എവിടെയെല്ലാം; വിശദമാക്കുമോ?

### ഉത്തരം

(എ) ഇത്തരത്തിലുള്ള രണ്ട് പ്ലാന്റുകൾ (കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലും, സുൽത്താൻ ബത്തേരി നഗരസഭയിലും) പി.പി.പി./BOT അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല. (പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.)

(സി) നിലവിൽ ആലോചനയിലില്ല.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി ചെലവ്

170 (1278) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പദ്ധതി ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ൽ ഗ്രാമപഞ്ചായത്തുകൾ 2101.06 കോടി രൂപയും (71.85%) ജില്ലാ പഞ്ചായത്തുകൾ 467.51 കോടി രൂപയും (70.99%) ചെലവഴിച്ചിട്ടുണ്ട്. 2016-17-ൽ കോർപ്പറേഷനുകൾക്ക് അനുവദിച്ച 589.02 കോടി രൂപയിൽ 372.5 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ച 841.49 കോടി രൂപയിൽ 560.45 കോടി രൂപയും ചെലവഴിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 71.55% (471,24,79,000 രൂപ) പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾ:

ഫെബ്രുവരി മാസം 278.24 കോടി രൂപയും മാർച്ച് മാസം 1172.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്തുകൾ:

ഫെബ്രുവരി മാസം 92.34 കോടി രൂപയും മാർച്ച് മാസം 272.65 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കോർപ്പറേഷനുകൾ:

28-2-2017-ലെ പദ്ധതി ചെലവ് - 17.69%

31-3-2017-ലെ ചെലവ് - 63.77%

മുനിസിപ്പാലിറ്റികൾ:

28-2-2017-ലെ പദ്ധതി ചെലവ് - 27.09%

31-3-2017-ലെ ചെലവ് - 66.89%

ബ്ലോക്ക് പഞ്ചായത്തുകൾ:

ഫെബ്രുവരി 2017-ൽ 61,30,88,000 രൂപ (3.25%) 2017 മാർച്ചിൽ 268,48,05,000 (43.53%) പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം**

171 (1279) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഏതെല്ലാം പുതിയ മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ ഉൾപ്പെടെ നാടൻ ഉത്പന്നങ്ങൾ കുടുംബശ്രീ വഴി വിറ്റഴിക്കുന്നതിനുള്ള കിയോസ്കുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; കുടുംബശ്രീ വഴി റെയിൽവേ സ്റ്റേഷനുകളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇത്തരം പദ്ധതികൾക്ക് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന പാർക്കിംഗ് ഏരിയകളിൽ പാർക്കിംഗ് ഫീസ് കുടുംബശ്രീ പ്രവർത്തകർ വഴി പിരിച്ചെടുക്കുന്ന തരത്തിലുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)സേവനമേഖല, കാർഷിക-മൃഗസംരക്ഷണ മേഖല, സ്ത്രീ ശാക്തീകരണ മേഖല, സംരംഭ മേഖല, സാമ്പത്തിക മേഖല എന്നിവയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഇതുവരെയും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. നിലവിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ വെജിറ്റേറിയൻ റിഫ്രഷ്മെന്റ് റൂമിന്റെ നടത്തിപ്പ് കുടുംബശ്രീ യൂണിറ്റ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇപ്രകാരം മറ്റ് സ്റ്റേഷനുകളിലും റെയിൽവേ അനുമതി തരുന്ന മുറയ്ക്ക് ഭക്ഷണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചെങ്ങന്നൂർ ഒഴികെയുള്ളയിടങ്ങളിൽ ഇത്തരം പദ്ധതിക്ക് റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. നിലവിൽ സതേൺ റെയിൽവേയും കുടുംബശ്രീയും സംയുക്തമായി പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ പാർക്കിംഗ് മാനേജ്മെന്റ് റവന്യൂ ഷെയറിംഗ് മാതൃകയിൽ നിർവ്വഹിച്ചുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിന്റെ പാർക്കിംഗും നിർവ്വഹിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെയും മറ്റ് സ്ഥാപനങ്ങളുടെയും പാർക്കിംഗ് അനുബന്ധ ജോലികൾ കുടുംബശ്രീ യൂണിറ്റുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

172 (1280) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, നഗര വികസനം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകൾ സംയോജിപ്പിച്ച് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എന്നു മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വിവിധ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഏകീകൃത വകുപ്പ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന വാഹനങ്ങൾ**

173 (1281) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണ സൗകര്യാർത്ഥം ഉദ്യോഗസ്ഥർക്കും ഭരണ സമിതിക്കും വേണ്ടി വലിയ വിലകൊടുത്ത് ഉയർന്ന നിലവാരമുള്ള, പുതിയ വാഹനങ്ങൾ വാങ്ങുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയും;

(സി) നിർദ്ദിഷ്ട തുകയിൽ കൂടുതൽ തുകയ്ക്ക് വാഹനങ്ങൾ വാങ്ങിച്ചുകൂട്ടി ബാധ്യത വരുത്തുന്നത് നിയന്ത്രിക്കുവാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഇലക്ട്രോണിക്സ് മാലിന്യങ്ങൾ**

174 (1282) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്ത് സംഭരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 2016-ലെ ഇ-വേസ്റ്റ് ചട്ടങ്ങൾ സംസ്ഥാനത്ത് 2016 ഒക്ടോബർ 1 മുതൽക്ക് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ടി ചട്ടങ്ങളുടെ ഷെഡ്യൂൾ 1-ൽ പ്രതിപാദിക്കുന്ന ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവർ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരമുള്ള ഉല്പാദകന്റെ (പ്രൊഡ്യൂസർ) നിർവ്വചനത്തിൽ വരുന്നു. ഇത്തരക്കാർ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ Extended Producer Responsibility Authorisation കരസ്ഥമാക്കേണ്ടതാണ്. ഇ-മാലിന്യത്തിന്റെ ഇറക്കുമതി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളത് കേന്ദ്ര സർക്കാരിന്റെ ഹസാർഡസ് ആന്റ് അതർ വേസ്റ്റ് ചട്ടങ്ങൾ 2016-ൽ ആണ്. ഈ ചട്ടങ്ങൾ പ്രകാരം രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്ന ഹസാർഡസ് ആന്റ് അദർ വേസ്റ്റ് സംബന്ധിച്ച് അനുമതി നൽകേണ്ട നോഡൽ അധികാരി, കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്.

ടി ചട്ടങ്ങളിൽ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ ഇറക്കുമതി പ്രതിപാദിക്കുന്നത് ഷെഡ്യൂൾ 111-യുടെ പാർട്ട് (ബി), പാർട്ട് (ഡി) എന്നിവയിലാണ്. ഷെഡ്യൂൾ 111-യുടെ പാർട്ട് (ബി)യിൽ വരുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിയും കരസ്ഥമാക്കേണ്ടതാണ്. ഷെഡ്യൂൾ 111-യുടെ പാർട്ട് ഡി-യിൽ വരുന്ന അതർ വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. ടി ചട്ടങ്ങളിലെ part (D) of Schedule-111-യിൽ വരുന്ന അതർ വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിലേക്കായി ചട്ടത്തിന്റെ Form 6 പ്രകാരമുള്ള അപേക്ഷ കസ്റ്റംസ് അധികൃതർക്ക് ഇറക്കുമതി ചെയ്യുന്ന വ്യക്തി/സ്ഥാപനം നൽകേണ്ടതാണ്. ടി ചട്ടങ്ങളിലെ ഷെഡ്യൂൾ VIII-ലെ 4ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ളത് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക് ഉല്പന്നങ്ങൾ കസ്റ്റംസ് അധികാരികൾക്ക് ഇറക്കുമതി ചെയ്യുന്ന വ്യക്തി/സ്ഥാപനം നൽകേണ്ടുന്ന രേഖകളുടെ വിശദ വിവരങ്ങളാണ്. മതിയായ രേഖകൾ സമർപ്പിക്കുന്ന ഇറക്കുമതിക്കാർക്ക് മാത്രമേ കസ്റ്റംസ് അധികാരികൾ സാധനങ്ങൾ റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയുള്ളു. വിദേശ രാജ്യങ്ങളിൽനിന്നും

മതിയായ രേഖകൾ ഇല്ലാതെ ഇ-മാലിന്യം സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. കൽക്കട്ട, ഡൽഹി എന്നിവിടങ്ങളിലെ വ്യാപാരികൾ വൻതോതിൽ MFDs (Multi Function Digital Photocopiers) കേരള തുറമുഖം വഴി കഴിഞ്ഞ 2014, 2015, 2016 കാലയളവിൽ ഇറക്കുമതി ചെയ്തിട്ടുള്ളതായി കസ്റ്റംസ് അധികാരിയുടെ അറിയിപ്പ് 2016 ഡിസംബറിൽ മലിനീകരണ നിയന്ത്രണ ബോർഡിന് ലഭിച്ചിട്ടുണ്ട്. 2016-ലെ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ Extended Producer Responsibility Authorisation ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 ഷെഡ്യൂൾ 111-പാർട്ട് ഡി-യിൽ ഉൾപ്പെട്ടിട്ടുള്ള MFDs ഇറക്കുമതി ചെയ്യുന്നതിന് അനുമതിയുള്ളൂ. ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 പ്രകാരം ഉപയോഗിച്ച MFD-കൾ നേരിട്ടുള്ള ഉപയോഗത്തിനു (Direct reuse) മാത്രമേ ഇറക്കുമതി ചെയ്യാൻ കഴിയൂ. എന്നാൽ 2016-ൽ ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 നിലവിൽ വന്നതിനുശേഷം കസ്റ്റംസ് ക്ലിയറൻസിനായി വന്നിട്ടുള്ള 11 ഓളം ഇറക്കുമതിക്കാർ സമർപ്പിച്ചിട്ടുള്ള ഏകദേശം 80 bills of Entry (ഏകദേശം 8000 MFD-കളുടെ ഇറക്കുമതിക്കുവേണ്ടിയുള്ളത്) കസ്റ്റംസ് അധികാരി മതിയായ രേഖകളില്ലാത്തതിനാലും തുടർന്ന് ഉപയോഗിക്കുന്നതിനായി പല മെഷീനുകൾക്കും റിപ്പയർ/റിഫർബിഷ്മെന്റ് ആവശ്യമാണ് എന്ന അവസ്ഥ കണ്ടതിനാലും ഇറക്കുമതി തടഞ്ഞുവച്ചിട്ടുള്ളതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഈ വിഷയത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ അറിയിപ്പ് നൽകുകയും, അവിടെ നിന്നുള്ള അനുമതി ഇറക്കുമതിക്കാർക്ക് ഉള്ളതായി അറിയുവാൻ കഴിയാത്തതിൽ ടി കൺസൈൻമെന്റുകൾ ഹസാർഡ്സ് വേസ്റ്റ് റൂൾസ്, 2016-ലെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യും പ്രകാരം തിരിച്ചുകയറ്റിവിടുന്നതിനായി കസ്റ്റംസ് അധികാരിയെ വിവരം അറിയിച്ചിട്ടുള്ളതാണ്.

(സി) ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമായി നടപ്പിലാക്കേണ്ടത് കേന്ദ്രഗവൺമെന്റിന്റെയും അതിനുകീഴിൽ വരുന്ന വിവിധ ഏജൻസികളുടേയും ചുമതലയാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം**

175 (1283) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി എത്ര തുകയാണ് നീക്കിവച്ചിരുന്നത്; അതിൽ 31-1-2017 വരെ എത്ര തുക ചെലവഴിച്ചു;

(ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വിനിയോഗമാണ് ഇതുവരെ നടന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16-ലെ ബഡ്ജറ്റിൽ പദ്ധതിവിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്നും 31-1-2016 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത തുക ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്;

(ഡി) ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കാത്തതുകൊണ്ടാണോ പദ്ധതിവിഹിതത്തിൽ കുറവ് വന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 2016-17-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 5500 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. അതിൽ 31-1-2017 വരെ 3971.97 കോടി രൂപ ചെലവഴിച്ചു.

(ബി) 31-1-2017 വരെ പദ്ധതി വിഹിതത്തിന്റെ 72.22% വിനിയോഗിച്ചു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16-ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4800 കോടി രൂപയാണ് അനുവദിച്ചത്. അതിൽ 31-1-2016 വരെ 1467.41 കോടി രൂപ ചെലവഴിച്ചു. ഇത് പദ്ധതി വിഹിതത്തിന്റെ 31% ആണ്.

(ഡി) പദ്ധതി വിഹിതത്തിൽ കുറവ് വന്നിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്.

## കുടുംബശ്രീയുടെ നേതൃത്വത്തിൽ തൊഴിലാളി ഗ്രൂപ്പുകൾ

176 (1284) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ തൊഴിലാളി ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകൾ കേന്ദ്രീകരിച്ചാണ് എന്ന് വിശദീകരിക്കാമോ;

(സി) ഇവരുടെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രതീക്ഷിക്കുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ മേഖല കേന്ദ്രീകരിച്ചാണ് തൊഴിലാളികൾ ഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റെ ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികളുടെയും വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ച് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**പഞ്ചായത്തുറോഡ് നിർമ്മാണത്തിലെ പുതിയ നിബന്ധനകൾ**

177 (T*1285) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുറോഡുകളുടെ നിർമ്മാണത്തിൽ പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായുള്ള ടാർ കരാറുകാർ വാങ്ങുന്നതിനു പകരം സെക്രട്ടറി വാങ്ങി കരാറുകാരനെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ടാർ സൂക്ഷിക്കലും, വിതരണം ചെയ്യലും കൂടിയാകുമ്പോൾ സെക്രട്ടറിക്ക് അധികജോലിഭാരം ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ നിബന്ധനകൾ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് മുടങ്ങി കിടക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ (2017-18) മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണം.
2. റോഡ് നിർമ്മാണ പ്രോജക്ടിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ വികസനഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടത്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

3. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണ ഗതാഗതയോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

5. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡ് പ്രവൃത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം :

- ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.
- പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ.) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

6. അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ.

7. തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ചെയ്യാൻ പാടില്ലാത്തതാണ്.

8. റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ കോൺക്രീറ്റ് പണികൾ ചെയ്യാൻ പാടുള്ളൂ.

9. ഗതാഗത തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്.

10. നാറ്റ്പാക് നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ടാറിൽ ചേർത്താണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടത്.

11. അപായ സാദ്ധ്യതയുള്ള റോഡുകളിൽ ഗ്രാമപഞ്ചായത്തുകൾ അപായമുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗ്രാമപഞ്ചായത്തുകളിലെ 780 റോഡുകളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള ഒഴിവുകൾ**

178 (1286) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) മതിയായ സ്റ്റാഫിന്റെ കുറവ് പദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും, സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിൽ ഒഴിവുകൾ താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**മാലിന്യസംസ്കരണം**

179 (1287) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരം ഉൾപ്പെടെ സംസ്ഥാനത്തെ പല ഭാഗങ്ങളിലും മാലിന്യസംസ്കരണം യഥാസമയം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉറവിടമാലിന്യസംസ്കരണം ഉൾപ്പടെ ആവശ്യമായ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിൽ ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാത് പ്രദേശങ്ങളിലെ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഉത്തരവാദിത്തമാണ്. 2016-17 സാമ്പത്തിക വർഷം മുതൽ പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തണമെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതികളുടെ ഭാഗമായി ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്:

1. ഉറവിട മാലിന്യ സംസ്കരണം. വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനം
3. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി.
4. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം.
5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.
6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടുപ്പുമുള്ള പൊതു ടോയ്ലറ്റ്.
7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.
8. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
9. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
10. ശേഷീവികസന പരിപാടികൾ.

## പഞ്ചായത്തുകളിലെ ഓഫീസ് അസിസ്റ്റന്റുമാരുടെ തസ്തിക

180 (1288) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഓഫീസ് അസിസ്റ്റന്റ് തസ്തിക മാത്രമുള്ള എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്; ഏതൊക്കെ;

(ബി) പഞ്ചായത്തുകളുടെ സുഗമമായ നടത്തിപ്പിന് ഒരു ഓഫീസ് അസിസ്റ്റന്റ് മാത്രം എന്നുള്ളത് അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് രണ്ട് ഓഫീസ് അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മദ്യശാലകൾക്ക് അനുമതി

181 (T*1289) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സുപ്രീംകോടതി വിധി കണക്കിലെടുത്ത് മദ്യശാലകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ പഞ്ചായത്ത്/മുൻസിപ്പാലിറ്റികൾക്കുള്ള അധികാരം എടുത്തുകളയുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി സർക്കാർ നിയമ നിർമ്മാണം നടത്തുമോ;

(സി) വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**പുറമ്പോക്കുഭൂമി പതിച്ച് കിട്ടുന്നതിനുള്ള അപേക്ഷ**

182 (1290) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നഗരസഭയിലെ കിഴക്കേ ചാലക്കുടി സർവ്വേ നമ്പർ 290-ൽ പെട്ട 4.5 സെന്റ് പുറമ്പോക്കുഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ.പി.കെ. രാധാകൃഷ്ണൻ നഗരസഭയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ശ്രീ. പി. കെ. രാധാകൃഷ്ണന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർ 28-4-2017-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് നഴ്സുമാരുടെ ജോലി സ്ഥിരത**

183 (1291) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് നഴ്സ്മാരുടെ ജോലി ഭാരം കണക്കിലെടുത്ത് അവർക്ക് ജോലി സ്ഥിരത വരുത്താൻ നടപടികൾ ഉണ്ടാകുമോ; വർഷങ്ങളായി ജോലി ചെയ്തുവരുന്നവർക്ക് വേതന വർദ്ധനവ് നൽകുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**തെരുവുനായ്ക്കളുടെ ആക്രമണം**

184 (1292) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ആകെ 1959 പേർക്ക് പരിക്കേൽക്കുകയും എട്ട് പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണം സംഭവിച്ച ശ്രീമതി ഡോളിയുടെ ഭർത്താവിന് (കോട്ടയം ജില്ല) ബഹു. സുപ്രീം കോടതിയുടെ ഡബ്ല്യു.പി. (സി) 599/15-ാം നമ്പർ കേസ്സിലെ 5-4-2016-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 40,000 രൂപ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. തെരുവുനായയുടെ ആക്രമണത്തിനിരയായവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിനായി ബഹു.സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വരൾച്ചമൂലമുള്ള ജലദൗർലഭ്യം

185 (1293) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചമൂലമുള്ള ജലദൗർലഭ്യം നേരിടുവാൻ ഏതെല്ലാം ഇടപെടലുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്നതെന്ന് വിശദീകരിക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ ജലസംരക്ഷണത്തിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) രൂക്ഷമായ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി പൊതുകിണറുകളും കുളങ്ങളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും തൊഴിലുറപ്പ് പദ്ധതി, കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകം എന്നിവ മുഖേന തടയണകളും പുതിയ കുളങ്ങളും നിർമ്മിക്കുന്നതിനും നിലവിലുള്ള തോടുകളും കുളങ്ങളും ആഴം കൂട്ടുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

(ബി) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, പഞ്ചായത്തുകളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള നീർത്തട കമ്മിറ്റികൾ എന്നിവ മുഖേനയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്.

(സി) നിലവിലുള്ള തോടുകൾ, പൊതുകുളങ്ങൾ, പൊതുകിണറുകൾ, ഉറവകൾ തുടങ്ങിയ ജലസ്രോതസ്സുകൾ വൃത്തിയാക്കുകയും കൂടുതൽ മഴവെള്ളം ഭൂമിയിലേയ്ക്ക് താഴ്ന്നിറങ്ങാനായി ബണ്ടുകൾ നിർമ്മിക്കുകയും തോടുകളും കുളങ്ങളും ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി**

186 (1294) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിൽ വന്നത് എന്നാണെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

കോ-ഓർഡിനേഷൻ കമ്മിറ്റി 15-2-1999 -ൽ നിലവിൽ വന്നു.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

- ജനകീയാസൂത്രണത്തിന്റെ നിർവ്വഹണം തുടർച്ചയായി അവലോകനം ചെയ്യുക.
- സർക്കാർതലത്തിൽ തുടർനടപടികൾ ആവശ്യമുള്ള വിഷയങ്ങൾ കണ്ടെത്തുക.

- ടി വിഷയങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക.
- പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ സ്പഷ്ടീകരണം നൽകുക, പരിഹരിക്കുക.
- വികേന്ദ്രീകൃതാസൂത്രണ നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

**ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

187 (1295) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) വികസന പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ കഴിവതും വേഗത്തിൽ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ശൂന്യവേതനാവധി ഉൾപ്പെടെ 97 ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) സ്വീകരിക്കും. ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ ഒഴിവുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്. 74 ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് നൽകിട്ടുണ്ട്. ആയവയിലേക്ക് ഉടൻതന്നെ നിയമനം നൽകുന്നതാണ്. 2017 ഡിസംബർ വരെയുള്ള റിട്ടയർമെന്റ് ഒഴിവുകൾ നികത്തുന്നതിന് ലോവർ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി 53 പേരെ സെലക്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് വരുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്.

**മദ്യവർജ്ജനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടികൾ**

188 (1296) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനം യാഥാർത്ഥ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും പ്രചാരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മദ്യവർജ്ജനത്തിനായി എന്തൊക്കെ നടപടികളാണ് തദ്ദേശ സ്ഥാപനങ്ങളും വകുപ്പും സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ-സി) മദ്യവർജ്ജനം നടപ്പിലാക്കുന്നതിനുള്ള എക്സൈസ് വകുപ്പിന്റെ 'വിമുക്തി' പദ്ധതിയുടെ ഭാഗമായുള്ള നടപടിക്രമങ്ങൾ പാലിച്ച് മദ്യവർജ്ജനം പ്രചരിപ്പിക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം എല്ലാ വീടുകളിലും എത്തിക്കുന്നതിനുള്ള വിമുക്തി സ്റ്റിക്കർ പതിക്കുന്ന പ്രവർത്തനം കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർ മുഖേന നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ്, അയൽക്കൂട്ടതല കമ്മിറ്റികൾ രൂപീകരിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിൽ എക്സൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് വ്യാജമദ്യം, അനധികൃത മദ്യവിൽപ്പന എന്നിവ തടയുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് രൂപം നൽകാറുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

189 (1297) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. നൽകുന്ന ലിസ്റ്റിൽനിന്ന് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് തസ്തിക നികത്തണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ നിബന്ധന മാനിക്കാതെ പത്രങ്ങളിൽ പരസ്യം നൽകി ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനം താൽക്കാലികജീവനക്കാരെയോ സ്ഥിരം ജീവനക്കാരെയോ നിയമിച്ചതിന്റെ പേരിൽ വിജിലൻസ് നടപടികൾക്ക് വിധേയമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ തസ്തികയുടെയും നിർദ്ദിഷ്ട യോഗ്യതയ്ക്കനുസരിച്ച് പി.എസ്.സി. മുഖേനയും ഉദ്യോഗക്കയറ്റം മുഖേനയുമാണ് ഒഴിവുള്ള തസ്തികകൾ നികത്തുന്നത്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 52 പുര കോളനിയിലെ താമസക്കാർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവ് ലഭിക്കാൻ നടപടി

190 (1298) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭ 13-ാം വാർഡിൽ 52 പുര കോളനിയിൽ 19 വീട്ടുകാർക്കുകൂടി സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. 6-7-2010-ലെ ജി.ഒ.(പി) 173/2010/ടി.ഡി നമ്പർ ഉത്തരവ് പ്രകാരം ചാലക്കുടി നഗരസഭയിലെ 13-ാം വാർഡിൽ 52 കുടുംബങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്തു നൽകിയിട്ടുണ്ട്.

(ബി) പട്ടയ അപേക്ഷകൾ നിലവിലില്ലാത്തതാണ്.

**കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിലെ പി.എം.ജി.എസ്. വൈ. പദ്ധതി**

191(1299) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയിൽപ്പെടുത്തി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പി.എം.ജി.എസ് .വൈ. പദ്ധതി പ്രകാരം നിർമാണം ആരംഭിച്ചശേഷം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പ്രസ്തുത ബ്ലോക്കുകളിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നല്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയിൽപ്പെടുത്തി കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്കുകളിലെ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവർത്തിയുടെ പേര് | നീളം (കി.മീ) | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1. | കൊട്ടാരക്കര | വെളിയം | നാൽക്കവല- മീയണ്ണൂർ- കോളമത്ത് മുള്ളമ്പാറ-കുടവട്ടൂർ റോഡ് | 1.885 | 74.40 | എഗ്രിമെന്റ് വച്ചു. പ്രവർത്തിയുടെ ഇനിഷ്യ ലെവൽസ് എടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |
| 2. | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട് തുണ്ടിൽ കോളനി റോഡ് | 1.436 | 110.65 | |

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നിർമ്മാണം ആരംഭിച്ചശേഷം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | പ്രവർത്തി യുടെ പേര് | നീളം (കി.മീ) | തുക ലക്ഷത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | വെട്ടിക്കവല | വെട്ടിക്കവല | കടുവാപ്പാറ-അഞ്ചനാം കുഴി റോഡ് | 1.479 | 100.78 | റോഡിന്റെ പല ഭാഗങ്ങളിലുള്ള വീതി കുറവ് പരിഹരിക്കുന്നതിന് നേരിട്ട കാലതാമസം നിമിത്തം പ്രവൃത്തി തുടങ്ങുന്നതിന് തടസ്സം നേരിട്ടു. ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

## അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

192 (1300) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഒട്ടുമിക്കതും സഞ്ചാര യോഗ്യമല്ലാതായി കിടക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ പുനരുദ്ധാരണത്തിന് എം.എൽ.എ ഫണ്ട്, ആസ്തി വികസന ഫണ്ട്, റവന്യൂ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന അനുവദിക്കുന്ന നാമമാത്രമായ തുക എന്നിവ കൊണ്ട് പുനരുദ്ധരിക്കുവാനുള്ള പരിമിതികൾ കണക്കിലെടുത്ത് ആർ.ഐ.ഡി.എഫ്-വില്ലേജ് റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ആസ്തിവികസന ഫണ്ടുമായി സംയോജിപ്പിച്ച് നടത്തുവാൻ പ്രത്യേക അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആസ്തി വികസന പദ്ധതിയുടെ ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം നിലവിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമാണ് വഹിച്ചുവരുന്നത്. ആർ.ഐ.ഡി.എഫ്. പദ്ധതി വിഹിതം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ചാൽ ആയത് ഒരു തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുകയും സർക്കാരിന് അധിക ബാധ്യത വരുത്തുകയും ചെയ്യും. ആയതിനാൽ ആസ്തി വികസന ഫണ്ട് നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കുള്ള വിഹിതവുമായി ചേർത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലില്ല.

**ഏറനാട് മണ്ഡലത്തിലെ റോഡുകൾ**

193 (1301) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ" പി.എം.ജി.എസ്.വൈ. " മുഖേന സംസ്ഥാനത്ത് 2015-2017 കാലയളവിൽ എത്ര റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ 2016-17, 2017-18 കാലയളവിലേക്ക് ഏറനാട് മണ്ഡലത്തിൽനിന്നും ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശം നൽകുമോ; അവയുടെ ഭരണപരമായ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. മുഖേന സംസ്ഥാനത്ത് 2015-2017 കാലയളവിൽ 1032.163 കി.മീ. ദൈർഘ്യം വരുന്ന 407 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിൽ ഏറനാട് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം റോഡുകൾ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ 2017-18 സാമ്പത്തികവർഷം ചെമ്പക്കുത്ത്-അയിഞ്ഞൂർ-പന്തപ്പള്ളി റോഡ് (4.620 കി.മീ), കാരക്കുന്ന്-ആമയൂർ-എളയൂർ റോഡ് (7.795 കി.മീ.) ഈ രണ്ട് റോഡുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരം നേടി, കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇന്ദിരാ ആവാസ് യോജന പദ്ധതി

194 (1302) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15, 2015-16 വർഷങ്ങളിൽ മുഴുവൻ തുകയും നല്കിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിനും എസ്.സി/ എസ്.ടി വിഭാഗത്തിനും മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായമായി ഇനി നൽകാനുള്ള 142 കോടി രൂപയിൽ 73.33 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2015-16 വർഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള അധിക ധന സഹായത്തിനായി യഥാക്രമം 107.6 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള അധിക ധനസഹായത്തിനായി 8.25 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി

195 (1303) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോ റോഡുനിർമ്മാണ പ്രവൃത്തികൾക്കും എത്ര തുക വീതം അനുവദിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2016-17-ൽ ഭരണാനുമതി ലഭിച്ച ഓരോ റോഡുനിർമ്മാണ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം 2016-17 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ അഞ്ച് റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | പൊക്കുണ്ട് കൂനം കുളത്തൂർ റോഡ് | 9,71,78,711 |
| 2 | കാരിയപ്പള്ളി പെടേന റോഡ് | 3,65,37,702 |
| 3 | കല്ലടിമുക്ക് ആറ്റഞ്ചേരി കിഴക്കേമാവടി തുണ്ടിയിൽ റോഡ് | 6,59,27,735 |
| 4 | പാച്ചാനി കുത്തമ്പലം വട്ട്യാറ റോഡ് | 5,57,93,395 |
| 5 | ചെറുപുഴ പാമ്പൻകല്ല് തുണ്ടിയിൽ മുളപ്രാ റോഡ് | 3.01.57,919 |

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം 2016-17 വർഷം ഭരണാനുമതി ലഭിച്ച ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു :

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) | ഗ്രാമപഞ്ചായത്തിന്റെ പേര് | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | എസ്റ്റിമേറ്റ് തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പൊക്കുണ്ട് കൂനം കുളത്തൂർ റോഡ് | 11.965 | കുറുമാത്തൂർ ചെങ്ങളായി | തളിപ്പറമ്പ് | 9,71,78,711 | കരാർ ഉടമ്പടി വച്ചു |
| 2 | കാരിയപ്പള്ളി പെടേന റോഡ് | 3.882 | എരമരം കുറ്റൂർ | പയ്യന്നൂർ | 3,65,37,702 | പ്രവൃത്തി ആരംഭിച്ചു. |
| 3 | കല്ലടിമുക്ക് ആറ്റഞ്ചേരി കീഴക്കേമാവടി തുണ്ടിയിൽ റോഡ് | 5.61 | പേരാവൂർ കണിച്ചാൽ | പേരാവൂർ | 6,59,27,735 | പ്രവൃത്തി ആരംഭിച്ചു |
| 4 | പാച്ചാനി കുത്തമ്പലം വട്ട്യാറ റോഡ് | 5.934 | ആലക്കോട് | തളിപ്പറമ്പ്, പയ്യന്നൂർ | 5,57,93,395 | ഉടമ്പനടി വയ്ക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്. |
| 5 | ചെറുപുഴ പാമ്പൻകല്ല് തുണ്ടിയിൽ മുളപ്രാ റോഡ് | 2.87 | ചെറുപുഴ | പയ്യന്നൂർ | 3,01,57,919 | കരാർ ഉടമ്പടി വച്ചു. |

## വാമനപുരം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

196 (1304) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കാനുണ്ടായിരുന്ന വെഞ്ഞാറമൂട്-ചിലന്തിയാംകോട് റോഡ്, വലിയകട്ടയ്ക്കാൽ-പാറയ്ക്കൽ റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചുവോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി നൽകുന്നതിനായി പരിഗണനയിലുണ്ടായിരുന്ന കൊച്ചാട്ടുകാൽ - ആട്ടുകാൽ നെടുമ്പ - തേക്കിൻമൂട് - പനയമുട്ടം-പൂവക്കാട്-വയ്യക്കാവ് റോഡ്, തൈക്കാട്-സമന്വയ-മൂളയം- പാകിസ്ഥാൻമുക്ക്-മൂക്കുന്നൂർ ദീപാനഗർ-കോട്ടുകുന്നം അമ്പലംമുക്ക് എന്നീ റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയോ; നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) വെഞ്ഞാറമൂട്-ചിലന്തിയാംകോട് റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വലിയക്കട്ടയ്ക്കൽ പാറയ്ക്കൽ റോഡിന്റെ പ്രവൃത്തി എൺപത് ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മേയ് മുപ്പതിന് മുമ്പ് മുഴുവൻ പണിയും പൂർത്തീകരിക്കാൻ സാധിക്കും എന്നും കരുതുന്നു.

(ബി) കൊച്ചാട്ടുകാൽ-ആട്ടുകാൽ നെടുമ്പ-തേക്കിൻമൂട്-പനയമുട്ടം-പൂവക്കാട്-വയ്യക്കാവ് റോഡ്-തൈക്കാട് സമന്വയ മൂളയം പാകിസ്ഥാൻമുക്ക് മുക്കുന്നൂർ ദീപാനഗർ-കോട്ടുകുന്നം അമ്പലംമുക്ക് റോഡ് എന്നീ പ്രവൃത്തികൾക്ക് അനുമതി ലഭിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതാണ്.

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി

197 (1305) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ഭവനനിർമ്മാണ പദ്ധതികൾക്കായി കേരളത്തിൽ നിലവിൽ ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്;

(ബി) പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ കോർപ്പറേഷനിലും ഓരോ നഗരസഭയിലും എത്ര ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പി.എം.എ.വൈ. പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുക്കുന്ന നഗരസഭകളുടെ മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളും (87 എണ്ണം)6 കോർപ്പറേഷനുകളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ആകെ 76 പഞ്ചായത്തുകളിലായി 25654 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ അനുമതി ലഭ്യമായിട്ടുണ്ട്. 769.62 കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം 1,2 ആയി ചേർക്കുന്നു.* ഇതിൽ 2655 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവും 425 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവും 49 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡുവും 4 ഗുണഭോക്താക്കൾക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്. 4 വീടുകൾ പൂർത്തിയായി.

(സി) എല്ലാ നഗരസഭകളെയും ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള മുൻഗണനാ പട്ടികയ്ക്ക് പ്രസക്തിയില്ല.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

198 (1306) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂലിയിനത്തിൽ എത്ര രൂപയാണ് ഇതുവരെ കുടിശ്ശികയായിട്ടുള്ളത്;

(ബി) കൂലി നൽകുന്നതിന് കുടിശ്ശികയായതിനുള്ള കാരണം വിശദമാക്കാമോ;

(സി) കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും കൊടുത്തു തീർക്കുന്നതിന് സാധിക്കും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ കൂലിയിനത്തിൽ 75943.17 ലക്ഷം രൂപയാണ് ഇതുവരെ കുടിശ്ശികയായിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2016-17 സാമ്പത്തിക വർഷം 214614.07 ലക്ഷം രൂപയാണ് കൂലിയിനത്തിൽ കേന്ദ്രവിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ ഇതിൽ 138670.92 ലക്ഷം രൂപയാണ് കേന്ദ്രവിഹിതം ലഭിച്ചത്. ബാക്കി വിഹിതം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിലേക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യഗഡുയിനത്തിലും 2016-17-ലെ കുടിശ്ശിക തീർക്കുന്നതിനുമായി ആകെ ലഭ്യമായത് 12283.79 ലക്ഷം രൂപ മാത്രമാണ്.

(സി) കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുവാൻ കഴിയുന്നതാണ്.

## സിറ്റി സാനിറ്റേഷൻ പദ്ധതി

199 (1307) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ശുചിത്വ മേഖലകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ സിറ്റി സാനിറ്റേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഏതെല്ലാം നഗരസഭകളാണ് ഈ പദ്ധതി തയ്യാറാക്കിയത് എന്നറി യിക്കുമോ;

(സി) എറണാകുളം ജില്ലയിലെ ഏതു നഗരസഭയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ; പ്രസ്തുത നഗരസഭയിൽ ഈ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി എന്ന് അറിയിക്കുമോ;

(ഡി) സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ ഇരുപത് നഗരസഭകൾ തെരഞ്ഞെടുക്കുകയും രണ്ടാം ഘട്ടത്തിൽ ഏഴ് നഗരസഭകൾ തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിൽ പത്ത് എണ്ണം പൂർത്തീകരിക്കുകയും പതിനേഴ് എണ്ണം പൂർത്തീകരിക്കുന്ന നടപടി ഘട്ടത്തിലുമാണ്.

(ബി) തൃശ്ശൂർ കോർപ്പറേഷൻ, ആറ്റിങ്ങൽ, പത്തനംതിട്ട, കരുനാഗപ്പള്ളി, പാല, മാവേലിക്കര, മരട്, ചിറ്റൂർ-തത്തമംഗലം, വടകര, കാസർഗോഡ് എന്നീ നഗരസഭകൾ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആലുവ, കണ്ണൂർ,

തലശ്ശേരി, തിരൂർ, കാഞ്ഞങ്ങാട്, തൊടുപുഴ, ചാലക്കുടി, പെരിന്തൽമണ്ണ, വർക്കല, കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ, ഗുരുവായൂർ, പൊന്നാനി, കൽപ്പറ്റ, കൊയിലാണ്ടി, തളിപ്പറമ്പ്, കോട്ടയം എന്നീ നഗരസഭകൾ സിറ്റി സാനിട്ടേഷൻ പ്ലാൻ പൂർത്തീകരിക്കുന്ന നടപടി ഘട്ടത്തിലുമാണ്.

(സി) എറണാകുളം ജില്ലയിലെ ആലുവ, നോർത്ത് പറവൂർ, മരട് എന്നീ നഗരസഭകളാണിതിൽ ഉൾപ്പെട്ടിട്ടുള്ളത്. മരട് നഗരസഭ സിറ്റി സാനിട്ടേഷൻ പ്ലാൻ രൂപീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് രണ്ട് നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ്.

(ഡി) പ്ലാൻ അന്തിമമാക്കുന്ന നടപടി പുരോഗമിക്കുന്നു.

**കെട്ടിട നിർമ്മാണ അപേക്ഷകൾ**

200 (1308) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണം ക്രമീകരിച്ച് നൽകുന്നതിനുള്ള അപേക്ഷകൾ ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽനിന്ന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണം ക്രമീകരിച്ച് നൽകുന്നതിനുള്ള അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലയിൽനിന്നും 33 ക്രമവൽക്കരണ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ഇരുപത്തിയൊമ്പത് എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

(സി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്ത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

201(1309) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോയെന്ന് വിശദമാക്കുമോ;

(ബി) മാനവശേഷി വികസന കേന്ദ്രം എന്ന നിലയിൽ കിലക്കു ലഭ്യമാകുന്ന കേന്ദ്ര, സംസ്ഥാന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും സേവനകാര്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലെ കിലയുമായി സംയോജിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി. 29-11-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 184/2016/തസ്വഭവ പ്രകാരവും സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് "കില-മാനവവിഭവശേഷി വികസന കേന്ദ്രം" എന്നും ഡയറക്ടറുടെ ഉദ്യോഗപ്പേര് "റീജിയണൽ ഡയറക്ടർ" എന്നും മാറ്റിക്കൊണ്ട് 27-12-2016- ലെ സ.ഉ.(സാധാ) നമ്പർ 3522/2016/തസ്വഭവ പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സംയോജനത്തിന്റെ തുടർ നടപടികൾക്കായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) ലയന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ ഇക്കാര്യം വ്യക്തമാവുകയുള്ളൂ.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും സേവന കാര്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

## ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ട്

202 (1310) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാസം സംഘർഷങ്ങളും ഏറ്റുമുട്ടലുകളുമുണ്ടായ താനൂരിലെ തീരദേശ മേഖലയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സന്ദർശിച്ച ശേഷം സമർപ്പിച്ച റിപ്പോർട്ട് സർക്കാറിന് ലഭ്യമായോ;

(ബി) എങ്കിൽ സംഘർഷത്തിൽ പങ്കാളികളാവാത്തവരുടെ വീടുകൾ ആക്രമിച്ച് നാശമുണ്ടാക്കിയതിലുള്ള പോലീസിന്റെ പങ്ക് കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടോ;

(സി) നഷ്ടം തിട്ടപ്പെടുത്താൻ വിദഗ്ധ സമതിയെ ഉടൻ നിയമിക്കണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) അക്രമസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള വിവിധ ശിപാർശകൾ റിപ്പോർട്ടിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേൽ ഇതിനകം കൈക്കൊണ്ട നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി) ചിലയിടങ്ങളിൽ പോലീസിന്റെ ഇടപെടൽ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിന് സഹായിച്ചിട്ടുണ്ടെന്നും ചിലയിടങ്ങളിൽ പോലീസ് ജാഗ്രതയോടെയും അവധാനതയോടും പ്രവർത്തിച്ചിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്, അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്

203 (1311) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് നൽകുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോഴാണ് തുടങ്ങിയതെന്നും പദ്ധതിപ്രകാരം ഒരു വർഷം എത്രപ്പേർക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട് ; വ്യക്തമാക്കാമോ;

(സി) 2016-17 അധ്യയന വർഷത്തിൽ സ്കോളർഷിപ്പിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്നും, എത്രപേർക്ക് സ്കോളർഷിപ്പ് നൽകി എന്നും വ്യക്തമാക്കാമോ;

(ഡി) മുൻവർഷം സ്കോളർഷിപ്പ് ലഭിച്ചവരിൽ ഈ വർഷം പുതുക്കാത്തവരുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്കോളർഷിപ്പ് വിതരണം ചെയ്യാൻ ഇനിയും ബാക്കിയുണ്ടെങ്കിൽ ആ കണക്കിൽ എത്ര കോടി രൂപയാണ് സർക്കാരിന്റെ പക്കൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

1. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ./ ഐ.സി.ഡബ്ല്യൂ.എ/സി.എസ്. സ്കോളർഷിപ്പ്.

2. അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ റീഇംബേഴ്സ്മെന്റ് സ്കീം

3. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

4. സി.എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്

5. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതി.

(ബി) അനുബന്ധമായി ചേർക്കുന്നു*

(സി)

| പദ്ധതിയുടെ പേര് | 2016-17 ലഭിച്ച യോഗ്യരായ അപേക്ഷകളുടെ എണ്ണം | 2016-17 അനുവദിച്ച സ്കോളർഷിപ്പുകളുടെ എണ്ണം |
|---|---|---|
| സി.എ./ ഐ.സി. ഡബ്ല്യൂ. എ/സി. എസ്. സ്കോളർഷിപ്പ് | 1679 | 1333 |
| ഐ.റ്റി.സി. ഫീ-റീഇംബേഴ്സ്മെന്റ് സ്കീം | 2353 | 1871 |
| പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 1898 | 1333 |
| സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് | 10050 | 10050 |
| സിവിൽ സർവ്വീസ് കോഴ്സ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ് | 132 | 111 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളിൽ പഠനം പൂർത്തിയാക്കാത്തവർ, ഒരു വിദ്യാർത്ഥി ഒരേ സമയം ഒന്നിലധികം സ്കോളർഷിപ്പുകൾ സ്വീകരിക്കൽ അനുവദനീയമല്ലെന്ന സാഹചര്യത്തിൽ മറ്റ് സ്കോളർഷിപ്പ് ലഭിച്ചവർ ഇത്യാദി കാരണങ്ങളാലാണ് സ്കോളർഷിപ്പ് പുതുക്കാത്തത്.

(ഇ) സ്കോളർഷിപ്പിന് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതും ലിസ്റ്റ് തയ്യാറാക്കി അതിൻപ്രകാരമുള്ള തുക അവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ ഇനത്തിൽ തുകയൊന്നും ബാക്കിയില്ല.

**മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി**

204 (1312) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മദ്രസകൾക്ക് ലഭിക്കുന്ന സർക്കാർ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി നിലവിലുണ്ടോ; ഇതിന്റെ പ്രതിമാസ വിഹിതം എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര പേർ മദ്രസ അധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളാണ് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ മദ്രസ്സകൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി സർക്കാർ ആനുകൂല്യങ്ങളൊന്നും നൽകി വരുന്നില്ല.

(ബി) ഉണ്ട്. പ്രതിമാസം തൊഴിൽ ദാതാവ് അമ്പത് രൂപയും അദ്ധ്യാപക വിഹിതം അമ്പത് രൂപയും കൂടി ആകെ നൂറ് രൂപയാണ് പ്രതിമാസ വിഹിതം.

(സി) മദ്രസ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങൾക്ക് താഴെ കാണുന്ന ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് :

1. 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് മദ്രസ അദ്ധ്യാപക ക്ഷേമ നിധിയിലെ അംഗത്വപ്രാബല്യമനുസരിച്ച് 1,000 രൂപ മുതൽ 5,219 രൂപ വരെ പ്രതിമാസ പെൻഷൻ.

2. മദ്രസ അദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വീതം ധനസഹായം.

3. മദ്രസ അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് 2,000 രൂപ വീതം കാഷ് അവാർഡ്.

4. മദ്രസ അദ്ധ്യാപകർക്ക് ഭവന നിർമ്മാണത്തിന് ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷനുമായി ചേർന്ന് 2.5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ. ഇത് 84 മാസ തവണകളായി തിരിച്ചടച്ചാൽ മതി.

(ഡി) നിലവിൽ മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ 15150 അംഗങ്ങളാണ് ഉള്ളത്.

**ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ**

205 (1313) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേരെ വിവിധ തസ്തികകളിലായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമനം ലഭിച്ചവരുടെ പേര്, വിദ്യാഭ്യാസയോഗ്യത, നിയമനം കിട്ടിയ തസ്തിക, ശമ്പള സ്കെയിൽ, ഇവരെ തിരഞ്ഞെടുത്ത നടപടിക്രമങ്ങൾ, നിയമനത്തിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്നും എത്രപേരെ വിടുതൽ ചെയ്തിട്ടുണ്ട്; പ്രസ്തുത ആളുകളുടെ പേര് വിവരവും ഏതൊക്കെ തസ്തികകകളിൽ നിന്നാണ് ഇവരെ വിടുതൽ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ; വിടുതൽ ചെയ്തവരിൽ ആരെങ്കിലും കോടതിയെ സമീപിക്കുക ഉണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 21 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 12 പേരെ വിടുതൽ ചെയ്തിട്ടുണ്ട്. അനുബന്ധം രണ്ട് ആയി ചേർത്തിട്ടുണ്ട്.* വിടുതൽ ചെയ്തവരാരും കേസിന് പോയിട്ടില്ല. കരാർ കാലാവധി അവസാനിക്കും മുമ്പെ ഷാഹിന കെ.എ.(ജൂനിയർ അസിസ്റ്റന്റ്), റെബി കെ. എ.(ഓഫീസ് അറ്റൻന്റ്) എന്നിവർ കോടതിയെ സമീപിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട്

206 (1314) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് നടപ്പിലാക്കുന്നതിനായി നിയോഗിച്ച പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ പ്രത്യേകമായി കണ്ടെത്തി അവ പരിഹരിച്ച് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളെ പൊതു സമൂഹത്തിന്റെ ജീവിത നിലവാരത്തിൽ എത്തിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധതരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള പെൻഷൻ

207 (1315) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് പെൻഷൻ നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവർക്ക് പെൻഷൻ നൽകി തുടങ്ങിയോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ പെൻഷൻ നൽകുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പെൻഷന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; ഈ പെൻഷന് അർഹരായിട്ടുള്ളവർ എത്ര പേരാണ്; ഇതു സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് പെൻഷൻ നൽകുന്ന പദ്ധതി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നില്ല.

## ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നത വിദ്യാഭ്യാസം

208 (1316) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഏതെങ്കിലും തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിനായി നിലവിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങളൊന്നുമില്ല.

## ന്യൂനപക്ഷക്ഷേമ വകുപ്പിൽ പുതിയ വികസന പദ്ധതികൾ

209 (1317) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിൽ എന്തെല്ലാം പുതിയ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ നടപ്പാക്കിവന്ന പദ്ധതികൾ ഏതെങ്കിലും ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2016-17 വർഷത്തിൽ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം നല്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എൽ.സി./ പ്ലസ് ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഈ വർഷത്തെ ഹജ്ജ് ക്യാമ്പ്**

210 (1318) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് ക്യാമ്പുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഹജ്ജ് ക്യാമ്പിന്റെ നടത്തിപ്പിന് വേണ്ടി പ്രത്യേകമായി ഏതെങ്കിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഹാജിമാർക്ക് ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ക്യാമ്പിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാരിന് പുറമെ നെടുമ്പാശ്ശേരി എയർപോർട്ട് അതോറിറ്റി സ്വന്തമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2017 വർഷത്തെ ഹജ്ജ് ക്യാമ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ. മുൻ വർഷങ്ങളിലെന്നപോലെ ഈ വർഷവും ഹജ്ജ് ക്യാമ്പ് നെടുമ്പാശ്ശേരിയിലാകാൻ സാധ്യതയുള്ളതിനാൽ സിയാൽ അധികൃതരുമായി ബന്ധപ്പെട്ട് എല്ലാ സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹജ്ജ് ക്യാമ്പിന്റെ നടത്തിപ്പിനുവേണ്ടി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല.

(സി) ഹജ്ജിന് പുറപ്പെടുന്നതിന് ഹാജിമാർക്ക് ആവശ്യമായ യാത്രാരേഖകളും മറ്റും കൈമാറുക, യാത്രയ്ക്ക് തയ്യാറാക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുക, കൂടാതെ ഭക്ഷണം, താമസം, വൈദ്യസഹായം തുടങ്ങി ഹാജിമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ക്യാമ്പിൽ ലഭ്യമാക്കുന്നു.

(ഡി) നെടുമ്പാശ്ശേരിയിൽ കഴിഞ്ഞ വർഷങ്ങളിൽ (2016, 2015) എയർപോർട്ട് അതോറിറ്റി ഹാജിമാർക്ക് താമസിക്കുന്നതിനും നമസ്കരിക്കുന്നതിനുമുള്ള സൗകര്യങ്ങളും കോൺഫറൻസ് ഹാൾ, ഭക്ഷണ ഹാൾ, അടുക്കള, ടോയിലറ്റ്, കുളിമുറി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പാട് ചെയ്തിരുന്നു. പ്രസ്തുത സഹായങ്ങൾ ഈ വർഷവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വഖഫ് സ്വത്ത് പരിപാലനം

211 (1319) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഖഫ് സ്വത്ത് പരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി നിലവിലുള്ള റഗുലേഷൻ റൂൾസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വഖഫ് സ്വത്ത് അന്യാധീനപ്പെട്ട് പോകാതിരിക്കാനും അന്യാധീനപ്പെട്ടവ തിരിച്ചെടുക്കുന്നതിനും സമയബന്ധിതമായി സർവേ നടത്തി ആസ്തി രജിസ്റ്റർ കാലോചിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വഖഫ് സ്വത്തുക്കൾ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് കൂടി വിനിയോഗിക്കുന്നതിനായി 'വഖഫ് വികസന കോർപ്പറേഷൻ' രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ വഖഫ് സ്വത്ത് പരിപാലനത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മോഡൽ റൂൾ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കരട് റൂൾ തയ്യാറാക്കി സമർപ്പിക്കുവാൻ സംസ്ഥാന വഖഫ് ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

(ബി) 2013-ലെ വഖഫ് ഭേദഗതി നിയമത്തിലെ വകുപ്പ് 4 പ്രകാരം വഖഫ് വസ്തുക്കൾ സർവ്വേ ചെയ്യുന്നതിനായി സർവ്വേ കമ്മീഷണറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വഖഫ് വികസന കോർപ്പറേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഹജ്ജ് തീർത്ഥാടനം**

212 (1320) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ വർഷവും ഹജ്ജ് തീർത്ഥാടനത്തിലേക്കായി എത്ര രൂപയാണ് ചെലവഴിക്കുന്നത് ?

ഉത്തരം

ഹജ്ജ് തീർത്ഥാടനത്തിനായി കേരള ഗവൺമെന്റ് പ്രത്യേക ഫണ്ടൊന്നും നൽകുന്നില്ല. എന്നാൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഗ്രാന്റ് ഇൻ എയ്ഡായി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ആയത് അനുവദിക്കുകയും ചെയ്യാറുണ്ട്. ജീവനക്കാരുടെ ശമ്പളം, ഹജ്ജ് വോളണ്ടിയർമാരുടെ യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇൻ എയ്ഡായി 94,12,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അതിവേഗ യാത്രാ കപ്പലുകൾ**

213 (1321) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പലുകൾ സർവ്വീസ് ആരംഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ തുറമുഖങ്ങളാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുറമുഖങ്ങളിൽ ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം(വിഴിഞ്ഞം)-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള യാത്രാകപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) കോഴിക്കോട്(ബേപ്പൂർ), വിഴിഞ്ഞം(കോവളം), കൊല്ലം, കൊച്ചി തുറമുഖങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) യാത്രാക്കാർക്ക് വന്നിറങ്ങുന്നതിനും കയറുന്നതിനുമുള്ള വാർഫും പാസഞ്ചർ ടെർമിനലുമാണ് യാത്രാ കപ്പൽ ആരംഭിക്കുന്നതിനായി തുറമുഖങ്ങളിൽ വേണ്ട അടിസ്ഥാനസൗകര്യം. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ഈ പദ്ധതികൾക്കായി കോഴിക്കോട്,(വെള്ളയിൽ), കൊച്ചി, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടികൾ നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**തീരദേശ നഗരങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ**

214 (1322) ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ നഗരങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളെ ബന്ധിപ്പിച്ചാണ് സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഗതാഗത സൗകര്യത്തിനായി തുറമുഖങ്ങളുടെ റെയിൽ-റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം(വിഴിഞ്ഞം)- കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള യാത്രാകപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) കോഴിക്കോട്(ബേപ്പൂർ), വിഴിഞ്ഞം(കോവളം), കൊല്ലം , കൊച്ചി തുറമുഖങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ചെറുകിട തുറമുഖങ്ങളിലെ ഗതാഗത സൗകര്യത്തിനായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള സാധ്യതാപഠനം നടത്താൻ റെയിൽ വികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം തുറമുഖത്തെ റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് കൊച്ചുപിലാമൂട് മുതൽ കൊല്ലം തുറമുഖം വരെയുള്ള റോഡിന്റെ നിർമ്മാണം 90% പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**തുറമുഖ ഡയറക്ടറേറ്റിലെ അഴിമതി**

215 (1323) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോർട്ട് ഡയറക്ടറായിരിക്കെ ഡോ. ജേക്കബ് തോമസ് അഴിമതി നടത്തിയതായ ആക്ഷേപത്തെ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റോർ പർച്ചേസ് വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; അതുസംബന്ധിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) രണ്ടു റിപ്പോർട്ടുകളുടെയും പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വിഴിഞ്ഞം ഉറമുഖ നിർമ്മാണ പുരോഗതി

216 (1324) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത നിർമാണ പുരോഗതി തൃപ്തികരമാണോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഉദ്ദേശിച്ച കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമോ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം തുറമുഖം ലാഭകരമായി പ്രവർത്തിക്കുമെന്നതിന് വ്യക്തമായ പഠനം നടന്നിട്ടുണ്ടോ; നിർമ്മാണം പൂർത്തിയായി എപ്പോൾ മുതലാണ് സർക്കാർ ലാഭം പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) നിർമ്മാണ പുരോഗതി ക്രമമായി വിലയിരുത്തുന്നുണ്ട്. നിലവിൽ നിർമ്മാണ പുരോഗതി തൃപ്തികരമാണ്.

(ബി) കരാർ പ്രകാരം ആദ്യഘട്ടപ്രവർത്തനം തുടങ്ങാൻ അനുവദിച്ചിട്ടുള്ള നാല് വർഷ കാലയളവിനുള്ളിൽ (2019 ഡിസംബർ 4-ാം തീയതി) പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആദ്യഘട്ടത്തിൽ പദ്ധതി ലാഭകരമായിരിക്കില്ല എന്നാൽ ഈ പദ്ധതിമൂലം ഉണ്ടാകാവുന്ന സാമ്പത്തിക വികസനം (Economic development) കണക്കിലെടുത്ത് കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിയാണ് പദ്ധതിനിർമ്മാണം നടത്തുന്നത്. പദ്ധതിയിൽനിന്നും ആദ്യഘട്ട നിർമ്മാണം പൂർത്തിയായി 15-ാം വർഷം മുതൽ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനം എന്ന കണക്കിൽ തുടങ്ങി ഓരോ വർഷവും ഒരു ശതമാനം വീതം കൂടുന്ന തരത്തിലാണ് (പരമാവധി 40%) സർക്കാരിനുള്ള വരുമാനവിഹിതം കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്.

## വിഴിഞ്ഞം തുറമുഖം

217 (1325) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉറമുഖ പദ്ധതിയുടെ പണി എത്രത്തോളം പൂർത്തിയായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തുറമുഖ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) ലഭ്യമായിട്ടില്ലെങ്കിൽ സാമ്പത്തിക സഹായത്തിനുവേണ്ടി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 92.67 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ശേഷിക്കുന്ന 7.33%(12 ഹെക്ടർ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. നിലവിൽ ഡ്രഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബെർത്ത് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും ടെസ്റ്റ് പൈലിംഗ് ജോലികളും നടന്നുവരുന്നു.

(സി&ഡി) കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ 20% ചെലവായ 818 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഇത് തത്വത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതിക്കനുസൃതമായി തുറമുഖ നടത്തിപ്പ് കമ്പനി നിശ്ചിത തുക ചെലവഴിച്ച ശേഷം മാത്രമെ കേന്ദ്ര വിഹിതം അനുവദിക്കുകയുള്ളൂ.

**വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

218 (1326) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം ഉറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. നിലവിൽ ഡ്രഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബെർത്ത് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും ടെസ്റ്റ് പൈലിംഗ് ജോലികളും നടന്നുവരുന്നു.

(ബി) കരാർ പ്രകാരം വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനം തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1460 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത കാലയളവിനുമുമ്പായി തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡും സർക്കാരും ശ്രമിക്കുന്നത്.

**തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ്**

219 (1327) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിയ്ക്കുന്ന കാര്യം പരിഗണനയിലുള്ളത് ഉടനെ നടപ്പിലാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) ആലപ്പുഴയിലെ, ഉൾനാടൻ ജലയാനങ്ങൾക്ക വേണ്ടിയുള്ള ഡ്രൈഡോക്കിന്റെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരികയാണ്.

(ബി) ആലപ്പുഴയിലെ ഉൾനാടൻ ജലവാഹനങ്ങളുടെ ഡോക്കിംഗ് വർക്കിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഡ്രൈഡോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്.

**ചരിത്ര പൈതൃക മ്യൂസിയമായി പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ**

220 (1328) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ ചരിത്ര - പൈതൃക മ്യൂസിയമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് അവിടെ ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ ചരിത്ര-പൈതൃക മ്യൂസിയമാക്കി മാറ്റുന്നതിലേക്ക് തൊണ്ണൂറ് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. തകർന്ന് കിടക്കുന്ന കെട്ടിടം പൂർവ്വസ്ഥിതിയിലാക്കി സംരക്ഷിക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. പുരാവസ്തു വകുപ്പാണ് പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്.

**കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയം നവീകരണം**

221(*T1329)<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ മ്യൂസിയത്തിന്റെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മ്യൂസിയം പൊതുജനങ്ങളെ ആകർഷിക്കുന്ന വിധം നവീകരിച്ച് പ്രവർത്തിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം ആകർഷകമാക്കുന്നതിന്റെ ഭാഗമായി ടി മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണ പണികൾ വകുപ്പ് നടത്തിയിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ സംരക്ഷിത സ്ഥാപനങ്ങളും പ്രദേശങ്ങളും**

222 (1330) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ ഏതെല്ലാം സംരക്ഷിത സ്ഥാപനങ്ങളും പ്രദേശങ്ങളും ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവയുടെ സംരക്ഷണത്തിന് ആവശ്യമായ തുക പുരാവസ്തു വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ മൂന്ന് സംരക്ഷിത സ്മാരകങ്ങൾ നിലവിലുണ്ട്. ആയത് ചുവടെ പറയുന്നു :

1. ചേലക്കര ഫോറസ്റ്റ് റേഞ്ചിലെ ശിവക്ഷേത്രം
2. നെട്ടുമ്പ്രയൂർ തളിശിവക്ഷേത്രം
3. ഇരുനിലം കോട് ഗുഹാക്ഷേത്രം.

(ബി) ഇവയുടെ സംരക്ഷണ പ്രവൃത്തികൾക്ക് വകുപ്പിൽനിന്നും തുക അനുവദിക്കാറില്ല. എങ്കിലും വകുപ്പിന്റെ മേൽനോട്ടത്തിൽ പണികൾ ചെയ്യുന്നതാണ്.

**മലപ്പുറം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സ്ഥാപനങ്ങൾ**

223 (1331) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുരാവസ്തുവകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ സ്ഥാപനത്തിനും സംസ്ഥാന സർക്കാരിന്റെ കീഴിൽ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കാറുണ്ടോ;

(സി) കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇത്തരത്തിൽ സംരക്ഷിക്കപ്പെടുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ ചരിത്രസ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ പുരാവസ്തു വകുപ്പിന് ഏഴ് സംരക്ഷിത സ്മാരകങ്ങളുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. ശ്രീ. വെങ്കിട്ടത്തേവർ ക്ഷേത്രം(ശിവക്ഷേത്രം കോട്ടയ്ക്കൽ)
2. ചങ്ങമ്പള്ളി കളരി, തിരുനാവായ (മാമാങ്ക സ്മാരകം)

   പഴുക്കാമണ്ഡപം, തിരുനാവായ (മാമാങ്ക സ്മാരകം)

   നിലപാട്ടുതറ, മണിക്കിണർ,തിരുനാവായ (മാമാങ്ക സ്മാരകം)

   മരുന്നറ തിരുനാവായ (മാമാങ്ക സ്മാരകം)

3. എരവിമംഗലം ശ്രീ. സുബ്രഹ്മണ്യ സ്വാമിക്ഷേത്രം, പെരിന്തൽമണ്ണ

4. തിരൂരങ്ങാടി താലൂക്ക് ഓഫീസ് കെട്ടിടം, വില്യം ഡങ്കൺ റൗളയുടെ ശവകുടീരവും തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസും

5. തൃപ്പങ്ങോട് മഹാ ശിവക്ഷേത്രം, തിരൂർ

6. കരിക്കാട് സുബ്രഹ്മണ്യ സ്വാമിക്ഷേത്രം,തൃക്കലങ്ങോട്

7. പെരുമ്പടപ്പ് വലിയ കിണർ, പൊന്നാനി

(ബി) സംരക്ഷണപണികൾക്കായി ഫണ്ട് അനുവദിക്കാറുണ്ട്.

(സി) ശ്രീ. വെങ്കിട്ടത്തേവർ ശിവക്ഷേത്രം, കോട്ടയ്ക്കൽ.

(ഡി) മലപ്പുറം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളായ പെരുമ്പടപ്പ് വലിയ കിണർ, മാമാങ്ക സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

## പുരാവസ്തു വകുപ്പിൽ ആശ്രിത നിയമനം

224 (1332) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൽ ആശ്രിതനിയമനത്തിനായുള്ള അപേക്ഷകളിൽ ഏതു ദിവസം വരെയുള്ളവയിൽ തീരുമാനമെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത വകുപ്പിൽ ആശ്രിത നിയമന സാദ്ധ്യത തീരെ കുറവാണെങ്കിൽ അത്തരം അപേക്ഷകർക്ക് മറ്റ് വകുപ്പുകളിൽ നിയമനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി അഞ്ച് അപേക്ഷകർക്ക് നിയമനാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12-12-2014 വരെയുള്ള അപേക്ഷകളിലാണ് ഉത്തരവായിട്ടുള്ളത്.

(ബി) പുരാവസ്തു വകുപ്പിൽ ആശ്രിത നിയമ സാധ്യത വളരെ കുറവാണ്. മറ്റ് വകുപ്പുകളിലേക്ക് നിയമനം നൽകണമെന്ന് അപേക്ഷകർ അപേക്ഷിക്കുന്നപക്ഷം ടി അപേക്ഷകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പൊതുഭരണ (സി.ഇ) സെല്ലിലേയ്ക്ക് അയയ്ക്കാറുണ്ട്.

## ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി

225(1333) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത കോട്ടയുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള സ്ഥലം എത്രയാണെന്ന് വില്ലേജും സർവ്വേ നമ്പരും സഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും അനധികൃതമായ കയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പു സുൽത്താൻ കോട്ടയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ 1989/2010 നമ്പരായി കേസ് നിലവിലുള്ളതിനാൽ ടി കോട്ടയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജിൽ സർവ്വേ 1661- ൽ ഉൾപ്പെട്ട 3.1323 ഹെക്ടർ സ്ഥലം പുരാവസ്തു സംരക്ഷണ നിയമപ്രകാരം സംരക്ഷിത സ്മാരകമാക്കി കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംരക്ഷിത സ്മാരകമായ ബുദ്ധ പ്രതിമ

226 (1334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ബുദ്ധ ജങ്ഷനുസമീപം പുരാവസ്തു വകുപ്പിന്റെ ചുമതലയിലുള്ള ബുദ്ധ പ്രതിമ സംരക്ഷിത സ്മാരകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധ പ്രതിമ സംരക്ഷിത സ്മാരകമാക്കിയെങ്കിലും നിലവിൽ യാതൊരു സംരക്ഷണവും ഇല്ലാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബുദ്ധ പ്രതിമ സംരക്ഷിക്കുന്നതിനും പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ ഇവിടം സന്ദർശിച്ച് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ഡി) പുരാവസ്തു വകുപ്പിന്റെ ടൂറിസം പ്രൊജക്ടിൽ ഈ സ്ഥലം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ബുദ്ധ പ്രതിമ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

(ബി) വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പുരാവസ്തു വകുപ്പിന് മാവേലിക്കര ബുദ്ധ ജംഗ്ഷനിൽ ടൂറിസം പ്രോജക്ടുകൾ ഒന്നും തന്നെയില്ല.

## കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ് ഷാസികൾ

227 (1335) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര പുതിയ ബസ്സ് ഷാസികൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ ആണ് ഇവ വാങ്ങിയിട്ടുള്ളതെന്നും ഇതിന്റെ വിലകൾ എത്രയെന്നും ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഷാസികൾ ബോഡി ചെയ്തത് കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിൽ തന്നെയാണോ; ഇതിലേക്കായി എന്തു തുക ചെലവായി എന്ന് വിശദമാക്കുമോ;

(സി) മറ്റ് ഏതെങ്കിലും ഏജൻസികളെ കൊണ്ടാണ് ബസ്സിന്റെ ബോഡിയും സീറ്റുകളും മറ്റും ചെയ്യിച്ചതെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ തുക സഹിതം വിശദമാക്കുമോ;

(ഡി) പ്രസ്തുത ബസ്സുകൾ എല്ലാം നിരത്തിൽ ഓടുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു സി.എൻ.ജി. ബസ് ഒഴികെ പുതിയ ബസ്സുകളോ ഷാസ്സികളോ വാങ്ങിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാങ്ങിയ 583 ഷാസ്സികളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബോഡി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അതെ. 112.69 കോടി രൂപ.

(സി) ബസ്സുകളുടെ ബോഡി നിർമ്മിച്ചത് പൂർണ്ണമായും കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിലാണ്. എന്നാൽ 150 എയർ സസ്പെൻഷനുള്ള ബസ്സുകൾക്കുള്ള സൈഡ് വിൻഡോ ഗ്ലാസ്സുകളും റീ ക്ലൈൻഡ് സീറ്റുകളും താഴെ പറയുന്ന സ്ഥാപനങ്ങളാണ് നിർമ്മിച്ചത്. സൈഡ് വിൻഡോ ഗ്ലാസ് : ഇ-ടെണ്ടറിൽ യോഗ്യത നേടിയ M/s.TPRS Enterprises Pondicherry എന്ന സ്ഥാപനമാണ് സൈഡ് വിൻഡോ ഗ്ലാസ് ഫ്രെയിം ഉൾപ്പെടെ നൽകിയതും വാഹനത്തിൽ ഘടിപ്പിച്ചതും. ബസ് ഒന്നിന് 84,150 രൂപ നിരക്കിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. റീക്ലൈൻഡ് സീറ്റ്സ് ഇ-ടെണ്ടറിൽ യോഗ്യത നേടിയ M/s Haritha Seating, Hosur എന്ന സ്ഥാപനത്തിനാണ് ഓർഡർ നൽകിയത്. ബസ് ഒന്നിന് 1,91,000 രൂപ നിരക്കിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. മേൽ പറഞ്ഞവയിൽ 204 ബസ്സുകളുടെ ബോഡി നിർമ്മാണവും രജിസ്ട്രേഷനും മറ്റും 1-1-2017 മുതൽ AIS 052 ബസ് ബോഡി കോഡ് നടപ്പിൽ വരുത്തിയതിനെ തുടർന്ന് തടസ്സപ്പെട്ടിരുന്നു. ആയത് ഭാരത സർക്കാർ പ്രസ്തുത ബസ് ബോഡി കോഡ് നടപ്പിൽ വരുത്തുന്നത് 30-6-2017 വരെ നീട്ടി വച്ചതിനെ തുടർന്ന് ഈ ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിൽ 161 ബസ്സുകൾ ഇൻഷ്വറൻസ്, അന്തർ സംസ്ഥാന പെർമിറ്റുകൾ എന്നിവ ലഭിക്കുന്നതിനുവേണ്ടി മാറ്റിയിട്ടിരിക്കുകയാണ്. അവ ലഭ്യമാകുന്ന മുറയ്ക്ക് ഈ ബസ്സുകൾ കൂടി ഓടി തുടങ്ങുന്നതാണ്.

**ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം**

228 (1336) ശ്രീ. കെ.മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനങ്ങളിൽ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മെച്ചപ്പെട്ട റോഡ് സുരക്ഷയും സ്ത്രീസുരക്ഷയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കിയ ശേഷം റോഡ് സുരക്ഷയിലും സ്ത്രീ സുരക്ഷയിലും മാറ്റങ്ങൾ എന്തെല്ലാം ഉണ്ടായെന്ന വെളിപ്പെടുത്തുമോ;

(ഡി) ഇതിന് എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ രൂപവത്കരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-നെ consultant cum service provider ആയി നിയമിച്ചു. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 6.41 കോടി രൂപയാണ്. തിരുവനന്തപുരത്ത് ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഓരോ മിനി കൺട്രോൾ റൂമം State Data Center-ൽ സെർവർ എന്നിവ പദ്ധതിയുടെ ഭാഗമായി സജ്ജീകരിക്കുന്നുണ്ട്. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) പ്രാരംഭ ഘട്ടത്തിൽ 16000 സ്റ്റേജ് കാര്യേജുകളാണ് (ബസുകൾ) നിരീക്ഷണവിധേയമാക്കുക, റൂട്ട് മാറിയോടൽ, യാത്ര പാതിവഴി അവസാനിപ്പിക്കൽ, അമിത വേഗത മുതലായ നിയമ ലംഘനങ്ങൾ തടയുവാൻ ഇതിനാൽ സാധിക്കും. എല്ലാ നിയമ ലംഘനങ്ങൾക്കും കൺട്രോൾ റൂമിൽ അറിയിപ്പ് ലഭിക്കുന്നതാണ്. സ്ത്രീ സുരക്ഷ മുൻനിർത്തി പാനിക് ബട്ടൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാഹനങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

(സി) പദ്ധതി നടപ്പിൽ വന്നിട്ടില്ല. ഇതിനുള്ള പരീക്ഷണ നിരീക്ഷണങ്ങൾ പുരോഗമിക്കുകയാണ്.

(ഡി) 6.41 കോടി രൂപയുടെ പ്രധാന പദ്ധതികളിൽ 4.49 കോടി രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി. ഇന്ധനം

229 (1337) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സുകളിൽ സി.എൻ.ജി. ഉപയോഗിക്കുന്നതുമൂലം ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്താൽ പ്രസ്തുത പദ്ധതിയുടെ പ്രായോഗികത എത്രമാത്രമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആയിരം ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി അമ്പത് കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇതുസംബന്ധിച്ച കരട് പ്രോജക്റ്റ് റിപ്പോർട്ട്(ഡിപിആർ) KIIFB മുഖേന സമർപ്പിച്ചുകഴിഞ്ഞു. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി രണ്ട് സി.എൻ.ജി. ബസ്സുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകിയതിൽ ഒരു ബസ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ. ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും തേവരയിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) അന്തരീക്ഷ മലിനീകരണം കുറയ്ക്കുവാൻ കഴിയുമെന്നതാണ് മുഖ്യമായ പ്രയോജനം. ഇന്ധന ചെലവിൽ കുറവ് വരുമെന്നും പ്രതീക്ഷിക്കുന്നു.

(സി) സി.എൻ.ജി. ബസ്സിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുസംബന്ധിച്ച് ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർപഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വരുമാനം

230 (1338) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽനിന്നും പ്രതിമാസം ലഭിക്കുന്ന വരുമാനം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളായ കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, കണ്ണൂർ എന്നിവയിൽനിന്നും പ്രതിമാസ ലൈസൻസ് ഫീസ്/വാടക ഇനങ്ങളിൽ 16,53,414 രൂപ ലഭിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കാട്ടാക്കട യൂണിറ്റ് | - | 2,74,857 രൂപ |
| നെയ്യാറ്റിൻകര യൂണിറ്റ് | - | 42,341 രൂപ |
| നെടുമങ്ങാട് യൂണിറ്റ് | - | 69,669 രൂപ |
| പയ്യന്നൂർ യൂണിറ്റ് | - | 2,35,701 രൂപ |
| കണ്ണൂർ യൂണിറ്റ് | - | 1,45,000 രൂപ |
| കൊട്ടാരക്കര യൂണിറ്റ് | - | 3,11,846 രൂപ |
| കാസർഗോഡ് യൂണിറ്റ് | - | 5,74,000 രൂപ. |

കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറികൾ ഭാഗികമായി വാടകയ്ക്ക് നൽകിയിട്ടുള്ളതിൽനിന്നും ലഭിക്കുന്ന വരുമാനവും ഇതര വരുമാനവും അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.ആർ.ടി.സി.-യിൽ ടയർ റീട്രേഡിംഗ് വിഭാഗത്തിലെ ജീവനക്കാർ**

231 (1339) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടയർ റീട്രേഡിംഗ് വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്ന രീതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ നിലവിൽ എത്ര പേരാണ് സ്ഥിര/കരാർ/ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നത്; കണക്കുകൾ വിശദമാക്കുമോ ;

(സി) ടയർ റീട്രേഡിംഗ് വിഭാഗത്തിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മുൻകാലങ്ങളിൽ താഴ്ന്ന തസ്തികയിലെ ജീവനക്കാരിൽനിന്നും ടെസ്റ്റ് നടത്തി സെലക്ഷൻ മുഖേനയാണ് ടയർ റീട്രേഡർമാരെ നിയമിച്ചിരുന്നത്. എന്നാൽ 2012-ലെ സേവന വേതന കരാർ പ്രകാരം ടയർ റീട്രേഡർ തസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നേരിട്ട് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുന്നോടിയായി റെഗുലേഷൻ പുനർ നിർണ്ണയിച്ച് പി.എസ്.സി.-യിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്.

(ബി) ടയർ റീട്രേഡർ വിഭാഗത്തിൽ സ്ഥിരം ജീവനക്കാർ-19

(CWS PPD-4, RW ALV-9, RWEDPL-61)

താൽക്കാലിക ജീവനക്കാർ 74 പേരും ഉണ്ട്.

(CWSPPD-21 14 E/E,7 Empanel,)

RW EDPL-25(23 E/E,2 Empanel,)

RWALV-28 (28 Empanel)

(സി) ദിവസവേതന കൂലിക്കാരായ ടയർ റീട്രേഡിംഗ് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണനയിലില്ല. കർണ്ണാടക സംസ്ഥാനം V/s ഉമാദേവി കേസിൽ ബഹു. സുപ്രീം കോടതിയുടെ 10-4-2006-ലെ വിധിയുടെ അന്തഃസത്ത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തരുതെന്നാണ്.

## കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ

232 (1340) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്;

(ബി) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്തവരായി എത്ര പേരാണുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചിട്ടില്ല. ജീവനക്കാരെ പുനഃനിർണ്ണയിക്കുന്നത് ഉൾപ്പെടെയുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ IIM-ലെ ധനകാര്യ വിദഗ്ദ്ധനായ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിരിക്കുകയാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമേ കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കാൻ കെ.എസ്. ആർ.ടി.സി.-ക്ക് കഴിയുകയുള്ളൂ.

(ബി) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമന

ഉത്തരവ് നൽകിയിട്ടും 4030 പേർ ജോലിയിൽ പ്രവേശിക്കാത്തവരായി ഉണ്ട്. ടി NJD-കൾ നിലവിൽ ഉണ്ടായിട്ടുള്ളത് കെ.എസ്.ആർ.ടി.സി.-യിലെ യഥാർത്ഥ ഒഴിവുകളായ 3808-ന് പകരം 9300 ഉദ്യാഗാർത്ഥികൾക്ക് കെ.പി.എസ്.സി. നിയമന ശിപാർശ നൽകിയത് കൊണ്ടാണ്. യഥാർത്ഥ ഒഴിവുകളായ 3808 തസ്തികയിൽ മാത്രം നിയമന ശിപാർശ അറിയിച്ചാൽ മതിയെന്ന് സർക്കാരും പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിരുന്നു. ഒഴിവുകൾ തെറ്റായി റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് പി.എസ്.സി.-യും കെ.എസ്.ആർ.ടി.സി.-യും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പരിഹരിക്കുന്നതിന് 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗപ്പെടുത്തണമെന്ന് ചൂണ്ടിക്കാട്ടി കെ.എസ്.ആർ.ടി.സി. സർക്കാരിലേക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ പി.എസ്.സി.-യോട് പ്രസ്തുത അഭ്യർത്ഥന നടത്തിയത്. യഥാർത്ഥ ഒഴിവുകളായ 3808 ഒഴിവുകളിലേയ്ക്ക് ഓരോ നിയമനഘട്ടത്തിലേയും NJD ഒഴിവുകൾ, 2013-2015 കാലഘട്ടത്തിലെ പ്രതീക്ഷിത ഒഴിവുകൾ, ടി കാലയളവിലെ സർവ്വീസ് വർദ്ധനവിന് ആനുപാതികമായി ഉണ്ടായ ഒഴിവുകൾ എന്നിവയെല്ലാം തിട്ടപ്പെടുത്തി, പ്രസ്തുത റാങ്ക് പട്ടികയിലെ 9300 പേർക്കും കെ.എസ്.ആർ.ടി.സി. നിയമനം അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ഓരോ നിയമന ഘട്ടത്തിലേയും NJD ഒഴിവുകൾ പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശിപാർശ നൽകേണ്ടതില്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പി.എസ്.സി-യിൽ യഥാസമയം റിപ്പോർട്ടും ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് ധനസഹായം

233 (1341) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റശേഷം കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക ധനസഹായം എന്തെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2011-2016 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക ധനസഹായമായി സർക്കാർ എന്തു തുകയാണ് അനുവദിച്ചിരുന്നത്?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക ധനസഹായം നൽകിയിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം പ്രതിമാസ പെൻഷന്റെ പകുതി നൽകുവാൻ വായ്പയായി 305 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതി വിഹിതമായി 40.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പയായി 200 കോടി രൂപയും പദ്ധതി വിഹിതമായി 44.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 2011-2016 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക ധനസഹായമായി തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല. ടി കാലയളവിൽ വായ്പയായി 1220.82 കോടി രൂപയും പദ്ധതി വിഹിതമായി 263.04 കോടി രൂപയും ഗ്രാന്റായി 32 കോടി രൂപയും ഡീസൽ സബ്സിഡിയായി 28 കോടി രൂപയും അനുവദിച്ചിരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ**

234 (1342) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് ബസ്സുകൾ തമിഴ് നാട്ടിലും കർണാടകത്തിലും ഒരു ദിവസം എത്ര കിലോമീറ്റർവീതം സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; കിലോമീറ്ററിനു എത്ര രൂപ നിരക്കിലാണ് സർവ്വീസ് നടത്തുന്നത്;

(ബി) കേരളത്തിൽ കിലോമീറ്ററിന് എത്ര രൂപയ്ക്കാണ് പ്രസ്തുത സർവ്വീസ് നടത്തുന്നത്;

(സി) തമിഴ് നാട്ടിലും കർണാടകത്തിലും സർവ്വീസുകൾ നടത്തുന്നതുമൂലം ഒരു ദിവസം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടമെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. അന്തർസംസ്ഥാന കരാറുകൾ പ്രകാരം തമിഴ്നാട്ടിൽ 33016.4 കിലോമീറ്ററും, കർണ്ണാടകയിൽ 42342.8 കിലോമീറ്ററും സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. അന്തർ സംസ്ഥാന കരാർപ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നിരക്ക് അനുസരിച്ച് സർവ്വീസ് നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിരക്കുളുടെ വിവരം ചുവടെ ചേർക്കുന്നു :

കർണ്ണാടക:

| | | | |
|---|---|---|---|
| 1. | ഓർഡിനറി | - | 59.75 പൈസ |
| 2. | ഫാസ്റ്റ്/ സൂപ്പർഫാസ്റ്റ് | - | 91 പൈസ |
| 3. | സൂപ്പർ എക്സ്പ്രസ് | - | 111.5 പൈസ |
| 4. | സൂപ്പർ ഡീലക്സ് | - | 131 പൈസ |
| 5. | മൾട്ടി ആക്സിൽ | - | 214 പൈസ. |

<u>തമിഴ്നാട്:</u>

| | | | | |
|---|---|---|---|---|
| | 1. | ഓർഡിനറി | - | 42 പൈസ |
| | 2. | ഫാസ്റ്റ് പാസഞ്ചർ | - | 56 പൈസ |
| | 3. | സൂപ്പർഫാസ്റ്റ് | - | 60 പൈസ |
| | 4. | സൂപ്പർ എക്സ്പ്രസ് | - | 70 പൈസ |
| | 5. | സൂപ്പർ ഡീലക്സ് | - | 90 പൈസ |
| | 6. | വോൾവോ/മൾട്ടി ആക്സിൽ | - | 110 പൈസ |
| (ബി) | 1. | ഓർഡിനറി | - | 64 പൈസ |
| | 2. | ഫാസ്റ്റ് പാസഞ്ചർ | - | 68 പൈസ |
| | 3. | സൂപ്പർഫാസ്റ്റ് | - | 72 പൈസ |
| | 4. | സൂപ്പർ എക്സ്പ്രസ് | - | 77 പൈസ |
| | 5. | സൂപ്പർ ഡീലക്സ് | - | 90 പൈസ |
| | 6. | എ.സി. | - | 110 പൈസ |
| | 7. | വോൾവോ | - | 130 പൈസ |
| | 8 | മൾട്ടി ആക്സിൽ/സ്കാനിയ | - | 191 പൈസ |

(സി) 40 രൂപയെങ്കിലും ശരാശരി കിലോമീറ്റർ വരുമാനം ലഭിച്ചെങ്കിൽ മാത്രമേ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ലാഭ നഷ്ടമില്ലാത്ത അവസ്ഥയിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. 1950 -ലെ ആർ.ടി.സി. നിയമത്തിലെയും 1988-ലെ മോട്ടോർ വാഹന നിയമത്തിലെയും വ്യവസ്ഥകൾ അനുസരിച്ച് കേരള സംസ്ഥാനം തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള അന്തർസംസ്ഥാന ഗതാഗത കരാറിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തിവരുന്നത്. ഇരുസംസ്ഥാനങ്ങളിലെയും യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്രാസൗകര്യം ഉറപ്പ് വരുത്തുന്നതിനാണ് അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ മാത്രമായി ഉണ്ടാക്കുന്ന നഷ്ടം സംബന്ധിച്ച വിവരങ്ങൾ കണക്കാക്കിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ സമുച്ചയങ്ങൾ**

235(1343) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. വക സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ വാണിജ്യ സമുച്ചയങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട്, മൂവാറ്റുപുഴ, തൊടുപുഴ, മലപ്പുറം, പത്തനംതിട്ട, നിലമ്പൂർ എന്നിവയാണ് കെ.എസ്.ആർ.ടി.സി. വക സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ വാണിജ്യ സമുച്ചയങ്ങൾ.

(ബി) മേൽ സൂചിപ്പിച്ച എല്ലാ സ്ഥലങ്ങളിലെയും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഘട്ടം ഘട്ടമായി കടമുറികൾ ലേലം ചെയ്ത് ലഭിക്കുന്ന പലിശ രഹിത മൂലധന നിക്ഷേപത്തുക കിട്ടുന്ന മുറയ്ക്ക് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ വാണിജ്യസമുച്ചയങ്ങളിൽനിന്നും പ്രതിമാസ ലൈസൻസ് ഫീസ് ആയി 16,53,414 രൂപ ലഭിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ**

236 (1344) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷന്റെ പകുതി ബാധ്യത മുൻസർക്കാർ ഏറ്റെടുത്തതുപോലെ ബാക്കി പെൻഷന്റെ ബാധ്യത കൂടി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) എല്ലാ മാസവും ആദ്യത്തെ പ്രവർത്തി ദിവസം പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫ. ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (Rt) 367/2016/ Trans. തീയതി 24-9-2016 പ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ റിപ്പോർട്ട് ലഭ്യമായി ആയതിൻ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുവാൻ എല്ലാ മാസവും കൃത്യമായ ദിനം തന്നെ പെൻഷൻ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിന് പുതിയ പദ്ധതികൾ**

237 (1345) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ കണ്ടെത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) സർക്കാരും പൊതുജനങ്ങളും ചേർന്ന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇല്ലെങ്കിൽ, കെ.എസ്.ആർ.ടി.സി.-യെ മൂന്ന് മേഖലകളാക്കി തിരിച്ച് ഓരോ മേഖലയേയും ഓരോ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചുമതലയിൽ പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആയിരം ബസുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി അമ്പത് കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ തുടങ്ങിയവ കുറയ്ക്കുന്നതിനും

സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് നൂറ് രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസുകൾ (സ്ത്രീകൾക്കുമാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർസംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ പുനഃസംഘടന ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ പ്രാഥമിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളിലെ വാണിജ്യകേന്ദ്രങ്ങൾ

238 (1346) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോകളുമായി ചേർന്ന് എത്ര സ്ഥലങ്ങളിൽ വാണിജ്യകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ വായ്പ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുമായി ചേർന്ന് കാട്ടാക്കട, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ വാണിജ്യ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ പയ്യന്നൂർ വാണിജ്യ കേന്ദ്രത്തിന് സ്പെഷ്യൽ പാക്കേജ് ഇനത്തിൽ ഒരു കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ടായിരുന്നു. മാത്രമല്ല, കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണ ചെലവിനായി വേണ്ടി വന്ന തുക കെ.റ്റി.ഡി.എഫ്.സി. സ്വന്തം ഫണ്ടായ പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപമുൾപ്പെടെയുള്ളവ, ഉപയോഗിച്ചാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി മുപ്പത് കോടി രൂപ 2012-13 സാമ്പത്തിക വർഷം വായ്പയായി അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്റർ

239 (1347) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ റാന്നി ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും എത്ര ഷെഡ്യൂളുകളാണ് അവിടെനിന്നും സർവ്വീസ് നടത്തുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററിലെ ജീവനക്കാരുടെ പാറ്റേൺ ലഭ്യമാക്കുമോ; സെന്ററിലെ ജീവനക്കാരുടെ കുറവുകൊണ്ട് സർവ്വീസുകൾ റദ്ദു ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇതര ഡിപ്പോകളിൽ ജോലി ചെയ്യുന്ന റാന്നിക്കാരായ ജീവനക്കാരേയും റാന്നിയിലേക്ക് വരാൻ തയ്യാറുള്ളവരേയും റാന്നിയിലേക്ക് സ്ഥലം മാറ്റി സർവ്വീസുകൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലെ കഴിഞ്ഞ 18 മാസത്തെ വരുമാനം മാസം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സെന്ററിലെ വരുമാനത്തിൽ കുറവുണ്ടായത് എങ്ങനെയാണെന്നും ആയത് പരിഹരിക്കുവാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളെന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 15-12-2013-ലാണ് റാന്നി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിച്ചത്. 13 ആർ.ടി.സി. സർവ്വീസും 2 ജൻറം സർവ്വീസും ഒരു ടേക്ക് ഓവർ സർവ്വീസും ഉൾപ്പെടെ 16 ഷെഡ്യൂളുകളാണ് നടത്തി വരുന്നത്.

(ബി)

| ക്രമ നമ്പർ | തസ്തിക | സാംഗ്ഷൻഡ് സ്ട്രെംഗ്ത് | നിലവിലുള്ള ജീവനക്കാർ | |
|---|---|---|---|---|
| | | | സ്ഥിരം | എംപാനൽ |
| 1 | ഇൻസ്പെക്ടർ ഇൻ ചാർജ്ജ് | ... | 1 | ... |
| 2 | ചാർജ്ജ്മാൻ | 1 | 1 | |
| 3 | സ്റ്റേഷൻ മാസ്റ്റർ | ... | 2 | ... |
| 4 | വെഹിക്കിൾ സൂപ്പർവൈസർ | 2 | 1 | |
| 5 | മിനിസ്റ്റീരിയൽ | 3 | 1 | 1 |
| 6 | ഡ്രൈവർ | 44 | 34 | 2 |
| 7 | കണ്ടക്ടർ | 44 | 21 | 22 |
| 8 | മെക്കാനിക് | 11 | 8 | ... |
| 9 | സ്റ്റോർ അസിസ്റ്റന്റ് | ... | ... | ... |
| 10 | ഗാർഡ് | 3 | ... | 1 |
| 11 | പ്യൂൺ | ... | ... | ... |

നിലവിൽ ജീവനക്കാരുടെ കുറവുകൾ കൊണ്ട് സർവ്വീസുകൾ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടതനുസരിച്ച് റാന്നി യൂണിറ്റിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനിയുള്ളവർക്ക് അപേക്ഷ ലഭ്യമായ ശേഷം മുൻഗണനാടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥലംമാറ്റം അനുവദിച്ച് നൽകുന്നതാണ്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം 7.00 മണി പെരുന്തേനരുവി, 6.00 മണി വടശ്ശേരിക്കര എന്നീ ഓർഡിനറി സർവ്വീസുകൾ ചില ദിവസങ്ങളിൽ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്.

(സി) അപേക്ഷ ലഭ്യമായ ശേഷം മുൻഗണനനാടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥലംമാറ്റം അനുവദിച്ച് നൽകുന്നതാണ്.

(ഡി) കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിലെ കഴിഞ്ഞ 18 മാസത്തെ വരുമാനം മാസം തിരിച്ച് ചുവടെ ചേർക്കുന്നു :

| മാസം | തുക |
|---|---|
| Oct.15 | 3187919 |
| Nov.15 | 3062027 |
| Dec.15 | 3309288 |
| Jan.16 | 3362662 |
| Feb.16 | 2951972 |
| Mar.16 | 3093348 |
| Apr.16 | 3120085 |
| May.16 | 3597986 |
| Jun.16 | 33524391 |
| July.16 | 3615781 |
| Aug.16 | 3836986 |
| Sep.16 | 3862003 |
| Oct.16 | 3829527 |
| Nov.16 | 3616228 |
| Dec.16 | 3750713 |
| Jan.17 | 4045608 |
| Feb.17 | 3371315 |
| Mar.17 | 3561799 |

(ഇ) റാന്നി ഓപ്പറേറ്റിംഗ് സെന്ററിലെ വരുമാനത്തിൽ വലിയ തോതിൽ കുറവുണ്ടായിട്ടില്ല. എന്നാൽ ഫെബ്രുവരി, മാർച്ച് മാസത്തിൽ പരീക്ഷാ കാലയള വായതിനാൽ യാത്രക്കാരുടെ കുറവ് ഉണ്ടായിട്ടുള്ളതും അത് പ്രതിമാസ വരുമാനത്തിൽ നേരിയ കുറവ് ഉണ്ടാക്കിയിട്ടുള്ളതുമാണ്. എന്നാൽ വരുമാനവർദ്ധനവ് ലക്ഷ്യമിട്ട് ഷെഡ്യൂളുകളുടെ പുനഃക്രമീകരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. കോതമംഗലം ബസ് സ്റ്റാന്റ്

240 (1348) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. കോതമംഗലം ബസ് സ്റ്റാന്റിന്റെ സ്ഥല സൗകര്യങ്ങളും ജീവനക്കാർക്കുള്ള സൗകര്യങ്ങളും യാത്രക്കാർക്ക് വിശ്രമത്തിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങളും വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ലഭിച്ച തുകകൾ വിനിയോഗിച്ച് യഥാക്രമം ആറ് ബേ ഗ്യാരേജും യാർഡ് കോൺക്രീറ്റിംഗും പബ്ലിക് അമിനിറ്റി കെട്ടിടവും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ജെൻഡർ സെൻസിറ്റീവ് സ്കീമിൽപ്പെടുത്തി വനിതാ ജീവനക്കാർക്കുള്ള വിശ്രമ കേന്ദ്രവും എം.പി. ഫണ്ടിൽപ്പെടുത്തി പബ്ലിക് അമിനിറ്റി സെന്ററും പണികഴിപ്പിച്ചിട്ടുണ്ട്. ബസ്സുകൾ കൂടുതലായി പാർക്ക് ചെയ്യുന്നതിനായി പുറകിലുള്ള ബാക്കി സ്ഥലം വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഈ പ്രവൃത്തി നടപ്പിലാക്കാൻ കഴിയും.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്ന നടപടി

241 (1349) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഇതുവരെ എത്ര സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കിയെന്നും, ഓപ്പറേറ്റ് ചെയ്യുന്ന ഡിപ്പോ, റൂട്ട് എന്നിവയും വ്യക്തമാക്കുമോ;

(സി) 2017-18 വർഷത്തിൽ എത്ര സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആയിരം ബസുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി അമ്പത് കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇതുസംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട്(ഡിപിആർ) KIIFB മുഖേന സമർപ്പിച്ചുകഴിഞ്ഞു. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി രണ്ട്

സി.എൻ.ജി. ബസ്സുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകിയതിൽ ഒരു ബസ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറക്കുന്നതിന് ആവശ്യമായി ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും തേവരയിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിന് രണ്ട് ബസ്സുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ ഒരു ബസ് ലഭിച്ചുകഴിഞ്ഞു. ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിൽ ലഭ്യമാണെങ്കിലും വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ കേരളത്തിൽ എവിടെയും സ്ഥാപിച്ചിട്ടില്ല. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമെ വാഹനങ്ങളിൽ സി.എൻ.ജി. ഇന്ധനം നിറച്ച് സർവ്വീസ് നടത്തുവാൻ കഴിയൂ.

(സി) സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന നൂറ് കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കാനാകുമെന്നും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ അമ്പത് ബസ്സുകൾ വീതം നിരത്തിലിറക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.

**കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ**

242 (1350) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട എത്ര അപകടങ്ങളാണ് 2015-ലും 2016-ലും ഉണ്ടായത്; അതിൽ എത്ര പേർ മരണമടഞ്ഞു; എത്ര പേർക്ക് പരിക്കുപറ്റി;

(ബി) കെ.എസ്.ആർ.ടി.സി. അപകട നഷ്ടപരിഹാരമായി 2015-ലും 2016-ലും എന്ത് തുകയാണ് നൽകിയത് എന്നറിയിക്കാമോ?

ഉത്തരം

(എ) 2015 ജനവരി 1 മുതൽ ഡിസംബർ 31 വരെ കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ആകെ അപകടങ്ങൾ | - | 1379 എണ്ണം |
| മരണപ്പെട്ടവർ | - | 208 പേർ |
| പരിക്ക് പറ്റിയവർ | - | 2528 പേർ |

2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ആകെ അപകടങ്ങൾ | - | 1367 എണ്ണം |
| മരണപ്പെട്ടവർ | - | 173 പേർ |
| പരിക്ക് പറ്റിയവർ | - | 2269 പേർ |

(ബി)

| Year | MACT | Bank attachment |
|---|---|---|
| 2015 | 15,91,31,755 രൂപ | 10,79,99,390 രൂപ |
| 2016 | 16,64,14,668 രൂപ | 14,44,50,794 രൂപ |

**കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോ**

243 (1351) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ബസ് സ്റ്റാന്റിലെ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എത്ര വാടക മുറികളുണ്ട്; അവ ലേലം ചെയ്യുന്ന നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) മുറികൾ വാടകയ്ക്ക് നൽകിയതിലൂടെ എത്ര രൂപ കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഡിപ്പോയ്ക്ക് പുതിയ ബസുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ യൂണിറ്റിലെ വാണിജ്യ സമുച്ചയത്തിൽ 40 കടമുറികൾ ഉണ്ട്. ഇതിൽ 28 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി വരുന്ന 12 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനായി 4-5-2017 തീയതിയിൽ ലേലം/ടെണ്ടർ നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) നിലവിൽ 28 മുറികൾക്കായി പലിശ രഹിത സുരക്ഷിത നിക്ഷേപ യിനത്തിൽ 4,13,32,800 രൂപ (രൂപ നാലു കോടി പതിമൂന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് മാത്രം) ലഭിച്ചിട്ടുണ്ട്. വാടകയിനത്തിൽ പ്രതിമാസം 2,35,701 രൂപ (രൂപ രണ്ട് ലക്ഷത്തി മുപ്പത്തിയയ്യായിരത്തി എഴുന്നൂറ്റി ഒന്ന് മാത്രം) നിലവിൽ ലഭിച്ചുവരുന്നു.

(സി) ഉണ്ട്. രണ്ട് സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾ ഇന്റർ സ്റ്റേറ്റ് പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം**

244 (1352) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർടി.)367/2016/Trans. തീയതി 24-9-2016 പ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

(ബി&സി) പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ നേതാക്കളുമായി 1-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽവച്ച് ചർച്ചാ യോഗം വിളിച്ചുചേർത്തിരുന്നു. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

245 (1353) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവിതരണം മുടങ്ങി;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിന് പ്രതിമാസം എത്ര കോടി രൂപ വേണം; നിലവിൽ കെ.എസ്.ആർ.ടി.സി-യുടെ ശരാശരി മാസ വരുമാനം എത്രയാണ്;

(സി) 2016 ജൂൺ മുതൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ഏതൊക്കെ മാസങ്ങളിൽ മുടങ്ങി; നിലവിൽ എത്രമാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന ജീവനക്കാരുടെ ആവശ്യത്തിന്മേലുള്ള നിലപാട് എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) വിതരണത്തിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും ശമ്പള വിതരണം മുടങ്ങിയിട്ടില്ല.

(ബി) ശമ്പള വിതരണത്തിനായി പ്രതിമാസം 86.50 കോടി രൂപ ആവശ്യമാണ്. ശരാശരി 172 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനം.

(സി) 2016 നവംബർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ വിതരണം ഭാഗികമായും പൂർണ്ണമായും മുടങ്ങിയിട്ടുണ്ട്. നിലവിൽ 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ വിതരണം കുടിശ്ശികയുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ പെൻഷൻ ബാധ്യതയുടെ പകുതി തുക സർക്കാർ നൽകിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അനുപാതം

246 (1354) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബസിന് അഞ്ച് ജീവനക്കാർ എന്നതാണ് ദേശീയ അനുപാതമെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ അത് താൽക്കാലിക ജീവനക്കാരടക്കം ഒമ്പത് പേരാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ അനുപാതം കുറയ്ക്കുന്നത്, നിലവിലുള്ള ജീവനക്കാരെ ബാധിക്കാതിരിക്കാൻ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) റിസർവ് കണ്ടക്ടർ തസ്തികയിൽ 4051 പേർക്ക് നിലവിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവരുടെ നിയമനം സംബന്ധിച്ച് കോർപ്പറേഷന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ അനുപാതം കുറയ്ക്കുന്നത് നിലവിലുള്ള ജീവനക്കാരെ ബാധിക്കാതിരിക്കാൻ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഉൾപ്പെടെയുള്ള നയപരമായ തീരുമാനങ്ങൾ പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ കേരള സർക്കാർ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. പുനരുദ്ധരിക്കുന്നതിനുവേണ്ടി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനങ്ങൾ നടത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദ് ചെയ്ത നടപടി**

247 (1355) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർസംസ്ഥാന സർവ്വീസ് അടക്കം എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അന്തർ സംസ്ഥാന സർവ്വീസടക്കം എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വീസുകളിൽ ഏതെങ്കിലും പുനഃസ്ഥാപിച്ചിട്ടുണ്ടോ;

(സി) സർവ്വീസുകൾ റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദീർഘകാലമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന 443 സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിൽ 2015-16 കാലയളവിൽ 30 സർവ്വീസുകളും 2016-17 കാലയളവിൽ 42 സർവ്വീസുകളും പുനസ്ഥാപിച്ചിട്ടുണ്ട്.

(ബി) 123 സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിൽ 17 എണ്ണം പുനസ്ഥാപിച്ചിട്ടുണ്ട്.

(സി) യാത്രക്കാരുടെ കുറവുമൂലം നിശ്ചിത വരുമാനം ലഭിക്കാത്തതും ജീവനക്കാരുടെ കുറവുമൂലവും സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനുള്ള പദ്ധതികൾ**

248 (1356) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കുന്നതിന് ഗതാഗത വകുപ്പ് എന്തെങ്കിലും ബോധവത്ക്കരണ പരിപാടികൾ ജീവനക്കാർക്കായി നടപ്പിലാക്കുന്നുണ്ടോ; അവയെന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ പ്രതിദിന നഷ്ടത്തിന്റെ കണക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആയിരം ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പി

ക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകി വരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തി വരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസ്സുകൾ (സ്ത്രീകൾക്കു മാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കായി ബോധവത്ക്കരണ പരിപാടികൾ കോർപ്പറേഷൻ നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറഞ്ഞ സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങി. മെക്കാനിക്കൽ/മിനിസ്റ്റീരിയൽ വിഭാഗങ്ങളിൽ അധികമായി ഉണ്ടായിരുന്ന താൽക്കാലിക ജീവനക്കാരെ ജോലിയിൽനിന്നും മാറ്റിനിർത്തുകയുണ്ടായി. ഇതിനു പുറമേ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ

ശ്രീ. സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) 367/2016/Trans. തീയതി 24-9-2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം ആയത് പ്രാബല്യത്തിൽ വരുത്തുന്ന മുറയ്ക്ക് കോർപ്പറേഷൻ ലാഭത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 5.60 കോടി രൂപയാണ്. അതേ സമയം പ്രതിദിന ശരാശരി ചെലവ് 10.35 കോടി രൂപയാണ്. പ്രതിദിന നഷ്ടം ശരാശരി 4.75 കോടി രൂപയാണ്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് നടപടി**

249 (1357) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷംകൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷംകൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്ക്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ്സ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്നപേരിൽ പുതിയതരം സർവ്വീസുകൾ ഉടൻതന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ

സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ പുനസംഘടന ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകി വരുന്നു. കൂടാതെ ബോധവത്ക്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസുകൾ (സ്ത്രീകൾക്കുമാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. പതിനായിരം രൂപയ്ക്കുതാഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസുകൾ നടത്തേണ്ടി വരുന്നതിനാലും സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യം നൽകുന്നതിനാലും വർഷങ്ങളായി കെ.എസ്.ആർ.ടി.സി.-യിൽ ഇതര സംസ്ഥാന ഗതാഗത കോർപ്പറേഷനെക്കാൾ ഉയർന്ന രീതിയിലുള്ള വാഹനങ്ങളും ജീവനക്കാരുമായുള്ള അനുപാതം തുടർന്നുപോകുന്നതിനാലും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് കൃത്യമായി തിരിച്ചടവ് നടത്തേണ്ടിവരുന്നതിനാലും ഡീസൽ വിപണി വിലയിൽ വാങ്ങി സർവ്വീസ് നടത്തേണ്ടിവരുന്നതിനാലുമാണ് വരവും ചെലവും തമ്മിൽ കനത്ത അന്തരമുണ്ടാകുന്നത്. ഇതാണ് കെ.എസ്.ആർ.ടി.സി.-യെ ഇന്ന് അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രിസന്ധിയിലേയ്ക്ക് എത്തിച്ചത്.

**കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം**

250 (1358) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ യഥാസമയം ലഭിക്കുന്നില്ലെന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിച്ച് സുഗമമായി പെൻഷൻ വിതരണം ചെയ്യുന്നതിനായി 2015 ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനും പ്രസ്തുത ഫണ്ടിലേയ്ക്ക് കോർപ്പറേഷനും സർക്കാരും തുല്യമായ വിഹിതം നിക്ഷേപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം പെൻഷൻ തുകയുടെ പകുതി കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ അടച്ച ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി പകുതി തുക സർക്കാർ അനുവദിച്ചുപോന്നിരുന്നു. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ ഫണ്ടിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി.-യുടെ വിഹിതം കണ്ടെത്താൻ കഴിയാത്തതിനാൽ ടി മാസങ്ങളിലെ പെൻഷൻ വിതരണം നടത്താൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി വിശദ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ റിപ്പോർട്ട് ലഭ്യമായി ആയതിൻ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ എല്ലാ മാസവും കൃത്യമായ പെൻഷൻ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ പെൻഷൻ ബാധ്യതയുടെ പകുതി തുക കെ.എസ്.ആർ.ടി.സി.-യ്ക്കുള്ള വായ്പയായി അനുവദിച്ചുനൽകുന്നുണ്ട്.

(സി) കുടിശ്ശിക ഇല്ലാതെ പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ സി.എൻ.ജി. ബസ്സുകൾ**

251 (1359) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് സി.എൻ.ജി. ബസ്സുകൾ വാങ്ങുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്നും പദ്ധതിയുടെ വിശദാംശങ്ങളെന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കുള്ള ധനം കിഫ്ബി.-യിൽ നിന്ന് ഉറപ്പാക്കായിട്ടുണ്ടോയെന്നും ഇതിനകം കിഫ് ബി എന്തു തുക നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. ബസുകൾ 50 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 72/2017/TRANS തീയതി 20-2-2017 പ്രകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്ഡ് നാച്വറൽ ഗ്യാസി(CNG)ലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി. ബസ്സുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എൻജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിൽ കിഫ്ബിയിൽ നിന്നും തുകയൊന്നും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടില്ല. പദ്ധതിയുടെ കരട് പ്രോജക്ട് റിപ്പോർട്ട് കിഫ്ബി പരിശോധിച്ചു വരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാനം**

252(1360) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. കൈക്കൊണ്ടുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ട്രാവൽ കാർഡ് സമ്പ്രദായം തുടരുന്നുണ്ടോ; ട്രാവൽ കാർഡ് സമ്പ്രദായം കെ.എസ്.ആർ.ടി.സി.-യ്ക്ക് അധിക വരുമാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയതു വഴിയും, കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തിപ്പിനായി ലേലം / ടെണ്ടർ മുഖേന ട്രാക്കോൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. വരുമാനത്തിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.-ക്ക് വിഹിതം ലഭിച്ചുവരുന്നു. ഏറ്റവും കുറഞ്ഞത് പ്രതിമാസം 2 ലക്ഷം രൂപയായും

വരുമാനം 25 ലക്ഷം രൂപ വരെ 22 %

വരുമാനം 50 ലക്ഷം രൂപ വരെ 27 %

വരുമാനം 75 ലക്ഷം രൂപ വരെ 32 %

വരുമാനം 1 കോടി രൂപ വരെ 35 %

വരുമാനം 1 കോടി രൂപയ്ക്കുമേൽ 40 % എന്നീ ക്രമത്തിലാണ് വരുമാന വിഹിതം ലഭ്യമായി വരുന്നത്.

(സി) തുടരുന്നുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിനായാണ് പരീക്ഷണാടിസ്ഥാനത്തിൽ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ടി സംവിധാനം ഇതിനോടകം ജനസ്വീകാര്യത നേടിക്കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 1,48,40,500 രൂപ ട്രാവൽ കാർഡുകളുടെ വിൽപ്പനയിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ദേശസാത്കൃത റൂട്ടുകൾ

253 (1361) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ എത്ര ദേശസാത്കൃത റൂട്ടുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത റൂട്ടുകളിലെല്ലാം രാത്രികാല സർവ്വീസുകൾ നിലവിലുണ്ടോ;

(സി) ഇത്തരം റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് സമയപരിധി നിലവിലുണ്ടോ; എങ്കിൽ എത്ര;

(ഡി) ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസുകൾ ഏ.സി. ബസുകളാക്കുവാനും നല്ല നിലവാരമുള്ളതാക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 201 ദേശസാത്കൃത റൂട്ടുകൾ നിലവിലുണ്ട്. കൂടാതെ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമാണ്.

(ബി) ഉണ്ട്.

(സി) സമയപരിധിയില്ല.

(ഡി) അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബാംഗ്ലൂർ, മൈസൂർ, കൊല്ലൂർ, മണിപ്പാൽ, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള ബസ്സുകളും തിരുവനന്തപുരം-കണ്ണൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സും, മൾട്ടി ആക്സിൽ, സ്കാനിയ, വോൾവോ തുടങ്ങിയ ആഡംബര ബസ്സുകളുപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. കൂടാതെ ജൻറം എ.സി. ബസ്സുകൾ ഉപയോഗിച്ച് അന്തർ ജില്ലാ ദീർഘദൂര സർവ്വീസുകളും കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകൾ സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ ഉയർന്ന ക്ലാസ് സർവ്വീസുകളാക്കി മാറ്റുന്നതിനും വളരെ കുറഞ്ഞ സമയത്തിനുള്ളിൽ (സ്റ്റോപ്പുകൾ കുറച്ച്) ലക്ഷ്യസ്ഥാനത്ത് എത്തുംവിധം 'മിന്നൽ' സർവ്വീസുകൾ തുടങ്ങുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ടയർ റീട്രേഡിംഗ് വിഭാഗത്തിലെ ജീവനക്കാർ

254 (1362) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടയർ റീട്രേഡിംഗ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ സമർപ്പിച്ച 1228354/2017/Min(Tran) നിവേദനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽനിന്നും 439/സി.എം.ഡി. ഫയലിന്മേൽ ഗവൺമെന്റിലേക്ക് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നോ;

(സി) പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മേൽപ്പടി നിവേദനത്തിലെ അസ്ഥിര ടയർ റീട്രേഡിംഗ് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കാൻ കഴിയുന്നതല്ല. നിലവിൽ ടയർ റീട്രേഡിംഗ് വിഭാഗത്തിലെ നിയമനം പി.എസ്.സി. മുഖാന്തരമേ നടത്താവൂ എന്ന് 2012-ൽ ഉഭയകക്ഷി കരാർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) റിപ്പോർട്ട് സർക്കാരിൽ ലഭ്യമായതിനുശേഷം പരാതി വിശദമായി പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ സ്മാർട്ട് കാർഡ് സംവിധാനം**

255 (1363) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സ്മാർട്ട് കാർഡ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; എന്ന് മുതലാണ് ഇവ പ്രബല്യത്തിലായിത്തുടങ്ങിയത്;

(ബി) ഈ കാർഡിന്റെ ആദ്യഘട്ടത്തിൽ ലഭിക്കുന്ന തുക കൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ എന്തെല്ലാം സാമ്പത്തിക ബാധ്യതകൾ തീർക്കാനാകുമെന്നാണ് കരുതുന്നത്;

(സി) സ്ഥിരമായി കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്യുന്നവർ ഈ കാർഡുകളെടുക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനത്തിൽ വൻ ഇടിവ് ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ സ്മാർട്ട് കാർഡ് സംവിധാനം നിലവിൽ വന്നിട്ടില്ല. എന്നാൽ 24-1-2017 മുതൽ ട്രാവൽ കാർഡ് സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ട്. നാലുതരം ട്രാവൽ കാർഡുകൾ നിലവിലുണ്ട്. നാളിതുവരെ 10234 കാർഡുകൾ വിറ്റുവഴി 1,44,87,500 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ബാധ്യതകൾ തീർക്കത്തക്ക തരത്തിൽ വരുമാനം ലഭ്യമായിട്ടില്ല.

(സി) കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കാൻ പരീക്ഷണാടിസ്ഥാനത്തിലാണ് പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ഇതുവഴി വരുമാനത്തിൽ വലിയ ഇടിവ് ഉണ്ടാകുമെന്ന് കരുതുന്നില്ല.

**കെ.എസ്.ആർ.ടി.സി. സ്ഥിരം ജീവനക്കാർക്ക് ലീവ് സറണ്ടർ**

256 (1364) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ജീവനക്കാർക്ക് ലീവ് സറണ്ടർ ചെയ്യാൻ വ്യവസ്ഥയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ശ്രീ. ആന്റണി ചാക്കോയെ സി.എം.ഡി. ആയി നിയമിച്ചത് സ്ഥിര നിയമന വ്യവസ്ഥയിലായിരുന്നോ; ഇല്ലെങ്കിൽ നിയമന വ്യവസ്ഥകളുടെ കോപ്പി ലഭ്യമാക്കുമോ;

(സി) ടിയാന് ലീവ് സറണ്ടർ അനുവദിച്ച് പണം നൽകിയിട്ടുണ്ടോ; ഏത് വ്യവസ്ഥ പ്രകാരമാണ് നൽകിയതെന്നും, നൽകാൻ തീരുമാനമെടുത്തത് ആരാണെന്നും വ്യക്തമാക്കുമോ;

(ഡി) ടിയാൻ എത്ര കാലം കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്തു; പ്രസ്തുത കാലയളവിൽ ശമ്പളം, ടി.എ., ഡി.എ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി എന്തു തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്; വിശദമായ കണക്ക് നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സേവന-വേതന കരാർ 2012-ലെ ഖണ്ഡിക 37 പ്രകാരം സർവ്വീസ് അവസാനത്തിലെ ആർജ്ജിതാവധി മാത്രം സറണ്ടർ അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ശ്രീ. ആന്റണി ചാക്കോയെ സി.എം.ഡി. ആയി നിയമിച്ചത് കരാർ അടിസ്ഥാനത്തിലാണ്. നിയമന വ്യവസ്ഥകൾ അടങ്ങുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രീ. ആന്റണി ചാക്കോയ്ക്ക് ടെർമിനൽ ലീവ് സറണ്ടറായി 2,89,391 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.-ലെ അനുബന്ധം VIII, ഖണ്ഡിക 3 പ്രകാരമാണ് ടിയാന് ടെർമിനൽ ലീവ് സറണ്ടർ അനുവദിച്ചത്. നിലവിലെ സി.എം.ഡി.-യാണ് ആയത് അനുവദിച്ചത്.

(ഡി) 26-5-2014 മുതൽ 6-10-2016 വരെ

| | | |
|---|---|---|
| ആകെ ശമ്പളം | - | 53,04,290 രൂപ |
| റ്റി.എ., ഡി.എ. | - | 2,55,348 രൂപ |
| മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 2,65,332 രൂപ |

## കെ.എസ്.ആർ.ടി.സി.-യിൽ ജോലിയുള്ള സ്വകാര്യ ബസ്സുടമകൾ

257 (1365) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർ വരുമാനമുണ്ടാക്കുന്ന മറ്റ് ജോലികളിൽ ഏർപ്പെടുന്നത് കോർപ്പറേഷന്റെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണോ;

(ബി) ചില സ്വകാര്യ ബസ്സുടമകൾ കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ബസ്സുകൾക്ക് സഹായകമായി കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കുന്നതിന് പിന്നിൽ കോർപ്പറേഷനിൽ ജോലി ചെയ്യുന്ന ബസ്സുടമകളാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അതെ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്യുന്ന ബസ്സുടമകളുടെ വിവരങ്ങൾ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച് പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ

258 (1366) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.-യിലെ ഒഴിവുകൾ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ കെ.പി.എസ്.സി -യിൽ നിന്നും നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 ഡിസംബറിനുശേഷം കെ.എസ്.ആർ.റ്റി.സി.-ക്ക് എത്ര നിയമന ശിപാർശകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണത്തിന് നിയമനം നൽകി; വ്യക്തമാക്കുമോ;

(സി) കെ.പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യഥാസമയം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ആർ.റ്റി.സി./കെ.യു.ആർ.റ്റി.സി.-യിലെ നിയമനങ്ങൾക്ക് നിലവിൽ എന്തെങ്കിലും നിരോധനമോ/തടസ്സങ്ങളോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 ഡിസംബറിന് ശേഷം കെ.എസ്.ആർ.റ്റി.സി.-യിൽ കണ്ടക്ടർ തസ്തികയിൽ 4051 നിയമന ശിപാർശകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ആർക്കും നിയമനം നൽകിയിട്ടില്ല. മറ്റ് തസ്തികകളിൽ ഒന്നുംതന്നെ നിയമന ശിപാർശ ലഭിച്ചിട്ടില്ല.

(സി) പ്രൊഫ. സുശീൽ ഖന്ന തയ്യാറാക്കുന്ന കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണ റിപ്പോർട്ടിന് വിധേയമായി നിയമനം നൽകുന്നതിന് മേൽനടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന് വിധേയമായി ആവശ്യമായ ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വായ്പാ വിഹിതം**

259 (1367) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന വായ്പാ വിഹിതം ധനകാര്യ സ്ഥാപനത്തിൽ അടക്കാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങൾ ജീവനക്കാർക്ക് ജപ്തി നോട്ടീസുകൾ അയച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) വായ്പാവിഹിതം തിരിച്ചടക്കാതിരുന്നതിന് ഉത്തരവാദികളായ വ്യക്തികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്തി നടപടികൾക്ക് നോട്ടീസ് കിട്ടിയ ജീവനക്കാർ അപേക്ഷ നൽകിയതനുസരിച്ച് അവരുടെ റിക്കവറി തുകകൾ അതാത് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും 2015 ആഗസ്റ്റ് മാസം മുതൽ 2017 ഫെബ്രുവരി മാസം വരെ റിക്കവറി ചെയ്ത തുകയും

(നോൺ ഡിപ്പാർട്ടുമെന്റൽ റിക്കവറി തുക) എൽ.ഐ.സി.-യിലേയ്ക്ക് ഒടുക്കുന്നതിനായി 2016 സെപ്റ്റംബർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെ റിക്കവറി ചെയ്ത തുകയും ഉൾപ്പെടെ ആകെ 22.26 കോടി രൂപ സാമ്പത്തിക പ്രതിസന്ധിമൂലം അതത് ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത 2017 മാർച്ച് മാസത്തെ റിക്കവറി തുക കെ.എസ്. ആർ.ടി.സി. ഒടുക്കിയിട്ടുണ്ട്.

(ബി) വായ്പാ വിഹിതം തിരിച്ചടയ്ക്കാതിരുന്നതിൽ ഉത്തരവാദികൾ ഏതെങ്കിലും വ്യക്തികളല്ല. കെ.എസ്.ആർ.ടി.സി.-യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയായിരുന്നു കാരണം. ആയതിനാൽ വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക എന്നത് അപ്രസക്തമാണ്.

## കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച വായ്പകൾ

260 (1368) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്യാരന്റിയിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും ഇതുവരെ എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി. തിരിച്ചടച്ചിട്ടുണ്ട്; ബാക്കി തിരിച്ചടയ്ക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും വായ്പയായി എടുക്കുന്ന തുക കെ.എസ്.ആർ.ടി.സി. ചെലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ കണക്കുപ്രകാരം കെ.ടി.ഡി.എഫ്.സി. നാളിതുവരെ 4414.04 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വായ്പകൾക്ക് സർക്കാർ ഗാരന്റി ഇല്ല. മേൽ വായ്പയിൽ 1300 കോടി രൂപ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും വായ്പയെടുത്ത് 31-12-2015-ൽ തിരിച്ചടച്ചതുൾപ്പെടെ 3654.64 കോടി രൂപയോളം തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കെ.റ്റി.ഡി.എഫ്.സി.-യുടെ കണക്കുമായി വ്യത്യാസമുള്ളതിനാൽ ടി വിഷയം പരിഹരിച്ചതിനുശേഷം മാത്രമേ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും വായ്പയായി എടുക്കുന്ന തുക കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവുകൾ നിറവേറ്റുവാനാണ് ചെലവഴിക്കുന്നത്. ആയത് പരിശോധന നടത്തിയിട്ടില്ല.

**തൊടുപുഴ-കോതമംഗലം സർവ്വീസ്**

261 (1369) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ഡിപ്പോയിൽനിന്നും പൈങ്ങോട്ടൂർ-വാക്കത്തിപ്പാറ-ഈട്ടിപ്പാറ വഴി കോതമംഗലത്തേക്ക് നടത്തിവന്നിരുന്ന സർവ്വീസ് ഇപ്പോൾ നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, നിരവധി ഉൾപ്രദേശങ്ങളിലെ നൂറ് കണക്കിന് യാത്രക്കാർക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത സർവ്വീസ് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) റോഡിന്റെ ശോച്യാവസ്ഥമൂലമാണ് സർവ്വീസ് നിർത്തലാക്കിയിരുന്നത് എന്നതിനാൽ, പ്രസ്തുത റോഡിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സർവ്വീസ് പുനരാരംഭിക്കുന്നതിന് വേറെ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തൊടുപുഴ ഡിപ്പോയിൽനിന്നും പൈങ്ങോട്ടൂർ-വാക്കത്തിപ്പാറ-ഈട്ടിപ്പാറ വഴി കോതമംഗലത്തേയ്ക്ക് നടത്തിവന്നിരുന്ന സർവ്വീസ് റോഡിന്റെ ശോചനീയാവസ്ഥ കാരണമല്ല, വരുമാനക്കുറവ് കാരണമാണ് നിർത്തലാക്കിയത്. നഷ്ടത്തിലുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് സർവ്വീസ് പുനഃരാരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

**സമാന്തര വാഹന സർവ്വീസ്**

262 (1370) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരുടേയും ബന്ധുക്കളുടേയും ഉടമസ്ഥതയിൽ സമാന്തര വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാന്തര വാഹന സർവ്വീസ് കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിദിനം എത്ര രൂപ നഷ്ടമുണ്ടാക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സമാന്തര വാഹന സർവ്വീസ് നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതിദിന നഷ്ടം സംസ്ഥാനാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല.

(സി) പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സുശീൽഖന്ന റിപ്പോർട്ടും താൽക്കാലിക ജീവനക്കാരുടെ പിരിച്ചുവിടലും**

263 (1371) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവുമായി ബന്ധപ്പെട്ട ഡോ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തൽ വിശദമാക്കാമോ;

(ബി) ജീവനക്കാരും ബസ്സുകളും തമ്മിലുള്ള അനുപാതം ദേശീയ ശരാശരിയിലേക്ക് മാറ്റുന്നതിനായി നിലവിലുള്ള താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനു മുൻപ് താല്ക്കാലിക ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ നേതാക്കളുമായി 1-4-2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽവച്ച് ചർച്ചായോഗം വിളിച്ചുചേർത്തിരുന്നു. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശിപാർശകളോട് പൊതുവേ അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശിപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കുശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികളുമായി സംതൃപ്തമായ സേവന-വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

(ബി&സി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കായംകുളം ബസ് സ്റ്റേഷന്റെ കാലപ്പഴക്കം**

264 (1372) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടവും ചുറ്റു മതിലുകളും കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നും, ആവശ്യമായ സ്ഥല സൗകര്യം ഇല്ലാത്തത് ജീവനക്കാർക്കും യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കായംകുളത്ത് കെ.എസ്.ആർ.ടി.സി.-യുടെ പേരിലുള്ള അഞ്ചര ഏക്കർ സ്ഥലത്ത് ബസ്സ് ടെർമിനൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ സാധ്യതാ പഠനം നടത്തിയ ശേഷം പരിഗണിക്കാവുന്നതാണ്.

**സ്വകാര്യ ബസ്സുകൾക്കുവേണ്ടി ബോഡി നിർമ്മിച്ചു നൽകൽ**

265 (1373) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ സ്വകാര്യ ബസ്സുകൾക്കു വേണ്ടി ബോഡി നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച നിലപാട് വിശദമാക്കുമോ;

(ബി) ലാഭകരമെങ്കിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് ബോഡി നിർമ്മിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. ഇതുവരെ സ്വകാര്യ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ബസ് ബോഡി നിർമ്മിച്ചു നൽകിയിട്ടില്ല.

(ബി) സ്വകാര്യ ബസ്സുകൾക്കുവേണ്ടി ബോഡി നിർമ്മിച്ചു നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിലെ മാനദണ്ഡം**

266 (1374) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് പുതുതായി പെർമിറ്റ് അനുവദിക്കുന്നതിലെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ആവശ്യത്തിലും കൂടുതൽ പെർമിറ്റ് അനുവദിക്കുന്നതുകൊണ്ട് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം വർദ്ധിച്ച് അപകടങ്ങൾ പെരുകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ബസ്സുകൾക്ക് പുതുതായി പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് പ്രസ്തുത റൂട്ടിൽ സർവ്വീസ് ആവശ്യമാണോയെന്നും സുഗമമായി യാത്രയ്ക്ക് റോഡിന് ആവശ്യമായ സൗകര്യമുണ്ടോയെന്നും ബസ് ഓടിക്കുവാൻ പര്യാപ്തമായ ടൈം ഗ്യാപ്പ് ഉണ്ടോയെന്നും പരിശോധന നടത്തി പെർമിറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ എപ്പോൾ വേണമെങ്കിലും പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തി അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ പെർമിറ്റ് അനുവദിക്കുന്നു. സമയ ലഭ്യതയനുസരിച്ച് ഇവയ്ക്ക് ടൈമിംഗ് നൽകുന്നു.

(ബി) സ്വകാര്യ ബസ്സുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഒരേ റൂട്ടിൽ ചെറിയ സമയ വ്യത്യാസമുള്ളിടത്ത് മത്സരയോട്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമലംഘകർക്കെതിരെയുള്ള കർശന നടപടികളിലൂടെ ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മത്സരയോട്ടം ശ്രദ്ധയിൽപ്പെട്ടാൽ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) നിലവിൽ ഈ കാര്യങ്ങളെല്ലാം പരിശോധിച്ചതിനുശേഷമാണ് പെർമിറ്റ് നൽകുന്നത്. നിലവിലുള്ള മറ്റു ബസ്സുടമകളേയും ഉൾപ്പെടുത്തി യോഗം നടത്തിയ ശേഷമാണ് സാധാരണയായി സമയം അനുവദിക്കാറുള്ളത്.

## പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ

267 (1375) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന 15 വർഷത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ ഉണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബസ്സുകളുടെ സർവ്വീസ് നിർത്തിവയ്ക്കുമ്പോൾ സർവ്വീസിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യ്ക്കുവേണ്ടി കൂടുതൽ ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 15 വർഷത്തിലധികം പഴക്കമുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്റ്റേജ് കാരിയേജായി സർവ്വീസ് നടത്തുന്നില്ല. എന്നാൽ 15 വർഷത്തിനുമേൽ പഴക്കമുള്ള ഒരു ഡബിൾ ഡെക്കർ ബസ് കോൺട്രാക്ട് കാരിയേജായി സ്കൂളുകൾക്കും മറ്റ് വിനോദയാത്രക്കാർക്കുമായി നഗരത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാടകയ്ക്ക് സർവ്വീസ് നടത്തിവരുന്നു.

(സി) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യവർഷം 50 കോടി രൂപയാണ് വകയിരുത്തുന്നത്. ഇതിനാവശ്യമായ കരട് പ്രോജക്ട് റിപ്പോർട്ട് കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**ചേർത്തല -മണ്ണുത്തി ദേശീയ പാതയിലെ അപകടങ്ങൾ**

268 (1376) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ ചേർത്തല-മണ്ണുത്തി സുരക്ഷാപാതയിൽ നിരന്തരമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ചേർത്തല-മണ്ണുത്തി ദേശീയ പാതയിൽ മീഡിയനുകളിൽ സ്റ്റിക്കറുകളും ഫ്ലിക്കറുകളും പതിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പാലങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർത്തല-മണ്ണുത്തി ദേശീയ പാതയിൽ മോട്ടോർ വാഹന വകുപ്പ് കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ സൈൻ ബോർഡുകളും അമിത വേഗതയും ചുവപ്പ് സിഗ്നൽ ലംഘനവും കണ്ടെത്തുന്നതിനുള്ള റഡാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ചേർത്തല-മണ്ണുത്തി ദേശീയ പാതയിൽ അമിത വേഗത കണ്ടെത്തുന്നതിനുള്ള ക്യാമറകളും ചുവപ്പ് സിഗ്നൽ ലംഘനം കണ്ടെത്തുന്നതിനുള്ള 39 ക്യാമറകളും മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. മീഡിയനുകളിൽ സ്റ്റിക്കറുകളും മറ്റും സ്ഥാപിക്കുന്നത് അതാത് ഹൈവേ അതോറിറ്റികളാണ്.

## പൊതുഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

269 (1377) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിന് വകുപ്പുതല നടപടിയ്ക്ക് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ദേശീയ നിലവാരം കൈവരിക്കുന്നതിനുവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ നിലവിൽ നടത്തിവരുന്നു. സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന പരമ്പരാഗത തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ/ ഫൈബർ ബോട്ടുകളാക്കി വകുപ്പ് പുനർവിന്യസിച്ചുവരുന്നു. കുസാറ്റ്, ഉറമുഖ വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിൽ നിർമ്മിച്ചു വാങ്ങിയ 45 സ്റ്റീൽ/ഫൈബർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി നിലവിൽ കാര്യക്ഷമമായി സർവ്വീസ് നടത്തിവരുന്നു. ടൂറിസം സാധ്യതകൾക്കൂടി പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ മൂന്ന് പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ നിലവിൽ വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമേ പുതുതായി വൈക്കം-എറണാകുളം റൂട്ടിലും കുമരകം-കോട്ടയം റൂട്ടിലും 120 കപ്പാസിറ്റിയുടെ രണ്ട് ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈറ്റില-കാക്കനാട്, എറണാകുളം-വരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി സർവ്വീസുകൾ നടത്തിവരുന്നു. പുതുതായി 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നുണ്ട്. കേരള ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചു ബോട്ടുകളിൽ കൂടുതൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ലൈഫ് ജാക്കറ്റുകൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതുകൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി. ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ആരംഭിക്കാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവ്വേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം ഇടക്കാലത്ത് മുടങ്ങിക്കിടന്ന പുതിയ റൂട്ടുകളിലേയ്ക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്തുനിന്നും പുതുച്ചേരിയിലേക്കും തിരുപ്പതിയിലേക്കും, കോഴിക്കോടുനിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും, പുറമെ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജൻറം രണ്ടാംഘട്ട പദ്ധതിയിൽ ഇനി ലഭിക്കാനുള്ള 117 ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൊച്ചിയിലെ പൊതുഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കെ.എം.ആർ.എൽ. നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. ഈ സംവിധാനങ്ങൾ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒറ്റ ടിക്കറ്റും ഏകീകൃത സമയാവലിയും പാലിക്കുന്ന വിവിധ പൊതുയാത്ര വാഹനങ്ങളുടെ ശൃംഖലയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതുകൂടാതെ മെട്രോ റെയിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടൊപ്പംതന്നെ ബസ്സ് റൂട്ടുകളുടെ യുക്തിസഹമായ ലഭ്യത ഉറപ്പുവരുത്തുന്നതിലും ബഹുമുഖവും സമഗ്രവും മെട്രോയുടെ അതേ യാത്രാനുഭവത്തോടുകൂടിയ റോഡ് ജലഗതാഗത മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനും ശ്രമം നടന്നുവരുന്നു.

### ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷനും മെട്രോ സർവ്വീസും

270 (1378) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിൽ ഏതെങ്കിലും ജില്ലയിൽ മെട്രോ സർവ്വീസ് നടത്തുന്നുണ്ടോ; ഇത്തരം സർവ്വീസുകളുടെ സാധ്യത പരിശോധിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ 320 ബസ്സുകളിലും കെ.യു.ആർ.ടി.സി.-യുടെ 62 ബസ്സുകളിലും ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ സംവിധാനം നിലവിലുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. മെട്രോ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ സിറ്റി സർവ്വീസുകൾ നടത്തിവരുന്നുണ്ട്. കൊച്ചിയിൽ പുതിയ മെട്രോ റെയിൽ പദ്ധതി വ്യാപകമാകുന്നതോടുകൂടി മെട്രോ റെയിൽ ഫീഡർ സർവ്വീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു.

### ടിക്കറ്റ് എടുക്കാത്ത യാത്രക്കാരിൽനിന്ന് പിഴ ഈടാക്കൽ

271 (1379) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടിക്കറ്റ് എടുക്കാത്ത യാത്രക്കാരിൽനിന്ന് കെ.എസ്.ആർ.ടി.സി. പിഴ ഈടാക്കുന്നുണ്ടോ; ഇപ്രകാരം യാത്രക്കാരിൽനിന്നും പിഴയായി എത്ര തുക 2016-ൽ ഈടാക്കിയെന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിലെ താൽക്കാലികമായ കണക്കു പ്രകാരം 83,000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

### പുതുക്കിയ രീതിയിലുള്ള ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ്

272 (1380) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തരത്തിൽ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വളരെ കർശനമായ രീതിയിൽ, അർഹതപ്പെട്ടവർക്ക് മാത്രം ലൈസൻസ് കൊടുക്കുവാൻ പറ്റുന്ന തരത്തിൽ പുതിയ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ തരത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത രീതിയിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് ബഹു. കേരള ഹൈക്കോടതിയുടെ WP(c)7243/2017-ലെ ഉത്തരവ് പ്രകാരം 15-5-2017 വരെ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) വളരെ കർശനമായ രീതിയിൽ അർഹതപ്പെട്ടവർക്ക് മാത്രം ലൈസൻസ് ലഭിക്കുന്ന തരത്തിൽ പുതിയ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനം ഓടിക്കുന്നവരുടെ ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടർവത്കൃത ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിക്കുകയും ഗ്രേഡിയന്റ് ടെസ്റ്റ് (കയറ്റത്തിൽ വാഹനങ്ങൾ നിർത്തുന്നതിനുള്ള പരീക്ഷ), ആംഗുലാർ റിവേഴ്സ് പാർക്കിംഗ് ടെസ്റ്റ് (വാഹനങ്ങൾ തിരിച്ച് പാർക്ക് ചെയ്യുന്നതിനുള്ള പരീക്ഷ) എന്നിവകൂടി നടത്തിവരികയും ചെയ്തുവരുന്നു. കമ്പ്യൂട്ടർവത്കൃത ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് മോട്ടോർവാഹന വകുപ്പിന്റെ ലക്ഷ്യം.

**മൂന്നാർ ഡിപ്പോയിൽനിന്നും സ്ഥാനിയ ബസ് സർവ്വീസ്**

273 (1381) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ ബസ് ഡിപ്പോയിൽ നിന്നും തിരുവനന്തപുരത്തേക്ക് സ്ഥാനിയ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്വീകരിച്ചിട്ടില്ല.

(സി) മൂന്നാറിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് സ്ഥാനിയ ബസ്സുകൾ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

274 (1382) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര സർവ്വീസുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഭാഗങ്ങളിലേക്ക് എപ്പോൾ മുതലാണ് ഈ സർവ്വീസുകൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും റൂട്ടിൽ സർവ്വീസ് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; എപ്പോഴാണ് മുടങ്ങിയതെന്നും, പുനസ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് എപ്പോഴാണെന്നും വ്യക്തമാക്കുമോ;

(ഡി) ബസ്സുകളുടെ കുറവ്, സ്പെയർപാർട്ട്സുകളുടെ അഭാവം, ജീവനക്കാരുടെ കുറവ് എന്നിവ കാസർഗോഡ് ഡിപ്പോയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 4 ജൻറം സർവ്വീസുകളും 6 ടേക്ക് ഓവർ സർവ്വീസുകളും ഉൾപ്പെടെ 83 സർവ്വീസുകൾ കാസർഗോഡ് ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തിവരുന്നു.

(ബി) കാസർഗോഡ്നിന്നും മംഗലാപുരം, തൃശ്ശൂർ, പുത്തൂർ, സുള്ള്യ, സുബ്രഹ്മണ്യ, ബാംഗ്ലൂർ, കണ്ണൂർ, ബന്തടുക്ക, കോഴിക്കോട്, എയർപോർട്ട്, പേരാവൂർ, പരിപ്പതോട്, മാനന്തവാടി, ചെറുപുഴ, ചിറ്റാരിക്കൽ, മാലോം, ചന്ദ്രഗിരിപ്പാലം വഴി കാഞ്ഞങ്ങാട്, ചട്ടഞ്ചാൽ, ചെമ്പരിക്ക, കല്ലളി, മുണ്യത്തടുക്ക, കിന്നംഗാർ, കമ്പാർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു.

(സി) മുണ്ട്യത്തടുക്ക, കിന്നംഗാർ, കമ്പാർ എന്നീ സർവ്വീസുകൾ ബസ്സില്ലാത്തതിന്റെ അടിസ്ഥാനത്തിൽ മുടങ്ങിയിട്ടുണ്ട്. പുതുതായി ബസ്സുകൾ ലഭ്യമായതിനാൽ ടി സർവ്വീസുകൾ ഇപ്പോൾ കൃത്യമായി ഓപ്പറേറ്റ് ചെയ്തുവരുന്നു.

(ഡി) കാസർഗോഡ് ഡിപ്പോയിൽ 4 നോൺ എ.സി. ജൻറം ഉൾപ്പെടെ 90 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 99 ബസ്സുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 105 ബസ്സുകളുണ്ട്. 27-4-2017-ലെ കണക്കനുസരിച്ച് 4 ബസ്സുകൾ എഞ്ചിനും, ഓരോ ബസ്സുവീതം എഫ്.ഐ. പമ്പ്, ഗീയർ ബോക്സ് എന്നിവയ്ക്കുമായി ഡോക്കിലാണ്. സ്പെയർ പാർട്സുകൾ ലഭ്യമാക്കി ഈ ബസ്സുകൾ എത്രയും പെട്ടെന്ന് റിലീസ് ചെയ്യുന്നതാണ്. കാസർഗോഡ് ഡിപ്പോയിൽ നിലവിൽ 90 ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 53 ഡ്രൈവർമാരുടെയും 28 കണ്ടക്ടർമാരുടെയും കുറവുണ്ട്. അസിസ്റ്റന്റ് തസ്തികയിൽ 13 പേരുടെ കുറവും സൂപ്രണ്ട് തസ്തികയിൽ 2 പേരുടെ കുറവും അസിസ്റ്റന്റ് സ്റ്റോർ കീപ്പർ തസ്തികയിൽ ഒരാളുടെ കുറവും സ്റ്റോർ ഇഷ്യൂവർ തസ്തികയിൽ ഒരാളുടെ കുറവും ഗാർഡ് തസ്തികയിൽ 5 പേരുടെ കുറവും പ്യൂൺ തസ്തികയിൽ ഒരാളുടെ കുറവും ചാർജ്ജ്മാൻ (ആട്ടോ) തസ്തികയിൽ 2 പേരുടെ കുറവും മെക്കാനിക് തസ്തികയിൽ 10 പേരുടെ കുറവുമുണ്ട്.

## മൂന്നാറിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ

275 (1383) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെയും ഗ്യാരേജിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ KDHP-യിൽനിന്നും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ബസ് സ്റ്റേഷന്റെ യാർഡ് ശോചനീയാവസ്ഥയിലാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം യാർഡിന്റെ ശോച്യാവസ്ഥ ഇപ്പോൾ പരിഹരിക്കാൻ നിർവ്വാഹമില്ല.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സമയത്തോ മറ്റ് ധനാഗമ മാർഗ്ഗം സ്വീകരിച്ചോ നിർമ്മാണം നടത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.

## തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് ചുറ്റുമതിൽ

276 (1384) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് ചുറ്റുമതിൽ അടിയന്തരമായി നിർമ്മിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; എന്നാണ് ഉത്തരവ് നൽകിയതെന്നും അതിനിടയാക്കിയ സാഹചര്യമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) കോടതി ഉത്തരവ് നടപ്പിലാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യോ കെ.ടി.ഡി.എഫ്.സി.-യോ കക്ഷിയായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകളൊന്നും നിലവിലില്ല.

## മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഓടാത്ത ബസ്സുകൾ

277 (1385) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച അഞ്ച് സൂപ്പർ ഡീലക്സ് ബസുകൾ മാസങ്ങളായി ഓടാതെ കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത ബസുകൾ ഓടാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനന്തവാടിയിൽനിന്നും രണ്ട് ബസ്സുകൾ ഉപയോഗിച്ച് പത്തനംതിട്ടയിലേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് മൂന്ന് ബസ്സുകൾ കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിക്കുന്ന കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം യാത്രചെയ്യുന്ന "മിന്നൽ" എന്നതരം ഡീലക്സ് സർവ്വീസുകൾക്കായാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി സർവ്വീസുകളുടെ ഔദ്യോഗിക ഉദ്ഘാടനം കഴിഞ്ഞിട്ടില്ലാത്തതിനാലും ടി ബസ്സുകൾക്ക് പകരം പ്രത്യേകം രൂപകല്പന ചെയ്ത പുതിയതരം ബസ്സുകൾ ലഭ്യമാകേണ്ടതിനാലും പഴയ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

## മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ ആർ.ഒ. പ്ലാന്റ്

278 (1386) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ ആർ.ഒ. (റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? ഇതിന് ആവശ്യമായ തുക അനുവദിക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ ആർ.ഒ. (റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

### കാട്ടാക്കട ഡിപ്പോയിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ

279 (1387) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഡിപ്പോയിൽ നിന്നും കണ്ണൂരിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) കാട്ടാക്കട ഡിപ്പോയിൽനിന്നും നിലവിലുള്ള ദീർഘദൂര സർവ്വീസുകൾ ഏതൊക്കെയാണെന്നും പുതുതായി ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിലുള്ള സർവ്വീസുകൾ

1. കാട്ടാക്കട -ഗുരുവായൂർ (സൂപ്പർ ഫാസ്റ്റ്)
2. കാട്ടാക്കട -തൃശ്ശൂർ (സൂപ്പർ ഫാസ്റ്റ്)
3. കാട്ടാക്കട-അമൃത ആശുപത്രി (ഫാസ്റ്റ് പാസഞ്ചർ)
4. കാട്ടാക്കട -മൂഴിയാർ (ഫാസ്റ്റ് പാസഞ്ചർ)

പുതിയതായി ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

### റദ്ദാക്കിയ ഷെഡ്യൂളുകൾ

280 (1388) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, വെള്ളറട, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് പ്രവർത്തിക്കുന്നതെന്നും നിലവിലുണ്ടായിരുന്നതിൽ ഏതൊക്കെ ഷെഡ്യൂളുകളാണ് റദ്ദ് ചെയ്തത് എന്നും റൂട്ട് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പാറശ്ശാല, വെള്ളറട ഡിപ്പോകളിൽ ആവശ്യത്തിന് ബസുകളും സ്പെയർ പാർട്സുകളും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാറശ്ശാല ഡിപ്പോയിൽ 10 നോൺ എ.സി. ജൻറം ഉൾപ്പെടെ 78 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 86 ബസ്സുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 81 ബസ്സുകളാണുള്ളത്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് മാറ്റപ്പെടുന്ന ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വെള്ളറട ഡിപ്പോയിൽ 4 നോൺ എ.സി. ജൻറം ഉൾപ്പെടെ 45 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 50 ബസ്സുകളാണ് ആവശ്യമായിട്ടുള്ളത്. 51 ബസ്സുകൾ നിലവിലുണ്ട്. 27-4-2017-ലെ കണക്കനുസരിച്ച് പാറശ്ശാല ഡിപ്പോയിൽ 6 ബസ്സുകൾ എഞ്ചിനും രണ്ടു ബസ്സുകൾ എഫ്.ഐ. പമ്പിനുമായും വെള്ളറട ഡിപ്പോയിൽ ഓരോ ബസ്സുവീതം എഫ്.ഐ. പമ്പ്, ഗീയർ ബോക്സ്, ഫ്രണ്ട് ആക്സിൽ എന്നിവയ്ക്കായി ഡോക്കിലാണ്. സ്പെയർ പാർട്സുകൾ ലഭ്യമാക്കി ഈ ബസ്സുകൾ എത്രയും പെട്ടെന്ന് നിരത്തിലിറക്കുന്നതാണ്.

## സുശീൽ ഖന്ന റിപ്പോർട്ട്

281 (1389) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശീൽഖന്ന റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. 1-4-2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ നടത്തിയ യോഗത്തിൽ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ആമുഖമായി അവതരിപ്പിച്ചിരുന്നു.

(ബി) പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ നേതാക്കളുമായി 1-4-2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽവച്ച് യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശിപാർശകളോട് പൊതുവേ അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി

ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശിപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കു ശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികൾ സംതൃപ്തമായ സേവന-വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

**വാഹനാപകടങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ**

282 (1390) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) വാഹനാപകടങ്ങൾ കുറയ്ക്കുവാൻ എന്തെങ്കിലും കേന്ദ്രപദ്ധതികൾക്ക് പ്രോജക്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെങ്കിലും പദ്ധതി ലഭിച്ചിട്ടുണ്ടോ; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു;

(ഡി) വാഹനാപകടങ്ങൾ കുറയ്ക്കുവാൻ അടിയന്തരമായി ഒരു കർമ്മ പദ്ധതി കൊണ്ടുവരുമോ; പ്രധാന സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാരെ നിയമിക്കുമോ;

(ഇ) വാഹനാപകടങ്ങൾ കുറയ്ക്കുവാൻ ബോധവൽക്കരണവും പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് വാർഡൻമാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-ലെ ആദ്യ മൂന്ന് മാസങ്ങളിൽ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് വാഹനാപകടങ്ങളുടെയും തൻമൂലമുള്ള മരണങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും സംസ്ഥാന പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സമർപ്പിച്ചിരുന്നു. ഇത് 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. യോഗതീരുമാനമനുസരിച്ച് ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ചുമതല പൊതുമരാമത്ത്

വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. മാത്രവുമല്ല ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയപാതകൾ), ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ഉപസമിതിയും രൂപീകരിച്ചു. ഇതിനു പുറമെ സംസ്ഥാനത്തെ റോഡുകൾക്കുവേണ്ടി ഒരു റോഡ് സേഫ്റ്റി പോളിസിയും ബ്ലാക്ക് സ്പോട്ട് നിർമ്മാർജ്ജനത്തിനുവേണ്ടി പ്രോട്ടോകോളും റോഡ് സേഫ്റ്റി പോളിസിയും നാറ്റ്പാക് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഇവ 32-ാമത് അതോറിറ്റി യോഗം ചർച്ച ചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു. അനന്തര നടപടികൾക്കായി ഇവ അനുബന്ധ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തിയും വിവിധ കലാരൂപങ്ങളുടെ അവതരണത്തിലൂടെയും ജനങ്ങളിൽ റോഡ് സുരക്ഷാവബോധം വളർത്താൻ ശ്രമിച്ചുവരുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ വർഷവും ആചരിക്കുന്ന റോഡ് സുരക്ഷാ വാരാചരണത്തിന് അനുബന്ധ വകുപ്പുകൾക്ക് അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കാറുണ്ട്. അനുബന്ധ വകുപ്പുകളുടെ റോഡ് സുരക്ഷാ സംബന്ധമായ മറ്റ് പ്രൊപ്പോസലുകൾക്കും അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഫണ്ട് അനുവദിക്കാറുണ്ട്. ഇതിനുപുറമെ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് നിയമ ലംഘനങ്ങൾക്കെതിരെ ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് അനുസരിച്ച് 2006 ജനുവരി 7-ന്റെ പ്രാബല്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും കേന്ദ്ര പദ്ധതികൾക്ക് പ്രോജക്ട് നൽകിയിട്ടില്ല.

(ഡി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളെയും ഒരുമിപ്പിച്ചുകൊണ്ട് 'Road safety Action Plan' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതോടനുബന്ധിച്ച് 2017 ജനുവരി 1 മുതൽ ജനുവരി 31 വരെയും, ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയും റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഘട്ടംഘട്ടമായി കർശന വാഹന

പരിശോധനകളും ബോധവത്ക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ അടിസ്ഥാനത്തിൽ നാറ്റ്പാക് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും കേരള റോഡ് സേഫ്റ്റി അതോറിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ വിഷയങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാഫിക് വാർഡൻമാരെ നിയമിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് ആഭ്യന്തര വകുപ്പാണ്.

(ഇ) റോഡ് സുരക്ഷ സംബന്ധിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വിഭാഗം ഡ്രൈവർമാർക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ അവബോധവും ഗതാഗത നിയമങ്ങളിലുള്ള അവബോധവും സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന ആവശ്യമായ ബോധവത്ക്കരണം നൽകിവരുന്നു. വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി റോഡ് സുരക്ഷയെക്കുറിച്ചും ട്രാഫിക് നിയമങ്ങളെക്കുറിച്ചും പരിശീലന/ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. പ്രീ-ലേണേഴ്സ് പരിശീലനം വകുപ്പ് നിർബന്ധമാക്കിയിട്ടുണ്ട്.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

283 (1391) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃകാ ഡിപ്പോ ആക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അന്തർസംസ്ഥാന സർവ്വീസുകൾ ആയ തൂപ്പരപ്പ്, കുളച്ചൽ, പേച്ചിപ്പാറ, മൺഡേ മാർക്കറ്റ്, തേങ്ങാപട്ടണം, അരുമന എന്നീ സർവ്വീസുകൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ഡിപ്പോയിലെ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) സ്വദേശാഭിമാനിയുടെ നാടായ നെയ്യാറ്റിൻകരയിൽനിന്നും സ്വദേശാഭിമാനിയുടെ സ്മാരകം സ്ഥിതി ചെയ്യുന്ന പയ്യാമ്പലത്തേയ്ക്ക് ഓടിക്കൊണ്ടിരുന്ന ബസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; ഈ സർവ്വീസ് പുനരാരംഭിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃകാ ഡിപ്പോയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ധാരണാപത്രം തമിഴ്നാട് സർക്കാരിന്റെ പരിഗണനയിലാണ്. തമിഴ്നാട് സർക്കാരിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് തൃപ്പരപ്പ്, കുളച്ചൽ, പേച്ചിപ്പാറ, മൺഡേ മാർക്കറ്റ്, തേങ്ങാപ്പട്ടണം, അരുമന എന്നീ സർവ്വീസുകൾ പുനരാരംഭിക്കുവാനുള്ള നടപടികൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) ഡിപ്പോയിൽ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) സൂപ്പർ ഫാസ്റ്റ് സർവ്വീസാണ് ഉണ്ടായിരുന്നത്. സൂപ്പർ ഫാസ്റ്റ് ബസിന്റെ ലഭ്യതക്കുറവുമൂലമാണ് നെയ്യാറ്റിൻകരയിൽനിന്നും പയ്യാമ്പലത്തേയ്ക്കുള്ള സർവ്വീസ് നിർത്തലാക്കിയത്. സൂപ്പർ ഫാസ്റ്റ് ബസ്സിന്റെ ലഭ്യതയ്ക്കനുസൃതമായി പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി**

284 (1392) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2016-17 കാലയളവിൽ നഷ്ടത്തിലായ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കുയുണ്ടായി; വിശദാംശങ്ങൾ നൽകാമോ;

(ബി) നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016-17 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ 7 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. തൃശ്ശൂർ യൂണിറ്റിൽ നിന്നുള്ള 2 പീച്ചി സർവ്വീസുകളും ഒരു തൃപ്പയാർ സർവ്വീസും ഗുരുവായൂർ യൂണിറ്റിൽ നിന്നുള്ള വാഴാനി ഡാം, സേനാപതി സർവ്വീസും, കൊടുങ്ങല്ലൂർ യൂണിറ്റിൽ നിന്നുള്ള അഴീക്കോട്- ചാലക്കുടി, അഴീക്കോട്-ഗുരുവായൂർ എന്നീ സർവ്വീസുകളുമാണ് നിർത്തലാക്കിയിട്ടുള്ളത്.

(ബി) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും കോർപ്പറേഷന് വരുമാനം ലഭിക്കുമെന്നുള്ള ഉറപ്പിന്റെയടിസ്ഥാനത്തിലും നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വായ്പയെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ഉപദേശക സ്ഥാപനം

285 (1393) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് കൺസോർഷ്യത്തിൽനിന്ന് വായ്പയെടുക്കാൻ കെ.എസ്.ആർ.ടി.സി. ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടോ; ഏത് സ്ഥാപനത്തെയാണ് നിയമിച്ചതെന്നും തെരഞ്ഞെടുത്ത മാനദണ്ഡമെന്തെന്നും വ്യക്തമാക്കുമോ;

(ബി) അതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അത് ഇ-ടെണ്ടറിംഗ് ആയിരുന്നോ; എത്ര ക്വട്ടേഷൻ ടെണ്ടറിംഗിലൂടെ ലഭിച്ചു; എന്ത് തുകയ്ക്കാണ് ഇതിന്റെ നിയമനം നടന്നത്; സ്ഥാപനത്തിനുള്ള പ്രതിഫലത്തിനു പുറമേ ഭക്ഷണം, താമസം തുടങ്ങിയവയ്ക്ക് എന്തു തുക കെ.എസ്.ആർ.ടി.സി. ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വായ്പ ലഭിക്കുന്നതിന് മുമ്പാണോ ലഭിച്ച ശേഷമാണോ ഉപദേശക സ്ഥാപനത്തിന് തുക കൈമാറിയത്; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഉപദേശക സ്ഥാപനത്തെ നിയമിക്കുന്നതിന് മുമ്പായി ടി വിഷയത്തിൽ സാധ്യതാപഠനം നടത്തിയിരുന്നോ; അതിന്റെ വിശദവിവരം നൽകുമോ; സാധ്യതാ പഠനം ഒഴിവാക്കിയെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തപ്പോൾ ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടായിരുന്നോ എന്നും എത്ര കോടി അതിനായി ചെലവാക്കിയെന്നും വിശദമാക്കുമോ;

(എഫ്) ഈ വകയിൽ കോടിക്കണക്കിന് രൂപ തട്ടിയെടുക്കപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. M/s. SBI Capital Markets Ltd. (SBICAPS) എന്ന സ്ഥാപനത്തെയാണ് ഉപദേശക സ്ഥാപനമായി നിയമിച്ചത്. കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരത്തോടെയാണ് പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത്.

(ബി) ടെണ്ടർ ക്ഷണിച്ചിട്ടില്ലായിരുന്നു. കൺസോർഷ്യം ബാങ്കുകളിൽ നിന്നും ആകെ ലഭ്യമാകുന്ന വായ്പാ തുകയുടെ 0.135 ശതമാനമാണ് ഫീസിനത്തിൽ M/s. SBICAPS-ന് നൽകേണ്ടത്. ഫീസിനത്തിൽ 1,99,98,450 രൂപ സർവ്വീസ് ടാക്സ് ഉൾപ്പെടെ നൽകിയിട്ടുണ്ട്. ഫീസിന് പുറമേ ഭക്ഷണയിനത്തിൽ 39,897 രൂപയും താമസയിനത്തിൽ 8,045 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉപദേശക സ്ഥാപനത്തിന് ഫീസിനത്തിലുള്ള തുക ഘട്ടം ഘട്ടമായാണ് നൽകിയത്. പ്രാരംഭ ഫീസിനത്തിൽ (Inception fee) 5 ലക്ഷം രൂപയും ടാക്സും നൽകുകയുണ്ടായി. Final information memorandum പൂർത്തിയാക്കിയപ്പോൾ 40 ലക്ഷം രൂപയും ടാക്സും First Milestone ഫീസിനത്തിൽ നൽകുകയുണ്ടായി. ബാങ്കുകളിൽനിന്നും വായ്പ അനുവദിക്കുന്നതായി സൂചിപ്പിച്ചുകൊണ്ടുള്ള അനുമതി കത്ത് ലഭ്യമായപ്പോൾ വായ്പാ തുകയുടെ 0.08 ശതമാനം തുകയായ 1.04 കോടി രൂപയും ടാക്സും നൽകുകയുണ്ടായി. 1300 കോടി രൂപയുടെ Common loan agreement ഒപ്പിട്ടപ്പോൾ ശേഷിക്കുന്ന തുകയായ 26.50 ലക്ഷം രൂപയും ടാക്സും നൽകുകയുണ്ടായി.

(ഡി) സാധ്യതാ പഠനം നടത്തിയിരുന്നില്ല. M/s SBI Capital Markets Ltd. (SBICAPS) എന്ന സ്ഥാപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു സഹോദര സ്ഥാപനമായതുകൊണ്ടാണ് സാധ്യതാപഠനം ഒഴിവാക്കിയത്.

(ഇ) കൺസോർഷ്യം ബാങ്കുകളിൽനിന്നും 1300 കോടി രൂപ വായ്പയായി ലഭ്യമാക്കുന്നതിന് മാത്രമാണ് കെ.എസ്.ആർ.ടി.സി. ഉപദേശക സ്ഥാപനത്തെ തെരഞ്ഞെടുത്തത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തപ്പോൾ ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടില്ല.

(എഫ്) കൺസോർഷ്യം ബാങ്കുകളിൽനിന്നും 1300 കോടി രൂപ വായ്പയായി ലഭ്യമാക്കിയതുവഴി പ്രതിമാസ തിരിച്ചടവിനത്തിൽ 35 കോടിയോളം രൂപ ലാഭമുണ്ടാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞു.

**പട്ടാമ്പിയിലൂടെയുള്ള ബസ് സർവ്വീസുകൾ**

286 (1394) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിലൂടെ സർവീസ് നടത്തിയിരുന്ന എത്ര ബസ്സ് സർവീസുകളാണ് കഴിഞ്ഞ നാല് വർഷത്തിനിടയിൽ നിർത്തലാക്കിയത്; പ്രസ്തുത സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പെരിന്തൽമണ്ണ, പട്ടാമ്പി എന്നിവിടങ്ങളിലെ പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് നേരിട്ട് ബസ് സർവീസുകൾ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു വഴി ബസ് സർവീസ് നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ അഭാവവും വരുമാനക്കുറവുംമൂലം പട്ടാമ്പി വഴിയുള്ള 16 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. നിശ്ചിത വരുമാനവും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയും പ്രസ്തുത റൂട്ടിന്റെ ഫീസിബിലിറ്റിയും പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ബി.എസ്.-4 എൻജിനുകൾ

287 (1395) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി എസ്-4 എൻജിനുകൾ ഉപയോഗിക്കാത്തതിനാൽ കെ.എസ്. ആർ.ടി.സി.-യുടെ എത്ര ബസ്സുകളാണ് നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യമുള്ളത്; എത്ര പുതിയ ബസ്സുകൾക്ക് രജിസ്ട്രേഷൻ ലഭിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്;

(ബി) ഇത്തരം ബസ്സുകളുടെ നിർമ്മാണ വേളയിൽ തന്നെ ഈ മാനദണ്ഡം പാലിക്കുന്നുണ്ടോയെന്ന് എന്തുകൊണ്ടാണ് ഉറപ്പുവരുത്താത്തത്;

(സി) നിബന്ധനകളിൽ ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നേടിയെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നിലവിലെ തീരുമാനമെന്തെന്ന് അറിയിക്കുമോ;

(ഡി) നിർമ്മാണത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലം രജിസ്ട്രേഷൻ ലഭിക്കാത്ത സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം ഏത് രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബി.എസ്.-4 എൻജിനുകൾ ഉപയോഗിക്കാത്തതിനാൽ കെ.എസ്. ആർ.ടി.സി.-യുടെ ബസ്സുകൾ നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. കെ.എസ്.ആർ.ടി.സി. വാങ്ങിയ 1500 ഷാസികളിലും ബോഡി നിർമ്മാണം നടത്തി 2017 മാർച്ച് 31-ന് മുമ്പുതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി-ഡി) ബാധകമല്ല.

**സ്മാർട്ട് കാർഡ് രൂപത്തിൽ ഡ്രൈവിംഗ് ലൈസൻസും ആർ.സി. ബുക്കും.**

288 (1396) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസും ആർ.സി. ബുക്കും നിലവിൽ ഏത് രൂപത്തിലാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നൽകിവരുന്ന സംവിധാനം ആധുനിക രീതിയിൽ പരിഷ്കരിച്ച് സ്മാർട്ട് കാർഡ് രൂപത്തിൽ തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ലാമിനേറ്റഡ് കാർഡ് രൂപത്തിൽ നൽകിവരുന്നു.

(ബി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസുകളും നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്മാർട്ട് കാർഡായി നൽകുന്നതിന് ലക്ഷ്യമിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വാഹനാപകടങ്ങൾ**

289(1397) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങളുണ്ടാകുമ്പോൾ അപകട കാരണംമോട്ടോർ വാഹന വകുപ്പ് വിശകലനം ചെയ്യാറുണ്ടോ;

(ബി) ഡ്രൈവറുടെ പിഴവുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ അത്തരത്തിൽ രേഖപ്പെടുത്താറുണ്ടോ;

(സി) 2016 വർഷത്തിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, അതിനിടയാക്കിയ കാരണങ്ങളുടെ സ്ഥിതിവിവരക്കണക്കും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2016 വർഷത്തിൽ 39,420 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 4,287 പേർക്ക് ജീവഹാനി സംഭവിക്കുകയും 30,100 പേർക്ക് ഗുരുതര പരിക്ക് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കേരള പോലീസിന്റെ കണക്കുകൾ പ്രകാരം ഇതിൽ 38,169 അപകടങ്ങൾ ഡ്രൈവറുടെ അശ്രദ്ധമൂലവും 11 അപകടങ്ങൾ സാങ്കേതിക തകരാറുമൂലവും 102 അപകടങ്ങൾ മദ്യപിച്ച് വാഹനമോടിച്ചതുമൂലവും, കാരണം അറിയാത്ത 31 അപകടങ്ങളും, മറ്റ് കാരണങ്ങളാൽ 1,087 അപകടങ്ങളുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

## ട്രാഫിക് നിയമ ലംഘനം

290 (1398) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17 കാലയളവിൽ എത്ര ട്രാഫിക് നിയമലംഘന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) വേഗപ്പൂട്ട് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനിടെ വേഗപ്പൂട്ട് പ്രവർത്തിപ്പിക്കാതിരുന്നതിന്റെയും, അമിത വേഗത്തിന്റെയും പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ആർ.ടി. ഓഫീസുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അമിതവേഗം കണ്ടെത്തുന്നതിനുള്ള ക്യാമറകൾ സംസ്ഥാനത്ത് എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ക്യാമറകൾ സ്ഥാപിച്ച ശേഷം എത്ര തുക പിഴയിനത്തിൽ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രാഫിക് നിയമലംഘന കേസുകൾ 2,91,056 എണ്ണമാണ്. 20,94,27,684 രൂപ (ഇരുപത് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി ഇരുപത്തേഴായിരത്തി അറുനൂറ്റി എൺപത്തിനാല് രൂപ) പിഴയായി ഈടാക്കിയിട്ടുണ്ട്.

(ബി) പരിശോധന നടത്തിയിട്ടുണ്ട്. 3,173 എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.ടി. ഓഫീസ് തിരിച്ചുള്ള കണക്ക് താഴെച്ചേർക്കുന്നു :

| | | |
|---|---|---|
| 1. | ആർ.ടി. ഓഫീസ്, തിരുവനന്തപുരം | 42 |
| 2. | ആർ.ടി. ഓഫീസ്, നാഷണൽ സെക്ടർ | 2 |
| 3. | ആർ.ടി. ഓഫീസ്, ആറ്റിങ്ങൽ | 494 |
| 4. | ആർ.ടി. ഓഫീസ്, കൊല്ലം | 162 |
| 5. | ആർ.ടി. ഓഫീസ്, പത്തനംതിട്ട | 64 |
| 6. | ആർ.ടി. ഓഫീസ്, ആലപ്പുഴ | 42 |
| 7. | ആർ.ടി. ഓഫീസ്, കോട്ടയം | 60 |
| 8. | ആർ.ടി. ഓഫീസ്, ഇടുക്കി | 360 |

| | | |
|---|---|---|
| 9. | ആർ.ടി. ഓഫീസ്, എറണാകുളം | 212 |
| 10. | ആർ.ടി. ഓഫീസ്, മൂവാറ്റുപുഴ | 27 |
| 11. | ആർ.ടി. ഓഫീസ്, തൃശ്ശൂർ | 295 |
| 12. | ആർ.ടി. ഓഫീസ്, പാലക്കാട് | 321 |
| 13. | ആർ.ടി. ഓഫീസ്, മലപ്പുറം | 414 |
| 14. | ആർ.ടി. ഓഫീസ്, കോഴിക്കോട് | 66 |
| 15. | ആർ.ടി. ഓഫീസ്, വടകര | 105 |
| 16. | ആർ.ടി. ഓഫീസ്, വയനാട് | 84 |
| 17. | ആർ.ടി. ഓഫീസ്, കണ്ണൂർ | 142 |
| 18. | ആർ.ടി. ഓഫീസ്, കാസർഗോഡ് | 281 |
| | ആകെ | 3173 |

(സി) അമിതവേഗം കണ്ടെത്തുന്ന 105 ക്യാമറകൾ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 6 എണ്ണം പ്രവർത്തനരഹിതമാണ്. അമിതവേഗം, സിഗ്നൽ തെറ്റിക്കൽ എന്നിവ കണ്ടെത്തുവാനുള്ള ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 18,69,00,000 രൂപ പിഴയായി ലഭിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസ്**

291 (1399) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റീജീയണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസുകൾ എവിടെയൊക്കെയാണ് നിലവിലുള്ളത്;

(ബി) ഈ ഓഫീസുകൾ വിദൂരസ്ഥലങ്ങളിലായതിനാൽ സേവനം ലഭിക്കുവാൻ ജനങ്ങൾക്ക് പ്രയാസം നേരിടുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എടുത്ത നടപടികൾ എന്തെല്ലാം;

(സി) ജില്ലയുടെ പ്രധാന ടൗണുകളിൽ ഒന്നായ കോട്ടക്കൽ കേന്ദ്രീകരിച്ച് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ സിവിൽ സ്റ്റേഷനിൽ മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും ഇതിന്റെ കീഴിൽ പെരുന്തൽമണ്ണ, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, നിലമ്പൂർ എന്നിവിടങ്ങളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ എവിടെയൊക്കെയെന്ന് തീരുമാനം കൈക്കൊണ്ടതിനുശേഷം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

(സി) കോട്ടക്കലിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**ടെസ്റ്റ് ഡ്രൈവിംഗ് ഗ്രൗണ്ടുകൾ ഇല്ലാത്ത ആർ.ടി. ഓഫീസുകൾ**

292 (1400) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ടെസ്റ്റ് ഡ്രൈവിംഗ് ഗ്രൗണ്ടുകൾ ഇല്ലാത്ത എത്ര ആർ.ടി. ആഫീസുകൾ ഉണ്ട്;

(ബി) ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് അസോസിയേഷൻ വാടക നൽകി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന എത്ര ഗ്രൗണ്ടുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ടെസ്റ്റ് ഡ്രൈവിംഗ് ഗ്രൗണ്ടുകൾ ഇല്ലാത്ത 44 ആർ.ടി. ഓഫീസുകളുണ്ട്.

(ബി) സ്ഥലം ലഭ്യമല്ലാത്തതിനാൽ ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള 7 ഗ്രൗണ്ടുകളിൽ വകുപ്പ് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നുണ്ട്. ഇവയ്ക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും വാടക നൽകുന്നില്ല.

**നാദാപുരം മണ്ഡലത്തിൽ ആർ.ടി. ഓഫീസ്**

293 (1401) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വർദ്ധിച്ചു വരുന്ന വാഹന രജിസ്ട്രേഷൻ പരിഗണിച്ച് പ്രസ്തുത മണ്ഡലത്തിൽ ആർ.ടി. ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഈ സർക്കാർ ഏതൊക്കെ മണ്ഡലങ്ങളിൽ ആർ.ടി. ഓഫീസ് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആർ.ടി. ഓഫീസ് അനുവദിക്കാൻ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പുതിയ ആർ.ടി. ഓഫീസുകളൊന്നും അനുവദിച്ചുനൽകിയിട്ടില്ല.

(സി) വാഹനപ്പെരുപ്പത്തിന്റെ അടിസ്ഥാനത്തിലും പൊതുജനങ്ങൾക്ക് സമയ ബന്ധിതമായി വകുപ്പിന്റെ സേവനങ്ങൾ നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിലും അതുപോലെ നിലവിൽ മോട്ടോർ വാഹന വകുപ്പിന് ഓഫീസുകളില്ലാത്ത താലൂക്കുകളിലും പുതുതായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അനുവദിക്കുക എന്ന മാനദണ്ഡമാണ് ഇക്കാര്യത്തിലുള്ളത്.

**വാഹന പുകപരിശോധന കേന്ദ്രങ്ങൾ**

294 (1402) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപ്പുക പരിശോധന കേന്ദ്രങ്ങളിൽ നടത്തുന്ന പുകപരിശോധനയിൽ ഒരു വാഹനവും പരാജയപ്പെടാറില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) വാഹനപ്പുക പരിശോധന കേന്ദ്രങ്ങളെ ഓൺലൈനിൽ ബന്ധിപ്പിച്ച് കേന്ദ്രീകൃതസംവിധാനത്തിലൂടെ മലിനീകരണത്തോത് കണക്കാക്കി സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒരു വാഹനവും പരാജയപ്പെടാത്ത സാഹചര്യമില്ല. പരിശോധനയിൽ പരാജയപ്പെടുന്ന വാഹനം വീണ്ടും റിപ്പയർ ചെയ്ത് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്ന രീതി നിലനിൽക്കുന്നു. ചില ടെസ്റ്റിംഗ് സ്റ്റേഷൻ ഉടമകൾ തെറ്റായ രീതിയിൽ സർട്ടിഫിക്കറ്റ് കൊടുക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തെറ്റായ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് തടയുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രീകൃത കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ കെൽട്രോണിന്റെ സഹായത്തോടെ കൈക്കൊണ്ടു വരുന്നു.

(സി) ഉണ്ട്. വാഹന പുകപരിശോധന കുറ്റമറ്റതാക്കുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം ഒരു കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സംവിധാനം നിലവിൽ വരുത്തുന്നതിന് കെൽട്രോണിന്റെ സഹായത്തോടെ നടപടികൾ കൈക്കൊണ്ടുവരുന്നു. ആയതിന്റെ പരീക്ഷണ പരിശോധനകൾ നടന്നുവരികയാണ്.

## കൊടുവള്ളി ജോയിന്റ് ആർ.ടി. ഓഫീസ്

295 (1403) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ജോയിന്റ് ആർ.ടി. ഓഫീസ് വിഭജിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ സബ് ആർ.ടി. ഓഫീസുകൾ എവിടെയൊക്കെയെന്ന് തീരുമാനം കൈക്കൊണ്ടതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിക്കൽ

296 (1404) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവാരമില്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നടത്തുന്ന ഡ്രൈവിംഗ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നൂതന സാങ്കേതിക മികവോടെ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന ചട്ടം 24-ൽ ആണ് മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത്. സ്വന്തമായോ വാടകയ്ക്കോ സ്ഥലമുള്ള വ്യക്തികൾക്ക് ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കാവുന്നതാണ്. ഒരു ഡ്രൈവിംഗ് സ്കൂളിന് ആവശ്യമായ ലെക്ചർ ഹാൾ, ഡെമോൺസ്ട്രേഷൻ ഹാൾ, ഡ്രൈവിംഗ് സ്കൂളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യങ്ങളെ പറ്റിയും നിയമത്തിൽ വ്യവസ്ഥയുണ്ട്. മേല്പറഞ്ഞിരിക്കുന്ന നിയമത്തിൽ കൂടുതൽ വ്യക്തത നൽകുന്നതിനായി ഏതാനും മാറ്റങ്ങൾകൂടി ഇതോടൊപ്പം പാലിക്കണമെന്ന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

ലക്ചർ ഹാൾ - 300 cm x 450 cm

ഡെമോൺസ്ട്രേഷൻ ഹാൾ - 300 cm x 450 cm

പാർക്കിംഗ് സൗകര്യം - ആവശ്യത്തിന്

നിലവിലെ പല ഡ്രൈവിംഗ് സ്കൂളുകൾക്കും ഡെമോൺസ്ട്രേഷൻ ഹാളിന് ആവശ്യമായ സ്ഥലപരിധി ഇല്ലാത്തതിനാൽ 10% വരെ ഇളവ് നൽകാനും അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവാരമില്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചട്ടങ്ങൾക്ക് വിധേയമായി ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഉചിത നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ എല്ലാ ഡ്രൈവിംഗ് സ്കൂളുകളും നിശ്ചിത കാലയളവുകളിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്.

**ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഡീലർമാരുടെ ലൈസൻസ് റദ്ദ് ചെയ്യൽ**

297 (1405) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന ഡീലർമാർ പഴയ വാഹനങ്ങളെ പുതിയവയെന്ന് തെറ്റിദ്ധരിപ്പിച്ച് വിൽക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദാംശം ലഭ്യമാകുമോ;

(ബി) ഇത്തരം പരാതികളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഡീലർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-ൽ മാത്രം താഴെ പറയുംപ്രകാരം ഇക്കാര്യത്തിൽ ഡീലർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് :

| | | |
|---|---|---|
| കോട്ടയം | - | 2 |
| ആലപ്പുഴ | - | 2 |
| തിരുവനന്തപുരം | - | 1 |
| കോഴിക്കോട് | - | 7 |

(ബി&സി) പരാതിയിന്മേൽ അന്വേഷണം നടത്തി പരാതി സത്യമാണെന്ന് കാണുന്നപക്ഷം ഇത്തരം ഡീലർമാരുടെ ഡീലർഷിപ്പ് നിശ്ചിത കാലയളവിലേയ്ക്ക് റദ്ദുചെയ്യാറുണ്ട്.

**ആംബുലൻസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കൽ**

298 (1406) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംബുലൻസുകൾ സ്ഥിരമായി അപകടത്തിൽപ്പെടുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആംബുലൻസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ആംബുലൻസുകൾ അപകടമുണ്ടാക്കിയാൽ ഡ്രൈവർക്കെതിരെ ക്രിമിനൽ കേസ് എടുക്കാൻ കഴിയാത്തതിനാലാണ് അപകടങ്ങൾ ആവർത്തിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആംബുലൻസ് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആംബുലൻസുകൾ അടിയന്തര സാഹചര്യങ്ങളിൽ സ്പീഡ് ലിമിറ്റ് ഭേദിച്ച് സർവ്വീസ് നടത്തേണ്ടിവന്നാൽ ലൈറ്റും സൈറണും ഉപയോഗിക്കുന്നത് പ്രസ്തുത വാഹനങ്ങൾ കാരണം അപകടം സംഭവിക്കുന്നത് ഒഴിവാക്കുവാനാണ്. എന്നാൽ ലൈറ്റും സൈറണും ഉപയോഗിക്കാതെയും സ്വകാര്യ ആവശ്യങ്ങൾക്കും സ്പീഡ് ലിമിറ്റ് ഭേദിച്ച് സർവ്വീസ് നടത്തുന്നതായി കണ്ടാൽ അത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതായുണ്ട്.

## വാഹനാപകടങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്ന വാഹനങ്ങൾ

299 (1407) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളിൽ മുഖ്യ പങ്കുവഹിക്കുന്ന വാഹനങ്ങൾ ഏതെല്ലാം മേഖലകളിലുള്ളവയാണ്, വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വകാര്യബസ്സുകളുടെ മത്സരയോട്ടം, മണൽ കരിങ്കല്ല് ലോബികളുമായി ബന്ധപ്പെട്ട ടിപ്പറുകൾ എന്നിവയെ നിയന്ത്രിക്കാൻ ഗതാഗത വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി സമയക്രമ ഉത്തരവു പരിശോധിച്ച ആർ & ഡി ടീം നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17 വർഷം കെ.എസ്.ആർ.ടി.സി. ബസ്സുകൾ, ടിപ്പറുകൾ തുടങ്ങിയവ ഉണ്ടാക്കിയ അപകടങ്ങൾ എത്രയെന്നും പോലീസ് വാഹനങ്ങൾ, സ്കൂൾബസ്സുകൾ, ഗുഡ്സ് വാഹനമുൾപ്പെട്ട മറ്റ് വാഹനങ്ങൾ, ആട്ടോകൾ, ബൈക്കുകൾ തുടങ്ങിയവ ഉണ്ടാക്കിയ അപകടങ്ങൾ എത്ര എന്നും ഇത് മുൻ വർഷ കണക്കുകളെക്കാളും കൂടുതലോ കുറവോ എങ്കിൽ എത്ര എന്നുമുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) 2016-17 വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. ബസ്സ് അപകടങ്ങളുമായിട്ട് ബന്ധപ്പെട്ടും മറ്റ് വാഹന അപകടങ്ങളുമായിട്ട് ബന്ധപ്പെട്ടും കേസ്സുകൾ എത്ര എന്നും ഇതിൽ എത്ര പേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-ൽ 23,538 ഇരുചക്രവാഹനങ്ങളും 4,842 ഓട്ടോറിക്ഷകളും 797 ജീപ്പുകളും 11,020 കാറുകളും 2,665 ലോറികളും 3,058 പ്രൈവറ്റ് ബസ്സുകളും 1,115 കെ.എസ്.ആർ.ടി.സി. ബസ്സുകളും അപകടത്തിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിലെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗത്തിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഉപയോഗിക്കുന്നവരുടെ വാഹനം കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അമിത വേഗത ഒഴിവാക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും ഉൾപ്പെടെ വിവിധയിനം വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മേഖലാ തലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർ സെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നു.

(സി) 22-11-2016-ൽ നടന്ന എസ്.ടി.എ. മീറ്റിംഗിൽ ആർ &ഡി ടീമിന്റെ റിപ്പോർട്ട് ഡിപ്പാർട്ടുമെന്റ് ഐറ്റം നമ്പർ (2) ആയി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിന്മേൽ എല്ലാ ആർ.ടി.എ. സെക്രട്ടറിമാരുടേയും അഭിപ്രായം ശേഖരിച്ച് എസ്.ടി.എ. മുമ്പാകെ വയ്ക്കാൻവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിരിക്കുകയാണ്.

(ഡി) 2016-17 വർഷം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആകെ 1,382 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. 2015-16 കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ 1,421 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ താരതമ്യേന കുറവാണ്.

(ഇ) 2016-17 വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. ബസ്സുകൾ ആകെ 1,382 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപകടങ്ങളിൽ ആകെ 154 പേർ മരണപ്പെട്ടു. 654 എം.എ.സി.റ്റി. കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 94 എം.എ.സി.റ്റി. കേസുകൾ മരണപ്പെട്ടവരുടെ അവകാശികൾ ഫയൽ ചെയ്തിട്ടുള്ളതാണ്.

## വൈക്കം, പെരുമ്പളം, പാണാവള്ളി, അരൂക്കുറ്റി പ്രദേശങ്ങളിലെ ബോട്ട് സർവ്വീസുകൾ

300 (1408) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, പെരുമ്പളം, പാണാവള്ളി, അരൂക്കുറ്റി എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് എറണാകുളത്ത് പോകുന്നതിനും വരുന്നതിനും ഉപകരിക്കത്തക്ക നിലയിൽ ബോട്ട് സർവ്വീസുകൾ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) അരൂക്കുറ്റി ജെട്ടിയിൽഹൗസ് ബോട്ട് ടെർമിനൽ ഉള്ള സാഹചര്യം കൂടി പരിഗണിച്ച്, വൈക്കം എറണാകുളം സ്പീഡ്ബോട്ട് പ്രസ്തുത ജെട്ടിയിൽ നിർത്തി യാത്രക്കാരെ കയറ്റി കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാണാവള്ളി സ്റ്റേഷനിലുള്ള 6 ബോട്ടുകൾ ഉപയോഗിച്ച് നിലവിലുള്ള സർവ്വീസുകൾ മുടക്കം കൂടാതെ നടത്തിവരുന്നുണ്ട്. വൈക്കത്ത് നിന്നും എറണാകുളത്തേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിനായി ഒരു അതിവേഗ ബോട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വൈക്കം-എറണാകുളം സ്പീഡ് ബോട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സ്റ്റോപ്പുകൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല. പണികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, പരിശോധിച്ച് സ്റ്റോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

## ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

301 (1409) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടത്തിയതെന്നും വിശദീകരിക്കുമോ;

(സി) ജനങ്ങൾ അനുഭവിക്കുന്ന റോഡുവഴിയുള്ള യാത്രാക്ലേശം മറികടക്കുന്നതിനും അവരെ ജലഗതാഗതത്തിലേക്ക് ആകർഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നിവ വകുപ്പ് നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന തടിബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനിക രീതിയിലുള്ള സ്റ്റീൽ /ഫൈബർ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ- കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമെ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട

സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പു തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുകളുപയോഗിച്ച് വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ബോട്ടുകൾ കൂടുതൽ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ് വേയും നിർമ്മിച്ച് ആയത് ഉപയോഗിച്ചു വരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സിക്യൂഷൻ എന്നിവയും സി.യു.ജി. ഫോൺ സംവിധാനവും ബോട്ടുകളിൽ ഉപയോഗിച്ചുവരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും ജീവനക്കാർക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) കാലപ്പഴക്കം ചെന്നതും നിലവിൽ സർവ്വീസ് നടത്തുന്നതുമായ 14 ബോട്ടുകൾ കൂടി പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ടൂറിസ്റ്റ് സർവ്വീസുകൾക്ക് പുറമേ അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതിയതായി ആലപ്പുഴ-കുമരകം-കോട്ടയം, വൈക്കം- എറണാകുളം എന്നീ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. കൂടാതെ കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽത്തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം മേഖലയിലെ ബോട്ടുകളിൽ സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിൻ ഘടിപ്പിക്കുന്നതിനുള്ള നടപടികളും വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്ക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

(സി) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗംവഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം-തവണക്കടവ്, ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇതിന് ഉദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡുമാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേയ്ക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് സർവ്വീസുകൾ സഹായിക്കുന്നു. ഒരേസമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്.

## ഫോർട്ടുകൊച്ചി കസ്റ്റംസ് ബോട്ട് ജെട്ടിയുടെ വികസനം

302 (1410) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചിയിലെ കസ്റ്റംസ് ജെട്ടിയിൽ സ്ഥലപരിമിതിമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പോർട്ട് ട്രസ്റ്റിന്റെ 10 സെന്റ് സ്ഥലമെങ്കിലും ബോട്ട് ജെട്ടിയുടെ വികസനത്തിനായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് എം.എൽ.എ. ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്ഥലം ലഭ്യമാകുന്നപക്ഷം കൂടുതൽ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നതാണ്. വകുപ്പുവക കസ്റ്റംസ് ജെട്ടിയോട് ചേർന്നുകിടക്കുന്ന സ്ഥലം മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലാണ്. ഇതുസംബന്ധിച്ച് സംസ്ഥാന ജലഗതാഗത ഡയറക്ടറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1233 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9. 30 AM]

## II അടിയന്തരപ്രമേയം

### സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി. സെൻകുമാറിനെ പുനഃസ്ഥാപിക്കൽ

മി. സ്പീക്കർ: രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി 2017 ഏപ്രിൽ 24-ന് പുറപ്പെടുവിച്ച വിധിന്യായത്തിലൂടെ സംസ്ഥാന പോലീസ് മേധാവിയായി (സ്റ്റേറ്റ് പോലീസ് ചീഫ്) ഡോ. ടി. പി. സെൻകുമാറിനെ പുനഃസ്ഥാപിക്കാൻ നൽകിയ ഉത്തരവ് 8 ദിവസമായിട്ടും നടപ്പിലാക്കാത്തതുമൂലവും വിധി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന കുറ്റകരമായ അനാസ്ഥമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഡോ. ടി. പി. സെൻകുമാർ കേസ്സിന്റെ 2017 ഏപ്രിൽ 24-ലെസുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ചു വരികയാണ്. രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ വിധി സർക്കാരിനെ സംബന്ധിച്ചിടത്തോളം അന്തിമമാണ്. അതുകൊണ്ടുതന്നെ സുപ്രീംകോടതി വിധി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നീതിയുടെ സംരക്ഷകരാണ് ജുഡീഷ്യറി. ജനാധിപത്യ സംവിധാനത്തിൽ നീതി നിർവ്വഹണത്തിൽ ജുഡീഷ്യറിക്ക് സുപ്രധാന പങ്കാണുള്ളത്. ഭരണഘടനയുടെ സംരക്ഷകർ കൂടിയാണ് സുപ്രീംകോടതി. അതുകൊണ്ടുതന്നെ ഇവിടെ പരാമർശിച്ച കേസ്സിൽ മാത്രമല്ല എല്ലാ കേസിലും ഈ നിലപാടനുസരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുനൽകുന്നു. ഡോ. ടി. പി. സെൻകുമാറിന്റെ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പകർപ്പിന്റെ സർട്ടിഫൈഡ് കോപ്പി ലഭിക്കുന്നതിനു മുമ്പ് ഓൺലൈനിൽ വിധിപ്പകർപ്പ് ലഭ്യമായ ഉടൻ ചീഫ് സെക്രട്ടറി നടപടിയാരംഭിച്ചിട്ടുണ്ട്. നിയമ വകുപ്പ് സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുകയും 1-5-2017-ന് നിയമോപദേശം സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര സാഹചര്യമില്ല.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽത്തന്നെ ഈ അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം അദ്ദേഹം സൂചിപ്പിച്ചു. നിയമസമാധാനം സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. നിയമസമാധാനത്തിന്റെയും ക്രമസമാധാന പാലനത്തിന്റെയും ഉത്തരവാദിത്വം ക്രമസമാധാനപാലനത്തിന്റെ ചുമതലയുള്ള ഡി.ജി.പി.-ക്കാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ ഒരാഴ്ചയായി സംസ്ഥാനത്ത് ഡി.ജി.പി. ഇല്ലാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അവസാന ഭാഗം മാത്രം ഞാൻ വായിക്കാം. 'Under the circumstances, we are compelled to set aside the judgement and order of the Central Administrative Tribunal, the impugned judgement and order of the High Court as well as the order dated 1st June, 2016 and direct the State of Kerala to reinstate the appellant Dr. T. P. Senkumar as the State Police Chief'. എന്നുപറഞ്ഞാൽ 88/2016 ജി.ഒ.(എം.എസ്) ജി.എ.ഡി.-യുടെ ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി അസാധുവാക്കിയിരിക്കുകയാണ്. ഈ വിധി അസാധുവാക്കുന്നതോടുകൂടി പകരം ഒരു ഡി.ജി.പി.-യെ നിയമിച്ചില്ലെങ്കിൽ സംസ്ഥാനത്ത് ഡി.ജി.പി. ഇല്ലാത്ത ഒരവസ്ഥയുണ്ടാകും. ക്രമസമാധാനപാലനത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം മുഖ്യമന്ത്രിക്കല്ല, സംസ്ഥാന പോലീസ് ആസ്ഥാനത്തുള്ള ഡി.ജി.പി.-ക്കാണ്. അങ്ങനെ വരുമ്പോൾ ഡി.ജി.പി. ഇല്ലാതെ എങ്ങനെയാണ് പോലീസിന് ഉത്തരവ് കൊടുക്കാൻ കഴിയുന്നത്; എങ്ങനെയാണ് മറ്റ് നടപടികൾ ചെയ്യാൻ കഴിയുന്നത്? ഇതിൽ നിന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും എത്ര ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നതെന്ന് മനസ്സിലാക്കാം. ഈ വിധി വന്ന ഉടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികരിച്ചത്, "വിധിയുടെ ഏതാനും ഭാഗം മാത്രമേ ഇപ്പോൾ വന്നിട്ടുള്ളൂ, വിധിയുടെ പൂർണ്ണരൂപം വന്നതിനുശേഷം നടപടി സ്വീകരിക്കും" എന്നാണ്. അന്നുതന്നെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ പ്രതികരിച്ചത് 'സുപ്രീംകോടതി വിധി പൂർണ്ണമായും നടപ്പിലാക്കണമെന്നാണ്. ബഹുമാനപ്പെട്ട സി.പി.ഐ.(എം.) സെക്രട്ടറി പറഞ്ഞത് 'കോടതിയും സർക്കാരുമായി ഏറ്റുമുട്ടലില്ലാതെ വിധി നടപ്പിലാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നാണ്. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത് 'മാനദണ്ഡങ്ങൾ ലംഘിക്കുന്നതുകൊണ്ടാകും സർക്കാരിനെതിരെയുള്ള നടപടി കോടതി റദ്ദാക്കിയതെന്നും നീതിന്യായ വ്യവസ്ഥയോടുള്ള ബഹുമാനം പുലർത്തി കോടതി വിധി നടപ്പിലാക്കി വീഴ്ചകൾ തിരുത്തി സർക്കാർ മുന്നോട്ടുപോകും' എന്നുമാണ്. ഇത് സുപ്രീംകോടതിയുടെ വളരെ പ്രധാനപ്പെട്ട ഒരു വിധിയാണ്. ഏതാണ്ട് 98 ഖണ്ഡികകളുള്ള 56 പേജുകൾ വരുന്ന വിധിയുടെ പകർപ്പ് ലഭിക്കുന്നതിനുമുമ്പുതന്നെ നടപടിയാരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുന്നു. ഡി.ജി.പി.-യെ ആ സ്ഥാനത്ത് നിയമിക്കണമെന്നു പറഞ്ഞാൽ അത് നടപ്പിലാക്കാൻ എന്തിനാണ് കാലതാമസം; അദ്ദേഹത്തിന് ഉപദേശം കൊടുക്കേണ്ട നിയമ വകുപ്പ് സെക്രട്ടറി സെക്രട്ടേറിയറ്റിലും അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിന്റെ വിളിപ്പാടകലെയുമുണ്ട്. ഇങ്ങനെയുള്ള രണ്ട് വ്യക്തികളുടെ നിയമോപദേശം ലഭിച്ചിട്ടും ഇപ്പോഴും ഡി.ജി.പി.-യെ നിയമിക്കാതെ അനിശ്ചിതാവസ്ഥ തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിക്കുന്ന യോഗങ്ങളിൽ ഡി.ജി.പി.-ക്ക് പകരം പങ്കെടുക്കുന്നതാരാണ്? ഈ വിധിയോടുകൂടി ഡി.ജി.പി. ഇല്ലാതായിരിക്കുകയാണ്. സാങ്കേതികമായി പറഞ്ഞാൽ ഡോ. ടി. പി. സെൻകുമാർ ഡി.ജി.പി.-യാണ്. അദ്ദേഹത്തെ നിയമിക്കേണ്ടതല്ലേ; സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു സ്പീക്കിംഗ് ഓർഡറാണ്. ഒരവ്യക്തതയുമില്ലാതെ സർക്കാർ നൽകിയ അഫിഡവിറ്റ് പാരഗ്രാഫ് ബൈ പാരഗ്രാഫ് കൃത്യമായി ചർച്ച ചെയ്തുകൊണ്ട് ഒരു ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നതിൽ സർക്കാർ ദയനീയമായി പരാജയ

പ്പെട്ടിരിക്കുകയാണ്. അതിന്റെ അർത്ഥമെന്താണ്; ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കുകയെന്നുള്ളതല്ല പ്രശ്നം; സംസ്ഥാനത്തിപ്പോൾ ക്രമസമാധാന പാലനത്തിന്റെ ഉത്തരവാദിത്വം ആർക്കാണെന്നുള്ളതാണ്. അതിന് ഉത്തരവാദപ്പെട്ട ഒരുദ്യോഗസ്ഥൻ സംസ്ഥാനത്തില്ല എന്നുപറഞ്ഞാൽ അത് ഭരണഘടനയോട് കാണിക്കുന്ന ലംഘനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണഘടനയുടെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത് ഭരണഘടനയോടും ഭരണഘടന അനുശാസിക്കുന്ന കോടതിവിധികൾ നടപ്പിലാക്കാനുള്ള ബാധ്യതയുള്ളതു കൊണ്ടുമാണ്. എന്നാൽ മുഖ്യമന്ത്രിയും സർക്കാരും ഇതുസംബന്ധിച്ചൊന്നും പറയുന്നില്ല. സർക്കാരിന് കൂട്ടുത്തരവാദിത്വമാണെന്നാണല്ലോ പറയുന്നത്. ഇന്നലെ മന്ത്രിസഭയിലെ ബഹുമാനപ്പെട്ട ഒരംഗം പ്രസ്താവിച്ചത് ചാനലിൽക്കൂടി കാണാൻ കഴിഞ്ഞു. അതിൽ പറഞ്ഞിട്ടുള്ളത് 'സെൻകുമാർ ഒരു കാര്യം മനസ്സിലാക്കണം, അദ്ദേഹം സർക്കാരിനെ ഭീഷണിപ്പെടുത്തേണ്ട കാര്യമില്ല, സർക്കാരിന് റിട്ട് കൊടുക്കാനുള്ള അധികാരമുണ്ട്. അദ്ദേഹം യു.ഡി.എഫ്.-നുവേണ്ടി വോട്ടുപിടിച്ച ആളാണ് എന്നാണ്. അങ്ങനെയുള്ള ഒരാളെ ഇനിയും ഈ സർക്കാർ നിയമിക്കുമെന്നാണോ വിശ്വസിക്കേണ്ടത്; കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയിലെ ഒരു മന്ത്രി തന്നെ ഇങ്ങനെ നിരുത്തരവാദപരമായ പ്രസ്താവന ഇറക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മുഖവിലയ്ക്കെടുക്കാൻ സാധിക്കുമോ; പരമോന്നത നീതിപീഠത്തിൽനിന്നുള്ള വിധി നടപ്പിലാക്കാൻ ഭരണഘടനാപരമായി ആർട്ടിക്കിൾ 142 വളരെ കൃത്യമാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. സംസ്ഥാന പോലീസ് തലവൻ സ്ഥാനത്തുനിന്ന് തന്നെ നീക്കിയതിനെതിരെ ഡോ. ടി. പി. സെൻകുമാർ ഉന്നയിച്ച മുഴുവൻ വാദങ്ങളും അംഗീകരിച്ചുകൊണ്ടാണ് ഏപ്രിൽ 24-ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളത്. ഡോ. ടി.പി. സെൻകുമാറിനെ മാറ്റാനായി സർക്കാർ ഉന്നയിച്ച എല്ലാ കാരണങ്ങളും സുപ്രീംകോടതി നിരാകരിച്ചു. സർക്കാരിന്റെ നടപടിയിൽ കടുത്ത അതൃപ്തിയാണ് കോടതി രേഖപ്പെടുത്തിയിട്ടുള്ളത്. അതിലെ പ്രധാനപ്പെട്ട ഒരു വരിമാത്രം ഞാൻ വായിക്കുകയാണ്. 'However, that prima facie satisfaction must be based on some cogent and rational material. Mere repetition of the provisions of Section 97(2)(e) of the Act is not sufficient - there must be some material on record (other than a newspaper report) but unfortunately nothing has been pointed out to us during the course of submissions'. ഈ സർക്കാർ ഭീമമായ ഫീസ് നൽകി പ്രശസ്തരായ അഭിഭാഷകർ മുഖാന്തരം കേസ് വാദിച്ചതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്, പത്രങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ലാതെ മെറ്റീരിയലായിട്ടുള്ള ഒരു കാര്യവും പറയാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നാണ്. ഏതാണ്ട് 11 മാസക്കാലം ഉന്നതനായ ഒരു പോലീസുദ്യോഗസ്ഥനെ മാറ്റിനിർത്തിയതിന് എന്ത് ന്യായീകരണമാണുള്ളത്? ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതിനുള്ള കാരണങ്ങൾ നിരത്തുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. സുപ്രീംകോടതിയുടെ ഈ വിധിയിലൂടെ ഡോ. ടി. പി. സെൻകുമാർ സാങ്കേതികമായി സംസ്ഥാന പോലീസ് മേധാവിയായി മാറിയിരിക്കുകയാണ്. ഇപ്പോൾ മറ്റാരെങ്കിലും ആ സ്ഥാനത്തിരിക്കുന്നെങ്കിൽ അത് ഈ വിധിയുടെ പരസ്യമായ ലംഘനമാണ്.

അദ്ദേഹത്തെ തിരിച്ചെടുക്കണമെന്ന് വിധിയുടെ 96-ാം ഖണ്ഡത്തിൽ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയ ഉത്തരവ് അസാധുവായ സാഹചര്യത്തിൽ തിരിച്ചെടുക്കുന്നതിന് പ്രത്യേക സമയപരിധിയുടെ ആവശ്യമില്ല. ഇക്കാര്യത്തിൽ അനാവശ്യമായ കാലവിളംബമുണ്ടാക്കുന്നത് ധാരാളം സംശയങ്ങളുണ്ടാക്കുകയാണ്. 56 പേജുകളിലായി 97 ഖണ്ഡികകളിൽ ഡോ. ടി. പി. സെൻകുമാറിനെതിരെ കൊടുത്ത അഫിഡവിറ്റും മറ്റ് രേഖകളും വിശദമായി പരിശോധിച്ചതിനുശേഷം പുറപ്പെടുവിച്ച വിധിയാണിത്. നടപടികൾക്ക് പിന്നിൽ രാഷ്ട്രീയ താല്പര്യമുണ്ടാകുമെന്നാണ് കോടതി നിരീക്ഷിച്ചിരിക്കുന്നത്. പോലീസിന്റെ പരമാധികാരിയായ ഒരുദ്യോഗസ്ഥനെ മാറ്റുന്നതിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നാണ് കോടതി പറയുന്നത്. ഇത്രയും വ്യക്തമായ വിധി നടപ്പിലാക്കുന്നതിന് നിയമ വകുപ്പുസെക്രട്ടറി ഉപദേശം നൽകിയിട്ടും കേസ് വാദിച്ച വക്കീലിൽ നിന്നും വീണ്ടും ഉപദേശം കേൾക്കാനാണോ കാത്തിരിക്കുന്നത്? നിയമപരമായി സർക്കാരിനെ ഉപദേശിക്കാൻ കഴിയുന്നത് അഡ്വക്കേറ്റ് ജനറലിനും നിയമ വകുപ്പ് സെക്രട്ടറിക്കുമാണ്. ഈ സർക്കാരും മുഖ്യമന്ത്രിയും പലപ്പോഴും ബാഹ്യശക്തികളുടെ ഉപദേശമാണ് സ്വീകരിക്കുന്നതെന്നത് ഖേദകരമാണ്. ഇപ്പോൾത്തന്നെ ഏഴിലധികം ഉപദേശകരുണ്ട്. ഈ ഉപദേശകരുടെയെല്ലാം മാറിമാറിയുള്ള ഉപദേശം കേൾക്കുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള സുപ്രീംകോടതി ഉത്തരവുകൾ നടപ്പിലാക്കാൻ കഴിയാതെ പോകുന്നത്. നിയമപരമായി ഇപ്പോൾ സംസ്ഥാനത്ത് ഡി.ജി.പി. ഇല്ലാത്ത അവസ്ഥയാണ്. അതിന്റെ അഭാവം പരിഹരിക്കുന്നതിന് റിട്ടയേർഡ് ഉദ്യോഗസ്ഥനായ ശ്രീ. രമൺ ശ്രീവാസ്തവയെ പോലീസിന്റെ ഉന്നതയോഗങ്ങളിൽ പങ്കെടുപ്പിക്കുകയാണ്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അതിൽ അമർഷമുണ്ടെന്നുള്ള വാർത്ത പത്രത്തിൽ വന്നിരിക്കുകയാണ്. മുഖ്യമന്ത്രിയും ഡി.ജി.പി.-യും പങ്കെടുക്കേണ്ട സ്ഥാനത്ത് മുഖ്യമന്ത്രിയുടെ ഉപദേശകനായ മറ്റൊരു റിട്ടയേർഡ് ഉദ്യോഗസ്ഥനെയാണ് പങ്കെടുപ്പിക്കുന്നത്. മുഖ്യമന്ത്രിയും ഡി.ജി.പി.-യും പറയേണ്ട കാര്യങ്ങൾ ഉപദേശകരുടെ റോളിലുള്ളവർ പറയുന്നത് ഭരണഘടനാപരമായും നിയമപരമായും പിന്തുണയില്ലാത്ത കാര്യമാണ്. Justice delayed is justice denied - വൈകി നൽകുന്ന നീതി, നീതി നിഷേധിക്കുന്നതിന് തുല്യമാണെന്ന് പറയാറുണ്ട്. നീതി നടപ്പാക്കുന്നതിനുപകരം നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്.

വിവരാവകാശ നിയമപ്രകാരം ലഭ്യമായ രേഖകളിൽ ഡോ. ടി. പി. സെൻകുമാറിനെതിരെയുള്ള ആരോപണങ്ങൾ വാസ്തവമല്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. ഡോ. ടി. പി. സെൻകുമാറിനെ മാറ്റാനായി പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങളിലൊന്ന് ജിഷാവധവുമായി ബന്ധപ്പെട്ട് അദ്ദേഹം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെന്നും അത് പൊതു താൽപ്പര്യത്തിനെതിരായിരുന്നു എന്നുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വിവരാവകാശ നിയമപ്രകാരം നൽകിയ ഉത്തരത്തിന്റെ ചില പ്രസക്ത ഭാഗങ്ങൾ വായിക്കാം;

മേൽസൂചിപ്പിച്ച വീഴ്ചകൾ/അപാകതകൾ കോടതിയുടെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഗവൺമെന്റിന് മുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുള്ള വീഴ്ചകൾ/അപാകതകൾ കോടതിയുടെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉത്തരം - ഇല്ല.

ജിഷയുടെ പിതൃത്വം സംബന്ധിച്ച് നടത്തിയ ഡി.എൻ.എ. ടെസ്റ്റിന്റെ ഫലം എന്താണ്; ജോമോൻ പുത്തൻപുരയ്ക്കൽ എന്നയാൾ ജിഷയുടെ പിതാവ് ഒരു രാഷ്ട്രീയ നേതാവാണെന്ന് കാണിച്ച് രംഗത്ത് വന്നിരുന്നു. ഇത് ശരിയാണോ? ഉത്തരം - ഡി.എൻ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിഷയുടെ പിതാവ് പപ്പുവാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റാനുണ്ടായ കാരണമായി സർക്കാർ നൽകിയ അഫിഡവിറ്റിൽ പറയുന്നത് ജിഷാ കേസിന്റെ അന്വേഷണത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് അപാകതകളുണ്ടായി എന്നുള്ളതാണ്. അതുകൊണ്ടാണ് ഞാനിത് വായിച്ചത്.

അടുത്തത്, ജിഷയുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തിയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റല്ല എന്നത് നിയമപ്രകാരം തെറ്റാണോ; വിവാഹം കഴിഞ്ഞ് ഏഴ് വർഷം തികയാത്ത ഏത് സ്ത്രീ കൊല്ലപ്പെട്ടാലും ഇൻക്വസ്റ്റ് നടത്തുന്നത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റായിരിക്കണമെന്ന് നിർബന്ധമാണോ? ഉത്തരം - എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ആവശ്യകതയില്ല.

ഡോ. ടി. പി. സെൻകുമാർ അദ്ദേഹത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ യാതൊരു അപാകതയും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കുന്നതാണിത്. വെറും flimsy doubt-ന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ പുറത്താക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

മി. സ്പീക്കർ: കോടതിയിലെ ആർഗ്യുമെന്റ് മുഴുവനും ഇവിടെ കൊണ്ടു വരേണ്ടതുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ചുമതലയുണ്ടായിരുന്ന ഐ.ജി. ശ്രീ. മനോജ് എബ്രഹാമിന് യാതൊരു സ്ഥാന ചലനവുമുണ്ടായിട്ടില്ല. അന്ന് കൊല്ലം ജില്ലയുടെ ചുമതലയുണ്ടായിരുന്നത് ഐ.ജി. ശ്രീ. മനോജ് എബ്രഹാമിനായിരുന്നു.

മി. സ്പീക്കർ: കോടതിയിൽ കൊണ്ടുവന്ന ആർഗ്യുമെന്റ് കോടതി സ്വീകരിക്കുകയും തീരുമാനമെടുക്കുകയും ചെയ്തു. അത് ഈ ഫ്ലോറിൽ കൊണ്ടുവരേണ്ട കാര്യമെന്താണ്?

ശ്രീ. എം. ഉമ്മർ: സർ, ഡോ. ടി. പി. സെൻകുമാറിനോടുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ പുറത്താക്കിയതെന്ന സുപ്രീംകോടതി നിഗമനത്തിന് ഉപോൽബലകമായ കാര്യങ്ങൾ സൂചിപ്പിച്ചുവെന്നേയുള്ളൂ. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഡി.ജി.പി. ആയിരിക്കുന്ന ശ്രീ. ലോക്നാഥ് ബെഹ്റയെ എത്ര തവണ പിരിച്ചുവിടേണ്ടതാണ്. കുണ്ടറയിലും വാളയാറിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ

പീഡനത്തിനിരയായി. ഈ വിഷയങ്ങളിൽ പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും പറഞ്ഞിട്ടുണ്ടല്ലോ? കൊച്ചി മറൈൻ ഡ്രൈവിൽ ശിവസേനയുടെ സദാചാര പോലീസിംഗ്, ഡി.ജി.പി. ആസ്ഥാനത്ത് മഹിജയ്ക്കെതിരായ ആക്രമണം, കൊടിഞ്ഞി ഫൈസൽ വധം, നടി*ക്കെതിരായ ആക്രമണം ഇക്കാര്യങ്ങളിലെല്ലാം പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് സർക്കാർ അംഗീകരിക്കുമ്പോൾ നിലവിലുള്ള ഡി.ജി.പി.-യെ എത്ര തവണ മാറ്റണം? ...... (ബഹളം)....... ഭരണഘടനാപരമായും നിയമമനുസരിച്ചും ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാ ജനങ്ങൾക്കും നീതിചെയ്യുമെന്ന് പ്രതിജ്ഞ ചെയ്ത മുഖ്യമന്ത്രിയും മന്ത്രിമാരും ഭരിക്കുന്നിടത്ത് ......(ബഹളം).......

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. ആർ. രാജേഷ്: ......(മൈക്ക് ഓഫ്).......അക്രമത്തിനിരയായ നടിയുടെ പേര് പറയാൻ പാടില്ല.......(ബഹളം).......

ശ്രീ. എം. ഉമ്മർ: ഇവിടെ നിയമംവഴി സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാരെല്ലാം സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. ഒരു സർക്കാരിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം നീതിനിർവ്വഹണമാണ്. നീതി നിർവ്വഹണത്തിന് ഉത്തരവാദപ്പെട്ട ഉന്നതനായ പോലീസുദ്യോഗസ്ഥനെ നിയമിക്കണമെന്ന കോടതി ഉത്തരവ് വന്ന് എട്ട് ദിവസമായിട്ടും സർക്കാർ അനങ്ങാപ്പാറ നയമാണ് സ്വീകരിക്കുന്നത്. പോലീസ് സേന ഇപ്പോഴും നാഥനില്ലാത്ത അവസ്ഥയിലാണ്. നിയമപ്രകാരം കേരളത്തിലെ ഡി.ജി.പി. ആരാണെന്ന് ഒരു സാധാരണ പൗരൻ ചോദിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനാകുമോ? സംസ്ഥാനത്തെ നിയമവാഴ്ച തകരുകയും അതിന് ഉത്തരവാദപ്പെട്ട ആളുകളെ നിയമിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിക്കാൻ ശേഷിയുള്ള ഒരാളാണെന്ന് തെളിയിച്ചിട്ടുള്ളതാണ്. പക്ഷേ ഇതൊരു മോശം കേസായതുകൊണ്ടാണെന്ന് തോന്നുന്നു, ഇന്ന് പതർച്ചയോടെയാണ് സംസാരിച്ചത്. അല്ലെങ്കിൽ ഇത്തരത്തിലൊരു പരിതാപകരമായ അവസ്ഥയുണ്ടാകുമായിരുന്നില്ല. അദ്ദേഹം സംസാരിച്ച കൂട്ടത്തിൽ പീഡനത്തിനിരയായ നടിയുടെ പേര് പറഞ്ഞിരുന്നു. അത് രേഖയിലുണ്ടാകരുത്. അദ്ദേഹം അങ്ങനെ പറയാൻ പാടില്ലാത്തതായിരുന്നു. പറയാൻ പാടില്ലെന്ന് അദ്ദേഹത്തിനുതന്നെ അറിയാവുന്നതാണ്. അത് രേഖയിലുണ്ടാകരുത്.

* സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ 1967/ഇ.ബി./2017/നി.സെ./2-5-2017)

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ പരാമർശിച്ച വിഷയം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുള്ളതാണ്. വിധി വന്നുകഴിഞ്ഞെങ്കിലും ഡോ. ടി. പി. സെൻകുമാറിന്റെ ഒരു ഹർജി സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അത്തരമൊരു ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 284(1) പ്രകാരം ഇത്തരം കാര്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പരിമിതികളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാത്തത്. കോടതിയുടെ മുന്നിലുള്ള ഒരു വിഷയമായതിനാൽ ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റാനിടയായ സാഹചര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്നാൽ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഹൈക്കോടതിയും അക്കാര്യത്തിൽ തീരുമാനമെടുത്തിരുന്നുവെന്ന് ബഹുമാന്യനായ അംഗം തന്നെ ചൂണ്ടിക്കാണിച്ചു. ആ തീരുമാനം സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു. എന്നാൽ സുപ്രീംകോടതി അത് അംഗീകരിച്ചിട്ടില്ല; സുപ്രീംകോടതി വിധി സംസ്ഥാന സർക്കാർ അംഗീകരിക്കുക തന്നെ ചെയ്യും. അക്കാര്യത്തിൽ ആശങ്ക വേണ്ട. നേരത്തെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഹൈക്കോടതിയും ഇതേ കാര്യം അംഗീകരിച്ചിരുന്നുവെന്ന വസ്തുത അദ്ദേഹം തന്നെ ഇവിടെ പരാമർശിക്കുകയുണ്ടായി. സുപ്രീംകോടതി അത് റദ്ദ് ചെയ്തത് ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സർക്കാരിനെ വിമർശിച്ചതിനെ കുറിച്ച് പറയുമ്പോൾ അദ്ദേഹം ഓർക്കേണ്ടത്, മുൻ സർക്കാരിനെ ഗൗരവമായി വിമർശിക്കുന്ന ഭാഗം ഇതിലുണ്ട്. എന്തായിരിക്കും ഗോഡ്സ് ഓൺ കൺട്രിയുടെ അവസ്ഥ എന്ന് മുൻ സർക്കാരിനെ സംബന്ധിച്ച് ചോദിക്കുന്ന ഒരു നിലയുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രിയെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. അത് ഈ സർക്കാരിന് ബാധകമായിട്ടുള്ളതല്ല. അത്തരമൊരു ഭാഗവും ഈ വിധിയുടെ ഭാഗമായിട്ടുണ്ട്. ഞാനിപ്പോൾ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു കാര്യം നാം കാണേണ്ടത്, നമ്മുടെ ആക്ട് അനുസരിച്ച് ഡി.ജി.പി., റെയ്ഞ്ചിന്റെ ചുമതലയുള്ള ഐ.ജി., എസ്.പി., കമ്മീഷണർ, എസ്.ഐ. എന്നിവർക്ക് സംരക്ഷണമുണ്ട്. ഇത്രയും ആളുകളെ മാറ്റുന്നതിന് സാധാരണഗതിയിൽ ഒരു കാലപരിധി പറഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാരിന് നിർബന്ധമായും ഒരു സാഹചര്യം വന്നാൽ അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടി വരുമെന്നതും ആ നിയമത്തിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ നാം കാണേണ്ടത്, 2011 മുതൽ 2016 വരെയുള്ള സർക്കാരുമായും അന്നത്തെ ഗവേണൻസുമായും ബന്ധപ്പെട്ട് ബഹുജനങ്ങൾ ഒരു വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുജനങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്ത നിലപാടായിരുന്നു

ഉണ്ടായത്. അതിന്റെ ഭാഗമായുള്ള വിധിപ്രഖ്യാപനം ജനങ്ങൾ നടത്തിയപ്പോൾ അതിനനുസരിച്ച് ചില കാര്യങ്ങൾ ചെയ്യാൻ സ്വാഭാവികമായും സർക്കാരും നിർബന്ധിതമാകും. അത്തരം കാര്യങ്ങളിൽ ജനങ്ങളുടെ അസംതൃപ്തി കണക്കിലെടു ക്കേണ്ടതുണ്ട്. ജനങ്ങൾ എന്തുനിലപാട് സ്വീകരിച്ചുവെന്ന് അതുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾ ആ കാലത്തുണ്ടായ ഗവേണൻസിനെക്കുറിച്ച്; ചുമതലപ്പെട്ടവരെക്കുറിച്ച്; അതിന് നേതൃത്വം കൊടുത്തവരെക്കുറിച്ച് കടുത്ത അസംതൃപ്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാനുള്ള ബാദ്ധ്യത സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതിനാൽ നടപടി സ്വീകരിക്കേണ്ടി വരും. എന്നാൽ സുപ്രീംകോടതി ഒരു നിലപാടെടുത്താൽ ആ നിലപാട് നിയമപരമായി അന്തിമമാണ്. ഇവിടെ സർക്കാർ പരാജയപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെ ഏതെങ്കിലും ഒരാൾ പരാജയപ്പെടുകയോ തോൽക്കുകയോ അല്ല ചെയ്യുന്നത്; വാദിയോ പ്രതിയോ പരാജയപ്പെടുകയോ വിജയിക്കുകയോ അല്ല ചെയ്യുന്നത്; ഇവിടെ സംഭവിക്കുന്നത് നീതിയുടെ വിജയമാണ്, അതാണ് കോടതിവിധിയിലൂടെ വരുന്നത്. ആ നിലയ്ക്കേ അതിനെ കാണേണ്ടതുള്ളൂ. സുപ്രീംകോടതി വിധി ആ നിലയ്ക്ക് തന്നെ സർക്കാർ കാണും. അതുമായി ബന്ധപ്പെട്ടുള്ള ചില കാര്യങ്ങൾ പരിശോധിക്കേണ്ടതുള്ളതു കൊണ്ട് ആ പരിശോധന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. ഒരുതരത്തിലുള്ള നാഥനില്ലായ്മയും കേരള പോലീസിൽ ഉണ്ടായിട്ടില്ല. നാഥൻ നിലനിന്നുകൊണ്ടുതന്നെയാണ് കേരള പോലീസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ യാതൊരാശങ്കയും ഉണ്ടാകേണ്ടതില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇപ്പോൾ കേരളത്തിലെ ഡി.ജി.പി. ആരാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: ഡി.ജി.പി.-യെ നിശ്ചയിക്കുന്നത് സർക്കാരാണ്. ഡി.ജി.പി.-യെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. സുപ്രീംകോടതി വിധി വന്ന സാഹചര്യത്തിൽ എന്തുചെയ്യണമെന്നുള്ളത് ആലോചിച്ച് തീരുമാനിക്കും. അതുകൊണ്ടുതന്നെ അക്കാര്യത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ടതില്ല....(ബഹളം).....ഏത് സ്ഥാനത്തെ നിയമനവും സാധാരണഗതിയിൽ സർക്കാരാണ് നടത്തേണ്ടത്. അതുമായി ബന്ധപ്പെട്ടുള്ള നിയമപരമായ കാര്യങ്ങൾ പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ട്. കോടതി അതെല്ലാം ചൂണ്ടിക്കാണിക്കും. കോടതിവിധിയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടത് സർക്കാരാണ്. അല്ലാതെ പ്രതിപക്ഷം ആരോപിക്കുന്നതുപോലെ എക്സിക്യൂട്ടീവിന്റെ അധികാരങ്ങൾ ജുഡീഷ്യറി എടുത്തുകളഞ്ഞിട്ടില്ല. ജുഡീഷ്യറി വ്യാഖ്യാനിച്ച് കാര്യങ്ങൾ പറയും. അതനുസരിച്ച് എക്സിക്യൂട്ടീവ് കാര്യങ്ങൾ നടത്തണം. അതുതന്നെയാണ് ഇവിടെയുമുണ്ടാകുക. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവിടെ ഒരു

തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. എ.ജി.-യുടെ ഉപദേശം വാങ്ങുന്നില്ലെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. എ.ജി.-യുടെ ഉപദേശം ഇന്നലെ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽക്കൂടിയാണ് നടപടിയെടുക്കാൻ പോകുന്നത്. ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. ഇക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടി സർക്കാർ സ്വീകരിക്കുക തന്നെ ചെയ്യും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള ഡി.ജി.പി.-യുടെ പേരുപോലും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് പറയാൻ കഴിയാത്തതിൽ ഞാൻ ലജ്ജിക്കുകയാണ്. ഇതുപോലൊരു സാഹചര്യം കേരളചരിത്രത്തിൽ ഉണ്ടായിട്ടില്ല. നീതിനിർവ്വഹണമാണ് ഒരു സർക്കാരിന്റെ ചുമതല. ഈ സംസ്ഥാനത്ത് നീതിനിർവ്വഹണം നടപ്പാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റേറ്റ് പോലീസ് ചീഫാണ്. ആ സ്റ്റേറ്റ് പോലീസ് ചീഫിന്റെ പേരുപോലും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഈ സഭയിൽ പറയാൻ കഴിയാത്തത് ഈ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തുന്നു. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും തമ്മിൽ എന്താണ് വ്യത്യാസം? 2002-ലെ ഗോധ്രാ കലാപകാലത്ത് ഇന്റലിജൻസ് എ.ഡി.ജി.പി.-യായിരുന്ന മലയാളിയായ ശ്രീ. ശ്രീകുമാർ അന്ന് ശ്രീ. നരേന്ദ്ര മോദിയുടെ ആജ്ഞയനുസരിക്കാൻ മടിച്ചപ്പോൾ അദ്ദേഹത്തിന് ഡി.ജി.പി. റാങ്ക് നൽകാതെ പുറത്ത് നിർത്തി. ശ്രീ. ശ്രീകുമാർ വിരമിച്ചശേഷം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസിന് പോയപ്പോഴാണ് അദ്ദേഹത്തിന് പൂർവ്വകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകിയത്. സംസ്ഥാന സർക്കാരിന് ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അധികാരമുണ്ട്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അത് നിയമത്തിന്റെ നാല് അതിരുകൾക്കുള്ളിൽ നിന്നാകണം. പ്രകാശ് സിംഗ് കേസിൽ സുപ്രീം കോടതിയുടെ സുപ്രധാനമായ ഒരു വിധിയുണ്ടായി. ഏഴ് കാര്യങ്ങളാണ് അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ കേരള നിയമസഭ പാസ്സാക്കിയ 2011-ലെ കേരള പോലീസ് ആക്ടിലുണ്ട്. കേരള പോലീസ് ആക്ട് അനുസരിച്ചാണ് നിയമിക്കേണ്ടത്. അതുകൊണ്ടാണ് ഇവിടെ സുപ്രീംകോടതി ചോദ്യം ചെയ്തത്. എക്സിക്യൂട്ടീവിന്റെ അധികാരത്തെ ജൂഡീഷ്യറി കവർന്നെടുത്തു എന്നുള്ള മുഖ്യമന്ത്രിയുടെ വാദം നിരർത്ഥകമാണ്. എക്സിക്യൂട്ടീവ് ഒരു കാര്യം ചെയ്യുമ്പോൾ നിയമസഭയോ പാർലമെന്റോ

പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമാകണം. അല്ലാത്ത സാഹചര്യമുണ്ടായാൽ, the Judiciary will step in and they will correct the Executive. അതാണ് നമ്മുടെ രാജ്യത്തെ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രത്യേകത. ബഹുമാന്യനായ മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം, ഈ സുപ്രീംകോടതി വിധി ഒരു ചരിത്രപരമായ വിധിയാണ്. അങ്ങ് പറഞ്ഞു, ഇത് നടപ്പിലാക്കുമെന്ന്. 8 ദിവസം കഴിഞ്ഞു. കർണ്ണാടകത്തിൽ കേരളീയനായ Abdul Rahiman Infant, Kerala born, former Karnataka DGP was appointed as the State Police Chief of Karnataka on the basis of High Court order. Abdul Rahiman Infant moved the Court after Karnataka Government overlooked seniority to appoint an officer. അദ്ദേഹം പറയുന്നു, I was appointed as DGP the very next day. സീനിയോറിറ്റി ലംഘിച്ച് അബ്ദുൾ റഹിമാൻ ഇൻഫന്റിനെ പോസ്റ്റ് ചെയ്യാതിരുന്നതിനെതിരെ കർണ്ണാടക ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. പിറ്റേ ദിവസം അബ്ദുൾ റഹിമാൻ ഇൻഫന്റിനെ അവിടത്തെ സർക്കാർ ഡി.ജി.പി.-യായി നിയമിച്ചു. ഇവിടെ എട്ടുദിവസം കഴിഞ്ഞിട്ടും എന്തിനാണ് ഈ സർക്കാരിന് ചാഞ്ചാട്ടം; എന്തിനാണ് സർക്കാരിന് ഒളിച്ചുകളി; എന്തിനാണ് ഇത്രയും വലിയ നിയമപണ്ഡിതന്മാരുടെ പിന്നാലെ പോകുന്നത്? ഇനി നിങ്ങളുടെ മുമ്പിലുള്ള ഏകമാർഗ്ഗം റിവിഷൻ ഹർജി മാത്രമാണ്.

10.00 AM]

ഇനി ഈ സർക്കാരിന്റെ മുന്നിലുള്ളത് റിവിഷൻ ഹർജി മാത്രമാണെന്ന് ലാ സെക്രട്ടറിക്കും എ.ജി.-ക്കും ശ്രീ. ഹരീഷ് സാൽവെയ്ക്കും നിയമ വിദ്യാർത്ഥികളായിരുന്ന നമുക്കുമറിയാം; അതല്ലെന്ന് തൊട്ടടുത്തിരിക്കുന്ന ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് പറയാമോ. ഈ കേസിന്റെ വിധിന്യായം ഞാൻ മൂന്ന് തവണ വായിച്ചു. ഈ വിധിന്യായത്തിൽ പറയുന്നതനുസരിച്ചാണെങ്കിൽ റിവിഷൻ ഹർജി സുപ്രീംകോടതിയിൽ നിലനിൽക്കില്ല. നിങ്ങൾ വസ്തുതകൾ അംഗീകരിക്കണം. 8-3-2017-ന് ശ്രീ. കെ. മുരളീധരൻ നോട്ടീസ് നൽകിയ അടിയന്തരപ്രമേയത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടി ഞാൻ വായിക്കാം. 'സെൻകുമാറിനെ മാറ്റിയത് ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല, സെൻകുമാർ ഡി.ജി.പി. സ്ഥാനത്തിരിക്കാൻ പറ്റാത്ത ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ഇപ്പോഴുള്ള എല്ലാ ചെയ്തികളും സമൂഹത്തിനാകെ ബോദ്ധ്യമാകുന്ന രീതിയിൽ തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട് എന്നാണ്. അവിടെയാണ് ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ച അങ്ങയുടെയും ഈ സർക്കാരിന്റെയും പരാജയം. ഡോ. ടി. പി. സെൻകുമാർ ഡി.ജി.പി. സ്ഥാനത്തിരിക്കാൻ അർഹനല്ലെന്ന് ഈ നിയമസഭയിൽ 8-3-2017-ന് അങ്ങ് പറഞ്ഞിരുന്നു. ഈ രാജ്യത്തെ പരമോന്നത നീതിപീഠം പറയുന്നത് ഡോ. ടി.പി.സെൻകുമാർ ഈ സ്ഥാനത്ത് ഇരിക്കാൻ യോഗ്യനാണെന്നാണ്. ഇത് ഈ സർക്കാരിനേറ്റ ഏറ്റവും

വലിയ പ്രഹരമല്ലേ? അദ്ദേഹം ഒരുദ്യോഗസ്ഥനാണ്. "പക്ഷേ നിങ്ങളെക്കാൾ കട്ടത്ത രാഷ്ട്രീയം, നിങ്ങൾക്ക് വേണ്ടിയല്ല ഇപ്പോഴുള്ളത്, നിങ്ങളുടെ കയ്യിലല്ല ഇപ്പോൾ നിൽക്കുന്നത്, മറ്റാളുകളുടെ കയ്യിലാണ്" എന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി 28-2-2017-ൽ നിയമസഭയിൽ പറഞ്ഞത്. ഒരു മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കീഴിലുള്ള ഒരുദ്യോഗസ്ഥനെപ്പറ്റി ഇങ്ങനെ പറയുന്നത് ശരിയാണോ? അതൊരിക്കലും ശരിയല്ല. അങ്ങ് ഈ വിഷയം വീണ്ടും ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ ഒരു സ്ഥാനത്തിരിക്കുമ്പോൾ ധാരാളം ഉദ്യോഗസ്ഥർ നമുക്ക് കീഴിൽ പ്രവർത്തിക്കും, അവർക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകും. പക്ഷേ, ഒരു മുഖ്യമന്ത്രി അല്ലെങ്കിൽ മന്ത്രി തന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനെപ്പറ്റി ഇങ്ങനെ നിയമസഭയിൽ പറഞ്ഞത് ഒരിക്കലും ശരിയായ നടപടിയല്ല. അതിന്റെ പരിണിതഫലമാണ് അങ്ങേയ്ക്ക് ഇപ്പോൾ അനുഭവിക്കേണ്ടിവരുന്നത്. എക്സിക്യൂട്ടീവിന് അധികാരമുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. അങ്ങയുടെ അഭിഭാഷകൻ കോടതിയിൽ പറഞ്ഞ പ്രധാനപ്പെട്ട വാദമാണ് അങ്ങിവിടെ പറഞ്ഞത്. കേരളാ പോലീസ് ആക്ട്, 2011-ലെ 97 2(e)-ൽ പറയുന്നത്, പോലീസ് ചീഫിനെയോ എസ്.പി.-യേയോ കമ്മീഷണറെയോ മാറ്റണമെങ്കിൽ, " the General public is dissatisfied with the efficiency of police so as to enable as shifting out of Police Chief'. ഈ സർക്കാരിന്റെ നടപടിക്കെതിരായാണ് സുപ്രീംകോടതി പറയുന്നത്. ഞാൻ അതുസംബന്ധിച്ച് ക്വാട്ട് ചെയ്യുകയാണ്. Learned Counsel of the State Government is right in submitting that it is only a prima facie satisfaction that is to be arrived at by the State Government, that the general public is dissatisfied with the efficiency of the police so as to enable a shifting out of police chief. ഇതാണ് കോടതിയിൽ ബഹുമാന്യനായ സർക്കാരിന്റെ വക്കീൽ വാദിച്ചത്. However that prima facie satisfaction must be based on some cogent and rational material. സുപ്രീംകോടതി കണ്ടെത്തിയതെന്താണ്? 'ആ ഉദ്യോഗസ്ഥനെ സംബന്ധിച്ച് പൊതുസമൂഹത്തിന് മുമ്പിൽ അവമതിപ്പുണ്ടെന്ന് പറയുന്നതിന് മെറ്റീരിയൽ എവിഡൻസ് എവിടെ' എന്നാണ് കോടതി ചോദിച്ചത്. Nothing has been placed before us in this regard except the view there was dissatisfaction among the general public about the efficiency of the police. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ വക്കീൽ ഇതിനാവശ്യമായ ഒരു രേഖയും സമർപ്പിച്ചിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. Mere provision of the 97 2(e) of the Act is not sufficient. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഒരുദ്യോഗസ്ഥനെ മാറ്റണമെങ്കിൽ അതിനാവശ്യമായ മെറ്റീരിയൽ എവിഡൻസുണ്ടാകണം. പൊതുസമൂഹത്തിന്റെ മുമ്പിൽ അവമതിപ്പുണ്ട്, പൊതുസമൂഹത്തിന് resentment ഉണ്ടെന്ന് തെളിയിക്കത്തക്ക യാതൊരുവിധ രേഖയും സർക്കാരിന്റെ വക്കീൽ

സുപ്രീംകോടതിയിൽ ഹാജരാക്കിയിട്ടില്ല എന്നുള്ളതാണ് പ്രധാന കാര്യം. There must be some material record other than the newspaper report. But unfortunately nothing has been pointed out during the course of submission. It is not enough to merely content the State Government and subjectively satisfied that the appellant Sen Kumar .......ought to be transferred as the Police Chief. സർക്കാർ കോടതിയിൽ സമർപ്പിച്ച ഒരു രേഖയിലും പൊതുസമൂഹത്തിന് അവമതിപ്പുണ്ടാക്കുന്ന വിധത്തിൽ ഡോ. ടി.പി. സെൻകുമാർ പ്രവർത്തിച്ചുവെന്നുള്ളതിന് തെളിവ് സമർപ്പിച്ചിട്ടില്ല. അതിന്റെയടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പുറ്റിങ്ങൽ കേസ്, രണ്ട്, ജിഷ കേസ്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ രണ്ട് കേസിലും ഡി.ജി.പി.-ക്ക് എന്ത് റോളാണുള്ളത്? പുറ്റിങ്ങൽ അപകടമുണ്ടായപ്പോൾ ഞാനായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. അന്ന് ഇലക്ഷനായിരുന്നു. ഞങ്ങളുടെ ആരുടെയും നിയന്ത്രണത്തിലായിരുന്നില്ല പോലീസ്. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ നമ്മുടെ കയ്യിലല്ല പോലീസും ഭരണകൂടവും. ഇലക്ഷൻ കോഡ് ഓഫ് കോണ്ടക്ട് നിലവിലുണ്ടായിരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർ ഓഫ് പോലീസ്, ചാത്തന്നൂർ ഡിവൈ.എസ്.പി., പരവൂർ സി.ഐ. എന്നിവർക്ക് നേരെയാണ് ആരോപണം ഉന്നയിച്ചത്. അന്നത്തെ ചീഫ് സെക്രട്ടറിയുടെ പരാമർശം അവർക്കെതിരെയായിരുന്നു; അവരെ ട്രാൻസ്ഫർ ചെയ്യണമെന്നായിരുന്നു. ഡി.ജി.പി. ഡോ. ടി.പി. സെൻകുമാറിന് അവിടെ ഒരു ഘട്ടത്തിലും യാതൊരുവിധത്തിലുള്ള ചാർജ്ജും ഉണ്ടായിരുന്നില്ല. ഒരു സർക്കാർ മാറുന്നതനുസരിച്ച് ഉദ്യോഗസ്ഥരെയെല്ലാം മാറ്റുമോ? അങ്ങനെ ഒരിക്കലുമില്ല. Government is a continuity. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ശ്രീ. ജേക്കബ് പുന്നൂസിനെ ഡി.ജി.പി. ആയി നിയമിച്ചത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം തന്നെ തുടർന്നു. ഞങ്ങൾക്കൊരു അപകടവും ഉണ്ടായില്ലല്ലോ. സർക്കാരിന്റെ പോളിസി നടപ്പാക്കുന്ന ഉത്തരവാദിത്വമാണ് ഉദ്യോഗസ്ഥർക്കുള്ളത്. പോളിസി മാറുമ്പോൾ അവർ അതനുസരിച്ച് മാറണം. അതാണ് സർക്കാർ, അതാണ് സർക്കാരിന്റെ തുടർച്ച.

ഇവിടെ ഒരു തെറ്റായ ധാരണ ബഹുമാന്യനായ മുഖ്യമന്ത്രിക്കും സർക്കാരിനുമുണ്ട്. സർക്കാർ മാറുമ്പോൾ ഉദ്യോഗസ്ഥരെ മാറ്റുക എന്ന സമീപനം ഒരിക്കലും ഒരു ഭരണ നിയന്ത്രണത്തിന് ഗുണകരമല്ല. ഡോ. ടി. പി. സെൻകുമാറിനെതിരായി പബ്ലിക്കായ ഒരു outcry ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ 12 മാസക്കാലത്തെ കേരളത്തിലെ പോലീസ് ഭരണത്തിന്റെ വീഴ്ചകൾ എത്രമാത്രമാണ്. ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റയെ എത്ര തവണയാണ് സസ്പെന്റ് ചെയ്യേണ്ടിയിരുന്നത്, എത്ര തവണയാണ് മാറ്റേണ്ടിയിരുന്നത്? മറ്റ് കാര്യങ്ങൾ ധനാഭ്യർത്ഥന ചർച്ചാവേളയിൽ പറയാം. ഇവിടത്തെ പ്രശ്നം സർക്കാരിന്റെ ദുരഭിമാനമാണ്. ടി.

പി. ചന്ദ്രശേഖരൻ വധക്കേസിലെയും മനോജ് വധക്കേസിലെയും വിധിയാണ് ഇതിന്റെ കാരണമെന്ന് ഞാൻ ആരോപിക്കുന്നില്ല. ഡോ. ടി. പി. സെൻകുമാർ ഇതിന് മുമ്പും ധാരാളം കേസുകൾ അന്വേഷിച്ചിട്ടുണ്ട്. അക്കാര്യം ഡോ. എം. കെ. മുനീർ പറയും. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യത്തിൽ എനിക്ക് സന്തോഷം തോന്നി. We are elected by the people, we are accountable to the people. തീർച്ചയായും ഒരു സർക്കാർ അധികാരത്തിൽ വരുമ്പോൾ ആ സർക്കാരിനെ അധികാരത്തിലേറ്റിയ ജനങ്ങളോട് ബാദ്ധ്യതയുണ്ട്. ഡോ. ടി. പി. സെൻകുമാറിനെ മാറ്റിയിട്ടാണോ ആ ബാദ്ധ്യത നിറവേറ്റുന്നത്? അദ്ദേഹമാണോ അതിനുത്തരവാദി; അല്ലെങ്കിൽ ഏതെങ്കിലും ഉദ്യോഗസ്ഥരാണോ ഇതിന് ഉത്തരവാദി? ഒരു സർക്കാർ മാറി വരുന്നതിന് രാഷ്ട്രീയമായ കാരണങ്ങളും നേട്ടങ്ങളും കോട്ടങ്ങളുമുണ്ടാകും. അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ചാണ് ജനങ്ങൾ സർക്കാരിനെ മാറ്റുന്നത്. മുഖ്യമന്ത്രിയെ മാറ്റുന്നില്ലേ? അങ്ങയുടെ കാഴ്ചപ്പാടും മാറണം. ഒരു ഭരണത്തലവൻ എന്ന നിലയിൽ എല്ലാ ഉദ്യോഗസ്ഥരും അങ്ങയുടെ കീഴിലാണ്. അത് ആരാണെങ്കിലും അവരെക്കൊണ്ട് ജോലിയെടുപ്പിക്കാൻ കഴിയുന്ന മുഖ്യമന്ത്രിയാണെന്നാണ് അങ്ങ് തെളിയിക്കേണ്ടത്. അവിടെയാണ് ഒരു മുഖ്യമന്ത്രിയുടെ ഔന്നത്യം ഞാൻ കാണുന്നത്. ശ്രീ. മാത്യു ടി. തോമസിനോടൊപ്പം കെ.എസ്.ആർ.ടി.സി.-യിൽ ഡോ. ടി. പി. സെൻകുമാർ ഉണ്ടായിരുന്നല്ലോ; അന്ന് എൽ.ഡി.എഫ്. സർക്കാരായിരുന്നല്ലോ; കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ മുൻകയ്യെടുത്ത ആളല്ലേ അദ്ദേഹം (...ബഹളം....) എനിക്ക് വ്യക്തിപരമായി എന്ത് നേട്ടമാണ്; അദ്ദേഹത്തെ ഡിഫന്റ് ചെയ്യാൻ എനിക്ക് എന്ത് ഉത്തരവാദിത്വമാണുള്ളത്? സർക്കാർ ഒരു തീരുമാനമെടുക്കുമ്പോൾ നിയമപരമായ കാര്യങ്ങളെപ്പറ്റി അവധാനതയുണ്ടാകണം. അദ്ദേഹത്തെ മാറ്റിയതെന്തിനാണെന്ന് ഇതുവരെ കോടതിയിൽ പോലും പറയാൻ കഴിയാത്ത നിങ്ങൾ എന്തിനാണ് എട്ട് ദിവസം കാത്തിരിക്കുന്നത്. അത് ശരിയായ നടപടിയാണോ?

കേരളത്തിൽ ഭരണരംഗത്ത് നിങ്ങൾ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയാണ്. ആ കീഴ്വഴക്കം സംസ്ഥാനത്തിന് ഗുണകരമല്ല. ഡി.ജി.പി. നിയമനത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏറ്റ പരിക്കിന്റെ പൂർണ്ണ ഉത്തരവാദി മുഖ്യമന്ത്രിയാണ്. അങ്ങ് ഈ സഭയിൽ പറഞ്ഞ ചില കാരണങ്ങൾകൊണ്ട് അങ്ങയുടെമേൽ ഞങ്ങൾക്ക് ഈ കുറ്റം ആരോപിക്കേണ്ടി വരും. ഒരുദ്യോഗസ്ഥനെതിരെ അങ്ങ് നടത്തിയ പരാമർശമാണ് അങ്ങയെ ദുരഭിമാനത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്ത് ഇതുപോലൊരു സാഹചര്യം മുൻപുണ്ടായിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ആയിരുന്ന സമയത്ത് ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ച് ഗുരുതരമായ തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണമെന്ന് ആഭ്യന്തര വകുപ്പ്

സെക്രട്ടറിയും ലാ സെക്രട്ടറിയും നിങ്ങളോട് ആവശ്യപ്പെട്ടു. അതിന്മേൽ ഒരു നടപടിയും നിങ്ങൾ എടുത്തില്ലെന്ന് മാത്രമല്ല അവരെ സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായുള്ള സുപ്രീംകോടതിയുടെ വിധി 'ഖണ്ഡിക - 88' താങ്കൾ വായിച്ചിട്ടുണ്ടാകും. " The Chief Minister of the State also took no action for more than a month after the note dated, 13th April 2016 was put up by the Additional Chief Secretary, Home. The Chief Minister didn't take any action inspite of the note pinpointing the three errant Police Officers against whom action was required to be taken. Surely Senkumar cannot alone be pre-judged and blamed for the State of affairs." അയാൾ മാത്രമല്ല കുറ്റക്കാരൻ, നിങ്ങൾകൂടി കുറ്റക്കാരനാണെന്ന് സുപ്രീംകോടതിയുടെ വിധി 'പാരഗ്രാഫ്-88-ൽ' കൃത്യമായി പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് മാറാൻ കഴിയുമോ? ആഭ്യന്തര വകുപ്പ് സെക്രട്ടറിയും ലാ സെക്രട്ടറിയും നിങ്ങൾക്ക് മുന്നറിയിപ്പ് തന്നിട്ടും നടപടിയെടുക്കണമെന്ന് പറഞ്ഞിട്ടും ഒരു കോൺസ്റ്റബിളിന്റെ പേരിൽപ്പോലും നടപടിയെടുക്കാത്തത് സംബന്ധിച്ച് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് എന്താണ് പറയാനുള്ളത്? അതാണ് 'പാരഗ്രാഫ്-88-ൽ' എടുത്തുപറഞ്ഞിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, Thank you very much. ഞാൻ പറയാൻ വിട്ടുപോയ ഒരു കാര്യം അങ്ങ് ഈ സഭയുടെയും സംസ്ഥാനത്തിന്റെയും ശ്രദ്ധയിൽ പ്പെടുത്തിയതിന് നന്ദിയുണ്ട്. Erring Officers മൂന്നുപേരാണുള്ളത്. കൊല്ലം പോലീസ് കമ്മീഷണർ, ചാത്തന്നൂർ ഡിവൈ എസ്.പി., പരവൂർ സി.ഐ. ഇവരുടെ പേരിൽ അന്നത്തെ എ.ഡി.ജി.പി.-യും എ.സി.എസ്. (ഹോം),ശ്രീമതി നളിനി നെറ്റോയും നടപടിയെടുക്കണമെന്നാവശ്യപ്പെട്ടിരുന്നു. അന്ന് 'Code of conduct' നിലവിലുള്ളതുകൊണ്ട് ഞങ്ങളുടെ കൈകൾ കെട്ടപ്പെട്ടു; ഞങ്ങൾക്ക് നടപടിയെടുക്കാൻ കഴിയില്ല. 'Code of conduct' നിലവിൽ വന്നാൽ ഒരു പ്യൂണിനെ മാറ്റാനുള്ള അധികാരംപോലും സംസ്ഥാന സർക്കാരിനില്ലെന്ന കാര്യം അങ്ങേയ്ക്കറിയാമോ? അതുകൊണ്ടാണ് നടപടിയെടുക്കാത്തത്. അങ്ങ് പറഞ്ഞത് ശരിയാണ്. എന്റെ പോയിന്റ് അതാണ്. മറ്റൊരു കാര്യം, ഡോ. ടി. പി. സെൻകുമാറിന്റെ പേര് അതിലില്ല; വേറെ മൂന്ന് പേരുകളാണ് അതിലുള്ളത്. അതുമാത്രമല്ല, അവസാനത്തെ ഖണ്ഡിക 'surely Sen Kumar cannot alone be pre-judged and blamed for the affair ' എന്നാണ്. പിന്നെ എന്തിനാണ് നിങ്ങൾ അദ്ദേഹത്തെ മാറ്റിയത്?

ശ്രീ. എ. കെ. ബാലൻ: സർ, ഇലക്ഷൻ നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് നടന്ന സംഭവമാണിത്. ആ സംഭവവുമായി ബന്ധപ്പെട്ട് ഒരു രൂപത്തിലുള്ള നടപടിയും നിങ്ങളെടുത്തിട്ടില്ല. അതാണ് സുപ്രീംകോടതി പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ നിയമമന്ത്രിക്ക് തെറ്റിപ്പോയി. അങ്ങ് ഡേറ്റ് പരിശോധിക്കണം. തെരഞ്ഞെടുപ്പ് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് പുറ്റിങ്ങൽ വെടിക്കെട്ട് അപകടമുണ്ടായതും ഞാൻ നേരെ അങ്ങോട്ടുപോകുന്നതും. അങ്ങേയ്ക്ക് തെറ്റുപറ്റിയതാണ്, അങ്ങ് പരിശോധിച്ചാൽ മതി. ഇവിടെ പ്രസക്തമായ കാര്യമാണ് നിയമ വകുപ്പുമന്ത്രി

ശ്രീ. എ. കെ. ബാലൻ പറഞ്ഞത്. 'Sen Kumar alone cannot be blamed'. സെൻകുമാറിനെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല. പിന്നെ നിങ്ങളെന്തിന് അദ്ദേഹത്തെ മാറ്റണമെന്ന് നിങ്ങളുടെ വക്കീലിനെക്കൊണ്ട് വാദിച്ചു? ഈ തരത്തിലുള്ള വാദങ്ങൾ ഉന്നയിക്കാൻ പാടില്ലെന്ന് നിയമ വകുപ്പുമന്ത്രിയായ അങ്ങേയ്ക്ക് വക്കീലിനോട് ഉപദേശിക്കാമായിരുന്നു. കേരള ചരിത്രത്തിൽ അത്യപൂർവ്വമായ ഒരു വീഴ്ചയാണ് സർക്കാരിനുണ്ടായിരിക്കുന്നത്. ഇത് തെറ്റായ നടപടിയാണ്; ഇത് തെറ്റായ കീഴ്വഴക്കങ്ങളുണ്ടാക്കും. ഇത് ഒരു സംസ്ഥാന സർക്കാരിന് യോജിച്ച നടപടിയല്ല. നാളത്തെ ക്യാബിനറ്റിലെങ്കിലും നിങ്ങളൊരു തീരുമാനമെടുക്കണം. ഡി.ജി.പി. ഡോ. ടി. പി. സെൻകുമാറിനെ ലാ ആന്റ് ഓർഡറിന്റെ ചുമതലയുള്ള സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കാനുള്ള സാമാന്യമായ നീതിബോധം സർക്കാർ കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, പുറ്റിങ്ങൽ അപകടത്തിൽ 130 പാവപ്പെട്ടവർ അഗ്നിക്കിരയാകുകയും 200-ഓളം പേർ മരണത്തിന്റെ വക്കിലെത്തുകയുമാണ് ചെയ്തത്. ഇലക്ഷനുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നമായിരുന്നെങ്കിൽ ഇലക്ഷൻ കമ്മീഷനോട് ആ സമയത്ത് നിങ്ങൾ എന്തുകൊണ്ട് ചോദിച്ചില്ല?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേയ്ക്ക് പറ്റിപ്പോയ തെറ്റിന് വീണിടം വിദ്യയാക്കേണ്ട.

ശ്രീ. എ. കെ. ബാലൻ: സർ, ഈ കാര്യം അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടതല്ലേ? എന്തുകൊണ്ട് നടപടിയെടുക്കാൻ ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടില്ല? അന്നത്തെ മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഈ strictures-ൽ നിന്ന് ഒഴിവാക്കുന്നതിനുള്ള എന്തെങ്കിലും നടപടി നിങ്ങളെടുക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. പുറ്റിങ്ങൽ വെടിക്കെട്ട് അപകടമുണ്ടാകുമ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ മുഴുവൻ അധികാരങ്ങളും ഇലക്ഷൻ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള സമയമാണ്. ഞങ്ങൾ ആ സമയത്തും ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ഏർപ്പാട് ചെയ്തു. നിങ്ങൾ അധികാരത്തിൽ വന്നശേഷം ആ ജുഡീഷ്യൽ കമ്മീഷന് പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്തോ? 100 പേർ മരിച്ച പുറ്റിങ്ങൽ അപകടം അന്വേഷിച്ച ജഡ്ജി രാജിവച്ച് പോയില്ലേ; രണ്ടാമത്തെ കമ്മീഷനെ നിങ്ങൾ നിയമിച്ചിട്ട് ആ കമ്മീഷന് പ്രവർത്തിക്കാൻ ഇതുവരെ സൗകര്യം കൊടുത്തിട്ടുണ്ടോ? അങ്ങനെയുള്ള കാര്യങ്ങൾ ദയവായി എന്നെക്കൊണ്ട് പറയിപ്പിക്കരുത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കമ്മീഷനുമായി ബന്ധപ്പെട്ട പ്രവർത്തനം സജീവമായി നടക്കുകയാണ്. അതിൽ യാതൊരു രൂപത്തിലുള്ള കുറവും സർക്കാരിന്റെ ഭാഗത്തു നിന്നും വന്നിട്ടില്ല. തെറ്റായ രൂപത്തിൽ സഭയെ നയിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ 2006-ലെ പോലീസ് ആക്ടായിരിക്കുമെന്നാണ് പറഞ്ഞത്; അതും തെറ്റായിരുന്നു; 2011-ലെ പോലീസ് ആക്ടായിരുന്നു; അതുകൂടി മനസ്സിലാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതൊരു ചെറിയ തെറ്റല്ലേ; 2006 എന്നുള്ളത് 2011 ആയതല്ലേയുള്ളൂ; ഞാൻ അത് തിരുത്തിയല്ലോ. 2006 ആണെന്നാണ് ഞാൻ ധരിച്ചത്; പെട്ടെന്നാണ് ഞാൻ ഓർത്തത്. 2011 ആണെന്ന് എനിക്കുമറിയാമല്ലോ; ഞാനിത് രണ്ടരവർഷം കൈകാര്യം ചെയ്ത ഒരാളല്ലേ? അതല്ല ഇവിടത്തെ വിഷയം. ഒരു സർക്കാർ സുപ്രീംകോടതി വിധി അംഗീകരിക്കുന്നോയെന്നുള്ളതാണ് പ്രശ്നം. ആ വിധി അംഗീകരിക്കുന്നുവെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി നാളെ കേരളത്തിന്റെ പോലീസ് ചീഫായി ഡോ. ടി. പി. സെൻകുമാറിനെ നിയമിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഡി.ജി.പി.-യുടെ പേര് ചോദിച്ചപ്പോൾ അതുപോലും പറയാൻ അങ്ങ് തയ്യാറല്ല. എന്തിനാണ് അങ്ങ് ശ്രീ. ലോക്നാഥ് ബെഹ്റയെ എറണാകുളത്തും കോഴിക്കോട്ടും തൃശ്ശൂരുമൊക്കെ മീറ്റിംഗിന് കൊണ്ടുപോയത്? അദ്ദേഹം ഡി.ജി.പി. അല്ലെങ്കിൽ അതുശരിയാണോ? അങ്ങ് പേര് പറയണമായിരുന്നു. ഞാൻ വിചാരിച്ചു അങ്ങ് പേരു പറയുമെന്ന്. ഇപ്പോൾ ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റയാണ്. അങ്ങത് പറഞ്ഞില്ല; അങ്ങ് അദ്ദേഹത്തെയും തള്ളിപ്പറഞ്ഞിരിക്കുന്നു. ക്രമ സമാധാനനില നിയന്ത്രിക്കാൻ സ്റ്റേറ്റ് പോലീസ് ചീഫ് ഇല്ലാത്ത ഗുരുതരമായ സാഹചര്യമാണ് ഇവിടെ വന്നിരിക്കുന്നത്. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ അവസാനം പറഞ്ഞു, സുപ്രീംകോടതി വിധിയിൽ നീതി നടപ്പിലാക്കണമെന്ന് പറഞ്ഞിരിക്കുന്നു, അത് ഞങ്ങൾ നടപ്പിലാക്കുമെന്ന്. അതിനർത്ഥം നിങ്ങൾ ചെയ്തത് അനീതിയാണ്. സുപ്രീംകോടതി നീതി നടപ്പിലാക്കണമെന്ന് പറഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം ഇവിടെ സമ്മതിച്ചതിൽ ആദ്യമായി സന്തോഷം രേഖപ്പെടുത്തുകയാണ്. അങ്ങേയ്ക്ക് ധാരാളം ഉപദേശകരുണ്ട്. ഉപദേഷ്ടാക്കളായി കുറെയാളുകളെ നിയമിച്ചു. ഉപദേഷ്ടാക്കളെ വയ്ക്കണമെന്ന് പറയുന്നൊരു ഉപദേഷ്ടാവ് എവിടെയോ ഉണ്ട്. അദ്ദേഹത്തെ മാറ്റിയാൽ അങ്ങ് രക്ഷപ്പെടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉപദേശം കേട്ടുകേട്ട് പല തെറ്റുകളിലേയ്ക്കും അങ്ങ് പോകുകയാണ്. Gods own country എന്നുപറയുന്നത് ഞങ്ങളെക്കുറിച്ചല്ലെന്ന് ഇവിടെ അങ്ങ് തന്നെ പറഞ്ഞു. ഈ വിധിയിൽ 95-ാമത്തെ ഖണ്ഡികയിൽ പറയുന്നത്, We are also a little disturbed with the view expressed in the detailed counter affidavit and elsewhere that the appointment of the appellant was irregular if not illegal. അത് ഈ വിഷയത്തെ പരാമർശിച്ചുകൊണ്ടാണ് പറയുന്നത്. If that is so and the State Government of Kerala is bend upon making irregular or illegal

appointments to sensitive posts then no one can help Gods own country. അതായത് ഈ വിഷയത്തിൽ illegal ആയി appointment നടത്തിയെന്നുള്ളത് ശരിയാണെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടിനെ രക്ഷിക്കാൻ ആർക്കും സാധിക്കില്ലെന്ന് പറഞ്ഞത് മുൻസർക്കാരിനെക്കുറിച്ചല്ല, ഈ സർക്കാരിനെ സംബന്ധിച്ചാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതൊരു അതിശയകരമായ വ്യാഖ്യാനമായിപ്പോയി. ആ പറഞ്ഞഭാഗം ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി.-യായി നിശ്ചയിച്ച കാലത്തെപ്പറ്റിയാണ്. അങ്ങനെ നിശ്ചയിക്കുന്നതിന് സാധാരണഗതിയിൽ ഒരു പ്രൊസിഡ്യൂവറുണ്ട്. അത് അങ്ങേയ്ക്കും അറിയാമെന്നാണ് തോന്നുന്നത്. അതിനൊരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി പരിശോധന നടത്തി യോഗ്യരായവരെ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. കോടതിയിലുള്ള കാര്യമായതുകൊണ്ട് ഞാനതിന്റെ ഉള്ളറകളിലേയ്ക്ക് പോകുന്നില്ല. എന്നാൽ ആ ഘട്ടത്തിൽ സീനിയറായൊരാൾ ഇങ്ങോട്ട് വരാൻ പോകുകയായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ആളിന്റെ പേര് എനിക്ക് അറിയാത്തതു കൊണ്ടല്ല, കോടതിയുടെ പരിഗണനയിലുള്ള കാര്യമായതുകൊണ്ട് ആ പേര് ഞാൻ പറയുന്നില്ല. അദ്ദേഹം ഇവിടെ വന്നാൽ അദ്ദേഹത്തെ നിയമിക്കണം. അദ്ദേഹം വരാൻ തയ്യാറാണെന്ന് അറിയിച്ചുകഴിഞ്ഞു. അതിൽനിന്നും പെട്ടെന്ന് മാറിപ്പോകാനുള്ള നിലാപാടെന്ന നിലയ്ക്ക് നിങ്ങൾ മറ്റൊരു പരിശോധനയുമില്ലാതെ ക്യാബിനറ്റിൽ ഇദ്ദേഹത്തെ തീരുമാനിക്കുകയായിരുന്നു. സാധാരണനിലയിലുള്ള ഒരു പ്രൊസീഡ്യൂവറും അംഗീകരിച്ചില്ല. ആ ഭാഗമാണ് illegal ആണെന്നുപറഞ്ഞത്. അതിനെക്കുറിച്ചാണ് ആ പരാമർശം.

ഡോ. എം. കെ. മുനീർ: സർ, കൺക്ലൂഷനിൽ പറയുന്ന കാര്യംതന്നെ നോക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 88-ാം ഖണ്ഡികയുടെ തുടർച്ചയാണത്. അന്നത്തെ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ...(മൈക്ക് ഓഫ്)....

ഡോ. എം. കെ. മുനീർ: സർ, 95-ന്റെ തുടർച്ചയാണല്ലോ 96. അതിൽ പറയുന്നത് under the circumstances we are compel to act....... set aside the judgement and order of the Central Administrative Tribunal, the impugned judgement and order of the High Court as well as the order dated 1st June 2016 and direct the State of Kerala to re-instate the appellant Dr. T.P. Sen Kumar as the State Police Chief... കൺക്ലൂഷനിലെത്തുന്ന സമയത്ത് അങ്ങ് ഇവിടെ പറഞ്ഞ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും വിധി set aside ചെയ്ത് ഡോ. ടി. പി. സെൻകുമാറിനെ നിയമിക്കാൻ പറഞ്ഞിരിക്കുന്നു. ഇതിൽ അവധാനത വേണമെന്നാണ് അങ്ങ് പറയുന്നത്. പുറത്താക്കാൻ 3 ദിവസത്തെ അവധാനതയുടെ ആവശ്യമില്ല. ഇത്രയും ദിവസംകഴിഞ്ഞിട്ടും തിരിച്ചെടുക്കാൻ

അവധാനത വേണമെന്ന് പറയുന്നതിലാണ് ഞങ്ങൾക്ക് സംശയം. ഇനി അദ്ദേഹത്തിന് 2 മാസമേ സർവ്വീസുള്ളൂ. ആ രണ്ടു മാസത്തിൽ ഇനിയും എത്ര ദിവസം എടുക്കാൻ പറ്റുമെന്നാണ് നിങ്ങൾ പരിശോധിക്കുന്നതെങ്കിൽ അത് ശക്തമായ കോടതിയലക്ഷ്യമായി മാറാനുള്ള സാദ്ധ്യതയുണ്ടെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്. അങ്ങ് ഇപ്പോൾ അദ്ദേഹത്തിന്റെ കുഴപ്പങ്ങളെക്കുറിച്ച് പറഞ്ഞല്ലോ? ഡോ. ടി. പി. സെൻകുമാറിന്റെ പഴയകാലത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. 1998-ൽ ടി. എം. ജേക്കബ്ബും ശ്രീ. കൃഷ്ണകുമാറുമായി (ഇ. കെ. നായനാരുടെ മകൻ) ബന്ധപ്പെട്ട കേസിൽ ഡോ. ടി. പി. സെൻകുമാർ സത്യസന്ധമായി പെരുമാറിയെന്നുപറഞ്ഞ് അദ്ദേഹത്തിന്റെ തലയിൽ ഒരു കിരീടം വച്ചുകൊടുത്തത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് ഓർക്കണം. 1996-ൽ സി.ബി.ഐ.-യിൽനിന്നും ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ട കേസ് മാറ്റിയപ്പോൾ അതന്വേഷിക്കാൻ ഇ. കെ. നയനാർ കണ്ടെത്തിയ ഏറ്റവും നല്ല ഉദ്യോഗസ്ഥൻ ഡോ. ടി. പി. സെൻകുമാർ ആയിരുന്നുവെന്ന് അന്നത്തെ പത്രങ്ങൾ പറഞ്ഞിട്ടുണ്ട്. ഫ്രഞ്ച് ചാരക്കേസുമായി ബന്ധപ്പെട്ട കേസ് വന്നപ്പോൾ ഡോ. ടി. പി. സെൻകുമാർ നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടവനായിരുന്നു. അതുപോലെ ബി.ജെ.പി. നേതാവായിരുന്ന ഒറ്റപ്പാലത്തുള്ള ശ്രീധരനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി കാര്യങ്ങൾ അവതരിപ്പിച്ച് 9 സി.പി.ഐ.(എം) പ്രവർത്തകർ അതിൽനിന്ന് രക്ഷപ്പെട്ടപ്പോൾ ഡോ. ടി. പി. സെൻകുമാർ നിങ്ങൾക്ക് വേണ്ടപ്പെട്ട വനായിരുന്നു. നിങ്ങൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ അദ്ദേഹം അമ്പലപ്പുഴ പാൽപ്പായസവും ആവശ്യമില്ലാത്തപ്പോൾ പാവയ്ക്കാ നീരും. എങ്ങനെയാണ് ഒരു വ്യക്തിയോട് രണ്ടു രീതിയിലുള്ള സമീപനമുണ്ടാകുന്നത്? നിങ്ങൾ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിലുള്ള അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എടുത്തു നോക്കുക. അദ്ദേഹത്തിന് എപ്പോഴും പത്ത് മാർക്കാണ് കിട്ടിയിട്ടുള്ളത്. രാഷ്ട്രീയ ഭേദമെന്യേ ഏത് ഭാഗത്തുള്ളവരും the best officer/out standing officer എന്ന പട്ടം കൊടുത്തിട്ടുള്ള അദ്ദേഹത്തെ ഡി.ജി.പി. ആക്കുന്നതിന് അധികം ആലോചി ക്കേണ്ടതില്ല. അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാത്രം നോക്കിയാൽ മതി. പക്ഷേ അദ്ദേഹത്തെ പുറത്താക്കുമ്പോൾ ഈ കോൺഫിഡൻഷ്യൽ റിപ്പോർട്ടൊക്കെ വലിയ പ്രശ്നമായി മാറുമെന്നാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്. അങ്ങ് പിടിവാശി അവസാനിപ്പിക്കണം. കാരണം, പല പിടിവാശികളും പല യുദ്ധങ്ങളിലേയ്ക്ക് പോയിട്ടുണ്ട്. ദുര്യോധനന്റെ അടുത്ത് ശ്രീകൃഷ്ണൻ സന്ദേശകനായി നേരിട്ടുവന്ന് നിങ്ങൾ പകുതി രാജ്യം കൊടുക്കൂ അല്ലെങ്കിൽ അഞ്ച് ഗ്രാമം കൊടുക്കൂ, അഞ്ച് വീട് കൊടുക്കൂ, ഒരു വീടെങ്കിലും കൊടുക്കുവെന്ന് പറഞ്ഞ് വാശി പിടിച്ചതിന്റെ പേരിലുണ്ടായ യുദ്ധത്തെക്കുറിച്ച് അങ്ങേയ്ക്കറിയാം. ദയവുചെയ്ത് ഇത്തരം യുദ്ധങ്ങളുണ്ടാക്കാതെ ന്യായമായും അദ്ദേഹത്തിന് കിട്ടേണ്ടത് എത്രയും പെട്ടെന്ന് കൊടുത്തില്ലെങ്കിൽ അടുത്ത കോടതിയലക്ഷ്യംകൂടി ഈ സർക്കാരിനുമേൽ ഡെമോക്ലിസിന്റെ വാൾ പോലെ നിൽക്കും. ആ നാണക്കേട് ഒഴിവാക്കാൻ ശ്രമിക്കുന്നതായിരിക്കും നല്ലതെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സി.പി.ഐ.-യുടെ ആഭ്യന്തര മന്ത്രി ശ്രീ. ഇന്ദ്രജിത്ത്

ഗ്രൂപ്പിയാണ് രാഷ്ട്രീയ ഇടപെടലുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞ്, 1996-ൽ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും കത്തെഴുതിയത്. അതാണ് പോലീസ് ആക്ടിൽത്തന്നെ ഭേദഗതിയുണ്ടാകുന്ന വിപ്ലവകരമായ തീരുമാനങ്ങളിലേയ്ക്കെത്തുന്നത്. അദ്ദേഹത്തെ ഓർത്തെങ്കിലും നിങ്ങൾ ഇക്കാര്യത്തിൽ ഇന്നുതന്നെ നടപടിയെടുത്തു കൊണ്ട് നിങ്ങളുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നത് നല്ലതാണെന്ന് പറഞ്ഞുകൊണ്ട്, ഇത്രയും ഗൗരവമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ശ്രീ. ലോക്നാഥ് ബെഹ്റ മോശക്കാരനാണെന്നോ ഡോ. ടി. പി. സെൻകുമാർ മിടുക്കനാണെന്നോ അല്ല ഞങ്ങൾ പറയുന്നത്. ഇവിടെ സുപ്രീംകോടതി വിധി നടപ്പിലാക്കുക എന്നതാണ് ആവശ്യം. അത് ജനാധിപത്യത്തിന്റെ അനിവാര്യതയാണെന്ന് സർക്കാർ മനസ്സിലാക്കണം. കോടതി പരാമർശത്തിന്റെ പേരിൽപോലും ഈ സംസ്ഥാനത്തും രാജ്യത്തും മന്ത്രിമാർ രാജിവച്ചിട്ടുണ്ട്. ഒരു സ്പീക്കിംഗ് ഓർഡർ സർക്കാരിന്റെ മുമ്പിൽ വന്നിട്ട് ഒരാഴ്ച പിന്നിട്ടിട്ടും സർക്കാർ നിശബ്ദത പാലിക്കുന്നു എന്നുള്ളത് അംഗീകരിക്കാൻ കഴിയില്ല. അദ്ദേഹത്തെ പോലീസ് ചീഫായി റീ-ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് വളരെ കൃത്യമായി കോടതി ഉത്തരവ് നിലനിൽക്കുമ്പോഴും അനാവശ്യമായ കാലതാമസമാണ് സർക്കാരുണ്ടാക്കുന്നത്. ഒരിക്കലും ഒരു സർക്കാരിന് അത് ഭൂഷണമാകുമെന്ന് ഞാൻ കരുതുന്നില്ല. പല കാരണങ്ങളാൽ ക്രമസമാധാന പ്രശ്നങ്ങൾ പല സന്ദർഭങ്ങളിലും കേരളത്തിലുണ്ടാകുന്നുണ്ട്. അത്തരത്തിലുള്ള വിഷയങ്ങൾക്ക് ആക്കം കൂട്ടുന്ന നിലയിലേയ്ക്ക് ഈ പ്രശ്നവും കടന്നുവരികയാണ്. ഡി.ജി.പി. ആയിരുന്ന ഡോ. ടി. പി. സെൻകുമാറിനെ മാറ്റാൻ സർക്കാർ സ്വീകരിച്ച നടപടികളും പുതിയ ഡി.ജി.പി. വന്നതിനുശേഷം കേരള ത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങളുമൊക്കെ നിയമസഭയ്ക്കകത്തും പുറത്തും ധാരാളം ചർച്ച ചെയ്തതാണ്. അതുകൊണ്ട് അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരുദ്യോഗസ്ഥനെ മാറ്റുമ്പോൾ അത് കൃത്യമായ നിലയിൽ എന്തുകൊണ്ടാണെന്ന് പറയാനോ ബോദ്ധ്യപ്പെടുത്താനോ സർക്കാരിന് കഴിഞ്ഞില്ലെന്നുള്ളതാണ് സുപ്രീംകോടതി വിധിക്ക് അടിസ്ഥാനം. കോടതിവിധി നടപ്പിലാക്കി ജനാധിപത്യത്തിന്റെ അന്തസ്സ് സംരക്ഷിക്കാൻ ഈ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സംസ്ഥാനത്ത് ഒരു ഡി.ജി.പി ഇല്ലാതായിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ സർക്കാരിന് അവകാശമുണ്ട്. അതിന് ഇത്രയും സമയമെടുക്കേണ്ട കാര്യമില്ല. റിവിഷൻ പെറ്റീഷൻ കൊടുക്കുന്നില്ലെന്ന് തീരുമാനിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ നിയമോപദേശം സ്വീകരിച്ചുകൊണ്ട് സുപ്രീംകോടതി വിധി നടപ്പാക്കുമെന്ന് അങ്ങിവിടെ പറഞ്ഞ സാഹചര്യത്തിൽ അനാവശ്യമായ കാലവിളംബം ഒഴിവാക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഡോ. ടി. പി. സെൻകുമാർ കേസിൽ ഈ സർക്കാർ പിന്തുടരുന്ന പക്ഷപാതപരമായ സമീപനങ്ങളും പിടിപ്പുകേടും നീതിനിഷേധവും നിയമസംവിധാനം സംരക്ഷിക്കുന്ന കാര്യത്തിൽ രാഷ്ട്രീയമായ പരിഗണനയുണ്ടെന്നുമുള്ള ആരോപണങ്ങളൊക്കെ പുറത്തുവന്ന സാഹചര്യത്തിൽ ഈ സർക്കാരിന്റെ പൂർണ്ണമായ പരാജയം പകൽപോലെ വ്യക്തമായിട്ടുണ്ട്. ഈ രീതിയിലാണ് പോകുന്നതെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടിനെ രക്ഷിക്കാൻ ആർക്കും സാദ്ധ്യമല്ലെന്ന് സുപ്രീംകോടതി വെറുതെയല്ല പറയുന്നത്. മുൻ സർക്കാരിനെപ്പറ്റിയാണ് സുപ്രീംകോടതി പറഞ്ഞതെന്ന് വ്യാഖ്യാനിക്കാനുള്ള വൃഥാശ്രമമാണ് അങ്ങ് നടത്തുന്നത്. കോടതിവിധി വ്യക്തമായതിനു ശേഷം അത് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കാതെ വീണ്ടും ആ ഉദ്യോഗസ്ഥനെ അപമാനിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. സുപ്രീംകോടതിവിധി ഈ സർക്കാരിനെ സംബന്ധിച്ചുള്ളതാണെന്നത് പകൽപോലെ വ്യക്തമാണ്. ഈ മന്ത്രിസഭ അധികാരത്തിലേറി 2 ദിവസം കഴിഞ്ഞപ്പോൾ ഒരു അഴിമതി ആരോപണത്തിനും വിധേയനാകാത്ത, നല്ല പേര് സമ്പാദിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ ഈ രീതിയിൽ അപമാനിക്കാൻ സാധിച്ചുവെന്ന് പറഞ്ഞാൽ അതിന്റെ പിറകിൽ ചില നാടകങ്ങൾ നടന്നിട്ടുണ്ടെന്നത് വ്യക്തമാണ്. ആ രേഖകളൊക്കെ പരിശോധിക്കാൻ സുപ്രീംകോടതിക്ക് അവസരം കിട്ടിയതുകൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാടിനെ ആർക്കും സംരക്ഷിക്കാൻ സാദ്ധ്യമല്ലെന്ന് പറയേണ്ടി വന്നത്. അത് ശരിയാണെന്ന് തെളിയിക്കുന്ന തരത്തിലുള്ളതാണ് അതിനുശേഷമുള്ള നടപടികൾ. വളരെ ദൗർഭാഗ്യകരമായ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ വ്യാവസായികരംഗത്ത് വലിയ പ്രതീക്ഷകൾ നൽകിയ പൊതുമേഖലാ സ്ഥാപനമാണ് കെൽടെക്. സാങ്കേതിക പരിജ്ഞാനമുള്ള എക്സ്പെർട്ടുകൾ പണിയെടുത്ത ഈ സ്ഥാപനത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ, ജി.ഒ. (എംഎസ്.) നമ്പർ 39/2007/ഡി.ആർ.ഡി.ഒ. നമ്പർ ഉത്തരവുപ്രകാരം പ്രതിരോധ മേഖലയ്ക്ക് കൈമാറി. എന്നാൽ ജി.ഒ.(എംഎസ്.) നമ്പർ 129/2007-ാം നമ്പർ ഉത്തരവുപ്രകാരം പ്രതിരോധ മേഖല ആ സ്ഥാപനത്തെ ബ്രഹ്മോസ് കമ്പനിക്ക് കൈമാറി. ബ്രഹ്മോസ് ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമല്ല. അവിടെ മിസൈലാണ് ഉല്പാദിപ്പിക്കുന്നത്. ബ്രഹ്മോസിന്റെ പ്രവർത്തനം ആരംഭിച്ചത് കേന്ദ്ര സർക്കാരാണോ സംസ്ഥാന സർക്കാരാണോ റഷ്യൻ കമ്പനിയാണോ എന്നത് സംബന്ധിച്ച യാതൊരു വ്യക്തതയും ഇന്ന് സർക്കാരിനില്ല. ഇതിനുവേണ്ടി നടത്തിയ അന്വേഷണങ്ങളിൽ നിന്നും വ്യക്തമായ ഒരുത്തരവും ലഭിക്കുന്നില്ല. ഇന്ന് ഈ സ്ഥാപനം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്തുള്ള, സംസ്ഥാനത്തിന്റെ 24 ഏക്കർ സ്ഥലം ബ്രഹ്മോസ്സിന് കൈമാറി. ഇത് കൈമാറുന്നതിന്റെ ഫലമായി 100 കോടി രൂപ അധികമായി വിനിയോഗിക്കുമെന്നും കേരളത്തിലെ മലയാളികൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുമെന്നുമാണ് അന്ന് പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. അതൊന്നും അവിടെ നടന്നിട്ടില്ല, എന്നാൽ ഭൂമി കയ്യടക്കിയിട്ടുണ്ട്. അവിടെ പുതിയ നിയമനങ്ങളില്ല, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുകയാണ്. ഇതൊരു സ്വകാര്യ സ്ഥാപനമാണ്. ജീവനക്കാർക്ക് ന്യായമായ പ്രൊമോഷൻ കൊടുക്കുകയോ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നില്ല. വികസനത്തിനുവേണ്ടിയാണ് ഈ ഭൂമി വാങ്ങിയത്. എന്നാൽ വികസനം നടക്കുന്നുമില്ല. ഗുരുതരമായ അഴിമതി അവിടെ നടക്കുന്നുണ്ടെന്നാണ് ജീവനക്കാർ പറയുന്നത്. ഇക്കാര്യം സംസ്ഥാന സർക്കാർ വ്യക്തമാക്കേണ്ടതാണ്. ഇത് പൊതുമേഖലാ സ്ഥാപനമാണോ; കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലാണോ; സ്വകാര്യ മേഖലയാണോ; ഇതിന്റെ മാനേജ്മെന്റ് ആരാണ്; 24 ഏക്കർ സർക്കാർ ഭൂമി ദുരുപയോഗം ചെയ്യുന്നതാരാണ്; ഈ സ്ഥലം അവർക്ക് ആവശ്യമുണ്ടോ; ഇല്ലെങ്കിൽ, ആ സ്ഥലം തിരിച്ചെടുക്കേണ്ടതല്ലേ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണം. ഈ വിഷയത്തിൽ കേരളത്തെ പറ്റിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിരന്തരമായ പരിശോധനയിൽ കേരളത്തിന് കാലാകാലങ്ങളിൽ നൽകേണ്ട കേന്ദ്രവിഹിതം കിട്ടുന്നില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റ് തുലയ്ക്കുകയാണ്. ആ കൂട്ടത്തിൽ ബ്രഹ്മോസും സ്വകാര്യമേഖലയ്ക്ക് പൂർണ്ണമായി കീഴടങ്ങും. അങ്ങനെ വരുമ്പോൾ നമ്മുടെ സ്ഥലവും നഷ്ടപ്പെടും. സംസ്ഥാന സർക്കാരിന്റെ കോടിക്കണക്കിന് രൂപയുടെ മെഷിനറികൾ അവർ കൈകാര്യം ചെയ്യുകയാണ്. ഇതുകൊണ്ട് സംസ്ഥാന സർക്കാരിന് എന്ത് ഗുണമുണ്ടായി എന്നത് പരിശോധിക്കണം. ഈ വിഷയം ഗൗരവമായി സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരികയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാന വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഇൻഡോ-റഷ്യൻ സംയുക്ത സംരംഭമായ ബ്രഹ്മോസ് എയ്റോ സ്പേസ് ലിമിറ്റഡിന് 2007 ഡിസംബർ 31-നാണ് കൈമാറിയത്. ബ്രഹ്മോസ് എയ്റോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡിൽ 50:50 ശതമാനം ഓഹരി പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് റിസർച്ച് ആന്റ് ഡെലപ്മെന്റ് ഓർഗനൈസേഷനും 49:50 ശതമാനം പങ്കാളിത്തം റഷ്യൻ ഫെഡറേഷനുമാണ്. കെൽടെക്-നെ ഏറ്റെടുത്തശേഷം ബ്രഹ്മോസ് എയ്റോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ് പൂർണ്ണ അധീനതയിലുള്ള സബ്സിഡിയറി യൂണിറ്റായി. ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിലാണ് ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതൊരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമല്ല. ഐ.എസ്.ആർ.ഒ., ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ, ഭാഭ അറ്റോമിക് റിസർച്ച് സെന്റർ എന്നിവയ്ക്കും മറ്റ് എയ്റോ സ്പേസ് വ്യവസായങ്ങൾക്കാവശ്യമായ എയ്റോ സ്പേസ് കമ്പോണന്റിന്റെയും സിസ്റ്റങ്ങളുടേയും ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഈ സ്ഥാപനം നടത്തുന്നത്. കമ്പനിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഏറ്റെടുത്തശേഷം ഈ യൂണിറ്റിൽ 2008-09 സാമ്പത്തിക വർഷം ഡി.ആർ.ഡി.ഒ. 50 കോടി രൂപയുടെയും ഐ.എസ്.ആർ.ഒ. 25 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. കൂടാതെ 15.20 കോടി രൂപയുടെ നിക്ഷേപം ബ്രഹ്മോസ് നേരിട്ടും ഉല്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനുമായി നടത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കമ്പനിയുടെ വിറ്റുവരവിൽ വർദ്ധനവുണ്ടാകുകയും മിതമായ ലാഭം നേടുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് നിലവിലുണ്ടായിരുന്ന ആസ്തികളും കടങ്ങളും കമ്പനി ഏറ്റെടുത്തിരുന്നു. കമ്പനിയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഏറ്റെടുക്കലിനുശേഷം 2008-ലും 2013-ലും ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ട്. തൊഴിലാളികളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് രണ്ട് ട്രേഡ് യൂണിയനുകളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് നൽകിയ പരാതി ഇതുവരെ തീർപ്പായിട്ടില്ല. എങ്കിലും തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തി കോടതി ഉത്തരവിന് വിധേയമായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി തൊഴിലാളികൾക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ട ചില ഗൗരവമേറിയ വിഷയങ്ങൾ ഇവിടെ ഉന്നയിച്ചു. ആ വിഷയവും സംസ്ഥാന സർക്കാരിന്റെ പരിധിക്കകത്തുനിന്ന് ഇടപെടുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബ്രഹ്മോസിന്റെ മാനേജ്മെന്റ് ആരാണ്; സംസ്ഥാന സർക്കാരിന് എന്തുപങ്കാണ് ഈ സ്ഥാപനത്തിലുള്ളത്; ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ എന്നതൊക്കെ അറിയണം. 24 ഏക്കർ സ്ഥലവും കോടിക്കണക്കിന് രൂപയുടെ മെഷിനറിയും കൊടുത്തിട്ട് സംസ്ഥാന സർക്കാർ നോക്കുകുത്തിയായി നിൽക്കുകയാണോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമല്ല. ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന് കൈമാറിയശേഷം 50:50 ശതമാനം ഓഹരി പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷനും 49:50 ശതമാനം റഷ്യൻ പങ്കാളിത്തമുള്ള ഒരു സ്ഥാപനത്തിനുമാണ്. സംസ്ഥാന സർക്കാരിന് പങ്കാളിത്തമില്ലെന്ന കാര്യം ശരിയാണ്. അത്തരത്തിലൊരു സ്ഥാപനമായിട്ടാണ് ഇപ്പോൾ അത് നിലനിൽക്കുന്നത്.

## (2) കറൻസി നോട്ടുകളുടെ ക്ഷാമം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാനം ഏതാനും ആഴ്ചകളായി കടുത്ത കറൻസി നോട്ട് ക്ഷാമത്തിന്റെ പിടിയിലാണ്. കഴിഞ്ഞ വർഷം നവംബർ-8-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനത്തെത്തുടർന്ന് ബാങ്കുകൾക്കും എ.ടി.എം.-കൾക്കും മുന്നിൽ രൂപപ്പെട്ട നീണ്ടവരികൾ ഇപ്പോൾ വീണ്ടും രൂപപ്പെട്ടിരിക്കുകയാണ്. നിരോധിച്ച നോട്ടുകൾ ബാങ്കിൽ കൊടുത്ത് മാറ്റിയെടുക്കുന്നതിനായിരുന്നു അന്ന് ജനം ക്യൂ നിന്നിരുന്നതെങ്കിൽ ഇപ്പോൾ ബാങ്കിൽ നിക്ഷേപിച്ച നോട്ടുകൾ തിരിച്ചുകിട്ടുന്നതിന് അതേ ബാങ്കുകൾക്ക് മുന്നിൽത്തന്നെ കാത്തുനിൽക്കുകയാണ് ചെയ്യുന്നതെന്ന വ്യത്യാസമേയുള്ളൂ. കറൻസി നോട്ടിന്റെ കടുത്തക്ഷാമം സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിലുണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ വഴി സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിലേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ്.

കേരളം വിഷു, ഈസ്റ്റർ ആഘോഷങ്ങളിലേയ്ക്ക് കടന്ന സന്ദർഭത്തിലാണ് വൻതോതിലുള്ള നോട്ട് ക്ഷാമം ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയത്. ട്രഷറികളിൽ പണമില്ലാത്ത കാരണത്താൽ ക്ഷേമപെൻഷൻ വിതരണം മുടങ്ങി. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ജീവിതത്തെയാണ് നോട്ട് പ്രതിസന്ധി തകിടം മറിച്ചത്. വിഷു സീസണിൽ സാധാരണ നടക്കേണ്ട കച്ചവടങ്ങളും വിപണനങ്ങളും വലിയ തോതിൽ നടന്നില്ല. സമ്പദ്ഘടനയും ജനജീവിതവും ഒരുപോലെ ചടുലമാകേണ്ട സന്ദർഭത്തിൽ എല്ലാം സ്തംഭിപ്പിക്കുന്ന മാന്ദ്യമാണ് കടന്നുവന്നത്. അതോടൊപ്പം സർക്കാരും നിസ്സംഗത പാലിച്ചതോടെ ജനജീവിതം ദുസ്സഹമായി. സർക്കാർ അൽപ്പമെങ്കിലും ഉണർന്ന് പ്രവർത്തിച്ചിരുന്നെങ്കിൽ സ്ഥിതിഗതികളിൽ

അൽപ്പം മാറ്റം വരുമായിരുന്നു. പ്രത്യേകിച്ചും മലബാർ മേഖലകളിലാണ് ബുദ്ധിമുട്ട് കൂടുതൽ അനുഭവപ്പെട്ടത്. എ.ടി.എം.-കൾ നോക്കുകുത്തികളായി തുടരുന്നു. കേരളത്തിലെ എല്ലാ ബാങ്കുകൾക്കുമായി 9093 എ.ടി.എം.-കളാണുള്ളത്. ഇതിൽ ഏതാണ്ട് 40 ശതമാനത്തോളം എ.ടി.എം.-കളും പതിവായി പ്രവർത്തിക്കുന്നവയല്ല. നോട്ടില്ലെന്ന് പറഞ്ഞ് ബാങ്കുകൾ കൈമലർത്തുകയാണ്. റിസർവ് ബാങ്കിൽനിന്നും പണം ലഭിക്കുന്നില്ലെന്നാണ് ബാങ്കുകളുടെ വിശദീകരണം. റിസർവ് ബാങ്ക് നോട്ട് നിരോധന കാലത്ത് അവലംബിച്ചിരുന്ന മൗനം ഇപ്പോഴും തുടരുകയാണ്. ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറൻസിയുടെ ലഭ്യത കുറയ്ക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. കേരളത്തിനുള്ള കറൻസി ലഭ്യതയിൽ റിസർവ് ബാങ്ക് 26 ശതമാനം കുറവ് വരുത്തിയതായാണ് വാർത്ത. നോട്ട് നിരോധിക്കുന്നതിനുമുമ്പ് 17.97 ലക്ഷം കോടി രൂപയുടെ നോട്ടുണ്ടായിരുന്ന സംസ്ഥാനത്ത് ഈ മാർച്ച് 31-ന് പ്രചാരത്തിലുണ്ടായിരുന്നത് 13.35 ലക്ഷം കോടി രൂപ മാത്രമാണ്. 500, 1,000 രൂപ നോട്ടുകൾ പിൻവലിക്കുക വഴി രാജ്യത്ത് പ്രചാരത്തിലുണ്ടായിരുന്ന 86 ശതമാനം നോട്ടുകളാണ് പിൻവലിക്കപ്പെട്ടത്. പകരം പുതിയ നോട്ടുകൾ വന്നപ്പോഴും ഈ മൂല്യം നികത്തപ്പെട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നോട്ട് നിരോധിച്ചപ്പോൾ എത്ര ലക്ഷം കോടി രൂപയുടെ പഴയ നോട്ടുകളാണ് ബാങ്കുകളിൽ തിരിച്ചെത്തിയതെന്ന കണക്കുപോലും ഔദ്യോഗികമായി പുറത്തുവന്നിട്ടില്ല. ഇക്കാര്യത്തിലൊന്നും വ്യക്തതയില്ലാത്ത സാഹചര്യത്തിൽ നോട്ട് ക്ഷാമം എന്നത്തേയ്ക്ക് തീരുമെന്നതിന് ഒരു നിശ്ചയവുമില്ല. കേരളം ഉൾപ്പെടെയുള്ള രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും കറൻസി നോട്ടിന്റെ ക്ഷാമത്തിലാണ്. നോട്ട് ക്ഷാമം ഏറെ ബാധിച്ചത് മലബാർ മേഖലയെയാണ്. സംസ്ഥാനത്തെ ബാങ്കുകൾക്ക് ഇരുന്നൂറ്റമ്പതോളം ക്യാഷ് ചെസ്റ്റുകളാണുള്ളത്. ഇവയിൽ 100 കോടി രൂപ മുതൽ 250 കോടി രൂപ വരെ നോട്ട് നിരോധനത്തിനുമുമ്പ് സ്റ്റോക്കുണ്ടായിരുന്നു. എന്നാൽ അതിപ്പോൾ അഞ്ചും പത്തും കോടി രൂപയായി കുറഞ്ഞിരിക്കുന്നു. മാഹിയുൾപ്പെടെ മലബാറിലെ ഏഴ് ജില്ലകളിൽ സംസ്ഥാനത്തെ ആകെ ക്യാഷ് ചെസ്റ്റുകളുടെ മൂന്നിലൊന്ന് മാത്രമാണുള്ളത്. അവിടത്തെ ക്യാഷ് ചെസ്റ്റുകളിൽ പലപ്പോഴും ഒരു കോടി രൂപയിൽ താഴെ മാത്രമാണുണ്ടാകുന്നത്. അതായത് സംസ്ഥാനത്താകെ അനുഭവപ്പെടുന്ന നോട്ട് ക്ഷാമം മലബാറിലെത്തുമ്പോൾ മറ്റെല്ലാ കാര്യങ്ങളിലുമെന്ന പോലെ രൂക്ഷമാവുകയാണ്. പണം പിൻവലിക്കൽ, അക്കൗണ്ടിലുള്ള പണം കൈമാറൽ, എ.ടി.എം. ഉപയോഗം തുടങ്ങിയ വിവിധ ബാങ്കിംഗ് സേവന മേഖലകളിൽ കൊണ്ടു വന്ന വ്യാപകമായ ഫീസുകളും പിഴകളും ജനങ്ങളെ പ്രയാസപ്പെടുത്തുന്നവയാണ്. ഇത് ഭയന്ന് ജനങ്ങൾ കറൻസി നോട്ടുകൾ വൻതോതിൽ കയ്യിൽ സൂക്ഷിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. കറൻസി നോട്ടുകളുടെ സ്വാഭാവികമായ

ഒഴുക്കിനെ ഇത് ബാധിച്ചിട്ടുണ്ട്. പുതിയ നോട്ട് ക്ഷാമത്തിന് ഇതൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ബാങ്കിംഗ് പ്രസ്ഥാനത്തെക്കുറിച്ച് ജനങ്ങളുടെ അവിശ്വാസവും അനാദരവും നാൾക്കുനാൾ വർദ്ധിക്കുന്നതാണ് പുതിയ സംഭവ വികാസങ്ങൾ. തങ്ങൾ സ്വന്തമായി അദ്ധ്വാനിച്ച് ബാങ്കുകളിൽ നിക്ഷേപിച്ച പണം അത്യാവശ്യ കാര്യങ്ങൾക്കുപോലും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. മലബാറിൽ എല്ലാ സ്ഥലത്തും എ.ടി.എം.-കൾ അടഞ്ഞുകിടക്കുകയാണ്. ജനങ്ങൾ വളരെയധികം കഷ്ടപ്പെടുകയാണ്. പണം തങ്ങളുടെ അത്യാവശ്യ കാര്യങ്ങൾക്കുപോലും ലഭ്യമാകാത്ത സാഹചര്യത്തെ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ പോലെയുള്ളവർ 'കൊള്ള' എന്നാണ് വിശേഷിപ്പിച്ചതെന്ന കാര്യം സ്മരണീയമാണ്. സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ ബിവറേജസ് കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ. തുടങ്ങിയവയുടെ ദൈനംദിന കളക്ഷനുകളും മറ്റും ട്രഷറികളിൽ നിക്ഷേപിച്ച് സംസ്ഥാന സർക്കാർ ചില ശ്രമങ്ങൾ നടത്തുന്നുവെന്നത് അൽപ്പം ആശ്വാസകരമാണ്. നോട്ടില്ലാതെ ഡിജിറ്റൽ ഇടപാടിന് നിർബന്ധിതരാക്കുക, ആനുകൂല്യങ്ങൾ പിൻവലിച്ച് അത്തരം ഇടപാടുകൾ തുടരാനുള്ള നിർബന്ധിത സാഹചര്യം സൃഷ്ടിക്കുക എന്ന തന്ത്രമാണ് ഇപ്പോൾ കേന്ദ്ര സർക്കാരും റിസർവ് ബാങ്കും തുടരുന്നത്. ഇത് അത്യന്തം അപകടകരമാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകിടം മറിക്കുന്ന നോട്ട് പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ അതീവ ഗൗരവമായ ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. അതിനുള്ള ഉത്തരവും അദ്ദേഹം നൽകിക്കഴിഞ്ഞു. നവംബർ 8-ന് 500, 1,000 രൂപയുടെ നോട്ടുകൾ പിൻവലിച്ചപ്പോൾ നമ്മുടെ സമ്പദ്ഘടനയിൽ പ്രചാരത്തിലിരുന്ന 85 ശതമാനം പണവും പിൻവലിക്കപ്പെട്ടു. Demonetization ആരംഭിച്ചപ്പോൾ വളരെ വേഗത്തിൽത്തന്നെ നോട്ടിന്റെ ലഭ്യത വർദ്ധിക്കും, കാര്യങ്ങൾ സാധാരണഗതിയിലാകുമെന്നാണ് എല്ലാവരും കരുതിയത്. പക്ഷേ ആ പ്രതീക്ഷകളൊക്കെ തകിടം മറിക്കുന്ന അനുഭവങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ വിഷുക്കാലത്ത് കറൻസിക്ഷാമം രൂക്ഷമാകുകയും നീണ്ട ക്യൂ വരികയും അത് ആഘോഷങ്ങളെയൊക്കെ ബാധിക്കുകയും ചെയ്തു. ഇതിന്റെ കാരണമെന്താണെന്ന് ഇപ്പോഴും പറയാൻ പറ്റില്ല.

ഒന്നാമതായി, സാധന കൈമാറ്റത്തിനുള്ളതാണ് പണം. എത്രമാത്രം സാധനങ്ങൾ കൈമാറാനുണ്ടോ അത്രയും തുകയുടെ പണം ഒരുവർഷം നമുക്ക് വേണ്ടിവരും. ആ പണത്തിന്റെ വലിപ്പം അങ്ങനെ നിശ്ചയിക്കപ്പെടുകയാണ്. പക്ഷേ പണം എന്നു പറഞ്ഞാൽ നോട്ട് മാത്രമല്ല; ഒരു നോട്ട് പലതവണ നമുക്ക് കൈമാറാൻ സാധിക്കും. എത്ര നോട്ടുണ്ട്, അതെത്ര വേഗത്തിൽ കൈമാറുന്നു എന്നിവയെ ആശ്രയിച്ചിരിക്കും

പണത്തിന്റെ ലഭ്യത. ഇവിടെ രണ്ടുകാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നോട്ട് പിൻവലിച്ചെങ്കിലും കൂടുതൽ നോട്ടുകൾ അച്ചടിക്കുന്നുണ്ട്. അച്ചടിക്കുന്ന നോട്ടിൽ കേരളത്തിന് നൽകുന്ന വിഹിതം കുറഞ്ഞുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. തങ്ങളാവശ്യപ്പെടുന്ന പണം ലഭിക്കുന്നില്ലെന്ന് ബാങ്കുകൾ പരാതിപ്പെടുന്നുമുണ്ട്. പക്ഷേ നോട്ടുകൾ കൈമാറുന്നതിൽ ഗണ്യമായ കുറവ് വന്നു. ബാങ്കിംഗ് ഇടപാടുകൾക്ക് ഫീസുകളും സർവ്വീസ് ചാർജ്ജുകളും ഏർപ്പെടുത്താൻ തുടങ്ങിയപ്പോൾ കയ്യിൽ പണമുള്ളവർ ബാങ്കിൽ നിക്ഷേപിക്കാതെ കയ്യിൽത്തന്നെ സൂക്ഷിക്കാൻ തുടങ്ങി. പണം hoard ചെയ്യപ്പെടുന്നതിന്റെ ഫലമായി മൊത്തം ചംക്രമണ വേഗത കുറഞ്ഞപ്പോൾ പണലഭ്യതയിൽ ഇടിവുണ്ടായി. ഈ പ്രശ്നം കേന്ദ്രസർക്കാരിന്റെ തെറ്റായ ബാങ്കിംഗ് നയത്തിന്റെ ഫലമായിട്ടാണ് വന്നത്. ഇക്കാര്യം പലതവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയുമുണ്ടായി. പക്ഷേ പ്രശ്നം വേണ്ടത്ര പരിഹരിക്കപ്പെട്ടില്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബിവറേജസ് കോർപ്പറേഷൻ, ഫിനാൻഷ്യൽ കോർപ്പറേഷൻ, ലോട്ടറി തുടങ്ങിയ സ്ഥാപനങ്ങൾ പണം നേരിട്ട് ബാങ്കിലേയ്ക്കാണ് ഒടുക്കുന്നത്; ട്രഷറിയിലേയ്ക്കല്ല. പണം ട്രഷറിയിൽ എണ്ണുന്നതിന് ബുദ്ധിമുട്ടാണ്. അതുകൊണ്ട് പണം തൊട്ടടുത്ത ബാങ്കിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. പക്ഷേ ആ ബാങ്കുകൾ നമുക്ക് കറൻസി നൽകുന്നില്ല. പ്രശ്ന പരിഹാരത്തിനായി വിഷുവിന് മുമ്പുതന്നെ ഒരു തീരുമാനമെടുക്കുകയും സർക്കാരിന്റെ ഇത്തരം സ്ഥാപനങ്ങളെല്ലാം ട്രഷറികളിൽ തന്നെ പണം നിക്ഷേപിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്തു. അതിനുള്ള ക്രമീകരണങ്ങൾ ഒറ്റ ദിവസം കൊണ്ട് വരുത്താൻ കഴിയില്ല. ഇത്രയധികം നോട്ട് എണ്ണിത്തീർക്കുന്നതിന് യന്ത്രം പോലുമില്ല. എന്നാലും ട്രഷറി ജീവനക്കാർ നല്ല രീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഇപ്പോൾ പണം ആവശ്യപ്പെട്ട് വരുന്നവർക്ക് ട്രഷറിയിൽനിന്ന് കൊടുക്കാനുള്ള കറൻസി നമ്മുടെ കൈവശമുണ്ട്. ഈ പ്രശ്നം കച്ചവടത്തെ ഇപ്പോഴും പ്രതികൂലമായി ബാധിക്കുന്നുണ്ട്. സാധാരണക്കാർക്ക് എ.ടി.എം.-ൽ നിന്ന് പണം പിൻവലിക്കാൻ സാധിക്കാതെ വരുന്നുണ്ട്. 50 ദിവസം കൊണ്ട് തീരുമെന്ന് പറഞ്ഞ പ്രശ്നം അഞ്ച് മാസം കഴിഞ്ഞും തുടരുകയാണ്. ഈ പ്രശ്നം ആരംഭിച്ച സമയത്തുതന്നെ നിയമസഭ ചൂണ്ടിക്കാണിച്ച കാര്യവും ഇതുതന്നെയാണ്. ആ അപകടമൊക്ക യാഥാർത്ഥ്യമായി മാറുകയാണ്. നമ്മൾ ചെയ്യുന്നത് അഭികാമ്യമാണെന്ന് ഞാൻ പറയില്ല. കാര്യങ്ങൾ മനസ്സിലാക്കി കേന്ദ്ര സർക്കാർ അവരുടെ നയങ്ങൾ തിരുത്തുകയാണ് വേണ്ടത്. ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി അത്യന്തം ഗൗരവമാണ്. അടിയന്തര പ്രാധാന്യമുള്ള ഇക്കാര്യം നിയമസഭ ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും ഒരു സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കേണ്ട കാര്യമില്ല. പ്രമേയം നിയമസഭ അംഗീകരിച്ചിട്ടുള്ളതാണ്. അടുത്ത ദിവസങ്ങളിൽ ചേരുന്ന ധനകാര്യ വകുപ്പുമന്ത്രിമാരുടെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ അതീവ ഗൗരവമായിട്ടുള്ള ഇക്കാര്യം ഉന്നയിക്കുന്നതാണ്. മറ്റ് ചില സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് വളരെ ഗൗരവത്തിൽത്തന്നെ ഈ പ്രശ്നം ഉന്നയിക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

## IV സബ്മിഷൻ

### (1) കാരാട്ടുപുഴ കയ്യേറ്റം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ തയ്യിൽ വാർഡ് പുതുപ്പറമ്പുകര കാരാട്ടുപുഴ പുറമ്പോക്ക് ഭൂമി വടകര നഗരസഭാംഗവും സി.പി.ഐ.(എം.) നേതാവുമായ ശ്രീ. ഗിരീഷിന്റെ നേതൃത്വത്തിൽ കയ്യേറുകയും മണ്ണിട്ട് നികത്തുകയും അവിടെ അനധികൃതമായി കെട്ടിടം പണിയുകയും ചെയ്തു. കുറ്റ്യാടി പുഴയുടെ ഭാഗമായ കോട്ടപ്പുഴയുടെ കൈവഴിയാണ് പൊളിച്ച കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും നിക്ഷേപിച്ച് നികത്തിയത്. 10 മീറ്റർ നീളത്തിലും 60 മീറ്റർ വീതിയിലുമാണ് പുഴ കയ്യേറി നശിപ്പിച്ചിരിക്കുന്നത്. ഇതോടൊപ്പം അവിടെയുള്ള കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കുകയും ചെയ്തു. സി.പി.ഐ.(എം.) നിയന്ത്രണത്തിലുള്ള ദൃശ്യകലാ സമിതിക്കുവേണ്ടി കളിക്കളം ഒരുക്കാനാണ് പുഴ കയ്യേറിയതെന്ന ആരോപണം ശക്തമാണ്. വലിയ മത്സ്യസമ്പത്തുള്ള പുഴയാണ് കാരാട്ടുപുഴ. തൊട്ടടുത്തുള്ള തുരുത്തുകളെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. കൂടാതെ നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾ തങ്ങളുടെ നിത്യവൃത്തിക്കായി ആശ്രയിക്കുന്ന പുഴ നികത്തിയതിലൂടെ അവിടത്തെ മത്സ്യസമ്പത്തും നശിക്കാൻ തുടങ്ങിയിരിക്കുകയാണ്. മുന്നൂറോളം ലോഡ് മാലിന്യമാണ് ഈ പുഴ നികത്തുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. നാട്ടുകാർ വിവരമറിയിച്ചിട്ടും റവന്യൂ-പോലീസ് ഉദ്യോഗസ്ഥർ തിരിഞ്ഞുനോക്കിയിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാസ്സാക്കിയ നിയമങ്ങളും ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകളും വിധിന്യായങ്ങളും ലംഘിച്ചുകൊണ്ടാണ് പുഴ കയ്യേറിയിട്ടുള്ളത്. ഒരു പുഴ നശിച്ചാൽ നാടും സംസ്കാരവും നശിക്കും. ഞാൻ വടകരയിൽ പോയി ഈ പ്രദേശം സന്ദർശിച്ചിരുന്നു. നമുക്ക് അത്ഭുതം തോന്നും; പുഴയുടെ ഗതി തന്നെ പൂർണ്ണമായും മാറ്റിയ രീതിയിലാണ് ഈ നികത്തൽ നടന്നിട്ടുള്ളത്. ഈ പുഴ മണ്ണിട്ട് നികത്തുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇങ്ങനെയാണെങ്കിൽ നാളെ കേരളത്തിൽ ഒരു പുഴയും ഉണ്ടാകുകയില്ല. ഇങ്ങനെ പുഴ നികത്താൻ തുടങ്ങിയാൽ നമ്മുടെ നാടിന്റെ സ്ഥിതിയെന്താകും; ഇപ്പോൾത്തന്നെ പ്രകൃതിയുടെ ആഘാതങ്ങൾ പല തരത്തിൽ നേരിടുന്ന സംസ്ഥാനമാണിത്. തുലാവർഷവും ഇടവപ്പാതിയും സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. പുഴകൾ ഇല്ലാതാകുന്നതുകൊണ്ട്

കേരളത്തിനുണ്ടാകുന്ന വലിയ തോതിലുള്ള ആഘാതം കണക്കിലെടുക്കണം. ഞാൻ ഈ വിവരം അറിഞ്ഞപ്പോൾത്തന്നെ റവന്യൂ വകുപ്പുമന്ത്രിയെ ഫോണിൽ വിളിച്ചിരുന്നു. അദ്ദേഹം ഒരു മീറ്റിംഗിലായിരുന്നു. പിറ്റേദിവസം രാവിലെ ഞാൻ വീണ്ടും അദ്ദേഹത്തെ വിളിക്കുകയും ഒരു കാരണവശാലും ഇത് അംഗീകരിക്കരുതെന്ന് പറയുകയും ചെയ്തു. കുറ്റ്യാടിപ്പുഴയുടെ കൈവഴിയാണ് നികത്തിയിട്ടുള്ളത്. റവന്യൂ വകുപ്പുമന്ത്രി നടപടി എടുക്കാമെന്നാണ് പറഞ്ഞത്. എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരായാലും ആ കയ്യേറ്റം ന്യായമായും ഒഴിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സി. കെ. നാണു, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. സി. കെ. നാണു:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കോൺഗ്രസ് (ഐ)-യുടെ കോഴിക്കോട് ജില്ലാ പ്രസിഡന്റും ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.-യും കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ് ശ്രീ. ടി. സിദ്ദിഖും പങ്കെടുത്ത ഒരു യോഗത്തിലെ സ്വാഗതപ്രസംഗം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഞാൻ വായിച്ചു കേൾപ്പിക്കാം. '65 വർഷങ്ങൾക്കുമുമ്പ് പുത്തൻപുരയിൽ മാതുവിന്റെ മകൻ പുത്തൻപുരയിൽ നാരായണനെന്ന പട്ടാള ഉദ്യോഗസ്ഥന് സർക്കാർ ലീസിന് നൽകിയ ഭൂമിയാണിത്. വർഷങ്ങളോളം മാതുവും കുടുംബവും ഈ പുറമ്പോക്ക് ഭൂമിയിൽ കൃഷി ചെയ്തുവരികയായിരുന്നു. ഇവിടെ ഉപ്പുവെള്ളം കയറിയതുകാരണം കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ വന്നു. അവരുടെ സമ്മതത്തോടെ തൊഴിലാളികൾ തൊണ്ട് തല്ലുന്ന പ്രവൃത്തി നടത്തി. വ്യവസായം തകർന്നതിനുശേഷം ഇവിടം കുട്ടികൾ കളിസ്ഥലമാക്കി മാറ്റിയെന്നത് സത്യമാണ്. കളിസ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ ഭൂമിയായി മാറിയിട്ടില്ല.' ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതെല്ലാം അവിടെ വന്നപ്പോൾ അദ്ദേഹത്തിന് തോന്നിയ കാര്യങ്ങളായിരിക്കും. വർഷങ്ങൾക്ക് മുമ്പ് അത് കളിസ്ഥലമായിരുന്നു. ഇതൊരു പ്രശ്നമായതിനുശേഷം ഒരു എം.എൽ.എ. എന്ന നിലയിൽ ഞാനവിടെ പോയിരുന്നു. ഇതൊരു വ്യക്തി കയ്യേറിയതല്ല. ആ പ്രദേശം സി.പി.ഐ.(എം.)-ന്റെ കോട്ടയല്ല. ഇതിനുമുമ്പ് ഇലക്ഷനിൽ നിന്നയാൾ 44 വോട്ടിനാണ് അവിടെ ജയിച്ചത്. അദ്ദേഹം ജയിച്ചതിന് പിന്നിൽ സി.പി.ഐ., ജനതാദൾ (എസ്), കോൺഗ്രസ് (എസ്), എൻ.സി.പി. തുടങ്ങി എല്ലാ കക്ഷികളുമുണ്ട്. അടുത്ത് രണ്ട് കക്ഷികൾ ജയിച്ചത് മുസ്ലീംലീഗിന്റേതാണ്. സി.പി.ഐ.(എം.)-ന്റെ കോട്ടയെന്ന നിലയിൽ ഇതിനെ വിലയിരുത്തേണ്ടതില്ല. അതൊരു വ്യക്തിയുടെ ഭൂമിയല്ല. പുഴയോരത്ത് കുട്ടികൾ കളിക്കുന്ന സ്ഥലമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഞാൻ ഓർമ്മിപ്പിക്കുകയാണ്, ഞാനവിടെ

പോയപ്പോൾ അടുത്ത വീടുകളിൽ താമസിക്കുന്ന കുറേ സ്ത്രീകൾ വന്നിരുന്നു. ജവഹർലാൽ നെഹ്റു ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികളും മറ്റ് സ്കൂളിലെ കുട്ടികളും കളിക്കുന്ന സ്ഥലമാണിതെന്നും കുട്ടികളെ ഈ സ്ഥലത്ത് കളിക്കാൻ അനുവദിച്ചില്ലെങ്കിൽ ഞങ്ങളുടെ കുട്ടികൾ വേറെ എവിടെയെങ്കിലും പോകുമെന്നുമാണ് അവർ പറഞ്ഞത്. അതിന്റെ അപകടം അങ്ങേയ്ക്കറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അക്കാര്യം അവരെന്നോടും പറഞ്ഞിരുന്നു. തൊട്ടപ്പുറത്തെ വളവ് തിരിയുമ്പോൾ ഒരു എൽ.പി. സ്കൂളുണ്ട്. അത് അങ്ങേയ്ക്കും അറിയാം; അവിടെ നല്ലൊരു കളിസ്ഥലമുണ്ട്; അവിടെ കുട്ടികൾക്ക് കളിക്കാമല്ലോ; ഈ പുഴ നികത്തി എന്തിനാണ് കളിക്കുന്നത്?

ശ്രീ. സി. കെ. നാണു: സർ, നമ്മൾ പല കാര്യങ്ങൾക്കും എം.എൽ.എ.-മാരുടെ കമ്മിറ്റിയെ നിയമിക്കാറുണ്ട്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള മൂന്നോ നാലോ അംഗങ്ങളടങ്ങുന്ന ആ കമ്മിറ്റിക്ക് അവിടെ പോയി പരിശോധിക്കാം. എനിക്ക് ഈ വിഷയത്തിൽ രാഷ്ട്രീയമില്ല. ഒരു കാരണവശാലും സർക്കാരിന്റെ ഒരിഞ്ച് ഭൂമിപോലും ഒരു സ്വകാര്യ വ്യക്തി കയ്യേറുന്നതിനെ അനുകൂലിക്കുന്നയാളല്ല ഞാൻ. പക്ഷേ, ഇതൊരു സ്വകാര്യ വ്യക്തിയുടേതല്ല. അവിടെ കളിക്കുന്ന കുട്ടികളിൽ സി.പി.ഐ.(എം.)-കാരുണ്ടാകും. ഞാൻ കളവ് പറയില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; ഞാനവിടെ പോയപ്പോൾ സ്വാഗതപ്രസംഗം നടത്തിയയാളുടെ സഹോദരനും കോൺഗ്രസിന്റെ മൂന്നോ നാലോ ആളുകളും വന്ന് എന്നോട് പറഞ്ഞത്, 'നാണുവേട്ടാ, ഇതിലെന്ത് പ്രശ്നമാണ്; ഇവിടെ ഞങ്ങളെല്ലാം കളിച്ച സ്ഥലമാണ്' എന്നാണ്. ഒരു പുഴ കയ്യേറി വയ്ക്കാൻ സാധിക്കില്ല. കാരണം, കുറച്ച് കഴിയുമ്പോൾ വെള്ളം കയറും. പുഴയിൽ നിന്ന് വെള്ളം കയറി താഴ്ന്നുപോകുമ്പോൾ കളിസ്ഥലമായതുകൊണ്ട് അവിടെ കളിക്കാൻ കുറച്ച് മണ്ണിട്ട് അവർ നികത്തുമെന്നതിൽ കവിഞ്ഞ് ഒരിഞ്ച് സ്ഥലംപോലും പുഴയിൽ നിന്ന് കയ്യടക്കിയിട്ടില്ല. ഇത് ഞാൻ വസ്തുതാപരമായി പറയുകയാണ്. റവന്യൂ വകുപ്പ് പരിശോധിച്ചാൽ കുറെ ഭൂമി കയ്യേറിയതായി തോന്നും. അത് കയ്യേറിയത് ഇപ്പോഴല്ല. വർഷങ്ങൾക്കുമുമ്പ് അവിടെ മടൽ പൂഴ്ത്താൻ കൊടുത്തു. അതിനുശേഷം ഒരു സൊസൈറ്റിക്ക് മടൽ പൂഴ്ത്താനും ചകിരി അടിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. അന്നൊക്കെ മണ്ണിട്ടിട്ടുണ്ടാകാം. റെക്കോർഡ്സ് നോക്കിയാൽ പത്തോ ഇരുപത്തിയഞ്ചോ സെന്റ് ഭൂമി കയ്യേറിയിട്ടുണ്ടാകാം. അവിടെ മുനിസിപ്പാലിറ്റിയുണ്ട്. മുനിസിപ്പാലിറ്റിയും തഹസീൽദാറും പരിശോധിക്കട്ടെ. ഏതെങ്കിലുമൊരു സ്വകാര്യ വ്യക്തിയോ പാർട്ടിയോ അവരുടെ പേരിലാണ് ഇത് കയ്യേറിയതെങ്കിൽ ഒരിഞ്ച് ഭൂമിപോലും വിട്ടു കൊടുക്കേണ്ട. പക്ഷെ, പുഴയോരത്ത് താമസിക്കുന്ന കുട്ടികൾക്ക് വേറെ ഗതിയില്ല. കളിക്കുമ്പോൾ പന്ത് വെള്ളത്തിൽ പോയാൽ എന്ത് ചെയ്യുമെന്ന് ഞാനവിടെ പോയ അവസരത്തിൽ കുട്ടികളോട്

ചോദിച്ചിരുന്നു. പന്ത് വെള്ളത്തിൽ പോയാൽ കുട്ടികൾ നീന്തിപ്പോയി എടുത്ത് വീണ്ടും കളിക്കുമെന്നാണ് അവർ പറഞ്ഞത്. വടകരയിൽ ഫുട്ബോൾ കളിച്ചയാളാണ് ഞാൻ. ഫുട്ബോൾ കളിക്കാൻ ഞങ്ങൾക്ക് സ്ഥലമില്ലായിരുന്നു. വടകര റെയിൽവേ സ്റ്റേഷനടുത്തുള്ള റെയിൽവേ മൈതാനത്താണ് ഞങ്ങൾ ഫുട്ബോൾ കളിച്ചത്. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്; പ്രതിപക്ഷ നേതാവ് പറഞ്ഞതൊക്കെ ഗൗരവമേറിയ കാര്യമാണ്. ശ്രീ. വി. ടി. ബൽറാമും അവിടെപ്പോയി. കയ്യേറ്റം നടത്തിയത് ഏതെങ്കിലും ഒരു വ്യക്തിക്കുവേണ്ടിയാണെന്നാണ് പറയുന്നതെങ്കിൽ അത് ശരിയല്ല. ഞാൻ പറഞ്ഞ കാര്യങ്ങളാണ് വസ്തുതയെന്ന് ഞാൻ വ്യക്തമാക്കുകയാണ്.

11.00 AM]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. സി.കെ. നാണുവും ഉന്നയിച്ചത് ഒരേ വിഷയങ്ങളാണ്. ഇതുസംബന്ധിച്ച് പരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് എന്നെ ഫോണിൽ വിളിച്ച് പറഞ്ഞിരുന്നു. കോഴിക്കോട് ജില്ലയിലെ ഈ കയ്യേറ്റങ്ങൾ സമീപകാലത്ത് നടത്തിയ കയ്യേറ്റങ്ങളല്ലെന്നും പഴയ കാലത്തെ കയ്യേറ്റങ്ങളാകാമെന്നുമാണ് പൊതുവെ ബോദ്ധ്യപ്പെടുന്നത്. അവിടെ ഒരു കെട്ടിടവും ഏഴ് വർഷം പ്രായമുള്ള രണ്ട് തെങ്ങിൻതൈകളുമുണ്ട് എന്നൊക്കെയുള്ള വിവരങ്ങളാണ് ജില്ലാകളക്ടറിൽ നിന്നും ലഭിച്ചിട്ടുള്ളത്. വിശദമായ പരിശോധനയിൽ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമിയും പുഴ പുറമ്പോക്കാണെന്നാണ് കണ്ടെത്തിയത്. സ്വാഭാവികമായും അത് പരിശോധിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക്-വടകര വില്ലേജിൽ, വടകര ദേശത്ത് സർവ്വേ നമ്പർ 158-ൽ കോട്ടപ്പുഴയുടെ ഭാഗമായ കാരാട്ടുപുഴയും പുഴ പുറമ്പോക്കായ ഭൂമിയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. പ്രസ്തുത സർവ്വേ നമ്പരിൽ പുഴയോട് ചേർന്നുള്ള കുറേഭാഗം വേലിയേറ്റ സമയത്ത് പുഴയായും വേലിയിറക്ക സമയത്ത് കരയായും കാണപ്പെടുന്നതായിരുന്നു. അതിൽ സ്വകാര്യഭൂമിയോട് ചേർന്നുവരുന്നതും വേലിയിറക്കസമയത്ത് കരയായി മാറുന്നതുമായ ഏകദേശം 25 സെന്റ് സ്ഥലം കയ്യേറി മണ്ണിട്ട് നികത്തിയതായി കാണപ്പെട്ടു. പ്രസ്തുത സ്ഥലത്ത് ദൃശ്യകലാസമിതിയുടെ 39/220-ാം നമ്പർ ഓടിട്ട ഒരു കെട്ടിടവും ഏഴ് വർഷം പ്രായമായ രണ്ട് തെങ്ങിൻതൈകളും ഇപ്പോഴുണ്ട്. ഈ സ്ഥലം കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതായി കാണുന്നു. ഭൂമി, മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതിനാൽ ഈ സ്ഥലത്തെ കയ്യേറ്റം സംബന്ധിച്ച് വിശദമായ കാര്യങ്ങൾ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ മുനിസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## (2) കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കൽ

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ സഭാസമ്മേളനത്തിൽ സ്ത്രീത്വത്തിനു വേണ്ടി വലിയ പ്രതിഷേധമാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഉയർത്തിക്കൊണ്ടു വരുന്നത്. എന്നാൽ അവരാരും ഉന്നയിക്കാത്ത ഒരു വിഷയമാണിത്. മലപ്പുറം ജില്ലയിൽ വേങ്ങര മണ്ഡലത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ XV-ാം വാർഡ് മെമ്പറും മുസ്ലീംലീഗിന്റെ നേതാവുമായ നെടുമ്പള്ളി സെയ്തലവിയും അദ്ദേഹത്തിന്റെ സുഹൃത്ത് ഫസൽ ആബിദ് എന്നയാളും ചേർന്ന് അതേ പഞ്ചായത്തിലെ ഒന്നാം വാർഡ് ലീഗ് മെമ്പറെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദൃശ്യങ്ങൾ മൊബൈലിൽ പകർത്തുകയും അത് കാണിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തു. പ്രതികൾ പരാതിക്കാരിയെ പല സ്ഥലങ്ങളിലും കൊണ്ടുപോയി പീഡിപ്പിക്കുകയായിരുന്നു. പ്രതി നെടുമ്പള്ളി സെയ്തലവി, മുസ്ലീം ലീഗിന്റെ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡ് മെമ്പറും കണ്ണമംഗലത്തെ മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറിയുമാണ്. വനിതാ മെമ്പർ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും സെയ്തലവിയെ അറസ്റ്റ് ചെയ്ത് പിന്നീട് വിട്ടയയ്ക്കുകയുമുണ്ടായി. പക്ഷേ രണ്ടാം പ്രതിയായ ഫസൽ ആബിദിനെ ഇതുവരെ പിടികൂടാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാണ് കുടുംബത്തിന്റെ ആവശ്യം. മുസ്ലീംലീഗിന്റെ ഉന്നത നേതൃത്വമുൾപ്പെടെ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്ന ഘട്ടത്തിലാണ് പൊതുസമൂഹത്തിനാകെ അപമാനകരമായ ഇത്തരമൊരു സംഭവമുണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ച് മുസ്ലീംലീഗിന്റെ രാഷ്ട്രീയ നിലപാട് വ്യക്തമാക്കിയിട്ടില്ല. പൊതുരംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകളെ ഇത്തരത്തിൽ അപമാനിക്കുന്ന, അല്ലെങ്കിൽ ശാരീരികമായി പീഡിപ്പിക്കുന്ന സംഭവം സഭ ഗൗരവമായി കാണണം. ഇതിലെ പ്രതികളെ ഉടൻതന്നെ പിടിക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, മലപ്പുറം ജില്ലയിൽ കണ്ണമംഗലം പഞ്ചായത്തിലെ മുസ്ലീംലീഗ് മെമ്പറായ വനിതയെ അതേ പഞ്ചായത്തിലെ മുൻ പ്രസിഡന്റും നിലവിൽ പഞ്ചായത്തംഗവും മുസ്ലീംലീഗ് നേതാവുമായ സെയ്തലവി പഞ്ചായത്ത് ഹാളിൽവച്ച് പീഡിപ്പിക്കുകയും രംഗങ്ങൾ മൊബൈലിൽ ചിത്രീകരിക്കുകയും ചെയ്തതായും ആ ചിത്രങ്ങൾ കാണിച്ച് വീട്ടിൽ അതിക്രമിച്ച് കയറി ബലാൽസംഗം ചെയ്യുകയും ആയത് പുറത്തുപറഞ്ഞാൽ ഭർത്താവിനെയും മകനെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി കാണിച്ച് 1-3-2017-ന് വേങ്ങര പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ മുൻ പഞ്ചായത്തംഗമായ സെയ്തലവിയെ പ്രതിയാക്കി ക്രൈം നമ്പർ 60/17 ആയി കേസ്സെടുത്തിട്ടുണ്ട്. മഞ്ചേരി ജില്ലാ

സെഷൻസ് കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിലെ ഉത്തരവനുസരിച്ച് ടിയാനെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പ്രതി ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു. മേൽകേസ്സിലെ അന്യായക്കാരിയും പ്രതിയായ സെയ്തലവിയും തമ്മിൽ അവിഹിത ബന്ധമുണ്ടെന്ന് കാണിച്ച് ഭീഷണിപ്പെടുത്തി അന്യായക്കാരിയെ 25-1-2016-ന് കാറിൽ കയറ്റിക്കൊണ്ടു പോയി ലോഡ്ജ് മുറിയിൽവച്ച് ബലാൽസംഗം ചെയ്യുകയും ഫോട്ടോ എടുക്കുകയും ഇന്റർനെറ്റിലും വാട്ട്സാപ്പിലും പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും 6-12-2016-ന് കരിപ്പൂരിനടുത്തുള്ള ലോഡ്ജിൽ കൊണ്ടുപോയി ബലാൽസംഗം ചെയ്തുവെന്നും പറഞ്ഞ് 1-3-2017-ന് കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തംഗമായ മുസ്ലീം ലീഗ് നേതാവിന്റെ സുഹൃത്തും മുസ്ലീംലീഗുകാരനുമായ ഫസൽ ആബിദിനെ പ്രതിയാക്കി ക്രൈം നമ്പർ 100/17 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം കൊണ്ടോട്ടി പോലീസ് നടത്തിവരികയാണ്. പ്രതിയെ കണ്ടെത്തുന്നതിനും കുറ്റകൃത്യത്തിന് ഉപയോഗിച്ച മൊബൈൽ ഫോണും പ്രതി ഇരയിൽനിന്നും കൈപ്പറ്റിയതായി പറയുന്ന ഒന്നര പവന്റെ മാലയും കണ്ടെടുക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തി വരുന്നു. കേസിന്റെ അന്വേഷണം ഒരു പ്രത്യേക ടീമിനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (3) കുടിവെള്ള ക്ഷാമം

ശ്രീ. വി. എസ്. ശിവകുമാർ : സർ, തിരുവനന്തപുരം ജില്ലയിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ശാശ്വത നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് തൊണ്ണൂറ് ശതമാനം ജനങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളാണ്. തിരുവനന്തപുരം നഗരത്തിന് 400 എം.എൽ.ഡി. വെള്ളമാണ് ആവശ്യമായിട്ടുള്ളത്. കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കാത്തതുകാരണം ആവശ്യമുള്ളതിന്റെ മൂന്നിലൊന്ന് ശതമാനം കുടിവെള്ളംപോലും ലഭ്യമാകുന്നില്ല. ദിവസവും പന്ത്രണ്ട് മണിക്കൂർ പമ്പിംഗ് നിർത്തിവച്ചിരിക്കുകയാണ്. നേരത്തെതന്നെ കുടിവെള്ളം ലഭ്യമല്ലാത്ത, നഗരത്തിലെ ഉയർന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ വരൾച്ചയെ സംബന്ധിച്ച അടിയന്തരപ്രമേയം ഞാൻ അവതരിപ്പിക്കുകയും കുടിവെള്ള വിതരണം സുഗമമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും അന്നുതന്നെ സംസ്ഥാനത്തെ വരൾച്ചബാധിത മേഖലയായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. അതാണ് പൊതുവായി കേരളത്തിന്റെയും പ്രത്യേകിച്ച് തലസ്ഥാന നഗരത്തിന്റെയും

ഇന്നത്തെ ശുദ്ധജല വിതരണ രംഗത്തുണ്ടായ ദുരവസ്ഥയ്ക്ക് കാരണം. ജലരഹിതമായതിനുശേഷമാണ് നഗരത്തിൽ നെയ്യാറിൽനിന്നും വെള്ളം പമ്പ് ചെയ്യാൻ ആലോചിച്ചത്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും അതിൽ വെള്ളം നിറയ്ക്കുന്നതിനും കാലതാമസമുണ്ടാകുകയാണ്. ടാങ്കർവഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമാകുന്നില്ല. ഇതുകാരണം തിരുവനന്തപുരത്തെ ചേരിപ്രദേശങ്ങളിലും തീരദേശ മേഖലകളിലും കുടിവെള്ളത്തിനായി ജനം നെട്ടോട്ടമോടുകയാണ്. എം.എൽ.എ.-മാരോടും ജനപ്രതിനിധികളോടും അവർ നിരന്തരം പരാതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആശുപത്രികളുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. കുടിവെള്ളം ലഭ്യമല്ലാത്ത മേഖലകളിൽ മലിനജലം ഉപയോഗിക്കുന്നതുകൊണ്ട് ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കുകയും പകർച്ചവ്യാധികളുടെ തലസ്ഥാനമായി തിരുവനന്തപുരം മാറുകയും ചെയ്തിരിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യ അഞ്ച് ലക്ഷമായിരുന്ന സമയത്ത് അരുവിക്കരയിൽനിന്നും കുടിവെള്ളം കൊണ്ടുവന്നാണ് ഇവിടത്തെ ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത്. ഇപ്പോൾ ജനസംഖ്യ പതിനഞ്ച് ലക്ഷത്തോളമായി. പേപ്പാറ ഡാമിൽനിന്നും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചത് 1983-ലാണ്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് കാലാനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച്, തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളമെത്തിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെയ്യാർ ഡാമിൽനിന്നും പി.ടി.പി.- ഭാഗത്തേയ്ക്ക് വെള്ളം കൊണ്ടുവരുന്നതിന് 260 കോടി രൂപയുടെ ഒരു പദ്ധതിയെപ്പറ്റി ആലോചിച്ചിരുന്നു. 'കിഫ്ബി'-യിൽ ഉൾപ്പെടുത്തി ആ പദ്ധതി നടപ്പാക്കുമെന്നാണ് പറഞ്ഞത്. ഇന്നത്തെ ഈ ദുരവസ്ഥയ്ക്ക് അടിയന്തരമായി പരിഹാരം കാണേണ്ടതിനാൽ 'കിഫ്ബി'-യിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ തിരുവനന്തപുരത്ത് ഭാവിയിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകും. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ അടിയന്തരമായി ശ്രദ്ധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കഴിഞ്ഞ വർഷത്തെ മഴയുടെ കുറവ് സംസ്ഥാനത്തുടനീളം കുടിവെള്ള പദ്ധതികളെ സാരമായി ബാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സ് വാമനപുരം, കരമന, നെയ്യാർ എന്നീ നദികളാണ്. വാമനപുരം നദിയിലും കരമനയാറിലും നെയ്യാറിലും വെള്ളം തീരെ കുറഞ്ഞിരിക്കുകയാണ്. പ്രധാനമായും തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളമെത്തിക്കുന്നത് അരുവിക്കര ഡാമിൽ നിന്നാണ്. പേപ്പാറ ഡാമിൽനിന്നും വെള്ളം അവിടെയെത്തിച്ച് 265 ദശലക്ഷം വെള്ളം പമ്പ് ചെയ്താണ് ടൗണിലെ പ്രധാന ആവശ്യം നിറവേറ്റുന്നത്. അതോടൊപ്പം തന്നെ

കരമനയാറ്റിൽനിന്നും വെള്ളമെടുത്ത് ചൂഴാറ്റുകോട്ടയിലും വെള്ളായണിയിൽനിന്നും ജലമെടുത്ത് വണ്ടിത്തടത്തുമൊക്കെ കൊടുക്കുന്ന ചെറിയ പദ്ധതികളുമുണ്ട്. കഴിഞ്ഞ മൺസൂൺ കാലത്ത് മഴ കുറഞ്ഞത് കണക്കിലെടുക്കുമ്പോൾ മേയ് 17-ാം തീയതി വരെ വിതരണം ചെയ്യുന്നതിനുള്ള വെള്ളം മാത്രമേ പേപ്പാറ ഡാമിൽ സംഭരിക്കപ്പെട്ടിട്ടുള്ളൂ. വേനൽമഴ സംസ്ഥാനത്തൊട്ടാകെയും തിരുവനന്തപുരം ജില്ലയിലും ലഭിച്ചപ്പോൾ കുടിവെള്ള സ്രോതസ്സുകളുടെ വൃഷ്ടിപ്രദേശത്ത് വേണ്ടത്ര മഴ ലഭിക്കാത്തത് ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിക്കുന്നതിന് കാരണമായി. അതിനാൽ മേയ് 17 വരെ ഉപയോഗിക്കുന്നതിനുള്ള വെള്ളം മാത്രമേ കൈവശമുള്ളൂവെന്ന് തിരിച്ചറിഞ്ഞു കൊണ്ട് പമ്പിംഗിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 17-ാം തീയതിവരെയുള്ള ജലം 22-ാം തീയതി വരെ ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. ഏപ്രിൽ മാസം 18-ാം തീയതി മുതൽ പമ്പിംഗിൽ 25% കുറവ് ഏർപ്പെടുത്തി. പക്ഷേ 25 ശതമാനം പമ്പിംഗ് കുറച്ചതോടുകൂടി വ്യാപകമായ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥിതിയുണ്ടായപ്പോൾ താൽക്കാലികമായി പമ്പിംഗ് നിയന്ത്രണം മാറ്റി വച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ അതികഠിനമായ വേനൽച്ചൂടുമൂലം ജലവിതാനം താഴ്ന്നുപൊയ്ക്കൊണ്ടിരിക്കുന്ന എന്ന ആപത്തുമുണ്ട്. അതുകൊണ്ട് വെള്ളം കൂടുതലായി അരുവിക്കരയിൽ എത്തിക്കാനാവശ്യമായ തീവ്രമായ നടപടിയിലേയ്ക്കാണ് സർക്കാർ നീങ്ങിയത്. നെയ്യാർ ഡാമിൽ നിന്ന് ഘട്ടംഘട്ടമായി പല സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ട് 100 MLD (പ്രതിദിനം 100 ദശലക്ഷം ലിറ്റർ) വെള്ളം അരുവിക്കര റിസർവോയറിൽ എത്തിക്കാനുള്ള തീവ്രമായ പരിശ്രമത്തിലാണ് സർക്കാർ ഇപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞയാഴ്ച ഇറിഗേഷൻ വകുപ്പിന്റെ ഒരു ഡ്രെഡ്ജർ അവിടെയിറക്കി. ഡ്രെഡ്ജർ ഇറക്കുക എന്നത് നിസ്സാരമല്ല. ആലപ്പുഴയിൽനിന്ന് അത് ഡിസ്മാൻഡിൽ ചെയ്ത് ക്രെയിനുപയോഗിച്ച് ട്രെയിലറിൽ കയറ്റി ഗതാഗത നിയന്ത്രണങ്ങൾ വരുത്തി അവിടെയെത്തിച്ച് ക്രെയിനിലൂടെത്തന്നെ ഇറക്കുകയാണ് ചെയ്യുന്നത്. അതിന് സമയമെടുക്കും. അങ്ങനെ 15 MLD വെള്ളമാണ് കഴിഞ്ഞയാഴ്ച മുതൽ കൂടുതലായി പമ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ട്രാവൻകൂർ സിമന്റ്സിന്റെ ഡ്രെഡ്ജർ കഴിഞ്ഞ ദിവസം അവിടെ ഇറക്കിയിരുന്നു. അതിന്റെ പൈപ്പുകൾ ഫിറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നുച്ചയ്ക്ക് മുമ്പായി, ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ 24 MLD (പ്രതിദിനം 24 ദശലക്ഷം ലിറ്റർ) വെള്ളം പമ്പ് ചെയ്യാൻ തക്കവണ്ണമുള്ള ട്രാവൻകൂർ സിമന്റ്സിന്റെ ഡ്രെഡ്ജർ അവിടെ സജ്ജമായിട്ടുണ്ട്. അതോടൊപ്പംതന്നെ വാട്ടർ അതോറിറ്റിയുടെ രണ്ട് centrifugal pumps ഇലക്ട്രിക് ലൈൻ വനാതിർത്തിയിലൂടെ വലിച്ച് ഇന്നോ നാളെയോ പമ്പിംഗ് ആരംഭിക്കാൻ കഴിയും. ഗുജറാത്തിൽനിന്നും പ്രത്യേകമായി വാങ്ങിയ രണ്ട് submersible pump അടുത്ത ദിവസംതന്നെ അവിടെ

എത്തും. 1976-ൽ ഒരു പരിശ്രമം നടന്നതിനുശേഷം 40 കൊല്ലങ്ങൾക്കുശേഷം നെയ്യാർഡാമിൽ നിന്ന് വനത്തിലൂടെ ഒന്നര കിലോമീറ്ററോളം പൈപ്പിട്ട് കുമ്പിൾതോടിലെത്തിച്ച് കാരിയോട് തോടുവഴി അണിയിലക്കടവിലെത്തിക്കുന്ന അതിസാഹസികമായ, അസാധ്യമെന്നുപോലും ഒരു ഘട്ടത്തിൽ വിലയിരുത്തിയ പദ്ധതി നടപ്പാക്കാൻ സർക്കാർ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലൂടെ ധാരാളിത്തത്തോടുകൂടി ഉപയോഗിക്കാനുള്ള വെള്ളം കിട്ടുമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ മേയ് 17 കഴിഞ്ഞാൽ ഒരുതുള്ളി വെള്ളംപോലും ഇല്ലാത്ത അവസ്ഥയിൽനിന്ന് ഈ നഗരത്തെ മോചിപ്പിക്കാനുള്ള ശ്രമമാണ് നടത്തി കൊണ്ടിരിക്കുന്നത്. അതേസമയംതന്നെ നെയ്യാർ ഡാമിന്റെ വലതുകര, ഇടതുകര കനാൽ തുറന്നുകൊടുക്കണമെന്ന ആവശ്യവുമുണ്ടായി. അതിന്റെ പ്രധാന കാരണം അതുവഴി വെള്ളം വിട്ടാൽ മാത്രമേ അതിന്റെ വശങ്ങളിലുള്ള കിണറുകളിൽ വെള്ളം കിട്ടുകയുള്ളൂ. ഇന്നലെ വൈകുന്നേരം മുതൽ തന്നെ നെയ്യാർ ഡാമിലെ ഇടതുകര കനാലും വലതുകര കനാലും തുറന്നുകൊടുത്തിട്ടുണ്ട്. ഡ്രെഡ്ജർ വെള്ളത്തിൽ ഇറക്കുന്ന സമയത്ത് നിശ്ചിത ജലനിരപ്പ് നിലനിർത്തേണ്ടതുണ്ടായിരുന്നതു കൊണ്ടാണ് താമസിച്ചത്. അതിന്നലെ മുതൽതന്നെ തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കിയോസ്കുകൾ വഴി വെള്ളം കൊടുക്കാനും പരമാവധി ശ്രമിക്കുന്നുണ്ട്. ജില്ലാ ഭരണകൂടം അതിന്റെ മേൽനോട്ടം വഹിക്കുന്നു. അതിനാവശ്യമായ വെള്ളം വാട്ടർ അതോറിറ്റി കൊടുക്കുന്നുണ്ട്. വാമനപുരം നദിയിൽ താൽക്കാലിക തടയണകൾ തീർത്ത് ലഭിച്ച വെള്ളം സംരക്ഷിക്കാനും ശ്രമിച്ചിട്ടുണ്ട്. അതിസാഹസികമായ, അത്യധികം ബുദ്ധിമുട്ടുണ്ടെന്ന് ധരിച്ചിരുന്ന, നെയ്യാർ ഡാമിൽനിന്നുള്ള വെള്ളം കൊണ്ടുവരാൻ വലിയ ശ്രമമാണ് ജലവിഭവ വകുപ്പിലെയും ജലസേചന വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ നടത്തിയത്. അവരോടൊപ്പം ഇലക്ട്രിസിറ്റി ബോർഡ്, വനം, ഗതാഗതം എന്നീ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ സഹകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഹ മന്ത്രിമാരുടെയും കലവറയില്ലാത്ത പിന്തുണയും ഇതിനുണ്ടായി. ഇത് പ്രാവർത്തികമാക്കാൻ കഴിയുന്നതോടുകൂടി പരിപൂർണ്ണമായി വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. അതിരൂക്ഷമായ വരൾച്ചയിൽനിന്ന് നഗരത്തെ താൽക്കാലികമായി രക്ഷപ്പെടുത്തി നിർത്താൻ ഈ സംവിധാനം പ്രയോജനപ്പെടുമെന്നാണ് വിശ്വാസം.

ഗാർഹികേതര ആവശ്യങ്ങൾക്ക് മുട്ടത്തറ സ്വിവറേജ് പ്ലാന്റിലെ ശുദ്ധീകരിച്ച ജലം സൗജന്യമായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ കുറച്ചാളുകൾ മാത്രമാണ് ആ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ശുദ്ധീകരിച്ച വെള്ളം നിർമ്മാണ ആവശ്യങ്ങൾക്കുപയോഗിക്കുന്നത് കർശനമായി തടയാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെ ഉപയോഗിക്കുന്നതായി കണ്ടാൽ കർശന നടപടി എന്ന

നിലയിൽ ആ വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. അടിയന്തര സാഹചര്യം നേരിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറോടുകൂടിയ കൺട്രോൾ റൂം നിലവിലുണ്ട്. പൊതുനിരത്തിൽ കാണുന്ന ലീക്കുകൾ, ജലം പാഴായിപ്പോകൽ, ദുരുപയോഗം, മോഷണം തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് ഉടനടി അതോറിറ്റിയെ അറിയിക്കാവുന്നതാണ്. അതിനനുസരിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ജലദൗർലഭ്യത്തിന്റെ ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധി അതിജീവിക്കാൻ പൊതുസമൂഹം സഹകരിക്കുന്നുണ്ട്. ജലത്തിന്റെ ഉപയോഗം കഴിയുന്നത്ര കുറച്ച്, മിതത്വം പാലിച്ച് കരുതലോടെ ഉപയോഗിക്കാനുള്ള സന്ദേശം നൽകുന്ന കാര്യത്തിൽ ജനപ്രതിനിധികളുടെ സഹായംകൂടി അഭ്യർത്ഥിക്കുകയാണ്.

## (4) കെ.എസ്.ആർ.ടി.സി. ടെർമിനൽ നിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: സർ, പത്തനംതിട്ട ജില്ലാ ആസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയിട്ട് മാസങ്ങളായി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് തിരുവല്ല ടെർമിനലും പത്തനംതിട്ട ടെർമിനലും നിർമ്മിക്കാൻ തീരുമാനമായത്. തിരുവല്ലയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പൂർത്തിയാക്കി. എന്നാൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാത്രമാണ് പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 70 ശതമാനത്തോളം പണി അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷേ നിലവിൽ മൂന്നേമുക്കാൽ കോടി രൂപ കരാറുകാരന് കൊടുക്കാനുണ്ട്. കുറച്ച് പണമെങ്കിലും കൊടുക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ തുടരില്ലെന്ന നിലപാടാണ് കരാറുകാരൻ സ്വീകരിച്ചിരിക്കുന്നത്. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട്. കാരണം, അടുത്ത ശബരിമല സീസണാകാൻ ഇനി 6 മാസങ്ങൾ മാത്രമേയുള്ളൂ. മാത്രമല്ല സമയം വൈകുന്തോറും നിർമ്മാണച്ചെലവ് ഏറുകയാണ്. അൽപ്പംകൂടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ഈ കടമുറികൾ ലേലത്തിൽ കൊടുക്കാൻ സാധിക്കും. അടിയന്തരമായി ഇതിന് പണം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, പത്തനംതിട്ട ബസ് ടെർമിനലും വാണിജ്യ സമുച്ചയവും 63,108 സ്ക്വയർ ഫീറ്റ് ഏരിയ കണക്കാക്കി G + 2 നിലകളിൽ (Ground + 2) നിർമ്മിക്കാൻ പ്രോജക്ട് തുക ഏകദേശം 8.27 കോടി രൂപയായി നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ കെ.എസ്.ആർ.ടി.സി. ബോർഡ് യോഗം തീരുമാനിക്കുകയും അന്നത്തെ പത്തനംതിട്ട എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ തന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 2 കോടി രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുകയും ചെയ്തു. രണ്ട് നിലകളിലായി 702.75

ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടം ഡിപ്പോ ആവശ്യത്തിന് നിജപ്പെടുത്തി പ്രത്യേകമായി കണക്കാക്കി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റ് തുകയേക്കാൾ 8.50 ശതമാനം ഉയർന്ന തുകയായ 2,17,00,000 രൂപയ്ക്ക് ടെണ്ടർ സമർപ്പിച്ച M/s ക്രസന്റ് കൺസ്ട്രക്ഷൻസിന് പ്രസ്തുത പ്രവൃത്തി നൽകി. അധികം വരുന്ന 17 ലക്ഷം രൂപ എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും അനുവദിച്ചു. അതിൻപ്രകാരം ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടിന്റെ ബാക്കി ഭാഗത്തിന്റെ എസ്റ്റിമേറ്റ് ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തെ ഒഴിവാക്കിക്കൊണ്ട് റിവൈസ് ചെയ്യുകയുണ്ടായി. ആകെ 6 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് സാങ്കേതികമായി അംഗീകരിക്കപ്പെടുകയും 16-9-2014-ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.95 ശതമാനം അധികം രേഖപ്പെടുത്തിയ M/s ക്രസന്റ് കൺസ്ട്രക്ഷൻസിന് പ്രസ്തുത പ്രവൃത്തി നൽകുകയും ചെയ്തു. ടി കമ്പനി 15-10-2015-ൽ ജോലി ആരംഭിച്ചു. എന്നാൽ പേമെന്റിലുണ്ടാകുന്ന കാലതാമസം കാരണം എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ജോലി 24-1-2017 മുതലും ബാക്കി ഭാഗത്തിന്റെ ജോലി 15-2-2017-ഓടുകൂടിയും കമ്പനി നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ രണ്ട് കെട്ടിടങ്ങളുടെയും രണ്ട് നിലകളും സ്ട്രക്ചറൽ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. M/s ക്രസന്റ് കൺസ്ട്രക്ഷൻസിനു വേണ്ടി രണ്ട് പാർട്ട് ബില്ലുകളിലുമായി ആകെ 1,53,72,953 രൂപയിൽ 84,11,709 രൂപ 3-4-2017 വരെയുള്ള കണക്കനുസരിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ബാക്കി 69,61,214 രൂപ കൂടി കരാറുകാരന് നൽകാനുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് 2 കോടി 17 ലക്ഷം രൂപയ്ക്ക് ചെയ്യുന്ന പ്രവൃത്തിയിൽ ഫസ്റ്റ് പാർട്ട് ബിൽ പ്രകാരം കരാറുകാരന് നൽകാനുള്ള 1,33,44,560 രൂപ അനുവദിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. ഇതുകൂടാതെ കമ്പനിക്ക് നൽകേണ്ട 69,61,874 രൂപ ടെണ്ടർ നടപടികളിലൂടെ നിക്ഷേപം ലഭ്യമാകുന്ന മുറയ്ക്ക് നൽകിക്കൊണ്ട് നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു. മധ്യതിരുവിതാംകൂറിന്റെ തലസ്ഥാനമായ പത്തനംതിട്ടയിൽ ഇത്തരമൊരു ബസ് ടെർമിനലും വാണിജ്യ സമുച്ചയവും അത്യന്താപേക്ഷിതമാണെന്നതിനാൽ അടിയന്തരമായി ഇടപെട്ട് ആ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

## (5) പദ്ധതികളുടെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എം.എൽ.എ.-മാർക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് നിയോജകമണ്ഡലത്തില ധാരാളം പ്രധാനപ്പെട്ട ജോലികൾ നിർവ്വഹിക്കാൻ സാധിക്കും. എന്നാൽ കഴിഞ്ഞ വർഷത്തെ ആസ്തി വികസന ഫണ്ടിന്റെ ഭരണാനുമതി ഇപ്പോഴും പൂർണ്ണമായും ലഭിച്ചിട്ടില്ല. എനിക്ക് രണ്ടെണ്ണം കിട്ടാനുണ്ട്, ബാക്കിയൊക്കെ കിട്ടിയിട്ടുണ്ട്. 2014-15-ലെ ആസ്തി വികസന ഫണ്ടിന്റെ പണിയാണ് ഇപ്പോൾ പൂർത്തിയാകുന്നത്. 2015-16-ലെ

പണി പലതും തുടങ്ങിയിട്ടില്ല. 2016-17-ലേതിന് ഭരണാനുമതി പൂർണ്ണമായും കിട്ടിയിട്ടില്ല. ഈ സ്ഥിതി മാറണം, ഭരണാനുമതി ലഭിക്കാൻ ഏകദേശം ഒരു വർഷത്തോളം സമയമെടുക്കുകയാണ്. വൈകുന്നതുകൊണ്ട് കുറച്ചുകാലം ഈ പണം ട്രഷറിയിൽ ഉണ്ടാകുമെന്നുള്ളത് ശരിയാണ്. ഏതായാലും ഈ പണം കൊടുക്കണമല്ലോ, അതുകൊണ്ട് അത് നേരത്തെയായിക്കോട്ടെ എന്ന ആശയമാണ് എനിക്ക് പറയാനുള്ളത്. ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് എന്തുകൊണ്ട് എസ്.ഡി.എഫ്. എം.എൽ.എ. ഫണ്ട് വിനിയോഗം പോലെ ജില്ലാതലത്തിൽ ഭരണാനുമതി കൊടുത്തുകൂടാ എന്നതാണ് എന്റെ ചോദ്യം? കെ.എസ്.ആർ.ടി.സി.-യൊക്കെ ആകുമ്പോൾ ഒരു പാർട്ട് എം.എൽ.എ.യുടേയും ബാക്കി കെ.എസ്.ആർ.ടി.സി.-യുടേയും ഫണ്ടാകുമ്പോൾ ചിലപ്പോൾ താമസം വരും. അല്ലെങ്കിൽ ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയാണ് സജസ്റ്റ് ചെയ്യുന്നതെങ്കിൽ അതും ചിലപ്പോൾ സി. ഇ. കാണേണ്ടി വരും. ഇവിടെ 15 ലക്ഷം രൂപയുടെ ഒരു ഗ്രാമീണ റോഡ് നന്നാക്കാൻ കൊടുത്താൽ അതിന്റെ ഫയൽ സി.ഇ. കാണണമെന്ന അവസ്ഥയാണ്. നമ്മൾ ഫണ്ട് ഏൽപ്പിച്ചു എന്ന് ആളുകളോട് ആശ്വാസമായി പറഞ്ഞ കാര്യങ്ങൾ പത്രത്തിൽ വരും. ഒരു കൊല്ലമായിട്ടും പണി തുടങ്ങാത്ത പ്രശ്നം പല സ്ഥലത്തുമുണ്ട്. എന്റെ ഒരു നിർദ്ദേശം, ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ജില്ലയിൽ കൊടുക്കുക, എല്ലാ ജില്ലാ കളക്ടറേറ്റിലും ഒരു ഫിനാൻസ് ഓഫീസറുണ്ടാകും. അദ്ദേഹത്തെ അതിന്റെ നോഡൽ ഓഫീസറായി നിയമിച്ച് ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് അപ്രകാരം ചെയ്യാവുന്നതും അതിനു മുകളിലുള്ളതിനു മാത്രം ഇന്നുള്ള നടപടിക്രമങ്ങൾ പാലിച്ചാൽ മതിയെന്ന രീതിയിലുമൊരു മാറ്റമുണ്ടാക്കിയാൽ അസറ്റ് ഫണ്ടുപയോഗിച്ച് മണ്ഡലങ്ങളിലെ പ്രവൃത്തി കാര്യക്ഷമമായി നടത്താൻ കഴിയും. ഒരു റോഡ് മൊത്തം നശിച്ചശേഷം നന്നാക്കണമെന്ന് നാട്ടുകാരാവശ്യപ്പെട്ടാൽ, ഇന്ന് എം.എൽ.എ. അതിന് ഫണ്ട് കൊടുത്താലും പണി തുടങ്ങണമെങ്കിൽ ഒന്നരക്കൊല്ലം കഴിയും. ആ അവസ്ഥ മാറണം. അതിനുവേണ്ടി നടപടിക്രമങ്ങളിൽ കാര്യമായ മാറ്റമുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ചെറിയ പദ്ധതികളെയും വലിയ പദ്ധതികളെയും ഒരുപോലെ കാണരുത്. 25 പദ്ധതികൾ അസറ്റ് ഫണ്ടിൽ കൊടുക്കാം. ഞാൻ തന്നെ ഒരു പദ്ധതിക്ക് 5 കോടി രൂപ കൊടുത്തിട്ടുണ്ട്. ഒരു പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എം.എൽ.എ. ഫണ്ടിലെ ഒരു വർഷത്തെ 5 കോടി രൂപയും ആ പാലം നിർമ്മിക്കാനായി ഞാൻ കൊടുത്തു. എന്നാൽ 10 ലക്ഷം രൂപയുടെ പണിയുള്ള റോഡ് നമ്മൾ കൊടുക്കുന്നുണ്ട്, 10 ലക്ഷം രൂപയുടെ റോഡിനും 5 കോടി രൂപയുടെ പാലത്തിനും ഒരേ സമയമെടുക്കുന്നത് നീതിയല്ല. അതുകൊണ്ട് ഇതിന്റെ നടപടിക്രമങ്ങളിൽ കാര്യമായ മാറ്റം വരുത്തണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അനുബന്ധമായി മറ്റൊരു കാര്യം പറയാനുള്ളത്, ഇപ്പോൾ ഹൈമാസ്റ്റ് ലൈറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുത്തിട്ടില്ല. കഴിഞ്ഞ വർഷം ഞാൻ 65 ലക്ഷം രൂപ അതിനായി

നീക്കിവച്ചു. പത്തിരുപത് ലൈറ്റുകളുണ്ട്. പക്ഷേ അത് ടെൻഡർ ചെയ്യണോ, ഏജൻസിയെ ഏൽപ്പിക്കണോ എന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരപേക്ഷയുള്ളത്, നമ്മൾ കഴിഞ്ഞ കാലങ്ങളിൽ ഏജൻസിക്ക് കൊടുത്ത് ചെയ്തതുപോലെ ഇത്തവണകൂടി ചെയ്യാം. അവ ഗവൺമെന്റ് ഏജൻസികളാണ്. അല്ലെങ്കിൽ ഏജൻസിയെ സർക്കാർ തീരുമാനിച്ചോട്ടെ, പക്ഷെ പണി എളുപ്പം നടക്കും. ഇനി അത് ടെൻഡർ ചെയ്ത് ജില്ലാ തലത്തിലേയ്ക്ക് പോയാലും ധാരാളം സമയമെടുക്കും. ലൈറ്റ് അനുവദിച്ച കാര്യം പത്രത്തിൽ വരുമ്പോൾ ആൾക്കാർ ചോദിക്കുന്നത്, ലൈറ്റ് എവിടെ എന്നാണ്. അതും ഈ അസറ്റ് ഫണ്ടുകളുടെ സങ്കീർണ്ണതകളിൽപ്പെടുകയാണ്. അതുകൊണ്ട് ഈ വർഷം ഭരണ-പ്രതിപക്ഷ അംഗങ്ങൾ കൊടുത്തിട്ടുള്ള പ്രൊപ്പോസലുകൾ കഴിഞ്ഞ കാലങ്ങളിലെപ്പോലെ സിഡ്കോ പോലെയുള്ള ഏജൻസികൾക്ക് കൊടുത്ത് നിലവിലുള്ള നോംസ് പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ വയ്ക്കാനുള്ള സാഹചര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരുക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2016-17-ലെ വർക്കുകളുടെ എ.എസ്. പൂർണ്ണമായും കൊടുത്തിട്ടില്ല. മലപ്പുറത്താണ് ഏറ്റവും കൂടുതൽ പ്രശ്നം നിലനിൽക്കുന്നത്. അവിടെ ഇലക്ഷൻ വന്നതുകാരണം താമസം വന്നു. മേയ് 31-നകം മുഴുവൻ ഭരണാനുമതിയും നൽകാൻ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാ തലത്തിൽ അനുമതി നൽകുന്നതിനെക്കുറിച്ചുള്ളതാണ്. അത് കഴിഞ്ഞ തവണ നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ എടുത്ത തീരുമാനമാണ്. അതിന്റെ ഉത്തരവ് അടുത്ത ദിവസംതന്നെ ഇറങ്ങുന്നതാണ്. അതുപ്രകാരം ഫിനാൻസിലേയ്ക്ക് വരാതെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് എ.എസ്. കൊടുത്താൽ മതിയാകും. എ.എസ്. കൊടുത്തതിനുശേഷം ഫയൽ വന്നുകഴിഞ്ഞാൽ ഫിനാൻസ് വകുപ്പ് ആകെ നോക്കുന്നത്, ഇതിന് പണമുണ്ടോയെന്നും അഞ്ചു കോടി രൂപയുടെ ലിമിറ്റിൽ നിൽക്കുന്നുണ്ടോ എന്നുമാണ്. കാരണം, പല വകുപ്പുകളാണ് അനുമതി നൽകുന്നത്. ധനകാര്യ വകുപ്പിനുമാത്രമേ അഞ്ച് കോടി രൂപയുടെ ലിമിറ്റിൽ നിൽക്കുന്നുണ്ടോ എന്ന് നോക്കാൻ പറ്റുകയുള്ളൂ. അതല്ലാതെ മറ്റ് കാര്യങ്ങൾ ധനകാര്യ വകുപ്പ് നോക്കുന്നതല്ല. ഇത് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറങ്ങുന്നുണ്ട്. ഇതുകൊണ്ടൊന്നും കാര്യങ്ങൾ മെച്ചപ്പെടുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആലോചിക്കാം. മെമ്പർ ഉന്നയിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രശ്നം ഞാൻ അംഗീകരിക്കുന്നു. പല മെമ്പർമാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാലതാമസം ഒഴിവാക്കാനായി, ഈ വർഷവുംകൂടി ഹൈമാസ്റ്റ് ലൈറ്റിന്റെ കാര്യത്തിൽ മുൻകാലത്തെന്നപോലെ പോകാം; അടുത്ത വർഷം മുതൽ ടെണ്ടർ നടപടിയോ, അല്ലെങ്കിൽ കെ.എസ്.ഇ.ബി. ഏജൻസി മുഖേനയോ കൊടുക്കേണ്ടിവരും.

## (6) കർഷക പെൻഷൻ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് കർഷക പെൻഷൻ വിതരണം ചെയ്യുന്നതിൽ വന്നിരിക്കുന്ന കാലതാമസം പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റിലൂടെ കർഷക പെൻഷൻ പ്രഖ്യാപിച്ചതിനെത്തുടർന്ന് കൃഷി ഭവനുകളിലൂടെ കർഷകരുടെ അപേക്ഷ വാങ്ങി പരിശോധന നടത്തി സർക്കാർ ഔദ്യോഗികമായി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് കർഷക പെൻഷൻ നടപ്പാക്കി വരുന്നത്. ഇപ്പോൾ കർഷക പെൻഷന് അർഹതപ്പെട്ട ആളുകളെ പരമാവധി ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി അക്കാര്യം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ ലിസ്റ്റിൽ വന്നിരിക്കുന്ന ആളുകൾ അനർഹരാണെന്ന തെറ്റായ ധാരണയുണ്ടാക്കി കൃഷിക്കാരെ ഒഴിവാക്കാനുള്ള ശ്രമം നടക്കുന്നത് നിർഭാഗ്യകരമാണ്. ആരെങ്കിലും അവിഹിതമായോ, അന്യായമായോ വന്നിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിൽ ആർക്കും വിരോധമില്ല. പക്ഷേ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായിട്ടാണ് മനസ്സിലാകുന്നത്. ഉദ്യോഗസ്ഥരുടെ പെൻഷൻ സമ്പ്രദായത്തിൽ എ.പി.എൽ./ബി.പി.എൽ. എന്നത് ബാധകമല്ലെന്നും നിയമാനുസൃതം കിട്ടാനുള്ളത് ഉദ്യോഗസ്ഥർ പെൻഷൻ പറ്റുമ്പോൾ കിട്ടുന്നുണ്ടെന്നുമാണ് കൃഷിക്കാർതന്നെ അവരുടെ യോഗങ്ങൾ കൂടുമ്പോൾ പറയുന്നത്. ഇവിടെ പാവപ്പെട്ട കർഷകന് 1,000 രൂപ പെൻഷൻ കിട്ടുന്ന കാര്യത്തിൽ, 60 വയസ്സുവരെ കൃഷി ചെയ്തിട്ടുള്ള കർഷകനാണെങ്കിൽ കൃഷി ഭവനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും അംഗീകരിച്ച് തന്നിരിക്കുന്ന ലിസ്റ്റ് പ്രകാരം അവർക്ക് നിയമാനുസൃതം അർഹതപ്പെട്ട പെൻഷൻ കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം സർക്കാർ ഉറപ്പുവരുത്തുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ 13 മാസമായി കർഷക പെൻഷൻ മുടങ്ങിയിരിക്കുകയാണ്. കോട്ടയം ജില്ലയിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖലയിലടക്കം കാര്യങ്ങൾ പരിശോധിച്ചിട്ടാണ് പറയുന്നത്. ഇതൊരു വസ്തുതയാണ്. കഴിഞ്ഞ ഓണത്തിനു മുൻപേ എല്ലാവർക്കും പെൻഷൻ കിട്ടുമെന്ന് സർക്കാർ പ്രഖ്യാപിച്ചു, മിക്കവാറും എല്ലാവർക്കും കിട്ടിയിട്ടുമുണ്ട്. പക്ഷേ കർഷകർക്ക് മാത്രം കിട്ടിയില്ലെന്ന പ്രശ്നമുണ്ട്. കർഷകരോട് വിവേചനപരമായ നിലപാട് സ്വീകരിക്കുന്നത് നിർഭാഗ്യകരമാണ്. ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻഗണന കൊടുക്കണം. 13 മാസത്തെ കുടിശ്ശിക തീർക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്, എം.എൽ.എ- മാരുടെ വലിയൊരു പ്രശ്നത്തിനുള്ള പരിഹാരമാണ് അങ്ങ് ഇപ്പോൾ ശ്രീ. എൻ. ഷംസുദ്ദീന്റെ സബ്മിഷന്റെ മറുപടിയിൽ പറഞ്ഞത്. ഏകദേശം മുന്നൂറും നാനൂറും കോടി രൂപയുണ്ടെങ്കിൽ മാത്രമേ 13 മാസത്തെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയൂ

എന്നാണ് മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി കൂടി ഈ വിഷയത്തിൽ ഇടപെട്ട് കൊടുക്കാൻ കഴിയുന്ന പരമാവധി തുക കൊടുക്കാനുള്ള നടപടിയുണ്ടാകണം. അങ്ങേയ്ക്ക് അങ്ങനെയൊരു മനസ്സുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിന് അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കുറച്ച് തുകകൂടി കിട്ടിയാലേ കൊടുക്കാൻ കഴിയൂ എന്നാണ് മനസ്സിലാകുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായം ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൃഷി വകുപ്പുമന്ത്രി വളരെ ആത്മാർത്ഥതയോടെ എത്രയും പെട്ടെന്ന് കുടിശ്ശിക തീർക്കുമെന്ന് കഴിഞ്ഞ സഭയിലും പറഞ്ഞതാണ്. പക്ഷേ ഇതുവരെ കൊടുക്കാൻ പറ്റിയിട്ടില്ല. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്ത് കുടിശ്ശിക തീർത്ത് കർഷക പെൻഷൻ എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മോൻസ് ജോസഫ് പറഞ്ഞതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതല്ല കർഷകത്തൊഴിലാളി പെൻഷൻ; കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും കർഷക സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് കിസാൻ അഭിമാൻ പദ്ധതിയിലുൾപ്പെടുത്തി കർഷകത്തൊഴിലാളി പെൻഷൻ ആരംഭിച്ചത്. അങ്ങ് പറഞ്ഞ പല കാര്യങ്ങളും വസ്തുതാപരമായി ശരിയാണ്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2015 മാർച്ച് മുതൽ 14 മാസത്തെ കർഷക പെൻഷനടക്കം 191 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം കർഷക പെൻഷൻ കുടിശ്ശിക ഇനത്തിൽ 151.41 കോടി രൂപ നൽകുകയുണ്ടായി. ബാക്കിയുള്ള കർഷക പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിനായി 2017-18 വർഷത്തിൽ ആകെ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 124.872 കോടി രൂപയിൽ നിന്ന് 2017 ഏപ്രിൽ മാസം 10-ാം തീയതി 103.7916 കോടി രൂപ വിവിധ ജില്ലകൾക്ക് ഇതിനകം നൽകിക്കഴിഞ്ഞു. ഈ തുക എല്ലാ ജില്ലകളിലും ഇപ്പോൾ വിതരണം ചെയ്തുവരികയാണ്. കുടിശ്ശിക കൊടുത്തില്ലെന്ന് പറയുന്നത് ശരിയല്ല. പുതുക്കിയ മാനദണ്ഡമനുസരിച്ച് ആധാർ കാർഡുമായി ബന്ധപ്പെടുത്തി അനർഹരെ ഒഴിവാക്കുന്നതിനായി കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. നേരത്തേ അനുവദിച്ച പെൻഷന്റെ കാര്യത്തിൽ യാതൊരു മാനദണ്ഡ വുമുണ്ടായിരുന്നില്ല. അന്ന് പ്രത്യേകിച്ചൊരു വ്യവസ്ഥയുടെ അടിസ്ഥാനത്തില്ല പെൻഷൻ നൽകിയിരുന്നത്, 60 വയസ്സ്, അഞ്ച് ഏക്കർ ഭൂമി എന്ന പരിധി മാത്രമാണ് കണക്കാക്കിയത്. അങ്ങനെ അനർഹരായ നിരവധിയാളുകൾ ഇതിലുൾ പ്പെട്ടിട്ടുണ്ടെന്നതിനാലാണ് ഇപ്പോൾ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആധാർ കാർഡുമായി ബന്ധപ്പെടുത്തി വിവരങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 2016 ജൂൺ 1 മുതൽ കർഷക പെൻഷൻ പ്രതിമാസം 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ബജറ്റ്

പ്രസംഗത്തിൽ കർഷക പെൻഷൻ 1100 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനമുണ്ടായിട്ടുണ്ട്. കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം കർഷക സുരക്ഷയും മികച്ച വരുമാനവും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ കിസാൻ അഭിമാൻ പദ്ധതിയിൽ 12320 കർഷകർ ഗുണഭോക്താക്കളായിരുന്നെങ്കിൽ 2016-17 കാലയളവിൽ ഗുണഭോക്താക്കളുടെ എണ്ണം 356663 ആയി വർദ്ധിച്ചു. എന്നാൽ ഈ ഗുണഭോക്തൃ പട്ടികയിൽ അനർഹരായ നിരവധിയാളുകൾ ഇടം നേടിയിട്ടുണ്ടെന്ന ആരോപണത്തെത്തുടർന്ന് അനർഹരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട്, പുതുക്കിയ മാനദണ്ഡമനുസരിച്ച് തികച്ചും സംശുദ്ധമായ പട്ടിക തയ്യാറാക്കി, അർഹരായവർക്ക് മാത്രം പെൻഷൻ നൽകുന്നതിനുള്ള നടപടിയാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ആധാർ കാർഡുമായി ബന്ധപ്പെടുത്തുന്നതിന് അനുവദിച്ച സമയപരിധിക്കുള്ളിൽ ഏതെങ്കിലും അർഹരായ ആളുകൾ അതിന് സാധിക്കാതെ മാനദണ്ഡപ്രകാരം പുറത്തു നിൽക്കുന്നുണ്ടെങ്കിൽ അവരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നതിന് പ്രത്യേക അദാലത്ത് സംഘടിപ്പിക്കുന്നതാണ്. കുടിശ്ശികയില്ലാതെ കർഷക പെൻഷൻ നൽകുന്നതിന് 301 കോടി രൂപ കൂടുതലായി ആവശ്യമുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെട്ടുകഴിഞ്ഞ സാഹചര്യത്തിൽ അധികമായി വരുന്ന തുകയ്ക്ക് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ വഴി ധനകാര്യ വകുപ്പിന് ഉടൻതന്നെ സമർപ്പിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ബാക്കി തുക കൂടി വിതരണം ചെയ്യുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കുടിശ്ശിക കൊടുക്കണമെങ്കിൽ 300 കോടി രൂപ വേണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പറയണം. (...ബഹളം... )

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കേരളത്തിൽ ധാരാളം ക്ഷേമനിധികളുണ്ട്. എന്നാൽ കർഷക ക്ഷേമനിധി ബോർഡിന് ഒരു സ്കീമില്ല എന്നുള്ളതാണിതിന്റെ പ്രശ്നം. ആർക്കൊക്കെ അർഹതയുണ്ട്, എവിടെ നിന്നാണ് ഫണ്ട് എന്നതിനൊന്നും വ്യക്തതയില്ലാത്തതുകൊണ്ട് പിന്നീട് ഗൗരവമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതാണിത്. ഏതായാലും എംപ്ലോയറുടെ ഒരു വിഹിതം പറ്റില്ല. ബേസിക് ടാക്സിന്റെ നിശ്ചിത ശതമാനം ഇതിലേയ്ക്ക് വയ്ക്കണം. കൂടാതെ കർഷകത്തൊഴിലാളികളുടെ കാര്യത്തിലും ഭൂവുടമകളുടെ വിഹിതമില്ലാത്തതിന്റെ പ്രശ്നങ്ങൾ ഏറെയാണ്. ഇക്കാര്യങ്ങളിലെല്ലാം സമവായ ചർച്ചയുടെ അടിസ്ഥാനത്തിൽ പരിഹാരം കാണാം. ഇപ്പോൾ ഇതിനായി ഒരു സ്കീം കൊണ്ടുവന്നാൽ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. അതോടൊപ്പം കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇപ്പോൾ പണത്തിന് കുറച്ച് പ്രയാസമുണ്ട്. അത് മാറിയശേഷം ആവശ്യമായ നടപടി സ്വീകരിക്കാം.

## (7) ട്രൈബൽ കോളനി റോഡ് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി ട്രൈബൽ കോളനി റോഡ് നിർമ്മാണത്തിനായി നടപടി സ്വീകരിക്കുകയും തുക അനുവദിക്കുകയുമുണ്ടായി. 1450 ലക്ഷം രൂപയുടെ ഭരണാനുമതി പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ചിരുന്നതാണ്. 20-10-2015-ലെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഫിനാൻസ് വകുപ്പിന്റെ ക്ലിയറൻസിന്റെ അടിസ്ഥാനത്തിലും 3.055 കിലോമീറ്ററായി റോഡിന്റെ നീളം നിജപ്പെടുത്തി സാങ്കേതികാനുമതി നൽകുകയുണ്ടായി. അനുമതി ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെ പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സി.ടി.ഇ.-യുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കണമെന്ന് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അടിച്ചിൽതൊട്ടി കോളനിയിലെ നൂറോളം ആദിവാസി കുടുംബങ്ങൾക്ക് സഞ്ചാരയോഗ്യമായ വഴികളില്ല. ഇവർക്ക് ആശുപത്രി യിലേയ്ക്കോ മറ്റാവശ്യങ്ങൾക്കോ, 85 കിലോമീറ്റർ ദൂരെയുള്ള ചാലക്കുടിയി ലെത്തണമെങ്കിൽ മലകയറി 4 കിലോമീറ്റർ ദൂരം വനാന്തർഭാഗത്തുക്കൂടി നടന്ന് പി.ഡബ്ല്യു.ഡി. റോഡിലെത്തണം. ഇവരുടെ ഗതാഗതത്തിനും ദൈനംദിന ജീവിതത്തിനും ഏറെ സഹായകരമാകുന്ന പത്തടിപ്പാലം മുതൽ അടിച്ചിൽതൊട്ടി വരെയുള്ള റോഡ് അടിയന്തരമായി നിർമ്മിക്കണം. ആദിവാസി മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നല്കിക്കൊണ്ട് ഫണ്ട് വിഹിതം കൈമാറുകയും ഭരണ-സാങ്കേതികാനുമതികൾ ലഭിക്കുകയും ചെയ്ത ഒരു പദ്ധതി ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സവാദങ്ങൾ നിരത്തി രണ്ടുവർഷത്തിലധികമായി നീട്ടിക്കൊണ്ടുപോകുന്നത് അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് പത്തടിപ്പാലം മുതൽ അടിച്ചിൽതൊട്ടി കോളനി വരെയുള്ള റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ വനം, ട്രൈബൽ, പൊതുമരാമത്ത് തുടങ്ങിയ വിവിധ വകുപ്പുകളുമായി നേരിട്ട് ബന്ധപ്പെട്ട പ്രോജക്ടായതിനാൽ പ്രസ്തുത റോഡിന്റെ സുഗമമായ നിർമ്മാണത്തിന് ഒരു ലെയ്സൺ ഓഫീസറെ ചുമതല പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വളരെയധികം സങ്കീർണ്ണതയോടുകൂടിയാണ് അന്നത്തെ സർക്കാർ ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളൊക്കെയുണ്ടായത്. പൂർണ്ണമായും ഗിരിവർഗ്ഗ മേഖലയായ ഈ പ്രദേശത്ത് റോഡ് നിർമ്മിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ പ്രത്യേകത കണക്കിലെടുക്കാതെ നിരുത്തരവാദപരമായി, മാറിമാറിയെടുത്ത തീരുമാനങ്ങളാണ് ഈ സ്ഥിതിവിശേഷമുണ്ടാക്കിയത്. ഊരാളുങ്കൽ

സൊസൈറ്റിക്ക് ടെൻഡർ കൊടുത്തശേഷം അവർ കൊടുത്ത റിപ്പോർട്ട് തള്ളിക്കളഞ്ഞു. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ പണത്തിന്റെ മൂന്നിൽ രണ്ട് ഭാഗം മാത്രം അനുവദിച്ച് അതിൽനിന്നും മൂന്നിലൊരു ഭാഗം കട്ട് ചെയ്തതിനാൽ അവർ പണി ഉപേക്ഷിച്ചു. അധികാര പരിധിയില്ലാത്ത സ്ഥലത്ത് റോഡ് പണിയാനായി പി. ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയാണുണ്ടായത്. അവരുടെ കീഴിലുള്ള റോഡല്ലായിരുന്നെങ്കിലും അന്നത്തെ നിർബന്ധം കൊണ്ട് അവർക്കത് ഏറ്റെടുക്കേണ്ടിവന്നു. ഇപ്പോഴുള്ള പ്രശ്നം, 14.5 കോടി രൂപയുടെ ഭരണാനുമതി മൂന്ന് വർഷം മുമ്പ് കൊടുത്തെങ്കിലും രണ്ട് വർഷം മുമ്പ് സാങ്കേതികാനുമതി കൊടുക്കുന്നത് 8.75 കോടി രൂപയ്ക്കാണ്. എന്നിട്ട് അത് ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചു. അവർ എസ്റ്റിമേറ്റ് തയ്യാറാക്കി 11.5 കോടി രൂപയ്ക്ക് ചെയ്യാമെന്ന് പറഞ്ഞെങ്കിലും പണം കൊടുക്കാത്തതിനാൽ അവർ പണി ഉപേക്ഷിച്ചു. മാത്രമല്ല, 6 കിലോമീറ്റർ വനം വകുപ്പിന്റെ കീഴിലാണ്. അവരുടെ അനുവാദമില്ലാതെ അവിടെ റോഡ് പണിയാൻ കഴിയില്ലെന്ന് അന്നത്തെ അധികാരികൾ മനസ്സിലാക്കണ്ടേ? അവർ 3 കിലോമീറ്റർ പണിയാൻ സമ്മതിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് പി.ഡബ്യ്യ.ഡി-ക്ക് കൊടുത്തപ്പോൾ അതും തള്ളിക്കളഞ്ഞു. ഇപ്പോൾ വനം വകുപ്പിന്റെ അനുവാദമില്ലാതെ 6 കിലോമീറ്റർ റോഡ് നിർമ്മിക്കണമെന്ന ആവശ്യം എളുപ്പം നടത്താൻ കഴിയുന്നതല്ല. സാങ്കേതിക വശങ്ങൾ നോക്കാതെ, റോഡ് നിർമ്മിക്കാൻ വന്ന ഏജൻസിക്ക് പണം കൊടുക്കാതെ, റോഡ് നിർമ്മിക്കാൻ അധികാരമില്ലാത്ത പി.ഡബ്യ്യ.ഡി.-യെ അടിച്ചേൽപ്പിച്ച്, അവർ കൊടുത്ത റിപ്പോർട്ടും തള്ളിയിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ റോഡ് ആവശ്യമാണ്. ഇപ്പോൾ സർക്കാർ പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചിരിക്കുകയാണ്, അവർ ചെയ്യേണ്ട ജോലിയല്ല, ഏൽപ്പിച്ച സ്ഥിതിക്ക് റോഡ് പണി ചെയ്യും. അത് മാറ്റുന്നില്ല. ഇപ്പോൾ നമ്മൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം ആരായുകയാണ്. എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് നിരത്തുകളും പാലങ്ങളും ചീഫ് എൻജിനീയർക്ക് സർക്കാർ വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് താമസിയാതെ സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ ഒരുന്നത ഉദ്യോഗസ്ഥനെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പിനോടും ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനോടും അഭ്യർത്ഥിക്കുന്നു.

## (8) അവശ്യസാധനങ്ങളുടെ വിലക്കയറ്റം

ശ്രീ. പി. സി. ജോർജ്: സർ, അരി, മറ്റ് ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി എന്നിവയുടെ വിലക്കയറ്റം സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. എനിക്ക് ഈ വിഷയത്തിൽമാത്രം ഒതുങ്ങി പ്രസംഗിക്കാൻ കഴിയില്ല. കാരണം, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അരിവില 34 രൂപയായിരുന്നു. അത് 46 രൂപവരെ വർദ്ധിച്ചു. നിയമസഭാ സമ്മേളനം ആരംഭിക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ അരി വില 33 രൂപയായി കുറഞ്ഞു. അതിന്റെ മറിമായം എന്താണെന്നുള്ളതറിയണം. ഈ രാജ്യത്തെ ഇടത്തട്ടുകാരൻ/കൊള്ളക്കാരൻ പാവപ്പെട്ട മനുഷ്യരെ കബളിപ്പിക്കുകയും പിടിച്ചുപറിക്കുകയുമാണ് ചെയ്യുന്നത്. ഇതുപോലെ ഏത് സാധനങ്ങളുടെ വില

വേണമെങ്കിലും പരിശോധിക്കാം. ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുകയല്ല. മന്ത്രിയുടെ നല്ല മനസ്സിനെയും പ്രവർത്തനത്തെയും ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ അരി വില 32 രൂപവരെ കുറഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് ലഭിച്ച വിവരം. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്നുള്ളതറിയണം. അരി വില 46 രൂപയായി എങ്ങനെ വർദ്ധിച്ചു? ഈ പണം തട്ടികൊണ്ടുപോയത് ആരാണ്? കേരളത്തിലെ 3 കോടി 34 ലക്ഷത്തോളം ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് ഇടത്തട്ടുകാർക്ക് പണം തട്ടിക്കൊണ്ടുപോകാൻ അവസരം കൊടുക്കുന്നത് ശരിയാണോ? മുളകിന്റെ വില 40 രൂപയായിരുന്നു. ഇപ്പോൾ 50 രൂപയായി വർദ്ധിച്ചു. ബീൻസിന്റെ വില 60 രൂപയായിരുന്നത് 60 ശതമാനം വില വർദ്ധിപ്പിച്ച് ഇപ്പോൾ 95 രൂപയാക്കിയിരിക്കുകയാണ്. ഒരു കടയിലും വിലവിവരപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. എന്തുകൊണ്ട് വിലവിവര പട്ടിക പ്രസിദ്ധീകരിക്കുന്നില്ല? വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കാത്ത കടക്കാരന്റെ പേരിൽ ക്രിമിനൽ കേസ്സെടുക്കണം. കാരറ്റിന് 51 രൂപയായിരുന്നത് ഇപ്പോൾ 75 രൂപയായും വെണ്ടയ്ക്കയ്ക്ക് 20 രൂപയായിരുന്നത് 30 രൂപയായും ബീറ്റ്റൂട്ടിന് 35 രൂപയായിരുന്നത് 45 രൂപയായും വർദ്ധിപ്പിച്ചു. അച്ചിങ്ങാപയർ, വൻപയർ തുടങ്ങിയവയ്ക്ക് 50 രൂപയായിരുന്നത് 80 ശതമാനം വർദ്ധിപ്പിച്ച് ഇപ്പോൾ 90 രൂപയായി. പാവയ്ക്കയ്ക്ക് 35 രൂപയായിരുന്നത് 55 രൂപയായും പടവലത്തിന് 20 രൂപയായിരുന്നത് 100 ശതമാനം വർദ്ധിപ്പിച്ച് ഇപ്പോൾ 40 രൂപയുമായി. ഞാൻ എല്ലാ സാധനങ്ങളുടെയും വില പരിശോധിച്ചു. മത്സ്യ-മാംസത്തിന്റെയും വില വർദ്ധിപ്പിച്ചു. 2016-ൽ പോത്തിറച്ചിക്ക് 250 രൂപയായിരുന്നത് 350 രൂപയായും ആട്ടിറച്ചിക്ക് 400 രൂപയായിരുന്നത് 500 രൂപയായും വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാര മേൽക്കുമ്പോൾ കോഴിയുടെ വില 60 രൂപയായിരുന്നത് ഇപ്പോൾ 103 രൂപയായി വർദ്ധിപ്പിച്ചു. ഇങ്ങനെയായാൽ പാവപ്പെട്ടവർക്ക് ഈ നാട്ടിൽ എങ്ങനെ ജീവിക്കാൻ സാധിക്കും? മൈദ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിച്ചിരിക്കുകയാണ്. വിലവർദ്ധനവ് തടയാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അരി വില വർദ്ധിപ്പിച്ച് കബളിപ്പിച്ചവർക്കെതിരെ കേസ്സെടുക്കാനുള്ള നടപടിയും സ്വീകരിക്കണം; കൂടാതെ എല്ലാ കടകളിലും, പ്രത്യേകിച്ച് പച്ചക്കറിക്കടകളിൽ നിർബന്ധമായും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്തെ ജനങ്ങൾക്കാവശ്യമായ അരി, പച്ചക്കറി, പലവ്യഞ്ജനം തുടങ്ങിയ ഉൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്നാൽമാത്രമേ കേരളത്തിനാവശ്യത്തിന് ഉപയോഗിക്കാൻ കഴിയുകയുള്ളൂവെന്ന് എല്ലാവർക്കുമറിയാം. മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, വിളനാശം, കയറ്റിറക്ക് കൂലിയിലുണ്ടാകുന്ന അധികച്ചെലവ് തുടങ്ങിയവയെല്ലാം ഈ ഉൽപ്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കാറുണ്ട്. നമ്മുടെ സംസ്ഥാനം അതിന്റെ കെടുതി എല്ലാ സന്ദർഭത്തിലും ഒരുപോലെ അനുഭവിക്കാറുണ്ട്. ആന്ധ്രാപ്രദേശിൽനിന്നുള്ള അരിയാണ് കേരളത്തിൽ ഏറ്റവും

കൂടുതൽ ഉപയോഗിക്കുന്നത്. ഇപ്പോൾ അവിടെ നിന്നുള്ള അരിയുടെ വരവ് കുറഞ്ഞു. 34-35 രൂപ വിലയുണ്ടായിരുന്ന ജയ അരിയുടെ വില 46-47 രൂപ വരെ എത്തിയ സന്ദർഭത്തിൽ സംസ്ഥാന സർക്കാർ ആന്ധ്രാ സംസ്ഥാനത്തെ മില്ലുടമകളുമായും അരി ഉൽപ്പാദകരുമായും നേരിട്ട് ബന്ധപ്പെട്ട് സപ്ലൈകോ വഴി ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചു. അതോടൊപ്പം ആന്ധ്രയ്ക്ക് പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ജയ അരിക്ക് സമാനമായ അരി നമ്മുടെ മാർക്കറ്റിൽ കൂടുതലായി ലഭ്യമാക്കാനുള്ള നടപടികളും കുട്ടനാട് റൈസ് എന്ന പേരിൽ ഇറക്കിയിരുന്ന അരി സപ്ലൈകോ മൊത്തമായി സംഭരിച്ച് 33 രൂപയ്ക്ക് സംസ്ഥാനത്ത് വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. പി.ഡി.എസ്. -ലൂടെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയ സന്ദർഭത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരുന്ന അരിയുടെ അളവ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ച നടപടി നമുക്ക് വലിയൊരു പ്രഹരമാണ് സമ്മാനിച്ചത്. ആ സന്ദർഭത്തിൽ കേന്ദ്ര സർക്കാരുമായും എഫ്.സി.ഐ. അധികൃതരുമായും ബന്ധപ്പെട്ട് എഫ്.സി.ഐ. വിൽക്കുന്ന O.M.S.S. (Open Market Sale Scheme) പ്രകാരം ഇക്കണോമിക് റേറ്റ് പ്രകാരമുള്ള പുഴുക്കലരിയും പച്ചരിയും കേരളത്തിന് കൂടുതൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ 25 രൂപയ്ക്ക് പുഴുക്കലരിയും 23 രൂപയ്ക്ക് പച്ചരിയും മാർക്കറ്റിൽ ലഭ്യമാക്കി. ഇതിൽ സഹകരണമേഖല അതിപ്രധാനമായ പങ്ക് വഹിക്കുകയുണ്ടായി. ബംഗാളിൽനിന്ന് പ്രത്യേകമായി അരി ഇവിടെയെത്തിച്ച് 25 രൂപയ്ക്ക് വിപണനം ചെയ്യാനുള്ള സൗകര്യമൊരുക്കി. സപ്ലൈകോ സംസ്ഥാനത്തിന്റെ മിക്കവാറുമുള്ള എല്ലാ പ്രദേശങ്ങളിലും വ്യാപകമായി അരിക്കടകൾ ആരംഭിച്ചു കൊണ്ട് എല്ലായിനം സബ്സിഡി അരികളും ഒരുപോലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുംവിധം പൊതുമാർക്കറ്റിനേക്കാൾ അരി വില കുറച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചതിന്റെ ഫലമായി 47-48 രൂപയുണ്ടായിരുന്ന ജയ അരിയുടെ വില ഇന്ന് 35-36 രൂപയായി താഴ്ന്നുവെന്നുള്ളതാണ് വസ്തുത. അന്ധ്രാപ്രദേശിൽ ഇപ്പോൾ കൊയ്ത്ത് നടക്കുന്ന സമയമാണ്. അരിയുടെ വില ഇനിയും താഴോട്ട് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് അരി ലഭ്യമാക്കാനാവശ്യമായ എല്ലാ നടപടികളും ഇത്തരം സന്ദർഭത്തിൽ സർക്കാർ സ്വീകരിച്ചുവെന്നാണ് അങ്ങയെ അറിയിക്കാനുള്ളത്. മറ്റൊന്ന്, ആന്ധ്രയിലെ അരി കേരളത്തിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് ചില പ്രത്യേക കേന്ദ്രങ്ങളുണ്ട്. അവയെ സസൂക്ഷ്മം വീക്ഷിക്കാനും അവരുടെ കള്ളക്കളികൾ പൊളിച്ചടുക്കാനും ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. പലവ്യഞ്ജനത്തിന് വില വർദ്ധിപ്പിച്ചിട്ടില്ല. എല്ലാ പയർവർഗ്ഗങ്ങൾക്കും മല്ലി, മുളക് ഉൾപ്പെടെയുള്ള എല്ലാ പലവ്യഞ്ജനങ്ങൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില കുറഞ്ഞിട്ടേയുള്ളൂ. മുളകിന്റെ വില അങ്ങ് സൂചിപ്പിച്ചത് ശരിയല്ല. മുളകിന് അങ്ങ് പറഞ്ഞതിനേക്കാൾ കൂടുതൽ വിലയുണ്ട്. എന്നാൽ ഇപ്പോൾ മുളകിന് വില കുറഞ്ഞിരിക്കുന്ന സമയമാണ്. പയർ വർഗ്ഗങ്ങൾക്കും വില കുറഞ്ഞു. വെളിച്ചെണ്ണ, പഞ്ചസാര, പച്ചക്കറി എന്നിവയ്ക്കാണ് വില കൂടിയത്. മറ്റ് സംസ്ഥാനങ്ങളിലെ കാലാവസ്ഥയിലുണ്ടായ മാറ്റമാണ് പച്ചക്കറികൾക്ക് വില

കൂടാൻ കാരണം. അത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികളുടെ വരവും കേരളത്തിലെ പച്ചക്കറികളുടെ ഉൽപ്പാദനവും കുറഞ്ഞിരിക്കുകയാണ്. പ്രസ്തുത സന്ദർഭത്തിലും ഓണക്കാലത്തെന്നതു പോലെ ഈ വിഷു സീസണിലും ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. തുടങ്ങിയ കേന്ദ്രങ്ങൾ നല്ല പ്രവർത്തനം നടത്തുകയും കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വാങ്ങി ഉപഭോക്താവിന് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന നൂറുകണക്കിന് കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം വെണ്ടയ്ക്കയുടെ വിലയെ പറ്റി സൂചിപ്പിക്കുകയുണ്ടായി. വെണ്ടയ്ക്കയ്ക്ക് 80 രൂപ വരെ വില വർദ്ധനവുണ്ടായി. അതിൽനിന്നും വില താഴോട്ട് വന്നു. ഇനി ഇതിനേക്കാൾ കുറഞ്ഞ വില ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്ന അവസ്ഥയുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയും പ്രവർത്തനം പ്രതിരോധിക്കാൻ കഴിയുംവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സംയുക്ത നീക്കം സംസ്ഥാനത്ത് നടത്താനും ഒരു വിലനിർണ്ണയ അതോറിറ്റിക്ക് രൂപം കൊടുത്തുകൊണ്ട് വളരെ ഭംഗിയായി ആ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന 13 ഇന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് ഒരു കാരണവശാലും വില വർദ്ധിപ്പിക്കില്ലെന്ന തീരുമാനത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

## (9) ടൂറിസം വികസനം

ശ്രീ. ഡി. കെ. മുരളി: സർ, തെക്കൻ കേരളത്തിലെ ഏറ്റവും മനോഹരമായ ഹിൽ ടൂറിസ്റ്റ് സെന്ററാണ് പൊന്മുടി. അത് മനസ്സിലാക്കിക്കൊണ്ട് ഈ സർക്കാർ ആദ്യത്തെ റിവൈസ്ഡ് ബഡ്ജറ്റിൽ ഇതിനായി 200 കോടി രൂപ വകയിരുത്തുകയും 5 കോടി രൂപ തനത് വർഷം ചെലവാക്കാൻ പദ്ധതിയിടുകയും ചെയ്തു. എന്നാൽ ഇതുസംബന്ധിച്ചുള്ള പ്രോജക്ട് നാളിതുവരെ തയ്യാറാക്കിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കോ ടൂറിസം, റോപ് വേ, അഡ്വഞ്ചർ ടൂറിസം, ബൊട്ടാണിക്കൽ ഗാർഡൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വികസനം എന്നിവ പ്ലാൻ ചെയ്യാവുന്നതാണ്. ഇതിനെല്ലാം ഡി.പി.ആർ. തയ്യാറാക്കണമെങ്കിൽ ടെക്നിക്കൽ എക്സ്പെർട്ട്സിന്റെ സഹായം ആവശ്യമാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി മുൻകയ്യെടുത്ത്, വനം വകുപ്പുമന്ത്രി ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും സംയുക്ത മീറ്റിംഗ് പൊൻമുടിയിൽ വച്ച് കൂടിയിരുന്നു. ഞാനും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നു. എന്നാൽ നാളിതുവരെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നില്ല. തനത് വർഷത്തെ തുകപോലും ചെലവാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നം പരിഹരിക്കുന്നതിനും ഗസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന ലോവർ സാനിറ്റോറിയം പരിസരത്തുള്ള പാർക്ക് കാടുപിടിച്ച് കിടക്കുന്നത് അടിയന്തരമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പൊന്മുടിയിലെ വിനോദസഞ്ചാര സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ വനം വകുപ്പുമന്ത്രിയുടെയും വനം വകുപ്പുദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചിരുന്നു. ആ യോഗം സുപ്രധാനമായ തീരുമാനങ്ങളെടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ്. പൊന്മുടിയിലേയ്ക്ക് റോപ് വേ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും 200 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കിവച്ചിട്ടുണ്ട്. റോപ് വേ പദ്ധതി നടത്തിപ്പിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ദർഘാസ് നടപടികളിലൂടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കൺസൾട്ടന്റുമാരുടെ ഒരു പാനൽ തയ്യാറാക്കിയിട്ടുണ്ട്. അവരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഡി.പി.ആർ. തയ്യാറാക്കാൻ സന്നദ്ധമായ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്ന നടപടി കെ.റ്റി.ഐ.എൽ. സ്വീകരിച്ചുവരികയാണ്. അതേസമയം സർക്കാർ അംഗീകൃത കൺസൾട്ടന്റായ കിറ്റ്കോ, ധർമ്മടം-മുഴപ്പിലങ്ങാടിന് സമാനമായ മറ്റൊരു റോപ് വേ പദ്ധതിയുടെ ഡി.പി.ആർ. ഇതിനകം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും നടപടി ക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പൊന്മുടി റോപ് വേ പദ്ധതിയുടെ ഡി.പി.ആർ. കൂടി തയ്യാറാക്കുന്നതിന് കിറ്റ്കോയുടെ സന്നദ്ധത അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പൊന്മുടിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പുതിയ ഗസ്റ്റ് ഹൗസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിലേയ്ക്കായി 4.01 കോടി രൂപയും നിലവിലുള്ള ഗസ്റ്റ് ഹൗസിലെ 'ബി' ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾക്കായി 92.53 ലക്ഷം രൂപയും ഇതിനകം പി.ഡബ്ല്യു.ഡി.-ക്ക് ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. ടി ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് വകുപ്പ് പി.ഡബ്ല്യു.ഡി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം നിർമ്മാണത്തിലിരിക്കുന്ന പുതിയ ഗസ്റ്റ് ഹൗസ് മന്ദിരത്തിന്റെ വൈദ്യുതീകരണം പി.ഡബ്ല്യു.ഡി. മുഖാന്തരം നടപ്പിലാക്കുന്നതിന് 2 കോടി രൂപയുടെ പദ്ധതിയും 15 ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണം കെ.റ്റി.ഡി.സി. മുഖാന്തരം നടപ്പിലാക്കുന്നതിന് 3.2 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രശസ്തമായ പൊന്മുടി വിനോദ സഞ്ചാര വികസനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഒരു സമഗ്രമായ പ്രവർത്തനത്തിനാണ് സർക്കാർ നേതൃത്വം കൊടുക്കുന്നത്.

## (10) വിദ്യാഭ്യാസ ജില്ല രൂപീകരണം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ കേന്ദ്രമായി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടുതവണ ഈ വിഷയം സബ്മിഷനായി ഞാൻ ഉന്നയിച്ചിരുന്നു. തുടർച്ചയായി സബ്മിഷന് അനുകൂല മറുപടി ലഭ്യമാക്കിയിട്ടും നാളിതുവരെ അനുകൂലമായ ഉത്തരവുണ്ടായിട്ടില്ല. നിലവിൽ പത്തനംതിട്ട ജില്ലാ പരിധിയിൽ പത്തനംതിട്ട, തിരുവല്ല എന്നീ രണ്ട് വിദ്യാഭ്യാസ ജില്ലകൾ മാത്രമാണുള്ളത്. അടൂർ മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിൽനിന്നും വളരെ ദൂരെ സ്ഥിതി

ചെയ്യുന്ന പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ഒരു ദിവസംകൊണ്ട് പോയി തിരിച്ചെത്തുകയെന്നുള്ളത് തികച്ചും ദുഷ്കരമാണ്. സ്കൂളുകളുടെ ബാഹുല്യത്താൽ നിലവിൽ ജോലിഭാരം കൊണ്ട് വീർപ്പുമുട്ടുന്ന ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പ്രശ്നംകൂടി കണക്കിലെടുത്ത് അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ലാ രൂപീകരണം സാദ്ധ്യമാക്കണമെന്ന് തുടർച്ചയായി മൂന്നാം തവണയാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നിലവിൽ അധികമായി ഒരു തസ്തിക പുതിയ വിദ്യാഭ്യാസ ജില്ലാ രൂപീകരണത്തിന് ആവശ്യമാണെന്നുള്ളതിന്റെ സാങ്കേതികത ചൂണ്ടിക്കാട്ടിയാണ് ഈ ഫയലിന്മേലുള്ള കാലതാമസമെന്നറിയുന്നു. ആയതിനാൽ അങ്ങയുടെ പ്രത്യേക പരിഗണനയോടെ, സാദ്ധ്യമാകുമെന്ന പ്രത്യാശയോടെ അടൂരിൽ ഡി.ഇ.ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ഒരിക്കൽക്കൂടി അവതരിപ്പിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : സർ, പത്തനംതിട്ട ജില്ലയിൽ നിലവിൽ പത്തനംതിട്ട, തിരുവല്ല ആസ്ഥാനങ്ങളിലായി രണ്ട് വിദ്യാഭ്യാസ ജില്ലകളാണുള്ളത്. പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ 112 വിദ്യാഭ്യാസ സ്ഥാപനങ്ങളും തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ 71 വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. പത്തനംതിട്ട, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽ യഥാക്രമം 6, 5 ഉപജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിനുകീഴിൽ നൂറിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നതിനാൽ ടി ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് കണക്കിലെടുത്ത് അടൂർ കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാനുള്ള ശിപാർശ 21-5-2014-ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് ഡ്രോയിംഗ് ആന്റ് സിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ബില്ലുകൾ സ്പാർക്ക് മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാനുള്ള ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയുണ്ടായി. അടൂർ കേന്ദ്രമാക്കി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഉയർന്നു വരുന്ന പുതിയ സാഹചര്യങ്ങൾ പരിഗണിച്ച് ഇക്കാര്യം പിന്നീട് പരിശോധി ക്കാവുന്നതാണ്.

## V ക്രമപ്രശ്നം

<u>ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 25-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ട ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള 113 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുണ്ടായിരുന്നു. റൂളനുസരിച്ച്

24-4-2017 വൈകുന്നേരം 5 മണിക്ക് മുമ്പ് ഉത്തരം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാകേണ്ടതായിരുന്നു. എന്നാൽ 2-5-2017 വരെ 113 ചോദ്യങ്ങൾക്കും മറുപടി ലഭിച്ചിട്ടില്ല. പോലീസിനെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാതെ പോലീസ് എന്ന ധനാഭ്യർത്ഥന ചർച്ച ആദ്യമായാണ് സഭയിൽ നടക്കുന്നത്. ഒരു മെമ്പർ 10 ദിവസത്തെ ഫുൾ നോട്ടീസ് കൊടുത്താണ് ചോദ്യം ഉന്നയിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഞാൻ ഇക്കാര്യം ഉന്നയിച്ചതാണ്. സ്വാഭാവികമായും സംസ്ഥാന ഭരണത്തലവൻ എന്ന നിലയ്ക്ക് മുഖ്യമന്ത്രിക്ക് തിരക്കുണ്ടാകും. എന്നാൽ ഉത്തരം ലഭിക്കുകയെന്നുള്ളത് അംഗങ്ങളുടെ അവകാശമാണ്. ദയവായി അങ്ങ് ഇക്കാര്യത്തിൽ ഇടപെടണം. 113 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടില്ലെന്നുള്ളത് സഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമായി കരുതുന്നു. ഭരണ-പ്രതിപക്ഷ വിത്യാസമില്ലാതെയുള്ള അംഗങ്ങളുടെ ചോദ്യങ്ങൾക്കാണ് മറുപടി ലഭിക്കാനുള്ളത്. മറുപടി ലഭിക്കാതെ എങ്ങനെയാണ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുസംബന്ധിച്ച് ഇപ്പോൾ പറയാൻ കഴിയില്ല; എന്താണെന്ന് പരിശോധിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗൗരവമായ കാര്യം തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

12.00 Noon]

## VI ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-18 — 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക — റവന്യൂ (₹) | മൂലധനം (₹) | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക — റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| XII | പോലീസ് | 955,81,91,000 | 15,34,52,000 | 2867,45,73,000 | 46,03,54,000 | 2913,49,27,000 |
| XIII | ജയിലുകൾ | 34,34,50,000 | ... | 103,03,49,000 | ... | 103,03,49,000 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XII – പോലീസ്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് സേനയെ ജനസേവന സേനയാക്കി മാറ്റുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുജനങ്ങൾക്കുള്ള പരാതികളിന്മേൽ ക്രിയാത്മകവും നീതിയുക്തവും ദ്രുതഗതിയിലുള്ളതുമായ പരിഹാരം ഉണ്ടാക്കുന്നതിന് പോലീസിനെ സജ്ജമാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനദ്രോഹപരമായ നടപടികൾ പോലീസ് സേന സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീ പീഡനങ്ങളിലും മറ്റു കുറ്റകൃത്യങ്ങളിലും നടപടി സ്വീകരിക്കാതെ പോലീസ് കാഴ്ചക്കാരാവുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നീതി തേടിയെത്തിയ മകൻ നഷ്ടപ്പെട്ട കുടുംബത്തിലെ അംഗങ്ങളെ കള്ളക്കേസിൽ കുടുക്കുന്നതിനായി വഴി യാത്രക്കാരെ കൂടി കസ്റ്റഡിയിലെടുത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മോഷണ കേസുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തപ്പെട്ടവർ പോലീസ് കസ്റ്റഡിയിൽ വച്ച് മരണപ്പെട്ട സംഭവത്തിനെതിരെ നടപടിയെടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എറണാകുളം മറൈൻ ഡ്രൈവിൽ സദാചാര പോലീസ് ചമഞ്ഞ് ശിവസേനാ പ്രവർത്തകർ നടത്തിയ അതിക്രമ സംഭവങ്ങൾക്കെതിരെ നടപടിയെടുക്കാതെ പോലീസ് നിരുത്തരവാദപരമായി നോക്കിനിന്നുവെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന് ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭരണകക്ഷിയിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ സമരം നടത്തുകയും നിഷ്പക്ഷവും നീതിപൂർവ്വവുമായി പെരുമാറുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി തങ്ങൾക്ക് അനുകൂലമായി നടപടി സ്വീകരിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ എതിരാളികളെ കള്ളക്കേസ്സുകളിൽ കുടുക്കി ജയിലിലടയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന പരിശോധനാവേളയിൽ പ്രായമായവരോട് മൃദുവായ സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി.: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരിശോധനയുടെ ഭാഗമായും മറ്റും പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ പിടിച്ചിടുന്ന കേസ്സുകളിൽ വേഗത്തിൽ നിയമനടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രാഫിക് തടസ്സമുണ്ടാക്കുംവിധമുള്ള അനധികൃത പാർക്കിംഗിന് പോലീസ് ഒത്താശ ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ടി. പി. സെൻകുമാറിനെ ക്രമസമാധാനത്തിന്റെ ചുമതലയുള്ള ഡി.ജി.പി.-യായി നിയമിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാതെ വൈകിപ്പിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗങ്ങളിൽ മുഖ്യമന്ത്രിയുടെ ആഭ്യന്തര ഉപദേഷ്ടാവ് പങ്കെടുത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നുവെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസിന്റെ സബ്സിഡി ക്യാന്റീനിൽ സാധനങ്ങളുടെ പർച്ചേസ് സുതാര്യമാക്കുന്നതിന് സെൻട്രലൈസ്ഡ് ക്വട്ടേഷൻ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ഉമ്മർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിൽ കഴിയുന്ന കൊടുംകുറ്റവാളികൾക്ക് ശിക്ഷ ഇളവ് നൽകണമെന്ന ക്യാബിനറ്റ് ശിപാർശയടങ്ങുന്ന ഫയൽ ഗവർണർ മടക്കി അയച്ചതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശിക്ഷാ കാലാവധി പൂർത്തിയാക്കാത്ത കൊടുംകുറ്റവാളികൾക്ക് ശിക്ഷാ കാലയളവിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാനദണ്ഡങ്ങൾ പാലിക്കാതെ ഇളവുകൾ നൽകി ജയിൽ ശിക്ഷ ചുരുക്കുന്നതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊലപാതക കേസ്സുകളിൽ ഉൾപ്പെടെ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് ശിക്ഷാകാലയളവിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ട തടവുകാരുടെ ശിക്ഷ ഇളവുചെയ്യാൻ നീക്കം ഉള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന ക്രിമിനലുകളുടെ ശിക്ഷാകാലാവധി ഇളവ് ചെയ്ത് മോചിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഠിനശിക്ഷ അനുഭവിക്കേണ്ട കൊടും കുറ്റവാളികൾക്ക് ശിക്ഷാ ഇളവ് ശിപാർശ ചെയ്യാൻ ജയിൽ ഉദ്യോഗസ്ഥരെ ഉന്നതാധികാരികൾ നിർബന്ധിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിനുള്ളിൽ രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ജയിൽ പുള്ളികൾക്ക് നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽ നിയമം ലംഘിച്ച് ജയിൽ പുള്ളികൾക്ക് മൊബൈൽ ഫോണുകൾ ഉപയോഗിക്കാൻ സൗകര്യം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ പിൻബലമുള്ള തടവുകാരുടെ ഭീഷണിയിൽനിന്നും ജയിൽ ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിനുള്ളിൽ പാർട്ടി ഗ്രാമങ്ങൾ സ്ഥാപിച്ച് സ്വയംഭരണം നടത്താൻ ജയിൽ പുള്ളികൾക്ക് അനുവാദം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷമായിട്ടില്ല. പക്ഷേ ഇതിനോടകംതന്നെ നമ്മുടെ രാജ്യത്ത് ശ്രദ്ധേയമായ നിയമപരിപാലനം കാത്തുസൂക്ഷിക്കാനും നല്ല അഭിപ്രായങ്ങൾ നേടാനും സംസ്ഥാനത്തിന് കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യ കറപ്ഷൻസ് സർവ്വേ കഴിഞ്ഞ ദിവസം പുറത്തുവന്നു. ഇന്ത്യയിൽ ഏറ്റവും കുറവ് അഴിമതിയുള്ള (4%) സംസ്ഥാനമായി കേരളം മാറിയെന്നാണ്. അഴിമതിയിയിൽ ഒന്നാം സ്ഥാനം കർണ്ണാടകയ്ക്കാണ് (77%). യു.പി., ഉത്തരാഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലൊക്കെത്തന്നെ വൻതോതിലുള്ള അഴിമതിയുള്ളപ്പോൾ കേരളത്തിന് മഹത്തായ നേട്ടം ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. അതിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ആത്മാർത്ഥമായി ഞാൻ അഭിനന്ദിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്)

ഇൻഡ്യാ ടുഡേ റേറ്റിംഗ് പ്രകാരം നിയമപരിപാലന രംഗത്ത് കേരളം ശ്രദ്ധേയമായ കുതിച്ചുചാട്ടം നടത്തിയിരിക്കുകയാണ്. നിയമപരിപാലന രംഗത്ത് ക്രമസമാധാന പരിപാലനത്തിന് ഇടതുപക്ഷ സർക്കാർ മുൻതൂക്കം കൊടുക്കുന്നുവെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്. കേരളത്തിൽ നടപ്പാക്കിയ പിങ്ക് പട്രോൾ സംവിധാനത്തെ കുറിച്ച് പഠിക്കാൻ കർണ്ണാടകയിലെ കോൺഗ്രസ്സ് സർക്കാർ പ്രതിനിധികളെ അയച്ചിരിക്കുകയാണ്. കേരളത്തിൽ നടപ്പാക്കുന്ന ആധുനിക രീതിയിലുള്ള മാറ്റങ്ങൾ രാജ്യത്തിനാകെ മാതൃകയായി മാറുന്നുവെന്നുള്ളതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണിത്. ജനകീയാസൂത്രണം ആരംഭിച്ചത് കേരളത്തിലാണ്. അതുസംബന്ധിച്ച് പഠിക്കാൻ വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ ഇവിടെ വന്നു. അതേ സമ്പ്രദായംതന്നെ പല സംസ്ഥാനങ്ങളും നടപ്പാക്കുകയും ചെയ്തു. ആഭ്യന്തര രംഗത്ത് മാത്രമല്ല, ഒട്ടേറെ രംഗങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ കാണാത്ത മാറ്റങ്ങൾ വരുത്താൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. ആയമാരുടെ ഓണറേറിയം 1,400 രൂപയിൽനിന്നും 8,000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഈ മേയ് മാസമാകുമ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണരംഗത്ത് ഇന്ത്യാ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ 85 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ കഴിഞ്ഞു; എന്നാൽ, പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ദിവസം റൂൾ 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ കേരള സർക്കാർ ഏറ്റെടുത്തിരിക്കുന്നുവെന്നാണ്. ബാങ്കിൽനിന്ന് ലോണെടുത്തിട്ടുള്ള, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൈപ്പത്തിക്കും താമരയ്ക്കും വോട്ട് രേഖപ്പെടുത്തിയ കേരളത്തിലെ പാവപ്പെട്ട വീട്ടിലെ കുട്ടികൾ മുഖ്യമന്ത്രിയുടെ ഫോട്ടോ അവരുടെ വീട്ടിൽ വയ്ക്കാൻ തുടങ്ങിയിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ സർക്കാർ ഏറ്റെടുത്തിരിക്കുന്നുവെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ കയ്യടിക്കണം. ഇന്ത്യാ രാജ്യത്തെ ഏതെങ്കിലും സംസ്ഥാനത്ത് ഇത് നടപ്പാക്കിയിട്ടുണ്ടോ? അങ്ങനെയാണ് കേരളം മാതൃകയാകുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു. എന്നാൽ അത് ലോണെടുത്ത കുട്ടികളെ രക്ഷിക്കുന്നില്ല, ബാങ്കുകാരെയാണ് രക്ഷിക്കുന്നത്. എനിക്കതിൽ സങ്കടവും പരാതിയുമുണ്ട്. ഞാൻ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറോട് പറഞ്ഞതാണ്. മുഖ്യമന്ത്രിക്ക് കത്ത് നൽകാൻ എഴുതിവച്ചത് എന്റെ കയ്യിലുണ്ട്. റൂൾ 58 പ്രകാരം ഇക്കാര്യം ചർച്ച ചെയ്യണം. അതുകൊണ്ട് മുഴുവൻ കാര്യങ്ങളും അറിയാതെ അങ്ങ് സംസാരിക്കരുത്.

ശ്രീ. രാജു എബ്രഹാം : സർ, രാജ്യത്ത് ആദ്യമായി നമ്മുടെ സംസ്ഥാനം കേരള ബാങ്ക് ആരംഭിക്കാൻ പോകുകയാണ്. അമ്പതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ കേരളത്തിൽ പ്രഖ്യാപിച്ചുകഴിഞ്ഞു. കാർഷികവിള നഷ്ട പരിഹാരം പത്തിരട്ടിയാക്കി, കേന്ദ്രം തുക അനുവദിക്കാതിരുന്നിട്ടുപോലും ധൈര്യപൂർവ്വം കേരളം അതേറ്റെടുത്തിരിക്കുകയാണ്. രാവിലെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഈ സഭയിൽത്തന്നെ അതിന്റെ വിശദാംശങ്ങൾ പറഞ്ഞു. കൺസ്യൂമർഫെഡ്

കൊള്ളക്കാരുടെ താഴ്വാരമായിരുന്നു. എന്നാലിന്ന് കൺസ്യൂമർഫെഡ് ലാഭത്തിലാ യിരിക്കുകയാണ്. രണ്ടായിരത്തിലധികം നീതി ഔട്ട്ലെറ്റുകളും ആയിരത്തിയഞ്ഞൂറിലധികം നീതി മെഡിക്കൽ സ്റ്റോറുകളും പുതുതായി ആരംഭിക്കാൻ പോകുകയാണ്. വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ എന്തുകൊണ്ട് വില താഴുന്നുവെന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ് അത്ഭുതം പ്രകടിപ്പിച്ചു. വില താഴും. കാരണം, മാവേലി സ്റ്റോറുകൾ വഴിയും സൊസൈറ്റികൾ വഴിയും 25 രൂപയ്ക്ക് നല്ല കുത്തരി വിതരണം നടത്തുകയാണ്. സർക്കാർ പണം മുടക്കുകയാണ്. ത്രിവേണി ഓൺലൈൻ മാർക്കറ്റിലേയ്ക്ക് പോകുകയാണ്.

ലൈബ്രേറിയൻ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 2,050 രൂപയിൽ നിന്നും 12,000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. നേരത്തെ ക്രിസ്തുമസ് കഴിഞ്ഞാലും പാഠപുസ്തകം കിട്ടാത്ത സ്ഥിതിയായിരുന്നു. എന്നാലിപ്പോൾ അടുത്ത വർഷത്തേയ്ക്കുള്ള എല്ലാ പാഠപുസ്തകങ്ങളും എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു വർഷംകൊണ്ട് സംസ്ഥാനത്തെ സ്കൂളുകളെ ആധുനിക സ്കൂളുകളാക്കി മാറ്റുക എന്ന ദൗത്യമാണ് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.

കണ്ണൂർ വിമാനത്താവളം പൂർത്തിയാകാൻ പോകുന്നു. കൊച്ചി മെട്രോ മേയ് മാസം അവസാനം പൂർത്തിയാക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞു. കൊച്ചി വാട്ടർ മെട്രോയുടെ ആദ്യത്തെ സ്റ്റേഷനുകൾ 2018-ൽ പൂർത്തിയാകും. ഹൈവേകൾ ആറുവരിപ്പാതയാക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഗെയിൽ പൈപ്പിടൽ ഡിസംബറിൽ കമ്മീഷൻ ചെയ്യുന്ന നടപടിയിലേയ്ക്ക് വരികയാണ്. വീടില്ലാത്ത അഞ്ച് ലക്ഷത്തിലധികം പാവപ്പെട്ട ആളുകൾക്ക് വീട് നൽകാൻ പ്രതിജ്ഞാബദ്ധമായി സർക്കാർ മുന്നോട്ടുപോകുകയാണ്. പോലീസ് വകുപ്പിലും മാറ്റങ്ങൾ വരുന്നു. ഇടിമുറിക്കുപകരം ഇ-മുറിയിലേയ്ക്കുള്ള മാറ്റമാണ് ഇനി കാണാൻ പോകുന്നത്. നല്ല കാര്യങ്ങൾ അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സഹകരണ വകുപ്പ് അന്വേഷണം നടത്തിയപ്പോൾ അഡാട്ട് ബാങ്കിൽ മുപ്പത്തൊമ്പത് കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയതിനാൽ ഒരു എം.എൽ.എ. കഴിഞ്ഞ ദിവസം നിരാഹാരം കിടന്നു. അഴിമതിയുണ്ടെങ്കിൽ ഞാൻ അന്വേഷണം നേരിടാൻ തയ്യാറാണെന്ന് പറയണം. അല്ലാതെ പാവപ്പെട്ട ആളുകളുടെ കോടിക്കണക്കിന് രൂപ മുക്കിയശേഷം അതിന്റെ പേരിൽ നിരാഹാരം കിടന്നിട്ടെന്താണ് കാര്യം? ഇവിടെ ഡോ. ടി. പി. സെൻകുമാറിന്റെ പ്രശ്നം വന്നു. ഈ സർക്കാർ അഴിക്കുള്ളിൽ പോകുമെന്ന രൂപത്തിലുള്ള പ്രചരണമാണ് നടക്കുന്നത്. സുപ്രീംകോടിതി വിധി നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിരിക്കുന്നു. അതിനപ്പുറം എന്തുവേണം? ചില നിയമനടപടികൾ മാത്രമല്ലേയുള്ളൂ. ഇപ്പോഴത്തെ ഡി.ജി.പി.-ക്ക് ഏത് സ്ഥാനം കൊടുക്കണം, പഴയ ഉത്തരവ് റദ്ദാക്കിയ സുപ്രീംകോടതി ഉത്തരവിൽ പഴയ വിജിലൻസ് ഡയറക്ടറെ പറ്റിയുള്ള പരാമർശമുള്ളതുകൊണ്ട് ആ ഉത്തരവ് എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നീ നിരവധി പ്രശ്നങ്ങളിൽ വ്യക്തത വരുത്താൻ പോകുകയാണ്. അതാദ്യം മനസ്സിലാക്കണം.

പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് രാവിലെ പറഞ്ഞു. കൊച്ചുകുട്ടികൾ പറയുന്നതുപോലയാണ് അദ്ദേഹം കാര്യങ്ങൾ പറഞ്ഞത്. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഒരു പ്യൂണിനെയെങ്കിലും മാറ്റാൻ കഴിയുമോ എന്നാണ് അദ്ദേഹം ചോദിച്ചത്. മതിയായ കാരണമുണ്ടെങ്കിൽ ഇലക്ഷൻ കമ്മീഷണറുടെ അനുമതിയോടുകൂടി പ്യൂണിനെയല്ല ഏത് ഉദ്യോഗസ്ഥനേയും മാറ്റാം. അതിന് അപേക്ഷ കൊടുത്തോ? നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ചോദിച്ചപ്പോൾ അതിനെക്കുറിച്ചൊരു പരാമർശം നടത്താൻപോലും കഴിഞ്ഞില്ല. കൊല്ലം കളക്ടർ നിഷേധിച്ച അനുമതിയാണ് അവിടെ പോലീസ് കൊടുത്തത്. അതിൽ ആർക്കൊക്കെയാണ് പങ്ക്; അത് വ്യക്തമാക്കണ്ടേ? ജിഷ കേസ്സിലും ഇതുതന്നെയല്ലേ സംഭവിച്ചത്. ജിഷ കേസ്സിൽ എഫ്.ഐ.എസ് കഴിഞ്ഞ് എഫ്.ഐ.ആർ. തയ്യാറാക്കാൻ 18 മണിക്കൂറെടുത്തു. അവിടെ എന്തൊക്കെ വ്യത്യാസങ്ങൾ വരുത്തി യെന്നുള്ളത് സംബന്ധിച്ച കാര്യങ്ങൾ ഇനിയെങ്കിലും പുറത്തുവരണം. ധാരാളം മുദ്രാവാക്യങ്ങൾ നയനിരാകരണത്തിനുള്ള പ്രമേയത്തിൽ പറഞ്ഞിരിക്കുന്നു. തടവുകാർക്ക് ശിക്ഷയിളവ് കൊടുക്കാൻ തീരുമാനിച്ചുവെന്നാണ് 12 പേർ ഈ നയനിരാകരണത്തിനുള്ള പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. ആരാണ് ഇളവ് കൊടുക്കാൻ തീരുമാനിച്ചത്? 14-12-2015-ലെ WP1/21357 ഫയൽ പ്രകാരം 2580 തടവുകാർക്ക് ശിക്ഷയിളവ് കൊടുക്കാൻ ശിപാർശ നൽകിയത് യു.ഡി.എഫ്. ഭരണകാലത്താണ്. കൊടുംകുറ്റവാളികളായ 2580 പേർക്ക് ഇളവ് കൊടുക്കണമെന്ന് നിങ്ങളാണ് പറഞ്ഞത്. എന്നിട്ട് നയനിരാകരണത്തിനുള്ള പ്രമേയത്തിൽ ഈ സർക്കാരിന്റെ കുറ്റമാണെന്ന് എഴുതിവച്ചിരിക്കുകയാണ്. ജയിലിൽ പ്രത്യേക സൗകര്യമേർപ്പെടുത്താൻ ഈ സർക്കാർ ആരെയാണ് ഏർപ്പെടുത്തിയത്? നിസാമിന് ഷട്ടിൽ കോർട്ടുണ്ടാക്കിയതും കോഴി ബിരിയാണിയും ചിക്കനും കൊണ്ടുകൊടുത്തതും ആരാണ്; ഞങ്ങളാണോ? യു.ഡി.എഫ്. കാലഘട്ടത്തിലാണ് അതെല്ലാം ചെയ്തിട്ടുള്ളത്. തെളിവ് നശിപ്പിച്ചതടക്കമുള്ള കാര്യങ്ങൾ ആ കാലത്താണ് നടന്നത്.

സർക്കാർഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ, ഇനിയൊരിക്കലും ഒരാൾക്കു പോലും കയ്യേറ്റം നടത്താൻ മാനസികമായി തോന്നാത്ത രൂപത്തിലുള്ള ഒഴിപ്പിക്കൽ അവിടെ നടത്തും, ഒരു സംശയവും വേണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്ക് നടപ്പാക്കാൻ പോവുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം വൻകിട കയ്യേറ്റക്കാരിൽ ഒരാളെ പോലും കുടിയിറക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞില്ല. യു.ഡി.എഎഫ്.-ന്റെ ഭരണ കാലത്ത് കയ്യേറ്റക്കാർ യഥേഷ്ടം അവിടെ കയറി നിരങ്ങുകയായിരുന്നു. കേവലം എട്ട് സെന്റ് സ്ഥലത്തിന്റെ ഉടമയാണ് ശ്രീ. എസ്. രാജേന്ദ്രൻ. ചോർന്നൊലിക്കുന്ന കൂരയ്ക്കുള്ളിൽ കഴിയുന്ന ശ്രീ. എസ്. രാജേന്ദ്രനെയാണ് മുറ്റം കയ്യേറ്റത്തിന്റെ പേരിൽ കുറ്റം പറയുന്നത്. ശ്രീ. എം. എം. മണി 42 സെന്റ് സ്ഥലത്തിന്റെ ഉടമയാണ്. നിങ്ങൾ എന്തൊക്കെയാണ് പ്രചരിപ്പിച്ചത്? ഇപ്പോൾ ശ്രീ. എം. എം. മണിയെ വിട്ടിട്ട് അദ്ദേഹത്തിന്റെ സഹോദരനെ പിടിച്ചിരിക്കുകയാണ്. അഞ്ച് വർഷം നിങ്ങൾ ഭരിച്ചല്ലോ; അന്ന് എന്തുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരനെതിരെ നിങ്ങൾ നടപടി സ്വീകരിച്ചില്ല? നിങ്ങളുടെ കൈകളിൽ പാപക്കറയുണ്ട് എന്നുള്ളതല്ലേ വാസ്തവം. ശ്രീ. എം. എം. മണി പട്ടിണി കിടന്ന് പോരാട്ടം നടത്തിയ വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ഗോവിന്ദൻ പോലീസിന്റെ ഇടിയേറ്റ് മരിച്ച

വ്യക്തിയാണ്. അദ്ദേഹത്തിന്റെ അളിയൻ തങ്കപ്പനെ ആർ.എസ്.എസ്.-കാർ പതിനൊന്ന് കഷണങ്ങളായി വെട്ടിക്കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ അനിയത്തി തങ്ക പട്ടിണിമൂലമാണ് മരിച്ചത്. ആ കുടുംബത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും അദ്ദേഹം പറയാത്ത കാര്യങ്ങളുമാണ് ഇവിടെ പറയുന്നത്. പറയാത്ത കാര്യങ്ങൾ കോർത്തിണക്കി എഡിറ്റ് ചെയ്ത് അതിൻമേൽ ഒന്നരയാഴ്ച ചർച്ച നടത്തി ഈ സർക്കാരിനെതിരെ തിരിയുന്നതിൽനിന്ന് ദയവുചെയ്ത് പിൻമാറണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഞങ്ങളുടെ അമ്മയായ ശ്രീമതി മഹിജയെ വലിച്ചിഴച്ചു എന്നുള്ള ഒരുവാക്കുവച്ച് എന്തൊക്കെ ചർച്ചകളാണ് ഇവിടെ നടത്തിയത്. അവിടെ നടന്ന ബഹളത്തിനിടയിൽ ഒപ്പംവന്ന ആളുകൾക്കിടയിലേയ്ക്ക് കുഴഞ്ഞുവീണ ആ അമ്മയെ വനിതാ പോലീസുകാർ രണ്ടുകയ്യും നീട്ടി കോരിയെടുക്കുന്ന ദൃശ്യം എല്ലാ ഓൺലൈനുകളിലും ഇപ്പോഴുമുണ്ട്. പരസ്യമായി ആ ഓൺലൈൻ കാണാൻ തന്റേടമുണ്ടോയെന്ന് ഞാനൊരു ചർച്ചയിൽ വെല്ലുവിളിച്ചു. എനിക്ക് ഇന്നുവരെ മറുപടി കിട്ടിയിട്ടില്ല. ഞാനിപ്പോഴും അതുതന്നെയാണ് ചോദിക്കുന്നത്. രണ്ട് കയ്യുംകൊണ്ട് കോരിയെടുക്കാൻ ശ്രമിച്ചതിനെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി നിങ്ങളെത്ര വൈകൃതമായിട്ടാണ് ചിത്രീകരിച്ചത്? എന്തിനെയാണ് നിങ്ങൾ ഭയപ്പെടുന്നത്? ശ്രീ. ലോക്നാഥ് ബെഹ്റയെ മാറ്റണമെന്ന് പറയുന്നു. എൻ.ഐ.എ.-യിൽ ഇരുന്ന് ഇന്ത്യാരാജ്യത്തെ ഏറ്റവും മികച്ച കുറ്റാന്വേഷകനായി കഴിവുതെളിയിച്ച ഒരുദ്യോഗസ്ഥനെ മാറ്റണമെന്നാണ് പറയുന്നത്. ഈ രാജ്യത്ത് യു.എ.പി.എ. പോലുള്ള നിയമങ്ങൾ ചുമത്തി എത്ര ആളുകളെയാണ് യു.ഡി.എഫ്. കാലത്ത് ജയിലിലടച്ചത്? ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു തുടങ്ങിയ നിരപരാധികളെയൊക്കെ ജയിലിലിട്ട് ക്രൂരമായി പീഡിപ്പിച്ച നിങ്ങൾ പോലീസ് അതിക്രമമെന്ന് ഈ നയനിരാകരണത്തിനുള്ള പ്രമേയത്തിൽ എഴുതിവച്ചിരിക്കുകയാണ്. നിങ്ങൾക്ക് നാണമുണ്ടോ? ടി.പി.-യുടെ കേസ് പറഞ്ഞുകൊണ്ട് നിങ്ങൾ എന്തൊക്കെ പരാക്രമങ്ങളാണിവിടെ നടത്തിയത്? സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നേതാക്കന്മാരെ ജയിലിലടയ്ക്കാനുള്ള ഗൂഢാലോചനയിൽ നിങ്ങൾക്കുമാത്രമാണോ, പോലീസുദ്യോഗസ്ഥന്മാർക്കും പങ്കില്ലേ? ആ പോലീസുദ്യോഗസ്ഥരൊക്കെ കണക്കുപറയേണ്ട ദിവസം വരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ സർക്കാർ നല്ല കാര്യങ്ങളുമായി മുന്നോട്ടുപോവുകയാണ്. വനിതാ ബറ്റാലിയൻ ആരംഭിച്ചിരിക്കുകയാണ്, ശ്രീമതി നിശാന്തിനി ചുമതലയെടുത്തു. ഏഴ് വനിതാ എസ്.ഐ.-മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച് മാതൃക കാട്ടിയിരിക്കുന്നു. മൂവായിരത്തിലധികം തസ്തികകൾ പുതുതായി അനുവദിച്ചിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായി കേരളം മാറുകയാണ്. അത്തരത്തിലുള്ള നടപടികളുമായി പോകുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു കൊല്ലം തികയാൻ കുറച്ച് ദിവസങ്ങൾ മാത്രം ബാക്കിയുള്ള ശ്രീ. പിണറായി വിജയൻ സർക്കാർ കേരളം കണ്ട ഏറ്റവും പരാജയപ്പെട്ട സർക്കാരാണ്. 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്നുപറഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ദിശാബോധം നഷ്ടപ്പെട്ട് കപ്പിത്താനില്ലാതെ നടുക്കടലിൽ ഒഴുകിനടക്കുന്ന നൗകയുടെ

അവസ്ഥയിലാണ്. ആരാണ് സ്റ്റേറ്റ് പോലീസ് ചീഫ് എന്ന പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിൽ നിന്നും മുഖ്യമന്ത്രി രാവിലെ ബോധപൂർവ്വം ഒഴിഞ്ഞുമാറി. ആരാണ് സ്റ്റേറ്റ് പോലീസ് ചീഫ് എന്ന് ഈ സഭയ്ക്ക് അറിയാനുള്ള അവകാശമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൺവീനറായ സെലക്ട് കമ്മിറ്റിയാണ് കേരള പോലീസ് ആക്ട്, 2011 അംഗീകരിച്ചത്. ഞാൻ ആ സമിതിയിൽ അംഗമായിരുന്നു. പോലീസ് ആക്ട് ക്ലാസ് 18-ൽ, "State Police Chief - (1) The administration, supervision, direction and control of Police throughout the state shall, subject to the control of the Government be vested in an officer designated as the State Police Chief" എന്നാണ് പറയുന്നത്. കേരളത്തിലെ പോലീസിനെ നിയന്ത്രിക്കുന്ന സ്റ്റേറ്റ് പോലീസ് ചീഫ് ആരാണെന്നും അദ്ദേഹത്തിന്റെ പേരെന്താണെന്നും മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയണം. സംസ്ഥാനത്ത് ഇപ്പോൾ പോലീസ് ചീഫില്ല. 2017 ഏപ്രിൽ 24-ലെ കോടതി വിധിയോടുകൂടി സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്തുനിന്ന് ശ്രീ. ലോക്നാഥ് ബെഹ്റ നീക്കം ചെയ്യപ്പെട്ടു. പല ജില്ലകളിലും അദ്ദേഹം കോൺഫറൻസ് നടത്തി. ആ കോൺഫറൻസിൽ ശ്രീ. ലോക്നാഥ് ബെഹ്റ പങ്കെടുക്കുന്നത് എന്തധികാരത്തിലാണ്? പോലീസ് ആക്ട് ക്ലാസ് 18(5)-ൽ പറയുന്നത്, "(5) No officer senior to State Police Chief shall be appointed in the Kerala Police" എന്നാണ്. സ്റ്റേറ്റ് പോലീസ് ചീഫിന് മുകളിലായി ഒരുദ്യോഗസ്ഥനെ നിയമിക്കാൻ പാടില്ല. ശ്രീ. രമൺ ശ്രീവാസ്തവ ആരാണ്; അദ്ദേഹത്തിന് കേരള പോലീസിലുള്ള അധികാരമെന്താണ്; പോലീസ് ആക്ടിലെ ഏത് വകുപ്പനുസരിച്ചാണ് അദ്ദേഹം പ്രവർത്തിക്കുന്നത്? അധികാരമില്ലാതെ അദ്ദേഹം അനാവശ്യമായി പോലീസ് കാര്യങ്ങളിൽ ഇടപെടുന്നതിൽ ഉന്നത പോലീസുദ്യോഗസ്ഥർ അതൃപ്തരാണെന്ന വാർത്തകളുണ്ട്. ഇതാണ് കേരളത്തിലെ പോലീസിന്റെ അവസ്ഥ. ഈ ധനാഭ്യർത്ഥന ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ പോലീസ് വകുപ്പിന് നാഥനില്ലെന്നതാണ് ദുഃഖകരമായ കാര്യം. ശ്രീ. രാജു എബ്രഹാം ഇവിടെ 14 മിനിട്ട് പ്രസംഗിച്ചു. നാല് മിനിട്ടുപോലും അദ്ദേഹം പോലീസിനെ സംബന്ധിച്ച് പറഞ്ഞില്ല. അദ്ദേഹം മറ്റ് മേഖലകളിലേയ്ക്ക് പോയി. അദ്ദേഹത്തിന് പോലീസിനെ ന്യായീകരിക്കാൻ സാധിക്കില്ല. ഒരു വർഷം പൂർത്തിയാകാൻ പോകുമ്പോൾ മുഖ്യമന്ത്രിയുടെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയാണെങ്കിലും രണ്ടാം കക്ഷിയായ സി.പി.ഐ. ആണെങ്കിലും പോലീസിന് എന്തോ പാളിച്ചകൾ പറ്റിയിരിക്കുന്നുവെന്ന കുറ്റസമ്മതമാണ് നടത്തുന്നത്. നിങ്ങൾ ബലിയാടുകളെ തേടുന്നുണ്ട്, ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുന്നുണ്ട്. പക്ഷേ ഉത്തരം പറയേണ്ട മുഖ്യമന്ത്രി ഒഴിഞ്ഞുമാറുകയല്ലേ? കൊടിഞ്ഞി ഫൈസൽ വധക്കേസ്; ജിഷ്ണുവിന്റെ മരണം; നടിയെ ആക്രമിച്ച സംഭവം; മറൈൻ ഡ്രൈവിലെ ശിവസേനയുടെ സദാചാര ഗുണ്ടായിസം; വാളയാറിലെ സഹോദരിമാരുടെ മരണം; സി.എ. വിദ്യാർത്ഥിനി മിഷേലിന്റെ ദുരൂഹമരണം; കുണ്ടറയിലെ പത്ത് വയസ്സുകാരിയുടെ മരണം തുടങ്ങി എല്ലാ സംഭവങ്ങളിലും പോലീസ് വീഴ്ച വരുത്തിയിട്ടുണ്ട്. കുറ്റവാളികളെ

കണ്ടെത്തുന്നില്ല. ആക്ഷേപമുണ്ടാകുമ്പോൾ ആരെയെങ്കിലും സസ്പെൻഡ് ചെയ്യുകയാണ് പതിവ്. അങ്ങനെ അങ്ങേയ്ക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുമോ; കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു ദുരവസ്ഥ ഉണ്ടായിട്ടുണ്ടോ? സർക്കാരിന്റെ ബാലൻസ് ഷീറ്റ് നോക്കുമ്പോൾ എട്ട് മാസം തികയുന്നതിനുമുമ്പ് രാഷ്ട്രീയ കൊലപാതകങ്ങൾ 18; ക്രിമിനൽ കേസ്സുകൾ ഒന്നേമുക്കാൽ ലക്ഷം, യു.ഡി.എഫ്.-ന്റെ എട്ട് മാസത്തേതിനെക്കാൾ 61,000 കേസ്സുകളാണ് കൂടുതലുണ്ടായത്. പീഡനക്കേസ്സുകൾ 1100 - വർദ്ധനവ് 330; 1100 കേസ്സുകളിൽ 630 എണ്ണം പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള അക്രമങ്ങളാണ്. സദാചാരഗുണ്ടകളുടെ അക്രമങ്ങൾ പെരുകുന്നു. ദമ്പതിമാർക്കോ സഹോദരി-സഹോദരന്മാർക്കോപോലും വഴിനടക്കാൻ സാധിക്കുന്നില്ല. സ്ത്രീ സുരക്ഷ ലക്ഷ്യമാക്കി ആവിഷ്കരിച്ച ഓപ്പറേഷൻ കാവലാൾ നിലവിലുണ്ടോ? സംസ്ഥാനത്തെ പിങ്ക് പോലീസിനെ സംബന്ധിച്ച് പഠിക്കാൻവേണ്ടി കർണാടകയിൽ നിന്ന് ഒരു സംഘം വരുന്നുണ്ടെന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. പിങ്ക് പോലീസ് നിലവിലുണ്ടോ; എല്ലാം നിശ്ചലാവസ്ഥയിലാണ്. ലഹരി മരുന്ന് കേസ്സുകൾ 4200. സംസ്ഥാനത്ത് സമീപകാലത്ത് ലഹരി മരുന്ന് കേസ്സുകൾ വർദ്ധിക്കുന്നതായാണ് എക്സൈസ് കമ്മീഷണർ പറയുന്നത്. ദളിത് പീഡനങ്ങൾ-7200; ഇതെല്ലാം എട്ട് മാസത്തെ കണക്കുകളാണ്. ഈ കണക്കുകൾ സർക്കാരിന് അഭിമാനകരമാണോയെന്ന് മുഖ്യമന്ത്രി ചിന്തിക്കണം. ഈ സർക്കാർ ദിശാബോധമില്ലാതെയാണ് മുന്നോട്ടു പോകുന്നത്. കേരള ചരിത്രത്തിലെ ഏറ്റവും അപമാനകരമായ സംഭവമായിരുന്നില്ലേ ഏപ്രിൽ 5-ന് ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്നത്. അന്ന് നിങ്ങൾ 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ 60-ാം വാർഷികം ആഘോഷിക്കുമ്പോൾ ഡി.ജി.പി. ഓഫീസിനുമുന്നിൽ മഹിജ എന്ന അമ്മയുടെ വേദനിപ്പിക്കുന്ന ദൃശ്യങ്ങളാണ് കണ്ടത്, കാലമെത്ര പോയാലും മനസ്സിൽനിന്ന് അത് മായുകയില്ല. നിയമസമാധാന പാലനത്തിന്റെ കാവലാളായ പോലീസ് ഹെഡ്ക്വാർട്ടേഴ്സിനുമുന്നിൽ നീതിപാലകരാൽ ആ അമ്മ അപമാനിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് കുടുംബമാണ് അവരുടേത്. മകന്റെ വിയോഗം താങ്ങാനാകാതെ നിസ്സഹായയായി നീതിതേടി യാചനയോടെ എത്തിയ അമ്മയെ വലിച്ചിഴച്ച സംഭവം ഈ സർക്കാരിന് ഭൂഷണമാണോ? ഇനിയെങ്കിലും ഒരമ്മയ്ക്കും ഈ അവസ്ഥയുണ്ടാകരുത്. ഷേക്സ്പിയറുടെ മാക്ബത്തിൽ ഒരു വാചകമുണ്ട്, "All the perfumes of Arabia will not sweeten this little hand". അങ്ങയുടെ സർക്കാരിന്റെ കൈകളിലെ പാപക്കറ കഴുകിക്കളയാൻ അറേബ്യയിലെ സുഗന്ധ ദ്രവ്യങ്ങൾകൊണ്ട് സാധിക്കില്ല. സ്റ്റേറ്റ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിന് മുന്നിൽ സമരം ചെയ്യാൻ പോയതിനാണ് ഒരു കോൺസ്പിറസി കേസ്. എന്തെല്ലാം സമരങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് കുടുംബത്തിൽപ്പെട്ട ഒരമ്മയുടെ വേദന കാണാൻ കഴിയാത്ത അങ്ങ് ഒരു കമ്മ്യൂണിസ്റ്റാണോ? മഹിജയെ കാണാനുദ്ദേശിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു. നിരാഹാരസമരം നടത്തിയപ്പോൾ അങ്ങ് ആളുകളെ അയച്ച് ചർച്ചകൾ നടത്തിയതിനെത്തുടർന്ന് അതവസാനിപ്പിച്ചു. പിന്നീട്, സമരംകൊണ്ട് മഹിജ എന്തുനേടിയെന്ന് അങ്ങ് ചോദിക്കുന്നു. സർ സി.പി. രാമസ്വാമി അയ്യരുടെ

പ്രേതം ആവാഹിച്ച, അധികാരത്തിന്റെ അഹന്തയും ധിക്കാരത്തിന്റെ മൂർത്തിയുമായ ഒരു ഭരണാധികാരിയുടെ വാക്കുകളാണ് അങ്ങയിൽനിന്ന് മുഴങ്ങിക്കേട്ടത്. ഇതൊരു കമ്മ്യൂണിസ്റ്റുകാരന് ചേർന്നതാണോ? നിയമസഭയുടെ 60-ാം വാർഷികദിനത്തിൽ പഴയ നിയമസഭാ ഹാളിൽ വച്ച് ബഹുമാന്യനായ സ്പീക്കർ പറഞ്ഞത് സാധാരണക്കാർക്ക് പോലീസിനെ സമീപിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളതെന്നാണ്. സഭയിലിരുന്ന അങ്ങും അത് കേട്ടുകാണും. പോലീസിനെ ഭയപ്പാടോടെ കാണേണ്ടി വരുന്നത് ദൗർഭാഗ്യകരമാണ്. ജനമൈത്രി പോലീസ് സംവിധാനം കേരളത്തിലുണ്ടെങ്കിലും ജനങ്ങൾ ഭയപ്പാടോടെയാണ് പോലീസിനെ കാണുന്നത്. സംസ്ഥാന പോലീസിന് ഇന്ന് നാഥനില്ലാത്ത അവസ്ഥയാണുള്ളത്. അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഞാൻ ഈ സഭയിലുണ്ടായിരുന്നു. അങ്ങ് നല്ലൊരു വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നു. പിന്നീട് പതിനഞ്ച് കൊല്ലം അങ്ങ് സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറിയായി. അങ്ങയുടെ മനോഭാവവും കാഴ്ചപ്പാടും മാറി. അങ്ങ് മുഖ്യമന്ത്രിയാണെങ്കിലും ഇപ്പോഴും സി.പി.ഐ.(എം) നേതാവിന്റെ മാനസികാവസ്ഥയിൽ നിന്ന് മോചനമുണ്ടായിട്ടില്ല. മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്സ്മാനായിരിക്കണം. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങേയ്ക്ക് ഒരു പാർട്ടി നേതാവിന്റെ ഇടുങ്ങിയ മനസ്സുണ്ടാകാൻ പാടില്ല. അങ്ങയുടെ സംസാരരീതി; ഭാഷ; പ്രയോഗങ്ങൾ എന്നിവ സൗമ്യമായിരിക്കണം. ധിക്കാരത്തിന്റെ ഭാഷയും അഹന്തയുടെ ശൈലിയും മുഖ്യമന്ത്രിക്ക് ചേർന്നതല്ല. കേരളത്തിലെ നിയമവാഴ്ച പൂർണ്ണമായും തകർന്നിരിക്കുകയാണ്. നാഥനില്ലാത്ത അവസ്ഥയാണെന്ന് ഞാൻ ആവർത്തിക്കുകയാണ്. അങ്ങ് മറുപടി പറയുമ്പോൾ ഒരു കാര്യം പറയണം, ആരാണ് സ്റ്റേറ്റ് പോലീസ് ചീഫ്? ശ്രീ. ലോക്നാഥ് ബെഹ്റയാണോ, ശ്രീ. ടി. പി. സെൻകുമാറാണോ അതോ മറ്റാരെങ്കിലുമാണോ? ദയവായി അങ്ങ് ഒഴിഞ്ഞുമാറരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലിരുന്ന 1957-1959 കാലഘട്ടത്തിൽ സഭയിൽ ആഭ്യന്തര വകുപ്പിന്റെ ചർച്ച നടന്നപ്പോൾ ഇന്ത്യയുടെ ആരാധ്യനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സഭയിൽ പ്രതിപക്ഷത്തിന് നൽകിയ മറുപടി ഞാനിവിടെ ഉദ്ധരിക്കുകയാണ്: " .......there may be criticism about the police. I admit they are imperfect. They have their own tradition. We cannot overnight make angels of men but we know which way the wind is blowing. We are aware the changes that have to be brought about in the Police in a welfare State. I hope Honorable Members of this House will give their valuable suggestions so as to quicken the face of the change and see to it that the criticism do not injure the qualitative transformation that is sought to be attempted. I hope it will be appreciated that this is not a matter of Politics

at all." ഈ നയമാണ് ഇന്നത്തെ സർക്കാരിനുള്ളത്. ഒരു രാജ്യത്തിന്റെ ക്രമസമാധാനം പാലിക്കുക മാത്രമല്ല, ആ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു നയം ആവിഷ്കരിക്കാൻ ആഭ്യന്തര വകുപ്പ് ബാദ്ധ്യസ്ഥമാണ്. നമുക്ക് ധാരാളം അനുഭവങ്ങളുള്ളതാണ്. ബ്രിട്ടീഷുകാരുടെ കാലത്തെ പോലീസ് എന്തായിരുന്നുവെന്ന് നമുക്കറിയാം. അതുകഴിഞ്ഞ് രാജ ഭരണത്തിന്റെ പോലീസ്; ജനാധിപത്യത്തിന്റെ പോലീസ്, എല്ലാക്കാലത്തും പോലീസ് ഒരു മർദ്ദനോപകരണമാണ്. സർക്കാരിന്റെ സങ്കുചിത താല്പര്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്ന ഒരുപകരണമാണ്. ആ ഉപകരണത്തിൽ മൗലികമായ മാറ്റം വരുത്തേണ്ട കാലം അതിക്രമിച്ചു. എന്റെ അഭിപ്രായം, കേരള പോലീസിൽ ആഭ്യന്തരമായും മറ്റെല്ലാ തരത്തിലും അഴിച്ചുപണി അനിവാര്യമായ സമയമാണിത്. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ പേരിൽ നിയമസഭയുടെ ഇത്രയും വിലപ്പെട്ട സമയം മെനക്കെടുത്തേണ്ട കാര്യം എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്കുണ്ടായിരുന്നോ? നിങ്ങൾ രാഷ്ട്രീയമായി ഇത്ര bankrupt ആണോ? ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന ഒരുദ്യോഗസ്ഥനെ പറ്റി പറയാൻ നിങ്ങൾ എത്ര മണിക്കൂർ ചെലവഴിച്ചു? നിങ്ങളും ഭരിച്ചിട്ടുള്ളതല്ലേ? ജനാധിപത്യ വ്യവസ്ഥയിൽ ഇന്ന് ഒരു സർക്കാർ വരും; നാളെ വേറൊരു സർക്കാർ വരും. ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം; ചെയ്തില്ലെങ്കിൽ ചെയ്യിപ്പിക്കും. അതിന് നിങ്ങൾ വക്കാലത്ത് പിടിച്ചാൽ കെ. സി. ജോസഫിനെപ്പോലെയുള്ള പ്രധാനപ്പെട്ട ആളുകൾ.....,

ശ്രീ. കെ. സി. ജോസഫ്: സർ, ഞങ്ങളുന്നയിച്ചത് ഉദ്യോഗസ്ഥരുടെ കാര്യമല്ല, അങ്ങ് ദയവായി തെറ്റിദ്ധരിക്കരുത്. ഞങ്ങളുന്നയിച്ചത് ഇന്ത്യയിലെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി വിധി നടപ്പിലാക്കാതെ മുന്നോട്ടു പോകുന്നതിലുള്ള ഭരണഘടനാ പ്രശ്നങ്ങളാണ്. അങ്ങ് ദയവായി കാര്യങ്ങൾ മാറി ചിന്തിക്കരുത്.

ശ്രീ. സി. ദിവാകരൻ: ശ്രീ. കെ. സി. ജോസഫ് ഇപ്പോൾ പറഞ്ഞത് സംസ്കൃതമാണോ? ഇവിടെ കേട്ടവർക്കെല്ലാം മനസ്സിലായത് ഒരു പോലീസ് ഉദ്യോഗസ്ഥനു വേണ്ടി വാദിക്കുന്നതായിട്ടാണ്. സുപ്രീംകോടതി വിധി നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തുവേണമെന്നുള്ളത് ഞങ്ങളാലോചിക്കും. സർക്കാരിനെ ഡിസ്മിസ് ചെയ്യട്ടെ. നിങ്ങളുടെ പൂർവ്വികന്മാരും സർക്കാരിനെ ഡിസ്മിസ് ചെയ്തല്ലോ? നിങ്ങൾ ഇത്രയും വലിയ ജനാധിപത്യം വാദിക്കുന്നല്ലോ; ബഹുമാനപ്പെട്ട ജവഹർലാൽ നെഹ്റു പാർലമെന്റിൽ പറഞ്ഞതെന്താണ്? ഭരണഘടനയിലെ 356-ാം ആർട്ടിക്കിൾ പ്രകാരം കേരളത്തിലെ ഇലക്ട് ചെയ്ത, ഭൂരിപക്ഷമുള്ള ഒരു സർക്കാരിനെ ഡിസ്മിസ് ചെയ്തത് എന്റെ ജീവിതത്തിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു കാര്യമാണെന്നാണ്. ജനാധിപത്യത്തെ അന്ന് കശാപ്പ് ചെയ്തവരാണ് നിങ്ങൾ. അതുകൊണ്ട് കോടതിയെ

പറ്റിയൊന്നും നിങ്ങൾ പറയണ്ട. യു.ഡി.എഫ്. പോലീസുകാരെയെല്ലാം ശരിയായ രീതിയിലാണോ നിയമിച്ചത്. കോടതിയിൽ എത്ര കേസുകളുണ്ട്? യു.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ ഏറ്റവും കൂടുതൽ മർദ്ദനം നടന്നിട്ടുള്ളത്. ഇന്ത്യയുടെ ചരിത്രത്തിൽ കോൺഗ്രസ് ഭരിച്ചിട്ടുള്ള കാലത്താണ് ഭീകരമായ മർദ്ദനങ്ങളും വെടിവയ്പുകളും നടന്നിട്ടുള്ളത്. യു.ഡി.എഫ്. ഭരണകാലത്ത് പ്രതിപക്ഷ നേതാവിനെയോ എന്നെയോ വെറുതെ വിട്ടോ? അതിനെപ്പറ്റിയൊന്നും ആരും പറയണ്ട. അതിൽ ഞങ്ങൾക്ക് പരാതിയൊന്നുമില്ല. സമരം ചെയ്യാൻ പോയാൽ കുറേ ആളുകൾ കേസുകളിൽ പ്രതികളാകുന്നത് വലിയ കാര്യമല്ല. ചിലപ്പോൾ പ്രതിയാകും; മർദ്ദനം കിട്ടും; ജയിലിൽപ്പോകും. നിങ്ങൾക്കതൊന്നും പറഞ്ഞിട്ടില്ല. നിങ്ങൾ വായിൽ സ്വർണ്ണ കരണ്ടിയുമായി ജനിച്ചവരാണ്. സ്വാതന്ത്ര്യം കിട്ടിയപ്പോൾ 1948-ൽ നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു. 1952 വരെ ഇന്ത്യയിലെയും കേരളത്തിലെയും കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചുകൊണ്ട് വീടുകൾ കൊള്ളയടിച്ചു. ഇടതുപക്ഷ പ്രവർത്തകരുടെ വീടുകളിൽ കയറി സ്ത്രീകളെ ബലാത്സംഗം ചെയ്തു. ഞങ്ങളുടെ പൂർവ്വികന്മാരെ നിരോധിച്ചു. എം. എൻ. ഗോവിന്ദൻ നായരുടെയും ടി. വി. തോമസിന്റെയും എല്ലാവരുടെയും തലയ്ക്ക് വില കൽപ്പിച്ചു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം കോൺഗ്രസ് സർക്കാരുകൾ കാലാകാലങ്ങളിൽ നടത്തിയ അതിനിഷ്ഠൂരമായ പോലീസ് മർദ്ദനത്തെപ്പറ്റിയാണല്ലോ പറയുന്നത്. എന്നാൽ ചരിത്രത്തിലാദ്യമായി കേരളത്തിൽ നിരായുധരായ രണ്ട് നക്സലൈറ്റുകളെ വെടിവച്ചുകൊന്നത് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുത്ത സർക്കാരാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ.

ശ്രീ. സി. ദിവാകരൻ: സർ, എന്നോട് സംസാരിച്ചാൽ ശ്രീ. പി. ടി. തോമസിന് ബുദ്ധിമുട്ട് വരും. എം. വി. രാഘവനാണ് അഞ്ച് കുട്ടികളെ പട്ടാപ്പകൽ വെടിവച്ചുകൊന്നത്. അവർ നിരായുധരല്ലായിരുന്നോ; എന്തിനാണ് വെടിവച്ചത്. ഞാനതിലേയ്ക്ക് വരുന്നില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 11 മാസമായി. ഗുരുതരമായ ഏതെങ്കിലും ഒരു കേസിന് തെളിവില്ലാതെ വന്നിട്ടുണ്ടോ? കോവളത്ത് മരിയാദാസ് എന്നയാളിനെ യാതൊരു തുമ്പും അവശേഷിപ്പിക്കാതെ കൊലപ്പെടുത്തിയ കേസിൽ തമിഴ്നാട്ടിൽ നിന്നും ഒരാഴ്ചയ്ക്കുള്ളിൽ പ്രതികളെ അറസ്റ്റ് ചെയ്തു ഇവിടെ കൊണ്ടുവന്നു. പാലക്കാട് ആലത്തൂർ ചിതല എന്ന സ്ഥലത്തുനിന്നും കാണാതായ സ്ത്രീയെ തമിഴ്നാട് പൊള്ളാച്ചിക്ക് സമീപം കൊലപ്പെടുത്തി കുഴിച്ചിട്ട പ്രതിയെ രണ്ടാഴ്ചയ്ക്കുള്ളിൽ അറസ്റ്റ് ചെയ്ത് സ്വർണ്ണാഭരണങ്ങൾ വീണ്ടെടുത്ത് ഇവിടെ കൊണ്ടുവന്നു. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ലോലിയ എന്ന സ്ത്രീയെ തമിഴ്നാട് രാമപുരത്ത് കൊണ്ടുപോയി വിഷം നൽകി കൊലപ്പെടുത്തിയ കേസിൽ പ്രതിയെ അതിവേഗം

അറസ്റ്റ് ചെയ്തു. കോട്ടയം ഏറ്റുമാനൂർ കുന്നംകുളത്ത് അശ്വതി എന്ന ഗർഭിണിയെ കൊന്ന് ബെഡ്ഷീറ്റിൽ പൊതിഞ്ഞ് റബ്ബർത്തോട്ടത്തിൽ ഉപേക്ഷിച്ച കേസിൽ അഞ്ച് ദിവസത്തിനകം പ്രതിയെ പിടികൂടി. കൊച്ചിയിൽ മദ്ധ്യവയസ്കനെ കൊന്ന് മൃതദേഹം വെട്ടിനുറുക്കി കിണറ്റിൽ തള്ളിയ കേസിലെ പ്രതിയെയും പിടികൂടി.-അതിനൊന്നും നിങ്ങളൊരു നല്ല വാക്ക് പറയാത്തതെന്താണ്? നിങ്ങളൊരു ഡി.ജി.പി.-യെയും കൊണ്ടുനടക്കുകയാണ്. തിരുവനന്തപുരത്ത് നന്തൻകോട് നടന്ന കൂട്ടക്കൊലപാതകത്തിൽ മൂന്നാം ദിവസം പ്രതിയെ പിടിച്ചില്ലേ? ഞങ്ങളെ മർദ്ദിച്ചതുപോലെ നിങ്ങളെ ആരെയെങ്കിലും ഭീകരമായി മർദ്ദിച്ചിട്ടുണ്ടോ; ഇന്ന് ജനകീയ സമരങ്ങളുണ്ടോ; നിങ്ങൾക്ക് ജനങ്ങളെ അണിനിരത്താൻ കഴിയുന്നുണ്ടോ?

ഇവിടെ നമ്മൾ തമ്മിൽ സംസാരിക്കുമ്പോൾ സ്ഫോടനാത്മകമായ ദേശീയ രാഷ്ട്രീയ സാഹചര്യം നമ്മളെ വേട്ടയാടുകയാണ്. നിങ്ങളത് മറക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിനെ ശരിപ്പെടുത്തുക എന്നതാണ് നിങ്ങളുടെ ആജീവനാന്ത രാഷ്ട്രീയ അജണ്ട. നിങ്ങൾ ഇന്ത്യ കാണുന്നുണ്ടോ; നിങ്ങളുടെ പഴയ സംസ്ഥാനങ്ങളെ കാണുന്നുണ്ടോ; മഹാത്മാഗാന്ധി ജനിച്ച ഗുജറാത്ത് കാണുന്നുണ്ടോ; ആന്ധ്രാപ്രദേശ് കാണുന്നുണ്ടോ; ഉത്തർപ്രദേശ് കാണുന്നുണ്ടോ? ജവഹർലാൽ നെഹ്റുവിന്റെ യു.പി. എവിടെ; മോത്തിലാൽ നെഹ്റുവിന്റെ കാശ്മീർ എവിടെ; എവിടെയാണ് ഇന്ത്യയുടെ ആഭ്യന്തര രംഗം? അത്യന്തം ആപത്കരമായ രീതിയിൽ സന്യാസിമാർ മുഖ്യമന്ത്രിമാരായി കൽപ്പനകൾ കൊടുക്കുകയാണ്. ആർ.എസ്.എസ്. അഴിഞ്ഞാട്ടം നടത്തുകയാണ്. മഹാത്മാഗാന്ധിയെ കൊന്നത് ഗോഡ്സെ അല്ലെന്ന് പറയണമെന്നാണ് അവർ പറയുന്നത്. ആരാണ് ഗാന്ധിജിയെ കൊന്നത്; മഹാത്മാഗാന്ധിയുടെ കൊലയാളി ആരാണ്? Who Killed Mahathma Gandhi എന്ന പുസ്തകം നിങ്ങൾ വായിക്കണം. എന്താണ് സ്ഥിതി; നമ്മുടെ രാജ്യം വീണ്ടും എങ്ങോട്ടാണ് പോകുന്നത്? അന്ധകാര പൂർണ്ണമായ സാഹചര്യത്തിലേയ്ക്ക് ജനങ്ങളെയും പാവപ്പെട്ടവരെയും തൊഴിലാളികളെയും വേട്ടയാടി, വർഗ്ഗീയത അഴിഞ്ഞാടുമ്പോൾ മതാധിപത്യത്തിന്റെ റിപ്പബ്ലിക്കിനു വേണ്ടി വാദിക്കുമ്പോൾ സെക്കുലറിസം മാറ്റണമെന്ന് പറഞ്ഞ് ഭരണഘടനയെ മാറ്റുകയാണ്. ദേശീയപതാകയെയും ദേശീയഗാനത്തേയും ഇന്ന് അവഹേളിക്കുന്നു. കലാ-സാംസ്കാരിക രംഗം മുഴുവൻ കാവിവത്കരിക്കുകയും വിദ്യാഭ്യാസ രംഗം അധഃപതിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ഒരു പഞ്ചായത്ത് പോലെയുള്ള ഒരു ചെറിയ സംസ്ഥാനമാണ് കേരളം. ഇവിടെ നല്ലൊരു ഭരണം നടക്കുന്നത് നിങ്ങൾക്ക് സഹിക്കാൻ വയ്യ. നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്; എങ്ങനെ നമ്മൾ ഇതിനെ നേരിടും; ഇന്ത്യയുടെ ജനാധിപത്യ സെക്കുലറിസം, ഇന്ത്യയിലെ ഡെമോക്രാറ്റിക് റൈറ്റ് എങ്ങനെ, ആര് സംരക്ഷിക്കും? വലിയൊരു ജനകീയ പ്രക്ഷോഭമാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

നിങ്ങൾ 60 കൊല്ലം ഈ രാജ്യം ഭരിച്ചല്ലോ; നിങ്ങൾ ഇപ്പോൾ അവകാശപ്പെടുന്നതുപോലെ ഏതെങ്കിലുമൊരു സംസ്ഥാനത്തെ സ്തംഭിപ്പിക്കാൻ ഒരു സമരം നടത്താൻ കോൺഗ്രസ്സിന് ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ? ഞങ്ങൾ വിചാരിച്ചെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒഴുകിപ്പോകുമായിരുന്നു. ശ്രീ. മൻമോഹൻ സിംഗ് സർക്കാരിനെ ഒരു അപശബ്ദവുമില്ലാതെ അഞ്ച് കൊല്ലം ഞങ്ങൾ വാഴിച്ചു. പക്ഷേ, ഞങ്ങളറിയാതെ വിദേശ രാജ്യങ്ങളുമായി നിങ്ങൾ രഹസ്യ ബന്ധങ്ങളുണ്ടാക്കിയതുകൊണ്ടാണ് ഞങ്ങൾ പിന്തുണ പിൻവലിച്ചത്. ഞങ്ങളുടെ പിന്തുണ നിങ്ങൾ സ്വീകരിച്ചില്ലേ? ശ്രീമതി സോണിയാ ഗാന്ധിയെ ഞങ്ങൾ ചെയർപേഴ്സണായി അംഗീകരിക്കുകയും യു.ഡി.എഫ്.-ഉം ആയി ഞങ്ങൾ കോമൺ മിനിമം പ്രോഗ്രാം ഉണ്ടാക്കുകയും ചെയ്തില്ലേ? അന്നൊന്നും ഇല്ലാത്ത വിരോധം ഇപ്പോൾ എന്തിനാണ്; ഞങ്ങൾ അധികാരത്തിൽ വന്നതുകൊണ്ടാണോ? ഞങ്ങൾക്ക് അധികാരമൊന്നും വലിയ കാര്യമല്ല. നിങ്ങൾ പറയുന്ന ആളിനെ വച്ച് ഭരിക്കണോ? അതല്ലേ നിങ്ങളുടെ മനസ്സിലിരിക്കുന്നത്. അങ്ങനെയൊക്കെ പറയാമോ? അങ്ങനെ ഭരിക്കാൻ പറ്റുമോ; ഉത്തരവാദിത്വമുള്ള പ്രതിപക്ഷ നേതാവല്ലേ അങ്ങ്. പ്രതിപക്ഷ നേതാവിനെപ്പോലെയുള്ള ഒരാൾ, ഇന്ത്യയിലെ ഏറ്റവും വലിയ പാർട്ടിയുടെ ദേശീയ രംഗത്ത് നല്ല പങ്ക് വഹിച്ച ശ്രീ. രമേശ് ചെന്നിത്തല ഇങ്ങനെയുള്ളൊരു ഉദ്യോഗസ്ഥനുവേണ്ടി ഇത്രയും വലിയ വൈരാഗ്യവും വാശിയും കാണിക്കണോ? എന്ത് ന്യായമാണിത്? ഞങ്ങൾക്ക് ആര് വന്നാലും, ഏത് ഡി.ജി.പി. വന്നാലും ആരോടും പ്രത്യേക താൽപ്പര്യമില്ല. ഈ സർക്കാരിന് ആരോടും വ്യക്തിപരമായ വിരോധമില്ല. എല്ലാവരും ഞങ്ങളുടെ ഉദ്യോഗസ്ഥരാണ്. അവർ സർക്കാരിന്റെ ഭാഗമാണ്. ചില ആളുകളെ നിങ്ങൾ കുത്തിയിളക്കിയതിന്റെ പിന്നിൽ ചില കളികളുണ്ട്. ഭൂരിപക്ഷം ഞങ്ങൾക്കുണ്ട്. അഞ്ച് കൊല്ലം നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല. പണ്ടാണെങ്കിൽ കഴിയുമായിരുന്നു. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരിനെ ഡിസ്മിസ് ചെയ്യാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങൾക്ക് ഇപ്പോളൊരു വിമോചന സമരം നടത്താൻ കഴിവുണ്ടോ? ചരിത്രം അതംഗീകരിക്കുമോ? നിങ്ങൾ കമ്മ്യൂണിസ്റ്റ് വിരുദ്ധരല്ലേ? നിങ്ങൾ ആന്റി കമ്മ്യൂണിസ്റ്റാണ്. നിങ്ങളതിൽനിന്ന് എന്തുകൊണ്ട് മാറുന്നില്ല. ഞങ്ങൾ ധാരാളം വിട്ടുവീഴ്ച ചെയ്തു, നിങ്ങളെ സഹായിച്ചു, നിങ്ങളെ കേന്ദ്രത്തിൽ പിന്തുണച്ചു, ഇതെല്ലാം കഴിഞ്ഞിട്ടും നിങ്ങൾക്കിപ്പോഴും കമ്മ്യൂണിസ്റ്റ് അലർജിയാണ്. അങ്ങനെയുള്ള ആളുകൾ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധത കോൺഗ്രസ്സിനില്ലെന്ന് മാത്രമല്ല കേരളത്തിൽ സി. അച്യുതമേനോന്റെ കാലഘട്ടത്തിലടക്കം സി.പി.ഐ.-യും കോൺഗ്രസ്സും തമ്മിൽ സഹകരിച്ചവരാണ്. ദേശീയരംഗത്ത് പാർലമെന്റിലേയ്ക്ക് ശ്രീ. സീതാറാം യച്ചൂരിയെ സഹായിക്കാൻ തീരുമാനിച്ചത് പാർലമെന്റിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആവശ്യമായതുകൊണ്ടാണ്. അതുകൊണ്ട് അന്ധമായ കോൺഗ്രസ് വിരോധമുള്ളത് മാർക്സിസ്റ്റ് പാർട്ടിക്കാണ്.

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് വിരോധമില്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ. അങ്ങനെ വിരോധമുള്ള രാഷ്ട്രീയ സാഹചര്യമല്ല ഇപ്പോഴുള്ളത്. ഇന്നലെ മേയ് ദിനമായിരുന്നു, ആ മെയ്ദിനത്തിൽപ്പോലും ഐ.എൻ.ടി.യു.സി. അടക്കമുള്ള തൊഴിലാളികൾ നേരിടുന്നത് ക്രൂരമായൊരന്തരീക്ഷമാണ്. ശ്രീ. നരേന്ദ്രമോദിയെ നിങ്ങൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ഇപ്പോൾ മനസ്സിലായല്ലോ? ഞങ്ങൾക്ക് ഡൽഹിയിൽ അധികമൊന്നും സീറ്റില്ലായിരുന്നു. ഡൽഹി ഉത്തുവാരി കൊണ്ട് പോയി. ഈ ധനാഭ്യർത്ഥനകളെ നിങ്ങളെതിർക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അധികാരത്തിൽ വന്നിട്ട് ഒരു വർഷംപോലുമായില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങിവിടെ പറഞ്ഞത് വളരെ ശരിയാണ്. ഭരണം കൃത്യമാണ്, എല്ലാം ഭംഗിയായി പോകുന്നുണ്ട്, എങ്കിൽപ്പിന്നെ എന്തിനാണ് ജനയുഗത്തിൽ എഡിറ്റോറിയൽ എഴുതിയതും ശ്രീ. കാനം രാജേന്ദ്രൻ വിമർശിക്കുകയും ചെയ്തത്. രണ്ട് വള്ളത്തിൽ കാൽ ചവിട്ടരുത്. ഒന്നുകിൽ ജനയുഗം പറയുന്ന രൂപത്തിൽ പോകണം.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷത്തുള്ള പ്രഗത്ഭർക്കും ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരമുണ്ട്. ആ സമയത്ത് നിങ്ങളിതെല്ലാം പറയണം. ഇപ്പോൾ ഇടയ്ക്ക് കയറി സംസാരിക്കേണ്ട. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷ നേതാവിനും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം. നിങ്ങൾ പതിനൊന്ന് മാസം ഞങ്ങളോട് എന്തെങ്കിലും വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് വിരോധമില്ലെങ്കിൽ ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കാൻ നിങ്ങൾ തയ്യാറാണോ; ഈ സർക്കാരിനെതിരെ വേറെ കുറ്റപത്രമൊന്നുമില്ല, നിങ്ങളുടെ കയ്യിലൊന്നുമില്ല, ശൂന്യമാണ്, പൊളിറ്റിക്കൽ bankrupt ആണ്. നിങ്ങൾക്ക് പോലീസിനെക്കുറിച്ച് ഒന്നും പറയാനില്ല. ഞങ്ങൾ പോലീസിൽ അഴിച്ചുപണി നടത്തും, പോലീസ് നയം കൊണ്ടുവരും, പോലീസ് ആക്ടിലുള്ള കാര്യങ്ങൾ നടപ്പാക്കും. അതിനെ നിങ്ങൾ സപ്പോർട്ട് ചെയ്യുമെങ്കിൽ ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കണം.

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം കൊണ്ടു വരികയാണ്. പ്രതിയായാലും വാദിയായാലും നിർഭയമായി പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടാകണം. പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യമുണ്ടാകണം. നെടുമങ്ങാട് സ്റ്റേഷൻ ഞാൻ നേരിട്ടുപോയി നോക്കിയതാണ്, അവിടെ സി.ഐ., ഡിവൈ.എസ്.പി., എസ്.ഐ. എന്നിവരുടെ ഓഫീസിൽ പോലീസുകാർക്ക് വിശ്രമിക്കാനുള്ള സ്ഥലമോ ഹെവി ഡ്യൂട്ടി കഴിഞ്ഞുവരുന്ന പോലീസുകാർക്ക് സ്റ്റേഷനിൽ അവരുടെ ഡ്രസ്സ് മാറ്റാനുള്ള സൗകര്യമോ ഇല്ല. ഇത് മിക്കവാറുമെല്ലാസ്റ്റേഷനിലുമുള്ള സ്ഥിതിയാണ്. അതുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കണം.

അതുപോലെ ജയിലുകളിൽ മാതൃകാപരമായി പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അവിടെ തുണി ഉല്പാദിപ്പിക്കുകയും ചപ്പാത്തിയുണ്ടാക്കി വിൽക്കുകയും ചെയ്യുന്നു. അങ്ങനെ കമേഴ്സ്യലാകുകയാണ്. അത്തരം കാര്യങ്ങൾ കുറച്ചുകൂടി വ്യാപകമായി നടത്താനാവശ്യമായ സാമ്പത്തികസഹായം നൽകണം. ആഭ്യന്തര വകുപ്പിന് ആകെ 30 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. പോലീസ് വകുപ്പിൽ പ്രൊമോഷൻ, ശമ്പളപരിഷ്കരണം, ടി.എ. ഇനത്തിലെ കുടിശ്ശിക എന്നിവയെല്ലാം കൊടുത്തുതീർക്കണം. അവർ ജനങ്ങളെ കൈകാര്യം ചെയ്യുന്നവരാണ്. അതുപോലെതന്നെ പോലീസ് ആക്ടിൽ പറഞ്ഞിട്ടുള്ള പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് നിലവിലില്ലെങ്കിൽ അത് രൂപീകരിക്കണം.

കേരളത്തിലെ എല്ലാ റോഡുകളിലും ധാരാളം അപകടങ്ങൾ നടക്കുന്നുണ്ട്. നിർഭാഗ്യകരമായ മരണങ്ങളാണ് എന്നും നടക്കുന്നത്. പോലീസിനോടൊപ്പം തന്നെ ട്രാഫിക്കിനും പ്രത്യേക സംവിധാനം വേണം. എറണാകുളം, കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ട്രാഫിക്കിന്റെ വലിയൊരു വിഭാഗം തുടങ്ങാനും ആളുകളുടെ ജീവൻ സംരക്ഷിക്കാനുമുള്ള നടപടിയുണ്ടാകണം. ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നത് പോലീസാണ്. ട്രാഫിക് റീ-ഓർഗനൈസ് ചെയ്യാനും പോലീസ് നയം പ്രഖ്യാപിക്കാനും തയ്യാറാകണം. പോലീസിൽ സുരക്ഷാ കമ്മീഷൻ രൂപീകരിക്കണം. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഇന്ദ്രജിത് ഗുപ്തയുടെ കാലത്ത് കേരള സർക്കാരിനെഴുതിയ ഒരു കത്തുണ്ടെന്ന് നേരത്തെ പറഞ്ഞു. ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ച പോലീസ് കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം. ആ റിപ്പോർട്ട് നടപ്പിലാക്കുന്നതോടുകൂടി പോലീസിന്റെ മുഖച്ഛായ മാറുകയും കേരളത്തിന് കുറച്ചു കൂടി കാര്യക്ഷമമായി ജനങ്ങളെ സേവിക്കാനും കഴിയും. ഈ കാര്യങ്ങളെല്ലാം ചെയ്യാൻ പ്രതിപക്ഷത്തിന്റെ സഹായമുണ്ടാകണം. ഐകകണ്ഠ്യേന ഈ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ആഭ്യന്തര വകുപ്പും പോലീസിന്റെ പ്രവർത്തനങ്ങളും ചരിത്രത്തിലേറെ വിമർശിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് പോലീസുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചകൾ നടക്കുന്നത്. ഒരു നിലയ്ക്കും ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഞാനിതിനെ ശക്തമായി എതിർക്കുകയാണ്. പോലീസിന്റെ അതിക്രമവും നിഷ്ക്രിയത്വവും കേരള പോലീസിന്റെ മുഖമുദ്രയായി മാറിയ ഒരു കാലഘട്ടമാണിത്. കേരളത്തിൽ നടന്ന മുഴുവൻ അതിക്രമങ്ങളിലും വേട്ടക്കാരനൊപ്പം നിൽക്കുന്ന പോലീസിനെയാണ് കാണാൻ സാധിക്കുന്നത്. സമീപകാല സംഭവങ്ങളൊക്കെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. എറണാകുളത്ത് പ്രമുഖ നടി ആക്രമിക്കപ്പെട്ടപ്പോൾ, കേരളം ആഫ്രിക്കൻ തെരുവുകളാണോയെന്ന് തോന്നിപ്പോയി. മറൈൻ ഡ്രൈവിലെ സദാചാര ഗുണ്ടായിസം ഗുജറാത്തിനെ

അനുസ്മരിപ്പിക്കുന്നതായി. അതുപോലെതന്നെ ഇവിടെ ജിഷ്ണു പ്രണോയിയുടെ മരണത്തെക്കുറിച്ച് പറഞ്ഞു. അതുമായി ബന്ധപ്പെട്ട് ശ്രീ. രാജു എബ്രഹാം സംസാരിച്ചത് ആ അമ്മ സമരം ചെയ്തപ്പോൾ പോലീസ് അവരെ കോരിയെടുക്കുകയായിരുന്നുവെന്നാണ്. ആരെയാണ് നിങ്ങൾ പറ്റിക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കന്മാർ തന്നെ പറഞ്ഞു, പോലീസിന്റെ നടപടികൾ ക്രൂരവും തെറ്റുമായിപ്പോയി എന്ന്. അതുപോലെ കൊടിഞ്ഞി ഫൈസലിന്റെ വധത്തിൽ പോലീസ് കാണിച്ചിട്ടുള്ള അനാസ്ഥ, വാളയാറിലെ ബാലികമാരുടെ മരണം, കുണ്ടറയിലെ പത്തുവയസ്സുകാരിയുടെ മരണം എന്നീ വിഷയങ്ങളിൽ ക്യാബിനറ്റിലുള്ള മന്ത്രിമാർക്കുപോലും പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായെന്ന് പറയേണ്ടി വന്നു. സ്ത്രീത്വം പിച്ചി ചീന്തപ്പെടുമ്പോഴും ഗുണ്ടകൾ അരങ്ങുവാഴുമ്പോഴും പോലീസ് നിഷ്ക്രിയമാകുകയാണ്. 3 വയസ്സുമുതൽ 85 വയസ്സു വരെയുള്ള സഹോദരിമാർ പീഡിപ്പിക്കപ്പെടുന്ന ദുരവസ്ഥയുണ്ട്. കോടതികളുടെ വിമർശനത്തെക്കുറിച്ച് ഇന്ന് രാവിലെ അടിയന്തരപ്രമേയമുണ്ടായി. സുപ്രീംകോടതി അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് ഡോ. ടി. പി. സെൻകുമാറിന്റെ വിഷയത്തിലുണ്ടായിട്ടുള്ളത്. എന്തെങ്കിലും ചെറിയൊരു വാശിയുടെ പേരിൽ കോടതി വിധി നടപ്പാക്കിയില്ലെങ്കിൽ ഇതിലും വലിയ പ്രഹരം സർക്കാരിന് ഈ വിഷയത്തിൽ ഏറ്റുവാങ്ങേണ്ടിവരുമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കാരണം, കേസിൽ രണ്ട് വശത്തുനിന്നുമുള്ള എല്ലാ വാദങ്ങളും കേട്ടിട്ടാണ് ഡോ. ടി. പി. സെൻകുമാറിനെ റീ-ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് കോടതി പറഞ്ഞിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, (....... മൈക്ക് ഓഫ്.....)

ശ്രീ. ആർ. രാജേഷ് : സർ, (.......മൈക്ക് ഓഫ്.....)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സത്യത്തിൽ ആകെ 8 മിനിറ്റേയുള്ളൂ. പഞ്ചായത്താഫീസിലെ വിഷയമൊക്കെ പറയണമെങ്കിൽ നിങ്ങൾക്ക് ആർക്കും ഇവിടെനിന്ന് എഴുന്നേറ്റ് നടക്കാൻ കഴിയില്ല. ഇന്ന് രാവിലെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ രൂപത്തിലല്ല ആ വിഷയം. സത്യത്തിൽ ഇന്ന് അങ്ങനെയൊരു സബ്മിഷൻ കൊണ്ടുവരാൻ പാടില്ലായിരുന്നു. (........ബഹളം.....) ഏറ്റവും മോശമായ ഒരു പ്രവണതയാണ് അവിടെ കാണിച്ചത്. അങ്ങനെ വിവിധ പഞ്ചായത്തുകളിലൊക്കെ നടക്കുന്ന ഓരോ ഇഷ്യു ഇവിടെ കൊണ്ടുവരണമെങ്കിൽ ഇവിടത്തെ ഒരു ദിവസം നമുക്ക് മതിയാകില്ല. അതുകൊണ്ട് ആ രീതിയിലുള്ള സമീപനമൊന്നും വേണ്ട. ഞാൻ വിഷയത്തിലേയ്ക്ക് വരാം. എന്റെ സമയം പോകുന്നു.

സർ, പോലീസ് വകുപ്പിന് പുതിയൊരു ഉപദേശകനെ വച്ചിരിക്കുകയാണ് എന്നതാണ് മറ്റൊരു പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടതുപക്ഷവും ഏറെ വിമർശിച്ചിട്ടുള്ള, പാലക്കാട് സംഭവത്തിന്റെയും സിറാജുന്നിസ സംഭവങ്ങളുടെയും പേരിൽ ഏറെ വിമർശനങ്ങൾക്ക് വിധേയനായിട്ടുള്ള ശ്രീ. രമൺ ശ്രീവാസ്തവയെയാണ് ഇന്ന് പോലീസിന്റെ തലപ്പത്ത് നിയമിച്ചിട്ടുള്ളത്. ഇത് ഇടതുപക്ഷത്തിന്റെ നയം മാറ്റമാണോ എന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. അതിന് മറ്റൊരു വശവുമുണ്ട്.

പോലീസ് ആക്ട് പ്രകാരം തലപ്പത്ത് ഒരാളേയുള്ളൂ; ജില്ലയിലും തലപ്പത്തും ഒരാളേ പാടുള്ളൂ. എന്നാൽ ഇടതുപക്ഷം ഇപ്പോൾ ഒരുപദേശകനെ കൊണ്ടുവന്നു. സകല യോഗങ്ങളിലും ഈ ഉപദേശകൻ പങ്കെടുക്കുന്നുണ്ട്. ഇതിൽ പോലീസ് വകുപ്പിലുള്ളവർക്കു തന്നെ അസംതൃപ്തിയാണ്. പോലീസിനെ നിയന്ത്രിക്കുന്നത് ഉപദേശകനാണോ ഡി.ജി.പി. ആണോ എന്ന പ്രശ്നം ഉയർന്നുവരികയാണ്. കണ്ണൂരിലെ യോഗത്തിൽ അങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ടായി. അതുപോലെതന്നെ പല കുറ്റവാളികൾക്കും ശിക്ഷയിളവ് കൊടുക്കാനുള്ള ഉത്തരവിറങ്ങുകയുണ്ടായി. ഗുണ്ടാ ആക്രമണങ്ങളൊക്കെ നടത്തിയിട്ടുള്ള ആളുകൾക്ക് ഇന്ന് ശിക്ഷയിളവ് കൊടുക്കാൻ പോകുകയാണ്. സർക്കാർ ഗുണ്ടകളോടൊപ്പമാണോ സാധാരണക്കാരോടൊപ്പമാണോ എന്നുള്ളത് വ്യക്തമാക്കണം. കേരളത്തിൽ ക്രിമിനൽ കേസുകൾ ഒന്നേമുക്കാൽ ലക്ഷമായി; ക്രമസമാധാനനില തകർന്നു; കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയാണ്. ഇതാണോ പിണറായിയുടെ ഭരണം എന്ന് ചോദിക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്.

1.00 PM]

ഡോ. ടി. പി. സെൻകുമാർ വിഷയത്തിൽ ഒരു ജനവിധിയുണ്ടായിരുന്നു. ആ ജനവിധി മാനിച്ചാണ് ഡി.ജി.പി.-യെ മാറ്റിയതെന്ന് ഇന്ന് രാവിലെ പറഞ്ഞു. നിങ്ങൾക്കെതിരായി ഒരു ജനവിധി ഉയർന്നുവന്നിട്ടുണ്ട്. അത് നിങ്ങളാരും ഇവിടെ ചർച്ച ചെയ്തിട്ടില്ല. മലപ്പുറത്ത് ഒരു ഉപതെരഞ്ഞെടുപ്പ് നടന്നു......... (ബഹളം).......... ആ ഉപതെരഞ്ഞെടുപ്പിൽ കേരളത്തിനും ഇന്ത്യയ്ക്കും മാതൃകയാകുന്ന ഒരു പുതിയ രാഷ്ട്രീയ താരോദയമാണ് കണ്ടത്. ഈ തെരഞ്ഞെടുപ്പ് ശ്രീ. നരേന്ദ്രമോദിക്കുള്ള ഒരു താക്കീതാകണമെന്ന് ഞങ്ങൾ പറഞ്ഞു. രാജ്യത്തെ മതേതര വിശ്വാസികൾ നിരാശയിലായിരുന്നു. നമുക്കറിയാം യു.പി. തെരഞ്ഞെടുപ്പുകൂടി കഴിഞ്ഞപ്പോൾ കാശ്മീർ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഫറൂക്ക് അബ്ദുള്ളയുടെ പുത്രൻ ഒമർ അബ്ദുള്ള ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് " 2019 നമുക്ക് വിസ്മരിക്കാം, 2024-നെ കുറിച്ച് ചിന്തിക്കാം" എന്നാണ്. ശ്രീ. നരേന്ദ്ര മോദി, ബി.ജെ.പി., സംഘ്പരിവാർ എന്നിവയിൽനിന്നും ഇന്ത്യയ്ക്ക് മോചനമില്ലെന്ന നിരാശയാണ് അതിലൂടെ പ്രകടമായത്. നമ്മൾ അതിനെതിരായി ഒരു ബദൽ രാഷ്ട്രീയമാണ് ഇന്ത്യയ്ക്ക് ചൂണ്ടിക്കാണിച്ചു കൊടുത്തത്. മതേതര വിശ്വാസികൾ യോജിച്ചുനിന്നാൽ ഇതുപോലുള്ള കാര്യങ്ങൾ നടക്കും. ഒന്നേമുക്കാൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷവുമായി ഈ സഭയിൽ അംഗമായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിൽനിന്നും ഇന്ത്യൻ പാർലമെന്റിലേയ്ക്ക് കടന്നുചെല്ലുമ്പോൾ ഒരു പുതിയ രാഷ്ട്രീയത്തിന്റെ സൂചനയാണ് കാണുന്നത്. 'അണ്ണാറക്കണ്ണനും തന്നാലായത്, ' ഞങ്ങൾക്ക് അത്രയേ കഴിയൂ. അത് ഞങ്ങൾ ചൂണ്ടിക്കാണിച്ചു. ഇന്ത്യയിലെ മതേതരശക്തികൾക്ക് പുതിയ പ്രതീക്ഷയും കരുത്തും നൽകുന്ന വിജയമാണിത്.

കേരളത്തിലെ ഭരണത്തെ വിലയിരുത്താനാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അതും ജനങ്ങൾ നന്നായി വിലയിരുത്തി. അങ്ങനെ വിലയിരുത്തിയപ്പോൾ കേരള രാഷ്ട്രീയം ഒരു പുതിയ മാറ്റത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ആ മാറ്റം കേരളത്തിലും ചെറിയൊരു സ്ഥാനചലനമുണ്ടാക്കിയിരിക്കുന്നു. ചെറിയൊരു ട്രാക്ക് തെറ്റി സംഘപരിവാർ രാഷ്ട്രീയം കടന്നുവന്നിരുന്നു. പക്ഷേ മലപ്പുറം തെരഞ്ഞെടുപ്പോടുകൂടി സംഘപരിവാർ രാഷ്ട്രീയം ഒന്നുമല്ലാതെ പഴയ മുന്നണി രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നു. അതിൽ നിങ്ങൾക്കും അഭിമാനിക്കാം. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷമായ അഞ്ച് ലക്ഷത്തി പതിനയ്യായിരം വോട്ടാണ് ഞങ്ങൾക്ക് ലഭിച്ചത്. കേരളത്തിൽ ഒരു ലോക്സഭാ തെരഞ്ഞെടുപ്പിലും ഒരു സ്ഥാനാർത്ഥിക്കും അഞ്ച് ലക്ഷം വോട്ട് ഇന്നുവരെ കിട്ടിയിട്ടില്ല. ... (ബഹളം)

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്, പ്ലീസ്......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇടതുപക്ഷത്തിന് അങ്ങനെ ഒരു ലക്ഷം വോട്ട് കൂടിയിട്ടില്ല. എന്തൊരു നിരർത്ഥകമായ വാദമാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, 2009-ൽ 3,11,000 വോട്ടുണ്ട്. 2014-ൽ സൈനബ എന്നയാളിനെ സ്ഥാനാർത്ഥിയായി നിർത്തിയപ്പോൾ നിങ്ങൾക്ക് സ്ഥിരമായി വോട്ട് ചെയ്യുന്ന ആൾക്കാർ വോട്ട് ചെയ്തില്ല. അത് ഞങ്ങളുടെ കുഴപ്പമല്ല. അപ്പോൾ നിങ്ങളുടെ വോട്ട് 2,42,000 ആയി കുപ്പുകുത്തി. നിങ്ങൾ അവിടെനിന്നാണ് കണക്ക് പറയുന്നത്. 3.11 എന്ന കണക്ക് പറഞ്ഞാൽ നിങ്ങൾക്ക് 3.44 വോട്ടാണുള്ളത്. എന്നാൽ 2009-ൽ 4.27-ഉം 2014-ൽ 4.37-ഉം 2017-ൽ 5.15-ഉം വോട്ടാണ് ഞങ്ങൾക്ക് കിട്ടിയത്. അപ്പോൾ ഞങ്ങളാണോ നിങ്ങളാണോ മെച്ചം? 2016-ൽ കിട്ടിയതിനേക്കാൾ 30,000 വോട്ട് നിങ്ങൾക്ക് കുറവാണ്. മലപ്പുറം ബാലികേറാ മലയൊന്നുമല്ല, 2004-ലെ വിജയം ആവർത്തിക്കും, അട്ടിമറി വിജയം ഉണ്ടാകുമെന്നുമാണ് ചില മന്ത്രിമാർ പറഞ്ഞത്. എവിടെപ്പോയി? കേരളത്തിൽ യു.ഡി.എഫ്.-ന്റെ തിരിച്ചുവരവിന്റെ ശംഖനാദമാണ് മലപ്പുറത്തുനിന്നും മുഴക്കിയിട്ടുള്ളതെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. ശ്രീ. രമേശ് ചെന്നിത്തല അന്ന് പ്രഖ്യാപിച്ചതുപോലെ ഇന്നത്തെ മലപ്പുറത്തിന്റെ ശബ്ദം നാളത്തെ കേരളത്തിന്റെയും ഇന്ത്യയുടെയും പുതിയ സന്ദേശമായി മാറാനിരിക്കുകയാണെന്നുകൂടി പറഞ്ഞു കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങളൊക്കെ പ്രസംഗിച്ചത്. അത് ഓരോന്നോരോന്നായി ശരിയായി വരുന്ന സാഹചര്യത്തിലാണ് ഈ ധനാഭ്യർത്ഥന ചർച്ച നടക്കുന്നത്. ഞാൻ വളരെ സന്തോഷത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. അഴിമതിയെ കുറിച്ചാണ് അന്ന് ഞങ്ങൾ പ്രസംഗിച്ചിരുന്നത്. ഇന്ത്യയിൽ അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നാണ് ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുന്ന വിവരം. ഇതുതന്നെയാണ് എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞത്. വിജിലൻസ് സംവിധാനത്തെ ശക്തമായി പ്രവർത്തിക്കാൻ അനുവദിച്ചപ്പോൾ സംസ്ഥാനത്തെ അഴിമതി കുത്തനെ കുറഞ്ഞിരിക്കുന്നുവെന്നാണ് കഴിഞ്ഞ ഒരു

വർഷംകൊണ്ട് നമുക്ക് തെളിയിക്കാൻ സാധിച്ചത്. ഇതുപോലെ ധാരാളം വിഷയങ്ങൾ നമ്മുടെ മുൻപിൽ വരികയാണ്. ഇക്കൂട്ടത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, കോഴിക്കോട് വിമാനത്താവളത്തെ സംബന്ധിച്ചായിരുന്നു എല്ലാവരും പ്രസംഗിച്ചത്. കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയത്തിൽ ശ്രീ. പിണറായി വിജയൻ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ കാണുകയും പ്രത്യേക ടീമിനെ നിശ്ചയിക്കുകയും ചെയ്തതിനാൽ കാര്യങ്ങളൊക്കെ ഇപ്പോൾ ശരിയായി വരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ചിലയാളുകൾക്ക് കോഴിക്കോട് ഹജ്ജ് ഹൗസ് കണ്ടാൽ ദഹിക്കില്ല. അങ്ങോട്ട് കയറുന്ന സ്പീഡിൽ തന്നെ തിരിച്ചിറങ്ങി വരുന്നവരുണ്ട്. കാരണം, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പേര് ഹജ്ജ് ഹൗസിന് മുകളിൽ എഴുതിവച്ചിട്ടുണ്ട്. അദ്ദേഹമാണ് കോഴിക്കോട് ഹജ്ജ് ഹൗസ് ഉദ്ഘാടനം ചെയ്തത്. ഹജ്ജ് തീർത്ഥാടനത്തിന് വരുന്നതിൽ 80 ശതമാനം ആളുകളും മലബാറിൽനിന്നുള്ളവരാണ്. മുൻ സർക്കാരിന്റെ കാലത്ത് നെടുമ്പാശ്ശേരിയിൽനിന്നുമാണ് ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നത്. അത് തിരിച്ച് കോഴിക്കോട്ടേയ്ക്ക് കൊണ്ടുവരുമെന്നാണ് ഇടതുപക്ഷം പറഞ്ഞു കൊണ്ടിരുന്നത്. തീർച്ചയായും അടുത്ത ഹജ്ജ് തീർത്ഥാടനം കോഴിക്കോട് നിന്നായിരിക്കുമെന്നാണ് പുതിയ സംഭവവികാസങ്ങൾ ബോധ്യപ്പെടുത്തുന്നത്. മാത്രമല്ല, വിമാനത്താവളങ്ങളെ സംബന്ധിച്ച് വലിയ ധാരണയൊന്നും നമുക്കുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത് കണ്ണൂർ വിമാനത്താവളം ഉൾപ്പെടെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് വരാൻ പോകുന്നത്. എന്നാൽ കേരള സംസ്ഥാനത്ത് ഒരു സിവിൽ ഏവിയേഷൻ വകുപ്പില്ല. ധാരാളം സംസ്ഥാനങ്ങളിൽ ആ വകുപ്പുണ്ട്. ഈ സർക്കാർ കേരളത്തിൽ ഒരു സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഭരണപരിഷ്കാര വകുപ്പിനോട് അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുപോലെ ഓരോ കാര്യങ്ങളും ശരിയായികൊണ്ടിരിക്കുകയാണ്.

പൊതുശൃംഖലയിൽനിന്നും വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചുവർഷം വില വർദ്ധിപ്പിക്കില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഞങ്ങളൊക്കെ പ്രസംഗിച്ചതാണ്. മാർക്കറ്റിൽ ഇത്രയധികം വിലവ്യതിയാനം ഉണ്ടായിട്ടുപോലും ഇന്നുവരെ സാധനങ്ങൾക്കൊന്നും പൊതുവിതരണ ശൃംഖലയിൽ വില വർദ്ധിപ്പി ച്ചിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പ്രസംഗിച്ചപ്പോൾ യു.എ.പി.എ. കേസുകളെ സംബന്ധിച്ച് പരാമർശി ക്കാതിരുന്നത് മോശമായിപ്പോയെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൊത്തം 162 യു.എ.പി.എ. കേസുകളാണുണ്ടായിരുന്നത്. അതിൽ 136 കേസുകൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെടുത്തതാണ്. ഈ സർക്കാരിന്റെ കാലത്ത് 26 യു.എ.പി.എ. കേസുകളാണുണ്ടായിരുന്നത്. നിങ്ങളിപ്പോൾ ശ്രീ. രമൺ ശ്രീവാസ്തവയെക്കുറിച്ച് പറഞ്ഞല്ലോ. ഓരോ സർക്കാരിന്റെയും നയങ്ങൾ നടപ്പിലാക്കുകയാണ് ആ സർക്കാരിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ ജോലിയെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത 26 യു.എ.പി.എ. കേസ്സുകളിൽ 25 എണ്ണവും പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഞാൻ ധാരാളമായി പ്രസംഗിച്ച ഒരു കാര്യം ഇവിടെ പറയുകയാണ്. പന്ത്രണ്ട് വർഷം ജയിലിൽ കിടന്നതിനുശേഷം കോടതി കുറ്റവിമുക്തരാക്കിയതിനെത്തുടർന്ന് പുറത്തുവന്ന രണ്ട് കുട്ടികളെയും കൊണ്ട് സി.പി.ഐ.(എം)-ന്റെ അന്നത്തെ സെക്രട്ടറി ശ്രീ. പ്രകാശ് കാരാട്ട് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അടുത്ത് പോകുകയും പതിനെട്ട് വയസ്സായപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ട ഈ കുട്ടികൾ പന്ത്രണ്ട് വർഷം ജയിലിൽ കിടന്നതിനുശേഷം നിരപരാധികളായി വിട്ടയയ്ക്കപ്പെട്ടപ്പോൾ ആലോചിക്കേണ്ട കാര്യങ്ങളെയും നടപ്പിലാക്കേണ്ട വിഷയങ്ങളെയും സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. അതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, അനാവശ്യമായി യു.എ.പി.എ. ചുമത്തിയ ഉദ്യോഗസ്ഥരെ ശിക്ഷിക്കണമെന്നാണ്. രണ്ടാമത്തേത്, യു.എ.പി.എ. ചുമത്തപ്പെട്ടപ്പോൾ സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് പുറത്തുവരുന്ന ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് ശ്രീ. പ്രകാശ് കാരാട്ട് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുമ്പാകെ അന്ന് പറഞ്ഞത്. അത് നടപ്പാക്കുകയെന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ബാധ്യതയാണെന്നുള്ളതുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള 26 കേസ്സുകളിൽ 25 കേസ്സുകളും പിൻവലിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കാസർഗോഡ് ചന്തേര പോലീസ് എടുത്തിട്ടുള്ള ഐ.എസ്.ഐ.-യുമായി ബന്ധപ്പെട്ട ഒരു കേസ്സൊഴികെ മറ്റുള്ള കേസ്സുകൾ പിൻവലിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്തിട്ടുള്ള കേസ്സുകളും ഞങ്ങൾ പിൻവലിക്കും. പക്ഷേ കോടതിയിൽ ചാർജ്ജ്ഷീറ്റ് കൊടുത്ത കേസ്സുകളിൽ കോടതിയുടെ അനുവാദംകൂടി വേണമെന്നുള്ളതുകൊണ്ടാണ് അക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കാത്തത്. ഇത്രയും പ്രസംഗിച്ച ശ്രീ. എൻ. ഷംസുദ്ദീൻ ഈ കാര്യത്തിലെങ്കിലും സർക്കാരിനെ അഭിനന്ദിക്കേണ്ടതായിരുന്നു. നിങ്ങൾ വസ്തുതകൾ കാണുന്നില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. യു.എ.പി.എ.-യുടെ കാര്യത്തെ സംബന്ധിച്ച് സർക്കാർ വളരെ വ്യക്തമായ ചില നിലപാടുകൾ എടുത്തിട്ടുണ്ട്. യു.എ.പി.എ. ഇഷ്ടംപോലെ ചുമത്താൻ പാടില്ലെന്നുള്ളത് ഇടതുപക്ഷത്തിന്റെ നയമാണ്. ആ നയം ഈ സർക്കാർ വന്നതിനുശേഷം ചില കാര്യങ്ങളിൽ ലംഘിക്കപ്പെട്ടിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് നിശ്ചയിച്ചിരുന്ന ചില ഉദ്യോഗസ്ഥരൊക്കെ ആ കൂട്ടത്തിലുണ്ട്. ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദറിനോട് ഗുരുവായൂർ ക്ഷേത്രത്തിന്റെ കാര്യത്തിൽ നിങ്ങൾക്കെന്താണെന്ന് ചോദിച്ചതുപോലുള്ള മനോഭാവമുള്ള ആളുകളുണ്ടാകും. പക്ഷേ ഈ സർക്കാർ വളരെ ശക്തമായ രീതിയിൽ ഇക്കാര്യത്തിൽ ഇടപെടുകയും യു.എ.പി.എ. ചുമത്തുന്നത് സംബന്ധിച്ച് വ്യക്തമായ നയങ്ങളും പരിപാടികളും മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

അതനുസരിച്ച് തന്നെയാണ് ഉദ്യോഗസ്ഥർ ഇപ്പോൾ മുന്നോട്ടുപോകുന്നത്. യു.എ.പി.എ.-യെ സംബന്ധിച്ച്, നമ്മളൊരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഡൽഹിയിലെ സിക്ക് കൂട്ടക്കൊലയിലെ പ്രതികൾക്കൊന്നും ഇത്തരം മാരകമായ കരിനിയമം ചുമത്തപ്പെട്ടിട്ടില്ല. 1984-ലെ ഭോപ്പാൽ വാതകദുരന്തത്തിൽ നിരവധി ആളുകൾ മരിച്ചപ്പോഴും 1992-ൽ ബാബറി മസ്ജിദ് തകർത്തപ്പോഴും അതിനുശേഷവും അവരുടെ പേരിൽ ഇത്തരമൊരു കുറ്റം ചുമത്തപ്പെട്ടിട്ടില്ല. 2002-ലെ ഗുജറാത്ത് വംശഹത്യയുടെ സന്ദർഭത്തിലും ഇതുപോലെയുള്ള നിയമങ്ങൾ ഉപയോഗിച്ചിട്ടില്ല. നിരപരാധികളായ ആളുകളുടെ പേരിലാണ് യു.എ.പി.എ. പോലുള്ള മാരകമായ നിയമങ്ങൾ ചുമത്തപ്പെടുന്നത്. അത് പാസ്സാക്കിയ സമയത്ത് ലീഗ് ആ ഭരണത്തിലുണ്ടായിരുന്നോ ഇല്ലയോ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ഇടക്കാലത്തെങ്കിലും ലീഗ് അതിനെതിരായ സമീപനം സ്വീകരിച്ചിരുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്.

ഇവിടെ നേരത്തെ പാലക്കാട് നടന്ന വെടിവയ്പിൽ സിറാജുന്നിസ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവത്തെക്കുറിച്ച് പറഞ്ഞു. കുറേ കാര്യങ്ങൾ നിങ്ങൾ കൂട്ടിപ്പറയുകയാണ്. ആ വിഷയത്തെ സംബന്ധിച്ച് നിങ്ങൾ തന്നെ അന്വേഷണം നടത്തി അയാളെ കുറ്റവിമുക്തനാക്കിയിട്ടുണ്ടല്ലോ? അയാളെ നിങ്ങൾ കുറ്റവിമുക്തനാക്കി എന്നുള്ളതൊരു വസ്തുതയാണ്. ഇനി അഥവാ അദ്ദേഹം അങ്ങനെ ചെയ്തെങ്കിൽ തന്നെ അത് അന്നത്തെ സർക്കാരിന്റെ നയമാണ്. ഇപ്പോൾ ശ്രീ. രമൺ ശ്രീവാസ്തവ ഈ സർക്കാരിന്റെ കീഴിലാണുള്ളത്. ഈ സർക്കാരിന്റെ നയമാണ് ഇപ്പോൾ നടപ്പാക്കുന്നത്. നിങ്ങളന്ന് നടപ്പാക്കിയത് നിങ്ങളുടെ നിയമമാണെന്നുമാത്രം മനസ്സിലാക്കിയാൽ മതി. അതുകൊണ്ട് പോലീസുദ്യോഗസ്ഥരല്ല, അവർക്ക് ആ നയവും പരിപാടിയും പറഞ്ഞുകൊടുക്കുന്ന ആളുകളാണ് കുറ്റക്കാർ.

ശ്രീ. പി. ടി. തോമസ്: സർ, ഉദ്യോഗസ്ഥരുടെ നയമല്ല, സർക്കാരിന്റെ നയമാണെങ്കിൽ അത് ഡോ. ടി. പി. സെൻകുമാറിന്റെ കേസിലും ബാധകമല്ലേ?

ശ്രീ. പി. ടി. എ. റഹീം: സർ, തീർച്ചയായും. നല്ലൊരു സർക്കാരും കഴിവുറ്റ ഒരു ഭരണാധികാരിയുമുണ്ടെങ്കിൽ അതിന്റെ കീഴിൽ നടക്കുന്ന കാര്യങ്ങളൊക്കെ ആ സർക്കാരിന്റെ കീഴിലാണ് വരുന്നത്. ജിഷ വധക്കേസ്സിൽ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് സുപ്രീംകോടതി വിധിയിൽത്തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ; അന്നത്തെ സർക്കാരിനെ സംബന്ധിച്ചും ആ കോടതി വിധിയിൽ പറഞ്ഞിട്ടുണ്ട്. കോടതിയുടെ കാര്യങ്ങൾ കോടതി പറയട്ടെ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോടതി വിധിയിൽ ജിഷ വധക്കേസ്സിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. ഞാൻ അങ്ങേയ്ക്ക് അത് തരാം. വിചാരണ നടന്നുകൊണ്ടിരിക്കുന്ന ഒരു കേസ്സായതുകൊണ്ട് കോടതി ഇടപെടുന്നില്ലെന്നാണ് പറഞ്ഞത്.

ശ്രീ. പി. ടി. എ. റഹീം: സർ, ആ വിധി വായിച്ചുനോക്കിയാലറിയാം, ദൈവത്തിന്റെ സ്വന്തം നാടിനെ ആർക്കും രക്ഷിക്കാൻ സാധിക്കില്ലെന്ന് സുപ്രീം കോടതി പറഞ്ഞത് എന്തിനെക്കുറിച്ചാണെന്ന് വളരെ വ്യക്തമായി എല്ലാവർക്കുമറിയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കിയത് സീനിയോറിറ്റി മറികടന്നാണെന്ന വാദമുന്നയിച്ചപ്പോഴാണ് കോടതി അങ്ങനെ പറഞ്ഞത്. ഡോ. ടി. പി. സെൻകുമാർ സീനിയോറിറ്റി മറികടന്നല്ല സീനിയറായത്. അദ്ദേഹത്തിന് മുകളിലുള്ള സീനിയറായ ആൾ ഡൽഹിയിൽ കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിലായിരുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഇത് ആദ്യത്തെ സംഭവമൊന്നുമല്ലല്ലോ? ഇന്ത്യയിലെ സർവ്വസൈന്യാധിപനെ നിശ്ചയിച്ചിട്ടുള്ളത് മൂന്നാളുകളെ മറികടന്നാണ്. അതൊന്നും പുതിയ കാര്യങ്ങളൊന്നുമല്ല. രാഷ്ട്രീയ തീരുമാനങ്ങളാണ്.

യു.എ.പി.എ. സംബന്ധിച്ച് പറയുന്ന അവസരത്തിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ-മെയിൽ ചോർത്തലുമായി ബന്ധപ്പെട്ട കേസ്സിൽ മൂന്നുപേരാണ് പ്രതികൾ. ബിജു സലീം എന്ന പോലീസുദ്യോഗസ്ഥനെ പോലീസ് വകുപ്പിൽനിന്നും പിരിച്ചു വിട്ടു. ദസ്തക്കീർ എന്ന ഒരു ഡോക്ടറെ ജോലിയിൽനിന്നും ഒഴിവാക്കി. ഇവർക്കൊന്നും പെൻഷൻപോലും കിട്ടിയിട്ടില്ല. ആ കേസ്സിലെ മൂന്ന് പ്രതികളും ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരായിരുന്നു. ഇ-മെയിൽ കേസ് വ്യാജമാണെന്ന് വ്യക്തമായ സ്ഥിതിക്ക് യു.എ.പി.എ.-യെക്കുറിച്ച് സുധീരമായ തീരുമാനമെടുത്തിട്ടുള്ള അങ്ങ് ഈ കാര്യത്തിലും യുക്തമായ തീരുമാനമെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പോലീസിനെ സംബന്ധിച്ച് മറ്റൊരു കാര്യമുള്ളത്, കേസ്സുകളുടെ ഇൻവെസ്റ്റിഗേഷനും ക്രമസമാധാനവും വിഭജിക്കണമെന്നുള്ള ഒരു തീരുമാനം നേരത്തെയുണ്ടായിരുന്നു. അത് നേരത്തെ ചർച്ച ചെയ്ത് അഭികാമ്യമാണെന്ന് നമ്മളും പിന്നീട് കോടതിയും പറഞ്ഞിട്ടുള്ളതാണ്. അക്കാര്യത്തിൽ സത്വരനടപടി സ്വീകരിക്കേണ്ടതാണെന്നു കൂടി ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹളമുണ്ടാക്കിയതു കൊണ്ടൊന്നും സർക്കാരിന്റെ പരിപാടികൾ തടസ്സപ്പെടുത്താൻ കഴിയില്ല. ഇത് ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നുവെന്നതിന്റെ തെളിവാണ് പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ എല്ലാ ദിവസവും പൂർവ്വ വിദ്യാർത്ഥി-അദ്ധ്യാപക സംഗമം നടത്തി എല്ലാ സ്കൂളുകളും സ്മാർട്ടാക്കുന്നത്. കൃഷിയുടെയും ജൈവ പച്ചക്കറിയുടെയും കാര്യത്തിലായാലും ജനങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. സർക്കാരിന്റെ ഓരോ പരിപാടികളും ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. വഴിയിൽ കുരച്ചുകൊണ്ടിരിക്കുന്ന എല്ലാ പട്ടികളെയും എറിഞ്ഞോടിച്ചശേഷം ലക്ഷ്യസ്ഥാനത്തേയ്ക്ക് വേഗമെത്താൻ സാധിക്കില്ല. അതവിടെ കുരയ്ക്കട്ടെ. സധൈര്യമായി സർക്കാർ മുന്നോട്ടുപോകണമെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നത്തെ ചർച്ചയിൽ സങ്കീർണ്ണമായി ചൂണ്ടിക്കാണിച്ച ഡി.ജി.പി.-യുടെ പ്രശ്നത്തിൻ മേൽ സർക്കാർ ഒരു ആത്മപരിശോധനയ്ക്ക് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രാഷ്ട്രീയ വിമർശനം എന്നതിനെക്കാളുപരി കേരളത്തിന്റെ ക്രമസമാധാന നിലയിലും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട മേൽനോട്ടത്തിലും പ്രതിസന്ധിയുണ്ടായിരിക്കുന്നുവെന്ന തോന്നൽ കേരളത്തിലെ പൊതുസമൂഹത്തിനു മുന്നിൽ വന്നിരിക്കുന്ന സ്ഥിതിവിശേഷം സർക്കാർ പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അടിയന്തര തീരുമാനത്തിലെത്താൻ ഈ ചർച്ച സർക്കാരിന് സഹായകരമാകട്ടെയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ വളരെ വിമർശനപരമായി യു.ഡി.എഫ്. തലത്തിലും എൽ.ഡി.എഫ്. തലത്തിലും സർക്കാരിനെ സംരക്ഷിച്ചുള്ള രാഷ്ട്രീയ വിമർശനങ്ങളുടെ ചർച്ചകൾ സജീവമായി നടക്കുമ്പോൾ കേരള കോൺഗ്രസ്സ് നിഷ്പക്ഷ നിലപാടിൽ നിന്നുകൊണ്ട് ഇക്കാര്യങ്ങളെ കുറിച്ച് ആലോചിച്ച് സർക്കാർ ചെയ്യേണ്ട വിഷയങ്ങളിലേയ്ക്ക് കടക്കാനാണ് ആഗ്രഹിക്കുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടവയും നടപ്പാക്കാൻ കഴിയാതെ പെന്റിംഗിലുള്ള വിഷയങ്ങളും സർക്കാർ പ്രത്യേകമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ലാ ആന്റ് ഓർഡർ, ക്രൈം എന്നിവ വേർതിരിച്ചുകൊണ്ടുള്ള ഒരു ഭരണക്രമീകരണത്തെക്കുറിച്ച് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇന്ത്യയിൽ തമിഴ്നാട്, ഡൽഹി, മുംബൈ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ഇതിനോടകം തന്നെ ഈ ക്രമീകരണം നടപ്പാക്കി. പക്ഷേ കേരളം ഇതുവരെ ഇക്കാര്യത്തിൽ മുന്നോട്ടുവന്നിട്ടില്ലെന്നുള്ളത് സർക്കാർ ഗൗരവമായി പരിശോധിക്കേണ്ടതാണ്. മുൻകാലങ്ങളെക്കാൾ കേസ്സിന്റെ എണ്ണം വർദ്ധിച്ചുവരുമ്പോൾ ഈ പ്രശ്നത്തിന്റെ ഗൗരവവും വർദ്ധിക്കുകയാണ്. പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്ക് സംസ്ഥാനം വരേണ്ടതിന്റെ ആവശ്യകതയാണ് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുന്നത്. കുറ്റകൃത്യങ്ങളുടെ വർദ്ധനവ് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ 1957-ൽ 8500 കേസ്സുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് 1990-ൽ 190000 കേസ്സുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 7,17,000 കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. എൽ.ഡി.എഫ്.-നെയോ യു.ഡി.എഫ്.-നെയോ പരസ്പരം കുറ്റപ്പെടുത്തുന്നതിനേക്കാൾ ജനങ്ങളുടെ സമീപനത്തിൽ വരുന്ന പ്രശ്നത്തെ കണക്കിലെടുത്ത് പോലീസിനെ കൂടുതലായി വിന്യസിക്കുകയും അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുകയെന്നതാണ് പ്രധാനം. 450 പേർക്ക് ഒരു പോലീസ് എന്ന നിലയിലാണെങ്കിൽത്തന്നെ ഒരു ലക്ഷത്തോളം പോലീസ് വേണ്ടിവരും. എന്നാൽ ലോക്കൽ പോലീസിന്റെ എണ്ണം ഇപ്പോഴുള്ളത് 31000 ആണ്. ഇതുവച്ച് കാര്യങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യം ഒരു ഭാഗത്ത് നിൽക്കുകയാണ്. നാലായിരത്തോളം തസ്തികകൾ ഇനിയും ഒഴിഞ്ഞുകിടക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് പോലീസ് വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ തസ്തികയിലേയ്ക്കും അടിയന്തരമായി നിയമനം നടത്താൻ സർക്കാർ തയ്യാറാകണം.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രഖ്യാപിക്കാറുണ്ട്. ഓരോ സമയത്തും പ്രഖ്യാപിക്കുന്ന പദ്ധതികൾ ജനോപകാരപ്രദമാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചു. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും എസ്.പി.സി. ഏറ്റവും നല്ല യൂണിറ്റായി പ്രവർത്തനരംഗത്ത് നിൽക്കുകയാണ്. എന്നാൽ എസ്.പി.സി. പ്രവർത്തിപ്പിക്കണമെങ്കിൽ പോലീസിന്റെ സഹായം ആവശ്യമാണ്. പക്ഷേ അതിനുള്ള പോലീസിനെ അഡീഷണലായി നിയമിച്ചിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളായ ഹെൽപ്പ് ഡെസ്ക്, വിമൻ ഹെൽപ്പ് ഡെസ്ക് എന്നിവയെല്ലാം സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങളാണ്. സംസ്ഥാനത്തൊട്ടാകെ അമ്പതോളം സ്പെഷ്യൽ പ്രോജക്ടുകൾ വിവിധ പദ്ധതികളിലായി ഇന്നുണ്ട്. ആ 50 പദ്ധതികൾക്കും അഡീഷണലായി പോലീസ് സ്ട്രെംഗ്ത് കൊടുക്കുന്നില്ലെന്ന പ്രശ്നം നിലനിൽക്കുകയാണ്. അതുകൊണ്ട് ഇങ്ങനെ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികൾക്കു വേണ്ടി അഡീഷണലായി പോലീസിനെ നിയമിക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാകണമെന്ന ആവശ്യം ഈയവസരത്തിൽ ഞാൻ ഉന്നയിക്കുകയാണ്. അതുപോലെ പോലീസ് സ്റ്റേഷനുകൾ മെച്ചപ്പെടുത്തേണ്ടത് പ്രധാനമാണ്. പോലീസ് സ്റ്റേഷനുകളിൽ ജനങ്ങൾക്ക് നിർഭയമായി കടന്നുവരുന്നതിനുള്ള സാഹചര്യമുണ്ടാകണമെന്ന് നമ്മൾ പറയുന്നുണ്ട്. പക്ഷേ അവിടെ കടന്നുവരുമ്പോൾ അവർക്കുവേണ്ട സംരക്ഷണം കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്താൻ കഴിയണമെങ്കിൽ പോലീസിന്റെ കൂടുതൽ ശ്രദ്ധ ഇവിടെ ആവശ്യമാണ്. അതുകൊണ്ട് കൂടുതലായി പോലീസിനെ നിയമിക്കണം. സംസ്ഥാനത്ത് പോലീസിന്റെ കുറവുണ്ടായപ്പോഴാണ് ഹോം ഗാർഡിനെക്കുറിച്ച് ചിന്തിച്ചത്. പോലീസിന്റെ ശമ്പളത്തിന്റെ അഞ്ചിലൊന്ന് ശമ്പളമാണ് ഹോം ഗാർഡുകൾക്ക് കൊടുക്കുന്നത്. അവർ വലിയ സേവനമാണ് ചെയ്യുന്നത്. ഹോം ഗാർഡിന്റെ എണ്ണം വർദ്ധിപ്പിക്കുക എന്നുള്ളത് സർക്കാരിന് ചെയ്യാവുന്ന ഒരു കാര്യമാണ്. കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ഹോം ഗാർഡുകൾക്ക് മാനുഷിക പരിഗണന നൽകി കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ തയ്യാറാകണം. അവർ വലിയ സഹായമാണ് നമുക്കുവേണ്ടി ചെയ്യുന്നത്. അതിന് വേണ്ടത്ര പ്രതിഫലം കൊടുക്കാനുള്ള കടമ സർക്കാരിനുണ്ട്.

അതുപോലെതന്നെ സംസ്ഥാനത്ത് കാര്യക്ഷമമായി തുടങ്ങിയ ഒരു വിഭാഗമാണ് ജനമൈത്രി പോലീസ്. ജനമൈത്രി പോലീസ് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന പരാതിയുണ്ട്. ഇതിനുവേണ്ടി നേരത്തേ രൂപീകരിച്ചിരുന്ന കമ്മിറ്റി പുനഃസംവിധാനം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാക്കണം. പോലീസ് സേനയിൽ റിക്കോർഡുകൾ സൂക്ഷിക്കുന്നതിന് പുതിയൊരു സംവിധാന മുണ്ടാക്കണം. ഡയറിയുമായി പൊലീസുകാർ പോകുന്ന കാലം മാറിയിരിക്കുകയാണ്. കാലത്തിനനുസൃതമായ ഒരു സിസ്റ്റം നടപ്പിലാക്കേണ്ടതുണ്ട്. ആദ്യം ഫയൽ

ബോർഡ് സംവിധാനമാണുണ്ടായിരുന്നത്. ഇപ്പോൾ കമ്പ്യൂട്ടർ റിക്കോർഡ് സിസ്റ്റം ആക്കിയിരിക്കുകയാണ്. കമ്പ്യൂട്ടർ റിക്കോർഡ് സിസ്റ്റം നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ ഈ സിസ്റ്റം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലും അമേരിക്കയിലും യൂറോപ്പിലുമെല്ലാം കേസ് ഡയറി തിരുത്താനോ പോലീസ് രേഖപ്പെടുത്തിയ ഒരു കാര്യം മാറ്റി എഴുതാനോ സാധിക്കാത്ത രീതിയിലുള്ള ഡിജിറ്റൽ സിസ്റ്റത്തിലേയ്ക്കും കമ്പ്യൂട്ടർ സിസ്റ്റത്തിലേയ്ക്കും മാറിയിരിക്കുകയാണ്. ആധുനികവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പോലീസ് സേനയിലും പോലീസ് വകുപ്പിലും മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വാങ്ങിയ മൂവായിരത്തോളം കമ്പ്യൂട്ടറുകളെ ഇപ്പോൾ സ്റ്റാറ്റസ് സിംപൽ മാത്രമായാണ് കാണുന്നത്. ഭൂരിഭാഗം പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടറുകൾ കറുത്ത പർദ്ദയിട്ട് വച്ചിരിക്കുകയാണ്. കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമാക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തേണ്ടതുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. ഇന്ത്യയിൽ നടക്കുന്ന മൊത്തം സൈബർ കുറ്റകൃത്യങ്ങളുടെ നാലിലൊന്നോളം നടക്കുന്നത് കേരളത്തിലാണ്. 200 പേരുള്ള ഒരു സൈബർ സെല്ലാണ് കേരളത്തിലുള്ളത്. 120000 സൈബർ കുറ്റകൃത്യങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങളിന്മേൽ ആവശ്യമായ അന്വേഷണം നടത്താൻ കഴിയുന്ന വിധത്തിൽ സൈബർ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കണം.

2009-ൽ പാസ്സാക്കിയ പോലീസ് ആക്ട് ഇന്നൊരു കാഴ്ചവസ്തുവായി മാറിയിരിക്കുകയാണ്. ആക്ട് നിലവിൽ വരണമെങ്കിൽ അതിനനുസരിച്ചുള്ള റൂൾസുണ്ടാകണമെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. പക്ഷേ ഇതുവരെ പോലീസ് ആക്ടിന്റെ ഭാഗമായി റൂൾസ് നിലവിൽ വന്നിട്ടില്ല. പ്രിസൺ ആക്ട് നടപ്പാക്കി ഇക്കാര്യത്തിൽ മാറ്റങ്ങൾ വരുത്തണം.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിക്കാനുള്ള സാഹചര്യമുണ്ടാക്കണം. കോട്ടയം ജില്ലയിൽ കുറുപ്പന്തറ പോലീസ് സ്റ്റേഷൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പ്രഖ്യാപിച്ചതാണ്. ഇപ്പോൾ വകുപ്പുതലത്തിലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറുപ്പന്തറ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ചില മാധ്യമങ്ങളിൽ വന്നത് " സെൻട്രൽ ജയിലിൽ ഇരുട്ടറ, ക്യാമറകൾ ഒന്നോടെ കണ്ണടച്ചു, 88 സി.സി.ടി.വി. ക്യാമറകൾ നിശ്ചലമായിരിക്കുന്നു. ഗുണ്ടകൾ, കൊടുംകുറ്റവാളികൾ ഏത് കുറ്റകൃത്യം ചെയ്യാനും വരുന്നു. നമുക്കാർക്കും കാണാൻ കഴിയില്ല" എന്നാണ്. ഗൗരവതരമായ ഈ പ്രശ്നം സർക്കാർ പരിശോധിക്കണം. സെൻട്രൽ ജയിലിലുള്ള സി.സി.ടി.വി. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാനും കേരളത്തിലെ ജയിലുകളില്ലാത്ത ജില്ലകളിൽ ജയിലുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.......ഞാൻ നേരത്തേയും ചൂണ്ടിക്കാണിച്ച വിഷയമാണ്. പോലീസിനെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ ഒരു പോലീസുദ്യോഗസ്ഥൻപോലും ഗ്യാലറിയിലില്ല. നേരത്തെ മൂന്നു-നാല് പേരുണ്ടായിരുന്നു. ഇതിന് മറുപടി പറയേണ്ട മുഖ്യമന്ത്രിയും സഭയിലില്ല.

മി. ചെയർമാൻ: മുഖ്യമന്ത്രി സഭയിൽ ഉണ്ടായിരുന്നല്ലോ; മുഖ്യമന്ത്രി മറുപടി പറയും.

ശ്രീ. എം. വിൻസെന്റ്: സർ, ഉണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരില്ലല്ലോ; ഒരുദ്യോഗസ്ഥൻപോലും ഉദ്യോഗസ്ഥ ഗ്യാലറിയിലില്ല.

മി. ചെയർമാൻ: മുഖ്യമന്ത്രി മറുപടി പറയും.

ശ്രീ. എം. വിൻസെന്റ്: സർ, ഈ പ്രശ്നം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടും ഉദ്യോഗസ്ഥർ പോയത് ഈ സഭയോടുള്ള അവഹേളനമാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇവിടെ ഒരു സിനിമാനടിയുടെ നേർക്ക് ആക്രമണമുണ്ടായപ്പോൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതികളെ പിടിച്ച സർക്കാരിനെ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട നടീ-നടന്മാരും മറ്റുള്ളവരുമെല്ലാം അഭിനന്ദിച്ചു. ആ സ്ത്രീയെ കയ്യേറ്റം ചെയ്തവരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ആ പ്രശ്നത്തിന്റെ പേരിൽ സർക്കാരിനെ ആക്ഷേപിക്കാൻ സാധിക്കുമോ? അതുപോലെതന്നെ ജിഷ്ണുവിന്റെ മരണത്തിനിടയാക്കിയത് സ്വകാര്യ കോളേജുകൾ അനുവദിച്ചതുകൊണ്ടാണ്. സ്വകാര്യ കോളേജുകൾ അനുവദിച്ചാൽ മാനേജ്മെന്റുകൾ ഇഷ്ടംപോലെ പ്രവർത്തിക്കുമെന്നതിനാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അതിനെതിരായി വമ്പിച്ച പ്രക്ഷോഭം നടത്തിയിട്ടും അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണിയുടെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പിന്നീട് അധികാരത്തിൽ വന്നപ്പോൾ അതിനെ എതിർക്കാതിരുന്നത്. സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ നടത്തുന്ന അതിക്രൂരമായ പ്രവൃത്തിയുടെ ഭാഗമായിട്ടാണ് ജിഷ്ണു മരണപ്പെട്ടത്. ആ മാനേജ്മെന്റിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയോ മാർക്സിസ്റ്റ് പാർട്ടിയുടെയോ നിയന്ത്രണത്തിലുള്ള ആരുമില്ല. വേണമെങ്കിൽ കോൺഗ്രസ് (ഐ)-യുടെ പ്രധാനപ്പെട്ട ആളുകളുമായി ബന്ധപ്പെട്ടതാണ് ആ സ്ഥാപനമെന്ന് പറയാം. ആ കുട്ടി മരണപ്പെട്ടതിനുശേഷം അതിന്റെ പേരിൽ ആരെയൊക്ക അറസ്റ്റ് ചെയ്യാൻ സാധിക്കുമോ അതിനാവശ്യമായ ഫലപ്രദമായ നടപടി സർക്കാർ സ്വീകരിച്ചു; അതുമായി ബന്ധപ്പെട്ട എല്ലാവരെയും കേരളത്തിൽ നിന്ന് അറസ്റ്റ് ചെയ്തുവെന്ന് മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കടന്ന പ്രതികളെ കസ്റ്റഡിയിലെടുക്കുന്ന കാര്യത്തിലും സർക്കാർ വിജയിച്ചു. ആ കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് സാദ്ധ്യതയുള്ള എല്ലാവരെയും കസ്റ്റഡിയിലെടുക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചതോടൊപ്പം ഡി.ജി.പി.-യെ കാണാൻ അനുവാദം കൊടുത്തപ്പോൾ അവിടെ പോകേണ്ട ആവശ്യമില്ലാത്ത ചില ആളുകളെയും കൂട്ടിയാണ് അവർ പോയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ സഭയിലെ അംഗങ്ങളായിരുന്ന ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. വി. ശിവൻകുട്ടി എന്നിവർ പ്രകടനം നടത്തിയ സ്ഥലത്ത് ശ്രീമതി മഹിജ പോയതുകൊണ്ട് എന്താണ് കുഴപ്പം? അവർ മാർക്സിസ്റ്റ് പാർട്ടിയിലെ രണ്ട് സീനിയർ എം.എൽ.എ.-മാരാണ്. അവർ ഡി.ജി.പി. ഓഫീസ് പടിക്കൽ പ്രകടനം നടത്തിയിട്ടുണ്ട്, അവർ സമരം നടത്തിയിട്ടുണ്ട്. അവർ എല്ലാ സമരമാർഗ്ഗങ്ങളും നടത്തിയിട്ടുള്ള സ്ഥലത്ത് ഒരു പാവപ്പെട്ട സ്ത്രീ പരാതി പറയാൻ പോകുന്നതിനെ എന്തിനാണ് എതിർക്കുന്നത്?

<u>ശ്രീ. സി. കെ. നാണു</u>: സർ, ബഹുമാനപ്പെട്ട അംഗം ഈ കളി എന്നോട് കളിക്കുന്നത് മോശമായിപ്പോയി. അത് സാധാരണ അംഗങ്ങളോട് പറഞ്ഞാൽ മനസ്സിലാകും. ഞാൻ ഈ മേഖലയിൽ വന്നിട്ട് കുറേ വർഷങ്ങളായില്ലേ; മഹിജ പോയത് തെറ്റാണെന്ന് ഞാൻ എവിടെയെങ്കിലും പറഞ്ഞോ; മഹിജയ്ക്ക് പോകാൻ അനുവാദം കൊടുത്തല്ലോ; മഹിജയടക്കം ആറാളുകൾക്ക് പോകാൻ അനുവാദം കൊടുത്തു. ഇതൊരു രാഷ്ട്രീയ പ്രശ്നമായി ഉയർത്തിക്കൊണ്ടുവന്നത് വളരെ മോശമായിപ്പോയി എന്നാണ് ഞാൻ പറഞ്ഞത്. പഴയകാല കോൺഗ്രസ് (ഐ)-യുടെ പ്രധാനപ്പെട്ട ഒരു നേതാവിന്റെ മകനുണ്ട്. ആക്ഷേപിച്ചില്ലല്ലോ; കോൺഗ്രസ് (ഐ)-യുടെ ആളുകളാണ് ഈ കൊലപാതകത്തിന്റെ പിന്നിലെന്ന് കേരളത്തിലെ മുഖ്യമന്ത്രിയോ മറ്റാരെങ്കിലുമോ ആക്ഷേപിച്ചോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സർക്കാർ ചെലവിൽ പത്രത്തിൽ പരസ്യം കൊടുത്തു.

<u>ശ്രീ. സി. കെ. നാണു</u>: സർ, നമ്മുടെ പഴയ സഹപ്രവർത്തകന്റെ മകൻ ഉത്തരവാദപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണത്. എന്നിട്ട് ഇവിടെനിന്ന് ആരും ആക്ഷേപം ഉന്നയിച്ചില്ലല്ലോ; ശ്രീമതി മഹിജ അവിടെ പോയപ്പോൾ പോകാൻ പാടില്ലെന്ന് പറഞ്ഞ് അവരെ തടഞ്ഞോ; ശ്രീമതി മഹിജയടക്കം ആറാളുകൾക്ക് പോകാനുള്ള അനുവാദം കൊടുത്തു. അവർ പോകാൻ ശ്രമിക്കുമ്പോൾ കുറെയാളുകൾ അവിടെ വന്ന് ബഹളമുണ്ടാക്കി. അതൊരു രാഷ്ട്രീയ പ്രശ്നമായി. മരണപ്പെട്ട ഒരു വിദ്യാർത്ഥിയുടെ മാതാവിനെ അവിടെ തടഞ്ഞ് ആക്രമിച്ചുവെന്ന രൂപത്തിലുള്ള അന്തരീക്ഷമുണ്ടാക്കാൻ ശ്രമിച്ചത് ശരിയാണോ; ശ്രീമതി മഹിജ പറയുന്നതിനെ സർക്കാർ പ്രതിരോധിച്ചോ; ശ്രീമതി മഹിജയ്ക്കും ആറ് പേർക്കും കാണാൻ അനുവാദം കൊടുത്തില്ലേ; അവരെ സംരക്ഷിച്ചുകൊണ്ടുപോകേണ്ട പോലീസ് അവിടെ സന്നദ്ധമായില്ലേ; പുറമെ നിന്നുവന്ന ആളുകൾ പറഞ്ഞതിനെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. സർക്കാർ ഫലപ്രദമായ രൂപത്തിൽ നടപടി സ്വീകരിച്ചശേഷം ആ പ്രശ്നത്തെ രാഷ്ട്രീയമായി ഉപയോഗിക്കാൻ ശ്രമിക്കരുത്.

നടിയെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് മൂന്നാമത്തെ ദിവസം മലയാള സിനിമാരംഗത്തെ എല്ലാവരും സർക്കാരിനെ അഭിനന്ദിച്ചു. ഏത് സർക്കാർ ഭരിച്ചാലും പോരായ്മകളുണ്ടാകും. അതെല്ലാം പരിഹരിക്കണം.

ട്രാഫിക് പോലീസ് സ്റ്റേഷനിലെ സംവിധാനങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തണം. വീതി കുറഞ്ഞ പഴയ റോഡുകളാണ് പലയിടത്തുമുള്ളത്. ഓരോ ദിവസവും ആർ.ടി. ഓഫീസുകളിൽ പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. റോഡിലൂടെ വാഹനങ്ങൾ പോകുമ്പോൾ നന്നായി നിയന്ത്രിക്കാൻ ട്രാഫിക് പോലീസിലില്ലെങ്കിൽ ബുദ്ധിമുട്ടാണ്. എന്റെ മണ്ഡലത്തിലൊക്കെ മിക്കവാറും ദിവസം അപകടത്തിൽ മരിച്ച ആളുകളുടെ വീടുകളിൽ പോകുകയും ബന്ധുക്കളോടൊപ്പമിരുന്ന് കണ്ണുനീർ വാർക്കുകയും ചെയ്യുന്നതിൽ പ്രായമായ എം.എൽ.എ. ആയ എനിക്ക് വേദനയുണ്ട്. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു നഗരമാണ് വടകര. അവിടെ ട്രാഫിക് പോലീസ് സ്റ്റേഷൻ ഒരു ട്രാഫിക് ഔട്ട്‌ലെറ്റ് എന്നതുപോലയേയുള്ളൂ. അതൊരു ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തണം. എന്റെ മണ്ഡലത്തിലുള്ള ജയിൽ ബ്രിട്ടീഷ് ഭരണകാലത്തുള്ളതാണ്. അത് മാറ്റി സ്ഥാപിക്കാനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

മറ്റൊരു കാര്യം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സഭകളെയും പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഉപയോഗപ്പെടുത്തി സംസ്ഥാനത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കണം. വേണ്ട രീതിയിൽ സംസാരിച്ച് ജനങ്ങൾ ഏറ്റുമുട്ടലിലേയ്ക്ക് നീങ്ങാത്ത രൂപത്തിലുള്ള സാഹചര്യമുണ്ടാക്കാൻ സർക്കാരിന്റെ നേതൃത്വത്തിൽ തഹസിൽദാരെയും താലൂക്ക് സഭകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനമുണ്ടാക്കണം. ജനങ്ങൾ തമ്മിൽ ഏറ്റുമുട്ടാതെ ഐക്യത്തോടെ കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഇന്ന് പോലീസ്, ജയിൽ വകുപ്പുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ചർച്ച തുടങ്ങിവച്ച സി.പി.ഐ.(എം.) അംഗമായ ശ്രീ. രാജു എബ്രഹാം വളരെ നീണ്ട പ്രസംഗം നടത്തി. 14 മിനിട്ട് അദ്ദേഹം പ്രസംഗിച്ചതിൽ രണ്ട് മിനിട്ടുപോലും പോലീസിനെക്കുറിച്ച് പറഞ്ഞില്ല. എനിക്ക് അത്ഭുതം തോന്നി. അതുപോലെ, ഇന്ന് ഭരണകക്ഷി അംഗങ്ങൾ സംസാരിച്ചപ്പോഴും ആരും പോലീസിനെക്കുറിച്ച് മിണ്ടുന്നില്ല. 1957 മുതലുള്ള സർക്കാരുകൾ പരിശോധിച്ചാൽ ഇ.എം.എസ്. സർക്കാരൊഴിച്ചുള്ള ഏത് ഇടതുപക്ഷ സർക്കാരായാലും ആദ്യത്തെ മൂന്ന് വർഷം ഭരണം വളരെ ക്ലിയറാണ്. അതുകഴിഞ്ഞാണ് അല്പം മോശമാകുന്നത്. 91 പേരുടെ പിന്തുണയോടുകൂടി സഖാവ് പിണറായി വിജയൻ ഭരണത്തിൽ വന്നിരിക്കുകയാണ്, 5 വർഷം നല്ലൊരു ഭരണമുണ്ടാകുമെന്ന് ആത്മാർത്ഥമായി ഞാൻ വിശ്വസിച്ചു. ദുഃഖത്തോടെ പറയട്ടെ, മൂന്ന് വർഷമെന്നത് മൂന്ന് മാസമായപ്പോഴേ ചീയാൻ തുടങ്ങിയെന്നുള്ളതാണ് സത്യം. എന്തുകൊണ്ടിത് സംഭവിക്കുന്നുവെന്നറിയില്ല. ഒന്നുകിൽ മുഖ്യമന്ത്രിക്ക് പാർട്ടിയിൽനിന്ന് വേണ്ട പിന്തുണ കിട്ടുന്നില്ല, അല്ലെങ്കിൽ അദ്ദേഹം പറഞ്ഞാൽ ഉദ്യോഗസ്ഥർ കേൾക്കുന്നില്ല. പറഞ്ഞാൽ കേൾപ്പിക്കാൻ കഴിവുള്ളവനാണല്ലോ അദ്ദേഹം; പിന്നെന്താണ് പ്രശ്നം? ആ മാറ്റം ഉൾക്കൊണ്ടു പോകാനുള്ള നടപടി ബഹുമാനപ്പെട്ട പിണറായി വിജയൻ സ്വീകരിക്കണം. ഇപ്പോഴുള്ള 7 ഉപദേശകന്മാരെയും പിരിച്ചുവിടാമെങ്കിൽ അങ്ങ് കുറച്ചുകൂടി രക്ഷപ്പെടുമെന്നാണ് എന്റെ അഭിപ്രായം.

ജയിൽ വകുപ്പിനെപ്പറ്റി ഇവിടെ ആരും മിണ്ടുന്നില്ല. എന്റെ അഭിപ്രായത്തിൽ ഏതെങ്കിലുമൊരു കുറ്റം ചെയ്ത് ജയിലിൽപ്പോയി കിടക്കുന്നതാണ് ഇപ്പോൾ സുഖം. ഓരോ ദിവസവും ഇറച്ചി, മുട്ട, പാൽ എന്നിങ്ങനെ സമൃദ്ധമായ ഭക്ഷണമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് സംബന്ധിച്ച് രാവിലെ സബ്മിഷനിലൂടെ ഞാനിവിടെ സൂചിപ്പിച്ചല്ലോ; ആ നിലയ്ക്ക് ജയിലിൽ പോയിക്കിടക്കുകയാണ് സുഖം. നല്ല ശമ്പളവും കിട്ടും. ജയിലിൽ കിടക്കുന്ന പ്രതികളെ ഞാൻ ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു. കുഴപ്പമൊന്നുമില്ല അവർ നമ്മുടെ സുഹൃത്തുക്കളാണ്. പക്ഷേ, അവരെ ചപ്പാത്തിയുണ്ടാക്കാനും പൊറോട്ടയുണ്ടാക്കാനും വിട്ടാൽ അതിനുള്ള കാശ് അവർക്ക് കൊടുക്കണം. കാരണം, നമ്മുടെ റോഡ് ടാറിംഗ് തൊഴിലാളികൾക്ക് കിട്ടുന്ന കൂലി എത്രയാണെന്ന് നമുക്കറിയാം. കഠിനമായ ശിക്ഷയ്ക്ക് വിധേയരായി ജയിലിൽ കിടക്കുന്നവർക്ക് ഇറച്ചിയും മീനും മുട്ടയുമൊക്കെ കൊടുത്തോളൂ. പക്ഷേ ഇത്തരം തൊഴിലിന് പറഞ്ഞയച്ചാൽ അവർക്ക് ആ കൂലി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാകണ്ടേ; എന്തുകൊണ്ട് വാഗ്ദാനങ്ങൾ നടപ്പാക്കാൻ തുടങ്ങുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നത്. ലാ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുമെന്നും ഇതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേക സംവിധാനമുണ്ടാക്കുമെന്ന് ശ്രീ. പിണറായി വിജയൻ അറിഞ്ഞുകൊണ്ട് എഴുതിയതാണല്ലോ. എന്നിട്ടും നടപടി തുടങ്ങിയിട്ടില്ലല്ലോ; ഇതിനെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റി വയ്ക്കുമെന്ന് പറഞ്ഞു. എന്തുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നില്ല? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങളെങ്കിലും നടപ്പാക്കാൻ എന്തുകൊണ്ട് അലംഭാവം കാണിക്കുന്നുവെന്ന് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മൂന്ന് മാസംകൊണ്ട് ഭരണം മോശമായെന്ന് ഞാൻ പറഞ്ഞല്ലോ; ഇനിയും നന്നാകാൻ അവസരമുണ്ട്. ഇനിയും നാല് വർഷമുണ്ട്. ഡി.ജി.പി.-യുടെ നിയമനമൊന്നും വലിയ കാര്യമായി എനിക്ക് തോന്നുന്നില്ല. ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് സർക്കാരാണ്. എന്റെ അഭിപ്രായവും അതുതന്നെയാണ്. പക്ഷേ എന്താണ് ഈ സർക്കാരിന് പറ്റിയിരിക്കുന്ന അപചയമെന്നത് വിശദമായി ചർച്ച ചെയ്ത് കേരളത്തിലെ ജനങ്ങൾക്കു വേണ്ടി ഒരു മാറ്റമുണ്ടാക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി കേരള പോലീസിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. കേരളത്തിലെ ക്രമസമാധാനം തകരുന്നതിനെ സംബന്ധിച്ചൊക്കെ വളരെ വാചാലമായി സംസാരിക്കാൻ പ്രതിപക്ഷത്തുനിന്ന് ആളുകളുണ്ട്. പക്ഷേ യഥാർത്ഥത്തിൽ

ഇന്ന് കേരളത്തിൽ തകർന്നത് ക്രമസമാധാനമല്ല. പ്രതിപക്ഷാംഗങ്ങളുടെ മനഃസമാധാനമാണെന്നതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ നമ്മുടെ നാട് ധാരാളം പ്രശ്നങ്ങൾ നേരിടുകയാണ്. ആർ.എസ്.എസ്. രാജ്യത്ത് ഉയർത്തിക്കൊണ്ടുവരുന്ന ഭീഷണിയുടെ ഗൗരവം നമ്മുടെ നാടിനെ സ്നേഹിക്കുന്ന പ്രസ്ഥാനങ്ങൾക്കും ആളുകൾക്കും മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. നാടിന്റെ മനസ്സറിയുന്ന ആളുകൾക്ക് ഈ വിപത്ത് തിരിച്ചറിയാൻ സാധിക്കും. അതൊന്നും കണക്കാക്കാതെ ശ്രീ. നരേന്ദ്രമോദിയുടെ ഭരണത്തിന്റെ തണലിൽ ഈ രാജ്യത്ത് ഒരു മതാധിഷ്ഠിത ഭരണം അടിച്ചേൽപ്പിക്കാനുള്ള നീക്കം ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനെപ്പറ്റി യാതൊന്നും പറയാൻ യു.ഡി.എഫ്.-ലുള്ളവർക്കില്ല. പ്രതിപക്ഷത്തിന് ആകെ പറയാനുള്ളത് ഡോ. ടി. പി. സെൻകുമാറിന്റെ നിയമനമാണ്. യു.ഡി.എഫ്.-ന് ഇത്രമാത്രം വിഷയ ദാരിദ്ര്യം നേരിട്ട മറ്റൊരു കാലം കേരളത്തിലുണ്ടായിട്ടില്ല. ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു, സെൻകുമാർ എന്നുപറഞ്ഞ് ആരെയും പേടിപ്പിക്കേണ്ട. ഏത് വലിയ ഉദ്യോഗസ്ഥനാണെങ്കിലും ഈ സർക്കാരിന്റെ തീരുമാനങ്ങളും നയങ്ങളും നടപ്പാക്കിക്കാനുള്ള ചങ്കൂറ്റവും ചങ്കുറപ്പും ഈ സർക്കാരിനുണ്ടെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പറയുകയുണ്ടായി. യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ എതിർക്കുന്നതിന്റെ ഫലമായി യു.ഡി.എഫ്.-നെ കാത്തിരിക്കുന്നത് ഒരു പതനമാണ്. തെറ്റായ നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ് ഏകദേശം ഓട്ടമുക്കാലുപോലെയായില്ലേ; ആർക്കും രക്ഷിക്കാൻ കഴിയാത്ത കോലത്തിലായില്ലേ കോൺഗ്രസ്? ഇവിടെ ക്രമസമാധാനത്തിനെന്താണ് പ്രശ്നം; നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും അവസാനത്തെ രേഖയനുസരിച്ച് കേരളത്തിലെ പോലീസാണ് ഏറ്റവും കാര്യക്ഷമമായിട്ടുള്ളതെന്നാണ് പാർലമെന്റിൽ വച്ച കണക്കിലുള്ളത്. കേരളത്തിൽ ഐ.പി.സി. ചാർജ്ജ് ചെയ്യുന്ന കേസ്സുകളിൽ 77 ശതമാനം കുറ്റം തെളിയിക്കുന്നവയാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റുള്ളത് കേരള പോലീസിനാണ്. ഇവിടെ പലരും പറഞ്ഞതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുപോലെ പോലീസ് ട്രെയിനിംഗ് പണ്ടുള്ളതുപോലെയല്ല. പെറ്റമ്മയുടെ മുലപ്പാലുപോലും ചോർത്തിക്കളയുന്ന രൂപത്തിലുള്ള പരിശീലനം മുമ്പ് പോലീസ് ക്യാമ്പുകളിലുണ്ടായിരുന്നു. ആ അവസ്ഥയിൽ നിന്നും മാറ്റം വന്നിട്ടുണ്ട്. പോലീസിൻെറ പരിശീലനത്തിൽ കുറച്ചുകൂടി ശ്രദ്ധ കൊടുക്കാൻ സർക്കാർ ശ്രമിക്കുമെന്ന് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമാണ്. അതോടൊപ്പം ഒരു കാര്യം കൂടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എം.എൽ.എ.-മാരും എം.പി.-മാരും അംഗങ്ങളായിട്ടുള്ള ഒരു പോലീസ് കൺസൾട്ടേഷൻ കമ്മിറ്റി ജില്ലാതലത്തിലുണ്ടായിരുന്നു. അതിപ്പോൾ കൃത്യമായി യോഗം ചേരുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ആ കമ്മിറ്റിയുടെ യോഗം വിളിച്ചുചേർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

മറ്റൊരു കാര്യം, യു.എ.പി.എ., കാപ്പ പോലുള്ള നിയമങ്ങളെ സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ വളരെ ഗൗരവത്തോടുകൂടി പരിശോധിക്കാൻ മുഖ്യമന്ത്രി തയ്യാറായതിൻെറ ഭാഗമായി 44 കേസുകളാണ് ഒഴിവാക്കാൻ തീരുമാനിച്ചത് ഒരഭിപ്രായം വന്നാൽ അത് പരിപൂർണ്ണമായി നിഷേധിക്കുകയല്ല ഈ സർക്കാർ ചെയ്യുന്നത്. അതിലെന്തെങ്കിലും ശരിയുണ്ടെങ്കിൽ അതിനെ മെറിറ്റടിസ്ഥാനത്തിൽ നോക്കിക്കാണുകയും ശരിയായ തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത്.

കഴിഞ്ഞ ദിവസം ശ്രീ. ഇ. പി. ജയരാജൻ കേരളത്തിന്റെ ഇടതുപക്ഷ മനസ്സിനെ പറ്റി പറഞ്ഞപ്പോൾ പ്രതിപക്ഷാംഗങ്ങൾ വല്ലാതെ പരിഹസിച്ചു. അവർക്ക് ഇടതുപക്ഷ മനസ്സിന്റെ പ്രാധാന്യം മനസ്സിലാകില്ല. ജാതിക്കും മതത്തിനുമതീതമായി മനുഷ്യനെന്ന ചിന്തയിൽ നമ്മളൊരുമിച്ചു നിൽക്കണമെന്ന് മലയാളിയെ പഠിപ്പിച്ചത് കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനമാണ്. ഇടതുപക്ഷ രാഷ്ട്രീയപ്രസ്ഥാനം നടത്തിയിട്ടുള്ള പോരാട്ടങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഭാഗമായാണ് ഒരു മതനിരപേക്ഷ സാമൂഹ്യ ബോധം മലയാളിക്കുണ്ടായത്. അതാണ് കേരളീയ സമൂഹത്തിൻെറ പ്രത്യേകത. അയൽ സംസ്ഥാനങ്ങളിലുള്ള വർഗ്ഗീയ കലാപങ്ങളും ജാതിമതിലുപോലെയുള്ള കുഴപ്പങ്ങളുമൊക്കെ നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുമ്പോൾ ഹിമാലയ പർവ്വതം പോലുള്ള മതിൽക്കെട്ടുയർത്തി അത് തടയാൻ സാധിക്കുന്നത് കേരളത്തിന്റെ ഇടതുപക്ഷ ആഭിമുഖ്യം കൊണ്ടാണ്. എന്നും ഒരു വഴിപാടുപോലെ കറുത്ത തുണിക്കെട്ട് ഭാണ്ഡവുമായി നിയമസഭയിലേയ്ക്ക് വരുന്നയാളുകൾക്ക് അത് മനസ്സിലാകില്ല. ശക്ധർ ആന്റ് കൗളിൽ അതുണ്ടാകില്ല. പക്ഷേ ഇതെല്ലാം പൊതുപ്രവർത്തനത്തിന്റെ ഭാഗമായി വളരെ ഗൗരവത്തോടുകൂടിയ കാര്യങ്ങളാണെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. ഇവിടെ ആർ.എസ്.എസ്.-ന്റെ പ്രശ്നം ഞാൻ പറഞ്ഞു; എല്ലാ പ്രശ്നങ്ങളിലും ആർ.എസ്.എസ്.-ഉം യു.ഡി.എഫ്.-ഉം, പ്രത്യേകിച്ചും കോൺഗ്രസ്, അളിയനും അളിയനുമായിട്ടല്ലേ നടക്കുന്നത്? ഇപ്പോൾ മൂന്നാറിൽ ശ്രീമതി ഗോമതിയുടെ നേതൃത്വത്തിൽ നടത്തുന്ന സമരത്തിന്റെ ഒരറ്റത്ത് ശ്രീമതി ബിന്ദുകൃഷ്ണയും അപ്പുറത്ത് ശ്രീമതി ശോഭാ സുരേന്ദ്രനുമാണ്. എന്തൊരു യോജിപ്പാണ്. എങ്ങോട്ടാണ് രാഷ്ട്രീയത്തെ കൊണ്ടുപോകുന്നതെന്ന് മനസ്സിലാക്കാൻ ഇനിയെങ്കിലും ഒരു പുനഃപരിശോധനയ്ക്ക് അവർ തയ്യാറാകണം.

കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തോട് ചേർന്ന ഒറ്റപ്പാലം നഗരസഭയിൽ ഒരു തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗിന്റെ സ്ഥാനാർത്ഥി ബി.ജെ.പി.-യുടെ വോട്ട് വാങ്ങി വിജയിച്ചു. എന്നാൽ കേരളത്തിൽ ഒരു സ്ഥലത്തു പോലും ആർ.എസ്.എസ്.-ന്റെയോ, ബി.ജെ.പി.-യുടെയോ പിന്തുണ വാങ്ങി

ഞങ്ങളൊരു തെരഞ്ഞെടുപ്പിലും ജയിച്ചിട്ടില്ല. ഇതിന്റെ എല്ലാ ക്രെഡിറ്റും യു.ഡി.എഫ്-നുള്ളതാണ്. ഇവിടെ മണിയാശാനെക്കുറിച്ച് നിരന്തരം പറയുന്നുണ്ട്. മണിയാശാനെ കുറിച്ചുള്ള കോടതിവിധിയാണ് പറയുന്നത്. കോടതിവിധിയുടെ പേരിൽ മണിയാശാൻ രാജിവയ്ക്കണമെന്ന് ഇന്നിവിടെ പറഞ്ഞു. കോടതിവിധിയുടെ പേരിലാണ് രാജി വയ്ക്കണമെന്ന് പറയുന്നതെങ്കിൽ മുൻ യു.ഡി.എഫ്. സർക്കാരിലെ മുഖ്യമന്ത്രി എത്ര പ്രാവശ്യം രാജിവയ്ക്കണമായിരുന്നു, നാട് വിടേണ്ടിവരുമായിരുന്നില്ലേ; എത്ര കോടതി വിധികളാണ് വന്നത്? അന്ന് നിങ്ങൾ അനങ്ങിയോ; അന്ന് കോടതി പരാമർശം വന്നപ്പോൾ നിങ്ങളെവിടെയായിരുന്നു? മണിയാശാൻ മനുഷ്യന്റെ ഭാഷയാണ് സംസാരിക്കുന്നത്. മണിയാശാന് ശക്ധർ ആന്റ് കൗളിനെക്കുറിച്ചൊന്നും ധാരണയുണ്ടാകില്ല. അതിലൊക്കെ എനിക്കും ശ്രീ. പി. കെ. ബഷീറിനുമൊക്കെയുള്ള വിവരമേ അദ്ദേഹത്തിനുമുണ്ടാകൂ. പക്ഷേ മനുഷ്യന്റെ ജീവിത പ്രശ്നങ്ങളറിയാം. ജീവിതപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രീയ പ്രവർത്തനമാണ് ഞങ്ങളുടേത് മണിയാശാൻ എന്തോ വലിയ കുഴപ്പം കാണിച്ചുവെന്ന മട്ടിലല്ലേ ഇവിടെ പറയുന്നത്: ഇതിന്റെ പേരിൽ മണിയാശാൻ രാജി വയ്ക്കണോ? മുഖ്യമന്ത്രി പറഞ്ഞതാണ് ശരി. വലിയ കോലാഹലത്തോടെ നിങ്ങൾ നിരാഹാരസമരം നടത്തിയില്ലേ; മരിക്കുന്നതുവരെ നിരാഹരം പ്രഖ്യാപിച്ചയാളുകൾക്ക്, പുലിയുടെ അലർച്ചപോലെ വന്നയാളുകൾക്ക് എലിയുടെ വാലുപോലെ ജനരോഷത്തെ ഭയന്ന് മടങ്ങിപ്പോകേണ്ടിവന്നില്ലേ? ശ്രീ. എസ്. രാജേന്ദ്രൻ മൂന്നുതവണ എം.എൽ.എ. ആയ ആളാണ്. 8 സെന്റ് ഭൂമി മാത്രമാണുള്ളത്. കയ്യേറ്റക്കാരനെന്നാണ് ശ്രീ. എസ്. രാജേന്ദ്രനെക്കുറിച്ച് ആക്ഷേപിക്കുന്നത്? ഞങ്ങളല്ല കയ്യേറ്റക്കാർ. എല്ലാക്കാലത്തും എല്ലാ കൊള്ളരുതായ്മയ്ക്കും ചൂട്ടുപിടിച്ചു കൊടുത്തത് നിങ്ങളാണ്. ജയിലിൽ കുറ്റവാളികൾക്ക് സംരക്ഷണം കൊടുത്തത് നിങ്ങളാണ്. സെക്യൂരിറ്റിയെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ കിടന്ന നിസ്സാമിന് സുഖസൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് നിങ്ങളാണ്. അതിന്റെ പേരിൽ ഇപ്പോൾ ഞങ്ങളുടെ മെക്കിട്ടുകേറാൻ ആരും നോക്കണ്ട. അഭിസാരികയുടെ ചാരിത്ര്യ പ്രസംഗമെന്ന് നമ്മളൊക്കെ കേട്ടിട്ടുണ്ട്. പത്തുപെറ്റ തള്ളയോട് പ്രസവ വേദനയെപ്പറ്റി കല്ല്യാണം കഴിച്ചിട്ടില്ലാത്ത പെൺകുട്ടി സംസാരിക്കുന്നതിനെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ ഇത് അതിനെയെല്ലാം കടത്തിവെട്ടുന്നതാണ്. എന്തായാലും സ്ത്രീത്വത്തെ ബഹുമാനിക്കേണ്ടത് സംബന്ധിച്ച് അഭിപ്രായം പറയാൻ കോൺഗ്രസ്സുകാർക്ക് ഇപ്പോഴെങ്കിലും തോന്നിയതിൽ സന്തോഷമുണ്ട്. ആരുടെയും പേര് പറയുന്നില്ല. കൊല്ലത്തുനിന്ന് സേവാദൾ വോളണ്ടിയറെ മഞ്ചേരിയിൽ കൊണ്ടുവന്ന് ദിവസങ്ങളോളം പാതിരാത്രിക്ക് യോഗാസനം പഠിപ്പിച്ച മഹാനായ നേതാവിന്റെ പാർട്ടിയല്ലേ കോൺഗ്രസ്; അവർ സ്ത്രീത്വത്തെപ്പറ്റി പറയുമ്പോൾ കേൾക്കാൻ നല്ല സുഖമാണ്. സ്വന്തം പാർട്ടി ഓഫീസിലെ തൂപ്പുകാരിയെ പീഡിപ്പിച്ച ശേഷം വെട്ടിനുറുക്കി കുളത്തിലിട്ട് കൊന്ന നേതാക്കന്മാരുടെ പാർട്ടിയല്ലേ; ഇതെല്ലാം നല്ല കാര്യമാണ്. വള്ളംകളി ഉദ്ഘാടനത്തിനെത്തിയ സിനിമാനടിയുടെ ശരീരഭാഗങ്ങളിൽ

കയ്യടയാളം പതിപ്പിച്ച മഹാന്മാരുടെ പാർട്ടിയല്ലേ നിങ്ങളുടേത്. അങ്ങനെയുള്ളവരാണ് സ്ത്രീത്വത്തെപ്പറ്റി ഞങ്ങളെ പഠിപ്പിക്കാൻ നടക്കുന്നത്. നിങ്ങളുടെ ഒരു സാരോപദേശവും ഞങ്ങൾക്ക് വേണ്ട. ശരിയേത് തെറ്റേതെന്ന് ഞങ്ങൾക്കറിയാം. കാക്കകളെയും പുലികളെയും തിരിച്ചറിയാനുള്ള വിവേകവും വിവേചനവും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനുണ്ട്. ഈ സർക്കാർ ശരിയായ പാതയിലൂടെ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. യു.ഡി.എഫ്.-ന് ഇപ്പോൾ ചേരയുടെ രൂപവും ഭാവവുമാണ്. യാതൊന്നും ചെയ്യാൻ കഴിയാത്ത രൂപത്തിൽ യു.ഡി.എഫ്. രാഷ്ട്രീയമായി പാപ്പരായിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണിയുടെ, പ്രധാനമായും കോൺഗ്രസ്സിന്റെ പാപ്പരായ മുഖമാണ് ഇന്ന് നിയമസഭയിൽ കാണുന്നത്. ലീഗിനോട് ഒരു കാര്യം പറയാനുണ്ട്. കെട്ടവനെ തൊട്ടാൽ തൊട്ടവനും കെടുമെന്നൊരു ചൊല്ലുണ്ട്. ഈ നല്ല ഉപദേശമെങ്കിലും നിങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സുരക്ഷിത കേരളം വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സമ്പൂർണ്ണ അരക്ഷിത കേരളം സൃഷ്ടിച്ചതിന്റെ ക്രെഡിറ്റുമായാണ് ഒന്നാം വാർഷികമാഘോഷിക്കാൻ പോകുന്നത്. പന്ത്രണ്ട് മാസത്തിനിടെ എത്ര വീഴ്ച പറ്റിയെന്ന് എണ്ണിയാൽ ഈ സർക്കാരിന് ഒരു തവണപോലും എണീറ്റ് നിൽക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാകും. കാരണം, വീഴുകയും പിന്നെയും വീഴുകയും വീഴുന്നിടത്ത് കിടന്നുരുളുകയും ചെയ്തിട്ട് വീഴ്ച പറ്റിയേയെന്ന് പറയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ശ്രീ. ഹരീഷ് സാൽവേയ്ക്ക് സർക്കാർ ഖജനാവിൽ നിന്നും ലക്ഷങ്ങൾ കൊടുത്തത് പോട്ടെ, പക്ഷേ നാട്ടുകാർ പറയുന്നത് 'ഉർവ്വശീശാപം ഉപകാരമായി' എന്നാണ്. തിരുവനന്തപുരത്ത് സ്വന്തം ഓഫീസിന്റെ മുറ്റത്തുവച്ചുപോലും വീഴ്ചപറ്റുന്ന ഡി.ജി.പി.-യിൽനിന്നും കേരളം കോടതി വഴിയെങ്കിലും രക്ഷപ്പെട്ടു മല്ലോയെന്നാണ് നാട്ടുകാർ ആശ്വസിക്കുന്നത്. ഈ ഡി.ജി.പി.-ക്ക് ലോകനാഥ് ബെഹ്റയെന്ന് ആരാണ് പേരിട്ടത്? ലോകനാഥനെന്നാൽ ലോകത്തെ രക്ഷിക്കുന്ന വനെന്നാണ് അർത്ഥം. കേരളത്തിലെ മൂന്നുകോടി ജനങ്ങളെ രക്ഷിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല. അദ്ദേഹത്തെ നിയമിച്ച ആളിനെപ്പോലും രക്ഷിക്കാൻ കഴിയാത്ത ഒരാൾക്ക് ലോക്നാഥ് ബെഹ്റയെന്ന് പേരിട്ടത് ആരാണെന്ന് മനസ്സിലാകുന്നില്ല. സാക്ഷാൽ മഹാവിഷ്ണുവിന്റെ പേരാണ് ലോകനാഥൻ. മഹാവിഷ്ണുവിന്റെ പേര് ഇതുപോലുള്ള ആളുകൾക്കിടുന്നത് എന്തടിസ്ഥാനത്തിലാണെന്ന് അറിയില്ല. ...... (ബഹളം).....

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഇദ്ദേഹത്തിന്റെ പതിനൊന്ന് മാസത്തെ പ്രവർത്തനം നോക്കിയാൽ... ......(ബഹളം).....

ശ്രീ. ആർ. രാജേഷ് : സർ, സഭയിൽ സന്നിഹിതനല്ലാത്ത ഒരാളുടെ പേര് പറഞ്ഞ് അധിക്ഷേപിക്കുന്നത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം......... (ബഹളം).....

മി. ചെയർമാൻ : അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എന്റെ സമയം കളയരുത്.

മി. ചെയർമാൻ : അദ്ദേഹം സംസാരിക്കട്ടെ...

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എനിക്ക് സമയം തരണം. ഇദ്ദേഹത്തിന്റെ പതിനൊന്ന് മാസത്തെ പ്രവർത്തനം പരിശോധിച്ചാൽ ലോക്നാഥ് ബെഹ്റയെന്നല്ല ലോക ഭസ്മാസുര ബെഹ്റയെന്നാണ് ഇടേണ്ടത്.

മി. ചെയർമാൻ : സഭയ്ക്ക് ആശാസ്യമല്ലാത്ത പരാമർശങ്ങൾ സഭാരേഖകളിൽ ഉണ്ടാകില്ല. പരിശോധിച്ച് തീരുമാനിക്കും.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഭസ്മാസുരന് വരം കൊടുത്തത് സാക്ഷാൽ പരമശിവനാണ്.....അവസാനം പരമശിവനെ ആലിംഗനം ചെയ്യാൻ ചെന്നുവെന്നാണ് പറയുന്നത്.

മി. ചെയർമാൻ : സഭയിലില്ലാത്ത ആളുകളെക്കുറിച്ചുള്ള പരാമർശങ്ങളിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കും.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ശ്രീ പരമശിവൻ വിഷ്ണുവിന്റെ അടുത്ത് അഭയം പ്രാപിച്ചപ്പോൾ വിഷ്ണു ഭഗവാൻ സ്ത്രീയുടെ വേഷത്തിലെത്തി ഭസ്മാസുരനെ നിഗ്രഹിക്കുകയാണ് ചെയ്തത്. ഈ സർക്കാരിനെ രക്ഷിക്കാനായി ആരും സ്ത്രീ വേഷം കെട്ടി വരുമെന്ന് തോന്നുന്നില്ല.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നതിനാൽ എനിക്ക് കൂടുതൽ സമയം വേണ്ടിവരും. ......(ബഹളം).....

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എനിക്ക് കൂടുതൽ സമയം തരേണ്ടിവരും.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 307. ഈ സഭയിലില്ലാത്ത ശ്രീ. ലോക്നാഥ് ബെഹ്റയെക്കുറിച്ച്, അദ്ദേഹത്തിന് പേരിട്ടതിനെ കുറിച്ചുള്ള പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ല. അദ്ദേഹം ഡി.ജി.പി. ആകുന്നതിന് മുമ്പാണ് അങ്ങനെയൊരു പേരിട്ടത്. അദ്ദേഹത്തിന്റെ പേര് പറഞ്ഞു കൊണ്ട് സഭയിലില്ലാത്ത ഒരു വ്യക്തിയെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത് സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : അത് പരിശോധിച്ച് നടപടി സ്വീകരിക്കും.*

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അങ്ങയുടെ അധികാരമാണ് മാറ്റണമോ വേണ്ടയോ എന്നത്. ഇപ്പോൾ ശ്രീ. ലോക്നാഥ് ബെഹ്റയോട് ഇത്ര സ്നേഹമെന്താണെന്ന് എനിക്കറിയില്ല. എനിക്ക് പറയാനുള്ളത് മറ്റൊരു.........(ബഹളം).....

മി. ചെയർമാൻ : അദ്ദേഹം സംസാരിക്കട്ടെ,

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തിയാൽ എനിക്ക് കൂടുതൽ സമയം നൽകേണ്ടിവരും. ഇവിടെ മറ്റൊരു മേധാവിയുണ്ട്, ഇന്റലിജൻസ് മേധാവി. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ 'മണിച്ചിത്രത്താഴ്' സിനിമയിൽ ബാധ കൂടി ബോധം പോയ കുതിരവട്ടം പപ്പുവിനെയാണ് ഓർമ്മ വരുന്നത്. മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിനെ അറിയാത്തവരായി ആരാണ് ഇവിടെയുള്ളത്. ശ്രീ. വി. എസ്. സുനിൽ കുമാർ തൃശ്ശൂർ ജില്ലയിലൂടെ കാറിൽ പോകുമ്പോൾ കൊച്ചുകുട്ടികൾപോലും പറയും, ടി.വി.-യിൽ ജോലിയുള്ള സുനിൽ അങ്കിൾ പോകുന്നു എന്ന്. കാരണം, കഴിഞ്ഞ പ്രാവശ്യം പ്രതിപക്ഷാംഗമായിരുന്നപ്പോൾ അഞ്ച് വർഷക്കാലവും ചാനലിൽ നിരന്തരം ചർച്ച നടത്തിക്കൊണ്ടിരുന്ന ആളാണ് വി. എസ്. സുനിൽ കുമാർ. കേരളത്തിലെ മുഴുവൻ ആളുകൾക്കുമതറിയാം. അദ്ദേഹം വൈകിട്ട് ചാനലിൽ ചർച്ചയ്ക്ക് പോകുന്നത് പേസ്റ്റും ബ്രഷുമായിട്ടാണ്, കാരണം, അന്ന് രാത്രി അവിടെ കിടക്കും; പിറ്റേന്നുള്ള ചർച്ചയുംകൂടി കഴിഞ്ഞിട്ടാണ് മടങ്ങി വരുന്നത്. അങ്ങനെയൊരാളെപ്പോലും ഇവിടത്തെ ഇന്റലിജൻസ് മേധാവിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞാൽ എന്തൊരു ഇന്റലിജൻസ് മേധാവിയാണ്. അദ്ദേഹം വഴിതെറ്റി ചെന്നത് ഭാഗ്യത്തിന് റവന്യൂ വകുപ്പുമന്ത്രിയുടെ വീട്ടിലാണ്. പക്ഷെ തുറമുഖ വകുപ്പുമന്ത്രി കടന്നപ്പള്ളി സാറിന്റെ വീട്ടിലാണ് പോയിരുന്നതെങ്കിൽ അദ്ദേഹം എന്തായിരിക്കും പറയുക? ഇതാര് ഇത് നമ്മുടെ മുൻ പ്രധാനമന്ത്രി ഐ. കെ. ഗുജ്റാളല്ലേ എന്ന് ചോദിക്കേണ്ട ഗതികേടുണ്ടാകും. ഇങ്ങനെയുള്ള ആളുകളെയാണ് പോലീസ് മേധാവിയാക്കി വയ്ക്കുന്നതെങ്കിൽ എന്തായിരിക്കും സ്ഥിതി.......(ബഹളം).....

മി. ചെയർമാൻ : അദ്ദേഹം സംസാരിക്കട്ടെ..

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ ശ്രീ. വി. എസ്. സുനിൽ കുമാറിനെ പറ്റി നല്ല കാര്യമാണ് പറഞ്ഞത്. കേരളത്തിലെ മുഴുവൻ ആളുകളും അറിയുന്ന ആളാണ് ശ്രീ. വി. എസ്. സുനിൽ കുമാറെന്നാണ് പറഞ്ഞത്. ഞാനൊരു കാര്യം ഇവിടെ പറയുകയാണ്. സ്ത്രീകളുടെ ശാപം ഏറ്റുവാങ്ങിയതാണ് ഈ സർക്കാർ. മഹിജ, പൊമ്പിളൈ ഒരുമൈ അടക്കമുള്ള സ്ത്രീകളുടെ ശാപമേറ്റുവാങ്ങുന്ന.....

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1979/ഇ.ബി./2017/നി.സെ. തീയതി 3-5-2017) സഭാരേഖകളിൽ നിലനിർത്തി.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡറാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, ക്യാബിനറ്റ് അംഗമായ ശ്രീ. വി. എസ്. സുനിൽ കുമാറിനെ സംബന്ധിച്ച് വളരെ മോശമായ ഒരഭിപ്രായമാണ് അദ്ദേഹമിവിടെ പ്രകടിപ്പിച്ചത്. വളരെ മോശമായ അഭിപ്രായമാണ്. ......(ബഹളം)..... ചാനൽ ചർച്ചയ്ക്ക് പോയിട്ട് അന്ന് അവിടെ കിടന്നിട്ട് പിറ്റേന്ന് രാവിലെയേ തിരിച്ച് വരികയുള്ളൂ എന്നത് ആക്ഷേപാർഹമാണ്. ആ വാക്ക് പിൻവലിക്കണം.

മി. ചെയർമാൻ : അത്തരം വ്യക്തിപരമായ പരാമർശങ്ങൾ പരിശോധിച്ച് നടപടിയെടുക്കും.*

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അദ്ദേഹത്തെക്കുറിച്ച് ഞാൻ നല്ലതാണ് പറഞ്ഞത്. ആക്ഷേപിക്കുന്നുവെന്ന് തോന്നിയാൽ ആ ഭാഗം മാറ്റാം. സ്ത്രീകളുടെ ശാപമുള്ള ഒരു സർക്കാരായി ഈ സർക്കാർ മാറരുത്. സ്ത്രീശാപം ഏറ്റുവാങ്ങിയാൽ ആ കുലം തന്നെ മുടിഞ്ഞുപോകും. മഹാഭാരത യുദ്ധം കഴിഞ്ഞ് ഗാന്ധാരി യുദ്ധ ഭൂമിയിലേയ്ക്ക് വരുമ്പോൾ ചീഞ്ഞളിഞ്ഞ ശരീരങ്ങളും കയ്യും കാലുകളും നഷ്ടപ്പെട്ട അർദ്ധപ്രാണനുള്ള ശരീരങ്ങളുമാണ് അവിടെ കിടന്നത്. ഇതെല്ലാം ചോദിച്ചറിഞ്ഞ ഗാന്ധാരി ഈ യുദ്ധത്തിനെല്ലാം കാരണക്കാരനായ കൃഷ്ണനെപ്പോലും ശപിച്ചുവെന്നാണ് പറയുന്നത്. "ഹേ കൃഷ്ണാ, താങ്കളാണ് ഈ യുദ്ധത്തിന്റെയെല്ലാം കാരണക്കാരൻ, അങ്ങയുടെ കുലം പോലും മുടിഞ്ഞ് പോകട്ടെ"- എന്ന് ഗാന്ധാരി മനസ്സുരുകി ശപിച്ചുവെന്നാണ് പറയുന്നത്. സ്ത്രീകളുടെ ശാപമേറ്റുവാങ്ങുന്ന സർക്കാരായി ഈ സർക്കാർ മാറരുത്. പുകവലിയുടെ പരസ്യത്തിൽ പറയുന്നുണ്ട്, ഈ നഗരത്തിനെന്ത് പറ്റി? ചിലയിടത്ത് ചാരം, ചിലയിടത്ത് പുക. അതുപോലെ ഈ സർക്കാരിനെന്ത് പറ്റി? ചിലയിടത്ത് രാജി, ചിലയിടത്ത് ചോർച്ച. ചരിത്രത്തിലാദ്യമായിട്ടല്ലേ എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നത്? കേരള ചരിത്രത്തിൽ ഇതുവരേയും ചോദ്യപേപ്പർ ചോർന്നിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് ചോദ്യപേപ്പർ പോലും ചോർന്നിരിക്കുകയാണ്. പത്താം ക്ലാസ് കണക്ക് പരീക്ഷ രണ്ടാമത് എഴുതേണ്ട സാഹചര്യം ആദ്യമായിട്ടുണ്ടായി. രണ്ടാം വിക്കറ്റിൽ രവീന്ദ്രൻ മാഷാണ് പോകേണ്ടത്. പക്ഷേ രണ്ടാം വിക്കറ്റ് ശ്രീ. എ. കെ. ശശീന്ദ്രനായിപ്പോയി. ഈ വർഷം പത്താം ക്ലാസ്സിൽ ജയിച്ച കുട്ടികളെല്ലാംകൂടി എന്റെ റബ്ബേ... എന്റെ റബ്ബേയെന്ന് വിളിച്ചു കൊണ്ടിരിക്കുകയാണ്. മുകളിലിരിക്കുന്ന പടച്ചോനെയല്ല വിളിക്കുന്നത്. പഴയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. പി. കെ. അബ്ദു റബ്ബിനെയാണ് വിളിക്കുന്നത്. കാരണം അദ്ദഹത്തിന് ഡോക്ടറേറ്റുമില്ല പി.എച്ച്.ഡി.-യുമില്ല.

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1979/ഇ.ബി./2017/നി.സെ. തീയതി 3-5-2017) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

മി. ചെയർമാൻ : അങ്ങയുടെ സമയം അവസാനിക്കുകയാണ്. അങ്ങ് ചുരുക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് നന്നായി പരീക്ഷകൾ നടത്തിയെന്നതൊരു വസ്തുതയാണ്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. സൂര്യനെല്ലിയിലെ പാപ്പാത്തിച്ചോലയിൽ കുരിശ് മാറ്റിയതിലൊന്നും അവിടത്തെ സഭയായ സ്പിരിറ്റ് ഇൻ ജീസസിന് ഇപ്പോൾ പരാതിയില്ല. സ്പിരിറ്റ് ഇൻ ജീസസ് സഭയ്ക്ക് കുരിശെടുത്ത് മാറ്റിയ സംഭവത്തിൽ ഒരു പരാതിയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അവർക്ക് ആകെ ഒരു പരാതിയേയുള്ളൂ, കേരളത്തിൽ ഏറ്റവും കൂടുതൽ ഉപദേശികളുള്ള സഭയാണ് സ്പിരിറ്റ് ഇൻ ജീസസ്. ഇന്ന് ഏറ്റവും കൂടുതൽ ഉപദേശികളുള്ളതിൽ രണ്ടാം സ്ഥാനത്ത് കേരള സർക്കാരാണ്. ഇനിയും ഉപദേശികളെ വച്ച് കേരള സർക്കാർ സ്പിരിറ്റ് ഇൻ ജീസസിന്റെ ഒന്നാം സ്ഥാനം കളയരുതെന്ന് മാത്രമാണ് അവരുടെ ആവശ്യമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി.

2.00 PM]

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. അരാജകത്വവും അരക്ഷിതാവസ്ഥയും കൊടികുത്തിവാണ കഴിഞ്ഞ അഞ്ചു വർഷത്തെ നിരാശാഭരിതമായ അനുഭവങ്ങളാണ് ഇപ്പോൾ അപ്പുറത്തിരിക്കുന്നവരെ അപ്പുറത്താക്കിയ ജനവിധിയുണ്ടായത്. കേരളം ഒരു ശുദ്ധീകരണത്തിന്റെ പാതയിലാണ്. രാജ്യത്തിനു മുമ്പിൽ ശിരസ്സ് കുനിഞ്ഞുപോയ ഒരു സംസ്ഥാനം തലയുയർത്തി നിൽക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്. ഓർമ്മകളുണ്ടായിരിക്കണം എന്നത് ഒരു പഴയ സിനിമയുടെ പേര് മാത്രമല്ല, പ്രതിപക്ഷത്തെ എളിമയോടെ ഓർമ്മിപ്പിക്കാനുള്ള ഒരു കാര്യവുമാണ്. ബഹുമാന്യരായ ചില പ്രതിപക്ഷാംഗങ്ങൾ ഇവിടെ സംസാരിക്കുന്നത് കേട്ടാൽ അസാധാരണവും അവിശ്വസനീയവുമായ മറവിരോഗം പിടിപെട്ടതുപോലെയാണ് തോന്നുന്നത്. അവരിപ്പോഴും കഴിഞ്ഞ ഭരണകാലത്തെ അനുഭവങ്ങളിൽനിന്നും മാനസികമായി വിമുക്തി നേടിയിട്ടില്ല. എന്തൊക്കെയായിരുന്നു കേരളത്തിൽ നടന്നിരുന്നത്? അതെല്ലാം സൗകര്യപൂർവ്വം മറക്കാൻ കഴിയുന്നതാണോ എന്ന് നെഞ്ചിൽ കൈവച്ച് ആലോചിക്കുന്നത് നല്ലതായിരിക്കും.

ഇവിടെ യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോഴാണ് ഇടുക്കി ജില്ലയിലെ രാജാക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസിൽ മദ്ധ്യസ്ഥത വഹിക്കുന്നതിനു വേണ്ടി കോൺഗ്രസ്സിന്റെ നേതാവായ മധു എന്ന ചെറുപ്പക്കാരൻ ഭീകര മർദ്ദനമേറ്റ് ആ ലോക്കപ്പിൽത്തന്നെ മലവിസർജ്ജനം നടത്തി. അതൊരു തെറ്റല്ല. കാരണം ആ തരത്തിലുള്ള മർദ്ദനമാണ് അയാൾക്ക് കിട്ടിയത്. ആ മലം അദ്ദേഹത്തെക്കൊണ്ട് കഴിപ്പിച്ച

സംഭവമാണ് അന്നവിടെ ഉണ്ടായത്. എല്ലായിടത്തും ഓടിനടന്ന് നിരാഹാരം നടത്തുന്ന ആദർശശാലികളെയൊന്നും അന്ന് രാജാക്കാട് കണ്ടില്ല. നിങ്ങളെന്ത് നടപടി സ്വീകരിച്ചു; ഞങ്ങളന്ന് പ്രതിഷേധിച്ചു. യൂത്ത് കോൺഗ്രസ്സല്ലേ, മലം തിന്നോട്ടെ എന്ന് ഞങ്ങൾ കരുതിയില്ല. ഞങ്ങൾ മനുഷ്യാവകാശപ്രശ്നം ഉയർത്തി പ്രതിഷേധിച്ചു. പക്ഷേ നിങ്ങളാരും ഒന്നും മിണ്ടിയില്ല. നിങ്ങൾ മിണ്ടാത്തതെന്തു കൊണ്ടാണെന്ന് എനിക്കറിയില്ല.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണല്ലോ ഡൽഹിയിൽനിന്ന് വിമാനത്തിൽ തിരുവനന്തപുരത്തേയ്ക്ക് ബണ്ടി ചോർ എന്ന കള്ളൻ വന്നത്. വിമാന ടിക്കറ്റെടുത്ത് ഒരു കള്ളൻ വന്ന വിവരം ഇതിന് മുൻപ് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ബൈക്കിൽപോയി മാല പൊട്ടിച്ചു എന്നൊക്കെ കേട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഡൽഹിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് വന്നത്? ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ കേരളത്തിലുള്ളതിനേക്കാൾ വസ്തുവകകൾ മോഷ്ടിക്കാൻ കിട്ടില്ലേ; കിട്ടാത്തതു കൊണ്ടല്ല. ആധുനിക വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഗൂഗിളിൽ സെർച്ച് ചെയ്തപ്പോൾ മനസ്സിലായത്, ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ പോലീസിനെ പേടിക്കാതെ മോഷണം നടത്താൻ പറ്റിയ ഒരേയൊരു സ്ഥലം ശ്രീ. ഉമ്മൻ ചാണ്ടി എന്ന മഹാനായ മനുഷ്യൻ മുഖ്യമന്ത്രിയായിരിക്കുന്ന കേരളത്തിലെ തിരുവനന്തപുര മാണെന്നാണ്. ഇങ്ങോട്ടുവന്ന് ഇവിടെ ഒരു വീട്ടിൽ കയറി മോഷണം നടത്തി. അവിടെ സി.സി.ടി.വി. ക്യാമറ വച്ചിരുന്നതിനാൽ ആ ക്യാമറയിൽ കള്ളൻ വന്ന് മോഷ്ടിക്കുന്ന ദൃശ്യങ്ങളൊക്കെ പതിഞ്ഞിരുന്നു. കുറേ ദിവസം കഴിഞ്ഞ് ഗൃഹനാഥൻ വന്നു. 14 ദിവസം കഴിഞ്ഞാൽ ദൃശ്യങ്ങൾ മാഞ്ഞുപോകുന്ന സി.സി.ടി.വി. ആയിരുന്നില്ല ആ വീട്ടിലുണ്ടായിരുന്നത്. അതുകൊണ്ട് ആ ദൃശ്യങ്ങളൊക്കെ കിട്ടി. അത് നേരെ പോലീസ് സ്റ്റേഷനിൽ കൊടുത്തു. പോലീസ് അറസ്റ്റ് ചെയ്തോ; ദൃശ്യങ്ങൾ കിട്ടിയിട്ട് ആ കള്ളനെ പിടിക്കാൻ കഴിഞ്ഞോ; മഹാരാഷ്ട്രയിൽ ചെന്നപ്പോൾ അവിടത്തെ പോലീസ് പിടിച്ച് കേരള പോലീസിന് കൊടുത്തു. അയാളെ ഏറ്റുവാങ്ങുന്ന പണിയായിരുന്നു അന്ന് കേരള പോലീസിനുണ്ടായിരുന്നത്. ശരിയല്ലേ?

മറ്റൊന്ന് ബിട്ടി മൊഹന്തി. ഒരു ബലാത്സംഗക്കേസിൽ ശിക്ഷിക്കപ്പെട്ട പ്രതി പരോളിൽ ഇറങ്ങിയിട്ട് സ്വന്തം മാതാപിതാക്കളെപ്പോലും കാണാൻ നിൽക്കാതെ കേരളത്തിലേയ്ക്ക് ഓടി വന്നില്ലേ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേരളത്തിലേയ്ക്ക്. ഇവിടെ വന്ന് ബാങ്കിന്റെ മാനേജരായി. നിങ്ങളെന്ത് നിലപാടാണ് എടുത്തത്?

യൂണിഫോമിലുള്ള മണിയൻപിള്ള എന്ന പോലീസുദ്യോഗസ്ഥനെ കുപ്രസിദ്ധ കുറ്റവാളി ആട് ആന്റണി നടുറോഡിലിട്ട് കുത്തിക്കൊന്നില്ലേ, ഒരു മാസംകൊണ്ടോ ഒരു കൊല്ലംകൊണ്ടോ രണ്ട് കൊല്ലംകൊണ്ടോ പിടിച്ചോ; ആട് ആന്റണിയുടെ രോമത്തിൽ തൊടാൻപോലും അന്ന് കേരള പോലീസിന് സാധിച്ചില്ല. എത്രയെത്ര അനുഭവങ്ങളാണുള്ളത്.

ജിഷയുടെ അനുഭവം ഇവിടെ എല്ലാവരും പറഞ്ഞു. ചെരിപ്പ് മരത്തിൽ കെട്ടിത്തൂക്കിയിട്ട് കാത്തിരിക്കുകയായിരുന്നില്ലേ. ഒരു ചെരിപ്പ് നഷ്ടപ്പെട്ട പ്രതി മറ്റേ ചെരിപ്പുമിട്ട് വരുമ്പോൾ പിടിക്കാമെന്നായിരുന്നില്ലേ കണക്കുകൂട്ടൽ. എന്തെല്ലാം അനുഭവങ്ങൾ ഇവിടെ കണ്ടു. മധുവും ലാൽജിയും ഹനീഫയും. നിങ്ങൾതന്നെ തൃശ്ശൂരിൽ വച്ച് അങ്ങോട്ടുമിങ്ങോട്ടും കൊന്നു, മധുവിന്റെ അമ്മ കണ്ണീരോടെ പറഞ്ഞു, ഈ ക്യാബിനറ്റിലെ ഒരു മന്ത്രിയാണ് ഇതിന്റെ പിന്നിലെന്ന്. നിങ്ങളെന്തു നടപടി സ്വീകരിച്ചു; രാഷ്ട്രീയ എതിരാളികളെ വേട്ടയാടുകയായിരുന്നില്ലേ? മണിയാശാനെതിരെ ഒരു പ്രസംഗത്തിന്റെ പേരിലാണ് കേസെടുത്ത് ജയിലിൽ അടച്ചത്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആ കേസിനാസ്പദമായ പ്രസംഗം കുഴപ്പമുള്ളതാണെങ്കിൽ 'ഞങ്ങളും കൊന്നിട്ടുണ്ട്' എന്ന് ശ്രീ. എം. എം. ഹസ്സൻ പറയുമ്പോൾ എന്താണ് കേസെടുക്കാത്തത്; കോൺഗ്രസിന്റെ നേതാവ് ശ്രീമതി ജമീലാ ഇബ്രാഹിം കഴിഞ്ഞ ദിവസം എഴുകോണിൽ പ്രസംഗിച്ചല്ലോ, വർഷങ്ങൾക്ക് മുമ്പ് ഒരു സി.പി.ഐ.(എം).-കാരനെ കഷ്ണങ്ങളായി വെട്ടി നുറുക്കിക്കൊന്നത് ഡി.സി.സി. പ്രസിഡന്റ് സത്യശീലനും സഹോദരങ്ങളുമാണെന്നാണ് പറഞ്ഞത്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് കേസെടുക്കണമെന്ന അഭിപ്രായം ഇപ്പോഴുണ്ടെങ്കിൽ ഒരു പ്രസ്താവനയെങ്കിലും അങ്ങ് പുറപ്പെടുവിക്കുമോ; രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടുകയാണ് നിങ്ങൾ ചെയ്തത്.

ഇന്നോവ കാറിൽ വന്ന് ടി. പി. ചന്ദ്രശേഖരനെ കൊന്നു എന്നാണ് കേസ്. പക്ഷേ നിങ്ങളുടെ പ്രതിപ്പട്ടിക നോക്കിയാൽ ഇന്നോവ കാറല്ല, ഒരു കപ്പലിൽ വന്നതായിട്ടാണ് തോന്നുക. എത്ര പേരെയാണ് രാഷ്ട്രീയ വിരോധംകൊണ്ട് നിങ്ങൾ കേസിൽ പ്രതിയാക്കിയത്. ശ്രീ. ടി. വി. രാജേഷിനെ നിങ്ങൾ ജയിലിലടച്ചു. എന്തായിരുന്നു നിങ്ങളുടെ ഉദ്ദേശ്യം; ശ്രീ. പി. ജയരാജനെ അകാരണമായി നിങ്ങൾ ജയിലിലടച്ചു. സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനെ കാപ്പ ചുമത്തി അകത്താക്കി. രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാനാണ് എല്ലാ നിയമങ്ങളും നിങ്ങളുപയോഗിച്ചത്. എത്ര യു.എ.പി.എ. കേസുകൾ നിങ്ങളെടുത്തു. ഈ സർക്കാരിന്റെ കാലത്ത് യഥാർത്ഥ സാമൂഹ്യവിരുദ്ധൻമാരെ കണ്ടുപിടിച്ച് ഇരുമ്പഴിക്കുള്ളിലടച്ച് ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. 6,471 ഗുണ്ടകൾ അറസ്റ്റ് ചെയ്യപ്പെട്ടു. അങ്ങനെയാണ് കേരളത്തിൽ സ്വൈര-സമാധാന അന്തരീക്ഷമുണ്ടായത്. ബിഷപ്പ് ഹൗസ് ആക്രമണമുൾപ്പെടെ 24 കേസിൽ പ്രതിയായ കോൺഗ്രസ് നേതാവ് നെയ്യാറ്റിൻകരയിലെ വേണുഗോപാലിന്റെ മകൻ ശാന്തിഭൂഷൺ അകത്തായത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. നിങ്ങൾ പല ക്രിമിനലുകളെയും രക്ഷപ്പെടുത്താൻ ശ്രമിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി ശിക്ഷിച്ചിട്ട് ജയിലിൽ പോകാതെ നിയമവ്യവസ്ഥയെ വെല്ലുവിളിച്ച്, കബളിപ്പിച്ച് നടന്ന ഡേവിഡ് ലാലിയെ ഒരു ലക്ഷം രൂപ പിഴയടച്ചിട്ട് കുറ്റവിമുക്തനാക്കാനുള്ള കടലാസിൽ ഒപ്പുവച്ചയാളാണ് നിങ്ങളുടെ മുഖ്യമന്ത്രി എന്ന കാര്യമോർക്കണം. ഡേവിഡ് ലാലിയെ നിങ്ങൾക്ക് നല്ല പരിചയമുണ്ടല്ലോ, നിങ്ങളാണല്ലോ ഒളിപ്പിച്ചിരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ശിക്ഷിച്ച, നിങ്ങൾ ഒരുലക്ഷം രൂപ സംഭാവന വാങ്ങി വിടാൻ ഉത്തരവിൽ ഒപ്പുവച്ച ഡേവിഡ് ലാലിയെ കാണണമെങ്കിൽ പൂജപ്പുര സെൻട്രൽ ജയിലിൽ പോയാൽ മതി. അതാണ് ഈ സർക്കാരിന്റെ ചങ്കൂറ്റം. അതാണ് ഞങ്ങൾ നടത്തുന്ന നിയമ സമാധാനപാലനം.

നിങ്ങളുടെ കാലത്ത് തട്ടിപ്പുനടത്തി ആയിരക്കണക്കിന് കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയ ഉരുപ്പ് വർഗ്ഗീസിനെ ഓർമ്മയുണ്ടോ? ഉരുപ്പിനെ അകത്താക്കിയത് ഈ സർക്കാരാണ്. ഇത്തരം എത്രയെത്ര അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പ് നടത്തിയ പ്രതികളെ കേരള പോലീസ് ഡൽഹിയിൽ പോയി പിടിച്ചു. കോവളത്തെ മരിയദാസ് വധം സംബന്ധിച്ച് കോവളം എം.എൽ.എ-ക്ക് അറിയാവുന്നതല്ലേ. ആ വധത്തിന് ഒരു തുമ്പും ഉണ്ടായിരുന്നില്ല. പ്രതികൾ തമിഴ്നാട്ടിലേയ്ക്ക് രക്ഷപ്പെട്ടു. ഒരാഴ്ചക്കുള്ളിൽ തമിഴ്നാട്ടിൽ പോയി പ്രതികളെ പിടിച്ചു. പാലക്കാട് ആലത്തൂരിലെ പ്രീതിയെ പൊള്ളാച്ചിയിൽ കൊണ്ടുപോയി കൊന്നു കുഴിച്ചിട്ട്, അവിടെ നിന്ന് സ്വർണ്ണാഭരണങ്ങൾ അപഹരിച്ചു. രണ്ടാഴ്ചയേ വേണ്ടി വന്നുള്ളൂ, പ്രതികളെ അവിടെ പോയി പിടിച്ചു. തൃശ്ശൂർ ഈസ്റ്റ് പോലീസിന്റെ പരിധിയിലുള്ള ലോലിതയെ തമിഴ്നാട്ടിലെ രാമപുരത്ത് കൊണ്ടുപോയി കൊന്നു. ഉടൻ കേരളത്തിലെ പോലീസ് അവിടെപ്പോയി പ്രതിയെ പിടിച്ചു. കോട്ടയത്ത് അശ്വതി എന്ന ഗർഭിണി കൊല്ലപ്പെട്ടു. അഞ്ചാം ദിവസം തന്നെ പോലീസ് പ്രതിയെ പിടിച്ചു. കൊച്ചിയിൽ മധ്യവയസ്കനെ കൊന്ന് കിണറ്റിൽത്തള്ളി. തൊഴിലുടമയായിരുന്നു പ്രതി. തൊഴിലുടമയെ മണിക്കൂറുകൾക്കുള്ളിൽ പിടിച്ചു. തൊഴിലുടമയുടെ രൂപം കണ്ടപ്പോൾ പോലീസിന്റെ മുട്ട് വിറച്ചില്ല. ആ സ്വാതന്ത്ര്യവും ആത്മവിശ്വാസവും ഈ സർക്കാർ പോലീസിന് കൊടുത്തു.

നന്തൻകോട് മാതാപിതാക്കളെയടക്കം നാലുപേരെ കൊന്ന പ്രതി ഒളിവിൽ പോയി. പ്രതിയെ മൂന്നാം ദിവസം പിടിച്ചു. ഇത് കേരള പോലീസിന്റെ ട്രാക്ക് റിക്കോർഡല്ലേ? കാസർഗോഡ് റിയാസ് മൗലവി. വലിയ വർഗ്ഗീയ കലാപത്തിലേയ്ക്ക് പോകുമായിരുന്ന വിഷയം മണിക്കൂറുകൾക്കുള്ളിൽ പ്രതിയെ പിടിച്ചതുകൊണ്ട് ആ നാടിന്റെ സമാധാനനില സംരക്ഷിക്കാൻ കഴിഞ്ഞു. എറണാകുളത്ത് നടി ആക്രമിക്കപ്പെട്ടു. ആറാം നാൾ പിടിച്ചു. ഒരാഴ്ചയ്ക്കകം മുഴുവൻ പ്രതികളും അകത്തായി. ഇത്തരത്തിലുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സ്ത്രീകൾക്ക് സ്വൈരമായി ഇറങ്ങി നടക്കാൻ കഴിയുന്നൊരന്തരീക്ഷം ഇപ്പോൾ കേരളത്തിലുണ്ടായി.

കെ.എസ്.യു.-വിന്റെ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് ജസ്ല കഴിഞ്ഞ ദിവസം മങ്കടയിൽനിന്ന് പെരിന്തൽമണ്ണയിലേയ്ക്ക് ഇരുചക്ര വാഹനത്തിൽ പോയപ്പോൾ അവരുടെ നേരെയും ആക്രമണമുണ്ടായി. അവർ ആത്മരക്ഷാർത്ഥം അടുത്ത പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നപ്പോൾ അവർക്കുണ്ടായ അനുഭവം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. വീഡിയോ ക്ലിപ്പാണ്. അവരെന്താണ് പറയുന്നത്. " കേരള പോലീസിനെക്കുറിച്ച് എനിക്ക് വലിയ ആഹ്ലാദവും അഭിമാനവും തോന്നുന്നു, ഒരു മണിക്കൂർ തികയുന്നതിന് മുമ്പ് മുഴുവൻ പ്രതികളെയും പിടിച്ചു, എന്നെ വിളിച്ച്

പറഞ്ഞു, മോളേ സ്റ്റേഷനിലേയ്ക്ക് വരൂ, പ്രതികളെ തിരിച്ചറിയൂ. എനിക്ക് വലിയ അഭിമാനം തോന്നുന്ന കേരള പോലീസിനെക്കുറിച്ച്" കെ.എസ്.യു. നേതാവിന് ഇത് പറയാൻ ആ കസേരയിൽ ശ്രീ. പിണറായി വിജയൻ ഇരിക്കേണ്ടിവന്നു എന്ന് നിങ്ങളോർക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ബഹുമാന്യനായ മുൻ ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെയുണ്ട്. ഞാൻ ഉദ്ദേശിച്ചത് പ്രതിപക്ഷ നേതാവിനെയല്ല, അതിനുമുൻപുള്ള ആഭ്യന്തരമന്ത്രിയെയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുണ്ടായ പ്രമാദമായ കേസ്സുകളിൽ എന്തെങ്കിലും നടപടി അന്ന് സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ? ഗോപിനാഥക്കുറുപ്പ് കൊല്ലപ്പെട്ടു. 5 ദിവസംകൊണ്ടോ, ഒരാഴ്ചകൊണ്ടോ, ഒരു കൊല്ലംകൊണ്ടോ പ്രതികളെ പിടിച്ചോ; തിരുനക്കര മൈതാനത്തിനു സമീപം പൂക്കട നടത്തിയ ശ്രീരാമൻ, കൊല്ലപ്പെട്ടു, പ്രതികളെ പിടിച്ചോ; ചിങ്ങവനത്തെ അനീഷ് കൊല്ലപ്പെട്ടിട്ട് പ്രതികളെ പിടിച്ചോ; ഇതൊക്കെ അങ്ങയുടെ മണ്ഡലത്തിലല്ലേ നടന്നത്? അതൊക്കെ പോകട്ടെ. അന്നത്തെ മുഖ്യമന്ത്രിയുടെ വീടിനുനേരെ കല്ലെറിഞ്ഞ പ്രതിയെ പിടിക്കാൻ സാധിച്ചോ? ആരാണ് പ്രതിയെന്ന് അങ്ങേയ്ക്കറിയാമല്ലോ? എന്തുകൊണ്ടാണ് പിടിക്കാൻ സാധിക്കാതെ പോയത്; ആ അന്തരീക്ഷം ഇപ്പോൾ മാറിയിട്ടുണ്ടെന്നാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്.

ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡി.ജി.പി. നിയമനവുമായി ബന്ധപ്പെട്ട കേസ്സിനെക്കുറിച്ചും കോടതിയെക്കുറിച്ചുമൊക്കെ പറഞ്ഞു, എത്ര കോടതി വിധികൾ നമ്മുടെ മുൻപിലുണ്ട്; എത്ര പരാമർശം നമ്മുടെ മുൻപിലുണ്ട്; ഈ കോടതി വിധിയിൽ കേരള സർക്കാരിനെ ആക്ഷേപിക്കുകയോ, പ്രതിക്കൂട്ടിൽ നിർത്തുകയോ ചെയ്യുന്ന എന്തെങ്കിലുമൊരു പരാമർശമുണ്ടോ; ഞാൻ പഴയൊരു കോടതി വിധിയെക്കുറിച്ച് ഓർമ്മപ്പെടുത്താം, ഗോമതി Vs സ്റ്റേറ്റ് ഓഫ് കേരള. സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് അന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞ കമന്റ് എന്താണെന്ന് ഓർമ്മയുണ്ടോ? അതിലെ ഒരു ഭാഗം ഇങ്ങനെയാണ്, I set aside the Government Order as illegal, arbitrary and unconstitutional, ആ വിധിന്യായത്തിൽ പരാമർശിക്കുന്ന മറ്റുചില വാക്കുകൾ ഇതാണ്, extraneous consideration, undue influence, not bonafide, dis-respectable to law. ഒരു വിധിന്യായത്തിലാണ് ഇത്രയുംകൂടി പൊതിഞ്ഞുകെട്ടി നിങ്ങൾക്ക് തന്നത്. ഇതാണ് നമ്മുടെ മുന്നിലുള്ള അനുഭവം. ഒരു കേസ്സിന്റെ വിചാരണവേളയിൽ കഴിഞ്ഞ സർക്കാരിന്റെ മുഖ്യമന്ത്രിയെ ചൂണ്ടി കേരള ഹൈക്കോടതി ചോദിച്ചു, മുഖ്യമന്ത്രിയുടെ ഓഫീസ് കുറ്റവാളികളുടെ താവളമായി മാറിയിരിക്കുന്നുവോ? കേരള ചരിത്രത്തിൽ ആദ്യത്തെ അനുഭവമായിരുന്നില്ലേ ഇത്; ഇതെല്ലാം നമ്മുടെ മുൻപിലുണ്ട്. രാവിലെ റൂൾ 50-യുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്, കേരളത്തിൽ ഡി.ജി.പി. ഇല്ലാത്തതിനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ലജ്ജ

തോന്നുന്ന എന്നാണ്. എനിക്ക് ബഹുമാനമുള്ള ആളാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തോട് വളരെ വിനയത്തോടുകൂടി പറയുന്നു, അക്കാര്യത്തിൽ അങ്ങ് ലജ്ജിക്കേണ്ടതുണ്ടോ? ഒരാഴ്ചയല്ലേ ആയിട്ടുള്ളൂ, നമുക്ക് ഡി.ജി.പി.-യെ നിയമിക്കാം. ഇനി അങ്ങേയ്ക്ക് ലജ്ജിക്കണമെന്നുണ്ടെങ്കിൽ, വേണമെങ്കിൽ കെ.പി.സി.സി.-ക്ക് ഒരു സ്ഥിരം പ്രസിഡന്റിനെ നിയമിക്കാൻ കഴിയാത്തതിന് ലജ്ജിക്കുക എന്നല്ലാതെ ഇക്കാര്യത്തിൽ ലജ്ജിക്കേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്.

കേസ്സുകളുടെ എണ്ണത്തെക്കുറിച്ച് ഇവിടെ ആരോ പറയുകയുണ്ടായി. മലയാള മനോരമ ഒരു കളവ് എഴുതിക്കഴിഞ്ഞാൽ ആ കളവ് നിങ്ങൾക്ക് തലയിലേറ്റി നടക്കാൻ കഴിയും. പക്ഷേ കേരളത്തിലെ ജനങ്ങളെല്ലാം ആ നിലവാരത്തിലാണെന്ന് നിങ്ങൾ ധരിക്കരുത്. കഴിഞ്ഞ 8 മാസത്തെ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ, അതിനുമുൻപ് നിങ്ങൾ ഭരിച്ചിരുന്ന 8 മാസവുമായി താരതമ്യം ചെയ്യുമ്പോൾ 29740 കേസ്സുകൾ കുറവാണ്. തെറ്റായ ഒരു വാർത്ത പ്രചരിപ്പിക്കാൻ കുറച്ച് കടലാസും യു.ഡി.എഫ്.-ന്റെ അനൗദ്യോഗിക മുഖപത്രമായി പ്രസിദ്ധീകരിക്കുന്ന മലയാള മനോരമയും ചില ചാനലുകളുമുണ്ടെന്ന് കരുതി ഞങ്ങളെ ഭസ്മീകരിക്കാമെന്ന് ആരും കരുതേണ്ട. മാധ്യമങ്ങൾ പാലൂട്ടി വളർത്തിയവരല്ല ഞങ്ങൾ, അവരുടെ താരാട്ട് പാട്ടുകേട്ട് ഉറങ്ങിയവരുമല്ല ഞങ്ങൾ. ഞങ്ങൾ ഈ എതിർപ്പുകളെയെല്ലാം നേരിട്ട്, സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി പോരാടിയവരാണ്. നിങ്ങൾക്ക് ഈ പ്രചരണത്തിന്റെ എല്ലാ കുത്തക സംവിധാനങ്ങളുമുണ്ടെന്നും അതുകൊണ്ട് വീക്ഷണത്തിന് ക്ഷീണമുണ്ടെങ്കിലും കോൺഗ്രസ്സിന് ക്ഷീണമുണ്ടാകില്ലെന്നും കരുതിയെങ്കിൽ ആ ധാരണ തെറ്റാണെന്ന് കേരളത്തിലെ ജനങ്ങൾ വിധിയെഴുതിയതുകൊണ്ടാണ് ഇപ്പോൾ ഞങ്ങൾ ഇവിടെയും നിങ്ങളവിടെയും ഇരിക്കുന്നതെന്നെങ്കിലും ഓർക്കണമെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

ഇവിടെ സ്ത്രീത്വത്തെക്കുറിച്ച് പറഞ്ഞു, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. രണ്ട് എം.എൽ.എ. -മാരുടെ പേരിൽ - ഒരു തെക്കുള്ള എം.എൽ.എ.-യുടെയും ഒരു വടക്കുള്ള എം.എൽ.എ.-യുടെയും പേരിൽ, ബലാൽസംഗം ചെയ്തു ഈ കശ്മലൻമാർ എന്നുപറഞ്ഞ് കേരള പോലീസിന് പരാതികൊടുത്ത രണ്ട് സ്ത്രീകളുണ്ടായിരുന്നില്ലേ; എന്ത് നടപടി നിങ്ങൾ സ്വീകരിച്ചു? നിങ്ങളുടെ ഭരണകാലത്ത് ഒരു വനിതാ വ്യവസായ സംരംഭക അധികാര കേന്ദ്രത്തിലേയ്ക്ക് വന്നപ്പോൾ, മുഖ്യമന്ത്രിയുടെ അടക്കം ഓഫീസിൽ നിന്നും എന്തായിരുന്നു അനുഭവം; ആ സംരംഭകയെ ഉറങ്ങാൻ സമ്മതിച്ചിട്ടുണ്ടോ നിങ്ങൾ; കൂടുതലൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. ഇപ്പോൾ ഗോമതിയുടെ സമരം ഏറ്റെടുക്കുകയാണ്. ഇങ്ങനെയൊരു ഗതികേട് ... (ബഹളം)..... ഗോമതിയുടെ സമരം തലയിൽ വയ്ക്കേണ്ട ഗതികേട് വന്നല്ലോ നിങ്ങൾക്ക്. പൊമ്പിളൈ ഒരുമൈ സമരം എന്നാണ് പറഞ്ഞത്, പൊമ്പിളൈ

ഒരുമൈ സമരം നടന്നത് നമ്മൾ കണ്ടതല്ലേ; ആയിരക്കണക്കിന് സ്ത്രീകൾ ഒഴുകി വന്ന സമരം. ഒരു കോൺഗ്രസ്സുകാരൻ തിരുവനന്തപുരത്ത് സമരം നടത്തിയിട്ട് ഇത് കോൺഗ്രസ്സിന്റെ സമരമാണെന്ന് പറഞ്ഞാൽ, ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ഇത് കോൺഗ്രസ്സിന്റേതല്ലെന്ന വിശദീകരിച്ചാൽ നമ്മളാരെങ്കിലും കോൺഗ്രസ്സ് സമരമാണെന്ന് പിന്നെ പറയുമോ? പൊമ്പിളൈ ഒരുമൈയുടെ പ്രസിഡന്റ് ഇതവരുടെ സമരമല്ലെന്നാണ് പറയുന്നത്. ആരും ഏറ്റെടുക്കാനില്ലാതെ അനാഥമായൊരു സമരത്തെ തലയിൽവച്ച് അതിന്റെ അപമാനംകൂടി ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട കോൺഗ്രസ്സിനെയും യു.ഡി.എഫ്.-നെയും അങ്ങേയറ്റം ദയനീയതയോടെയാണ് കേരളം കാണുന്നത്. ആയിരം കാതം നീണ്ടുനിൽക്കുന്ന യാത്ര ആരംഭിക്കുന്നത് ഒരു ചുവടുവയ്പിൽ നിന്നാണെന്ന് പറയാറുണ്ട്. ഞങ്ങളിവിടെ ആ ചുവട് വച്ചുകഴിഞ്ഞിരിക്കുകയാണ്. ഞങ്ങൾ ധീരമായി മുന്നോട്ടുപോകും. ഇത് അഞ്ചു കൊല്ലത്തെ യാത്രയല്ല; അഞ്ച് പതിറ്റാണ്ടിനുമപ്പുറം നീണ്ടുനിൽക്കുന്ന യാത്രയ്ക്കാണ് കേരളത്തിൽ ഇടതുപക്ഷം നേതൃത്വം നൽകുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം.കെ. മുനീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാനുള്ള കാരണം എത്ര നോക്കിയിട്ടും കാണുന്നില്ല. കാരണം, എല്ലാ പത്രങ്ങളിലും മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം തന്നെ പോലീസിനെ നിലയ്ക്ക് നിർത്തണമെന്ന് പറയുന്ന വാർത്തകളാണ്. സംസ്ഥാന പോലീസിനെ നിലയ്ക്ക് നിർത്തണം - ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രി നടപടിയെടുക്കണം-ഡോ. സെബാസ്റ്റ്യൻ പോൾ. അങ്ങനെ പോലീസിനെതിരെയുള്ള വാർത്തകൾ ഇപ്പോൾ നിരന്തരം വായിക്കാൻ കഴിയുന്നത് ദേശാഭിമാനി പത്രത്തിലും ജനയുഗത്തിലുമാണ്. അതുകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നതിൽ എവിടെയാണ് മുഖ്യമന്ത്രിക്ക് പിശക് പറ്റിയതെന്ന് കാര്യമായി പരിശോധിക്കണം.

ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന മുഴുവൻ വിഷയങ്ങൾക്കും സമാന്തരമായിട്ടുള്ള ധാരാളം കാര്യങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിലൊന്ന് ഉത്തർപ്രദേശിലാണ്. ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥ് വന്ന ഉടൻ ജാവേദ് അഹമ്മദ് എന്ന ഡി.ജി.പി.-യെ മാറ്റി സുഖ്സൻ സിംഗിനെ നിയമിച്ചതിന്റെ പേരിൽ അവിടെയും വലിയ കോലാഹലങ്ങൾ നടക്കുകയാണ്. അതിനെ നിയമപരമായി നേരിടുന്ന വിഷയം വരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളെ മാതൃകയാക്കാം. അങ്ങ് പഞ്ചാബിനെ മാതൃകയാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ മുഖ്യമന്തിയായി ശ്രീ. അമരീന്ദർ സിംഗ് വന്നയുടൻ സുരേഷ് അറോറ എന്ന ഡി.ജി.പി., കഴിഞ്ഞ സർക്കാരിന്റെ ആളായതിനാൽ പുതിയ മുഖ്യമന്ത്രി അദ്ദേഹത്തെ ആദ്യം തന്നെ കൈകാര്യം ചെയ്യുമെന്ന് കരുതി കേന്ദ്രത്തിലേയ്ക്ക് ഡെപ്യൂട്ടേഷന് എഴുതിക്കൊടുത്തു. അന്ന് മൗർമന്ദിയിൽ കോൺഗ്രസ് പ്രചാരണം നടത്തുന്ന സമയത്ത് റാലിയിൽ കാർബോംബ് വച്ച വിഷയമടക്കം പ്രശ്നമാകുമെന്ന്

കരുതിയാണ് ഡി.ജി.പി. സ്ഥലംവിടാൻ തീരുമാനിച്ചത്. എന്നാൽ പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് പറഞ്ഞത്, ഞങ്ങൾ അങ്ങനെ രാഷ്ട്രീയപരമായി എന്തെങ്കിലും വൈരാഗ്യം വച്ചു പുലർത്തുന്നവരല്ല, അതുകൊണ്ട് നിങ്ങളിവിടെ ഡി.ജി.പി. ആയി തുടരണമെന്നാണ്. അങ്ങനെ പറയാനുള്ള അന്തസ്സ് കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി അവിടെ കാണിക്കുകയുണ്ടായി. അങ്ങേയ്ക്ക് രാഷ്ട്രീയപരമായി പല കാരണങ്ങളും സമ്മർദ്ദങ്ങളും ഉണ്ടായേക്കാം, പക്ഷെ ആഭ്യന്തരവകുപ്പുമന്ത്രി എന്ന നിലയ്ക്ക് അങ്ങ് ആ പദവിയുടെ അന്തസ്സ് കാത്തുസൂക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് ഏതുഭാഗത്തു നിന്നുള്ള സമ്മർദ്ദത്തിന്റെ പേരിലാണെങ്കിലും മൂന്നുദിവസം കൊണ്ട് ഒരു ഡി.ജി.പി.-യെ മാറ്റുന്നതിനുള്ള തീരുമാനം അങ്ങെടുക്കാൻ പാടില്ലായിരുന്നു. സുപ്രീംകോടതിയിൽ ഈ പ്രശ്നമെത്തിയപ്പോൾ, ഫയലിൽ കൃത്രിമം നടന്നുവെന്ന ഞെട്ടിപ്പിക്കുന്ന കഥയാണ് പറയുന്നത്. ആ ഫയലിൽ പുറ്റിങ്ങൽ കേസുമായി ബന്ധപ്പെട്ട് അന്നത്തെ ഡി.ജി.പി. ഡോ. ടി. പി. സെൻകുമാർ 9 കാര്യങ്ങൾ അക്കമിട്ട് എഴുതിയിരുന്നു. അതിൽ മുഖ്യമന്ത്രി ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ ആ ഫയൽ വിവരാവകാശ കമ്മീഷൻ വഴി പരിശോധിച്ചപ്പോൾ ആ രണ്ടു പേജും കാണാനില്ല. പകരം ഒറ്റ ദിവസംകൊണ്ട് അന്നത്തെ ഹോം സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും എഴുതിയ പുതിയ 14 പേജ് എഴുതിച്ചേർത്തെന്നുള്ള ഞെട്ടിക്കുന്ന കഥയാണ് പറയുന്നത്. ആ രേഖകൾ കിട്ടാത്തതുകൊണ്ട് ഞങ്ങൾ പത്രങ്ങളിൽ വായിച്ച കാര്യങ്ങൾവച്ചു പറയുകയാണ്, ഒരു ഫയലിൽ കൃത്രിമം കാണിക്കാൻ ഒരിക്കലും ഒരുദ്യോഗസ്ഥയെ അനുവദിക്കാൻ പാടില്ലായിരുന്നു. ചീഫ് സെക്രട്ടറി പോലും കാണാതെ ആ ഫയൽ അങ്ങയുടെ അടുത്ത് വരുമ്പോൾ, എന്തുകൊണ്ട് ഇത് ചീഫ് സെക്രട്ടറിയെ കാണിച്ചില്ലെന്ന് ചോദിക്കാനുള്ള ധൈര്യം അങ്ങ് കാണിക്കേണ്ടതായിരുന്നു. ഇതിനർത്ഥം എവിടെയോ എന്തൊക്കെയോ നമ്മളൊന്നുമറിയാതെ കാര്യങ്ങൾ നടക്കുന്നുണ്ടെന്നുള്ളതാണ്. അത്തരം കാര്യങ്ങൾ ഒരിക്കലും കേരളത്തിൽ സംഭവിക്കാൻ പാടില്ല. നിങ്ങൾ ആ ഫയൽ നോക്കിയാൽ ഈ 14 പേജ് എഴുതിയതും ചീഫ് സെക്രട്ടറി കാണാതെ മുഖ്യമന്ത്രി ഒപ്പിട്ടതും ഒരു ദിവസമാണെന്ന് കാണാം. ഇതിനെക്കുറിച്ച് സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്, in some places some fluids have been used എന്നാണ്.

അതിലുള്ള ഓർഡർ നമ്പരുകൾ, പേജ് നമ്പരുകൾ എന്നിവയൊക്കെ വ്യത്യസ്തമാണെന്നാണ് പറയുന്നത്. അപ്പോൾ എന്തൊക്കെയോ അതിനകത്തുണ്ടെന്ന സംശയം സുപ്രീംകോടതിക്കുണ്ടായതുകൊണ്ടാണ് ഇങ്ങനെയൊരു വിധി വന്നത്. അങ്ങനെ സംഭവിക്കാൻ എന്തായിരുന്നു കാരണം എന്നന്വേഷിക്കാൻ മുഖ്യമന്ത്രി എന്ന നിലയ്ക്ക് അങ്ങേയ്ക്ക് ഉത്തരവാദിത്വമുണ്ട്. അത് അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥയാണ് ചെയ്തതെങ്കിൽ, ഉദ്യോഗസ്ഥർ രാഷ്ട്രീയ ആയുധങ്ങളായി മാറരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലെ കരുതിക്കൂട്ടിയുള്ള അനുസരണക്കേടിന്, ഒരു എൻജിനീയറെ ചീഫ് എൻജിനീയറാക്കണമെന്ന കോടതി വിധി നടപ്പിലാക്കാത്തതിന്റെ പേരിൽ വാസുദേവൻ എന്ന കർണ്ണാടകത്തിലെ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന് ഒരു മാസം തടവറയിൽ കിടക്കേണ്ടി വന്നിട്ടുണ്ടെന്ന കാര്യം ഇത്തരം ഉദ്യോഗസ്ഥർ ഓർക്കുന്നത് നന്നായിരിക്കും. ആരെങ്കിലും പറയുന്നതനുസരിച്ച് എഴുതിക്കൊടുക്കേണ്ട ചുമതലയല്ല ഉദ്യോഗസ്ഥർക്കുണ്ടാകേണ്ടത്.

ദിവസവും പോലീസിനെക്കുറിച്ചുള്ള വിഷയങ്ങൾ വരുന്നത് അങ്ങേയറ്റം ലജ്ജാകരമായിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകളുണ്ടായിട്ടുണ്ട്; കഴിഞ്ഞ എട്ടുമാസത്തിനുള്ളിൽ രാഷ്ട്രീയ കൊലപാതകങ്ങൾ - 18, ദളിത് പീഡനങ്ങൾ - 7200, ക്രിമിനൽ കേസുകൾ - 1,75,000, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം - 3200, ലഹരിമരുന്ന് കേസുകൾ - 4200, പീഡന കേസുകൾ - 1100. ഇത്തരം കേസുകളൊക്കെ ഇവിടെ നടക്കാനുള്ള കാരണം കേരളം അതിന് പാകപ്പെട്ട ഒരു സംസ്ഥാനമായി മാറുകയാണെന്നതുകൊണ്ടാണ്. എന്റെ സുഹൃത്ത് ശ്രീ. എം. സ്വരാജ്, ഡൽഹിയിൽ നിന്ന് ബണ്ടിചോർ ഇവിടെ വന്നുവെന്ന് പറഞ്ഞു. അത് ഇന്ത്യയിൽ നിന്നാണല്ലോ വന്നത്, കേരളം പറ്റിയ സ്ഥലമാണെന്ന് കണ്ടതിനാൽ ബണ്ടിചോർ വന്നു. പക്ഷേ വിദേശത്തുനിന്നും നോക്കിയപ്പോൾ അവിടെയും കണ്ടത് കേരളമാണ്; ഇപ്പോൾ പറ്റിയ സമയമാണെന്ന് മനസ്സിലാക്കിയാണ് ബൾഗേറിയയിൽ നിന്നും റുമാനിയയിൽ നിന്നും എ. ടി. എം. കവർച്ചയ്ക്ക് ആളുകൾ ഇവിടെ വന്നുതുടങ്ങിയത്. അതുകൊണ്ട് ഇപ്പോൾ കേരളം അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന സാഹചര്യത്തിലേയ്ക്കെത്തിച്ച നിങ്ങൾക്ക് എന്റെ നമോവാകം എന്നുമാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. എന്തുകൊണ്ടാണ് കോടതിക്ക് എല്ലാ കാര്യത്തിലും ഇടപെടേണ്ടി വരുന്നത്? എക്സിക്യൂട്ടീവ് ദുർബ്ബലമാകുമ്പോഴാണ് കോടതിക്ക് ഇടപെടേണ്ടി വരുന്നത്.

ശ്രീ. എം. സ്വരാജ്: സർ, വിദേശത്തുനിന്ന് വന്നവരെ ഇവിടെ പിടിച്ചു. ഡൽഹിയിൽ നിന്ന് വന്നവരെ നിങ്ങൾ പിടിച്ചില്ല, അതാണ് വ്യത്യാസം. മഹാരാഷ്ട്ര പോലീസാണ് നിങ്ങൾക്ക് പിടിച്ചുതന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംയുക്തമായിട്ടാണ് അന്ന് പിടിച്ചത്.

ഡോ. എം. കെ. മുനീർ: സർ, സംയുക്തമായിട്ടാണ് ഇത്തരം കേസുകളിലെ പ്രതികളെ പിടിക്കാറുള്ളത്.

ശ്രീ. എം. എം. മണിയുടെ വിഷയത്തിൽ കോടതി ചോദിച്ചത്, ഇത്തരം കാര്യങ്ങളിൽ കേസെടുക്കാൻ ഇവിടെയൊരു ഡി. ജി. പി. ഇല്ലേയെന്നാണ്. കോടതി വിധി വന്നു, ഡി. ജി. പി. ഇല്ലേ എന്ന് കോടതി ചോദിച്ച് അന്ത്യശാസനം കഴിഞ്ഞശേഷവും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എന്തോ വാക്കുപയോഗിച്ച് കൈകൊണ്ട് ആംഗ്യം കാണിച്ചത് ഞങ്ങൾ കണ്ടു. ആ വാക്ക് ഞാനിവിടെ പറയുന്നില്ല. അദ്ദേഹത്തിന് പാർട്ടിയിൽ ഇനിയെത്ര അന്ത്യശാസനം ബാക്കിയുണ്ടെന്ന് മാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. എന്ത് ചെയ്താലും അത് ശരിയാകുമെന്ന് തോന്നുന്നില്ല. കാരണം, ചില സാധനം കുഴലിലിട്ട് വച്ചാലും നേരെ നില്ക്കുമെന്ന് കരുതിയാലും അത് വളയുക തന്നെ ചെയ്യും. ആ അവസ്ഥ ഇനി ഇല്ലാതാക്കാൻ ശ്രമിക്കണം. '10 mm = 1 cm' എന്നൊരു കണക്കുണ്ട്.

10 എം. എം മണി കൂടിയാൽ മാത്രമേ ഒരു മുഖ്യമന്ത്രി ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് ഇങ്ങനെയുള്ള ആളുകളെ വച്ച് മന്ത്രിസഭ മുന്നോട്ടു കൊണ്ടുപോകുന്നത് ഗുണകര മാണോയെന്ന് അങ്ങ് പരിശോധിക്കണം. ഏതായാലും പോലീസ് കേസെടുക്ക ണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവടക്കം കത്ത് കൊടുത്തിട്ടും ഇതുവരെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എവിടെയുമെത്തിയിട്ടില്ല. അക്കാര്യത്തിലൊരു തീരുമാനം അടിയന്തരമായുണ്ടാകണം.

സി.പി.ഐ. പോലീസിനെതിരെ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളും സി.പി.ഐ.(എം)-നകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാര്യങ്ങളും കേൾക്കുമ്പോൾ മുൻ ഹോം സെക്രട്ടറി ശ്രീ. സാജൻ പീറ്റർ അദ്ദേഹത്തിന്റെ വാട്ട്സാപ്പ് പോസ്റ്റിൽ പറഞ്ഞ കാര്യമാണ് ഓർമ്മ വരുന്നത്. പണ്ട് യേശുക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ ഇരുവശത്തുമായി കുരിശിൽ രണ്ട് കള്ളന്മാരേയും കൂടി തറച്ചിരുന്നു. വലതുവശത്തുള്ള കള്ളന് മോക്ഷം കിട്ടി, ഇടതുവശത്തുള്ള കള്ളന് മോക്ഷം കിട്ടിയില്ലെന്ന് മാത്രമല്ല അദ്ദേഹം നിത്യനരകത്തിലേയ്ക്ക് പോയി എന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് ഇടത്ത് നിൽക്കുന്ന മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി നിത്യനരകത്തിലേയ്ക്ക് പോകാതെ മുഖ്യമന്ത്രി നോക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, പോലീസ്, ജയിലുകൾ എന്നീ വകുപ്പുകൾക്കു വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആദ്യം പറയാമെന്നാണ് കരുതിയത്. എന്നാൽ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ഡോ. എം. കെ. മുനീർ ശ്രീ. എം. എം. മണിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് പരാമർശിച്ച ശേഷം പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യം പറയാമെന്ന് കരുതുന്നു. ശ്രീ. എം. എം. മണിയെക്കാൾ ധാർമികമായ അവകാശം യു.ഡി.എഫ്.-നുണ്ടോയെന്ന് അപ്പുറത്തുള്ളവർ ആലോചിക്കണം. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി വിധിപ്രസ്താവന നടത്തിയ ജസ്റ്റിസ് അലക്സാണ്ടർ തോമസിനെ നീലത്തൊട്ടിയിൽ വീണ കുറുക്കനോട് ഉപമിച്ചയാളാണ് അപ്പുറത്തിരിക്കുന്നത്. അവസാനം സാഷ്ടാംഗം കാലുപിടിച്ച്, മാപ്പുപറഞ്ഞ് രക്ഷപ്പെട്ടു; അല്ലെങ്കിൽ ഇപ്പോൾ ജയിലിൽ കിടക്കുമായിരുന്നു. ഇന്നത്തെ ചർച്ച തുടങ്ങിയത് അദ്ദേഹമാണ്. സബ് ഇൻസ്പെക്ടറുടെ തൊപ്പി തെറിപ്പിക്കുമെന്ന് ആക്രോശിച്ച ശ്രീമതി ബിന്ദു കൃഷ്ണയെ ഡി. സി. സി. പ്രസിഡന്റാക്കി പ്രൊമോഷൻ കൊടുത്തു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പോലീസ് സ്റ്റേഷനിൽ കയറി എസ്.ഐ.-യുടെ കഴുത്തിന് കുത്തിപ്പിടിച്ചാണ് മണൽ മാഫിയയെ കോൺഗ്രസിന്റെ നേതാവായ സുധാകരൻ ഇറക്കിക്കൊണ്ട് പോയത്, അദ്ദേഹം കോൺഗ്രസിന്റെ നേതാവായി തുടരുകയാണ്. ജമീലാ ഇബ്രാഹിം പറഞ്ഞ പ്രസ്താവന ശ്രീ. എം. സ്വരാജ് നേരത്തേ പറഞ്ഞു. സി. പി. ഐ.(എം) പ്രവർത്തകനെ വെട്ടിനുറുക്കിക്കൊന്നത് ഡി.സി.സി. പ്രസിഡന്റിന്റെ നേതൃത്വ

ത്തിലാണെന്ന് പരസ്യമായി പ്രസംഗിച്ചയാൾ നേതാവായി തുടരുകയാണ്. അവരാണ് ശ്രീ. എം. എം. മണിയെക്കുറിച്ച് പ്രസംഗിക്കുന്നത്. ഇത് കേൾക്കുമ്പോൾ എനിക്കൊരു പഴയ കഥയാണ് ഓർമ്മ വരുന്നത്. കെ. കരുണാകരന്റെ ഭരണകാലത്ത് തങ്കമണിയിൽ വെടിവയ്പ്പും ബലാത്സംഗവും നടന്നു. അത് തെരഞ്ഞെടുപ്പിൽ ഞങ്ങൾ വലിയ പ്രചരണായുധമാക്കി. ആ വെടിവയ്പ്പിൽ കൊല്ലപ്പെട്ടത് കോഴിമല അവറാച്ചനാണ്. അന്ന് ഞങ്ങളുടെ ആരോപണങ്ങളെ പ്രതിരോധിക്കാനായി യു.ഡി.എഫ്. നേതാക്കൾ കോഴിമല അവറാച്ചന്റെ ഭാര്യയെ കൊണ്ടുവന്ന് മൈക്കിന് മുന്നിൽ നിർത്തി പ്രസംഗിപ്പിക്കാൻ തീരുമാനിച്ചു. ഇതിനുമുൻപ് ഒരിക്കലും അവർ മൈക്കിന് മുൻപിൽ നിന്ന് പ്രസംഗിച്ചിട്ടില്ല. അവിടെ വെടിവയ്പ്പും ബലാത്സംഗവും നടന്നില്ല എന്നുപറയാനാണ് ആ സ്ത്രീയെ കൊണ്ടുവന്ന് മൈക്കിന് മുന്നിൽ നിർത്തിയത്. ആൾക്കൂട്ടം കണ്ടപ്പോൾ അവർ പരിഭ്രമിച്ചു. അവരുടനെ പറഞ്ഞു എനിക്കിട്ടാരും വെടിയും വച്ചില്ല, അവറാച്ചനെയാരും ബലാത്സംഗവും ചെയ്തില്ല എന്ന്. അതുപോലെയായിരുന്നു ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗം. അദ്ദേഹത്തിന്റെ അവതരണമെല്ലാം കേട്ടപ്പോൾ കോഴിമല അവറാച്ചന്റെ ഭാര്യയെയും മണിച്ചിത്രത്താഴിലെ നാഗവല്ലിയെയുമാണ് എനിക്കോർമ്മ വന്നത്. മണിച്ചിത്രത്താഴിലെ നാഗവല്ലി പറയുന്നതുപോലെ ഉൻ രക്തത്തെ കുടിച്ച്, ഉന്നൈ കൊന്ന്, വിടമാട്ടെ എന്ന അദ്ദേഹത്തിന്റെ പ്രസംഗം വൈറലായി........(ബഹളം) ....... വൈറലായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ശ്രീ. എ. എം ആരിഫ്: സർ, വൈറലായി എന്നുപറഞ്ഞാൽ എന്താണ്; ....... (ബഹളം).......

മി. സ്പീക്കർ: പറയൂ, അദ്ദേഹം പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. അന്നത്തെ എന്റെ പ്രസംഗത്തിൽ ചില വാക്കുകളിൽ വ്യത്യാസമുണ്ടായി. ഷുഗർ ഡൗണായതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ആ സമയത്ത് ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ പ്രശ്നം അവിടെ അവസാനിക്കുമായിരുന്നു. പാർട്ടിയിൽനിന്ന് പുറത്താകുമെന്നുള്ളതു കൊണ്ട് സഭയിലെ മറ്റ് ചിലരുടെ പ്രസംഗത്തെക്കുറിച്ച് അദ്ദേഹത്തിന് പറയാൻ ധൈര്യമില്ല. വളരെ ക്രൂരമായി, ഒരാളിന്റെ ഷുഗർ ഡൗണായി നാക്ക് കുഴഞ്ഞു പോയാൽ അതുപോലും പ്രചരണമാക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തനത്തോട് ഞാൻ യോജിക്കുന്നില്ല. അത് സഭാരേഖകളിൽ നിന്നും അങ്ങ് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ പറഞ്ഞതും അദ്ദേഹം മനസ്സിലാക്കിയതും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

മി. സ്പീക്കർ: പ്രസംഗത്തിനിടയിലെ അദ്ദേഹത്തിന്റെ slip of tongue ആണ് അതെന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്ന് എനിക്കൊരു തുള്ളി വെള്ളം തരാൻ അങ്ങ് പറഞ്ഞിരുന്നെങ്കിൽ എന്റെ പ്രശ്നം തീരുമായിരുന്നു. ഡോക്ടറെ കണ്ട് പരിശോധന നടത്തിയിട്ടല്ല ഞാൻ രാവിലെ നിയമസഭയിൽ വരുന്നത്. ഞാൻ സഭയിൽ വന്നു, സംസാരിച്ചു, സംസാരസമയത്ത് എന്റെ നാവ് കുഴഞ്ഞു എന്നുള്ളത് സത്യമാണ്. ഞാനതിനെ എതിർക്കുന്നില്ല. അതിനെ ഒരു പ്രചരണായുധമാക്കാൻ നടത്തുന്ന ശ്രമത്തെയാണ് ഞാൻ എതിർക്കുന്നത്. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇത്രയും വിഷമമുണ്ടാകുമെന്ന് ഞാൻ കരുതിയില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാധാരണനിലയിൽ ഏറ്റവും നല്ല ഭാഷയിൽ സംസാരിക്കുന്ന ഒരാളാണ് ഡോ. എം. കെ. മുനീർ. വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. എം. എം. മണിയുമായി ബന്ധപ്പെട്ട് വാൽ കുഴലിലിട്ടാലും നേരെയാകില്ല എന്ന് അദ്ദേഹം പറഞ്ഞു. അത് പട്ടിയോടാണ് ഉപമിച്ചത്. (.........ബഹളം...............)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞതും ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞതും തമ്മിൽ എന്ത് ബന്ധമാണുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാര്യമല്ല ഞാൻ സൂചിപ്പിച്ചത്. സാധാരണനിലയിൽ സംസാരിക്കുന്ന സമയത്ത് ഈ രൂപത്തിലുള്ള ചില പരാമർശങ്ങൾ വരാറുണ്ട്. അതിനേക്കാളും ക്രൂരമായിട്ടുള്ള നാമവിശേഷണമാണ് ബഹുമാനപ്പെട്ട എം. കെ. മുനീർ വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെ നടത്തിയത്. ഡോ. എം. കെ. മുനീർ പറഞ്ഞതിന്റെ അർത്ഥം അതല്ലേ; സാധാരണനിലയിൽ ഡോ. എം. കെ. മുനീറിനെപ്പോലെയുള്ള ഒരാളുടെ വായിൽനിന്നും വരാവുന്ന പ്രയോഗമാണോ അത്? അദ്ദേഹവും മന്ത്രിയായിരുന്ന ആളല്ലേ? (.........ബഹളം...............)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...അങ്ങിരിക്കു...ശാരീരികമായ അസ്വസ്ഥതകൾമൂലമുണ്ടായ ഒരു നാവുപിഴവാണെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ദേശിച്ചത്. അതെല്ലാവരും മനസ്സിലാക്കുക.

ശ്രീ. എ. എം. ആരിഫ്: സർ, എന്റെ ആറ് മിനിറ്റ് നഷ്ടപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: സർ, ഡോ. എം. കെ. മുനീറിന്റെ നാവിനും എന്തെങ്കിലും അപകടം സംഭവിച്ചിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ അദ്ദേഹത്തെ കളിയാക്കിയതല്ല. അദ്ദേഹത്തിന്റെ ഭാവപ്രകടനം കണ്ടപ്പോൾ ഒരു സിനിമയിലെ കഥാപാത്രമായ നാഗവല്ലിയെ ഓർമ്മവന്നു എന്നുള്ളതുകൊണ്ടാണ് ഞാനങ്ങനെ പറഞ്ഞത്.

<u>മി. സ്പീക്കർ:</u> ബുദ്ധിമുട്ടുള്ളവർ സംസാരിക്കുമ്പോൾ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അത് പറയണം. അല്ലെങ്കിൽ അടുത്തിരിക്കുന്നവരെങ്കിലും പറയണം. രണ്ട് ദിവസം കഴിഞ്ഞ് പരാതിപ്പെട്ടിട്ട് കാര്യമില്ല.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, അങ്ങയെ വിഷമിപ്പിക്കാൻവേണ്ടി പറഞ്ഞതല്ല. വൈറലായി എന്നൊക്കെ പറഞ്ഞപ്പോൾ വേറെയെന്തോ ദുരുദ്ദേശത്തിൽ പറഞ്ഞതാണെന്നുള്ള അർത്ഥത്തിലാണ് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നത്. കേരളപ്പിറവി ദിനത്തിൽ ആദ്യ സർക്കാരിന്റെ അറുപതാം വാർഷികാഘോഷം നടക്കുന്ന വേളയിൽ ഇ.എം.എസ്. ഒഴികെയുള്ള മറ്റ് മഹത്‌വ്യക്തികളുടെയെല്ലാം സ്മൃതിമണ്ഡപങ്ങളിൽ പോയി പുഷ്പാർച്ചന നടത്തി. ശ്രീ. എം. എം. മണി മന്ത്രിസഭയിലുള്ളതുകൊണ്ട് അവർ ഇപ്പുറത്തുവന്ന് പുഷ്പാർച്ചന നടത്തിയില്ല. ശ്രീ. എം. എം. മണി പുഷ്പാർച്ചനയിൽ പങ്കെടുത്തില്ലെന്നാണ് എനിക്ക് തോന്നുന്നത്. പുഷ്പാർച്ചനയിൽനിന്നും വിട്ടുനിൽക്കാൻ നിങ്ങൾക്ക് സാമാന്യമര്യാദ വേണ്ടേ? ആദ്യ സർക്കാരിന്റെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.-ന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയാൽ നിങ്ങൾക്കെന്തെങ്കിലും സംഭവിക്കുമോ? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാരായ ജവഹർലാൽ നെഹ്റു, മഹാത്മാഗാന്ധി തുടങ്ങിയ മഹത്‌വ്യക്തികളുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയപ്പോൾ ഞങ്ങളെല്ലാവരും പങ്കെടുത്തു. അതിനുവരെ രാഷ്ട്രീയവിവേചനം കാണിക്കുന്ന, ധാർമ്മികതയോ, സദാചാര മര്യാദയോ ഇല്ലാത്തവരായി ഇവർ മാറി എന്നതിന്റെ സൂചനയാണിത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സെബാസ്റ്റ്യൻ പോളും നടത്തിയ പ്രസ്താവനകൾ ഡോ. എം. കെ. മുനീർ സൂചിപ്പിക്കുകയുണ്ടായി. ആരുടെ ഭരണകാലത്തായാലും ആഭ്യന്തര വകുപ്പിനെക്കുറിച്ച് സ്വാഭാവികമായും ചർച്ചകൾ നടക്കും. അടിയന്തരപ്രമേയത്തിലൂടെയും സബ്മിഷനുകളിലൂടെയുമായിരിക്കും ആഭ്യന്തര വകുപ്പിനെക്കുറിച്ച് ഏറ്റവും കൂടുതൽ ചർച്ചകൾ നടക്കുന്നത്. ഒന്നുകിൽ അതിക്രമം അല്ലെങ്കിൽ നിഷ്ക്രിയത്വം; ഇതാണ് സാധാരണ വരുന്ന ആക്ഷേപങ്ങൾ. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്നുള്ള തരത്തിലുള്ള പലതുമുണ്ടാകും. പോലീസും ജനങ്ങളെ സമീപിക്കുന്നത് അങ്ങനെയാണ്. വലതുകാൽ വച്ചാൽ പൊറുക്കാൻ വന്നതാണോ, താമസിക്കാൻ വന്നതാണോ എന്നും ഇടതുകാൽ വച്ചാൽ മുടിപ്പിക്കാൻ വന്നതാണോ എന്നുമൊക്കെ ചോദിക്കുന്ന വിധത്തിലുള്ള ചർച്ചകൾ സ്വാഭാവികമാണ്. ആ ചർച്ചകൾക്കപ്പുറമായി ഡോ. ടി. പി. സെൻകുമാറിന്റെ വിഷയമല്ലാതെ ഈ സർക്കാരിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ? ഇപ്പോൾ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് സഖാവ് പിണറായി വിജയനാണ്. കഴിഞ്ഞ പതിനഞ്ച് വർഷം അദ്ദേഹം പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ എന്തെല്ലാം കൽപ്പിത കഥകളാണ് നിങ്ങൾ അദ്ദേഹത്തെ കുറിച്ച് പറഞ്ഞത്? ഇല്ലാത്ത വീടിന്റെ വലിപ്പം കാണിച്ചും കുടുംബാംഗങ്ങളുടെ പേരുപറഞ്ഞുകൊണ്ടുള്ള ആക്രമണങ്ങളുമെല്ലാം തുടർന്നും ആക്ഷേപിച്ചും അവഹേളിച്ചും

ആക്രോശിച്ചും നടത്തിവരികയാണ്. അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനത്ത് കിട്ടിയപ്പോൾ കുറച്ചുകൂടി ആക്രമിക്കാനുള്ള ശ്രമം നടത്തി. ഇതല്ലാതെ മറ്റെന്തെങ്കിലും വിഷയങ്ങൾ ചർച്ചയിൽ ഉന്നയിക്കാൻ കഴിഞ്ഞോ? ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സഖാവ് പിണറായി വിജയന്റെ തലയ്ക്ക് ഒരു കോടി രൂപയാണ് വിലയിട്ടിരിക്കുന്നത്. ആക്രോശത്തിന്റെയും ആക്രമണത്തിന്റെയും രീതി അതുവരെ എത്തിനിൽക്കുകയാണ്. ഇഷ്ടങ്ങളോട് ഇഷ്ടവും അനിഷ്ടങ്ങളോട് മുഖം കറുപ്പിക്കുകയും ചെയ്യുന്നതാണ് സ്വഭാവിക മനുഷ്യപ്രകൃതി. അല്ലാതെ എല്ലാ കാപട്യങ്ങളും ഒളിപ്പിച്ചുവച്ച് അഭിനയിക്കാൻ സാധിക്കുന്ന രൂപത്തിൽ എല്ലാവർക്കും ഉമ്മൻ ചാണ്ടിമാരാകാൻ പറ്റില്ല. ഓരോരുത്തർക്കും അവരുടേതായ സ്വഭാവ സവിശേഷതകളുണ്ട്.

പോലീസ് രംഗത്തുണ്ടായ മാറ്റങ്ങൾ കാണാതെ പോകരുത്. ആ മാറ്റങ്ങൾ ചർച്ച ചെയ്യപ്പെടണം. പോലീസ് സ്റ്റേഷനുകളിൽ സി.ഐ.-മാർ ഹൗസ് ഓഫീസർമാരായി. 196 പോലീസ് സ്റ്റേഷനുകളിൽ മാറ്റമുണ്ടാകുന്നു. 2160 വനിതാ പോലീസ് തസ്തികകൾ സൃഷ്ടിച്ചതിലൂടെ വനിതാ പോലീസുകാരുടെ എണ്ണം 5884 ആയി ഉയരും. ഡിവൈ.എസ്.പി. മുതൽ സി.പി.ഒ. വരെയുള്ള തസ്തികകൾ സൃഷ്ടിക്കും. ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, ടെലികമ്മ്യൂണിക്കേഷൻ എന്നിവിടങ്ങളിലും വനിതകൾ വരുന്നു. അതുപോല വനിതാ പോലീസ് ബറ്റാലിയൻ വരുന്നു. അതൊരു ചെറിയ കാര്യമാണോ? ഗുണ്ടകളെ നേരിടാൻ പ്രത്യേക സ്ക്വാഡുകൾ ആരംഭിക്കാൻ പോകുന്നു; അതിനുവേണ്ടി പോലീസ് ആസ്ഥാനത്ത് ആറ് നോഡൽ ഓഫീസർ മാരുണ്ടാകുന്നു. സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡ് രൂപീകരിക്കാൻ പോകുന്നു. പോലീസിനെ സേനാ മാതൃകയിൽ പുനഃസംഘടിപ്പിക്കാനും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കാനും നടപടികൾ സ്വീകരിക്കും. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പോലീസിന്റെ മുന്നേറ്റം തുടങ്ങി ഓരോ രംഗത്തും മാറ്റങ്ങളുണ്ടാകുകയാണ്. ആ മാറ്റങ്ങൾ കാണാതെ പോകുന്നത് ശരിയാണോ? ഇതെല്ലാമാണ് പോലീസ് രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ. കേസ്സന്വേഷണവും പോലീസ് നടത്തിയിട്ടുള്ള വിപ്ലവകരമായ കണ്ടുപിടിത്തങ്ങളും പ്രതികളെ പിടിച്ച കാര്യങ്ങളുമെല്ലാം ശ്രീ. എം. സ്വരാജ് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ കാലത്ത് നടന്ന സംഭവങ്ങളൊന്നും ഇപ്പോഴില്ല. എരിവ്, പുളി, മസാല, സെക്സ്, സ്റ്റണ്ട് തുടങ്ങിയവയെല്ലാം അക്കാലത്തുണ്ടായിരുന്നു, ഇവർ പറയുന്നതു കേട്ടാൽ അവരുടെ കാലത്ത് ഐ.പി.എസ്-കാരാരും സർക്കാരിനെതിരെ പരാതി കൊടുത്തിട്ടില്ലെന്ന് തോന്നും. നിയമസഭയിലെ ചോദ്യോത്തരവേളയിൽ എത്രയോ പരാതികളാണ് അവരുടെ കാലത്തുണ്ടായിട്ടുള്ളത്. മുൻ എം.എൽ.എ., ശ്രീമതി കെ. എസ്. സലീഖയുടെ 17-12-2015-ലെ ചോദ്യം, "ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ടിടത്ത് എ.ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഡി.ജി.പി. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും പരാതി നൽകി; ഇതിന്മേൽ എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?" അതിന് ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടി, "ഐ.പി.എസ്. കേഡർ റൂൾപ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും ശ്രീ. ഋഷിരാജ് സിംഗ്, ഐ.പി.എസ്.-നെ

പ്രിസൺ ഡയറക്ടർ ജനറലായും ശ്രീ. ലോക്നാഥ് ബെഹ്റയെ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലായും മാറ്റി നിയമിച്ചതിൽ പ്രസ്തുത ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്ക് പരാതി നൽകുകയുണ്ടായി" എന്നാണ്. ഈ ഉദ്യോഗസ്ഥരെല്ലാം കേസ്സിന് പോയിരുന്നെങ്കിൽ വിധി എങ്ങനെയാകുമായിരുന്നു? മറ്റൊന്ന്, ശ്രീമതി കെ. എസ്. സലീഖയുടെ 16-2-2016-ലെ ചോദ്യം. "ഈ സർക്കാരിന്റെ കാലയളവിൽ ഐ.പി.എസ്. ഓഫീസർമാരുടെ സ്ഥലംമാറ്റ ഉത്തരവുകളിൽ എത്രയെണ്ണം കോടതി/സർക്കാർ തലങ്ങളിലും വ്യക്തിപരമായും ചോദ്യം ചെയ്യപ്പെട്ടു. വിശദാംശം ലഭ്യമാക്കാമോ?" ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടി, "ഈ കാലയളവിൽ ശ്രീമതി ഉമ, ഐ.പി.എസ്., ശ്രീമതി എസ്. അജിതാ ബീഗം, ഐ.പി.എസ്., ശ്രീമതി ഗുപ്ത ഉമ്ദ് ആദിത്യ, ഐ.പി.എസ്., ശ്രീ. എച്ച്. മഞ്ചുനാഥ്, ഐ.പി.എസ്. എന്നിവർ 15-2-2014-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം ബഞ്ച് മുമ്പാകെ ഒ.എ. ഇത്രാം നമ്പർ കേസ്സിൽ സ്റ്റേറ്റ്മെന്റ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ അന്തിമ വിധി ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടില്ല. ഇത്തരത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരുകളിൽ എത്ര കേസ്സുകളാണ് ഉണ്ടായിട്ടുള്ളത്? ഇതൊന്നും ആദ്യമായി നടക്കുന്ന സംഭവമല്ല. ഏതോ ഒരുദ്യോഗസ്ഥൻ വിധി സമ്പാദിച്ചതുകൊണ്ട് അതാണ് സർവ്വവുമെന്ന് പറഞ്ഞല്ലേ ഇവിടെ ചർച്ച ചെയ്യുന്നത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. ഡോ. ടി. പി. സെൻകുമാറിനെ കുറിച്ച് കോടതി എത്ര തവണ ഏതെല്ലാം വിധി പറഞ്ഞിട്ടുണ്ടെന്ന കാര്യത്തിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ഇത്തരത്തിൽ നിങ്ങൾ പറയുന്നതുപോലെ ഏതെല്ലാം കേസ്സുകളുണ്ട്. ശ്രീ. പി. ടി.എ. റഹീം അതിന്റെ കണക്കുകൾ പറഞ്ഞതാണ്. 'യു.എ.പി.എ.' കേസ് ഏറ്റവും അധികമെടുത്തത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്തല്ലേ? യു.ഡി.എഫ്. സർക്കാർ 'കാപ്പ'യും 'യു.എ.പി.എ.'-യും ചുമത്തിയതുമായി ബന്ധപ്പെട്ട പല കേസുകളും കോടതി റദ്ദ് ചെയ്തിട്ടില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. റ്റി. വി. രാജേഷ് തുടങ്ങിയവരുടെ ചോദ്യമായ" ഈ സർക്കാർ കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച എത്ര കരുതൽ തടങ്കൽ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ" എന്നതിന് അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടി "ഈ സർക്കാരിന്റെ കാലത്ത് കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച 94 കരുതൽ തടങ്കൽ ഉത്തരവുകളും 21 സഞ്ചലന നിയന്ത്രണ ഉത്തരവുകളും കോടതി റദ്ദ് ചെയ്തിട്ടുണ്ട്" എന്നാണ്. ഇതെല്ലാം യു.ഡി.എഫ്.-ന്റെ കാലത്ത് നടന്ന കാര്യങ്ങളാണ്. 8-2-2016-ൽ ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. എം. ഉമ്മർ തുടങ്ങിയവരുടെ ചോദ്യമായ "സംസ്ഥാനത്ത് ഉന്നതരായ പോലീസുദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ടോ" എന്നതിന് "സംസ്ഥാനത്ത് ഉന്നതരായ പോലീസുദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്" എന്നായിരുന്നു മറുപടി. രജിസ്റ്റർ ചെയ്യുന്നതിലും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിലും വിവേചനപരമായ പരിഗണന ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അന്നത്തെ ഭരണപക്ഷത്തുള്ളവർക്കുതന്നെ ചോദിക്കേണ്ടിവന്നു. സമയക്കുറവുമൂലം ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പോലീസ് റാങ്കിംഗുണ്ടായിരുന്നു. പോലീസ് റാങ്കിംഗുമായി ബന്ധപ്പെട്ട്, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ 2013, 2014, 2015 വർഷങ്ങളിലെ റിപ്പോർട്ടുപ്രകാരം താഴെപ്പറയുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം എത്രാം സ്ഥാനത്താണ്, ഓരോ കുറ്റകൃത്യങ്ങളുടെയും ആകെ എണ്ണമെത്ര തുടങ്ങിയ ശ്രീ. ഇ. പി. ജയരാജന്റെ ചോദ്യങ്ങൾക്ക് 2014-ൽ 7 സ്റ്റേറ്റിലുള്ള കുറ്റകൃത്യങ്ങളിൽ, അതായത് IPC 121, 122, 123, 124 എന്നിവ ചേർത്ത് കേരളം 8-ാം സ്ഥാനത്തും കൊലപാതക കേസ്സുകളുമായി ബന്ധപ്പെട്ട് 17-ാം സ്ഥാനത്തും ആണെന്നായിരുന്നു മറുപടി. ഇങ്ങനെ നോക്കിയാൽ യു.ഡി.എഫ്. ഭരണകാലത്ത് കേരളം എന്നെങ്കിലും ഒന്നാം സ്ഥാനത്ത് വന്നിട്ടുണ്ടോ? 2010-ൽ എൽ.ഡി.എഫ്. ഭരണം കഴിയുമ്പോൾ ശ്രീ. പ്രണബ് കുമാർ മുഖർജിയാണ് ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഡൽഹിയിൽ വച്ച് നൽകിയത്. അത് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടേതാണ്. ഞാൻ എന്റെ കയ്യിലുള്ള രേഖകൾ മേശപ്പുറത്ത് വയ്ക്കാം. ശ്രീ. രമേശ് ചെന്നിത്തല 16-2-2016-ൽ രേഖാമൂലം നൽകിയ മറുപടിയാണ് ഞാൻ ഉദ്ധരിക്കുന്നത്. ഇതാണ് നിങ്ങളുടെ ബാലൻസ് ഷീറ്റ്. ഉദ്യോഗസ്ഥരുടെ മാറ്റവുമായി ബന്ധപ്പെട്ട് 8-2-2016-ലെ ശ്രീ. മുല്ലക്കര രത്നാകരന്റെ ചോദ്യമുണ്ട്. അഞ്ച് കൊല്ലത്തിനിടയിൽ 6 വിജിലൻസ് ഡയറക്ടർമാരെയാണ് മാറ്റിയത്. എവിടെ നിന്നെങ്കിലും ഒരു ചെടിക്കമ്പ് കിട്ടിയാൽ അത് മുറ്റത്ത് നട്ടുവയ്ക്കുകയും അടുത്ത ദിവസം വേര് വന്നോയെന്ന് പറിച്ചുനോക്കുകയും ചെയ്യുന്നത് കൊച്ചുകുട്ടികളുടെ തമാശയാണ്. ആരൊക്കെയാണ് അന്നത്തെ വിജിലൻസ് ഡയറക്ടർമാർ; (1) ശ്രീ. ഡെസ്മണ്ട് നെറ്റോ, (2) ശ്രീ. ശങ്കര റെഡ്ഡി, (3) ശ്രീ. വേണുഗോപാൽ കെ. നായർ. (4) ശ്രീമതി ആർ. ശ്രീലേഖ, (5) ശ്രീ. മഹേഷ് കുമാർ സിംഗ്ല, (6) വിൻസൺ എം. പോൾ, (7) ശ്രീ. ശങ്കർ റെഡ്ഡി. ഇത്തരത്തിൽ മാറിമാറി വിജിലൻസ് ഡയറക്ടർമാരെ നിയമിച്ചവരാണ് ഇന്ന് ഗിരിപ്രഭാഷണം നടത്തുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് എത്ര വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകളും എന്റെ കയ്യിലുണ്ട്. 16-2-2016-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിനുള്ള മറുപടിയിൽ അന്നത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിച്ച 4 വിജിലൻസ് കേസ്സുകളുടെ വിശദാംശങ്ങൾ പറയുന്നുണ്ട്. ആരൊക്കെയോ പണം മോഷ്ടിച്ച കേസ്സുമായി ബന്ധപ്പെട്ട് പ്രതികളെ വിട്ടയച്ചതിന്റെ വിവരങ്ങളാണ് കാണിക്കുന്നത്. അന്ന് ഇതൊന്നും ചർച്ച ചെയ്തില്ല. കാരണം അന്ന് ചർച്ച ചെയ്യാൻ മറ്റ് വിഷയങ്ങളുണ്ടായിരുന്നു. മസാലയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ആരെങ്കിലും ഇതൊക്കെ ചർച്ച ചെയ്യുമോ? ഇതൊക്കെയാണ് നിങ്ങളുടെ ഭരണകാലത്ത് നടന്നിട്ടുള്ളത്.

ഡോ. എം. കെ. മുനീർ നേരത്തെ ചില കണക്കുകൾ പറഞ്ഞു. എന്റെ കയ്യിലുള്ളത് സഭാരേഖയാണ്. അദ്ദേഹം പറഞ്ഞ കണക്കുമായി ഇത് പൊരുത്തപ്പെടുന്നില്ല. 1-1-2014 മുതൽ 24-5-2016 വരെയുള്ള കണക്കുപ്രകാരം കൊലപാതകങ്ങൾ 817-ഉം കൊലപാതക ശ്രമം 1563-ഉം ബലാത്സംഗം 3214-ഉം സ്ത്രീധന പീഡന മരണം 37-ഉം റേപ്പും പോക്സോ പ്രകാരമുള്ള കേസ്സുകളും ഉൾപ്പെടെ 14708-ഉം ആണെന്നാണ് സഭാരേഖയിലുള്ളത്. ഡോ. എം. കെ. മുനീർ ഉദ്ധരിച്ച കണക്കുകൾ ശരിയല്ല. നിങ്ങളുണ്ടാക്കിയ റിക്കോർഡുകൾ ആരുവിചാരിച്ചാലും തകർക്കാൻ കഴിയില്ല.

കോടതി പരാമർശങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സർക്കാർ എന്താണ് സോളാർ കേസ്സിൽ മറയ്ക്കാൻ ശ്രമിക്കുന്നതെന്നാണ് 2013 ജൂലൈ 23-ന് കോടതി ചോദിച്ചത്. സോളാർ തട്ടിപ്പ് പുറത്തുവന്നില്ലായിരുന്നെങ്കിൽ എ. ഫിറോസ് തട്ടിപ്പ് ഇപ്പോഴും പുറത്തുവരില്ലായിരുന്നുവെന്ന് ഹൈക്കോടതി പരാമർശിച്ചു. സലീം രാജിനെ ഡി.ജി.പി.-ക്ക് ഭയമാണോയെന്ന് 2013 ഒക്ടോബർ 1-ന് കോടതി ചോദിച്ചു. കോൺസ്റ്റബിളിനെ പേടിച്ച് ജനം ജീവിക്കേണ്ട അവസ്ഥയാണ്, സോളാർ തട്ടിപ്പ് കേസ് ഒത്തുതീർപ്പാക്കാൻ ആരാണ് പണം നൽകിയത് തുടങ്ങിയ പരാമർശങ്ങളുമുണ്ട്. പോലീസ് നിഷ്ക്രിയമെന്ന് 2013 ഡിസംബർ 4-ന് ഹൈക്കോടതി പരാമർശിച്ചു. പല കേസ്സുകളിലും പോലീസ് നിഷ്ക്രിയമാണെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് പരാജയമാണെന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. ഇങ്ങനെയുള്ള വിധി സമ്പാദിച്ചിട്ടുള്ളവരാണ് ഇപ്പോൾ സംസാരിക്കുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.. കൺക്ലൂഡ്.........5 മിനിട്ട് അധികമായി.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഇന്ന് രാവിലെ പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെക്കുറിച്ച് ചർച്ച ചെയ്തു. വെടിക്കെട്ട് നടത്താൻ ആരാണ് ലൈസൻസ് കൊടുത്തത്, അതിന് പിന്നിൽ ആരാണ് പ്രവർത്തിച്ചത്? എന്തെങ്കിലും നടപടി സ്വീകരിച്ചോ? നിങ്ങളുടെ ഭരണത്തിൻകീഴിൽ നടമാടിയിട്ടുള്ള കാര്യങ്ങൾ പറയാൻ ധാരാളമുണ്ട്. നിങ്ങളുണ്ടാക്കിവച്ച എല്ലാ കെടുതികളിൽ നിന്നും ദുഷ്പേരിൽ നിന്നും കേരള പോലീസിനെ സംരക്ഷിച്ച് നല്ല രീതിയിൽ മുന്നോട്ട് നയിക്കാനുള്ള പരിശ്രമമാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടക്കുന്നത്. നിങ്ങൾ എന്തെല്ലാം വാർത്തകൾ ചമയ്ക്കാൻ ശ്രമിച്ചാലും അതിനെയെല്ലാം അതിജീവിച്ച് ഈ സർക്കാർ മുന്നോട്ടുപോവുകയും നാടിന്റെ സംരക്ഷകരായി തീരുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ വിശ്വാസമർപ്പിച്ചതിന്റെ മുന്നേറ്റമാണ് നടക്കുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയം പോലീസ് റിഫോംസ്, പോലീസിന്റെ പ്രവർത്തനങ്ങൾ, നിയമനങ്ങൾ എന്നിവയെക്കുറിച്ചാണ്. സമീപകാലത്ത് ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ വന്നതിനുശേഷം ഡി.ജി.പി.-യെ മാറ്റിയ നടപടി, പഞ്ചാബിൽ പ്രകാശ് സിംഗ് ബാദൽ സർക്കാർ ഡി.ജി.പി.-യെ തുടരാൻ അനുവദിച്ച നടപടി, മധ്യപ്രദേശ് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിലെ ഡി.ജി.പി.-മാരുടെ നിയമനങ്ങൾ എന്നിവ സുപ്രീംകോടതി വിധിക്കുവേണ്ടി കാത്തുനിൽക്കുന്ന സന്ദർഭമാണിത്. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും സുപ്രധാന വിധിയായിരുന്നു Prakash Sing and Others V/s. Union of India and Others. ആ വിധിയിലാണ് ഏറ്റവും സുപ്രധാനമായ നിർദ്ദേശങ്ങൾ സുപ്രീംകോടതി മുന്നോട്ടുവയ്ക്കുന്നത്. സുപ്രീംകോടതിക്ക് അതിന് അധികാരമുണ്ടോയെന്ന് ചിലർ ഇവിടെ ചോദിക്കുകയുണ്ടായി. ഭരണഘടനയുടെ

32-ാം വകുപ്പ്- Right of Constitutional Remedies, 142-ാം വകുപ്പ് പ്രകാരം 'The Supreme Court shall have power to issue directions or orders or writs, including writs in the nature of habeas corpus, mandamus, prohibition, quo warranto etc'. ഭരണഘടനയുടെ 32, 142 എന്നീ സെക്ഷൻസ് അനുസരിച്ച് സുപ്രീംകോടതിക്ക് ഇടപെടാനുള്ള അധികാരമുണ്ട്. ആ അധികാരം ഉയർത്തിപ്പിടിച്ചു കൊണ്ടാണ് പ്രകാശ് സിംഗ് കേസിൽ സുപ്രധാനമായ വിധിയുണ്ടാകുന്നത്. ഇൻഡ്യയിലെ പോലീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (ബി.പി.ആർ.എൻ.ഡി.) 1977-ൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഒരു ഡെസനിലേറെ പോലീസ് റിഫോംസ് കമ്മീഷൻ റിപ്പോർട്ടുകൾ നമ്മുടെ രാജ്യത്തുണ്ട്. ഏറ്റവും സുപ്രധാനമായ പ്രകാശ് സിംഗ് കേസിലെ വിധിപ്രകാരം സെക്യൂരിറ്റി കമ്മീഷനുണ്ടാകണം, അതോടൊപ്പം തന്നെ പോലീസിന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റവുമുണ്ടാകണം. പോലീസ് നിയമനങ്ങളിലും പോലീസിന്റെ പ്രവർത്തനങ്ങളിലും excessive control of the executive എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. രാജ്യത്ത് വിവിധ ഭരണകൂടങ്ങൾ നിലവിൽവരും, ജനങ്ങൾ പുതിയ സർക്കാരുകളെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്യും. അങ്ങനെ അധികാരത്തിൽ വരുന്ന സർക്കാരുകളുടെ ഇച്ഛാശക്തിക്കനുസരിച്ചുമാത്രം പ്രവർത്തിക്കുന്ന പോലീസ് സംവിധാനം നിലവിൽ വന്നുകഴിഞ്ഞാൽ ലാ ആന്റ് ഓർഡർ, അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് എന്നിവ ഫലപ്രദമായി നടപ്പാക്കാൻ കഴിയുമോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. ഇതൊരു വിശദമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട കാര്യമായതുകൊണ്ട് ഞാനതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. ഇൻഡ്യയിലൊട്ടാകെയുള്ള പോലീസ് സംവിധാനം, കേരളത്തിലെ പോലീസ് സംവിധാനം, എല്ലാ വ്യക്തികൾക്കും എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പുവരുത്താൻ ബാധ്യസ്ഥമായ പോലീസ് സംവിധാനം, ഐ.പി.സി., സി.ആർ.പി.സി., കോടതി വിധികൾ എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട പോലീസ്, പക്ഷപാതപരമായ പെരുമാറ്റങ്ങൾ ഭരണമാറ്റത്തിനനുസരിച്ചുണ്ടായാൽ അതിലൂടെ നിഷേധിക്കപ്പെടുന്നത് സാധാരണ ജനങ്ങളുടെ നീതിയും തുല്യ അവസരവുമാണ്. കേരളത്തിൽ കഴിഞ്ഞ പതിനൊന്ന് മാസക്കാലത്തെ പോലീസ് ഭരണത്തെപ്പറ്റിയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. പോലീസിന്റെ ഭരണത്തെ സംബന്ധിച്ച വിവാദങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷെ അതിൽ സർക്കാർ സ്വീകരിക്കുന്ന നടപടികളാണ് ഏറ്റവും പ്രധാനം. കുറ്റകൃത്യങ്ങളില്ലാത്ത ഒരു സമൂഹം ലോകത്തെവിടെയുമില്ല. കുറ്റകൃത്യങ്ങളുണ്ടാകുമ്പോൾ അതിനെ എങ്ങനെ തടയാൻ കഴിയുമെന്നുള്ളതാണ് പ്രധാനം. കേരളത്തിലെ പോലീസ് സംവിധാനമാകെ തകരാറിലായിരിക്കുന്നുവെന്നാണ് വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്. ഇൻഡ്യയിലെ പോലീസിന് മാതൃകയാണ് കേരള പോലീസ്. അതിസമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരാണ് കേരള പോലീസിലുള്ളത്. ആ സാമർത്ഥ്യത്തെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നുണ്ടോ? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരു കാര്യത്തിൽ അഭിനന്ദിക്കുന്നു. അദ്ദേഹം അധികാരമേറ്റെടുത്തശേഷം കേരളത്തിലെ 18 പോലീസ് ജില്ലകളിൽ മിടുമിടുക്കരും ചുണക്കുട്ടികളുമായ ഡയറക്ട് ഐ.പി.എസ്. ഉദ്യോഗസ്ഥരെ എസ്.പി.-മാരായി നിയമിച്ചു. ഞങ്ങളുടെ കാലത്തുണ്ടായിരുന്നവരെ

മാറ്റിയാണ് അദ്ദേഹം നിയമിച്ചത്. എനിക്കത് നല്ല നടപടിയായിട്ടാണ് തോന്നിയത്. പക്ഷെ മൂന്നമാസം കഴിഞ്ഞപ്പോൾ ചെറുപ്പക്കാരായ മുഴവൻ ഐ.പി.എസ്.-കാരെയും മാറ്റി പ്രൊമോട്ടികളായ 18 പോലീസ് ഉദ്യോഗസ്ഥരെ ജില്ലകളിൽ നിയോഗിച്ചുവെന്നുള്ളത് അങ്ങയുടെ താളം തെറ്റിയ ആദ്യത്തെ നടപടിയായിരുന്നു. നോൺ കേഡർ പോസ്റ്റിലുള്ള പ്രൊമോട്ടികളായ ഐ.പി.എസ്. ഉദ്യോഗസ്ഥരെ ജില്ലാ പോലീസ് സൂപ്രണ്ടുമാരായി നിയമിച്ചപ്പോൾ, അവിടെ തുടങ്ങിയതാണ് അങ്ങയുടെ താളപ്പിഴ. മുൻ ആഭ്യന്തര മന്ത്രിയെന്നുള്ള നിലയിൽ ഞാനാദ്യം അതെല്ലാം സാകൂതം വീക്ഷിക്കുകയായിരുന്നു. ആദ്യത്തെ മൂന്നമാസക്കാലം ഡയറക്ട് ഐ.പി.എസ്.-കാരെ അങ്ങ് നിയമിച്ചപ്പോൾ കേരളത്തിൽ കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും സാമൂഹ്യ വിരുദ്ധരും വർദ്ധിച്ചിരുന്നില്ല. പക്ഷെ, പോലീസിനെ രാഷ്ട്രീയവത്കരിക്കാൻ അങ്ങ് നീക്കമാരംഭിച്ചു, പോലീസിന്റെ രാഷ്ട്രീയവത്കരണം തുടങ്ങിയതിനുശേഷമാണ്, 18 പോലീസ് ജില്ലകളിൽ ഭൂരിപക്ഷം സ്ഥലത്തും പ്രൊമോട്ടികളായ ഐ.പി.എസ്. ഉദ്യോഗസ്ഥരെ അങ്ങ് നിയമിച്ചപ്പോഴാണ് കേരളത്തിലെ ക്രമസമാധാനനില അവതാളത്തിലായത് എന്നുള്ളതാണ് യാഥാർത്ഥ്യം. രാഷ്ട്രീയ കക്ഷികളാണ് ഇലക്ഷനിൽ മത്സരിക്കുന്നത്. നമുക്കൊക്കെ രാഷ്ട്രീയമുണ്ട്. ഒരു സർക്കാർ അധികാരത്തിൽ വന്നാൽ പാർട്ടിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടിവരും; ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, രാഷ്ട്രീയ താൽപ്പര്യങ്ങൾക്കപ്പുറത്ത് നീതി ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം പോലീസിനും ആഭ്യന്തര വകുപ്പിനും ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രിക്കും മുഖ്യമന്ത്രിക്കുമുണ്ട്. അവിടെയാണ് അങ്ങേയ്ക്ക് പാളിയത്. മിടുക്കന്മാരായ ജില്ലാ പോലീസ് സൂപ്രണ്ടുമാരെ മാറ്റിയപ്പോൾ കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളായി. വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, സ്ത്രീ പീഡനങ്ങൾ, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, മോഷണങ്ങൾ, കൊള്ള, പിടിച്ചുപറി എന്നിവ വർദ്ധിച്ചു. ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെയുള്ള അക്രമം 10818, പീഡന കേസുകൾ 1232, കൊല്ലപ്പെട്ട സ്ത്രീകൾ 84, പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഡിപ്പിച്ച കേസുകൾ 696, രാഷ്ട്രീയ കൊലപാതകങ്ങൾ 15, കസ്റ്റഡി മരണങ്ങൾ 5 എന്നിങ്ങനെയാണ് കണക്ക്. പോലീസ് അതിക്രമങ്ങളുടെ കഥകൾ എന്നുമെന്നും കേരളത്തിൽ വിവാദങ്ങളുണ്ടാക്കിയിട്ടുണ്ട്. പിഞ്ചു കുഞ്ഞുങ്ങൾവരെ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെടുകയാണ്. സ്ത്രീ പീഡനങ്ങളിലെല്ലാം കേസ് അട്ടിമറിക്കാൻ പോലീസ് ശ്രമിക്കുന്നുവെന്നുള്ള പരാതികൾ വ്യാപകമാണ്. വാളയാറിൽ രണ്ട് സ്കൂൾ വിദ്യാർത്ഥിനികൾ പീഡനത്തിനിരയായി കൊല്ലപ്പെട്ട കേസിൽ പോലീസിന് വീഴ്ചയുണ്ടായതിനെത്തുടർന്ന് എസ്.ഐ.-യെ സസ്പെൻഡ് ചെയ്തു. കുണ്ടറ പീഡന കേസിലും കേസ് അട്ടിമറിക്കാൻ പോലീസ് ശ്രമിച്ചു. ജിഷ്ണു കേസിൽ ഗുരുതരമായ പിഴവ് പോലീസിന് സംഭവിച്ചു; തെളിവുകൾ തുടക്കത്തിൽത്തന്നെ നശിപ്പിക്കാൻ പോലീസ് കൂട്ടുനിന്നു. ദുർബലമായ വകുപ്പുകൾ ഉപയോഗിച്ചതിലൂടെയാണ് പ്രതികൾക്ക് ജാമ്യം കിട്ടിയത്. നീതി തേടിയെത്തിയ ജിഷ്ണുവിന്റെ അമ്മയെ ഡി.ജി.പി.-യുടെ ഓഫീസിനുമുന്നിൽ പോലീസ് വലിച്ചിഴച്ചു. കൊച്ചി മറൈൻ ഡ്രൈവിൽ ശിവസേനക്കാർ സദാചാര ഗുണ്ടായിസം നടപ്പാക്കി. ആൺകുട്ടികളെയും പെൺകുട്ടികളെയും പോലീസ് അടിച്ചോടിക്കുകയുണ്ടായി. ഈ പതിനൊന്ന് മാസത്തെ ഭരണത്തിനിടയിൽ സംസ്ഥാനത്തെ ക്രമസമാധാനനില അനുദിനം വഷളായി എന്നുള്ളതിന്റെ മറ്റൊരു ദൃഷ്ടാന്തമാണ് വീഴ്ച പറ്റിയെന്ന് മുഖ്യമന്ത്രി സമ്മതിച്ച കേസുകൾ. അതിലൊന്ന്,

എറണാകുളം മറൈൻ ഡ്രൈവിൽ ശിവസേനക്കാർ സദാചാര ഗുണ്ടകളായി അഴിഞ്ഞാടിയപ്പോൾ പോലീസ് കാഴ്ചക്കാരായി നോക്കി നിന്നത് തെറ്റായിപ്പോയെന്ന് മുഖ്യമന്ത്രി പറഞ്ഞു. നടി പീഡിപ്പിക്കപ്പെട്ട കേസിൽ പ്രതിയെ രക്ഷപ്പെടുത്താൻ അനുവദിച്ചുകൊണ്ട് പോലീസ് അനാസ്ഥ കാട്ടിയ സംഭവത്തിൽ ഗൂഢാലോചനയില്ലെന്ന് മുഖ്യമന്ത്രി തുടക്കത്തിൽ പ്രഖ്യാപിച്ചു. വാളയാറിൽ സഹോദരിമാരായ പിഞ്ചുകുഞ്ഞുങ്ങൾ പീഡനത്തിനിരയായ കേസിൽ പോലീസിന് വീഴ്ച സംഭവിച്ചു, എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. കുണ്ടറയിൽ മുത്തച്ഛൻ പേരക്കുട്ടിയെ പീഡിപ്പിച്ച കേസന്വേഷണത്തിൽ പോലീസിന് ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന് അങ്ങ് സമ്മതിച്ചു. സി.എ. വിദ്യാർത്ഥിനി മിഷേൽ ഷാജിയെ കാണാതായ ദിവസം അച്ഛൻ പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ എസ്.ഐ. ഇല്ലാത്തതുകൊണ്ട് കേസ്സെടുക്കാൻ കഴിയില്ലെന്നാണ് പോലീസ് പറഞ്ഞത്. മിസ്സിംഗ് കേസുകളിൽ അപ്പോൾത്തന്നെ കേസ്സെടുക്കണമെന്നാണ് നിയമം. അത് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് സമ്മതിക്കേണ്ടിവന്നു. കൊച്ചിയിൽ കടൽത്തീരത്ത് വിശ്രമിക്കാനെത്തിയ സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറിയേയും കുടുംബത്തെയും പോലീസ് ആക്രമിച്ചു. അതിനെതിരെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയ പ്രസംഗം ഞാനിവിടെ വായിക്കുന്നില്ല. ഗുരുതരമായ നിലയിലാണ് പോലീസിനെ അദ്ദേഹം വിമർശിച്ചത്. നിലമ്പൂരിൽ മാധ്യമ പ്രവർത്തകയെയും സഹോദരനെയും സദാചാരഗുണ്ടകൾ ആക്രമിച്ചു. പരാതിയുമായി എത്തിയപ്പോൾ ബലാത്സംഗം നടന്നിട്ടുണ്ടെങ്കിൽ കേസ്സെടുക്കാമെന്നാണ് എസ്. ഐ. പറഞ്ഞത്. തിരുവനന്തപുരത്ത് കനകക്കുന്നിലും പോലീസ് സദാചാര ഗുണ്ടകളായി മാറി. സദാചാരഗുണ്ടകൾ അഴിഞ്ഞാടിയ ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ പതിനൊന്നുമാസക്കാലമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. രാഷ്ട്രീയപാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ കടന്നുകയറുന്നത് തെറ്റാണെന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞു. പൊൻകുന്നത്ത് സ്റ്റേഷൻ ആക്രമണം നടത്തിയതും പത്തനംതിട്ടയിലെ പോലീസ് സ്റ്റേഷൻ അതിക്രമങ്ങൾ നടത്തിയതും ഡി.വൈ.എഫ്.ഐ. പ്രവർത്തകരായിരുന്നു. കണ്ണൂർ ജില്ലാസെക്രട്ടറി പയ്യന്നൂർ സി.ഐ. ഓഫീസിനകത്തുകയറി പ്രസംഗിച്ചതും കൂത്തുപറമ്പിലെ പോലീസ് സ്റ്റേഷനകത്തുണ്ടായ സംഭവവും നമ്മൾ മറന്നിട്ടില്ല. ആരാണ് ഈ സർക്കാരിന് കുറ്റപത്രം ചമയ്ക്കുന്നത്; 'പിണറായി സർക്കാരിന് വി.എസ്.-ന്റെ കുറ്റപത്രം' 20-4-2017-ലെ മാതൃഭൂമി വാർത്ത, പിണറായി സർക്കാരിന്റെ പ്രവർത്തനം നേർദിശയിലല്ലെന്ന് വിമർശിച്ച് സി.പി.ഐ.(എം.) കേന്ദ്ര നേതൃത്വത്തിന് മുതിർന്ന നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ കത്ത് കൊടുത്തു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളും ഇടത് നിലപാടുകളും ലംഘിക്കപ്പെടുന്നതായി ചൂണ്ടിക്കാണിച്ച് സർക്കാരിനെ നേർവഴിക്ക് നയിക്കാൻ കേന്ദ്ര നേതൃത്വം ഇടപെടണമന്ന് വി.എസ്. ആവശ്യപ്പെട്ടു. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് വാർത്ത വരാത്ത ഒരു ദിവസവുമില്ലെന്നാണ് വി. എസ്. പറയുന്നത്. പോലീസ് നയത്തിൽ സി.പി.ഐ.-യ്ക്ക് പൂർണ്ണ തൃപ്തിയില്ല-ശ്രീ. കാനം രാജേന്ദ്രൻ. 5-1-2017-ലെ മാതൃഭൂമി വാർത്തയാണ്, സർക്കാരിന്റെ പോലീസ് നയത്തിൽ സി.പി.ഐ.-യ്ക്ക് പൂർണ്ണ തൃപ്തിയില്ലെന്ന് പാർട്ടി സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ. പോലീസ് സ്വീകരിക്കുന്ന പല നിലപാടുകളോടും ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ജനകീയ പ്രക്ഷോഭങ്ങളോടും ജനകീയ പ്രസ്ഥാനങ്ങളോടും യു.എ.പി.എ. പ്രയോഗിക്കുന്നുവെന്നാണ് സി.പി.ഐ.-യുടെ നിലപാട്. ഒരേ

വിഷയത്തിൽ സി.പി.ഐ. സംഘടനകളോട് പോലീസ് സ്വീകരിച്ച സമീപനവും ബി.ജെ.പി.-യോട് സ്വീകരിച്ച സമീപനവും തെറ്റാണെന്നാണ് അദ്ദേഹം പറയുന്നത്. കഴിഞ്ഞ ദിവസം യു.എ.പി.എ. കേസ്സുകൾ സംബന്ധിച്ച് ഡി.ജി.പി.-യുടെ ഒരു പ്രസ്താവന വന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 42 കേസ്സുകളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം നിലനിൽക്കുന്നില്ലെന്നാണ് ഡി.ജി.പി. പറഞ്ഞത്. ഈ കേസ്സുകൾ ആരാണ് ചുമത്തിയത്? സംസ്ഥാനത്ത് യു.എ.പി.എ. ചുമത്തേണ്ട അതീവ ഗുരുതരമായ കേസ്സുകളുണ്ട്. രാജ്യദ്രോഹ കുറ്റം, അതീവ തീവ്രവാദ സ്വഭാവമുള്ള ഐ.ഐ.എ. പരിശോധിക്കുന്ന നിരവധി കേസ്സുകൾ, ഐ.എസ്.-മായി ബന്ധപ്പെട്ട ചില കേസ്സുകൾ തുടങ്ങിയവയ്ക്ക് യു.എ.പി.എ. ചുമത്തേണ്ടിവരും.

ഞാനിന്നലെ കാസർഗോഡ് പോയിരുന്നു. കാസർഗോഡ് മദ്രസ അദ്ധ്യാപകനെ കഴുത്തറുത്ത് കൊന്ന സംഭവം നടന്ന പള്ളി ഞാൻ സന്ദർശിച്ചു. അവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും പള്ളി കമ്മിറ്റിക്കാരും ആവശ്യപ്പെടുന്നത് അവിടത്തെ ബി.ജെ.പി. പ്രവർത്തകരുടെ പേരിൽ യു.എ.പി.എ. ചുമത്തണമെന്നാണ്. ഇതുവരെ ആ കേസ് ചുമത്തിയിട്ടില്ല. അങ്ങനെയുള്ള കേസ്സുകളിൽ ചിലപ്പോൾ യു.എ.പി.എ. ചുമത്തേണ്ടി വരും. പക്ഷെ ഇവിടെ വ്യാപകമായ തോതിൽ യു.എ.പി.എ. ചുമത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇപ്പോൾ പരിശോധിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പോലീസ് ജാഗ്രത കാണിക്കാതെ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ എങ്ങനെയാണ് ന്യായീകരിക്കാൻ സാധിക്കുന്നത്; എങ്ങനെയാണ് കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നത്? ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട പ്രശ്നം നല്ല നിലയിൽ കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. പോലീസിന്റെ വീഴ്ചയല്ലേ ആ സംഭവം? ഡി.ജി.പി.-യുടെ ഓഫീസിനു മുന്നിൽ സമരം ചെയ്ത ആളുകൾക്ക് ശീതളപാനീയം കൊടുത്ത് അവരെ സ്വീകരിച്ചിരുത്തിയ ഡി.ജി.പി.-മാർ ഉണ്ടായിരുന്ന നാടാണ് കേരളം. ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുമായിരുന്ന ഒരു സംഭവം വഷളാക്കിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആരാണ് ഇതിനുത്തരവാദി; ഞങ്ങളുടെ കുറ്റം കൊണ്ടാണോ? പോലീസിന്റെ അവധാനതയില്ലായ്മയും ജാഗ്രതയില്ലായ്മയുമാണ് ഇത്തരമൊരു സംഭവത്തിലേയ്ക്ക് നയിച്ചതെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇവിടെ ആരാണ് ഡി.ജി.പി.-യെന്ന് ഞാൻ രാവിലെ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിച്ചു, അദ്ദേഹം മറുപടി പറഞ്ഞില്ല. ആരാണ് ഇപ്പോഴത്തെ വിജിലൻസ് ഡയറക്ടർ? ലാ ആന്റ് ഓർഡറിന്റെ ചുമതലയുണ്ടായിരുന്ന ഡി.ജി.പി.-ക്ക് താൽക്കാലിക ചുമതല കൊടുത്തിരിക്കുകയാണ്. നേരത്തെയുണ്ടായിരുന്ന വിജിലൻസ് ഡയറക്ടർ വീണ്ടും അവധി നീട്ടിയിരിക്കുന്നുവെന്ന് ഇന്ന് പത്രത്തിൽ വായിച്ചു. കേരളത്തിലെ വിജിലൻസിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെയാണ്; എന്തെങ്കിലും പ്രവർത്തനം നടക്കുന്നുണ്ടോ? അന്വേഷിച്ചുകൊണ്ടിരിക്കുന്ന അഴിമതിക്കേസ്സുകളുടെ സ്ഥിതി എന്താണ്; എല്ലാ അഴിമതിക്കേസ്സുകളും കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണോ? വിജിലൻസിന്റെ പ്രവർത്തനം നിശ്ചലമായിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ കേസിൽ വിജിലൻസിന് ഒരു നടപടി, സർക്കാരിന് മറ്റൊരു നടപടി. ഇത് രണ്ടും കോടതിയിൽ കൊടുത്തിരിക്കുകയാണ്. ഇതുപോലൊരു കാലമുണ്ടായിട്ടുണ്ടോ? വിജിലൻസ് ഡയറക്ടർ കൊടുക്കുന്ന അഫിഡവിറ്റ് ഒന്ന്, സർക്കാർ കൊടുക്കുന്ന

അഫിഡവിറ്റ് വേറൊന്ന്. ഇതാണോ പോലീസിന്റെ പ്രവർത്തനങ്ങളിലും വിജിലൻസിന്റെ പ്രവർത്തനങ്ങളിലുമുണ്ടാകേണ്ടത്? വിജിലൻസിന്റെ തത്ത ഇപ്പോൾ ദേശാടനക്കിളിയായി മാറിയിരിക്കുന്നു. അദ്ദേഹം നാടുവിട്ട് പോയിരിക്കുന്നുവെന്നാണ് പത്രങ്ങൾ പറയുന്നത്. ഈ സംസ്ഥാനത്തെ പോലീസ് ഭരണത്തിന്റെ നിയന്ത്രണം മുഖ്യമന്ത്രിക്ക് നഷ്ടപ്പെട്ടുവെന്ന് പറയേണ്ടി വരുന്നതിൽ വേദനയുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ വകുപ്പിനുമേൽ മുഖ്യമന്ത്രിക്ക് പൂർണ്ണ നിയന്ത്രണമുണ്ടാകണം. അങ്ങറിയാതെ 144 പ്രഖ്യാപിക്കുന്നു, അങ്ങയുടെ അടുത്ത് രണ്ടാം സ്ഥാനത്തിരിക്കുന്ന റവന്യൂ വകുപ്പുമന്ത്രി കരിശ് പൊളിക്കുന്നു. ഈ ഗവൺമെന്റിന് എന്ത് കൂട്ടുത്തരവാദി ത്വമാണുള്ളത്? അങ്ങ് എടുക്കുന്ന എല്ലാ നിലപാടുകളെയും മാവോയിസ്റ്റുകൾക്ക് നേരെയുള്ള അതിക്രമങ്ങളെയും വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളെയും യു.എ.പി.എ.-യുമായി ബന്ധപ്പെട്ട കാര്യങ്ങളെയും ഈ സർക്കാരിന്റെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ. എതിർക്കുകയാണ്. ഇതൊരു കൂട്ടുത്തരവാദിത്വമുള്ള സർക്കാരും മുന്നണിയുമാണെങ്കിൽ ഇത്തരം നിലപാടുകൾ എങ്ങനെയുണ്ടാകും? നിങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമില്ലാത്തതുകൊണ്ടല്ലേ ഈ സംഭവങ്ങൾ കൂടുതൽ വ്യാപകമാകുന്നത്. കൂട്ടുത്തരവാദിത്വമില്ലാത്തൊരു സർക്കാരും പരസ്പരവിശ്വാസമില്ലാത്ത മന്ത്രിമാരുമാണ് ഈ സംസ്ഥാനത്തെ ക്രമസമാധാനനിലയ്ക്കും ഭരണത്തകർച്ചയ്ക്കും ഉത്തരവാദികളെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങളിൽ തികഞ്ഞ അസംതൃപ്തിയാണ് ജനങ്ങൾക്കുള്ളത്. ആ അസംതൃപ്തിയുടെ പ്രതിഫലനമാണ് കേരളത്തിലങ്ങോളമിങ്ങോളം കാണാൻ കഴിയുന്നത്.

ജയിൽ എന്നത് കറക്ഷണൽ സർവ്വീസാണ്. അവിടെവരുന്ന കുറ്റവാളികൾ എന്നും കുറ്റവാളികളായി കാണേണ്ടവരല്ല. അവർക്ക് നാളെ സമൂഹത്തിൽ നല്ലവരായി ജീവിക്കാനുള്ള ട്രെയിനിംഗ് കൊടുക്കേണ്ട സ്ഥലമാണ് ജയിൽ. അക്കാര്യത്തിൽ ചില പോരായ്മകളുണ്ടെന്ന പരാതികൾ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. കേരള പോലീസിലുള്ള ഒഴിവുകൾ നികത്താനുള്ള അടിയന്തര നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ പരമാവധി ഒഴിവുകൾ നികത്തിയിരുന്നു. ഇപ്പോൾ റാങ്ക് ലിസ്റ്റിന് ഒരു വർഷമാണ് കാലാവധി. വയസ്സ് ഒരു ഘടകമായതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്. റാങ്ക് ലിസ്റ്റിലുൾപ്പെട്ട ചെറുപ്പക്കാർ നിയമനത്തിനായി കാത്തുനിൽക്കുകയാണ്. ആഴ്ചകൾക്കുള്ളിൽ നിയമനം നൽകാൻ കഴിഞ്ഞില്ലെങ്കിൽ അവർക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നുള്ള പരാതി ഉയർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭർതൃഹരിയുടെ നീതിശതകം എന്ന പുസ്തകത്തിലെ ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്-"സ്ഥിതപ്രജ്ഞർ അധിക്ഷേപിക്കപ്പെടാം, പ്രകീർത്തിക്കപ്പെടാം. അവർക്ക് ഐശ്വര്യം വന്നുചേരാം, നഷ്ടമാകാം. അവർ അടുത്ത നിമിഷം മരിച്ചേക്കാം, സംവത്സരങ്ങൾ ജീവിച്ചേക്കാം. എന്തൊക്കെയായാലും ചരിക്കുന്ന ധർമ്മമാർഗ്ഗത്തിൽ നിന്ന് അണുവിട അവർ വ്യതിചലിക്കുകയില്ല. ഇതാണ് ധർമ്മിഷ്ഠനായ ഒരു ഭരണാധി കാരിക്കുണ്ടാകേണ്ടത്." ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഇതോർക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

3.00 PM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഒട്ടേറെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഈ ചർച്ചയിലൂടെ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിലെ പോലീസ് എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് എല്ലാപേർക്കും നല്ല വ്യക്തതയുണ്ട്. നമ്മുടെ സംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1957-ൽ ആദ്യം രൂപീകൃതമായ സർക്കാരാണ് പോലീസ് എങ്ങനെ നീങ്ങണമെന്നതിനെക്കുറിച്ച് സമഗ്രമായൊരു നയം കൊണ്ടുവന്നത്. അതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് അക്കാലത്ത് നിലവിലുണ്ടായിരുന്ന സമ്പ്രദായങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായൊരു രീതി കേരളത്തിലെ പോലീസിന് നടപ്പാക്കാൻ കഴിഞ്ഞു. 2011 മുതൽ 2016 വരെ സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നതിനുശേഷമാണ് 2016-ൽ ഈ സർക്കാർ അധികാരത്തിലേറുന്നത്. 2011 മുതൽ 2016 വരെയുള്ള കാലയളവ് 1957 മുതൽ 2011 വരെയുള്ള കാലത്തിൽനിന്നും തീർത്തും വ്യത്യസ്തമായിരുന്നു. ഇടയ്ക്കുള്ള അടിയന്തരാവസ്ഥയുടെ ഘട്ടം മറന്നുകൊണ്ടല്ല ഞാനിത് പറയുന്നത്. എങ്കിലും സംസ്ഥാനത്ത് കൃത്യമായി നിയമങ്ങളും ചട്ടങ്ങളും പാലിക്കാനുള്ള ശ്രമം പല ഘട്ടങ്ങളിലുമുണ്ടായിരുന്നു. ഇവിടെ ഇടതുപക്ഷം അധികാരത്തിലിരിക്കുന്ന ഘട്ടത്തിലുള്ള നയമല്ല യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസം നല്ലരീതിയിൽ കാണാം. പക്ഷെ, 2011 മുതൽ 2016 വരെയുള്ള കാലയളവ് നമ്മുടെ പോലീസ് സംവിധാനത്തെത്തന്നെ തകർക്കുകയായിരുന്നു. എന്തുമാകാമെന്നും നിയമവിരുദ്ധമായി ഏത് കാര്യവും ചെയ്യാമെന്നുമുള്ള നില വരുത്തുകയായിരുന്നു. 2011-2016 കാലഘട്ടത്തിലാണ് രാഷ്ട്രീയ പ്രതിയോഗികളെ അമർച്ച ചെയ്യുന്നതിനുവേണ്ടി നാട്ടിലെ പോലീസ് വിഭാഗത്തെ ഉപയോഗിച്ചത്. അതിന്റെ ഭാഗമായി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. ഉയർന്ന പോലീസുദ്യോഗസ്ഥരെത്തന്നെ തെറ്റായ വഴിയിലേയ്ക്ക് നീക്കുകയായിരുന്നു. ഇതിന്റെയെല്ലാം ഫലമായി പോലീസ് സേനയിൽ ഒരു കാലത്തുമില്ലാത്ത തരത്തിലുള്ള അപചയമാണ് സംഭവിച്ചത്. പോലീസ് പരസ്യമായി രാഷ്ട്രീയപക്ഷപാതം കാണിക്കുന്നത് നമ്മൾ കണ്ടു. പ്രതിപക്ഷത്തിരിക്കുന്ന നേതാക്കളെയും പ്രവർത്തകരെയും എങ്ങനെയെല്ലാം കേസ്സിൽപ്പെടുത്താമെന്നും ഏതെല്ലാം തരത്തിൽ ശിക്ഷിക്കാമെന്നും പീഡിപ്പിക്കാമെന്നുമുള്ള ഗവേഷണത്തിലേർപ്പെടുന്ന ഉയർന്ന പോലീസുദ്യോഗസ്ഥർ ഈ നാട്ടിലുണ്ടായി. ഇതിന്റെയെല്ലാം ഫലമായി പണ്ടു കാലത്തുണ്ടായിരുന്ന ഇടിമുറികൾ വീണ്ടും കേരളത്തിന്റെ പല ഭാഗങ്ങളിലും സജീവമായി. കേരളത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ഒട്ടേറെ നേതാക്കന്മാരുടെയും സാധാരണക്കാരായ പ്രവർത്തകരുടെയും ശരീരം ജോലിചെയ്ത് ജീവിക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്കെത്തിക്കുന്ന തരത്തിലുള്ള ഭീകരമായ ഭേദ്യത്തിനിരയായി.

എല്ലാ നിയമങ്ങളും ചട്ടങ്ങളും മാറ്റിവച്ചുകൊണ്ട് എന്തുമാകാമെന്നുള്ള അവസ്ഥ വരികയും പല ലോക്കപ്പുകളിലും ഭീകരമായ മർദ്ദനങ്ങൾ നടത്തുകയും ചെയ്തു. ഇതെല്ലാം സംഭവിച്ചതിനുശേഷമാണ് 2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുന്നത്. അപ്പോഴേയ്ക്കും പോലീസിൽ വലിയ ജീർണ്ണത ബാധിച്ചുകഴിഞ്ഞിരുന്നു. ആ ജീർണ്ണതയുടെ ഭാഗമായുള്ള ഒരു സംഘമായി പോലീസിലെ ഒരുകൂട്ടം ആളുകൾ മാറിയിരുന്നു. ഇവിടെ എൽ.ഡി.എഫ്. ആദ്യമായി അധികാരത്തിൽ വരുന്നതല്ല, എൽ.ഡി.എഫ്. നേരത്തേ പല ഘട്ടങ്ങളിലും അധികാരത്തിലുണ്ടായിരുന്നു. എൽ.ഡി.എഫ്.-ന്റെ നയമെന്താണെന്ന് നയം പ്രഖ്യാപിക്കാതെ തന്നെ കേരളത്തിനറിയാം, കേരളത്തിലെ പോലീസിനുമറിയാം. പക്ഷെ മനുഷ്യർ അഞ്ചുവർഷ കാലം ശീലിച്ച ദുഷ്ചെയ്തികളിൽനിന്ന് പെട്ടെന്ന് മോചിതരാകില്ല. അത് എൽ.ഡി.എഫ്. സർക്കാരിന്റെ വീഴ്ചകൊണ്ടോ എൽ.ഡി.എഫ്. സർക്കാരിന് ശരിയായ നയമില്ലാത്തതുകൊണ്ടോ അല്ല. ശരിയായ നയംതന്നെ ഇവിടെ നടപ്പാക്കാൻ പുറപ്പെട്ടെങ്കിലും പല സ്ഥലങ്ങളിലും അത് നടപ്പിലാക്കേണ്ടവർക്ക് ശരിയായ നയം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി ചില സംഭവങ്ങളുണ്ടായി എന്നുള്ളത് വസ്തുതയാണ്. സാധാരണനിലയിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കീഴിലുണ്ടാകാൻ പാടില്ലാത്ത തരത്തിലുള്ള സംഭവങ്ങൾ ചില സ്ഥലങ്ങളിലുണ്ടായത് മുൻകാല ശീലങ്ങളിൽ നിന്ന് മാറാൻ കഴിയാത്തതുകൊണ്ടാണ്. എന്നാൽ അതെല്ലാം ശക്തമായ നടപടിയിലൂടെ നേരിടുകയും അത്തരക്കാർക്ക് യാതൊരു സംരക്ഷണവും ലഭിക്കാത്ത നിലവരികയും ചെയ്തു. അതോടെ കാര്യങ്ങൾ നേരെയായതായാണ് കാണാൻ സാധിക്കുന്നത്. രാവിലെ ഇവിടെ ചർച്ച ചെയ്ത കാര്യങ്ങൾ വീണ്ടും ആവർത്തിക്കേണ്ടതില്ല. എങ്ങനെ പ്രവർത്തിക്കണമെന്ന ധാരണയോടെ തന്നെയാണ് പോലീസ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

പോലീസ് സ്റ്റേഷനുകളിലെ അസൗകര്യങ്ങൾ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പോലീസ് സ്റ്റേഷനുകളിലെയും സി.ഐ., ഡിവൈ.എസ്.പി. ഓഫീസുകളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം വന്നിരുന്നു. അത് ശരിയാണ്. പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ചില സ്റ്റേഷനുകളിൽ പോയാൽ ഇരിക്കാനുള്ള സൗകര്യങ്ങളില്ലെന്ന് ഇവിടെ ചില ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അത്തരം കാര്യങ്ങൾ സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. ഇവിടെ ഒരു പ്രധാന പ്രശ്നമായി ഉന്നയിച്ചത് ശ്രീ. രമൺ ശ്രീവാസ്തവയെ ഉപദേശകനായി നിയമിച്ചുവെന്നതാണ്. ശ്രീ. രമൺ ശ്രീവാസ്തവ സംസ്ഥാനത്തിന് പുറത്ത് സ്വീകരിച്ച സ്ഥാനമാനങ്ങൾ എല്ലാവർക്കുമറിയാം. മുമ്പ് യു.ഡി.എഫ്. സർക്കാർ ഡി.ജി.പി. ആയി നിശ്ചയിച്ച ആളാണ് അദ്ദേഹം. എൽ.ഡി.എഫ്. ഭരണകാലത്തും ഡി.ജി.പി. ആയി ഇരുന്നയാളാണ്.

സാധാരണഗതിയിൽ അങ്ങനെയുള്ള ഒരാളെ ഉപദേശകനായി സ്വീകരിക്കുന്നതിൽ ഒരു തെറ്റുമില്ല. ഡി.ജി.പി. ആയി നിയമിക്കാമെങ്കിൽ ഉപദേശകനാകുമ്പോൾ മാത്രം ആപത്ത് സംഭവിക്കുമോ? ആ തരത്തിൽ അതിനെ കാണേണ്ടതില്ല. എങ്ങനെയാണ് സംസ്ഥാനത്തെ പോലീസ് സേനയെ ശക്തിപ്പെടുത്താൻ പോകുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. പോലീസ് എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ സർക്കാരിനുണ്ട്. പക്ഷപാതരഹിതമായി നിയമം പാലിച്ചു കൊണ്ടുതന്നെ പോലീസ് പ്രവർത്തിക്കും. പോലീസ് ഓഫീസർമാരും പോലീസുകാരും ആരെയും ഭയപ്പെടേണ്ടതില്ല. നിയമത്തിനെ മാത്രമേ അവർ അനുസരിക്കേണ്ടതുള്ളൂ. ഒരു പ്രലോഭനങ്ങൾക്കും അവർ വഴങ്ങേണ്ടതില്ല. നിയമം കൃത്യമായി പാലിച്ചു പോകുന്ന നിലയുണ്ടാകണമെന്ന് തന്നെയാണ് പോലീസിനുള്ള കൃത്യമായ നിർദ്ദേശം. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കുമെതിരെ കുറ്റകൃത്യങ്ങൾ ഉയർന്നുവരുമ്പോൾ അതിശക്തമായി ഇടപെടുന്ന രീതിയിലേയ്ക്ക് കേരള പോലീസ് മാറുകയാണ്. ഈ വിഭാഗക്കാർക്ക് എല്ലാ സംരക്ഷണവും സഹായവും നൽകാൻ പോലീസ് എപ്പോഴും സന്നദ്ധമായിരിക്കും. ഒരു വീഴ്ചയും ആ കാര്യത്തിൽ സംഭവിക്കുകയില്ലെന്ന് ഉറപ്പാക്കാവുന്നതാണ്. പോലീസിനെ സംബന്ധിച്ച് പലപ്പോഴും ഉയർന്നു വരുന്ന ഒരു ആക്ഷേപം ചില ഘട്ടങ്ങളിൽ പോലീസുകാർ മോശമായി പെരുമാറുന്നു എന്നുള്ളതാണ്. അത്തരത്തിൽ പെരുമാറാൻ പാടില്ലെന്നും നല്ല രീതിയിൽ, മര്യാദയോടെയും സഹാനുഭൂതിയോടെയും പെരുമാറുന്ന നിലപാട് സ്വീകരിക്കണമെന്നും മൊത്തത്തിൽ പോലീസ് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

അതുപോലെതന്നെ എൽ.ഡി.എഫ്.-ന്റെ പോലീസ് നയത്തെക്കുറിച്ചും എല്ലാവർക്കുമറിയാം. ഒരു തരത്തിലുള്ള മൂന്നാംമുറയും ഈ സർക്കാർ അംഗീകരിക്കുന്നില്ല. പോലീസ് സ്റ്റേഷനകത്തായാലും പുറത്തായാലും മൂന്നാംമുറ അനുവദിക്കില്ലെന്ന നിലപാട് തന്നെയാണ് സർക്കാരിനുള്ളത്. ഏതെങ്കിലും തരത്തിൽ മൂന്നാംമുറയുണ്ടായതായി പരാതി വരികയാണെങ്കിൽ ആ പരാതിയിന്മേൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പെട്ടെന്നുതന്നെ ഇടപെടുകയും കർക്കശമായ നടപടി സ്വീകരിക്കുകയും ചെയ്യും. ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കുനേരെ അടിയന്തരമായി നടപടി സ്വീകരിക്കുന്ന നിലപാട് ഇതിനകംതന്നെ സ്വീകരിച്ചുകഴിഞ്ഞത് സമൂഹം ശ്രദ്ധിച്ചിട്ടുള്ളതാണ്.

മറ്റൊരു പ്രശ്നം, കേരളത്തിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ച് പട്ടണ പ്രദേശങ്ങളിൽ, പല തരത്തിലുള്ള ഗുണ്ടായിസം ഉയർന്നുവരുന്നുണ്ട്. ഗുണ്ടായിസം ഒരു കാരണവശാലും അനുവദിക്കാൻ കഴിയില്ല. ഗുണ്ടായിസത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനം പോലീസ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. പട്ടണപ്രദേശങ്ങളിൽ ഗുണ്ടകൾ നല്ല രീതിയിൽ അഴിഞ്ഞാടാൻ ശ്രമിക്കുന്നുണ്ട്. ആ ഗുണ്ടകളെ നിയന്ത്രിക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ആവശ്യമാണ്. പല തരത്തിൽ നിയമം കയ്യിലെടുക്കാൻ അവർ

നോക്കുകയാണ്. നിയമം കയ്യിലെടുക്കുന്ന ഗുണ്ടകൾക്ക് ഒരുതരത്തിലുള്ള സംരക്ഷണവും നൽകില്ല. ഇപ്പോൾത്തന്നെ ഗുണ്ടകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ നടപടികൾ സമൂഹം പൊതുവെ സ്വാഗതം ചെയ്യുന്നുമുണ്ട്. എന്നാൽ കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് കടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പോലീസ് സ്റ്റേഷനുകളിലെ പഴയ ശീലങ്ങൾ വച്ച് ആളുകൾ പരിഭ്രമത്തോടെയാണ് അവിടേയ്ക്ക് കടന്നുചെല്ലുന്നത്. അതിനാൽ അവിടെ വരുന്നവരെ സഹായിക്കുന്നതിനും അവരോട് നല്ല രീതിയിൽ പെരുമാറുന്നതിനുമായി പോലീസുകാരെ പ്രത്യേകമായി ചുമതലപ്പെടുത്തുകയും അതിന്റെ ഭാഗമായി അവിടെ വരുന്നവർക്ക് എന്ത് സഹായമാണോ വേണ്ടത്, അത് പോലീസ് സ്റ്റേഷനിൽനിന്ന് ലഭിക്കുന്ന സ്ഥിതിയുമുണ്ടാകും. അങ്ങനെ ജനങ്ങളുമായി ഇടപെട്ട് പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിലുള്ള പോലീസുകാരെ പോലീസ് സ്റ്റേഷനിൽ പ്രത്യേകം നിയോഗിക്കുന്ന നിലപാടാണ് സ്വീകരിക്കാൻ പോകുന്നത്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ഇതിനകം സ്വീകരിച്ച നടപടികൾ സമൂഹം പൊതുവിൽ ശ്രദ്ധിച്ചിട്ടുള്ളതാണ്. ആ നടപടികളോടൊപ്പം പോലീസ് തന്നെ മുൻകയ്യെടുത്ത് പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കുള്ള പരിശീലനങ്ങൾ നൽകുന്ന നടപടിയും സ്വീകരിക്കും. അത്തരത്തിലുള്ള നടപടികൾ ഇപ്പോൾ ചില സ്ഥലങ്ങളിൽ പോലീസ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അത്തരം നടപടികൾ വ്യാപക മാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജനമൈത്രി പോലീസിംഗ് ഇപ്പോൾ ചില സ്റ്റേഷനുകളിലില്ലാത്ത അവസ്ഥയുണ്ട്, സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസിംഗിന്റെ ഭാഗമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്; അതിന്റെ ഭാഗമായി ജനമൈത്രി ബീറ്റ് പോലീസിംഗിന് മുൻഗണന നൽകുന്നതാണ്. ഒറ്റയ്ക്ക് താമസിക്കുന്നവർ; പരസഹായം ആവശ്യമുള്ള പ്രായമായ ആളുകൾ; ഒറ്റപ്പെട്ട വീടുകൾ എന്നിങ്ങനെ എല്ലാ പ്രദേശങ്ങളിലുമുള്ള കഴിയാവുന്നത്ര ആളുകളുമായി ബന്ധപ്പെടുകയും ബീറ്റ് പോലീസിംഗിന്റെ ഭാഗമായി അവിടെ പോവുകയും വിവരങ്ങളന്വേഷിക്കുകയും ചെയ്യും. അതിലൂടെ നല്ല സുരക്ഷിത ബോധമുണ്ടാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നും വേണമെന്ന് ഇതിനകംതന്നെ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ നേരത്തെ സംസ്ഥാനത്തുണ്ടായ ചില അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള ഒരു പൊതുവായ സമീപനം, ഒരു ക്രൈം കേസും രജിസ്റ്റർ ചെയ്യാതി രിക്കരുതെന്നുള്ളതാണ്. എല്ലാ ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിരിക്കണം. അതിൽ സ്റ്റേഷൻ പരിധി ഒരു ഘടകമായി എടുക്കേണ്ടതില്ല. ഒരു സ്റ്റേഷനിൽ പോയി ഒരു പരാതി പറയുമ്പോൾ, ഇത് ഈ സ്റ്റേഷൻ പരിധിയിൽപ്പെട്ടതല്ല, നിങ്ങൾ ഇന്ന സ്ഥലത്ത് പോകണമെന്ന് പറഞ്ഞ് അങ്ങോട്ടയയ്ക്കേണ്ട കാര്യമില്ല. അവിടെത്തന്നെ പരാതി രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട സ്ഥലത്തേയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യും. അത് ആളുകൾക്ക് വളരെ സഹായകരമായിരിക്കും. പരാതിയുമായി പോകുന്നവരെ സഹായിക്കുക എന്ന രീതിയിലായിരിക്കും പോലീസ് നീങ്ങേണ്ടതെന്ന് ഇതിനകംതന്നെ പോലീസിന് വ്യക്തത വന്നിട്ടുണ്ട്.

അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന പേര് ഇപ്പോൾ നമുക്ക് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ അതുകൊണ്ട് നമുക്ക് ആശ്വസിക്കാൻ സാധിക്കില്ല. അഴിമതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയണം. ഒരു തരത്തിലും അഴിമതിയുണ്ടാകാൻ പാടില്ല. അതുകൊണ്ടുതന്നെ ഏത് തലത്തിലുള്ള അഴിമതിയും സർക്കാർ വച്ചു പൊറുപ്പിക്കില്ലെന്ന സമീപനം തന്നെയാണ് തുടർന്നും സ്വീകരിക്കുക. അഴിമതിയുമായി ബന്ധപ്പെട്ട പരാതികളുയർന്നുവന്നാൽ ഗൗരവമായിത്തന്നെ പോലീസിൽ പരിശോധനയുണ്ടാകും; ആവശ്യമായ നടപടികളുമുണ്ടാകും. കഴിഞ്ഞ കാലത്ത് പരസ്പരം പോരടിക്കുന്ന പോലീസുദ്യോഗസ്ഥരുണ്ടായിരുന്നു. വാദപ്രതിവാദങ്ങൾ പരസ്യമായി നടത്തുക; പ്രസ്താവനകൾ നടത്തുക; അതിനായി ഫെയ്സ്ബുക്ക് ഉപയോഗിക്കുക ഇത്തരത്തിലുള്ള ഒരു നടപടിയും ആവർത്തിക്കാൻ പാടില്ലെന്നുതന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ശക്തമായ അച്ചടക്കം പോലീസിന് നിർബന്ധമാണ്. അതിനുതകുന്ന നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. അച്ചടക്കലംഘനം ഒരു കാരണവശാലും വച്ചുപൊറുപ്പിക്കില്ല.

ഇവിടെ ട്രാഫിക്കുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. കേരളത്തിലെ റോഡുകളിൽ പൊലിയുന്ന ജീവനുകളുടെ എണ്ണം വളരെ കൂടുതലാണ്. റോഡപകടങ്ങളിലൂടെയാണ് ഇങ്ങനെ സംഭവിക്കുന്നത്. വലിയ തോതിൽ ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു വിഭാഗമാണ് ട്രാഫിക് പോലീസുകാർ. ട്രാഫിക് പോലീസിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ളത് ശരിയാണ്. ആവശ്യമായ ക്രമീകരണം അക്കാര്യത്തിൽ കൊണ്ടുവരുന്നതാണ്. എങ്ങനെ ശക്തിപ്പെടുത്തണമെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും. അതോടൊപ്പംതന്നെ ട്രാഫിക് ചെക്കിംഗ്, ട്രാഫിക് ക്രമീകരിക്കൽ എന്നിവയും ഇതിനോടൊപ്പം നടക്കും. അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ പോലീസ് വിചാരിച്ചാൽ മാത്രം കഴിയില്ല; എന്നാൽ അപകടങ്ങൾ നല്ലതുപോലെ കുറയ്ക്കാനും തടയാനും ട്രാഫിക് പരിശോധനകളിലൂടെ സാധിക്കും. അതിന് ബന്ധപ്പെട്ട ജില്ലകളിലെ പോലീസ് മേധാവികൾതന്നെ നേതൃത്വം കൊടുക്കണമെന്ന് ഇതിനകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട നിയമം ശക്തമായി നടപ്പാക്കുന്നതായിരിക്കും.

സംസ്ഥാനത്ത് ചില കേന്ദ്രങ്ങളിൽ ക്രിമിനൽ സംഘങ്ങളും പല വിധത്തിലുള്ള ആയുധങ്ങൾ ശേഖരിച്ച് പ്രവർത്തിക്കുന്നവരുമുണ്ട്. അത്തരം സംഘങ്ങൾ നിയമം കയ്യിലെടുക്കുകയാണ്. അവരെയെല്ലാം നിയന്ത്രിക്കുന്ന നടപടിയിലേയ്ക്ക് പോലീസ് നീങ്ങും. ഓരോ സ്റ്റേഷൻ അതിർത്തിയിലും പ്രവർത്തിക്കുന്ന ക്രിമിനൽ സംഘങ്ങളെ കുറിച്ച് ആ സ്റ്റേഷന് വ്യക്തമായ ധാരണയുണ്ടാകും. അവരെ ഗൗരവമായി വീക്ഷിച്ചുകൊണ്ടു നീങ്ങണമെന്ന് തന്നെയാണ് പോലീസ് ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത്

ജീവിക്കുന്നത് ഇവിടെയുള്ള ആളുകൾ മാത്രമല്ല, ഉപജീവനമാർഗ്ഗത്തിനുവേണ്ടി ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളം വരുന്നുണ്ട്. ഇവിടെ വന്ന് ജോലി ചെയ്താൽ നല്ല വരുമാനം ലഭിക്കുമെന്നും കുടുംബം പോറ്റാനുള്ള പൈസ അയച്ച് കൊടുക്കാൻ കഴിയുമെന്നുമുള്ള ധാരണയോടെയാണ് മഹാഭൂരിഭാഗവും ജോലിക്കു വേണ്ടിയും ജീവസന്ധാരണത്തിനുവേണ്ടിയും ഇങ്ങോട്ടുവരുന്നത്. എന്നാൽ ആ കൂട്ടത്തിൽ ക്രിമിനലുകളും ക്രിമിനൽ പശ്ചാത്തലമുള്ളവരുമുണ്ട്. ഇക്കാര്യം ഗൗരവമായി വീക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് ക്രമസമാധാന രംഗത്തെ ബാധിക്കും. അതുകൊണ്ടുതന്നെ ഇവരെയെല്ലാം ഉൾക്കൊള്ളുംവിധം ഒരു ഡാറ്റാ ബാങ്ക് പോലീസ് വകുപ്പ് വികസിപ്പിക്കും. അതിലൂടെ അവരെക്കുറിച്ച് കൃത്യമായൊരു ധാരണയുണ്ടാക്കാനും അതനുസരിച്ചുള്ള നിലപാട് സ്വീകരിക്കാനും കഴിയും.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇതരസംസ്ഥാനങ്ങളിൽ നിന്ന് ആളുകളെ കൊണ്ടുവരുന്ന കോൺട്രാക്ടേഴ്സുണ്ട്. അവർ കൊണ്ടുവരുമ്പോൾ തന്നെ അതാത് പോലീസ് സ്റ്റേഷനുകളിൽ അവരുടെ എല്ലാ വിവരങ്ങളും നൽകിയശേഷം മാത്രമേ അവർക്കവിടെ ജോലി ചെയ്യാൻ കഴിയൂവെന്ന നിബന്ധന വച്ചാൽ നന്നായിരിക്കും. യു.ഡി.എഫ്. സർക്കാർ അത് തുടങ്ങി വച്ചതാണ്, പക്ഷേ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അത് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്താൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് നല്ല നിർദ്ദേശം തന്നെയാണ്. ഇപ്പോഴുള്ളതുവച്ച് ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും പുതുതായി വരുന്നവരെക്കുറിച്ച് കൃത്യമായി വിവരം ശേഖരിക്കുകയും ചെയ്യുന്നതോടുകൂടി കൃത്യമായ വിവരമാകുമെന്ന് തന്നെയാണ് കണക്കാക്കുന്നത്.

മറ്റൊരു കാര്യം, ഏറ്റവും വലിയൊരാപത്തായി വരുന്നത് മയക്കുമരുന്ന് വ്യാപനമാണ്. നാമെല്ലാം ഉദ്ദേശിക്കുന്നതിനപ്പുറം ഭീതിജനകമായ അന്തരീക്ഷമാണ് അതുമൂലമുണ്ടാകുന്നത്. നാടിന്റെ ഭാവിയെ തകർക്കുന്ന തരത്തിലുള്ള നീക്കങ്ങളാണ് നടക്കുന്നത്. ചെറിയ കുഞ്ഞുങ്ങളെയും യുവതലമുറയെയും മയക്കുമരുന്നിന്റെ അടിമകളാക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽ ഗൗരവമായി ഇടപെടാൻ കഴിയണം. എക്സൈസ് വകുപ്പ് ഇടപെടുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ പോലീസും തുല്യപങ്കാളിത്തത്തോടെ തന്നെ ജാഗ്രത പാലിക്കേണ്ടതാണ്. നമ്മുടെ നാടിനെ തകർത്തുകളയുന്ന കാര്യങ്ങളാണത്. മയക്കുമരുന്നിന് അടിമപ്പെട്ടാൽ മനുഷ്യത്വമില്ലാതാകുകയാണ്; മനുഷ്യനല്ലാതാകുകയാണ്; അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് എത്തിപ്പെടുകയാണ്. അടുത്ത കാലത്തുണ്ടായ വാർത്ത നമ്മളെയെല്ലാവരെയും ഞെട്ടിച്ചതാണ്. മയക്കുമരുന്നിന് അടിമപ്പെട്ട ഒരാൾ കുറ്റകൃത്യങ്ങളിൽപ്പെടുന്നുവെന്ന് മാത്രമല്ല ഒന്നിനും സാധിക്കാത്ത ഒരു മാംസപിണ്ഡമായി മാറുകയാണ്. അത്തരത്തിലുള്ള

വിപത്ത് തടയാനായി വലിയ തോതിലുള്ള ഇടപെടലുണ്ടാകേണ്ടതുണ്ട്. അതിന് പോലീസിൽ, സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേകമായൊരു സംഘം പ്രവർത്തിക്കേണ്ടതുണ്ട്. മയക്കുമരുന്നിന്റെ വ്യാപനം ഇവിടെ മാത്രമല്ല, പുറമേനിന്നും കൊണ്ടുവരുന്നതാണ്. അതെങ്ങനെയാണ് എന്നതടക്കമുള്ള കാര്യങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങളുണ്ടാകണം. കൃത്യമായ നടപടികളും ആ കാര്യത്തിലുണ്ടാകണം.

വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമാണ് 'കാപ്പ' -യുമായി ബന്ധപ്പെട്ടത്. ഇക്കാര്യത്തിൽ നേരത്തെതന്നെ നിലപാടെടുത്തതാണ്. രാഷ്ട്രീയ കേസ്സുകൾക്ക് കാപ്പ ബാധകമാക്കാൻ പാടില്ലെന്ന് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമത്തിൽ അങ്ങനെയുണ്ടെങ്കിലും ചില രാഷ്ട്രീയ കേസ്സുകൾക്ക് കാപ്പ ബാധകമാക്കുന്ന നിലവന്നു. ഏതായാലും രാഷ്ട്രീയ കേസ്സുകൾക്ക് കാപ്പ ബാധകമാകില്ലെന്ന നിലപാടുതന്നെയാണ് തുടർന്നുപോകുന്നത്. രാഷ്ട്രീയപ്രവർത്തകർക്ക് നേരെ കാപ്പ ചുമത്തേണ്ടതില്ലെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. അതുപോലെ യു.എ.പി.എ.-യുമായി ബന്ധപ്പെട്ട കാര്യം ഇപ്പോൾ നമ്മുടെ നിയമസംഹിതയിലുണ്ട്. അത് ദുരുപയോഗം ചെയ്യാൻ പാടില്ല. ഇവിടെ സർക്കാരിന്റെ നയം വ്യക്തമാണ്. സാധാരണനിലയ്ക്ക് യു.എ.പി.എ. ചുമത്തുന്നതിനോട് സർക്കാർ അനുകൂലമല്ല. എന്നാൽ യു.എ.പി.എ. ചുമത്തേണ്ട അസാധാരണമായ കേസ്സുകളിൽ മാത്രമേ യു.എ.പി.എ. ചുമത്താൻ പാടുള്ളൂ. എന്നാൽ കഴിഞ്ഞ കുറേ കേസ്സുകൾ പരിശോധിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്കുകൾ പിന്നീട് വ്യക്തമാക്കാം.

മറ്റൊരു കാര്യം, നമ്മുടെ രാജ്യത്ത് ചില സംസ്ഥാനങ്ങളിൽ പോലീസിന് ഒരു പ്രത്യേക മുഖമുണ്ട്. അടുത്തകാലത്ത് ഗുജറാത്തിൽ ഏകദേശം ആറായിരം ആളുകൾ ചേർന്ന് ഒരു ഗ്രാമം ചുട്ടെരിച്ചു. അവിടെ പോലീസുണ്ടായിരുന്നു, പക്ഷേ പോലീസ് ഒന്നും ചെയ്യാതെ അവിടെയുള്ളവരോട് നിങ്ങൾ ഓടിപ്പോയ്ക്കൊള്ളൂ എന്ന് മാത്രം പറഞ്ഞു. അത് ന്യൂനപക്ഷങ്ങൾക്ക് നേരെ സംഘപരിവാർ നടത്തിയ ആക്രമണമായിരുന്നു. രണ്ടുകുട്ടികൾ തമ്മിലുള്ള സംഘർഷത്തിന്റെ തുടർച്ചയായി വന്ന ആക്രമണമായിരുന്നു. പലയിടങ്ങളിലും പോലീസിനൊരു പ്രത്യേകമുഖം വന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അത് ന്യൂനപക്ഷ വിരുദ്ധമുഖമാണ്; കേരള പോലീസിന് അത്തരമൊരു ന്യൂനപക്ഷ വിരുദ്ധ മുഖമുണ്ടാകില്ല. കേരളത്തിലെ പോലീസിന് കുറ്റകൃത്യങ്ങളോട് മാത്രമേ കാർക്കശ്യം കാണുകയുള്ളൂ, കുറ്റകൃത്യങ്ങൾക്കെതിരെ മാത്രമേ തിരിയൂ. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും കുറ്റകൃത്യം ആരാണോ ചെയ്യുന്നത് അവർക്കെതിരെയായിരിക്കും കേരളത്തിലെ പോലീസ്. ഏതെങ്കിലുമൊരു വിഭാഗത്തിനെതിരെ കേരളത്തിലെ പോലീസ് പ്രവർത്തിക്കില്ല.

സംസ്ഥാനത്ത് സൈബർ ക്രൈം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് മാത്രമല്ല, പൊതുവിൽ ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. സൈബർ ക്രൈം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് സംസ്ഥാന പോലീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ കഴിവുമാത്രം പോരാ എന്ന നിലയാണ് ഇപ്പോൾ ഈ രംഗത്തുള്ള കുറ്റവാളികളുടെ കഴിവ് താരതമ്യപ്പെടുത്തുമ്പോൾ കണ്ടുവരുന്നത്. കൂടുതൽ കഴിവ് പോലീസ് ആർജ്ജിക്കണമെന്നുതന്നെയാണ് ഇതിലൂടെ വ്യക്തമാകുന്നത്. കൂടുതൽ ശക്തമായ നില ആ കാര്യത്തിൽ സ്വീകരിക്കുകതന്നെ ചെയ്യും. കാലാനുസൃതമായി പോലീസിന്റെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ഇൻസർവ്വീസ് ട്രെയിനിംഗ് കോഴ്സ് വഴി പോലീസിനെ ഓർഗനൈസ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പല സ്ഥലങ്ങളിലും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് അത്യാവശ്യമാണെന്നാണ് കാണുന്നത്. പോലീസിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാകേണ്ട കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെ പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വളരെ ശരിയാണ്. പോലീസ് വകുപ്പിൽ കൂടുതലാളുകളെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള പോലീസുകാരുടെ ആരോഗ്യം സംരക്ഷിക്കുക എന്നതും പ്രധാനമാണ്. അതിന് പരിശീലനഘട്ടത്തിലുള്ള വ്യായാമം മാത്രം പോരാ; ജോലിയിൽ പ്രവേശിച്ചതിനുശേഷവും വ്യായാമമുണ്ടാകണം. ദിവസവും അര മണിക്കൂറെങ്കിലും വ്യായാമത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന സ്ഥിതിയുണ്ടാകണം.

സംസ്ഥാനത്തെ ഏത് റാങ്കിലുള്ള പോലീസ് ഓഫീസറായാലും ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചാൽ, ശ്രദ്ധിക്കപ്പെടുന്ന പ്രവർത്തനങ്ങൾ അവരുടെ ഭാഗത്തു നിന്നുമുണ്ടായാൽ, അവരെ അഭിനന്ദിക്കുകയും റിവാർഡ് നൽകുകയും ചെയ്യുന്ന നില സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് കുറച്ചു കാലങ്ങളായി ചെറിയ കുട്ടികളെ കാണാതാകുന്നുണ്ട്. അടുത്ത കാലത്ത് കുട്ടികളെ തട്ടിക്കൊണ്ട് പോകാനുള്ള ശ്രമം നടത്തുന്ന ചിലരെ പിടികൂടാൻ കഴിഞ്ഞു. അതിലൂടെ വ്യക്തമാകുന്നത് ഇതിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു റാക്കറ്റുണ്ടെന്നാണ്. സംസ്ഥാനാടിസ്ഥാനത്തിൽ മാത്രല്ല സംസ്ഥാനത്തിന് പുറത്തുള്ള ചില ശക്തികളും ഈ റാക്കറ്റിനോടൊപ്പമുണ്ട്. അത് ഗൗരവമായി കാണണമെന്നുതന്നെയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനായി സംസ്ഥാനതലത്തിൽ ഒരു സംവിധാനമൊരുക്കാനാണ് മുൻകയ്യെടുക്കുന്നത്. അതോടൊപ്പം എല്ലാ സ്ഥലങ്ങളിലും ഇതുമായി ബന്ധപ്പെട്ട നിരീക്ഷണ സംവിധാനങ്ങളുണ്ടാകും. ഇതിനായി ശക്തമായ നടപടികളിലേയ്ക്ക് നീങ്ങണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. കുട്ടികൾ നഷ്ടപ്പെട്ടുപോകുന്നത് ഗൗരവമായി കാണേണ്ടതാണ്. ഈയടുത്ത കാലത്തായി വന്നിട്ടുള്ള ഒരു പ്രത്യേകതയാണ് ചില യുവജനങ്ങളെ കാണാതാകുന്നത്. കാണാതാകുന്ന ചെറുപ്പക്കാർ എവിടെയാണ് എത്തിച്ചേരുന്നതെന്നുള്ള വാർത്തകളും വന്നിട്ടുണ്ട്.

അത് പലപ്പോഴും നമ്മളറിയുന്നില്ല. അങ്ങനെ കാണാതാകുന്നത് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുകയോ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്നില്ല. അത്തരം കാര്യങ്ങളിൽ പ്രത്യേകമായി ഒരു ടീം വർക്ക് ചെയ്യണം. അതിന് സംസ്ഥാനാ ടിസ്ഥാനത്തിൽ പോലീസിൽ തന്നെ പ്രത്യേക സംവിധാനം വേണം. അവർ കാണാതാകുന്ന ആളുകളുടെ വീടുകളുമായി നിരന്തരം ബന്ധപ്പെടുകയും ആളുകളെ കുറിച്ച് എന്തെങ്കിലും വിവരം ഉണ്ടാകുന്നുണ്ടോ, എവിടെനിന്നെങ്കിലും ഫോൺ സന്ദേശം വരുന്നുണ്ടോ എന്നീ വിവരങ്ങൾ മനസ്സിലാക്കാനും കഴിയണം. അതിനുതകുന്ന തരത്തിലുള്ള ഒരു സംവിധാനം പോലീസിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നു.

അതുപോലെ ടൗണുകൾ, തിരക്കേറിയ മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ഇങ്ങനെ വലിയ തിരക്കുള്ള കേന്ദ്രങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യമുണ്ടാകുക എന്നത് വളരെ പ്രധാനമാണ്. അങ്ങനെ വന്നാൽ പൊതുവിലൊരു സുരക്ഷിതത്വ ബോധം ആളുകളിലുണ്ടാകും. പൂവാലൻമാർ, സ്ത്രീകളെ ശല്യം ചെയ്യുന്നവർ, സാമൂഹ്യ വിരുദ്ധർ എന്നിവരെ കൈകാര്യം ചെയ്യുന്നതിൽ ഫലപ്രദമായി ഇടപെടാൻ അവർക്ക് കഴിയും. അതിനാവശ്യമായ നടപടി സ്വീകരിക്കാനും ഇതോടൊപ്പം ഉദ്ദേശിക്കുന്നു.

നമ്മുടെ നാട്ടിൽ ഇഷ്ടംപോലെ ഉത്സവങ്ങളും പൂരങ്ങളും നടക്കുന്നുണ്ട്. ഇപ്പോൾ തൃശ്ശൂർ പൂരത്തിന്റെ സമയമാണ്. അത്തരം സന്ദർഭങ്ങളിൽ അപകടങ്ങൾ വരാതിരിക്കാനുള്ള ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. അതിനാവശ്യമായ നിലപാട് പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. ക്രൈം കേസുകൾ കൃത്യമായി കാര്യക്ഷമതയോടെ പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ മെച്ചപ്പെട്ട റിസൾട്ടുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സി.ബി.ഐ.-യേക്കാൾ മെച്ചപ്പെട്ട കൺവിക്ഷൻ റേറ്റ് കേരള പോലീസിനുണ്ടെന്ന് എൻ.സി.ആർ.ബി. (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട് ചെയ്തത്. അതുപോലെ സ്ത്രീകളുടെ പൊതുസുരക്ഷയിലും കേരളമാണ് മുന്നിൽ നിൽക്കുന്നതെന്ന് എൻ.സി.ആർ.ബി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈയടുത്ത കാലത്താണ് സെന്റർ ഫോർ മീഡിയ സ്റ്റഡീസ്, അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തത്. ഇതുപോലുള്ള കാര്യങ്ങൾ നമുക്ക് നേടാൻ കഴിഞ്ഞത് പോലീസിന്റെ ഫലപ്രദമായ ഇടപെടലിലൂടെ തന്നെയാണ്. പോലീസ് സേനയിലെ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആദ്യഘട്ടത്തിൽ 15 ശതമാനമായി ഉയർത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ചുള്ള റിക്രൂട്ട്മെന്റ് നടപടികൾ നടന്നുവരികയാണ്.

ക്രമസമാധാനത്തിനും കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും പോലീസിൽ പ്രത്യേകവിഭാഗം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പല ബഹുമാന്യരായ അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 12 മാസത്തിനകം പോലീസ് സ്റ്റേഷൻ തലംവരെ ഇത് പൂർണ്ണമായും നടപ്പാക്കാനാകുമെന്ന് തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ സർക്കിൾ ഇൻസ്പെക്ടർമാരെ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിശ്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളിലൊന്നാണിത്. ഒരു വനിതാ പോലീസ് ഓഫീസർ നിശ്ചിത ദിവസം എല്ലാ പഞ്ചായത്തുകളിലും പോകുകയും അവിടെയുള്ള സ്ത്രീകളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്.

നേരത്തെ ഞാൻ യു.എ.പി.എ. കേസുകളുടെ കാര്യം പറയുകയുണ്ടായി. അതുസംബന്ധിച്ച് ആവശ്യമായ പരിശോധന നടത്താൻ തീരുമാനിച്ചിരുന്നു. എൽ.ഡി.എഫ്.-ന്റെ കാലത്ത് 28 കേസുകളും യു.ഡി.എഫ്.-ന്റെ കാലത്ത് 134 കേസുകളുമാണുണ്ടായിരുന്നത്. ഈ രണ്ട് കാലത്തെയും കുറ്റപത്രം സമർപ്പിക്കാത്ത 42 കേസുകളുണ്ടായിരുന്നു. ആ 42 കേസുകളിൽ യു.എ.പി.എ. ഒഴിവാക്കണ മെന്നാണ് ഇപ്പോൾ അത് പരിശോധിച്ച സമിതി ശിപാർശ ചെയ്തിട്ടുള്ളത്. അതനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പോലീസിന് അനുവദിച്ച പ്ലാൻ ഫണ്ടിൽ 97 ശതമാനവും വിനിയോഗിക്കാൻ കഴിഞ്ഞു എന്നതാണ് ഈ വർഷത്തെ പ്രത്യേകത. പോലീസ് ആധുനികവൽക്കരണത്തിനുവേണ്ടി നേരത്തെ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് പാഴായി പോയതുകൊണ്ട് കേന്ദ്ര സർക്കാർ ഫണ്ട് നിർത്തിവച്ചിരുന്നു. എന്നാൽ ഇപ്പോൾ വീണ്ടും പദ്ധതി നടപ്പാക്കാനും കേന്ദ്ര ഫണ്ട് ചെലവഴിക്കാനും സാധിച്ചിട്ടുണ്ട്.

ഇവിടെ നേരത്തെ ബഹുമാന്യനായ ഒരംഗം സംസാരിച്ചപ്പോൾ ഒരു ഫയൽ മാനിപ്പുലേറ്റ് ചെയ്തുവെന്ന രീതിയിൽ പറയുകയുണ്ടായി. അങ്ങ് പറഞ്ഞത്, ആഭ്യന്തര വകുപ്പുസെക്രട്ടറി അയച്ച ഫയലിലെ പേജ് കാണാതായിയെന്നും ഇത് കൃത്രിമത്തിന് ഉദാഹരണമാണെന്നുമാണ്. എന്നാലത് ഈ സർക്കാരിന് ബാധകമല്ല.

സംസ്ഥാനത്ത് പോലീസ് പൂർണ്ണമായും ജനസൗഹൃദ പോലീസായി മാറണ മെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പോലീസിന്റെ ഭാഗമായി സംഘടിപ്പിക്കാൻ കഴിയുമെന്നുതന്നെ കരുതുന്നു. അക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. പോലീസിന് നല്ല നാഥൻ തന്നെയുണ്ടെന്നാണ് ഈയവസരത്തിൽ അറിയിക്കാനുള്ളത്. മറ്റുകാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ........പ്ലീസ്....... ഇത്രയും ദീർഘമായ ചർച്ച നടന്നു. ചർച്ചയ്ക്ക് മറുപടിയും പറഞ്ഞു. (....... ബഹളം.....) പ്ലീസ്...പ്ലീസ്....രാവിലെ മുതൽ ഈ വിഷയമായിരുന്നു ചർച്ച ചെയ്തത്. ചർച്ചയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞുകഴിഞ്ഞു. അങ്ങ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചില്ലേ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരംഗത്തിന് ചോദ്യം ചോദിക്കാനുള്ള അധികാരമില്ലേ? സീനിയർ അംഗമായ ശ്രീ. കെ. സി. ജോസഫിന് ഒരു ചോദ്യം ചോദിക്കാൻ അങ്ങ് എന്തുകൊണ്ടാണ് അനുവദിക്കാതിരുന്നത്?

മി. സ്പീക്കർ: ഞാൻ അനുവദിക്കാതിരുന്നില്ല. ഇവിടെ രാവിലെ ചർച്ച നടത്തിയതാണ്. ആ ചർച്ച കൺക്ലൂഡ് ചെയ്തുകഴിഞ്ഞു. രാവിലെ മുതൽ 14 പേർ പങ്കെടുത്ത വിശദമായ ചർച്ച നടന്നു. ആ ചർച്ചയിൽ എല്ലാവരും ചോദ്യങ്ങളുന്നയിച്ചു. ആ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. (....... ബഹളം.....) നമുക്ക് ലഭ്യമായ സമയം ഉപയോഗപ്പെടുത്തിയില്ലേ..... പ്ലീസ്..... ഇരിക്കു....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് തെറ്റായ നടപടിയാണ്. സർക്കാരിന്റെ ഇത്തരം നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. കെ. സി. ജോസഫിന് ചോദ്യമുന്നയിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, എം. ഉമ്മർ, സണ്ണി ജോസഫ്, ഹൈബി ഈഡൻ, മഞ്ഞളാംകുഴി അലി, കെ. സി. ജോസഫ്, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, സി. മമ്മൂട്ടി, കെ. എം. ഷാജി, വി. പി. സജീന്ദ്രൻ, എം. വിൻസെന്റ്, പാറക്കൽ അബ്ദുല്ല എന്നീ അംഗങ്ങൾ പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ. പി

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ് കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. പി. ഉണ്ണി

75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u> :

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 2

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എം. ഉമ്മർ, ഐ. സി. ബാലകൃഷ്ണൻ, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. കെ. ബഷീർ, പി. ബി. അബ്ദുൽ റസ്സാക്ക്, പാറക്കൽ അബ്ദുല്ല, സി. മമ്മൂട്ടി, കെ. എം. ഷാജി, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. പി. ഉണ്ണി

75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77 ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 2

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.46-ന് പിരിഞ്ഞു.)

# VII അനുബന്ധം

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## 28-4-2017-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം

1(*91) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഡ്യുക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ അതിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അറുപത് ശതമാനം വിഹിതം എത്ര രൂപയാണ്; ഈ വർഷം എത്ര രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ഒരു പദ്ധതിക്ക് 26-4-2017-ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി. ഇതുസംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

- 1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേക്ക് വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.
- 31-3-2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്.

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.
- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.
- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
- 1-4-2016-ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 500-600 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

**വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ**

2 (*92) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് ജലവിഭവ വകുപ്പ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ജലദുരുപയോഗം ഒഴിവാക്കാനും കുടിവെള്ള ക്ഷാമത്തിന്റെ മറവിൽ കുടിവെള്ള വിൽപ്പന സംഘങ്ങളുടെ ചൂഷണം തടയാനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ജലസേചന വകുപ്പ്:

സംസ്ഥാനത്തെ കടുത്ത വരൾച്ച നേരിടുന്നതിനായി ജലസേചന വകുപ്പ് തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ, നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉപ്പുവെള്ള പ്രതിരോധ ബണ്ട് എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. കൂടാതെ, സംസ്ഥാനത്തെ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും നിലവിലുള്ളതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനായി ഹരിത കേരളം പദ്ധതി നടപ്പിലാക്കുന്നു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

ഭൂജല വകുപ്പ്:

കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ ഭൂജല വകുപ്പ് കുഴൽ കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ ഭൂജല പര്യവേഷണം നടത്തി ജലലഭ്യതയുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി, പഞ്ചായത്ത് ഡെപ്പോസിറ്റ് ഫണ്ട്, എം.എൽ.എ. എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി. എന്നിവയിൽ

ഉൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കൈപമ്പുകളുടെ അറ്റകുറ്റപണികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും നിലവിൽ വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

<u>കേരള ജല അതോറിറ്റി:</u>

സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്ക്മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിങ്ങ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നുണ്ട്. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിലും കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്നുറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ച് ഒരു whatsapp ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ തലസ്ഥാനത്ത് ജലലഭ്യത ഉറപ്പാക്കുന്നതിനായി നെയ്യാർ ഡാമിൽ നിന്നും അരുവിക്കര ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നെയ്യാർഡാമിലെ കാപ്പുകാട് നിന്നും ജലം 1.5 കിലോമീറ്റർ പമ്പ് ചെയ്ത് അകലെയുള്ള തോടുവഴി കരമന നദിയിലെ അണിയില കടവിൽ എത്തിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. ഇത് ജലസേചന വകുപ്പ്, ജില്ലാ ഭരണകൂടം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കി വരുന്നത്.

<u>ജലനിധി:</u>

സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഘട്ടം ഘട്ടമായി കമ്മീഷൻ ചെയ്യുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂജലസംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വരൾച്ചയെ നേരിടുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംഭരണം-ഭൂജല പരിപോഷണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) <u>കേരള ജല അതോറിറ്റി:</u>

ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളോട് ഇത് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെടാറുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിന് പിഴ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിൽകൂടി ജലം ദുരുപയോഗം ചെയ്യുന്നതിന് എതിരെയുള്ള അറിയിപ്പുകൾ നൽകാറുണ്ട്. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് ആന്റിവാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി പരിശോധനകൾ നടത്തി വരുന്നു. ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പോലീസിന്റെ സഹായവും തേടാറുണ്ട്.

<u>ഭൂജലവകുപ്പ്:</u>

ഭൂജല ചൂഷണത്തെ സംബന്ധിച്ച് വകുപ്പിന് ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിന് 2017 മേയ് 31 വരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഭൂജലം അടിസ്ഥാനമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങൾ 75% ഭൂജല വിനിയോഗം കുറയ്ക്കണമെന്നുള്ള ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്മേൽ ഭൂജലവകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് ഭൂജല വിനിയോഗം കുറയ്ക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ജലനിധി:</u>

ജലദുരുപയോഗം തടയുന്നതിന് ജലനിധിയുടെ നേതൃത്വത്തിൽ വിവിധ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു :

1. മാർച്ച് 22-ന് ലോക ജലദിനത്തോടനുബന്ധിച്ച് ലോക ജലദിനം എല്ലാ ജലനിധി പഞ്ചായത്തുകളിലും സംഘടിപ്പിക്കുകയും ജലദിന പ്രതിജ്ഞ എല്ലാവരെയും കൊണ്ട് ചൊല്ലിപ്പിക്കുകയും ചെയ്തു.

2. ജലദുരുപയോഗവും ജലത്തിന്റെ മിതമായ ഉപയോഗവും സംബന്ധിച്ച രണ്ടു പുസ്തകങ്ങൾ ലോക ജലദിനത്തിന് ജലനിധി പുറത്തിറക്കി. ഒരു പുസ്തകം വിദ്യാർത്ഥികൾക്കു വേണ്ടിയും (24 പേജ്) ഒരു പുസ്തകം മുതിർന്നവർക്കു വേണ്ടിയുമാണ് (8 പേജ്) ഇറക്കിയിരിക്കുന്നത്. ഈ പുസ്തകങ്ങൾ എല്ലാ ജലനിധി പഞ്ചായത്തുകൾ വഴിയും വിതരണം ചെയ്യുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

3. കമ്മ്യൂണിറ്റി റേഡിയോകളിലൂടെ ജലസംരക്ഷണത്തെപ്പറ്റിയുള്ള വിവിധ പരിപാടികൾ ഫെബ്രുവരി മാസം മുതൽ സംപ്രേഷണം ചെയ്തുപോരുന്നു.

4. എല്ലാ ജലനിധി പഞ്ചായത്തുകളിലും സ്കൂളുകളിലും ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ അടുത്ത അദ്ധ്യയന വർഷം മുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിലേയ്ക്കായി അദ്ധ്യാപകരുടെ ഒരു പാനൽ രൂപീകരിച്ച് അവർക്ക് അടുത്തമാസം പരിശീലനം ലഭ്യമാക്കുന്നതാണ്.

5. ജലനിധിയുടെ വാർത്താപത്രികയായ ജലതരംഗത്തിലൂടെ ജലദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ എല്ലാ ജലനിധി പഞ്ചായത്തുകളിലും കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

കിറ്റിഷോ എന്ന പരിപാടിയുടെ അവതരണത്തിലൂടെ ജലസംരക്ഷണത്തെപ്പറ്റിയുള്ള അവബോധം സാധാരണ ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടി ജലനിധിയുടെ നേതൃത്വത്തിൽ റോഡ്ഷോ കഴിഞ്ഞമാസം സംഘടിപ്പിക്കുകയുണ്ടായി.

**മലയോര, തീരദേശ ഹൈവേകൾ**

3(*93) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര, തീരദേശ ഹൈവേകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വിശദമായ പഠന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവയുടെ മുഖ്യപ്രയോജനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിവരിക്കുമോ;

(ഡി) ഹൈവേകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഇ) ഇവയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്ത് മലയോര ഹൈവേയും തീരദേശ ഹൈവേയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ മലയോര പ്രദേശങ്ങൾ സിറ്റികളുമായി യോജിപ്പിക്കുന്നതിനു വേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് മലയോര ഹൈവേ ആയി നിർമ്മിക്കുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ മലയോര ഹൈവേ നിർമ്മാണത്തിനായി NATPAC മുഖേന പഠനം

നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ G.O.(MS)44/09/PWD dated 6-7-2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-11-2016-ൽ കൂടിയ യോഗതീരുമാനമനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് മരാമത്ത് വകുപ്പ് നാറ്റ്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി പ്രായോഗികമായി ഏറ്റെടുക്കാവുന്ന ഭാഗങ്ങൾ ഘട്ടം ഘട്ടമായി ഏറ്റെടുക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് മരാമത്ത് വകുപ്പ് നാറ്റ്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ഭാഗങ്ങളെ സംബന്ധിച്ച് നാറ്റ്പാക് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിൽ 121.90 കി.മീ. റോഡും, രണ്ടാം ഘട്ടത്തിൽ 287.69 കി.മീ. റോഡും, മൂന്നാം ഘട്ടത്തിൽ 368.61 കി.മീ. റോഡും വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതു കൂടാതെ നിലവിലുള്ള റോഡുകളിൽ 213.04 കി.മീ. ഭാഗം ഓവർലേ ചെയ്യുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. NATPAC സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പൂവാറിൽ നിന്നും ആരംഭിക്കുകയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്നു. NATPAC-ന്റെ സർവ്വേ പ്രകാരം നിർദ്ദിഷ്ട ഹൈവേക്ക് 591.5 കി.മീ. നീളവും 6612 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും, 7 മീറ്റർ കാരിയേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥല പരിമിതിയുള്ള പ്രദേശങ്ങളിൽ കാരിയേജ് വേയുടെ വീതി 5.5 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | നീളം | പ്രതീക്ഷിക്കുന്ന പുനരുദ്ധാരണ ചെലവ് (കോടി) |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 78 | 451.94 |
| കൊല്ലം | 55.1 | 1005.01 |
| ആലപ്പുഴ | 82.1 | 798.46 |
| എറണാകുളം | 66.6 | 603.38 |

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | 63.9 | 633.46 |
| മലപ്പുറം | 70.3 | 705.38 |
| കോഴിക്കോട് | 87.3 | 1069.6 |
| കണ്ണൂർ | 72.7 | 362.35 |
| കാസർഗോഡ് | 80.7 | 478.19 |
| ആകെ | 656.7 | 6107.77 |

(സി) മലയോര ഹൈവേ നടപ്പിലാക്കുന്നതുവഴി കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ഗതാഗതം സുഗമമാക്കുന്നതോടൊപ്പം മലയോര പ്രദേശങ്ങളെ സംസ്ഥാനത്തെ മറ്റ് നഗര പ്രദേശങ്ങളിലെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി മലയോര പ്രദേശ ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ ഉന്നമനത്തിന് വഴിയൊരുക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഈ പദ്ധതി സംസ്ഥാനത്തെ സമഗ്ര വികസനത്തിനും വഴിയൊരുക്കുന്നതാണ്. തീരദേശ ഹൈവേയുടെ മുഖ്യ പ്രയോജനങ്ങൾ താഴെ പറയുന്നതാണ് :

1. ദേശീയപാതയിലെ ഗതാഗതകുരുക്ക് ലഘൂകരിക്കുക.
2. പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കൽ.
3. തീരദേശ മേഖലയുടെ സർവ്വതോന്മുഖ പുരോഗതിക്ക് വഴി തുറക്കുക.
4. വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കുക.

(ഡി) മലയോര ഹൈവേ, തീരദേശ ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കിഫ്ബി വഴി സ്വരൂപിച്ച് നിക്ഷേപിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിനായി യഥാക്രമം 3500 കോടി രൂപയും 6500 കോടി രൂപയും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 59.415 കി.മീ ഭാഗത്തിന് 237.200 കോടി രൂപയ്ക്ക് ഭരണാനുമതിയും 205.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചു വരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി. ഭാഗം സർക്കാർ ഉത്തരവ് നമ്പർ 109/2017/പൊ.മ.വ. തീയതി 25-1-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയോര തീരദേശ പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ചോദ്യപേപ്പർ തയ്യാറാക്കുന്ന നിലവിലെ രീതിയിൽ മാറ്റം

4(*94) ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഹയർസെക്കന്ററി പരീക്ഷകളിലെ ചില ചോദ്യങ്ങൾ വിദ്യാർത്ഥികളെ വലയ്ക്കുന്നതായിരുന്നെന്ന കാര്യം പരിഗണിച്ച് ചോദ്യപേപ്പർ തയ്യാറാക്കുന്ന നിലവിലെ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതു വിദ്യാഭ്യാസ രംഗത്ത് സർക്കാർ നടത്തുന്ന ശക്തമായ ഇടപെടലിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രകടമായ മുന്നേറ്റം അട്ടിമറിക്കാനായി നിക്ഷിപ്ത താല്പര്യക്കാർ ഈ സംഭവത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുമോ;

(സി) ചോദ്യ ബാങ്ക് രൂപീകരിച്ച് അതിൽ നിന്ന് ചോദ്യങ്ങൾ ശാസ്ത്രീയമായി തെരഞ്ഞെടുക്കുന്ന രീതി പരിഗണിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പരിശോധിച്ചു വരുന്നു.

(ബി) മാധ്യമങ്ങൾ, സമൂഹ മാധ്യമങ്ങൾ എന്നിവയുടെ ഇടപെടൽ ചോദ്യപേപ്പറുകളുടെ സൂക്ഷ്മമായ വിലയിരുത്തലുകൾക്കുള്ള സാധ്യത വർദ്ധിപ്പിച്ചിരിക്കുന്നു. ആയത് നല്ലതാണ്. ഈ സംഭവത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന കാര്യം വിജിലൻസ് അന്വേഷിച്ചു വരുന്നു.

(സി) പരിശോധിച്ചു വരുന്നു.

## കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതികൾ

5(*95) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ;

(ബി) പ്രവൃത്തികൾ നിർദ്ദിഷ്ട രീതിയിൽ പുരോഗമിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഫണ്ടിംഗ് ഏജൻസികൾ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) KSTP രണ്ടാംഘട്ടത്തിൽ റോഡ് പുനർ നിർമ്മാണ വിഭാഗത്തിൽ താഴെ വിവരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു :

പാക്കേജ് I:

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ)- 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകിരച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ടൗണിലെ 2 കി.മീറ്റർ ഭാഗത്തെ ഇലക്ട്രിക്കൽ കേബിൾ മാറ്റുന്നതിനുള്ള സാങ്കേതികതടസ്സം കാരണം പ്രസ്തുത ഭാഗം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നുണ്ട്. ഈ പ്രവൃത്തിയുടെ അടങ്കൽ തുക 133.65 കോടി രൂപയാണ്.

പാക്കേജ് II:

പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ.) 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലവും രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ ടാറിംഗ് ഉൾപ്പെടെ 5 കി.മീറ്റർ ടാറിംഗ് ഒഴിച്ചുള്ള റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 118.20 കോടി രൂപയാണ്.

പാക്കേജ് III A:

തലശ്ശേരി-കളറോഡ് റോഡ് (28.8 കി.മീ.)-ഈ പ്രവൃത്തി 31-5-2016-ന് ആരംഭിച്ചു. 6% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30-5-2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 154.59 കോടി രൂപയാണ്.

പാക്കേജ് III B:

കളറോഡ്-വളവുപാറ റോഡ് (25.2 കി.മീ.)-ഈ പ്രവൃത്തി 10-6-2016-ന് ആരംഭിച്ചു. 11% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 25-9-2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 209.58 കോടി രൂപയാണ്.

പാക്കേജ് IV:

ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.8 കി.മീ.)-68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 24-11-2017-നുള്ളിൽ അവസാനിക്കുന്നതാണ്. കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അടങ്കൽ തുക 293.58 കോടി രൂപയാണ്.

പാക്കേജ് IV A:

തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) - 61% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിനാലും പ്രവൃത്തിയുടെ പുരോഗതി ഉദ്ദേശിച്ച രീതിയിൽ കൈവരിക്കാനായിട്ടില്ല. പ്രവൃത്തിയുടെ അടങ്കൽ തുക 31.80 കോടി രൂപയാണ്.

പാക്കേജ് V:

ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.)-64% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരണ കാലാവധി 27-10-2017 ആണ്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 171.49 കോടി രൂപയാണ്.

പാക്കേജ് VI:

പൊൻകുന്നം-തൊടുപുഴ (50 കി.മീ) - 99% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 227.13 കോടി രൂപയാണ്.

പാക്കേജ് VII:

പെരിമ്പിലാവ്-പെരിന്തൽമണ്ണ (41 കി.മീ.) - ഉപരിതലം പുതുക്കൽ 2017 മാർച്ചിൽ പൂർത്തീകരിച്ചു.

പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി:

പുനലൂർ-പൊൻകുന്നം റോഡ്-പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിന് ലോകബാങ്കിന്റെ അംഗീകാരം കിട്ടിയതിനുശേഷം ആന്വിറ്റി ക്ഷണിക്കുന്നതാണ്. റോഡ് സുരക്ഷാ നടത്തിപ്പിന്റെ ഭാഗമായി കഴക്കൂട്ടം-അടൂർ (80 കി.മീ.) മോഡൽ സുരക്ഷാ റോഡ് പദ്ധതി 28-12-2016-ൽ ആരംഭിച്ചു. പൂർത്തീകരണ

കാലാവധി 27-4-2018 ആണ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 148.22 കോടി രൂപയാണ്. ഈ പദ്ധതിയിൽപ്പെടുത്തി തകരാറിലായ ഏനാത്ത് പാലത്തിന്റെ ഭാഗീക പുനർനിർമ്മാണം പുരോഗമിച്ചു വരുന്നു. കരസേനയുടെ ബെയ്‌ലി പാലം പണികളും പൂർത്തീകരിച്ചു.

(ബി) പാക്കേജ് I, II, IVA, പുനലൂർ-പൊൻകുന്നം പി.പി.പി പദ്ധതി എന്നീ പ്രവൃത്തികൾ നിർദിഷ്ട രീതിയിൽ പുരോഗമിക്കുന്നില്ല. റോഡ് സുരക്ഷാ നടത്തിപ്പിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുന്നു. യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കോൺട്രാക്ടർക്കും കൺസൾട്ടന്റ് എഞ്ചിനീയർക്കും കെ.എസ്.ടി.പി. എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്.

(സി) ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്ത് തന്നെ പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരവും MORTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരെഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പു വരുത്തിയതിനുശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനു ശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്തുന്നത് കൺസൾട്ടന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണ നിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗത്ഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുള്ള ദർഘാസ് നടപടികളും പുരോഗമിച്ചു വരുന്നു.

**എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് പദ്ധതി**

6(*96) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ ചന്ദ്രശേഖരൻ):

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവന രഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി സർവ്വേയുടെ വെരിഫിക്കേഷൻ നടന്നു വരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം) വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുകയുമാണ് സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫിന്റെ ലക്ഷ്യം. അതോടൊപ്പം സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനുള്ള ശാക്തീകരണ പ്രക്രിയയും പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) സംസ്ഥാന തലത്തിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മിഷൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ നവകേരള മിഷനുകീഴിലുള്ള 4 വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ജില്ലാമിഷൻ രൂപീകരിക്കുന്നതാണ്.

മുനിസിപ്പാലിറ്റി കോർപ്പറേഷൻ തലങ്ങളിൽ 4 മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് മുനിസിപ്പൽ ചെയർപേഴ്സൺ/മേയറുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക്തല മിഷനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് തല മിഷനും രൂപീകരിക്കുന്നതാണ്. ലൈഫ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികിഷോറിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

## ഭൂനിയമ പരിഷ്കരണം

7(*97) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭൂനിയമങ്ങളിൽ പലതും ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ബി) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) സാധാരണക്കാർക്ക് പ്രയോജനകരമായ രീതിയിൽ ഭൂനിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ ചന്ദ്രശേഖരൻ):

(എ-സി) ഭൂപരിഷ്കരണ നിയമവും മറ്റ് ഭൂനിയമങ്ങളും നടപ്പിലാക്കുമ്പോൾ പ്രായോഗികമായി സാധാരണക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടോ എന്നുള്ളത് വിശദമായ പഠനത്തിന് വിധേയമാക്കി ബന്ധപ്പെട്ട കക്ഷികളുമായും മറ്റും പല തലത്തിൽ ചർച്ച ചെയ്ത് മാത്രമേ പ്രസ്തുത നിയമങ്ങൾ പരിഷ്കരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇതുസംബന്ധിച്ചുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട ചില നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നിയമ വകുപ്പ് മുഖാന്തരം സ്വീകരിച്ചു വരുന്നു.

## അന്താരാഷ്ട്ര നിലവാരത്തിലുള്ള കോളേജ് വിദ്യാഭ്യാസം

8 (*98) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസം പരിമിത സൗകര്യങ്ങളുടെയും നിലവാര തകർച്ചയുടെയും പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണക്കാരുടെ മക്കൾ പഠനം നടത്തുന്ന ആർട്സ്&സയൻസ് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കേണ്ടത് സർക്കാരിന്റെ ചുമതലയായി കരുതുന്നുണ്ടോ;

(ബി) 300 ഓളം ഹൈസ്കൂളുകളെ ലോകനിലവാരത്തിലെത്തിക്കാൻ തീരുമാനമെടുത്ത സർക്കാർ, സംസ്ഥാനത്തെ മികച്ച പാരമ്പര്യമുള്ള 30 സർക്കാർ കോളേജുകളെ ലോകോത്തരമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം സർക്കാരിന്റെ ആലോചനയിലുള്ള വിഷയമാണെങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തിയതിനേക്കാൾ പതിന്മടങ്ങ് 'കിഫ്ബി' ഫണ്ട് ഉന്നത വിദ്യാഭ്യാസ വികസനത്തിനും ലഭ്യമാക്കേണ്ടതുണ്ടെന്ന ബോധ്യത്തിൽ പ്രസ്തുത മേഖലയുടെ വികസനത്തിനുള്ള നിലപാട് വിശദീകരിയ്ക്കാമോ;

(ഡി) വിദേശ സർവ്വകലാശാലകളുടെ ഇന്ത്യൻ യൂണിറ്റുകൾ, സ്വകാര്യ കോർപറേറ്റ് കോളേജുകൾ എന്നിവ ഉന്നത വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധാരണക്കാരന് ലഭ്യമാക്കുന്നതിനും യു.ജി.സി. ലക്ഷ്യമാക്കുന്നതിലുപരി അദ്ധ്യാപകരെ സജ്ജമാക്കുന്നതിനും കരിക്കുലം പരിഷ്കരിക്കാനും നാനോ സയൻസ്, അസ്ട്രോ ഫിസിക്സ് എന്നിവ പോലെയുള്ള നവീന കോഴ്സുകൾ ആരംഭിക്കാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ ധനസഹായം നല്കി വരുന്നുണ്ട്. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന CQIP പദ്ധതി നടത്തിപ്പിനായി 2017-18 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റികളുടെയും വ്യക്തിഗത ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയിൻകീഴിൽ പൈതൃക കോളേജുകൾ ഉൾപ്പെടെ 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം കാര്യവട്ടം ഗവ. കോളേജിന് ലൈബ്രറിയും റിസർച്ച് ബ്ലോക്കും നിർമ്മിക്കുന്നതിന് 3 കോടി രൂപയും ഗവൺമെന്റ് കോളേജ് കോടഞ്ചേരിക്ക് പുതിയ ലൈബ്രറി കെട്ടിടത്തിന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി ഗവ. കോളേജ് നെടുമങ്ങാട്, പി.റ്റി.എം. ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണ എന്നിവയ്ക്കും 3 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഗവേഷണ സഹായ പദ്ധതി, പഠിതാവിനൊപ്പം പദ്ധതി തുടങ്ങിയ പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുകൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിവരികയും ചെയ്യുന്നു.

(സി) 52 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾക്കും 7 എഞ്ചീനീയറിംഗ് കോളേജുകൾക്കും 9 പോളിടെക്നിക്കുകൾക്കും കൂടി 700 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 'കിഫ്ബി' ധനസഹായത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം ശതോത്തര വാർഷികം ആഘോഷിക്കുന്ന 5 പ്രധാന കോളേജുകൾക്ക് (യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, മഹാരാജാസ് കോളേജ് എറണാകുളം, കേരളവർമ്മ കോളേജ് തൃശ്ശൂർ, ഗവണ്മെന്റ് വിക്ടോറിയ കോളേജ് പാലക്കാട്, ബ്രണ്ണൻ കോളേജ് തലശ്ശേരി) ചരിത്രപ്രൗഢി നിലനിർത്തി കൊണ്ടുതന്നെ വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം കേരളത്തിലെ സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളായി മാറ്റുന്ന ബൃഹദ് പദ്ധതിയും 'കിഫ്ബി' ധനസഹായത്തോടെ നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(ഡി) ഗവണ്മെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ശക്തിപ്പെടുത്തുന്നതിനുമായി നടപ്പ് വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം നവീന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി ഗവണ്മെന്റ് വിക്ടോറിയ കോളേജ് പാലക്കാടിന് 2.62 കോടി രൂപയും തലശ്ശേരി ബ്രണ്ണൻ കോളേജിന് 2.78 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ കരിക്കുലം പരിഷ്കരണം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും പോളിടെക്നിക്കുകളുടേത് വ്യവസായ രംഗത്തുനിന്നുള്ള വിവരശേഖരണമനുസരിച്ച് കാലാകാലങ്ങളിൽ എസ്.ഐ.റ്റി.റ്റി.ആർ.-ഉം നടത്തിവരുന്നു. കാലാനുസൃതമായ സാങ്കേതികവിദ്യയിലും ഈ മേഖലകളിലെ സംഭവവികാസങ്ങളെ സംബന്ധിച്ചും അദ്ധ്യാപകർക്ക് ഫലപ്രദമായ പരിശീലനം നല്കുന്നുണ്ട്. നവ സാങ്കേതികവിദ്യയിൽ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2015-16-ൽ ഫിനാൻഷ്യൽ എഞ്ചിനീയറിംഗ് & മൈക്രോ നാനോ ഇലക്ട്രോണിക്സ്, 2016-17-ൽ മാനുഫാക്ച്ചർ & ഓട്ടോമേഷൻ, റോബോട്ടിക്സ് & ഓട്ടോമേഷൻ എന്നിവയിൽ എം.ടെക് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹില്ലിൽ ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗിൽ ദ്വിവത്സര എം.ടെക് കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

**മൂന്നാർ മേഖലയിലെ ഭൂമി കയ്യേറ്റം നടത്തുന്നവർക്കെതിരെ നടപടി**

9(*99) ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ അനധികൃത കയ്യേറ്റങ്ങൾ, അവയിലുള്ള നിയമ രഹിത നിർമ്മാണങ്ങൾ എന്നിവ തടയുന്ന കാര്യത്തിലും, കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന കാര്യത്തിലും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കയ്യേറ്റങ്ങൾ ന്യായീകരിക്കുന്ന കാര്യത്തിലും, നിയമാനുസൃത നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി പിൻതിരിപ്പിക്കുന്ന കാര്യത്തിലും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇടപെടലുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ പരിസ്ഥിതി ലോല മേഖലയിലെ പൊതു സ്വത്തായ ഭൂമി നിയമവ്യവസ്ഥകൾ ലംഘിച്ചും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയും പരിസ്ഥിതിക്ക് ഗുരുതരാഘാതമുണ്ടാക്കും വിധം കയ്യേറ്റം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാരിന് സ്വീകരിക്കാൻ സാധിക്കുന്നത്; അത്തരം നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മൂന്നാർ മേഖലയിൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും റവന്യൂ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം എൻ.ഒ.സി. എടുക്കാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും നിരോധന ഉത്തരവ് നൽകിയിട്ടുള്ളതും ആയതിനെ അവഗണിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളതായ കെട്ടിട ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട നിരവധി കേസുകളിൽ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുത്തിട്ടുള്ളതും എന്നാൽ ചില കയ്യേറ്റക്കാർ വിവിധ കോടതികളിൽ നിന്നും സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതിനാൽ ഒഴിപ്പിക്കൽ നടപടികൾ സാധിച്ചിട്ടില്ലാത്തതും ടി കേസുകളിന്മേൽ ബന്ധപ്പെട്ട കോടതികൾ മുമ്പാകെ വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ സമയബന്ധിതമായി തന്നെ സമർപ്പിച്ച് പോരുന്നതുമാണ്. ഒഴിപ്പിച്ച സർക്കാർ ഭൂമി വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായി ഭൂസംരക്ഷണ സേനയുടെ പട്രോളിംഗ് നടത്തി വരുന്നു. സർക്കാർ ഭൂമികളിന്മേലുള്ള കയ്യേറ്റമെന്നു കണ്ടെത്തിയതും വിവിധ കോടതികളിൽ നടപടികളിലിരിക്കുന്നതും ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുവാൻ അവശേഷിക്കുന്നതുമായ കേസുകളിൽ കോടതി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ തലത്തിൽ കയ്യേറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതും നിയമ വിരുദ്ധമായി കയ്യേറിയ സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിനും സർക്കാർ കൈവശത്തിലാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച സ്ഥലത്ത് വീണ്ടും കയ്യേറ്റം നടത്തുന്നത് തടയുന്നതിനായി പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

## പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കൽ

10(*100) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1931 പാലങ്ങൾ പരിശോധിച്ചതിൽ പതിനാറു ശതമാനം (314 എണ്ണം) പുനർ നിർമ്മിക്കേണ്ട സ്ഥിതിയിലാണെന്ന കണ്ടെത്തൽ സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ നിലവാരത്തകർച്ചയെ വെളിപ്പെടുത്തുന്നതാകയാൽ ഇതു പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന ഭരണപരമായ നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളുടെയും റോഡുകളുടെയും കെട്ടിടങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്;

(സി) ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ഉത്തരവാദിത്തം എന്തെല്ലാമാണ്; ഇതു പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) നിലവാരത്തകർച്ചയല്ല. കാലപ്പഴക്കമാണ്. റിപ്പയർ നടന്നിട്ടില്ല. സംസ്ഥാനത്തുള്ള പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ പരിശോധിച്ചതിൽ കാലപ്പഴക്കം കൊണ്ടും മറ്റും ഏകദേശം 365 പാലങ്ങൾക്ക് ബലക്ഷയം കണ്ടെത്തി. ടി പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതോ അറ്റകുറ്റപ്പണികൾ നടത്തേണ്ടതോ ആണ്. ഈ പാലങ്ങൾ മിക്കവയും കാലപ്പഴക്കം കൊണ്ട് ബലക്ഷയം സംഭവിച്ചതാകയാൽ പൊതുമരാമത്ത് പണികളുടെ നിലവാര തകർച്ചമൂലമാണെന്ന് വിലയിരുത്താൻ കഴിയില്ല. സംസ്ഥാന ചരിത്രത്തിൽ ആദ്യമായാണ് മൊത്തം പാലങ്ങളുടെ പരിശോധന നടത്തിയത്. പരിശോധനയിൽ കാണപ്പെട്ട വിദഗ്ദ്ധ പരിശോധന ആവശ്യമുള്ള 365 പാലങ്ങളും പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിദഗ്ദ്ധ കമ്മിറ്റിയെ കൊണ്ട് പരിശോധിപ്പിക്കുന്നതിനും പുനർനിർമ്മാണം ആവശ്യമുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(ബി&സി) ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളുടേയും റോഡുകളുടേയും ഗുണനിലവാരം ഉറപ്പാക്കാനായി ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കി വരുന്നു. G.O.(MS)No.79/PWD/2013 dated 28-9-2013 പ്രകാരം ഒരു ക്വാളിറ്റി കൺട്രോൾ വിംഗ് സ്ഥാപിച്ചിട്ടുള്ളതും ഇതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ റീജിയണൽ ക്വാളിറ്റി കണ്ട്രോൾ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പാക്കി വരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബിൽ നിന്നുള്ള പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ കൂടി സമർപ്പിച്ചാൽ മാത്രമേ പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുകയുള്ളൂ. അതുപോലെ തന്നെ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മരാമത്ത് പ്രവൃത്തികൾ നിർദ്ദിഷ്ട നിലവാരപ്രകാരമാണ് പൂർത്തിയാക്കുന്നതെന്ന് വകുപ്പിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വൈദ്യുതി വിഭാഗത്തിൽ ഗുണനിലവാരം ഉറപ്പാക്കാനായി ISI, BIS സർട്ടിഫിക്കറ്റുകളുള്ള സാമഗ്രികൾ മാത്രമാണ് നിർമ്മാണ പ്രവൃത്തിയിൽ ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുള്ളത്. ട്രാൻസ്ഫോർമർ, ജനറേറ്റർ മുതലായ വൈദ്യുത ഉപകരണങ്ങൾ ബന്ധപ്പെട്ട എഞ്ചിനീയർമാർ ലോഡ് ടെസ്റ്റ് നടത്തി ബോദ്ധ്യപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അംഗീകാരവും ലഭിച്ച ശേഷമാണ് സ്ഥാപിക്കാൻ അനുമതി നൽകുന്നത്.

ദേശീയപാതാ വിഭാഗത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Two-Tier Quality Control System നിലവിലുണ്ട്. ഇതുപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 5 കോടി രൂപയ്ക്ക് മേൽ വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. കൂടാതെ പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് മുഖേന ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. റോഡുകളുടെയും പാലങ്ങളുടെയും മറ്റ് നിർമ്മിതികളുടേയും നിർമ്മാണം പൂർത്തീകരിച്ചശേഷം നിശ്ചിത കാലാവധിക്കുള്ളിൽ (defect liability period) വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുവാൻ നിർമ്മാണ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്ത പക്ഷം അറ്റകുറ്റപണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽനിന്നും ഈടാക്കുന്നുണ്ട്. നിർമ്മാണ സമയത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്.

## പൊതു വിദ്യാഭ്യാസരംഗത്ത് നിയന്ത്രണങ്ങൾ

11(*101) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ മൂല്യശോഷണത്തിന് അനുസരണമായി സംസ്ഥാനത്തും, ഉന്നതവിദ്യാഭ്യാസ രംഗത്തും, സാങ്കേതിക വിദ്യാഭ്യാസരംഗത്തും ബാഹ്യശക്തികൾ നടത്തുന്ന ഇടപെടലുകൾ നിയന്ത്രിക്കാൻ പര്യാപ്തമായ നയം രൂപീകരിക്കാൻ തയാറാകുമോ;

(ബി) പൊതുവിദ്യാഭ്യാസരംഗത്ത് ആകെയും, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതികവിദ്യാഭ്യാസരംഗത്തും കൂടുതൽ സർക്കാർകോളേജുകൾ സ്ഥാപിച്ച് ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദ്യാർത്ഥിസംഘടനകൾക്ക് നിർബാധം പ്രവർത്തിക്കാൻ നിയമപരമായി തന്നെ അവസരം ഒരുക്കി, ഇന്റേണൽ മാർക്കിന്റെ പേരിലും മറ്റുമുള്ള വിദ്യാർത്ഥി പീഡനങ്ങൾ അവസാനിപ്പിക്കുവാൻ വഴിയൊരുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ബാഹ്യശക്തികളുടെ ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസരംഗത്ത് ആകെയും പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും കൂടുതൽ സർക്കാർ കോളേജുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി സംഘടനകൾക്ക് നിർബാധം പ്രവർത്തിക്കാൻ നിയമപരമായി അവസരമുണ്ട്. സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളായി ഒരു കമ്മീഷൻ 4-2-2017-ലെ സ.ഉ (എംഎസ്) നമ്പർ 37/17/ഉ.വി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് നിലവിലുള്ള പരാതികളും പിഴവുകളും ആശങ്കകളും അകറ്റുംവിധം ഇതിന്റെ ഘടന കാലാനുസൃതവും ശാസ്ത്രീയവുമായി പുനഃക്രമീകരിക്കുന്നതിനായി മഹാത്മഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറും എ.പി.ജെ. അബ്ദുൾകലാം കേരള സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ എന്നിവർ അംഗങ്ങളുമായി ഒരു സമിതി സർക്കാർ ഉത്തരവ് (സാധാ)നമ്പർ 179/17/ഉ.വി.വ തീയതി 3-2-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി

12(*102) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർഭൂമി കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർഭൂമി കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഭാവിയിൽ അനധികൃത ഭൂമി കയ്യേറ്റം തടയുന്നതിനായി നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ;

(ഇ) ഭൂമി കയ്യേറ്റത്തിന് കൂട്ടു നിൽക്കുന്ന ജീവനക്കാരെ പിരിച്ചു വിടുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ ജില്ലാതല ടീമും ഓരോ താലൂക്കിലും അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ താലൂക്ക്തല ടീമും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആയതുപ്രകാരം കണ്ടെത്തിയ കയ്യേറ്റങ്ങൾ 1957-ലെ കേരള ഭൂ സംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും 2009-ലെ നിയമ ഭേദഗതിയും പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ്തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും, 2009-ലെ നിയമഭേഗതിയും പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

(സി) കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി&ഇ) കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റത്തിന് കൂട്ടു നിൽക്കുന്ന ജീവനക്കാർക്കെതിരെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് പരിശോധിച്ച് നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

13(*103) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) സംസ്ഥാനത്ത് "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് :

(1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

(3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

(4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(5) പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗ് '-ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതിവിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ രൂപരേഖ 7-11-2016-ലെ സ.ഉ.(പി)186/2016/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സുഗമമായി നടത്തുന്നതിന് ഉതകുന്ന വിധത്തിൽ വിവിധ തലങ്ങളിലുള്ള ടാസ്ക് ഫോഴ്സുകളും മിഷനുകളും രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റും കൂടാതെ ഭൗതിക സാഹചര്യ വികസനത്തിനുവേണ്ടി പ്രത്യേക സാമ്പത്തിക സഹായം നൽകേണ്ട സ്കൂളുകളുടെ ലിസ്റ്റും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയതിന് ജില്ലാതല മിഷന്റെ അംഗീകാരം ലഭ്യമാക്കി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി KIIFB മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കന്ററി സ്കൂൾ തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി KIIFB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സു വരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

(എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

(ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും.

(സി) സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ.

(ഡി) ഭാഷാ ജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാക്കുക.

(ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.

- മദ്യപാനം, മയക്കമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുകവഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുക.
- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്തതലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക.
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കുക വഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

## ഭൂരഹിത കുടുംബങ്ങളില്ലാത്ത കേരളം പദ്ധതി

14(*104) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വിതരണത്തിന് അർഹതയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്;

(സി) ഇവർക്ക് നൽകാനായി എത്ര ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്കായി വേണ്ട ഭൂമി കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വിലയിരുത്തിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ച് നല്കിയത്. ഇതിൽ വളരെ കുറച്ച് പേർക്ക് മാത്രമേ ഭൂമി കൈമാറിയിരുന്നുള്ളൂ. കൂടാതെ വിതരണം ചെയ്ത ഭൂമി വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും, വഴി സൗകര്യമില്ലെന്നുമുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ള കേസ്സുകളിൽ ആക്ഷേപങ്ങൾക്ക് പരിഹാരം കാണാനും ഭൂമി വിട്ടുകൊടുക്കാൻ അവശേഷിക്കുന്ന കേസ്സുകളിൽ ആക്ഷേപരഹിതമായി ഭൂമി കൈമാറാനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇപ്പോൾ 30723 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറി കഴിഞ്ഞിട്ടുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,43,928 കുടുംബങ്ങളെയാണ് ഭൂമി ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്.

(സി) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഉദ്ദേശം 3240 ഹെക്ടർ ഭൂമി ആവശ്യമാണ്. 270.83 ഹെക്ടർ ഭൂമി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ ഭൂമി കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

## ജലം കൈകാര്യം ചെയ്യൽ സൂചിക

15 (*105) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിനിയോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ജലം കൈകാര്യം ചെയ്യൽ സൂചിക (Water Management Index) പ്രകാരം റാങ്ക് നിശ്ചയിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കേരളം അതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് നീതി ആയോഗിൽനിന്നും ചീഫ് സെക്രട്ടറിക്ക് ലഭിച്ച കത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി വകുപ്പ് തലത്തിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ;

(സി) ജലം കൈകാര്യം ചെയ്യൽ സൂചികയിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ജലവിഭവ വിനിയോഗവും മാനേജ്മെന്റും സംബന്ധിച്ച് നിലവിലെ സ്ഥിതി വിലയിരുത്തി ഗുണപരമായ മാറ്റം ഈ മേഖലയിൽ കൊണ്ടു വരുന്നതിനായാണ് ജലവിഭവവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'ജലപരിപാലന സൂചിക' നീതി ആയോഗിൽനിന്നും ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാര്യം ചർച്ച ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വിവിധ വകുപ്പു മേധാവികളുടെ യോഗം ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും വിവിധ വകുപ്പുകളുടെ കൈവശമുള്ള രേഖകളും വിവരങ്ങളും പരിശോധിച്ച് സൂചികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ (കീ പെർഫോമൻസ് ഇൻഡക്സ്) പൂർത്തിയാക്കാൻ ആവശ്യമായ ഡാറ്റ ഓരോ വകുപ്പിലും ലഭ്യമാണോ എന്ന് പരിശോധിക്കാനും തീരുമാനിച്ചു. കൂടാതെ, ചോദ്യാവലി (സൂചകങ്ങൾ) വിലയിരുത്തി മാറ്റം എന്തെങ്കിലും ആവശ്യമാണോ എന്ന് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ജലത്തിന്റെ ഉയർന്ന ആവശ്യകതയും ജല ദൗർലഭ്യവും ജലവിഭവങ്ങളുടെ സുസ്ഥിരമായ കൈകാര്യം ചെയ്യൽ അനിവാര്യമാക്കുന്നു. ജലവിഭവങ്ങൾ കൈകാര്യം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ജലം കൈകാര്യം ചെയ്യൽ സൂചിക. കേന്ദ്ര സർക്കാരിനും സംസ്ഥാന ജലവിഭവ വകുപ്പുകൾക്കും ജലവിഭവങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള ഉപായങ്ങൾ വിഭാവന ചെയ്യുവാനും നടപ്പിലാക്കുവാനും ഇത് സഹായകമാണ്. ജലം കൈകാര്യം ചെയ്യൽ സൂചികയിൽ പതിനൊന്ന് പ്രധാന വിഭാഗങ്ങളായി 70 Key Performance Indicators അടങ്ങിയ ചോദ്യാവലിയാണുള്ളത്. 11 പ്രധാന വിഭാഗങ്ങൾ ഇപ്രകാരമാണ്:

1. Source Augmentation and Management
2. Major and Medium Irrigation-Supply Side Management
3. Ground Water-Supply Side Management
4. Watershed Development-Supply Side Management
5. Demand Side Management-Participatory Irrigation Practices
6. Demand Side Management-Sustainable on farm water use practices
7. Rural Drinking Water-Supply and Demand Side Management
8. Urban Water Supply and Sanitation
9. Industrial Water
10. Flood Management and Urban Drainage
11. Policy and Governance.

ഈ സൂചികയിൽ ജലസേചനം, കുടിവെള്ളം, ജലവുമായി ബന്ധപ്പെട്ട സൂചകങ്ങളിൽ സ്രോതസ്സ് വിപുലീകരണം, മേജർ ഇറിഗേഷൻ, നീർത്തടപോഷണം, പങ്കാളിത്ത ജലസേചന പ്രവൃത്തികൾ, സുസ്ഥിര കാർഷിക ജല ഉപയോഗം, ഗ്രാമീണ കുടിവെള്ള മേഖല, നാഗരിക കുടിവെള്ള മേഖലയും ശുചീകരണവും, ഇവയ്ക്കാവശ്യമായ നയങ്ങളും അവയുടെ പരിപാലനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നു. 2015-16, 2016-17 എന്നീ വർഷങ്ങളിൽ ഗ്രാമീണ നഗര മേഖലകളിൽ കുടിവെള്ളം പൂർണ്ണമായി ലഭിക്കുന്ന മേഖലകളുടെ ശതമാനം, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളുള്ള മേഖലകളുടെ എണ്ണത്തിൽ വന്ന കുറവ് (ശതമാനത്തിൽ), നഗര മേഖലകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലത്തിന്റെ അളവ്, സംസ്കരിക്കപ്പെടുന്ന മലിനജലത്തിന്റെ അളവ് (ശതമാനത്തിൽ), മലിനജലം സംസ്കരിക്കുന്നതിന് വേണ്ടി സ്ഥാപിതമായ ശുദ്ധീകരണശാലയുടെ ശേഷി, ഗ്രാമീണനഗര മേഖലകളിൽ ജലവിതരണം നടത്തുന്ന വീടുകളുടെയും വെള്ളക്കരം ഈടാക്കുന്ന വീടുകളുടെയും അനുപാതം (ശതമാനത്തിൽ) എന്നിവ സൂചികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## കാലപ്പഴക്കം ചെന്ന പാലങ്ങളുടെ പുനർനിർമ്മാണം

16(*106) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ഇവയുടെ അപകട സ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഏനാത്ത് പാലം തകർന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഇത്തരം പാലങ്ങളുടെ പുനർനിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ചും അപകടസ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. വിശദാംശം ഉള്ളടക്കം ചെയ്യുന്നു.*

(ബി) പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള 2249 പാലങ്ങളിൽ 693 പാലങ്ങൾ നല്ല സ്ഥിതിയിലാണെന്നും 1191 പാലങ്ങൾക്ക് ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള 365 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതോ അറ്റകുറ്റപ്പണികൾ നടത്തേണ്ടതോ ആണ്. ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സുരക്ഷ മുൻനിർത്തി അറ്റകുറ്റപ്പണികളും മറ്റും ആവശ്യമുള്ള പാലങ്ങളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഏനാത്ത് പാലത്തിന് അപകടം സംഭവിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർന്ന് വിവരങ്ങൾ ശേഖരിച്ച് ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനങ്ങൾ നടത്തിയ ശേഷം മാത്രമേ പുനർ നിർമ്മാണത്തിന്റെ ആവശ്യകത കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും ഇൻവെന്ററി സർവ്വേയും പ്രീമൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നടത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്ക് ആവശ്യമായ പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

17(*107) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള കുടിവെള്ളം സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുന്നതിനായി കേരള ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സ്ഥാപനശാക്തീകരണത്തിനും സാമ്പത്തിക പര്യാപ്തതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം എന്താണ്;

(സി) അതോറിറ്റിയെ പ്രോസസ്സ് ഓർഗനൈസേഷൻ ആക്കി മാറ്റണമെന്ന ലക്ഷ്യം ജലവിതരണരംഗത്ത് ഏതു തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കും;

(ഡി) കുടിവെള്ള വിപണനത്തിനായി പുതിയ ഏജൻസികളെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഗുണനിലവാരമുള്ള കുടിവെള്ളം സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുക എന്ന ദൗത്യമാണ് കേരള ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 1078 ശുദ്ധജലവിതരണ പദ്ധതികളിലായി 18.12 ലക്ഷം ഗാർഹിക കണക്ഷനുകൾ വഴിയും 2.08 ലക്ഷം പൊതുടാപ്പുകൾ വഴിയും ഏകദേശം 52.3 ലക്ഷം ജനങ്ങൾക്ക് ജലവിതരണം നടത്തുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെയാണ് ഇപ്പോൾ ജലവിതരണം നടത്തുന്നത്. സംസ്ഥാനത്തെ 941 പഞ്ചായത്തുകളിൽ 472 പഞ്ചായത്തുകളിലും 87 മുൻസിപ്പാലിറ്റികളിൽ 66 മുൻസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്. കൂടാതെ 168 പഞ്ചായത്തുകളിലും 12 മുനിസിപ്പാലിറ്റികളിലും ശുദ്ധീകരണശാലകളില്ലാത്ത ചെറുകിട ജലവിതരണ പദ്ധതികളിൽ നിന്നും ജലവിതരണം നടത്തി വരുന്നു. ശുദ്ധീകരണശാലകളിൽ നിന്നും ലഭ്യമാകുന്ന 2057.13 ദശലക്ഷം ലിറ്റർ ജലവും ശുദ്ധീകരണശാലകളില്ലാത്ത ചെറുകിട ജലവിതരണ പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന 460.54 ദശലക്ഷം ലിറ്ററും ഉൾപ്പെടെ 2517.67 ദശലക്ഷം ലിറ്റർ ജലമാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടന്നുവരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.* ഇതുകൂടാതെ കുട്ടനാട് പ്രദേശങ്ങളിലെ കഠിനമായ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 70 കോടി രൂപയുടെ പദ്ധതിയുടെ പണികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിനും സാമ്പത്തിക പര്യാപ്തതയ്ക്കും താഴെപ്പറയുന്ന മാർഗ്ഗങ്ങൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ചിട്ടുണ്ട് :

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജലഅതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവാകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികളെടുത്തു.

6. അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേമെന്റ് സംവിധാനവും കംപ്ലെയിന്റ് റീഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

10. ഉപഭോക്താക്കൾക്ക് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചു. ഇതുവഴി കണക്ഷൻ വർദ്ധിപ്പിക്കുന്നതിനും വരുമാനം കൂട്ടുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

11. ജല വിതരണശൃംഖലയിലെ ജലചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. അതുവഴി ജലചോർച്ച തടഞ്ഞ് വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

12. അരുവിക്കരയിൽ ഒരു കുപ്പിവെള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതുവഴി വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇത്തരം പ്രവൃത്തികൾ വഴി വാട്ടർ അതോറിറ്റി സാമ്പത്തിക പര്യാപ്തത നേടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അതോറിറ്റിയെ പ്രോസസ്സ് ഓർഗനൈസേഷനാക്കി മാറ്റിയാൽ പ്രവർത്തനങ്ങൾക്ക് കൃത്യത കൈവരികയും വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനരീതി നടപ്പിലാകുകയും ചെയ്യും. ഇത് സ്ഥാപനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. നിലവിലുള്ള മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുവാനും മെച്ചപ്പെട്ട സേവനനിലവാരം കൈവരിക്കുവാനും സാധിക്കുന്നതാണ്. ഐ.റ്റി. മേഖലയിൽ ഇപ്പോൾ നടന്നു വരുന്നതും ഭാവിയിലേക്ക് വിഭാവന ചെയ്തിട്ടുള്ളതുമായ വിവിധതരം സോഫ്റ്റ്‌വെയറുകൾ അതോറിറ്റിയെ പ്രോസസ് ഓർഗനൈസേഷൻആക്കി മാറ്റാൻ ഉതകുന്നവയാണ്. തന്മൂലം ജലവിതരണരംഗത്ത് മെച്ചപ്പെട്ട നിർവ്വഹണം നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുവാനും പരാതി പരിഹാര പ്രക്രിയ ത്വരിതപ്പെടുത്തുവാനും സാധിക്കും. ഇതുവഴി ജലവിതരണ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

### കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത വികസനം

18(*108) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ജോയി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത 45 മീറ്ററിൽ ആറുവരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽഹൈവേ അതോറിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുപ്പിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കുമ്പോൾ നൽകേണ്ട ന്യായ വില നിശ്ചയിക്കുന്നതിനായി ജില്ലാതല സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഭൂമിയും ജീവനോപാധിയും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തലത്തിൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് പുതിയ ചട്ടങ്ങൾ (2013 RFCTLARR Act) അനുസരിച്ച്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം സംബന്ധിച്ച നിബന്ധനകൾ പ്രകാരം, ഭൂമിയും ജീവനോപാധിയും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടി ദേശീയപാതാ വികസനത്തിന്റെ കാര്യത്തിലും സ്വീകരിക്കുന്നതാണെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് നാഷണൽ ഹൈവേ അതോറിറ്റി ഭൂമി ഏറ്റെടുക്കലിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## പാഠപുസ്തകങ്ങളുടെ വിതരണം

19 (*109) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാഠപുസ്തക വിതരണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സംസ്ഥാനത്തെ 2017-18 അദ്ധ്യയന വർഷത്തെ ഒന്നുമുതൽ 10 വരെയുള്ള മുഴുവൻ ക്ലാസുകളിലെ പാഠപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്)-യെയും

11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി മുഖേന പൊതുവിദ്യാലയങ്ങളുടെ ഭൗതിക-അക്കാദമിക തലങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ മേഖലയെ നവീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിനായുള്ള വിവിധ കർമ്മ പദ്ധതികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

**മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റവും നിർമ്മാണവും**

20 (*110) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന ദേവികുളം സബ് കളക്ടറെയും, ഉദ്യോഗസ്ഥരെയും സി.പി.എം. പാർട്ടി അനുഭാവികൾ തടയുകയും അവരെ കൃത്യനിർവ്വഹണം നടത്തുന്നതിന് തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ടോയെന്ന് വിവരിക്കാമോ;

(ബി) കയ്യേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന റവന്യൂ ഉദ്യോഗസ്ഥരെ തടഞ്ഞവരെ അറസ്റ്റ് ചെയ്യാൻ സബ് കളക്ടർ ആവശ്യപ്പെട്ടിട്ടും പോലീസ് അത് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) സബ് കളക്ടറുടെ ഉത്തരവ് അനുസരിക്കാതിരുന്ന പോലീസുകാർക്കെതിരെ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ദേവികുളത്തെ അനധികൃത ഭൂമികയ്യേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന ദേവികുളം സബ്കളക്ടറേയും ഉദ്യോഗസ്ഥരെയും ഒരു വിഭാഗം ആളുകൾ തടയുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ദേവികുളം താലൂക്ക് ഓഫീസിന് എതിർവശം റവന്യൂ ക്വാർട്ടേഴ്സിൽ താമസിച്ചുവരുന്നതും ആരോഗ്യവകുപ്പിൽനിന്നും വിരമിച്ച മണി എന്നയാൾ ടി ക്വാർട്ടേഴ്സിന് സമീപം സർക്കാർ ഭൂമി കയ്യേറി ഷെഡ്ഡ് നിർമ്മിച്ചതിനെ തുടർന്ന് 12-4-2017-ന് ആയത് ഒഴിപ്പിക്കാൻ റവന്യൂ ഉദ്യോഗസ്ഥർ എത്തിയ സമയം ഒരു കൂട്ടം ആളുകൾ തടയുകയും ഭൂ-സംരക്ഷണസേന അംഗങ്ങളുമായി വാക്കുതർക്കത്തിലേർപ്പെടുകയും സേനാംഗമായ ലിസൺ-നെ കയ്യേറ്റം ചെയ്യിട്ടുള്ളതുമാണ്. ഈ സമയം ഭൂ-സംരക്ഷണസേനാ അംഗങ്ങളുടെ കൂടെ പോലീസ് ഉദ്യോഗസ്ഥരാരും തന്നെ ഡ്യൂട്ടിക്കുണ്ടായിരുന്നില്ല. കൂടുതൽ പോലീസ് എത്തിയ മുറയ്ക്ക് ഭൂസംരക്ഷണസേന പ്രവർത്തകരെ കയ്യേറ്റം ചെയ്ത പഞ്ചായത്തംഗം സുരേഷ് കുമാറിനെ അറസ്റ്റ് ചെയ്ത് നീക്കിയിട്ടുള്ളതും കയ്യേറി നിർമ്മിച്ച ഷെഡ്ഡ് പൊളിച്ച് നീക്കിയിട്ടുള്ളതും സബ് കളക്ടറുടെ നിർദ്ദേശ പ്രകാരം അറസ്റ്റ് ചെയ്തവരെ വിട്ടയച്ചിട്ടുള്ളതുമാണ്.

(സി) അന്വേഷണം നടന്നുവരുന്നു.

**വില്ലേജ് ഓഫീസുകളിലെ ഇ-ഗവേണൻസ് സേവന സൗകര്യം**

21(*111) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ വിവിധ സർട്ടിഫിക്കറ്റുകൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി ഏറ്റവും അധികം ബന്ധപ്പെടേണ്ടി വരുന്ന വില്ലേജ് ഓഫീസുകളിൽ നിന്നു ലഭിക്കുന്ന സേവനം തൃപ്തികരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വില്ലേജ് ഓഫീസുകളെ ഇ-ഗവേണൻസ് സേവന സൗകര്യമുള്ള ഓഫീസുകളായി പരിണമിപ്പിച്ചിട്ടുണ്ടോ; ഇത് എത്ര മാത്രം ഫലപ്രദമായിട്ടുണ്ട്;

(സി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ വിശദാംശവും അതിന്റെ ഫലപ്രാപ്തിയും അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നുമുള്ള സേവനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ-ഗവേണൺസ് പദ്ധതികൾ ആവിഷ്കരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇ-ഡിസ്ട്രിക്റ്റ്, സംയോജിത ഓൺലൈൻ

പോക്കുവരവ് (റെലിസ്), ഇ-പെയ്മെന്റ് സിസ്റ്റം, ആർ.ആർ. ഓൺലൈൻ ഇവ പൂർത്തീകരിക്കുന്നതോടുകൂടി എല്ലാ വില്ലേജ് ഓഫീസുകളും ഇ-ഗവേണൻസ് സേവനസൗകര്യമുള്ള ഓഫീസുകളായി പരിണമിക്കപ്പെടുന്നതാണ്. നടപ്പിലാക്കി വരുന്ന ഈ പദ്ധതികളിലൂടെ വളരെ വേഗത്തിലും കാര്യക്ഷമമായും ഫലപ്രദമായും സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവച്ചും (Any time, Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് കൊണ്ടുള്ള നേട്ടം. 2013-14 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ആകെ സംസ്ഥാനത്ത് 41 വില്ലേജുകളിൽ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

22(*112) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നിലവിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി ഏതെങ്കിലും വൻകിട ശുദ്ധജല പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് ഇത്തരം പദ്ധതികളുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗ്യാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നുണ്ട്.

3. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ നീട്ടി ജലവിതരണം നടത്തുന്നു.

6. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

7. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

8. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ആവശ്യത്തിന് ജലലഭ്യത ഉള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചതുമൂലം വരൾച്ചയിലും ഒരളവു വരെ കുടിവെള്ള വിതരണം കാര്യമായി തടസ്സപ്പെടാതെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിന്റെ ജലസ്രോതസ്സായ പേപ്പാറ ഡാമിൽ ജല ശേഖരം കുറഞ്ഞതിനാൽ പകരം സംവിധാനമെന്ന നിലയിൽ നെയ്യാർ ജലസംഭരണിയിൽ നിന്നും ജലം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമംസംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഏപ്രിൽ മാസത്തിനുള്ളിൽ ഘട്ടം ഘട്ടമായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ഫെബ്രുവരി മുതൽ ഇതുവരെ 86 പദ്ധതികൾ പൂർത്തീകരിക്കുകയും 11,452 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജല സംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു വരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3 -ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാകാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു. ഇതിൽ 42 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി 3000 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നുണ്ട്.

4. ഭൂജല സംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.

5. വിവിധ ബോധവല്ക്കരണ പ്രവർത്തനങ്ങളിലൂടെ (IEC) ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

വരൾച്ചയെ നേരിടുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ (ജലനിധി)-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംഭരണം

ഭൂജല പരിപോഷണം എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഗാർഹിക അടിസ്ഥാനത്തിലും വിദ്യാലയങ്ങളിലുമാണ് മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നൽകുന്നത്. ഇതിന്റെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിലും 1800 വ്യക്തിഗത കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന പരിപാടികൾ പുരോഗമിച്ചു വരുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ 2000 വ്യക്തിഗത കുടുംബങ്ങൾക്കും 500 സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾക്കും 100 ഗ്രാമപഞ്ചായത്താഫീസുകളിലും മഴവെള്ള സംഭരണികളുടെ നിർമ്മാണം ലക്ഷ്യമിടുന്നു. അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ 5000 തുറന്ന കിണറുകൾ മഴവെള്ളം ഉപയോഗിച്ച് റീചാർജ്ജ് ചെയ്യുന്നതിനും 1000 പൊതുസ്ഥാപനങ്ങളിലെ നിലവിലുള്ള ജലസംഭരണികളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിക്കുന്നതാണ്.

(ബി) ഉണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി കിഫ്ബി നിക്ഷേപ സഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ അനുബന്ധമായി* ചേർത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ കിഫ്ബി നിക്ഷേപ സഹായത്തോടുകൂടി നടപ്പിലാക്കുമെന്നു സർക്കാർ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ പദ്ധതികളുടെ സാധ്യതാപഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതായി നെടുമ്പാശ്ശേരിയിലും അനുബന്ധ ഗ്രാമ പഞ്ചായത്തുകളിലും ഒരു മൾട്ടി ജി പി ബൃഹദ് പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. നെടുമ്പാശ്ശേരിക്കു പുറമെ, ശ്രീമൂലനഗരം, ചെങ്ങമനാട്, കാഞ്ഞൂർ എന്നീ പഞ്ചായത്തുകളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്തുകളും ഗുണഭോക്തൃ സമിതികളും കേരള ജല അതോറിറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതി ചെലവിലേക്ക് 15 ശതമാനം പഞ്ചായത്ത് വിഹിതവും 10 ശതമാനം ഗുണഭോക്തൃ വിഹിതവും നൽകുന്നു. പൊതു ഘടകങ്ങളുടെ പ്രവൃത്തികൾ ജല അതോറിറ്റിയും വിതരണശൃംഖലയുടെ പ്രവൃത്തികൾ ജലനിധിയുടെയും സഹായ സംഘടനകളുടേയും സഹകരണത്തോടുകൂടി സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി നടപ്പാക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി നിലവിൽ വന്നപ്പോൾ പൊതുമരാമത്ത് വകുപ്പിലുണ്ടാകാവുന്ന മാറ്റം

23(*113) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി നിലവിൽ വന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഏജൻസി നിലവിൽ വരുമെന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവാദിത്തങ്ങളിൽ കുറവുണ്ടാകുമോ;

(സി) എങ്കിൽ മരാമത്ത് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗ പ്പെടുത്താനുള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് മുഖേനയുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ നടത്തുന്ന രീതിയിൽ തുടരേണ്ടതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിലും ജോലിയുടെ രീതിയിലും കാര്യമായ മാറ്റം ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മാറ്റം പ്രതീക്ഷിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് കെ.ആർ.എഫ്.ബി.-യേയും ആർ.ബി.ഡി.സി.കെ-യേയുംഏൽപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്റ്റാഫിനെ കെ.ആർ.എഫ്.ബി.-യിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും പുനർവിന്യസിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനം ദേശീയപാത വിഭാഗത്തെ കാര്യമായി സ്വാധീനിക്കുന്നില്ല. കാരണം, ദേശീയപാത വിഭാഗം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും അനുവദിക്കുന്ന പ്രവൃത്തികളാണ് ചെയ്തുവരുന്നത്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങളിലും ഉത്തരവാദിത്വങ്ങളിലും കുറവ് വരാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള ബദൽ മാർഗ്ഗത്തെ സംബന്ധിച്ച് ആലോചിക്കേണ്ടുന്ന പ്രശ്നം ഉദിക്കുന്നില്ല.

## എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി ചോദ്യപേപ്പറുകൾ സംബന്ധിച്ച ആക്ഷേപം

24(*114) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി എന്നീ പരീക്ഷകളുടെ ചോദ്യപേപ്പർ ചോർന്ന സംഭവം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതു തരത്തിലുള്ള അന്വേഷണമാണെന്ന് വ്യക്തമാക്കുമോ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ;

(സി) ഈ വർഷത്തെ പരീക്ഷ ചോദ്യപേപ്പർ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയ അദ്ധ്യാപക സംഘടനയുടെ ഇക്കാര്യത്തിലുള്ള പങ്ക് അന്വേഷിക്കുമോ;

(ഡി) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷ നടത്തിപ്പിലെ പാളിച്ചകളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല.

(ബി) എസ്.എസ്.എൽ.സി. ഗണിതശാസ്ത്ര പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളെക്കുറിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറി പ്രാഥമിക അന്വേഷണം നടത്തുകയും ആയതിന്റെ വെളിച്ചത്തിൽ വിവാദങ്ങൾക്ക് കഴമ്പുണ്ടെന്ന് കണ്ടെത്തുകയും ചോദ്യം തയ്യാറാക്കിയ അദ്ധ്യാപകനെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയുമുണ്ടായി. ഇപ്പോൾ ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്.

(സി) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് അദ്ധ്യാപക സംഘടനകളെ ചുമതലപ്പെടുത്താറില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

## ദേശീയ ദുരന്ത നിവാരണ നിധിയിൽനിന്ന് സഹായം

25(*115) ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. സത്യൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ, സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിസന്ധി നേരിടാനായി ദേശീയ ദുരന്ത നിവാരണ നിധി (എൻ.ഡി.ആർ.എഫ്) യിൽ നിന്ന് സഹായം തേടിയിട്ടുണ്ടോ;

(ബി) കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ടു സഹായം തേടിയിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നു; പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനായി കേന്ദ്ര സംഘം പരിശോധന നടത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) ദേശീയ ദുരന്ത നിവാരണ നിധിയിൽനിന്ന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ;

(ഡി) വരൾച്ച കൊണ്ടുള്ള കുടിവെള്ളക്ഷാമവും കൃഷി നാശവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സഹായം തേടിയിട്ടുണ്ട്.

(ബി) കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് സഹായം തേടിയിരുന്നു. മാർച്ച് 28-ന് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി രാധാ മോഹൻസിംഗിനെ സന്ദർശിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു. 'കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘ'ത്തെ അയയ്ക്കാം എന്നാണ് കേന്ദ്ര കൃഷി വകുപ്പുമന്ത്രി പ്രതികരിച്ചത്. പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനായി 'കേന്ദ്രസംഘം' പരിശോധന നടത്തിയിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ 'കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘം' കേരളം സന്ദർശിച്ചു. കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ. അശ്വിനി കുമാറിന്റെ നേതൃത്വത്തിലുള്ള 11 അംഗ സംഘമാണ് കേരളത്തിൽ സന്ദർശനം നടത്തിയത്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്ര സംഘം നേരിൽ സന്ദർശനം നടത്തുകയും കൃഷിനാശം, കുടിവെള്ള വിതരണം, ജല സ്രോതസ്സുകളുടെ സ്ഥിതി എന്നിവ

സംഘം വിലയിരുത്തുകയുമുണ്ടായി. 21-4-2017-ൽ കേന്ദ്ര സംഘം ബഹു. മുഖ്യമന്ത്രി, ബഹു. റവന്യൂ വകുപ്പുമന്ത്രി, ബഹു. ജലവിഭവ വകുപ്പുമന്ത്രി, ബഹു. കൃഷി വകുപ്പുമന്ത്രി, ബഹു. ധനകാര്യ വകുപ്പുമന്ത്രി, ബഹു. ഭക്ഷ്യ വകുപ്പുമന്ത്രി എന്നിവരെ സന്ദർശിച്ച് വിവരങ്ങൾ പങ്കുവയ്ക്കുകയുണ്ടായി.

(സി) കേന്ദ്ര ആഭ്യന്തര വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതും 20-5-2015-ലെ സ.ഉ (കൈ)നമ്പർ 194/15/ഡി.എം.ഡി നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമായ മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നത്. (മേൽ ഉത്തരവ് അനുബന്ധമായി* ചേർത്തിരിക്കുന്നു).

(ഡി) വരൾച്ചകൊണ്ടുള്ള കുടിവെള്ളക്ഷാമവും കൃഷിനാശവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- 31-10-2016-ലെ സ.ഉ.(പി) നമ്പർ 555/2016/ഡി.എം.ഡി, 24-4-2017-ലെ സ.ഉ.(പി) നമ്പർ 25/2017/ഡി.എം.ഡി നമ്പർ ഉത്തരവുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. (ഉത്തരവുകൾ അനുബന്ധമായി* ചേർക്കുന്നു).
- 31-10-2016-ലെ 42830/K3/2016/DMD നമ്പരായുള്ള പരിപത്രം പ്രകാരം 26 ഇന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. (പരിപത്രം അനുബന്ധമായി* ചേർക്കുന്നു).
- വരൾച്ച പ്രഖ്യാപിച്ച ശേഷം എല്ലാ ജില്ലകൾക്കുമായി 42.42 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. വരൾച്ച പ്രഖ്യാപിച്ചശേഷം കൃഷി നാശത്തിന്റെ ദുരിതാശ്വാസത്തിനായി 15.466 കോടി രൂപ സർക്കാർ അനുവദിച്ചു.
- കർഷകരുടെ കാർഷിക കടങ്ങളുടെ ജപ്തി നടപടികളിന്മേൽ മൊറട്ടോറിയം പ്രഖ്യാപിച്ചു.
- ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ച പ്രതികരണ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്യുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- 31-1-2017-ന് ബഹു. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു.
- വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നത് 31-5-2017 വരെ നിയന്ത്രണമേർപ്പെടുത്തി.
- വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്റ്റ് നിർണ്ണയിക്കുകയും 2 മാസം കൊണ്ട് ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000-10000 ലിറ്റർ വരെയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിന് പുറമേ ടാങ്കർ വഴിയും കുടിവെള്ള വിതരണം നടത്തുവാനും തീരുമാനിച്ചു.
- ഓരോ ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നിരുന്നു.
- റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നിരുന്നു.
- ബഹു. മുഖ്യമന്ത്രി എല്ലാ ജില്ലാ കളക്ടർമാരുമായും വിശദമായ വീഡിയോ കോൺഫറൻസ് നടത്തി വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തി.
- 9-3-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ജല വിതരണം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.
- മാർച്ച് 28-ന് ബഹു. കേന്ദ്ര കൃഷി വകുപ്പുമന്ത്രി രാധ മോഹൻ സിംഗിനെ സന്ദർശിച്ച് ബഹു. റവന്യൂ വകുപ്പുമന്ത്രിയും ബഹു. കൃഷി വകുപ്പുമന്ത്രിയും വർൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു.
- 2017 ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ 'കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘം' കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ സന്ദർശിച്ചു.

## മൂന്നാറിലെ ഭൂമികയ്യേറ്റം

26(*116) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത ഭൂമികയ്യേറ്റവും നിർമ്മാണവും തടയുവാനായി മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തിരുന്നോ; വിശദീകരിക്കാമോ;

(ബി) യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയത്; യോഗതീരുമാനമനുസരിച്ച്, കയ്യേറിയ എത്ര ഏക്കർ ഭൂമി തിരിച്ചു പിടിച്ചു എന്നിവ വിശദമാക്കാമോ;

(സി) മൂന്നാറിൽ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

(ഡി) മൂന്നാറിന്റെ പ്രകൃതി സൗന്ദര്യവും പരിസ്ഥിതി സന്തുലിതാവസ്ഥയും നിലനിർത്താനും ഭൂമി കയ്യേറ്റം ഒഴിപ്പിക്കാനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മൂന്നാറിലെ ഭൂമി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി 27-3-2017-ൽ ഒരു യോഗം വിളിച്ചുചേർത്തിരുന്നു.

(ബി) യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) മൂന്നാറിൽ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള കേസ്സുകളിൽ ഭൂസംരക്ഷണ നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ചില കേസ്സുകളിൽ കോടതി സ്റ്റേമൂലം ഒഴിപ്പിക്കൽ സാധിച്ചിട്ടില്ലാത്തതും അത്തരം കേസുകളിന്മേൽ ബന്ധപ്പെട്ട കോടതികൾ മുമ്പാകെ വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ സമയബന്ധിതമായി തന്നെ സമർപ്പിച്ച് പോരുന്നതുമാണ്. ഒഴിപ്പിച്ച സർക്കാർ ഭൂമി വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായി ഭൂസംരക്ഷണ സേനയുടെ പട്രോളിംഗ് നടത്തി പോരുന്നു. സർക്കാർ ഭൂമികളിന്മേലുള്ള കയ്യേറ്റമെന്നു കണ്ടെത്തിയതും വിവിധ കോടതികളിൽ നടപടികളിലിരിക്കുന്നതും ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുവാൻ അവശേഷിക്കുന്നതുമായ കേസ്സുകളിൽ കോടതി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മൂന്നാർ മേഖലയിൽ പരിസ്ഥിതി സന്തുലനം, വിനോദസഞ്ചാരം എന്നീ ഘടകങ്ങൾ പരിശോധിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ആരോഗ്യകരവും കർശനവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു. നിയമവിരുദ്ധമായി സർക്കാർ ഭൂമി കയ്യേറിയ കേസ്സുകളിൽ ശക്തമായ നിയമ നടപടികളിലൂടെ കയ്യേറ്റം ഒഴിപ്പിച്ചും സർക്കാർ ഭൂമി സർക്കാർ നിയന്ത്രണത്തിലാക്കുന്ന നടപടികൾ തുടരും. വൻകിട കയ്യേറ്റങ്ങളിൽ, അനധികൃതമായി കയ്യേറിയ സർക്കാർ ഭൂമി മുൻഗണനാ ക്രമത്തിൽ ഒഴിപ്പിക്കുന്നതിനും സർക്കാർ കൈവശത്തിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

27(*117) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; ഇത്തരം പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജലനിധി പദ്ധതിയിലും ഗ്രാമീണ കുടിവെള്ള പദ്ധതികളിലും വൻകിട കുടിവെള്ള പദ്ധതികളിലും ഏതു വിധത്തിലുള്ള ശുദ്ധീകരണ സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; എല്ലാ പദ്ധതികളിലും സമ്പൂർണ്ണ ശുദ്ധീകരണ സംവിധാനം നിലവിലുണ്ടോ;

(സി) കുടിവെള്ള പദ്ധതികളിൽ ശുദ്ധീകരണ പ്ലാന്റിനു പകരം ഇൻഫിൽട്രേഷൻ ഗാലറി മാത്രമുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഒഴിവാക്കി ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) നടത്താറുണ്ട്. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുകയും അതനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാല യോടനുബന്ധിച്ച് ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. ഈ പരിശോധനയിൽ കളർ (നിറം), ഓഡർ (മണം), ടർബിഡിറ്റി (കലക്കൽ), പി.എച്ച്. മൂല്യം,

ഇലക്ട്രിക്കൽ കൺഡക്ടിവിറ്റി, അസിഡിറ്റി, ആൽക്കലിനിറ്റി, സൾഫേറ്റ്, റ്റി.ഡി. എസ് ഹാർഡ്നെസ്സ്, കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ളൂറൈഡ്, അയൺ, നൈട്രേറ്റ്, റസിഡ്യൂൽ ക്ലോറിൻ, കോളിഫോം, ഇ.കോളി മുതലായവ BIS 10500-2012 നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. പരിശോധനാ റിപ്പോർട്ടുകൾ വേണ്ട നിർദ്ദേശങ്ങളുൾപ്പെടെ ബന്ധപ്പെട്ട മെയിന്റനൻസ് ഓഫീസുകളിൽ അറിയിച്ചു വരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ വൻകിട കുടിവെള്ള പദ്ധതികളിൽ സമ്പൂർണ്ണ ശുദ്ധീകരണ സംവിധാനങ്ങൾ നിലവിലുണ്ട്. ശുദ്ധീകരണശാലയുടെ ഭാഗമായി എയറേറ്റർ, ക്ലാരിഫ്ലോക്കുലേറ്റർ, ഫിൽട്ടർ യൂണിറ്റ്, ക്ലോറിനേഷൻ തുടങ്ങിയ സംവിധാനങ്ങളുണ്ട്. ശുദ്ധീകരണശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി മുഖേനയുള്ള ശുദ്ധീകരണവും ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ചുള്ള അണുനശീകരണവുമാണ് നടത്തി വരുന്നത്. കൂടാതെ പ്രഷർ ഫിൽട്ടർ സംവിധാനം വഴിയും ജലശുദ്ധീകരണം നടത്തി ജലവിതരണം ചെയ്തു വരുന്നുണ്ട്. എല്ലാ പദ്ധതികളിലും സമ്പൂർണ്ണ ശുദ്ധീകരണ സംവിധാനം നിലവിലില്ല. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജലനിധി പദ്ധതികളിൽ ഉൾപ്പെട്ട ഒന്നിലധികം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള (മൾട്ടി ഗ്രാമ പഞ്ചായത്ത് സ്കീമുകൾ) പദ്ധതികളിലെല്ലാം തന്നെ എയറേഷൻ, ഫ്ലോക്കുലേഷൻ, സെഡിമെന്റേഷൻ, ഫിൽറ്ററേഷൻ, ക്ലോറിനേഷൻ എന്നീ ശുദ്ധീകരണ പ്രക്രിയകൾക്ക് ശേഷമാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. എന്നാൽ കേരള വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്ന് ജലനിധി മുഖാന്തരം പഞ്ചായത്തുകൾക്ക് ബൾക്ക് സപ്ലൈ നൽകുന്ന ചില ചെറുകിട പദ്ധതികളിൽ സമ്പൂർണ്ണ ശുദ്ധീകരണ സംവിധാനം നിലവിലില്ല. ജലനിധി നടപ്പിലാക്കിപ്പോരുന്ന എല്ലാ ചെറുകിട ഗ്രാമീണ കുടിവെള്ള ശുദ്ധീകരണ പദ്ധതികളുടേയും ജലസ്രോതസ്സ് കുളങ്ങൾ, അരുവികൾ എന്നിവ പ്രയോജനപ്പെടുത്തി ഉണ്ടാക്കിയിട്ടുള്ള കിണറുകളാണ്. ഇത്തരം കിണറുകളിൽ ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇൻഫിൽട്രേഷൻ ഗ്യാലറി, ക്ലോറിനേഷൻ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അയൺ, ഫ്ലൂറൈഡ്, അമിതമായ കലക്കൽ എന്നിവ മാറ്റുന്നതിനായി പ്രത്യേകതരം ഫിൽട്ടറിംഗ് സംവിധാനങ്ങൾ/യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം അയൺ, കലക്കൽ ആധിക്യമുള്ള 107 സ്കീമുകളിൽ ഫിൽട്ടർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കുടിവെള്ള പദ്ധതികളിൽ പ്ലാന്റിനു പകരം ഇൻഫിൽട്രേഷൻ ഗ്യാലറി മാത്രമുള്ള കുടിവെള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. ശുദ്ധീകരണ ശാലകളില്ലാത്ത ചെറുകിട ജലവിതരണ പദ്ധതികളിൽനിന്നും ജലവിതരണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തുന്ന പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി ബൃഹത്തായ ജലവിതരണ പദ്ധതികൾ വിഭാവന ചെയ്ത് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ജനങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാകുന്നതാണ്. ജലനിധി നടപ്പാക്കിയ കുടൽ സുബായകാട്ട് ശുദ്ധജല വിതരണ പദ്ധതിയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രത്യേക ഫിൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാഠപുസ്തകങ്ങളുടെ വിതരണം**

28 (*118) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. സ്വരാജ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം പാഠപുസ്തകങ്ങൾ കൃത്യസമയത്ത് അച്ചടിച്ച് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിജോലികൾ ആരെയാണ് ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറുകൾ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഇതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി, വിതരണം എന്നിവയുടെ പുരോഗതി നിരന്തരം അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 2017-18 അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 2017-18-ലെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്.) ചുമതലപ്പെടുത്തുകയും അപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചു വരുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ 10 വരെയുള്ള ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. പാഠപുസ്തക അച്ചടിക്ക് ആവശ്യമായ പേപ്പർ വാങ്ങുന്നതിൽ നിലവിൽ കാലതാമസം നേരിട്ടുവരുന്നതായി കാണുന്നില്ല.

(ഡി) പാഠപുസ്തക അച്ചടിയും വിതരണവും നിരന്തരം അവലോകനം നടത്തുന്നതിനുവേണ്ടി ഐ.ടി@സ്കൂളിന്റെ സഹായത്തോടുകൂടി ടെക്സ്റ്റ് ബുക്ക് മോണിറ്ററിംഗ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ സംവിധാനം മുഖേന വിതരണ പുരോഗതി വിലയിരുത്തി വരുന്നു. ദിനംതോറും ഉള്ള പാഠപുസ്തക അച്ചടിയും ഇവ സ്കൂളുകളിൽ എത്തുന്നതുവരെയും ഉള്ള പ്രവർത്തനങ്ങൾ ഈ സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തുകയും അവ അവലോകനം ചെയ്തും വരുന്നു. റവന്യൂ ജില്ലാതലത്തിൽ വിതരണം മോണിറ്റർ ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ഇതിനകം തന്നെ സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകി കഴിഞ്ഞു. ജില്ലകളെ സോൺ അടിസ്ഥാനത്തിൽ തിരിച്ച് പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റരീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. കൂടാതെ പ്ലസ് 1, പ്ലസ്2 പാഠപുസ്തക വിതരണത്തിനായി ടെക്സ്റ്റ് ബുക്ക് ഡിസ്ട്രിബ്യൂഷൻ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്ലസ്1, പ്ലസ്2 പാഠപുസ്തകങ്ങളുടെ അച്ചടി, വിതരണം എന്നിവയുടെ പുരോഗതി ദിവസേന അവലോകനം നടത്തി സമയബന്ധിതമായി വിതരണം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സി-ആപ്റ്റ് സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും ഇതിനകം സർക്കാർ നടത്തിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും

29(*119) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് അറിവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്റർ ഡിസിപ്ലിനറിയായ വിഷയങ്ങളിൽ ഗവേഷകർക്കുവേണ്ട സഹായ സൗകര്യങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നു. അത്യാധുനിക പഠനോപാധികളും സജ്ജീകരണങ്ങളുമുള്ള ലബോറട്ടറികൾ, യന്ത്രസംവിധാനങ്ങൾ എന്നിവ ഗവേഷകർക്ക് ഉപയോഗിക്കാനുള്ള അവസരവും ശില്പശാലകളും പഠന ക്ലാസ്സുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഏഴ് നവോത്ഥാന നായകൻമാരുടെ പേരിലുള്ള പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നവോത്ഥാന നായകർ സാമൂഹ്യരംഗത്ത് നൽകിയ സംഭാവനകൾ ഗവേഷകർക്കും പൊതു സമൂഹത്തിനും പ്രയോജനപ്പെടുത്തുക, അവരെക്കുറിച്ച് കൂടുതൽ പഠിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പഠനകേന്ദ്രങ്ങളുടെ ലക്ഷ്യം. മികവുറ്റ നിയമജ്ഞനായിരുന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ തന്റെ ന്യായവിധികളിലൂടെ നൽകിയ സംഭാവനകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ വേണ്ടി കൊച്ചി സർവ്വകലാശാല രൂപപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണ് വി.ആർ. കൃഷ്ണയ്യർ ചെയർ ഓഫ് ഹ്യൂമൻ റൈറ്റ്സ്. കൂടാതെ സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതിയാണ് സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ.

നിയമ സംബന്ധമായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് സമഗ്രമായ ഒരു ഉൾക്കാഴ്ച നൽകുന്നതിനായി ഗവൺമെന്റ് ലാ കോളേജിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ നിയമ ഗവേഷണശാല പ്രവർത്തിച്ചുവരുന്നുണ്ട്. Centre for Criminal Law, Centre for Law Governance and Policy, Centre for Medical Law എന്നിങ്ങനെ ഉന്നത നിയമ വിദ്യാപീഠങ്ങളും പ്രവർത്തിച്ച വരുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ അധ്യാപകരുടെ വിവിധശേഷികളും നൈപുണ്യവും വളർത്തുന്നതിനായി വിവിധങ്ങളായ കോഴ്സുകളും പരിപാടികളും നടത്തുക, ലൈബ്രറിയും മറ്റും സ്ഥാപിച്ച് അറിവിന്റെ കലവറയാക്കുക, ഇ-മാധ്യമത്തിലൂടെയുള്ള പഠനത്തിനാവശ്യമായ ഇ-കണ്ടന്റ് വികസിപ്പിച്ചെടുക്കുക എന്നിവ വഴി ഉന്നത

വിദ്യാഭ്യാസ രംഗത്ത് മികവ് വർദ്ധിപ്പിക്കുകയും അധ്യാപന-ഗവേഷണ നിലവാരം ഉയർത്തുകയും ലക്ഷ്യമിട്ടുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2012 മുതൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ പ്രവർത്തിച്ചുവരുന്ന ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ സംസ്ഥാനത്ത് മികച്ച ഗതാഗത സംവിധാനം നിലവിൽ വരുത്തുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വിഭവശേഷിയുടെ ഫലപ്രദമായ ഉപയോഗം, സാമ്പത്തികമായ പ്രായോഗികത ഇവയ്ക്ക് പ്രാധാന്യം നൽകി റോഡ് നിർമ്മാണ വസ്തുക്കളുടെയും സാങ്കേതിക വിദ്യയുടെയും നവീകരണത്തിന് പരിശീലന-ഗവേഷണ പ്രവർത്തനങ്ങളുമാണ് ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബൂ ടെക്നോളജി സ്ഥാപിച്ചിട്ടുണ്ട്. മുളയെ ഒരു നിർമ്മാണ വസ്തുവാക്കുക, വാണിജ്യ ഉത്പന്നമാക്കാവുന്ന രീതിയിൽ മൂല്യവർദ്ധനവ് നടത്തുക, ജൈവ ഇന്ധനമായി മുളയെ ഉപയോഗിക്കുക, മുളയുടെ സാങ്കേതിക സാദ്ധ്യതകളെപ്പറ്റി ഗവേഷണം നടത്തുക, സമാന സ്ഥാപനങ്ങളുടെ ശൃംഖല രൂപീകരിക്കുക, മുളയുടെ നിതാന്ത ഉപയോഗസാദ്ധ്യത ബോധവ്യാപനം നടത്തുക, പരീക്ഷണങ്ങൾ നടത്തുക, ബാംബൂ ടെക്നോളജിയിൽ വാർഷിക കോൺഫറൻസുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ യു.ജി.സി, ഡി.എസ്.ടി. (Department of Science &Technology) ഡി.ബി.ടി (Department of Biotechnology), വി.എസ്.എസ്.സി., ബി.എ.ആർ.സി, ഐ.സി.എസ്.എസ്.ആർ. തുടങ്ങിയ കേന്ദ്ര ഏജൻസി/സ്ഥാപനങ്ങളിൽ നിന്നുമുള്ള ധനസഹായം ലഭിക്കുന്നുണ്ട്. കൂടാതെ സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി RUSA പദ്ധതിയിൽ 20 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ കേന്ദ്രസർക്കാരിന്റെ മാനവവിഭവശേഷി വികസന വകുപ്പാണ് പദ്ധതികൾക്ക് സഹായം നൽകുന്നത്.

(ഡി) ഗവേഷണ സംബന്ധിയായ വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര, സംസ്ഥാന സർവ്വകലാശാലകൾ, വിദേശ സർവ്വകലാശാലകൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവ അന്തർസർവ്വകലാശാല/സ്കൂൾ കേന്ദ്രങ്ങളുമായി പഠനപ്രവർത്തനങ്ങളിൽ പങ്കുചേരുന്നുണ്ട്. വിദേശസർവകലാശാലകളായ ഫ്രാൻസിലെ യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ബ്രിട്ടനി, ജർമ്മനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോളിമർ റിസർച്ച് ഡ്രെസ്ഡൻ, മലേഷ്യയിലെ മാരായിലുള്ള യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി, യു.എസ്.എസ്.എ.-യിലെ ഡ്യൂക്ക് യൂണിവേഴ്സിറ്റി, പ്ലിമത്ത് യൂണിവേഴ്സിറ്റി, ദക്ഷിണാഫ്രിക്കയിലെ വാൾടർ

സിസിലു യുണിവേഴ്സിറ്റി, ജർമ്മനിയിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുമായി സഹകരിക്കുന്നുണ്ട്. ഇന്ത്യയിലെ പ്രധാന ഗവേഷണ സ്ഥാപനങ്ങളായ ബംഗളൂരുവിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച്, വിവിധ ഐ.ഐ.ടി.-കൾ, കൊൽക്കത്തയിലെ യു.ജി.സി-ഡി.എ.ഇ. കൺസോർഷ്യം സയന്റിഫിക് റിസർച്ച് സെന്റർ, ജവഹർലാൽ നെഹ്റു സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊൽക്കത്തയിലെ സെന്റർ ഫോർ സ്റ്റഡീസ് ഇൻ സോഷ്യൽ സയൻസ് എന്നിവയും മഹാത്മാഗാന്ധി സർവ്വകലാശാല കേന്ദ്രങ്ങളുമായി സഹകരിച്ച പ്രവർത്തിക്കുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസും, എറണാകുളം ഗവണ്മെന്റ് ലാ കോളേജിൽ യു.ജി.സി.-യും, സർവ്വകലാശാലകളുടെ പദ്ധതികളുമായി സഹകരിക്കുന്നു. നാറ്റ്പാക്, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ സർക്കാർ വകുപ്പുകൾ/ ഏജൻസികളും ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്ററിന് സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ കേന്ദ്രസർക്കാരിന്റെ മാനവവിഭവശേഷി വികസന വകുപ്പാണ് പദ്ധതികൾക്ക് സഹായം നൽകുന്നത്.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണം

30(*120) ശ്രീ. ആർ. രാജേഷ് :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസം എന്ന പേരിലുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണം, കഴിഞ്ഞ 12 വർഷം കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ ആഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതാനും മേഖലകളിലെ വൈദഗ്ധ്യവികസനം മാത്രം ലക്ഷ്യമാക്കിയ എഞ്ചിനീയറിംഗ് കോളേജുകൾ ആ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ആവശ്യത്തിലധികം സൃഷ്ടിക്കുകയും വേതനമിടിവിന് കാരണമാകുകയും അതോടൊപ്പം ബൗദ്ധിക ശേഷിയുള്ളവരെ വൈജ്ഞാനിക മേഖലയിൽനിന്ന് അകറ്റി നിർത്തുന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗമാകെ നിലവാരത്തകർച്ച നേരിടുകയും ചെയ്യുന്ന സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) നിലവിൽ 60376 എഞ്ചിനീയറിംഗ് സീറ്റുകളിൽ അഞ്ചുശതമാനം മാത്രമേ സർക്കാർ മേഖലയിലുള്ളുവെന്നത് കണക്കിലെടുത്ത് സഹകരണ മേഖലയിൽ കൂടുതൽ സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാനും ഇത് സംബന്ധിച്ച് ഒരു പഠനം നടത്തി ആകെ സീറ്റുകൾ ആവശ്യാധിഷ്ഠിതമായി നിജപ്പെടുത്തുന്നതിനും നടപടിയെടുത്ത് വാണിജ്യവൽക്കരണം നിയന്ത്രണ വിധേയമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തു വരുന്നു. കൂടാതെ സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ സ.ഉ.(എംഎസ്) നമ്പർ 37/ 2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ ദിനേശൻ ചെയർമാനും ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 2016-17 അദ്ധ്യയന വർഷത്തിൽ 55,604 അംഗീകൃത സീറ്റുകളാണ് എഞ്ചിനീയറിംഗ് കോഴ്സിനുണ്ടായിരുന്നത്. ഇതിൽ 35,580 സീറ്റുകളിലാണ് വിദ്യാർത്ഥികൾ പ്രവേശിച്ചത്. സഹകരണ മേഖലയിൽ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്. അവയിലെല്ലാം കൂടി 3040 ബി.ടെക്. സീറ്റുകളുണ്ട്. അതിൽ ഏകദേശം 956 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് ആകർഷണീയത കുറഞ്ഞുവരികയാണ്. ഏറിയും കുറഞ്ഞുമുള്ള അളവിൽ സീറ്റുകൾ വിവിധ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ മേഖലയിൽ ഇനിയും കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് പ്രായോഗികമായി പ്രയോജനകരമാണെന്ന് കരുതുന്നില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അമരവിള-ഒറ്റശേഖരമംഗലം റോഡ്, കുമ്പിച്ചൽക്കടവ്, കുടിവീട്ടുക്കടവ് പാലങ്ങൾ എന്നിവയുടെ നിലവിലെ സ്ഥിതി

1 (825) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച, പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെട്ട അമരവിള-ഒറ്റശേഖരമംഗലം റോഡ്, കുമ്പിച്ചൽക്കടവ്, കുടിവീട്ടുക്കടവ് പാലങ്ങൾ തുടങ്ങിയ മരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നതെന്നും ഈ പ്രവൃത്തികൾ എന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി എപ്പോൾ അവസാനിപ്പിക്കാനാകുമെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 1-11-2016-ലെ സ.ഉ. (സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം അമരവിള-ഒറ്റശേഖരമംഗലം റോഡിന് 15 കോടി രൂപയുടെ ഭരണാനുമതിയും, 31-10-2016-ലെ സ.ഉ. (സാധാ) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം കുമ്പിച്ചൽക്കടവ് പാലത്തിന് 15 കോടി രൂപയുടെ ഭരണാനുമതിയും കുടിവീട്ടുക്കടവ് പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തിയുടെ പുനഃനിർമ്മാണ പ്രവൃത്തിക്കാവശ്യമായ ഡി.പി.ആർ., ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കി വരുന്നു. കുമ്പിച്ചൽക്കടവ് പാലത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. ഇത് തയ്യാറാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിക്ക് സമർപ്പിക്കാനാവുകയുള്ളൂ. കുടിവീട്ടുക്കടവ് പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കുമ്പിച്ചൽക്കടവ് പാലത്തിന് രണ്ടു വർഷത്തെ നിർമ്മാണ കാലാവധിയും കുടിവീട്ടുക്കടവ് പാലത്തിന് 18 മാസത്തെ നിർമ്മാണ കാലാവധിയുമാണ് പ്രതീക്ഷിക്കുന്നത്.

### ഡി.പി.ആർ. സമർപ്പിക്കുന്നതിലെ വീഴ്ച

2 (826) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തിവികസന ഫണ്ടിൽനിന്നും എം.എൽ.എ.-മാർ നൽകുന്ന പ്രൊപ്പോസലുകളിൽ ഡി.പി.ആർ.- യഥാസമയം സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൽ ആസ്തി വികസന ഫണ്ടിൽനിന്നും എം.എൽ.എ.-മാർ നൽകുന്ന പ്രൊപ്പോസലുകൾ യഥാസമയം അതാത് ഡിവിഷനുകളിലേയ്ക്ക് അറിയിക്കുകയും അതാത് അഡ്മിനിസ്റ്റേറ്റീവ് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യകത അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെതന്നെ ഭരണാനുമതിയും നൽകുന്നുണ്ട്. എന്നാൽ സ്ഥലലഭ്യതയ്ക്ക് കാലതാമസം നേരിടുന്നതു കൊണ്ടും മറ്റും ഉണ്ടാകുന്ന ചില സാങ്കേതിക കാരണങ്ങളാൽ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ചില പ്രവൃത്തികളിൽ കാലതാമസം നേരിടുന്നുണ്ട്. പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.റ്റി.പി. മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

3 (827) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. മുഖാന്തരം നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ മന്ദഗതിയിലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) ലോക ബാങ്ക് കെ. എസ്.റ്റി.പി.-ക്ക് നൽകിയ വായ്പയിൽ ഏതെങ്കിലും തരത്തിലുള്ള വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചില പ്രവൃത്തികൾ മന്ദഗതിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ടി.പി. മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗമനത്തിനുള്ള തടസ്സങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരമുള്ള ചില ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമതയില്ലായ്മയും മറ്റൊരു കാരണമാണ്.

(ബി&സി) ഉദിക്കുന്നില്ല.

## കെ.എസ്.ടി.പി. രണ്ടാം ഘട്ട പ്രോജക്റ്റ്

4 (828) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രോജക്റ്റുകളിലെ നിലവിലുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ റോഡ് പുനർനിർമ്മാണ വിഭാഗത്തിൽ താഴെ വിവരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു :

പാക്കേജ് I:

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.)-72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ടൗണിലെ 2 കി.മീറ്റർ ഭാഗത്തെ ഇലക്ട്രിക്കൽ കേബിൾ മാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം, പ്രസ്തുത ഭാഗം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ അടങ്കൽ തുക 133.65 കോടി രൂപയാണ്.

പാക്കേജ് II:

പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ.) - 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലവും, രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ ടാറിംഗ് ഉൾപ്പെടെ 5 കി. മീറ്റർ ടാറിംഗ് ഒഴിച്ചുള്ള റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 118.20 കോടി രൂപയാണ്.

<u>പാക്കേജ് III A:</u>

തലശ്ശേരി-കളറോഡ് റോഡ് (28.8 കി.മീ.)-ഈ പ്രവൃത്തി 31-5-2016-ന് ആരംഭിച്ചു. 6% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30-5-2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 154.59 കോടി രൂപയാണ്.

<u>പാക്കേജ് III B:</u>

കളറോഡ്-വളവുപാറ റോഡ് (25.2 കി.മീ.) - ഈ പ്രവൃത്തി 10-6-2016-ന് ആരംഭിച്ചു. 11% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 25-9-2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 209.58 കോടി രൂപയാണ്.

<u>പാക്കേജ് IV:</u>

ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.8 കി.മീ.) - 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധിയായ 24-11-2017-നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അടങ്കൽ തുക 293.58 കോടി രൂപയാണ്.

<u>പാക്കേജ് IVA:</u>

തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) - 61% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടിവന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. പ്രവൃത്തിയുടെ അടങ്കൽ തുക 31.80 കോടി രൂപയാണ്.

<u>പാക്കേജ് V:</u>

ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) - 64% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരണ കാലാവധി 27-10-2017 ആണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 171.49 കോടി രൂപയാണ്.

<u>പാക്കേജ് VI:</u>

പൊൻകുന്നം-തൊടുപുഴ (50 കി.മീ.)-99% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 227.13 കോടി രൂപയാണ്.

പാക്കേജ് VII:

പെരിമ്പിലാവ് - പെരിന്തൽമണ്ണ (41 കി.മീ.) - ഉപരിതലം പുതുക്കൽ 2017 മാർച്ചിൽ പൂർത്തീകരിച്ചു.

പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി:

പുനലൂർ-പൊൻകുന്നം റോഡ്-പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിന് ലോകബാങ്കിന്റെ അംഗീകാരം കിട്ടിയതിനു ശേഷം ആന്വിറ്റി ക്ഷണിക്കുന്നതാണ്.

റോഡ് സുരക്ഷാ നടത്തിപ്പിന്റെ ഭാഗമായി കഴക്കൂട്ടം-അടൂർ (80 കി.മീ.) മോഡൽ സുരക്ഷാ റോഡ് പദ്ധതി 28-12-2016-ൽ ആരംഭിച്ചു. പൂർത്തീകരണ കാലാവധി 27-4-2018 ആണ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 148.22 കോടി രൂപയാണ്. ഈ പദ്ധതിയിൽപ്പെടുത്തി തകരാറിലായ ഏനാത്ത് പാലത്തിന്റെ ഭാഗീക പുനർനിർമ്മാണം പുരോഗമിച്ചുവരുന്നു. കരസേന ബെയ്‌ലി പാലം നിർമ്മിക്കുന്നതിന് വേണ്ടുന്ന പണികളും പൂർത്തീകരിച്ചു.

(ബി) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരവും MORTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിന്റെ നിബന്ധന പ്രകാരം ഈ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരെഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പുവരുത്തിയതിനു ശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനു ശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധനയ്ക്ക് കൺസൾട്ടന്റ് എഞ്ചിനീയർ മേൽനോട്ടം വഹിക്കുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗത്ഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുമുള്ള ദർഘാസ് നടപടികളും പുരോഗമിച്ചുവരുന്നു.

(സി) യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, കോൺട്രാക്ടർക്കും കൺസൾട്ടന്റ് എഞ്ചിനീയർക്കും, കെ.എസ്.ടി.പി. എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗമനത്തിനുള്ള തടസ്സങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. നിരത്തുകളിലെ വഴി വിളക്കുകൾ

5 (829) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പ്രധാന പി.ഡബ്ല്യൂ.ഡി. നിരത്തുകളിലെയും ജംഗ്ഷനുകളിലെയും വഴിവിളക്കുകൾ കത്താത്തതിനാൽ വഴിയാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.-യുമായി ചേർന്ന് പി.ഡബ്ല്യൂ.ഡി. നിരത്തുകളിലെ വഴി വിളക്കുകൾ നിത്യേന പ്രകാശിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വഴിവിളക്കുകൾ രാത്രികാലങ്ങളിൽ മേൽപ്പറഞ്ഞ റോഡുകളിലും ജംഗ്ഷനുകളിലും വെളിച്ചം പകർന്നാൽ ഒരു പരിധി വരെ റോഡ് അപകടങ്ങളും, പിടിച്ചുപറിയും മോഷണങ്ങളും മറ്റും തടയുവാൻ കഴിയുമെന്നതിനാൽ ഈ സംയുക്ത സംരംഭം നടപ്പാക്കാൻ പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

## എരുവ-ഏവൂർ മുട്ടം റോഡ്

6 (830) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച എരുവ-ഏവൂർ മുട്ടം റോഡിന്റെ വശങ്ങളിലൂടെ കേരള ഇലക്ട്രിസിറ്റി ബോർഡ് ഭൂഗർഭ കേബിളുകൾ വലിച്ചപ്പോൾ റോഡിനു ഉണ്ടായിട്ടുള്ള തകരാറുകൾ പരിഹരിക്കുന്നതിനു വേണ്ടി കേരള ഇലക്ട്രിസിറ്റി ബോർഡ് എത്ര രൂപ പി.ഡബ്ല്യൂ.ഡി.-യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്നും ടി റോഡ് പുനരുദ്ധരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വികരിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം - തിരുവല്ല റോഡ്, കാരിയത്ത് പാലത്തിന്റെ അപ്രോച്ച് റോഡ്, കായംകുളം-മുട്ടം എന്നീ റോഡുകളുടെ വശങ്ങളിലൂടെ ഭൂഗർഭ കേബിളുകൾ ഇടുന്നതിനു വേണ്ടി കെ.എസ്.ഇ.ബി. 10 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി റോഡുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകി ടെണ്ടർ ചെയ്തെങ്കിലും, ആദ്യത്തെ ടെണ്ടർ പ്രവൃത്തി ആരും ഏറ്റെടുത്തില്ല. തുടർന്നുള്ള റീ ടെണ്ടറിൽ ഭരണിക്കാവ് ലേബർ സർവ്വീസ് സൊസൈറ്റി കരാർ ഏറ്റെടുത്തിട്ടുള്ളതാണ്. ടി പ്രവൃത്തി നടപ്പിലാക്കുന്നതിനായി 24-3-2017-ൽ സൈറ്റ് ഹാന്റ്ഓവർ ചെയ്തിട്ടുണ്ട്.

## കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

7 (831) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ചുള്ള പരിശോധനകൾ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കാലാകാലങ്ങളിൽ നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.മ.വ തീയതി 3-9-2016 പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ചു സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്.

(ബി&സി) ഇല്ല. ഉത്തരവനുസരിച്ചുള്ള പരിശോധന സംബന്ധിച്ച അവലോകന നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച വീഴ്ചയോ അപാകതയോ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോട്ട-മൂന്നു പീടിക ഭാഗത്ത് ഫുട്പാത്തും ഡ്രെയിനേജ് സൗകര്യവും ഏർപ്പെടുത്താൻ നടപടി

8 (832) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട പി.ഡബ്ല്യൂ.ഡി. റോഡ്സ് സെക്ഷന്റെ കീഴിലുള്ള പോട്ട - മൂന്നു പീടിക റോഡിന്റെ ആദ്യ കിലോമീറ്റർ ഭാഗത്ത് ഫുട്പാത്തും, ഡ്രെയിനേജ് സൗകര്യവും ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും 2016-17-ലെ നോൺ പ്ലാൻ ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുവാനായി, പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലയോര ഹൈവേ നിർമ്മാണം

9 (833) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ അവശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഹൈവേയുടെ നിർദ്ദിഷ്ട അലൈൻമെന്റിൽ വനമേഖലയോ, പരിസ്ഥിതി ദുർബല പ്രദേശമോ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മലയോര ഹൈവേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മലയോര ഹൈവേ നിർമ്മാണത്തിനായി NATPAC മുഖേന പഠനം നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ G.O.(Ms)44/09/PWD തീയതി 6-7-2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-11-2016-ൽ കൂടിയ യോഗതീരുമാനമനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് നാറ്റ്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി പ്രായോഗികമായി ഏറ്റെടുക്കാവുന്ന ഭാഗങ്ങൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് നാറ്റ്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും, ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ഭാഗങ്ങളെ സംബന്ധിച്ച് നാറ്റ്പാക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിൽ 121.90 കി.മീ. റോഡും രണ്ടാം ഘട്ടത്തിൽ 287.69 കി.മീ. റോഡും മൂന്നാം ഘട്ടത്തിൽ 368.61 കി.മീ. റോഡും വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതു കൂടാതെ നിലവിലുള്ള റോഡുകളിൽ 213.04 കി.മീ. ഭാഗം ഓവർലേ ചെയ്യുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോടുവരെയുള്ള 59.415 കി.മീ. ഭാഗത്തിന് 237.20 കോടി രൂപയ്ക്ക് ഭരണാനുമതിയും, 205.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. ഭാഗം സർക്കാർ ഉത്തരവ് നമ്പർ 109/2017/പൊ.മ.വ. തീയതി 25-1-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 23-11-2016-ൽ ചേർന്ന യോഗത്തിൽ മലയോരഹൈവേയ്ക്കായി 12 മീറ്റർ വീതിയിൽ റൈറ്റ് ഓഫ് വേയും, 7 മീറ്റർ വീതിയിൽ ക്യാരേജ് വേയും ഉറപ്പാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ മലയോര ഹൈവേയുടെ അലൈൻമെന്റിൽപ്പെട്ട പല ഭാഗങ്ങളും കുറഞ്ഞ വീതിയുള്ളതാണ്. ഇത്തരം ഭാഗങ്ങളിൽ ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, NATPAC അധികൃതർ എന്നിവരോടൊപ്പം ചേർന്ന് സംയുക്ത പരിശോധന നടത്തി ഫ്രീ സറണ്ടറായി ലഭിക്കാവുന്ന ഭാഗങ്ങൾ തെരഞ്ഞെടുത്ത് മലയോര ഹൈവേ പ്രായോഗികമായി നിർമ്മിക്കാവുന്ന മുൻഗണനാ ക്രമത്തിൽ റിപ്പോർട്ട് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് സംയുക്ത പരിശോധനയുടെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു. വയനാട്-കോഴിക്കോട് ജില്ലകളിൽപ്പെട്ട കുങ്കിച്ചിറ-പാലുവായ് (6 കി.മീ.), വയനാട്-മലപ്പുറം ജില്ലകളിൽ കൂടി കടന്നുപോകുന്ന അരുണാംപുഴ- തമ്പുരാട്ടിക്കല്ല് (8 കി.മീ.) എന്നീ ഭാഗങ്ങൾ വനപ്രദേശങ്ങളിൽ കൂടി കടന്നുചെല്ലുന്ന റോഡുകളാണ്. ഈ പ്രദേശങ്ങളിൽ മലയോര ഹൈവേയ്ക്കായി നിർദിഷ്ട വീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയ്ക്കായി NATPAC തയ്യാറാക്കിയിരുന്നതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ അലൈൻമെന്റിൽ ചില ഭാഗങ്ങൾ യഥാർത്ഥ മലയോര പ്രദേശത്തുകൂടി കടന്നുചെല്ലുന്നവയല്ല എന്ന അപാകത പരിഹരിച്ച് മലയോര ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ അലൈൻമെന്റ് ക്രമീകരിക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ച് സംയുക്ത പരിശോധന നടത്തി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് ഉൾപ്പെടുന്ന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ കിഫ്ബി ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പുതിയ ദേശീയ പാതകൾക്ക് അംഗീകാരം**

10 (834) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) അംഗീകാരം ലഭിച്ച ദേശീയ പാതകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ഡി) പുതിയ ദേശീയ പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാനം കൈക്കൊള്ളേണ്ടതുണ്ടെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 485 കി. മീറ്റർ ദൈർഘ്യം വരുന്ന 12 റോഡുകൾ ദേശീയപാതയാക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) തത്വത്തിൽ അംഗീകാരം ലഭിച്ച പുതിയ ദേശീയപാതകളുടെ പേരുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | New NH from Alappuzha (NH 47) Changanassery – Vazhoor – 14th Mile (NH 220) | 50 Km |
| 2 | New NH from Kayamkulam (NH 47) to junction near Thiruvalla (NH 183) | 23 Km |
| 3 | New NH from Jn. Of NH 183 near Vijayapuram to Junction of NH 85 (Old NH 49) near Oonnukal | 45 Km |
| 4 | Stretch of new NH from Jn. Of NH 766 (Old NH 212) near Kalpetta connecting Mananthavadi | 50 Km |
| 5 | Extension of NH 183 A (Bharanikkavu near Adur) Upto Titanium, Chavara NH 47 (New NH 66) | 17 KM |
| 6 | New NH connecting NH 183 A at Elavunkal near Laha with Pampa | 21.6 Km |
| 7 | Road connecting International Sea Port, Vizhinjam with Karamana – Kaliyikkavila Stretch of NH 47 and NH bypass 47 (New NH 66) | 26 Km |
| 8 | Road connecting Chovva – Mattannur – Koottupuzha -Valavupara – Makkottam – Virajpetta – Madikkeri – Mysore (Stretch in Kerala) | 55 Km |
| 9 | Road connecting Thiruvananthapuram – Thenmala | 72 Km |
| 10 | Road connecting Hosdurg – Panathur – Bhadamandala – Midikkeri in Karnataka State | 57 Km |
| 11 | Road connecting Cherkala – Kalladka | 28 Km |
| 12 | Road connecting Vadakkanchery – Pollachi | 40 Km |

(സി) പ്രോജക്ട് റിപ്പോർട്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | New NH from Alappuzha (NH 47) Changan assery – Vazhoor – 14th Mile (NH 220) | DPR തയ്യാറാക്കി വരുന്നു. |

| | | |
|---|---|---|
| 2 | New NH from Kayamkulam (NH 47) to junction near Thiruvalla (NH 183) | ബിഡ് ക്ഷണിച്ചിട്ടും പ്രതികരണമില്ല. |
| 3 | New NH from Jn. Of NH 183 near Vijayapuram to Junction of NH 85 (Old NH 49) near Oonnukal | DPR തയ്യാറാക്കി വരുന്നു. |
| 4 | Stretch of new NH from Jn. Of NH 766 (Old NH 212) near Kalpetta connecting Mananthavadi | DPR തയ്യാറാക്കി വരുന്നു. |
| 5 | Extension of NH 183 A (Bharanikkavu near Adur) Upto Titanium, Chavara NH 47 (New NH 66) | ബിഡ് വീണ്ടും ക്ഷണിക്കണം. |
| 6 | New NH connecting NH 183 A at Elavunkal near Laha with Pampa | ബിഡ് വീണ്ടും ക്ഷണിച്ചിട്ടുണ്ട്. |
| 7 | Road connecting International Sea Port, Vizhinjam with Karamana - Kaliyikkavila Stretch of NH 47 and NH bypass 47 (New NH 66) | ബിഡ് വീണ്ടും ക്ഷണിക്കണം. |
| 8 | Road connecting Chovva - Mattannur - Koottupuzha - Valavupara - Makkottam - Virajpetta - Madikkeri - Mysore (Stretch in Kerala) | സാങ്കേതിക ബിഡ് വിലയിരുത്തിവരുന്നു. |
| 9 | Road connecting Thiruvananthapuram - Thenmala | ടെൻഡർ ക്ഷണിച്ചു വരുന്നു. |
| 10 | Road connecting Hosdurg - Panathur - Bhadamandala - Midikkeri in Karnataka State | ടെൻഡർ ക്ഷണിച്ചു വരുന്നു. |
| 11 | Road connecting Cherkala - Kalladka | ടെൻഡർ ക്ഷണിച്ചു വരുന്നു. |
| 12 | Road connecting Vadakkanchery - Pollachi | ടെൻഡർ ക്ഷണിച്ചു വരുന്നു. |

(ഡി) പദ്ധതി രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നൽകി സ്ഥലമെടുപ്പിന് വേണ്ടിയുള്ള നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

## റോഡ് സുരക്ഷാ ഫണ്ട്

11 (835) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ടിലേക്ക് വകയിരുത്തുന്ന പ്രധാന ഫണ്ടുകൾ ഏതൊക്കെയാണ്;

(ബി) 2008 മുതൽ 2016-17 വർഷം വരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭ്യമായ ഫണ്ട് എത്ര രൂപയാണ്; ഇതിൽ നിന്നും ഇതുവരെ ചെലവഴിച്ച തുക എത്ര;

(സി) ഏത് തരത്തിലുള്ള പ്രവൃത്തികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിക്കുന്നത്;

(ഡി) റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ് സുരക്ഷയ്ക്കായി എല്ലാ സാമ്പത്തിക വർഷവും പദ്ധതി - പദ്ധതിയേതര ഫണ്ട് ലഭിക്കുന്നുണ്ട്. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11-ാം വകുപ്പിലെ ഉപവകുപ്പ് (2) പ്രകാരം റോഡ് സുരക്ഷാ ഫണ്ടിന്റെ സ്രോതസ്സ് ഇപ്രകാരമാണ്.

(എ) വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സിൽ നിന്നും ഈടാക്കുന്ന തുക സംസ്ഥാനത്തെ സഞ്ചിത നിധിയിൽ അടച്ചശേഷം സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറച്ചശേഷം ധനവിനിയോഗം വഴി കൈമാറ്റം ചെയ്യപ്പെടുന്ന തുക

(ബി) സർക്കാർ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും

(സി) ഇന്ത്യാ ഗവൺമെന്റ് നൽകുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ, സംഘടനകളിൽ നിന്നോ ലഭിക്കുന്ന സംഭാവനകൾ

(ഇ) 1988-ലെ മോട്ടോർ വാഹന ആക്ടിന്റെ 200-ാം വകുപ്പിൻ കീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപതു ശതമാനത്തിൽ തുല്യമായ തുക

(ബി) 2008 മുതൽ 2016-17 വരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് 173,12,00,000 രൂപ ലഭിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്കായി ഇതുവരെ 150 കോടി രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എല്ലാ സാമ്പത്തിക വർഷവും പദ്ധതി ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. അപകട സാദ്ധ്യതയുള്ള റോഡിന്റെ ഇരുവശങ്ങളിലും ക്രാഷ്ബാരിയർ, റോഡ് മാർക്കിംഗുകൾ, റിഫ്ളക്ടറുകൾ, റോഡ് സ്റ്റഡുകൾ, ഡിലിനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ബസാർ മാർക്കറുകൾ, മീഡിയൻ മാർക്കുകൾ, ഷെവറോൺ സൈൻ ബോർഡുകൾ എന്നീ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു. പദ്ധതിയേതര ഫണ്ട് ഉപയോഗിച്ച് പുതുതായി സൈൻ ബോർഡുകൾ സ്ഥാപിക്കുകയും കേടുപാടുകൾ സംഭവിച്ച സൈൻ ബോർഡുകൾ പുതുക്കി പണിയുകയും ചെയ്തുവരുന്നു. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ വകുപ്പ് 13 പ്രകാരം ഫണ്ടിന്റെ ഉപയോഗം താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി നിജപ്പെടുത്തിയിരിക്കുന്നു :

(എ) റോഡ് സുരക്ഷാ പരിപാടികൾക്ക്.

(ബി) റോഡ് സുരക്ഷാ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾക്ക്.

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്.

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും, ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്.

(ഇ) ട്രോമാകെയർ പരിപാടികൾക്കും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.

(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്.

(ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്.

(എച്ച്) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.

(ഡി) കോട്ടയം ശീമാട്ടി ജംഗ്ഷനിൽ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി സ്ഥാപിക്കുന്ന സ്കൈവാക്ക്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന "ട്രോമാ കെയർ സെന്റർ", പോലീസ് വകുപ്പ് വഴി ഗവൺമെന്റ് സ്കൂളുകളിൽ നടപ്പാക്കുന്ന " സ്മാർട്ട് ട്രാഫിക് ക്ലാസ്സ് റൂമുകൾ", പൂജപ്പുരയിൽ സ്ഥാപിക്കുന്ന "ട്രാഫിക് സിഗ്നൽ ലൈറ്റ്", പൂജപ്പുര ബയോടെക്നോളജി റോഡിൽ സ്ഥാപിക്കുന്ന

"വാണിംഗ് ബ്ലിംങ്കേഴ്സ്", വയനാട് ജില്ലയിലെ ടൗൺ പ്രദേശങ്ങളിലും സ്കൂൾ മേഖലകളിലും നടപ്പിലാക്കുന്ന തെർമോ പ്ലാസ്റ്റിക് കോമ്പൗണ്ട് ഉപയോഗിച്ചുള്ള റോഡ് മാർക്കിംഗ്, തളിക്കുളം - പത്താംകല്ല് കർവ്, ചാവക്കാട് ഭാഗങ്ങളിലെ ട്രാഫിക് സുരക്ഷാ പ്രവർത്തനം, NH-17-ലെ കൃഷ്ണപുരം, പുതിയകാവ് ഭാഗത്തെ ട്രാഫിക് സുരക്ഷാ പ്രവർത്തനം, പ്രീ-ലേണേഴ്സ് ട്രെയിനിംഗ്, ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള ട്രെയിനിംഗ്, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ്, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ട്രെയിനിംഗ് എന്നിവ ഉൾപ്പെടുത്തി കൊണ്ട് മോട്ടോർ വാഹന വകുപ്പ് വഴി നടപ്പിലാക്കുന്ന റോഡ് സുരക്ഷ അവബോധ പരിപാടി എന്നിവ കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളാണ്.

**റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

12 (836) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; കരാർ പ്രകാരം നിർമ്മാണം എന്ന് പൂർത്തിയാക്കേണ്ടതായിരുന്നു;

(ബി) ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളത്; പൂർത്തീകരിച്ച ബ്ലോക്ക് ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി വിട്ടുകൊടുക്കാൻ കഴിയുംവിധം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; എത്ര ദിവസം കൊണ്ട് ഇവ പൂർത്തീകരിച്ച് കെട്ടിടം തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 622 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിന്റെ നിർമ്മാണം 15-11-2010-ൽ ആരംഭിച്ചു. കരാർ പ്രകാരം 14-2-2012-ൽ നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. അത് 31-7-2014 വരെ കാലാവധി നീട്ടി അനുവദിച്ചിരുന്നു.

(ബി) രണ്ട് ബ്ലോക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ബ്ലോക്ക് രണ്ടിന്റെ മൊത്തം പണികളും (4 നിലയും ഇലക്ട്രിഫിക്കേഷനും) ബ്ലോക്ക് I-ന്റെ ഒരു നിലയും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് I-ന്റെ ബാക്കി 4 നിലയും സ്റ്റെയർ റൂമും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. പൂർത്തീകരിച്ച ബ്ലോക്കിന്റെ പ്രവർത്തനം ഫയർ&റെസ്ക്യൂ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും എൻ.ഒ.സി. ലഭിച്ചാൽ ആരംഭിക്കാവുന്നതാണ്. 2017 മേയ് 15-നുള്ളിൽ ആയത് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

13 (837) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തിയ പി.ഡബ്ള്യൂ,ഡി.-യുടെ പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരം നൽകുമോ; ഏതൊക്കെ എസ്.പി.വി.-കൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 182 റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി 5628 കോടി രൂപയുടെയും 69 പാലങ്ങൾ/മേൽപ്പാലങ്ങൾക്കുമായി 2557.00 കോടി രൂപയുടെയും മലയോര ഹൈവേ പദ്ധതിയിലുൾപ്പെട്ട 1267 കിലോമീറ്റർ റോഡുകൾക്കായി 3500 കോടി രൂപയുടെയും തീരദേശ ഹൈവേ നിർമ്മാണത്തിൽ ഉൾപ്പെട്ട 630 കിലോമീറ്റർ റോഡുകൾക്കായി 6500 കോടി രൂപയും കിഫ്ബി വഴി നിക്ഷേപം നടത്തി പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഭാവന ചെയ്തിട്ടുള്ളതാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ രജിസ്ട്രേഷൻ വകുപ്പിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനായി നികുതി വകുപ്പിൽ നിന്നും 49.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. തിരുവനന്തപുരം ജില്ലയിലെ കരമന-കളിയിക്കാവിള ദേശീയ പാത ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭാഗം നാലുവരിപ്പാതയാക്കി കിഫ്ബി മുഖേന വികസിപ്പിക്കുന്നതിനുള്ള 153 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണം കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 വർഷത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കോങ്ങാട്-മണ്ണാർക്കാട്-ടിപ്പുസുൽത്താൻ റോഡ് കിലോമീറ്റർ 0/000 മുതൽ 16/990 വരെ (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.) - 15.00 കോടി രൂപ.

2. ചിറയ്ക്കൽപടി-കാഞ്ഞിരപ്പുഴ റോഡ് കിലോമീറ്റർ 0/000 മുതൽ 8/000 വരെ (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു) - 10.00 കോടി രൂപ.

3. പറളി-കോട്ടായി റോഡിൽ കിലോമീറ്റർ 1/400 മുതൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഓടന്നൂർ പാലത്തിന്റെ നിർമ്മാണം - (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.) - 15.00 കോടി രൂപ.

കേരള റോഡ് ഫണ്ട് ബോർഡിനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കിഫ്ബി പദ്ധതിയുടെ ഭാഗമായി ഉദ്യോഗസ്ഥരുടെ പുനർവിന്യാസം**

14 (838) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പുനർവിന്യാസംമൂലം പി.ഡബ്ല്യൂ.ഡി. സെക്ഷൻ ഓഫീസുകൾ നിർത്തലാക്കുന്ന സാഹചര്യം ഉണ്ടോകാനിടയുണ്ടോ;

(സി) ദേശീയപാത പതിനേഴിന്റെ ചേളാരി സെക്ഷൻ ഓഫീസ് നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ പൊതുമരാമത്ത് ഓഫീസുകൾ ഇല്ലാതാകുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത സെക്ഷൻ ഓഫീസ് നിർത്തലാക്കുന്നത് സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി&സി) ഇല്ല.

(ഡി&ഇ) ഉദിക്കുന്നില്ല.

**അരൂർ മണ്ഡലത്തിൽ പാലങ്ങൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ**

15 (839) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളാണ് പൂർത്തിയായിട്ടുള്ളത്;

(ബി) അഞ്ചുതുരുത്ത്, പി.എസ്. ഫെറി, കുടപുറം എന്നിവിടങ്ങളിൽ പാലങ്ങൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഇവിടങ്ങളിൽ പാലം നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുവാൻ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുമോ;

(ഡി) അഞ്ചുതുരുത്തിൽ പാലം നിർമ്മിക്കുന്നതിനായി നേരത്തേ ഡി.പി.ആർ. തയ്യാറാക്കിയിരുന്നോ; ആയതിൽ എത്ര രൂപയാണ് എസ്റ്റിമേറ്റെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തവണത്തെ നബാർഡ് സഹായത്തോടെയുള്ള പദ്ധതികളിൽ അഞ്ചുതുരുത്ത്, പി.എസ്. ഫെറി, കുടപുറം പാലങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) വാക്കയിൽ പാലം, പി.എസ്. കടവ് പാലം, അഞ്ചു തുരുത്തുപാലം, കുടപ്പുറം പാലം.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ഇവിടങ്ങളിലെ പാലങ്ങൾ ബഡ്ജറ്റിലോ കിഫ്ബിയിലോ ഉൾപ്പെടുത്തിയിട്ടില്ല. ബഡ്ജറ്റിലോ കിഫ്ബിയിലോ ഉൾപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(ഡി) തയ്യാറാക്കിയിരുന്നില്ല.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

**തഴക്കര കൊച്ചാലുമ്മൂട് ജംഗ്ഷനിൽ നിരന്തരമായി അപകടങ്ങൾ**

16 (840) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം - തേനി ദേശീയപാതയിലെ പ്രധാന ജംഗ്ഷനുകളിൽ ഒന്നായ തഴക്കര കൊച്ചാലുമ്മൂട് ജംഗ്ഷനിൽ നിരന്തരമായി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ സിഗ്നൽ ലൈറ്റുകളോ മുന്നറിയിപ്പ് ബോർഡുകളോ ഡിവൈഡർ/ഹംപ് എന്നിവയോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ മേഖലയിലെ അപകടങ്ങൾ ഒഴിവാക്കാൻ ഇവ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊല്ലം-തേനി ദേശീയപാതയുടെ കൊല്ലം (0/000) മുതൽ ആഞ്ഞിലിമൂട് (62/100) വരെ ട്രാഫിക് സേഫ്റ്റിക്കുള്ള വിശദമായ പദ്ധതി (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് ഡൽഹി ഇന്റഗ്രേറ്റഡ് മൾട്ടി മോഡൽ ട്രാൻസിറ്റ് സിസ്റ്റംസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലെറ്റർ ഓഫ് അവാർഡ് (എൽ.എ.ഒ.) നൽകിയിരിക്കുകയാണ്. പ്രസ്തുത സ്ഥാപനം എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് വിശദമായ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിൽ തഴക്കര കൊച്ചാലുമ്മൂട് ജംഗ്ഷനിലടക്കം വേണ്ടുന്ന ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ പ്രസ്തുത ദേശീയപാതയുടെ കൊല്ലം മുതൽ ആഞ്ഞിലിമൂട് വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ടെണ്ടർ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

**തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണം**

17 (841) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നതും കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്നതുമായ തലശ്ശേരി- വളവുപാറ റോഡ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പദ്ധതിയിൽ ആകെ എത്ര പാലങ്ങളുടെ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പാലത്തിന്റെയും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി -വളവുപാറ റോഡ് കരാർ റദ്ദാക്കിയതിനെ തുടർന്ന് തലശ്ശേരി-കളറോഡ്, കളറോഡ്-വളവുപാറ എന്നീ രണ്ട് റീച്ചുകളായി തിരിച്ച് റീ-ടെണ്ടർ ചെയ്തിട്ടുണ്ട്.

1. തലശ്ശേരി - കളറോഡ് റോഡ് - 6% പുരോഗതി കൈവരിച്ചു.
2. കളറോഡ് - വളവുപാറ റോഡ് - 11% പുരോഗതി കൈവരിച്ചു. രണ്ട് പ്രവൃത്തികളും എഗ്രിമെന്റ് വച്ച് തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ നന്നായി പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിൽ ആകെ 7 പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ ഘട്ടം ചുവടെ ചേർക്കുന്നു :

1. <u>ഇരഞ്ഞോളിപ്പാലം (2 സ്പാനുകൾ):</u>

   ഒരു അബട്ട്മെന്റും ഒരു പിയറും ഭാഗീകമായി പൂർത്തീകരിച്ചു. 12 ബീമുകളിൽ 7 ബീം കാസ്റ്റ് ചെയ്തു. ബഹു. മുഖ്യമന്ത്രി 3-11-2016-ൽ നടത്തിയ മീറ്റിംഗിൽ ദേശീയ ജലഗതാഗത വികസനത്തിന്റെ ഭാഗമായി പ്രസ്തുത പാലത്തിന്റെ വെർട്ടിക്കൽ ക്ലിയറൻസ് ഉയർത്താൻ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ പാലം റീ ഡിസൈൻ ചെയ്യേണ്ടതായി വന്നു. പാലത്തിന്റെ റീ ഡിസൈൻ പൂർത്തീകരിച്ചു. റീ ഡിസൈൻമൂലമുണ്ടായ അപ്രോച്ച് റോഡിനുണ്ടാകാവുന്ന മാറ്റം വിലയിരുത്തുന്നതിനും, അലൈന്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും, അധികമായി വേണ്ടിവരുന്ന ഭൂമി ഏറ്റെടുക്കുന്നത് വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. <u>മെരുമ്പായി പാലം (3 സ്പാനുകൾ):</u>

   പിയറുകളുടെയും അബട്ട്മെന്റുകളുടെയും പണികൾ പൂർത്തീകരിച്ചു.

   ഒരു ഡെക്ക് സ്ലാബ് പൂർത്തീകരിച്ചു. ബാക്കിയുള്ള രണ്ട് ഡെക്കിന്റെ പണികൾ നടന്നുവരുന്നു.

3. <u>കാരേറ്റ പാലം (ഒരു സ്പാൻ):</u>

   ആരംഭിച്ചിട്ടില്ല.

4. <u>കളറോഡ് പാലം (ഒരു സ്പാൻ):</u>

   ഒരു അബട്ട്മെന്റ് പൂർത്തീകരിച്ചു. ഡെക്കിംഗ് പണി ആരംഭിച്ചു.

5. <u>ഉളിയിൽ പാലം (ഒരു സ്പാൻ)</u>

ഡെക്കിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

6. <u>ഇരിട്ടിപാലം (3 സ്പാനുകൾ)</u>

ഒരു അബട്ട്മെന്റ് പൂർത്തീകരിച്ചു. രണ്ടാമത്തെ അബട്ട്മെന്റിന്റെയും 2 പിയറുകളുടെയും പണികൾ പുരോഗമിച്ചുവരുന്നു.

7. <u>കുത്തുപുഴ പാലം (5 സ്പാനുകൾ)</u>

റീഡിസൈൻ നടപടികൾ നടന്നുവരുന്നു.

(ഡി) തലശ്ശേരി-കളറോഡ് റോഡ് 30-5-2018-നും കളറോഡ്-വളവുപാറ റോഡ് 25-9-2018-നുമാണ് എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ടത്.

## ആലപ്പുഴ കളർകോട് ജംഗ്ഷൻ മുതൽ ഹൈവേയ്ക്ക് സമാന്തരമായി പുതിയ പാത

18 (842) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ ആലപ്പുഴ കളർകോട് ജംഗ്ഷൻ മുതൽ തെക്കോട്ട് വണ്ടാനം വരെ ഇപ്പോൾ ഗതാഗത കുരുക്ക്മൂലം ദീർഘദൂര യാത്രക്കാർക്കും പ്രാദേശീയർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബൈപ്പാസ് റോഡ് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ വാഹനങ്ങൾ ഒരേ സമയം എത്തിച്ചേരുന്നതിനാൽ നാലുവരിപ്പാത നിർമ്മിച്ചാലും ഇവിടുത്തെ തിരക്കിന് കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഹൈവേക്ക് സമാന്തരമായി നിലവിലുള്ള ഉപയോഗശൂന്യമായ സ്കൂട്ടർ ഫാക്ടറി റോഡ്, ഗുരുമന്ദിരം ജംഗ്ഷൻ എന്നിവ വികസിപ്പിച്ച് വാടപ്പൊഴി മുതൽ അരക്കിലോമീറ്റർ റോഡിന് വീതികൂട്ടി എൻ.എച്ച്. ബൈപ്പാസ് റോഡിൽ എത്തിച്ചാൽ ഗതാഗത കുരുക്ക് പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂട്ടർ ഫാക്ടറി റോഡ് പുനരുദ്ധരിച്ച് ദേശീയ നിലവാരത്തിലുള്ള രണ്ടുവരിപ്പാതയൊരുക്കുകയും ഗുരുമന്ദിരം ജംഗ്ഷൻ വികസിപ്പിച്ച് അവിടുന്ന് വാടപ്പൊഴി പാലം വരെയുള്ള ഭാഗം വീതി കൂട്ടുകയും വാടപ്പൊഴിമുതൽ കതിരപ്പന്തി എൻ. എച്ച്. വരെയുള്ള അരക്കിലോമീറ്റർ മാത്രം സ്ഥലം ഏറ്റെടുത്ത് റോഡ് വീതികൂട്ടി നിർമ്മിച്ചാൽ അമ്പലപ്പുഴ മണ്ഡലത്തിൽ വിശാലമായ മറ്റൊരു പാത കൂടി സാക്ഷാത്ക്കരിക്കുമെന്നതിനാൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വമ്പിച്ച ഗതാഗത വികസനം നടന്നിട്ടുണ്ട്. തീരദേശപാതാ, പഴയ നടക്കാവ് റോഡ് പുതിയതായി നിർമ്മിച്ചിട്ടുണ്ട്. ഇനി ബാക്കിയുള്ള തീരദേശ പാതയുടെ നിർമ്മാണം ആരംഭിക്കും. വീണ്ടും വീതികൂട്ടും.

(ബി) ബൈപ്പാസ് പൂർത്തിയാകുന്നതോടുകൂടി ദീർഘദൂര യാത്രക്കാർ ബൈപ്പാസ് ഉപയോഗിക്കുകയും വാഹനങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധന ഉണ്ടാകുന്നതുമാണ്. എന്നാൽ ബൈപ്പാസ് നാലുവരിപ്പാതയായി നിർമ്മിക്കുന്നതോടു കൂടി ഇവിടുത്തെ ഗതാഗത തിരക്ക് കുറയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) നിലവിൽ ദേശീയ പാതയുടെ അധീനതയിൽ സി.ആർ.എഫ്. പദ്ധതി പ്രകാരം കളർക്കോട് അഞ്ജലി ആഡിറ്റോറിയം മുതൽ പടിഞ്ഞോട്ട് ഗുരുമന്ദിരം വഴി ഗലീലിയോ ജംഗ്ഷൻ, ഷാപ്പ് ജംഗ്ഷൻ, വിയാനിപ്പള്ളി, വ്യാസ ജംഗ്ഷൻ - അയ്യൻ കോയിക്കൽ റോഡ് വഴി ദേശീയപാതയിൽ എത്തിച്ചേരുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 20 കോടി അടങ്കൽ.

(ഡി) വാടാപ്പൊഴി പാലത്തിനു സമീപത്തു നിന്നും മത്സ്യഗന്ധി ജംഗ്ഷൻ വരെ സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കളർകോട് ജംഗ്ഷനിൽനിന്നും തുടങ്ങുന്ന സതേൺ ബൗണ്ടറി റോഡ് സി.ആർ.എഫ്.-ൽ ചെയ്യുന്നതിന് ദേശീയപാതാ വിഭാഗത്തിൽനിന്നും നടപടികൾ നടന്നുവരുന്നു. തീരദേശ റോഡ് പുനരുദ്ധാരണത്തിന് ദേശീയപാതാ വിഭാഗം വഴി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ നഗരത്തിൽ 270 കോടി രൂപയുള്ള നഗരവികസന പദ്ധതി സ്ഥലം എം.എൽ.എ. കൂടിയായ പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് അംഗീകരിച്ചിട്ടുണ്ട്. താമസിയാതെ നടപ്പാക്കും. ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെയുടെയും മന്ത്രിസഭയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ പാതിരാപ്പള്ളി മുതൽ ഓച്ചിറ വരെ ജർമൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർനിർമ്മാണം തുടങ്ങി. അത് ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ എസ്.എൽ.റ്റി.എഫ്. പദ്ധതി**

19 (843) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ എസ്.എൽ.റ്റി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്ക് എത്രതുക വീതം അനുവദിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തിക വർഷം മണലൂർ നിയോജകമണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി *ചേർക്കുന്നു.

**പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത**

20 (844) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത കെ. എസ്.റ്റി.പി. ഏറ്റെടുത്തത് എന്നാണ്; റോഡിന്റെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചത്; ഇനിഏതു ഭാഗമാണ് പുനരുദ്ധരിക്കാനുള്ളത്;

(ബി) റോഡിന്റെ പുനരുദ്ധരിക്കാനുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര സ്ഥലം ഏതൊക്കെ വില്ലേജുകളിൽ നിന്ന് ഏറ്റെടുക്കാനുണ്ട് എന്ന് സർവ്വേ നമ്പർ സഹിതം ലഭ്യമാക്കാമോ;

(സി) പുനലൂർ - മൂവാറ്റുപുഴ പാതയുടെ ഇനി പുരുദ്ധരിക്കേണ്ട ഭാഗത്തെ നിർമ്മാണ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് അറിയിക്കാമോ; ഇതിന്റെ ടെണ്ടറിംഗ് കഴിഞ്ഞിട്ടുണ്ടോ; ഇനി എന്തൊക്കെ നടപടികളാണ് റോഡ് നവീകരണത്തിനായി പൂർത്തിയാക്കേണ്ടത്; ഏതൊക്കെ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തിരിക്കുന്നത്;

(ഡി) റോഡ് നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്താണെന്ന് അറിയിക്കാമോ ;

(ഇ) തടസ്സങ്ങൾ നീക്കി റോഡ് നിർമ്മാണം എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ ഭാഗമായ പൊൻകുന്നം - തൊടുപുഴ ഭാഗം കെ.എസ്.ടി.പി. 28-5-2014 കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുകഴിഞ്ഞു. പുനലൂർ-പൊൻകുന്നം ഭാഗം കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടില്ല. ഈ ഭാഗമാണ് ഇനി പുനരുദ്ധരിക്കാനുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പി.പി.പി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പുനലൂർ-പൊൻകുന്നം സംസ്ഥാനപാതയുടെ നവീകരണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ ലോകബാങ്കിന്റെ അംഗീകാരത്തിനുശേഷം ആന്വിറ്റി ടെണ്ടർ ക്ഷണിക്കുന്നതും ആന്വിറ്റി ടെണ്ടർ ലഭിച്ച് ആയത് പരിശോധനയ്ക്ക് ശേഷം കുറഞ്ഞ കരാറുകാരനെ തെരഞ്ഞെടുത്ത് സർക്കാരിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ലഭ്യമാക്കുകയും വേണം. അതിനുശേഷം കരാറുകാരൻ രൂപീകരിക്കുന്ന കമ്പനിയുമായി (SPV) കൺസെഷൻ കരാർ ഒപ്പുവച്ച് കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രീ ക്വാളിഫിക്കേഷനിൽ പങ്കെടുത്ത കമ്പനികൾ താഴെ വിവരിക്കുന്നു :

1. M/s Dinesh Chandra,
   Agrawal Infracon Pvt. Ltd.,
   Ahmedabad.

2. M/s Sreedhanya
   Construction (SDC)
   Thiruvananthapuram

3. M/s Dilip Buldion Ltd
   Bhopal.

4. M/s Essel Infra Projects Ltd.

   Mumbai.

5. M/s KMC Construction Ltd.
   Hyderabad.

6. M/s IL & FS Transportation
   Network Ltd., Mumbai.

7. M/s RKC Tropabuilt Pvt Ltd.
   (CM & OMN), Ahmedabad.

8. M/s GHV - EKK - INKEC (JV),
   Perumbavoor.

(ഡി) നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(ഇ) ലോകബാങ്കിന്റെ അനുവാദം ലഭിച്ച് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിൽ ഈ വർഷം അവസാനം തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം

21 (845) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള അപാകതകൾമൂലം ഈ കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപാകതകൾ പരിഹരിച്ച് വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനുശേഷം ദീർഘകാലം അടച്ചിട്ടിരുന്നതിനാൽ ജീർണ്ണത ഉള്ളതായി കാണുന്നു. പുതുതായി പണിത വില്ലേജ് ഓഫീസിന്റെ മേൽക്കൂരയും 1985-ൽ പണിത ഹാളും ചേരുന്ന ഭാഗത്തു കൂടെയുള്ള മഴവെള്ളചോർച്ച മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ആലപ്പുഴ ഡിവിഷൻ സ്വീകരിച്ചുവരുന്നു.

## മരാമത്ത് റോഡുകളുടെ ഗ്യാരന്റി പിരീഡ്

22 (846) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് ഡിഫെക്ട് ലയബിലിറ്റി പിരീഡ് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) വിവിധ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ള ഡിഫെക്ട് ലയബിലിറ്റി പിരീഡ് - ന്റെ കാലപരിധി വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളുടെ ഗ്യാരന്റി പിരീഡ് എത്ര കാലമാണെന്ന് വ്യക്തമാക്കുമോ; ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തി കൂടുതൽ ഗ്യാരന്റിയോടുകൂടി സംസ്ഥാനത്ത് റോഡ് പ്രവൃത്തികൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ഉത്തരം</u>

(എ) ഉണ്ട്. Road Fund Board, RICK എന്നീ കമ്പനികൾ മുഖേന നിർമ്മിക്കുന്ന റോഡുകൾക്ക് ഡിഫെക്ട് ലയബിലിറ്റി പിരീഡും, മെയിന്റനൻസ് പിരീഡും അടക്കം 14-15 വർഷമാണ്. ഇനി ശബരിമല റോഡുകൾക്ക് ഡിഫെക്ട് ലയബിലിറ്റിയും, മെയിന്റനൻസ് പീരിയഡുമടക്കം 7 വർഷമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 40 എം.എം-ൽ കുറവ് ഘനമുള്ള ടാറിംഗ് പ്രവൃത്തിക്ക് ഒരു വർഷവും, അതിന് മുകളിലുള്ളതിന് മൂന്ന് വർഷവും ഡിഫെക്ട് ലയബിലിറ്റി പിരീയഡ് നിശ്ചയിച്ചിട്ടുണ്ട്. ഇ.പി.സി. വ്യവസ്ഥയിൽ നടപ്പിലാക്കുന്ന റോഡ്, ബ്രിഡ്ജ് മുതലായവ 48 മാസം, ഓർഡിനറി റിപ്പയർ 6 മാസം, സ്പെഷ്യൽ റിപ്പയർ 18 മാസം, ഡിഫെക്ട് ലയബിലിറ്റി ബാധകമാണ്.

(സി) ടാറിംഗ് പ്രവൃത്തിക്ക് കനം 40 എം.എം.-ൽ കുറവുള്ളതിന് ഒരു വർഷവും, അതിന് മുകളിലുള്ളതിന് മൂന്ന് വർഷവും ഡിഫെക്ട് ലയബിലിറ്റി പിരീഡ് നിശ്ചയിച്ചിട്ടുണ്ട്. KIIFB മുഖേന നടപ്പിലാക്കുന്ന റോഡുകളുടെ പ്രവൃത്തികൾക്ക് നിലവിലെ നിശ്ചയിച്ചിട്ടുള്ള ഡിഫക്ട് ലയബിലിറ്റി പിരീഡിന് പുറമേ നാലു വർഷത്തെ അധിക പരിപാലന കരാർ കൂടി ഉൾപ്പെടുത്തി (maintenance contract) നടപ്പിലാക്കുവാൻ വേണ്ടിയുള്ള തുക വകയിരുത്തിയാണ് ഡി.പി.ആർ. അംഗീകരിക്കുന്നത്.

## ചുള്ളിമട പാലത്തിന്റെ നിർമ്മാണം

23 (847) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിരുന്ന ആലത്തൂർനിയോജക മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനോട് ബന്ധപ്പെട്ട നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഭരണാനുമതി, ധനാനുമതി എന്നിവ പ്രസ്തുത പാല നിർമ്മാണത്തിന് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ചുള്ളിമടപാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയൽ ഉൾപ്പെടുത്തി ചുള്ളിമട പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. [ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി.) നമ്പർ 1496/2016/PWD തീയതി 31-10-2016 Sl. No. 36]. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും വിശദമായ ഡിസൈൻ ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ചടയമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് വകയിരുത്തിയ തുക**

24 (848) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബഡ്ജറ്റ് പ്രകാരം ചടയമംഗലം മണ്ഡലത്തിൽ എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

2017-18-ലെ ബഡ്ജറ്റ് പ്രകാരം ചടയമംഗലം മണ്ഡലത്തിൽ 9 പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**തുരുത്തി - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി**

25 (849) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016-17 ബഡ്ജറ്റിൽ അനുവദിച്ച കണ്ണൂർ കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരുത്തി-കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതോടനുബന്ധിച്ച അനുവദിച്ച് ബജറ്റിൽ ഉൾപെടുത്തിയ കരിയാട്-- തുരുത്തിമുക്ക് പാലത്തിൻെറ നിർമാണ പുരോഗതി വിശദമാക്കാമോ ;

(സി) ഏത് ജില്ലയുടെഎക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് ഇവ രണ്ടിൻേറയും ചുമതല നൽകിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നാദാപുരം മണ്ഡലത്തിലെ തുരുത്തി-കരിയാട് പാലവും ഇതോടൊപ്പം ബഡ്ജറ്റിൽ അനുവദിച്ച കരിയാട്-തുരുത്തി മുക്ക് പാലവും കൂടി സംയോജിപ്പിച്ച് '0' (സീറോ) ആകൃതിയിൽ ഒറ്റ പാലമായി നിർമ്മിക്കുവാനുള്ള തീരുമാനം ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാവുകയും ആയതനുസരിച്ച് ഇവ രണ്ടും സംയോജിപ്പിച്ചുള്ള പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി KIIFB-യിൽ ഉൾപ്പെടുത്തി 11-2-2017-ന് ടെണ്ടർ ചെയ്ത് M/s. Safe Matrix Architectural and Engineering Consultant India (P) Ltd. മൂവാറ്റുപുഴക്ക് കരാർ അംഗീകരിച്ച് നൽകുകയുമുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്.

(സി) പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ജില്ല റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് ഇവ രണ്ടിന്റെയും ചുമതല നൽകിയിട്ടുള്ളത്.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്

26 (850) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിലെ ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റോഡിലെ കണ്ണപുരം പാലം വീതി കൂട്ടുന്നതിന് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ (20.9 കി.മീറ്റർ) 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലം, രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ ഉൾപ്പെടെ 5 കി.മീറ്റർ ടാറിംഗം ഒഴിച്ചുള്ള റോഡ്

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രവൃത്തികളും ഉൾപ്പെടെ പിലാത്തറ-പാപ്പിനിശ്ശേരി റോഡ് ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്ന പ്രവൃത്തി പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാൽ പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ തീർക്കുന്നതിന് സാധിക്കുകയില്ല. അതുകൊണ്ട് പഴയങ്ങാടി പാലത്തിന്റെ ബലപ്പെടുത്തൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) നിലവിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തിയുടെ കാലാവധിക്കുള്ളിൽ തീർക്കുവാൻ സാധിക്കാത്തതിനാൽ കണ്ണപുരം പാലം വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ടി.പി. സമർപ്പിച്ചിട്ടില്ല. പ്രത്യേകം വീതി കൂട്ടുന്നതിനുള്ള നിർദ്ദേശം ഉടനെ സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**തൈക്കാട് - അടൂർ മാതൃകാ സുരക്ഷാ കോറിഡോർ**

27 (851) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൈക്കാട് (വെഞ്ഞാറമൂട്) - അടൂർ റോഡ്, മാതൃകാ റോഡ് സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായി വെഞ്ഞാറമൂട് ജംഗ്ഷനിൽ നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡ് വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡ് മാതൃകാ സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ?

ഉത്തരം

(എ) വെഞ്ഞാറമൂട് ജംഗ്ഷൻ വികസനം നടപ്പിലാക്കുന്നതിനുവേണ്ടി, താലൂക്ക് സർവ്വേയറെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി റോഡ് അതിർത്തി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കഴക്കൂട്ടം-അടൂർ എം.സി. റോഡിലെ കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി M/s. GHV EKK (JV) എന്ന കമ്പനി 5-12-2016-ൽ എഗ്രിമെന്റ് വച്ച് 28-12-2016-ൽ പ്രവൃത്തികൾ ആരംഭിച്ചു. ജംഗ്ഷനുകളുടെ വികസനം ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി 27-4-2018 ആണ്. തകരാറിലായ ഏനാത്ത് പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഓടകളുടെ ക്ലീനിംഗ് പൂർത്തിയായി വരുന്നു. പുതിയ ഓടകളുടെ നിർമ്മാണം നടന്നുവരുന്നു. ടാറിംഗിനായി പ്ലാന്റ് സ്ഥാപിക്കൽ, മെറ്റൽ ശേഖരണം തുടങ്ങിയവ പുരോഗമിക്കുന്നു.

## വഴിമുക്ക്-കളിയിക്കാവിള റോഡിന് വീതി കൂട്ടാൻ സ്ഥലം ഏറ്റെടുക്കുന്ന നടപടി

28 (852) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിമുക്ക് മുതൽ കളിയിക്കാവിള വരെ വീതികൂട്ടാൻ ഉദ്ദേശിക്കുന്ന നാഷണൽ ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി എന്തായി എന്നറിയിക്കാമോ;

(ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള എൻ.എച്ച്.-ന്റെ പുതിയ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള എൻ.എച്ച്.-ന്റെ നിർമ്മാണം 2017-18-ൽ ആരംഭിക്കാൻ കഴിയുമോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതി എതു വർഷം പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-ഡി) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായുള്ള വഴിമുക്ക് (കി.മീ.575/500) മുതൽ കളിയിക്കാവിള (കി.മീ.599/000) വരെയുള്ള 17 കിലോമീറ്റർ റോഡിന്റെ കരട് അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സാദ്ധ്യതാ പഠനത്തിനുശേഷം അതിലെ നിർദ്ദേശങ്ങളും ജംഗ്ഷൻ ഡിസൈനും ഉൾപ്പെടുത്തി ഫൈനൽ അലൈൻമെന്റ് തയ്യാറാക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. ഫൈനൽ അലൈൻമെന്റിന് അംഗീകാരം നൽകിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും കഴിയുകയുള്ളൂ.

## ചാലക്കുടി കോടതി ജംഗ്ഷനിൽ മുരിങ്ങൂർ ഡിവൈൻ മോഡൽ സൗകര്യം

29 (853) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അടിയ്ക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി ചാലക്കുടി കോടതി ജംഗ്ഷനിൽ മുരിങ്ങൂർ ഡിവൈൻ മോഡൽ സൗകര്യമൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ അപകട മരണങ്ങളും ഗതാഗതക്കുരുക്കുകളും പരിഹരിക്കുന്നതിനുവേണ്ടി ചാലക്കുടി കോടതി ജംഗ്ഷൻ കി.മീ. 295/950 ഏഴ് മീറ്റർ വീതിയോടുകൂടി അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതിനു വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ ഡിസൈനിംഗ് വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഭരണാനുമതി ലഭിച്ച മണലൂർ മണ്ഡലത്തിലെ റോഡുകൾ**

30 (854) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് മണലൂർ നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തിന് കീഴിൽ പുരോഗമിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ കരുവന്തല - ചക്കംകണ്ടം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ വരുന്നതും ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ബി) കരുവന്തല-ചക്കംകണ്ടം റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തൃശ്ശൂർ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാപ്പിൽ റെയിൽവേ അടിപ്പാത നിർമ്മാണം**

31(855) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ കാപ്പിൽ റെയിൽവേ അടിപ്പാത നിർമ്മിക്കുന്നതിന് അടിയന്തരമായി ഭരണാനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ;

(ബി) കാപ്പിൽ റെയിൽവേ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ, അടിയന്തരമായി ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാപ്പിൽ റെയിൽവേ അടിപ്പാത നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. നടത്തുന്ന കാര്യം പരിഗണിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

32 (856) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടേയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

33 (857) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുടെ ഉടമകളിൽ എത്ര പേർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തു എന്നറിയിക്കാമോ;

(ബി) ഇനിയും എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ട് ; കാലതാമസ ത്തിനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുടെ ഉടമകളിൽ 28 പേർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനി 12 പേർക്ക് കൂടി തുക വിതരണം ചെയ്യാനുണ്ട്. ഇതിൽ 10 പേരുടെ ബന്ധപ്പെട്ട രേഖകൾ നിയമപരമായ പരിശോധനയ്ക്കായി ഗവൺമെന്റ് പ്ലീഡർക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള രണ്ട് പേർ നാളിതുവരെയായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടില്ല.

## പാലപ്പുറം നെല്ലിക്കുർശ്ശി-കുതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം

34 (858) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പുറം-നെല്ലിക്കുർശ്ശി-കുതിരവഴി പാലത്തിന്റേയും റോഡിന്റേയും നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏത് ഏജൻസിക്കാണ് ഇൻവെസ്റ്റിഗേഷൻ ചുമതല എന്നറിയിക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലപ്പുറം-നെല്ലിക്കുർശ്ശി-കുതിരവഴി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എസ്റ്റീം ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയത്.

(സി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

## റോഡുകളുടെ നിർമ്മാണത്തെത്തുടർന്ന് വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ

35 (859) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുനിർമ്മാണത്തിനായി ശക്തിയേറിയ ഹൈഡ്രോളിക് റോളറും മറ്റും ഉപയോഗിക്കുന്നതിന്റെ ഫലമായി നിർമ്മാണ സ്ഥലത്തോടു ചേർന്നുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഇത്തരത്തിൽപ്പെടുന്ന വീടുകൾ തകരാനും വീടിന്റെ സുരക്ഷ നഷ്ടപ്പെടാനും ഇടയാകുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പ്രത്യേകമായി അവലോകനം ചെയ്യുമോ;

(സി) ഇതു സംബന്ധിച്ച് സർവ്വേ നടത്തി നിജസ്ഥിതി ബോധ്യമായതിന് ശേഷം നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായി വൈബ്രേറ്ററി റോളർ ഉപയോഗിക്കുന്നതിന്റെ ഫലമായി നിർമ്മാണ സ്ഥലത്തോട് ചേർന്നുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. സാധാരണയായി നിലവിലുള്ള നിബന്ധനകളനുസരിച്ച് റോഡിന്റെ അതിർത്തിയിൽ നിന്നും നിശ്ചിത ദൂരം മാറ്റിയാണ് വീടുകളും സ്ഥാപനങ്ങളും നിർമ്മിക്കാനുള്ള അനുവാദം നൽകുന്നത്. ആയതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം കെട്ടിടങ്ങളും റോഡിൽ നിന്നും മാറിയാണ് സ്ഥിതി ചെയ്യുന്നത്.

(ബി&സി) റോഡുകളിൽ വാഹനങ്ങൾ, മറ്റ് നിർമ്മാണ യന്ത്രങ്ങൾ എന്നിവ മുഖേന കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനും റോഡിന് ആവശ്യമായ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ബിൽഡിംഗ് കൺട്രോൾ ലൈൻ നിശ്ചയിച്ചിരിക്കുന്നത്. ഇതിൻപ്രകാരം മാത്രമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. ഇതിന് വിപരീതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് റോഡ് പ്രവൃത്തിമൂലം കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പൈങ്കുളം-തൊഴപ്പാടം കനാൽ ബണ്ട് റോഡ് പ്രവൃത്തി**

36 (860) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 -ലെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 1 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയ ചേലക്കര പൈങ്കുളം - തൊഴപ്പാടം കനാൽ ബണ്ട് റോഡ് പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് പുനരാരംഭിക്കാൻ പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഈ പ്രവൃത്തിക്ക് തടസ്സം എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) തടസ്സങ്ങൾ നീക്കി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 12-1-2017-ലെ WP(C) 41114/2016-ന്റെ വിധിയുടെ അടിസ്ഥാനത്തിൽ ചേലക്കര പൈങ്കുളം-തൊഴപ്പാടം കനാൽ ബണ്ട് റോഡിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

(ബി) നിലവിലുള്ള ഭരണാനുമതി 5 വർഷം കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി ആവശ്യമായുണ്ട്.

(സി) എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

## പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

37 (861) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ആസ്തി വികസനനിർമ്മാണ പദ്ധതിയിൽ നിന്നും നാനൂറ്റി അമ്പത് ലക്ഷം രൂപ അനുവദിച്ചിട്ടുള്ള പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചി നിയോജകമണ്ഡലത്തിലെ ആസ്തി വികസന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയ പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ ത്തിനുള്ള സ്ഥലം റവന്യൂ വകുപ്പിൽനിന്നും പൊതുമരാത്ത് വകുപ്പിന് ലഭിച്ചിട്ടില്ല. സ്ഥലം റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലം ഏറ്റെടുക്കുന്നതിൽ വലിയ കാലതാമസമാണ്. ജില്ലാകളക്ടർമാരാണ് അത് ശ്രദ്ധിക്കേണ്ടത്.

## കാര്യാട്ട് കടവ് പാലത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില ഭൂവുടമകൾക്ക് നൽകാൻ നടപടി

38 (862) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെടുന്ന കാര്യാട്ട്കടവ് പാലത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില ഭൂവുടമകൾക്ക് നാളിതുവരെയായും ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി വില വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(സി) പ്രസ്തുത തുക എത്രയുംപെട്ടെന്ന് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 6-6-2013-ലെ സ.ഉ. (സാധാ) നമ്പർ 3229/2013/റവ. നമ്പർ പ്രകാരം മുന്നിയൂർ അരിയല്ലൂർ എന്നീ വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് ഹൈ ലെവൽ കമ്മിറ്റിയുടെ (SLMC) അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ 1-3-2014 മുതൽ മുന്നിയൂർ വില്ലേജിൽ റീസർവ്വേ നിലവിൽ വന്നതിനാൽ സർവ്വേ നമ്പരുകൾക്ക് മാറ്റം വന്നിട്ടുള്ളതാണ്. പ്രസ്തുത വില്ലേജുകളിൽ റിക്വിസിഷനുകളിൽ ഉൾപ്പെട്ട ചില സർവ്വേ നമ്പരുകൾക്ക് വെറ്റ് ലാന്റ് പെർമിഷൻ ആവശ്യമാണ്. എന്നാൽ 1-1-2014 മുതൽ LARR Act 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ഭൂമി മുൻകൂർ ഏറ്റെടുക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ പുതിയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തിയ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കാളിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ**

39 (863) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി..എഫ്. XXII-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള കാളിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയ്ക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(സി) ഈ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) 2017-18-ൽ നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലമുടമകൾ ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചെങ്കിലും നടന്നിട്ടില്ല. ആയതിനാൽ പൊന്നും വിലയ്ക്ക് ആലിപ്പറമ്പ് ഭാഗത്ത് 1800 m2-ഉം, ചെർപ്പുളശ്ശേരി ഭാഗത്ത് 1000 m2-ഉം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ബി) ഇല്ല. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സാദ്ധ്യമാവുകയുള്ളൂ.

(സി) പാലത്തിനും അപ്രോച്ച് റോഡിനും കൂടി ഏകദേശം 10 കോടി രൂപ ആവശ്യമായി വരും. സ്ഥലമെടുപ്പ് നടപടികൾക്ക് 88,70,400 രൂപ വേണ്ടിവരും.

(ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നബാർഡ് അംഗീകാരത്തിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുകയുള്ളൂ.

**അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള തീരദേശ പാത**

40 (864) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ നിർമ്മാണം എവിടെ മുതൽ എവിടം വരെയാണ് ഉദ്ദേശിക്കുന്നത്;

(ബി) നിലവിലുള്ള തീരദേശ പാതയിലെ അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള സ്ഥലത്ത് പുനരുദ്ധാരണം നടത്തിയിട്ട് 9 വർഷം കഴിഞ്ഞിരിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രദേശത്തെ പാത നേരത്തെ ബി.എം.&ബി.സി.-യിൽ പുനരുദ്ധരിച്ചത് പോലെ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ പാതയുടെ ഇരുവശങ്ങളിലും കാന നിർമ്മിച്ച് കടലേറ്റ സമയത്തെ ദുരിതത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദിഷ്ട തീരദേശ പാത തിരുവനന്തപുരം ജില്ലയിൽ പൂവാറിൽ നിന്നും ആരംഭിച്ച് കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) നിർദ്ദിഷ്ട തീരദേശ പാതയുടെ നാറ്റ്പാക് തയ്യാറാക്കിയ രൂപരേഖ അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതിനുശേഷം മാത്രമേ വിവിധ പ്രവൃത്തിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുകയുള്ളൂ. തീരദേശപാതയുടെ രണ്ടാംഘട്ടത്തിൽ ഇപ്പോൾ നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള പാത ഉൾപ്പെടുത്തുന്നതിന് നാറ്റ്പാക് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്കുമാത്രമേ പ്രസ്തുത ഭാഗത്തെ കാനകളുടെ നിർമ്മാണവും പരിശോധിക്കാൻ കഴിയുകയുള്ളൂ.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ റോഡുകൾ

41 (865) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് 14-2-2017-ലെ സ.ഉ.(സാധാ) നമ്പർ 179/2017 പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയത്; വിശദാംശം നൽകാമോ ;

(ബി) മേൽ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകപ്പെട്ട റോഡുകളുടെ പ്രവൃത്തികളുടെ കാലികസ്ഥിതി വിശദീകരിക്കാമോ ;

(സി) പ്രസ്തുത റോഡുകൾക്ക് എന്ന് സാങ്കേതികാനുമതി നൽകുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമ നമ്പർ | റോഡുകളുടെ പേര് | കാലിക സ്ഥിതി |
|---|---|---|
| 1. | നാട്ടുകൽ - പാലോട് - ചെത്തല്ലൂർ- മുറിയംകണ്ണി - പനംകുന്ന് - എരക്കിങ്ങൽ - കരിപ്പമണ്ണ – കൂട്ടിലക്കടവ് - പെഴുമറ്റ – ചുള്ളിയോട്-വാക്കടപ്പുറം - തുമ്പക്കണ്ണി - കടമ്പഴിപ്പുറം റോഡ് കി.മീ. 10/700 – 12/600 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി - 95 ലക്ഷം രൂപ | 02/05/2017 വരെ കാലാവധി നൽകി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 2. | നാട്ടുകൽ - പാലോട് - ചെത്തല്ലൂർ - മുറിയംകണ്ണി-കരിപ്പമണ്ണ – കൂട്ടിലക്കടവ് - പെഴുമറ്റ – ചുള്ളിയോട് - വാക്കടപ്പുറം - തുമ്പക്കണ്ണി- കടമ്പഴിപ്പുറം റോഡ് കി.മീ. 19/850-23/000 വരെയുള്ള ഉപരിതലം പുതുക്കലും, കി.മീ. 21/000-ലെ കലുങ്കിന്റെ പുനർനിർ മ്മാണവും - 82 ലക്ഷം രൂപ. | ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. |

(സി) മേൽ പ്രവൃത്തികൾക്ക് ഭരണാനുമതിക്ക് തുല്യമായ തുകയ്ക്ക് സാങ്കേതി കാനുമതി നൽകിയിട്ടുണ്ട്.

**റോഡുകളുടെ സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനം**

42 (866) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ സുരക്ഷാപ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ദേശീയപാതകളിൽ ഇത്തരത്തിൽ പഠനം നടത്തിയ സ്ഥലങ്ങളിൽ വീണ്ടും അപകടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയപാതകളോടൊപ്പം സംസ്ഥാന പാതകളിലും ശാസ്ത്രീയപഠനം നടത്തി അപകടം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വാഹനമോടിക്കുന്നവർക്കും, യാത്രികർക്കും ആവശ്യമായ ബോധവത്കരണം നല്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ അപകടമേഖലകളെന്നു കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) കോട്ടക്കൽ മണ്ഡലത്തിൽ സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഇത് സംബന്ധിച്ച പഠനം നടത്തിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) ദേശീയപാതയിലെ പ്രധാന ടൗണായ വളാഞ്ചേരിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാനും, വട്ടപ്പാറ വളവിലെ അപകട സാഹചര്യം ഒഴിവാക്കുവാനും പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം പഠനത്തിനു ശേഷം കണ്ടെത്തിയ പുതിയ പാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റോഡുകളുടെ സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനം നാറ്റ്പാക് മുഖേന നടത്തുന്നുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിനുവേണ്ടി റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുന്നുണ്ട്. റോഡ് സേഫ്റ്റി ആക്ഷൻ ശിപാർശകൾ ചർച്ച ചെയ്ത് നടപടി എടുക്കുന്നതിനായി യോഗങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3)

പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) NH-17-ലെ വാരാപ്പുഴ-മുത്തകുന്നം റോഡിൽ ഇത്തരം അപകടങ്ങൾ വീണ്ടും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) Ministry on Road Transport & Highways (MoRTH)-ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പോലീസ് വകുപ്പിൽ നിന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സംസ്ഥാനത്തെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ദേശീയപാതയിൽ ഉൾപ്പെടുന്ന 200 ബ്ലാക്ക് സ്പോട്ടുകളുടെ പട്ടിക അംഗീകാരത്തിനും തുടർനടപടികൾക്കുമുള്ള ഫണ്ടിനായി നാഷണൽ ഹൈവേ അതോറിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ദേശീയപാതയിൽ ഉൾപ്പെടാത്ത ബ്ലാക്ക് സ്പോട്ടുകൾ നീക്കം ചെയ്യാനാവശ്യമായ ഫണ്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമേ ബ്ലാക്ക് സ്പോട്ടുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സേഫ്റ്റി അതോറിറ്റി യോഗം ചീഫ് എഞ്ചിനീയർ, പൊതുമരാത്ത് വകുപ്പ് (ദേശീയപാതകൾ), ചീഫ് എഞ്ചിനീയർ, പൊതുമരാത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, നാറ്റ്പാക് എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്കും യാത്രികർക്കും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ വഴി നടത്തിവരുന്നു.

(ഡി) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് കേരളത്തിലെ റോഡിലെ ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ച് തയ്യാറാക്കിയ പട്ടികയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെടുന്നവ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 1 | Ferokh -Palakkad റോഡിലെ Kootilangadi |
| 2 | Panvel-Kanyakumari റോഡിലെ Venniyoor |
| 3 | തിരൂർ മഞ്ചേരി റോഡിലെ Munuparamba |
| 4 | Panvel-Kanyakumari റോഡിലെ Vettichira |

5 Panvel-Kanyakumari റോഡിലെ Idimuzhikkal

6 തിരൂർ - മഞ്ചേരി റോഡിലെ കോട്ടക്കൽ

7 Panvel-Kanyakumari റോഡിലെ Palachiramad

8 Panvel-Kanyakumari റോഡിലെ Chankuvetty

9 Ferokh-Palakkad റോഡിലെ Azhinhilam Bypass

10 Panvel-Kanyakumari റോഡിലെ Veliancodu

(ഇ) തിരൂർ-മഞ്ചേരി റോഡിലെ കോട്ടക്കൽ-പൂത്തൂർ, കോട്ടക്കൽ-കാടാമ്പുഴ റോഡിൽ കാവതികളം എന്നീ സ്ഥലങ്ങൾ അപകട മേഖലകളായി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് നാറ്റ്പാക്കിൽനിന്നും ലഭിച്ച പഠന റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(എഫ്) വളാഞ്ചേരിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും വട്ടപ്പാറ വളവിലെ അപകട സാഹചര്യം ഒഴിവാക്കുന്നതിനും പഠനത്തിനുശേഷം കണ്ടെത്തിയ പുതിയ പാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നാലുവരിപ്പാതയായി (എൻ.എച്ച് 17) വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

**മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ്**

43 (867) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര-കണ്ടിയൂർ ബൈപ്പാസിന് തുക അനുവദിച്ചിട്ടും നാളിതുവരെയായി നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ടുകോടി രൂപയുടെ ഭരണാനുമതിയും 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ക്വട്ടേഷൻ അധിക നിരക്കിലുള്ളത് ആയതിനാൽ അംഗീകരിച്ചിട്ടില്ല. മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നികത്തലാണ് വേണ്ടി വരുന്നത്. കമ്പോള വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കാണ് ഇതിന് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. ഇതിന് പരിഹാരം കാണുന്നതിലേയ്ക്കായി മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളും മുഖ്യ പൊതുമേഖലാ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലിക്കര-കല്ലുമല റോഡിൽ റെയിൽവേ മേൽപ്പാലം

44 (T*868) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര-കല്ലുമല റോഡിൽ റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത മേൽപ്പാലത്തിന് വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര-കല്ലുമല റോഡിൽ ലവൽ ക്രോസ് നമ്പർ 28-ന് പകരം മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി റെയിൽവേയുടെ 2017-18-ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽപ്പാല നിർമ്മാണത്തിനുള്ള ഇംപ്ലിമെന്റിംഗ് ഏജൻസിയായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ 2-4-2017-ലെ ജി.ഒ.(ആർറ്റി.) നമ്പർ 458/2017/പി.ഡബ്ല്യു.ഡി. പ്രകാരം നിയമിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിശദമായ പദ്ധതി രേഖ RBDCK-യിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് വകയിരുത്തേണ്ട തുക സംബന്ധിച്ച വ്യക്തത വരുന്നതാണ്.

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കൊയിലാണ്ടി റെയിൽവേ മേൽപ്പാലം

45(869) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി റെയിൽവേ മേൽപ്പാലം നിർമ്മാണഘട്ടത്തിൽ സ്ഥലം ഒഴിയേണ്ടിവന്ന വ്യാപാരികളുടെ പുനരധിവാസം സംബന്ധിച്ച പൊതുമരാമത്ത് വകുപ്പിലെ ഫയലിലെ നടപടി പുരോഗതി വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിൽ സമർപ്പിക്കപ്പെട്ട നിവേദനത്തിൽ (No.ഇ 1282660/എം(പി.ഡബ്ല്യൂ.ഡി&ആർ)/2017) പൊതുമരാമത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് വിശദമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാപാരികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് (PWD-D2/95/16/PWD നമ്പർ ഫയലിൽ) കോഴിക്കോട് കളക്ടറിൽ നിന്നും വാങ്ങി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാനുള്ള നിർദ്ദേശം മാനേജിംഗ് ഡയറക്ടർ (ആർ.ബി.ഡി.സി.കെ.)-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് കളക്ടറോടും ഇതുസംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കണ്ണിയംപുറം, ഈസ്റ്റ് ഒറ്റപ്പാലം എന്നീ പാലങ്ങളുടെ നിർമ്മാണം

46 (870) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കുളപ്പുള്ളി കെ. എസ്. ടി. പി. റോഡിലെ കണ്ണിയംപുറം പാലം, ഈസ്റ്റ് ഒറ്റപ്പാലം പാലം എന്നിവ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികതടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം പണി എന്ന് ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിലെ കണ്ണിയംപുറം പാലം, ഈസ്റ്റ് ഒറ്റപ്പാലം എന്നിവ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 31-10-2016-ലെ സ.ഉ. (സാധാ) നമ്പർ 1496/ 2016/പൊ.മ.വ. (Sl.No.40) പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) ഇൻവെസ്റ്റിഗേഷൻ ദർഘാസ് 17-2-2017-ന് ക്ഷണിച്ചിരുന്നു. ആയതിന് കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(സി&ഡി) നിലവിൽ സാങ്കേതിക തടസ്സങ്ങളൊന്നും തന്നെയില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയതിനുശേഷം ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റും തയ്യാറാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾക്കുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**കോട്ടക്കൽ, കുറ്റിപ്പുറം റസ്റ്റ് ഹൗസുകൾ പുതുക്കി നിർമ്മിക്കുവാൻ നടപടി**

47 (871) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലുൾപ്പെടുന്നതും ദേശീയ പാതയോട് ചേർന്നു നിൽക്കുന്നതുമായ കോട്ടക്കൽ റസ്റ്റ് ഹൗസും കുറ്റിപ്പുറം റസ്റ്റ് ഹൗസും പുതുക്കി നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) അധികാരികൾക്ക് നിർദ്ദേശംനൽകുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കുറ്റിപ്പുറം റസ്റ്റ് ഹൗസ് പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കോട്ടക്കൽ റസ്റ്റ് ഹൗസ് നിർമ്മാണത്തിന് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

48 (872) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

2016-17 വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസമില്ലാതെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

49 (873) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികൾക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര;

(സി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2016-17 സാമ്പത്തിക വർഷം 40 പ്രവൃത്തികൾക്ക് 284 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**എസ്റ്റേറ്റ് വാർഡിൽ പുതിയ പാലം നിർമ്മാണം**

50 (874) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എസ്റ്റേറ്റ് വാർഡിനെ മുടവൻമുകളുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ഏതു വരെയായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി എത്ര രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മുടവൻമുഗൾ പാലം നിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള ഭരണാനുമതിക്ക് വേണ്ടിയുള്ള അപേക്ഷ സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധനയ്ക്കുശേഷം വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും വേണ്ടി പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ (100 രൂപ) ഉൾപ്പെടുത്തിയിട്ടുള്ളൂ.

**പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം**

51 (875) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; നിർമ്മാണം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം പുനരാരംഭിച്ചത് എന്നാണ്; എത്ര രൂപയാണ് നിർമ്മാണ ചെലവ്; എന്തൊക്കെ നിർമ്മാണ പ്രവൃത്തികളായിരുന്നു ഇതിൽ ഉൾപ്പെടുത്തിയിരുന്നത്;

(സി) ഇപ്പോൾ പാലത്തിന്റെ ഏതൊക്കെ തൂണുകളുടെ അടിത്തറയ്ക്കാണ് ബലക്ഷയം കണ്ടെത്തിയിരിക്കുന്നത്; ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന പ്രധാന പാകപ്പിഴകൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കാൻ വിദഗ്ദ്ധ പരിശോധന നടത്തിയോ; പരിശോധനയ്ക്ക് ശേഷം എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) തകരാറിലായ തൂണുകളുടെ ബലപ്പെടുത്തൽ എന്നാരംഭിക്കാനാകും; ഇതിനായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയോ;

(ഇ) അപാകതകൾ പരിഹരിച്ച് പാലം നിർമ്മാണം പൂർത്തിയാക്കി എന്ന് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാകും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 21-4-1997-ലാണ്. അനുവദിച്ച തുക 147 ലക്ഷം രൂപയാണ്. പണി ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടി പ്രവൃത്തി ക്യാൻസൽ ചെയ്തു. തുടർന്ന് കരാറുകാരൻ ഹൈക്കോടതിയിൽ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കുന്നതിനായി ഹർജി നൽകുകയും ഹർജി തീർപ്പാക്കി രണ്ടാമത് പ്രവൃത്തി 2012-ൽ മാത്രമാണ് തുടങ്ങാൻ സാധിച്ചത്.

(ബി) 7-8-2012-ൽ പാലം പണി പുനരാരംഭിച്ചു. നിർമ്മാണ ചെലവ് 600 ലക്ഷം രൂപയാണ്. കോൺട്ടൂർ കൺസ്ട്രക്ഷൻ ആന്റ് കമ്പനിയാണ് പണികൾ ഏറ്റെടുത്ത് നടത്തുന്നത്. പൈലിംഗ് പ്രവൃത്തികളും 5 പിയറുകളും പാലത്തിന്റെ ബീമും ഡെക്ക് സ്ലാബും ഹാന്റ് റെയിലും ഫുട്പാത്ത്, അപ്രോച്ച് റോഡ് തുടങ്ങിയ പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റിൽ വിഭാവന ചെയ്തിരിക്കുന്നത്.

(സി) 1998-ൽ പിയറുകൾക്കായി നിർമ്മിച്ച 4 വെൽ ഫൗണ്ടേഷനുകളിൽ 2 എണ്ണത്തിന് തകരാറുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പൊളിച്ചു നീക്കി വെൽ ഫൗണ്ടേഷൻ നിർമ്മിക്കുകയുണ്ടായി. ബാക്കിയുള്ള രണ്ട് വെൽ ഫൗണ്ടേഷനുകളിൽ ചില വിള്ളലുകളും മറ്റും കണ്ടതിനാൽ ഉന്നത ഉദ്യോഗസ്ഥർ സന്ദർശിക്കുകയും വിശദമായ പരിശോധന നടത്തുകയും ചെയ്തു. ടി പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്രിക്ക് ബോർഡിൽനിന്നും പുതിയ ഡിസൈൻ ലഭിക്കുകയും ആയതുപ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഇ) 2017 നവംബർ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ചും അപാകതയുണ്ടായത് സംബന്ധിച്ചും പി.ഡബ്ല്യു.ഡി. വിജിലൻസ് അന്വേഷിക്കുന്നുണ്ട്.

**ചെറുതുരുത്തി - പൊന്നാനി റോഡിലെ ടാറിംഗ് പ്രവൃത്തി**

52 (876) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തികവർഷം 5.54 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ചെറുതുരുത്തി-പൊന്നാനി റോഡിലെ കി.മി. 5/300 മുതൽ കി.മി. 9/300 വരെ ബി.എം. &ബി.സി. ടാറിംഗ് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തു നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചെറുതുരുത്തി-പൊന്നാനി റോഡിലെ കി.മീ. 5/300 മുതൽ കി.മീ. 9/300 വരെ ബി.എം. & ബി.സി. ടാറിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

## പത്തടിപ്പാലം - അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം

53 (877) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി, പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പത്തടിപ്പാലം മുതൽ അടിച്ചിൽത്തൊട്ടി കോളനി വരെയുള്ള 6 കിലോമീറ്റർ നിർമ്മാണത്തിനായി 1450 ലക്ഷം രൂപയുടെ ഭരണാനുമതി 21-10-2014-ലെ സ.ഉ.(കൈ) നമ്പർ 77/2014/SCSTDD പ്രകാരം പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ (ATSP) ഉൾപ്പെടുത്തി നൽകുകയും പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുവാൻ കോഴിക്കോട് ആസ്ഥാനമായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) ഏൽപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സൊസൈറ്റി 11.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും 2013-ലെ SoR പ്രകാരം 874 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 12-11-2015-ലെ സ.ഉ. (സാധാ.) നമ്പർ 1658/2015/പൊ.മ.വ. പ്രകാരം ഉപാധികളോടുകൂടി അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 10 കോടി രൂപ തൃശ്ശൂർ ജില്ലാ കളക്ടറുടെയും ചാലക്കുടി ട്രൈബൽ ഓഫീസറുടെയും പേരിൽ ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ടി തുക പ്രസ്തുത പ്രവൃത്തിക്ക് അപര്യാപ്തമാണെന്ന കാരണത്താൽ പദ്ധതി നിർവ്വഹണത്തിൽനിന്നും ULCCS പിന്മാറുകയും ടി പ്രവൃത്തിയുടെ നിർവ്വഹണത്തിന് പൊതുമരാമത്ത് വകുപ്പിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുകയും ചെയ്തു. പദ്ധതി പ്രദേശം വനം വകുപ്പിന്റെ നിയന്ത്രണത്തിലാകയാൽ പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയേതര

ഫണ്ട് ഉപയോഗിച്ച് 3.055 കിലോമീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും അതിർത്തി നിർണ്ണയം നടത്തി റോഡ് മാപ്പ് തയ്യാറാക്കുകയും, ഇതുപ്രകാരം ഉപാധികളോടുകൂടി പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള സ്ഥലം വനം വകുപ്പ് അനുവദിക്കുകയുമുണ്ടായി. എന്നാൽ ആവശ്യമായ ഗ്രേഡിയന്റ് നൽകുന്നതിന് റോഡ് താഴ്ന്ന സ്ഥലങ്ങളിൽ 6 മുതൽ 12 മീറ്റർ വരെ വീതിയിൽ മൺപണികൾ ചെയ്യേണ്ടിവരുമെന്നതിനാലും, 3 മീറ്ററിൽ കൂടുതൽ സ്ഥലം കലുങ്കുകളുടെ നിർമ്മാണത്തിന് വേണ്ടിവരുമെന്നതിനാലും മേൽപ്പറഞ്ഞ വീതിയിൽ തന്നെ വനം വകുപ്പിൽ നിന്ന് സ്ഥലം വിട്ടുകിട്ടിയെങ്കിൽ മാത്രമേ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ യൂസർ ഏജൻസിയായ SC-ST Development Department തന്നെ മുൻകയ്യെടുത്ത് വനം വകുപ്പിൽ നിന്നും സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുണ്ട്. പ്രവൃത്തിയുടെ ഭരണാനുമതി നൽകിയിട്ട് രണ്ടുവർഷം അധികരിച്ചതിനാലും സാങ്കേതികാനുമതി നൽകിയിട്ടുള്ള 12-11-2015-ലെ സ.ഉ. (സാധാ) നമ്പർ 1658/2015/പൊ.മ.വ. ഉത്തരവിലെ ഉപാധികൾക്ക് അനുസൃതമായും ടി റോഡിന്റെ നീളം 3.055 കി.മീ. ആയി പുനഃക്രമീകരിച്ച് ഭരണാനുമതിക്കായി നിലവിലുള്ള SoR പ്രകാരം എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ടി എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് വീണ്ടും സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് എ.ഇ.-മാരുടെയും ഓവർസിയർമാരുടെയും കുറവ്**

54 (878) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ എ.ഇ, ഓവർസിയർമാരുടെ കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഒന്നാം ഗ്രേഡ് ഓവർസിയറുടെ ഒരൊഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ വരുന്ന മുറയ്ക്ക് നികത്തുന്നതാണ്. രണ്ടാം ഗ്രേഡ് ഓവർസിയറുടെ മൂന്നും മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ അഞ്ചും ഒഴിവുകൾ നികത്താൻ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഒരൊഴിവ് ഉദ്യോഗ കയറ്റം മുഖേന നികത്തുവാനും നടപടി സ്വീകരിച്ചു വരുന്നു.

## കുറ്റിപ്പുറം സി.എച്ച്.സി.-ക്കുവേണ്ടി പുതിയ കെട്ടിടം

55 (879) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം സി.എച്ച്.സി.-ക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ഇതിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കുറ്റിപ്പുറം സി.എച്ച്.സി.-യുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ടെണ്ടർ 3-5-2017 വരെ സ്വീകരിക്കുന്നതും 9-5-2017-ന് തുറക്കുന്നതുമാണ്.

## പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

56 (880) ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിനുള്ളിൽ റോഡുകൾക്ക് നാശനഷ്ടമുണ്ടായാൽ കരാറുകാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ;

(സി) പി.ഡബ്ല്യു.ഡി. നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പിന്റെ മാനുവലിന്റെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കേണ്ടതുമാണ്. ഇതുകൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. തൃപ്തികരമല്ലാത്ത പരിശോധന ഫലങ്ങൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തിരുവനന്തപുരത്തിന് അയച്ചുകൊടുക്കുന്നു.

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി ജി.ഒ.(എംഎസ്.)73/2013/പൊ.മ.വ. തീയതി 31-8-2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തികളിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിൽ നാശനഷ്ടമുണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരവും നിലവിൽ അതാത് കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും കരാറുകാർക്കെതിരെയും പൊതുമരാമത്ത് മാനുവൽ അനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. ചേർത്തല-ഓച്ചിറ ദേശീയപാതയിലെ നിർമ്മാണത്തിലെ അപാകതയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും കരാറുകാരനുമെതിരെ 2016-ൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നത്. ഇത് മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതുവഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

**കോതമംഗലത്ത് മലയോര ഹൈവേയുടെ നിർമ്മാണം**

57 (881) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന, വനം വകുപ്പുമായി തർക്കത്തിലിരുന്ന ഭാഗത്തെ പ്രവർത്തനങ്ങളുടെ തർക്കം പരിഹരിച്ചശേഷമുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ 67/H2/PWD എന്ന ഫയലിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തികൾക്കായി 25-8-2016-ൽ നടന്ന ഉന്നതതല യോഗത്തിൽ ഫോറസ്റ്റ് നിയമങ്ങൾ പാലിച്ചുകൊണ്ട് തുടരാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള കരാറുകാരൻ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനായി കത്ത് നൽകിയതിനെ തുടർന്ന് ഈ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി ബാക്കി പണികൾ പുനഃക്രമീകരിക്കുന്നതിനുള്ള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി-ഡി) ടി ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നികത്തൽ**

58 (882) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നികത്തൽ സംബന്ധിച്ച് ഡയറക്ട് പർച്ചേസിനുവേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സമ്മതപത്രം വാങ്ങുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ സമ്മതപത്രം എന്ന് സമർപ്പിക്കും എന്നറിയിക്കാമോ; ഇതിൽ ഭരണപരമോ സാങ്കേതികമോ ആയിട്ടുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കാലതാമസം കാരണം പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കുവാൻ വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഏറ്റുമാനൂർ-എറണാകുളം റോഡിൽ ഏറ്റുമാനൂർ-പട്ടിത്താനം ജംഗ്ഷൻ (ചെയ്നേജ് 0/000) മുതൽ തലയോലപ്പറമ്പ് വരെ അപകടകരമായ 38 വളവുകൾ നിലവിലുണ്ട്. പ്രസ്തുത വളവുകൾ നിവർത്തുന്നതിനുവേണ്ടി കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂര്, കടുത്തുരുത്തി, മുട്ടുച്ചിറ, വടയാർ എന്നീ വില്ലേജുകളിൽ നിന്നും 52 സർവ്വേ നമ്പരുകളായി 1.0709 ഹെക്ടർ പുരയിടവും, 0.0175 ഹെക്ടർ നിലവും നെഗോഷ്യബിൾ പർച്ചേസ് പ്രകാരം മാത്രം ഏറ്റെടുക്കേണ്ടതുണ്ട്. റവന്യൂ അധികാരികളുമായി ചേർന്ന് എല്ലാ സ്ഥലമുടമകളുടെയും വീടുകളിൽ നോട്ടീസ് നൽകുകയും, കോതനല്ലൂർ, മാഞ്ഞൂർ വില്ലേജുകളിൽ നിന്നായി 21 പേരുടെ സമ്മതപത്രം ലഭിക്കുകയുമുണ്ടായി. വില്ലേജ് അടിസ്ഥാനത്തിൽ ബാക്കി സമ്മതപത്രം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഭരണപരമായോ സങ്കേതികമായോ തടസ്സങ്ങൾ ഉണ്ടായിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. സമ്മതപത്രം ലഭ്യമാക്കുവാനുള്ള കാലതാമസത്തിനുകാരണം യഥാർത്ഥ സ്ഥലമുടമകൾ പലരും സ്ഥലത്ത് ഇല്ലാത്തതാണ്.

**ഉള്ളൂർകടവ് പാലത്തിന് ഭരണാനുമതി**

59 (883) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി - ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർകടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച E-1299553/M (PWD&R) 2017 നമ്പർ നിവേദനത്തിൽ പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച ഒരു റിപ്പോർട്ട് ചീഫ് എഞ്ചിനീയർ 24-4-2017-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പകർപ്പ് ഉള്ളടക്കം *ചെയ്യുന്നു.

**പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ്**

60 (884) ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി പബ്ലിക് ഓഫീസുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വകുപ്പിലെ എഞ്ചിനീയർമാർക്കും ആർക്കിടെക്ടുകൾക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന സ്ത്രീ സൗഹാർദ്ദ പ്രവൃത്തികൾക്കായി അതാതു വർഷങ്ങളിൽ അനുവദിക്കുന്ന ബഡ്ജറ്റ് തുകയ്ക്ക് അനുബന്ധമായി '4059-80-051-79 ജൻഡർ ബഡ്ജറ്റിംഗ് തുടക്കം' എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിവരുന്നുണ്ട്.

(ബി) സ്ത്രീ സൗഹൃദമാക്കുന്നതിനായി പബ്ലിക് ഓഫീസുകളിൽ ലേഡീസ് ടോയ്‌ലെറ്റ്, അമിനിറ്റി സെന്റർ എന്നിവ നിർമ്മിക്കുന്നതിനായി പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നതും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(സി) വകുപ്പിലെ എഞ്ചിനീയർമാർക്കും ആർക്കിടെക്റ്റുകൾക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പരിശീലനം ആവശ്യമെങ്കിൽ ആയത് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 2016-17-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ഗുണമേന്മ**

61 (885) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി 2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ 3 തലത്തിലുള്ള പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ശരിയായി നടപ്പിലാക്കുന്നതിലേയ്ക്കായി 2015-ൽ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വലും ലബോറട്ടറി മാന്വലും പുറത്തിറക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധനാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പോർട്ട് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. ഇത് കൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ തേർഡ് ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം (Third Tier QC Checking) രൂപീകരിച്ച് ഫസ്റ്റ് ടയറിന്റെയും സെക്കന്റ് ടയറിന്റെയും ക്വാളിറ്റി കൺട്രോൾ റിവ്യൂ നടത്തി ടെക്നിക്കൽ ഓഡിറ്റ്, പണി പൂർത്തീകരിച്ച് 6 മാസത്തിനകം നടത്തേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പെയ്മെന്റ് നൽകുന്നത്.

ദേശീയപാതാവികസനത്തെ സംബന്ധിച്ചിടത്തോളം ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കാറുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. ഇ.പി.സി. വ്യവസ്ഥയിൽ നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചാൽ കരാറുകാരന് ബോണസ് നൽകുന്നതിനും എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ കരാറുകാരനിൽ നിന്നും കരാർ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രീതിയിൽ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതിനാൽ കാലതാമസം ഒഴിവാക്കാവുന്നതാണ്.

**ചെറുവത്തൂർ കോട്ടപ്പുറം - അച്ചാംതുരുത്തി പാലം പണി**

62 (886) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ കോട്ടപ്പുറം -അച്ചാം തുരുത്തി പാലം പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി 60 മാസങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-5-2017-നകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉപകരാറുകാരന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും ക്വാറി സമരവും കാരണമാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നത്.

**പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ്**

63 (887) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സോഷ്യൽ ഓഡിറ്റിംഗിനായി ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിരുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ) സോഷ്യൽ ഓഡിറ്റ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള ഓച്ചിറ-ചേർത്തല റോഡിലെ നിർമ്മാണത്തിന്റെ അപാകത പരിശോധിക്കുന്നതിനായി പ്രത്യേകമായ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചു. വയനാട് ജില്ലയിലും ഒരു പ്രവൃത്തി സംബന്ധിച്ച പരാതി പരിശോധിക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചു. പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നിയമപരമായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും, സുതാര്യത ഉറപ്പുവരുത്തുവാനും കഴിയും.

(സി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽനിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. കമ്മിറ്റികളെ താമസിയാതെ പ്രഖ്യാപിക്കുന്നതാണ്.

(ഡി) സോഷ്യൽ ഓഡിറ്റിംഗ് പ്രകാരം ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുള്ള സെക്ഷനുകൾ**

64 (888) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് സെക്ഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മരാമത്തുപണികൾ വേഗതയിലും, സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനും മരാമത്ത് വകുപ്പിലെ ഒഴിവുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒന്ന്. ഒറ്റപ്പാലം റോഡ്സ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, 31-1-2017-ന് വിരമിച്ചതിനെ തുടർന്നാണ് പ്രസ്തുത ഒഴിവുണ്ടായത്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി 90 പേരുടെ നിയമന ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഒറ്റപ്പാലം റോഡ്സ് സെക്ഷനിൽ ഉൾപ്പെടെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഒഴിവുകൾ നികത്തുന്നതാണ്.

**കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം അപ്രോച്ച് റോഡിന്റെ സ്ഥലവില**

65 (889) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തെ പശ്ചിമ കൊച്ചിയുമായി ബന്ധിപ്പിക്കുന്ന കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് കണക്കിലെടുത്ത്, അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലവിലയായ 2.83 കോടി രൂപ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊച്ചി നഗരത്തെ പശ്ചിമ കൊച്ചിയുമായി ബന്ധിപ്പിക്കുന്ന കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിന് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി സ. ഉ. (സാധാ.) നമ്പർ 1546/2017/ആർ.ഡി. തീയതി 31-3-2017 പ്രകാരം സ്ഥലവില നിശ്ചയിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലവിലയായ 283 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ (നിരത്തുകളും പാലങ്ങളും വിഭാഗം) പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**സംസ്ഥാനത്തുള്ള ദേശീയ - സംസ്ഥാനപാതകൾ**

66 (890) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതി വിധി മറികടക്കാൻ സംസ്ഥാനത്തുള്ള ദേശീയ - സംസ്ഥാനപാതകളുടെ പദവി റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സംസ്ഥാനപാതകൾ ഉണ്ട്; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ദേശീയ പാതകൾ ഉണ്ട്; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

(ബി&സി) സംസ്ഥാനത്ത് 77 സംസ്ഥാനപാതകളും 11 ദേശീയപാതകളും നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം* ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവനന്തപുരം ജില്ലയിൽ റോഡ് വീതി കൂട്ടാൻ നടപടി

67(892) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തിരുമല - തൃക്കണ്ണാപുരം റോഡിന്റെ പ്രവർത്തനം നിർത്തിവയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) ഗതാഗതത്തിരക്ക് ഏറ്റവും കൂടുതലുള്ള ജഗതി, പൂജപ്പുര, ഇടപ്പഴിഞ്ഞി, തിരുമല ഭാഗങ്ങളിൽ റോഡ് വികസനത്തിനും ജംഗ്ഷൻ വികസനത്തിനും നിലവിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനത്തിന് കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന് അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡരികിൽ സ്ഥിതിചെയ്യുന്ന കടകൾക്ക് പുനരധിവാസം നൽകാത്തതിനാൽ കടകൾ മാറ്റിത്തന്നിട്ടില്ല.

(സി) ജഗതി, പൂജപ്പുര, ഇടപ്പഴിഞ്ഞി, തിരുമല ഭാഗങ്ങളിൽ റോഡ് വികസനത്തിനും ജംഗ്ഷൻ വികസനത്തിനും നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

68 (893) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; ഇവയ്ക്ക് സാങ്കേതികാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏത് നിലയിലാണെന്ന് വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റ് നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്ന പ്രവൃത്തികളുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതി നൽകിയ 3 പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ ആദ്യത്തെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ 2-5-2017-ലാണ്. മറ്റ് രണ്ട് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കെട്ടിട വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. :

1. തഴവ ജി.എച്ച്.എസ്. കെട്ടിടങ്ങളുടെ അടിയന്തര അറ്റകുറ്റ പണി.

2. കരുനാഗപ്പള്ളി ജി.എച്ച്.എസ്.എസ്.-ലെ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ 5 ക്ലാസ് മുറികളുടെ നിർമ്മാണം. സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ പൂർത്തിയായിട്ടുണ്ട്.

(സി) സാങ്കേതിക തടസ്സമൊന്നുമില്ല.

**പുത്തൻതെരുവ് - തുറയിൽ കടവ് റോഡിന്റെ പുനരുദ്ധാരണം**

69 (894) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുത്തൻതെരുവ്-തുറയിൽ കടവ് റോഡിന്റെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്നുവരെയാണ് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) റോഡിന്റെ പുനർനിർമ്മാണപ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പുത്തൻതെരുവ്-തുറയിൽ കടവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ 14-7-2014-ലെ സ.ഉ. (സാധാ) നമ്പർ 993/2014/പൊ.മ.വ. ഉത്തരവിന് 3 വർഷം പ്രാബല്യമുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(ബി&സി) ആരംഭിച്ചിട്ടുണ്ട്. Culvert വീതി കൂട്ടൽ പണി പുരോഗമിക്കുന്നു. ഫൗണ്ടേഷൻ വർക്കിന്റെ Coconut piling works പൂർത്തീകരിച്ചിട്ടുണ്ട്.

**സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിൽ വന്ന കുറവ്**

70 (895) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കലിന്റെ പശ്ചാത്തലത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിൽ എത്ര രൂപയുടെ കുറവുണ്ടായി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നോട്ട് അസാധുവാക്കുന്നതിനു മുമ്പുള്ള കാലയളവിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ പ്രതിമാസ ശരാശരി വരുമാനം 157.88 കോടി രൂപ ആയിരുന്നു. അസാധുവാക്കൽ വന്ന ശേഷം ആയത് 125.67 കോടി രൂപയായി കുറഞ്ഞു. പ്രതിമാസ ശരാശരി വരുമാനത്തിൽ 32.21 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലക്ഷ്യമിട്ട വരുമാനത്തിൽ നിന്നും 527.0588 കോടി രൂപയുടെ കുറവുണ്ടായി. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു : (തുക കോടി രൂപയിൽ)

| ക്രമ നമ്പർ | ജില്ല | സ്റ്റാമ്പ് ഡ്യൂട്ടി വരുമാനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (സ്റ്റാമ്പ് ഡ്യൂട്ടി) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 232.71 | 278.0385 |
| 2 | കൊല്ലം | 89.74 | 107.848267 |
| 3 | പത്തനംതിട്ട | 54.59 | 67.747329 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ആലപ്പുഴ | 77.36 | 98.02038 |
| 5 | കോട്ടയം | 132.5 | 156.39383 |
| 6 | ഇടുക്കി | 50.08 | 52.059097 |
| 7 | എറണാകുളം | 472.01 | 576.03342 |
| 8 | തൃശ്ശൂർ | 229.99 | 351.28901 |
| 9 | പാലക്കാട് | 102.05 | 139.94733 |
| 10 | മലപ്പുറം | 130.89 | 178.20282 |
| 11 | കോഴിക്കോട് | 143.70 | 195.4319 |
| 12 | വയനാട് | 29.28 | 30.870624 |
| 13 | കണ്ണൂർ | 103.46 | 126.660285 |
| 14 | കാസർഗോഡ് | 44.36 | 61.23605 |
| | ആകെ | 1892.72 | 2419.7788 |

കുറവ് - 2419.7788-1892.72 = 527.0588

### സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക

71 (896) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ ഇ-സ്റ്റാമ്പിങ് സമ്പ്രദായം പൂർണ്ണമായി നടപ്പിലായിട്ടുണ്ടോ;

(ബി) ഇതുമൂലം മുദ്രപ്പത്രങ്ങളും കോർട്ട് ഫീ സ്റ്റാമ്പുകളും വിൽപ്പന നടത്തി വരുന്ന സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക പരിശോധിക്കുമോ;

(സി) ജോലി നഷ്ടപ്പെടുമെന്ന ആധാരം എഴുത്തുകാരുടെ സംഘടനകളുടെ നിവേദനം പരിശോധിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്കുള്ള മുദ്രപത്രങ്ങളാണ് ഇ-സ്റ്റാമ്പിംഗിന്റെ പരിധിയിൽ വരുന്നത്. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾ വിൽക്കുന്നതിനുള്ള അധികാരം ട്രഷറി എക്സ്-ഒഫിഷ്യോ വെണ്ടർമാർക്കാണുള്ളത്. അതിനാൽ സ്വകാര്യ വെണ്ടർമാർക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാഹചര്യം നിലവിലില്ല.

(സി) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കുന്ന കാര്യമല്ല.

## കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസ്

72 (897) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് നടപ്പുവർഷം 25 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. 'കിഫ്ബി' യുടെ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പദ്ധതിയിൽ കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമായ ഡി.പി.ആർ.-ഉം 1,38,00,000 രൂപയുടെ എസ്റ്റിമേറ്റും 'കിഫ്ബി' യിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 'കിഫ്ബി' യിൽ നിന്നും തുക അനുവദിച്ചു കിട്ടിയാലുടൻതന്നെ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

73 (898) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഫീസുകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫർണിച്ചറുകൾ തുടങ്ങിയവയും ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പിനായി രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്തു സൂക്ഷിക്കുന്ന നടപടികൾ പൂർത്തീകരിച്ചു വരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നിർബന്ധമാക്കിയിട്ടില്ല. കേരള ഫിനാൻസ് ബിൽ 2017 (ബിൽ നമ്പർ 48)-ൽ ഇ-സ്റ്റാമ്പിംഗ് സംബന്ധിച്ച വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കേരള മുദ്രപത്രചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

**രജിസ്ട്രേഷൻ നടപടികളിൽ മാന്ദ്യം**

74 (899) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ നടപടികളിൽ നോട്ടുനിരോധനംമൂലം മാന്ദ്യം ഉണ്ടായിട്ടുള്ള സാഹചര്യം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നോട്ടുനിരോധനത്തിന് ശേഷമുള്ള കാലയളവിൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ ഉണ്ടായ കുറവ് എത്രയായിരുന്നുവെന്നും ആയത് പരിഹരിക്കുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 2016-17 സാമ്പത്തിക വർഷം നോട്ടു നിരോധനത്തിനു മുമ്പുള്ള കാലയളവിൽ (2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 220.98 കോടി രൂപയായിരുന്നു. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 175.87 കോടി രൂപയായി കുറഞ്ഞു. നോട്ടു നിരോധനത്തിനു ശേഷം (2016 നവംബർ മുതൽ 2017 മാർച്ച് വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 221.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. നോട്ടു നിരോധനത്തിന് ശേഷമുള്ള കാലയളവിൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ ഉണ്ടായ കുറവ് നിലവിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്

75 (900) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പ്രസ്തുത ഓഫീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

## മുദ്രപ്പത്രങ്ങൾക്ക് പകരം ഇ-സ്റ്റാമ്പ്

76 (901) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന മുദ്രപ്പത്രങ്ങൾക്ക് പകരം ഇ-സ്റ്റാമ്പ് നിർബന്ധമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) ഇതിനായി 1960-ലെ സ്റ്റാമ്പ് നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായോ;

(സി) ഇതുവഴി വ്യാജമുദ്രപ്പത്രങ്ങൾ തടയുന്നതിന് സാധ്യമാവുമോ; കൂടാതെ മറ്റെന്തൊക്കെ നേട്ടങ്ങളാണ് ഈ നടപടിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭേദഗതി വരുത്തുകയുണ്ടായി.

(സി) സാധ്യമാകുന്നതാണ്. ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു :

1. വ്യാജമുദ്രപത്രങ്ങൾ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.
4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

**നിലമ്പൂർ - നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണം**

77 (902) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ആയതിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണത്തിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ കേരള സർക്കാർ ചുമതലപ്പെടുത്തുകയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഇത് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി രണ്ടു കോടി രൂപ കോർപ്പറേഷന് സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും

ചെയ്തിരുന്നു. നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 17-3-2017-ന് കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതി ലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രം, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഈ കാരണത്താൽ തുക കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ കേരളത്തിലേയും കർണ്ണാടകത്തിലേയും ചീഫ് സെക്രട്ടറിമാരുടെ 17-4-2017-ലെ യോഗത്തിലെ തീരുമാനത്തിനു വിധേയമായി അനന്തര നടപടികൾ പരിശോധിച്ചു വരുന്നു.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടില്ല. പരിസ്ഥിതി ലോല പ്രദേശത്തിലൂടെ കടന്നുപോകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചു വരുന്നു.

**നിലമ്പൂരിലെ റെയിൽവേ മേൽപ്പാലം**

78 (903) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേൽപ്പാലങ്ങൾക്ക് സാധ്യതയുള്ള സ്ഥലങ്ങളുടെ ലിസ്റ്റ്, ദക്ഷിണറെയിൽവേ പ്രസിദ്ധീകരിച്ചതിൽ, നിലമ്പൂരിലെ റെയിൽവേ മേൽപ്പാലവും ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ പെരിമ്പിലാവ് സംസ്ഥാന പാതയിലെ നിലമ്പൂർ റോഡ് റെയിൽവേ സ്റ്റേഷനിൽ ഒരു റെയിൽവേ മേൽപ്പാലം അനുവദിക്കുന്നതിന് റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ച്, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ റെയിൽവേ മേൽപ്പാലത്തിന്റെ സാധ്യത സംബന്ധിച്ച പ്രായോഗികതാ പഠനത്തിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നും ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വികരിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. (നിലമ്പൂർ യാർഡ് ലവൽ ക്രോസ്സ് നമ്പർ 12).

(ബി&സി) ലിസ്റ്റിൽ നിരവധി മേൽപ്പാലങ്ങളുണ്ട്. മുൻഗണനാ ലിസ്റ്റിൽ വന്നാലെ നിർമ്മാണ കാര്യങ്ങൾ ആരംഭിക്കുവാൻ കഴിയൂ, ഇതിനായി പരിശ്രമിക്കാവുന്നതാണ്.

**പീഡന കേസിൽ പ്രതിയായ അദ്ധ്യാപകൻ**

79 (904) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതി കണ്ണൂർ മാടായി വിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്ന എ.അനിൽ കുമാറിനെ സർവ്വീസിൽ തിരിച്ചെടുത്ത് നിയമനം നൽകുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഇയാൾക്കെതിരെ രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിചാരണ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അനിൽ കുമാറിനെ തിരിച്ചെടുക്കുന്ന കാര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കേസിന്റെ വിചാരണ കഴിയും മുമ്പ് സർവ്വീസിൽ തിരിച്ചെടുത്ത് നിയമനം നൽകാമെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 12-8-2016 -ലെ സ.ഉ. (സാധാ) നമ്പർ 2629/16/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ വായക്കര ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) ശ്രീ. അനിൽകുമാറിനെ സർവ്വീസിൽ തിരിച്ചെടുത്ത് ഉത്തരവായിട്ടുണ്ട്. തുടർന്ന് 6-10-2016-ലെ എൻ.ഇ.പി3/14478/16/DPI നമ്പർ ഉത്തരവ് പ്രകാരം ശ്രീ. എ. അനിൽകുമാറിനെ കൊല്ലം ജില്ലയിലെ മാസ്റ്റർ ട്രെയിനറായി IT @സ്കൂളിൽ നിയമിച്ചിട്ടുണ്ട്.

(ബി) കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വിചാരണ പൂർത്തീകരിച്ചിട്ടില്ല.

(സി) ശ്രീ. അനിൽകുമാർ ബഹുമാനപ്പെട്ട KAT തിരുവനന്തപുരം മുമ്പാകെ ഫയൽ ചെയ്ത OA.2053/2015 നമ്പർ കേസിന്മേൽ 1-2-2016 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ടിയാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അപ്പീലിന്മേൽ 4-12-2015-ലെ Annexure-MA1 ടിയാനെ രണ്ടു മാസത്തിനകം നേരിൽ കേട്ട് തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

(ഡി) നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമനാംഗീകാരം

80 (905) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതും ഈ സ്കൂൾ വർഷം നിയമനാംഗീകാരം നൽകുന്നതിന് വിശദമായ റിപ്പോർട്ട് ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടതുമായ ഫയലിൽ (989/T2/16/GEDN) നിയമനാംഗീകാരം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ബി) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂൾ, അധിക ബാച്ച്, എന്നിവയിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ ശിപാർശ എന്തായിരുന്നു;

(സി) ആയതിൻപ്രകാരം എച്ച്.എസ്.എസ്.ടി, സീനിയർ-ജൂനിയർ തസ്തികകൾക്ക് എത്ര പീരിയിഡുകൾ ആവശ്യമുണ്ട്; നിലവിൽ ഓരോ വിഭാഗത്തിനും വേണ്ട പീരിഡുകൾ എത്രയാണ് ; വ്യക്തമാക്കുമോ;

(ഡി) ബഡ്ജറ്റ് നിർദ്ദേശാനുസരണം ആദ്യഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ 2017 ജൂൺ മുതൽ പ്രാബല്യത്തിൽ സൃഷ്ടിച്ച് ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 15-7-2016 തീയതിയിലെ E.No.209602/Edn.B1/2016/Fin നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡം പുതുക്കുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്.

(ബി&സി) ധനകാര്യ വകുപ്പ് നൽകിയ ശിപാർശ അടങ്ങിയ അനൗദ്യോഗിക കുറിപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) മാനദണ്ഡം തീരുമാനിച്ചിട്ടില്ല.

(ഇ) തസ്തികകൾ സൃഷ്ടിച്ച് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കനുസരിച്ച നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടപ്പാക്കൽ

81 (906) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

" പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും, പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ സ്കൂളുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

### ഉത്തരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ മാരായമുട്ടം ജി.എച്ച്.എസ്.എസ്. മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാവശ്യമായ ഡി.പി.ആർ. ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ പദ്ധതിയുടെ ഭാഗമായി ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും ഇതര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും വിവിധ സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറായിട്ടില്ല. സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയുടെ പ്രയോജനം പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്.

## വിദ്യാലയങ്ങൾക്ക് അന്താരാഷ്ട്ര നിലവാരം

82 (907) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുവേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഒരു അപ്പർപ്രൈമറി സ്കൂൾ ഹൈടെക് സ്കൂളാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുവേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ശിശു കേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ 8-12-2016-ലെ സ.ഉ.(പി). നമ്പർ 205/2016/പൊ.വി.വ. ഉത്തരവ് പ്രകാരം ജനപ്രതിനിധികൾ, പി.ടി.എ. പ്രസിഡന്റ്/സെക്രട്ടറി, പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുടെ അഭിപ്രായങ്ങളും കണക്കിലെടുത്തിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനകാര്യ ഉദ്ഗ്രഥനം സർക്കാർ, എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ എന്നിവ വഴി കണ്ടെത്തുന്നതിനാൽ ഇക്കാര്യത്തിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. അപ്പർ പ്രൈമറി വിദ്യാലയങ്ങൾ നിലവിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല.

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ വർദ്ധനവ്

83 (908) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഫലമായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ദിശയിലാണ്. പദ്ധതി പൂർണ്ണമായ രീതിയിൽ നടപ്പിലാക്കി കഴിയുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

## പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർ

84 (909) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ പുനർവിന്യസിക്കപ്പെട്ട എല്ലാ അധ്യാപകർക്കും 2016 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പുനർവിന്യസിക്കപ്പെട്ട അധ്യാപകർക്ക് ശമ്പളത്തിന് അർഹതയില്ലാത്ത കാലയളവ് ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവയ്ക്ക് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ ഏതെങ്കിലും അധ്യാപകർക്ക് ശമ്പളത്തിന് അർഹതയില്ലാത്ത കാലയളവ് കണക്കാക്കി ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർക്ക് 2016 ജൂൺ, ജൂലൈ മാസത്തിലെ ശമ്പളം നല്കിയിട്ടില്ല. 2016 ആഗസ്റ്റ് മാസത്തിലെ ശമ്പളവും തുടർന്ന് പുനർവിന്യസിക്കപ്പെട്ട തീയതി മുതലുള്ള ശമ്പളവും നൽകിയിട്ടുണ്ട്. പുനർവിന്യാസം വരെയുള്ള കാലയളവ് 29-1-2016 -ലെ സ.ഉ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം അവധിയായി ക്രമീകരിക്കണമെന്ന വ്യവസ്ഥയിൽ സംരക്ഷിതാദ്ധ്യാപകർക്ക് 8/2016-ലെ ശമ്പളം മുൻകൂറായി നൽകാൻ

31-8-2016-ലെ സ.ഉ. (പി) നമ്പർ 148/2016/പൊ.വി.വ. നമ്പർ ഉത്തരവിലൂടെ നിർദ്ദേശിച്ചു. ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ സംരക്ഷിതാദ്ധ്യാപകരാകും (ഹൈസ്കൂൾ) തസ്തിക നഷ്ടമായി പുറത്തുനിന്ന കാലയളവ് അവധി/ശൂന്യ വേതനാവധിയായി ക്രമീകരിച്ചിട്ടില്ലാത്തതിനാലാണ് അവർക്ക് 2016 ജൂൺ മുതൽ പുനർവിന്യാസം വരെയുള്ള കാലയളവിലെ ശമ്പളം നൽകാത്തത്.

(ബി) പുനർവിന്യസിക്കപ്പെട്ട അദ്ധ്യപകർ തസ്തിക നഷ്ടമായി പുറത്തുനിന്ന കാലയളവ് അവധിയായി ക്രമീകരിക്കുന്ന മുറയ്ക്ക് ടി കാലയളവ് ഇൻക്രിമെന്റിനും, ഗ്രേഡിനും പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. പ്രധാനാദ്ധ്യാപിക തെറ്റായി അനുവദിച്ച നൽകിയ ഇൻക്രിമെന്റ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള പരിശോധനയിൽ കണ്ടെത്തി ഒഴിവാക്കി നൽകിയിട്ടുണ്ട്.

**ശാലാസിദ്ധി പദ്ധതി**

85 (910) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിനായി " ശാലാസിദ്ധി "പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഏതെല്ലാം മേഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ ;

(ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളെ പുതിയതായി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സർവശിക്ഷാ അഭിയാൻ കേരളം വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിനായി 'ശാലാസിദ്ധി' എന്ന വിദ്യാലയനിലവാര മൂല്യനിർണ്ണയ ചട്ടക്കൂട് 2016-17 വർഷം മുതൽ ഉപയോഗിച്ചു വരുന്നു. ഓരോ വിദ്യാലയത്തിന്റെയും മൊത്തം പ്രവർത്തനങ്ങൾ 7 മുഖ്യമേഖലകളെ അടിസ്ഥാനമാക്കിയും 46 നിലവാര

സൂചകങ്ങളെ അടിസ്ഥാനമാക്കിയും 'ശാലാസിദ്ധി' ഉപയോഗിച്ച് വിലയിരുത്താൻ കഴിയും. കൂടാതെ മെച്ചപ്പെടുത്തലിനുള്ള അവസരങ്ങൾ, അവയ്ക്കുള്ള സാധ്യതകൾ, വിദ്യാലയത്തിന്റെ ശക്തികൾ, ദൗർബല്യങ്ങൾ എന്നിവയും 'ശാലാസിദ്ധി' ഉപയോഗിച്ച് തിരിച്ചറിയാൻ കഴിയും. അതുവഴി വിദ്യാലയത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിയും.

(ബി&സി) 'ശാലാസിദ്ധി' എന്നത് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയല്ല മറിച്ച് എല്ലാ സ്കൂളുകളേയും കുറിച്ചുള്ള വിവരശേഖരണമാണ്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളും പ്രസ്തുത വിവരശേഖരണത്തിൽ ഉൾപ്പെടും.

## ഡി.പി.ആർ. നൽകിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി

86 (911) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഡി.പി.ആർ-നൽകിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് ദിവസങ്ങൾ മാത്രം ശേഷിക്കെ മാസ്റ്റർ പ്ലാൻ നൽകിയാലേ ഭരണാനുമതി നൽകു എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന് കാലതാമസം വരികയും ഫണ്ട് പാഴായി പോവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫണ്ട് പാഴായി പോകാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) മാസങ്ങൾ നീളുന്ന നടപടിക്രമങ്ങളിലൂടെയാണ് ഓരോ ഡി.പി.ആർ-ഉം ഭരണാനുമതിയ്ക്കായി എത്തുന്നതെന്നിരിക്കെ ടി സാഹചര്യം ഇപ്പോൾ പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2016-17 കാലയളവിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകേണ്ട വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകേണ്ട കാലാവധി 31-5-2017 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി കാലാവധിക്കുള്ളിൽ ഡി.പി.ആർ.-ഉം മാസ്റ്റർ പ്ലാനും ലഭ്യമാക്കുകയാണെങ്കിൽ ഫണ്ട് പാഴായി പോകുന്ന സാഹചര്യം വരുന്നില്ല.

## ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ

87 (912) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു വിദ്യാലയങ്ങളിലൂടെ പാഠ്യ പ്രവർത്തനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പ്രകൃതിയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം ലഭിക്കുന്നതിനായി 'ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരം വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ എന്ന ആശയം നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2016 ആഗസ്റ്റ് 17-ന് തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരം ഗവ. ഗേൾസ് ഹൈസ്കൂളിൽ വച്ച് നടന്നു. ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിൽ വീഴ്ച

88 (913) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിൽ എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചോദ്യപ്പേപ്പർ ചോർന്നു എന്നതിന്റെ പേരിൽ പരീക്ഷ വീണ്ടും നടത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ; ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധമുള്ള അധ്യാപകർ ആരെല്ലാമായിരുന്നു; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള പാനൽ തയ്യാറാക്കുന്നത് ആരാണ്; ഇതിലേക്ക് അധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 20-3-2017-ൽ നടന്ന ഗണിതശാസ്ത്ര പരീക്ഷയുമായി ബന്ധപ്പെട്ട പരീക്ഷാ ചോദ്യപേപ്പറിന് ഒരു സ്വകാര്യ സ്ഥാപനം ഇറക്കിയ ചോദ്യപേപ്പറുകളുമായി ബന്ധമുണ്ട് എന്നുള്ള വിവാദത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്തുകൊണ്ട് 30-3-2017-ന് ഗണിതശാസ്ത്രത്തിന്റെ പുനഃപരീക്ഷ നടത്തുകയുണ്ടായി.

(ബി) 2017-ലെ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർന്നിട്ടില്ല. 20-03-2017-ൽ നടന്ന ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പറിലെ ചില ചോദ്യങ്ങൾക്ക് ഒരു സ്വകാര്യ സ്ഥാപനം ഇറക്കിയ ചോദ്യപേപ്പറുകളുമായി ബന്ധമുണ്ട് എന്നുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും 30-3-2017-ന് ഗണിത ശാസ്ത്രത്തിന്റെ പുനഃപരീക്ഷ നടത്തുകയുമുണ്ടായി. 20-3-2017-ന് നടന്ന റദ്ദ് ചെയ്ത ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയത് ജി.ഡബ്ല്യൂ.എച്ച്.എസ്.എസ്., ചെറുകുന്നിലെ അദ്ധ്യാപകനായ ശ്രീ. ജി. സുജിത്ത് കുമാർ ആയിരുന്നു. ഇതിന്റെ ചെയർമാനായി നിയമിക്കപ്പെട്ടിരുന്നത് ശ്രീ. കെ. ജി. വാസു (റിട്ട. എ.ഇ.ഒ.) ആയിരുന്നു. പൊതുവിദ്യാഭ്യാസ സെക്രട്ടറി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ശ്രീ. സുജിത്ത് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

(സി) എസ്.സി.ഇ.ആർ.റ്റി. ഡയറക്ടർ തയ്യാറാക്കുന്ന പാനലിൽ നിന്നാണ് ചെയർമാനെയും, ചോദ്യപേപ്പർ നിർമ്മാതാക്കളെയും തെരഞ്ഞെടുക്കുന്നത്. പാഠപുസ്തക രചന, അദ്ധ്യാപക പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യം തെളിയിച്ചവരുടെ പേരുവിവരങ്ങളാണ് പാനൽ എന്ന നിലയിൽ എസ്.സി.ഇ.ആർ.റ്റി.-യിൽ നിന്ന് നൽകി വരുന്നത്. സർവ്വീസിൽ ഉള്ളവരും വിരമിച്ചവരും പാനലിൽ ഉൾപ്പെടാറുണ്ട്. എന്നാൽ പത്താം ക്ലാസിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്നവരെ പാനലിൽ ഉൾപ്പെടുത്താറില്ല.

**നേമം നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ**

89 (914) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എത്ര സർക്കാർ സ്കൂളുകളാണ് ഉള്ളത്; വാർഡ് തിരിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ഡിവിഷൻ തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിലെ ടീച്ചിങ്, നോൺ ടീച്ചിങ് സ്റ്റാഫുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 25. വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) വിവരം അനുബന്ധമായി *ചേർക്കുന്നു.

## പ്രീ സ്കൂൾ വിദ്യാഭ്യാസം

90 (915) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായ പ്രീസ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഒരു കർമ്മ പദ്ധതി നടപ്പിലാക്കുമോ; പ്രസ്തുത പദ്ധതി നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീപ്രൈമറി ക്ലാസ്സുകൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ, സ്വകാര്യ ഏജൻസികളുടെ നഴ്സറികൾ/കിന്റർഗാർട്ടനുകൾ എന്നിവയിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ഏകീകരിച്ചു ചിട്ടപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടർ കൺവീനറായും പൊതുവിദ്യാഭ്യാസ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായുമുള്ള അഞ്ചംഗ കമ്മിറ്റി രൂപീകരിക്കുകയും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ കരട് പാഠ്യപദ്ധതി, ഈ കരിക്കുലം കമ്മിറ്റി പഠിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ആയത് 11-8-2014 -ലെ 158/14/പൊ.വി.വ. പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായി. ഇതിനെത്തുടർന്ന് സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.റ്റി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു സമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തി നിർദ്ദേശങ്ങൾ രണ്ട് മാസത്തിനകം സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ 23-3-2017-ലെ സ.ഉ. (സാധാ) നമ്പർ 806/2017/പൊ.വി.വ. പ്രകാരം ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിയമന അംഗീകാരം**

91 (916) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യായന വർഷത്തിൽ വിവിധ പഞ്ചായത്തുകളിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇനിയും നിയമന അംഗീകാരം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ പ്രസ്തുത അദ്ധ്യാപകർ വർഷങ്ങളായി ശമ്പളം ലഭിക്കാതെ ജോലി ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിയമനം നടന്ന ആദ്യ രണ്ടു വർഷം ഇവർക്ക് ഗസ്റ്റ് ലക്ച്ററുടെ ശമ്പള നിരക്കിൽ വേതനം നൽകാൻ സർക്കാർ ഉത്തരവ് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വേതനം ഇവർക്ക് ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അടുത്ത അദ്ധ്യായന വർഷത്തിൽ രജിസ്റ്ററിൽ ഒപ്പിട്ടു ജോലി ചെയ്യുവാൻ പ്രസ്തുത അദ്ധ്യാപകർക്ക് അനുമതി നൽകുമോ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ വിവിധ പഞ്ചായത്തുകളിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാനും ശമ്പളം നൽകുവാനും ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് ലക്ചററെ നിയമിച്ച് വേതനം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വേതനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമപ്രകാരം നിയമനം നൽകി മാത്രമേ നിയമനാംഗീകാരം നൽകുകയുള്ളൂ.

**ഹയർ സെക്കണ്ടറി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം**

92 (917) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയതിനു ശേഷം വിവിധ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ കീഴിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ഏതൊക്കെ അദ്ധ്യാപകർക്ക് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഇല്ലാതെ തന്നെ നിയമനാംഗീകാരം നൽകിയിട്ടുണ്ടെന്ന് ആർ.ഡി.ഡി. തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഇല്ല എന്ന കാരണത്താൽ ഹയർ സെക്കണ്ടറി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ഏതൊക്കെ അദ്ധ്യാപകരുടെ നിയമനാംഗീകാരം നിരസിച്ചിട്ടുണ്ടെന്ന് ആർ.ഡി.ഡി. തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വിവിധ ആർ.ഡി.ഡി. ഓഫീസുകളുടെ കീഴിൽ ചിലർക്കു മാത്രം ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഇളവ് നല്കിയിട്ടുള്ളത് വിവേചനപരമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുനലൂർ സെന്റ് ഗോരെറ്റി എച്ച്.എസ്.എസ്-ൽ കോടതി ഉത്തരവു മുഖേന എച്ച്.എസ്.എസ്.ടി. ജൂനിയർ ആയി ആർക്കെങ്കിലും സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഇല്ലാതെ തന്നെ നിയമനാംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ബൈട്രാൻസ്ഫർകാർക്ക് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഒഴിവാക്കുന്ന കാര്യം മുൻകാലപ്രാബല്യത്തോടെ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഹയർ സെക്കണ്ടറി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവർക്ക് നിയമനാംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുന്നതിനും ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മാത്രമേ നടപടി എടുക്കാനാകൂ.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കായിക അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തൽ**

93 (918) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കായികഅദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) 2015 ജൂൺ മാസം വരെ എത്ര അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി എന്നതിന്റെ ജില്ലതിരിച്ചും , സ്കൂൾ (എയ്ഡഡ്, സർക്കാർ) തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ടതും 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊ.വി.വ. പ്രകാരം സംരക്ഷണത്തിന് അർഹത നേടിയതുമായ അദ്ധ്യാപകരെ കാറ്റഗറി വ്യത്യാസം കൂടാതെയാണ് സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റായ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നത്. ഇത് പ്രകാരം കായികാദ്ധ്യാപകർക്ക് തസ്തിക നഷ്ടമായാലും അവരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച SRO No. 752/16 നമ്പർ വിജ്ഞാപനം നിയമസഭാ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷങ്ങളിലെ തസ്തിക നിർണ്ണയം നടത്തുകയുണ്ടായി. ജില്ലകളിൽനിന്ന് ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് സംരക്ഷണത്തിന് അർഹതയുള്ള 3674 ജീവനക്കാർക്കാണ് 2015-16 വർഷം എയ്ഡഡ് വിഭാഗത്തിൽ തസ്തിക നഷ്ടമായിട്ടുള്ളത്. പ്രസ്തുത ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി *ചേർത്തിരിക്കുന്നു.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പോലീസ് വെരിഫിക്കേഷൻ**

94 (919) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽനിന്നും പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം വിടുതൽ ചെയ്ത് ഹയർ സെക്കൻഡറി വകുപ്പിൽ അധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുതിയ തസ്തികയിൽ വീണ്ടും പോലീസ് വെരിഫിക്കേഷൻ നടത്തണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെയുള്ളവർക്ക് പോലീസ് വെരിഫിക്കേഷൻ ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ചുള്ള നിരവധി ഫയലുകൾ വർഷങ്ങളായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതിനാൽ അധ്യാപകർക്ക് വാർഷിക ഇൻക്രിമെന്റ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽനിന്നും റെഗുലറൈസ് ചെയ്യാതെ വിടുതൽ ചെയ്ത് 14-12-2010-ന് ശേഷം ഹയർ സെക്കണ്ടറി വകുപ്പിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർക്ക് പി.എസ്.സി. വെരിഫിക്കേഷനും അതോടൊപ്പം പോലീസ് വെരിഫിക്കേഷനും കഴിഞ്ഞതിനു ശേഷമേ റെഗുലറൈസ് ചെയ്യാറുള്ളൂ. പ്രസ്തുത അദ്ധ്യാപകരുടെ വെരിഫിക്കേഷൻ അതാത് ജില്ലയിലെ പോലീസ് മേധാവികൾക്ക് അയച്ചു നൽകുന്നുണ്ട്. പി.എസ്.സി. വെരിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ രേഖകൾ യഥാസമയം പി.എസ്.സി.-ക്ക് നൽകിവരുന്നുണ്ട്. പി.എസ്.സി.-യുടെ വെരിഫിക്കേഷൻ കഴിഞ്ഞ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഉൾപ്പെടെ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ റെഗുലറൈസേഷനും പ്രൊബേഷനും പൂർത്തീകരിച്ചു നൽകുന്നുണ്ട്.

**എയ്ഡഡ് മേഖലയിലുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകർ**

95 (920) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളവും തസ്തികയുമില്ലാതെ ജോലി ചെയ്യുന്ന എയ്ഡഡ് മേഖലയിലുള്ള എത്ര ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർ സംസ്ഥാനത്തുണ്ടെന്നും, തസ്തികയും ശമ്പളവുമില്ലാതെ ഈ അധ്യാപകർ ഏത് സ്കൂളിലാണ് സേവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപക തസ്തിക നിർണയിക്കാത്ത സാഹചര്യത്തിൽ മാറി മാറി വരുന്ന അദ്ധ്യാപകർക്ക് വിദ്യാർത്ഥിയുടെ പഠന നിലവാരത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാനാവുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

**പത്താം ക്ലാസ്സുവരെ മലയാള ഭാഷാപഠനം**

96 (921) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം ക്ലാസ്സുവരെ മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് അദ്ധ്യായന വർഷം മുതലാണ് ഇത് നിർബന്ധമാക്കിയിട്ടുള്ളതെന്നും ഏതെല്ലാം സിലബസ് പ്രകാരം പഠിക്കുന്ന കുട്ടികൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളതെന്നും വിവരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കി നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഭരണതലത്തിൽ കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ.സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി സർക്കാർ ഓർഡിനൻസ് (10-4-2017-ലെ ഓർഡിനൻസ് നമ്പർ 705) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 2017-18 അദ്ധ്യയനവർഷം മുതലാണ് സ്കൂളുകളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും (സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. ഉൾപ്പെടെ) ഈ നിയമം ബാധകമാണ്.

(സി) 10-4-2017-ലെ ഓർഡിനൻസ് നമ്പർ 705 സംബന്ധിച്ച ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ബില്ലിൽ ഇതുസംബന്ധിച്ച നിർദ്ദേശങ്ങളെല്ലാം ഉൾപ്പെടുത്തുന്നുണ്ട്.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമന അംഗീകാരം**

97 (922) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ചില ജില്ലകളിൽ പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകി വരികയും എന്നാൽ ചില ജില്ലകളിൽ അത് നിഷേധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 5-8-2016-ലെ ജി.ഒ.(പി) നമ്പർ 134/2016/പൊ.വി.വ. പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയം തന്നെയാണ് 2016-17 വർഷത്തേക്കു കൂടി ബാധകമാക്കിയത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. 2016-17 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

നിലവിലുള്ള കേസ്സുകളിൽ അന്തിമവിധി ഉണ്ടായതിനുശേഷം മാത്രമേ പ്രസ്തുത വർഷത്തെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. എങ്കിലും നിയമനം ലഭിച്ചവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെയെങ്കിലും പരിഹാരം കാണുന്നതിനായി 2016-17-ൽ തസ്തികയും ഒഴിവും നിലനിൽക്കുമെന്ന് ഉറപ്പുള്ള കേസ്സുകളിൽ നിയമനാംഗീകാരം നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന ഉത്തരവ്**

98 (923) ശ്രീ. എസ്.ശർമ്മ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷാ പോഷണത്തിനായി സംസ്ഥാനത്തെ ഹൈസ്കൂൾ തലം വരെയുള്ള എല്ലാ ക്ലാസുകളിലും മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന ഉത്തരവു നൽകിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് നടപ്പാക്കുന്നതിൽ വൈമനസ്യമോ സാങ്കേതിക തടസ്സമോ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി മലയാളം നിർബന്ധമാക്കി, പഠിപ്പിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് മലയാളഭാഷാ പഠനം വ്യാപിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാതൃഭാഷ പോഷണത്തിനായി സംസ്ഥാനത്തെ സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ മലയാളം നിർബന്ധ ഭാഷയാക്കിക്കൊണ്ട് 1-9-2011-ൽ സ.ഉ. (പി) നമ്പർ 183/2011/പൊ.വി.വ. ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് ചല സ്കൂൾ അധികൃതർ വൈമനസ്യം കാട്ടിയിട്ടുണ്ട്. ഇത്തരം ചില സ്കൂളുകളിൽ മലയാളം പറയുന്ന കുട്ടികൾക്കു നേരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നു എന്ന തരത്തിൽ പരാതികളും ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ സി.ബി.എസ്.ഇ.,/ഐ.സി.എസ്.ഇ. സ്കൂളുകൾ

ഉൾപ്പെടെയുള്ള മുഴുവൻ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനായി 10-4-2017-ന് 705-ാം നമ്പരായി ഓർഡിനൻസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാനാണുദ്ദേശിക്കുന്നത്.

(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സംസ്ഥാന സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട പരാതികൾ

99 (924) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരിയിൽ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നൃത്ത ഇനങ്ങളായ മോഹിനിയാട്ടം, ഭരതനാട്യം എന്നിവയുടെ വിധി നിർണ്ണയത്തിൽ കടുത്ത അഴിമതി നടന്നു എന്ന് പങ്കെടുത്ത ചില കുട്ടികൾ ഡിപിഐ-ക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) സ്കൂൾ കലോത്സവത്തിന്റെ വിധി കർത്താക്കളുടെ പാനലിൽ 3 വർഷത്തിലധികം അംഗങ്ങളായിരുന്നവരെ വീണ്ടും ഉൾപ്പെടുത്തുകയില്ല എന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടും ഇതിനു വിരുദ്ധമായി 5 വർഷത്തിലധികം വിധി കർത്താക്കളായിരുന്നവരെ വീണ്ടും പാനലിൽ ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇവർ ആരെല്ലാമാണെന്നും ഏതെല്ലാം മത്സരയിനങ്ങളിലായിരുന്നു ഇവർ വിധികർത്താക്കളായതെന്നും വ്യക്തമാക്കുമോ ;

(സി) വിധി കർത്താക്കളുടെ പാനൽ തെരഞ്ഞെടുപ്പിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ Y സെക്ഷൻ സൂപ്രണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഡിപിഐ.യെ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് ഇത്തരം വിധി കർത്താക്കളെ ഉൾപ്പെടുത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ, സ്കൂൾ കലോത്സവസമയത്ത് ടിയാന്റെ ചില നടപടികൾക്കെതിരെ അധ്യാപക സംഘടനകളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതികളിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശിപാർശ നൽകിയതെന്നും ഇതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) അന്വേഷണ വിധേയമായി ഡിപിഐ-ൽ നിന്നും സ്ഥലംമാറ്റപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥൻ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും മുൻപ് പുറത്താക്കപ്പെടുവാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോഹിനിയാട്ടം, ഭരതനാട്യം എന്നിവയുടെ വിധി നിർണ്ണയത്തെപ്പറ്റി ഡി.പി.ഐ.-ക്ക് പരാതി ലഭിച്ചിട്ടില്ല. എന്നാൽ കലോത്സവ മാനുവൽ പ്രകാരം ലഭിച്ചിട്ടുള്ള അപ്പീലുകൾ ഹയർ അപ്പീൽ കമ്മിറ്റി പരിശോധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽ പുതിയ വിധികർത്താക്കളെ വിളിക്കുകയും ചില ഇനങ്ങളിൽ വിധികർത്താക്കൾ ഹാജരാകില്ല എന്ന് അറിയിച്ചതിൻ പ്രകാരവും യോഗ്യരായ വിധികർത്താക്കളുടെ അഭാവത്തിലും പുതിയ വിധികർത്താക്കളെ സമയക്കുറവുമൂലം കണ്ടെത്താൻ പറ്റാത്ത സാഹചര്യത്തിൽ മുമ്പ് കലോത്സവത്തിൽ തുടർച്ചയായി വിധികർത്താക്കളായിരുന്നവരെ മത്സര ഇനം മാറ്റി ഉൾപ്പെടുത്തി കലോത്സവം വിജയിപ്പിക്കുന്നതിനായി നിയമിക്കേണ്ടതായി വന്നിട്ടുണ്ട്; ഇതിൽ മാപ്പിള കലയാണ് കൂടുതൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ "വൈ" സെക്ഷൻ സൂപ്രണ്ടായിരുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ പേരിൽ ഡി.പി.ഐ.-ക്ക് അദ്ധ്യാപക സംഘടനകളിൽ നിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥൻ പരീക്ഷാ ഭവനിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്തിരുന്ന കാലയളവിൽ 2001-02 വർഷത്തിൽ 20 ദിവസം വീതം രണ്ടുതവണ സ്വന്തം ലീവ് സറണ്ടർ ചെയ്ത് തുക കൈപ്പറ്റുകയും പ്രസ്തുത വിവരം പരീക്ഷാ സെക്രട്ടറി ഡി.പി.ഐ.-യെ അറിയിച്ചതിനെ തുടർന്ന് ടി ഉദ്യോഗസ്ഥനെ തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റുകയുമുണ്ടായി. തുടർന്ന് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സെൻഷ്വർ നൽകി തീർപ്പാക്കി.

**സ്കൂൾ കലോത്സവങ്ങൾ**

100 (925) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ സങ്കര ഭാഷയിൽ രചിച്ച മാപ്പിള പാട്ടുകൾ അവതരിപ്പിക്കുന്നവർക്കു മാത്രം മാപ്പിള പാട്ട് മത്സരങ്ങളിൽ ഉയർന്ന മാർക്ക് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം എ.ഡി. 1900 വർഷത്തിനുശേഷം ലളിത മലയാളത്തിൽ ലക്ഷണമൊത്ത മാപ്പിള പാട്ടുകൾ രചിച്ച നിരവധി മാപ്പിള കവികളുടെ രചനകൾ കലോത്സവ മത്സരങ്ങളിൽ അവതരിപ്പിക്കുവാൻ വിദ്യാർത്ഥികൾ തയ്യാറാകാത്ത സാഹചര്യം ഉണ്ടായത് അറിയാമോ;

(സി) ഇതിനു പരിഹാരമായി സ്കൂൾ കലോത്സവങ്ങളിൽ മാപ്പിള പാട്ട് (സങ്കര ഭാഷ) മാപ്പിള പാട്ട് (ലളിത മലയാളം) എന്നിങ്ങനെ രണ്ടു മത്സരങ്ങൾ ഉൾപ്പെടുത്തണമെന്ന് സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി സെക്രട്ടറിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തു തീരുമാനമെടുത്തു; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ**

101 (926) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇൻഡ്യൻ നാഷണൽ ബിൽഡിംഗ് കോഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതാണ് സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ്-സ്വകാര്യ സ്കൂൾ കെട്ടിടങ്ങളെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട എഞ്ചിനീയർമാരും ഉദ്യോഗസ്ഥരും കാലാകാലങ്ങളിൽ പരിശോധിച്ച് പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ സംരക്ഷിക്കുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്താറുണ്ടോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കുമെതിരെ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ വിലയിരുത്തുന്നതിന് അതാത് വർഷം സ്കൂൾ തുറക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് സർക്കാർ-എയ്ഡഡ്-സ്വകാര്യ സ്കൂളുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി വരുന്നു.

(സി) ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ പരീക്ഷകൾക്കും ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും പരിഷ്കരണം

102 (927) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ പരീക്ഷകൾക്കും, ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും പരിഷ്കരണം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തു തരം പരിഷ്കരണമാണ് പരിഗണനയിൽ ഉള്ളതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

പരിഷ്കരണത്തെക്കുറിച്ച് ആലോചിച്ച് വരുന്നു.

## കേരളത്തിലെ അംഗീകൃത സ്കൂളുകളുടെ പ്രശ്നങ്ങൾ

103 (928) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗീകൃത സ്കൂളുകളുടെ വരവ് ചെലവ് കണക്കുകൾ സർക്കാർ പഠനത്തിന് വിധേയമാക്കുമോ;

(ബി) ഓരോ സ്കൂളുകളുടെയും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത മേഖലയിൽ അഴിമതിയുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) സ്കൂളുകളുടെ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഫീസിന് സ്ളാബ് സമ്പ്രദായം നടപ്പാക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ-ഡി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## മാങ്കയിൽ സ്കൂളിന്റെ ചുറ്റുമതിൽ

104 (929) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ മാങ്കയിൽ സ്കൂളിന്റെ ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനു മുൻപായി ഒരു വശത്തെ റോഡിന്റെ വികസനത്തിനായി സ്ഥലം വിട്ടുനൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപേക്ഷ ഡി.പി.ഐ.-യുടെ റിപ്പോർട്ടിനായി അയച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതു സംബന്ധിച്ച ഫയൽ നമ്പരും പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതിയും എന്താണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഡി.പി.ഐ.-യുടെ ഡബ്ല്യു(3)80507/2016/ഡി.പി.ഐ. നമ്പർ ഫയലിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടി സ്വീകരിച്ചുവരുന്നു. മരട് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് സ്കൂൾ സ്ഥലം നഷ്ടപ്പെടുത്താതെ ചുറ്റുമതിൽ നിർമ്മാണം നടത്താൻ മാങ്കയിൽ സ്കൂളിന്റെ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും മതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

(സി&ഡി) ബഹുമാനപ്പെട്ട എം.എൽ.എ. എം.സ്വരാജ് മുഖേന തദ്ദേശവാസികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്കൂൾ സ്ഥലം നഷ്ടപ്പെടാതെ ചുറ്റുമതിൽ നിർമ്മാണം നടത്തുവാൻ മാങ്കയിൽ സ്കൂളിന്റെ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം 250 മീറ്ററിലധികം നീളത്തിൽ സ്കൂളിന്റെ സ്ഥലം റോഡിനോട് ചേർന്നാണ് കിടക്കുന്നത്. ഇതിൽ ഏകദേശം 50 മീറ്ററോളം മതിൽ പൊളിച്ചുകളഞ്ഞിട്ടുണ്ട്. ഒരു മീറ്റർ ഉള്ളിലേക്ക് കയറ്റി മതിൽ നിർമ്മിക്കുമ്പോൾ മെയിൻ ഗേറ്റിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടവും പൊളിക്കേണ്ടി വരും. ടി കെട്ടിടത്തിൽ ക്ലാസ്സുകൾ നടക്കുന്നുണ്ട്. കൂടാതെ ടെക്സ്റ്റ് ബുക്ക് സ്റ്റോറും ഉച്ചഭക്ഷണത്തിനുള്ള ഡൈനിംഗ് ഹാളും ടി കെട്ടിടത്തിലാണുള്ളത്.

**സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

105 (930) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(സി) സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ;

(ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാര്യക്ഷമത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ സ്കൂളുകളിൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപഡയറക്ടർ നേരിട്ട് സന്ദർശനം നടത്തി ഓരോ സ്കൂളിന്റെയും പ്രവർത്തനം പരിശോധിക്കാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാനതല മോണിറ്ററിംഗും അവലോകനവും നടത്തി വരുന്നു.

(ബി) സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ മെച്ചപ്പെട്ട പഠനോപകരണങ്ങൾ നല്കി വരുന്നുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പാഠ്യപദ്ധതിയും കൈപുസ്തകവും എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രൈമറി തലത്തിൽ പുതിയ പാഠ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും 14 ജില്ലകളിലും സംഘടിപ്പിക്കുവാൻ എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തുന്ന അദ്ധ്യാപക ശാക്തീകരണ ശില്പശാലയുടെ ആസൂത്രണ യോഗം എസ്.സി.ഇ.ആർ.റ്റി.-യിൽ 25-4-2017-ൽ നടന്നു. DPI, SCERT, SID, SSA, DIET, SIMC, സ്പെഷ്യൽ സ്കൂൾ, എം.ജി. യൂണിവേഴ്സിറ്റി എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു. പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠപുസ്തകങ്ങളും വർക്ക് ബുക്കും എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് മലപ്പുറത്തും കാസർഗോഡും ഓരോ റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് 4-10-2012-ലെ ജനറൽ കൗൺസിൽ യോഗം തീരുമാനിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. എസ്.ഐ.എം.സി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയുടെ ഉന്നത സ്ഥാപനമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

## സംസ്ഥാനത്തെ സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനം

106 (931) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതാനും സി.ബി.എസ്.ഇ സ്കൂളുകൾ വൻതുക നൽകി എൽ.കെ.ജി.-യിൽ ചേർന്ന കുട്ടികളിൽ നിന്നും ഒന്നാം ക്ലാസ്സിൽ ചേരുമ്പോൾ വീണ്ടും വൻതുക ഡൊണേഷനായി വാങ്ങുന്നതും ഫീസിന് പുറമേ ആക്ടിവിറ്റി ഫീസായി വൻതുക വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിക്കാമോ ;

(ബി) സംസ്ഥാന ബാലവകാശ കമ്മീഷന്റെ നിർദ്ദേശത്തിനു വിരുദ്ധമായി വിവിധ പ്രവൃത്തി ദിവസങ്ങളിൽ വ്യത്യസ്ത യൂണിഫോമുകൾ എന്ന വ്യവസ്ഥ നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പഠനനിലവാരം കുറവാണെന്ന കാരണം പറഞ്ഞു പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് നിർബന്ധിത ടി.സി. നൽകുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർദ്ദേശം നല്കിയിട്ടുണ്ട്. പരാതികൾ വരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിർബന്ധിത ടി.സി. നല്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## മലാപ്പറമ്പ് സ്കൂൾ ഏറ്റെടുക്കൽ

107 (932) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലാപ്പറമ്പ് എൽ.പി സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപടിക്രമങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) സ്കൂൾ ഏറ്റെടുക്കുന്നതിലേയ്ക്കായി സർക്കാർ ഖജനാവിൽനിന്നും എത്ര രൂപാ ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(ഡി) സമാന സാഹചര്യത്തിലുള്ള മറ്റെതെങ്കിലും സ്കൂൾ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) മലാപ്പറമ്പ് യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള 27-7-2016-ലെ സ.ഉ.(പി)നമ്പർ 122/16/പൊ.വി.വ. ഉത്തരവ് 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/2016 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും അതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്കൂൾ പ്രവർത്തിച്ചു വരികയുമാണ്.

(സി) കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശ പ്രകാരം മലാപ്പറമ്പ് യു.പി. സ്കൂൾ മുൻ മാനേജരായ ശ്രീ. പി.കെ. പത്മരാജന് സ്കൂൾ ഏറ്റെടുക്കുന്നതിന് നഷ്ട പരിഹാര തുകയായ 5,85,86,710 രൂപ (അഞ്ച് കോടി എൺപത്തിയഞ്ചു ലക്ഷത്തി, എൺപത്തി ആറായിരത്തി എഴുന്നൂറ്റി പത്തു രൂപ മാത്രം) അനുവദിക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 181/2017/പൊ.വി.വ. തീയതി 25-1-2017 പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) യു.പി. സ്കൂൾ പാലാട്ട്, കോഴിക്കോട്, എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി, മലപ്പുറം, പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ എന്നീ സ്കൂളുകൾ കൂടി 27-7-2016-ലെ സ.ഉ.(പി) നമ്പർ 122/2016/പൊ.വി.വ. പ്രകാരം ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ**

108 (933) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പെരിന്തൽമണ്ണ ഗവ. മോഡൽ എച്ച്.എസ്.എസ് -നെ ഈ പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള പുലാമന്തോൾ ജി.എച്ച്.എസ്.എസ്., കുന്നക്കാവ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ടി പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 8-12-2016-ലെ സ.ഉ.(പി) 205/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാതല മിഷനുകൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

(ബി) പെരിന്തൽമണ്ണ ഗവ:മോഡൽ എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടില്ല.

(സി) ഭൗതികസാഹചര്യ വികസനത്തിനായി (2017-18) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുലാമന്തോൾ ജി.എച്ച്.എസ്.എസ്., കുന്നക്കാവ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഹൈസ്കൂൾ അസിസ്റ്റന്റ് ഒഴിവുകൾ**

109 (934) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്)-ന്റെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) 2017 മാർച്ച് മാസത്തോടെ എത്ര ഒഴിവുകൾ ഉണ്ടാവുമെന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രകാരം ഏത് റാങ്ക് വരെയുള്ളവർക്ക് ഇത് പ്രകാരം നിയമനം ലഭിക്കുവാനിടയുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ 3 (മൂന്ന്) ഒഴിവുകളാണ് ഉള്ളത്. ആയതിൽ 2 (രണ്ട്) ഒഴിവുകൾ തസ്തിക മാറ്റ നിയമനത്തിനായി വിഹിതം ചെയ്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരൊഴിവ് സ്ഥാനക്കയറ്റ നിയമനത്തിനായി നടപടി സ്വീകരിച്ചു വരുന്നു.

(ബി) 2017 മാർച്ച് മാസം വിരമിക്കൽമൂലം ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## സർക്കാർ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

110 (935) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും ഇതിന്റെ നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 8-12-2016-ലെ സ.ഉ. (പി) നമ്പർ 205/2016/പൊ.വി.വ. ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും (DPR) തയ്യാറാക്കി വരുന്നു.

(ബി) മികവിന്റെ കേന്ദ്രങ്ങളായി സംസ്ഥാനത്തെ വിദ്യാലയങ്ങൾ മാറ്റപ്പെടുന്നതോടെ പ്രസ്തുത സ്കൂളുകളുടെ ഭൗതിക അക്കാദമിക തലങ്ങളിൽ കാതലായ മാറ്റങ്ങൾ വരുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ - ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്കാക്കി മാറ്റുന്നതാണ്. കൂടാതെ സ്ഥല ലഭ്യതയ്ക്ക് ആനുപാതികമായി ജൈവവൈവിധ്യ പാർക്ക് തുടങ്ങിയ ഇതര സംവിധാനങ്ങളും സ്ഥാപിക്കുന്നതാണ്.

(സി) മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് ആദ്യഘട്ടത്തിൽ പരിഗണിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്

111 (936) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 15 സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കും പൂർത്തീകരണത്തിനുമായി വിദ്യാഭ്യാസ വകുപ്പ് (എം) സെക്ഷൻ, ഡി.പി.ഐ., ഡി.ഡി. ആലപ്പുഴ എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2017 മാർച്ചിൽ ബഹു. എം.എൽ.എ. ആർ. രാജേഷ് മുഖേന സിഡ്കോ മാർക്കറ്റിംഗ് സെന്ററിന്റെ 15 സ്കൂളുകളുടെ എസ്റ്റിമേറ്റ് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ ലഭിച്ചു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ എല്ലാം ഹയർ സെക്കന്ററി വിഭാഗമായിട്ടാണ് കാണുന്നത്. ഹൈസ്കൂൾ വിഭാഗം വരെയുള്ള സ്കൂളുകളോടനുബന്ധിച്ച പ്രൊപ്പോസലുകളാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധികാര പരിധിയിൽപ്പെടുന്നത്. ആയതിനാൽ ലഭിച്ച പ്രൊപ്പോസൽ ഹൈസ്കൂൾ വിഭാഗത്തിലാണോ ഹയർ സെക്കന്ററി വിഭാഗത്തിലാണോ എന്ന് വ്യക്തത വരുത്തേണ്ടതിനാൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ വിശദവും വ്യക്തവുമായ റിപ്പോർട്ടിനായി 2017 മാർച്ചിൽതന്നെ അയച്ചുകൊടുത്തു. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറിൽനിന്നും വ്യക്തമായ റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ അടിയന്തര മേൽ നടപടികൾ ഡി.പി.ഐ. സ്വീകരിക്കുന്നതാണ്. വ്യക്തമായ ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽനിന്നും സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം

112 (937) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര രൂപയാണ് വകയിരുത്തിയതെന്നും ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നാണ് തുക ലഭിച്ചതെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് കേന്ദ്രത്തിനായി സ്വന്തം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി 7485 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാനും വിശദമായ അടങ്കലും തയ്യാറാക്കുകയും അതിൻ പ്രകാരം 23-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 353/2017/ഉ.വി.വ. പ്രകാരം 175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി, പ്ലാനും അടങ്കലും സാങ്കേതിക വിദഗ്ധ സമിതി പരിശോധിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതും, നിലവിൽ ഉപയോഗശൂന്യമായ കെട്ടിടങ്ങളും അനുബന്ധ നിർമ്മിതികളും അടിയന്തരമായി നീക്കം ചെയ്യുന്നതിനായി പ്രസ്തുത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുവിൽ കെട്ടിട നിർമ്മാണത്തിനായി മുറിച്ച് മാറ്റേണ്ടുന്ന പാഴ്മരങ്ങൾ കണക്കാക്കി വരുന്നു. സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം വാങ്ങി, മരങ്ങൾ ലേലം ചെയ്ത് വിൽക്കേണ്ടതുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങളും കെട്ടിട നിർമ്മാണത്തിന് തടസ്സമാകുന്ന പാഴ്മരങ്ങളും നീക്കം ചെയ്യുന്നതിനോടൊപ്പംതന്നെ കെട്ടിട നിർമ്മാണവും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വിവിധ വർഷങ്ങളിലായി 121 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക

113 (938) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിലെ അധ്യാപകരുടെ ക്ലാസ് പിരീഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിലെ ജോലി ഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരായും 24 പിരീഡുകൾവരെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കണ്ടറി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലിഭാരം താഴെപ്പറയുന്ന രീതിയിൽ പുനഃക്രമീകരിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്.

| ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ആഴ്ചയിലെ ജോലിഭാരം | അർഹതയുള്ള തസ്തിക |
|---|---|
| 0 മുതൽ 7 വരെ | ഗസ്റ്റ് അദ്ധ്യാപകൻ |
| 8 മുതൽ 14 വരെ | ഒരു ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകൻ |
| 15 മുതൽ 31 വരെ | ഒരു സീനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകൻ |
| 32 മുതൽ 45 വരെ | ഒരു ജൂനിയർ ഹയർസെക്കണ്ടറി അദ്ധ്യാപകനും ഒരു സീനിയർ അദ്ധ്യാപകനും |
| 46 മുതൽ 62 വരെ | രണ്ട് സീനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകൻമാർ |
| 63 മുതൽ 76 വരെ | രണ്ട് സീനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരും ഒരു ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകനും |
| 77 മുതൽ 93 വരെ | മൂന്ന് സീനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകൻമാർ |
| 94 മുതൽ 107 വരെ | മൂന്ന് സീനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരും ഒരു ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകനും. |

(ബി) സർക്കാർ ഇക്കാര്യം പ്രത്യേകം വിശദമായി പരിശോധിച്ചു വരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

114 (939) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം"എന്ന പദ്ധതിക്കായി വിഭാവന ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

(3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

(4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശു കേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾകൂടി ഉൾപ്പെടുത്തി വിവരസാങ്കേതി കാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ

രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 19 കോടി രൂപ ധനപുനർവിനിയോഗം മുഖേന കണ്ടെത്തി ആയത് ഇ-ലാംസിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന 2017-18-ലെ പദ്ധതികളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 2017-18 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

115 (940) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്കൂളുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 'ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതിക്കായി 300 ലക്ഷം രൂപ (മുന്നൂറ് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

(ബി) 'ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

116 (941) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും, വീണ്ടെടുപ്പിനുമായി സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കരിക്കുലം നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; മാറുന്ന ലോക സാഹചര്യങ്ങൾക്കനുസൃതമായി ജീവിതത്തെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പാഠവിഷയങ്ങൾ സിലബസിൽ ഉൾക്കൊള്ളിക്കുമോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിന വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠന രീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സു വരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

  (എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

  (ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിധ്യവും ആർജ്ജവവും.

  (സി) സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ.

  (ഡി) ഭാഷാ ജ്ഞാനം, കമ്മ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാകും.

  (ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.

- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.

- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക, സൗകര്യങ്ങൾ ഒരുക്കുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.

- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.

- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.

- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.

- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.

- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.

- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥ പൂർണ്ണമാക്കുക
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡവലപ്മെന്റ് പരിപാടി സമഗ്രമാക്കുക വഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

(ബി) ഇല്ല. നിലവിലുള്ള കരിക്കുലത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എസ്.സി. ഇ.ആർ.ടി. വിവിധ ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഗവേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തുന്നതാണ്.

(സി) പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി ശിശുകേന്ദ്രീകൃതമായ അധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ്' സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

117 (942) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കുക എന്ന് അറിയിക്കുമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ജൈവ വൈവിധ്യോദ്യാനം, ലാബുകൾ എന്നിവ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ആദ്യഘട്ടമായി നടപ്പാക്കുക എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളുടെ പ്രയോജനം ചാലക്കുടി നിയോജക മണ്ഡലത്തിനും ലഭ്യമാകുന്നതാണ് :

(1) ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും.

(2) ഒരു നീന്തൽക്കുളത്തിന്റെ നിർമ്മാണം.

(3) ഒരു കലാ-കായിക-സാംസ്കാരിക പാർക്കിന്റെ നിർമ്മാണം.

(4) സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.

ഇവയെ കൂടാതെ വിവിധ സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി നവീകരണ പ്രവർത്തനങ്ങളും ജൈവ വൈവിദ്ധ്യ പാർക്കിന്റെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല വിവിധ എൽ.പി., യു.പി., എച്ച്.എസ്., വി.എച്ച്.എസ്. സ്കൂളുകളുടെ നവീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി &സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. ഇതര നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചുവടെ ചേർക്കുന്ന വിദ്യാലയങ്ങളിൽ ജൈവവൈവിദ്ധ്യോദ്യാനം സ്ഥാപിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട് :

- സെന്റ് ആന്റണീസ് കോൺവെന്റ് എൽ.യു.പി.എസ്., കോട്ടാറ്റ്.
- സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ, കുറ്റിക്കാട്.
- എം.എസ്.യു.പി. സ്കൂൾ, കൊരട്ടി.

- എൽ.എസ്.എസ്. യു.പി.എസ്., വാലൂർ.
- സെന്റ് ജോൺസ് കോൺവെന്റ് യു.പി.എസ്., കല്ലൂത്തി.
- ഡോൺ ബോസ്കോ എൽ.പി.സ്കൂൾ, കൊടകര.
- ഗവ.യു.പി. സ്കൂൾ, നായരങ്ങാടി.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

118 (943) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രകാരം അരൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. മുഖ്യമന്ത്രി നിയമസഭാ മന്ദിരത്തിൽ വച്ച് പദ്ധതി വിശദീകരിക്കുന്ന ഘട്ടത്തിൽ പ്രത്യേകം ക്ഷണിച്ചിരുന്ന തിരുനല്ലൂർ, പെരുമ്പളം, തേവർവട്ടം എന്നീ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ഈ പദ്ധതി പ്രകാരം എത്ര രൂപയുടെ സഹായമാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ അരൂർ മണ്ഡലത്തിൽ എൽ.പി. സ്കൂൾ ഗണത്തിൽ എയ്ഡഡ് സ്കൂളായ സെന്റ് ഫ്രാൻസിസ് എൽ.പി.എസ്.എരമല്ലൂർ., സർക്കാർ സ്കൂളായ മറ്റത്തിൽഭാഗം എൽ.പി.എസ്.എന്നിവയ്ക്ക് എത്ര രൂപയുടെ ധനസഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർഷം ഒരു മണ്ഡലത്തിൽ ജൈവവൈവിദ്ധ്യ ഉദ്യാനത്തിന് എത്ര രൂപ വീതം എത്ര വിദ്യാലയങ്ങൾക്കാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗവ.എച്ച്.എസ്.എസ്. ചന്തിരൂർ, ജി.എച്ച്.എസ്.എസ്. തിരുനല്ലൂർ.

(ബി) തിരുനല്ലൂർ ഹയർ സെക്കന്ററി സ്കൂൾ ലഭ്യമാക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് പരമാവധി 3 കോടി രൂപ അനുവദിക്കുന്നതാണ്. മറ്റ് സ്കൂളുകളുടെ കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി എയ്ഡഡ് സ്കൂളായ സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. എരമല്ലൂരിന് ധനസഹായം അനുവദിക്കാൻ നിർവ്വാഹമില്ല. സർക്കാർ സ്കൂളായ മറ്റത്തിൽഭാഗം എൽ.പി. സ്കൂളിന്റെ മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) 'ജൈവവൈവിദ്ധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

119 (944) ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഭൗതിക സൗകര്യങ്ങളും അദ്ധ്യായന നിലവാരവും മെച്ചപ്പെടുത്തി കൊണ്ട് പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) മതനിരപേക്ഷ പുരോഗമന പൗരബോധം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി മാതൃഭാഷയിലുള്ള അദ്ധ്യായനം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് :

(1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

(3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

(4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപ ഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾകൂടി ഉൾപ്പെടുത്തി വിവരസാങ്കേതി കാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്.

**ബൈട്രാൻസ്ഫർ നിയമനത്തിലെ അവ്യക്തത**

120 (945) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് ഹയർ സെക്കന്ററി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിൽ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചതു കാരണം പ്രസ്തുത അദ്ധ്യാപകർ സെലക്ഷൻ കമ്മിറ്റി കൂടാതെ നിയമനാംഗീകാരം ലഭിച്ചവർ, നിയമനാംഗീകാരം നിരസിച്ചതിനുശേഷം സെലക്ഷൻ കമ്മിറ്റി കൂടി വീണ്ടും നിയമനാംഗീകാരം ലഭിച്ചവർ, നിയമപ്രകാരം സെലക്ഷൻ കമ്മിറ്റി കൂടിയശേഷം നിയമനാംഗീകാരം ലഭിച്ചവർ എന്നിങ്ങനെ നിലവിൽ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.ഡി.ഡി. ഓഫീസുകളിൽനിന്നും തെറ്റായ നിർദ്ദേശം ലഭിച്ചതിലൂടെ ഇതിൽ ഒരു വിഭാഗത്തിന് സെലക്ഷൻ കമ്മിറ്റി കൂടാതെയുള്ള നിയമനാംഗീകാരമാണ് ലഭിച്ചിട്ടുള്ളതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) മറ്റൊരു വിഭാഗത്തിന് ആർ.ഡി.ഡി. ഓഫീസുകളിൽനിന്നും തെറ്റായ നിർദ്ദേശം ലഭിച്ചതിലൂടെ നിയമനം ലഭിച്ച തീയതി മുതലുള്ള സർവ്വീസ് നഷ്ടപ്പെട്ടിരിയ്ക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ ബൈടാൻസ്ഫർ നിയമനം ലഭിയ്ക്കുന്നവർക്ക് സെലക്ഷൻ കമ്മിറ്റി കൂടണമെന്ന മാനദണ്ഡം ഒഴിവാക്കി മുൻകാല പ്രാബല്യത്തോടെ എല്ലാവർക്കും അവർ അനുഷ്ഠിച്ച സേവനകാലം അംഗീകരിച്ച് നിയമനാംഗീകാരം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വിദ്യാലയങ്ങളിലെ വാർഷികാഘോഷങ്ങൾ**

121 (946) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ വാർഷികാഘോഷങ്ങൾ നടത്തുന്നതിന് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പല വിദ്യാലയങ്ങളും വൈകുന്നേരങ്ങളിലും രാത്രികാലങ്ങളിലും വാർഷികാഘോഷങ്ങൾ നടത്തുന്നത് വിദ്യാർത്ഥിനികൾക്കും അദ്ധ്യാപികമാർക്കും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാർഷികാഘോഷങ്ങൾക്കായി സ്കൂൾ അധികൃതർക്ക് പണം പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്കൂൾ വാർഷികാഘോഷങ്ങൾ രാത്രികാലങ്ങളിൽ നടത്തുന്നത് ഒഴിവാക്കുവാനും വാർഷികാഘോഷങ്ങൾക്കായുള്ള നിർബന്ധിത പണപ്പിരിവ് ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിബന്ധനകൾ നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനുമതി നൽകിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പാഠപുസ്തകങ്ങളുടെ സൗജന്യ വിതരണം

122 (947) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി ഓരോ വർഷവും എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) 2016-17-ലെ കണക്ക് പ്രകാരം 22,34,928 വിദ്യാർത്ഥികൾക്കാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തത്.

(ബി) 2016-17-ലെ കണക്ക് പ്രകാരം 4461.13 (നാലായിരത്തി നാനൂറ്റി അറുപത്തിയൊന്ന് ദശാംശം ഒന്ന് മൂന്ന്) ലക്ഷം രൂപ ചെലവഴിച്ചിരുന്നു.

## വിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ

123 (948) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ആരുടെയെല്ലാം സഹായത്തോടെയും പങ്കാളിത്തത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പഠനത്തോടൊപ്പം പ്രകൃതി സന്തുലനം നിലനിർത്താനുള്ള ഉദ്യമങ്ങളിൽ പങ്കാളിയാവുക എന്ന സംസ്കാരം പുതുതലമുറയിൽ സൃഷ്ടിയ്ക്കാൻ ഈ പദ്ധതി എത്രത്തോളം സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന മിക്ക പ്രവർത്തനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്.

(ബി) ശുചിത്വ മിഷൻ കേരളയുടെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) പഠനത്തോടൊപ്പം പ്രകൃതി സംരക്ഷണവും സന്തുലനവും നിലനിർത്താനുള്ള ഉദ്യമങ്ങളിൽ പങ്കാളിയാവുക എന്ന സംസ്കാരം പുതുതലമുറയിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളൂ.

**പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തൽ**

124 (949) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈടെക് ആക്കുന്നതിന് 5 കോടി അനുവദിച്ചിരിക്കുന്ന സ്കൂളുകളിൽ നിർവ്വഹണ ഏജൻസിയായി ഏതെല്ലാം ഏജൻസികളെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്;

(ബി) നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈടെക് ആക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിരിക്കുന്ന സ്കൂളുകളിൽ നിർവ്വഹണ ഏജൻസിയായി സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ നടപടി**

125 (950) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്ക് ചോദ്യങ്ങൾ തയ്യാറാക്കുവാൻ നിയോഗിച്ചിരുന്നത് ഏതു വിഭാഗം അദ്ധ്യാപകരെയായിരുന്നുവെന്നും 2016-17 അദ്ധ്യായന വർഷത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി നിയോഗിച്ചത് ഏതു വിഭാഗം അദ്ധ്യാപകരെയായിരുന്നുവെന്നും വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016-17 അദ്ധ്യായന വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷാ ചോദ്യപേപ്പറുകളിൽ പലതിലും സിലബസ്സിനു പുറത്തുള്ളതും, ചോദ്യകർത്താക്കളുടെ പാണ്ഡിത്യം വിലയിരുത്തുന്നതുമായ ചോദ്യങ്ങൾ ഉണ്ടായിരുന്നതിനെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികൾക്കു ജയിക്കുവാനും ഗ്രേഡുകൾ നഷ്ടപെടാതിരിക്കാനുമായി എന്തു പരിഹാരനടപടിയാണ് ചെയ്യുവാനുദ്ദേശിക്കുന്നതെന്നും, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നിയോഗിച്ചിരുന്നത് അതാത് വിഷയങ്ങൾക്ക് എസ്.സി.ഇ.ആർ.റ്റി. നൽകുന്ന പാനലിൽ നിന്നുള്ള അദ്ധ്യാപകരെയാണ്. 2016-17 അദ്ധ്യയന വർഷത്തിലും എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കി നൽകിയ പാനലിൽ നിന്നുള്ള അദ്ധ്യാപകരെയാണ് ചോദ്യം തയ്യാറാക്കുന്നതിനായി നിയോഗിച്ചിരുന്നത്, ഇതിൽ കോളേജ് അദ്ധ്യാപകരും ഹയർ സെക്കന്ററി അദ്ധ്യാപകരും ഉൾപ്പെട്ടിട്ടുണ്ട്. 1991-ൽ ഹയർ സെക്കന്ററി രൂപീകരിച്ചതു മുതൽ ഒന്നും രണ്ടും വർഷ പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നത് കോളേജ്/ സർവ്വകലാശാല അദ്ധ്യാപകരാണ്. 2011 മുതൽ ഒന്നാം വർഷ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ഹയർ സെക്കന്ററി അദ്ധ്യാപകരാണ്. 2016-17 വർഷവും അതേ രീതി തന്നെയാണ് പിന്തുടർന്നിട്ടുള്ളത്.

(ബി) 2017-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 20-3-2017-ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പർ കഠിനമായിരുന്നുവെന്ന് പൊതുവെ പരാതിയുണ്ടായിരുന്നു. രണ്ടാം വർഷ ഹയർസെക്കന്ററി കണക്ക് പരീക്ഷയിൽ 5 മാർക്കിന്റെയും, ജേർണലിസം പരീക്ഷയിൽ 17 മാർക്കിന്റെയും ചോദ്യങ്ങൾ പാഠഭാഗത്തിന് പുറത്തുള്ളതായിരുന്നു. ഇതിനു പുറമേ രണ്ടാം വർഷ ഇക്കണോമിക്സ് പരീക്ഷയിൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളുടെ അനുപാതം മുൻകൂട്ടി നിശ്ചയിച്ചതിനേക്കാൾ അധികമായിരുന്നു.

(സി) 20-3-2017-ൽ നടന്ന എസ്.എസ്.എൽ.സി. ഗണിതശാസ്ത്രം പരീക്ഷ പൊതുവെ കഠിനമായിരുന്നതിനാലും ചോദ്യപേപ്പറിനെക്കുറിച്ച് വിവാദം ഉണ്ടായതിനാലും പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് 30-3-2017-ന് പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഹയർ സെക്കന്ററിയിൽ മൂല്യനിർണ്ണയ ക്യാമ്പുകൾക്കു മുന്നോടിയായി സംഘടിപ്പിക്കുന്ന സ്കീം ഫൈനലൈസേഷൻ ക്യാമ്പിൽ വച്ച് വിദഗ്ധരായ അദ്ധ്യാപകർ മൂല്യനിർണ്ണയ

മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. സംസ്ഥാന തലത്തിൽ നടക്കുന്ന ഇത്തരം ക്യാമ്പുകളിൽ ഏതാനും ഉത്തരക്കടലാസുകൾ പരിശോധിച്ച ശേഷമാണ് മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്. പരിശോധനയിൽ കുട്ടികൾ പ്രയാസം നേരിടുന്നുവെന്ന ബോധ്യപ്പെടുന്ന അവസരത്തിൽ അത്തരം ചോദ്യങ്ങളുടെ ഉത്തരങ്ങൾ വിലയിരുത്തുമ്പോൾ ഉദാര സമീപനം വേണമെന്ന് നിർദ്ദേശം നൽകുന്നു. ഈ സ്കീം DHSE പോർട്ടലിൽ പൊതുജനങ്ങൾക്കും ലഭ്യമാണ്. ഇതിനു പുറമേ ആവശ്യമുണ്ടെന്ന ബോധ്യപ്പെടുന്ന അവസരങ്ങളിൽ മോഡറേഷൻ നൽകാൻ പരീക്ഷാ ബോർഡിനും സാധിക്കുന്നതാണ്. പരീക്ഷയ്ക്കു പൊതുവിലും, ചില വിഷയങ്ങൾക്ക് പ്രത്യേകമായും മോഡറേഷൻ നൽകുന്ന രീതിയും പരീക്ഷാബോർഡുകൾക്ക് കൈക്കൊള്ളാവുന്നതാണ്. വരും കാലങ്ങളിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു :

1. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലെ മേൽനോട്ട/സൂക്ഷ്മ പരിശോധന സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.

2. വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുക.

3. ചോദ്യ ബാങ്ക് സംവിധാനത്തിന്റെ സാധ്യത ആരായുക.

**ഐക്യരാഷ്ട്രസഭയുടെ പ്രകൃതി സംരക്ഷണ സന്ദേശം**

126 (951) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയുടെ പ്രകൃതി സംരക്ഷണ സന്ദേശം ഉൾക്കൊണ്ട് അതിന്റെ തുടർച്ചയായി കേരളത്തിലെ വിദ്യാലയങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ പൂർണ രൂപം വെളിപ്പെടുത്തുമോ;

(ബി) പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ സംസ്ഥാനത്ത് വിവിധ ഗവൺമെന്റു വിദ്യാലയങ്ങളിൽ പലവിധ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഉദ്ദേശിച്ച ഫലം ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ വിഭാവനം ചെയ്യുന്ന പദ്ധതികളെങ്കിലും സദുദ്ദേശ്യത്തോടെ നടപ്പാക്കുന്നതിനും കേരളം "ദൈവത്തിന്റെ സ്വന്തം നാട്" എന്നത് സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷത്തിൽ 'ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ' എന്ന പദ്ധതി സംസ്ഥാനത്തെ പരമാവധി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി&സി) സർക്കാർ വിദ്യാലയങ്ങളിൽ ഹരിത ക്ലബുകൾ രൂപീകരിച്ചും, പി.ടി.എ.-യുടെ സഹകരണത്തോടെ പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക., പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വിദ്യാർത്ഥികളുടെ പഠന നിലവാരം

127 (952) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എസ്.എസ്.എൽ.സി. പ്ലസ്ടു വിദ്യാർത്ഥികൾക്ക് മാർക്ക്ദാനം നടത്തുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മാർക്ക്ദാനം നടത്തുന്നതും ഉദാരമൂല്യനിർണ്ണയം നടത്തുന്നതും കാരണം വിദ്യാർത്ഥികളുടെ പഠനനിലവാരം കുറയുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നിലവിൽ മാർക്ക് ദാനം നടത്താറില്ല. ഹയർ സെക്കന്ററിയിൽ പാഠഭാഗത്തിനു പുറത്തുനിന്നുള്ള ചോദ്യങ്ങൾ, ഉയർന്ന തോതിലുള്ള കഠിന ചോദ്യങ്ങൾ, തെറ്റായ ചോദ്യങ്ങൾ എന്നീ ഘട്ടങ്ങളിൽ മാത്രമാണ് ഉദാരമൂല്യനിർണ്ണയം എന്ന സമീപനം കൈക്കൊള്ളാറുള്ളത്. അതു മാർക്കുദാനമായി കാണാനാവില്ല. അതതു കാലത്തെ സാഹചര്യങ്ങളെ വിലയിരുത്തി പരീക്ഷകൾക്ക് പൊതുവിലും, വിഷയാടിസ്ഥാനത്തിൽ പ്രത്യേകിച്ചും മോഡറേഷൻ നൽകാൻ അതതു പരീക്ഷാ ബോർഡുകൾക്ക് അവകാശമുണ്ട്. ഈയിടെയായി പരീക്ഷാ ബോർഡുകൾ മോഡറേഷൻ സമ്പ്രദായത്തെ ഒട്ടും പ്രോത്സാഹിപ്പിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിദ്യാഭ്യാസ വകുപ്പ് നടത്തിയ പരീക്ഷകൾ

128 (953) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസവകുപ്പ് നടത്തിയ ഏതെല്ലാം പരീക്ഷകളിലാണ് വീഴ്ച കണ്ടെത്തിയിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് ഈ വീഴ്ചകളുണ്ടായതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എസ്.എസ്.എൽ.സി. കണക്ക് പരീക്ഷ റദ്ദാക്കി വീണ്ടും നടത്തിയതുമൂലം ഏകദേശം എത്ര വിദ്യാർത്ഥികളാണ് പ്രയാസമനുഭവിക്കേണ്ടിവന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ ഇത്തരം വീഴ്ചകൾ കാരണം മാനസിക സംഘർഷം അനുഭവിക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ 20-3-2017-ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷ റദ്ദാക്കി 30-3-2017-ൽ പുനഃപരീക്ഷ നടത്തുകയുണ്ടായി. 20-3-2017-ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പറിലുള്ള ചോദ്യങ്ങളും ഒരു സ്വകാര്യ സ്ഥാപനം നടത്തിയ മോഡൽ പരീക്ഷയുടെ ചോദ്യങ്ങൾക്കും സാമ്യമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പരീക്ഷ റദ്ദാക്കിയതും പുന:പരീക്ഷ നടത്തിയതും. ഹയർസെക്കന്ററി പരീക്ഷയിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. 2017 മാർച്ചിലെ പരീക്ഷകൾക്കുവേണ്ടി 226 ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിൽ 5 ചോദ്യപേപ്പറുകളെ സംബന്ധിച്ച് പാഠഭാഗത്തിനു പുറത്തു നിന്നുള്ള ചോദ്യങ്ങൾ, കഠിനമായ ചോദ്യങ്ങൾ, ചോദ്യങ്ങളിലെ സമാനത എന്നീ പരാതികൾ ഉയർന്നിട്ടുണ്ട്.

(ബി) ഇല്ല.

(സി) മേൽ പരാതികൾ ഉയർന്നപ്പോൾ പ്രസ്തുത ചോദ്യപേപ്പറുകളെ സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി.-യിലെ വിദഗ്ദ്ധരുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകരയിലെ സ്കൂളുകളിൽ ജൈവപാർക്ക്**

129 (954) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ജൈവപാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചോയെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവപാർക്ക് സ്ഥാപിക്കുന്നതിന് പരിഗണിക്കുന്നതിനുവേണ്ടി നൽകിയ സ്കൂളുകളിൽ ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് എന്ന് നൽകാൻ കഴിയും; ഈ പദ്ധതി 2017-18-ൽ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഭരണാനുമതി പുറപ്പെടുവിച്ചു കഴിഞ്ഞാൽ സ്കൂളുകളിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ പരമാവധി സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണം**

130 (955) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസസംരക്ഷണത്തിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എൽ.പി., യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

(1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

(3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

(4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾകൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും, ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കും, എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പാക്കും, 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും.

### ഭിന്നശേഷിക്കാരായിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസം

131 (956) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുട്ടികളുടെ ശേഷികൾ പരമാവധി വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ (പാഠ്യ പദ്ധതികൾ ഉൾപ്പടെ) തയ്യാറാക്കി നടപ്പിലാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും ഭാഗമായി എസ്.എസ്.എ. ആർ.എം.എസ്.എ., എസ്.സി.ഇ.ആർ.റ്റി. മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) സംയോജിത വിദ്യാഭ്യാസ പദ്ധതിയിലൂടെ ഭിന്നശേഷിയുള്ള കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ വിതരണം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ഓട്ടിസം സെന്ററുകളിൽനിന്ന് ലഭിക്കുന്ന സേവനം, അദ്ധ്യാപക ശാക്തീകരണ പരിപാടികൾ, രക്ഷകർത്തൃ ബോധവൽക്കരണ പരിപാടികൾ, ഫിസിയോതെറാപ്പി, ഒക്കേഷണൽ തെറാപ്പി എന്നിവ ലഭ്യമാക്കൽ, സഹവാസ ക്യാമ്പ്, ഭൗതികസാഹചര്യങ്ങളുടെ അനുരൂപീകരണം, പാഠ്യപദ്ധതി അനുരൂപീകരണം, സായന്തനവേദി, പരിഹാര ബോധന ക്ലാസ്സുകൾ, ദിനാചരണങ്ങൾ എന്നിവ നടത്തിവരുന്നു. ആർ.എം.എസ്.എ. പദ്ധതി മുഖേന IX-XII ക്ലാസ്സുവരെ പഠിക്കുന്ന ശാരീരികവും ബൗദ്ധികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് IEDSS. ആർ.എം.എസ്.എ. റിസോഴ്സ് അദ്ധ്യാപകർക്ക് ഇൻ-സർവ്വീസ്-ട്രെയിനിംഗ്, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് ഓറിയന്റേഷൻ പ്രോഗ്രാം, എൺവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, കുട്ടികൾക്ക് പഠനസഹായ ഉപകരണങ്ങൾ ബുക്ക്സ് ആന്റ് സ്റ്റേഷനറി, വിവിധ അലവൻസ് വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ ബൗദ്ധികമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി. മുഖേന പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളതും അതിൻ പ്രകാരം അദ്ധ്യാപകർക്കുള്ള കൈ പുസ്തകങ്ങൾ (8 ടൈറ്റിൽ) കുട്ടികൾക്കുള്ള വർക്ക്ബുക്കുകൾ (8 ടൈറ്റിൽ) എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഇവർക്കായി തയ്യാറാക്കിയ പാക്കേജിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 84 വിദ്യാലയങ്ങളിൽ ഫിസിയോ/സ്പീച്ച് തെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസസമ്പ്രദായം ശക്തിപ്പെടുത്തുവാനുള്ള പദ്ധതികൾ**

132 (957) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസസമ്പ്രദായത്തിൽ മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികവും അക്കാദമികവുമായി കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി മുഖേന നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞമെന്ന പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ

സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു. അദ്ധ്യാപക ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ on site supporting സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

(1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

(2) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

(3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുന്നതിനായി അവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക.

(5) ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.

(6) അദ്ധ്യാപക ശാക്തീകരണത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(7) കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമിക/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

133 (958) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി "ഹൈടെക്ക്" ആക്കുന്നതുമായി ബന്ധപ്പെട്ട് കായംകുളം മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള കീരിക്കാട് ഗവൺമെന്റ് എൽ.പി.എസ്., കായംകുളം എരുവ ഗവൺമെന്റ് എൽ.പി.എസ്. എന്നിവയിൽ നിലവിലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. എൽ.പി. സ്കൂളുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2017-18 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം**

134 (959) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറായിട്ടുണ്ടോയെന്നും അവ എന്നു മുതൽ വിതരണം ചെയ്തു തുടങ്ങുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തേക്കുള്ള 12-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങളുടെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചു വരുന്നു.

**മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്**

135 (960) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് 23-2-2017-ൽ സർക്കാർ തലത്തിൽ നിയോഗിച്ച വിദഗ്ദ്ധ സംഘം സന്ദർശനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ.ന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) "കിഫ്ബി " ധനസഹായം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ 52 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളും 7 എഞ്ചിനീയറിംഗ് കോളേജുകളും 9 പോളിടെക്നിക്കുകളും മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും, സ്മാർട്ട് ക്ലാസുകൾ, അന്തർദ്ദേശീയ നിലവാരത്തിലുള്ള ലബോറട്ടറികൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നവീകരണ നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനായി പ്രമുഖ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സംഘം കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക സൗകര്യങ്ങൾ എന്നിവ വിലയിരുത്തുകയും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾക്കുശേഷം വിശദമായ DPR (Detailed Project Report) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കോളേജ് കൗൺസിലും വിദഗ്ദ്ധ സമിതിയും DPR അംഗീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ**

136 (961) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ രംഗത്ത് ഘടനാപരമായ മാറ്റങ്ങൾ വരുത്തി പുതിയൊരു അക്കാദമിക് സംസ്കാരം തന്നെ വാർത്തെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വകുപ്പിന്റെ കീഴിൽ കിഫ്ബി പദ്ധതി മുഖേന കേരളത്തിൽ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ

പദ്ധതിയിൽ നിന്ന് 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട് ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയ പല പദ്ധതികളും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. ഉന്നത വിജ്ഞാനത്തിന്റെ ഗുണനിലവാരം സാമാന്യജനത്തിനു കൂടി പ്രയോജനമാക്കുക എന്ന ലക്ഷ്യത്തോടെ 'പ്രബുദ്ധത' എന്ന ഒരു നൂതന പദ്ധതി ഈ സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

**ആർട്സ് ആന്റ് സയൻസ് കോളേജുകൾ**

137 (962) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കോളേജ് കാമ്പസുകൾ ഡിജിറ്റലൈസ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി DPR (Detailed Project Report) തയ്യാറാക്കിവരുന്നു. ആർട്സ് ആന്റ് സയൻസ് കോളേജുകളെ

മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു യു.ജി.സി.-യുടെ "കോളേജസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് " പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ഫറൂഖ് കോളേജ്, കോഴിക്കോട് സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട് എന്നീ കോളേജുകൾക്ക് പുറമെ കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, ലിറ്റിൽ ഫ്ലവർ കോളേജ്, ഗുരുവായൂർ, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട, വിമല കോളേജ്, തൃശ്ശൂർ എന്നിവയുംകൂടി "കോളേജ് വിത്ത് പ്രൊട്ടൻഷ്യൽ ഫോർ എക്സലൻസ് " പദവി നൽകി വികസന സഹായം നൽകാൻ യു.ജി.സി. തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കിവരുന്നു. കൂടാതെ, കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'വൈജ്ഞാനിക പര്യാവരൺ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതി സംസ്ഥാനത്ത് ഒരു ക്യാമ്പസ്സിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്നുണ്ട്.

(ബി) ഉണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ്സിൽ പ്രധാന ലൈബ്രറിയിൽ ഡിജിറ്റലൈസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും ക്യാമ്പസിൽ സമ്പൂർണ്ണ വൈ.ഫൈ. ഏർപ്പെടുത്തുന്നതിനും ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലബോറട്ടറികൾ നിർമ്മിക്കുന്നതിനും പഠന വകുപ്പുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ക്യാമ്പസ് ഡിജിറ്റലൈസേഷന്റെ ഭാഗമായി 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന്റെ' (RUSA) ധനസഹായത്തോടു കൂടി നടപ്പിലാക്കി വരുന്നു. ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി DPR (Detailed Project Report) തയ്യാറാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളീടെക്നിക്ക് കോളേജുകളിലും ക്യാമ്പസ് നെറ്റ്വർക്കിംഗ് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈബ്രറികളുടെ ആധുനികവത്ക്ക

രണത്തിലൂടെയും വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യമിടുന്നു. കൊച്ചി സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റുകളിലെ ഹോസ്റ്റൽ ഫീസ് സ്വീകരിക്കുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണ്. കൊച്ചി സർവ്വകലാശാലയിൽ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. മലയാള സർവ്വകലാശാലയിലെ ലൈബ്രറി, ക്ലാസ്മുറികൾ, ലാബുകൾ, സ്റ്റാഫ്റൂം, ഓഫീസ് തുടങ്ങിയ ഇടങ്ങളിൽ പരമാവധി കമ്പ്യൂട്ടറൈസ് ചെയ്ത് ഡിജിറ്റലൈസേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ നെറ്റ്വർക്കിംഗ്, സൗജന്യ വൈ.ഫൈ. സേവനം, ഇന്റർനെറ്റ് തുടങ്ങിയവ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്.

## സ്വകാര്യ മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

138 (T* 963) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വകാര്യ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് വ്യാപക പരാതി ഉയർന്നുവരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ പ്രഥമ സെനറ്റ് യോഗം, അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന, വേതന വ്യവസ്ഥകൾ പഠിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സെനറ്റ് അംഗം കൂടിയായ പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഏഴംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത സെനറ്റ് യോഗത്തിന് മുൻപാകെ സമർപ്പിക്കുന്നതാണ്. കൂടാതെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പരാതികൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 12-4-2017-ൽ ചേർന്ന കേരള ആരോഗ്യ സർവ്വകലാശാല ഗവേണിംഗ്

* " T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൗൺസിലിന്റെ തീരുമാന പ്രകാരം പ്രോ-വൈസ് ചാൻസലർ ചെയർമാനായും സർവ്വകലാശാലയിലെ ഡീൻ (റിസർച്ച്), ഡീൻ (അക്കാദമിക്), ഡീൻ (സ്റ്റുഡന്റ് അഫയേഴ്സ്) എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ലഭിച്ച സ്വാശ്രയ കോളേജുകളെ സംബന്ധിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനായി സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ കോളേജുകളിലും പി.ടി.എ. സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായി മൂന്നംഗ കമ്മിറ്റിയും, ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഠിക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറായി നാലംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

## സ്വാശ്രയ വിദ്യാഭ്യാസ നിയമം

139 (T* 964) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനും ഫലപ്രദമായ നടത്തിപ്പിനുമായി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് ദിനേശൻ, ഡോ. ആർ. വി. ജി. മേനോൻ എന്നിവരടങ്ങിയ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ ലഭിക്കുന്ന മുറയ്ക്ക് സമഗ്രമായതും പഴുതടച്ചതുമായ ഒരു സ്വാശ്രയ വിദ്യാഭ്യാസ നിയമം കേരളത്തിൽ രൂപീകരിച്ച് നടപ്പിലാക്കുമോ;

(സി) ഒരു അദ്ധ്യയന വർഷം കൂടി അടുത്തു വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിയമം അടിയന്തരമായി നടപ്പിലാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ സർക്കാർ കോളേജുകൾ

140 (965) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ സർക്കാർ കോളേജുകളുടെ വികസനത്തിന് അതതു കോളേജുകൾ എന്തെല്ലാം പദ്ധതികൾ ആണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യകതമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചിറ്റൂർ നിയോജകമണ്ഡലത്തിലെ കോളേജുകളുടെ വികസനത്തിനായി അതതു കോളേജുകൾ തയ്യാറാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. കോളേജ് അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയവ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കോളേജുകളിലെ സായാഹ്ന ക്ലാസുകൾ

141 (966) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും മറ്റ് ജോലി ചെയ്യുന്നവർക്കും കൂടുതൽ വിദ്യാഭ്യാസം നേടുന്നതിന് സഹായകമായിരുന്ന കോളേജുകളിലെ സായാഹ്ന ക്ലാസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അടക്കം എല്ലാ ജില്ലകളിലും ഒരു സർക്കാർ കോളേജിലെങ്കിലും സായാഹ്ന ക്ലാസുകൾ ആരംഭിക്കുമോ?

ഉത്തരം

(എ) വിവിധ കോളേജുകളിൽ എം.ബി.എ., എൽ.എൽ.ബി., ബി.ടെക്. തുടങ്ങിയ കോഴ്സുകൾക്ക് സായാഹ്ന പഠന സൗകര്യം ഇപ്പോൾ നിലവിലുണ്ട്. എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പാർട്ടൈം ബി.ടെക്. കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. വിദൂര വിദ്യാഭ്യാസ കോഴ്സ്സുകൾക്കുള്ള അംഗീകാരം യു.ജി.സി. പുനഃസ്ഥാപിച്ച് നല്കിയത് പ്രകാരം പ്രവേശനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 1997-ൽ നിയമനങ്ങൾ ബാൻ ചെയ്യപ്പെടാത്ത കോളേജുകളിലെ അദ്ധ്യാപക നിയമനം

142 (967) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി അബോളിഷൻ ആക്ടിലെ സെക്ഷൻ 5 പ്രകാരമുള്ള അധ്യാപക നിയമന നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കപ്പെട്ട കോളേജുകളിലെ നിയമനങ്ങളെ കുറിച്ച് 1997 ജൂലൈ 3-ലെ 11899/97/ഉ.വി.വ. ഉത്തരവ് അനുസരിച്ച് പ്രഖ്യാപിച്ച നയം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1998-2001 കാലഘട്ടത്തിൽ പുതിയ കോഴ്സുകൾ അനുവദിച്ചപ്പോൾ മേൽപ്പറഞ്ഞ നയം നടപ്പിലാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തു കാരണത്താലാണ് പ്രസ്തുത നയം നടപ്പിലാക്കാതിരുന്നതെന്നറിയിക്കാമോ ;

(സി) ബാനിൽ നിന്ന് ഒഴിവാക്കപ്പെട്ട കോളേജായ പാങ്ങോട് മന്നാനിയ കോളേജിൽ ബികോം (ടി.ടി.എം.) കോഴ്സിൽ സൈക്കോളജി അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കുകയും നിയമന ദിവസം മുതൽ ശമ്പളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൊമോഷൻ വഴിയുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമന നിരോധനം ബാധകമല്ലെന്നും, നിശ്ചിത കാലയളവിലേയ്ക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് നിരോധനം ഇല്ലെന്നും വേക്കൻസിയുടെ അഭാവത്തിൽ പുറത്താക്കപ്പെട്ട അദ്ധ്യാപകർ 24-4-1997 പ്രാബല്യത്തിൽ നിയമിക്കപ്പെടാൻ യോഗ്യരാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിയമിക്കാവുന്നതാണെന്നും പ്രീഡിഗ്രി ഇല്ലാത്ത സിംഗിൾ മാനേജുമെന്റ് കോളേജുകളിൽ അനദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും നിയമനത്തിന് നിരോധനം ഇല്ലെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ്&ടെക്നോളജി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിലെ നിയമനങ്ങൾക്ക് നിരോധനം ഇല്ലെന്നും നിലവിലെ ഒഴിവുകൾ സ്ഥലം മാറ്റം മുഖേന നിലവിലുള്ള ജീവനക്കാരിൽ നിന്നും നികത്താവുന്നതാണെന്നും പ്രീ-ഡിഗ്രി നിർത്തലാക്കിയതു വഴിയുള്ള അധിക അദ്ധ്യാപകരെ നിലനിർത്തിയതിനുശേഷം പുതിയ തസ്തികകൾ സൃഷ്ടിക്കുക/ നികത്തുക എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടത് Empowered Committee ആണെന്നുമാണ് സർക്കാർ നയം.

(ബി) സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകരുതെന്ന വ്യവസ്ഥകളിൽ 1998-2001 കാലയളവിൽ അനുവദിച്ച കോഴ്സുകളിൽ നിയമനം ലഭിച്ചവർക്ക് SLP ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റി അപ്രൂവൽ നൽകിയ തീയതി മുതൽ കുടിശ്ശിക അനുവദിച്ച് പി.എഫ്.-ൽ ലയിപ്പിക്കുന്നതിന് 11-9-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 580/15/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) പാങ്ങോട് മന്നാനിയ കോളേജിൽ ബി.കോം (ടി.ടി.എം.) കോഴ്സിൽ സൈക്കോളജി വിഭാഗം നിയമനം ലഭിച്ച അദ്ധ്യാപിക ടി കോളേജിൽ നിന്നും വിടുതൽ ചെയ്യുന്നതുവരെ നിയമനം അംഗീകരിക്കുകയോ ശമ്പളം അനുവദിക്കുകയോ ചെയ്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് ബാൻ ഇല്ലെങ്കിലും അനുമതി ആവശ്യമായിരുന്നു. അദ്ധ്യാപക തസ്തിക അനുവദിക്കാതിരുന്നതിനാലാണ് നിയമനാംഗീകാരം നൽകാത്തതും ശമ്പളം അനുവദിക്കാത്തതും.

**കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്**

143 (968) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പാർട്ട് ടൈം ബി. ടെക്(സിവിൽ) കോഴ്സ് നടത്തിയിരുന്നുവോ; എങ്കിൽ ഏതുവർഷമാണ് ഈ കോഴ്സ് ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ കോഴ്സ് ഇവിടെ തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) കോളേജിൽ ഈ കോഴ്സ് പുനരാരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അംഗീകാരവും കെ.ടി.യു. അഫിലിയേഷനും ലഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത അംഗീകാരവും അഫിലിയേഷനും നേടിയെടുക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012 വർഷമാണ് കോഴ്സ് ആരംഭിച്ചത്.

(ബി) 2015 അക്കാദമിക് വർഷം മുതൽ പ്രസ്തുത കോഴ്സ് നടത്തുന്നില്ല. എ.ഐ.സി.ടി.ഇ. അംഗീകാരവും യൂണിവേഴ്സിറ്റി അഫിലിയേഷനും ലഭിക്കാത്തതാണ് കോഴ്സ് നടത്താതിരിക്കാൻ കാരണം.

(സി&ഡി) എ.ഐ.സി.ടി.ഇ. അംഗീകാരവും യൂണിവേഴ്സിറ്റി അഫിലിയേഷനും നേടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## നാദാപുരത്ത് സർക്കാർ പോളിടെക്നിക്

144 (T*969) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര മേഖലയായ നാദാപുരം മണ്ഡലത്തിൽ സർക്കാർ പോളിടെക്നിക് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

നാദാപുരം മണ്ഡലത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിന്റെ പ്രായോഗിക സാദ്ധ്യതയും ചെലവു വിവരങ്ങളും പരിശോധിച്ചു വരുന്നു.

## വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനം

145 (970) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ (ക്ളോത്തിംഗ്&എംബ്രോയ്ഡറി) - (799-12930 PR) കാറ്റഗറി നമ്പർ 41/2005 എന്ന തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; ഈ ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് നിയമനം നൽകിയത്; വ്യക്തമാക്കുമോ;

(ബി) നിയമനം ലഭിച്ച ആരെയെങ്കിലും പിന്നീട് സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ പിരിച്ചുവിടപ്പെട്ടവർക്ക് പിന്നീട് സർവ്വീസിൽ പുനർനിയമനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പുനർനിയമനം ലഭിച്ചത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പിരിച്ചുവിടപ്പെട്ട മുഴുവൻപേർക്കും പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീമതി ഭവാനി കെ. എന്നവർക്ക് പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുനർനിയമനം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഭവാനി.കെ സർക്കാരിനു സമർപ്പിച്ച അപേക്ഷയിൽ [799/2017/Nor/M(Edn dt. 3-1-2017] എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(എഫ്) ശ്രീമതി ഭവാനിയ്ക്ക് പുനർനിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* " T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് 26-4-2005-ലാണ്. ടി ലിസ്റ്റിൽ നിന്ന് ഒൻപത് പേർക്ക് നിയമനം നൽകി.

(ബി) ഉണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയില്ല എന്ന കോടതി ഉത്തരവുകളെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ഒമ്പത് പേരുടെ നിയമന ശിപാർശ റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ ഇവരുടെ നിയമനം റദ്ദ് ചെയ്തത്.

(സി) ഉണ്ട്. 4-9-2015-ലെ സ.ഉ. (കൈ) നമ്പർ 232/2015/പൊ.വി.വ. പ്രകാരം 6 പേർക്കും 27-6-2016-ലെ സ.ഉ. (സാധാ) നമ്പർ 2044/2016/പൊ.വി.വ. പ്രകാരം ഒരാൾക്കും പുനർ നിയമനം കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. മറ്റ് രണ്ട് പേർ അന്യവകുപ്പിൽ ജോലി സ്വീകരിക്കുന്നതിന് നേരത്തെതന്നെ വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിന്ന് വിടുതൽ നേടിയവരാണ്.

(ഡി) ഉണ്ട്. ഒമ്പതുപേരുടെ നിയമന ശിപാർശ റദ്ദ് ചെയ്തതിന് തുടർച്ചയായി പി.എസ്.സി. പുതുതായി ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ ഒരാളാണ് ശ്രീമതി കെ. ഭവാനി. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ടിയാൾക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയില്ലെന്ന് ഉത്തരവായതിനെ തുടർന്നാണ് ടി പ്രൊബേഷണറുടെ സേവനം റദ്ദ് ചെയ്തത്. ടിയാൾക്ക് പുനർ നിയമനം കൊടുത്തിട്ടില്ല.

(ഇ) പുനർ നിയമനം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഭവാനി സമർപ്പിച്ച 3-10-2015-ലെയും 2-9-2016-ലെയും ഹർജികൾ, നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അനുവദനീയമല്ലാത്തതിനാൽ നിരാകരിച്ചിട്ടുണ്ട്. വീണ്ടും ടിയാൾ സർക്കാരിൽ സമർപ്പിച്ച 799/2017/Nor/M(Edn) തീയതി 3-1-2017 നമ്പർ അപേക്ഷ ഈ വകുപ്പിലെ 1201324/എസ്.സി2/2017/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

(എഫ്) ശ്രീമതി കെ. ഭവാനി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗവൺമെന്റ് പോളിടെക്നിക്കുകളിലെ സി.എ.ബി.എം. അദ്ധ്യാപക നിയമനം

146 (971) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പോളിടെക്നിക്കുകളിൽ സി.എ.ബി.എം. അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സി.എ.ബി.എം. ലക്ചറർ തസ്തികയിൽ ഉണ്ടായിരുന്ന 12 ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്ത 12 ഉദ്യോഗാർത്ഥികൾക്ക് 16-4-2016 തീയതിയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ഒഴിവുകളില്ല.

(ബി) 12 എണ്ണം.

## ആർക്കിടെക്ചർ കോഴ്സ്

147 (972) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർക്കിടെക്ചർ കോഴ്സിന് ആകെ എത്ര സീറ്റാണ് നിലവിലുള്ളത്; ആകെ എത്ര വിദ്യാർത്ഥികളാണ് ഇതിൽ ചേർന്ന് പഠിക്കുന്നത്; കേരളത്തിന്റെ സവിശേഷമായ വാസ്തുശില്പ മാതൃകകളും ചരിത്രവും പഠിപ്പിക്കുവാൻ ഇവ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2008-ൽ ആന്ധ്രാപ്രദേശിൽ ജവഹർലാൽ നെഹ്റു ആർക്കിടെക്ചർ & ഫൈൻ ആർട്സ് യൂണിവേഴ്സിറ്റി (JNAFAU) രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന മാതൃകയിൽ യൂണിവേഴ്സിറ്റി ഫോർ സസ്റ്റെയിനബിൾ ആർക്കിടെക്ചർ ആന്റ് ആർട്സ്, കേരള എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) സംസ്ഥാനത്തെ 38 സ്ഥാപനങ്ങളിൽ ഈ കോഴ്സ് നടത്തുന്നത് പരിഗണിച്ച് ഇത് സാങ്കേതിക സർവ്വകലാശാലയിൽനിന്നും മാറ്റി ആർക്കിടെക്ചർ & ഫൈൻ ആർട്സ് യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിപ്പിച്ചാൽ വരുംതലമുറയ്ക്ക് കേരളത്തിന്റെയും ഭാരതത്തിന്റെയും വാസ്തുശില്പ സവിശേഷത സംരക്ഷിക്കുവാൻ സഹായകരമാകുമോയെന്ന്ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആർക്കിടെക്ചർ കോഴ്സിന് സർക്കാർ/എയ്ഡഡ് കോളേജുകളിൽ 200-ഉം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 1240 സീറ്റുകളും നിലവിലുണ്ട്. ആകെ 862 വിദ്യാർത്ഥികൾ 2016-17 അദ്ധ്യയന വർഷം പഠിക്കുന്നുണ്ട്. കേരളത്തിന്റെ സവിശേഷമായ വാസ്തുശില്പ മാതൃകകളും ചരിത്രവും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ അന്തർ സർവ്വകലാശാല മാറ്റം**

148 (973) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്ക് ഒരു സർവ്വകലാശാലയിൽ നിന്നും മറ്റൊരു സർവ്വകലാശാലയിലേക്ക് ഏതെങ്കിലും തരത്തിലുള്ള മാറ്റം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) മാതൃ ജില്ലയിലെ സർവ്വകലാശാലകളിലേക്ക് ജീവനക്കാരുടെ പരസ്പര മാറ്റം അനുവദിക്കുന്നത് ജീവനക്കാർക്ക് വളരെ പ്രയോജനപ്രദമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ജീവനക്കാരുടെ പരസ്പര സമ്മതത്തോടെ ഒരു സർവകലാശാലയിൽ നിന്നും മറ്റൊരു സർവ്വ കലാശാലയിലേക്ക് മാറ്റം അനുവദിക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ-സി) ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ**

149 (T* 974) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി നിയമിക്കുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിവിധ യൂണിവേഴ്സിറ്റികളിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ ലിസ്റ്റിലെ അപാകത പരിഹരിക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവരുടെ സമീപ പ്രദേശങ്ങളിലെ യൂണിവേഴ്സിറ്റികളിൽ തന്നെ നിയമനം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**രാജമാണിക്യം, നിവേദിത പി. ഹരൻ റിപ്പോർട്ടുകൾ**

150 (975) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. രാജമാണിക്യം ഐ.എ.എസിന്റെ റിപ്പോർട്ട് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാമോ;

(ബി) മൂന്നാറിൽ കയ്യേറ്റമായി കണ്ടെത്തിയ ഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; ദേവികുളം സബ്കളക്ടർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിപ്പിച്ച കയ്യേറ്റങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; ശ്രീമതി നിവേദിത പി.ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലത്ത് ദേവികുളം താലൂക്കിൽ ഉയർന്ന അനധികൃത ബഹുനില കെട്ടിടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സർക്കാരിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ അത്തരക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ദേവികുളം താലൂക്കിൽ കെ.ടി.എച്ച്. വില്ലേജിലെ കുട്ടിയാർവാലി, ദേവികുളം ടൗൺ, മൂന്നാർ, മാട്ടുപ്പെട്ടി, വട്ടവട എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നൽകിയ പട്ടയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നത്; തടസ്സങ്ങൾ പരിഹരിച്ച് ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശയായ, സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുക എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മൂന്നാറിൽ കയ്യേറ്റമായി കണ്ടെത്തിയ ഭൂമിയുടെ അളവ് എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതാണ്. ദേവികുളം സബ് കളക്ടർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഓഫീസുകൾ വഴി 39 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. ശ്രീമതി നിവേദിത പി. ഹരൻ ഐ.എ.എസ്.- ന്റെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ 16-2-2015-ൽ 69/2015/ആർ.ഡി. നമ്പറായി പുറപ്പെടുവിച്ച ഉത്തരവു പ്രകാരവും ലാന്റ് റവന്യൂ കമ്മീഷണറുടെ 17-12-2015-ലെ എൽ.ആർ (കെ.3)-17374/17 നമ്പർ നടപടിക്രമത്തിലെ നിർദ്ദേശപ്രകാരവും അഞ്ചുനാട് വില്ലേജുകളിലെ തണ്ടപ്പേർ പരിശോധനയുടെ ഭാഗമായി കൊട്ടാക്കമ്പൂർ വില്ലേജിലെ 33 തണ്ടപ്പേർ കക്ഷികൾക്ക് ഭൂമിയുടെ ഉടമസ്ഥതയ്ക്ക് ആസ്പദമായ രേഖകൾ സഹിതം ഹാജരാകുവാനാവശ്യപ്പെട്ട് നോട്ടീസുകൾ നൽകിയിരുന്നു. 3-9-2016, 29-9-2016 എന്നീ തീയതികളിൽ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടാണ് നോട്ടീസുകൾ നൽകിയിരുന്നത്. എന്നാൽ ടി ദിവസങ്ങൾ തണ്ടപ്പേർ കക്ഷികളാരും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതും, ടി രണ്ടു ദിവസവും ദേവികുളം റവന്യൂ ഡിവിഷൻ ഓഫീസിനു മുൻപിൽ കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഉപരോധ സമരം നടത്തുകയും ഉണ്ടായിട്ടുള്ളതാണ്.

(സി) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലയളവിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ബഹുനില കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ലാത്തതും ആയതുസംബന്ധിച്ച് കണക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഉദ്യോഗസ്ഥരുടെ ഒത്താശ യോടെയാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിച്ചുവരുന്നു.

(ഡി) ദേവികുളം താലൂക്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയ ചില പട്ടയങ്ങളിൽ ഉൾപ്പെട്ട ഭൂമി മറ്റാളുകൾ കയ്യേറി കൈവശം വച്ചിരിക്കുന്നതിനാൽ യഥാർത്ഥ പട്ടയ കക്ഷിക്ക് ഭൂമി കൈവശപ്പെടുത്തി കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി പട്ടയ കക്ഷികൾക്ക് ടി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ**

151 (976) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ അതിന്റെ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം പല പദ്ധതികളും വർഷങ്ങളോളം പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിലെ നഷ്ടപരിഹാരം ഉൾപ്പടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടെയുള്ള സമിതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ സ്ഥല ഉടമകളിൽ നിന്നുള്ള പരാതിയും ആയതിനോടനുബന്ധമായ LAR കേസുകളും, അർത്ഥനാധികാരിയിൽനിന്നും യഥാസമയം ഫണ്ട് ലഭ്യമാകാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിലെ നഷ്ടപരിഹാരം, പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊന്നുംവില നിയമപ്രകാരം അധികാരപ്പെട്ട Administrator (R&R) എല്ലാ ജില്ലകളിലും നിലവിലുണ്ട്. കൂടാതെ, സർക്കാർ നയപ്രകാരമോ, നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേനയോ സ്ഥലം ഏറ്റെടുക്കുമ്പോൾ വില നിശ്ചയിക്കുന്നതിനും Statutory അധികാരത്തോടെയുള്ള DLFC-യും നിലവിലുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

152 (977) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി കൈക്കൊള്ളേണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരല്ലാത്ത കേരളം പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പദ്ധതി പ്രകാരം ഇതിനകം അനുവദിച്ചിരുന്ന ഭൂമി ഗുണഭോക്താക്കൾക്ക് പൂർണ്ണമായി കൈമാറാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച്, വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നും, വഴി സൗകര്യം ഇല്ലായെന്നുമുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്.

(ബി) പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിരുന്നു. കൂടാതെ ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലിനും രൂപം നൽകിയിരുന്നു.

(സി) വിതരണം ചെയ്ത ഭൂമികളെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാവശ്യമായ, വീട് വയ്ക്കാൻ അനുയോജ്യമായതും, പതിവിന് വിധേയമായതുമായ സർക്കാർ ഭൂമിയുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.

**ഭൂമി കയ്യേറ്റങ്ങളുടെ രേഖകൾ നശിപ്പിച്ചവർക്കെതിരെ നടപടി**

153 (978) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട അനധികൃത പട്ടയങ്ങൾ, അനധികൃത കുത്തക പാട്ടങ്ങൾ, സാധുതയില്ലാത്ത പാട്ടങ്ങൾ, പുറമ്പോക്ക് കയ്യേറ്റങ്ങൾ, റവന്യൂ ഭൂമി കയ്യേറ്റങ്ങൾ എന്നിവ എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഇത്തരം കേസ്സുകൾ കണ്ടെത്തിയിരുന്നോ; എങ്കിൽ ഇവ തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വകുപ്പിൻ കീഴിലെ ഓഫീസുകളിൽ ജീവനക്കാർ തന്നെ നിർണ്ണായക രേഖകൾ നശിപ്പിക്കുന്നതും അതുവഴി ഭൂമാഫിയകളെ സഹായിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം പ്രവൃത്തികളിലേർപ്പെട്ടതായി കണ്ടെത്തിയ റവന്യൂ ഓഫീസുകളും ഉദ്യോഗസ്ഥരും, ഇവർക്കെതിരെ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം *ആയി ചേർക്കുന്നു.

(ബി) മുൻ സർക്കാർ കണ്ടെത്തിയ റവന്യൂ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് നിലവിലുള്ള കേരള ഭൂ സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. പാട്ട വ്യവസ്ഥ ലംഘിക്കുന്ന കേസ്സുകളിൽ പാട്ടം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് മലപ്പുറം, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, കൊല്ലം, കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് മലപ്പുറം, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം, വയനാട്, പാലക്കാട് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപടി സ്വീകരിച്ചു വരുന്നു. അനധികൃത പട്ടയം സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടയ വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ**

154 (979) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടയം നല്കുവാനുള്ള നടപടികൾ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ ജില്ലകളിൽ, ഏതൊക്കെ താലൂക്കുകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്; എങ്കിൽ അതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും പട്ടയ വിതരണം പൂർത്തിയാക്കാനുള്ള താലൂക്കുകളും വില്ലേജുകളും ഏതെല്ലാമാണ്; വിശദമാക്കുമോ;

(ഡി) കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി ഏതെല്ലാം ജില്ലകളിലെ, താലൂക്കുകളിലെ പട്ടയ വിതരണമാണ് മുടങ്ങിയിരിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ എന്താണ്; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭൂമി പതിവിനായി ലഭിച്ച അപേക്ഷകളിന്മേൽ കേരള ഭൂമി പതിവ് നിയമം അനുസരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നതും അർഹരായ എല്ലാ അപേക്ഷകളിലും ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പട്ടയം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വനഭൂമി പതിവ് ഊർജ്ജിതമാക്കുന്നതിനും സത്വര നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമികളുടെ പട്ടയ അപേക്ഷകളിൽ ടി ഭൂമി റവന്യൂ വകുപ്പിന് പുനർ നിക്ഷിപ്തമാക്കുന്നതിനും മറ്റ് വകുപ്പുകളുടെ കീഴിൽ വരുന്ന ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിന് ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലെ താലൂക്കുകളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധം ആയി * ചേർക്കുന്നു. കേരള ഭൂമി പതിവ് ചട്ടങ്ങൾ/നിയമങ്ങൾ, കേരള ഭൂ പരിഷ്കരണ നിയമങ്ങൾ എന്നിവ അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പട്ടയങ്ങൾ അനുവദിക്കുന്നത്.

(സി) അനുബന്ധം ആയി *ചേർക്കുന്നു.

(ഡി) കോഴിക്കോട് ജില്ലയിൽ മിച്ചഭൂമി കണ്ടെത്തിയതിൽ താലൂക്ക് ലാന്റ് ബോർഡുകളിലും കോടതികളിലും പരിഗണനയിലിരിക്കുന്ന കേസുകളിൽ വിചാരണ നടപടികൾ നടന്നു വരികയാണ്. കോടതി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പത്തനംതിട്ട, കൊല്ലം (കൊല്ലം, പുനലൂർ, കൊട്ടാരക്കര താലൂക്കുകളിൽ) ജില്ലകളിൽ ഭൂരഹിതരില്ലാത്ത പദ്ധതിക്കായി കണ്ടെത്തിയ ഭൂമികൾ സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ട്. കേസ്സിൽ തീർപ്പുകല്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി കണ്ണൂർ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 429 പട്ടയങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ട കേസുകൾ തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടില്ലാത്തതാണ്.

**മുൻ സർക്കാർ അനധികൃതമായി പതിച്ചു നൽകിയ റവന്യൂ ഭൂമി**

155 (980) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവക്ക് എത്ര റവന്യൂ ഭൂമി പതിച്ചു നല്കിയിട്ടുണ്ട്; സർക്കാർ കണക്ക് ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഭൂരഹിത ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുവാനുള്ള കോടതി വിധികളും അപേക്ഷകരായ ആദിവാസികളുമുണ്ടായിരുന്നിട്ടും എത്ര ആദിവാസികൾക്ക് വാസയോഗ്യവും അല്ലാത്തതുമായ ഭൂമി പതിച്ചു നൽകി എന്ന സർക്കാർ കണക്ക് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ മുൻ സർക്കാർ അനധികൃതമായി പതിച്ചു നല്കിയ ഭൂമി തിരിച്ചു പിടിക്കാനും ആദിവാസികൾക്ക് കോടതിവിധി പ്രകാരമുള്ള ഭൂമി പതിച്ചു നല്കുവാനുമായി ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് എറണാകുളം, മലപ്പുറം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഇത്തരത്തിൽ റവന്യൂ ഭൂമി പതിച്ചു നൽകിയിട്ടില്ല. പത്തനംതിട്ട ജില്ലയിൽ വ്യക്തികൾക്ക് 186.30.04 ഹെക്ടർ ഭൂമിയും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 5.53 ഹെക്ടർ ഭൂമിയും പതിച്ചു നൽകി. കോട്ടയം ജില്ലയിൽ സ്വകാര്യ വ്യക്തിക്ക് 19.63 ആർ സ്ഥലവും, കോട്ടയം താലൂക്കിൽ വ്യക്തികൾക്ക് 03.35.23 ഹെക്ടർ ഭൂമിയും സ്വകാര്യ സ്ഥാപനത്തിന് 4.05 ആർ ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിൽ സ്വകാര്യ വ്യക്തികൾക്ക് 209.16.30 ഹെക്ടർ, മീനച്ചിൽ താലൂക്കിൽ സ്വകാര്യ ട്രസ്റ്റുകൾക്ക് 10.1179 ഹെക്ടർ, സ്വകാര്യ വ്യക്തികൾക്ക് 14.1241 ഹെക്ടർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന് 0.007 ഹെക്ടറും നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആകെ 7.9849 ഹെക്ടർ ഭൂമിയും സ്വകാര്യ വ്യക്തികൾക്ക് 10.5471 ഹെക്ടർ ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ സ്വകാര്യ സ്ഥാപനത്തിന് 7.28403 ഏക്കർ സ്ഥലവും, സ്വകാര്യ വ്യക്തിക്ക് 5 സെന്റ് സ്ഥലവും പതിച്ചു നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 20.4199 ഹെക്ടർ ഭൂമി പതിച്ചു നൽകി. പാലക്കാട് സ്വകാര്യ വ്യക്തിക്ക് 2 സെന്റ് ഭൂമിയും പാലക്കാട് പ്രസ്സ് ക്ലബ്ബിന് 3.5 സെന്റ് ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്. മണ്ണാർക്കാട്, ചിറ്റൂർ താലൂക്കുകളിൽ വ്യക്തികൾക്കായി ആകെ 7.3485 ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 2.27 ഹെക്ടർ പുറമ്പോക്കും, 20.27 ഹെക്ടർ ഭൂരഹിത കേരളം മുഖാന്തരവും 5.53 ഹെക്ടർ മിച്ചഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന് 70.03 ആർസ് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് ആകെ 1 ഹെക്ടർ 96 ആർ 71 ച. മീറ്റർ പതിച്ചു നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 31.35.83 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

(ബി) 362 ആദിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നിയമാനുസൃതമായി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**നാഷണൽ ഹൈവേ വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കൽ**

156 (981) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടം - കേശവദാസപുരം നാഷണൽ ഹൈവേ വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിനായി നാളിതുവരെ എത്ര മീറ്റർ സ്ഥലം ഇരു വശത്തുനിന്നും ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല.

**വരൾച്ച നേരിടുവാൻ സ്വീകരിച്ച നടപടികൾ**

157(982) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച നേരിടുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിന് എത്ര തുക ദുരിതാശ്വാസ പ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം 31-10-2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്ക് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ജല സംരക്ഷണത്തിനായി താൽക്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മേയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അത് പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് ആരംഭിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിച്ച് നൽകി. വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ ജില്ല തിരിച്ച് അനുവദിച്ച തുക അനുബന്ധമായി * ചേർക്കുന്നു.

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രകൃതി ദുരന്ത നിവാരണ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും വ്യവസ്ഥയില്ല.

## പയ്യന്നൂർ ആസ്ഥാനമായി റവന്യൂ ഡിവിഷൻ

158 (983) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച റവന്യൂ ഡിവിഷന്റെ ആസ്ഥാനം ഏതായിരിക്കണമെന്നതിൽ സർക്കാർ തീരുമാനമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പയ്യന്നൂർ ആസ്ഥാനമായി റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തളിപ്പറമ്പാണ് കണ്ണൂർ ജില്ലക്ക് അനുവദിച്ച റവന്യൂ ഡിവിഷന്റെ ആസ്ഥാനം.

(ബി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-ഡിസ്ട്രിക്ട് പദ്ധതി

159 (984) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഡിസ്ട്രിക്ട് വഴി ലഭിക്കുന്ന സേവനങ്ങൾക്ക് സർവീസ് ചാർജ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇ-ഡിസ്ട്രിക്ട് വഴി അപേക്ഷിക്കുന്ന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകി വരുന്നു. എപ്പോഴും, എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടെ ആവശ്യമെങ്കിൽ പൊതുജനത്തിന് വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭിക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്.

(ബി) ഇ-ഡിസ്ട്രിക്ട് മുഖേന സർട്ടിഫിക്കറ്റുകൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയ കേന്ദ്രത്തിനുള്ള സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും രേഖകൾ/സർട്ടിഫിക്കറ്റ് സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം കോർട്ട്ഫീ സ്റ്റാമ്പ്/സർക്കാരിനുള്ള വിഹിതം എന്നിവ അടയ്ക്കുന്നതിൽനിന്നും 17-10-2013-ലെ സ.ഉ.(കൈ) നമ്പർ 31/2013/വി.സാ.വ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നത്.

## ഭൂമി ഏറ്റെടുക്കലിനുള്ള കാലതാമസം

160 (985) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലിനുള്ള സർവ്വെ നടപടികൾ അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ സർവ്വെ ജോലികൾ നടത്തുന്നതിന് ജീവനക്കാരുടെ അഭാവം നിലവിലുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സർവ്വെ നടത്തുന്നതിന് നിലവിലുള്ള സംവിധാനത്തിൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ മറ്റ് ഏജൻസികളെ ഇതിനായി ചുമതലപ്പെടുത്താൻ സാധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർവ്വേ വകുപ്പിലെ ജീവനക്കാരെ സർവ്വേ ജോലികൾക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നു.

(സി) പരിഗണനയിലില്ല.

## മങ്കട വ്യവസായ സോണുകൾക്കായി ഭൂമി

161(986) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മങ്കടവിലെ വ്യവസായ സോണുകൾക്കായി 690 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) റവന്യൂ വകുപ്പ് നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് 690 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യവസായ വകുപ്പിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഭൂമി ഏറ്റെടുത്ത് കിൻഫ്രക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2-3-2016-ലെ സ.ഉ. (കൈ) നമ്പർ 209/16 പ്രകാരം മങ്കട വില്ലേജിൽ കിൻഫ്രയുടെ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി 690 ഏക്കർ ഭൂമി നെഗോസിയേഷൻ വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെങ്കിലും, പ്രസ്തുത ഉത്തരവിൽ സർവ്വേ നമ്പറുകൾ ഉൾപ്പെട്ടിട്ടില്ല. മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ എസ്റ്റേറ്റ് ഭൂമി കിൻഫ്രയുടെ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി കണ്ടെത്തുകയുണ്ടായി. എസ്റ്റേറ്റുകൾ വാങ്ങുമ്പോൾ സമാന എസ്റ്റേറ്റുകളുടെ വില താരതമ്യപ്പെടുത്തിയാണ് നെഗോഷിയേറ്റ് ചെയ്യേണ്ടത്. എന്നാൽ ജില്ലാ രജിസ്ട്രാറിൽ നിന്നും എസ്റ്റേറ്റ് ഭൂമികൾ രജിസ്റ്റർ ചെയ്തു സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞതിൽ സമാന സ്വഭാവത്തിലുള്ള ആധാരങ്ങൾ ഒന്നുംതന്നെ 3 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടില്ല. മാത്രമല്ല, ഏറ്റെടുക്കേണ്ട ഭൂമി 200 ആർ.-ൽ കൂടുതലായതിനാൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തേണ്ടതുണ്ട്. വില നിർണ്ണയത്തിനായി എസ്റ്റേറ്റ് ഉടമകളുമായി 11-3-2016-ൽ ജില്ലാകളക്ടറുടെ ചേംബറിൽ വച്ച് നടന്ന ചർച്ചയിൽ സെന്റൊന്നിന് 70,000 (എഴുപതിനായിരം) രൂപയിൽ താഴെ വിലക്ക് ഭൂമി കൊടുക്കുന്നതിന് തയ്യാറല്ലെന്ന് എസ്റ്റേറ്റ് ഉടമകൾ അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ മിച്ചഭൂമിയിൽ ഇളവുനൽകി, എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കുന്നതും പ്രസ്തുത എസ്റ്റേറ്റിൽ തൊഴിലാളികൾ ജോലി ചെയ്ത് വരുന്നതുമാകയാൽ ഭാവിയിൽ പല എതിർപ്പിനും നിയമപ്രശ്നങ്ങൾക്കും സാധ്യതയുള്ളതിനാൽ ഈ വിഷയം ഇപ്പോൾ പുനഃപരിശോധിക്കണമെന്ന ജില്ലാകളക്ടറുടെ അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്.

**വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ**

162 (987) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന നടപടികൾ അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നടപടിക്രമങ്ങളിലെ അവ്യക്തതകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ "The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013", 19-4-2015-ലെ G.O(P) No. 470/2015/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Kerala) Rules, 2015 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിച്ച് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഡയറക്ട് പർച്ചേസിന് അനുമതി നൽകുന്ന കേസുകളിൽ 2013-ലെ എൽ.എ. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി DLFC ഭൂവില നിശ്ചയിക്കുകയും SLEC അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിലയ്ക്ക് അർത്ഥനാധികാരി നേരിട്ട് ആധാരം രജിസ്റ്റർ ചെയ്ത് സ്ഥലം ഏറ്റെടുക്കുന്ന നടപടിയും സ്വീകരിക്കാറുണ്ട്.

(ബി) ഭൂമി നഷ്ടപ്പെടുന്നവർക്ക് നടപടിക്രമപൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസവും, അർത്ഥനാധികാരികളിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തത് കാരണവും താമസം നേരിടുന്നുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**വക്കോ ആന്റ് കമ്പനിയുടെ വസ്തുവകകൾ**

163 (988) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തോപ്പുംപടി, ഇടക്കൊച്ചി, പള്ളുരുത്തി എന്നീ വില്ലേജുകളുടെ വിവിധ ഭാഗങ്ങളിൽ വക്കോ ആന്റ് കമ്പനിയുടെ പേരിൽ ഉണ്ടായിരുന്നതും സെയിൽസ് ടാക്സ് കുടിശ്ശികയുടെ പേരിൽ ജപ്തി നടപടികൾ വഴി സർക്കാർ ഏറ്റെടുക്കുകയും ചെയ്ത വസ്തുവകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ സർക്കാരിനാണോ;

(സി) പ്രസ്തുത ഭൂമിയിൽ നിന്നും ആർക്കെല്ലാം ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തോപ്പുംപടി, പള്ളുരുത്തി വില്ലേജിൽ വക്കോ ആന്റ് കമ്പനിയുടെ പേരിൽ വസ്തുവകകളില്ല. ഇടക്കൊച്ചി വില്ലേജിൽ ടി സ്ഥാപനത്തിന്റെ പേരിൽ ഉണ്ടായിരുന്നതും സെയിൽസ് ടാക്സ് കുടിശ്ശിക ഈടാക്കുന്നതിന് ജപ്തി നടപടി സ്വീകരിച്ച് ബോട്ട്-ഇൻ-ലാന്റ് ആക്കിയിട്ടുള്ളതുമായ വസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു :

| സർവ്വേ നമ്പർ | വിസ്തീർണ്ണം |
| --- | --- |
| 349/1,2<br>350/1,2,4,5 | 01.23.00 ഏക്കർ |
| 287/2, 289/1,2,3,4,8 | 01.69.420 ഏക്കർ |

(ബി) ഇടക്കൊച്ചി വില്ലേജിലെ പ്രസ്തുത ഭൂമി ബോട്ട്-ഇൻ-ലാന്റ് ആക്കി സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിയിൽ നിന്നും ആർക്കും ഭൂമി നൽകിയിട്ടില്ല.

**മുക്കം കക്കാട് വില്ലേജിലെ വാസയോഗ്യമല്ലാത്ത പട്ടയ ഭൂമി**

164 (989) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം കക്കാട് വില്ലേജിൽ 108 കുടുംബങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടയം നൽകിയ ഭൂമി ഒരു തരത്തിലും വാസയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പുമന്ത്രി നടത്തിയ പട്ടയമേളയിൽ വച്ച്, പട്ടയം ലഭിച്ചവർ പ്രസ്തുത പട്ടയം വില്ലേജ് ഓഫീസർക്ക് തിരികെ നൽകിയത് സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(സി) വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ച് വഞ്ചിതരായ ഇവർക്ക് പകരം ഭൂമി നൽകി പട്ടയം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കക്കാട് വില്ലേജിൽ പട്ടയം നൽകിയ ഭൂമി ഒരു തരത്തിലും വാസയോഗ്യമല്ല എന്നാരോപിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. കക്ഷികൾക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്നതിനായി വില്ലേജ് ഓഫീസിൽ വച്ച് യോഗം ചേർന്നതിൽ ഒരാൾ ഒഴികെ മറ്റാരുംതന്നെ ഭൂമി ഏറ്റെടുക്കാൻ തയ്യാറായില്ല. കക്കാട് മലയോര വില്ലേജാണ്. ഇവിടെ സ്ഥലം ലഭിച്ച ഗുണഭോക്താക്കളിൽ പലരും ജില്ലയിലെ കോർപ്പറേഷൻ പരിധിയിലടക്കം സൗകര്യമുള്ള സ്ഥലത്ത് വാടകയ്ക്കോ ബന്ധുവീടുകളിലോ താമസിക്കുന്നവരായതിനാൽ ഇവിടെ താമസിച്ച് അവർ ഇപ്പോൾ ചെയ്യുന്ന ജോലി ചെയ്ത് കുടുംബം പുലർത്തുവാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചിരുന്നു.

(ബി) ഉണ്ട്. ലഭിച്ച ഭൂമി വാസയോഗ്യമല്ലെന്ന കാരണത്താലും മറ്റു വിവിധ കാരണങ്ങളാലും കോഴിക്കോട്, കൊയിലാണ്ടി എന്നീ താലൂക്കുകളിൽ പട്ടയം ലഭിച്ചവരിൽ ചിലർ പ്രസ്തുത പട്ടയം തിരികെ സമർപ്പിച്ചിട്ടുണ്ട്.

(സി) വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചവർക്കായി പകരം ഭൂമി കണ്ടെത്തേണ്ടതുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാറ്റിക്കൊടുക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## റവന്യൂ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് കേസ്

165 (990) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളത്ത് സർക്കാർ ഭൂമി കയ്യേറിയത് ഒഴിപ്പിക്കാനെത്തിയ റവന്യൂ ഉദ്യോഗസ്ഥരേയും ഭൂസംരക്ഷണസേനാ അംഗങ്ങളെയും ചിലർ മർദ്ദിക്കുകയും കയ്യേറ്റം ചെയ്യുകയും ചെയ്തതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ ഉദ്യോഗസ്ഥരുടെ ഔദ്യോഗികകൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിന് അവിടെ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്;

(സി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കുറ്റക്കാർക്കെതിരെ കേസെടുത്തിട്ടുള്ളത്; എത്രപേരെ ഈ കേസുമായി ബന്ധപ്പെട്ട് ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) ദേവികുളം താലൂക്ക് ഓഫീസിന് എതിർവശം, റവന്യൂ ക്വാർട്ടേഴ്സിൽ താമസിച്ചുവരുന്നതും, ആരോഗ്യ വകുപ്പിൽ നിന്നും വിരമിച്ച മണിയെന്നയാൾ ടി ക്വാർട്ടേഴ്സിന് സമീപം സർക്കാർ ഭൂമി കയ്യേറി, ഷെഡ് നിർമ്മിച്ചതിനെ തുടർന്ന് 12-4-2017-ന് ആയത് ഒഴിപ്പിക്കാൻ റവന്യൂ ഉദ്യോഗസ്ഥർ എത്തിയ സമയം ഒരു കൂട്ടം ആളുകൾ തടയുകയും, ഭൂ-സംരക്ഷണസേന അംഗങ്ങളുമായി വാക്കു തർക്കപ്പെടുകയും, സേനാംഗമായ ലിസൺ-നെ കയ്യേറ്റം ചെയ്തിട്ടുള്ളതുമാണ്. ഈ സമയം ഭൂ-സംരക്ഷണസേനാ അംഗങ്ങളുടെ കൂടെ പോലീസ് ഉദ്യോഗസ്ഥരാരും തന്നെ ഡ്യൂട്ടിക്കുണ്ടായിരുന്നില്ല. കൂടുതൽ പോലീസ് എത്തിയ മുറയ്ക്ക് ഭൂ-സംരക്ഷണ സേന പ്രവർത്തകരെ കയ്യേറ്റം ചെയ്ത പഞ്ചായത്ത് അംഗം സുരേഷ് കുമാറിനെ അറസ്റ്റ് ചെയ്ത് നീക്കിയിട്ടുള്ളതും, കയ്യേറി നിർമ്മിച്ച ഷെഡ് പൊളിച്ച് നീക്കിയിട്ടുള്ളതും, സബ് കളക്ടറുടെ നിർദ്ദേശ പ്രകാരം അറസ്റ്റ് ചെയ്തവരെ വിട്ടയച്ചിട്ടുള്ളതുമാണ്.

## പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് നടപടി

166 (991) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, വരൾച്ച, തീരശോഷണം, ഇടിമിന്നൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാദ്ധ്യത ഉള്ള പ്രദേശങ്ങളെ പ്രതിപാദിച്ചു കൊണ്ടുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആരാണ് ഇതു സംബന്ധിച്ച് പഠനം നടത്തി പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രകൃതിദത്തമായ അപകടങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി, 2016-ൽ (State Disaster Management Plan 2016) ഈ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ദുരന്ത സാധ്യതാ അപഗ്രഥനം അനുഭവ സമ്പത്തിനെ അടിസ്ഥാനമാക്കിയും തെറ്റുകളും തിരുത്തലുകളും വഴിയും പ്രശ്നപരിഹാരം കണ്ടെത്തുന്ന പഠന രീതിയിൽ semi-quatitative ആയി നടത്തിയതിൽനിന്നും ലഭ്യമായ അപഗ്രഥന വിവരമാണ് ഒരു ഭൂപടമായി തയ്യാറാക്കിയത്. ഇത്തരം ദുരന്തങ്ങളുടെ സാധ്യത പ്രദേശങ്ങളെ വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുകയാണ് ഈ പഠന രീതിയിൽ സാധിക്കുന്നത്. Spatial Susceptibility(ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സൂചന) മാത്രമാണ് ഈ പഠനം വെളിവാക്കുന്നത്. ഇതിൽനിന്നും Geographic information System (ഭൂവിവര സാങ്കേതിക വിദ്യ) ഉപയോഗിച്ച്, വില്ലേജ് ഭൂപടം overlay analysis നടത്തി ടേബിളായി തയ്യാറാക്കിയിട്ടുണ്ട്. Spatial and Temporal Probability (എവിടെ എപ്പോൾ ഉണ്ടാകും എന്നതിന്റെ സമഗ്ര സാധ്യത) ഈ ഭൂപടങ്ങൾ വെളിവാക്കുന്നില്ല.

(ബി) വെള്ളപ്പൊക്കം, തീരശോഷണം, ഉരുൾപൊട്ടൽ, ഇടി മിന്നൽ എന്നിവയുടേത് കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രവും വരൾച്ചയുടേത് സംസ്ഥാന അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രവുമാണ് തയ്യാറാക്കിയത്.

(സി) പ്രകൃതിദത്തമായ അപകടങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

- ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതുനിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും സമയോചിതമായി പുതുക്കുകയും ചെയ്യുന്നു.
- പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അവബോധം നൽകുന്നു.
- സംസ്ഥാന-ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുന്നു.
- ശാസ്ത്രീയ അടിത്തറയോടുകൂടി ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.
- സംസ്ഥാന അടിയന്തരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പരിഷ്കരിക്കുന്നു.
- സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു.
- കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

- വരൾച്ച പ്രതിരോധ പദ്ധതികളായ ജലവർഷിണി, മഴപൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ എന്നിവ നടപ്പാക്കുകയും മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം, കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം (ഓപ്പറേഷൻ അനന്ത) എന്നിവ നടത്തുന്നു. കൂടാതെ ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, മോക്ക് ഡ്രില്ലുകൾ എന്നിവ നടത്തുന്നു. സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല, സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ, കേന്ദ്ര സർക്കാരിന്റെയും UNDP-യുടെയും സഹായത്തോടുകൂടി നടന്നു വരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി എന്നിവയും നടത്തുന്നു.

**മഞ്ചേരി നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില**

167 (992) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ യോഗം സബ്ഡിവിഷൻ തലത്തിൽ ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസ് ചട്ടം മൂന്നിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഫെയർ വാല്യൂ നിശ്ചയിച്ച് ചട്ടം 4-ലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇപ്രകാരം നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വില്ലേജുകളിലെ ന്യായവില എന്നത്തേക്ക് പുനഃക്രമീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സബ്ഡിവിഷൻ തലത്തിൽ യോഗം വിളിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ, മലപ്പുറം ലോക് സഭാ ഉപതെരഞ്ഞെടുപ്പ് കാരണം യോഗം നടന്നിട്ടില്ല.

(ബി) 6-3-2017-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം കളക്ടറേറ്റിൽ ചേരുകയും ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് പെരിന്തൽമണ്ണ സബ് കളക്ടറെ ചുമതല പ്പെടുത്തുകയും 1-6-2017-നുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യോഗം ചേർന്നതിനുശേഷം സ്ഥല പരിശോധന നടത്തുന്നതാണ്.

(ഡി) ഇല്ല.

(ഇ&എഫ്) ലോക് സഭാ ഉപതെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഉദ്യോഗസ്ഥർ വ്യാപൃതരായിരുന്നതിനാൽ ഈ വിഷയത്തിൽ നടപടികൾ എടുക്കുന്നതിൽ കാലതാമസമുണ്ടായി. കേരള സ്റ്റാമ്പ് റൂൾസ് 1995-ലെ ചട്ടം 3-ലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ന്യായവിലയുടെ കരട് ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ആയതിൽ ആക്ഷേപം ക്ഷണിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിന് റൂൾ പ്രകാരമുള്ള സമയപരിധി ആവശ്യമാണ്.

**ഹാരിസൺ മലയാളം കമ്പനിയുടെ തോട്ടങ്ങൾ**

168 (993) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയുടെ കീഴിൽ എത്ര തോട്ടങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളത്;

(ബി) ഈ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവയിൽ എത്രയെണ്ണം ഏറ്റെടുത്തു; ഇല്ലെങ്കിൽ ഇവയോടനുബന്ധിച്ചുള്ള കേസ്സുകളുടെ അവസ്ഥ വ്യക്തമാക്കാമോ;

(സി) കേരളാ ഭൂ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹാരിസൺസ് മലയാളം കമ്പനികളുടെ മുൻഗാമികളായ M/s മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 75063 ഏക്കറോളം സർക്കാർ ഭൂമിയാണ് കൈവശം വച്ചിരുന്നത്. ആയതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺസ്

മലയാളം കമ്പനി കൈവശം വച്ചുവരുന്നത് 30,019.95 ഏക്കറാണ്. ഇതിൽ 35 തോട്ടങ്ങൾ ഉൾപ്പെടുന്നു. ടി ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ വിഷയം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. സ്റ്റേ നിലനിൽക്കുന്നതിനാൽ മറ്റ് ജില്ലകളിൽ ഹാരിസൺസ് മലയാളം കൈവശം വയ്ക്കുന്ന ഭൂമിയുടെ വിവരങ്ങൾ പ്രത്യേകമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

(ബി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 35 തോട്ടങ്ങൾ ഉൾപ്പെടുന്ന 30,019.95 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസുകളിൽ ബഹു. ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുള്ളതാണ്. കേസുകൾ ഇപ്പോൾ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

(സി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടനുസരിച്ച് കേരള ഭൂസംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണ്. കമ്പനി കൈവശം വച്ചു വരുന്ന ഭൂമികൾ കേരള ഭൂ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. എച്ച്.എം.എൽ. കൈവശം വച്ചു വരുന്ന ഭൂമിയുടെ മുൻകൈവശക്കാരായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന കമ്പനി ഇംഗ്ലണ്ടിൽ രജിസ്റ്റർ ചെയ്ത ഒരു വിദേശ കമ്പനിയാണ്. ടി ഭൂമി ഗ്രാന്റുകൾ, ലീസുകൾ എന്നിവ പ്രകാരം ഫ്രീഹോൾഡ്, ലീസ്ഹോൾഡ് എന്ന നിലയിൽ ടി വിദേശ കമ്പനി കൈവശം വച്ചു വന്നിരുന്നതും ജന്മാവകാശം ഇല്ലാതിരുന്നതുമാണ്. വിദേശ കമ്പനി കെ.എൽ.ആർ. ആക്ടിന്റെ സെക്ഷൻ 2(43)പ്രകാരമുള്ള ' person' എന്ന നിർവ്വചനത്തിൽ വരാത്തതാണ്. ആയതിനാൽ ടി വിദേശ കമ്പനി കാർഷിക കുടിയാനെന്ന നിർവ്വചനത്തിലും വരുന്നില്ല. ടി ഭൂമികൾ കെ.എൽ.ആർ.ആക്ട് സെക്ഷൻ 51 എ, 51 ബി, 72(1) 86 & 86(4) എന്നിവ പ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാകുന്ന ഭൂമികളാണ്. ഇക്കാരണങ്ങളെല്ലാം കൊണ്ടുതന്നെ എച്ച്.എം.എൽ. കൈവശം വച്ചുവരുന്ന ഭൂമിക്ക് കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെല്ലാം തന്നെ ബാധകമാണ്.

**മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ പിടിച്ചിട്ടിട്ടുള്ള വാഹനങ്ങൾ**

169 (994) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിട്ടുള്ള വാഹനങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പിടിച്ചെടുക്കാൻ ഇടയാക്കിയ കേസ് രജിസ്റ്റർ ചെയ്ത വർഷത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ സിവിൽ സ്റ്റേഷൻ വളപ്പിൽ ഓരോ വകുപ്പും പിടിച്ചിട്ടിട്ടുള്ള വാഹനങ്ങളുടെ കണക്ക് അതത് വകുപ്പുകളെ കൊണ്ട് ശേഖരിക്കാൻ നിർദ്ദേശം നല്കി ആ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത 662 വാഹനങ്ങൾ മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചുവരുന്നു.

**രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിന് മുൻകരുതൽ**

170 (995) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളെയാണ് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വരൾച്ചമൂലം വിവിധ പ്രദേശങ്ങളിലുണ്ടായ നാശനഷ്ടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം 31-10-2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു.

ജലസംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മേയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അതുപ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രി ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് ആരംഭിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിച്ചുനൽകി. വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു.

(ബി) സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ദുരിതാശ്വാസം (Relief assistance) മാത്രമാണ് അനുവദനീയം. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം കൃഷി നാശം, മൃഗസംരക്ഷണം, ശുദ്ധജലവിതരണം എന്നിവ മാത്രമാണ് വരൾച്ചാ കാലഘട്ടത്തിൽ ഇക്കാര്യത്തിൽ അനുവദനീയമായിട്ടുള്ളത്. ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡം പാലിച്ചും ആശ്വാസ സഹായം അനുവദിച്ചിരുന്നു. വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടം സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തിയിരുന്നു.

## കാസർഗോഡ് ജില്ലയിൽ അനുവദിച്ച റവന്യൂ ഡിവിഷൻ

171 (996) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച റവന്യൂ ഡിവിഷന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി അനുവദിച്ച റവന്യൂ ഡിവിഷന്റെ ആസ്ഥാനം എവിടെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റവന്യൂ ഡിവിഷൻ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) കാസർഗോഡ് ആസ്ഥാനമാക്കിയാണ് പുതിയ റവന്യൂ ഡിവിഷൻ പ്രഖ്യാപിച്ചിട്ടുള്ളത്.

## വില്ലേജ് ഓഫീസുകളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

172 (997) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വില്ലേജ് ഓഫീസുകൾ വഴി ഗവൺമെന്റിലേക്ക് ഒടുക്കുന്ന എല്ലാ ഫീസുകളും നികുതികളും ഇ-പേയ്മെന്റിലൂടെ ഒടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) വില്ലേജ് ഓഫീസുകളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതിനാവശ്യമായ കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യമായ അളവിൽ വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക. റവന്യൂ വകുപ്പ് സ്വീകരിക്കുന്ന എല്ലാവിധ നികുതികളും ഫീസുകളും ഓൺലൈനായി വില്ലേജ് ഓഫീസ് മുഖേനയോ നേരിട്ടോ ഈ സംവിധാനം വഴി സ്വീകരിക്കാനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. നിലവിൽ 1167 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (ബി.റ്റി.ആർ.) ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നത് അക്ഷയ മുതലായ ഏജൻസികളെയാണ്. ആയതിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സംഘടിപ്പിക്കേണ്ടത് ടി ഏജൻസികളുടെ തന്നെ ഉത്തരവാദിത്വമാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകൾക്കും രണ്ട് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വീതം ഐ.റ്റി. മിഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ് ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ ടി ലാപ് ടോപ്പുകൾ ആയതിനാൽ ഉപയോഗപ്പെടുത്താവുന്നതാണ്. സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിൽ (DILRMP) നിന്നുമുള്ള ഫണ്ട് ഉപയോഗിച്ചും വില്ലേജ് ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### രൂക്ഷമായ വരൾച്ചയെ നേരിടാൻ നടപടികൾ

173 (998) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയെ നേരിടാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ച നേരിടുന്നതിന് ഓരോ ജില്ലക്കും വേണ്ട തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ച നേരിടുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസം ലഭിക്കുന്നതിനായി കേന്ദ്ര സംഘം കേരളം സന്ദർശിക്കണമെന്നും സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ, ഇതിന്മേൽ കേന്ദ്ര പ്രതികരണം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം 31-10-2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. ജല സംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മേയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അതുപ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത്/പ്ലാൻ ഫണ്ട് വിനിയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിൽ മൃഗ സംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് ആരംഭിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിച്ച് നൽകി. വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു.

(ബി) ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡം പാലിച്ചും ആശ്വാസ സഹായം അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ദുരന്ത നിവാരണ നിയമത്തിൽ നിഷ്കർഷിക്കുന്നത് പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടത്തുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദുരന്ത നിവാരണ നിയമത്തിൽ പ്രതിപാദിക്കുന്നത് പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു വരികയുമാണ്. വരൾച്ചയെ തുടർന്ന് കാട്ടു തീ പടർന്ന സ്ഥലങ്ങളിൽ വായു സേനയുടെ ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് തീ നിയന്ത്രണ വിധേയമാക്കിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മേയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി.

(ഡി) ഉണ്ട്. 2017 മാർച്ച് 28-ന് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി രാധമോഹൻസിംഗിനെ സന്ദർശിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയും, ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ വരൾച്ച സ്ഥിതി വിലയിരുത്തുന്നതിനായി കേന്ദ്ര സംഘം കേരളം സന്ദർശിച്ചു. ഇതിൽ കേന്ദ്ര ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല.

**വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ വഴി നികുതി**

174(999) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ആഫീസുകളിൽ ഓൺലൈൻവഴി നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഹൈടെക് നികുതി രസീത് സംവിധാനവും നടപ്പിലാക്കുമോ;

(ബി) പോക്കുവരവും നികുതി അടവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വില്ലേജുകളിലും സംയോജിത ഓൺലൈൻ പോക്കുവരവ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വരും.

(ബി) സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ സംസ്ഥാനത്തെ 1167 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി വില്ലേജുകളിൽ ഓൺലൈനായി ഭൂനികുതി അടയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

**നികത്തിയ സ്ഥലങ്ങളിൽ വീട് വയ്ക്കാനുള്ള അനുവാദം**

175 (1000) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സർക്കാർ സർക്കുലർ പ്രകാരം 2008-ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ പെടാത്തതുമായ സ്ഥലങ്ങളിൽ വീട് വെക്കാനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത് എന്നിരിക്കെ 2008-ന് മുമ്പ് നികത്തപ്പെട്ടതും സ്വന്തമായി വീട് വെക്കാൻ ഭൂമി ഇല്ലാത്തതും, ആകെയുള്ള ഭൂമി ഡാറ്റാബാങ്കിൽ പെട്ടതുമായ ഗ്രാമീണ ജനതയ്ക്ക് അതതു സ്ഥലത്തെ വില്ലേജ് ഓഫീസർ, കൃഷിഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അന്വേഷണത്തിൽ അർഹത തെളിഞ്ഞാൽ വീട് വയ്ക്കാനുള്ള ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

കേരള നെയൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ലെ വ്യവസ്ഥകൾ പ്രകാരം 12-8-2008-ൽ നെൽകൃഷി ചെയ്യുന്നതോ നെൽകൃഷിക്കനുയോജ്യമായതോ ആയ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമി ഉൾപ്പെട്ടുവരികയോ മറ്റ് തെറ്റുകൾ കടന്നുകൂടുകയോ ചെയ്തിട്ടുണ്ടെങ്കിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 4(2)(ബി) പ്രകാരം കരട് ഡാറ്റാ ബാങ്കിൽ പ്രാദേശികതല സമിതിക്ക് ആവശ്യമെങ്കിൽ യുക്തമായ തിരുത്തലുകൾ വരുത്താവുന്നതാണ്. എന്നാൽ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം ശ്രദ്ധയിൽപ്പെടുന്ന തെറ്റുകൾ തിരുത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതാണ്. ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള അപ്പീൽ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ 2008-ന് മുമ്പ് നികത്തിയ ഭൂമിയിന്മേൽ 1967-ലെ ഭൂവിനിയോഗ ഉത്തരവുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി

176 (1001) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചുവടെ പരാമർശിക്കുന്ന ജില്ലകളിലായി സംസ്ഥാനത്ത് 100 ഗ്രൂപ്പ് വില്ലേജുകളുണ്ട് :

| | | |
|---|---|---|
| തിരുവനന്തപുരം | - | 4 |
| എറണാകുളം | - | 6 |
| തൃശ്ശൂർ | - | 61 |
| കാസർഗോഡ് | - | 29 |

(ബി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## വില്ലേജ്-താലൂക്ക് ഓഫീസുകൾ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ

177 (1002) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് അവശ്യം വേണ്ടുന്ന എതെല്ലാം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവ വഴി നൽകുന്നത് എന്നും അപേക്ഷകർ അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം ആയത് നൽകി വരുന്നു എന്നും ആയതിനു വേണ്ടിയുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം, കൈക്കൂലി എന്നിവ ഇല്ലാതാക്കാനും ഇവ ആവശ്യക്കാർക്ക് യഥാസമയം നല്കുന്നതിനും എന്തു നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു എന്നും ഇതിൽ ക്രമവിരുദ്ധ പ്രവർത്തനം നടത്തിയതായി കഴിഞ്ഞ ഒരു വർഷമായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്രപേർ എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകളായ ജാതിസർട്ടിഫിക്കറ്റ്, ക്രീമിലേയർ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ അവർക്ക് യഥാസമയം ലഭിക്കാത്തതും പ്രസ്തുത സർട്ടിഫിക്കറ്റുകൾ നല്കാൻ കൈക്കൂലി നൽകിയില്ലെങ്കിൽ താമസം വരുത്തുക, നല്കാതിരിക്കുക എന്നീ പ്രവൃത്തികൾ ഉദ്യോഗസ്ഥതലത്തിലുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു തടയുവാനും സമയബന്ധിതമായി ഒരു സർട്ടിഫിക്കറ്റ് നല്കുമ്പോൾ ആയത് നിശ്ചിത കാലയളവ് കഴിയുമ്പോൾ ദീർഘിപ്പിച്ച് സമയബന്ധിതമായി നല്കുവാനും, ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിശ്ചിത കാലയളവിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കുവാനുമുള്ള അനുമതിയും നൽകുന്ന കാര്യങ്ങൾ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ)പൊതുജനങ്ങൾക്ക് അവശ്യം വേണ്ടുന്ന 23 ഇനം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവ വഴി നൽകുന്നത്. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിവരവും ടി സർട്ടിഫിക്കറ്റുകളെ 2012 -ലെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഓരോ സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണറുടെ 23-1-2013-ലെ എൽ.ആർ.എച്ച്. 3-49142/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം, കൈക്കൂലി എന്നിവ ഇല്ലാതാക്കുന്നതിനും ഇവ അപേക്ഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുമായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഏതു സ്ഥലത്തുനിന്നും സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷ സമർപ്പിക്കുവാനും അവ കൈപ്പറ്റുന്നതിനുമായി ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ ക്രമവിരുദ്ധ പ്രവർത്തനം നടത്തിയതായി കണ്ടെത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രത്യേകാവശ്യത്തിനായി നൽകുന്ന സർട്ടിഫിക്കറ്റുകൾ ഒഴികെയുള്ളവയെല്ലാം അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള സാധുതാ കാലയളവിനുള്ളിൽ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പന്തപ്ര ആദിവാസി കോളനി നിവാസികൾക്ക് ഭൂമി

178 (1003) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ ആദിവാസികൾക്ക് ഭൂമി പതിച്ച് നല്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് എന്നത്തേക്ക് ഭൂമി വിതരണം പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി പുനരധിവാസ പ്രദേശത്ത് ഭൂമി നൽകുന്നതിന്റെ ഭാഗമായി 12-4-2017-ൽ ചേർന്ന ഊരുകൂട്ടത്തിൽ 67 പേർക്കായി പ്ലോട്ടുകൾ നറുക്കിട്ട് നൽകി. പ്രസ്തുത പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള കൈവശരേഖകൾ തയ്യാറാക്കിവരുന്നു.

(ബി) 2017 മേയ് 20-നകം കൈവശരേഖകൾ നൽകുവാൻ സാധിക്കും.

## ചെറുവള്ളി എസ്റ്റേറ്റ്

179 (1004) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റ്, ബിലീവേഴ്സ് ചർച്ചിന്റെ കൈവശത്തിലായതു എന്നുമുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആരിൽ നിന്നാണ് ഈ എസ്റ്റേറ്റ് ബിലീവേഴ്സ് ചർച്ച് സ്വന്തമാക്കിയത്; രജിസ്ട്രേഷൻ നമ്പരും തീയതിയും ഏതാണെന്നും വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ തോട്ട ഭൂമി കൈയേറ്റവും, കൈമാറ്റവും അന്വേഷിച്ച ഉദ്യോഗസ്ഥനായ രാജമാണിക്യത്തിന്റെ റിപ്പോർട്ടിൽ ചെറുവള്ളി എസ്റ്റേറ്റിനെക്കുറിച്ചും, സമീപ പ്രദേശത്തെ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശഭൂമിയെക്കുറിച്ചും പരാമർശമുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടു പ്രകാരം ഈ മേഖലയിൽ എത്ര ഹെക്ടർ തോട്ടം ഭൂമിയാണ് അനധികൃതമായി സ്വകാര്യ വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതെന്നും, അതു തിരിച്ചെടുക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗോസ്പ്പൽ ഫോർ ഏഷ്യ അധികൃതർ ഹാജരാക്കിയ രേഖകൾ പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് 2329/2005 നമ്പർ കരാർപ്രകാരം 2005-ൽ ഇവർ വാങ്ങിയതായി പറയുന്നു.

(ബി) ഹാരിസൺസ് മലയാളം ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ശ്രീ.വി. വേണുഗോപാൽ എന്ന കക്ഷിയിൽനിന്നും എരുമേലി സബ് രജിസ്ട്രാർ ഓഫീസിലെ 2/8/2005- ലെ 2329/2005 നമ്പർ കരാർ പ്രകാരമാണ് ഗോസ്പ്പൽ ഫോർ ഏഷ്യ ടി എസ്റ്റേറ്റ് വാങ്ങിയതായി പറയുന്നത്. ടി കരാർ പ്രകാരമുള്ള വിസ്തീർണ്ണം 2263 ഏക്കറാണെന്ന് കാണുന്നു.

(സി) പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28-5-2015- ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ പാട്ടമായി കൈവശം വച്ചിരുന്നതായി കാണുന്നു. പ്രസ്തുത ഭൂമി 1923-ലെ 1600/1923-ാം നമ്പർ കരാർ ഉടമ്പടി പ്രകാരം മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി (യു.കെ.) ലിമിറ്റഡ് മറ്റൊരു ബ്രിട്ടീഷ് കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡിന് കൈമാറി. ടി 2 കമ്പനികളും ബ്രിട്ടീഷ് കമ്പനി ആക്ട് പ്രകാരം ആ രാജ്യത്തെ ഒരേ ഓഫീസ് മേൽവിലാസത്തിൽ പ്രവർത്തിച്ചിരുന്നതായി ടി കരാർ ഉടമ്പടിയിൽ കാണുന്നു. 1923 -ലെ ഇംഗ്ലീഷ് കമ്പനികളുടെ കരാർ ഉടമ്പടിയിൽ ആകെ 25625 ഏക്കർ ഭൂമി ഉൾപ്പെടുന്നു. ടി കരാറിലെ വിൽക്കുന്നയാളും വാങ്ങുന്നയാളും സാക്ഷികളും എല്ലാംതന്നെ ജോൺമാക്കി എന്നൊരു കക്ഷിയായിരുന്നു. 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും Indian Independence Act,1947, FERA 1947 എന്നിവയിലെ വിലക്കുകൾ ലംഘിച്ചു കൊണ്ട് ഇന്ത്യൻ ഏജന്റുമാരെ ഉപയോഗിച്ച് ടി വിദേശ കമ്പനികൾ (മറ്റ് വിദേശ കമ്പനികൾ ചെയ്തതുപോലെ) ഇംഗ്ലണ്ടിൽ തുടർന്നുകൊണ്ട് ടി തോട്ടങ്ങൾ നിയന്ത്രിച്ചിരുന്നതായി മനസ്സിലാക്കുന്നു. 1952, 1957, 1973 എന്നീ വർഷങ്ങളിൽ വിദേശ കമ്പനികൾക്കും പൗരന്മാർക്കുമെതിരായി ശക്തമായ വിലക്കുകൾ ഏർപ്പെടുത്തി കൊണ്ട് FERA-ൽ ഭേദഗതികൾ വരുത്തിയിരുന്നു. ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കേന്ദ്ര സർക്കാരിന്റെയോ ആർ.ബി.ഐ.-യുടെയോ അനുമതി ആവശ്യമായിരുന്നു. ഈ സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, 1923-ലെ വിദേശ കമ്പനികൾ തമ്മിലുണ്ടാക്കിയ കരാർ ഉടമ്പടിയിൽ ഉൾപ്പെട്ടതും ഭരണഘടനയുടെ ആർട്ടിക്കിൾ 296 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതുമായ ആയിരക്കണക്കിനേക്കർ ഭൂമി 1984 മുതൽ വിൽപ്പന നടത്തിവന്ന കൂട്ടത്തിൽ 2005-ൽ എരുമേലിക്കടുത്തുള്ള 2264 ഏക്കർ

വരുന്ന ചെറുവള്ളി എസ്റ്റേറ്റ് അനധികൃതമായി ഗോസ്പൽ ഫോർ ഏഷ്യയ്ക്ക് വിൽപ്പന നടത്തിയതായി കാണുന്നു. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതും അന്തിമ ഉത്തരവ് നിലവിൽ വന്നിട്ടില്ലാത്തതുമാണ്.

(ഡി) M/s മലയാളം പ്ലാന്റേഷൻസ്(യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 75000 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റ് കക്ഷികളും കൈവശം വച്ചിരുന്ന 38,170. 92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന ടി 4 ജില്ലകളിലെ 30,019.95 ഏക്കർ ഭൂമിയും മറ്റ് കമ്പനികളും കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിന് എതിരെയുള്ള കേസുകൾ നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത

180 (1005) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനത്തിന് സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് തൃശ്ശൂർ എൽ.എ.(ജനറൽ) തഹസിൽദാരെ സ്ഥലമെടുപ്പ് ഓഫീസറായി നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത ഓഫീസ് മുഖേന ഏറ്റെടുക്കുന്ന സ്ഥലത്തെ സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനുള്ള പ്രാഥമിക സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ബി) സ്ഥലമെടുപ്പ് ജോലികൾ, ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ട് 2013 അനുസരിച്ച് നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

## റവന്യൂ ഭൂമി കയ്യേറിയ സ്ഥാപനങ്ങളും വ്യക്തികളും

181 (1006) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഏക്കർ റവന്യൂഭൂമി സർക്കാരിന്റെ കൈവശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; ജില്ലതിരിച്ച് ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ എത്ര ഏക്കർ സർക്കാർ ഭൂമി ആൾക്കാർ കയ്യേറിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഭൂമി കയ്യേറിയത് തിരിച്ച് പിടിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏറ്റവും കൂടുതൽ ഭൂമി കയ്യേറ്റം നടന്നിട്ടുള്ള ജില്ല ഏതാണ്; വിശദമാക്കുമോ;

(ഇ) ഇങ്ങനെ കൂടുതൽ ഭൂമി കയ്യേറിയ സ്ഥാപനങ്ങളും വ്യക്തികളും ആരൊക്കെയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കണ്ടെത്തിയിട്ടുള്ള റവന്യൂ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 11047.65.333 ഹെക്ടർ |
| കൊല്ലം | - | 1290.43.33 ഹെക്ടർ |
| പത്തനംതിട്ട | - | 1428.73 ഹെക്ടർ |
| ആലപ്പുഴ | - | 290.02.49 ഹെക്ടർ |
| കോട്ടയം | - | 1726.32.06 ഹെക്ടർ |
| ഇടുക്കി | - | 54097.86.95 ഹെക്ടർ |
| എറണാകുളം | - | 7587.0019 ഹെക്ടർ |
| തൃശ്ശൂർ | - | 179.9334 ഹെക്ടർ |
| പാലക്കാട് | - | 215.89.17 ഹെക്ടർ |
| മലപ്പുറം | - | 1162.3541 ഹെക്ടർ |
| വയനാട് | - | 9962.7338 ഹെക്ടർ |
| കോഴിക്കോട് | - | 239.3684 ഹെക്ടർ |
| കണ്ണൂർ | - | 453.341 ഹെക്ടർ |
| കാസർഗോഡ് | - | 3143.77 ഹെക്ടർ |

(ബി) കയ്യേറ്റ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | | ഹെക്ടർ |
|---|---|---|
| തിരുവനന്തപുരം | - | 7497.80 ഹെക്ടർ |
| കൊല്ലം | - | 11.26.40 ഹെക്ടർ |
| പത്തനംതിട്ട | - | 1.82 ഹെക്ടർ |
| ആലപ്പുഴ | - | 08.06.09 ഹെക്ടർ |
| കോട്ടയം | - | 8.89.38 ഹെക്ടർ |
| ഇടുക്കി | - | 110.02.73 ഹെക്ടർ |
| എറണാകുളം | - | 31.65.65 ഹെക്ടർ |
| തൃശ്ശൂർ | - | 5.62.15 ഹെക്ടർ |
| പാലക്കാട് | - | 14.4148 ഹെക്ടർ |
| മലപ്പുറം | - | 6.19 ഹെക്ടർ |
| വയനാട് | - | 81.25.64 ഹെക്ടർ |
| കോഴിക്കോട് | - | 5.22 ഹെക്ടർ |
| കണ്ണൂർ | - | 0.8903 ഹെക്ടർ |
| കാസർഗോഡ് | - | 22.85 ഹെക്ടർ |

(സി) 1957-ലെ കേരള ഭൂ സംരക്ഷണനിയമം 1958 -ലെ ചട്ടങ്ങൾ 2009-ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) എന്നീ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ കയ്യേറ്റങ്ങളും അനധികൃത നിർമ്മാണവും ശ്രദ്ധയിൽപ്പെട്ട കേസുകളിൽ KDH വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരവും മറ്റ് വില്ലേജുകളിൽ ഭൂസംരക്ഷണ നിയമപ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂ സംരക്ഷണ സേനയും പ്രവർത്തന നിരതമാണ്.

(ഡി) ഇടുക്കി ജില്ലയിലെ KDH വില്ലേജിലാണ് കൂടുതൽ ഭൂമി കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഇ) സഖറിയ, വെള്ളുക്കുന്നേൽ, സൂര്യനെല്ലി, ചിന്നക്കനാൽ, വാഗമൺ വില്ലേജിൽ, ശ്രീ. സിറിൽ പി. ജേക്കബ് ചോയ്സ് വില്ലേജ് , തൃപ്പൂണ്ണിത്തുറ.

## ഓപ്പറേഷൻ അനന്ത പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം

182 (1007) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ അനന്ത എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തിയ എത്ര ജോലികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് ; ഇവ പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) രണ്ടാം ഘട്ടത്തിൽ ആരംഭിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തിയ മുപ്പത്തിയാറ് പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഓപ്പറേഷൻ അനന്തയിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണം വിവിധ നിർവ്വഹണ വകുപ്പുകളുടെ ചുമതലയാണ്. പ്രസ്തുത പ്രവൃത്തികളുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

## മൂന്നാറിലെ വൻകിട കയ്യേറ്റം സംബന്ധിച്ച് കണക്കെടുപ്പ്

183 (1008) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പ് കണക്കെടുപ്പ് നടത്തുന്നുണ്ടോ; എങ്കിൽ ആർക്കാണ് കണക്കെടുപ്പിന്റെ ചുമതല നൽകിയിട്ടുള്ളത്; കണക്കെടുപ്പ് പൂർത്തിയാക്കി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) മുന്നൂറിലേറെ കയ്യേറ്റങ്ങൾ മൂന്നാറിലുണ്ടായിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയ്യേറ്റത്തിന്റെ സ്വഭാവം, വ്യാപ്തി, കയ്യേറ്റഭൂമിയിലെ അനധികൃത നിർമ്മാണം, കയ്യേറ്റം മൂലമുണ്ടായ പരിസ്ഥിതി ആഘാതം എന്നീ കാര്യങ്ങളൊക്കെ റവന്യൂ വകുപ്പിന്റെ പരിശോധനയിൽ ഉൾപ്പെടുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് ദേവികുളം സബ് ഡിവിഷനിൽ ഉൾപ്പെടുന്ന എല്ലാ റവന്യൂ ഓഫീസുകൾ മുഖാന്തരവും പരിശോധന നടത്തിവരുന്നതാണ്. കയ്യേറ്റം ഒഴിപ്പിക്കലും സർക്കാർ ഭൂമി സംരക്ഷണവും എന്നത് റവന്യൂ വകുപ്പിലെ എല്ലാ തസ്തികയിലുമുള്ള ജീവനക്കാരുടെ പ്രാഥമിക കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതും അടിയന്തര പ്രാധാന്യത്തോടുകൂടി സമയബന്ധിതമായി നിർവ്വഹിക്കേണ്ടതുമായ പ്രവൃത്തിയുമാണ്. കൂടാതെ ഇടുക്കി ജില്ലയിലെ അനധികൃത വൻകിട കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ആയതിന്റെ കാലാവധി, കയ്യേറ്റത്തിന്റെ സ്വഭാവം, ഇപ്പോഴത്തെ ഉപയോഗം, സ്ഥല പരിധി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്കും ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മൂന്നാറിലെ കയ്യേറ്റങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതാണ്.

(സി) കയ്യേറ്റത്തിന്റെ സ്വഭാവം, വ്യാപ്തി, കയ്യേറ്റ ഭൂമിയിലെ അനധികൃത നിർമ്മാണം, കയ്യേറ്റംമൂലമുണ്ടായ പരിസ്ഥിതി ആഘാതം എന്നിവയൊക്കെ റവന്യൂ വകുപ്പിന്റെ പരിശോധനയിൽ ഉൾപ്പെടുന്നതാണ്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആശയവിനിമയം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കാറുള്ളതുമാണ്.

**കോഴിക്കോട് ചാലിയത്ത് പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ**

184 (1009) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാലിയത്ത് കേന്ദ്രപ്രരോധമന്ത്രാലയത്തിന്റെ 'നിർദ്ദേശ്' എന്ന സംരംഭത്തിന് സ്ഥലമെടുത്തപ്പോൾ മാറ്റി പാർപ്പിക്കപ്പെട്ടവരും അല്ലാത്തവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ സർവ്വെ നമ്പറിൽ താമസിക്കുന്ന ചില കുടുംബങ്ങൾക്ക് പട്ടയം കിട്ടുകയും മറ്റു ചിലർക്ക് കിട്ടാതിരിക്കുകയും ചെയ്യുന്നത് എന്തു കൊണ്ടാണ്;

(സി) ചാലിയത്ത് വർഷങ്ങളായി ഭൂമിയിൽ അവകാശമുള്ള ഈ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ കടലുണ്ടി വില്ലേജിൽ 'നിർദ്ദേശ്' എന്ന സംരംഭത്തിനായി ഏറ്റെടുത്ത സ്ഥലത്തുണ്ടായിരുന്നതും മാറ്റി പാർപ്പിക്കപ്പെട്ടതുമായ എല്ലാ കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ്**

185 (1010) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയതായി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു; അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓഫീസ് എവിടെ തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും ഇതിനുവേണ്ടിയുള്ള കെട്ടിടം കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ആസ്ഥാനമാക്കി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) റവന്യൂ ഡിവിഷൻ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് താലൂക്കിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക്**

186 (1011) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ നെൽവയലുകളും തണ്ണീർ തടങ്ങളും സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുന്ന 14 ഗ്രാമപഞ്ചായത്തുകളും നെൽവയലുകളും തണ്ണീർ തടങ്ങളും സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. മേൽ ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് അന്തിമമാക്കി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (ഇത് സംബന്ധിച്ച് പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ വിവരം അനുബന്ധമായി *ചേർക്കുന്നു).

(ബി) കേരള കൺസർവേഷൻ ഓഫ് പാഡി ആന്റ് വെറ്റ് ലാന്റ് ആക്ട് 2008-ലെയും കേരള കൺസർവേഷൻ ഓഫ് പാഡി ആന്റ് വെറ്റ് ലാന്റ് റൂൾസ് 2008-ലെയും സെക്ഷനുകൾ പാലിച്ച് ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചത്.

**വരൾച്ചയെ നേരിടുവാൻ ചങ്ങനാശ്ശേരി മണ്ഡലത്തിലെ പദ്ധതികൾ**

187 (1012) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ നേരിടുവാൻ ദുരന്ത നിവാരണ അതോറിറ്റി മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രകൃതി ദുരന്ത നിവാരണ പ്രവൃത്തികൾ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 31-3-2017-നകം പൂർത്തീകരിക്കാവുന്നതും 2 ലക്ഷം രൂപ വരെ ചെലവ് വരുന്നതുമായ കുടിവെള്ളം ഉറപ്പുവരുത്താൻ ഉപയുക്തമായ അടിസ്ഥാന നിർമ്മാണ/ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്കായി അത്തരം പ്രവൃത്തികളൊന്നും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ നിന്ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടില്ലാത്തതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം

188 (1013) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറ്റിംഗൽ വെടിക്കെട്ട ദുരന്തത്തെ ദേശീയ ദുരന്തമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിക്കണമെന്ന ആവശ്യം ഉയർന്നിരുന്നോ; ആയതു പരിഗണിക്കാമെന്ന വാഗ്ദാനം ഏതെങ്കിലും ഭാഗത്തു നിന്നുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അപകടത്തിൽപ്പെട്ടവർക്കുള്ള സഹായ വാഗ്ദാനങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരും സ്വകാര്യ വ്യക്തികളും സംഘടനകളുമുൾപ്പടെ നൽകിയ സഹായ വാഗ്ദാനങ്ങൾ എന്തൊക്കെയാണ്; അതിൽ എത്ര തുക കിട്ടിയിട്ടുണ്ട്; വിനിയോഗ വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെ ദേശീയ ദുരന്തമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ, പുറ്റിങ്ങൽ ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ മാനദണ്ഡം അനുവദിക്കുന്നില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതാണ്.

(ബി) പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും വീതം 26-10-2016 -ലെ സ.ഉ.(സാധാ)നമ്പർ 4497/2016/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ 20-4-2016-ലെ സ.ഉ.(കൈ)നമ്പർ 304/ 2016/റവ നമ്പർ ഉത്തരവ് പ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആറ് ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ ഓരോരുത്തർക്കും 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കുള്ളവർക്ക് 50,000 രൂപ വീതവും അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പുറ്റിങ്ങൽ ദുരിതാശ്വാസത്തിനായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി 2,58,78,123 രൂപ (രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി ഒരുനൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) പുറ്റിങ്ങലിലെ വെടിക്കെട്ട് ദുരന്തത്തിന് ഇരയായവർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ STSB-799011400000012 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സംഭാവനായിനത്തിൽ ലഭിച്ച തുക വിനിയോഗിക്കേണ്ടി വന്നിട്ടില്ല.

### മൂന്നാറിലെ ദൗത്യസംഘത്തെ പിരിച്ചുവിടാനുണ്ടായ കാരണം

189 (1014) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ അധികാരത്തിൽ വന്ന വി. എസ്. അച്യുതാനന്ദൻ സർക്കാർ മൂന്നാറിലെ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ ദൗത്യസംഘത്തെ നിയോഗിച്ചും മറ്റും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത് പ്രകാരം എത്ര ഏക്കർ ഭൂമിയാണ് തിരിച്ചു പിടിച്ചിട്ടുള്ളത്; ഇങ്ങനെ തിരിച്ചുപിടിച്ചിട്ടുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഭൂമി തിരിച്ചുപിടിക്കുവാനായി നിയോഗിക്കപ്പെട്ട ദൗത്യസംഘത്തെ പിരിച്ചുവിടാനുണ്ടായ കാരണം എന്താണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2006-ൽ അധികാരത്തിൽ വന്ന സർക്കാർ കയ്യേറ്റഭൂമി തിരിച്ചു പിടിക്കുവാൻ ദൗത്യസംഘത്തെ നിയോഗിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെ 4932.6838 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ ചിലതിൽ കോടതി കേസുകൾ നിലനിൽക്കുന്നതും ചിലതിൽ വീണ്ടും കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതുമാണ്.

(ബി) മൂന്നാറിലെയും സമീപ പ്രദേശങ്ങളിലെയും ചില രാഷ്ട്രീയ സംഘടനാ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് പൊളിച്ചതിനെ തുടർന്നുണ്ടായ വ്യാപകമായ ജനകീയ പ്രതിഷേധത്തെ തുടർന്ന് കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ തത്വത്തിൽ സർക്കാരിന് അപ്രതീക്ഷിതമായി നിർത്തിവയ്ക്കേണ്ടി വരികയും ദൗത്യസംഘത്തിന്റെ പ്രവർത്തനങ്ങൾ മുടങ്ങുകയുമുണ്ടായി.

### കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ

190 (1015) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മിനിസിവിൽസ്റ്റേഷൻ ആരംഭിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) ഇപ്പോഴത്തെ താലൂക്ക് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള എസ്റ്റിമേറ്റ് നേരത്തെ സർക്കാരിന് സമർപ്പിച്ചിരുന്നതിന്മേൽ കൈക്കൊണ്ട തീരുമാനങ്ങളും നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2016-17 ബഡ്ജറ്റിൽ കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏഴ് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കാസർഗോഡ് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിൽനിന്നും തയ്യാറാക്കി വരുന്നു.

**നെൽവയൽ-തണ്ണീർത്തട സംരക്ഷണനയം**

191 (1016) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കാമോ;

(ബി) നെൽവയൽ തണ്ണീർത്തട നിയമത്തിൽ മാറ്റം കൊണ്ടുവന്ന സാഹചര്യത്തിൽ, അനുമതി കൂടാതെ മണ്ണിട്ട് നികത്തിയും എന്നാൽ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ ഒന്നും നടത്താതിരിക്കുകയും ചെയ്യുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ-തണ്ണീർത്തട നിയമത്തിലെ സെക്ഷൻ 13 പ്രകാരം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12-8-2008 മുതൽ സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തു സൂക്ഷിക്കേണ്ടതും അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ് എന്ന് ടി ആക്ടിലെ സെക്ഷൻ 11-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നെൽവയലുകൾ പ്രസ്തുത നിയമത്തിൽ നിഷ്കർഷിക്കുന്ന രീതിയിൽ മാത്രം പൊതു ആവശ്യത്തിനും വീടുവയ്ക്കുന്നതിനുമായി രൂപാന്തരപ്പെടുത്താവുന്നതുമാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതം നടപ്പിലാക്കി വരുന്നുണ്ട്.

(ബി) അത്തരം കേസുകളിൽ ബന്ധപ്പെട്ട കക്ഷികളെ വിചാരണ നടത്തിയ ശേഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 13-ാം വകുപ്പ് പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കാൻ നിയമലംഘനം നടത്തിയ വ്യക്തിയോട് ആവശ്യപ്പെടുകയും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർവ്വസ്ഥിതിയിലാക്കാത്ത സാഹചര്യത്തിൽ നിലം പൂർവ്വസ്ഥിതിയിലാക്കി. ആയതിന്റെ ചെലവ് പ്രസ്തുത കക്ഷിയിൽനിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി വരികയും ചെയ്യുന്നു. 2008-ന് മുമ്പ് നികത്തപ്പെട്ട വയലുകൾ ക്രമവത്കരിച്ചുകൊണ്ട് നിലവിൽ വന്ന വകുപ്പ് 3 എ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിച്ചിട്ടുള്ളതാണ്. ഇതല്ലാതെ നെൽവയൽ തണ്ണീർത്തട നിയമത്തിൽ മറ്റ് മാറ്റങ്ങളൊന്നും വരുത്തിയിട്ടുള്ളതല്ല.

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം 13-ാം വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ആർ.ഡി.ഒ.-മാർ ശിപാർശ ചെയ്യുന്ന കേസുകളിൽ ആവശ്യമായ റിപ്പോർട്ട് ലഭ്യമാക്കി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു.

## പാറ്റൂരിൽ പുറമ്പോക്ക് കയ്യേറി ഫ്ലാറ്റ് നിർമ്മാണം

192 (1017) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറ്റൂരിൽ സർക്കാർ പുറംമ്പോക്ക് കയ്യേറി വലിയ ഫ്ളാറ്റ് സമുച്ചയം അനധികൃതമായി പണിഉയർത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അനധികൃത കയ്യേറ്റത്തിനെതിരെ റവന്യൂവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ കയ്യേറ്റത്തിനെതിരെ റവന്യൂ വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പാറ്റൂർ ഭൂമിയുടെ മുൻഉടമകൾ ആരൊക്കെയെന്ന് പേരും അഡ്രസ്സും സഹിതം വിശദമാക്കുമോ;

(ഇ) പ്രസ്തുത ഫ്ലാറ്റിന്റെ പണിനടക്കുമ്പോൾ ആധാരപ്രകാരമുള്ള ഉടമസ്ഥൻ ആരായിരുന്നു; കോപ്പി ലഭ്യമാക്കാമോ;

(എഫ്) ഈ വസ്തുവിന്റെ മുൻപ്രമാണങ്ങളും നിലവിലുള്ള പ്രമാണങ്ങളും റവന്യൂഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ആധാരങ്ങളുടെ കോപ്പികൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വഞ്ചിയൂർ വില്ലേജിലെ പാറ്റൂർ ഭാഗത്ത് ഫ്ലാറ്റ് ഇരുപ്പ് സ്ഥലവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ലോകായുക്തയിൽ കേസ് നിലവിലുള്ളതും ബഹു. ലോകായുക്തയുടെ 21-3-2016- ലെ 964/14 (എ) നമ്പർ ഉത്തരവ് പ്രകാരം പാറ്റൂർ ആവൃതി മാൾ ആർടെക് സമുച്ചയത്തോട് ചേർന്നുള്ള സർവ്വേ നമ്പർ 1805 എ പാർട്ട്, 1806 എ പാർട്ട് എന്നിവയിൽപ്പെട്ട 12.279 സെന്റ് പുറമ്പോക്ക് ഭൂമി അനധികൃത കൈവശത്തിൽനിന്നും ഏറ്റെടുത്ത് ടി സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മാണ വിഭാഗം മുഖേന അതിർത്തി വേലികെട്ടി പൂട്ടുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

(സി) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-2-2011-ലെ ബി 9/35813/2010 -ാം നമ്പർ റിപ്പോർട്ട്, തിരുവനന്തപുരം ജില്ലാ കളക്ടറുടെ 2-1-2013-ലെ ബി9/35813/ 2010-ാം നമ്പർ റിപ്പോർട്ട്, ലാന്റ് റവന്യൂ കമ്മീഷണറുടെ 13-9-2013-ലെ എൽ.ആർ.കെ. 3-35419/13 -ാം നമ്പർ റിപ്പോർട്ട്, തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17-10-2011-ലെ ബി 9/35813/2010-ാം നമ്പർ കത്ത്, ലാന്റ് റവന്യൂ കമ്മീഷണറുടെ 5-5-2015- ലെ എൽ.ആർ.കെ.3-35419/13-ാം നമ്പർ റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ശാസ്തമംഗലം മുടവാരം മാധവീശ്വരം ബംഗ്ലാവിൽ രാജഗോപാലൻ നായർ, ടി വിലാസത്തിൽ ടിയാൻ ഭാര്യ ഉഷ രാജഗോപാലൻ നായർ, മക്കൾ ജയദേവ് കുമാർ, അനിൽ കുമാർ മുതലായവർ.

(ഇ) വഞ്ചിയൂർ വില്ലേജിലെ 28186-ാം നമ്പർ തണ്ടപ്പേർ പ്രകാരം മുംബൈയിലെ ജോഗേശ്വരി ശ്യാംനഗറിലെ നോളേഡ്ജ് ഹൗസിൽ രജിസ്റ്റേർഡ് ഓഫീസുള്ള മെസ്സേഴ്സ് ആവൃതിമാൾ മാനേജ്മെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ശ്രീ. ജയേഷ് സോണേജിയാണ് നിലവിലുള്ള ഉടമസ്ഥൻ. ആധാരം ലഭ്യമല്ല.

(എഫ്) ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ലോകായുക്തയിൽ നിലവിലുള്ള 964/14-ാം നമ്പർ കേസിന്റെ ഭാഗമായി വഞ്ചിയൂർ വില്ലേജിലെ പാറ്റൂർ ആവൃതിമാൾ ഫ്ലാറ്റിന്റെ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച താലൂക്കാഫീസിലെ ഫയൽ 20-10-2014-ന് ബഹുമാനപ്പെട്ട ലോകായുക്തയിൽ സമർപ്പിച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി

193 (1018) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ജലസേചന വകുപ്പ് റവന്യൂ വകുപ്പിന് മൂന്നേക്കർ ഭൂമി കൈമാറി നൽകുമെന്ന് അറിയിക്കുകയും സർക്കാരിൽ അതിന്മേലുള്ള തുടർനടപടികൾക്കായി 2014 ആഗസ്റ്റ് 16-ന് കണ്ണൂർ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാന പ്രകാരം റവന്യൂ വകുപ്പ് കൈക്കൊള്ളുകയും ചെയ്ത തുടർനടപടികൾ വ്യക്തമാക്കുമോ;

(ബി) ജലസേചന വകുപ്പിന്റെ കീഴിലുള്ള പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ളതും റവന്യൂ വകുപ്പിന് കൈമാറി നൽകുവാൻ തീരുമാനിച്ചതുമായ മൂന്നേക്കർ സ്ഥലം സന്ദർശിച്ച് തലശ്ശേരി സബ്കളക്ടർ തയ്യാറാക്കിയ റിപ്പോർട്ടും അനുബന്ധ രേഖകളും ലാന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷ ചെക്ക് ലിസ്റ്റ് സഹിതം ഗവൺമെന്റിലേക്ക് അയയ്ക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ലാൻഡ് ട്രാൻസ്ഫറിനുള്ള അപേക്ഷയും ചെക്ക് ലിസ്റ്റും ഗവൺമെന്റിലേക്ക് അയച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്. കണ്ടെത്തിയ ഭൂമിയിൽ ധാരാളം മരങ്ങളും കെട്ടിടങ്ങളും ഉള്ളതിനാൽ കെട്ടിടങ്ങളുടെ വാല്യുവേഷൻ PWD വകുപ്പുമായി ബന്ധപ്പെട്ടും മരങ്ങളുടെ വാല്യുവേഷൻ വനം വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 10-3-2017- ന് ഇരിട്ടി തഹസീൽദാർ ഭൂമി കൈമാറ്റ പ്രൊപ്പോസൽ റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരിക്ക് സമർപ്പിച്ചിരുന്നു എങ്കിലും പരിശോധനയിൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയ ഭൂവിലയും യഥാർത്ഥ മാർക്കറ്റ് വിലയും തമ്മിൽ അന്തരം കണ്ടെത്തിയതിനാൽ ഇരിട്ടി തഹസീൽദാർക്ക് മടക്കി നൽകിയിരിക്കുകയാണ്.

(ബി) PWD-യിൽനിന്നും വനം വകുപ്പിൽനിന്നും വില നിർണ്ണയം സംബന്ധിച്ച് റിപ്പോർട്ടുകൾ കിട്ടാൻ കാലതാമസം നേരിട്ടതിനാലാണ് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) ലാന്റ് ട്രാൻസ്ഫറിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## മൂന്നാറിലും സമീപ വില്ലേജുകളിലും അനധികൃത കയ്യേറ്റം

194 (1019) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും സമീപ വില്ലേജുകളിലും അനധികൃതമായി കയ്യേറിയതും, വ്യാജപട്ടയമുള്ളതുമായ സ്ഥലങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ സ്ഥിതി ചെയ്യുന്നുണ്ടോ;

(ബി) ഇത് എവിടെയെല്ലാമാണെന്നും രാഷ്ട്രീയ പാർട്ടികളുടെ പേര് വിവരവും ഉൾപ്പെടെ വിശദീകരിക്കുമോ;

(സി) ഇത് ഒഴിപ്പിക്കുവാൻ സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർനടപടി എന്തായി എന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ തുടർ നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മൂന്നാറിലും സമീപ വില്ലേജുകളിലും അനധികൃതമായി കയ്യേറിയതും വ്യാജപട്ടയമുള്ളതുമായ സ്ഥലങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ സ്ഥിതി ചെയ്യുന്നുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയ ശേഷം മാത്രമെ ഉറപ്പുവരുത്താനാകുകയുള്ളൂ.

(ഡി) അനധികൃത കയ്യേറ്റങ്ങൾ ബോധ്യപ്പെടുന്നപക്ഷം 1957-ലെ കേരള, ഭൂസംരക്ഷണനിയമം 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാർ നയം.

## മൂന്നാറിലും സമീപ വില്ലേജുകളിലും നൽകിയ വ്യാജപട്ടയങ്ങൾ

195 (1020) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും സമീപ വില്ലേജുകളിലും ഇതുവരെ നൽകിയിട്ടുള്ള പട്ടയങ്ങളിൽ വ്യാജപട്ടയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വ്യാജപട്ടയങ്ങൾ കണ്ടെത്തുവാനും മറ്റും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) വ്യാജപട്ടയം ലഭിച്ച സ്ഥലങ്ങളിൽ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഭൂവുടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്;

(ഡി) ഇതുപ്രകാരം റവന്യൂ അധികൃതർ എത്ര കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്; അവ ഏതെല്ലാം ?

<u>ഉത്തരം</u>

(എ) മൂന്നാറിലും സമീപ വില്ലേജുകളിലും നൽകിയിട്ടുള്ള പട്ടയങ്ങളിൽ വ്യാജ പട്ടയങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുള്ളതാണ്.

(ബി) വ്യാജ പട്ടയങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പുതലത്തിലും കൂടാതെ ചില കേസുകളിൽ ക്രൈംബ്രാഞ്ച്, വിജിലൻസ് വകുപ്പുകൾ മുഖേനയും അന്വേഷണം നടന്നുവരുന്നു.

(സി) കെട്ടിടങ്ങൾ പൊളിച്ചുമാറ്റുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂഉടമകൾക്ക് നോട്ടീസ് നൽകിയിട്ടില്ലാത്തതാണ്. എന്നാൽ വ്യാജ പട്ടയങ്ങൾ റദ്ദാക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**മൂന്നാറിൽ വ്യാജ പട്ടയങ്ങൾ**

196 (1021) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ വ്യാജ പട്ടയങ്ങൾ എന്ന ആരോപണം ഉയർന്ന കേസുകളിൽ വിട്ടുവീഴ്ച ഇല്ലാതെ പരിശോധന നടത്തി വ്യാജ പട്ടയങ്ങൾ കണ്ടുപിടിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ;

(ബി) ഇതിനായി ഒരു ഉന്നതതല റവന്യൂ, പോലീസ് സ്ക്വാഡ് രൂപീകരിച്ച് സത്യസന്ധമായ അന്വേഷണം നടത്തി, സർക്കാർ ഭൂമികൾ തിരിച്ചുപിടിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) മൂന്നാറിൽ ഒരു എം.എൽ.എ.-യുടെ വീട് ഇരിയ്ക്കുന്ന ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ഉള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറിയവരെ കണ്ടുപിടിച്ച് ഒഴിപ്പിയ്ക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ, വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ, ക്രൈംബ്രാഞ്ച് എന്നീ വകുപ്പുകൾ മുഖേന അന്വേഷണം നടന്നുവരുന്നു. വ്യാജമെന്ന് കണ്ടെത്തിയ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) റവന്യൂ-പോലീസ്-സർവ്വേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മൂന്നാറിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് അന്വേഷിച്ച ADGP (Crime Branch, CID), ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ പേരിലുള്ള ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിരുന്നു. ആയത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയരേഖകളിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തികിട്ടണമെന്ന അപേക്ഷ നമ്പർ C4/45257/10 തീയതി 29-10-2011 പ്രകാരം തള്ളിയിട്ടുള്ളതുമാണ്. ഇതിനെതിരെ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ No.LR.J3/53305/11 dated 5-1-2015 പ്രകാരം നിരസിച്ചിട്ടുള്ളതാണ്.

(ഡി) റവന്യൂ-പോലീസ്-സർവ്വേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പയ്യന്നൂർ താലൂക്ക് തഹസീൽദാർ ഓഫീസിലെ തസ്തികകൾ**

197 (1022) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്ക് തഹസീൽദാരുടെ ഓഫീസ് ഏതൊക്കെ തസ്തികകളോടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ/നടപടികൾ പൂർത്തിയായോ;

(സി) ഇല്ലെങ്കിൽ സർക്കാർ ഉത്തരവുകൾ എന്ന് ഉണ്ടാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി)) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്ക് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**പയ്യന്നൂർ, കുണ്ടുകുളം താലൂക്കുകളുടെ പ്രവർത്തനം**

198 (1023) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ, കുണ്ടുകുളം താലൂക്കുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വില്ലേജുകളെയാണ് പയ്യന്നൂർ താലൂക്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താലൂക്കുകൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദ്ദിഷ്ട പയ്യന്നൂർ താലൂക്കിൽ ഏതൊക്കെ വില്ലേജുകളെയാണ് ഉൾപ്പെടുത്തുന്നത് എന്ന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യത്തിൽ ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**പത്തനംതിട്ട പെരുമ്പെട്ടി വില്ലേജ് നിവാസികൾക്ക് പട്ടയം**

199 (1024) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംത്തിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ അർഹതപ്പെട്ട ധാരാളം പേർക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത പ്രദേശത്തോ ചുറ്റുമുള്ള പ്രദേശങ്ങളിലോ വനവുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ എത്ര പേർക്ക് പട്ടയം നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ആയത് സംബന്ധിച്ച് താലൂക്ക്-വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വലിയകാവ് റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ട സ്ഥലത്തുനിന്നും 402 പേർക്ക് കൈവശരേഖ നൽകിയിട്ടുള്ളതാണ്. ആർക്കും പട്ടയം നൽകിയിട്ടില്ല.

(സി) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനത്തിന്റെ ഭാഗമായ 111.17.75 ഹെക്ടർ സ്ഥലത്ത് വർഷങ്ങളായി കടിയേറി പാർത്തുവരുന്ന 402 പേർക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ആർക്കും പട്ടയം നൽകിയിട്ടില്ല.

(ഡി) റിസർവ് വനമായി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി ആവശ്യമുള്ളതാണ്.

## മാവേലിക്കരയിലെ റവന്യൂ പുറംപോക്ക് ഭൂമി

200 (1025) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ റവന്യൂ പുറംപോക്ക് ഭൂമിയുടെ വിശദവിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കയ്യേറ്റഭൂമികൾ കണ്ടെത്തി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) കയ്യേറ്റഭൂമിയുടെ അളവ് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പുറമ്പോക്ക് ഭൂമി വില്ലേജ് തിരിച്ച് ചുവടെ ചേർത്തുകൊള്ളുന്നു :

| | |
|---|---|
| 1. വെട്ടിയാർ | 01.44.40 ഹെക്ടർ |
| 2. തഴക്കര | 00.06.44 ഹെക്ടർ |
| 3. മാവേലിക്കര | 01.10.99 ഹെക്ടർ |
| 4. നൂറനാട് | 08.86.69 ഹെക്ടർ |
| 5. പാലമേൽ | 15.80.31 ഹെക്ടർ |
| 6. താമരക്കുളം | 00.65.27 ഹെക്ടർ |
| 7. വള്ളിക്കുന്നം | 01.50.59 ഹെക്ടർ |
| 8. തെക്കേക്കര | 00.89.31 ഹെക്ടർ |
| 9. ചുനക്കര | 02.62.99 ഹെക്ടർ |

(ബി) ബി. ഫാം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 00.96.14 ആർസ്.

## നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനി നിവാസികൾക്ക് പട്ടയവിതരണം

201 (1026) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം ഹരിജൻ കോളനി നിവാസികൾക്ക് (35 താമസക്കാർ)പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത പട്ടയങ്ങൾ എന്ന് വിതരണം ചെയ്യാൻ കഴിയും;

(ബി) പട്ടയം അനുവദിച്ചവരുടെ ലിസ്റ്റ് താലൂക്കിലോ നഗരസഭയിലോ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പവിത്രാനന്ദപുരം കോളനിയിലെ നിലവിലെ കൈവശ കക്ഷികളായ 35 പേരുടെ ലിസ്റ്റ് നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽനിന്നും അയച്ച തരികയും ടി കക്ഷികൾക്ക് അനുവാദ പത്രിക ലഭ്യമാക്കുന്നതിനുള്ള നടപടികൾ മുൻസിപ്പാലിറ്റി കൗൺസിൽ സ്വീകരിച്ചിട്ടുള്ളതും, നെയ്യാറ്റിൻകര താലൂക്കിൽനിന്നും അപാകതകൾ ഇല്ലാത്ത 26 പേർക്ക് പട്ടയം നൽകുന്നതിന് കേരള ഭൂമി പതിവ് നിയമപ്രകാരമുള്ള 7(1) നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആക്ഷേപരഹിതമായി മടങ്ങുന്ന മുറയ്ക്ക് മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിനു ശേഷം പട്ടയം വിതരണം നടത്തുന്നതാണ്.

(ബി) പട്ടയം അനുവദിക്കാത്തതിനാൽ ലിസ്റ്റ് നൽകിയിട്ടില്ല.

## വരൾച്ചമൂലമുള്ള കൃഷിനാശത്തിന് കേന്ദ്ര സഹായം

202 (1027) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ കടുത്ത വരൾച്ചമൂലം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) മുമ്പെങ്ങുമില്ലാത്ത കടുത്ത വരൾച്ചയും കൃഷിനാശവും അനുഭവപ്പെട്ടത് കണക്കിലെടുത്ത് കേന്ദ്ര സഹായം അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കേന്ദ്ര സഹായമായി എത്ര കോടി രൂപ ഇതിനകം അനുവദിച്ചുകിട്ടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 41592.3 ഹെക്ടർ സ്ഥലത്തെ കൃഷി നാശമാണ് ഈ വരൾച്ചയിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് ഇത് 57.35 കോടി രൂപയുടെ നഷ്ടമാണ്.

(ബി) 2017 മാർച്ച് 28-ന് ബഹു. കേന്ദ്ര കൃഷി വകുപ്പുമന്ത്രി രാധ മോഹൻസിംഗിനെ സന്ദർശിച്ച് ബഹു. റവന്യൂ വകുപ്പുമന്ത്രിയും ബഹു. കൃഷി വകുപ്പുമന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ വരൾച്ച സ്ഥിതി വിലയിരുത്തുന്നതിന് കേന്ദ്ര സംഘം കേരളം സന്ദർശിച്ചിരുന്നു.

(സി) നിലവിൽ കേന്ദ്രത്തിൽനിന്നും അധിക ധനസഹായമായി തുക ലഭ്യമായിട്ടില്ല.

**വെള്ളായണിക്കായൽ പരിസരത്തെ കയ്യേറ്റം**

203 (1028) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണിക്കായൽ പരിസരത്തെയും മറ്റും എത്ര അളവ് ഭൂമിയാണ് ഭൂമാഫിയകൾ നികത്തി കൈയ്യേറിയിട്ടുള്ളത്;

(ബി) വിവിധ രാഷ്ട്രീയ-റിയൽ എസ്റ്റേറ്റ് മാഫിയകൾ കൈയ്യേറിയ കായൽക്കര തിരിച്ച് പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ;

(സി) എത്ര ഏക്കർ ഭൂമി/കായൽ കൈയ്യേറ്റം നടന്നിട്ടുള്ളതെന്ന കണക്ക് ഗവൺമെന്റിന്റെ പക്കലുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വെള്ളായണിക്കായൽ പുറമ്പോക്കിൽ ഭൂമാഫിയകൾ നികത്തി കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കായൽ സർവ്വെ ചെയ്തതിൽ 33 കേസുകളിലായി 77.11 ആർ ഭൂമി കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെള്ളായണിക്കായൽ പുറമ്പോക്കിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(സി) 77.11 ആർ കായൽ പുറമ്പോക്കിൽ കയ്യേറ്റം നടന്നിട്ടുണ്ട്.

**കുടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്നതിനായി നടപടികൾ**

204 (1029) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കടുത്ത വരൾച്ചയിൽ കുടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) വരൾച്ചമൂലം കൃഷിനാശം ഉണ്ടായ കർഷകർക്ക് മതിയായ നഷ്ട പരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വരൾച്ച മൂലമുണ്ടായ കെടുതികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ; കേന്ദ്രത്തിൽനിന്നും ദുരിതാശ്വാസം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)) സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം 31-10-2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ജലസംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മേയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അതുപ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൃഷിനാശം സംബന്ധിച്ച് കൃഷി വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ കൂടി

ഉൾപ്പെടുത്തി വരൾച്ച സംബന്ധിച്ച് തയ്യാറാക്കിയ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നു. സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം കൃഷിനാശത്തിന് ആശ്വാസ സഹായം അനുവദിച്ചിരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നഷ്ട പരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായം (Relief assistance) മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

(സി) വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടം സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഏപ്രിൽ 19 മുതൽ 21 വരെ സന്ദർശനം നടത്തിയിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള അധിക സഹായ അഭ്യർത്ഥനയ്ക്കുപുറമെ, വരൾച്ച പരിഗണിച്ച് കേരളത്തിന് സൗജന്യമായി ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും നൽകുവാനും തൊഴിലുറപ്പ് പദ്ധതിയിൽ അധികം ജോലി സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ അമ്പത് അധിക തൊഴിൽ ദിനങ്ങൾ നിലവിൽ കേന്ദ്രം അനുവദിച്ചു.

**തണ്ണീർത്തടങ്ങളിലെ കയ്യേറ്റത്തിന്റെ അളവ്**

205 (1030) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ കുറവുണ്ടെന്ന് റീസർവ്വേയിൽ ബോധ്യപ്പെട്ട കേസുകളിൽ കയ്യേറ്റത്തിന്റെ അളവ് കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോന്നിലും എത്ര കയ്യേറ്റം വീതം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്;

(സി) ഐഡന്റിഫൈ ചെയ്തതിൽ എത്രയെണ്ണത്തിനു വീതം നോട്ടീസ് നൽകിയിട്ടുണ്ട്;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും കയ്യേറ്റം ഒഴിപ്പിക്കാനായിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ കുറവുണ്ടെന്ന് റീസർവ്വേയിൽ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ അവ പരിശോധിച്ച് കയ്യേറ്റം കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റത്തിന്റെ അളവ് തിട്ടപ്പെടുത്താൻ താലൂക്ക് തലത്തിൽ LRM മുഖേന നടപടി സ്വീകരിച്ച് വരുന്നതുമാണ്. എറണാകുളം ജില്ലയിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ തണ്ണീർത്തടങ്ങളിലെ കയ്യേറ്റങ്ങൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. കോട്ടയം ജില്ലയിൽ കയ്യേറ്റം കണ്ടെത്തിയ കേസുകളിൽ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായലിൽ മുപ്പത്തിമൂന്ന് കേസുകളിലായി 77.11 ആർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ താലൂക്ക് തലത്തിൽ ഐഡന്റിഫൈ ചെയ്ത് എണ്ണം തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ ജില്ലയിൽ 63 അനധികൃത കയ്യേറ്റങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ 10 കേസുകളിലായി 01.1243 ഹെക്ടർ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കയ്യേറ്റം ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതാകുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 13 കേസുകളിലും ആലപ്പുഴ ജില്ലയിൽ 34 കേസുകളിലും കോട്ടയം ജില്ലയിൽ 10 കേസുകളിലും നോട്ടീസ് നൽകിയിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്തിരാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടില്ല.

## സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി

206 (1031) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്ക് ഓഫീസുകളിൽ നിന്നും വില്ലേജ് ഓഫീസുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

നിലവിൽ അഗതി സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവ ഒഴികെയുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രത്യേക ആവശ്യത്തിനായാണ് നൽകുന്നത്. പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന& പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

## മൂന്നാറിൽ കെ.എസ്.ഇ.ബി. ഭൂമി കയ്യേറ്റം

207 (1032) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണ് എന്നത് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് നിലവിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾ ഏതെല്ലാമാണ്; വസ്തുവിന്റെയും, കയ്യേറ്റക്കാരുടെയും പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ; മൂന്നാറിൽ കെ.എസ്.ഇ.ബി.-ക്ക് എത്ര ഹെക്ടർ സ്ഥലമാണുണ്ടായിരുന്നത്; ആയതിൽ ഇപ്പോൾ എത്ര ഹെക്ടർ സ്ഥലം ബാക്കി കൈവശമുണ്ട്;

(സി) കെ.എസ്.ഇ.ബി.-യുടെ കീഴിലുണ്ടായിരുന്ന വസ്തുവിൽ അനധികൃത കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് പ്രസ്തുത ഭൂമി കയ്യേറി പട്ടയങ്ങൾ നേടിയിട്ടുള്ളത് എന്നത് വിശദമാക്കുമോ;

(ഡി) അനധികൃത കുടിയേറ്റങ്ങളും വ്യാജ പട്ടയങ്ങളും ഒഴിവാക്കി സർക്കാർ, ബോർഡ് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാറിൽ എല്ലാ അനധികൃത കയ്യേറ്റങ്ങൾക്കുമെതിരെ കെ.ഡി.എച്ച്. നിയമം, ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാർ നയം.

(ബി) കെ.എസ്.ഇ.ബി.-യുടെ വക മൂന്നാറിലുള്ള സ്ഥലത്ത് നിരവധി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിൽ പല കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുള്ളതും ചില കയ്യേറ്റങ്ങൾ കോടതി കേസുകൾ നിലവിലുള്ളതിനാൽ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിലേക്കായി ദേവികുളം സബ് കളക്ടറുടെ കാര്യാലയത്തിന് കീഴിൽ പ്രത്യേക സർവ്വേ സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. പള്ളിവാസൽ വില്ലേജിൽ കെ.എസ്.ഇ.ബി. വക ഭൂമി സംബന്ധിച്ചും കെ.എസ്.ഇ.ബി. മറ്റ് വകുപ്പുകൾക്ക് കൈമാറി നൽകിയ ഭൂമി സംബന്ധിച്ചും അത്തരം ഭൂമിയിലെ പട്ടയങ്ങൾ, അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ചും നിലവിലുള്ള റവന്യൂ റിക്കാർഡുകൾ പ്രകാരം അന്വേഷണം നടന്നു വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ കൈവശം എത്ര ഭൂമി ഉണ്ടായിരുന്നു എന്നത് സംബന്ധിച്ചും നിലവിലുള്ള ഭൂമിയുടെ അളവ് സംബന്ധിച്ചും കൃത്യമായ രേഖകൾ ലഭ്യമായശേഷവും വിശദമായ പരിശോധനക്കും ശേഷമെ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂ.

(സി) കെ.എസ്.ഇ.ബി.-യുടെ വക സ്ഥലത്ത് നിരവധി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരെല്ലാമാണ് പ്രസ്തുത ഭൂമി കയ്യേറി പട്ടയങ്ങൾ നേടിയിട്ടുള്ളത് എന്നത് സംബന്ധിച്ച് വിശദമായി പരിശോധനകൾ നടന്നുവരുന്നതാണ്.

(ഡി) ഭൂസംരക്ഷണ നിയമം, കെ.ഡി.എച്ച്. നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

**റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി**

208 (1033) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; റീ-സർവ്വേ പ്രവൃത്തികൾ നിർത്തിവയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) റീ-സർവ്വേ നടപടികൾ ഏതൊക്കെ ജില്ലകളിലാണ് പുതിയതായി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) റീ-സർവ്വേ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) റീ-സർവ്വേയ്ക്ക് ഉപയോഗിച്ചു വരുന്ന കാലഹരണപ്പെട്ട സാങ്കേതിക വിദ്യകൾ മാറ്റുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) 24-1-2017-ലെ ജി.ഒ.(എംഎസ്)28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. 2011-ലെ ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ലഭിച്ച റീസർവ്വേ പരാതികൾ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിലും റീ-സർവ്വേ നടന്ന വില്ലേജുകളിൽ ആയിരക്കണക്കിന് പരാതികൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലും 31-10-2012-ലെ ജി.ഒ.(കൈ) നമ്പർ 409/2012/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ, സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു.

(ബി) കാസർഗോഡ്, ഇടുക്കി ജില്ലകളിലാണ് റീസർവ്വേ നടപടികൾ പുതിയതായി ആരംഭിച്ചിട്ടുള്ളത്.

(സി) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ഡി) അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് ആധുനിക സർവ്വെ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീസർവ്വെ പ്രവർത്തനങ്ങൾ കൃത്യതയോടെ നടന്നു വരുന്നു.

**റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ച ജില്ലകളും താലൂക്കുകളും**

209 (1034) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ എന്നുമുതലാണ് തുടങ്ങിയതെന്നും, ഇപ്പോൾ പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും, സമ്പൂർണ്ണ റീ-സർവ്വേ നടപടികൾ എപ്പോൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പരാതികൾ പരിഹരിച്ച് റീസർവ്വേ പൂർത്തീകരിച്ച താലൂക്കുകൾ/ജില്ലകൾ ഏതെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) അവശ്യം വേണ്ടുന്ന ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തി പരാതികൾ പരിഹരിച്ച് സംസ്ഥാനമാകെ റീ സർവ്വേ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ 1966 മുതൽ ആരംഭിച്ചു. സംസ്ഥാനത്ത് ആകെയുള്ള 11664 സർവ്വേ വില്ലേജുകളിൽ 884 വില്ലേജുകളുടെ റീസർവ്വേ നടത്തി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സമ്പൂർണ്ണ റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) വേണ്ടത്ര ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തി റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ പ്രവർത്തനങ്ങൾ**

210 (1035) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കായി ഭരണതലത്തിൽ എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 24-1-2017-ലെ ജി.ഒ.(എംഎസ്) 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പുനരാരംഭിക്കുകയും റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

**ലോ അക്കാദമിക്ക് നൽകിയ സ്ഥലം തിരിച്ചെടുക്കാൻ നടപടി**

211 (1036) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ അക്കാദമി ലാ കോളേജിന് വ്യവസ്ഥകളോടെ പതിച്ചു നൽകിയ സ്ഥലത്തിന്റെ അളവ് എത്ര ; പതിച്ചു നൽകിയപ്പോൾ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) പാട്ട വ്യവസ്ഥയിലോ മറ്റേതെങ്കിലും നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ നിലവിലെ കുടപ്പനക്കുന്ന് വില്ലേജിനു പുറത്ത് ഏതെങ്കിലും സർക്കാർ ഭൂമി ലാ അക്കാദമി ലാ കോളേജുമായി ബന്ധമുണ്ടായിരുന്നതോ ഉള്ളതോ ആയ ആരുടെയെങ്കിലും പേരിൽ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ;

(സി) ഭൂമി നൽകുമ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകളിൽ ഏതിന്റെയെങ്കിലും ലംഘനം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ വ്യവസ്ഥാ ലംഘനം കണക്കിലെടുത്ത് നിയമാനുസൃതം നോട്ടീസ് നൽകി ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ലാ അക്കാദമി ലാ കോളേജിന് 11.29 ഏക്കർ ഭൂമിയാണ് വ്യവസ്ഥകളോടെ പതിച്ചുനൽകിയിരുന്നത്. ഏത് ആവശ്യത്തിനാണോ ഭൂമി പതിച്ചുനൽകിയത് പ്രസ്തുത ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടില്ല എന്നും ഈ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ പ്രസ്തുത ഭൂമി യാതൊരു നഷ്ട പരിഹാരവും കൂടാതെ സർക്കാർ തിരിച്ചെടുക്കുന്നതാണ് എന്നുമുള്ള വ്യവസ്ഥകളാണ് ഭൂമി പതിച്ചു നൽകിയിരുന്നപ്പോൾ നിഷ്കർഷിച്ചിട്ടുണ്ടായിരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പതിച്ചു കൊടുത്ത ഭൂമിയിൽ കുറച്ച് ഭാഗം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

## മൂന്നാറിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

212 (1037) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ നിലവിലുള്ള കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മൂന്നാറിൽ നിലവിലുള്ള കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിന് വിവിധ റവന്യൂ ഓഫീസുകൾ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്കായി കേരള ഭൂസംരക്ഷണനിയമം, കെ.ഡി.എച്ച്. നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂപരിഷ്കരണ നിയമം പുതുക്കുന്നതിന് നടപടി

213 (1038) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം പുതുക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) തോട്ടഭൂമിയുടെ പരമാവധി പരിധി സംബന്ധിച്ച് പുനഃക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതോടൊപ്പം കയ്യേറ്റക്കാരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിനു നിയമനിർമ്മാണം നടത്തുമോ;

(ഡി) ഭൂമി സംരക്ഷിക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഭൂപരിധി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജ്ജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ പുതുതായി 87A വകുപ്പ് ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ച വരുന്നു.

(സി) കയ്യേറ്റക്കാരിൽനിന്നും ഭൂമി തിരിച്ചുപിടിക്കുന്നതിനും ഭൂമി സംരക്ഷിക്കുന്നതിനും സർക്കാർ ഭൂമിയിലെ കയ്യേറ്റം മുതലായവ തടയുന്നതിനും പര്യാപ്തമായ കേരള ഭൂസംരക്ഷണ നിയമം നിലവിലുണ്ട്. 2009-ലെ നിയമഭേദഗതിയിലൂടെ ടി നിയമം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 86(6)-ലെ വ്യവസ്ഥാനുസരണവും കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയമം പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റക്കാർക്ക് മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷയും 50,000 രൂപയിൽ കുറയാത്തതും 2 ലക്ഷം രൂപ വരെ ആകാവുന്നതുമായ തുക പിഴയായി ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ചാലക്കുടിയിൽ ഭവനനിർമ്മാണ ബോർഡിന്റെ വാണിജ്യ സമുച്ചയം**

214 (1039) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഭവനനിർമ്മാണ ബോർഡിനു കീഴിലുള്ള സ്ഥലത്ത് വാണിജ്യ സമുച്ചയവും ഫ്ലാറ്റുകളും അടക്കമുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഴക്കേ ചാലക്കുടിയിൽ ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 60.72 സെന്റ് സ്ഥലത്ത് ഒരു കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി നടപ്പിലാക്കാൻ 24-9-2016-ലെ ജി.ഒ.(എം.എസ്) നമ്പർ 31/2016/ഭവനം ഉത്തരവിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം ലഭ്യമായ മുറയ്ക്ക് കിഴക്കേ ചാലക്കുടിയിൽ നാല് നിലകളുള്ള ഒരു വാണിജ്യ സമുച്ചയം നടപ്പിലാക്കുവാനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി, കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ഭൂരഹിത -ഭവനരഹിത കുടുംബങ്ങൾ**

215 (1040) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ ഉണ്ട്; വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ, കായംകുളം മണ്ഡലത്തിൽ തെരഞ്ഞടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ഇതിനകം പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ള കേസ്സുകളുടെ എണ്ണവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട കായംകുളം മണ്ഡലത്തിലുള്ള ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് വേണ്ടി ടി മണ്ഡലത്തിൽനിന്നും ലഭ്യമായ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള 1147 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ലഭ്യമായ അപേക്ഷകളിൽ നിന്നും കായംകുളം മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും, പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും വില്ലേജ് തിരിച്ച് താഴെ ചേർക്കുന്നു :

| വില്ലേജ് | തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| പത്തിയൂർ | 281 | 8 |
| കൃഷ്ണപുരം | 189 | 3 |
| കായംകുളം | 373 | ... |
| പുതുപ്പള്ളി | 62 | ... |

| (1) | (2) | (3) |
|---|---|---|
| കീരിക്കാട് | 204 | ... |
| കണ്ടല്ലൂർ | 87 | ... |
| ഭരണിക്കാവ് | 74 | ... |
| കറ്റാനം | 39 | ... |
| കണ്ണമംഗലം | 117 | ... |
| പെരിങ്ങാല | 21 | ... |
| ആകെ | 1447 | 11 |

**കോങ്ങാട് മണ്ഡലത്തിൽ പ്രഖ്യാപിച്ച ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

216 (1041) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന്റെ കീഴിൽ, കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി:

കൊങ്ങാട് നിയോജകമണ്ഡലത്തിലേക്കായി കിഫ്ബി നിക്ഷേപ സഹായത്തോട്ടുകൂടി കരിമ്പ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 25 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ജലസേചന വകുപ്പ്:

ജലസേചന വകുപ്പിന് കീഴിൽ കൊങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കാരാക്കുറുശ്ശി പഞ്ചായത്തിൽ ചുരിയോട് പുഴയ്ക്ക് കുറുകെ കോരപള്ളം കുണ്ടുകാട് ചെക്ക് ഡാം നിർമ്മാണം-പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു- 58,91, 102 രൂപ ചെലവായി.

2. മങ്കര പഞ്ചായത്തിൽ പഴയ പറളി പാലത്തിന് സമീപം പുതുക്കോട് ചെ. 7/100 ഭാരതപ്പുഴയ്ക്ക് കുറുകെ നബാർഡ് ചെക്ക് ഡാം നിർമ്മാണം 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിച്ച പണി പുരോഗമിച്ചുവരുന്നു. ഭരണാനുമതി നൽകിയ തുക - 174 ലക്ഷം രൂപ

3. കരിമ്പ പഞ്ചായത്തിൽ ഉപ്പനാട് പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം സാങ്കേതികാനുമതിക്കുള്ള നടപടി എടുത്തുവരുന്നു. ഭരണാനുമതി നൽകിയ തുക- 98.50 ലക്ഷം.

**ജലസേചന നയം**

217 (1042) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ജലസേചനനയം വ്യക്തമാക്കുമോ;

(ബി) വൻകിട, ഇടത്തരം ജലസേചന പദ്ധതികൾക്കായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്നും ആയതിൽ ഡ്രിപ്പിന് (ഡാം റീഹാബിലിറ്റേഷൻ പദ്ധതി) എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ജലസേചന പദ്ധതികൾ ജീവനക്കാർക്ക് വെറുതെ ഇരുന്ന് ശമ്പളം വാങ്ങുന്നതിനുള്ള ലാവണങ്ങളാണ് എന്ന് പറയപ്പെടുന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ സാഹചര്യങ്ങളിൽ 2008-ൽ പ്രഖ്യാപിച്ച ജലനയത്തിൽ മാറ്റങ്ങൾ ആവശ്യമുണ്ടോ എന്നുപരിശോധിച്ചുവരുന്നു. അംഗീകരിക്കപ്പെട്ട നയത്തിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ ഉൾപ്പെടുന്നു :

1. ജലവിഭവത്തിന്റെ ആസൂത്രിതമായ വിനിയോഗത്തിനും വികസനത്തിനും പരിപാലനത്തിനുമായി സംയോജിതവും ബഹുമേഖല സ്പർശിച്ചുമായ സമീപനം കൈക്കൊള്ളുക.

2. ജലവിഭവത്തിന്റെ അനുവദനീയമായ ഉപഭോഗത്തിനും സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കുമായി സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാന ഘടകങ്ങളായി പരിഗണിക്കുക.

3. നീർത്തടത്തെ ഒറ്റഘടകമായി പരിഗണിച്ച് വിവിധ ഉപയോഗങ്ങളെയും അവയുടെ പ്രശ്നങ്ങളെയും സാധ്യതകളെയും സംയോജിപ്പിക്കുക.

4. സമഗ്രമായ നീർത്തട സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുകയും, ജലത്തിന്റെ ഗുണനിലവാരം ദീർഘകാല ജലവിനിയോഗ പദ്ധതികൾ, അവയുടെ നിരന്തരമായ ജാഗ്രതാ പൂർണ്ണമായ വിലയിരുത്തൽ എന്നിവയെല്ലാം അതിൽ സംയോജിപ്പിക്കുകയും ചെയ്യുക.

5. സുസ്ഥിതമായ ജലവിഭവ വികസനത്തിനും സംരക്ഷയ്ക്കും പരിപാലനത്തിനും സഹായകരമാകും വിധം നിലവിലുള്ള സ്ഥാപന ക്രമീകരണങ്ങളും നിയമങ്ങളും പരിഷ്കരിക്കുക.

(ബി&സി) വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക - 279.36 കോടി രൂപ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പദ്ധതിക്ക് (DRIP) 2017-18-ൽ 250 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. വ്യത്യസ്ത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

**കൊല്ലകടവ് പമ്പ് ഹൗസിന് തടയണ നിർമ്മാണം**

218 (1043) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അച്ചൻകോവിലാറിൽ കൊല്ലകടവ് പമ്പ് ഹൗസിന് സമീപം തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനാവശ്യമായ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;ഇതിന്റെ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

അച്ചൻകോവിലാറ്റിൽ കൊല്ലകടവ് പമ്പ് ഹൗസിന് സമീപം തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പുതിയ നിരക്കിൽ തയ്യാറാക്കി വരുന്നു.

**ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം**

219 (1044) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലവിഭവ സ്റ്റാന്റിംഗ് കമ്മിറ്റി ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (എ.ഐ.ബി.പി.) പദ്ധതിയെക്കുറിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ ജല സംരക്ഷണത്തിനു പരമ്പരാഗതമായതും ആധുനികമായതുമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലസംരക്ഷണത്തിനും ജലസേചനത്തിനുമായി ഹരിതകേരളം പദ്ധതി മുഖേനയും പരമ്പരാഗത രീതിയിലും മൈക്രോ ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ തുടങ്ങിയ ആധുനിക രീതിയിലുമുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി

220 (1045) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ദേശമംഗലം, പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ എന്നീ പഞ്ചായത്തുകളിലെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള, പാലക്കാട് ഡിവിഷന്റെ കീഴിൽ വരുന്ന ഈ തടയണ പ്രവൃത്തി മുടങ്ങിക്കിടക്കാൻ കാരണമെന്താണ്;

(സി) വേനൽകാലത്തുമാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ എന്നതു കണക്കിലെടുത്ത് ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രവൃത്തി പുരോഗതിയിലാണ്. എസ്റ്റിമേറ്റിൽ ചില വ്യതിയാനങ്ങൾ അത്യാവശ്യമായി വന്നതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവന്നു.

(സി) ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും ലഭിച്ച പുതുക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പതിറ്റാണ്ടുകൾ പിന്നിട്ട ജലസേചന പദ്ധതികളെപ്പറ്റി പഠനം

221 (1046) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം ആരംഭിച്ചിട്ട് പതിറ്റാണ്ടുകൾ പിന്നിട്ട ജലസേചന പദ്ധതികളായ ബാണാസുര സാഗർ, കാരാപ്പുഴ, ഇടമലയാർ, മൂവാറ്റുപുഴ എന്നിവയുടെ ഭാവി കാര്യങ്ങൾ തീരുമാനിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾ ഓരോന്നും ആരംഭിച്ച വർഷം, പ്രാരംഭ പദ്ധതി തുക, പുതുക്കിയ പദ്ധതി തുക, ഇതിനകം ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) വിദഗ്ദ്ധ സമിതിയെ എന്നത്തേക്ക് നിശ്ചയിക്കും; എന്തൊക്കെ കാര്യങ്ങളെ കുറിച്ചാണ് സമിതി പ്രധാനമായും പഠനം നടത്തുക;

(ഡി) സമിതിയുടെ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഇ) ജലസേചന വകുപ്പിന്റെ കീഴിൽ ഇതുപോലെ ആരംഭംകുറിച്ചിട്ട് ദീർഘകാലമായി പൂർത്തിയാകാത്ത മറ്റേതെങ്കിലും പദ്ധതികളെ കുറിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | പ്രാരംഭ പദ്ധതി തുക (കോടി രൂപ) | പുതുക്കിയ പദ്ധതി തുക(കോടി രൂപ) | ഇതിനകം ചെലവഴിച്ച തുക (കോടി രൂപ) |
|---|---|---|---|---|
| കാരാപ്പുഴ ജലസേചന പദ്ധതി | 1978 | 7.60 | 570 | 315 |
| ബാണാസുര സാഗർ പദ്ധതി | 1999 | 37.88 | 185.50 | 54 |
| ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് | 1981 | 17.17 | 107 (1992 എസ്. ഒ.ആർ. പ്രകാരം) | 433 |
| മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി | 1974 | 20.68 | 945 | 929 |

(ജലസേചന വകുപ്പ് നിർവ്വഹിച്ച/നിർവ്വഹിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ മാത്രമാണ് ഇവ).

(സി&ഡി) പരിശോധിച്ചു വരുന്നു. ടി പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ചാണ് സമിതി പ്രധാനമായും പഠനം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**ജലനയം**

222 (1047) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജല നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മഴലഭ്യത കൂടുതലുള്ള സംസ്ഥാനമായിട്ടും കേരളം ഇത്തവണ കനത്ത വേനലിൽ ഉരുകിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ജല വിനിയോഗവും, ജല സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ മഴവെള്ളക്കൊയ്ത്തിനും ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും സഹായകമാകും വിധം അവരുടെ പാഠ്യ പദ്ധതിയിൽ ഈ വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ 2008-ൽ രൂപീകരിച്ച ജലനയം ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

(ബി) ഭൂ ജലസംപോഷണം, ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഭൂജല വകുപ്പ് പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തെ ജലവിനിയോഗവും ജലസംരക്ഷണ പ്രവർത്തനങ്ങളും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്ന പദ്ധതികൾ സർക്കാരിന്റെ 'ഹരിതകേരളം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളജല അതോറിറ്റി ജലസംരക്ഷണത്തെക്കുറിച്ചും ജലത്തിന്റെ വിനിയോഗത്തെ സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ട്. കേരള ജല അതോറിറ്റിയുടെ കിണറുകൾ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പാക്കാനായി മഴക്കുഴികൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ നീരുറവ പദ്ധതിയുടെ ഭാഗമായി മഴവെള്ളം സംഭരണം ചെയ്തും സ്വാഭാവിക ഉറവ സംരക്ഷണത്തിലൂടെയും വെള്ളയമ്പലം ഫിൽട്ടർ ഹൗസിലേക്ക് ശുദ്ധീകരണത്തിനായി അധികജലം എത്തിക്കുന്നതിനായി ജലഭവൻ അങ്കണത്തിൽ നിലനിന്നിരുന്ന കുളം പുനർ നിർമ്മിച്ച് അതിൽ ശേഖരിക്കുന്ന ജലം ഫിൽട്ടർ ഹൗസിലെ ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം

ചെയ്യുന്നതിനായി ഒരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും നീരുറവ സംരക്ഷണത്തെക്കുറിച്ചുമുള്ള പോസ്റ്ററുകൾ പ്രദർശിപ്പിക്കാറുണ്ട്. ജലദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. ജലദുരുപയോഗവും ജലമോഷണവും നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന സർക്കാർ വിഭാവന ചെയ്ത നവ കേരള മിഷനിൽ ഉൾപ്പെടെ ജലവിഭവ മിഷൻ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചതാണ്. നിലവിലുള്ള ജല സ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജലവിഭവ മിഷൻ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സാങ്കേതിക വിദഗ്ദ്ധർ, യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെയാകും ജലവിഭവ മിഷൻ പ്രവർത്തനങ്ങൾ. മിഷന്റെ ലക്ഷ്യവും പരിപാടികളും ജീവനക്കാരിലും ജനപ്രതിനിധികളിലും എത്തിക്കാനുള്ള പരിശീലനം ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ ഇടയിൽ ജലസംരക്ഷണം എന്ന വിഷയത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ മാർ ബസേലിയോസ് കോളേജിൽ വച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന Campaign മാർച്ച് 22, 2017 ലോക ജലദിനത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് മാർച്ച് 2017 മുതൽ മാർച്ച് 2018 വരെ വിവിധ വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഈ വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്ന സംഗതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആലോചിക്കുന്നതാണ്.

## ടി.എസ്. കനാലിന്റെ സമീപപ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നതു തടയാൻ പദ്ധതി

223 (1048) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ജലസേചന(ചെറുകിട ജലസേചനം) വകുപ്പുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തികവർഷത്തിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ടി.എസ്. കനാലിന്റെ സമീപപ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നതു നിയന്ത്രിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജലസേചന (ചെറുകിട ജലസേചനം) വകുപ്പുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷത്തിൽ നടന്നു വരുന്ന പ്രധാന പ്രവൃത്തികൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) ടി. എസ്. കനാലിന്റെ സമീപ പ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നതു നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചു വരുന്നു.

1. ആലപ്പാട് പഞ്ചായത്തിൽ വാർഡ് നമ്പർ 2 പഞ്ചായത്ത് കടവിൽ ടി.എസ്. കനാൽ മുതൽ ഫിഷറീസ് കനാൽ വരെ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനായുള്ള സ്ലൂയിസിന്റെ നിർമ്മാണം.

2. കുലശേഖരപുരം പഞ്ചായത്തിൽ ടി.എസ്. കനാലിൽനിന്നും ഉപ്പു വെള്ളം കയറാതെ വാഴക്കൂട്ടത്തിൽ കടവിൽ സ്ലൂയിസ്സിന്റെയും തുറയിൽ കടവിൽ ഷട്ടറിന്റെയും നിർമ്മാണം.

**നേമം നിയോജക മണ്ഡലത്തിലെ പൊതു കുളങ്ങൾ**

224 (1049) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എത്ര പൊതു കുളങ്ങളാണ് ഉള്ളത്; വാർഡ് തിരിച്ചുള്ള വിശദമായ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ എത്ര തുകയാണ് നാളിതുവരെയായി വകയിരുത്തിയിട്ടുള്ളത്;

(സി) നേമം നിയോജക മണ്ഡലത്തിലെ എത്ര പൊതുകുളങ്ങൾ നാളിതു വരെയായി നവീകരിച്ചിട്ടുണ്ട്;

(ഡി) കേന്ദ്ര സർക്കാരിന്റെ നാഷണൽ അഡാപ്റ്റീവ് ഫണ്ടിൽനിന്നും കുളങ്ങളുടെ സംരക്ഷണത്തിനായി കേരള സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നേമം നിയോജക മണ്ഡലത്തിൽ ആകെ 33 പൊതു കുളങ്ങളാണുള്ളത്. പൊതു കുളങ്ങളുടെ വാർഡ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിനായി 60 ലക്ഷം രൂപയ്ക്ക് മുൻ വർഷങ്ങളിൽ വിവിധ സ്കീമുകളിലായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നേമം നിയോജക മണ്ഡലത്തിൽ ഇതുവരെ 6 പൊതുകുളങ്ങൾ ജലസേചന വകുപ്പ് നവീകരിച്ചിട്ടുണ്ട്.

(ഡി) നാഷണൽ അഡാപ്റ്റീവ് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് ജലസേചന വകുപ്പ് മുഖേന കുളങ്ങൾ നവീകരിച്ചിട്ടില്ല.

**മങ്കട മണ്ഡലത്തിലെ നിലാപ്പറമ്പിൽ തടയണ സ്ഥാപിക്കൽ**

225 (1050) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ നിലാപ്പറമ്പിൽ തടയണ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 65 കോടി രൂപ അനുവദിച്ചിരുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മേജർ ഇറിഗേഷൻ വകുപ്പാണോ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നത്; ഇതുസംബന്ധിച്ച് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ വാട്ടർ അതോറിറ്റിക്കായി (പേജ് 82, ഖണ്ഡിക 175 ക്രമ നമ്പർ 7) നിലാപറമ്പിൽ തടയണ നിർമ്മിക്കാൻ 65 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട നിലാപ്പറമ്പ് തടയണയുടെ സ്ഥാനത്തിന്റെ 4.1 കി.മീ. താഴ്ഭാഗത്തായി മങ്കട അസംബ്ലി നിയോജകമണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കീഴ്മുറിക്കടവ് മുത്തിക്കയത്ത് കിഫ്ബി ധനസഹായത്തോടെ ഏകദേശം 70 കോടി രൂപ ചെലവിൽ ഒരു ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൈനർ ഇറിഗേഷൻ വകുപ്പ് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഈ പ്രൊപ്പോസൽ യാഥാർത്ഥ്യമാവുകയാണെങ്കിൽ നിലാപ്പറമ്പ് തടയണയുടെ ആവശ്യമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ**

226 (1051) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മങ്കട മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പുതുക്കിയ സർക്കുലർ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി 2017 മേയ് 31- നുള്ളിൽ നൽകുവാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ലെ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അഹമ്മദ് കബീർ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത് :

1. പുത്തനങ്ങാടി-കുമ്പപ്പാറ പ്രദേശത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി-3.60 ലക്ഷം.
2. ചോലക്കുളമ്പ് പ്രദേശത്തേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും പുത്തനങ്ങാടി പ്രദേശ<u>ത്തുള്ള</u> ഇന്റർ കണക്ഷൻ പ്രവൃത്തിയും-5 ലക്ഷം.
3. മൂർക്കനാട് പഞ്ചായത്തിലെ 1,4,5,6,7,19 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി-35 ലക്ഷം.
4. പുഴക്കാട്ടിരി പഞ്ചായത്തിലെ 1,2,3,4,5,7,11,13,15 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി-50 ലക്ഷം.
5. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 5,7,9,10,12,13,15 വാർഡുകളിൽ വിതരണ ശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തി - 25 ലക്ഷം.
6. കുറുവ കുടിവെള്ള പദ്ധതിയ്ക്കായി പമ്പിംഗ് മെയിനും പൈപ്പ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി - 50 ലക്ഷം.

7. പുഴക്കാട്ടിരി പഞ്ചായത്തിൽ പാതിരമണ്ണ് കടുങ്ങൽക്കുണ്ട് പ്രദേശത്തേയ്ക്ക് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തി - 15 ലക്ഷം.

8. പുഴക്കാട്ടിരി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ പലകപ്പറമ്പ് ഭാഗത്തേയ്ക്ക് മൂർക്കനാട് കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 15 ലക്ഷം.

എന്നാൽ 20-4-2017-ൽ ബഹുമാനപ്പെട്ട എം.എൽ.എ. ക്രമനമ്പർ 7-ൽ സൂചിപ്പിച്ച പദ്ധതിക്ക് പകരം ക്രമനമ്പർ 8-ൽ സൂചിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ ക്രമനമ്പർ 1,2 സൂചിപ്പിച്ച പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡുകൾ ബി.എം&ബി.സി ചെയ്തതിനാൽ റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാൻ സാധ്യതയില്ലെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ മലപ്പുറം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2017 മേയ് 15 നകം സമർപ്പിക്കുവാനായി ഉത്തരമേഖല ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതികൾക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**ചെക്ക് ഡാമിന്റെ നിർമ്മാണം**

227 (1052) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ മേജർ ഇറിഗേഷൻ വകുപ്പുവഴി ഭരണാനുമതി ലഭിച്ച ചെറ്റച്ചൽ സൂര്യകാന്തി കെ.ഡബ്ല്യു.എ. പമ്പ് ഹൗസിന് സമീപമുള്ള ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയായോ; വിശദ വിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വർഷത്തിൽത്തന്നെയുള്ള വാമനപുരം നദിയുടെ വലതുകരയുടെ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചോ; വിശദ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) പൂർത്തീകരിച്ചു. ചെറ്റച്ചൽ സൂര്യകാന്തി, KWA പമ്പ് ഹൗസിനു സമീപം 28 മീറ്റർ നീളത്തിലും 1.5 മീറ്റർ പൊക്കത്തിലും (Agt.No.137/SE/ISC/2015-16, തീയതി 26-2-2016) ചെക്ക് ഡാമിന്റെ പണി 4-3-2016- ൽ ആരംഭിച്ച് 22-11-2016-ൽ പൂർത്തീകരിച്ചു. പ്രസ്തുത ചെക്ക് ഡാമിന് 97.63 ലക്ഷം രൂപ ചെലവായി. ഈ ചെക്ക് ഡാമിൽ 28 മീറ്റർ നീളത്തിൽ 3 ഷട്ടർ ഓപ്പണിംഗ്സും കൂടാതെ ഇരു കരകളിലുമായി 15 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും, ആവശ്യമായ ഏപ്രണുകളും, കട്ട് ഓഫ് വാളും നിർമ്മിച്ചിട്ടുണ്ട്.

(ബി) വാമനപുരം നദിയുടെ വലതുകരയിൽ 90 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയുടെ പണിയും പ്രസ്തുത കരാറിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**പെപ്സി കമ്പനി അമിതമായി ഭൂഗർഭജലം വിനിയോഗിക്കുന്നതായുള്ള പരാതി**

228 (1053) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി ചെയ്തതിനു സമാനമായി പാലക്കാട് പെപ്സി കമ്പനി അമിതമായി ഭൂഗർഭജലം വിനിയോഗിക്കുന്നതായുള്ള പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) കമ്പനിയുടെ ലൈസൻസ് വ്യവസ്ഥ പ്രകാരം എത്ര ജലം ഉപയോഗിക്കാനാണ് അനുമതി നൽകിയിരിക്കുന്നതെന്നും കമ്പനി എത്ര ജലം ഉപയോഗിക്കുന്നതായാണ് കണ്ടെത്തിയിരിക്കുന്നതെന്നും അറിയിക്കാമോ; വ്യവസ്ഥകൾ ലംഘിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കടുത്ത വരൾച്ചയെ തുടർന്ന് പാലക്കാട് ജില്ലയിൽ ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴുന്ന സാഹചര്യത്തിൽ പ്രദേശവാസികൾ നേരിടുന്ന കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് കമ്പനിയുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവെപ്പിക്കാൻ സാധിക്കുമോ; പ്രദേശവാസികൾ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഏഴ് കുഴൽക്കിണറുകളാണ് നിലവിലുള്ളത്. ഇതിൽ നിന്നും പ്രതിദിനം 5.5 ലക്ഷം മുതൽ 6 ലക്ഷം ലിറ്റർ വരെ ഭൂജലം കമ്പനി എടുത്തു വന്നിരുന്നു. കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 18-4-2007-ൽ ചേർന്ന നിയമസഭ ഉപസമിതിയുടെ നിർദ്ദേശം പ്രകാരം ഭൂജലവകുപ്പ് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും ഇത് പരിശോധിക്കുന്നതിനായി SCADA(Supervisory Control and Data Acquisition) Telemetry സംവിധാനം ഏർപ്പെടുത്തണമെന്നും ഉപസമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഭൂജല ഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ കമ്പനി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 20693/2010 നമ്പർ റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച 23-5-2011-ലെ ഉത്തരവ് പ്രകാരം നിലവിലെ അവസ്ഥ പരിഗണിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധരെ സമിതിയെ നിയമിക്കുവാൻ നിർദ്ദേശിക്കുകയും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രതിദിനം 6 ലക്ഷം ലിറ്റർ എന്ന തോതിൽ ജലം ഉപയോഗിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഭൂജല വകുപ്പ് ഡയറക്ടർ, കേന്ദ്ര ഭൂജല ബോർഡ് റീജിയണൽ ഡയറക്ടർ, CWRDM കോഴിക്കോട് എന്നിവരടങ്ങിയ വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ ഭൂജലവകുപ്പിന്റെ പഠന റിപ്പോർട്ടിൻ പ്രകാരമുള്ള 2.34 ലക്ഷം ലിറ്റർ ആയി ഭൂജലഉപഭോഗം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ശരിവച്ചിരിക്കുകയാണ്. കമ്പനി സ്ഥാപിച്ചിരിക്കുന്ന SCADA സംവിധാനത്തിൽ ശേഖരിക്കപ്പെടുന്ന ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ എല്ലാ മാസവും ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ ലഭ്യമാക്കുന്നുണ്ട്. നിലവിൽ കമ്പനിയിൽ സ്ഥാപിച്ചിരിക്കുന്നത് SCADA മാത്രമായതിനാൽ ജലഉപഭോഗത്തിന് കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി Telemetry സംവിധാനം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം GSM അടിസ്ഥാനത്തിലുള്ള Telemetry സ്ഥാപിക്കാമെന്ന് കമ്പനി അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥാപിച്ചിട്ടുള്ള SCADA സംവിധാന പ്രകാരം 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ കമ്പനിയുടെ ശരാശരി പ്രതിദിന ജലഉപയോഗം 410.50 കിലോ ലിറ്ററാണ്. കമ്പനിയുടെ SCADA സംവിധാനത്തിലെ കണക്കുകൾ പ്രകാരം 2017 ഫെബ്രുവരി മാസത്തിലെ ശരാശരി ജലഉപഭോഗം 1.07 ലക്ഷം ലിറ്ററാണ്.

(സി) കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാന പ്രകാരം ജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ജലഉപഭോഗം 75% കുറയ്ക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിരുന്നു. അതുപ്രകാരം കമ്പനിയുടെ ജലഉപഭോഗം 75% കുറയ്ക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ മേൽപ്പറഞ്ഞ നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്ന് കമ്പനി ആവശ്യപ്പെട്ടിരുന്നു. എങ്കിലും കമ്പനിയുടെ പ്രതിദിന ഉപഭോഗം 75% കുറച്ചിട്ടുണ്ട്. വരൾച്ചയെ തുടർന്ന് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഭൂജലവകുപ്പ് ഒരു ചെറുകിട കുടിവെള്ള പദ്ധതിയും, 4 കുഴൽക്കിണർ നിർമ്മാണവും, 541 കൈപമ്പുകളുടെ അറ്റകുറ്റ പണികളും 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**ജലസേചന വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടികൾ**

229 (1054) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, ഡിസൈൻ, ക്വാളിറ്റി എന്നീ മേഖലകൾക്കുവേണ്ട ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ജലസേചന വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കാലഘട്ടത്തിന് അനുസരിച്ചുള്ള നദീപരിപാലനം, പ്രോജക്ട് നടത്തിപ്പ് എന്നിവ അടിസ്ഥാനപ്പെടുത്തി വകുപ്പ് പുനഃസംഘടിപ്പിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ;

(സി) ആയിരത്തോളം സാങ്കേതിക വിദഗ്ദ്ധർ ഉണ്ടായിരിക്കെ ജലസേചന, പരിപാലന മേഖലകളിൽ ഇവരുടെ സേവനം പൂർണമായി ഉപയോഗിയ്ക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വിവിധ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രവൃത്തികൾ നിർവഹിയ്ക്കുന്ന രീതി നിർത്തലാക്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, ഡിസൈൻ, ക്വാളിറ്റി എന്നീ മേഖലകൾക്കുവേണ്ട ആധുനിക അടിസ്ഥാന സൗകര്യങ്ങളൊരുക്കി ജലസേചന വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു :

1. സംസ്ഥാനത്തെ ഡാമുകളുടെ ജലനിരപ്പ്, സംഭരണശേഷി മുതലായവ ദിനംപ്രതി നിരീക്ഷിക്കുന്നതിന് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

2. വേൾഡ് വ്യൂ-2 സാറ്റലൈറ്റ് ഇമേജറി ഉപയോഗിച്ച് പീച്ചി, വാഴാനി, ചിമ്മിനി എന്നീ അണക്കെട്ടുകളിലെ DEM (Digital Elevation Model) പൂർത്തിയാക്കി.

3. പീച്ചി, വാഴാനി, ചിമ്മിനി എന്നീ അണക്കെട്ടുകളിലെ ഡാം ബ്രേക്ക് അനാലിസിസ് പുരോഗമിച്ചു വരികയാണ്.

4. ഉപഗ്രഹങ്ങളുടെ സഹായത്താൽ പ്രവർത്തിക്കുന്ന ആധുനിക ഉപകരണമായ സ്മാർട്ട് സ്റ്റേഷൻ ഉപയോഗിച്ച് വിവിധ തരം ശാസ്ത്രീയ സർവ്വേകൾ പൂർത്തിയാക്കിയിട്ടുണ്ട്.

5. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾക്ക് 'PRICE' എന്ന സോഫ്റ്റ്വെയർ മുഖേന ഭരണാനുമതി/സാമ്പത്തികാനുമതി എന്നിവ നൽകി വരുന്നു.

6. ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്ന ഗുണനിലവാര വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൊട്ടാരക്കരയിലും കോഴിക്കോട്ടും പാലക്കാട്ടും ലബോറട്ടറി സൗകര്യങ്ങളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നദികളിലെ ജലവിതാനം, നീരൊഴുക്ക്, മഴയുടെ അളവുകൾ, കാലാവസ്ഥ എന്നിവ അളക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ഹൈഡ്രോ-മെറ്റീരി യോളജിക്കൽ ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും ഓട്ടോമാറ്റിക്കായി വിവരശേഖരണം നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

8. ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്നും Electronic Indent for Design ലഭിക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ സഹായത്തോടെ ഡിസൈനും ഡ്രോയിംഗും തയ്യാറാക്കി നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

9. ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും സുതാര്യവും ത്വരിതഗതിയിലും ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിവര സാങ്കേതിക പോളിസി പ്രകാരം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഇ-ഓഫീസ് ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം പര്യവേഷണവും രൂപകല്പനയും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫലപ്രദമായി നടപ്പാക്കിക്കഴിഞ്ഞു. ഈ സംവിധാനം വഴി ഫയൽ നീക്കം ബാക്കിയുള്ള ഓഫീസുകളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ജലസേചന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) വിവിധ സ്ഥാപനങ്ങളിൽനിന്നും വിരമിച്ചവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുന്ന രീതി ജലസേചന വകുപ്പിൽ നിലവിലില്ല.

**മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

230 (1055) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2015-16, 2016-17 വർഷത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയും വിശദമാക്കുമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ 2015-16 വർഷത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 16-ഉം 10-ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന ആറുകടമ്പ തോടിന് കുറുകെ ആംബുലൻസ് പാലത്തിന്റെ നിർമ്മാണത്തിന് 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. കായംകുളം മുനിസിപ്പാലിറ്റിയിൽ പാലസ് വാർഡ് നമ്പർ 31-ൽ തോണ്ടാലിൽ കുന്നേൽ പാലത്തിന്റെ താഴ്ഭാഗത്ത് ഒരു തുമ്പിന്റെ നിർമ്മാണത്തിന് 4.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പ്രവൃത്തി പൂർത്തീകരിച്ചതിനാൽ ഉപേക്ഷിച്ചു.

3. കായംകുളം മുനിസിപ്പാലിറ്റിയിൽ 31-ാം വാർഡിൽ ചിറയിൽപടി ഭാഗത്തിനടുത്ത് മലയൻ കനാലിന്റെ ഇടത് കരയുടെ സംരക്ഷ ണത്തിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പല പ്രാവശ്യം ദർഘാസ് ക്ഷണിച്ചുവെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല. 2016-17 വർഷത്തിൽ ഭരണാനുമതി ഒന്നും തന്നെ നൽകിയിട്ടില്ല.

**കുളങ്ങൾ നവീകരിക്കാനും നിർമ്മിക്കാനും പദ്ധതി**

231 (1056) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷം സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കാനും പുതിയവ നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ വർഷം എത്ര കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത്;

(സി) കുളങ്ങളുടെ നവീകരണത്തിനായി, ഹരിത കേരളം പദ്ധതിക്കു പുറമെ ജലസേചന വകുപ്പ് ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്ന കുളങ്ങൾ, മണ്ണു സംരക്ഷണ വിഭാഗം നവീകരിക്കുന്ന കുളങ്ങൾ, മൈനർ ഇറിഗേഷന്റെ നിയന്ത്രണത്തിലുള്ള കുളങ്ങൾ എന്നിവയുടെ ലിസ്റ്റ്, വകയിരുത്തിയിട്ടുള്ള തുക സഹിതം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ;

(ഇ) ഇവ മൂന്നിലും പെടാതെ, ഓരോ ഗ്രാമ പഞ്ചായത്തിലും പുനർ നിർമ്മിക്കേണ്ട കുളങ്ങൾ, പുതിയതായി ആവശ്യമുള്ള കുളങ്ങൾ എന്നിവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന നടപ്പ് സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടെ, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട്, കണ്ണൂർ ജില്ലകളിൽ കുളങ്ങൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കഴിഞ്ഞ വർഷം കുളങ്ങളുടെ നവീകരണത്തിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആർ.ആർ.ആർ., നബാർഡ്, പതിമൂന്നാം ധനകാര്യ കമ്മിഷൻ എന്നീ വിവിധ പദ്ധതികളിലുൾപ്പെടുത്തി 501 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. മണ്ണ്

പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധന സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 56 കുളങ്ങൾ പുനരുദ്ധരിക്കുവാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയതിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 31 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കുളങ്ങളുടെ നവീകരണത്തിനായി ഹരിത കേരളം പദ്ധതിക്ക് പുറമേ ഈ സാമ്പത്തിക വർഷം ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം (4702-00-101-64) എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇറിഗേഷൻ വകുപ്പിൽ വകുപ്പ് തിരിച്ച് കുളങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളും ക്ഷേത്ര കുളങ്ങളും ഉൾപ്പെടുത്തി ജലസേചന വകുപ്പിന്റെ ഐ.ഡി.ആർ.ബി. വിഭാഗത്തിൽ 41028 കുളങ്ങളുടെ പട്ടിക ആവർത്തനം ഒഴിവാക്കുവാനായി identification number കൊടുത്ത് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 പൊതുകുളങ്ങൾ നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയും വളരെ വലിയ കുളങ്ങൾ വകുപ്പ് നേരിട്ടുമാണ് പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് 6011 കുളങ്ങളുടെ വിവരങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്ത് നവീകരിക്കാൻ ഉദ്ദേശിക്കുന്ന കുളങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ഇ) ഓരോ ഗ്രാമപഞ്ചായത്തിലും പുനർ നിർമ്മിക്കേണ്ടതും പുതിയതായി ആവശ്യമുള്ളതുമായ കുളങ്ങളുടെ ലിസ്റ്റ് നിലവിൽ ലഭ്യമല്ല.

**ദേശമംഗലം ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും ബണ്ട് റോഡും**

232 (1057) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലം എൽ.എ.സി എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന് ഭരണാനുമതി നൽകിയ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ, ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും കനാൽ ബണ്ട് റോഡും പ്രവൃത്തിക്ക് ഇതുവരെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എൻ.ഒ.സി. നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1-9-2015-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന് ഭരണാനുമതി നൽകിയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് എൻ.ഒ.സി. നൽകുന്നതിന് എന്താണ് തടസ്സമായി നിൽക്കുന്നത്;

(സി) വളരെയധികം യാത്രാ സൗകര്യം ലഭ്യമാകുന്നതാണ് ഈ പ്രവൃത്തി എന്നതു കണക്കിലെടുത്ത് എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് അസി. എസ്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചീരക്കുഴി കനാലിന്റെ ബണ്ട് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇടതു കനാൽ ബണ്ടിൽ കയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2-ന്റെ കാര്യാലയത്തിൽ നിന്നാണ് ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും കനാൽ ബണ്ട് റോഡും നിർമ്മിക്കുന്ന പ്രവൃത്തിക്ക് എൻ.ഒ.സി. നൽകേണ്ടത്.

**വാട്ടർ അതോറിറ്റിയെ ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാൻ നടപടി**

233 (1058) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഭരണതലത്തിൽ എന്തെല്ലാം പരിഷ്കാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 109 പ്രകാരം, 5 വർഷം കൊണ്ട് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചു.

(ബി) ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.

2. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കും.

3. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കും.

4. നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കും.

5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കും.

(സി) കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും സമയബന്ധിതമായ പൂർത്തീകരണത്തിനും ചീഫ് എഞ്ചിനീയർ (പ്രോജക്ട്) കീഴിൽ ഓപ്പറേഷൻസ്& മോണിറ്ററിംഗ് വിഭാഗം രൂപീകരിച്ചു. സംസ്ഥാനത്തൊട്ടാകെ കുടിവെള്ള പദ്ധതികൾക്കുവേണ്ടി സർവ്വേ നടത്തുവാനും പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനുമായി വാസ്കോൺ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രോജക്ട് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് (പി.ഡി.സി. യൂണിറ്റ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേരള ജല അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനായി കാലഹരണപ്പെട്ടു കിടന്നിരുന്ന തസ്തികകളെ മീറ്റർ റീഡർ തസ്തികകളായി പുനർനാമകരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തു വരുന്നു. പൈപ്പ് ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ് ലൈനുകളിലെ ചോർച്ചയും മറ്റു പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24X7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു.

**പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ കുടിവെള്ള പദ്ധതി**

234 (1059) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കുന്നത്തുകാൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും, എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി 29-4-2015-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തി വരുന്നു. ഈ പദ്ധതിയിൽ കോട്ടുകോണത്തു നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെയും അനുബന്ധഘടകങ്ങളുടെയും പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനുവേണ്ടി സ്ഥലം യഥാസമയത്ത് കുന്നത്തുകാൽ പഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സമായത്. എന്നാൽ ഇപ്പോൾ പഞ്ചായത്ത് സ്ഥലമേറ്റെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി അവസാനിച്ചതിനാൽ കരാറിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ടി ഉപരിതല സംഭരണി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കരാർ വച്ചതിനുശേഷം 61 മാസം കഴിഞ്ഞ് ലഭ്യമായതുകൊണ്ടും സാധന വിലയും ലേബർ ചാർജ്ജും ക്രമാതീതമായി വർദ്ധിച്ചതിനാൽ ബാക്കി പണികൾ ചെയ്യുവാൻ കരാറുകാരൻ വിസമ്മതിച്ചതു കൊണ്ടും അതോറിറ്റിയുടെ 7-4-2017-ൽ കൂടിയ 391-ാമത് യോഗത്തിലെ 10472-ാമത് തീരുമാന പ്രകാരം ടി കരാറിൽ നിന്നും കരാറുകാരനെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഏകദേശം 5 വർഷങ്ങൾക്കു മുൻപ് '2008 SoR'പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഇനി ചെയ്യുവാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് നിയമപ്രകാരം കൈക്കൊള്ളേണ്ട നടപടികൾ ഇപ്പോൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ എത്ര തുക വകയിരുത്തേണ്ടി വരുമെന്ന് അറിയാൻ കഴിയുകയുള്ളൂ.

**നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ്**

235 (1060) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി വളവിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ വർക്കുകൾ ടെണ്ടർ വിളിച്ചതിന് ശേഷം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഒരേ കരാറുകാർ തന്നെ ഏറ്റെടുത്തു നടത്തിയിട്ടില്ലെങ്കിൽ പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി വളവിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സിവിൽ വർക്കിന്റെ ടെണ്ടർ നോട്ടീസിൽ വന്ന അപാകതമൂലം പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകി.

(ബി) മെക്കാനിക്കൽ എസ്റ്റിമേറ്റ് ലഭിക്കുന്നതിന് താമസം നേരിട്ടതിനാലാണ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സിവിൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തത്. ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി Super Structure പ്രവൃത്തി ആരംഭിക്കുന്നതിനോടൊപ്പമാണ് മെക്കാനിക്കൽ പ്രവൃത്തി നടത്തേണ്ടത്. ആയതിനാൽ സൂപ്പർ സ്ട്രക്ച്ചർ പ്രവൃത്തിയോടൊപ്പം മെക്കാനിക്കൽ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ മെക്കാനിക്കൽ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തിരുവല്ല-ചങ്ങനാശ്ശേരി കുടിവെള്ള പദ്ധതി**

236 (1061) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന തിരുവല്ല-ചങ്ങനാശ്ശേരി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി 58 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തിരുവല്ല-ചങ്ങനാശ്ശേരി കുടിവെള്ള പദ്ധതിക്ക് മൂന്ന് പാക്കേജുകളാണുള്ളത്. ഇതിൽ ആദ്യ രണ്ട് പാക്കേജുകളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. മൂന്നാമത്തെ പാക്കേജിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

**ഭരണാനുമതി നൽകി നടപ്പിലാക്കുന്ന ഇറിഗേഷൻ പ്രവൃത്തികൾ**

237 (1062) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 ബഡ്ജറ്റിൽ ജലവിഭവ വകുപ്പിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, കുറ്റ്യാടി ഇറിഗേഷൻ എന്നീ മേഖലകളിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് പ്ലാൻ-നോൺ പ്ലാൻ തരംതിരിച്ച് വിശദമാക്കുമോ?

ഉത്തരം

ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി 2017-18 ബഡ്ജറ്റിൽ താഴെപ്പറയുന്നവയ്ക്ക് പ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട് :

1. എം.ഐ. പ്രോജക്ട് ഇൻ കാവേരി ബേസിൻ പ്രോജക്ട്.
2. ഭവാനി ബേസിൻ പ്രോജക്ട് (അട്ടപ്പാടിയിലെ ചെക്ക് ഡാമുകൾ)
3. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
4. എം.ഐ.ക്ലാസ്സ്-I
5. എം.ഐ.ക്ലാസ്സ്-II
6. റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് എം.ഐ.സ്ട്രക്ച്ചർ.
7. ഇൻവെസ്റ്റിഗേഷൻ പദ്ധതി.
8. PMKSY
9. ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം
10. ആന്റി സീ ഇറോഷൻ പ്രവൃത്തികൾ
11. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള റഗുലേറ്റേഴ്സ്, ഉപയോഗ ശൂന്യമല്ലാത്ത ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ പുനരുദ്ധാരണം.

പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾക്ക് ഭരണാനുമതി

നൽകാവുന്നതാണ്. കൂടാതെ നോൺ പ്ലാൻ ശീർഷകത്തിൽ മൈനർ ഇറിഗേഷൻ പ്രോജക്ട്, ഫ്ലഡ് ഡാമേജ് എന്നിവയ്ക്കും മേജർ ഇറിഗേഷനിൽ Anti Sea Erosion, Flood Control, Flood Damage എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.

പ്രോജക്ട്സ്-1-ന് കീഴിലെ കുറ്റ്യാടി ജലസേചന പദ്ധതിക്കായി നോൺ പ്ലാൻ ശീർഷകത്തിൽ വാർഷിക അറ്റകുറ്റപ്പണികൾക്കായി 200 ലക്ഷം രൂപ, പൂന്തോട്ടത്തിന് 5 ലക്ഷം രൂപ എന്നിങ്ങനെ ആകെ 205 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

**കായക്കൊടി പഞ്ചായത്തിലെ വി.സി.ബി. നിർമ്മാണം**

238 (1063) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ നാദാപുരം മണ്ഡലത്തിലെ കായക്കൊടി പഞ്ചായത്തിലെ ചങ്ങരംകുളം-കുട്ടര് വാർഡുകളെ ബന്ധിപ്പിക്കുന്ന വി.സി.ബി. പുതുക്കി പണിയുന്ന പദ്ധതി സർക്കാരിന്റെ ആലോചനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടിക്രമകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും?

<u>ഉത്തരം</u>

(എ-സി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തന ക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ക്രോസ് ബാറുകൾ, റഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

**തൃശ്ശൂരിലെ കോൾ നിലങ്ങളിൽനിന്ന് കുളവാഴ-ചണ്ടി നീക്കം ചെയ്യൽ**

239 (1064) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന കുളവാഴ-ചണ്ടി നീക്കം ചെയ്യുന്നതിന് 2016-17 വർഷത്തിൽ ആകെ എത്ര രൂപ അനുവദിക്കുകയുണ്ടായി;

(ബി) 2017-18-ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുക വകയിരുത്തുന്നതിലേയ്ക്കായി ചീഫ് എഞ്ചിനീയർ (ഐ&എ)-ക്ക് നൽകിയിട്ടുള്ള 9-2-2017-ലെ 1191099/ ഐ.ആർ.2/2017/ ജ.വി.വ. കത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 371.35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18-ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ 2.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തുക പര്യാപ്തമല്ലെന്ന് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കയച്ച കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് നടപടി**

240 (1065) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ചമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) ജലസംരക്ഷണത്തിനായി തണ്ണീർത്തടങ്ങൾ, കുളങ്ങൾ മുതലായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ, തടയണകൾ എന്നിവ നിർമ്മിക്കുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ചമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച തടയണകൾ, വി.സി.ബി.-കൾ, ആർ.സി.ബി.-കൾ എന്നിവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. ഉപ്പുവെള്ള പ്രതിരോധത്തിനായി താൽക്കാലിക ബണ്ടുകളും നിർമ്മിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരു വെള്ളക്കയറ്റം നിയന്ത്രണത്തിനും വേനൽ കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ ഇവ പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കേരള ജല അതോറിറ്റി:</u>

സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നു.

2. ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

3. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. അടിക്കടി ലീക്ക്മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

5. ജലലഭ്യത ഉറപ്പായ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി ജലവിതരണം നടത്തുന്നു.

6. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

7. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

8. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിങ്ങ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നു.

ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിന്റെ ജലസ്രോതസ്സായ പേപ്പാറ ഡാമിൽ ജലശേഖരം കുറഞ്ഞതിനാൽ പകരം സംവിധാനമെന്ന നിലയിൽ നെയ്യാർ ജലസംഭരണിയിൽനിന്നും ജലം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ്:

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഭൂജലവകുപ്പ് കുഴൽക്കിണർ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കുഴൽ കിണറുകളിൽ കൈപമ്പ് ഘടിപ്പിച്ചുള്ള ജലവിതരണവും നടപ്പാക്കി വരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5328 കൈപമ്പുകളുടെ അറ്റകുറ്റപണികളും 23 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി.

ജലനിധി:

സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഘട്ടം ഘട്ടമായി കമ്മീഷൻ ചെയ്യുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂജലസംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വരൾച്ചയെ നേരിടുന്നതിനായി കെ.ആർ.ഡബ്ല്യു. എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം, സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംഭരണം-ഭൂജല പരിപോഷണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള ജല അതോറിറ്റി:

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ 40 കോടി രൂപ ഉപയോഗിച്ച് കേരള ജല അതോറിറ്റി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കി വരുന്നു.

1. സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പാക്കാൻ ആവശ്യമുള്ള പ്രവൃത്തികൾ.

2. ജലശുദ്ധീകരണശാലകളിലെ അടിയന്തര അറ്റകുറ്റപണികൾ.

3. ജലവിതരണ പൈപ്പുകളുടെ ഇന്റർ കണക്ഷൻ പ്രവൃത്തികൾ.

4. ആവശ്യത്തിന് ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പമ്പിംഗ് സമയം ദീർഘിപ്പിക്കൽ.

5. ടാങ്കർ ഫില്ലിങ്ങ് സ്റ്റേഷൻ നിർമ്മാണം.

6. ജലലഭ്യതയുള്ള പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

7. പമ്പുകളുടെയും മോട്ടോറുകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ.

8. സ്റ്റാൻഡ് ബൈ പമ്പ് സെറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പമ്പുകൾ വാങ്ങി സ്ഥാപിക്കൽ.

9. അടിയന്തര അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ജോയിന്റുകൾ, ഫിറ്റിങ്ങുകൾ തുടങ്ങിയവ വാങ്ങിക്കൽ.

10. ജലവിതരണ നിയന്ത്രണത്തിനായി പുതിയ വാൽവുകൾ സ്ഥാപിക്കലും നിയന്ത്രണ സംവിധാനങ്ങളും.

11. ട്രാൻസ്ഫോർമറുകൾ, പാനൽ ബോർഡുകൾ തുടങ്ങിയ അനുബന്ധ വൈദ്യുതോപകരണങ്ങളുടെ അടിയന്തര അറ്റകുറ്റ പണികൾ.

12. വാൽവുകളുടെ അറ്റകുറ്റപണികളും മറ്റ് അടിയന്തര പ്രവൃത്തികളും.

<u>ഭൂജലവകുപ്പ്:</u>

2016-17 സാമ്പത്തിക വർഷം 1കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് ലഭിച്ചിരുന്നു. ഇതുകൂടാതെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി അനുവദിച്ചിരുന്നു. ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു.

<u>ജലനിധി:</u>

ജലനിധി പദ്ധതിയനുസരിച്ച് കുടിവെള്ള ശുചിത്വ പദ്ധതികൾ നിർമ്മിക്കുന്നതിന് 2017-18 വർഷത്തിലേയ്ക്ക് 361.90 കോടി രൂപയും മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജലത്തിന്റെ അളവുയർത്തൽ എന്നീ പരിപാടി കൾക്കായി 18.20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) <u>ജലസേചന വകുപ്പ്:</u>

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നത് വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതനുസരിച്ച് ഏകദേശം 6011 കുളങ്ങളുടെ വിവരങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷിക ആവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. കിഫ്ബിയുടെ ധനസഹായത്തോടെ വിവിധ നദികളിൽ 30 റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കേരള ജല അതോറിറ്റി:</u>

പരമാവധി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമുള്ള സ്ഥല ങ്ങളിലെല്ലാം സ്ഥിരം തടയണകളോ താൽക്കാലിക തടയണകളോ കേരള ജല അതോറിറ്റി നിർമ്മിക്കാറുണ്ട്.

<u>ജലനിധി:</u>

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും ജലസംരക്ഷണത്തിനായി തണ്ണീർതടങ്ങൾ, കുളങ്ങൾ മുതലായ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ ഇടങ്ങളിൽ തടയണകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

241 (1066) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാത്തതും താൽക്കാലിക ബണ്ട് ഫലപ്രദമാകാത്തതും കാരണം കാസർകോട് നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും ജനങ്ങൾ ഉപ്പുവെള്ളം കുടിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപ്പുവെള്ളം ഒഴിവാക്കുന്നതിന് നിർമ്മിച്ച താൽക്കാലിക ബണ്ട് ഫലപ്രദമാകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ബാവിക്കരയിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുവാൻ തുടങ്ങിയിട്ട് എത്ര വർഷമായെന്നും ഓരോ വർഷവും ചെലവഴിച്ച തുക നടപ്പുവർഷം ഉൾപ്പെടെ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ റീ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും, പ്രവർത്തനങ്ങൾക്കു വേണ്ട ഫണ്ട് കണ്ടെത്തുന്നതെങ്ങനെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉപ്പുവെള്ളം ഒഴിവാക്കുന്നതിനുള്ള താൽക്കാലിക തടയണ നിർമ്മിക്കുന്നത് മണൽ ചാക്കുകൾ അടുക്കിവെച്ച് ഉൾഭാഗത്ത് മണൽ നിറച്ചുകൊണ്ടാണ്. നീരൊഴുക്ക് ഇല്ലാതാകുകയും വേലിയേറ്റം ശക്തമാകുകയും ചെയ്യുമ്പോൾ അടിവശത്തുകൂടി ഉപ്പുവെള്ളം മറുവശത്തേക്ക് കയറുന്നുണ്ട്. സ്ഥിരം തടയണ നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

(സി) ബാവിക്കരയിൽ താൽക്കാലിക തടയണ നിർമ്മാണം 1987 മുതൽ കഴിഞ്ഞ 29 വർഷമായി ചെയ്തുവരുന്നു. ഓരോ വർഷവും ചെലവായ തുക താഴെ പറയുന്നു.

| വർഷം | കരാർ തുക |
|---|---|
| (1) | (2) |
| 1987-88 | 86023 |
| 1988-89 | 96138 |
| 1989-90 | 115197 |
| 1990-91 | 135342 |
| 1991-92 | 201638 |
| 1992-93 | 234093 |
| 1993-94 | 208558 |

| (1) | (2) |
|---|---|
| 1994-95 | 233460 |
| 1995-96 | 224948 |
| 1996-97 | 215297 |
| 1997-98 | 240000 |
| 1998-99 | 267529 |
| 1999-2000 | 175898 |
| 2000-01 | 167750 |
| 2001-02 | 191495 |
| 2002-03 | 344173 |
| 2003-04 | 349349 |
| 2004-05 | 286275 |
| 2005-06 | 283973 |
| 2006-07 | 602484 |
| 2007-08 | 422224 |
| 2008-09 | 480028 |
| 2009-10 | 638880 |
| 2010-11 | 602804 |
| 2011-12 | 901611 |
| 2012-13 | 998787 |
| 2013-14 | 993214 |
| 2014-15 | 1170052 |
| 2015-16 | 1038306 |

(ഡി) നിലവിലുള്ള പ്രവൃത്തിയുടെ കരാർ സാങ്കേതിക കാരണങ്ങളാൽ തുടരാൻ സാധിക്കാത്തതു കാരണം ഒഴിവാക്കി ബാലൻസ് പ്രവൃത്തിയുടെ പുതുക്കിയ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. 2017 ഏപ്രിൽ 1 മുതൽ പുതുക്കിയ ഡി.എസ്.ആർ. നിരക്ക് പ്രാബല്യത്തിൽ വന്നു. പുതുക്കിയ ഡിസൈൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ (balance work) എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ ക്രോസ്ബാർ-റെഗുലേറ്റർ-ബ്രിഡ്ജുകൾ**

242 (1067) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എത്ര ക്രോസ്ബാർ/ റെഗുലേറ്റർ/റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെ നദികൾ/തോടുകൾക്ക് കുറുകെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ കാലപ്പഴക്കത്താൽ തകർന്ന് ഉപയോഗ യോഗ്യമല്ലാതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇവ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ചതുൾപ്പെടെ ക്രോസ് ബാറുകളും ആർ.സി.ബി.-കളുമായി 49 എണ്ണം നിലവിലുണ്ട്. ഇവ വടശ്ശേരി, പാക്കത്തിക്കാട്, കോക്കടവ്, നീലിരിങ്ങ, ചുണ്ട, പോത്തംകണ്ടം, കാനാംവയൽ, പെടേന, പാലിയേരി, കിഴക്കേപ്പാടം, കുക്കാനം വയൽ, കൊഴുമ്മൽ, രാമൻചിറ, പേരൂൽ, നാവൂൽ, കുങ്കര, ഓണിയോട്, പാച്ചാണി, എടക്കുന്ന്, വാണിയത്തോട്, പുന്നക്ക, മുളപ്ര, കിളിയഞ്ചാൽ, തിരുമേനി, മുപ്പോട്, മാവുള്ളപൊയിൽ, കരിങ്കുഴി, പ്രൊപ്പൊയിൽ, ആലപ്പടമ്പ, കാങ്കോൽ, മുതുവം, ചിറ്റാരി, കുണ്ടുവാടി- തൊള്ളത്തുവയൽ, തോക്കാട്, കാര്യങ്കോട് തുടങ്ങിയ തോടുകൾക്ക് കുറുകെയാണ്. ഇതുകൂടാതെ പെരുമ്പപുഴയുടെ കൈവഴിയായ വണ്ണാത്തിപ്പുഴയ്ക്ക് കുറുകെയായി പുതിയൊരു തടയണയുടെ നിർമ്മാണം ഇറിഗേഷൻ വകുപ്പിനു കീഴിൽ പുരോഗമിച്ചു വരുന്നു.

(ബി) ഇറിഗേഷൻ വകുപ്പിനു കീഴിൽ സംരക്ഷിക്കപ്പെടുന്നവ 4 എണ്ണം മാത്രമാണ്. അവ ഉപയോഗയോഗ്യമാണ്. ബാക്കിയുള്ളവ നിർമ്മാണ പ്രവൃത്തികൾക്ക് ശേഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാകയാൽ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്ത് വരുന്നത് അതാത് പഞ്ചായത്തുകളാണ്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി ജലസേചനവകുപ്പിനു കീഴിലുള്ളവയുടെ പുനർനിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിലെ വരൾച്ച നിവാരണ പ്രവൃത്തികൾ

243 (1068) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നിവാരണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്ന് വാട്ടർ അതോറിറ്റി എം.ഡി.-യ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ ഏതെല്ലാം;

(ബി) ഇവയിൽ കെ.ഡബ്ല്യൂ.എ. എം.ഡി.-യുടെ കാര്യാലയത്തിൽനിന്ന് അംഗീകാരത്തിനായി പരിഗണിച്ച പ്രവൃത്തികൾ ഏതെല്ലാം; കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾ പരിഗണിച്ചു; വിശദമാക്കാമോ?

### ഉത്തരം

(എ) വരൾച്ചാ നിവാരണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്ന് വാട്ടർ അതോറിറ്റി എം.ഡി.-ക്ക് സമർപ്പിച്ച പ്രൊപ്പോസലുകൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ കെ.ഡബ്ല്യൂ.എ. എം.ഡി.-യുടെ കാര്യാലയത്തിൽനിന്ന് അംഗീകാരത്തിനായി പരിഗണിച്ച പ്രവൃത്തികൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു. കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി മുൻസിപ്പാലിറ്റി ശുദ്ധജല വിതരണ പദ്ധതി പഴയതും കേടായതുമായ എ.സി.പൈപ്പ് (പമ്പിംഗ് മെയിൻ) മാറ്റി സ്ഥാപിക്കൽ - 11.50 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചു.

## ചങ്ങനാശ്ശേരി - ആലപ്പുഴ തോട്

244 (1069) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ തോട് ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ ജലപാതകളുമായി ബന്ധപ്പെട്ട വികസന നടപടികൾ നിർവ്വഹിക്കുന്നത് ഇൻലാന്റ് വാട്ടർ വേ അതോറിറ്റി ഓഫ് ഇൻഡ്യാ (IWAI) ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അതിരപ്പള്ളി വൈദ്യുത പദ്ധതിയെപ്പറ്റി ജലസേചന വകുപ്പിന്റെ നിലപാട്**

245 (1070) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വൈദ്യുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) പുതിയ പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകൾ ജലസേചന വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചാലക്കുടിപ്പുഴ വറ്റിവരളാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തുമ്പൂർ മൂഴിയിലെ ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെത്തുന്ന വെള്ളത്തിന്റെ അളവിലോ സമയദൈർഘ്യത്തിലോ മാറ്റം വരാതെ വെള്ളം ലഭ്യമാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിരപ്പള്ളി വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പ് ചീഫ് എൻജിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) 28-10-2006-ൽ PL 2-06980/05-ാം നമ്പരായി നിരാക്ഷേപ കുറിപ്പ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ പേർക്ക് നൽകിയിട്ടുള്ളതായി കാണുന്നു.

(ബി) പുതിയ പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകൾ സംബന്ധിച്ച് ജലസേചന വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) ചാലക്കുടിപ്പുഴ വറ്റിവരളാതെ സംരക്ഷിക്കുന്നതിന് പുഴയിൽ തടയണകൾ നിർമ്മിച്ചു വരുന്നുണ്ട്. നിർമ്മാണം നിലച്ചുപോയ തട്ടുപാറ തടയണ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ടിക്കുന്ന്, കയ്യാനിക്കടവ് എന്നിവിടങ്ങളിൽ പുതിയ തടയണകൾ നിർമ്മിക്കുന്നതിനും പാലപ്പുഴയിൽ പാലത്തോടു കൂടിയ റഗുലേറ്റർ പണിയുന്നതിനും ആവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കുന്നതോടെ ചാലക്കുടി പുഴ വറ്റി വരളാതെ സംരക്ഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ കടുത്ത വരൾച്ചയെ മുൻ നിർത്തി വ്യാവസായിക ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് കർശന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**അണക്കെട്ടുകളിലെ ജലസംഭരണ ശേഷി**

246 (1071) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ മണ്ണും, മണലും, ചെളിയും അടിഞ്ഞു കൂടിയത് കാരണം ജലസംഭരണശേഷി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ജലക്ഷാമം രൂക്ഷമായിവരുന്ന സാഹചര്യം പരിഗണിച്ച് മഴക്കാലത്ത് പരമാവധി ജലസംഭരണം ഉറപ്പുവരുത്തുന്നതിനായി ഡാമുകൾക്ക് കേടുവരാത്ത വിധം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡാമുകളിലെ എക്കൽ നീക്കം ചെയ്യുന്നതിലേയ്ക്കായി കരട് Standard Operating Procedure (SOP) തയ്യാറാക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും, അതിൻപ്രകാരം തയ്യാറാക്കിയ S.O.P. സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 3-1-2017-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ഒരു മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിൽ S.O.P.-യിൽ പരാമർശിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് മംഗലം, ചുള്ളിയാർ ഡാമുകളെ പൈലറ്റ് പ്രോജക്ടിനായി തെരഞ്ഞെടുക്കുകയും ചെയ്തു. S.O.P. പൂർത്തീകരിച്ച് വിവിധ ഡാമുകളിലെ സംഭരണശേഷി വീണ്ടെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

**ടാങ്കറുകൾക്ക് കുടിവെള്ളം**

247 (1072) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി അതിന്റെ ഔട്ട് ലെറ്റുകൾ വഴി ടാങ്കറുകൾക്ക് കുടിവെള്ളം നല്കുന്നുണ്ടോ;

(ബി) ഇതിന് ഈടാക്കുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ടാങ്കറുകാർ ഈ ജലം നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കുടിവെള്ള ഇതര ആവശ്യങ്ങൾക്കായി മറിച്ച് വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് തിരുവനന്തപുരം സ്വീവറേജ് ഫാമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിൽ ലഭ്യമായ വെള്ളം ശേഖരിക്കാതെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ചോർത്തി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താൻ വാട്ടർ അതോറിറ്റി എന്തു നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന് 1000 ലിറ്ററിന് 60 രൂപ എന്ന കണക്കിൽ നിരക്ക് ഈടാക്കുന്നു.

(സി) ഇല്ല.

(ഡി) സ്വീവേജ് പ്ലാന്റിൽനിന്നും ലഭ്യമാകുന്ന വെള്ളം റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെടികൾ നനയ്ക്കാനും ടോയിലറ്റ് ഫ്ലഷിംഗ്, നടപ്പാതകൾ, ട്രാക്കുകൾ, നിലം എന്നിവ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് സൗജന്യമായി മുട്ടത്തറയിൽനിന്നും ജലം ശേഖരിക്കാവുന്നതാണെന്ന് പത്ര മാധ്യമങ്ങൾ വഴിയും മറ്റും തുടർച്ചയായി പൊതുജനങ്ങളേയും ബന്ധപ്പെട്ടവരേയും അറിയിക്കുന്നുണ്ട്. ജല ദുരുപയോഗം ശ്രദ്ധയിൽപ്പെട്ട സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളോട് അത് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിന് പിഴ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിൽ കൂടി ജലദുരുപയോഗത്തിനെതിരെയുള്ള അറിയിപ്പുകൾ നൽകാറുണ്ട്. കുടിവെള്ള ദുരുപയോഗം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി പരിശോധനകൾ നടത്തി വരുന്നു. ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാറുമുണ്ട്.

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ കർമ്മ പദ്ധതികൾ

248 (1073) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനും ജലലഭ്യത ഉറപ്പുവരുത്തുവാനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം കേരളം അതിരൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുവാൻ പോകുന്നു എന്ന മുന്നറിയിപ്പുകളുടെ സാഹചര്യത്തിൽ ജലവിഭവ വകുപ്പ് ഭരണതലത്തിൽ ഏന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ ഭൂഗർഭജലത്തിന്റെ ദുരുപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ?

ഉത്തരം

(എ) കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നുണ്ട്.

3. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ നീട്ടി ജല വിതരണം നടത്തുന്നു.

6. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

7. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

8. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമ വിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന

പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി സാധ്യമായ പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ തലസ്ഥാനത്ത് ജലലഭ്യത ഉറപ്പാക്കുന്നതിനായി നെയ്യാർ ഡാമിൽ നിന്നും അരുവിക്കര ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇതുകൂടാതെ 24X7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര

നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥ തലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് കുഴൽ കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽ കിണർ, കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) നമ്പർ 318/2017/ഫിൻ. തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽകിണർ നിർമ്മാണവും 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5328 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 23 കുഴൽകിണർ കൈപമ്പു പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതികൾക്കായി ആകെ 39.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്താറുണ്ട്. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24X7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥ തലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി കുഴൽകിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.)നമ്പർ 318/2017/ഫിൻ. തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു.

(സി) ഭൂജല ചൂഷണത്തെ കുറിച്ചുള്ള പരാതികളിന്മേൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം ഭൂജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ജല ഉപഭോഗം 75 ശതമാനം കുറയ്ക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് നൽകിയിട്ടുണ്ട്.

**ഇരുമ്പോത്തിങ്ങൽ കടവ് ലോക്ക് കം ബ്രിഡ്ജ്**

249 (1074) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട ഇരുമ്പോത്തിങ്ങൽ കടവ് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച നടപടികൾ എത് ഘട്ടം വരെയായി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക 157-ൽ ക്രമനമ്പർ 2 ആയി) കിഫ്ബി ധനസഹായത്തോടെ ഇരുമ്പോത്തിങ്ങൽ കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാൻ 36 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന്റെ ആവശ്യം**

250 (1075) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന്റെ ആവശ്യം ഇപ്പോൾ ഇല്ലെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എന്തെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഇങ്ങനെ ഒരു തീരുമാനം; വിശദമാക്കുമോ?

ഉത്തരം

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതു തന്നെയാണ് സർക്കാരിന്റെ നിലപാട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**ഭൂതത്താൻ കെട്ട് റിസർവോയറും പുഴകളും സംരക്ഷിക്കാൻ നടപടി**

251 (1076) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പെരിയാറിന്റെ ഭാഗമായ ഭൂതത്താൻ കെട്ട് റിസർവോയറിലും അനുബന്ധ നദിയായ കുട്ടമ്പുഴയാറിലും വ്യാപകമായി ഒരു പ്രത്യേക തരം പായൽ വളർന്നു വരുന്നതും പുഴ മലിനമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂതത്താൻ കെട്ട് റിസർവോയറും കുട്ടമ്പുഴയാറും സംരക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന

മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അറവു ശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്. സ്വീവേജ്മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സിവറേജ് സിസ്റ്റവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രശ്നപരിഹാരത്തിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഭൂഗർഭ ജലം ചോർത്തുന്നുവോയെന്ന് കണ്ടെത്താൻ ശാസ്ത്രീയ പഠനം**

252 (1077) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലനിരപ്പ് ഗണ്യമായി കുറയുന്ന സാഹചര്യത്തിൽ ജലനിരപ്പ് സ്ഥിരമായി നിലനിർത്തുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങൾ കേരളത്തിന്റെ ഭൂഗർഭ ജലം ചോർത്തുന്നുവോയെന്ന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ അത്തരത്തിൽ ഒരു ശാസ്ത്രീയ പഠനത്തിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഭൂജലനിരപ്പ് സ്ഥിരമായി നിലനിർത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂജലം സംരക്ഷിക്കുന്നതിനും കൃത്രിമ ഭൂജലസംപോഷണത്തിനുമായി ഭൂജല സംരക്ഷണവും, കൃത്രിമഭൂജലസംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് അവലംബിച്ചു വരുന്നു. തുറന്ന കിണറുകൾ, കുഴൽകിണറുകൾ വഴിയുള്ള ഭൂജലസംപോഷണം എന്നിവ പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തിക വർഷം ഭൂജല വകുപ്പിന് 40 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരുന്നു. തുറന്ന കിണർ വഴിയുള്ള 41 റീചാർജ്ജിംഗ് പദ്ധതികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾക്കായി 39.68 ലക്ഷം രൂപ ചെലവഴിച്ചു. ഭൂജല വകുപ്പിനെ കൂടാതെ കൃഷി വകുപ്പ്, ജലസേചന വകുപ്പ്, സോയിൽ കൺസർവേഷൻ

വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജലനിധി തുടങ്ങിയവ വിപുലമായ രീതിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് ഹരിത കേരളം മിഷൻ. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കിണർ റീചാർജ്ജിംഗ് വിപുലമായ രീതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് ജില്ലയിലെ കുഴൽക്കിണർ അനുമതി അപേക്ഷകൾ**

253 (1078) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ കുഴൽക്കിണർ കുഴിക്കുന്നതിനുള്ള അനുമതിക്കായി എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷകരുടെ പേരും, മേൽവിലാസവും സഹിതം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം അപേക്ഷകർക്ക് അനുവാദം നൽകിയെന്നും, ഏതെല്ലാം അപേക്ഷകർക്ക് അനുവാദം നൽകിയില്ലെന്നും വിശദമാക്കുമോ;

(സി) അനുവാദം നൽകാത്തവർക്ക് എന്തു കാരണത്തിലാണ് അനുവാദം നൽകാതിരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ കുഴൽകിണർ കുഴിക്കുന്നതിനുള്ള അനുമതിക്കായി 189 അപേക്ഷകൾ ലഭിച്ചു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) എല്ലാ അപേക്ഷകർക്കും അനുവാദം നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

**മഴവെള്ള സംഭരണികൾ**

254 (1079) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും ഈ വർഷം നിർബന്ധമായും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വെളിപ്പെടുത്തുമോ;

(സി) മഴക്കാലം തുടങ്ങുമ്പോൾത്തന്നെ ലഭിക്കുന്ന ജലം തിരിച്ചെടുക്കാൻ നടപടി സംഭരണികളിലാക്കി സംരക്ഷിക്കാൻ മുന്തിയ പരിഗണന നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ (ജലനിധി) ഭാഗമായ 'മഴകേന്ദ്രം' വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ജലസൗഹൃദ വിദ്യാലയം പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ സംസ്ഥാനത്ത് 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിക്കുവാൻ ശേഷിയുള്ള സംഭരണികൾ സൗജന്യമായി നിർമ്മിച്ചു നൽകിവരുന്നു. സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അതാതു സ്കൂൾ അധികൃതർക്ക് കൈമാറ്റം ചെയ്ത് തുടർപരിപാലനത്തിനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു. ഇതിനോടകം 350-ഓളം വിദ്യാലയങ്ങളിലെ സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിൽ എത്തിയിരിക്കുന്നു. ഈ പദ്ധതി ഘട്ടം ഘട്ടമായി മറ്റ് സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ട്.

(സി) 14 ജില്ലകളിലായി ആദ്യഘട്ടം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 840 സർക്കാർ വിദ്യാലയങ്ങളിലെ സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2017 മേയ് അവസാനത്തോടുകൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. മഴക്കാലം ആരംഭിക്കുമ്പോൾതന്നെ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനുവേണ്ടി മുന്തിയ പരിഗണന നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു. കിണറുകൾ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികളിൽ ജല ലഭ്യത ഉറപ്പാക്കാനായി മഴക്കുഴികൾ സ്ഥാപിക്കാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ കുഴൽക്കിണറുകൾ**

255 (1080) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഭൂജല വകുപ്പ് ലഭ്യമാക്കിയ വിവരമനുസരിച്ച് വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടില്ല.

## കിണറുകളിലെ ജലനിരപ്പ്

256 (1081) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറുകളിൽ ജലനിരപ്പ് താഴുന്നു എന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഴയിലുണ്ടായ കുറവുമൂലം സംസ്ഥാനത്ത് ഭൂജല നിരപ്പ് താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂജലവകുപ്പ് ഭൂജല പരിപോഷണത്തിനായി ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. ഇതിനായി ആകെ 39.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഹരിത കേരളം പദ്ധതി പ്രകാരം കുടിവെള്ള സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വിപുലമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## ജലക്ഷാമവും വരൾച്ചയും നേരിടുന്നതിന് നടപടി

257 (1082) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലക്ഷാമവും വരൾച്ചയും രൂക്ഷമായ സാഹചര്യത്തിൽ സ്വീകരിക്കുന്ന പ്രതിരോധ നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഭൂഗർഭജലത്തിന്റെ അളവിലുണ്ടായിരിക്കുന്ന കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) മഴവെള്ളം സംഭരിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂജലവകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2016-2017 സാമ്പത്തിക വർഷം ഒരു കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്നകിണർ, കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും, 99 കുഴൽകിണർ നിർമ്മാണവും, 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, 5328 കൈപമ്പുകളുടെ അറ്റകുറ്റപണികളും, 23 കുഴൽക്കിണർ കൈപമ്പു പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂജലനിരപ്പ് സ്ഥിരമായി നിലനിർത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂജലം സംരക്ഷിക്കുന്നതിനും കൃത്രിമ ഭൂജലസംപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമഭൂജലസംപോഷണവും എന്ന പദ്ധതി ഭൂജലവകുപ്പ് നടപ്പാക്കിവരുന്നു. തുറന്ന കിണറുകൾ, കുഴൽ കിണറുകൾ വഴിയുള്ള ഭൂജലസംപോഷണം പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിടുന്നു. നടപ്പു സാമ്പത്തിക വർഷം വകുപ്പിന് 40 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. തുറന്ന കിണർ വഴിയുള്ള 41 റീചാർജ്ജിംഗ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പിനെ കൂടാതെ കൃഷിവകുപ്പ്, ജലസേചന വകുപ്പ്, സോയിൽ കൺസർവേഷൻ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ജലനിധി തുടങ്ങിയവ വിപുലമായ രീതിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് ഹരിത കേരളം മിഷൻ. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കിണർ റീചാർജ്ജിംഗ് വിപുലമായ രീതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കിണറുകൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പാക്കാനായി മഴക്കുഴികൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീരുറവ് പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണം നടത്തിയും സ്വാഭാവിക ഉറവ സംരക്ഷണത്തിലൂടെയും വെള്ളയമ്പലം ഫിൽറ്റർ ഹൗസിലേക്ക് ശുദ്ധീകരണത്തിനായി അധിക ജലം എത്തിക്കുന്നതിനായി ജലഭവൻ അങ്കണത്തിൽ

നിലനിന്നിരുന്ന കുളം പുനർനിർമ്മിച്ച് അതിൽ ശേഖരിക്കുന്ന ജലം ഫിൽറ്റർ ഹൗസിലെ ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനായി പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി പ്രകാരം മഴവെള്ളം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്കും വിദ്യാലയങ്ങൾക്കും 10,000 ലിറ്റർ മഴവെള്ളം സംഭരിക്കുവാൻ ശേഷിയുള്ള സംഭരണികൾ സബ്സിഡി നിരക്കിലും സൗജന്യമായും നിർമ്മിച്ചു നൽകുന്നു. 5 ജില്ലകളിലെ 15 ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 4000 കുടുംബങ്ങൾക്കും, കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് 840 വിദ്യാലയങ്ങളിലും മഴവെള്ള സംഭരണികൾ നൽകുവാൻ നടപടി സ്വീകരിച്ചു. ഇതിലേയ്ക്കായി 20.42 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ 1.30 കോടി രൂപ ഗുണഭോക്തൃ വിഹിതമായി സ്വരൂപിക്കുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക ഉപയോഗിച്ച് 6 ജില്ലകളിലെ 9 ഗ്രാമ പഞ്ചായത്തുകളിൽ 1800 കുടുംബങ്ങൾക്കും, 460 വിദ്യാലയങ്ങൾക്കും, മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. 2017 സെപ്റ്റംബർ 30-നകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കത്തക്ക വിധത്തിലാണ് ക്രമീകരണങ്ങൾ നടത്തുന്നത്.

## വർക്കല മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി

258 (1083) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിന് 130 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കി തയ്യാറാക്കിയിട്ടുള്ള പേഴ്സ്പെക്ടീവ് പ്ലാനിൻമേൽ വാട്ടർ അതോറിറ്റി അവസാനമായി സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ?

### ഉത്തരം

(എ&ബി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(സി) ഒറ്റൂർ, മണനൂർ, ചെമ്മരുതി, വെട്ടൂർ, ചെറുന്നിയൂർ, ഇടവ, ഇലകമൺ നാവായിക്കുളം എന്നീ പഞ്ചായത്തുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. എന്നാൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സ്രോതസ്സിന്റെ പര്യാപ്തത, സ്ഥല ലഭ്യത എന്നിവ പരിശോധിച്ച ശേഷം മാത്രമേ കൃത്യമായി ഏതൊക്കെ പഞ്ചായത്തുകൾ ഉൾപ്പെടുത്താമെന്ന് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

**ജല പരിശോധനാ ലാബുകൾ**

259 (1084) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിലെ സബ് ഡിവിഷനുകളിൽ ജല ഗുണ പരിശോധനാ ലാബുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ലാബുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കേരള വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷനുകളുടെ കീഴിൽ ജലഗുണനിലവാര പരിശോധനാ ലാബുകളില്ല. എന്നാൽ ഗുണനിലവാര പരിശോധനയ്ക്കായി കേരള ജല അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ NRDWP-യുടെ ധനസഹായത്തോടെ പുതുതായി 31 ജലഗുണനിലവാര പരിശോധനാ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

**ജല അതോറിറ്റിയിൽ മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ**

260 (1085) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മൈനോറിറ്റി സ്കീം പ്രകാരം മൊത്തം 150 സ്കീമുകളാണ് നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് 7-11-2016-ലെ സ.ഉ.(സാ.ധാ)7001/2016/GAD പ്രകാരം അനുമതി ലഭിച്ചു.

1. മോഡേൺ ബസാർ-കടൈക്കുന്ന് കുടിവെള്ള പദ്ധതി-3.5 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണവും കൊടുവള്ളി പഞ്ചായത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കലും പ്രവൃത്തികൾ-20 ലക്ഷം രൂപ.

2. കിഴക്കോത്ത് പഞ്ചായത്തിലെ കാട്ടിക്കുന്ന് പ്രദേശത്തേക്കുള്ള ജലവിതരണ പൈപ്പുകൾ ദീർഘിപ്പിക്കൽ - 14.50 ലക്ഷം രൂപ.

3. കൂടാതെ 9-2-2017-ലെ സ.ഉ.(സാധാ)909/2017/പൊ.ഭ.വ. പ്രകാരം ചാത്തമംഗലം പഞ്ചായത്തിലെ കുറ്റിക്കുളം, തത്തൂർ, ആര്യങ്കോട് തെക്ക്, പഞ്ചിങ്കൽ, ചിറ്റാരിപിലാക്കൽ, നാറാണത്തുപുരയിൽ എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയുടെ പദ്ധതിക്കും അനുമതി ലഭിച്ചു.

(സി) മൈനോറിറ്റി സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡെപ്പോസിറ്റ് പ്രവൃത്തികളായാണ് നടപ്പിലാക്കുന്നത്. കേരള സർക്കാരിന്റെ ന്യൂനപക്ഷക്ഷേമ വകുപ്പ് ഭരണാനുമതി നൽകുന്ന പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി അവയുടെ പ്രായോഗികത ഉറപ്പാക്കിയ ശേഷം സാങ്കേതികാനുമതി നൽകി നടപ്പിലാക്കുന്നു.

## മൈലം - തലവൂർ കുടിവെള്ള പദ്ധതി

261 (1086) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലം - തലവൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതെന്നാണെന്നും വ്യക്തമാക്കുമോ;

(സി) മൈലം പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൈലം - തലവൂർ കുടിവെള്ള പദ്ധതിക്ക് 2011 SLSSC-ൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടെ 2005 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, 10.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പൂക്കുന്നിമലയിലുള്ള 16.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി തുടങ്ങിയ പ്രധാന

ഘടകങ്ങളെല്ലാം 'പട്ടാഴി, പട്ടാഴി-വടക്കേക്കര കുടിവെള്ള പദ്ധതി' ക്കും, 'മൈലം - തലവൂർ കുടിവെള്ള പദ്ധതി' ക്കും പൊതുവായുള്ളതാണ്. ഇവയുടെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ പട്ടാഴി, തലവൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് ശുദ്ധജലവിതരണം ആരംഭിച്ചിട്ടുള്ളതും ഗാർഹിക കണക്ഷനുകൾ കൊടുത്തു തുടങ്ങുകയും ചെയ്തിട്ടുള്ളതുമാകുന്നു. മൈലം - തലവൂർ കുടിവെള്ള പദ്ധതിക്ക് മാത്രമായിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. തലവൂർ പിടവൂർ വില്ലേജ് സോൺ ഒന്നിലും സോൺ രണ്ടിലും വിതരണശൃംഖലക്കായി D1 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. തലവൂർ പിടവൂർ വില്ലേജ് സോൺ ഒന്നിലും സോൺ രണ്ടിലും വിതരണശൃംഖലയ്ക്കായി PVC പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്

3. മൈലം പഞ്ചായത്തിൽ ആക്കാവിളയിലുള്ള 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

4. പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതലജലസംഭരണിയിൽനിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേക്കുള്ള 7.98 കി.മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 4 കി. മീ. പൈപ്പ് ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു.

5. മൈലം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി-ആകെ 74 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 13 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി&സി) മൈലം തലവൂർ കുടിവെള്ള പദ്ധതിയിൽ ഇനി അവശേഷിക്കുന്നത് പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതല ജലസംഭരണിയിൽനിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേക്കുള്ള 7.98 കി. മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും മൈലം പഞ്ചായത്തിനുവേണ്ടിയുള്ള 74 കി. മീ. വിതരണശൃംഖലയുമാണ്. എന്നാൽ നിലവിലെ ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് 7.98 കി. മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതിനും മൈലം പഞ്ചായത്തിനു വേണ്ടിയുള്ള 74 കി. മീ. വിതരണ ശൃംഖലയിൽ 13 കി. മീ. വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുമുള്ള തുകയേ അവശേഷിക്കുന്നുള്ളൂ. 7.98 കി. മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 4 കി. മീ.

പൈപ്പ് ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. 13 കി. മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള ജോലിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ബാക്കിയുള്ള 61 കി. മീ. വിതരണ ശൃംഖലക്കുവേണ്ടി 10.2 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികളും കൂടി പൂർത്തിയായാൽ മാത്രമേ പദ്ധതി വിഭാവന ചെയ്ത പ്രകാരം പൂർണ്ണമായും പ്രവർത്തനസജ്ജമാകുകയുള്ളൂ.

**കേരള ജല അതോറിറ്റിയിലെ ഓഡിറ്റ്**

262 (1087) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ആഭ്യന്തര, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജല അതോറിറ്റിയുടെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അവസാനമായി തയ്യാറാക്കിയത് എന്നാണെന്നും എ.ജി.-യുടെ ഓഡിറ്റ് നടന്ന പ്രൊജക്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യേണ്ട പ്രൊജക്ടുകൾ ഏതൊക്കെയെന്നും അവസാനമായി ഓഡിറ്റ് നടന്നതെന്നാണെന്നും വ്യക്തമാക്കുമോ ;

(ബി) ജല അതോറിട്ടിയിലെ 2016-17 വരെയുള്ള ആഭ്യന്തര, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് എപ്പോൾ സഭയിൽ സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എനർജി ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഉന്നത സംഭരണികളിൽ സംഭരിച്ച ജലം വിതരണം ചെയ്യുന്നതിനിടയിൽ സംഭവിക്കുന്ന ചോർച്ച എത്ര ശതമാനമാണ്; ടി ചോർച്ച ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ജലവിതരണ സംവിധാനത്തിൻെറ കാര്യക്ഷമതാ ഓഡിറ്റ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ആഭ്യന്തര ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ ഉള്ള ഓഡിറ്റ് വിഭാഗവും കേരള വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും നടത്തുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിലുള്ള ആഭ്യന്തര ഓഡിറ്റ് 2015-16 സാമ്പത്തിക വർഷം വരെ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2016-17-ലെ അക്കൗണ്ടന്റ് ജനറലിന്റെ

ആഭ്യന്തര ഓഡിറ്റ് ജല അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ആഭ്യന്തര ഓഡിറ്റ് വിഭാഗം നടത്തുന്ന ഓഡിറ്റ് സ്റ്റാഫിന്റെ അപര്യാപ്തതമൂലം മൂന്നു വർഷത്തിലൊരിക്കൽ ഒരു ഓഫീസിൽ എന്ന കണക്കിൽ നടത്തിവരുന്നുണ്ട്. ആയത് 2013 വർഷം വരെ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ വാർഷിക കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടപ്പാക്കുന്നതിന് അക്കൗണ്ടന്റ് ജനറലിനെയാണ് ചുമതലപ്പെടുത്തിയത്. 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റാണ് അവസാനമായി പൂർത്തിയാക്കിയത്. ഇതു കൂടാതെ ജല അതോറിറ്റിയുടെ JICA, NRDWP എന്നീ പ്രോജക്ടുകളുടേയും പ്രത്യേക ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. NRDWP-യുടെ പെർഫോമൻസ് ഓഡിറ്റ് 2012-13 മുതൽ 2016-17 സാമ്പത്തിക വർഷം വരെ അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ 6-3-2017 മുതൽ നടന്നുവരുന്നു. NRDWP-യുടെ വർഷാ വർഷങ്ങളിലുള്ള വരവു ചെലവു കണക്കുകൾ NRDWP-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. ആയത് 2015-16 വരെ പൂർത്തിയാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള ജല അതോറിറ്റിയിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടാണ് സഭയിൽ സമർപ്പിക്കാറുള്ളത്. 2016-17 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ 31-3-2018-നകം പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി സമർപ്പിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ആയത് ഓഡിറ്റ് തീരുന്ന മുറയ്ക്കും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും സഭയിൽ സമർപ്പിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ഇത് കൃത്യമായി കണക്കാക്കിയിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന ചോർച്ചകൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) ജലവിതരണ ശൃംഖലയിലെ കണക്കിൽപ്പെടാത്ത ജലം കണ്ടുപിടിക്കുന്നതിനുള്ള ഒരു കണക്കെടുപ്പുരീതിയാണ് വാട്ടർ ഓഡിറ്റ്. ഇത്തരത്തിലുള്ള കണക്കെടുപ്പു വഴി വരുമാന നഷ്ടം ഉണ്ടാകുന്ന ജലത്തിന്റെ (നോൺ റവന്യൂ വാട്ടർ) അളവ് കണക്കാക്കാൻ കഴിയുന്നു. പക്ഷേ ഇതിനായി ജല ശുദ്ധീകരണശാലയിൽ തുടങ്ങി ഉപഭോക്താവിൽ വരെ എത്തി നിൽക്കുന്ന വിതരണശൃംഖലയിൽ പല ഘട്ടങ്ങളിലായി കൃത്യതയാർന്ന ഫ്ളോ മെഷർമെന്റ് അത്യാവശ്യമാണ്. ഇതുകൂടാതെ വിതരണ ശൃംഖല ഒറ്റപ്പെട്ട ചെറിയ യൂണിറ്റുകളായി തിരിക്കേണ്ടതുണ്ട്. നിലവിൽ ഇത്തരത്തിലുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലയിൽ ഇല്ലാത്തതിനാലും ഇത്തരത്തിലുള്ള വിപുലമായ ഒരു സംവിധാനം ഒരുക്കുന്നത് വളരെ പണച്ചെലവുള്ളതായതിനാലും ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരു ഏകദേശ കണക്കെടുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**അമൃത് പദ്ധതികൾക്ക് ഭരണാനുമതി**

263 (1088) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 63.04 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രൂക്ഷമാകുന്ന കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ 2700 മീറ്റർ പൈപ്പിടലിൽ 1700 മീറ്റർ ഭാഗത്തിന്റെ ടെണ്ടർ നടപടികൾ നടക്കുന്നതിനാൽ ബാക്കി വരുന്ന 1000 മീറ്റർ പ്രവർത്തിക്ക് അമൃത് പദ്ധതിയിലുൾപ്പെടുത്തി അടിയന്തര മുൻഗണന നൽകി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 63.04 കോടി രൂപയ്ക്ക് കൊച്ചി നഗരത്തിൽ 11 പദ്ധതികൾ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| നമ്പർ | പദ്ധതിയുടെ പേര് | ശിപാർശ തുക | അംഗീകരിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | പണ്ടിറ്റ് കറുപ്പൻ റോഡിൽ 4400 മീ. നീളത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ | 1.65 | 1.61 |
| 2. | വളഞ്ഞമ്പലം മുതൽ രവിപുരംവരെ 1000 മീ. നീളത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ | 0.69 | 0.66 |
| 3. | കോന്തുരുത്തി ബ്രാഞ്ച് റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 0.70 | 0.405 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | കടവന്ത്ര OH ടാങ്കിന്റെ പുനരുദ്ധാരണവും പമ്പിംഗ് മെയിൻ സ്ഥാപിക്കലും | 10.00 | 10.00 |
| 5. | പച്ചാളം ഡിവിഷനിൽ OH ടാങ്ക്, സമ്പ് എന്നിവയുടെ നിർമ്മാണം | 8.00 | 7.75 |
| 6. | കാത്രിക്കടവു മുതൽ പച്ചാളം വരെ ട്രാൻസ്മിഷൻ പൈപ്പ് സ്ഥാപിക്കൽ | 7.00 | 7.00 |
| 7. | ഇടക്കൊച്ചിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1.50 | 1.52 |
| 8. | JNNURM ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് മാറാട് തമ്മനം പമ്പ് ഹൗസിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | 17.50 | 16.50 |
| 9. | കത്രിക്കടവു മുതൽ ഇളങ്കുളം ചെട്ടിച്ചിറ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ | 5.00 | 0.90 |
| 10. | വടതോട് പമ്പ് ഹൗസ്, OH ടാങ്ക് എന്നിവയുടെ നിർമ്മാണം. | 8.00 | 7.75 |
| 11. | തേവര OH ടാങ്ക് നിർമ്മാണം. | 3.00 | 5.60 |

(ബി&സി) പ്രസ്തുത പദ്ധതികൾ, അമൃത് പദ്ധതികളുടെ ചുമതലയുള്ള സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU) വഴി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC) അംഗീകരിച്ച് ഭരണാനുമതിക്കായി സ്റ്റേറ്റ് ലെവൽ ഹൈപവേഡ് കമ്മിറ്റി (SHPSC)-യിലേക്ക് ശിപാർശ ചെയ്യുകയും അപ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്യുന്നു. ഭരണാനുമതിയും സാങ്കേതിക അനുമതിയും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയും.

(ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU)-വിൽ സമർപ്പിച്ചിട്ടുള്ളതും അമൃത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC) പ്രസ്തുത പ്രവൃത്തി അംഗീകരിച്ച് ഭരണാനുമതിക്കായി ഉന്നതാധികാര കമ്മിറ്റിയായ സ്റ്റേറ്റ് ലെവൽ ഹൈ പവേഡ് കമ്മിറ്റി (SHPSC)-യിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## റാന്നി മേജർ കുടിവെള്ള പദ്ധതി

264 (1089) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചതെന്ന്; എത്ര രൂപയാണ് ഇതിനോടകം ഇതിനായി ചെലവഴിച്ചത്; നിർമ്മാണം ഏതു ഘട്ടം വരെയായി; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും വിശദമാക്കുമോ;

(ബി) പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണം 10-10-2008-ലും രണ്ടാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണം 12/2012-ലും ആരംഭിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 31-3-2017 വരെ 1421.44 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 31-3-2017 വരെ 855.02 ലക്ഷം രൂപയും ചെലവഴിച്ചു. ഒന്നാം ഘട്ടത്തിലെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു. രണ്ടാം ഘട്ടത്തിലുൾപ്പെട്ട ഘടകങ്ങളിൽ സോൺ 3 A4 എന്നിവിടങ്ങളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. രണ്ടാം ഘട്ടത്തിലെ മറ്റു ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു. 2017 ജൂൺ മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി 2017 ജൂൺ അവസാനത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മീനാട് കുടിവെള്ള പദ്ധതി

265(1090) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി വെളിയം പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പദ്ധതി എപ്പോൾ പ്രവർത്തന സജ്ജമാക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജപ്പാൻ സഹായത്തോടുകൂടി കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന മീനാടിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. പൂയപ്പള്ളി, മീനാട്, ചിറക്കര, പരവൂർ (പാർട്ട്), ആദിച്ചനല്ലൂർ, മയ്യനാട്, കരവാളൂർ, നെടുമ്പന-പള്ളിമൺ, ഇടമുളയ്ക്കൽ, അറക്കൽ, വെളിയം-ഓടനാവട്ടം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ-വാളകം എന്നീ വില്ലേജുകൾക്കും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ആകെ 963 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കാനുണ്ടായിരുന്നതിൽ ഇനി 137.84 കി.മീ. പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മുൻകരാറുകാരൻ (രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്) പാതിവഴിയിൽ പണി ഉപേക്ഷിക്കുകയും ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പണികൾ പുന:ക്രമീകരിക്കുകയും ചെയ്തു. ടെക്പ്രോ ഇൻഫ്രാ പ്രോജക്റ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ബാക്കി വിതരണ ശൃംഖലയുടെ പണികൾ ചെയ്തു വരുന്നത്. പൊതുമരാമത്ത് റോഡുകളിലെ പണികൾക്കുണ്ടായ നിയന്ത്രണവും സാമ്പത്തിക പ്രശ്നംമൂലം കരാറുകാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയും നേരത്തെ സ്ഥാപിച്ച പൈപ്പ് ലൈനുകളിലുള്ള ഗ്യാപ്പുകൾ കണ്ടുപിടിച്ച് ക്ലോസ് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുംമൂലം പണിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. 16 വില്ലേജുകളിലായുള്ള ജില്ലാ വിതരണ ശൃംഖലയുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) മീനാട് പദ്ധതിയിൽപ്പെട്ട വെളിയം പഞ്ചായത്തിൽ ആകെ സ്ഥാപിക്കേണ്ടിയിരുന്ന 74 കി.മീ. വിതരണ ശൃംഖലയിൽ ഏകദേശം 54 കി.മീ. മാത്രമേ നേരത്തെ പണികൾ ഏറ്റെടുത്തിരുന്ന കരാറുകാർ പൂർത്തീകരിച്ചിരുന്നുള്ളൂ. സ്ഥാപിച്ച വിതരണ ശൃംഖലയിൽ ഒന്നുംതന്നെ പൂർണ്ണമായി പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിരുന്നുമില്ല. വെളിയം പഞ്ചായത്തിലുള്ള ജലസംഭരണിയിൽനിന്നും ഉള്ള വിതരണ ശൃംഖലയിൽ ആരംഭം മുതൽ തന്നെ ഗ്യാപ്പുകൾ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികൾ ശേഷിച്ചിട്ടുണ്ട്. ബാക്കി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കരാറുകാരുടെ ഭാഗത്തുനിന്നും പണികളുടെ പൂർത്തീകരണത്തിന് ഉദ്ദേശിച്ച തരത്തിൽ പുരോഗതി കൈവരിക്കാനാകാത്തതിനാൽ നിലവിൽ 31-5-2017 വരെയാണ് പ്രത്യേക നിബന്ധനകളോടുകൂടി കരാർ നീട്ടി നൽകിയിട്ടുള്ളത്. പദ്ധതിയിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിച്ച് പൂർത്തീകരിച്ച് പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് കരാറുകാർക്ക് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തന പുരോഗതി കൈവരിച്ചാൽ 2017 ഡിസംബറോടുകൂടി പൂർണ്ണമായും ശേഷിക്കുന്ന വിതരണ ശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജലവിഭവ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ

266 (1091) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ ജലവിഭവ വകുപ്പിനു കീഴിലെ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള ജല അതോറിറ്റി:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട് :

1. കിഫ്ബി ധനസഹായത്തോടുകൂടി കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി 85 കോടി രൂപ.
2. അമൃത് പദ്ധതിയിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പദ്ധതി.
3. മൈനോറിറ്റി പദ്ധതികൾ.
4. വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ.
5. എസ്.സി. കോർപ്പസ് ഫണ്ട്.

ഇവയിൽ കിഫ്ബി ധനസഹായത്തോടുകൂടി കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ പാക്കേജ് ഒന്നിന്റെയും രണ്ടിന്റെയും ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം *ആയി ചേർക്കുന്നു.

ഭൂജല വകുപ്പ്:

ഭൂജല വകുപ്പു മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>പ്രോജക്ട്സ്-I:</u>

കോഴിക്കോട് ജില്ലയിൽ അഴിയൂർ ബ്രാഞ്ച് കനാലിന്റെ ചെ:6/200 കി.മീ.നും 7/200 കി.മീ.നും ഇടയിലുള്ള നിലവിലെ അക്വഡക്ട് പൊളിച്ചുമാറ്റി പുനർ നിർമ്മിക്കുന്ന പ്രവൃത്തിക്ക് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. മരുതാട് ഫീൽഡ് ബോത്തിയുടെ ചെ:0/050 കി.മീ.നും 1/610 കി.മീ.നും ഇടയിലെ പുനർനിർമ്മാണ പ്രവൃത്തിക്ക് 1.120 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. താമരശ്ശേരി ഫീൽഡ് ബോത്തിയുടെ ചെ: 0/300 കി.മീ.നും 2/555 കി.മീ.നുമിടയിലുള്ള പുനർനിർമ്മാണ പ്രവൃത്തിയ്ക്ക് 2.7068 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

<u>ജലസേചന വകുപ്പ്:</u>

ജലസേചന വകുപ്പു മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം *ആയി ചേർക്കുന്നു.

**കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി**

267(1092) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ ഭാഗമായി കുളക്കട പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിക്ക് ആവശ്യമായ ജലസ്രോതസ്സും, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥിതി ചെയ്യുന്ന കുളക്കട പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ തുടങ്ങിയ പ്രധാന ഘടകങ്ങളുടെയും കുളക്കടയിലും പവിത്രേശ്വരത്തും ഭാഗികമായി വിതരണ ശൃംഖല സ്ഥാപിക്കുന്ന ഒന്നാം ഘട്ടം (1336 ലക്ഷം രൂപയുടെ) 29-12-2014-ൽ കമ്മിഷൻ ചെയ്തു.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം വിതരണ ശൃംഖല പൂർണ്ണമായും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. ഒന്നാം ഘട്ടത്തിൽ കുളക്കടയിൽ 25 കി.മീ. വിതരണ ശൃംഖലയും പവിത്രേശ്വരത്ത് 8 കി.മീ. വിതരണ ശൃംഖലയുമാണ് സ്ഥാപിച്ചത്. പവിത്രേശ്വരം പഞ്ചായത്തിൽ കുണ്ടറയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതിയിൽപ്പെടുത്തി സ്ഥാപിച്ചിരുന്ന വിതരണ ശൃംഖല കൂടി പ്രയോജനപ്പെടുത്തി ശുദ്ധജലവിതരണം നടത്തിവരുന്നു. കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം വിതരണശൃംഖല പൂർണ്ണമായും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. ഒന്നാം ഘട്ടത്തിൽ കുളക്കടയിൽ 25 കി.മീ. വിതരണ ശൃംഖലയാണ് സ്ഥാപിച്ചത്. അവശേഷിക്കുന്ന ഏകദേശം 190 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഒരു PER (Preliminary Engineering Report) കേരള വാട്ടർ അതോറിറ്റിയുടെ പരിശോധനയിലാണ്. കൂടാതെ കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ DER (Detailed Engineering Report) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

**വരൾച്ചമൂലമുള്ള കുടിവെള്ള പ്രശ്നം നേരിടാൻ നടപടി**

268 (1093) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചമൂലമുള്ള കുടിവെള്ള പ്രശ്നം നേരിടാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയതെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ച പ്രതിരോധിക്കുന്നതിനായി കേരള ജല അതോറിറ്റി, ജലനിധി, ഭൂഗർഭ ജല വകുപ്പ്, ജലസേചനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മേഖലാടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും കുടിവെള്ളക്ഷമത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ അടിയന്തരമായി ബണ്ടുകൾ നിർമ്മിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച തടയണകൾ, വി.സി.ബി.-കൾ, ആർ.സി.ബി. എന്നിവയിൽ അറ്റകുറ്റപ്പണികൾ നടത്തി വെള്ളം സംഭരിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം എന്നിവ ഉറപ്പാക്കി കുടിവെള്ള വിതരണത്തിന് മുൻതൂക്കം നൽകുന്നതിന്റെ ഭാഗമായി ഡാമുകളിൽ സംഭരിച്ചിട്ടുള്ള ജലത്തിന്റെ പ്രാഥമിക പരിഗണന കുടിവെള്ളത്തിനായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജല അതോറിറ്റി, ജലസേചന വകുപ്പ് എന്നിവരുടെ സംയുക്ത സഹകരണത്തോടെ നെയ്യാർഡാമിൽനിന്നും അരുവിക്കരയിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ 40 കോടി രൂപ ഉപയോഗിച്ച് കേരള ജല അതോറിറ്റി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കി വരുന്നു :

1. സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പാക്കാൻ ആവശ്യമുള്ള പ്രവൃത്തികൾ.
2. ജലശുദ്ധീകരണശാലകളിലെ അടിയന്തര അറ്റകുറ്റപ്പണികൾ.
3. ജലവിതരണ പൈപ്പുകളുടെ ഇന്റർ കണക്ഷൻ പ്രവൃത്തികൾ.
4. ആവശ്യത്തിന് ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പമ്പിംഗ് സമയം ദീർഘിപ്പിക്കൽ.
5. ടാങ്കർ ഫില്ലിങ്ങ് സ്റ്റേഷൻ നിർമ്മാണം.

6. ജലലഭ്യതയുള്ള പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

7. പമ്പുകളുടെയും മോട്ടോറുകളുടെയും അടിയന്തര അറ്റകുറ്റ പണികൾ.

8. സ്റ്റാൻഡ് ബൈ പമ്പ് സെറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പമ്പുകൾ വാങ്ങി സ്ഥാപിക്കൽ.

9. അടിയന്തര അറ്റകുറ്റ പണികൾക്ക് ആവശ്യമായ ജോയിന്റുകൾ, ഫിറ്റിങ്ങുകൾ തുടങ്ങിയവ വാങ്ങിക്കൽ.

10. ജലവിതരണ നിയന്ത്രണത്തിനായി പുതിയ വാൽവുകൾ സ്ഥാപിക്കലും നിയന്ത്രണ സംവിധാനങ്ങളും.

11. ട്രാൻസ്ഫോർമറുകൾ, പാനൽ ബോർഡുകൾ തുടങ്ങിയ അനുബന്ധ വൈദ്യുതോപകരണങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾ.

12. വാൽവുകളുടെ അറ്റകുറ്റപ്പണികളും മറ്റ് അടിയന്തര പ്രവൃത്തികളും.

ജലക്ഷാമം അതിരൂക്ഷമായ പ്രദേശങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും ജലവിതരണം നടത്തുന്നുണ്ട്. ഇറിഗേഷൻ-വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ജലമോഷണം, ദുരുപയോഗം തുടങ്ങിയവ കണ്ടെത്തി നിയന്ത്രിക്കുന്ന സ്ക്വാഡ് പ്രവർത്തനത്തിന് റവന്യൂ, പോലീസ് വകുപ്പുകളുടെ സഹകരണം അഭ്യർ ത്ഥിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലവകുപ്പ് കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ഹാന്റ് പമ്പ് സ്കീമുകളും നടപ്പാക്കിവരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽകിണർ

നിർമ്മാണവും 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, 5328 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 23 കുഴൽകിണർ കൈപമ്പു പദ്ധതികളും രാജീവ്ഗാന്ധി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി പൂർത്തിയാക്കി.

സംസ്ഥാനത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഘട്ടംഘട്ടമായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ഫെബ്രുവരി മുതൽ ഇതുവരെ 86 പദ്ധതികൾ പൂർത്തീകരിക്കുകയും 11,452 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക്, അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു വരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 42 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി 3000 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

4. ഭൂജലസംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. വിവിധ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ ജല വിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വരൾച്ചയെ നേരിടുന്നതിനായി ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം, സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംഭരണം-ഭൂജല പരിപോഷണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഗാർഹിക അടിസ്ഥാനത്തിലും വിദ്യാലയങ്ങളിലുമാണ് മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നൽകുന്നത്. ഇതിന്റെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിലും 1800 വ്യക്തിഗത കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ 2000 വ്യക്തിഗത കുടുംബങ്ങൾക്കും, 500 സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾക്കും, 100 ഗ്രാമപഞ്ചായത്തോഫീസുകളിലും മഴവെള്ള സംഭരണികളുടെ നിർമ്മാണം, അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ 5000 തുറന്ന കിണറുകൾ മഴവെള്ളം ഉപയോഗിച്ച് റീചാർജ് ചെയ്യുക, 1000 പൊതുസ്ഥാപനങ്ങളിലെ നിലവിലുള്ള ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ എന്നീ പദ്ധതികൾ ലക്ഷ്യമിടുന്നു.

(സി) ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകളും തടയണകളും നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അരുവിക്കര സംഭരണിയിൽ അടിഞ്ഞിരിക്കുന്ന ഫ്ലോട്ടിംഗ് മാലിന്യങ്ങളായ ആമ്പൽ, താമര, കുളവാഴ തുടങ്ങിയവ ജലസേചന വകുപ്പിന്റെ സഹായത്തോടെ മാറ്റിയിട്ടുണ്ട്. ഭൂജലവകുപ്പ് ഭൂജല പരിപോഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിൽ ജലസുരക്ഷാ രൂപരേഖയിലുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഭൂഗർഭ ജലലഭ്യത ഉറപ്പു വരുത്തുന്നത്.

## കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ നടപടി

269 (1094) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 'ഹരിത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നവീകരിക്കുന്ന കുളങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കു

ന്നതിനുള്ള പ്രവൃത്തികൾ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിലു ൾപ്പെടുത്തിയും കുളങ്ങളുടെ നവീകരണം, നബാർഡ്, ഒരു പഞ്ചായത്തിൽ ഒരു കുളം, ആർ.ആർ.ആർ., 13-ാം ധനകാര്യ കമ്മിഷൻ എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും നടപ്പാക്കി വരുന്നു. കൂടാതെ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയും, ഉപ്പുവെള്ള ഭീഷണിയിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും കാർഷികാവശ്യ ങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുന്നുണ്ട്.

(ബി&സി) ആദ്യഘട്ടമായി ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 1122 കുളങ്ങൾ നവീകരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി MNREGS മുഖേന നടപ്പിലാക്കുന്നതിലേക്കായി ജില്ലാ ഭരണാധി കാരികൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ജില്ലകൾക്കായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല. എന്നാൽ കേരളമൊട്ടാകെയുള്ള കുളങ്ങളുടെ നവീകരണത്തിനായി ഈ പദ്ധതിയിൽ 5 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

**തലശ്ശേരി താലൂക്കിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ കുറവ്**

270 (1095) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി താലൂക്കിനു കീഴിലുള്ള വാട്ടർ അതോറിറ്റി ഓഫീസുകളിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാലും, മസ്ദൂർ തസ്തിക ഇല്ലാത്തതിനാലും അത്യാവശ്യ ഘട്ടങ്ങളിൽപോലും മെയിന്റനൻസ് പ്രവൃത്തികൾ നടക്കാത്ത സാഹചര്യത്തിൽ കുടിവെള്ളം പാഴായിപ്പോകുന്ന നിലവിലെ സ്ഥിതിയിൽ, വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ കുറവുനികത്തുകയും, ആവശ്യത്തിന് മസ്ദൂർ തസ്തിക സൃഷ്ടിക്കുകയും ചെയ്യുന്ന കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റിയിൽ മെയിന്റനൻസ് പ്രവൃത്തികൾ നിലവിൽ കരാറുകാർ മുഖേനയാണ് നടത്തിവരുന്നത്. കൂടാതെ ജില്ലാതല ബ്ലൂ ബ്രിഗേഡ് സംവിധാനവും ഉപയോഗപ്പെടുത്തി വരുന്നു. നിലവിലെ മസ്ദൂർ തസ്തികകൾ ഉപയോഗിച്ച് കുടിവെള്ള ചോർച്ചയുള്ള സ്ഥലങ്ങളിൽ ലൈൻ അടച്ച് ജലം നഷ്ടം ഒഴിവാക്കി വരുന്നുണ്ട്. തലശ്ശേരി താലൂക്ക് ഉൾപ്പെടുന്ന ഉത്തരമേഖല ചീഫ് എഞ്ചിനീയർ കാര്യാലയത്തിനു കീഴിൽ 5 മസ്ദൂർ തസ്തികകൾ നിലവിലുണ്ടെങ്കിലും ഒരു സ്ഥിരം ജീവനക്കാരൻ മാത്രമേ നിലവിലുള്ളൂ. ഇങ്ങനെ ഒഴിഞ്ഞു കിടക്കുന്ന മസ്ദൂർ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തി അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ജീവനക്കാരുടെ കുറവ് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

271 (1096) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം അതി രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ നാദാപുരം മണ്ഡലത്തിൽ പുതുതായി ഏതൊക്കെ കുടിവെള്ള പദ്ധതികൾ ആരംഭിക്കാനും പ്രാവർത്തികമാക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നാദാപുരം നിയോജക മണ്ഡലത്തിൽ ശ്രീ. ഇ.കെ. വിജയൻ എം.എൽ.എ.- യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തറക്കങ്കി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. കൂടാതെ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളും പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇവയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇവയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കുന്നതാണ് :

1. ചെക്യാട് പഞ്ചായത്തിലെ എരുഞ്ഞാട് മുത്തങ്ങയാൽ കുടിവെള്ള പദ്ധതി.
2. തൂണേരി പഞ്ചായത്തിലെ ബാലവാടി കുടിവെള്ള പദ്ധതി.
3. വാണിമേൽ പഞ്ചായത്തിലെ വാളാംതോട് കുടിവെള്ള പദ്ധതി.
4. മരുതോങ്കര പഞ്ചായത്തിലെ ചെക്കുറ കുടിവെള്ള പദ്ധതി.

കൂടാതെ കോഴിക്കോട് ജില്ലയിലെ നാദാപുരം നിയമസഭാ മണ്ഡലത്തിൽ നിലവിലുള്ള ഒഞ്ചിയം ചോറോട് പദ്ധതി, വടകര പദ്ധതി, കുന്നുമ്മൽ പദ്ധതി ഇവ വിപുലീകരിക്കുകയും മറ്റു പ്രദേശങ്ങൾ ഇതോടൊപ്പം ജല വിതരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതിന് സ്രോതസ്സ് മുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ചിൽ തെരഞ്ഞെടുത്ത ഇടച്ചേരി ഗ്രാമ പഞ്ചായത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.

**രാമൻചാടി - അലിഗർ കുടിവെള്ള പദ്ധതി**

272 (1097) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന രാമൻചാടി - അലിഗർ കുടിവെള്ള പദ്ധതിക്കായി കിഫ്ബി മുഖാന്തരം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ്;

(ഡി) ഈ പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2017-18 ബജറ്റിൽ 90 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി-ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**ആലത്തൂരിലെ ഗ്രാമീണ കുടിവെള്ള പദ്ധതികൾ**

273 (1098) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവയുടെ കേടുവന്ന പൈപ്പ് ലൈനുകളും, പമ്പുകളും, മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നടപ്പുവർഷം ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) പമ്പ് സെറ്റുകൾ കേടായത് മാറ്റുന്നതിന് 36.63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പൈപ്പ് ലൈൻ മാറ്റിയിടുന്ന പ്രവൃത്തിക്ക് 2.40 കോടി രൂപയുടെ എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(സി) കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 5.70 ലക്ഷം രൂപ ഉപയോഗിച്ചുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

## പാർവ്വതീ പുത്തനാറിന്റെ ശുചീകരണ പദ്ധതികൾ

274 (1099) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതീ പുത്തനാറിന്റെ ശുചീകരണം, സംരക്ഷണം, വിപുലമാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ 20 വർഷകാലത്തിനിടയിൽ എത്ര പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതികളുടെയും പണം നീക്കിവച്ചിട്ടുള്ള പദ്ധതികളുടെയും വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ആകെ ചെലവഴിച്ച തുകയും പൂർത്തിയാക്കിയ ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 27 പ്രവൃത്തികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി&സി) വിവരം അനുബന്ധമായി *ചേർത്തിരിക്കുന്നു.

## കുപ്പിവെള്ള-കോള കമ്പനികളുടെ പ്രവർത്തനവും ജലലഭ്യതയും

275 (1100) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള -കോള കമ്പനികളുടെ പ്രവർത്തനം ജല ലഭ്യതയെ ഏതു വിധത്തിൽ ബാധിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം എത്ര കമ്പനികൾക്ക് ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്;

(സി) ഓരോ കമ്പനിക്കും ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവിന് പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പരിധിയിലധികം വെള്ളം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; നിയമലംഘനം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭൂജലവകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി, മറ്റ് ജലസ്രോതസ്സുകളെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായ അളവിലാണ് കുപ്പി വെള്ള കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കാനുള്ള എൻ.ഒ.സി. നൽകുന്നത്.

(ബി) 115 കുപ്പി വെള്ള നിർമ്മാണ കമ്പനികൾക്ക് ഭൂജല അതോറിറ്റി നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടു കൂടിയാണ് എൻ.ഒ.സി. നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം 6 മാസത്തിലൊരിക്കൽ വിലയിരുത്താറുണ്ട്. നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്മേൽ ഭൂജല വകുപ്പ് കുപ്പി വെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമ ലംഘനം നടത്തിയതുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ജല ശേഖരണ പരിധി കുറയ്ക്കുന്നതിന് നടപടി**

276(1101) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികളുടെ പ്രവർത്തനം ജല ലഭ്യതയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. പ്രകാരം മലപ്പുറം ജില്ലയിൽ കുപ്പിവെള്ള കമ്പനികൾക്ക് പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് അൻപത്തിഏഴായിരമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അനുവദനീയമായ അളവിൽ കൂടുതൽ ജലം കുപ്പിവെള്ള കമ്പനികൾ ശേഖരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ആയത് മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ആയതിന്റെ ശാസ്ത്രീയ അടിത്തറ പരിശോധിച്ചിട്ടുണ്ടോ;

(ഡി) രൂക്ഷമായ വേനൽ കണക്കിലെടുത്ത് മലപ്പുറം ജില്ലയിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ജല ശേഖരണ പരിധി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിശദമായ ശാസ്ത്രീയ പഠനങ്ങൾ നടത്തിയാണ് കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാന ഭൂജല അതോറിറ്റി എൻ.ഒ.സി. നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തുകയും ഇത് നിരീക്ഷിക്കുന്നതിന് ഫ്ലോ മീറ്റർ ഘടിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ഇത് നിരീക്ഷണ വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

(ബി)സംസ്ഥാന ഭൂജല അതോറിറ്റി വിവിധ കമ്പനികൾക്കായി മലപ്പുറം ജില്ലയിൽ പ്രതിദിനം 52,000 ലിറ്റർ ജലം ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ M/s Oassis Minerals എന്ന കമ്പനിക്കെതിരെ ജില്ലാ കളക്ടർ മുഖാന്തരം പരിസരവാസികളുടെ പരാതി ഭൂജലവകുപ്പിന് ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് കളക്ടർക്ക് നൽകിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ച്, കളക്ടർ അനന്തര നടപടികൾ കൈകൊണ്ടുവരികയാണ്. സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നൊന്നും തന്നെ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി. നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം ആറ് മാസത്തിലൊരിക്കൽ വിലയിരുത്താറുണ്ട്.

(ഡി) നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജലസംഭരണികളുടെ അപകടാവസ്ഥ**

277 (1102) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പാതയോരങ്ങളിൽ ഉള്ളവ ഉൾപ്പെടെ പല ജലസംഭരണികളും അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ നവീകരിക്കുന്നതിനോ മാറ്റിനിർമ്മിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലപ്പഴക്കംമൂലം ചില ജല സംഭരണികൾ അപകടാവസ്ഥയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) അറ്റകുറ്റപ്പണികളിലൂടെ പുനരുദ്ധരിക്കാവുന്നവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സമയബന്ധിതമായി പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. തീരെ ഉപയോഗയോഗ്യമല്ലാത്തവ പൊളിച്ചുമാറ്റുന്നതിനുള്ള അധികാരം ചീഫ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

278 (1103) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളമെത്തിക്കുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിലും പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇവയുടെ പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും?

<u>ഉത്തരം</u>

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള (ബാലൻസ് വർക്ക്-ഫേസ് 1) കുടിവെള്ള പദ്ധതിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്-22-ൽ ഉൾപ്പെടുത്തി 16-11-2016-ൽ 1495 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2017 ജൂലൈ മാസത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2 മുനിസിപ്പാലിറ്റിയിലും 11 പഞ്ചായത്തുകളിലുമായി 488.55 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 21-3-2017-ൽ 52.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഇതിന്റെ പൂർത്തീകരണ കാലയളവ് 10 മാസമായാണ് നൽകിയിട്ടുള്ളത്.

## നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

279 (1104) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 40 വർഷത്തിലധികം പഴയക്കമുള്ള എ/സി പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പൈപ്പ് ലൈൻ മാറ്റുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചോ;

(ബി) മേൽപ്പറഞ്ഞ പണികൾ 2017-18 വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ;

(സി) കാളിപാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നെയ്യാറ്റിൻകര ടൗണിലെ റെയിൽവേ ഓവർബ്രിഡ്ജിൽ കൂടി കടത്തിക്കൊണ്ട് പോകുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ചോ; ഇല്ലായെങ്കിൽ ഇതിനായി മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള പഴക്കമുള്ള എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി)ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(സി) ഇല്ല. അനുമതിക്കായി റെയിൽവേ അതോറിറ്റിയുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരന്തരം ബന്ധപ്പെട്ടു വരുന്നു. എന്നാൽ പാത ഇരട്ടിപ്പിക്കൽ നടക്കുന്ന സമയത്ത് പരിഗണിക്കാമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിരിക്കുന്നത്. മറ്റു നടപടികളൊന്നും തന്നെ ഈ സാഹചര്യത്തിൽ സ്വീകരിക്കാൻ കഴിയാത്തതു കൊണ്ട് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ളക്ഷാമം നേരിടുന്നതിന് നടപടി**

280 (1105) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി എത്ര കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും എത്ര കുളങ്ങളുടെ നവീകരണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) ഈ വർഷത്തെ മൺസൂൺ മഴവെള്ളം കടലിലേക്കൊഴുക്കി വിടാതെ സംരക്ഷിച്ചു നിർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ പൊതുകുളങ്ങൾ, സ്വകാര്യ ക്ഷേത്രം വക കുളങ്ങൾ എന്നീ വിഭാഗങ്ങളിലായി ഏകദേശം 41028 കുളങ്ങളുണ്ട്. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേന പൊതുകുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഏകദേശം 6011 കുളങ്ങളുടെ വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്.

കൂടാതെ, പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും കുളങ്ങൾ നവീകരിക്കുന്നതാണ്. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഒരു പഞ്ചായത്തിൽ ഒരു കുളം, നബാർഡ് പദ്ധതി, ആർ.ആർ.ആർ., പതിമൂന്നാം ധനകാര്യ കമ്മിഷൻ എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 501 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(ബി) കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ ആർ.സി.ബി. ഇവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. കൂടാതെ ഇനിയും അറ്റകുറ്റപ്പണികൾ നടത്താത്ത തടയണകൾ, വെന്റ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നത് വഴി പരമാവധി വെള്ളം ശേഖരിക്കാവുന്നതാണ്. ഇതിലേക്കായി ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, (ഇത്തിപ്പുഴ, മുറിഞ്ഞപുഴ, പൂത്തോട്ട) അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള മുനിസിപ്പാലിറ്റി/ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മഴവെള്ളക്കൊയ്ത്തിനായി കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയയ്ക്ക് അനുപാതമായി മഴവെള്ള സംഭരണികൾ നിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് നിർമ്മിച്ചാൽ മാത്രമേ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. ഇതു മഴവെള്ളം കടലിലേക്ക് ഒഴുക്കിവിടുന്നത് ഒരു പരിധി വരെ തടയുന്നതാണ്.

**പള്ളിമലക്കുന്ന് ഭാഗത്ത് ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കൽ**

281 (1106) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ഉയർന്ന പ്രദേശവും കുടിവള്ള ക്ഷാമം നേരിടുന്നതുമായ പള്ളിമലക്കുന്ന് (കോട്ടൂളി)ഭാഗത്ത് ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജപ്പാൻ കുടിവെള്ള പദ്ധതി വിതരണ ശൃംഖലയുടെ ഒന്നാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. പള്ളിമലക്കുന്ന് ഉൾപ്പെടെയുള്ള ഉയർന്ന പ്രദേശങ്ങൾ രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം രണ്ടാംഘട്ടത്തിൽ വരുന്ന പ്രവൃത്തികളൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

**പാർവ്വതീപുത്തനാർ ശുചീകരണം പദ്ധതി**

282 (1107) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതീപുത്തനാറിൻെറ ശുചീകരണത്തിനായി വകയിരുത്തിയ തുക എത്ര;

(ബി) പാർവതീപുത്തനാറിന്റെ സംരക്ഷണത്തിനായി എത്ര കോടി രൂപയാണ് മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ചെലവഴിച്ചിട്ടുള്ളത് ;

(സി) പാർവതീപുത്തനാറിലെ മലിനജലം കടലിലേക്ക് ഒഴുക്കിവിടുന്ന ഇടയാർ ഭാഗത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ജനങ്ങളിൽനിന്നും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് (2011-2016) പാർവ്വതി പുത്തനാറിന്റെ വികസനത്തിനായി 186.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. KIIFB-യുടെ ധനസഹായത്തോടുകൂടി 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്ന 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്.

(സി) ഉണ്ട്. ഈ വിഷയത്തിൽ പരിഹാരം കാണുന്നതിനായി തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടറുടെ അദ്ധ്യക്ഷതയിൽ (ഡിസാസ്റ്റർ മാനേജ്മെന്റ്) 29-9-2016, 24-11-2016 തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 891-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)